# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

2013 മാർച്ച് 19, ചൊവ്വ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 153—നമ്പർ 3

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

LIBRARY ARCHIVES Kerala Legislative Assembly

# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

### എട്ടാം സമ്മേളനം

*2013 മാർച്ച് 19, ചൊവ്വ*

*സ്പീക്കർ*

**ശ്രീ. ജി. കാർത്തികേയൻ**

*ഡെപ്യൂട്ടി സ്പീക്കർ*

**ശ്രീ. എൻ. ശക്തൻ**

*സെക്രട്ടറി*

**ശ്രീ. പി. ഡി. ശാരംഗധരൻ**

*ചീഫ് എഡിറ്റർ*

**ശ്രീമതി ഉഷ വി. ദാമോദർ**

*എഡിറ്റിംഗ് ബ്രാഞ്ച്*

**കേരള നിയമസഭാ സെക്രട്ടേറിയറ്റ്**

തിരുവനന്തപുരം

1072/15

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | ശ്രീ. ഉമ്മൻ ചാണ്ടി |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | ശ്രീ. പി. കെ. അബ്ദു റബ്ബ് |
| റവന്യൂവും കയറും വകുപ്പുമന്ത്രി | ശ്രീ. അടൂർ പ്രകാശ് |
| പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | ശ്രീ. എ. പി. അനിൽ കുമാർ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി | ശ്രീ. അനൂപ് ജേക്കബ് |
| ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി | ശ്രീ. ആര്യാടൻ മുഹമ്മദ് |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി | ശ്രീ. കെ. ബാബു |
| സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി | ശ്രീ. സി. എൻ. ബാലകൃഷ്ണൻ |
| പൊതുമരാമത്ത് വകുപ്പുമന്ത്രി | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് |
| വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി | ശ്രീ. കെ. ബി. ഗണേഷ് കുമാർ |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | കുമാരി പി. കെ. ജയലക്ഷ്മി |
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി | ശ്രീ. കെ. സി. ജോസഫ് |
| ജലവിഭവ വകുപ്പുമന്ത്രി | ശ്രീ. പി. ജെ. ജോസഫ് |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി |
| ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | ശ്രീ. കെ. എം. മാണി |
| നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി | ശ്രീ. മഞ്ഞളാംകുഴി അലി |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി | ശ്രീ. കെ. പി. മോഹനൻ |
| പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി | ഡോ. എം. കെ. മുനീർ |
| തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി | ശ്രീ. ഷിബു ബേബി ജോൺ |
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി | ശ്രീ. വി. എസ്. ശിവകുമാർ |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ |

# ഉള്ളടക്കം


പേജ്

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ... 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ... 25
   (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ... 25
   (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ... 55

**II അനുമോദനം**

സുഗതകുമാരി ടീച്ചർക്ക് സരസ്വതി സമ്മാനം ... 359

**III റൂളിംഗ്**

അടിയന്തരപ്രമേയത്തിന്റെ പ്രാധാന്യം സംബന്ധിച്ച്
മി. സ്പീക്കർ ... 360

**IV അടിയന്തരപ്രമേയം**

ഗാർഹിക പീഡനം
ശ്രീ. എ. പ്രദീപ് കുമാർ
(അവതരണാനുമതി നിഷേധിച്ചു) ... 361

**V ശ്രദ്ധ ക്ഷണിക്കൽ**

1. ശുദ്ധജല സംഭരണ വിതരണ പദ്ധതി—
   ശ്രീ. കെ. മുരളീധരൻ ... 371
2. എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ—
   ശ്രീ. ഇ. ചന്ദ്രശേഖരൻ ... 375

**VI സബ്മിഷൻ**

1. ഫയലുകൾ കത്തി നശിച്ച സംഭവം—
   പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) ... 380
2. കന്നട ഭാഷാ പരിജ്ഞാനമുള്ളവരുടെ ആശങ്ക—
   ശ്രീ. എൻ. എ. നെല്ലിക്കുന്ന് ... 382


LIBRARY ARCHIVES Kerala Legislative Assembly

3. തയ്യൽ തൊഴിലാളി ക്ഷേമനിധി ഓഫീസ്—

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) ... 383

4. കൃഷി പാക്കേജും കർഷകർക്ക് നഷ്ടപരിഹാരവും—

ശ്രീ. കെ. വി. വിജയദാസ് ... 384

5. സമ്പൂർണ്ണ ഭവന പദ്ധതി—

ശ്രീ. റ്റി. എൻ. പ്രതാപൻ ... 386

6. കാളിപ്പാറ ശുദ്ധജല പദ്ധതി—

ശ്രീ. എ. റ്റി. ജോർജ് ... 388

7. ഒ. വി. വിജയന്റെ പ്രതിമ—

ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി ... 390

8. സനൽരാജിന്റെ മരണം—

ശ്രീ. കെ. ദാസൻ ... 392

9. ട്രാഫിക് പരിഷ്കരണം—

ശ്രീമതി ഗീതാ ഗോപി ... 393

10. ഫയർ സ്റ്റേഷൻ—

ശ്രീ. വി. റ്റി. ബൽറാം ... 395

11. വാഹനപരിശോധനയുടെ ഫലമായുള്ള അപകടങ്ങൾ—

ശ്രീ. പി. ശ്രീരാമകൃഷ്ണൻ ... 396

12. കാർഷിക മേഖലയിലെ പ്രതിസന്ധി—

ശ്രീ. സി. ദിവാകരൻ ... 399

**VII മേശപ്പുറത്തുവച്ച കടലാസുകൾ**

1. ലിസ്റ്റ് I പ്രകാരമുള്ള കടലാസ്സുകൾ ... 400

2. ചട്ടം 47(2) അനുസരിച്ചുള്ള കടലാസ്സുകൾ (ലിസ്റ്റ് II പ്രകാരം) ... 408

**VIII റിപ്പോർട്ട് സമർപ്പണം**

1. കാര്യോപദേശക സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട് ... 409

2. യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് ... 409

LIBRARY ARCHIVES Kerala Legislative Assembly

## IX റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട് ... 409

## X ധനകാര്യം

2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിനെക്കുറിച്ചുള്ള പൊതു ചർച്ച (തുടർച്ച) ... 409

## XI ക്രമപ്രശ്നം

ഓഫീസ് ഗ്യാലറിയിൽ ഉദ്യോഗസ്ഥർ ഇല്ലാത്തതു സംബന്ധിച്ച്

ശ്രീ. വി. ശിവൻകുട്ടി ... 417

## XII റൂളിംഗ്

ഓഫീസ് ഗ്യാലറിയിൽ ഉദ്യോഗസ്ഥർ ഇല്ലാത്തതു സംബന്ധിച്ച്

മി. സ്പീക്കർ ... 418

## ധനകാര്യം - തുടർച്ച) ... 418

## XIII വ്യക്തിപരമായ വിശദീകരണം

1. കുട്ടനാട്ടിലെ ജലാശയത്തിൽനിന്ന് പോള വാരുന്നതുമായി ബന്ധപ്പെട്ട ആരോപണം—

   മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) ... 509

2. സിവിൽ സപ്ലൈസ്, രജിസ്ട്രേഷൻ വകുപ്പുകളിൽ നടന്നതായി പറയപ്പെടുന്ന അഴിമതി സംബന്ധിച്ച്—

   ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) ... 515

## അനുബന്ധം ... 523


LIBRARY ARCHIVES Kerala Legislative Assembly

# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

### എട്ടാം സമ്മേളനം

*2013 മാർച്ച് 19, ചൊവ്വ*


വാല്യം 153] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 3


നിയമസഭ 2013 മാർച്ച് മാസം 19-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ, ഓർഡർ..... ചോദ്യം നമ്പർ *31

### കാർഷിക വായ്പ

1 (*31) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പി. ഉബൈദുള്ള : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക മേഖലയ്ക്ക് പലിശരഹിത വായ്പ നൽകുന്ന സഹകരണ മേഖലയുടെ പദ്ധതിക്ക് പൂർണ്ണരൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ നടപ്പാക്കൽ സംബന്ധിച്ച വിശദവിവരം നൽകാമോ ;

(ബി) മുൻവർഷങ്ങളിൽ വിവിധതരം കാർഷിക വായ്പകൾക്ക് സഹകരണ ബാങ്കുകൾ ഈടാക്കിയിരുന്ന പലിശ നിരക്ക് എത്രയായിരുന്നെന്നും പ്രതിവർഷം എന്തുതുക വായ്പ നൽകിയിരുന്നെന്നും വ്യക്തമാക്കുമോ ;

(സി) സഹകരണ ബാങ്കുകൾ മുഖേനയുള്ള കാർഷിക വായ്പയുടെ വിതരണം കാർഷിക വിഭവങ്ങളുടെ ഉൽപ്പാദനത്തിൽ വരുത്തുന്ന വ്യതിയാനത്തെ കുറിച്ച് വിലയിരുത്താറുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?




LIBRARY ARCHIVES Kerala Legislative Assembly

സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) : സർ,

(എ) ഹ്രസ്വകാല കാർഷിക വായ്പകൾ പലിശരഹിത വായ്പയായി നൽകുന്ന പദ്ധതിക്ക് പൂർണ്ണരൂപം നൽകിയിട്ടുണ്ട്. കാർഷിക വായ്പയുടെ മുതൽ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് "ഉത്തേജന പലിശ ഇളവ് പദ്ധതി" പ്രകാരം സഹകരണ സ്ഥാപനങ്ങളിൽനിന്നും കാർഷികാവശ്യങ്ങൾക്കായി വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ കുടിശ്ശിക വരുത്താതെ തിരിച്ചടയ്ക്കുന്നവർക്ക് നബാർഡ് മുഖാന്തിരം കേന്ദ്ര ഗവൺമെന്റ് നൽകുന്ന പരമാവധി 3 ശതമാനം പലിശ സബ്‌വെൻഷൻ കഴിച്ച് ബാക്കി നൽകേണ്ട പലിശ തുകയിൽ പരമാവധി അഞ്ച് ശതമാനത്തിൽ അധികരിക്കാത്ത തുക കർഷകർക്ക് അനുവദിക്കുന്നതിനാണ് പദ്ധതി അംഗീകരിച്ചിട്ടുള്ളത്. ആയതുപ്രകാരം യഥാസമയം കാർഷിക വായ്പ തുക തിരികെ അടയ്ക്കുന്നവർക്ക് പലിശ നൽകേണ്ടതില്ലാത്തതിനാൽ ഹ്രസ്വകാല കാർഷിക വായ്പകൾ പലിശ രഹിതമായിട്ടാണ് നൽകുന്നത്.

(ബി) ഹ്രസ്വകാല കാർഷിക വായ്പകൾ 2006 ജൂലൈ മുതൽ ഏഴ് ശതമാനം പലിശ നിരക്കിലാണ് വിതരണം ചെയ്തുവരുന്നത്. 2006-07 മുതൽ 2012-13 (31-12-2012) വരെ സഹകരണ ബാങ്കുകൾ മുഖേന വിതരണം ചെയ്ത ആകെ കാർഷിക വായ്പകളെ സംബന്ധിച്ച വിവരം ചുവടെ പറയുന്നു :

| | (തുക കോടിയിൽ) |
|---|---|
| 2006-07 | 2102.02 |
| 2007-08 | 1813.56 |
| 2008-09 | 3103.7 |
| 2009-10 | 2248.54 |
| 2010-11 | 2906.69 |
| 2011-12 | 2665.47 |
| 2012-13(31-12-2012) വരെ | 2375.54 |

(സി) സഹകരണ ബാങ്കുകൾമുഖേന ഹ്രസ്വകാലവിള വായ്പകളും, ദീർഘകാല കാർഷിക വായ്പകളും നൽകുന്നുണ്ട്. സഹകരണ ബാങ്കുകൾ വിതരണം ചെയ്യുന്ന കാർഷിക വായ്പകൾമുഖേന കാർഷിക വിഭവങ്ങളുടെ ഉൽപാദനത്തിൽ വരുത്തുന്ന വ്യതിയാനത്തെക്കുറിച്ച് സഹകരണ വകുപ്പ് സംസ്ഥാന തലത്തിൽ വിലയിരുത്താറില്ല. എന്നാൽ സ്കെയിൽ ഓഫ് ഫിനാൻസ് പുതുക്കുന്ന വേളയിൽ ജില്ലാ തലത്തിൽ ടെക്നിക്കൽ കമ്മിറ്റി, ഓരോ ജില്ലയെ സംബന്ധിച്ച കാര്യങ്ങൾ വിലയിരുത്താറുണ്ട്. ടി വിലയിരുത്തലിന്റെ കൂടി അടിസ്ഥാനത്തിലാണ് ഓരോ വിളയ്ക്കും നൽകേണ്ട പരമാവധി വായ്പ തുക നിശ്ചയിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : സർ, കാർഷിക കടങ്ങൾക്കുള്ള മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ടോ ; എന്ത് തുകയ്ക്കുള്ള ആനുകൂല്യങ്ങളാണ് കർഷകരായ വായ്പക്കാർക്ക് കിട്ടുന്നത് ?

ശ്രീ. സി. എൻ. ബാലകൃഷ്ണൻ : സർ, സംസ്ഥാനത്തെ കാർഷിക വിളകൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. അംഗങ്ങളുടെ വായ്പകളിന്മേലുള്ള പലിശയിനത്തിൽ ഏകദേശം അമ്പത് കോടിയോളം രൂപയുടെ ബാധ്യത സർക്കാർ ഇതുമൂലം വഹിക്കേണ്ടിവരുമെന്ന് പ്രാഥമികമായി കണക്കാക്കിയിട്ടുണ്ട്. ബഡ്ജറ്റിൽനിന്ന് നടപ്പുസാമ്പത്തിക വർഷത്തിൽ ഈയിനത്തിൽ തുക ചെലവഴിച്ചിട്ടില്ല.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : സർ, പലിശരഹിത കാർഷിക വായ്പാ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ?

ശ്രീ. സി. എൻ. ബാലകൃഷ്ണൻ : സർ, സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങളും ബാങ്കുകളും മുഖേന നൽകിവരുന്ന ഹ്രസ്വകാല കാർഷിക വായ്പകളുടെയും കാർഷികേതര വായ്പകളുടെയും പലിശനിരക്ക് നിശ്ചയിക്കുന്നത് സഹകരണ രജിസ്ട്രാർ ആണ്. സഹകരണ സംഘങ്ങൾ രൂപീകരിക്കുന്ന നിക്ഷേപത്തിൽ നിന്നാണ് കാർഷിക-കാർഷികേതര വായ്പകൾ നൽകുന്നത്. ഏറ്റവും ഒടുവിലായി പലിശനിരക്ക് പരിഷ്ക്കരിച്ചത് 25-5-2012-ലാണ്. കേരള സംസ്ഥാന സഹകരണ അഗ്രികൾച്ചറൽ വികസന ബാങ്കും പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കും മധ്യകാല ദീർഘകാല വായ്പകൾ നൽകുന്നത് കടംവാങ്ങിയ ഫണ്ടിൽ നിന്നാണ്. നബാർഡ്, ഹഡ്കോ തുടങ്ങിവയാണ് കടം നൽകുന്ന ഏജൻസികൾ. സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിൽ ഒമ്പതര ശതമാനം നിരക്കിൽ ലഭിക്കുന്ന വായ്പ ഒന്നേമുക്കാൽ ശതമാനം മാർജിൻ എടുത്തതിനുശേഷം പ്രാഥമിക കാർഷിക ഗ്രാമ വ്യവസായങ്ങൾക്ക് നൽകുന്നു. അതുപോലെ രണ്ടര ശതമാനം മാർജിൻവിട്ട് പ്രാഥമിക കാർഷിക വികസന ബാങ്കുകൾക്കും നൽകുന്നു.

ശ്രീ. പി. ബി. അബ്ദുൾ റസാക് : സർ, സഹകരണ മേഖലയിൽ കർഷക സേവന കേന്ദ്രങ്ങൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഇതിന്റെ പ്രവർത്തനം വിശദീകരിക്കാമോ ; കാർഷിക വായ്പകൾ അനുവദിക്കുന്നത് സംബന്ധിച്ച മാനദണ്ഡങ്ങളും നടപടിക്രമങ്ങളും എന്താണെന്ന് വ്യക്തമാക്കാമോ ?

ശ്രീ. സി. എൻ. ബാലകൃഷ്ണൻ : സർ, സഹകരണ സംഘങ്ങൾ മുഖേന കാർഷിക സേവന കേന്ദ്രങ്ങൾ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൃഷിവകുപ്പ്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന നോഡൽ ഏജൻസിയായി പ്രവർത്തിക്കുക, കാർഷിക വായ്പ, പലിശ നിരക്ക്, കടം ഒഴിവാക്കൽ തുടങ്ങിയ പദ്ധതികൾ സംബന്ധിച്ച് കർഷകർക്ക് വിവരങ്ങൾ നൽകുക, ബ്ലോക്ക് തലത്തിൽ കാർഷികമേഖലയുടെ യന്ത്രവത്ക്കരണത്തിലൂടെ മികച്ച സേവനം ലഭ്യമാക്കുക തുടങ്ങിയവയാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. സംസ്ഥാനത്തെ 14 ജില്ലകളിൽ തെരഞ്ഞെടുത്ത 40 ബ്ലോക്കുകളിൽ 40 കർഷക സേവന കേന്ദ്രങ്ങൾ സ്ഥാപിക്കാൻ പത്ത് കോടി രൂപ ചെലവഴിക്കാനുള്ള ഭരണാനുമതി കിട്ടിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, സഹകരണ സംഘങ്ങളും സഹകരണ ബാങ്കുകളും വിതരണം ചെയ്യുന്ന വിവിധ വായ്പകളുടെ പലിശ നിരക്ക് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ ; സംസ്ഥാനത്ത് നബാർഡ് പുനർവായ്പ വിതരണത്തിനുള്ള മാനദണ്ഡം എന്താണെന്ന് വിശദീകരിക്കാമോ ; ഈ വർഷം നബാർഡ് അനുവദിച്ച വായ്പ തുക എത്രയാണ് ?

ശ്രീ. സി. എൻ. ബാലകൃഷ്ണൻ : സർ, സംസ്ഥാനത്ത് വിതരണം ചെയ്യുന്ന കാർഷിക വായ്പകൾ ജില്ലയിലെ ടെക്നിക്കൽ കമ്മിറ്റി നിശ്ചയിച്ചിട്ടുള്ള സ്കെയിൽ ഓഫ് ഫൈനാൻസിംഗിന്റെ മാനദണ്ഡങ്ങൾകൂടി കണക്കിലെടുത്താണ് നൽകുന്നത്. ഒരു ലക്ഷം രൂപ വരെയുള്ള കാർഷിക വായ്പകൾക്ക് പരസ്പര ജാമ്യത്തിൽ നൽകാവുന്നതാണ്. ഒരു ലക്ഷത്തിന് മുകളിലുള്ള കാർഷിക വായ്പകൾ വസ്തു ഈടിന്മേലോ ശമ്പള സർട്ടിഫിക്കറ്റ് ജാമ്യം സ്വീകരിച്ചോ നൽകാനാണ് ഉദ്ദേശിക്കുന്നത്. കാർഷിക വായ്പകൾക്ക് നബാർഡ് 825 കോടിയോളം രൂപ ഇക്കൊല്ലം റീഫൈനാൻസ് തന്നിട്ടുണ്ട്. ഹ്രസ്വകാല വായ്പ പദ്ധതി പ്രകാരം കാർഷിക വായ്പകൾ ലഭിക്കുന്നതിനായി 2012-13 സാമ്പത്തിക വർഷത്തിൽ നാലര ശതമാനം പലിശയ്ക്ക് 525 കോടി രൂപ സംസ്ഥാന സഹകരണ ബാങ്ക് മുഖാന്തിരം സംസ്ഥാനത്തിന് നൽകിയിട്ടുണ്ട്.

ശ്രീ. പി. ഉബൈദുള്ള : സർ, കാർഷിക മേഖലയ്ക്ക് ഏറെ പ്രാധാന്യം നൽകിയിട്ടുള്ള ബഡ്ജറ്റാണ് ബഹുമാനപ്പെട്ട കെ. എം. മാണി സാർ ഇവിടെ അവതരിപ്പിച്ചത്. ഇതിനനുസൃതമായി കർഷകർക്ക് സഹകരണ ബാങ്കുകൾ വഴി ലഭ്യമാകുന്ന വായ്പയും ഉദാരമാക്കേണ്ടതുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ പറയുന്നത് ഏഴ് ശതമാനം പലിശ നിരക്കിലാണ് ഹ്രസ്വകാല വായ്പ നൽകിവരുന്നതെന്നാണ്. കൊമേഴ്സ്യൽ ബാങ്കുകളിൽ നാല് ശതമാനമാണ്. സഹകരണ ബാങ്കുകളിലും ഹ്രസ്വകാല വായ്പ നാല് ശതമാനമാക്കുന്നതിന് വേണ്ടിയുള്ള നടപടി ഉണ്ടാകണം. സഹകരണ മേഖലയിലെ ആകെ നിക്ഷേപം എത്രയാണ് ; നിക്ഷേപരംഗം ശക്തിപ്പെടുത്താൻ എന്ത് നടപടിയാണ് ഗവൺമെന്റ് സ്വീകരിക്കാൻ പോകുന്നത് ; 33-ാമത് സഹകരണ നിക്ഷേപംവഴി എത്ര കോടി രൂപയുടെ അധിക നിക്ഷേപം സമാഹരിക്കാൻ സാധിച്ചുവെന്ന് പറയാമോ ?

മി. സ്പീക്കർ : ഇതിനൊക്കെ പ്രത്യേകം ചോദ്യം വേണ്ടേ ; കോടിക്കണക്കിന് രൂപയുടെ കാര്യം മന്ത്രി ഇപ്പോൾ എങ്ങനെ പറയും ?

ശ്രീ. സി. എൻ. ബാലകൃഷ്ണൻ : സർ, ഹ്രസ്വകാല കാർഷിക വായ്പയ്ക്ക് പലിശരഹിത വായ്പയാണ് കൊടുത്തുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ ചോദിച്ച ഡെപ്പോസിറ്റിന്റെ കണക്കിനെക്കുറിച്ച് സൂചിപ്പിക്കുകയാണെങ്കിൽ, 15-1-2013-ലെ കണക്കനുസരിച്ച് ഏകദേശം 95,532.29 കോടി രൂപയാണ് ഇപ്പോഴുള്ള നിക്ഷേപം. മാർച്ച് മാസം അവസാനിക്കുമ്പോൾ ഏകദേശം ഒരുലക്ഷം കോടി രൂപയുടെ നിക്ഷേപം ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. സഹകരണ മേഖലയിൽ 2012 ഡിസംബർ 1 മുതൽ ജനുവരി 15 വരെ നടത്തിയ 33-ാമത് നിക്ഷേപ സമാഹരണത്തിലൂടെ 5194.36 കോടി രൂപ അധികമായി സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. 4500 കോടി രൂപയാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ദിവാകരൻ : സർ, സുനാമിയുടെ ദുരിതബാധിത പ്രദേശങ്ങളിലെ സഹകരണ സംഘങ്ങളിൽനിന്ന് വായ്പ എടുത്ത ആളുകൾക്ക് തിരിച്ചടയ്ക്കാൻ നിവൃത്തിയില്ലാത്ത സ്ഥിതിയാണുള്ളത്. സുനാമി വന്നപ്പോൾ എല്ലാം നഷ്ടപ്പെട്ടവരാണ് അവർ. ആ വായ്പയും പലിശയും എഴുതിത്തള്ളാൻ സർക്കാരിന് എന്തെങ്കിലും പദ്ധതികളുണ്ടോ ?

ശ്രീ. സി. എൻ. ബാലകൃഷ്ണൻ : സർ, അതുസംബന്ധിച്ച് പ്രത്യേകമായി പദ്ധതികളൊന്നുമില്ല. ഇതൊരു പ്രധാനപ്പെട്ട കാര്യമായതുകൊണ്ട് പരിശോധിച്ച് കഴിയുന്ന സഹായം ചെയ്യാം.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, പലിശരഹിത വായ്പയും വായ്പാ സൗകര്യങ്ങളും കൊടുക്കുന്നുണ്ടെങ്കിലും അതിനനുസരിച്ച് ഉത്പാദനം നടക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ എന്ത് സംവിധാനമാണുളളത് ; അതുകൊണ്ട് സഹകരണവകുപ്പും കൃഷി വകുപ്പും സംയുക്തമായി ആലോചിച്ച് കൃഷി ഭവനുകൾവഴി ഉത്പാദനം നടക്കുന്നുണ്ടോ എന്ന് മോണിറ്ററിംഗ് ചെയ്യാനുള്ള സംവിധാനത്തെക്കുറിച്ച് ആലോചിക്കുമോ ?

ശ്രീ. സി. എൻ. ബാലകൃഷ്ണൻ : സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതിൽ കൃഷി വകുപ്പുമായി ആലോചിച്ച് ചെയ്യേണ്ട ചില കാര്യങ്ങളുണ്ട്. കർഷക സേവന കേന്ദ്രങ്ങൾ മുഖാന്തിരമുള്ള കാര്യങ്ങളെക്കുറിച്ചും അദ്ദേഹം നേരത്തേ പറയുകയുണ്ടായി. ഈ വർഷത്തെ ബഡ്ജറ്റിൽ കാർഷിക രംഗത്ത് വളരെയധികം ആനുകൂല്യങ്ങൾ കൊടുത്തിട്ടുണ്ട്. ഇതെല്ലാം കൃഷി വകുപ്പും സഹകരണ വകുപ്പും കൂട്ടായി ആലോചിച്ച് പരിശോധിക്കുന്നതാണ്.

ശ്രീ. എ. എ. അസീസ് : സർ, കാർഷിക വായ്പയെടുത്ത് കൃഷിയിറക്കി കടക്കെണിയിൽപ്പെട്ട ആളുകൾക്ക് കർഷക കടാശ്വാസ കമ്മീഷൻവഴി എത്ര പേർക്ക് സഹായം നൽകിയിട്ടുണ്ടെന്നും എന്ത് സഹായം നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

ശ്രീ. സി. എൻ. ബാലകൃഷ്ണൻ : സർ, പ്രത്യേകമായി ചോദിക്കാതെ അതിന്റെ കണക്ക് പറയാൻ സാധിക്കുകയില്ല.

ശ്രീ. കെ. ശിവദാസൻ നായർ : സർ, ഹ്രസ്വകാല വായ്പയ്ക്ക് പലിശ കുറവാണ്. പലിശ രഹിത വായ്പ എന്നുള്ള നിലയിൽത്തന്നെ അത് കൊടുക്കണം. പക്ഷേ ഇത് പരിശോധിച്ചുകഴിഞ്ഞാൽ ഓരോ വർഷവും ഈ വായ്പ പുതുക്കി വയ്ക്കണം. അതുകൊണ്ട് ഫ്രെഷായിട്ടുള്ള ലോൺ എത്രയുണ്ടെന്നുളളത് അറിയാൻ നിവൃത്തിയില്ല. വളരെ കുറച്ചുമാത്രമേ കാണാറുള്ളൂ. എന്നാൽ ദീർഘകാല വായ്പ അങ്ങനെയല്ല. അത് പുതുക്കി വയ്ക്കാൻ പറ്റുന്നതല്ല. അതുകൊണ്ട് യഥാർത്ഥത്തിലുള്ള ക്വാണ്ടം മാത്രമേ ഓരോ വർഷവും കൊടുത്തുവെന്ന് മനസ്സിലാക്കാൻ കഴിയുകയുള്ളൂ. പക്ഷേ ദീർഘകാല വായ്പയെന്നുള്ള ഇൻവെസ്റ്റ്മെന്റ് ക്രെഡിറ്റിന് നബാർഡ് 9.50 ശതമാനം റേറ്റിലാണ് പലിശ ഈടാക്കുന്നത്. അത് വായ്പക്കാരിൽ എത്തുമ്പോൾ പലിശ വളരെയധികം കൂടും. ഗവൺമെന്റ് പ്രഖ്യാപിച്ച പലിശ സബ്സിഡി

LIBRARY ARCHIVES Kerala Legislative Assembly

കൃത്യമായി തിരിച്ചടയ്ക്കുന്ന ആളുകൾക്ക് 5 ശതമാനം പലിശ സബ്സിഡി ഏർപ്പെടുത്തുമെന്ന് പറയുന്നു. പക്ഷേ അത് നമുക്ക് ഇംപ്ലിമെന്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ല. അത് ഇംപ്ലിമെന്റ് ചെയ്തുകഴിഞ്ഞാൽ പലിശ കുറയ്ക്കാൻ കഴിയും. അത് ഇംപ്ലിമെന്റ് ചെയ്യാൻ കഴിയുമോ : എന്നത്തേക്ക് സാധിക്കും എന്നുള്ളത് വ്യക്തമാക്കുമോ ?

ശ്രീ. സി. എൻ. ബാലകൃഷ്ണൻ : സർ, ശരിയാണ്. മദ്ധ്യകാല ദീർഘകാല വായ്പയ്ക്ക് ഇപ്പോൾ 13.25 ശതമാനം പലിശ കൊടുക്കേണ്ടിവരുന്നുണ്ട്. പക്ഷേ ഹ്രസ്വകാല വായ്പ പലിശ രഹിത വായ്പയാണ്. അത് കൊടുത്തു കൊണ്ടിരിക്കുകയാണ്. അതിന് യാതൊരു മുടക്കവും വരികയില്ല.

ശ്രീ. എം. ചന്ദ്രൻ : സർ, പാലക്കാട് ജില്ലയിൽ നിരവധി വർഷങ്ങളായി 50,000 രൂപ വരെ നെൽക്കൃഷിക്ക് പലിശരഹിത വായ്പ കൊടുത്തുവരുന്നുണ്ട്. ഇവിടെ ശ്രീ. കെ. ശിവദാസൻ നായർ സൂചിപ്പിച്ചതുപോലെ ദീർഘകാല വായ്പകൾക്കാണ് പലിശ സബ്സിഡി ഇപ്പോൾ ലഭ്യമല്ലാതിരിക്കുന്നത്. കാർഷിക ഗ്രാമവികസന ബാങ്കുകളിൽനിന്നും നൽകുന്ന കടങ്ങൾക്കും കാർഷിക വായ്പകൾക്കും പലിശ സബ്സിഡി ലഭിക്കുന്ന സ്ഥിതിയില്ല. അതുംകൂടി പലിശ രഹിതമാക്കുന്നതിനുവേണ്ടിയുള്ള ശ്രമം നടത്തേണ്ടതായിട്ടിരിക്കുകയാണ് വായ്പാ സഹകരണ സംഘങ്ങളുടെ ഭൂപരിധി ഇന്ന് ചുരുങ്ങി വരികയാണ്. അതിന്റെ ഭാഗമായി നിരവധി സംഘങ്ങൾ ഇപ്പോൾ നഷ്ടത്തിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. പലതും ലിക്വിഡേഷന്റെ വക്കത്താണ്. ഇത് കണക്കിലെടുക്കാതെ പുതിയ പുതിയ വായ്പാ സഹകരണ സംഘങ്ങൾ ആ പരിധിയിലൊക്കെ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കുകയാണ്. അതിന് സർക്കാർ അനുമതി കൊടുത്തുകൊണ്ടിരിക്കുകയാണ്. ഈ കാര്യങ്ങൾ ഗൗരവമായി പരിശോധിച്ച് വായ്പാ സഹകരണ സംഘങ്ങളെ ലാഭത്തിൽ പ്രവർത്തിക്കുന്നതിനുതകുന്ന തരത്തിൽ അവരുടെ ഭൂപരിധി നിശ്ചയിക്കുന്നതിനു വേണ്ടിയുള്ള എന്തെങ്കിലും നീക്കം സർക്കാരിന്റെ ഭാഗത്തുനിന്നും സ്വീകരിക്കുവാൻ കഴിയുമോ ?

ശ്രീ. സി. എൻ. ബാലകൃഷ്ണൻ : സർ, പൊതുവിൽ ഈ സംഘങ്ങളെ സംബന്ധിച്ച് നിയന്ത്രണമൊന്നുമില്ല. പക്ഷേ അതുകൊണ്ട് മറ്റുള്ള സംഘങ്ങൾക്കും ദോഷം വരുന്നില്ല. ഏതായാലും ചെറുകിട കർഷകരുടെ കാര്യങ്ങളെ സംബന്ധിച്ച് കാര്യമായ ആനുകൂല്യങ്ങൾ കൊടുക്കാൻ ഈ ബഡ്ജറ്റിൽ തീരുമാനിച്ചിട്ടുണ്ട്. ഏതായാലും ഈ കാര്യങ്ങളെല്ലാം ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് കഴിയുന്ന സഹായങ്ങൾ ചെയ്യാൻ ആലോചിക്കാം.

ശ്രീ. സി. മോയിൻകുട്ടി : സർ, വിവിധ മേഖലകളിലുള്ള ബാങ്കുകൾ കാർഷിക വായ്പയ്ക്ക് വ്യത്യസ്തമായ പലിശ നിരക്കാണ് ഈടാക്കുന്നത്. ഇത് ഏകീകരിക്കുന്നതിനുവേണ്ടിയുള്ള എന്തെങ്കിലും നടപടികൾ സർക്കാർ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എൻ. ബാലകൃഷ്ണൻ: സർ, എല്ലാ പലിശകളെയും ഏകീകരിക്കണമെന്നാണ് സർക്കാരിന്റെ ഭാഗത്തുനിന്നുള്ള തീരുമാനം. ചില ബാങ്കുകൾ ഡെപ്പോസിറ്റിന് വ്യത്യസ്തമായ പലിശ കൊടുക്കുന്നു. പ്രത്യേകിച്ചും അർബൻ ബാങ്കുകൾ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് വളരെയധികം ഭീഷണികളുണ്ടാക്കുന്നു. അവർ ഡെപ്പോസിറ്റിന് ഗവൺമെന്റ് നിശ്ചയിച്ചതിനേക്കാൾ കൂടുതൽ പലിശ കൊടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പലിശ നിശ്ചയിക്കുന്നത് ഗവൺമെന്റിന്റെ ഒരു പ്രത്യേക കമ്മിറ്റിയാണ്. മിക്കവാറും എല്ലാവരും അത് പാലിക്കുന്നുണ്ട്. ചില സ്ഥലത്ത് അത് പാലിക്കുന്നില്ല. അത് പരിശോധിക്കാം.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, കാർഷിക വായ്പയുമായി ബന്ധപ്പെട്ട് വായ്പ കൊടുക്കുന്ന അളവ് ഏതാണ്ട് 2500 കോടി രൂപയ്ക്കും 3000 കോടി രൂപയ്ക്കും ഇടയ്ക്കാണ്. ഇതിൽ ഒരു പ്രശ്നം, ഉത്പാദന ചെലവുമായി ബന്ധപ്പെട്ട് കാർഷിക വായ്പയുടെ അളവ് വർദ്ധിപ്പിക്കേണ്ടതുണ്ട്. ഒരു ഹെക്ടറിനായാലും ഒരു ഏക്കറിനായാലും ഓരോ കൃഷിക്കും കൊടുക്കുന്നത് വ്യത്യസ്തമാണ്. കാരണം, ഇപ്പോഴത്തെ ചെലവ് അനുസരിച്ച് ആ വായ്പ അപര്യാപ്തമായി വരും. രണ്ടാമത്തെ പ്രശ്നം, കേരളത്തിൽ കൃഷി ചെയ്യുന്നത് സ്വന്തമായി ഭൂമിയുള്ളവരല്ല. സ്വന്തമായി ഭൂമി ഇല്ലാത്തവർ പാട്ടത്തിന് ഭൂമി എടുത്ത് കൃഷി ചെയ്യുന്നതുകൊണ്ട്, കൃഷികൊണ്ട് മാത്രം ജീവിക്കുന്നവർ അവരാണ്, അവർക്ക് കാർഷിക വായ്പ കിട്ടാൻ ഇന്നത്തെ സാഹചര്യമനുസരിച്ച് വളരെ വലിയ വിഷമങ്ങൾ നേരിടുന്നു. അതുകൊണ്ട് സഹകരണ മേഖലയ്ക്ക് മാത്രം ചെയ്യാൻ കഴിയുന്ന ഒരു കാര്യം, ഇവരാണ് കൃഷി ചെയ്യുന്നതെന്ന് കൃഷിവകുപ്പ് നിർദ്ദേശിച്ചാൽ ആ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സഹകരണ മേഖല അവർക്ക് കാർഷിക വായ്പ കൊടുക്കാനും അത് പലിശരഹിത വായ്പയാക്കാനുമുള്ള സംവിധാനമുണ്ടാക്കുമോ ?

ശ്രീ. സി. എൻ. ബാലകൃഷ്ണൻ: സർ, ആദ്യം പറഞ്ഞ കാര്യത്തിൽ തീരുമാനമെടുക്കുന്നത് ജില്ലാ ടെക്നിക്കൽ കമ്മിറ്റി കൂടിയാണ്. കാലാകാലങ്ങളായി സാമ്പത്തിക ചെലവ്/കൃഷി ചെലവ് എന്നിവ അനുസരിച്ചാണ് വായ്പ കൊടുക്കുന്നത്. അത് പോരാതെ വരുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് പരിഹരിക്കുവാനുള്ള നടപടികൾ സ്വീകരിക്കാം. അതോടൊപ്പംതന്നെ കൃഷിവകുപ്പുമായി ആലോചിക്കാം. കൃഷിവകുപ്പ് തരുന്ന സർട്ടിഫിക്കറ്റ് അനുസരിച്ച് കൃഷിക്കാരെ ഐഡന്റിഫൈ ചെയ്യാമെങ്കിൽ അതനുസരിച്ച് സഹകരണ ബാങ്കിൽനിന്ന് വായ്പ കൊടുക്കുന്ന കാര്യം ആലോചിക്കാം.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, സഹകരണ ബാങ്കുകളിൽ നിന്നും ലോൺ എടുത്ത് മുതൽ കൃത്യമായി അടയ്ക്കുന്ന ആളുകൾക്ക് പലിശ എഴുതിത്തള്ളുമെന്ന് ബഡ്ജറ്റിൽ സൂചിപ്പിച്ചിട്ടുണ്ട്. വയനാട് ജില്ലയെ സംബന്ധിച്ച് സഹകരണ ബാങ്കുകളിൽ നിന്ന് ലോൺ എടുത്ത കർഷകർ വളരെ കുറവാണ്. ദേശസാത്കൃത ബാങ്കുകളിൽനിന്നും ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നുമൊക്കെ ലോൺ എടുത്ത് പ്രതിസന്ധിയിൽ നിൽക്കുന്നവരുണ്ട്. ഈ ആനുകൂല്യം അവർക്കുകൂടി ലഭ്യമാക്കാൻ സർക്കാർ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എൻ. ബാലകൃഷ്ണൻ : സർ, സഹകരണമേഖലയല്ലാതെ മറ്റ് കൊമേഴ്സ്യൽ ബാങ്കുകളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവരുടെ ഒരു യോഗം വിളിച്ചുകൂട്ടിയിരുന്നു. അതിന് അവരും തയ്യാറാണെന്ന് പറഞ്ഞിട്ടുണ്ട്. പിന്നെ ഒരു കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുവാനുള്ളത്, സഹകരണ മേഖലകളിലെ ലോൺ കൃത്യമായി തിരിച്ചുവരാത്തതുകൊണ്ട് ഓരോ ഗവൺമെന്റും കാലാകാലങ്ങളായി എഴുതിത്തള്ളലും പലിശ സബ്സിഡി കൊടുക്കലുമൊക്കെ നടത്തുന്നതുകൊണ്ട് സഹകരണ മേഖലയ്ക്ക് വളരെ ബുദ്ധിമുട്ട് വരുന്നുണ്ട്. അത് ബന്ധപ്പെട്ടവർ മനസ്സിലാക്കുമെന്ന് ഞാൻ വിശ്വസിക്കുകയാണ്. ഏതായാലും ഷെഡ്യൂൾഡ് ബാങ്കിനെ സംബന്ധിച്ചും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചർച്ച ചെയ്തിട്ടുണ്ട്. അവർ അത് ചെയ്യാമെന്ന് സമ്മതിച്ചിട്ടുമുണ്ട്.

ശ്രീ. കെ. സുരേഷ് കുറുപ്പ് : സർ, കേന്ദ്രഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം നമ്മുടെ നാട്ടിലെ സഹകരണ ബാങ്കുകൾ ഉൾപ്പെടെയുള്ളവ കാർഷിക വായ്പ എഴുതിത്തള്ളുകയും അതിൽ ഗുരുതരമായ ക്രമക്കേടുകൾ നടക്കുകയും ചെയ്തിട്ടുണ്ടെന്ന് സി.&എ.ജി.യുടെ റിപ്പോർട്ടുണ്ട്. കേരളത്തിലെ സഹകരണ ബാങ്കുകൾ എഴുതിത്തള്ളിയ കാർഷിക വായ്പയെ സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ അതിന് എന്ത് സംവിധാനമാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ?

ശ്രീ. സി. എൻ. ബാലകൃഷ്ണൻ : സർ, അപ്രകാരം റിപ്പോർട്ട് വന്നിട്ടുണ്ട്. അതിനെക്കുറിച്ച് അന്വേഷണം നടത്തുന്നുണ്ട്. പക്ഷേ സഹകരണ മേഖലയിലല്ല ഇത് ചെയ്യേണ്ടത്, ബന്ധപ്പെട്ടവർ അത് ചെയ്യണം. സാമ്പത്തിക രംഗത്ത് ഇത്തരം പ്രശ്നം വരുമ്പോൾ പ്രത്യേകമായി കൈകാര്യം ചെയ്യാനുള്ള സംവിധാനം നമ്മുടെ സംസ്ഥാനത്തുണ്ട്. അതവർ ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.

ശ്രീ. പി. എ. മാധവൻ : സർ, സഹകരണ സ്ഥാപനങ്ങൾ പലപ്പോഴും കാർഷികേതര ആവശ്യങ്ങൾക്ക് മുൻതൂക്കം നൽകി വായ്പ നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാർഷിക സഹകരണ സംഘങ്ങൾ കൂടുതൽ വായ്പ കർഷകർക്ക് മാത്രമായി നൽകുന്നതിനുള്ള കർശനമായ നിർദ്ദേശങ്ങൾ നൽകുമോ ?

ശ്രീ. സി. എൻ. ബാലകൃഷ്ണൻ : സർ, ഇപ്പോഴുമുണ്ട്. ചില ആളുകൾ ഈ ബാങ്ക് നിലനിൽക്കാൻവേണ്ടി കാർഷികേതര വായ്പയും കൊടുക്കുന്നുണ്ട്. കാർഷിക വായ്പ കൊടുത്താൽ ചിലപ്പോൾ ബാങ്കിന് ബുദ്ധിമുട്ട് വരും. സാമ്പത്തിക ബുദ്ധിമുട്ടുള്ള ചില ബാങ്കുകൾ ഇപ്രകാരം ചെയ്യുന്നുണ്ട്. ഏതായാലും കൃഷിക്കാർക്ക് യഥാസമയം ലോൺ കൊടുക്കുവാനുള്ള കർശനമായ നിർദ്ദേശം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും കൊടുത്തിട്ടുണ്ട്.

മി. സ്പീക്കർ : ചോദ്യം നമ്പർ *32

## വൈദ്യുതി സംരക്ഷണത്തിനുള്ള മാർഗ്ഗങ്ങൾ

2 (*32) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. അച്ചുതൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി സംരക്ഷണത്തിന് വിദ്യുച്ഛക്തി ബോർഡ് എന്തെല്ലാം മാർഗ്ഗങ്ങൾ തേടാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) ഇതിനായി പ്രത്യേക സമിതിയെ നിയോഗിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) സൗരോർജ്ജ വൈദ്യുതിയുടെ ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുവാനും അപ്രകാരം വീടുകളിൽ ഉൽപാദിപ്പിക്കപ്പെടുന്ന വൈദ്യുതി ഗ്രിഡിലേക്ക് എടുത്ത് പ്രയോജനപ്പെടുത്താനുമുള്ള സാദ്ധ്യതകൾ പരിഗണിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിന് ബോർഡിന്റെ മുമ്പിലുള്ള തടസ്സങ്ങൾ നീക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ പഠനവിധേയമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : സർ, ഈ ചോദ്യത്തിന്റെ ഉത്തരം നാലര പേജുണ്ട്. അതുകൊണ്ട് ഞാൻ ചുരുക്കി പറഞ്ഞതിനുശേഷം ബാക്കി മേശപ്പുറത്ത് വയ്ക്കാം. ഊർജ്ജ സംരക്ഷണത്തെ കുറിച്ചാണ് ഇവിടത്തെ ചോദ്യം. ഇപ്പോൾ ഇതിനുവേണ്ടി ബോർഡ് ചില പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യമെന്ന് പറയുന്നത് ഈ മാർച്ച് മാസം 23-ാം തീയതി വേൾഡ് എർത്ത് ഡേയാണ്. രാത്രി എട്ടര മണി മുതൽ ഒൻപതര മണിവരെ ലോകത്തുള്ള എല്ലാ വീടുകളിലും ലൈറ്റ് ഓഫ് ചെയ്യുക എന്നുള്ളതാണ്. വേൾഡ് വൈഡ് ഫണ്ടിംഗ് ഏജൻസിയാണ് ഇതിന് ആഹ്വാനം ചെയ്യുന്നത്. എല്ലാ വർഷവും ഇന്ത്യ മുഴുവൻ ഈ ദിനം കൊണ്ടാടാറുണ്ട്. പ്രസ്തുത ദിനം ഈ വർഷം മാർച്ച് 23 ആണ്. ആ ദിവസം രാത്രി എട്ടര മണി മുതൽ ഒൻപതരമണിവരെ ലൈറ്റ് ഓഫാക്കാൻ എല്ലാവരോടും അഭ്യർത്ഥിക്കുകയാണ്. മാർച്ച് 23 മുതൽ 31 വരെ ഇതിന്റെ വാരമായി കേരളത്തിൽ കൊണ്ടാടാൻ ഉദ്ദേശിക്കുകയാണ്. കൂടാതെ മാർച്ച് 23-ന് ഒരു സ്കീമും ലോഞ്ച് ചെയ്യാൻ ഉദ്ദേശിക്കുകയാണ്. ആ സ്കീം ഏകദേശം ശരിയായിട്ടുണ്ട്. 'ലാഭപ്രഭ' എന്നാണ് ആ സ്കീമിന്റെ പേര്. അതായത് ഓരോരുത്തരും ഈ പറയുന്ന രൂപത്തിൽ അവരവരുടെ ഉപഭോഗം കുറച്ചുകൊണ്ടുവരണം. ഉദാഹരണമായി ഒരു വീട്ടിൽ പത്ത് യൂണിറ്റ് കുറച്ചുകൊണ്ടുവരികയാണെങ്കിൽ ആ വീട്ടുടമയ്ക്ക് പത്ത് യൂണിറ്റിന്റെ തുക ലാഭമായി. അതിനുപുറമേ അതിന്റെ പകുതി സംഖ്യ ഇനാമായി കെ.എസ്.ഇ.ബി. നൽകുന്നതാണ്. ഒരാൾക്ക് 200 രൂപയുടെ മിച്ചം ലഭിച്ചുകഴിഞ്ഞാൽ 100 രൂപ പ്രോത്സാഹനമായി കെ.എസ്.ഇ.ബി. നൽകുന്നതാണ്. അതിനുപുറമേ നോലോഡ് ഷെഡ്ഡിംഗ് എന്ന ഒരു സ്കീമുണ്ട്. ഈ സ്കീമും



LIBRARY ARCHIVES Kerala Legislative Assembly

ഈ മാസം 23-ാം തീയതി ലോഞ്ച് ചെയ്യുകയാണ്. അതിനർത്ഥം ഒരു ഫീഡറിന് കീഴിലുള്ള കൺസ്യൂമേഴ്സ് യോജിച്ചുകൊണ്ട് ഒരാഴ്ച അവരുടെ ഉപഭോഗം കുറയ്ക്കുകയാണെങ്കിൽ അടുത്ത ആഴ്ച ആ ഏരിയയിൽ ലോഡ്ഷെഡ്ഡിംഗ് ഉണ്ടാകുകയില്ല. അതിനുപുറമേ അവർക്ക് പ്രോത്സാഹനമായി സ്ട്രീറ്റിൽ എൽ.ഇ.ഡി. ലൈറ്റ് ഇട്ടുകൊടുക്കും. ഇതുപോലുള്ള പല പ്രോത്സാഹനങ്ങളും നൽകും. പത്ത് യൂണിറ്റിന്റെ ഉപഭോഗം കുറച്ചുകൊണ്ടുവരുന്ന ആദ്യത്തെ 50000 വീട്ടുടമകൾക്ക് ഉടൻതന്നെ സമ്മാനം നൽകും. കൂടാതെ 175000-ത്തോളം രൂപ ചെലവ് വരുന്ന റൂഫ് ടോപ്പ് പാനൽ വച്ചുകൊണ്ട് വൈദ്യുതി ജനറേറ്റ് ചെയ്യാനുള്ള സൗകര്യം സൗജന്യമായി നൽകും. ഇതുപോലുള്ള പല കാര്യങ്ങളും പ്രോത്സാഹനമായി നൽകുന്നുണ്ട്. ഇതിനുപുറമേ മഹിളാ പ്രധാൻമാരെ ഇതിന്റെ പ്രചരണത്തിനുവേണ്ടി ഉപയോഗിക്കും. അതുപോലെ സ്ട്രീറ്റ് ലൈറ്റുകൾ സോളാർ ലൈറ്റാക്കുന്നതിനുള്ള നടപടികൾ ഈ വർഷംതന്നെ സ്വീകരിക്കും. ഇതിനായുള്ള ടെണ്ടർ വിളിച്ചുകഴിഞ്ഞു. ഇത് ഇക്കൊല്ലംതന്നെ നടപ്പാക്കുന്ന പദ്ധതിയാണ്. 60 മുനിസിപ്പാലിറ്റികളിലും 5 കോർപ്പറേഷനുകളിലും ഇത് നടപ്പാക്കും. അതേസമയം തെരുവ് വിളക്കുകൾ ഓട്ടോമാറ്റിക്കായി ഓണും ഓഫും ആക്കുന്ന പദ്ധതിക്കും രൂപം നൽകിയിട്ടുണ്ട്. ഇനിയും ധാരാളം കാര്യങ്ങളുണ്ട്. ഉത്തരം മേശപ്പുറത്ത് വയ്ക്കുന്നു.* അതിൽ നിന്ന് കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കാൻ സാധിക്കും.

ശ്രീ. റ്റി. എൻ. പ്രതാപൻ : സർ, ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയുടെ പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നത് എനർജി എഫിഷ്യൻസി ഏറ്റവും കുറവുള്ള സംസ്ഥാനങ്ങളിലൊന്ന് കേരളമാണെന്നാണ്. വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിന് ഒരു സമഗ്ര ഊർജ്ജ സംരക്ഷണം നടപ്പിലാക്കേണ്ടതാണെന്നാണ് ഇതിന്റെ അടിസ്ഥാനത്തിൽ നമ്മെ ബോധ്യപ്പെടുത്തുന്നത്. ഉയർന്ന വൈദ്യുതി ഉപഭോഗമുള്ള വ്യാവസായിക/കൊമേഴ്സ്യൽ/ഗാർഹിക ഉപഭോക്താക്കൾക്ക് വൈദ്യുതി ഓഡിറ്റ് നിർബന്ധമാക്കുകയും ഈ ഓഡിറ്റിൽ കണ്ടെത്തുന്ന വൈദ്യുതി സംരക്ഷണ സാധ്യതകൾ സമയബന്ധിതമായി നടപ്പിലാക്കണമെന്ന് നിഷ്കർഷിക്കുകയും നടപ്പാക്കാത്തപക്ഷം പീനൽ താരിഫ് ഏർപ്പെടുത്തുകയും ചെയ്യുന്നതിന് സർക്കാർ മുൻകയ്യെടുക്കുമോ ; ഇങ്ങനെ എടുക്കുകയാണെങ്കിൽ ഊർജ്ജ സംരക്ഷണത്തിൽ നമുക്ക് വളരെയേറെ നേട്ടമുണ്ടാക്കാൻ സാധിക്കും. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഇത് ഗവൺമെന്റിന്റെയും ബോർഡിന്റെയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച കാര്യം വളരെ ശരിയാണ്. ഇന്ന് ഇന്ത്യാ രാജ്യത്ത് എ.ടി.എൻ.സി. ലോസ് ഏറ്റവും കുറഞ്ഞ സംസ്ഥാനം കേരളമാണ്. അത് 15.68 ആണ്. ഈ ലോസ് 15 ലേക്കെത്തിക്കാനാണ് ആർ.എ.പി.ഡി.ആർ.പി സ്കീം. ആ സ്കീം അടുത്ത കാലത്താണ് തുടങ്ങിയത്. ഒരു വർഷംകൊണ്ട് പ്രസ്തുത സ്കീം പ്രാവർത്തികമാകും. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച എനർജി ഓഡിറ്റിംഗ് പരമപ്രധാനമായ കാര്യമാണ്. ഈ പ്രചരണത്തിൽ ഞങ്ങൾ അതുകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. റ്റി. എൻ. പ്രതാപൻ : സർ, എനർജി സേവിംഗ്സിന്റെ ഭാഗമായി പതിനായിരം റൂഫ് ടോപ്പ് സോളാർ ഈ ഗവൺമെന്റ് അനർട്ട്വഴി നടപ്പിലാക്കുന്നുണ്ടല്ലോ. ഇതിന്റെ തുടർച്ചയായി റൂഫ് ടോപ്പ് ഓൺഗ്രിഡും ഓഫ്ഗ്രിഡും പദ്ധതികൾ കൂടുതലായി നടപ്പിലാക്കി ഊർജ്ജ പ്രതിസന്ധി പരിഹരിക്കാൻ എന്തെല്ലാം പരിപാടികളാണ് പുതുതായി ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നത് ?

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഈ വർഷം പതിനായിരം ഓഫ്ഗ്രിഡ് പദ്ധതികളാണ് നടപ്പിലാക്കുന്നത്. ഇതിന്റെ മുപ്പത് ശതമാനം കേന്ദ്രഗവൺമെന്റിന്റെ സബ്സിഡിയാണ്. കേരള ഗവൺമെന്റിന്റെ സബ്സിഡി 39,000 രൂപയാണ്. ഇത് ഈ വർഷംതന്നെ നടപ്പാക്കും. അതിനുള്ള ആപ്ലിക്കേഷനുകൾ കാൾഫോർ ചെയ്തുകഴിഞ്ഞു. ഇതുമായി ബന്ധപ്പെട്ട് 8000-ൽപ്പരം ആപ്ലിക്കേഷനുകൾ ലഭിച്ചിട്ടുണ്ട്. അടുത്തവർഷം പതിനായിരം ഗ്രിഡ് പദ്ധതിയും ഇരുപത്തയ്യായിരം ഓഫ് ഗ്രിഡ് പദ്ധതിയും ചെയ്യാൻ ഉദ്ദേശിക്കുന്നു. ഇതിനായി കേന്ദ്രഗവൺമെന്റ് സബ്സിഡി നൽകണമെന്ന് പറഞ്ഞ് ഉത്തരവ് ഉണ്ടായിട്ടുണ്ട്.

ശ്രീ. ജോസഫ് വാഴക്കൻ : സർ, ഡിമാന്റ് സൈഡ് മാനേജ്മെന്റിന്റെ ഭാഗമായി കുറേയേറെ കാര്യങ്ങൾ അങ്ങ് പറയുകയുണ്ടായി. നിലവിലിപ്പോൾ സ്കൂളുകളിൽ ബോധവൽക്കരണം നടത്തലും നോട്ടീസ് നൽകുന്ന പരിപാടികളുമാണുള്ളത്. ഒരു നിയമംമൂലം നിശ്ചിത അളവിൽ കൂടുതൽ വലിപ്പമുള്ള കെട്ടിടത്തിൽ സൗരോർജ്ജ പാനൽ നിർബന്ധമാക്കണം. ഇതാണ് കൂടുതൽ ഇഫക്ടീവായി ചെയ്യാൻ സാധിക്കുന്ന കാര്യം, അല്ലെങ്കിൽ അതിന് നമ്പരിട്ട് നൽകുകയില്ലായെന്നുള്ള ഒരു നിയമം കൊണ്ടുവരാൻ കഴിയുമോ ?

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത് വളരെ ശരിയായിട്ടുള്ള കാര്യമാണ്. ഗവൺമെന്റിന്റെ ആലോചനയിലുള്ള കാര്യമാണത്. അതിനുവേണ്ടി ഒരു നിയമം ഡ്രാഫ്റ്റ് ചെയ്യാനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

ശ്രീ. വി. ഡി. സതീശൻ : സർ, എന്റെ നിയോജകമണ്ഡലത്തിലെ ചേന്ദമംഗലം പഞ്ചായത്ത് രാജ്യത്തെ ആദ്യത്തെ സൗരോർജ്ജ പഞ്ചായത്താക്കാൻ വേണ്ടിയുള്ള ശ്രമം തുടങ്ങിയിരിക്കുകയാണ്. മുംബൈ ഐ.ഐ.ടി.യും കെ.എസ്.ഇ.ബി.-യും സി.ഡിറ്റും പഞ്ചായത്തും സംയുക്തമായിട്ടാണ് ഇത് നടപ്പിലാക്കുന്നത്. ഇതിന്റെ ഭാഗമായി 2000 സ്കൂൾ വിദ്യാർത്ഥികളും 500 വോളന്റിയർമാരും 150 എഞ്ചിനീയറിംഗ് വിദ്യാർത്ഥികളുമുൾപ്പെടെയുള്ളവർ രാജ്യത്തെ ഏറ്റവും വലിയ സൗരോർജ്ജ സർവ്വേ നടത്തിക്കഴിഞ്ഞിരിക്കുകയാണ്. ഇതിലുള്ള പ്രശ്നം, ഇത് ഒരു കിലോവാട്ട് സ്ഥാപിക്കുന്നതിനുവേണ്ടി ഒരു ലക്ഷത്തിൽ കൂടുതൽ തുക വേണ്ടിവരുമെന്നതാണ്. ഇത് സബ്സിഡി കമ്പോണന്റ് വഴി നമുക്ക് പരിഹരിക്കാൻ സാധിക്കും. അതിനുശേഷം വരുന്ന ആവർത്തന ചെലവുകൾ എന്നുപറയുന്നത് ബാറ്ററി മാറ്റി വയ്ക്കുന്ന പ്രശ്നമാണ്. ഇത് എല്ലായിടത്തും ഗുരുതരമായിട്ടുള്ള പ്രശ്നമാണ്. നമ്മൾ സൗരോർജ്ജംവഴി-

ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി, കെ.എസ്.ഇ.ബി. വഴി ഗ്രിഡിലേക്ക് മാറ്റാൻ കഴിഞ്ഞാൽ മാത്രമേ നമുക്കിത് വളരെ കോസ്റ്റ് ഇഫക്ടീവായി നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. ഇതാണ് ഇന്ന് സൗരോർജ്ജ പാനലുകൾ വയ്ക്കുമ്പോഴുണ്ടാകുന്ന ഏറ്റവും വലിയ വെല്ലുവിളി. ഈ വെല്ലുവിളി പരിഹരിക്കുന്നതിനുവേണ്ടി കെ.എസ്.ഇ.ബി. സമഗ്രമായ ഒരു പദ്ധതി ആവിഷ്ക്കരിക്കണം.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, കഴിഞ്ഞ കൊല്ലം ഗ്രിഡിലേക്ക് കണക്ട് ചെയ്തുകൊണ്ട് പതിനായിരം റൂഫ് ടോപ്പ് പാനലിനും ഓഫ് ഗ്രിഡായി പതിനായിരം റൂഫ് ടോപ്പ് പാനലിനും കേന്ദ്രഗവൺമെന്റിൽ നിവേദനം നൽകുകയുണ്ടായി. കൂടാതെ കേന്ദ്രമന്ത്രിയുമായി ഞാൻ സംസാരിച്ചു. പക്ഷേ ഓഫ് ഗ്രിഡിനു മാത്രമാണ് അന്ന് അനുവാദം നൽകിയത്. ഇപ്പോൾ പതിനായിരം ഗ്രിഡ് കണക്ടഡിനും അനുവാദം നൽകിയിട്ടുണ്ട്. അതുകൊണ്ട് അത് നടക്കും. കൂടാതെ 25000 ഓഫ് ഗ്രിഡും നടപ്പിലാക്കും. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതു പോലെ അദ്ദേഹത്തിന്റെ പഞ്ചായത്ത് കേരളത്തിലെ അല്ലെങ്കിൽ ഇന്ത്യയിലെ ആദ്യത്തെ സൗരോർജ്ജ പഞ്ചായത്തായി മാറ്റിയാൽ ഒരു ലക്ഷം രൂപ ആ പഞ്ചായത്തിന് ഇനാമായി കെ.എസ്.ഇ.ബി. നൽകും.

ശ്രീ. കെ. അച്ചുതൻ : സർ, പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും ഇപ്പോൾ ട്യൂബ് സെറ്റുകളാണ് ഉപയോഗിക്കുന്നത്. അതൊന്ന് മാറ്റി സി.എഫ്.എൽ. ലാമ്പാക്കുകയാണെങ്കിൽ ധാരാളം ഊർജ്ജം സംരക്ഷിക്കാൻ നമുക്ക് സാധിക്കും. കെ.എസ്.ഇ.ബി.യുടെ സഹായത്തോടുകൂടി എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും അതുപോലെതന്നെ കോർപ്പറേഷനുകളിലും ട്യൂബ് സെറ്റിനുപകരം സി.എഫ്.എൽ. ആക്കാനുള്ള സംവിധാനംകൂടി ഉണ്ടാകുമ്പോൾ കെ.എസ്.ഇ.ബി.-യുടെ സഹായമുണ്ടാകുമോ ?

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, തീർച്ചയായും കെ.എസ്.ഇ.ബി.-യുടെ സഹായമുണ്ടാകും. ഈ സ്കീംപ്രകാരം ട്യൂബ് സെറ്റുകൾ സി.എഫ്.എൽ/ എൽ.ഇ.ഡി. ആക്കി മാറ്റുകയാണെങ്കിൽ 50 ശതമാനം സബ്സിഡി നൽകാൻ കെ.എസ്.ഇ.ബി. തയ്യാറാണ്. കെ.എസ്.ഇ.ബി. ഉൾപ്പെടെയുള്ള ഗവൺമെന്റ് ഓഫീസുകളിലും എൽ.ഇ.ഡി/സി.എഫ്. ലൈറ്റുകൾ ഉപയോഗിച്ച് ഉപഭോഗം കുറയ്ക്കാൻ ശ്രമിക്കണം. ഇതിന്റെ ഫലമായി കെ.എസ്.ഇ.ബി. ഓഫീസുകളിൽ ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിൽ 1,25,000 യൂണിറ്റ് വൈദ്യുതി ഉപഭോഗം കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്.

ശ്രീ. എ. കെ. ബാലൻ : സർ, ഊർജ്ജ സംരക്ഷണത്തിനായി ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ നടത്തുന്ന പ്രവർത്തനങ്ങൾക്കെല്ലാം പ്രതിപക്ഷാംഗങ്ങളുടെ പരിപൂർണ്ണ പിന്തുണയുണ്ട്. യഥാർത്ഥത്തിൽ ഏകദേശം 350 മെഗാവാട്ട് വൈദ്യുതിയുടെ പ്രതിസന്ധിയാണ് ഇപ്പോൾ കേരളത്തിലുള്ളത്. അത് പരിഹരിക്കാൻ ഊർജ്ജ സംരക്ഷണംകൊണ്ട് കഴിയുമെന്ന കാര്യത്തിൽ സംശയമില്ല. ഇതിനായി വലിയ പദ്ധതികളെക്കുറിച്ച് ആലോചിക്കുന്നതിനുപകരം താൽക്കാലിക ഊർജ്ജ പ്രതിസന്ധി പരിഹരിക്കുന്നതിനാണ് ഊർജ്ജ സംരക്ഷണത്തിന്റെ ഭാഗമായി ഊന്നൽ നൽകേണ്ടത്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ 97

LIBRARY ARCHIVES Kerala Legislative Assembly

സബ്സ്റ്റേഷനുകളും, 22,000 ട്രാൻസ്ഫോർമറുകളും 1.5 കോടി സി.എഫ്. ബൾബും 35,000 കിലോമീറ്റർ. എൽ.ടി. ലൈനും വലിച്ചതിന്റെ ഫലമായി ഊർജ്ജം കൂടുതൽ ഉൽപ്പാദിപ്പിക്കാതെ ഊർജ്ജ സംരക്ഷണം കൊണ്ടുമാത്രമാണ് വൈദ്യുതി പ്രതിസന്ധി തരണം ചെയ്യാൻ സാധിച്ചത്. സൗരോർജ്ജവുമായി ബന്ധപ്പെട്ടുകൊണ്ട് 60 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതിക്കാണ് അങ്ങ് ഇപ്പോൾ രൂപം കൊടുത്തിരിക്കുന്നത്. 60 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് സാധാരണനിലയിൽ 600 കോടി രൂപയെങ്കിലും വേണ്ടി വരും. ഇതിനായി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി 8 കോടി രൂപ മാത്രമാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. കഴിഞ്ഞപ്രാവശ്യത്തെ റവന്യൂ ഗ്യാപ്പായ 1500 കോടി രൂപയിൽ 291 കോടി രൂപ തരുമെന്ന് പറഞ്ഞെങ്കിലും 25 കോടി രൂപമാത്രമാണ് ലഭിച്ചത്. ഇപ്രാവശ്യം വീണ്ടും 1500 കോടി രൂപയുടെ റവന്യൂ ഗ്യാപ്പ് ഉണ്ടാകാൻ പോവുകയാണ്. ഗവൺമെന്റിന്റെ സബ്സിഡിയില്ലാതെ എങ്ങനെയാണ് ബഹുമാനപ്പെട്ട മന്ത്രി ഈ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാൻ പോകുന്നത്. അതീവ ഗുരുതരമായിട്ടുള്ള ഒരു പ്രശ്നമാണിത്. പവർ ക്രൈസിസ് തരണം ചെയ്യാൻ ഒട്ടേറെ വഴികളുണ്ടെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. എന്നാൽ ഇത്തരത്തിലുള്ള സാമ്പത്തിക പ്രതിസന്ധി എങ്ങനെയാണ് ബഹുമാനപ്പെട്ട മന്ത്രി തരണം ചെയ്യാൻ ഉദ്ദേശിക്കുന്നത് ?

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ച കാര്യങ്ങൾ ശരിയാണ്. പക്ഷേ, ഊർജ്ജ സംരക്ഷണംവഴി ഈ ഗ്യാപ് വലിയൊരളവുവരെ നികത്താൻ സാധിക്കും. വൈദ്യുതി കണക്ഷനുള്ള 80 ലക്ഷം വീടുകളിൽ ഒരു ബൾബ് ഓഫാക്കിയാൽത്തന്നെ 480 മെഗാവാട്ട് ഊർജ്ജം സംരക്ഷിക്കാൻ സാധിക്കും. ഇതിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക വർദ്ധിപ്പിച്ച ചരിത്രമാണ് എല്ലാ കാലത്തുമുണ്ടായിട്ടുള്ളത്. അത് ഗവൺമെന്റിന്റെ സാമ്പത്തിക സ്ഥിതിക്കനുസരിച്ച് ചെയ്യും. ബാക്കി കടമെടുക്കും. അപ്പോഴും ഇവിടെ പറയുന്ന തരത്തിലുള്ള നഷ്ടമുണ്ടാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : സർ, നമ്മുടെ നാട്ടിൽ വൈദ്യുതി സംരക്ഷണത്തെപ്പറ്റിയും ബദൽ മാർഗ്ഗങ്ങളെക്കുറിച്ചും നല്ലൊരവബോധം ശക്തിപ്പെട്ടുവരുന്നുണ്ട്. ചില എം.എൽ.എ.-മാരും എം.പി.-മാരും കെൽട്രോൺ മുഖേന പഞ്ചായത്തുകളിൽ സോളാർ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നുണ്ട്. പക്ഷേ ഈ രീതിയിൽ എന്റെ മണ്ഡലത്തിൽ എം.എൽ.എ. ഫണ്ടുപയോഗിച്ച് സ്ഥാപിച്ച സോളാർ സ്ട്രീറ്റ് ലൈറ്റുകൾക്ക് എന്തെങ്കിലും തകരാറുകൾ സംഭവിച്ചാൽ അത് നന്നാക്കുന്നതിനോ മെയിന്റനൻസ് ചെയ്യുന്നതിനോ ഉള്ള സംവിധാനമില്ല. ഇതിനായി കെ.എസ്.ഇ.ബി. എന്തെങ്കിലും സംവിധാനം ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, അതിനുവേണ്ടിയുള്ള ചില ശ്രമങ്ങൾ കെ.എസ്.ഇ.ബി. ഇപ്പോൾ നടത്തുന്നുണ്ട്. ഇതിനായി പ്രത്യേകമായൊരു സെൽ രൂപീകരിച്ച് ഓരോ സബ് ഡിവിഷനിലും പ്രത്യേക കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യുന്നുണ്ട്. ഇതിന്റെ ഭാഗമായി കുറേ ആളുകൾക്ക് ട്രെയിനിംഗ് നൽകാനും കെ.എസ്.ഇ.ബി. ഉദ്ദേശിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തോമസ് ചാണ്ടി : സർ, വേമ്പനാട്ട് കായലിന്റെ കിഴക്കേക്കര ശക്തമായ കാറ്റടിക്കുന്ന പ്രദേശമാണ്. അവിടെയൊരു വിൻഡ്മിൽ സ്ഥാപിച്ചാൽ അതിൽ നിന്നും വൈദ്യുതി എടുക്കാനുള്ള അറേഞ്ച്മെന്റ് അങ്ങ് ചെയ്യുമോ ; അങ്ങനെ ചെയ്യുമെങ്കിൽ ഞങ്ങളൊക്കെ ഉപയോഗിക്കുന്ന, മറ്റ് വ്യവസായ സ്ഥാപനങ്ങളിലെ കറന്റ് അതിൽ നിന്ന് കുറവുചെയ്യുമോ ; ഇതിനായി എന്തെങ്കിലും മാർഗ്ഗ നിർദ്ദേശങ്ങളുണ്ടോ ?

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, 50 മെഗാവാട്ടിൽ കൂടുതൽ സോളാർ എനർജി ഉൽപ്പാദിപ്പിക്കുന്നവരുടെ എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിച്ചിരുന്നു. അതിനായി രണ്ട് കമ്പനികൾ മുന്നോട്ടു വന്നിട്ടുണ്ട്. ഒരു കമ്പനി നാല് കൊല്ലം കൊണ്ട് 350 മെഗാവാട്ട് തരാമെന്നും ഈ വർഷം അൻപത് മെഗാവാട്ട് തരാമെന്നുമാണ് പറഞ്ഞിരിക്കുന്നത്. അതുപോലെതന്നെ വിൻഡ്മിൽ സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നവർക്കുവേണ്ടി എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് വിളിക്കാം. എന്നുമാത്രമല്ല, വ്യക്തിപരമായോ സ്ഥാപനങ്ങൾക്കോ വിൻഡ്മിൽ തുടങ്ങാൻ താൽപ്പര്യമുണ്ടെങ്കിൽ അതിനെക്കുറിച്ചും ആലോചിക്കാൻ തയ്യാറാണ്.

ശ്രീ. കെ. എം. ഷാജി : സർ, സൗരോർജ്ജത്തിൽ നിന്നും അടുത്ത സാമ്പത്തികവർഷം എത്ര അളവ് വൈദ്യുതി ഉൽപ്പാദിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിനായി സമഗ്ര പദ്ധതികൾ എന്തെങ്കിലും ആവിഷ്കരിച്ചിട്ടുണ്ടോ ; കുറഞ്ഞ ചെലവിൽ വീടുകളിൽ സൗരോർജ്ജ പാനൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, കുറഞ്ഞ ചെലവിൽ പാനലുകൾ ലഭ്യമാക്കുന്ന കാര്യത്തെപ്പറ്റി നേരത്തെ പറഞ്ഞതാണ്. രണ്ടാമതായി, 1250 മെഗാവാട്ട് സ്മാൾ ഐഡിയൽ പ്രോജക്ടുകളെ നോൺ കൺവെൻഷണലായി കണക്കാക്കുന്നതിനുള്ള പരിപാടി തയ്യാറായികഴിഞ്ഞു. 1150 മെഗാവാട്ടിന്റെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നു. ബാക്കികൂടി നടപ്പിലാക്കുവാനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഞാൻ നേരത്തെ പറഞ്ഞതുപോലെ വിൻഡ്മില്ലിലൂടെ വൈദ്യുതി ഉൽപ്പാദിക്കുന്നതുമായി ബന്ധപ്പെട്ട് എൻ.ടി.പി.സി.-യുമായി എം.ഒ.യു. ഒപ്പിട്ടിട്ടുണ്ട്. അതുപോലെതന്നെ 50 മെഗാവാട്ടിൽ കൂടുതൽ സോളാർ എനർജി ഉൽപ്പാദിപ്പിക്കുന്നതിനുവേണ്ടിയുള്ള സ്കീമിന്റെ പ്രവർത്തനം തുടങ്ങി കഴിഞ്ഞു.

ശ്രീ. ജോസ് തെറ്റയിൽ : സർ, ഇവിടെ ഹൈഡ്രോ ഇലക്ട്രിക് സ്റ്റേഷനുകളെയാണ് പവർ ജനറേഷനുമായി ബന്ധപ്പെട്ട് സ്ഥിരമായി ഉപയോഗിക്കുന്നത്. ഇപ്പോൾ ആൾട്ടർനേറ്റീവായിട്ടുള്ള കാര്യങ്ങളെപ്പറ്റി ആലോചിക്കുന്നുവെന്നത് നല്ലകാര്യമാണ്. നമ്മുടെ നാട്ടിൽ 500 കിലോമീറ്ററിലധികം തീരദേശമുള്ള സ്ഥലമാണിത്. കാറ്റാടിയിൽനിന്നും വൈദ്യുതി ലഭിക്കുന്നതുപോലെ തന്നെ കടൽ വെള്ളത്തിൽ നിന്നും ബാർജുകൾ ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള എന്തെങ്കിലും നടപടിയെപ്പറ്റി ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ. അങ്ങനെ ഉൽപ്പാദിക്കുന്ന വൈദ്യുതി ഗ്രിഡിലേക്ക് കൊടുക്കാനും ഇതിനായി സബ്സിഡി കൊടുക്കാനും ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഗ്രിഡിലേക്ക് കൊടുക്കുന്ന വൈദ്യുതിക്ക് സബ്സിഡി കൊടുക്കാൻ സാധിക്കുമോ എന്നുള്ളതാണ് ഇവിടത്തെ പ്രശ്നം. ആർ.ഇ.സി. റൂട്ടിലൂടെ പോവുകയാണെങ്കിൽ ഏകദേശം 7 രൂപയോളം കേന്ദ്ര സബ്സിഡി ലഭിക്കുന്നതാണ്. സോളാർ സിസ്റ്റത്തിലും വിൻഡ് മിൽ ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിക്കുന്ന കാര്യത്തിലും അങ്ങനെതന്നെയാണ് ഉദ്ദേശിക്കുന്നത്. ബഹുമാനപ്പെട്ട അംഗം വളരെ നല്ലൊരു നിർദ്ദേശമാണ് മുന്നോട്ടുവച്ചിരിക്കുന്നത്. ഗവൺമെന്റ് അതിനെപ്പറ്റി ആലോചിക്കുന്നുണ്ട്. പക്ഷേ, ഇതിന് മത്സ്യബന്ധന തൊഴിലാളികളുടെ എതിർപ്പുണ്ടാകുമോയെന്നാണ് ഭയപ്പെടുന്നത്. നാലുമാസത്തിനുള്ളിൽ എൽ.എൻ.ജി. ടെർമിനൽ ഇവിടെ കമ്മീഷൻ ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്. ബ്രഹ്മപുരത്ത് എൽ.എൻ.ജി. ഉപയോഗിച്ച് 400 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന ഒരു പദ്ധതിക്ക് കെ.എസ്.ഇ.ബി. ഗ്ലോബൽ ടെണ്ടർ വിളിക്കുകയും അതിനായി കൺസൾട്ടൻസിയെ വയ്ക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ പ്രോജക്ട് റിപ്പോർട്ട് ആയിക്കഴിഞ്ഞാലുടൻതന്നെ പ്രവർത്തനം തുടങ്ങുന്നതാണ്. കായംകുളം നിലയം 360 മെഗാവാട്ടിന്റെ എൽ.എൻ.ജി. ആക്കുവാൻവേണ്ടിയുള്ള ഒരു എഗ്രിമെന്റിലും എൻ.ടി.പി.സി.-യുമായി ഇതിനോടകംതന്നെ ഒപ്പിട്ടുകഴിഞ്ഞു.

ശ്രീ. ഷാഫി പറമ്പിൽ : സർ, വൈദ്യുതി പ്രതിസന്ധിക്ക് ഏറ്റവും വലിയ പരിഹാരമെന്ന നിലയിൽ സൗരോർജ്ജത്തെ പ്രോത്സാഹിപ്പിക്കുവാനായി അങ്ങ് എടുത്ത തീരുമാനത്തെ പ്രത്യേകം അഭിനന്ദിക്കുന്നു. മീങ്കരയിലും ചുള്ളിയാറിലും ഫ്ളോട്ടിംഗ് പാനൽ ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കേരളത്തിലെ ആദ്യത്തെ സംരംഭത്തിന് പാലക്കാട് ജില്ലയെ തെരഞ്ഞെടുത്തിരിക്കുകയാണ്. ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഈ രണ്ടുപദ്ധതികൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്. അതിന് തികയാതെവരുന്ന പണം എവിടെ നിന്ന് കണ്ടെത്തുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഇക്കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും ഫിഷറീസ് വകുപ്പുമന്ത്രിയും ഞാനും ഉദ്യോഗസ്ഥന്മാരും ചേർന്ന് ഇന്നലെ ഇതിനുവേണ്ടിയൊരു പ്രസന്റേഷൻ നടത്തുകയുണ്ടായി.

മി. സ്പീക്കർ : ചോദ്യം നമ്പർ *33

## കൈത്തറി വ്യവസായം നേരിടുന്ന പ്രതിസന്ധി

3 (*33) ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. കെ. ദാസൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈത്തറി വ്യവസായം നേരിടുന്ന ഗുരുതരമായ പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രതിസന്ധി പരിഹരിക്കുന്നതിനും നൂൽ സബ്സിഡി വർദ്ധിപ്പിക്കുന്നതിനും നൂല്, ചായം, മറ്റ് അസംസ്കൃത വസ്തുക്കൾ എന്നിവയുടെ വില നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിക്കുമോ ;

(സി) കൈത്തറി വ്യവസായത്തിനുള്ള ഇൻകം സപ്പോർട്ട് സ്കീം നിർത്തലാക്കിയിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണം എന്താണെന്നും ഇത് പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ ;

(ഡി) കൈത്തറി തൊഴിലാളികളുടെ കൂലിയും പെൻഷനും വർദ്ധിപ്പിക്കണമെന്ന യൂണിയനുകളുടെ ആവശ്യത്തിൻമേൽ എന്തെല്ലാം നടപടി സ്വീകരിച്ചു ;

(ഇ) കൈത്തറി സഹകരണ സംഘങ്ങൾക്ക് കടാശ്വാസം ലഭിക്കുന്നതിന് ദേശീയ പാക്കേജിന്റെ അടിസ്ഥാനത്തിൽ കേന്ദ്രം അനുവദിച്ച തുക സംഘങ്ങൾക്ക് ഇനിയും ലഭ്യമാക്കാതിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ ;

(എഫ്) പ്രസ്തുത തുക ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : സർ,

(എ) ഉണ്ട്.

(ബി) നെയ്ത്തുകാരുടെ അഭാവം കൈത്തറി മേഖലയിലെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി പുതിയ ആൾക്കാർക്ക് നെയ്ത്ത് പരിശീലനം നൽകാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ നൂൽ സബ്സിഡിയും വർദ്ധിപ്പിച്ചിട്ടുണ്ട്. പ്രാഥമിക കൈത്തറി സംഘങ്ങൾ യാൺ ബാങ്കുകളിൽനിന്നും ചായങ്ങളും രാസവസ്തുക്കളും വാങ്ങുന്നതിന് 10% സബ്സിഡി നൽകിവരുന്നു.

(സി) കൈത്തറി വ്യവസായത്തിനുള്ള ഇൻകം സപ്പോർട്ട് സ്കീം നിർത്തലാക്കിയിട്ടില്ല.

(ഡി) സംസ്ഥാനത്തെ പരമ്പരാഗത തൊഴിൽ മേഖലയിലെ കൈത്തറി തൊഴിലാളികൾക്ക് വർഷത്തിൽ 100 ദിവസമെങ്കിലും മിനിമം 150 രൂപ വരുമാനമായി ലഭിക്കത്തക്കവിധത്തിൽ വരുമാന ഉറപ്പുപദ്ധതി 29-3-2011 മുതൽ നടപ്പിലാക്കി വരുന്നു. ഒരു വർഷം പരമാവധി 100 ദിവസത്തേക്കാണ് നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കും ഈ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുന്നത്. ക്ഷേമനിധി ബോർഡിന്റെ വ്യവസ്ഥകൾക്കനുസരിച്ചാണ് പെൻഷൻ നൽകി വരുന്നത്.

(ഇ&എഫ്) 31-3-2010 വരെ സംഘങ്ങൾക്ക് അർഹതപ്പെട്ട കേന്ദ്ര സംസ്ഥാന റിബേറ്റ്, സ്പെഷ്യൽ മാർക്കറ്റിംഗ് ഇൻസെന്റീവ് കുടിശ്ശികകൾ അനുവദിച്ച് നൽകിയാൽ മാത്രമേ കൈത്തറി സംഘങ്ങൾക്ക് ദേശീയ പാക്കേജിന്റെ അടിസ്ഥാനത്തിൽ കേന്ദ്രം അനുവദിച്ച തുക ലഭ്യമാകുകയുള്ളൂ. അതനുസരിച്ച് സംഘങ്ങൾക്ക് അർഹതപ്പെട്ട സംസ്ഥാന റിബേറ്റ് നൽകിക്കഴിഞ്ഞു. റിബേറ്റിനത്തിലും മാർക്കറ്റിംഗ് ഇൻസെന്റീവിനത്തിലും കേന്ദ്രഗവൺമെന്റ് നൽകേണ്ടതായ കുടിശ്ശിക തുക കണക്കിലെടുക്കാതെ പാക്കേജനുസരിച്ചുള്ള സഹായം വിതരണം ചെയ്യാൻ കേന്ദ്ര ഗവൺമെന്റ് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ഈ മാസം 31-ന് മുൻപ് സംഘങ്ങൾക്ക് നബാർഡ് ധനസഹായം നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. നാരായണൻ : സർ, തകർച്ചയിൽനിന്നും തകർച്ചയിലേക്ക് പോയിക്കൊണ്ടിരിക്കുന്ന കേരളത്തിലെ കൈത്തറി സംഘങ്ങൾക്ക് 2000 മുതൽ 2012 വരെയുള്ള ഗവൺമെന്റ് റിബേറ്റ് കുടിശ്ശിക ബാക്കിവച്ചിരിക്കുകയാണ്. കണ്ണൂർ ജില്ലയിൽമാത്രം എട്ടുകോടി രണ്ടുലക്ഷം രൂപ സംഘങ്ങൾക്ക് റിബേറ്റിനത്തിൽ കിട്ടാനുണ്ട്. അതുകൊണ്ട് വർഷങ്ങളായി കുടിശ്ശികയായി കിടക്കുന്ന റിബേറ്റ് സംഖ്യ കൊടുത്തുതീർക്കാൻ നടപടി സ്വീകരിക്കുമോ; സാങ്കേതിക കാര്യങ്ങൾ പറഞ്ഞാണ് കൊടുക്കാതിരിക്കുന്നത്, സാങ്കേതികത്വം ഒഴിവാക്കി ഈ സംഖ്യ കൊടുക്കുവാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, അർഹതപ്പെട്ട മുഴുവൻ സംഘങ്ങൾക്കും റിബേറ്റ് കുടിശ്ശിക പൂർണ്ണമായി നൽകുവാനുള്ള ശ്രമം ഗവൺമെന്റ് നടത്തുന്നുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമായി ഞാൻ ഇപ്പോഴും സംസാരിച്ചു. ബഡ്ജറ്റിലുള്ള തുക മുഴുവൻ ഈ മാസം 31-നുമുമ്പ് കൊടുക്കാമെന്ന് അദ്ദേഹം സമ്മതിച്ചിട്ടുണ്ട്. ബാക്കിവരുന്ന തുക അടുത്ത ബഡ്ജറ്റിലൂടെ ആദ്യംതന്നെ നിയമസഭയുടെ അപ്രൂവലിന് വിധേയമായി സമയത്തിന് കൊടുക്കാമെന്നും ധനകാര്യ വകുപ്പുമന്ത്രി പറയുന്നുണ്ട്.

ശ്രീ. കെ. കെ. നാരായണൻ : സർ, കൈത്തറി സംഘങ്ങളുടെ കടം എഴുതിത്തള്ളുന്ന ഒരു പദ്ധതി കേന്ദ്ര ഗവൺമെന്റ് തയ്യാറാക്കിയിട്ടുണ്ട്. ആ പദ്ധതിയിൽ കേരളത്തിലെ ഏതാനും സഹകരണ സംഘങ്ങളെ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. കേരളത്തിലെ എല്ലാ കൈത്തറി സഹകരണ സംഘങ്ങൾക്കും ഈ ആനുകൂല്യം ലഭിക്കുന്ന രീതിയിൽ എല്ലാ സംഘങ്ങളേയും ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, റിവൈവൽ പാക്കേജ് അനുസരിച്ചുള്ള സെൻട്രൽ സ്കീം കൂടുതൽ സംഘങ്ങൾക്ക് കിട്ടണമെന്നാണ് ഗവൺമെന്റിന്റെ നിലപാട്. 124 സംഘങ്ങൾക്കാണ് ഇപ്പോൾ കിട്ടിയത്. അതിൽ ആദ്യം പണം വാങ്ങിയതും കേരളമാണ്. 3000 കോടി രൂപ കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതിയിലുണ്ട്. പക്ഷേ ഒരുപാട് കണ്ടീഷൻസുണ്ട്. ആ കണ്ടീഷൻസ് റിലാക്സ് ചെയ്താൽ മാത്രമേ കൂടുതൽ സംഘങ്ങൾക്ക് കിട്ടുകയുള്ളൂ. അതുകൊണ്ട് അതിനുള്ള ശ്രമം ഗവൺമെന്റ് തുടരുന്നതാണ്.

ശ്രീ. സി. കൃഷ്ണൻ : സർ, കേരളത്തിലെ കൈത്തറി സഹകരണ സംഘങ്ങൾ സാമ്പത്തിക പ്രതിസന്ധിയെത്തുടർന്ന് സ്തംഭനാവസ്ഥയിലാണ്. ഗവൺമെന്റിൽനിന്ന് അർഹതപ്പെട്ട സഹായം കിട്ടുന്നില്ല. കൈത്തറി സഹകരണ സംഘങ്ങൾക്ക് ജില്ലാ ബാങ്കുകളിൽനിന്നുമുള്ള കാഷ് ക്രെഡിറ്റിന് പന്ത്രണ്ടര ശതമാനം പലിശയാണ് ഇപ്പോൾ ഈടാക്കുന്നത്. ഇത് കൈത്തറി സംഘങ്ങൾക്ക് താങ്ങാൻ കഴിയുന്ന പലിശനിരക്കല്ല. ഈ പലിശ നാലുശതമാനമാക്കി കുറച്ച് കൈത്തറി സഹകരണ സംഘങ്ങളെ സഹായിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, കൈത്തറി സഹകരണ സംഘങ്ങളെ സഹായിക്കുവാൻ ഒട്ടേറെ പദ്ധതികളുണ്ട്. ഇന്ററസ്റ്റ് റേറ്റ് കൂടുതലാണെന്ന് പറയുന്നതും കാലാകാലങ്ങളിൽ ഉന്നയിക്കുന്ന വിഷയമാണ്. എത്രത്തോളം ചെയ്യാൻ സാധിക്കുമെന്ന് നോക്കാം. കൈത്തറി സഹകരണസംഘങ്ങളുടെ ദുഃസ്ഥിതി പരിഹരിക്കാൻ നിരവധി കാര്യങ്ങളുണ്ട്. അത് വീണ്ടും റിന്യൂ ചെയ്യുന്നതിൽ ഗവൺമെന്റിന് വിരോധമില്ല.

ശ്രീമതി കെ. എസ്. സലീഖ : സർ, കൈത്തറി സഹകരണ സംഘങ്ങൾ നേരിടുന്ന പ്രതിസന്ധിയെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽത്തന്നെ സൂചിപ്പിച്ചിട്ടുണ്ട്. ഒരു പ്രദേശത്തിന്റെ ഉൽപ്പന്നമെന്നുള്ള നിലയിൽ അന്താരാഷ്ട്ര ശ്രദ്ധ കൊണ്ടുവരുന്നതിനും അതുവഴി നമ്മുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനും സഹായകരമായ വിധത്തിൽ മറ്റ് സംസ്ഥാനങ്ങൾ എടുത്തിട്ടുള്ള നിലപാടുണ്ട്. ആന്ധ്രാപ്രദേശിലെ കൈത്തറി തുണികൾക്കും തമിഴ്നാട്ടിലെ കാഞ്ചീപുരം പട്ടുസാരികൾക്കുമൊക്കെ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള ഒരു ജിയോഗ്രാഫിക്കൽ ഇന്റിക്കേഷൻ സർട്ടിഫിക്കറ്റുണ്ട്. പ്രത്യേകിച്ച് ജനങ്ങൾക്ക് ഏറ്റവും താൽപ്പര്യമുള്ള, ഗുണനിലവാരമുള്ള നമ്മുടെ നാട്ടിൽ ഇറക്കുന്ന കുത്താമ്പുള്ളി കൈത്തറി, ബാലരാമപുരം കൈത്തറി, കണ്ണൂർ കൈത്തറിയൊക്കെയുണ്ട്. ഇവയ്ക്കും ഈ രൂപത്തിൽ ഒരു ജിയോഗ്രാഫിക്കൽ ഇന്റിക്കേഷൻ സർട്ടിഫിക്കറ്റ് നേടിക്കൊടുത്ത് വിപണി കണ്ടെത്തി ഈ പ്രതിസന്ധിയെ മറികടക്കാനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് നമുക്കുള്ള ഒരു പദ്ധതിയാണ്. ചേന്ദമംഗലം പോലെയുള്ള പ്രദേശങ്ങളിലെ വളരെ എത്നിക്കായ കൈത്തറി ഉൽപ്പന്നങ്ങൾ ഗുണനിലവാരത്തിൽ മെച്ചമുള്ളതും തനിമയുള്ളതും വ്യത്യസ്തവുമാണ്. ആ നിലയിൽ മാർക്കറ്റ് ചെയ്യാൻ ശ്രമിക്കുന്നുണ്ട്. ആ നിലയിൽ സർട്ടിഫിക്കറ്റ് കിട്ടാനും ലോകനിലവാരത്തിലേക്ക് കൊണ്ടുവരാനുമുള്ള അശ്രാന്തപരിശ്രമം ഗവൺമെന്റ് നടത്തുകയും കുറെയൊക്കെ ഫലപ്രാപ്തിയിലെത്തുന്നുമുണ്ട്. കൈത്തറി ഉൽപ്പന്നങ്ങൾക്ക് മാർക്കറ്റിൽ ഇപ്പോൾ നല്ല ഡിമാന്റുമുണ്ട്.

ശ്രീ. കെ. ദാസൻ : സർ, 2012 മുതൽ പത്തുശതമാനം സബ്സിഡി കേന്ദ്ര ഗവൺമെന്റ് നൽകുന്നുണ്ട്. സംസ്ഥാന ഗവൺമെന്റ് നൽകുന്ന സബ്സിഡി പൂർണ്ണമായും നിർത്തിയതായി ടെക്സ്റ്റൈൽ മന്ത്രാലയം നിർദ്ദേശം നൽകിയിട്ടുണ്ട്. ആന്ധ്രാപ്രദേശിൽ കുഴിനൂലിന് സംസ്ഥാന ഗവൺമെന്റ് 20 ശതമാനം സബ്സിഡി നൽകുന്നുണ്ട്. കൂടാതെ കേന്ദ്ര ഗവൺമെന്റ് പത്തുശതമാനം സബ്സിഡികൂടി കൂട്ടിയാൽ 30 ശതമാനം സബ്സിഡിയാണ് കുഴിനൂലിന് ലഭിക്കുന്നത്. മാസ്റ്റർ വീവർ എന്നുപറയുന്ന കുഴിത്തറിക്കാർ സൊസൈറ്റിയിൽനിന്ന് നൂൽ കൊണ്ടുവന്ന് വീട്ടിൽവച്ച് നെയ്ത് അത് തുണിയാക്കി വീണ്ടും സൊസൈറ്റിയിൽ ഏൽപ്പിക്കുന്ന കൈത്തറി നെയ്ത്തുകാരൻ പാവപ്പെട്ട നെയ്ത്തുകാരാണ്. ദരിദ്രരായ നെയ്ത്തുകാർക്ക് ആവശ്യമായ, ആകർഷകമായ ഒരു പാക്കേജുണ്ടാക്കി കുഴിത്തറിക്ക് സബ്സിഡി നൽകുവാനാവശ്യമായ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ രീതിയിൽ എന്തെങ്കിലും മാറ്റം വരുത്തിയാൽ ഇൻഡിവിഡുവൽ നെയ്ത്തുകാരുടെ ദുഃസ്ഥിതിക്ക് പരിഹാരമുണ്ടാകുമെങ്കിൽ ആന്ധ്രാപ്രദേശിലെ മോഡൽ പരിശോധിക്കുന്നതിന് ഗവൺമെന്റിന് വിരോധമില്ല. ഈ രംഗത്ത് വീവേഴ്സ് വളരെ കുറവാണ്. മറ്റ് മേഖലയിലൊക്കെ കിട്ടുന്ന വരുമാനംപോലും പരമ്പരാഗത വീവിംഗ് തൊഴിലാളികൾക്ക് ഈ മേഖലയിൽ കിട്ടുന്നില്ല. അതിന് കുറേ പദ്ധതികളുണ്ട്. മെച്ചപ്പെട്ട എന്തെങ്കിലും പദ്ധതി ഏതെങ്കിലും സംസ്ഥാനത്ത് നടപ്പിലാക്കി ഉദാഹരണസഹിതമുണ്ടെങ്കിൽ പരിശോധിക്കാൻ ഗവൺമെന്റ് തയ്യാറാണ്.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, കൈത്തറി വ്യവസായത്തിന്റെ സമുദ്ധാരണത്തിന് നിലവിലുള്ള റിവൈവൽ പാക്കേജൊന്നും വേണ്ടത്ര ഫലപ്രദമല്ല. അതുകൊണ്ട് അസംസ്കൃത വസ്തുക്കളുടെ സമാഹരണം, ഉല്പാദനം, മാർക്കറ്റിംഗ്, തൊഴിലാളി താല്പര്യം, സർക്കാരിന്റെ താല്പര്യം, വ്യവസായത്തിന്റെ താല്പര്യം ഇതെല്ലാം ഉൾപ്പെടുത്തി സമഗ്രമായ ഒരു പാക്കേജ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ഈ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, പാക്കേജുകളുടെ കുറവല്ല കാരണം. കേന്ദ്രഗവൺമെന്റിന്റെ റിവൈവൽ പാക്കേജിനെപ്പറ്റി പറഞ്ഞു. അതിലുള്ള ഒരു കണ്ടീഷൻ അഞ്ചു കൊല്ലത്തിലൊരിക്കൽ ഒരു കൊല്ലമെങ്കിലും ലാഭത്തിൽ പ്രവർത്തിച്ചിരിക്കണം, അക്കൗണ്ട് പൂർത്തിയാക്കണം എന്നുള്ളതാണ്. അത്തരത്തിലുള്ള കണ്ടീഷനുകൾ വരുമ്പോൾ നമ്മുടെ സൊസൈറ്റികൾക്ക് അത് പാലിക്കാൻ കഴിയുന്നില്ല. നിരവധി പാക്കേജുകളുണ്ട്. ഓരോ കൊല്ലവും ബഡ്ജറ്റ് വരുമ്പോൾ പുതിയ പാക്കേജുകളും ആനുകൂല്യങ്ങളും ഈ മേഖലയ്ക്ക് പ്രഖ്യാപിക്കുന്നുണ്ട്. ഏത് നല്ല നിർദ്ദേശവും പരിഗണിക്കുന്നതിന് ഗവൺമെന്റിന് വിരോധമില്ല.

ശ്രീമതി പി. അയിഷാ പോറ്റി : സർ, കൈത്തറി മേഖലയെ രക്ഷിക്കുന്നതിനു വേണ്ടിയുള്ള ഒട്ടേറെ ചോദ്യങ്ങളാണ് ഇവിടെ വന്നത്. ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി കേട്ടപ്പോൾ ഞങ്ങൾക്ക് വലിയ പ്രതീക്ഷ ഉണ്ടായില്ല. കൈത്തറി മേഖലയെ അങ്ങേയറ്റം മെച്ചപ്പെടുത്തുന്ന തരത്തിൽ ഏറ്റവും ലേറ്റസ്റ്റ് ഡിസൈനുകളിൽ സാരിയും മുണ്ടും വേഷ്ടിയും അതുപോലെ യൂണിഫോമുകളും ഉൾപ്പെടെ ഉല്പാദിപ്പിക്കുവാനും കൈത്തറി സംഘങ്ങൾ ഏറ്റെടുക്കുന്ന പ്രവർത്തനങ്ങളെ സഹായിക്കുന്നതിനും ഏറ്റവും ലേറ്റസ്റ്റ് ഡിസൈൻ കൊടുക്കുന്നതിനും പരിശീലനം നല്കുന്നതിനും ആവശ്യമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുമോ ; അതുപോലെ വിപണനം നടത്തുന്നതിനാവശ്യമായ സഹായങ്ങൾകൂടി ചെയ്യുവാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, ബഹുമാനപ്പെട്ട അംഗത്തിന് തെറ്റിദ്ധാരണ വേണ്ട, എനിക്ക് വളരെയധികം ഓപ്റ്റിമിസം തന്നെയാണുള്ളത്. വർത്തമാനം പറഞ്ഞതുകൊണ്ട് നടക്കില്ലല്ലോ എന്നുള്ള പ്രശ്നം പറഞ്ഞു എന്ന് മാത്രമേയുള്ളൂ. സഹകരണ സംഘങ്ങൾ, വ്യക്തികൾ അതുപോലെ വ്യക്തികളുടെ കൂട്ടായ്മകൾ രംഗത്തുവന്നാൽ അവർക്ക് പ്രോത്സാഹനം കൊടുക്കുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ പദ്ധതികളുണ്ട്. അതുപോലെ ഒരു നിശ്ചിത വരുമാനത്തിൽ കൂടുതൽ വരുമാനമുണ്ടാക്കുന്നതിനുള്ള പദ്ധതികളുണ്ട്. റിവൈവൽ പാക്കേജിലേക്ക് കൂടുതൽപേരെ കൊണ്ടുവരാനുള്ള പദ്ധതികളുണ്ട്. ഹാൻടെക്സ്, ഹാൻവീവ് എന്നീ സ്ഥാപനങ്ങളെ കടത്തിൽ നിന്ന് രക്ഷിക്കാനുള്ള പദ്ധതികളുണ്ട്. നേരത്തെ പറഞ്ഞതുപോലെ നമ്മുടെ കൈത്തറിത്തുണികൾക്ക് ഡിമാന്റ് വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. ആളുകൾ ഇഷ്ടപ്പെടുന്നുണ്ട്. പക്ഷേ എന്തുകൊണ്ടോ ഡിമാന്റിന് അനുസരിച്ച് ഉയരാൻ ഉല്പാദനമേഖലകൾക്കും മറ്റും സാധിക്കുന്നില്ല എന്നുള്ളതാണ് പ്രശ്നം. പക്ഷേ, വിട്ടുകൊടുക്കുന്ന പ്രശ്നമില്ല, വളരെ ഗൗരവമായി എടുത്ത് ശുഭാപ്തി വിശ്വാസത്തോടെ മുന്നോട്ടുപോകും.

മി. സ്പീക്കർ : സമാന സ്വഭാവമുള്ളതായതിനാൽ ചോദ്യം നമ്പർ *34-ഉം *59-ഉം ക്ലബ്ബ് ചെയ്യാവുന്നതാണ്.

**കേന്ദ്ര ബഡ്ജറ്റും സംസ്ഥാന ആവശ്യങ്ങളും**

4 (*34). ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ബഡ്ജറ്റിന് മുന്നോടിയായി കേന്ദ്രം വിളിച്ചുചേർത്ത ധനകാര്യ മന്ത്രിമാരുടെ യോഗത്തിൽ സംസ്ഥാനം ആവശ്യപ്പെട്ട എന്തെല്ലാം കാര്യങ്ങൾ 2013-14-ലെ കേന്ദ്ര ബഡ്ജറ്റിൽ പരിഗണിക്കപ്പെടുകയുണ്ടായി; വിശദമാക്കാമോ ;

(ബി) കേരളത്തിന്റെ സമഗ്ര വികസനത്തിനായി മുന്നോട്ടുവച്ച ആവശ്യങ്ങൾ എത്രയായിരുന്നു; അവ ഏതൊക്കെ; അവയിൽ എത്രയെണ്ണം പൂർണ്ണമായി പരിഗണിക്കപ്പെടുകയുണ്ടായി; വിശദമാക്കാമോ ;

(സി) കേന്ദ്ര ബഡ്ജറ്റിലൂടെ സംസ്ഥാനത്തിനുണ്ടായ നേട്ടങ്ങൾ മറ്റെന്തൊക്കെയാണെന്ന് വിശദമാക്കാമോ ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ,

(എ&ബി) കേരളത്തിന്റെ സമഗ്ര വികസനത്തിന് ഉതകുംവിധം വിവിധ മേഖലകളിലായി ഇരുപത്തിനാലോളം ആവശ്യങ്ങൾ ഉന്നയിച്ചിരുന്നു. ലഭ്യമായ വിവരങ്ങൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾ ഭാഗികമായി പരിഗണിക്കപ്പെട്ടതായി മനസ്സിലാക്കാം :

1. തെങ്ങിന്റെ പുനർകൃഷിയും തെങ്ങിൻതോട്ടങ്ങളുടെ പുനരുദ്ധാരണ പദ്ധതിയും കേരള സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുവാൻ ആവശ്യപ്പെട്ടതനുസരിച്ച് 75 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2. ചരക്ക്-സേവന നികുതി സമ്പ്രദായം നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് മറ്റു സംസ്ഥാനങ്ങളോടൊപ്പം കേരളവും ആവശ്യപ്പെട്ടതനുസരിച്ച് ജി. എസ്. ടി. നടപ്പിലാക്കുന്നതിനുമുന്നോടിയായിട്ടുള്ള ഭരണഘടനാ ഭേദഗതിയും കേന്ദ്ര വില്പന നികുതിയിലുണ്ടായിട്ടുള്ള വരുമാനനഷ്ടം പരിഹരിക്കുന്നതിനുള്ള പദ്ധതിയും എത്രയും പെട്ടെന്ന് തുടങ്ങി വയ്ക്കുന്നതായിരിക്കും എന്ന സൂചന ബഡ്ജറ്റ് പ്രസംഗത്തിൽ വ്യക്തമാണ്.

3. ആരോഗ്യ സംരക്ഷണ മേഖലയിൽ കേരളത്തിന്റെ സ്വന്തമായ ആയുർവേദത്തിന് പ്രാധാന്യം കൊടുക്കണമെന്ന ആവശ്യം പരിഗണിച്ച് ആയുർവേദത്തെ ദേശീയ ആരോഗ്യമിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ് എന്ന പ്രഖ്യാപനം ബജറ്റ് പ്രസംഗം മുഖേന നടത്തിയിട്ടുണ്ട്.

4. കേന്ദ്ര സഹായ പദ്ധതികൾ നടപ്പിലാക്കി എടുക്കുവാൻ നിലവിലുള്ള മാനദണ്ഡങ്ങളിൽ മാറ്റങ്ങൾ വരുത്തണമെന്ന ആവശ്യത്തിന്മേൽ പ്രസ്തുത കേന്ദ്ര ധനസഹായ പദ്ധതികളുടെ നടത്തിപ്പിൽ ആവശ്യമായ പുനഃക്രമീകരണങ്ങൾ നടത്തുമെന്ന് വാഗ്ദാനം ചെയ്തിട്ടുണ്ട്.

5. കൂടാതെ കാർഷിക മേഖലയിൽ കൂടുതൽ ഫണ്ട് അനുവദിക്കലും ചെറുകിട വ്യവസായ മേഖലയിൽ കൂടുതൽ പ്രോത്സാഹനങ്ങളും സമാന്തര ഊർജ്ജ മേഖലയിൽ കൂടുതൽ കേന്ദ്ര ധനസഹായം. മാലിന്യ നിർമ്മാർജ്ജനത്തിന് പ്രത്യേക ധനസഹായ പദ്ധതി, മുതിർന്ന പൗരൻമാർക്ക് പ്രത്യേക ആരോഗ്യ സംരക്ഷണ പദ്ധതി, ഗ്രാമീണ ആരോഗ്യ മേഖലയിൽ കൂടുതൽ ധനസഹായം. ശാസ്ത്ര സാങ്കേതിക മേഖലയിൽ കൂടുതൽ ധനസഹായം, SSA/MDM വിദ്യാഭ്യാസ പദ്ധതികൾക്ക് കൂടുതൽ ധനസഹായം..........

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഒരു മിനിട്ട്, ശ്രീ. കെ. അച്ചുതൻ, സംസാരത്തിന്റെ കാര്യങ്ങളാണ് ചോദ്യത്തിനിടയിലൂടെ വരുന്നത്. ദയവുചെയ്ത് സംസാരിക്കരുത്. എല്ലാവരും അതാത് സീറ്റിലിരുന്നാൽ മതി. ഞാൻ എപ്പോഴും പറയുകയില്ല, ദയവു ചെയ്ത് അങ്ങനെ ഇരിക്കാൻ കഴിയാത്തവർ ഹാളിൽ നിന്ന് പുറത്തുപോകണം. എത്ര വലിയ ആളാണെങ്കിലും ചെറിയ ആളാണെങ്കിലും ശരി. നിങ്ങളും അവിടെ കൂടിനിൽക്കാറുണ്ട്. അത് ശരിയല്ല. മറ്റൊരുകാര്യം. ബഹുമാനപ്പെട്ട മന്ത്രിമാർ ഇതിനെ പ്രോത്സാഹിപ്പിക്കരുത്, ധനകാര്യ വകുപ്പുമന്ത്രി മറുപടി പറയുമ്പോൾ പുറകെ സംസാരം നടന്നാൽ അദ്ദേഹം എങ്ങനെ മറുപടി പറയും.. എപ്പോഴും പറയുന്നത് ചെയറിന്റെ ദൗർബല്യമല്ല. ഇത് ശരിയല്ല. ഓരോരുത്തരുടേയും പേര് പറഞ്ഞ് ഇങ്ങനെ വിളിക്കേണ്ടിവരുന്നത് ശരിയല്ല. അത് ബഹുമാനപ്പെട്ട അംഗങ്ങൾ അറിയട്ടെ എന്നു കരുതിയാണ്. ബഹുമാനപ്പെട്ട മിനിസ്റ്റർ.....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി : സർ, .....വനിത നിർഭയ ഫണ്ടിൽ 1000 കോടി രൂപ, നൈപുണ്യ വികസനത്തിന് യുവാക്കൾക്ക് 1000 കോടി രൂപ, ദരിദ്രമേഖലയ്ക്ക് നേരിട്ട് ആനുകൂല്യങ്ങൾ എന്നിങ്ങനെയുള്ള പദ്ധതികൾ ആവശ്യപ്പെട്ടതല്ലെങ്കിലും കേരളത്തിന് പ്രയോജനപ്പെടുത്താവുന്നതാണ്.

(സി) കേരളത്തിലെ ഇടുക്കിയിലും കുട്ടനാട്ടിലും അത്യുല്പാദനശേഷിയുള്ള കന്നുകാലി വളർത്തലിനും കാലിത്തീറ്റയ്ക്കുമായി 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 1986-ൽ നിലവിൽ വന്ന മഹിളാസമാഖ്യം പ്രോഗ്രാം അനുസരിച്ച് ഗ്രാമപ്രദേശങ്ങളിൽ സ്ത്രീജനങ്ങളുടെ വിദ്യാഭ്യാസത്തിനും സ്ത്രീ ശാക്തീകരണത്തിനുംവേണ്ടി കേരള സംസ്ഥാനത്തിനുംകൂടി പ്രയോജനം വരുന്ന രീതിയിൽ രണ്ടുകോടി രൂപ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ലോകബാങ്കിന്റെ ധനസഹായത്തോടുകൂടി കേരളം, മദ്ധ്യപ്രദേശ്, ഒറീസ്സ, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിലെ 223 ഡാമുകളുടെ പുനർനിർമ്മാണത്തിനും നവീകരണത്തിനുമായി 2013-14 സാമ്പത്തിക വർഷത്തേക്ക് മാത്രം 28.88 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പ്രോഗ്രാം വിഭാവന ചെയ്തിരിക്കുന്നത് 6 വർഷത്തേക്കാണ്. കൂടാതെ കൊച്ചി മെട്രോ പദ്ധതിക്കായി 130 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## കേന്ദ്ര ബഡ്ജറ്റിൽ പരിഗണിച്ച ആവശ്യങ്ങൾ

5 (*59) ഡോ. കെ. ടി. ജലീൽ :
ശ്രീ. എം. എ. ബേബി :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീമതി കെ. കെ. ലതിക : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രധനമന്ത്രി കേന്ദ്ര ബഡ്ജറ്റിന് മുന്നോടിയായി വിളിച്ചുചേർത്ത സംസ്ഥാന ധനകാര്യ വകുപ്പുമന്ത്രിമാരുടെ യോഗത്തിൽ സംസ്ഥാനത്തിന്റെ ഏതെല്ലാം ആവശ്യങ്ങൾ മുന്നോട്ടുവച്ചിരുന്നു; വിശദമാക്കുമോ ;

(ബി) ഇവയിൽ ഏതെല്ലാം ആവശ്യങ്ങൾ അംഗീകരിക്കപ്പെടുകയുണ്ടായി ;

(സി) സംസ്ഥാനം പരിഗണിച്ചുവരുന്ന മെഗാപദ്ധതികൾ ഓരോന്നിനും ആവശ്യമായിവരുന്ന മൊത്തം ചെലവും കേന്ദ്ര ബഡ്ജറ്റിൽ അനുവദിക്കപ്പെട്ട തുകയും വിശദമാക്കുമോ ;

(ഡി) 2013-14 കേന്ദ്ര ബഡ്ജറ്റിലൂടെ സംസ്ഥാനം ആവശ്യപ്പെട്ട കേന്ദ്ര സഹായം എത്ര കോടി രൂപയുടേതായിരുന്നു; എന്നാൽ യഥാർത്ഥത്തിൽ പരിഗണിക്കപ്പെട്ടിരിക്കുന്നത് എത്ര കോടി രൂപയുടേതാണെന്ന് വ്യക്തമാക്കുമോ ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ,

(എ&ബി) കേന്ദ്ര ബജറ്റിന് മുന്നോടിയായി കേന്ദ്രം വിളിച്ചുചേർത്ത ധനകാര്യ വകുപ്പുമന്ത്രിമാരുടെ യോഗത്തിൽ സംസ്ഥാനം പതിനഞ്ച് മേഖലകളിലായി ഇരുപത്തിനാലോളം ശുപാർശകൾ സമർപ്പിച്ചു. പ്രധാനമായും കൃഷി, ആരോഗ്യം, അടിസ്ഥാന സൗകര്യവികസനം, സാങ്കേതിക വിദ്യാഭ്യാസം, ടൂറിസം, ആഗോള സാമ്പത്തികമാന്ദ്യം, ചരക്ക് സേവന നികുതി എന്നീ മേഖലകളിലാണ് പദ്ധതി നിർദ്ദേശങ്ങൾ ഉന്നയിച്ചത്. കേന്ദ്ര സർക്കാർ പരിഗണിച്ച ആവശ്യങ്ങളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു :

1. തെങ്ങിന്റെ പുനർകൃഷിയും തെങ്ങിൻതോട്ടങ്ങളുടെ പുനരുദ്ധാരണ പദ്ധതിയും കേരള സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുവാൻ ആവശ്യപ്പെട്ടതനുസരിച്ച് 75 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

2. ചരക്ക്-സേവന നികുതി സമ്പ്രദായം നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് മറ്റു സംസ്ഥാനങ്ങളോടൊപ്പം കേരളവും ആവശ്യപ്പെട്ടതനുസരിച്ച് ജിഎസ്ടി നടപ്പിലാക്കുന്നതിനു മുന്നോടിയായിട്ടുള്ള ഭരണഘടനാ ഭേദഗതിയും കേന്ദ്ര വില്പന നികുതിയിലുണ്ടായിട്ടുള്ള വരുമാന നഷ്ടം പരിഹരിക്കുന്നതിനുള്ള പദ്ധതിയും എത്രയും പെട്ടെന്ന് തുടങ്ങി വയ്ക്കുന്നതായിരിക്കും എന്ന സൂചന ബഡ്ജറ്റ് പ്രസംഗത്തിൽ വ്യക്തമാണ്.

3. ആരോഗ്യ സംരക്ഷണ മേഖലയിൽ കേരളത്തിന്റെ സ്വന്തമായ ആയുർവേദത്തിന് പ്രാധാന്യം കൊടുക്കണമെന്ന ആവശ്യം പരിഗണിച്ച് ആയുർവേദത്തെ ദേശീയ ആരോഗ്യമിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ് എന്ന പ്രഖ്യാപനം ബഡ്ജറ്റ് പ്രസംഗം മുഖേന നടത്തിയിട്ടുണ്ട്.

4. കേന്ദ്ര സഹായ പദ്ധതികൾ നടപ്പിലാക്കി എടുക്കുവാൻ നിലവിലുള്ള മാനദണ്ഡങ്ങളിൽ മാറ്റങ്ങൾ വരുത്തണമെന്ന ആവശ്യത്തിന്മേൽ പ്രസ്തുത കേന്ദ്ര ധനസഹായ പദ്ധതികളുടെ നടത്തിപ്പിൽ ആവശ്യമായ പുനഃക്രമീകരണങ്ങൾ നടത്തുമെന്ന് വാഗ്ദാനം ചെയ്തിട്ടുണ്ട്.

(സി) നിലവിൽ സംസ്ഥാനം പരിഗണിച്ചുവരുന്ന മെഗാ പദ്ധതികളായ കൊച്ചി മെട്രോയ്ക്ക് 5181.79 കോടി രൂപയും വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന്റെ ഒന്നാംഘട്ടമായി 4010 കോടി രൂപയും കണ്ണൂർ വിമാനത്താവള നിർമ്മാണത്തിന് 1512 കോടി രൂപയുമാണ് ചെലവു പ്രതീക്ഷിക്കുന്നത്. ഇവയിൽ കൊച്ചി മെട്രോ പദ്ധതിക്ക് വിവിധയിനങ്ങളിലായി 130 കോടി രൂപ കേന്ദ്ര ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനങ്ങൾ മുഖാന്തിരം നടപ്പാക്കുന്ന വിവിധ കേന്ദ്ര പദ്ധതികളുടെ അടങ്കൽ കേന്ദ്ര ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയും പിന്നീട് സംസ്ഥാനങ്ങൾ തയ്യാറാക്കി സമർപ്പിക്കുന്ന കർമ്മ പദ്ധതിയുടെ പ്രായോഗികത പരിശോധിച്ച് അംഗീകാരം നൽകുകയും ചെയ്യുന്ന രീതിയാണ് നിലവിലുള്ളത്. സംസ്ഥാന പദ്ധതികൾക്കുള്ള കേന്ദ്ര സഹായം, പ്ലാനിംഗ് കമ്മീഷൻ അംഗീകരിച്ച് ലഭിക്കുന്ന മുറയ്ക്ക് സംസ്ഥാനം അയച്ചു നൽകുന്ന കർമ്മ പദ്ധതി, ചെലവ്, വിനിയോഗ സാക്ഷ്യപത്രം എന്നിവയുടെ അടിസ്ഥാനത്തിലാണ് ലഭ്യമാക്കുന്നത്. കേന്ദ്ര എസ്റ്റിമേറ്റിൽ എല്ലാ സംസ്ഥാനങ്ങൾക്കും മൊത്തമായുള്ള തുകയാണ് ഉൾക്കൊള്ളിക്കുന്നത്.

ശ്രീ. പി. കെ. ഗുരുദാസൻ: സർ, കഴിഞ്ഞ മാസം 6-ാം തീയതി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നിയമസഭയിൽ വച്ച ഒരു മറുപടിയിൽ അദ്ദേഹം ഡൽഹിയിൽ പോയപ്പോൾ ആവശ്യപ്പെട്ട കാര്യങ്ങൾ വിശദീകരിച്ചിട്ടുണ്ട്. അതിൽ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, അന്താരാഷ്ട്ര ആയുർവേദ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് അതുപോലെ കൽക്കരി ഉപയോഗിച്ചുകൊണ്ടുള്ള ഊർജ്ജ ഉല്പാദനം, വിഴിഞ്ഞം തുറമുഖത്തിന് ആവശ്യമായിട്ടുള്ള സമ്പത്ത്. പാമോയിൽ ഇറക്കുമതിക്ക് ഉയർന്ന സബ്സിഡി, പരമ്പരാഗത കയറ്റുമതി ഉല്പന്നങ്ങൾക്ക് പ്രോത്സാഹന ഇൻസെന്റീവ്, പരമ്പരാഗത കയറ്റുമതി ഉല്പന്നങ്ങളെന്നു പറയുമ്പോൾ മത്സ്യം, കശുവണ്ടി, കയർ, കൈത്തറി തുടങ്ങിയ നിരവധി കാര്യങ്ങളുണ്ട്, അതിലെല്ലാം പതിനായിരക്കണക്കിന് കോടി രൂപയുടെ എക്സ്ചെക്കറിന് നമുക്ക് വരുമാനം കിട്ടുന്നതാണ്. ഇതിനെല്ലാം ഇൻസെന്റീവ് നൽകണം. ഇങ്ങനെയുള്ള നിരവധി കാര്യങ്ങൾ ബഹുമാനപ്പെട്ട സംസ്ഥാന ധനകാര്യ വകുപ്പുമന്ത്രി കേന്ദ്ര ധനകാര്യമന്ത്രി വിളിച്ചുകൂട്ടിയ യോഗത്തിൽ ഉന്നയിച്ചിരുന്നു. ഇതിൽ ഏതെങ്കിലും ഒരു ആനുകൂല്യം കേരളത്തിന് ലഭ്യമായിട്ടുണ്ടോ; കാർഷികമേഖലയിൽനിന്ന് ജനങ്ങൾ മറ്റു മേഖലകളിലേക്ക് പോകണമെന്ന് എൻ.ഡി.സി. മീറ്റിംഗിൽ പ്രധാനമന്ത്രി മുഖ്യമന്ത്രിമാർക്ക് ഉപദേശം നൽകിയ കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് അറിയാമോ; ഇപ്രകാരമുള്ള ഒരു സമീപനം സ്വീകരിക്കുന്ന കേന്ദ്ര ഗവൺമെന്റിനോട് കേരളാ കോൺഗ്രസ്സിന്റെയും മാണി സാറിന്റെയും നിലപാടെന്ത് എന്ന് വ്യക്തമാക്കുമോ ?

ശ്രീ. കെ. എം. മാണി: സർ, ഹരിത കേരളത്തെക്കുറിച്ചാണ് നമ്മൾ എപ്പോഴും പറയുന്നത്. കാർഷിക മേഖലയിലുള്ള കൃഷിക്കാർക്ക് ആത്മവിശ്വാസത്തോടുകൂടി മണ്ണിൽ പണിയെടുക്കാനും അതിൽ ഉറച്ചുനിൽക്കാനുമുള്ള എൻകറേജ്മെന്റായിരിക്കും ഈ ഗവൺമെന്റ് കൊടുക്കുന്നത്. അതിൽ യാതൊരു സംശയവും വേണ്ട. 24 പദ്ധതികൾ ആവശ്യപ്പെട്ടപ്പോൾ ഒട്ടുമുക്കാലും അനുവദിച്ചു. ചോദിക്കാത്തതും അനുവദിച്ചു. പക്ഷേ. ചില കാര്യങ്ങൾ അനുവദിച്ചിട്ടില്ല. അങ്ങനെ ചോദിക്കുന്നത് നൂറു ശതമാനവും ലഭിക്കുമോ; ചോദിക്കാത്തതുവരെ തന്നു, ചോദിച്ചതിൽ ചിലത് തരാനുണ്ട്, അത്രമാത്രമേയുള്ളൂ. ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, ഇന്റർനാഷണൽ ആയുർവേദിക് റിസർച്ച് സെന്റർ, റിമൂവൽ ഓഫ് ലക്ഷ്വറി എന്റർടെയിൻമെന്റ് ബെറ്റിംഗ് ആന്റ് ഗാംബ്ലിംഗ് ഫ്രം സർവ്വീസ് ടാക്സ് എന്നിവയൊക്കെ നമ്മൾ ആവശ്യപ്പെട്ടു, അതിനൊന്നും ഒരു കമ്മിറ്റ്മെന്റ് ഇതുവരെ കിട്ടിയില്ല, നോ എന്ന് പറഞ്ഞിട്ടുമില്ല. നമുക്കത് പ്രസ് ചെയ്യാം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. ഗുരുദാസൻ : സർ, ആർ.എസ്.ബി.വൈ. പദ്ധതിയിൽ പുതിയ വിഭാഗങ്ങളെ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ ; യഥാർത്ഥത്തിൽ നമ്മുടെ രാജ്യത്ത് ആകപ്പാടെ മൂന്ന് കോടി ആളുകൾ മാത്രമാണ് ആർ.എസ്.ബി.വൈ.-യിൽ ഉൾപ്പെട്ടിട്ടുള്ളത്, കേരളത്തിൽ അത് 35 ലക്ഷമാണ്. അപ്രകാരമുള്ള ആർഎസ്ബിവൈ-യിൽ ഏതൊക്കെ വിഭാഗത്തെ ഉൾപ്പെടുത്തണമെന്നാണ് സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടത് ; ആർ.എസ്.ബി.വൈ.-യുടെ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്ന നടപടികളെ സംബന്ധിച്ച് അങ്ങേക്ക് എന്തെങ്കിലും ധാരണയുണ്ടോ എന്ന് വിശദീകരിക്കാമോ ?

ശ്രീ. കെ. എം. മാണി : സർ, അതിൽ കൂടുതൽ വിഭാഗങ്ങളെ ഉൾപ്പെടുത്തണമെന്ന് കേരള ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. വി. ചെന്താമരാക്ഷൻ : സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കേന്ദ്ര ഗവൺമെന്റിന് മുമ്പിൽ സമർപ്പിച്ച പദ്ധതികളെ സംബന്ധിച്ച് വളരെ വിശദമായി പ്രതിപാദിക്കുകയുണ്ടായി. കേരളവും കേന്ദ്രവും ഒരേ കക്ഷി ഭരിക്കുന്നതുകൊണ്ട് കേരളത്തിന്റെ എല്ലാ പ്രശ്നവും സമ്പൂർണ്ണമായി പരിഹരിക്കപ്പെടുമെന്ന പ്രചരണം ഇവിടെ ശക്തമായിരുന്നു. പക്ഷേ കേന്ദ്ര ബഡ്ജറ്റ് വന്നപ്പോൾ മനസ്സിലാകുന്നത് ഇത്രയേറെ അവഗണന ഇതിനു മുമ്പ് ഒരിക്കലും ഉണ്ടായിട്ടില്ല എന്നാണ്. എട്ടു കേന്ദ്ര മന്ത്രിമാരുണ്ടായിട്ടും കേരളത്തിന് അർഹതപ്പെട്ടത് കിട്ടിയിട്ടില്ല. അതിനെ സംബന്ധിച്ച് വ്യക്തമാക്കാമോ ?

ശ്രീ. കെ. എം. മാണി : സർ, എല്ലാ പ്രശ്നങ്ങളും പരിഹരിക്കുമെന്ന് ആരും പറഞ്ഞിട്ടില്ല. സബ്സ്റ്റാൻഷ്യലായി കേരളത്തെ സംബന്ധിച്ചിടത്തോളം പരിഹാരമുണ്ടാക്കുമെന്നാണ് പറഞ്ഞിട്ടുള്ളത്. പ്രത്യേകിച്ച് പാവപ്പെട്ട വിഭാഗങ്ങളുടെ കാര്യത്തിൽ ശ്രദ്ധ ചെലുത്തുന്നതാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### വ്യവസായ അടിസ്ഥാന സൗകര്യ വികസനം

6 (*35) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. കെ. മുരളീധരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ വ്യവസായ അടിസ്ഥാനസൗകര്യ വികസനത്തിനായി എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) ഇതിനുള്ള പങ്കാളിത്തത്തിൽ ഏത് മാതൃകയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം ഏജൻസികളെയാണ് ഇതിനായി പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ;

(ഡി) ഇതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട് ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) സംസ്ഥാനത്തെ വ്യാവസായിക വികസനം ത്വരിതപ്പെടുത്തുന്നതിനും കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനുമായി വ്യാവസായിക അടിസ്ഥാന പശ്ചാത്തല സൗകര്യം വികസിപ്പിക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ, കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കേരള ചെറുകിട വ്യവസായ വികസന കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ മുഖേന വ്യാവസായിക അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സ്വകാര്യ മേഖലയിൽനിന്നും ധനം സമാഹരിച്ച് അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനായി ഇൻകെലും നടപടികൾ സ്വീകരിക്കുന്നുണ്ട്. കിൻഫ്രയുടെ ഇപ്പോൾ നിലവിലുള്ള പാർക്കുകൾക്കു പുറമേ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ വ്യവസായ വാണിജ്യ മേഖലകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ തുറമുഖങ്ങളുടെയും വിമാനത്താവളങ്ങളുടെയും വികസന സാധ്യതകൾ മുന്നിൽ കണ്ടുകൊണ്ടാണ് ഇവയെ ബന്ധപ്പെടുത്തി വ്യവസായ വാണിജ്യ മേഖലകൾക്കാവശ്യമായ അടിസ്ഥാന സൗകര്യം ഏർപ്പെടുത്തുന്നത്.

കെ.എസ്.ഐ.ഡി.സി. നിലവിലുള്ള വ്യവസായ വളർച്ചാ കേന്ദ്രങ്ങൾക്കു പുറമേ കുറ്റ്യാടിയിൽ നാളികേര പാർക്കിനുവേണ്ടിയും ആമ്പല്ലൂരിൽ ഇലക്ട്രോണിക് പാർക്കിനുവേണ്ടിയും തിരുവനന്തപുരത്ത് ലൈഫ് സയൻസ് പാർക്കിനു വേണ്ടിയും അടിസ്ഥാന സൗകര്യവികസനത്തിനുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. കൂടാതെ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, പാലക്കാട് എന്നീ ജില്ലകൾ കേന്ദ്രീകരിച്ച് കൊച്ചി-പാലക്കാട് നാഷണൽ മാനുഫാക്ചറിംഗ് സോണും എറണാകുളം ജില്ല കേന്ദ്രീകരിച്ച് പെട്രോകെമിക്കൽ & പെട്രോളിയം സോണും സ്ഥാപിക്കുവാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ, തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, ഇടുക്കി, കണ്ണൂർ എന്നിവിടങ്ങളിൽ കെ.എസ്.ഐ.ഡി.സി. ഇന്റഗ്രേറ്റഡ് ബിസിനസ് ഹബ്ബുകൾ വികസിപ്പിക്കുന്നതാണ്. അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് ബഹുനില വ്യവസായ എസ്റ്റേറ്റുകൾ നിർമ്മിച്ചു വരുന്നു.

(ബി&സി) കിൻഫ്രയും കെ.എസ്.ഐ.ഡി.സി.-യും അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ സർക്കാർ സഹായത്തോടുകൂടിയാണ് ഏറ്റെടുക്കുന്നത്. കേന്ദ്ര സഹായങ്ങളും പല പദ്ധതികൾക്കും ലഭിക്കുന്നുണ്ട്. എന്നാൽ ചില പദ്ധതികൾ വ്യവസായ വകുപ്പിന്റെ കീഴിലുള്ള കെ.എസ്.ഐ.ഡി.സി., കിൻഫ്ര എന്നീ സ്ഥാപനങ്ങൾ ഇൻകെലുമായി ചേർന്ന് രൂപീകരിക്കുന്ന ജോയിന്റ് വെൻചർ/സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ മുഖേനയുമാണ് നടപ്പിലാക്കുന്നത്. സ്വകാര്യ സംരംഭകരുമായി ചേർന്നും അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികളുടെ ഭൂമി ഏറ്റെടുക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ തയ്യാറാക്കി ബന്ധപ്പെട്ട ജില്ലാ കളക്ടർമാരുടെ പരിഗണനയ്ക്കായി സമർപ്പിച്ചിരിക്കുകയാണ്. ജില്ലാ കളക്ടർമാരുടെ റിപ്പോർട്ടുകൾ ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതാണ്. ചില പദ്ധതികൾക്ക് കേന്ദ്രാനുമതിയും മറ്റ് പാരിസ്ഥിതിക അനുമതിയും ആവശ്യമായതിനാൽ ആയത് ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതാണ്.

**വൈദ്യുതി വിതരണ മേഖലയുടെ സ്വകാര്യവത്ക്കരണം**

**7 (*36)** ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിന്റെ വൈദ്യുതി വിതരണ മേഖല സ്വകാര്യവൽക്കരിക്കാനുള്ള കർമ്മപദ്ധതി തയ്യാറാക്കി സമർപ്പിക്കാൻ കേന്ദ്ര പവർ ഫിനാൻസ് കോർപ്പറേഷൻ ആവശ്യപ്പെട്ടിട്ടുണ്ടോ ; ഇതിന് വൈദ്യുതി ബോർഡ് നൽകിയ മറുപടി വിശദമാക്കുമോ ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) പുനരുദ്ധാരണ പദ്ധതിയിൽ ചേരുന്നതിന് കേരള സർക്കാർ സന്നദ്ധത അറിയിച്ചിട്ടുണ്ടോ ; എങ്കിൽ എന്നായിരുന്നു ; തുടർന്ന് കേന്ദ്ര പവർ ഫിനാൻസ് കോർപ്പറേഷൻ കർമ്മപദ്ധതി തയ്യാറാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടോ ;

(സി) പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായുള്ള ഉപാധികളിൽ ഏതെല്ലാം കാര്യങ്ങളിൽ സർക്കാർ യോജിക്കുകയോ വിയോജിക്കുകയോ ചെയ്യുന്നുണ്ട് ; വിശദമാക്കുമോ ;

(ഡി) വൈദ്യുതി വിതരണം ഭാഗികമായോ പൂർണ്ണമായോ സ്വകാര്യവൽക്കരിക്കാൻ ബോർഡ് സ്വീകരിച്ച നടപടി എന്തെല്ലാമാണ് ;

(ഇ) കേന്ദ്ര പവർ ഫിനാൻസ് കോർപ്പറേഷന് സമർപ്പിച്ചതോ സമർപ്പിക്കാനിരിക്കുന്നതോ ആയ കർമ്മ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) വൈദ്യുതി ബോർഡിന്റെ സാമ്പത്തിക ഭദ്രതയ്ക്കുവേണ്ടി വിതരണ മേഖല സ്വകാര്യവൽക്കരിക്കുന്നതിനുള്ള കർമ്മ പദ്ധതി ആവിഷ്ക്കരിക്കുകയും അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുകയും ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 2013 ഫെബ്രുവരി 13-ാം തീയതി പവർ ഫിനാൻസ് കോർപ്പറേഷൻ ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ അർദ്ധ ഔദ്യോഗിക കത്ത് വൈദ്യുതി ബോർഡ് ചെയർമാന് നല്കിയിട്ടുണ്ട്. പ്രസ്തുത കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.* വൈദ്യുതി ബോർഡ് ഇതിന് മറുപടി നൽകിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളുടെ ഉടമസ്ഥതയിലുള്ള വിതരണ സ്ഥാപനങ്ങളുടെ (State Distribution Companies (DISCOMS) മോശമായ പ്രവർത്തന നിലവാരവും സാമ്പത്തിക പരാധീനതയും ഗണ്യമായ തോതിലുള്ള ബാധ്യതകളും കണക്കിലെടുത്തുകൊണ്ട് വിതരണ കമ്പനികൾക്കായി കേന്ദ്ര സർക്കാരിന്റെ ഊർജ്ജ മന്ത്രാലയം രൂപം നൽകിയ സാമ്പത്തിക പുനഃരുദ്ധാരണ പദ്ധതിയിൽ (Financial Re-structuring Scheme) ചേരുന്നതിന് 31-12-2012 വരെ മാത്രമേ അവസരമുണ്ടായിരുന്നുള്ളൂ. ഇതിനകംതന്നെ വളരെ ഗുരുതരമായ സാമ്പത്തിക സ്ഥിതിയിലുള്ള സംസ്ഥാന വൈദ്യുതി ബോർഡിനെ സംബന്ധിച്ചിടത്തോളം കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സഹായങ്ങൾ വേണ്ടെന്ന് വയ്ക്കാൻ കഴിയാത്ത സാഹചര്യത്തിൽ, മറ്റ് പല സംസ്ഥാനങ്ങളും ചെയ്തിട്ടുള്ളതുപോലെ സ്കീമിൽ ചേരുന്നതിനുള്ള 'തത്വത്തിലുള്ള' സമ്മതം 17-12-2012-ലെ കത്ത് പ്രകാരം സംസ്ഥാനം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. കേന്ദ്ര പവർ ഫിനാൻസ് കോർപ്പറേഷൻ കർമ്മ പദ്ധതി തയ്യാറാക്കാൻ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടിട്ടില്ല. എന്നാൽ സംസ്ഥാനത്തെ വിതരണ മേഖലയിൽ സ്വകാര്യ പങ്കാളിത്തം അനുവദിക്കുന്നതു സംബന്ധിച്ച രൂപരേഖ തയ്യാറാക്കുന്നതിനും സഞ്ചിത സാങ്കേതിക വാണിജ്യ നഷ്ടങ്ങൾ (AT&C Losses) കുറച്ചുകൊണ്ടു വരുന്നതിനും, കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സംസ്ഥാന വിതരണ കമ്പനി സ്വീകരിച്ച നടപടികൾ അവലോകനം ചെയ്തുകൊണ്ടും വിശദാംശങ്ങൾ പവർ ഫിനാൻസ് കോർപ്പറേഷന് നൽകാൻ കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ സെക്രട്ടറി സംസ്ഥാന ഊർജ്ജ വകുപ്പു സെക്രട്ടറിക്ക് അയച്ച 18-2-2012-ലെ അർദ്ധ ഔദ്യോഗിക കത്തിൽ അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) വൈദ്യുതി ബോർഡിന്റെ സാമ്പത്തിക പുനരുദ്ധാരണ സ്കീമിൽ സംസ്ഥാനം ചേരുന്നതും, ആയത് സംസ്ഥാന വിതരണ സ്ഥാപനമായ വൈദ്യുതി ബോർഡിൽ നടപ്പിലാക്കുന്നതും സംബന്ധിച്ച വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും 19-2-2013-ൽ ചേർന്ന മന്ത്രിസഭാ യോഗം സാമ്പത്തിക പുനരുദ്ധാരണ പദ്ധതിയിൽ സംസ്ഥാന സർക്കാരും ചേരുന്നതാണ് എന്നും സ്വകാര്യ ഫ്രാഞ്ചൈസിയും പൊതു സ്വകാര്യ മേഖലാ പങ്കാളിത്തവും (Public-Private-Participation) ഉണ്ടായിരിക്കുന്നതല്ല എന്ന് കേന്ദ്ര സർക്കാരിനോട് വ്യക്തമാക്കേണ്ടതാണ് എന്നും തീരുമാനിക്കുകയുണ്ടായി. തദനുസരണം സംസ്ഥാന സർക്കാരിന്റെ നിലപാട് വ്യക്തമാക്കിക്കൊണ്ട് കേന്ദ്ര സർക്കാരിന് 27-2-2013-ൽ കത്ത് നൽകിയിട്ടുണ്ട്.

(ഡി) വൈദ്യുതി വിതരണം സ്വകാര്യവൽക്കരിക്കാൻ ബോർഡ് ഒരു നടപടിയും എടുത്തിട്ടില്ല.

(ഇ) കർമ്മ പദ്ധതി തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

## കൊച്ചി മെട്രോ

8 (*37) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. അൻവർ സാദത്ത് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി മെട്രോ റെയിൽവേ പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള തുക എങ്ങനെ കണ്ടെത്താനാണ് തീരുമാനിച്ചിട്ടുള്ളത് ;

(സി) പദ്ധതിയുടെ അന്തിമ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) റെയിൽ പാതയുടെ അലൈൻമെന്റ്, സ്റ്റേഷനുകൾ, പാർക്കിംഗ് സൗകര്യങ്ങൾ എന്നിവയെ കുറിച്ച് തീരുമാനമെടുത്തിട്ടുണ്ടോ ;

(ഇ) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന്റെ ചുമതല ആർക്കാണ് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) കൊച്ചി മെട്രോ പദ്ധതി നടത്തിപ്പിനായി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് എന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചു. കൊച്ചി മെട്രോ റെയിൽ പദ്ധതിക്ക് 2012 ജൂലായ് 12-ാം തീയതി കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചു. ഇതേത്തുടർന്ന് സെപ്റ്റംബർ 11-ന് കേന്ദ്ര-കേരള സർക്കാരുകളുടെ തുല്യ പ്രാതിനിധ്യത്തോടെ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡ് പുനഃസംഘടിപ്പിച്ചു. പദ്ധതിക്കാവശ്യമായ സ്ഥലമേറ്റെടുപ്പ് നടപടികൾ ത്വരിതപ്പെടുത്തിവരുന്നു. കൊച്ചി മെട്രോയ്ക്കുവേണ്ടി നാലു ഘട്ടമായാണ് സ്ഥലമേറ്റെടുക്കുന്നത്. ആദ്യഘട്ടത്തിൽ മുട്ടത്തെ മെട്രോ യാർഡിനുള്ള സ്ഥലവും രണ്ടാം ഘട്ടത്തിൽ 7 സ്റ്റേഷനുകൾക്കും 3 വയാഡക്ടുകൾക്കുമുള്ള സ്ഥലവും മൂന്നാം ഘട്ടം അടുത്ത 15 സ്റ്റേഷനുകൾക്ക് വേണ്ട സ്ഥലവും നാലാം ഘട്ടത്തിൽ മുട്ടം യാർഡിന്റെയും മെട്രോ വില്ലേജിന്റെയും വികസനത്തിനുവേണ്ടിവരുന്ന അധിക ഭൂമിയുമാണ് ഏറ്റെടുക്കുക. ആദ്യത്തെയും രണ്ടാമത്തേയും ഘട്ടങ്ങളുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു കഴിഞ്ഞു. മറ്റ് രണ്ട് ഘട്ടങ്ങളുടെയും നടപടികൾ പുരോഗമിക്കുന്നു. കൂടാതെ പദ്ധതിയുടെ പാരിസ്ഥിതിക സാമൂഹിക ആഘാത പഠനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആലുവ മുതൽ ഇടപ്പള്ളി വരെയുള്ള ഭാഗത്ത് മെട്രോ റെയിലിന്റെ വയാഡക്ടുകൾ നാഷണൽ ഹൈവേയുടെ മധ്യഭാഗത്ത് കൂടിയാണ് കടന്നുപോകുന്നത്. ഇതിനായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ അനുമതി തേടേണ്ടതുണ്ട്. ഒരു ധാരണാ പത്രം തയ്യാറാക്കുന്നതിന്റെ ഭാഗമായി ദേശീയ പാതയിൽ അളവെടുപ്പ് നടക്കുകയാണ്. മെട്രോ റെയിൽ പദ്ധതിയുടെ മുന്നൊരുക്കങ്ങളുടെ ഭാഗമായ പ്രാരംഭഘട്ട

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനങ്ങൾ നടന്നുവരികയാണ്. രണ്ട് മേൽപ്പാലങ്ങൾ നഗരത്തിലെ പ്രധാന മൂന്ന് പാതകൾ വീതി കൂട്ടൽ, ചെറു റോഡുകളുടെ വികസനം, ടാറിംഗ് എന്നീ പ്രവർത്തനങ്ങളാണ് പ്രാരംഭ ഘട്ടത്തിൽ ഉൾപ്പെടുന്നത്. ഇതിൽ നോർത്ത് മേൽപ്പാലത്തിന്റെ ഇരുവശങ്ങളിലെയും പാലംപണി പൂർത്തിയായി. കൊച്ചി മെട്രോ പദ്ധതി നടത്തിപ്പിന് വായ്പക്കായി സമീപിച്ചിട്ടുള്ള ഏജൻസിയായ ജൈക്കയുടെ നേതൃത്വത്തിൽ ഒരു വിവരശേഖരണ സംഘം കെ.എം.ആർ.എൽ. സന്ദർശിച്ചു. ഇവർ കെ.എം.ആർ.എൽ., ഡി.എം.ആർ.സി. പ്രതിനിധികളുമായി ചർച്ച നടത്തുകയും പദ്ധതി പ്രദേശം സന്ദർശിക്കുകയും ചെയ്തു. സിവിൽ ജോലികൾക്കുള്ള മുഴുവൻ ടെൻഡറുകളും വിളിച്ചു കഴിഞ്ഞു. ആദ്യ ടെൻഡറുകളിലെ കരാർ ഉറപ്പിക്കൽ മാർച്ചിൽ പൂർത്തിയാകും.

(ബി) കേന്ദ്ര സർക്കാരിൻനിന്ന് ഓഹരി ഇനത്തിലും സബോർഡിനേറ്റ് ഡെബ്റ്റ് ഇനത്തിലുമായി 1002.23 കോടി രൂപയും സംസ്ഥാന സർക്കാരിന്റെ ഓഹരി വിഹിതവും സബോർഡിനേറ്റ് ഡെബ്റ്റും സ്ഥലം ഏറ്റെടുക്കലും ചേർന്ന 2009 കോടി രൂപയും ജപ്പാൻ ഇന്റർനാഷണൽ കോ-ഓപ്പറേഷൻ ഏജൻസിയിൽ നിന്ന് 2170 കോടി രൂപയുടെ വായ്പയുമാണ് ഉദ്ദേശിക്കുന്നത്. ഇതിനുപുറമേ മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകളും പരിഗണനയിലാണ്.

(സി) ഡി.എം.ആർ.സി. 2011 ആഗസ്റ്റിൽ സമർപ്പിച്ച കൊച്ചി മെട്രോ പ്രോജക്ടിന്റെ രൂപരേഖയിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തണം എന്ന് 2012-ലെ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ പുനഃസംഘടിപ്പിച്ച ഡയറക്ടർ ബോർഡ് തീരുമാനിച്ചു. ഇതിനായി ഡി.എം.ആർ.സി.-ക്ക് നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സാങ്കേതിക മാറ്റങ്ങൾ വരുത്തിക്കൊണ്ടുള്ള പുതിയ രൂപരേഖ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

(ഡി) ഉണ്ട്.

(ഇ) കൊച്ചി മെട്രോ പദ്ധതിയുടെ നടത്തിപ്പിന്റെ ചുമതല കെ.എം.ആർ.എൽ.-നും നിർമ്മാണ ചുമതല ഡി.എം.ആർ.സി.-ക്കുമാണ്.

## ദേശസാൽകൃത റൂട്ടുകളിലെ യാത്രാക്ലേശം

**9 (*38)** ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. കെ. രാജു :
ശ്രീമതി ഗീതാ ഗോപി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശസാൽകൃത റൂട്ടുകളിൽ യാത്രാക്ലേശം രൂക്ഷമായത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ കുറവുമൂലമുണ്ടായ യാത്രാക്ലേശം പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികളുണ്ടെങ്കിൽ വിശദമാക്കുമോ ;

(ബി) ദേശസാൽകൃത റൂട്ടുകളിൽ സ്വകാര്യ ബസ്സുകൾക്ക് റൂട്ട് പെർമിറ്റ് നൽകാനുദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കെ.എസ്.ആർ.ടി.സി. സർവ്വീസ് പിൻവലിച്ച റൂട്ടുകളിൽ സർവ്വീസ് നടത്തുന്നതിനുള്ള അനുവാദത്തിനായി അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത അപേക്ഷകളിന്മേലുള്ള തീരുമാനം എന്താണെന്ന് വിശദമാക്കുമോ ?

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) ഇല്ല. കെ.എസ്.ആർ.ടി.സി. പ്രധാനമായും സർവ്വീസ് നടത്തുന്ന ദേശസാൽകൃത റൂട്ടുകളിലും നോട്ടിഫൈഡ് റൂട്ടുകളിലും സർവ്വീസുകൾ പരമാവധി നടത്തുന്നതിനാൽ ദേശസാൽകൃത റൂട്ടുകളിൽ കാര്യമായ യാത്രാക്ലേശം അനുഭവപ്പെടുന്നില്ലായെന്ന് വിലയിരുത്തിയിട്ടുണ്ട്.

(ബി&സി) ഇല്ല.

## കേന്ദ്ര വൈദ്യുതി

**10 (*39)** ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറഞ്ഞ നിരക്കിൽ കൂടുതൽ വൈദ്യുതി അനുവദിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ; ആവശ്യപ്പെട്ടതെത്ര ;

(ബി) പ്രസ്തുത ആവശ്യം അംഗീകരിക്കപ്പെട്ടിട്ടുണ്ടോ ;

(സി) കൂടുതൽ വൈദ്യുതി എന്നു മുതൽ ലഭിച്ചു തുടങ്ങുമെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്ന വൈദ്യുതി എത്ര ; ആയതിന്റെ നിരക്കെത്ര ;

(ഇ) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ലഭിച്ചുകൊണ്ടിരുന്ന വൈദ്യുതിയുടെ അളവിൽ ഏതെല്ലാം ഘട്ടങ്ങളിൽ കുറവുണ്ടായി ;

(എഫ്) സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ വൈദ്യുതി കമ്മി എത്രയാണെന്ന് വ്യക്തമാക്കുമോ ?

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) സംസ്ഥാനത്തെ ഊർജ്ജാവശ്യകത കണക്കിലെടുത്ത് 2012-13 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാരിനോട് 250 മെഗാവാട്ട് വൈദ്യുതി മേജിയ താപവൈദ്യുത നിലയത്തിൽനിന്നും ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ഡൽഹി സറണ്ടർ ചെയ്ത എൻ.റ്റി.പി.സി. സ്റ്റേഷനുകളിലെ വൈദ്യുതിയും ആവശ്യപ്പെട്ടിരുന്നു. എ.പി.സി.പി.എൽ.-ന്റെ ഝജ്ജർ സ്റ്റേഷനിൽനിന്നും 362.64 മെഗാവാട്ട് വൈദ്യുതി 2014 മേയ് വരെ കേരളത്തിന് അനുവദിക്കാൻ ആവശ്യപ്പെട്ടിരുന്നു. കൂടാതെ കേന്ദ്ര പൂളിൽപ്പെട്ട കിഴക്കൻ മേഖല എൻ.റ്റി.പി.സി. സ്റ്റേഷനുകളിൽ നിന്നും 100 മെഗാവാട്ട് വിഹിതം പുനഃസ്ഥാപിക്കാനും ആവശ്യപ്പെട്ടിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) പ്രസ്തുത ആവശ്യങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലാണ്.

(ഡി) ഇപ്പോൾ കേന്ദ്ര വിഹിതമായി 1271 മെഗാവാട്ട് ഓഫ് പീക്കിലും 1274 മെഗാവാട്ട് പീക്ക് സമയത്തും അനുവദിച്ചിട്ടുണ്ട്. എന്നാൽ കേന്ദ്ര വൈദ്യുതോല്പാദന കേന്ദ്രങ്ങളിലനുഭവപ്പെടുന്ന കൽക്കരിയുടെ ദൗർലഭ്യംമൂലവും വൈദ്യുതോല്പാദന കേന്ദ്രങ്ങളിലെ ജനറേറ്ററുകളുടെ അറ്റകുറ്റപ്പണികൾമൂലവും പ്രതിദിനം ശരാശരി 980 മെഗാവാട്ടാണ് ഇപ്പോൾ ലഭിക്കുന്നത്. 2013 ജനുവരി മാസത്തിൽ കേന്ദ്ര പൂളിൽനിന്നും 810.57 ദശലക്ഷം യൂണിറ്റ് വൈദ്യുതി യൂണിറ്റൊന്നിന് ശരാശരി 3.09 രൂപയ്ക്ക് കേരളത്തിന് ലഭിച്ചിട്ടുണ്ട്.

(ഇ) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ (2012 ഏപ്രിൽ മുതൽ) കേന്ദ്ര വിഹിതത്തിൽ കുറവ് വന്നിട്ടുള്ള ഘട്ടങ്ങൾ താഴെചേർക്കുന്നു :

1. സൗരോർജ്ജ പ്ലാന്റുകൾക്കായി ആന്ധ്രാപ്രദേശിനും (15 MW), തമിഴ്നാടിനും (5 MW) അധികമായി വൈദ്യുതി അനുവദിച്ചതിനെത്തുടർന്ന്, 1-6-2012 മുതൽ കേരളത്തിന്റെ കേന്ദ്ര വിഹിതത്തിൽ 0.95 മെഗാവാട്ട് കുറച്ചിട്ടുണ്ട്.
2. 1-7-2012 മുതൽ ഝജ്ജാറിൽനിന്നും (1-6-2012 മുതൽ) അനുവദിച്ച 231.17 MW, 100 MW ആക്കി കുറച്ചിട്ടുണ്ട്.
3. കർണ്ണാടകത്തിലെ സൗരോർജ്ജ പ്ലാന്റുകൾക്കായി 5 MW അനുവദിച്ചതുകൊണ്ട് കേരളത്തിന്റെ കേന്ദ്ര വിഹിതത്തിൽ 13-7-2012 മുതൽ 0.69 MW കുറവ് വന്നിട്ടുണ്ട്.
4. 30-7-2012 മുതൽ കിഴക്കൻ മേഖലയിൽനിന്നുള്ള കേന്ദ്ര വിഹിതമായ 135.17 MW, 35.17 MW ആക്കി കുറച്ചു.
5. സിംഹാദ്രിയിൽനിന്നുള്ള വിഹിതം പുനഃക്രമീകരിച്ചതിന്റെ ഫലമായി 25-10-2012 മുതൽ 5.46 മെഗാവാട്ട് ഓഫ് പീക്കിലും, 7.46 മെഗാവാട്ട് പീക്ക് സമയത്തും കുറവ് വരുത്തി.
6. 1-12-2012 മുതൽ ഝജ്ജാറിൽനിന്നുള്ള കേരളത്തിന്റെ കേന്ദ്ര വിഹിതം 100 MW-ൽ നിന്നും 50 MW ആക്കി കുറച്ചു.

(എഫ്) 2013 മാർച്ച് മാസത്തിലെ പ്ലാൻ പ്രകാരം പ്രതിദിന വൈദ്യുതി ഉപഭോഗം ശരാശരി 60 ദശലക്ഷം യൂണിറ്റും, സംസ്ഥാനത്ത് ആഭ്യന്തര ഉല്പാദനവും (കായംകുളം താപനിലയം, കെ.പി.സി.എൽ., മറ്റ് ചെറുകിട ഐ.പി.പി.-കൾ ഉൾപ്പെടെ) കേന്ദ്ര വിഹിതവും ഉൾപ്പെടെ ഏകദേശം 50.70 ദശലക്ഷം യൂണിറ്റാണ് ലഭ്യമാകുന്നത്. ഇത്തരത്തിൽ വൈദ്യുതിയുടെ ലഭ്യതയും ഉപഭോഗവും തമ്മിലുള്ള അന്തരം ഏകദേശം 9.30 ദശലക്ഷം യൂണിറ്റാണ് കണക്കാക്കിയിട്ടുള്ളത്. ഈ കുറവ് പരിഹരിക്കുന്നതിനായി ട്രേഡർമാരിൽനിന്നും ഏകദേശം 6 ദശലക്ഷം യൂണിറ്റ് വൈദ്യുതി വാങ്ങുവാനുള്ള നടപടികൾ എടുത്തിട്ടുണ്ട്. ലഭ്യതയും ഉപഭോഗവും തമ്മിലുള്ള ബാക്കി അന്തരം നികത്തുവാൻ പവർ എക്സ്ചേഞ്ചുകളിൽനിന്നും വൈദ്യുതി വാങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## എമർജിംഗ് കേരള

11 (*40) ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എമർജിംഗ് കേരളയിൽ എത്ര വ്യവസായസംരംഭങ്ങളെ സംബന്ധിച്ച നിർദ്ദേശങ്ങളാണ് ഉയർന്നുവന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത നിർദ്ദേശങ്ങളിന്മേൽ സ്വീകരിച്ച തുടർനടപടികളും അവയുടെ പുരോഗതിയും സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) എമർജിംഗ് കേരളയിലൂടെ ആകെ 176 സംരംഭങ്ങളെ സംബന്ധിച്ച പദ്ധതി നിർദ്ദേശങ്ങളാണ് ഉയർന്നുവന്നത്. ഇവയുടെ വകുപ്പ് തിരിച്ചുള്ള പട്ടിക അനുബന്ധം ഒന്നിൽ ചേർത്തിരിക്കുന്നു.*

(ബി) എമർജിംഗ് കേരളയിൽ ലഭിച്ച നിരവധി പദ്ധതി നിർദ്ദേശങ്ങളുടെ തുടർനടപടികൾ വിവിധ വകുപ്പുകൾ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നു. പദ്ധതി നിർദ്ദേശങ്ങൾക്ക് അംഗീകാരം നൽകുന്നതിനും നയപരമായ തീരുമാനം കൈക്കൊള്ളുന്നതിനും മുഖ്യമന്ത്രി ചെയർമാനായ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ കൗൺസിലും ചീഫ് സെക്രട്ടറി അധ്യക്ഷനായ ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡും രൂപീകരിച്ചിട്ടുണ്ട്. ഇവയിൽ വ്യവസായവകുപ്പിനു കീഴിൽ ലഭിച്ച പദ്ധതി നിർദ്ദേശങ്ങളിൽ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനും കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷനും തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ചില പദ്ധതികൾ സാധ്യ പരിശോധന, പരിസ്ഥിതി അനുമതികൾ എന്നിവയ്ക്കായി സമർപ്പിച്ചിരിക്കുകയാണ്. ഇതിൽ ബി.പി.സി.എല്ലിന്റെ കൊച്ചി റിഫൈനറിയുടെ വികസന പദ്ധതിക്ക് ബഹു. പ്രധാനമന്ത്രി ശിലാസ്ഥാപനം നിർവ്വഹിച്ചു കഴിഞ്ഞു. വിവിധ വകുപ്പുകളുടെ കീഴിൽ ലഭിച്ച ചില പ്രധാനപ്പെട്ട പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം രണ്ടിൽ ചേർത്തിരിക്കുന്നു.*

## ഇറച്ചിക്കോഴിക്കുള്ള പ്രവേശന നികുതി തട്ടിപ്പ്

12 (*41) ശ്രീ. പി. റ്റി. എ. റഹീം :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. കെ. വി. വിജയദാസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന ഇറച്ചിക്കോഴിക്കുള്ള പ്രവേശന നികുതിയിൽ ഇളവുവരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) തമിഴ്നാട്ടിലെ കോഴികൃഷിക്കാർക്കുവേണ്ടി കോഴിയുടെ പ്രവേശന നികുതി നിരക്ക് കുറയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ;

(സി) അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള കോഴി അനധികൃതമായി എത്തിച്ച് സംസ്ഥാനത്തെ കോഴിവളർത്തൽ കേന്ദ്രങ്ങളുടെ പേരിൽ വില്പന നടത്തി പ്രവേശന നികുതി വെട്ടിപ്പ് നടത്തിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത്തരത്തിലുള്ള വെട്ടിപ്പുകൾ തടയാൻ റെയ്ഡ് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം പ്രവേശന നികുതി വെട്ടിപ്പുകൾ സംബന്ധിച്ച എത്ര കേസ്സുകൾ കണ്ടെത്തുകയുണ്ടായി ; ഇതുവഴി എത്ര കോടി രൂപയുടെ നികുതി നഷ്ടം ഉണ്ടായി ; വിശദമാക്കുമോ ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ-ഡി) ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 18-12-2006-ലെ വിധി പ്രകാരം പ്രവേശന നികുതി അസ്ഥിരപ്പെടുത്തുകയുണ്ടായി. ആയതിൻപ്രകാരം ഇറച്ചിക്കോഴിക്ക് സംസ്ഥാനത്ത് നിലവിൽ പ്രവേശന നികുതി ചുമത്താറില്ല.

## ഗാർഹിക സൗരോർജ്ജ ഉല്പാദന പദ്ധതി

13 (*42) ശ്രീ. പി. കെ. ബഷീർ
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനെർട്ടിന്റെ ആഭിമുഖ്യത്തിൽ ഏറ്റെടുത്തു നടപ്പാക്കുന്ന ഗാർഹിക സൗരോർജ്ജ ഉല്പാദന പദ്ധതിയുടെ വിശദവിവരം നല്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്കായുള്ള സംവിധാനങ്ങൾ സ്ഥാപിക്കുന്ന ഏജൻസികൾ ഉപയോഗിക്കുന്ന പാനലിന്റെയും ബാറ്ററിയുടെയും ഗുണവും ശേഷിയും സംബന്ധിച്ച് പരിശോധന നടത്തുന്നതിനുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) നിലവിൽ ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്ന പാനലിന്റെ വൈദ്യുത പരിവർത്തനശേഷി സൗരോർജ്ജത്തിന്റെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഏറ്റവും ആധുനികമായ ജർമ്മൻ സാങ്കേതിക വിദ്യ ഉപയോഗ പെടുത്തുന്നപക്ഷം പരിവർത്തന ശേഷിയിൽ എത്ര ശതമാനം വ്യത്യാസം വരുത്താനാവുമെന്ന് കാര്യം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) അനെർട്ട് നടപ്പ് വർഷത്തിൽ 1 കിലോവാട്ട് വീതം സ്ഥാപിത ശേഷിയുള്ള 10000 റൂഫ് ടോപ്പ് പദ്ധതി നടപ്പാക്കിവരുന്നു. 1 കിലോവാട്ട് സോളാർ പാനലിൽ നിന്ന് പ്രതിദിനം ഏകദേശം 3.5-4 യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാനാവും. ഈ പദ്ധതിയിലൂടെ ഒരു കിലോവാട്ട് പാനൽ, 1 കിലോവാട്ട് ഇൻവെർട്ടർ, 7200 WH ബാറ്ററി ചാർജ്ജ് കൺട്രോളർ എന്നിവയാണ് സ്ഥാപിക്കുന്നത്. ഈ പദ്ധതിക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത സബ്സിഡിയായി 92,262 രൂപ നൽകുന്നു. പദ്ധതിയുടെ നടത്തിപ്പിനായി 15 കമ്പനികളെ തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്കായി ഉപയോഗിക്കപ്പെടേണ്ട ഘടകങ്ങളുടെ ഗുണനിലവാരം അനെർട്ട് നിഷ്കർഷിച്ചിട്ടുണ്ട്. ഇത് അനുബന്ധമായി ചേർക്കുന്നു.* പ്രസ്തുത ലിസ്റ്റ് പ്രകാരമുള്ള ടെസ്റ്റ് സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയിട്ടുള്ള കമ്പനികളെയാണ് ഈ പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുത്തിട്ടുള്ളത്. ഇതുകൂടാതെ സ്ഥാപിക്കപ്പെടുന്ന ഓരോ പ്ലാന്റും അനെർട്ട് നിയോഗിക്കുന്ന വിദഗ്ധൻ അടങ്ങിയ സമിതി പരിശോധിക്കുന്നതിനും ഇതിനുപുറമെ ഓരോ ജില്ലയിലും സ്ഥാപിക്കപ്പെടുന്ന പ്ലാന്റിന്റെ ഗുണനിലവാരവും ശേഷിയും ജില്ലാ ഓഫീസിലെയും അനെർട്ട് ഹെഡ്ക്വാർട്ടേഴ്സിലെയും ഉദ്യോഗസ്ഥന്മാർ പരിശോധിക്കുന്നതിനും നടപടി എടുത്തിട്ടുണ്ട്.

(സി) നിലവിൽ ഉപയോഗിക്കുന്ന സൗരോർജ്ജ പാനലുകളുടെ വൈദ്യുത പരിവർത്തനശേഷി സൗരോർജ്ജത്തിന്റെ 12 മുതൽ 16 ശതമാനം വരെയാണ്.

(ഡി) ഈ പദ്ധതിയിൽ എം.എൻ.ആർ.ഇ., ഇന്ത്യൻ നിർമ്മിത പാനലുകൾക്ക് മാത്രമേ അംഗീകാരം നൽകിയിട്ടുള്ളൂ.

## വായ്പാ റിക്കവറി

14 (*43) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണസംഘങ്ങളിൽ നിന്നും എടുക്കുന്ന വിവിധ വായ്പകൾ റിക്കവറി നടപടികൾക്ക് വിധേയമാകുമ്പോൾ പ്രസ്തുത റിക്കവറി സ്റ്റേ ചെയ്ത് തവണകളാക്കാൻ സർക്കാർ നൽകുന്ന നിർദ്ദേശം പല സഹകരണ സ്ഥാപനങ്ങളും അംഗീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിന് ആവശ്യമായ നിയമഭേദഗതി നടപ്പിലാക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇക്കാര്യത്തിൽ പ്രത്യേക നിയമഭേദഗതിയുടെ ആവശ്യം ഉള്ളതായി കാണുന്നില്ല.

### ട്രെയിനുകളിലെ സൗകര്യങ്ങൾ

15 (*44) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. സി. മമ്മൂട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റെയിൽവേ കോച്ചുകളുടെ അപര്യാപ്തതയും യാത്രക്കാർ അനുഭവിക്കേണ്ടിവരുന്ന ദുരിതങ്ങളും കഷ്ടനഷ്ടങ്ങളും കാലപ്പഴക്കം സൃഷ്ടിക്കുന്ന അപകടങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതിനു പരിഹാരം കാണുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഇക്കാര്യത്തിൽ കേന്ദ്ര റെയിൽവേ മന്ത്രാലയവുമായി ബന്ധപ്പെട്ട് അടിയന്തര പരിഹാര നടപടികൾ സ്വീകരിക്കുമോ ?

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) ഉണ്ട്.

(ബി&സി) സംസ്ഥാനത്ത് ഓടുന്ന ട്രെയിനുകളിലെ ബോഗികൾ ചിലതെല്ലാം കാലപ്പഴക്കം ചെന്നവയും തുരുമ്പെടുത്ത് ഉപയോഗയോഗ്യമല്ലാത്തവയുമാണെന്നും ദീർഘദൂര ട്രെയിനുകളിലെ ബോഗികളുടെ അവസ്ഥയും പലപ്പോഴും ശോചനീയമാണെന്നും സംസ്ഥാനത്ത് ഉപയോഗിക്കുന്ന ബോഗികളിൽ 70 ശതമാനത്തിനുമേൽ 25 കൊല്ലത്തിലധികം പഴക്കമുള്ളവയാണെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബോഗികൾ റിപ്പയർ ചെയ്യുന്നതിനായുള്ള പീരിയോഡിക് ഓവർഹോളിംഗ് സൗകര്യം സംസ്ഥാനത്ത് ഇല്ലാത്തതിനാൽ ബോഗികൾ റിപ്പയറിംഗിനായി ചെന്നൈയിലേക്ക് അയയ്ക്കുമ്പോൾ അവിടെ നിന്നും ലഭിക്കുന്നവ പലപ്പോഴും വൃത്തിയില്ലാത്തതും കാലപ്പഴക്കം ചെന്നവയുമാണെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആലപ്പുഴ പാസഞ്ചർ ട്രെയിനിന്റെ ബോഗിക്ക് സംഭവിച്ച അപകടത്തിന്റെ വെളിച്ചത്തിൽ ഇക്കാര്യങ്ങളിലേക്ക് ശ്രദ്ധക്ഷണിച്ചുകൊണ്ട് താഴെപ്പറയുന്ന കാര്യങ്ങൾ അടിയന്തരമായി പരിഗണിക്കണമെന്ന് കേന്ദ്ര റെയിൽവേ മന്ത്രിയോട് സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചിട്ടുണ്ട്.

(i) 25 കൊല്ലത്തിലധികം പഴക്കമുള്ള എല്ലാ ബോഗികളും ഘട്ടംഘട്ടമായി 5 കൊല്ലത്തിനകം മാറ്റണമെന്നും ;

LIBRARY ARCHIVES Kerala Legislative Assembly

(ii) തിരുവനന്തപുരത്തേയും എറണാകുളത്തേയും റിപ്പയർ സൗകര്യങ്ങൾ പ്രധാന റിപ്പയറുകൾ ചെയ്യുവാനുതകുന്ന രീതിയിൽ വിപുലപ്പെടുത്തണമെന്നും ;

(iii) റിപ്പയറിനും മെയിന്റനൻസിനുമായി ആവശ്യത്തിന് ആളുകളെ നിയമിക്കണമെന്നും;

(iv) കോച്ചുകൾ വൃത്തിയാക്കാനായി കൂടുതൽ ഫലപ്രദമായ സംവിധാനം ഏർപ്പെടുത്തണമെന്നും.

കൂടാതെ 2013-14-ലെ സംസ്ഥാന ബഡ്ജറ്റിൽ കൊച്ചുവേളിയിൽ കോച്ച് റിപ്പയർ ആന്റ് മെയിന്റനൻസ് കേന്ദ്രം ഇക്കൊല്ലം തന്നെ സ്ഥാപിക്കുന്നതിന് 5 കോടി രൂപ സംസ്ഥാന സർക്കാർ വകയിരുത്തിയിട്ടുണ്ട്.

**അനധികൃത ഓൺലൈൻ ലോട്ടറി വില്പന**

**16 (*45)** ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. ജയിംസ് മാത്യു :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഓൺലൈൻ ലോട്ടറികളുടെ അനധികൃത വില്പനയും നറുക്കെടുപ്പും നടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഒറ്റ അക്ക നമ്പർ, രണ്ടക്ക നമ്പർ തുടങ്ങിയ ലോട്ടറികൾ ഓൺലൈനായി വിൽപ്പന നടത്തുന്ന എത്ര കേസ്സുകൾ ഏതെല്ലാം സ്ഥലങ്ങളിൽ കണ്ടെത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(സി) ഇതു സംബന്ധിച്ച എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തുവെന്ന് വിശദമാക്കാമോ ;

(ഡി) നിയമവിരുദ്ധ ലോട്ടറികളെ നിരീക്ഷിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ;

(ഇ) ഇതനുസരിച്ച് ഏതെല്ലാം ഉദ്യോഗസ്ഥർക്കാണ് വിവിധ അധികാരങ്ങൾ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(എഫ്) ഇതിന്റെയടിസ്ഥാനത്തിൽ ജില്ലാ കളക്ടർമാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) ഒറ്റ അക്ക നമ്പർ, രണ്ടക്ക നമ്പർ, എന്നിങ്ങനെ ചൂതാട്ട സ്വഭാവത്തിലുള്ള ലോട്ടറി നടത്തിപ്പുകൾ, നമ്പർ എഴുതി നല്കുന്ന ലോട്ടറി, ഫോൺ മുഖേന നമ്പർ നല്കുന്ന ലോട്ടറി എന്നിങ്ങനെ നിയമവിരുദ്ധമായ ലോട്ടറി നടത്തിപ്പുമായി ബന്ധപ്പെട്ട് സംസ്ഥാനത്തൊട്ടാകെ 51 കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. അവ ഇപ്രകാരമാണ്. പത്തനംതിട്ട-1, ആലപ്പുഴ-2, കോട്ടയം-3, ഇടുക്കി-1, എറണാകുളം-2, തൃശ്ശൂർ-3, മലപ്പുറം-4, കോഴിക്കോട്-7, കണ്ണൂർ-9, കാസർഗോഡ്-19.

(ഡി) പോലീസ്, വാണിജ്യനികുതി വകുപ്പ്, ലോട്ടറി വകുപ്പ് എന്നീ ഉദ്യോഗസ്ഥർ വകുപ്പുതലത്തിലും കൂട്ടായ നടപടികളിലൂടെയും അന്വേഷണങ്ങളും പരിശോധനകളും നടത്തുകയും ലഭിക്കുന്ന പരാതികളിന്മേൽ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്. ഇന്റലിജൻസ് ADGP-യുടെ നേതൃത്വത്തിലുള്ള സംസ്ഥാനതല ലോട്ടറി മോണിറ്ററിംഗ് സെല്ലും അതത് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാതല ലോട്ടറി മോണിറ്ററിംഗ് സെല്ലുകളും ഇതുസംബന്ധിച്ച നിയമനടപടികൾ വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നല്കുകയും ചെയ്തുവരുന്നു. കൂടാതെ നിയമവിരുദ്ധ ലോട്ടറികളുടെ വില്പന സംബന്ധിച്ച് പോലീസ് രഹസ്യാന്വേഷണങ്ങളും നിരീക്ഷണങ്ങളും നടത്തിവരുന്നു.

(ഇ) ലോട്ടറി ആക്ട്, ലോട്ടറി റൂൾസ്, ലോട്ടറി നികുതി ആക്ട്, ഗെയിമിംഗ് ആക്ട് എന്നിവയുടെ ലംഘനങ്ങൾ നേരിട്ടും മോണിറ്ററിംഗ് സെൽ മുഖാന്തിരവും ലോട്ടറി വകുപ്പ് പോലീസിന്റെയും വാണിജ്യ നികുതി വകുപ്പിന്റെയും ശ്രദ്ധയിൽപ്പെടുത്തി ലോട്ടറി ആക്ട്, ഗെയ്മിംഗ് ആക്ട് IPC എന്നിവ പ്രകാരം കേസ്സുകൾ രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ എല്ലാ Station House Officer-ക്കും ഓൺ ലൈൻ ലോട്ടറികളുടെ അനധികൃത വില്പനയും നറുക്കെടുപ്പും തടയാനും നിയമപരമായി നടപടി എടുക്കുന്നതിനും അധികാരമുണ്ട്.

(എഫ്) ജില്ലാ കളക്ടർമാരുടെ അദ്ധ്യക്ഷതയിൽ ജില്ലാ മോണിറ്ററിംഗ് സെൽയോഗം പതിവായി ചേർന്ന്, അനധികൃത ലോട്ടറി തടയുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ പോലീസ്, ഭാഗ്യക്കുറി, വാണിജ്യനികുതി വകുപ്പുകൾക്ക് നല്കി വരുന്നു.

**കെ.എസ്.ആർ.ടി.സി.-യെ നഷ്ടത്തിൽ നിന്നും രക്ഷിക്കാൻ നടപടി**

**17 (*46)** ശ്രീ. കെ. എം. ഷാജി :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. എം. ഉമ്മർ :
ശ്രീ. സി. മമ്മൂട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. നഷ്ടത്തിലാകുന്നതിന്റെ കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജീവനക്കാരുടെ നിയമനം, പ്രൊമോഷൻ എന്നിവയിൽ സാങ്കേതിക പരിജ്ഞാനത്തിനോ കഴിവിനോ എന്തെങ്കിലും മുൻഗണന നൽകാറുണ്ടോ ; എങ്കിൽ അതുൾപ്പെടുത്തി സ്പെഷ്യൽ റൂൾസ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(സി) സ്വകാര്യ ഗതാഗതമേഖലകൾ, പ്രതിസന്ധികൾ നേരിട്ടിട്ടുപോലും ലാഭമുണ്ടാക്കുമ്പോൾ, എല്ലാ സൗകര്യങ്ങളും പരിഗണനയുമുള്ള കെ.എസ്.ആർ.ടി.സി. നഷ്ടം മാത്രം വരുത്തുന്നതിന്റെ കാരണം കണ്ടെത്തി ഈ സ്ഥാപനത്തെ രക്ഷിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) കെ.എസ്.ആർ.ടി.സി.-ക്ക് പ്രതിമാസം വരവും ചെലവും തമ്മിൽ 75 കോടി രൂപയുടെ അന്തരമാണുണ്ടായിരുന്നത്. 18-1-2013 മുതൽ വൻകിട ഉപഭോക്താവ് എന്ന നിലയിൽ ഉണ്ടായ ഡീസലിന്റെ അമിത വില വർദ്ധനവ് കൂടി കണക്കാക്കുമ്പോൾ 94 കോടി രൂപയായി ഇത് വർദ്ധിച്ചിട്ടുണ്ട്. 1984 മുതൽ കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കും സർക്കാർ ജീവനക്കാരുടേതിന് തുല്യമായി പെൻഷൻ ഏർപ്പെടുത്തുകയും ടി നടപടിമൂലം റവന്യൂ വരുമാനത്തിൽനിന്നും പെൻഷൻ നൽകേണ്ട സ്ഥിതിവിശേഷം ഉണ്ടാകുകയും ചെയ്തു. ആയതിലേക്ക് വേണ്ടത്ര പണം ലഭ്യമല്ലാത്തതിനാൽ, കെ.എസ്.ആർ.ടി.സി.-ക്ക് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വൻതോതിൽ വായ്പ എടുക്കേണ്ടി വന്നു. തൻമൂലമുണ്ടായ വായ്പ തിരിച്ചടവിലും പലിശയിനത്തിലും പെൻഷനിനത്തിലും നൽകേണ്ടി വരുന്ന തുകയാണ് കെ.എസ്.ആർ.ടി.സി.-യുടെ വരവും ചെലവും തമ്മിലുള്ള അന്തരം. മേൽ കാരണങ്ങൾ ഒഴിവാക്കുമ്പോൾ കെ.എസ്.ആർ.ടി.സി. പ്രവർത്തന നഷ്ടത്തിലല്ല.

(ബി) ജീവനക്കാരുടെയും ഓഫീസർമാരുടെയും നിയമനത്തിന്റെ കാര്യത്തിൽ വിദ്യാഭ്യാസ യോഗ്യതയ്ക്കും, സാങ്കേതിക പരിജ്ഞാനത്തിനും മുൻഗണന നൽകി നിയമനങ്ങൾ നടത്തുന്നതിന് കെ.എസ്.ആർ.ടി.സി. റഗുലേഷനിൽ (സ്പെഷ്യൽ റൂൾസ്) വേണ്ടത്ര ഭേദഗതി വരുത്തിയിട്ടുണ്ട്. എ.ടി.ഒ., എ.ഒ., എ.ഡി.ഇ., കണ്ടക്ടർ, ഡ്രൈവർ, മെക്കാനിക്ക്, ബ്ലാക്ക്സ്മിത്ത്, ജൂനിയർ അസിസ്റ്റന്റ്, എൽ.ഡി. ടൈപ്പിസ്റ്റ് മുതലായ ഒട്ടുമിക്ക തസ്തികകളുടെയും റഗുലേഷനിൽ ഇത്തരത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.

(സി) പെൻഷൻ ബാദ്ധ്യതയും, കാലാകാലങ്ങളിൽ എടുത്തിട്ടുള്ള ലോൺ തിരിച്ചടവ് ബാദ്ധ്യതയും, ഇപ്പോൾ ഉണ്ടായിട്ടുള്ള ഡീസലിന്റെ അമിത വില വർദ്ധനവുമാണ് സ്വകാര്യ ഗതാഗത മേഖലയിൽനിന്നും വ്യത്യസ്തമായി കെ.എസ്.ആർ.ടി.സി.-ക്ക് നഷ്ടമുണ്ടാക്കുന്നത്. ഈ ബാദ്ധ്യതകൾ ഒഴിവാക്കാനായാൽ, കെ.എസ്.ആർ.ടി.സി.-ക്ക് പ്രവർത്തന ലാഭം ഉണ്ടാകും.

LIBRARY ARCHIVES Kerala Legislative Assembly

## വൈദ്യുത മേഖലയിലെ സ്വകാര്യവൽക്കരണം

18 (*47) ശ്രീ. രാജു എബ്രഹാം :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. എസ്. ശർമ്മ :
പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുത രംഗത്ത് കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക പുനഃസംഘടനാ പാക്കേജിന്റെ ഭാഗമായ മാൻഡേറ്ററി കണ്ടീഷനുകൾ അംഗീകരിച്ചുകൊണ്ട് സംസ്ഥാനം കേന്ദ്ര സർക്കാരിന് കത്ത് നൽകിയിട്ടുണ്ടോ ;

(ബി) എത്ര സംസ്ഥാനങ്ങൾ ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിനെ പ്രതികരണമറിയിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) മദ്ധ്യപ്രദേശ്, പഞ്ചാബ് എന്നീ സംസ്ഥാനങ്ങൾ വൈദ്യുതി വിതരണമേഖലയിൽ സ്വകാര്യവൽക്കരണം നടപ്പിലാക്കാൻ കഴിയില്ലെന്ന് കേന്ദ്ര സർക്കാരിനെ അറിയിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എന്തുകൊണ്ടാണ് സ്വകാര്യവൽക്കരണമടക്കമുള്ള നിബന്ധനകൾ അംഗീകരിക്കാമെന്ന് സംസ്ഥാനം കേന്ദ്രത്തെ അറിയിച്ചത് ; വിശദമാക്കാമോ ;

(ഇ) ഇക്കാര്യത്തിൽ തീരുമാനം കൈക്കൊണ്ടത് മന്ത്രിസഭായോഗത്തിലാണോ ; എങ്കിൽ പ്രസ്തുത തീരുമാനം എടുത്ത മന്ത്രിസഭാ കുറിപ്പിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളുടെ ഉടമസ്ഥതയിലുള്ള വിതരണ സ്ഥാപനങ്ങളുടെ (State Distribution Companies (DISCOMS) മോശമായ പ്രവർത്തന നിലവാരവും സാമ്പത്തിക പരാധീനതയും ഗണ്യമായ തോതിലുള്ള ബാധ്യതകളും കണക്കിലെടുത്തുകൊണ്ട് വിതരണ കമ്പനികൾക്കായി കേന്ദ്ര സർക്കാരിന്റെ ഊർജ്ജ മന്ത്രാലയം രൂപം നൽകിയ സാമ്പത്തിക പുനഃരുദ്ധാരണ പദ്ധതിയിൽ (Financial Re-structuring Scheme) ചേരുന്നതിന് 31-12-2012 വരെ മാത്രമെ അവസരമുണ്ടായിരുന്നുള്ളൂ. സ്കീമിൽ ചേരുന്നത് സംബന്ധിച്ച 'തത്വത്തിലുള്ള' സന്നദ്ധത ഒരാഴ്ചയ്ക്കകം നിർദ്ദിഷ്ട പ്രൊഫോർമയിൽ അറിയിക്കണമെന്ന് 2012 നവംബർ 14-ലെ കത്തുപ്രകാരം കേന്ദ്ര ഊർജ്ജ മന്ത്രാലയം നിർദ്ദേശിച്ചിരുന്നു. ഇതിനകംതന്നെ വളരെ ഗുരുതരമായ സാമ്പത്തിക സ്ഥിതിയിലുള്ള സംസ്ഥാന വൈദ്യുതി ബോർഡിനെ സംബന്ധിച്ചിടത്തോളം കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സഹായങ്ങൾ വേണ്ടെന്നു വയ്ക്കാൻ കഴിയാത്ത സാഹചര്യത്തിൽ, മറ്റ് പല സംസ്ഥാനങ്ങളും ചെയ്തിട്ടുള്ളതുപോലെ സ്കീമിൽ ചേരുന്നതിനുള്ള 'തത്വത്തിലുള്ള' സമ്മതം സംസ്ഥാനം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. സ്കീമിന്റെ പാർട്ട് സി-യിൽ പ്രതിപാദിച്ചിരിക്കുന്ന നിർബന്ധിത വ്യവസ്ഥകൾ പാലിക്കുന്നതാണെന്ന് സമ്മതിക്കുന്ന പ്രസ്താവന ടി പ്രൊഫോർമയിൽ

LIBRARY ARCHIVES Kerala Legislative Assembly

ഉൾപ്പെട്ടിരുന്നുവെങ്കിലും അവയിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ടിൽ വിതരണ രംഗത്തെ സ്വകാര്യ പങ്കാളിത്തമുൾപ്പെടെയുള്ള വിഷയങ്ങളിൽ സാമ്പത്തിക പുനരുദ്ധാരണ പദ്ധതിക്ക് സർക്കാർ അംഗീകാരത്തോടെ അന്തിമരൂപം നൽകുമ്പോൾ മാത്രമേ നടപടി സ്വീകരിക്കുകയുള്ളൂവെന്ന് വ്യക്തമാക്കിയിരുന്നു.

(ബി) ഇതുസംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല.

(സി) ഇല്ല.

(ഡി&ഇ) വൈദ്യുതി ബോർഡിന്റെ സാമ്പത്തിക പുനരുദ്ധാരണ സ്കീമിൽ സംസ്ഥാനം ചേരുന്നതും ആയത് സംസ്ഥാന വിതരണ സ്ഥാപനമായ വൈദ്യുതി ബോർഡിൽ നടപ്പിലാക്കുന്നതും സംബന്ധിച്ച വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും 19-2-2013-ൽ ചേർന്ന മന്ത്രിസഭാ യോഗം സാമ്പത്തിക പുനരുദ്ധാരണ പദ്ധതിയിൽ സംസ്ഥാന സർക്കാരും ചേരുന്നതാണ് എന്നും സ്വകാര്യ ഫ്രാഞ്ചൈസിയും പൊതു സ്വകാര്യ മേഖലാ പങ്കാളിത്തവും (Public-Private-participation) ഉണ്ടായിരിക്കുന്നതല്ല എന്ന് കേന്ദ്ര സർക്കാരിനോട് വ്യക്തമാക്കേണ്ടതാണ് എന്നും തീരുമാനിക്കുകയുണ്ടായി. തദനുസരണം സംസ്ഥാന സർക്കാരിന്റെ നിലപാട് വ്യക്തമാക്കിക്കൊണ്ട് കേന്ദ്ര സർക്കാരിന് 27-2-2013-ൽ കത്ത് നൽകിയിട്ടുണ്ട്. മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

### സഹകരണസംഘങ്ങൾക്ക് സബ്സിഡിയറി ഇൻസ്റ്റിറ്റ്യൂഷൻസ്

19 (*48) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. എം. ഹംസ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണസംഘങ്ങൾക്ക് സബ്സിഡിയറി ഇൻസ്റ്റിറ്റ്യൂഷൻസ് ആരംഭിക്കുന്നത് സംബന്ധിച്ച നിയമവ്യവസ്ഥകൾ എന്തെല്ലാമാണ് ; ഇത്തരമൊരു വ്യവസ്ഥ കൊണ്ടുവന്നതിലൂടെ സർക്കാർ ഉദ്ദേശിക്കുന്ന ലക്ഷ്യം വിശദമാക്കാമോ ;

(ബി) ഏതെല്ലാം മേഖലയിലുള്ള സംഘങ്ങൾക്ക് എന്തെല്ലാം നിലയിലുള്ള ഇൻസ്റ്റിറ്റ്യൂഷനുകളാണ് പ്രസ്തുത നിയമഭേദഗതി കൊണ്ട് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(സി) സബ്സിഡിയറി ഇൻസ്റ്റിറ്റ്യൂഷനുകളുടെ 49 ശതമാനംവരെയുള്ള ഓഹരി ആർക്കെല്ലാമാണ് അനുവദിക്കാവുന്നത് ; ഇതര സംഘങ്ങൾക്ക് പ്രസ്തുത ഓഹരി എടുക്കാൻ അവകാശമുണ്ടോ ; വിശദമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

(ഡി) നിലവിൽ എത്ര സംഘങ്ങൾക്ക് സബ്സിഡിയറി ഇൻസ്റ്റിറ്റ്യൂഷനുകൾ ആരംഭിക്കാൻ രജിസ്ട്രാർ അനുമതി നൽകിയിട്ടുണ്ട് ; പരിഗണനയിലിരിക്കുന്നവ ഏതൊക്കെയെന്നറിയിക്കുമോ ?

സഹകരണവും ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ):

(എ) 2013-ലെ കേരള സഹകരണ സംഘങ്ങൾ (ഭേദഗതി) നിയമത്തിൽ, അംഗങ്ങളുടെ സാമ്പത്തിക ക്ഷേമത്തിനായി സഹകരണ സംഘങ്ങളുടെ ലക്ഷ്യ നിർവ്വഹണത്തിനായി സബ്സിഡിയറി സ്ഥാപനങ്ങൾ രൂപീകരിക്കുന്നതിന് 1969-ലെ കേരള സഹകരണ നിയമത്തിൽ വകുപ്പ് 14 എ (കൂട്ടിച്ചേർത്തത്) പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി വ്യവസ്ഥയനുസരിച്ച്, ഒരു സഹകരണ സംഘത്തിന് രജിസ്ട്രാറുടെ മുൻ അനുമതിയോടുകൂടി, ഭൂരിപക്ഷാംഗങ്ങൾ സന്നിഹിതരായതും വോട്ട് ചെയ്തതുമായ പൊതുയോഗത്തിൽ പാസ്സാക്കുന്ന ഒരു പ്രമേയം മുഖേന, നിലവിലുള്ള ഏതെങ്കിലും നിയമത്തിൻകീഴിൽ ഒന്നോ അതിലധികമോ സബ്സിഡിയറി സ്ഥാപനങ്ങളെ, അതിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ പോഷിപ്പിക്കുന്നതിനായി രൂപീകരിക്കാവുന്നതാണ്. അപ്രകാരം രൂപീകരിക്കുന്ന ഏതൊരു സബ്സിഡിയറി സ്ഥാപനവും അതിന്റെ നിലനിൽപ്പ് ആവശ്യമാണെന്ന് സഹകരണ സംഘത്തിന്റെ പൊതുയോഗം കരുതുന്ന കാലത്തേക്ക് മാത്രം നിലനിൽക്കുന്നതാണ്. എന്നാൽ അപ്രകാരം ഒരു സബ്സിഡിയറി സ്ഥാപനം രൂപീകരിക്കുമ്പോൾ ടി സംഘത്തിന്റെ ബിസിനസ്സിന്റെയോ, അതിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ പോഷിപ്പിക്കുന്നതിനായി ഏറ്റെടുത്ത പ്രവർത്തനങ്ങളുടെയോ മുഖ്യഭാഗം പ്രസ്തുത സബ്സിഡിയറി സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യുവാനോ, ഏൽപ്പിക്കുവാനോ പാടുള്ളതല്ല. ഒരു സംഘം അത്തരം സ്ഥാപനങ്ങളുടെ മാനേജ്മെന്റിനെയോ, ഡയറക്ടർ ബോർഡിനെയോ ഗവേണിംഗ് ബോഡി അംഗങ്ങളെയോ നിയന്ത്രിക്കുകയാണെങ്കിലോ, അല്ലെങ്കിൽ അത്തരം സ്ഥാപനങ്ങളുടെ ഇക്വിറ്റി ഓഹരികളുടെ നാമമാത്ര മൂല്യത്തിന്റെ പകുതിയിൽ കൂടുതൽ കൈവശം വയ്ക്കുകയോ ചെയ്യുകയാണെങ്കിൽ, ടി സ്ഥാപനത്തെ സബ്സിഡിയറി സ്ഥാപനമായി കണക്കാക്കാവുന്നതാണ്. നിലവിലുള്ള സബ്സിഡിയറി സ്ഥാപനങ്ങളുടെ പ്രവർത്തനം സംരക്ഷിക്കുന്നതിനും പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിലോ മറ്റേതെങ്കിലും നൂതന മേഖലകളിലോ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ബന്ധപ്പെട്ട അധികാര സ്ഥാപനങ്ങളുടെ നിയമപ്രകാരം, സഹകരണ സ്ഥാപനങ്ങൾക്ക് അനുമതി ലഭിക്കാതെ വരികയാണെങ്കിൽ; സഹകരണ സംഘങ്ങളുടെ നിയന്ത്രണത്തിൽ പുതിയ സംരംഭം ആരംഭിക്കുന്നതിനും സഹായകരമാകുന്നതിനാണ് പുതിയ നിയമ വ്യവസ്ഥ കൊണ്ടുദ്ദേശിക്കുന്നത്.

(ബി&സി) ഇതുസംബന്ധിച്ചുള്ള ചട്ടങ്ങൾ തയ്യാറാക്കി വരികയാണ്. ചട്ടങ്ങൾ രൂപീകരിക്കുമ്പോൾ ഇക്കാര്യത്തിൽ കൂടുതൽ വ്യക്തതയുണ്ടാകുന്നതാണ്.

(ഡി) പുതിയ നിയമ വ്യവസ്ഥ പ്രകാരം സബ്സിഡിയറി സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ഒരു സംഘത്തിനും അനുമതി നൽകിയിട്ടില്ല. ടി നിയമപ്രകാരം സബ്സിഡിയറി സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനായി അപേക്ഷകളൊന്നും തന്നെ ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

## വാണിജ്യനികുതി വകുപ്പിലെ ക്രമക്കേടുകൾ

**20 (*49)** ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. കെ. കെ. നാരായണൻ :
ഡോ. കെ. ടി. ജലീൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാണിജ്യനികുതി വകുപ്പിൽ ക്രമക്കേടുകൾ നടക്കുന്നതു സംബന്ധിച്ച ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കൈക്കൂലി വാങ്ങുന്നത് ഒളിക്യാമറ ദൃശ്യങ്ങളിലൂടെ പുറത്തുവന്ന കാര്യങ്ങളെക്കുറിച്ചുൾപ്പെടെ അന്വേഷണം നടത്തുകയുണ്ടായോ ;

(ബി) വാണിജ്യനികുതി കമ്മീഷണറേറ്റിൽ ക്രമവിരുദ്ധമായ സ്ഥലം മാറ്റങ്ങൾക്ക് പിന്നിൽ അഴിമതി നടന്നതായുള്ള ആക്ഷേപങ്ങൾ അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(സി) നികുതി പിരിവിൽ അഴിമതി നടത്താൻ ചെക്ക് പോസ്റ്റുകളിലേക്ക് കോഴ കൊടുത്ത് നിയമനം തരപ്പെടുത്തിയവരെ കുറിച്ചുള്ള ആക്ഷേപങ്ങളിൽ അന്വേഷണം നടത്തുമോയെന്ന് വ്യക്തമാക്കുമോ ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) വാണിജ്യ നികുതി വകുപ്പ് ഉദ്യോഗസ്ഥർ കൈക്കൂലി വാങ്ങുന്നത് ഒളിക്യാമറ ദൃശ്യങ്ങളിലൂടെ പുറത്തു വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഉദ്യോഗസ്ഥരെ 5-3-2013-ലെ സ.ഉ. (സാധാ) നമ്പർ 188/13/റ്റി.ഡി. ഉത്തരവു പ്രകാരം സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്യുകയും ഇക്കാര്യത്തെക്കുറിച്ച് അന്വേഷണം നടത്തുന്നതിലേക്കായി വാണിജ്യ നികുതി കമ്മീഷണർക്ക് സർക്കാർ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഒരു ജോയിന്റ് കമ്മീഷണർ, ഒരു ഡെപ്യൂട്ടി കമ്മീഷണർ, ഒരു അസിസ്റ്റന്റ് കമ്മീഷണർ എന്നിവർ ഉൾപ്പെട്ട അന്വേഷണ സംഘത്തെ ചുമതലപ്പെടുത്തുകയുണ്ടായി. ഈ അന്വേഷണ സംഘം ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) വാണിജ്യ നികുതി കമ്മീഷണറേറ്റിൽ സ്ഥലംമാറ്റം നടത്തുന്നതിൽ ക്രമക്കേടോ അഴിമതിയോ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആയതിനാൽ അത്തരത്തിലുള്ള ഒരന്വേഷണവും നിലവിലില്ല.

(സി) നിയമന കാര്യങ്ങളിൽ ആക്ഷേപങ്ങളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

**റെയിൽവേ ഓവർബ്രിഡ്ജ്, സബ്‌വേകൾ എന്നിവയുടെ നിർമ്മാണം**

21 (*50) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. ബാബു എം. പാലിശ്ശേരി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റെയിൽവേ ലെവൽ ക്രോസ്സുകളിൽ വർദ്ധിച്ചു വരുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനായി റെയിൽവേ ഓവർബ്രിഡ്ജ് സ്ഥാപിക്കുന്നതിനും ജീവനക്കാരില്ലാത്ത ലെവൽ ക്രോസ്സുകളിൽ ജീവനക്കാരെ നിയമിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ ;

(ബി) സംസ്ഥാനത്ത് എത്ര റെയിൽ മേൽപ്പാലങ്ങൾ നിർമ്മിക്കാനാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളതെന്നും ഇവയുടെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാകുമെന്നും വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ ഏതെല്ലാം സ്ഥലങ്ങളിൽ സബ്‌വേകൾ നിർമ്മിക്കാൻ റെയിൽവേ നിർദ്ദേശം നൽകിയിട്ടുണ്ട് ;

(ഡി) ഇവയുടെ നിർമ്മാണം സംബന്ധിച്ച് ഇപ്പോഴത്തെ സ്ഥിതിയെന്താണെന്ന് വ്യക്തമാക്കുമോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):

(എ) സംസ്ഥാനത്തെ റെയിൽവേ ലെവൽ ക്രോസ്സുകളിൽ റെയിൽ ഓവർബ്രിഡ്ജ് സ്ഥാപിക്കുന്നതിനുള്ള അനുമതി നൽകേണ്ടത് റെയിൽവേ അധികൃതരാണ്. കേരളത്തിൽ ഉൾപ്പെട്ടിട്ടുള്ള പാലക്കാട്, തിരുവനന്തപുരം ഡിവിഷനുകളിൽ, പാലക്കാട് ഡിവിഷന് കീഴിലുള്ള എല്ലാ ലെവൽ ക്രോസുകളിലും ഗേറ്റ് കീപ്പർമാരെ നിയോഗിച്ചിട്ടുണ്ടെന്നും തിരുവനന്തപുരം ഡിവിഷനു കീഴിലുള്ള ഗേറ്റ് കീപ്പറില്ലാത്ത ലെവൽ ക്രോസുകളിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി 2013-14 സാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കുന്നതാണെന്നും റെയിൽവേ അധികൃതർ അറിയിച്ചിട്ടുണ്ട്.

(ബി) 2013-14 സാമ്പത്തിക വർഷത്തെ റെയിൽവേ വർക്സ് പ്രോഗ്രാമിൽ ഉൾപ്പെടുത്തുന്നതിനായി 27 റെയിൽവേ മേൽപ്പാലങ്ങളുടെ പട്ടിക സംസ്ഥാന സർക്കാർ റെയിൽവേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. 15 റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം 2013-14 സാമ്പത്തിക വർഷത്തെ റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷം നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) വടക്കാഞ്ചേരി-മുള്ളങ്കുന്നത്തുകാവ്, തിരുവല്ല-ചെങ്ങന്നൂർ, കായംകുളം-ഓച്ചിറ, മുതലമട-കൊല്ലങ്കോട് എന്നീ 4 സബ് വേകൾ പുതുതായി നിർമ്മിക്കുന്നതിന് റെയിൽവേ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## സ്വകാര്യബസ്സുകളുടെ അനധികൃത സർവ്വീസ്

22 (*51) ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ബി. സത്യൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെർമിറ്റില്ലാതെ സ്വകാര്യ ബസ്സുകൾ സർവ്വീസ് നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ;

(ബി) കൊല്ലം, പത്തനംതിട്ട ജില്ലകൾ കേന്ദ്രീകരിച്ച് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് ദേശസാൽകൃത റൂട്ടുകളിലടക്കം നികുതി അടയ്ക്കാതെ സ്വകാര്യ ബസ്സുകൾ സർവ്വീസ് നടത്തുന്നത് തടയുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ;

(സി) മുഖ്യമന്ത്രിയുടെ ജനസമ്പർക്കപരിപാടികളിൽ ഇത്തരം അനധികൃത സർവ്വീസുകൾ സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചുവെന്നും അവയിൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വിശദമാക്കാമോ ?

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) ഉണ്ട്. നിയമവിരുദ്ധമായി പെർമിറ്റില്ലാതെ സർവ്വീസ് നടത്തുന്ന സ്വകാര്യ ബസ്സുകൾക്കെതിരെ 1988-ലെ മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 207 അനുശാസിക്കുന്ന പ്രകാരം വാഹനം കസ്റ്റഡിയിലെടുത്ത് നിയമാനുസൃതമായ തുടർനടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) നികുതിയടയ്ക്കാതെ സർവ്വീസ് നടത്തുന്നതായി പരിശോധനയിൽ കണ്ടെത്തിയാൽ വാഹനം കസ്റ്റഡിയിലെടുക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പരാതികൾ ലഭിച്ചിട്ടില്ല.

## ഓൺലൈൻ വഴി വൈദ്യുതി ചാർജ് അടയ്ക്കുന്നതിന് സംവിധാനം

23 (*52) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ജോസഫ് വാഴക്കൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതിചാർജ് ഓൺലൈൻവഴി അടയ്ക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഏതെല്ലാം തരത്തിലുള്ള ഉപഭോക്താക്കൾക്കാണ് പ്രസ്തുത സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത സംവിധാനം ഏതെല്ലാം സ്ഥലങ്ങളിൽ ലഭ്യമാക്കിയിട്ടുണ്ട് ; വിശദമാക്കുമോ ;

(ഡി) എല്ലാ ഉപഭോക്താക്കൾക്കും വൈദ്യുതിചാർജ് ഓൺലൈൻവഴി അടയ്ക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുമോ ?

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) കെ.എസ്.ഇ.ബി.-യുടെ ഔദ്യോഗിക വെബ്സൈറ്റായ മുഖേന വിസാ/മാസ്റ്റർ കാർഡ് തുടങ്ങിയ ഡെബിറ്റ്/ക്രെഡിറ്റ് കാർഡുകൾ മുഖേനയും പ്രമുഖ ബാങ്കുകൾവഴി നെറ്റ് ബാങ്കിംഗിലൂടെയും വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം 6-7-2011 മുതൽ നിലവിലുണ്ട്.

(ബി) എച്ച്.റ്റി./ഇ.എച്ച്.റ്റി. വിഭാഗത്തിൽപ്പെട്ട ഉപഭോക്താക്കൾക്കാണ് ഈ സംവിധാനം നിലവിൽ ലഭ്യമാക്കിയിട്ടുള്ളത്.

(സി) സംസ്ഥാനത്തൊട്ടാകെയുള്ള എച്ച്.റ്റി./ഇ.എച്ച്.റ്റി. വിഭാഗത്തിൽപ്പെട്ട ഉപഭോക്താക്കൾക്ക് ഈ സംവിധാനം ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) വൈദ്യുതി ബോർഡിലെ മുഴുവൻ വൈദ്യുതി ഉപഭോക്താക്കൾക്കും വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള സത്വര നടപടികൾ വൈദ്യുതി ബോർഡ് എടുത്തു വരികയാണ്. 2013 ഏപ്രിൽ മുതൽ ഈ സംവിധാനത്തിന് തുടക്കം കുറിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്.

## സംസ്ഥാനത്തെ റെയിൽവേ പദ്ധതികൾ

24 (*53) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. സി. ദിവാകരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. കെ. അജിത് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റെയിൽവെ ചരക്ക് കൂലി വർദ്ധനവ് സംസ്ഥാനത്തെ എങ്ങനെ ബാധിക്കുമെന്ന് വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്തെ റയിൽവെയുടെ വികസനത്തിനായി എന്തെല്ലാം പദ്ധതികൾ കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കാലയളവിൽ കൊണ്ടുവരാൻ കഴിഞ്ഞ പുതിയ ട്രെയിനുകൾ എത്ര, പാത ഇരട്ടിപ്പിക്കൽ, വൈദ്യുതീകരണം, പുതിയ റെയിൽപ്പാത എന്നിവയ്ക്കായി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തിയിട്ടുണ്ടെങ്കിൽ അതിന്റെ ഫലം എന്തായിരുന്നുവെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനത്തെ നടപ്പു റെയിൽവെ പദ്ധതികളുടെ വിഹിതം ഇപ്പോൾ വെട്ടിക്കുറച്ചിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം പദ്ധതികൾക്ക് എത്രമാത്രം കുറവാണ് വരുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) റെയിൽവേ ചരക്ക് കൂലി വർദ്ധന എല്ലാ സംസ്ഥാനങ്ങൾക്കും ബാധകമാണ്.

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം പാലക്കാട് റെയിൽ കോച്ച് ഫാക്ടറിക്കായി സ്ഥലം കേന്ദ്ര സർക്കാരിനു നൽകുകയും അങ്കമാലി ശബരി ലൈനിന്റെ അലൈൻമെന്റ് നിശ്ചയിക്കുന്നത് അന്തിമ ഘട്ടത്തിലെത്തിക്കുകയും പാത ഇരട്ടിപ്പിക്കലിൽ ഗണ്യമായ പുരോഗതി വരുത്തുകയും ചെയ്തിട്ടുണ്ട്. 2013-14-ലെ സംസ്ഥാന ബഡ്ജറ്റിൽ റെയിൽവേ വികസന പദ്ധതികൾ സംസ്ഥാനങ്ങളുടെ സാമ്പത്തിക സഹകരണത്തോടെ നടപ്പിലാക്കുന്ന കേന്ദ്ര പദ്ധതി കേരളത്തിലും ആരംഭിക്കുന്നതാണെന്ന് പ്രഖ്യാപിക്കുകയും അതനുസരിച്ച് കൊച്ചുവേളിയിൽ കോച്ച് റിപ്പയർ ആന്റ് മെയിന്റനൻസ് കേന്ദ്രം സ്ഥാപിച്ച് കേരളത്തിലെ കോച്ച് ലഭ്യത വർദ്ധിപ്പിക്കുന്നതിനായുള്ള പദ്ധതി ഈ വർഷം തന്നെ നടപ്പിലാക്കുന്നതിന് സംസ്ഥാന വിഹിതമായി 5 കോടി രൂപ മാറ്റി വയ്ക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ എറണാകുളം ജംഗ്ഷൻ സ്റ്റേഷൻ, തൃശ്ശൂർ, കൊല്ലം, കോഴിക്കോട്, കോട്ടയം റെയിൽവേ സ്റ്റേഷനുകൾ വികസിപ്പിക്കുന്നതിന് പത്ത് കോടി രൂപയും സംസ്ഥാന സർക്കാർ മാറ്റി വച്ചിട്ടുണ്ട്. ശബരി റെയിൽ പാത നിർമ്മാണം ഈ വർഷംതന്നെ തുടങ്ങുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2011-12-ലെ റെയിൽ ബഡ്ജറ്റിലെ പ്രഖ്യാപന പ്രകാരം താഴെപ്പറയുന്ന ട്രെയിനുകൾ ഓടിത്തുടങ്ങിയിട്ടുണ്ട്.

(i) ചെന്നൈ-തിരുവനന്തപുരം എ.സി. തുരന്തോ ദൈവാര ട്രെയിൻ

(ii) ദിബ്രുഗഢ്-കന്യാകുമാരി വീക്ക്‌ലി എക്സ്പ്രസ് ട്രെയിൻ

(iii) നിലമ്പൂർ റോഡ്-തിരുവനന്തപുരം രാജ്യറാണി എക്സ്പ്രസ്

(iv) എറണാകുളം-ബാംഗ്ലൂർ വീക്ക്‌ലി

(v) മംഗലാപുരം-പാലക്കാട് ഇന്റർസിറ്റി പ്രതിദിനം

(vi) ആലപ്പുഴവഴി എറണാകുളം-കൊല്ലം മെമു

(vii) നാഗർകോവിൽ-തിരുവനന്തപുരം പാസഞ്ചർ കൊച്ചുവേളി വരെ നീട്ടി

(viii) ഷൊർണ്ണൂർ-എറണാകുളം പാസഞ്ചർ എല്ലാ ദിവസവുമാക്കി

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തിന്റെ റെയിൽവേ ആവശ്യങ്ങൾ നടപ്പിലാക്കാനായി ആവശ്യമായ വകയിരുത്തലുകൾ 2013-14-ലെ റെയിൽവേ ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് 2012 നവംബർ മാസം ഒരു വിശദമായ നിവേദനം സമർപ്പിച്ചിട്ടുണ്ട്. നിവേദനത്തിന്റെ വിശദാംശം അനുബന്ധം I ആയി വച്ചിരിക്കുന്നു.*

ഇപ്പോൾ ഹരിപ്പാട്-അമ്പലപ്പുഴ, തുറവൂർ-എറണാകുളം, ചെങ്ങന്നൂർ-മുളംതുരുത്തി ഭാഗങ്ങളിലെ പാത ഇരട്ടിപ്പിക്കൽ പണി പുരോഗമിക്കുന്നു. 2013-14-ൽ വിവിധ പണികൾക്കായി കേന്ദ്ര സർക്കാർ അനുവദിച്ചിരിക്കുന്ന തുകകൾ താഴെപ്പറയുന്നു :

(i) പുതിയ ലൈനുകൾ - 12 കോടി രൂപ

(ii) ഗേജ് മാറ്റം - 20 "

(iii) പാത ഇരട്ടിപ്പിക്കൽ - 82.5 "

(iv) ROB/RUB - 20.58 "

(ഡി) ഇതുസംബന്ധിച്ച കണക്ക് താഴെപ്പറയുന്നു :

| *Plan Head* | *Revised Budget Grant 2012-13* | *Budget Grant 2013-14* | *Difference* |
|---|---|---|---|
| New line | 31.85 | 12.00 | (-) 19.85 |
| Guage Conversion | 8.00 | 20.00 | (+) 12.00 |
| Doubling | 141.47 | 82.5 | (-) 58.97 |
| ROBs/RUBs | 36.50 | 20.56 | (-) 15.94 |

## പാർപ്പിട നയം

25 (*54) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. വർക്കല കഹാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാർപ്പിടനയത്തിന് അന്തിമരൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഭവനനിർമ്മാണ മേഖലയുടെ വികസനത്തിന് എന്തെല്ലാം കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(സി) നയം നടപ്പിലാക്കുന്നതിന് മുൻപ് ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്യുന്ന കാര്യം പരിഗണിക്കുമോ ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ കെ. എം. മാണി) :

(എ) ഉണ്ട്. 18-11-2011-ലെ സ.ഉ.(എം.എസ്)നമ്പർ 35/2011/ഭവനം പ്രകാരം കേരള സംസ്ഥാന പാർപ്പിട നയം 2011 സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)*

(ബി) 'സുരക്ഷിത ഭവനം പൗരന്റെ അവകാശം' എന്ന സമീപനത്തിൽ അധിഷ്ഠിതമായാണ് പുതിയ പാർപ്പിട നയം തയ്യാറാക്കിയിരിക്കുന്നത്. സംസ്ഥാനത്തെ വാസസ്ഥലങ്ങളുടെ സുസ്ഥിരമായ വികസനത്തിനും പാവപ്പെട്ടവരും പാർശ്വവൽക്കരിക്കപ്പെട്ടവരും സാമൂഹ്യ അവസരങ്ങൾ ഇല്ലാത്തവരുമായ ആളുകളുടെ പാർപ്പിട ആവശ്യങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകിക്കൊണ്ട് എല്ലാ വിഭാഗം വരുമാനക്കാർക്കും താങ്ങാനാവുന്ന വിലയിൽ വസ്തു, കിടപ്പാടം, സേവനങ്ങൾ എന്നിവയുടെ നീതിപൂർവ്വകമായ വിതരണം ഉറപ്പാക്കുന്നതിനും പാർപ്പിടനയം മുൻഗണന നൽകുന്നു. ഭൂരഹിതർ, പട്ടികജാതി-പട്ടികവർഗ്ഗക്കാർ, മത്സ്യത്തൊഴിലാളികൾ, പരമ്പരാഗത മേഖലയിലെ തൊഴിലാളികൾ, പാവപ്പെട്ടവരിൽ പാവപ്പെട്ടവർ എന്നിവർക്ക് 'സുരക്ഷിത ഭവനം' എന്നത് ഈ പാർപ്പിട നയത്തിന്റെ മുഖ്യലക്ഷ്യമാണ്. പൊതുതാൽപ്പര്യം ഉറപ്പുവരുത്തുന്നതിനുള്ള രക്ഷാ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് സംസ്ഥാനത്തെ ഭവന നിർമ്മാണ മേഖലയിലെ അടിസ്ഥാന സൗകര്യ വികസന കാര്യങ്ങളിൽ പൊതു-സ്വകാര്യ-പങ്കാളിത്ത (പബ്ലിക്-പ്രൈവറ്റ്-പാർട്നർഷിപ്പ്) പൊതു-സ്വകാര്യ-പഞ്ചായത്ത്-പങ്കാളിത്ത (പബ്ലിക്-പ്രൈവറ്റ്-പഞ്ചായത്ത്-പാർട്നർഷിപ്പ്) വികസന സാമ്പത്തിക മാതൃകകൾ രൂപപ്പെടുത്തുന്നതിനും പാർപ്പിടനയം മുൻഗണന നൽകുന്നു. കൂടാതെ, കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ, ഹൗസിംഗ് സെക്ടർ റെഗുലേറ്ററി അതോറിറ്റി എന്നിവ സ്ഥാപിക്കുന്നതിനും ഷെൽട്ടർ ഫണ്ട്, ഹൗസിംഗ് റിസ്ക് ഫണ്ട്, ടെക്നോളജി ഇന്നവേഷൻ ഫണ്ട് എന്നിവ രൂപീകരിക്കുന്നതിനും കേരള ബിൽഡിംഗ്സ് (ലീസ് ആന്റ് റെന്റ് കൺട്രോൾ) ആക്ട്, അപ്പാർട്ട്മെന്റ് ഓണർഷിപ്പ് ആക്ട് എന്നിവ അടിയന്തരമായി പരിഷ്കരിക്കുന്നതിനും പ്രവാസി ഇന്ത്യക്കാരുടെയും പ്രവാസി കേരളീയരുടെയും പാർപ്പിട ആവശ്യങ്ങൾ നേടുന്നതിനുമുള്ള കർമ്മപദ്ധതിക്ക് രൂപം നൽകുന്നതിനും പാർപ്പിടനയം മുൻഗണന നൽകുന്നു.

(സി) നയം അംഗീകരിക്കുന്നതിനുമുമ്പായി പൊതുസമൂഹത്തിന്റെ അഭിപ്രായം ആരായുന്നതിന് കരട് നയം സർക്കാർ വെബ്സൈറ്റിലും ഹൗസിംഗ് ബോർഡ്, നിർമ്മിതി കേന്ദ്രം എന്നിവയുടെ വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുകയും ബന്ധപ്പെട്ടവരും തത്പരകക്ഷികളുമായി വിശദമായി ചർച്ച ചെയ്ത് അഭിപ്രായങ്ങൾ സമന്വയിപ്പിക്കുകയും ചെയ്തിരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

## ഫ്ളോട്ടിംഗ് ത്രിവേണി സൂപ്പർ സ്റ്റോറുകൾ

26 (*55) ശ്രീ. പി. എ. മാധവൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫ്ളോട്ടിംഗ് ത്രിവേണി സൂപ്പർ സ്റ്റോറുകളുടെ സേവനം കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ; വിശദാംശം എന്തെല്ലാം ;

(ബി) പ്രസ്തുത സ്റ്റോറുകൾ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നത് ;

(സി) എന്തെല്ലാം സബ്സിഡി സൗകര്യങ്ങളാണ് ഉപഭോക്താക്കൾക്ക് പ്രസ്തുത സ്റ്റോറുകൾ വഴി ലഭിക്കുന്നത് ;

(ഡി) തീരപ്രദേശങ്ങളിലുള്ളവർക്കും ജലമാർഗ്ഗങ്ങളെ ആശ്രയിക്കുന്നവർക്കും പ്രസ്തുത സൗകര്യം ലഭിക്കുന്നതിന് അവസരം ഒരുക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഇ) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ):

(എ) കൺസ്യൂമർ ഫെഡറേഷന്റെ എല്ലാ ഫ്ളോട്ടിംഗ് ത്രിവേണി സ്റ്റോറുകളിലൂടെയും കാര്യക്ഷമമായ സേവനം ഉപഭോക്താക്കൾക്ക് ലഭ്യമാക്കി വരുന്നു. ഫ്ളോട്ടിംഗ് ത്രിവേണികളുടെ പ്രവർത്തന പരിധിയിൽപ്പെടുന്ന പ്രദേശങ്ങളിലെ ജനപ്രതിനിധികൾ, പഞ്ചായത്ത് അധികാരികൾ, ഉപഭോക്തൃ പ്രതിനിധികൾ, സാമൂഹ്യക്ഷേമ പ്രവർത്തകർ, കൺസ്യൂമർ ഫോറം പ്രതിനിധികൾ എന്നിവരുമായി കൂടിയാലോചിച്ച് ഫ്ളോട്ടിംഗ് ത്രിവേണികളിലൂടെ ലഭ്യമാകുന്ന സേവനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ബി) ഫ്ളോട്ടിംഗ് ത്രിവേണി സ്റ്റോറുകൾ താഴെപ്പറയുന്ന സ്ഥലങ്ങളിൽ പ്രവർത്തിച്ചുവരുന്നു.

| ക്രമനമ്പർ | ഫ്ളോട്ടിംഗ്ത്രിവേണി പ്രവർത്തിക്കുന്ന സ്ഥലം | ജില്ല |
|---|---|---|
| (1) | (2) | (3) |
| 1 | കുട്ടനാട് | ആലപ്പുഴ |
| 2 | അപ്പർ കുട്ടനാട് | ആലപ്പുഴ |
| 3 | കുണ്ടറ | കൊല്ലം |

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) | (3) |
|---|---|---|
| 4 | പനങ്ങാട് | എറണാകുളം |
| 5 | ഹരിപ്പാട് | ആലപ്പുഴ |
| 6 | പുതുപ്പള്ളി | കോട്ടയം |
| 7 | ചവറ | കൊല്ലം |

(സി) സംസ്ഥാനത്തെ പ്രധാനപ്പെട്ട ഉൽസവകാലങ്ങളോടനുബന്ധിച്ച് സഹകരണ മേഖലയിൽ നടത്തിവരുന്ന സബ്സിഡി വിപണനത്തിന്റെ ആനുകൂല്യങ്ങൾ ഫെഡറേഷന്റെ മറ്റ് ത്രിവേണി യൂണിറ്റുകളിലെന്നപോലെ ഫ്ളോട്ടിംഗ് ത്രിവേണി യൂണിറ്റുകളിലും ലഭ്യമാണ്. ഇതിനുപുറമേ നന്മ സ്റ്റോറുകൾ മുഖാന്തിരം വിൽപ്പന നടത്തുന്ന 10 ഇനം നിത്യോപയോഗ സാധനങ്ങൾ പൊതുവിപണിയെക്കാൾ ശരാശരി 20 ശതമാനം വിലക്കുറവിൽ ഫ്ളോട്ടിംഗ് ത്രിവേണികളിലൂടെയും ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നുണ്ട്.

(ഡി&ഇ) തീരപ്രദേശങ്ങളിൽപ്പെട്ടതും വെള്ളത്താൽ ചുറ്റപ്പെട്ടതും, കരമാർഗ്ഗമുള്ള സഞ്ചാര സൗകര്യവും ഷോപ്പിംഗ് സൗകര്യവും കുറവുള്ളതുമായ പ്രദേശങ്ങളിലുള്ളവർക്കും സാധനങ്ങൾ വാങ്ങുന്നതിന് ജലമാർഗ്ഗങ്ങളെ ആശ്രയിക്കുന്നവർക്കും പ്രയോജനപ്പെടുന്നതിനാണ് കൺസ്യൂമർഫെഡ് ഫ്ളോട്ടിംഗ് ത്രിവേണി സ്റ്റോർ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. ഫ്ളോട്ടിംഗ് ത്രിവേണികളെല്ലാംതന്നെ ഇത്തരം സ്ഥലങ്ങളിലാണ് പ്രവർത്തിച്ചു വരുന്നത്. ഏഴ് സ്ഥലങ്ങളിൽ ഫ്ളോട്ടിംഗ് ത്രിവേണികൾ ആരംഭിച്ചിട്ടുണ്ട്. മലബാർ മേഖലയിലുൾപ്പെടെ ഇത്തരം പ്രദേശങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നതിലേക്കായി മൂന്ന് ഫ്ളോട്ടിംഗ് ത്രിവേണികൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.

### കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സി.എൻ.ജി. ഇന്ധനം ഉപയോഗിക്കുന്നതിനുള്ള നടപടി

27 (*56) ശ്രീമതി ഗീതാ ഗോപി :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. കെ. അജിത് :
ശ്രീ. വി. ശശി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-ക്ക് ഡീസൽ സബ്സിഡി അനുവദിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത സബ്സിഡി അനുവദിക്കുന്നതു സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന്റെ തീരുമാനം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) ബസ്സുകൾ സി.എൻ.ജി.(സമ്മർദ്ദിത പ്രകൃതി വാതകം)-യിലേക്ക് മാറ്റണമെന്ന് കേന്ദ്ര നിർദ്ദേശമുണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത നിർദ്ദേശം നടപ്പാക്കുന്നതു സംബന്ധിച്ച് എന്തു തീരുമാനമെടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കെ.എസ്.ആർ.ടി.സി. ബസ്സുകൾ മുഴുവനും സി.എൻ.ജി.-യിലേക്ക് മാറ്റുന്നതിന് എത്ര സമയം വേണ്ടിവരും ; അതുവരെ കെ.എസ്.ആർ.ടി.സി. അടച്ചുപൂട്ടാതിരിക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) വൻകിട ഉപഭോക്താവ് എന്ന നിലയിലുള്ള ഡീസൽ വില വർദ്ധനവിൽ നിന്നും കെ.എസ്.ആർ.ടി.സി.-യെ ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്ര സർക്കാർ ഇക്കാര്യത്തിലുള്ള തീരുമാനം രേഖാമൂലം അറിയിച്ചിട്ടില്ല.

(ബി) ബഹു. മുഖ്യമന്ത്രിയും, ഗതാഗത വകുപ്പുമന്ത്രിയും, ബഹു. കേന്ദ്ര പെട്രോളിയം വകുപ്പുമന്ത്രിയുമായി ചർച്ച നടത്തിയപ്പോൾ ഇത്തരമൊരു നിർദ്ദേശം കേന്ദ്രം മുന്നോട്ടു വയ്ക്കുകയുണ്ടായി. ഇത് നടപ്പാക്കുന്നതിനെ കുറിച്ച് തീരുമാനം കൈക്കൊണ്ടിട്ടില്ല.

(സി) കെ.എസ്.ആർ.ടി.സി.-ക്ക് 6,000-നുമേൽ ബസ്സുകളുണ്ട്. എല്ലാ ബസ്സുകളും സി.എൻ.ജി.-യിലേക്കു മാറ്റുന്നത് പ്രായോഗികമല്ല. മൂന്ന് വർഷത്തിൽ താഴെ പഴക്കമുള്ളവ സി.എൻ.ജി.-യിലേക്ക് മാറ്റുന്നതാണ് അഭികാമ്യം. ഇതിനായി ബസ്സൊന്നിന് നാലുലക്ഷം രൂപ ചെലവുവരും. ബസ്സുകൾ മാറ്റുന്നതിനോടൊപ്പം തന്നെ സി.എൻ.ജി. സ്റ്റേഷനുകളും സ്ഥാപിക്കേണ്ടതുണ്ട്. ആയതിന് കൃത്യമായ സമയദൈർഘ്യം ഇപ്പോൾ പറയാൻ കഴിയുന്നില്ല. കെ.എസ്.ആർ.ടി.സി.-ക്ക് സ്പെഷ്യൽ പാക്കേജ് ഇനത്തിൽ 50 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഡീസൽ വില വർദ്ധനവുമൂലമുണ്ടായ പ്രതിസന്ധി തരണം ചെയ്യുന്നതിന് രണ്ട് മാസത്തെ അധിക ബാദ്ധ്യതയായ 28 കോടി രൂപയും തുടർന്ന് അനുവദിക്കുകയുണ്ടായി. കൂടാതെ 2013 മാർച്ച് മാസത്തിൽ 25 കോടി രൂപയും അനുവദിച്ചു.

## പരമ്പരാഗത വ്യവസായങ്ങൾ

28 (*57) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. പി. റ്റി. എ. റഹീം :
ശ്രീ. ബി. സത്യൻ :
ശ്രീ. സി. കൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങൾ തകരുകയാണെന്ന കാര്യം പ്രത്യേകമായി പരിഗണിച്ചിട്ടുണ്ടോ ;

(ബി) ഇവയെ സംരക്ഷിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ ;

(സി) ഈ മേഖലയിൽ മിനിമംകൂലി അടിസ്ഥാനത്തിൽ തുടർച്ചയായി ജോലി നൽകാൻ പറ്റാത്തവരെ പെൻഷൻ നൽകി റിട്ടയർ ചെയ്യുന്നതിന് അനുവദിക്കാൻ ഒരു പദ്ധതി തയ്യാറാക്കാനും മാസ പെൻഷൻ വർദ്ധിപ്പിക്കാനും തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) പരമ്പരാഗത വ്യവസായ മേഖലയുടെ സംരക്ഷണത്തിന് സർക്കാർ പ്രത്യേക ഊന്നൽ നൽകി ഈ മേഖലയുടെ ഉന്നമനത്തിനും പരിരക്ഷയ്ക്കുമായി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) പരമ്പരാഗത മേഖലയെ സംരക്ഷിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളെ സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) കൈത്തറി തൊഴിലാളികൾക്ക് മിനിമം കൂലി നൽകുന്നുണ്ട്. 58 വയസ്സുവരെ കൈത്തറി നെയ്ത്ത് തുടരുന്നവരും ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ളതുമായ കൈത്തറി നെയ്ത്തുകാർക്ക് ക്ഷേമനിധി ബോർഡ് വഴി പെൻഷൻ നൽകുന്നുണ്ട്. കയർ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾ 60 വയസ്സ് കഴിഞ്ഞ് സംഘത്തിൽനിന്നും പിരിഞ്ഞു പോകുന്നതിനെത്തുടർന്ന് കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായവർക്ക് അർഹമായ ക്ഷേമനിധി പെൻഷൻ ഇപ്പോൾ നൽകിവരുന്നുണ്ട്. ഖാദി തൊഴിലാളികൾക്ക് മിനിമം വേതനം നൽകിവരുന്നുണ്ട്. ഖാദി നൂല്പുകാർക്കും നെയ്ത്തുകാർക്കും ഉല്പാദന ഇൻസെന്റീവും ഖാദി കമ്മീഷന്റെ പദ്ധതിയനുസരിച്ചുള്ള ആനുകൂല്യങ്ങളും നൽകിവരുന്നു. കൂടാതെ ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡുവഴി പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ഖാദി തൊഴിലാളികൾക്ക് നല്കുന്നുണ്ട്. കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനിലെ ജീവനക്കാർക്ക് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്, കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് എന്നിവ മുഖേന പെൻഷൻ ലഭിക്കുന്നുണ്ട്.

### സായൂജ്യം ഭൂ വികസന പദ്ധതി

29 (*58) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സായൂജ്യം ഭൂവികസന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ചെറിയ നഗരങ്ങളിലും ഗ്രാമങ്ങളിലും ഇടത്തരക്കാർക്ക് കുറഞ്ഞ വിലയ്ക്ക് പ്ലോട്ടുകൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇതിന്റെ ഗുണഭോക്താക്കളെ എങ്ങനെയാണ് കണ്ടെത്തുന്നത് ;

(ഇ) പ്ലോട്ടുകൾ വാങ്ങുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് ഗുണഭോക്താക്കൾക്ക് ലഭിക്കുന്നത് ; വിശദമാക്കുമോ ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) സംസ്ഥാനത്തെ ചെറിയ ടൗണുകളിലും ഗ്രാമങ്ങളിലും ഇടത്തരം വരുമാനക്കാർക്ക് താങ്ങാനാവുന്ന വിലയ്ക്ക് ഭവന നിർമ്മാണത്തിനായി പ്ലോട്ടുകൾ ലഭ്യമാക്കുക എന്നതാണ് സായുജ്യം ഭൂ വികസന പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം.

(ബി) ഉണ്ട്. കോട്ടയം ജില്ലയിലെ അയർകുന്നത്തും കാസർഗോഡ് ജില്ലയിലെ മാവൂറും, ഭവനനിർമ്മാണ ബോർഡിന്റെ സ്വന്തം സ്ഥലങ്ങളിൽ സായുജ്യം ഭൂ-വികസന പദ്ധതിയുടെ ആദ്യഘട്ടം നടപ്പിലാക്കുന്നതിനായി 12-12-2012-ലെ സ.ഉ. (എം.എസ്) നമ്പർ 74/12/ഭവനം-ലൂടെ സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

(സി) സായൂജ്യം ഭൂവികസന പദ്ധതി ഭവനനിർമ്മാണ ബോർഡ് സ്വാശ്രയാടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന പദ്ധതിയാണ്. പദ്ധതി നടപ്പിലാക്കുന്നതിനു മുമ്പായി ഉപഭോക്താക്കളെ കണ്ടെത്തി അവരിൽനിന്നും വിൽപ്പന വില ഘട്ടങ്ങളായി മുൻകൂറായി സ്വീകരിച്ചുകൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. മൂന്നു തവണകളായാണ് വിൽപ്പന വില സ്വീകരിക്കുന്നത്. പദ്ധതിക്കായി കണ്ടെത്തുന്ന ഉപഭോക്താക്കളുമായി എഗ്രിമെന്റ് വച്ച് വിൽപ്പന വിലയുടെ 80 ശതമാനം തുക പദ്ധതി തുടങ്ങുന്നതിനുമുമ്പായി സ്വീകരിക്കുന്നതും ബാക്കി തുക 10 ശതമാനം വീതമുള്ള രണ്ടു തവണകളായി 2 മാസത്തിലൊരിക്കൽ വീതം ശേഖരിക്കുന്നതുമാണ്. പൊതുലേലം/ക്വട്ടേഷൻ വ്യവസ്ഥയിൽ പ്ലോട്ടുകൾ വിൽക്കുന്നതാണ്. ഇതിനായുള്ള upset price (അടിസ്ഥാന വില) പദ്ധതി പ്രദേശത്തിന്റെ സമീപ പ്രദേശങ്ങളിലെ വികസിത ഭൂമിയുടെ മാർക്കറ്റ് വില നിരക്ക് പരിശോധിച്ചാണ് നിശ്ചയിക്കുന്നത്. ഉപഭോക്താവിന്റെ ആവശ്യാർത്ഥം കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്ക് deposit work ആയോ മറ്റ് രീതികളിലോ സാങ്കേതിക സഹായം കൺസൽട്ടൻസി ഫീസ് ഈടാക്കി ബോർഡ് നൽകുന്നതാണ്.

(ഡി) വീട് നിർമ്മാണത്തിനായി പ്ലോട്ടുകൾ ആവശ്യമുള്ളവരും പ്ലോട്ടിന്റെ വിൽപ്പന വില ബോർഡിൽ മുൻകൂറായി അടയ്ക്കാൻ തയ്യാറുള്ളവരുമായ ഇടത്തരം വരുമാനക്കാരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. ഗുണഭോക്താക്കളെ പദ്ധതി നടപ്പിലാക്കുന്നതിന് മുമ്പായി കണ്ടെത്തി അവരിൽനിന്നും വിൽപ്പന വില ഘട്ടങ്ങളിലായി മുൻകൂറായി സ്വീകരിച്ചുകൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി സംബന്ധിച്ച വിവരങ്ങൾ പത്രപരസ്യത്തിലൂടെ/ബോർഡിന്റെ വെബ്സൈറ്റിലൂടെ പൊതുജനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതും താൽപ്പര്യമുള്ള ഉപഭോക്താക്കളെ ബോർഡ് നിശ്ചയിക്കുന്ന upset price പ്രകാരം പൊതുലേലം/ക്വട്ടേഷൻ നടപടിക്രമങ്ങളിലൂടെ കണ്ടെത്തുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പ്ലോട്ടുകളുടെ വിൽപ്പന വില ഉപഭോക്താവിൽനിന്നും മൂന്ന് തവണകളായാണ് സ്വീകരിക്കുന്നത്. പദ്ധതിക്കായി പൊതു ലേലം/ക്വട്ടേഷൻ നടപടിക്രമങ്ങളിലൂടെ കണ്ടെത്തുന്ന ഉപഭോക്താക്കളുമായി എഗ്രിമെന്റ് വച്ച് വിൽപ്പന വിലയുടെ 80 ശതമാനം തുക പദ്ധതി തുടങ്ങുന്നതിന് മുമ്പായി ശേഖരിക്കുന്നതും, ബാക്കി തുക 10 ശതമാനം വീതമുള്ള രണ്ട് തവണകളായി പദ്ധതി കാലയളവിനുള്ളിൽ 2 മാസത്തിലൊരിക്കൽ വീതം ശേഖരിക്കുന്നതുമാണ്.

### കൊച്ചി മെട്രോ പദ്ധതിയിൽ സ്വകാര്യ പങ്കാളിത്തം

30 (*60) പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. എസ്. ശർമ്മ :
ശ്രീ. സാജു പോൾ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി മെട്രോ പദ്ധതിയിൽ സ്വകാര്യ പങ്കാളിത്തം ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി ചെലവ് ഇന്നത്തെ നിലയിൽ എത്രയായി വർദ്ധിപ്പിച്ചിട്ടുണ്ടാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(സി) പദ്ധതി പ്രവർത്തനം ആരംഭിക്കുന്നതിന് ഇനി എന്തെല്ലാം കാര്യങ്ങളിൽ അനുമതികൾ ലഭിക്കേണ്ടതായിട്ടുണ്ട് ; ഇനിയും തീരുമാനം എടുക്കേണ്ടതായ നിർണ്ണായകമായ സംഗതികൾ വിശദമാക്കാമോ ?

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ&ബി) ഇല്ല.

(സി) ഇടപ്പള്ളി മുതൽ ആലുവ വരെയുള്ള ദേശീയ പാതയിൽ മെട്രോ റെയിൽ നിർമ്മാണം നടത്തുന്നതിന് ദേശീയപാത അതോറിറ്റിയുടെ അന്തിമ അനുമതി ലഭിക്കേണ്ടതായിട്ടുണ്ട്.

## (ii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### വൈദ്യുതി ബോർഡിന്റെ സാമ്പത്തിക സ്ഥിതി

1 (357) ശ്രീ. എ. കെ. ബാലൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി മേഖലയിൽ കേന്ദ്ര സർക്കാർ ലക്ഷ്യമിടുന്ന സാമ്പത്തിക പുനരുദ്ധാരണ പാക്കേജ് സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് അറിയിച്ചത് ; അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പാക്കേജിന്റെ ഭാഗമായി പ്രസരണ നഷ്ടം ഒഴിവാക്കുന്നതിന് ലഭിക്കുന്ന കേന്ദ്ര സഹായം എത്രയാണെന്ന് വ്യക്തമാക്കപ്പെട്ടിട്ടുണ്ടോ ; ഇപ്പോഴത്തെ പ്രസരണ നഷ്ടം എത്ര ശതമാനമാണ് എന്നറിയിക്കുമോ ;

(സി) പ്രസ്തുത പാക്കേജിന്റെ ഭാഗമായി സംസ്ഥാന വൈദ്യുതി ബോർഡിന് ലഭിക്കുന്ന മറ്റ് സാമ്പത്തിക സഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായം ഉൾപ്പെടെ ബോർഡിന്റെ 2012-13 സാമ്പത്തിക വർഷത്തെ വരുമാനം എത്ര രൂപയായിരുന്നു ;

(ഇ) ഈ സാമ്പത്തിക വർഷം വൈദ്യുതി വാങ്ങാനും വികസന പ്രവർത്തനങ്ങൾക്കുമായി എത്ര രൂപ ചെലവഴിച്ചു ;

(എഫ്) ഈ സാമ്പത്തിക വർഷം ശമ്പളം-പെൻഷൻ-പലിശ എന്നിവയ്ക്ക് എത്ര രൂപ ചെലവഴിച്ചു ;

(ജി) മറ്റ് ഇനങ്ങളിലായി എത്ര രൂപ ചെലവഴിച്ചു ; വിശദമാക്കുമോ ;

(എച്ച്) ബോർഡിന്റെ ആസ്തി-ബാദ്ധ്യതകൾ കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

ഉത്തരം

(എ) വൈദ്യുതി ബോർഡിന്റെ സാമ്പത്തിക പുനരുദ്ധാരണ സ്കീമിൽ സംസ്ഥാനം ചേരുന്നതും ആയത് സംസ്ഥാന വിതരണ സ്ഥാപനമായ വൈദ്യുതി ബോർഡിൽ നടപ്പിലാക്കുന്നതും സംബന്ധിച്ച വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും 19-2-2013-ൽ ചേർന്ന മന്ത്രിസഭായോഗം സാമ്പത്തിക പുനരുദ്ധാരണ പദ്ധതിയിൽ സംസ്ഥാന സർക്കാരും ചേരുന്നതാണെന്നും സ്വകാര്യ ഫ്രാഞ്ചൈസിയും പൊതു സ്വകാര്യ മേഖലാ പങ്കാളിത്തവും (Public-Private-Participation) ഉണ്ടായിരിക്കുന്നതല്ലെന്ന് കേന്ദ്ര സർക്കാരിനോട് വ്യക്തമാക്കേണ്ടതാണെന്നും തീരുമാനിക്കുകയുണ്ടായി. തദനുസരണം സംസ്ഥാന സർക്കാരിന്റെ നിലപാട് വ്യക്തമാക്കിക്കൊണ്ട് കേന്ദ്ര സർക്കാരിന് 27-2-2013-ൽ കത്ത് നൽകിയിട്ടുണ്ട്. കത്തിന്റെ പകർപ്പ് അനുബന്ധം I ആയി ചേർക്കുന്നു.*

(ബി) കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക പുനഃസംഘടനാ പാക്കേജിലെ നിബന്ധന 2.6 പ്രകാരം പ്രസരണ നഷ്ടം കുറയ്ക്കുന്നതിന്റെ ഭാഗമായി പ്രോത്സാഹന സഹായം നൽകാൻ താഴെപ്പറയുന്ന രീതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. R-APDRP-ൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള മാനദണ്ഡങ്ങൾക്കു പുറമേ അധികമായി സംരക്ഷിക്കപ്പെടുന്ന ഊർജ്ജത്തിന്റെ തത്തുല്യമായ തുക കണക്കാക്കി ആ തുക ധനസഹായമായി നൽകുമെന്നാണ് പറഞ്ഞിരിക്കുന്നത്. R-APDRP മാനദണ്ഡങ്ങൾ പാലിക്കുന്ന പ്രകാരമാണ് ബോർഡിന് ഇതിനുള്ള അർഹത ലഭിക്കുന്നത്. 2011-12 സാമ്പത്തിക വർഷത്തെ താത്ക്കാലിക കണക്കുപ്രകാരമുള്ള പ്രസരണ നഷ്ടം 15.65 ശതമാനമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത പാക്കേജ് പ്രകാരം 31-3-2012 വരെയുള്ള ബോർഡിന്റെ ഹ്രസ്വകാല ബാധ്യതയായ 2640.63 കോടി രൂപയുടെ 50 ശതമാനമായ 1320.32 കോടി രൂപ കേരളാ ഗവൺമെന്റ് ഏറ്റെടുക്കേണ്ടതും തത്തുല്യ തുകയ്ക്ക് ഗ്യാരണ്ടിയുള്ള കടപ്പത്രങ്ങളായി പുറപ്പെടുവിക്കുന്നതുമായിരിക്കും. കേന്ദ്ര ഗവൺമെന്റിന്റെ നിർബന്ധിത നിബന്ധനകൾ പാലിക്കുന്നപക്ഷം ഇതിന്റെ 25 ശതമാനം കേന്ദ്ര ഗവൺമെന്റ് ഗ്രാന്റായി നൽകുന്നതായിരിക്കും. കൂടാതെ ബോർഡിന്റെ ബാക്കിയുള്ള ഹ്രസ്വകാല വായ്പകൾ ദീർഘകാല വായ്പകളായി മാറുകയും ചെയ്യും.

(ഡി-ജി) 2012-13 സാമ്പത്തിക വർഷം അവസാനിച്ചിട്ടില്ലാത്തതിനാൽ കണക്കെടുപ്പ് പൂർത്തിയായിട്ടില്ല.

(എച്ച്) വൈദ്യുതി ബോർഡ് സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ആസ്തി-ബാദ്ധ്യതകൾ കണക്കാക്കുകയും കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ ആഡിറ്റിനു വിധേയമാക്കി നിയമസഭയിൽ സമർപ്പിക്കുകയും ചെയ്യാറുണ്ട്. 2011-12-ലെ ആഡിറ്റ് നടന്നുകൊണ്ടിരിക്കുന്ന ആസ്തി-ബാദ്ധ്യതാ പത്രത്തിന്റെ പകർപ്പ് അനുബന്ധം II ആയി ചേർക്കുന്നു.* കോപ്പി ഇതോടൊപ്പം നൽകുന്നു. സംസ്ഥാന വൈദ്യുതി ബോർഡിന്റെ 31-3-2012-ലെ ആഡിറ്റ് ചെയ്യാത്ത താത്ക്കാലിക കണക്കുപ്രകാരം ഫിക്സഡ് അസറ്റുകളുടെ ഗ്രോസ് വാല്യൂ 12073.79 കോടി രൂപയും ഇതുവരെയുള്ള തേയ്മാന ചെലവ് (ഡിപ്രീസിയേഷൻ) കഴിഞ്ഞുള്ള ഫികസഡ് അസറ്റുകളുടെ നെറ്റ് വാല്യൂ 6759.04 കോടി രൂപയുമാണ്. പ്രസ്തുത നെറ്റ് വാല്യുവും നെറ്റ് കറണ്ട് അസറ്റും കൂടെ മൊത്തം ആസ്തി 11074.76 കോടി രൂപയാണ് (അനുബന്ധം II)*. ബോർഡിന്റെ ബാധ്യത ഇപ്രകാരമാണ്. ക്യാപ്പിറ്റൽ ലയബിലിറ്റീസ് 1356.34 കോടി രൂപയും വർക്കിംഗ് ക്യാപ്പിറ്റലിനു വേണ്ടിയുള്ള ലോൺ 1114.49 കോടി രൂപയുമാണ്. മറ്റ് കറണ്ട് ലയബിലിറ്റീസ് 6281.89 കോടി രൂപയാണ്.

## വൈദ്യുതി ബോർഡിന്റെ 2011-12-ലെ പ്രവർത്തനം

2 (358) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡിന്റെ കണക്കു പ്രകാരം 2011-12 സാമ്പത്തിക വർഷത്തിൽ വൈദ്യുതി ബോർഡിന് ലാഭമോ നഷ്ടമോ കണക്കാക്കിയിട്ടുണ്ടോ ; എത്രയെന്ന് വിശദമാക്കുമോ ;

(ബി) കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ കണക്കുപ്രകാരം 1693 കോടി രൂപ നഷ്ടമുണ്ടെന്നത് ശരിയാണോ ; വ്യക്തമാക്കുമോ ;

(സി) പ്രസ്തുത നഷ്ടം കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് ബോർഡ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വൈദ്യുതി ബോർഡിന്റെ കണക്കുകൾപ്രകാരം 2011-12 സാമ്പത്തിക വർഷത്തിൽ വൈദ്യുതി ബോർഡിന്റെ റവന്യൂ കമ്മി 1934.13 കോടി രൂപയാണ്.

(ബി) നിലവിലുള്ള നിയമപ്രകാരം 2011-12 വർഷത്തേക്ക് 240.71 കോടി രൂപ ലാഭമായി കണക്കാക്കിയിട്ടുണ്ട്. 2011-12 സാമ്പത്തിക വർഷത്തിലെ ബോർഡിന്റെ ആകെ റവന്യൂ കമ്മിയായ 1934.13 കോടി രൂപയിൽനിന്നും മേൽപ്പറഞ്ഞ 240.71 കോടി രൂപ തട്ടികിഴിച്ചതിനുശേഷമുള്ള സഞ്ചിത നഷ്ടം 1693.42 കോടി രൂപയാണ്.

(സി) 2011-12-ലെ റവന്യൂ കമ്മി റഗുലേറ്ററി അസറ്റ് ആയി കണക്കാക്കി ടി കമ്മി നികത്തുന്നതിന് 2012-13-ലും 2013-14-ലും താരിഫ് പെറ്റീഷൻ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ, നിയമപ്രകാരം അനുവദിച്ച "Depreciation, Return on Equity" മുതലായ തുകകളും, ടി കാലയളവിലെ റവന്യൂ കമ്മി മുഖാന്തിരമുണ്ടായ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിന് ഉപയോഗിച്ചിട്ടുണ്ട്.

## വൈദ്യുതി ബോർഡിന്റെ കടവും വായ്പാച്ചെലവും

3 (359) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെക്കാണുന്ന ചോദ്യത്തിന് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2006 മാർച്ച് 31, 2011 മാർച്ച് 31 എന്നീ തീയതികളിൽ വൈദ്യുതി ബോർഡിന്റെ കടവും വായ്പാച്ചെലവും എത്ര വീതമായിരുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

2006 മാർച്ച് 31, 2011 മാർച്ച് 31 എന്നീ തീയതികളിലുള്ള വൈദ്യുതി ബോർഡിന്റെ കടവും പലിശയും മറ്റ് ഫിനാൻസ് ചാർജ്ജുകളിലും ചെലവായ തുക ചുവടെ ചേർക്കുന്നു :

| സാമ്പത്തിക വർഷം | കടം | പലിശയും മറ്റ് ഫിനാൻസ് ചാർജുകളും (രൂപ കോടിയിൽ) |
|---|---|---|
| 2005-06 | 3425.67 | 565.82 |
| 2010-11 | 1384.14 | 280.91 |

## വൈദ്യുതി ബോർഡിലെ ഓഡിറ്റിംഗ് സംവിധാനം

4 (360) ശ്രീ. ലൂഡി ലൂയിസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡിലെ ഓഡിറ്റിംഗ് സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഡിവിഷൻ തലത്തിൽ റീജിയണൽ ഓഡിറ്റിംഗ് ഓഫീസുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) റീജിയണൽ ഓഡിറ്റിംഗ് ഓഫീസുകളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിയുള്ള ഫീൽഡ് ഇൻസ്പെക്ഷനുകൾ ഊർജ്ജിതമാക്കുന്നതിനും അതുവഴി റവന്യൂ നഷ്ടം തടയുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഓഡിറ്റിംഗ് സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി റീജിയണൽ ആഡിറ്റ് ഓഫീസുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനു നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

(ബി) ഫീൽഡ് ഇൻസ്പെക്ഷൻ ഊർജ്ജിതമാക്കുന്നതിനായി നിലവിൽ പ്രതിമാസം 10 ഇൻസ്പെക്ഷൻ എന്നത് പ്രതിമാസം 25 ആക്കിക്കൊണ്ടുള്ള പുതിയ നിർദ്ദേശം പിരഗണനയിലിരിക്കുകയാണ്.

**സമ്പൂർണ്ണ വൈദ്യുതീകരണം**

5 (361) ശ്രീ. എം. ഹംസ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011 മേയ് മാസം വരെ സംസ്ഥാനത്തെ എത്ര അസംബ്ലി മണ്ഡലങ്ങളിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കിയിരുന്നു ; വിശദമാക്കുമോ ;

(ബി) 2011 മേയ് മാസം മുതൽ 2013 ഫെബ്രുവരി മാസം വരെ എത്ര അസംബ്ലി മണ്ഡലങ്ങൾ സമ്പൂർണ്ണമായി വൈദ്യുതീകരിച്ചു ; വിശദാംശം ലഭ്യമാക്കുമോ ;

(സി) 2011 മേയ് മാസം മുതൽ 2013 ഫെബ്രുവരി മാസം വരെ എത്ര ജില്ലകൾ സമ്പൂർണ്ണമായി വൈദ്യുതീകരിച്ചു ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) 1-2-2006 മുതൽ 30-4-2011 വരെ സംസ്ഥാനത്ത് എത്ര വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട് ;

(ഇ) 1-7-2011 മുതൽ 28-2-2013 വരെ സംസ്ഥാനത്ത് എത്ര വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ;

(എഫ്) 1-6-2006 മുതൽ 30-5-2011 വരെ സംസ്ഥാനത്തെ ഗാർഹിക ഉപഭോക്താക്കൾക്ക് എത്ര സി.എഫ്. ലാമ്പുകൾ വിതരണം ചെയ്തിട്ടുണ്ട് ;

(ജി) 1-6-2011 മുതൽ 28-2-2013 വരെ സംസ്ഥാനത്ത് എത്ര സി.എഫ്. ലാമ്പുകൾ വിതരണം ചെയ്തിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) 85 മണ്ഡലങ്ങളിൽ സമ്പൂർണ്ണ വൈദ്യുതീകരണ പ്രഖ്യാപനം നടന്നിരുന്നു. പട്ടിക അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) താനൂർ, ചടയമംഗലം എന്നീ രണ്ടു മണ്ഡലങ്ങളിലെ സമ്പൂർണ്ണ വൈദ്യുതീകരണ പ്രഖ്യാപനം 2011 മേയ് മാസത്തിനുശേഷം നടന്നു.

(സി) ഈ കാലയളവിൽ ജില്ലകളിൽ സമ്പൂർണ്ണ വൈദ്യുതീകരണ പ്രഖ്യാപനം നടന്നിട്ടില്ല.

(ഡി) 2/2006 മുതൽ 4/2011 വരെ 24,32,898 കണക്ഷനുകൾ നൽകിയിട്ടുണ്ട്.

(ഇ) 1-7-2011 മുതൽ 28-2-2013 വരെ 6,86,422 കണക്ഷനുകൾ നൽകിയിട്ടുണ്ട്.

(എഫ്) 1-6-2006 മുതൽ 30-5-2011 വരെ സംസ്ഥാനത്ത് 1.378 കോടി സി.എഫ്.എൽ. ലാമ്പുകൾ ഗാർഹിക ഉപഭോക്താക്കൾക്ക് ചുവടെ പറഞ്ഞിരിക്കുന്ന പദ്ധതികൾ പ്രകാരം വിതരണം ചെയ്തിട്ടുണ്ട്.

(a) ദശലക്ഷം സി.എഫ്.എൽ. വിതരണ പദ്ധതി - 10 ലക്ഷം

(b) ബജത്ത് ലാമ്പ് യോജന പദ്ധതി - 1278 കോടി

(ജി) 1-6-2011 മുതൽ 28-2-2013 വരെ 1.85 ലക്ഷം സി.എഫ്. ലാമ്പുകൾ ഗാർഹിക ഉപഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 0.53 ലക്ഷത്തോളം സി.എഫ്. ലാമ്പുകൾ വിതരണം ചെയ്തിട്ടുണ്ട്.

**വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ**

**6 (362)** ശ്രീ. എം. ഹംസ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒരു യൂണിറ്റ് വൈദ്യുതിയുടെ ഉല്പാദനച്ചെലവ് എത്രയാണ് ;

(സി) 2006-11 കാലഘട്ടത്തിൽ ഒരു യൂണിറ്റ് വൈദ്യുതിയുടെ ഉല്പാദന ചെലവ് എത്രയായിരുന്നു ;

(ഡി) ഈ സർക്കാർ സ്വകാര്യ പങ്കാളിത്തത്തോടുകൂടി എത്ര ചെറുകിട ജലവൈദ്യുത പദ്ധതികളാണ് ആരംഭിച്ചിട്ടുള്ളത് ; വിശദാംശം ലഭ്യമാക്കുമോ ;

(ഇ) എല്ലാ മേഖലകളിൽ നിന്നുമായി സംസ്ഥാനത്ത് ഇപ്പോൾ പ്രതിദിനം എത്ര അളവിൽ വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ട് ;

(എഫ്) സംസ്ഥാനത്തിന്റെ ഉപഭോഗത്തിനായി പ്രതിദിനം എത്ര യൂണിറ്റ് വൈദ്യുതിയാണ് ആവശ്യമായിട്ടുള്ളതെന്നറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) സംസ്ഥാനം ഏതെല്ലാം കാലയളവുകളിലാണ് വൈദ്യുതി മിച്ച സംസ്ഥാനമായിരുന്നത് ; വിശദാംശം ലഭ്യമാക്കാമോ ;

(എച്ച്) സംസ്ഥാനത്തെ വൈദ്യുതി മിച്ച സംസ്ഥാനമാക്കുന്നതിനായി ഏതെല്ലാം ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുവാനാണ് ലക്ഷ്യമിടുന്നത് ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ദീർഘകാലാടിസ്ഥാനത്തിൽ സാമ്പ്രദായിക മാർഗ്ഗങ്ങളിലൂടെ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനായി വിഭാവന ചെയ്തിട്ടുള്ള പദ്ധതികൾ ചുവടെ സൂചിപ്പിക്കുന്നവയാണ് :

ബ്രഹ്മപുരത്ത് സ്ഥാപിക്കുവാനുദ്ദേശിക്കുന്ന 1026 മെഗാവാട്ടിന്റെ വൈദ്യുത നിലയം വാതകാധിഷ്ഠിത പദ്ധതിയാണ്. അതിന്റെ ആദ്യ ഘട്ടമായി 350 മെഗാവാട്ടിന്റെ വൈദ്യുത ഉല്പാദന പദ്ധതിയാണ് ഉദ്ദേശിക്കുന്നത്. കായംകുളത്തെ 1050 മെഗാവാട്ടിന്റെ വൈദ്യുത നിലയം, പെട്രോനെറ്റ് എൽ.എൻ.ജി. 1200 മെഗാവാട്ട് പദ്ധതി (വാതകാധിഷ്ഠിത വൈദ്യുത നിലയം) എന്നിവ സജീവ പരിഗണനയിലാണ്.

12-ാം പഞ്ചവത്സരക്കാലത്ത് (2012-17) 25 ജലവൈദ്യുത പദ്ധതികൾ പൂർത്തിയാക്കി കമ്മീഷൻ ചെയ്യാൻ ലക്ഷ്യമിടുന്നു. ഇതുവഴി 248 മെഗാവാട്ടിന്റെ അധിക സ്ഥാപിത ശേഷി ലക്ഷ്യമിടുന്നു. കൂടാതെ 5 ജലവൈദ്യുത പദ്ധതികൾ (124 മെഗാവാട്ട്) ടെൻഡർ ചെയ്ത് നിർമ്മാണം ആരംഭിക്കുവാനും ലക്ഷ്യമിടുന്നു. ഇതിനു പുറമേ ഭരണാനുമതി ലഭിച്ച അതിരപ്പിള്ളി (163 മെഗാവാട്ട്), പൂയംകുട്ടി (210 മെഗാവാട്ട്) എന്നീ ജലവൈദ്യുത പദ്ധതികൾക്ക് കേന്ദ്രാനുമതി ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണം ആരംഭിക്കുവാനും ലക്ഷ്യമിടുന്നു. നിലവിൽ 32 മെഗാവാട്ട് (4 X 8 മെഗാവാട്ട്) ശേഷിയുള്ള പൊരിങ്ങൽകുത്ത് ജലവൈദ്യുത പദ്ധതി നവീകരിച്ച് (36 മെഗാവാട്ട്) (4 X 9 മെഗാവാട്ട്) ആയി ശേഷി വർദ്ധിപ്പിക്കാൻ ലക്ഷ്യമിടുന്നു.

പാരമ്പര്യേതര മാർഗ്ഗങ്ങളായ കാറ്റ്, സൗരോർജ്ജം എന്നിവയും പരമാവധി ഉപയോഗിക്കുവാൻ ലക്ഷ്യമിടുന്നു. ഈ പദ്ധതിക്കാലയളവിൽത്തന്നെ കാറ്റിൽനിന്നും 200 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് എൻ.ടി.പി.സി.-യുമായി ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ട്. മാത്രമല്ല പാലക്കാട്ടെ കഞ്ചിക്കോട് കിൻഫ്ര പാർക്കിൽ 22 മെഗാവാട്ടിന്റെ കാറ്റിൽ നിന്നുള്ള വൈദ്യുതി ഉല്പാദന പ്രവർത്തനങ്ങൾ M/s. INOX Ltd. എന്ന സ്വകാര്യ സംരംഭകർവഴി നടന്നുവരുന്നു. ഹൈഡ്രോ ഒഴികെ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽനിന്നും 50 മെഗാവാട്ടിന് കൂടുതലായുള്ള പദ്ധതികൾക്കായി 2-11-2012-ൽ Expression of Interest ക്ഷണിക്കുകയും അതിന്റെ തുടർപ്രവർത്തനങ്ങൾ നടന്നുവരികയും ചെയ്യുന്നു. വീടുകളിലും ഗവൺമെന്റ് ഓഫീസുകൾക്ക് മുകളിലായും സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ചുള്ള വൈദ്യുത ഉല്പാദന മാർഗ്ഗത്തിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അനെർട്ടിന്റെ ആഭിമുഖ്യത്തിൽ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായ സൂര്യപ്രകാശം, കാറ്റ് എന്നിവ ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. 10000 വീടുകളിൽ 1 കിലോവാട്ട് ശേഷിയുള്ള സോളാർ പ്ലാന്റുകൾ വ്യാപനം ചെയ്യുന്ന പദ്ധതി അനെർട്ട് നടപ്പാക്കിവരുന്നു.

(ബി) ജലവൈദ്യുതി നിലയങ്ങളിൽ നിന്നുള്ള ഒരു യൂണിറ്റ് വൈദ്യുതിയുടെ ശരാശരി ഉൽപ്പാദന ചെലവ് 78 പൈസയും ബോർഡിന്റെ ദ്രവ ഇന്ധന നിലയങ്ങളായ കെ.ഡി.പി.പി.. (KDPP), ബി.ഡി.പി.പി. (BDPP) എന്നിവയിൽ നിന്നുള്ള ഒരു യൂണിറ്റ് വൈദ്യുതിയുടെ ശരാശരി ഉൽപ്പാദന ചെലവ് 11 രൂപ 50 പൈസയും ആകുന്നു.

(സി) 2006-2011 കാലയളവിലെ ജലവൈദ്യുതി നിലയങ്ങളിൽ നിന്നുള്ള ഒരു യൂണിറ്റ് വൈദ്യുതിയുടെ ഉൽപ്പാദന ചെലവ് 75 പൈസയും കെ.ഡി.പി.പി.., ബി.ഡി.പി.പി. എന്നീ ദ്രവ ഇന്ധന നിലയങ്ങളിൽ നിന്നുള്ള ഒരു യൂണിറ്റ് വൈദ്യുതിയുടെ ശരാശരി ഉൽപ്പാദന ചെലവ് 5 രൂപ മുതൽ 11 രൂപ വരെയുമായിരുന്നു.

(ഡി) ഒരെണ്ണം. ഇരുട്ടുകാനം പദ്ധതിയുടെ രണ്ടാം ഘട്ടമായ 1.5 മെഗാവാട്ട് പദ്ധതി കമ്മീഷൻ ചെയ്തു. കൂടാതെ 62 ചെറുകിട ജലവൈദ്യുത പദ്ധതികൾ സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തോടെ പുതുക്കിയ ചെറുകിട ജലവൈദ്യുത പദ്ധതി നയപ്രകാരം അലോട്ട് ചെയ്യുന്നതിനുള്ള പ്രീ-ക്വാളിഫിക്കേഷൻ ടെൻഡർ വിളിച്ചിട്ടുണ്ട്.

(ഇ) 11-3-2013-ലെ കണക്കനുസരിച്ച് എല്ലാ മേഖലകളിൽ നിന്നുമായി സംസ്ഥാനത്ത് ഇപ്പോൾ 21.3733 മില്ല്യൻ യൂണിറ്റ് വൈദ്യുതി പ്രതിദിന ശരാശരിയായി ഉല്പാദിപ്പിക്കപ്പെടുന്നുണ്ട്.

(എഫ്) പ്രതിദിനം ശരാശി 55.60 ദശലക്ഷം യൂണിറ്റ് വൈദ്യുതി ആവശ്യമായിട്ടുണ്ട്.

(ജി) 2006-07, 2007-08 സാമ്പത്തിക വർഷങ്ങളിൽ പ്രതീക്ഷിച്ചതിനേക്കാൾ മൺസൂൺ മഴ ലഭിച്ചതിനാൽ മൺസൂൺ കാലയളവിൽ മാത്രം, ജലവൈദ്യുതി പദ്ധതികളിൽനിന്നും സ്പില്ലേജ് ഒഴിവാക്കുന്നതിന് കൂടുതൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുകയും, ഇത് മറ്റ് സംസ്ഥാനങ്ങൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്. കേരളത്തിന്റെ സ്ഥാപിതശേഷിയും വൈദ്യുതി ആവശ്യകതയും കണക്കിലെടുത്താൽ, ടി കാലയളവിലും, കേരളം മിച്ച സംസ്ഥാനമായിരുന്നില്ല. എന്നാൽ ഇടുക്കി ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട് കമ്മീഷൻ ചെയ്ത 1977-1981 കാലയളവിൽ, കേരളം വൈദ്യുതി മിച്ച സംസ്ഥാനമായിരുന്നു.

(എച്ച്) 12-ാം പഞ്ചവത്സര പദ്ധതികാലത്ത് (2012-2017), 25 ജലവൈദ്യുത പദ്ധതികൾ പൂർത്തിയാക്കി കമ്മീഷൻ ചെയ്യാൻ ലക്ഷ്യമിടുന്നു. ഇതുവഴി 248 മെഗാവാട്ടിന്റെ അധിക സ്ഥാപിതശേഷി കൈവരിക്കാനും ലക്ഷ്യമിടുന്നു. 5 ജലവൈദ്യുത പദ്ധതികൾ (124 മെഗാവാട്ട്) ടെൻഡർ ചെയ്ത് നിർമ്മാണം ആരംഭിക്കുവാൻ ലക്ഷ്യമിടുന്നു. ഇതിനുപുറമേ ഭരണാനുമതി ലഭിച്ച അതിരപ്പിള്ളി (163 മെഗാവാട്ട്), പുയംകുട്ടി (210 മെഗാവാട്ട്) എന്നീ ജലവൈദ്യുത പദ്ധതികൾ കേന്ദ്രാനുമതി ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണം ആരംഭിക്കുവാനും ലക്ഷ്യമിടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## രാജീവ്ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന

7 (363) ശ്രീ. എ. കെ. ബാലൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജീവ്ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജനയുടെ പ്രവർത്തനം സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട് ; എന്നാണ് പ്രസ്തുത പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചത് ; പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാമാണ് ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക സഹായമായി ഇതുവരെ എത്ര തുക ലഭിച്ചിട്ടുണ്ട് ; ഓരോ ജില്ലയിലും ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ ;

(സി) ഓരോ ജില്ലയിലും പ്രസ്തുത പദ്ധതി നടപ്പാക്കാൻ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഏജൻസികളുടെ പേരും തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള പ്രവൃത്തികളും വിശദമാക്കുമോ ?

### ഉത്തരം

(എ) രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരണ യോജനയുടെ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് ഇടുക്കി ജില്ലയിൽ നടപ്പിലാക്കി. കാസർഗോഡ്, കണ്ണൂർ, മലപ്പുറം, പാലക്കാട്, വയനാട്, കോഴിക്കോട് എന്നീ വടക്കൻ ജില്ലകളിൽ ഈ പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ പദ്ധതി പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു. സംസ്ഥാനത്ത് ഈ പദ്ധതി 2007-ൽ ഇടുക്കി ജില്ലയിലാണ് ആദ്യമായി ആരംഭിച്ചത്. 2010-ൽ വടക്കൻ ജില്ലകളിൽ പദ്ധതി പ്രവൃത്തികൾ ആരംഭിച്ചു. ഇടുക്കി ജില്ലയിൽ പൂർത്തീകരിച്ച പദ്ധതി പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. 11 കെ.വി. ലൈൻ നിർമ്മിക്കൽ - 256.55 കി.മീ.
2. ട്രാൻസ്ഫോർമർ സ്ഥാപിക്കൽ - 220 എണ്ണം
3. എൽ.റ്റി. 3 ഫേസ് ലൈൻ നിർമ്മിക്കൽ - 34.285 കി.മീ.
4. എൽ.റ്റി. 1 ഫേസ് ലൈൻ നിർമ്മിക്കൽ - 126.975 കി.മീ.
5. ബി.പി.എൽ. കുടുംബങ്ങളുടെ വീടുകൾ വൈദ്യുതീകരിച്ചത്- 16097 എണ്ണം

ബാക്കി ജില്ലകളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി I ആയി ഇതോടൊപ്പം വയ്ക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കേന്ദ്രത്തിൽനിന്നും ലഭിച്ച സാമ്പത്തിക സഹായത്തിന്റെയും ചെലവഴിച്ച തുകയുടെയും ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ജില്ല | ലഭിച്ച തുക (ലക്ഷം രൂപ) | ചെലവായ തുക (ലക്ഷം രൂപ) |
|---|---|---|---|
| 1 | ഇടുക്കി | 1654.643 | 2041.1283 |
| 2 | കാസർഗോഡ് | 781.763 | 658.7208 |
| 3 | കണ്ണൂർ | 1439.4695 | 1089.4375 |
| 4 | കോഴിക്കോട് | 851.9 | 733.3958 |
| 5 | വയനാട് | 605.587 | 635.4679 |
| 6 | പാലക്കാട് | 765.886 | 693.3397 |
| 7 | മലപ്പുറം | 1712.227 | 822.5784 |
| 8 | തിരുവനന്തപുരം | 615.6179 | ... |
| 9 | കൊല്ലം | 93.7018 | ... |
| 10 | പത്തനംതിട്ട | 167.5774 | ... |
| 11 | ആലപ്പുഴ | 401.3776 | ... |
| 12 | കോട്ടയം | 224.7568 | ... |
| 13 | എറണാകുളം | 698.906 | ... |
| 14 | തൃശ്ശൂർ | 360.289 | ... |

(സി) പദ്ധതി പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് തെരഞ്ഞെടുത്ത ഏജൻസികളുടെയും പ്രവൃത്തികളുടെയും ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ഇതോടൊപ്പം അനുബന്ധം II ആയി വയ്ക്കുന്നു.*

## വൈദ്യുതി ബോർഡിന്റെ കേസ്സുകൾ

8 (364) ശ്രീ. ലൂഡി ലൂയിസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡിന്റെ കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ബി) യഥാസമയം 'സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്റ്റ്സ്' സമർപ്പിക്കാത്തതുമൂലം ബോർഡിന്റെ കേസ്സുകൾ പരാജയപ്പെട്ട സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(സി) കേസുകൾ പരാജയപ്പെടുന്നത് ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) കേസ്സുകൾ പരാജയപ്പെടുന്നതിന് ഉത്തരവാദികളായവരെ കണ്ടെത്തുവാനും അവർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുവാനും തയ്യാറാകുമോ ?

<u>ഉത്തരം</u>

(എ) കേരള സംസ്ഥാന വൈദ്യുതി ബോർഡ് വ്യവഹാരങ്ങൾ നടത്തുന്നതിനായി സുപ്രീംകോടതി, ഹൈക്കോടതി, ജില്ലാ കോടതികൾ, മറ്റ് കോടതികൾ/ഫോറങ്ങൾ എന്നിവയ്ക്കായി അഭിഭാഷകരെ നിയമിച്ചിട്ടുണ്ട്. ഹൈക്കോടതിയുടെ ഈ അഭിഭാഷകർക്ക് നേരിട്ട് നോട്ടീസ് സ്വീകരിക്കാനും, മറ്റുള്ള അഭിഭാഷകർക്ക് ബോർഡിലെ ഉദ്യോഗസ്ഥർ നോട്ടീസ് കൈപ്പറ്റിയതിനുശേഷം വക്കാലത്ത് ഏൽപ്പിക്കാനുമുള്ള സംവിധാനമുണ്ട്. അതാത് ഉദ്യോഗസ്ഥരുടെ അധികാര പരിധിയിൽ വരുന്ന വ്യവഹാരങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തന്നെയാണ് നടത്തുന്നത്. മൊത്തത്തിലുള്ള മേൽനോട്ടത്തിനായി ഒരു ജില്ലാ ജഡ്ജി തലവനായ ഒരു നിയമവിഭാഗം വൈദ്യുതി ബോർഡിന്റെ ആസ്ഥാനമായ തിരുവനന്തപുരം വൈദ്യുതി ഭവനിൽ പ്രവർത്തിക്കുന്നുണ്ട്.

(ബി) യഥാസമയം സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് സമർപ്പിക്കാത്തതുമൂലം വളരെ ചുരുക്കം ചില കേസ്സുകൾ പരാജയപ്പെട്ട സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ബോർഡിന്റെ അഭിഭാഷകരുടെയും ബന്ധപ്പെട്ട ബോർഡ് ഉദ്യോഗസ്ഥരുടെയും വീഴ്ചകൾമൂലമാണ് അത്തരം സംഭവങ്ങൾ ഉണ്ടായിട്ടുള്ളത്.

(സി) വൈദ്യുതി മേഖലയുമായി ബന്ധപ്പെട്ട കേസ്സുകൾ കൈകാര്യം ചെയ്യുന്ന പരിചയസമ്പന്നരായ അഭിഭാഷകരെ ബോർഡിന്റെ കേസ്സുകൾ നടത്താൻ നിയമിക്കുന്നതിൽ പ്രത്യേകം ശ്രദ്ധ ചെലുത്തുന്നുണ്ട്. കേസ്സുകളുടെ നടത്തിപ്പ് കൃത്യമായും കാര്യക്ഷമമായും നിറവേറ്റാനായി ജില്ലാതല മേൽനോട്ട സമിതികൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. നിയമവശങ്ങൾ മനസ്സിലാക്കുന്നതിന് പരിശീലന ക്ലാസ്സുകൾ ഇലക്ട്രിസിറ്റി ബോർഡിന്റെ പരിശീലന കേന്ദ്രങ്ങളിൽ നടത്തപ്പെടുന്നു. സർക്കിൾ തലത്തിൽ കേസ് നടത്തിപ്പ് മേൽനോട്ടം നടത്തുന്നതിനുള്ള സംവിധാനം ആവിഷ്കരിക്കാൻ നടപടികൾ ബോർഡിന്റെ പരിഗണനയിലുണ്ട്.

(ഡി) ബോധപൂർവ്വമായി കേസ് നടത്തിപ്പിൽ വീഴ്ച വരുത്തുന്നതിന് ഉത്തരവാദികളായവർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കാൻ വ്യവസ്ഥയുണ്ട്. അത്തരം നടപടികൾ പല കേസ്സുകളിലും സ്വീകരിച്ചിട്ടുണ്ട്.

## അന്യസംസ്ഥാനങ്ങൾക്കും മറ്റ് ഏജൻസികൾക്കും നല്കിയിട്ടുള്ള വൈദ്യുതി

9 (365) ശ്രീ. എ. കെ. ബാലൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതി ക്ഷാമം നേരിടുമ്പോൾ തിരികെ നല്കാമെന്ന വ്യവസ്ഥയിൽ ഈ സർക്കാർ അന്യസംസ്ഥാനങ്ങൾക്കോ മറ്റ് ഏജൻസികൾക്കോ വൈദ്യുതി വായ്പയായി നൽകിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) അപ്രകാരം വൈദ്യുതി വായ്പയായി ലഭിച്ചവർ ആയത് തിരികെ നൽകിയിട്ടുണ്ടോ : എങ്കിൽ തിരികെ ലഭിച്ച വൈദ്യുതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഈ സർക്കാർ അന്യസംസ്ഥാനങ്ങൾക്കോ മറ്റ് ഏജൻസികൾക്കോ വൈദ്യുതി വില്പന നടത്തിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) വൈദ്യുതിക്ഷാമം നേരിടുമ്പോൾ തിരികെ നൽകാം എന്ന വ്യവസ്ഥയിൽ നൽകിയിട്ടില്ല. എന്നാൽ വൈദ്യുതി അധികമുണ്ടായിരുന്ന 2011 ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ബി.ആർ.പി.എൽ.-ന് ജി.എം.ആർ.റ്റി.ഇ.എൽ. വഴി 121.94 എം.യു. വൈദ്യുതി നൽകിയിട്ടുണ്ട്. ഈ വൈദ്യുതി 2012 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ 126.96 എം.യു. ആയി തിരികെ കെ.എസ്.ഇ.ബി.-ക്ക് തരാമെന്നായിരുന്നു വ്യവസ്ഥ. കൂടാതെ 2011 സെപ്റ്റംബർ മാസത്തിൽ എ.പി.പി.ഡി.ഡി.-ക്ക് എൻ.വി.വി.എൻ. വഴി 18.79 എം.യു. (ഓഫ് പീക്ക്) വൈദ്യുതി നൽകിയിട്ടുണ്ട്. ഈ വൈദ്യുതി 2012 ഫെബ്രുവരി മാസത്തിൽ 17.85 എം.യു. (ആർ.റ്റി.സി.) വൈദ്യുതിയായി തിരികെ തരാമെന്നായിരുന്നു വ്യവസ്ഥ. ഓഫ് പീക്ക് വൈദ്യുതിയായിട്ടാണ് തിരികെ തരുന്നതെങ്കിൽ 18.79 എം.യു. തിരികെ കിട്ടേണ്ടതാണ് എന്ന വ്യവസ്ഥയുമുണ്ട്.

(ബി) ജി.എം.ആർ.റ്റി.ഇ.എൽ.വഴി നൽകിയ വൈദ്യുതിയിൽ 41.54 എം.യു. വൈദ്യുതി 2012 മേയ് വരെ തിരികെ ലഭിച്ചിട്ടുണ്ട്. വൈദ്യുതി പ്രസരണ കോറിഡോർ ലഭിക്കാത്തതിനാലാണ് ബാക്കി 85.42 എം.യു. വൈദ്യുതി തിരികെ ലഭിക്കാത്തത്. പ്രസരണ കോറിഡോർ ലഭിക്കുന്നത് അനുസരിച്ച് തിരികെ നൽകുന്നതിനുള്ള നടപടി എടുത്തുവരുന്നു. എൻ.വി.വി.എൻ.വഴി നൽകിയ വൈദ്യുതിയിൽ 10.53 എം.യു. വൈദ്യുതി 2012 ആഗസ്റ്റ് വരെ തിരികെ ലഭിച്ചിട്ടുണ്ട്. ബാക്കി തരാനുള്ള വൈദ്യുതി 2013 ഫെബ്രുവരി - മാർച്ച് മാസങ്ങളിൽ ലഭിച്ചു കൊണ്ടിരിക്കുന്നു.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

**ആഭ്യന്തരമായി ഉല്പാദിപ്പിച്ചതും പുറമേ നിന്ന് വാങ്ങിയതുമായ വൈദ്യുതി**

**10 (366)** ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കഴിഞ്ഞ സാമ്പത്തിക വർഷം ആകെ എത്ര യൂണിറ്റ് വൈദ്യുതിയാണ് ഉല്പാദിപ്പിച്ചതെന്നും എത്ര യൂണിറ്റ് വൈദ്യുതി സംസ്ഥാനത്തിന് പുറത്തുനിന്ന് ലഭിച്ചുവെന്നും അറിയിക്കുമോ ;

(ബി) ഈ സാമ്പത്തിക വർഷം ഇതുവരെ എത്ര വൈദ്യുതി ഉല്പാദിപ്പിച്ചുവെന്നും ഇത് മുൻ വർഷത്തെ ഇതേ കാലയളവിനെക്കാൾ എത്ര കുറവാണെന്നും വ്യക്തമാക്കുമോ ;

(സി) സംസ്ഥാനം പുറമെ നിന്ന് വൈദ്യുതി വാങ്ങിയതിന് മുൻ വർഷവും ഈ വർഷവും ഇതേ കാലയളവിൽ എത്ര തുക ചെലവാക്കിയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് കഴിഞ്ഞ സാമ്പത്തിക വർഷം സ്വകാര്യ നിലയങ്ങളിൽ നിന്നുമുള്ള ഉല്പാദനമുൾപ്പെടെ 9107.9942 Mu (ദശലക്ഷം യൂണിറ്റ്) വൈദ്യുതിയാണ് ഉല്പാദിപ്പിച്ചത്. സംസ്ഥാനത്തിനു പുറത്തുനിന്നും 9930.4715 Mu വൈദ്യുതിയാണ് ലഭിച്ചത്. അതിൽ 7876.3781 Mu കേന്ദ്ര വിഹിതമായി ലഭിച്ച വൈദ്യുതിയാണ്.

(ബി) ഈ സാമ്പത്തിക വർഷം ഏപ്രിൽ 12 മുതൽ ഫെബ്രുവരി 13 വരെയുള്ള വൈദ്യുതി ഉല്പാദനം സ്വകാര്യ നിലയങ്ങളിലേത് ഉൾപ്പെടെ 6534.1732 Mu ആണ്. ഇത് കഴിഞ്ഞ സാമ്പത്തിക വർഷത്തേതിൽനിന്നും 1667.3245 Mu കുറവാണ്.

(സി) 2011-12 സാമ്പത്തിക വർഷത്തെ ആഡിറ്റ് നടന്നുകൊണ്ടിരിക്കുന്ന താല്ക്കാലിക കണക്കുപ്രകാരം പ്രസ്തുത വർഷത്തിൽ ബോർഡ് വൈദ്യുതി വാങ്ങുന്ന ഇനത്തിൽ 4375.31 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷത്തിൽ 2013 മാർച്ച് 15-ാം തീയതി വരെ ഏകദേശം 6934.53 കോടി രൂപയും ചെലവായി.

**പകൽ സമയത്തെ ലോഡ്ഷെഡ്ഡിംഗ്**

**11 (367)** ശ്രീ. കെ. രാജു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 'പവർ ഹോളിഡേ' പ്രകാരം പകൽ വൈദ്യുതി വിച്ഛേദിക്കുന്നുണ്ടോ ;

(ബി) ഔദ്യോഗിക അറിയിപ്പ് ഇല്ലാതെ പകൽനേരങ്ങളിൽ മണിക്കൂറുകളോളം വൈദ്യുതി തടസ്സപ്പെടുന്നത് ഇതിന്റെ ഭാഗമായാണോയെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സർക്കാർ ഓഫീസുകൾ ഉൾപ്പെടെ മിക്ക സ്ഥാപനങ്ങളും കമ്പ്യൂട്ടർവത്ക്കരിച്ചിരിക്കുന്നതിനാൽ ഔദ്യോഗിക അറിയിപ്പില്ലാതെ പകൽ വൈദ്യുതിയില്ലാതാകുന്നത് പൊതുജനങ്ങൾക്ക് ഏറെ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആയതു പരിഹരിക്കുന്നതിനുള്ള അടിയന്തരനടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) അപ്രതീക്ഷിതമായി വൈദ്യുതി ലൈനുകളിൽ സംഭവിക്കുന്ന തകരാറുകൾമൂലം വൈദ്യുതി തടസ്സപ്പെടാറുണ്ട്.

(സി) ഉണ്ട്. അറ്റകുറ്റ പണികൾക്കായി ലൈൻ ഓഫ് ചെയ്യേണ്ടി വരുമ്പോൾ മുൻകൂട്ടി പത്രമാദ്ധ്യമങ്ങളിലൂടെ വിവരം പൊതുജനങ്ങളെ അറിയിക്കാറുണ്ട്. എന്നാൽ പെട്ടെന്നുണ്ടാകുന്ന തടസ്സങ്ങൾ പരിഹരിക്കുന്നതിന് വൈദ്യുതി ലൈനുകൾ ഓഫ് ചെയ്യേണ്ടിവരുന്ന സാഹചര്യങ്ങളിൽ അടിയന്തര നടപടികൾ സ്വീകരിച്ച് വൈദ്യുതി വിതരണം പുനഃസ്ഥാപിക്കുന്നുണ്ട്.

## വൈദ്യുതി ഉപഭോഗം കുറയ്ക്കാൻ സ്വീകരിച്ച നടപടികൾ

12 (368) ശ്രീ. എസ്. ശർമ്മ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതി ഉപഭോഗം കുറയ്ക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) ഇതിനായി എത്ര തുക ചെലവാക്കിയിട്ടുണ്ട് എന്നറിയിക്കുമോ ?

ഉത്തരം

(എ) വൈദ്യുതി ബോർഡ് സംസ്ഥാനത്ത് വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനും, ഊർജ്ജ സംരക്ഷണം സാധ്യമാക്കത്തക്ക വിധത്തിൽ ഉപഭോക്താക്കളെ ബോധവൽക്കരിക്കാനുമുള്ള പ്രചാരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഇലക്ട്രിക്കൽ സബ് ഡിവിഷൻ തലത്തിൽ രൂപീകരിച്ചിട്ടുള്ള ഡിമാന്റ് സൈഡ് മാനേജ്മെന്റ് സെല്ലുകൾ റസിഡന്റ്സ് അസോസിയേഷനുകൾ, കുടുംബശ്രീ യൂണിറ്റ്, ആർട്ട്സ് ക്ലബ്ബുകൾ, ദേശീയ സമ്പാദ്യ വകുപ്പിന്റെ കീഴിലുള്ള മഹിളാ പ്രധാൻ/എസ്.എ.എസ്. ഏജന്റുമാർ തുടങ്ങിയവരുമായി സഹകരിച്ച് പ്രവർത്തിച്ചുവരുന്നു. തെരുവ് വിളക്കുകൾ കൃത്യസമയത്ത് അണയ്ക്കുന്നതിനും തെളിയിക്കുന്നതിനുമുള്ള ആട്ടോമാറ്റിക് സമ്പ്രദായം നടപ്പിലാക്കാനും ഊർജ്ജ ക്ഷമത കുറഞ്ഞ ബൾബുകൾ മാറ്റി സി.എഫ്.എൽ./ എൽ.ഇ.ഡി. തുടങ്ങിയവ ഓഫീസുകളിലും തെരുവ് വിളക്കുകളിലും ഉപയോഗിക്കുന്നതിനും വിവിധ മേഖലകളിൽ (കൃഷി, വാട്ടർ അതോറിറ്റി) ഉപയോഗിക്കുന്ന ഊർജ്ജ ക്ഷമത കുറഞ്ഞ പമ്പുകൾ മാറ്റി ഊർജ്ജ ക്ഷമത കൂടിയ പമ്പുകൾ സ്ഥാപിക്കാനുള്ള പദ്ധതികൾ ആരംഭിച്ചിട്ടുമുണ്ട്. വൈദ്യുതി സംരക്ഷിക്കുന്നതിന്റെ പ്രാധാന്യം ബോദ്ധ്യപ്പെടുത്തുന്ന വിവിധ പ്രചാരണ പ്രവർത്തനങ്ങൾ പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെ നടപ്പിലാക്കി വരുന്നതിനു

LIBRARY ARCHIVES Kerala Legislative Assembly

പുറമേ ലഘുലേഖകൾ വിതരണം ചെയ്യുകയും പോസ്റ്ററുകൾ പ്രദർശിപ്പിക്കുകയും ചെയ്യുന്നുമുണ്ട്. കൂടാതെ വൈദ്യുതി ബോർഡ് പത്രദ്വാരാ നൽകുന്ന എല്ലാ ടെൻഡർ നോട്ടീസുകളിലും മറ്റ് സ്റ്റാറ്റ്യൂട്ടറി നോട്ടീസുകളിലും കാര്യക്ഷമതയുള്ള വൈദ്യുതി ഉപകരണങ്ങൾ ഉപയോഗിക്കുവാനായി ആഹ്വാനം നൽകാറുമുണ്ട്.

ഇതിനുപുറമേ പൊതുജനങ്ങളുടെ പങ്കാളിത്തത്തോടും സഹകരണത്തോടും കൂടി ലാഭപ്രഭ എന്ന ബൃഹത്തായ പ്രചാരണ പരിപാടിക്ക് 2013 മാർച്ച് 23-ന് തുടക്കം കുറിക്കുകയാണ്. ലാഭപ്രഭയുടെ ഭാഗമായി ഊർജ്ജ സമ്പാദ്യം, നോ-ലോഡ് ഷെഡ്ഡിംഗ് കാമ്പയിൻ എന്നീ രണ്ട് പദ്ധതികൾ നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. ഊർജ്ജ സമ്പാദ്യം എന്ന പരിപാടിയിലൂടെ കേരളത്തിലെ മുഴുവൻ ജനങ്ങളെയും വൈദ്യുതി ലാഭിക്കാൻ പ്രേരിപ്പിക്കുന്നു. നോ-ലോഡ് ഷെഡ്ഡിംഗ് കാമ്പയിൻ എന്ന പുതിയ പദ്ധതിയിലൂടെ ഉപഭോക്താക്കളുമായി സഹകരിച്ച് ഊർജ്ജ സംരക്ഷണത്തിലൂടെ വൈദ്യുതി ലാഭിക്കുകയും, ഫീഡറുകൾ കേന്ദ്രീകരിച്ച് ലോഡ് ഷെഡ്ഡിംഗ് ഒഴിവാക്കുകയും ചെയ്യുന്നു. ജനപ്രതിനിധികൾ, സ്ഥാപനങ്ങൾ, പഞ്ചായത്തുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവയുമായി സഹകരിച്ചാണ് ഇത് നടപ്പാക്കുന്നത്.

ഇതിനുപുറമേ എനർജി മാനേജ്മെന്റ് സെന്റർവഴി തെരുവ് വിളക്കിന്റെ പ്രവർത്തന സമയം സൂര്യോദയവും അസ്തമയവും നോക്കി ക്രമീകരിച്ചിട്ടുള്ള ആട്ടോമാറ്റിക് സ്ട്രീറ്റ് ലൈറ്റ് കൺട്രോൾ സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തിയായിവരുന്നു. കൂടാതെ എനർജി മാനേജ്മെന്റ് സെന്റർ, എനർജി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്, ഗവ. സെക്രട്ടേറിയറ്റ്, ഹൈക്കോടതി, സിവിൽ സ്റ്റേഷനുകൾ തുടങ്ങിയ കെട്ടിടങ്ങൾ ഊർജ്ജക്ഷമ കെട്ടിടങ്ങളാക്കുവാനുള്ള നടപടികൾ പൂർത്തിയാക്കിവരുന്നു. കൂടാതെ ചെറുകിട വ്യവസായശാലകളിലെ ഊർജ്ജ ദുരുപയോഗം കുറയ്ക്കുന്നതിനുവേണ്ടി ഊർജ്ജ ഓഡിറ്റിംഗ്, ഊർജ്ജ സംരക്ഷണത്തെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസുകൾ, കാര്യക്ഷമത കൂടിയ ബി.ഇ.ഇ. സ്റ്റാർ ലേബലിംഗ് ഉള്ള ഉൽപ്പന്നങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ എന്നിവയും സ്വീകരിച്ചുവരുന്നു.

(ബി) എനർജി മാനേജ്മെന്റ് സെന്റർ മേൽപ്രവർത്തനങ്ങൾക്കായി 1.03 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

**കാർഷിക ആവശ്യത്തിന് വൈദ്യുതി സബ്സിഡി**

13 (369) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെക്കാണുന്ന ചോദ്യത്തിന് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാർഷിക ആവശ്യത്തിനായി ഉപയോഗിക്കുന്ന വൈദ്യുതിക്ക് നിലവിൽ സബ്സിഡി നൽകിവരുന്നുണ്ടോയെന്ന് വിശദമാക്കുക ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

1-7-2012 മുതൽ നിലവിൽ വന്ന വർദ്ധിപ്പിച്ച വൈദ്യുതി താരിഫിൽനിന്ന് കാർഷിക ഉപഭോക്താക്കളെയും പ്രതിമാസം 120 യൂണിറ്റ് വരെ ഉപയോഗിക്കുന്ന ഉപഭോക്താക്കളെയും ഒഴിവാക്കുന്നതാണെന്നും ആയതിനായി പ്രതിമാസം 25 കോടി രൂപ സർക്കാർ സംസ്ഥാന വൈദ്യുതി ബോർഡിന് ക്യാഷ് സബ്സിഡിയായി ലഭ്യമാക്കുന്നതാണെന്നും 6-8-2012-ലെ ജി.ഒ. (എം.എസ്.) നമ്പർ 18/12/ഊ.വ. പ്രകാരം ഉത്തരവായിരുന്നു. മേൽ ഉത്തരവ് പ്രകാരമുള്ള ക്യാഷ് സബ്സിഡി 31-5-2013 വരെ തുടരാൻ തീരുമാനിച്ചിട്ടുണ്ട്.

## വൈദ്യുതി ചാർജ് വർദ്ധനവിലൂടെ സമാഹരിച്ച തുക

14 (370) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ വൈദ്യുതിയുടെ ഉപഭോഗത്തിനനുസരിച്ചുള്ള യൂണിറ്റിലും താരിഫിലും എത്ര തവണ എത്ര രൂപ വീതം വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ ;

(ബി) പ്രസ്തുത നടപടികളിലൂടെ എന്തു തുക അധികമായി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുന്നതിനുള്ള പരിപൂർണ്ണ അധികാരം സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ 2012 ജൂലൈ ഒന്നാം തീയതി മുതൽ സംസ്ഥാനത്ത് സമഗ്രമായി വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവിറക്കിയിട്ടുണ്ട്. പ്രസ്തുത വർദ്ധനവിന്റെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.* കൂടാതെ 2012 ഏപ്രിൽ-മേയ് മാസങ്ങളിൽ രൂക്ഷമായ വൈദ്യുതി പ്രതിസന്ധി കണക്കിലെടുത്ത്, വ്യാവസായിക വാണിജ്യ ഗാർഹികേതര ഉപഭോക്താക്കൾക്ക് നിലവിലുള്ള താരിഫിൽ മുൻവർഷ ശരാശരി ഉപയോഗത്തിന്റെ 90 ശതമാനം വരെ ഉപയോഗിക്കാൻ അനുവദിക്കുകയും ഗാർഹിക ഉപഭോക്താക്കളെ രണ്ടു മാസത്തേക്ക് 600 യൂണിറ്റുവരെ ഉപയോഗിക്കാൻ അനുവദിക്കുകയും ടി ഉപഭോക്താക്കൾ കൂടുതലായി ഉപയോഗിക്കുന്ന വൈദ്യുതിക്ക് യഥാർത്ഥ വാങ്ങൽ വിലയായ പത്തു രൂപ വാങ്ങാൻ കമ്മീഷൻ അനുവദിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. ഇതിനുപുറമെ സംസ്ഥാനത്തെ രൂക്ഷമായ വൈദ്യുതി പ്രതിസന്ധി കണക്കിലെടുത്തും ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി പരിഗണിച്ചും സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ 2012 ഡിസംബർ 12-ാം തീയതി പുറപ്പെടുവിച്ച ഉത്തരവനുസരിച്ച് വൈദ്യുതി ബോർഡ് വിവിധ ഉപഭോക്താക്കൾക്ക് താഴെപ്പറയുന്ന രീതിയിൽ ഡിസംബർ 15-ാം തീയതി മുതൽ വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1. ലോഡ് ഷെഡിംഗിൽ നിന്നൊഴിവാക്കപ്പെട്ട എല്ലാ എച്ച്.റ്റി., ഇ.എച്ച്.റ്റി. ഉപഭോക്താക്കളും അവരുടെ വൈദ്യുതി ഉപയോഗം മുൻവർഷത്തെ ശരാശരി ഉപയോഗത്തിന്റെ 75 ശതമാനമായി നിജപ്പെടുത്തുകയും, നിയന്ത്രണത്തിനു മുകളിൽ കൂടുതലായി ഉപയോഗിക്കുന്ന വൈദ്യുതിക്ക് നിലവിലുള്ള താരിഫിനുപുറമെ നിലവിലുള്ള എനർജി ചാർജ് പെനാൽറ്റിയായി ഈടാക്കുന്നതാണ്.

2. നിലവിൽ ലോഡ് ഷെഡിംഗ് ഉള്ള എച്ച്.റ്റി. ഉപഭോക്താക്കൾ അവരുടെ ഉപയോഗം മുൻവർഷത്തെ ശരാശരി വൈദ്യുതി ഉപയോഗത്തിന്റെ 80 ശതമാനമായി നിജപ്പെടുത്തുകയും, നിയന്ത്രണത്തിനു മുകളിൽ കൂടുതലായി ഉപയോഗിക്കുന്ന ഓരോ യൂണിറ്റിനും നിലവിലുള്ള താരിഫിനു പുറമെ നിലവിലുള്ള എനർജി ചാർജ് പെനാൽറ്റിയായി ഈടാക്കുന്നതാണ്.

3. എല്ലാ എൽ.റ്റി. വ്യാവസായിക വാണിജ്യ ഗാർഹികേതര ഉപഭോക്താക്കളും അവരുടെ വൈദ്യുതി ഉപയോഗം മുൻവർഷത്തെ ശരാശരി ഉപയോഗത്തിന്റെ 80 ശതമാനമായി നിജപ്പെടുത്തുകയും, നിയന്ത്രണത്തിനു മുകളിൽ കൂടുതലായി ഉപയോഗിക്കുന്ന ഓരോ യൂണിറ്റിനും നിലവിലുള്ള താരിഫിനു പുറമെ നിലവിലുള്ള എനർജി ചാർജ് പെനാൽറ്റിയായി ഈടാക്കുന്നതാണ്.

4. ഗാർഹിക ഉപഭോക്താക്കൾ അവരുടെ ദ്വൈമാസ ഉപഭോഗം 600 യൂണിറ്റായി നിജപ്പെടുത്തുകയും, നിയന്ത്രണത്തിനു മുകളിൽ കൂടുതലായി ഉപയോഗിക്കുന്ന ഓരോ യൂണിറ്റിനും നിലവിലുള്ള താരിഫിനു പുറമെ നിലവിലുള്ള സ്ലാബ് നിരക്ക് പെനാൽറ്റിയായി ഈടാക്കുന്നതാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നടപ്പിലാക്കിയ ഇന്ധന സർചാർജ്ജിന്റെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു :

| കാലയളവ് | സർചാർജ്ജ് |
|---|---|
| (1) | (2) |
| 2011 ഒക്ടോബർ മുതൽ 2012 മാർച്ച് വരെ | പ്രതിമാസം 120 യൂണിറ്റുവരെയുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് സർചാർജ്ജ് ഗവൺമെന്റ് സബ്സിഡിയായി നൽകി വരുന്നു. മറ്റെല്ലാ ഉപഭോക്താക്കൾക്കും യൂണിറ്റിന് 25 പൈസാ നിരക്കിൽ |

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) |
|---|---|
| 2012 ഏപ്രിൽ മുതൽ 2012 സെപ്റ്റംബർ വരെ | പ്രതിമാസം 120 യൂണിറ്റുവരെ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് സർചാർജ്ജ് ഗവൺമെന്റ് സബ്സിഡിയായി നൽകി വരുന്നു. മറ്റെല്ലാ ഉപഭോക്താക്കൾക്കും യൂണിറ്റിന് 20 പൈസാ നിരക്കിൽ |
| 2012 ഒക്ടോബർ മുതൽ 2012 ഡിസംബർ വരെ | പ്രതിമാസം 120 യൂണിറ്റുവരെ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് സർചാർജ്ജ് ഗവൺമെന്റ് സബ്സിഡിയായി നൽകി വരുന്നു. മറ്റെല്ലാ ഉപഭോക്താക്കൾക്കും യൂണിറ്റിന് 20 പൈസാ നിരക്കിൽ |
| 2013 ജനുവരി മുതൽ 2013 മാർച്ച് വരെ | എല്ലാ ഉപഭോക്താക്കൾക്കും യൂണിറ്റിന് 10 പൈസാ നിരക്കിൽ |

(ബി) 2012 ജൂലൈ ഒന്ന് മുതൽ താരിഫ് വർദ്ധനവ് നടപ്പിലാക്കിയതുവഴി ഏകദേശം 130 കോടി രൂപ പ്രതിമാസം അധിക വരുമാനമായി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കൂടാതെ ഏപ്രിൽ, മേയ് മാസക്കാലയളവിൽ വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തിയതുവഴി ഏകദേശം 149.71 കോടി രൂപ അധിക വരുമാനമായി ലഭിച്ചിട്ടുണ്ട്. ഇതുകൂടാതെ 2011 ഒക്ടോബർ മുതൽ 2012 ഡിസംബർ വരെ ഇന്ധന ചാർജ്ജ് ഏർപ്പെടുത്തിയതുവഴി ലഭിച്ച അധിക വരുമാനത്തിന്റെ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു :

| കാലയളവ് | ഇന്ധന സർചാർജ്ജ് വഴി ലഭിച്ച അധിക വരുമാനം |
|---|---|
| 2011 ഒക്ടോബർ മുതൽ 2012 മാർച്ച് വരെ | 138.64 കോടി രൂപ |
| 2012 ഏപ്രിൽ മുതൽ 2012 സെപ്റ്റംബർ വരെ | 136.64 " |
| 2012 ഒക്ടോബർ മുതൽ 2012 ഡിസംബർ വരെ | 62.444 " |

## വൈദ്യുതി നിരക്ക്

15 (371) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് വൈദ്യുതി ബോർഡ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷന് അപേക്ഷ നൽകിയിട്ടുണ്ടോ ; എങ്കിൽ അപേക്ഷ നൽകിയതെന്നാണെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത അപേക്ഷയുടെ അടിസ്ഥാനത്തിൽ വിവിധ വിഭാഗങ്ങളിൽ നിന്ന് അഭിപ്രായം കേൾക്കുന്നതിന് കമ്മീഷൻ തീരുമാനിച്ചിട്ടുണ്ടോ ;

(സി) ബോർഡ് ആവശ്യപ്പെട്ടിട്ടുള്ള നിരക്ക് വർദ്ധനവിന്റെ താരിഫ് എങ്ങനെയാണെന്ന് വെളിപ്പെടുത്തുമോ ; നിരക്ക് വർദ്ധനവിലൂടെ എത്ര കോടി രൂപ അധികമായി കണ്ടെത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 2-1-2013-ൽ.

(ബി) ഉണ്ട്. കമ്മീഷൻ താഴെപ്പറയുന്ന സ്ഥലങ്ങളിൽ വച്ച് പൊതുജനങ്ങളുടെ അഭിപ്രായം ആരായുന്നതിനായി പൊതുതെളിവെടുപ്പ് നടത്തിയിട്ടുണ്ട്.

| തീയതി | സ്ഥലം |
|---|---|
| 4-3-2013 | ഐ.എം.എ. ഹൗസ്, എറണാകുളം |
| 6-3-2013 | ടൗൺ ഹാൾ, കോഴിക്കോട് |
| 12-3-2013 | ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എഞ്ചിനീയേഴ്സ് ഹാൾ, വെള്ളയമ്പലം, തിരുവനന്തപുരം |

(സി) താരിഫ് വർദ്ധനയുടെ വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.* പ്രസ്തുത നിരക്ക് വർദ്ധന നിർദ്ദേശങ്ങളിലൂടെ ഏകദേശം 1573.54 കോടി രൂപ കണ്ടെത്തുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**അധികമായി ഈടാക്കിയ വൈദ്യുതിചാർജ്ജ് തിരികെ നല്കാൻ നടപടി**

**16 (372)** ശ്രീ. വി. ശിവൻകുട്ടി : താഴെക്കാണുന്ന ചോദ്യത്തിന് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഗാർഹിക ഉപഭോക്താക്കൾക്ക് ഇലക്ട്രോണിക്-ഡിജിറ്റൽ മീറ്ററുകൾ ഘടിപ്പിക്കാൻ നിർദ്ദേശം നൽകാതെ, വൈദ്യുതി ബോർഡ് ഈടാക്കിയ അധിക വൈദ്യുതി ചാർജ്ജ് മടക്കി നൽകാനോ ഇനിയുള്ള ബില്ലുകളിൽ അഡ്ജസ്റ്റ് ചെയ്തു നൽകാനോ നടപടി സ്വീകരിക്കുമോ ?

ഉത്തരം

എല്ലാ ഉപഭോക്താക്കൾക്കും എൽ.സി.ഡി. സൗകര്യമുള്ള ഇലക്ട്രോണിക് മീറ്ററുകളാണ് ഇപ്പോൾ നൽകിവരുന്നത്. മീറ്റർ കേടാണെന്ന് പരിശോധനയിൽ കണ്ടാൽ കേടായ കാലയളവിലെ ഉപഭോഗം മുമ്പുള്ള 6 മാസ കാലയളവിലെ ശരാശരി ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ കണക്കാക്കി അധിക വൈദ്യുതി ചാർജ്ജ് ഈടാക്കിയിട്ടുണ്ടെങ്കിൽ പിന്നീടുള്ള ബില്ലുകളിൽ അഡ്ജസ്റ്റ് ചെയ്ത് നൽകുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

## വൈദ്യുതിചാർജ്ജ് കുടിശ്ശികയിനത്തിൽ അനുവദിച്ചിട്ടുള്ള ഇളവുകൾ

17 (373) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ വ്യവസായ യൂണിറ്റുകൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവ വൈദ്യുതി ചാർജ്ജിനത്തിൽ എത്ര രൂപ കുടിശ്ശിക വരുത്തിയിട്ടുണ്ട് ;

(ബി) ഓരോ വകുപ്പിന്റെയും വൈദ്യുതി ചാർജ്ജ് കുടിശ്ശിക സംബന്ധിച്ച വിശദാംശം നൽകുമോ ;

(സി) പ്രസ്തുത കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) പൂട്ടിക്കിടക്കുന്ന വ്യവസായ യൂണിറ്റുകളുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഇളവ് ചെയ്തു നൽകുന്നതിന് എന്തെങ്കിലും മാനദണ്ഡങ്ങൾ നിലവിലുണ്ടോ ; വിശദാംശം നൽകുമോ ;

(ഇ) കുടിശ്ശികയിനത്തിൽ വിവിധ വ്യവസായയൂണിറ്റുകൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവയ്ക്ക് എത്ര രൂപയുടെ ഇളവ് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ) 31-12-2012 വരെ വിവിധ വ്യവസായ യൂണിറ്റുകൾ വരുത്തിയിട്ടുള്ള കുടിശ്ശിക 684.81 കോടി രൂപയും സർക്കാർ സ്ഥാപനങ്ങൾ വരുത്തിയിട്ടുള്ള കുടിശ്ശിക 96.27 കോടി രൂപയുമാണ്.

(ബി) 31-12-2012 വരെ കുടിശ്ശിക വരുത്തിയിട്ടുള്ള സർക്കാർ സ്ഥാപനങ്ങളുടെ വകുപ്പ് തിരിച്ച കണക്ക് അനുബന്ധം-1 ആയി ഇതോടൊപ്പം നൽകുന്നു.*

(സി) കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു :

(i) വൈദ്യുത ചാർജ്ജ് അടയ്ക്കാത്ത ഉപഭോക്താക്കളുടെ വൈദ്യുത ബന്ധം യഥാസമയം വിച്ഛേദിക്കുക.

(ii) ആറ് മാസക്കാലമായി വിച്ഛേദിച്ചിട്ടിരിക്കുന്ന വൈദ്യുത കണക്ഷൻ അഴിച്ചുമാറ്റി റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുക.

(iii) കുടിശ്ശിക ഒടുക്കുന്നതിന് തവണ വ്യവസ്ഥ അനുവദിക്കുക.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(iv) പൂട്ടിക്കിടക്കുന്ന എച്ച്.ടി.. എൽ.ടി. വിഭാഗങ്ങളിലുള്ള വ്യവസായ സ്ഥാപനങ്ങൾ, പ്ലാന്റേഷനുകൾ എന്നിവ നിശ്ചിത തീയതിക്കു മുമ്പേ തുറന്ന് പ്രവർത്തിക്കുകയാണെങ്കിൽ പൂട്ടിക്കിടന്ന കാലയളവിലെ ഡിമാന്റ് ചാർജ്ജ്/ഫിക്സഡ് ചാർജ്ജ് എന്നിവ ഒഴിവാക്കി നൽകി ശേഷിക്കുന്ന കുടിശ്ശിക പിരിച്ചെടുക്കുക.

(v) ദീർഘകാലമായി കുടിശ്ശിക വരുത്തിയിട്ടുള്ള ഉപഭോക്താക്കൾ 'മുതൽ' ഒറ്റത്തവണയിലോ തവണകളായോ ഒടുക്കിയാൽ പലിശയിൽ ഇളവനുവദിച്ചു കൊടുക്കുക. പൂട്ടിക്കിടക്കുന്ന വ്യവസായശാലകൾ തുറന്ന് പ്രവർത്തിക്കുന്നുവെങ്കിലോ അന്തിമമായി കുടിശ്ശിക കണക്കുകൾ തീർപ്പാക്കുകയാണെങ്കിലോ പലിശ 3 ശതമാനമായി ഇളവ് ചെയ്ത് നൽകുന്നതാണ്. മറ്റ് ഉപഭോക്താക്കൾക്ക് പലിശ 5 ശതമാനം ആയിരിക്കും. കുടിശ്ശികയിലെ 'മുതൽ' ഒറ്റത്തവണയിൽ അടച്ചാൽ മാത്രമേ മേൽ പ്രസ്താവിച്ച ഇളവുകൾ ലഭ്യമാകൂ. അല്ലാത്തപക്ഷം പലിശ യഥാക്രമം 6 ശതമാനവും 9 ശതമാനവും ആയിരിക്കുന്നതാണ്.

(vi) കുടിശ്ശിക സംബന്ധിച്ച് കോടതികളിൽ നിലവിലുള്ള വ്യവഹാരങ്ങൾ വേഗത്തിൽ തീർപ്പാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുക.

(ഡി) പൂട്ടിക്കിടക്കുന്ന വ്യവസായ യൂണിറ്റുകളുടെ വൈദ്യുത ചാർജ്ജ് കുടിശ്ശിക ഇളവ് ചെയ്ത് നൽകാനുള്ള മാനദണ്ഡങ്ങൾ ചുവടെ വിശദീകരിക്കുന്നു.

I <u>തുറന്ന് പ്രവർത്തിക്കുകയാണെങ്കിൽ</u>

(i) പൂട്ടിക്കിടക്കുന്ന വ്യവസായ യൂണിറ്റുകൾ ഒരു നിശ്ചിത തീയതിക്കോ അതിനുമുമ്പോ തുറന്ന് പ്രവർത്തിക്കുക. പൂട്ടിക്കിടക്കുന്ന കാലയളവിലെ ഡിമാന്റ് ചാർജ്ജ്/ ഫിക്സഡ് ചാർജ്ജ് ആണ് ഒഴിവാക്കി നൽകുക. (വ്യവസായ യൂണിറ്റുകളുടെ ഉടമസ്ഥാവകാശത്തിൽ മാറ്റം വന്നാലും ഈ ആനുകൂല്യം ലഭ്യമാക്കുന്നതാണ്.)

(ii) ഈ ആനുകൂല്യം നേടുന്ന വ്യവസായശാലകൾ ചുരുങ്ങിയത് '6' മാസക്കാലമെങ്കിലും തുറന്ന് പ്രവർത്തിക്കേണ്ടതാണ്. അല്ലാത്തപക്ഷം നൽകിയ ആനുകൂല്യം പിൻവലിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(iii) ഹൈ-ടെൻഷൻ വ്യവസായ സ്ഥാപനങ്ങൾക്കുള്ള ആനുകൂല്യം നൽകുന്നതിനാവശ്യമായ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ നൽകുന്ന പൂട്ടിയതും തുറന്നതുമായ വിശദാംശങ്ങൾ ഉൾപ്പെടുത്തിയ സാക്ഷ്യപത്രം ബോർഡ് പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്. ലോ-ടെൻഷൻ വ്യവസായ സ്ഥാപനങ്ങൾക്കുള്ള ആനുകൂല്യം നൽകാനുള്ള അധികാരം ബന്ധപ്പെട്ട ഇലക്ട്രിക്കൽ സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറിൽ നിക്ഷിപ്തമാണ്. ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ നൽകുന്ന പൂട്ടിക്കിടന്നതിന്റെയും തുറന്നതിന്റെയും വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന സാക്ഷ്യപത്രം പരിശോധിച്ചാണ് തീരുമാനം എടുക്കുന്നത്.

(iv) വൈദ്യുത ബന്ധം വിച്ഛേദിച്ച് 6 മാസം കഴിഞ്ഞ് കണക്ഷൻ അഴിച്ചെടുത്തിട്ടുള്ള വ്യവസായ സ്ഥാപനങ്ങൾക്കും ഈ ആനുകൂല്യം നൽകുന്നതാണ്.

(v) പലിശയുൾപ്പെടെയുള്ള കുടിശ്ശികയുടെ 1/3 ആദ്യഗഡുവായി ഉപഭോക്താവ് അടയ്ക്കേണ്ടതാണ്. ശേഷിക്കുന്ന തുകയ്ക്ക് പരമാവധി '6' തവണകൾ വരെ അനുവദിക്കുന്നതാണ്. എന്നാൽ തവണ തുകയും വൈദ്യുത ചാർജ്ജും ഉപഭോക്താവ് വീഴ്ച കൂടാതെ തുടർന്ന് അടയ്ക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുന്ന ഉപഭോക്താക്കൾക്ക് നൽകപ്പെട്ട ആനുകൂല്യം പിൻവലിച്ച് വൈദ്യുത ബന്ധം വിച്ഛേദിക്കുന്നതുമാണ്.

(vi) മൂന്ന് വർഷത്തിലേറെയായി പ്രവർത്തിച്ചിരുന്ന വ്യവസായ സ്ഥാപനങ്ങൾ പൂട്ടിയതിനുശേഷം തുറന്ന് പ്രവർത്തിക്കുകയാണെങ്കിൽ പൂട്ടാനുണ്ടായ കാരണങ്ങൾ തൊഴിൽ തർക്കമോ, അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം മൂലമോ ആണെന്ന് ബോദ്ധ്യപ്പെടുത്താനായാൽ പൂട്ടിക്കിടന്ന വിവിധ കാലയളവുകളിലെ ഡിമാന്റ് ചാർജ്ജ്/ഫിക്സഡ് ചാർജ്ജ് ഒഴിവാക്കി നൽകുന്നതാണ്. മേൽ പ്രസ്താവിച്ച കാരണങ്ങളാലല്ലാതെ പൂട്ടിയതാണെങ്കിൽ പൂട്ടിക്കിടന്ന അവസാന കാലയളവിലെ ഡിമാന്റ് ചാർജ്ജ്/ഫിക്സഡ് ചാർജ്ജ് മാത്രമേ ഒഴിവാക്കി നൽകുകയുള്ളൂ.

(vii) ഒരിക്കൽ ആനുകൂല്യം നേടിയ ഉപഭോക്താക്കളുടെ പ്രശ്നങ്ങൾ വീണ്ടും ഈ പദ്ധതിയിൽ പരിഗണിക്കുന്നതല്ല.

LIBRARY ARCHIVES Kerala Legislative Assembly

II തുറന്ന് പ്രവർത്തിക്കുന്നില്ലെങ്കിൽ

ദീർഘകാലമായി കുടിശ്ശിക വരുത്തിയിട്ടുള്ള വ്യവസായ സ്ഥാപനങ്ങൾ അന്തിമമായി കുടിശ്ശിക തീർപ്പാക്കുകയാണെങ്കിൽ 'പലിശ' 3 ശതമാനമായി ഇളവ് ചെയ്തു നൽകുന്നതാണ്. കുടിശ്ശികയിലെ മുതൽ ഒറ്റത്തവണയിൽ ഒടുക്കിയാൽ മാത്രമേ പലിശ 3 ശതമാനമായി നൽകുകയുള്ളൂ. കുടിശ്ശികയിലെ 'മുതൽ' തവണകളായാണ് ഒടുക്കുന്നതെങ്കിൽ പലിശ 6 ശതമാനം ആയിരിക്കുന്നതാണ്. കൂടാതെ ഇത്തരം ഉപഭോക്താക്കളിൽ നിന്നും പരമാവധി 6 മാസത്തെ ഡിമാന്റ് ചാർജ്ജ് കൂടി വസൂലാക്കുന്നതാണ്.

(ഇ) ഈ സാമ്പത്തിക വർഷത്തിൽ എൽ.റ്റി. വിഭാഗത്തിൽപ്പെട്ട വ്യവസായ യൂണിറ്റുകൾക്ക് 101.62 ലക്ഷം രൂപയുടെയും സർക്കാർ സ്ഥാപനങ്ങൾക്ക് 18.66 ലക്ഷം രൂപയുടെയും ഇളവ് നൽകിയിട്ടുണ്ട്. എച്ച്.ടി. വിഭാഗത്തിൽ കുടിശ്ശികയിനത്തിൽ 2004-05 മുതൽ നാളിതുവരെ കുടിശ്ശികയിലെ ഡിമാന്റ് ചാർജ്ജ് ഒഴിവാക്കിയ ഇനത്തിൽ അനുവദിച്ചിട്ടുള്ള ഇളവ് 15.78 കോടി രൂപയാണ്. ഇത് കൂടാതെ കുടിശ്ശികയിലെ പലിശയിലും ഇളവ് അനുവദിച്ച് നൽകിയിട്ടുണ്ട്.

**കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി**

**18 (374)** ശ്രീ. ജി. എസ്. ജയലാൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി നൽകിയ ഇനത്തിൽ വിവിധ വകുപ്പുകളും പൊതുമേഖലാസ്ഥാപനങ്ങളും സർക്കാർ അധീനതയിലുള്ള ബോർഡ്/കോർപ്പറേഷനുകളും കെ.എസ്.ഇ.ബി.-ക്ക് പണം നൽകുന്നതിൽ കാലവിളംബം വരുത്തിയിട്ടുണ്ടോ ; എങ്കിൽ ആയിനത്തിൽ എത്ര കോടി രൂപ ലഭിക്കാനുണ്ടെന്നറിയിക്കുമോ ;

(ബി) പ്രസ്തുത ഇനത്തിൽ ഏതൊക്കെ സ്ഥാപനങ്ങൾ എത്ര രൂപാ വീതം കുടിശ്ശിക വരുത്തിയിട്ടുണ്ടെന്നറിയിക്കുമോ ;

(സി) കുടിശ്ശികത്തുക ഈടാക്കുന്നതിലേക്കായി എന്തൊക്കെ നടപടികളാണ് ബോർഡ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ;

(ഡി) കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളുടെ പട്ടികയിൽ സേവനരംഗത്ത് പ്രവർത്തിക്കുന്ന വകുപ്പുകൾ കൂടി ഉൾപ്പെട്ടിട്ടുള്ളതിനാൽ ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്തവിധത്തിൽ പ്രസ്തുത കുടിശ്ശിക പിരിച്ചെടുക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഇ) കെ. എസ്. ഇ. ബി. വൈദ്യുതി നൽകിയ വകയിൽ സ്വകാര്യ വ്യക്തികളും വ്യവസായികളും എത്ര കോടി രൂപ കുടിശ്ശിക ഇനത്തിൽ നൽകുവാനുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; വിശദാംശം അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) പ്രസ്തുത കുടിശ്ശിക വരുത്തിയിട്ടുള്ളവരിൽ 5 ലക്ഷം രൂപയ്ക്ക് മുകളിൽ നൽകുവാനുള്ളവരുടെ എണ്ണം അറിയിക്കുമോ ;

(ജി) പ്രസ്തുത കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ബോർഡ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; ആയതുമായി ബന്ധപ്പെട്ട കേസുകൾ എത്രയും പെട്ടെന്ന് അവസാനിപ്പിച്ച് തുക ഈടാക്കുവാൻ പ്രത്യേക നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(എച്ച്) കെ.എസ്.ഇ.ബി. സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ പ്രസ്തുത കുടിശ്ശികകൾ എത്രയും പെട്ടെന്ന് പിരിച്ചെടുക്കുവാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) വൈദ്യുതി നൽകിയ ഇനത്തിൽ വിവിധ വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും സർക്കാർ അധീനതയിലുള്ള ബോർഡ്/ കോർപ്പറേഷനുകളും കെ.എസ്.ഇ.ബി.-ക്ക് പണം നൽകുന്നതിൽ കാലവിളംബം വരുത്തിയിട്ടുണ്ട്. ആയിനത്തിൽ വൈദ്യുതി ബോർഡിന് 1309.52 കോടി രൂപ 31-12-2012 വരെ പിരിഞ്ഞുകിട്ടാനുണ്ട്.

(ബി) കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളും കണക്കുകളും അനുബന്ധം 1 ആയി ചേർക്കുന്നു.*

(സി) കുടിശ്ശിക ഈടാക്കുവാൻ ബോർഡ് താഴെപ്പറയുന്ന നടപടികളാണ് സ്വീകരിച്ചുവരുന്നത്.

1. വൈദ്യുത ചാർജ്ജ് അടയ്ക്കാത്ത ഉപഭോക്താക്കളുടെ വൈദ്യുത ബന്ധം യഥാസമയം വിച്ഛേദിക്കുക.
2. ആറ് മാസത്തിലേറെയായി വിച്ഛേദിച്ചിരിക്കുന്ന വൈദ്യുത കണക്ഷൻ അഴിച്ചുമാറ്റി റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുക.
3. കുടിശ്ശിക ഒടുക്കുന്നതിന് തവണ വ്യവസ്ഥ അനുവദിക്കുക.
4. പൂട്ടിക്കിടക്കുന്ന എച്ച്.ടി., എൽ.ടി. വിഭാഗങ്ങളിലുള്ള വ്യവസായ സ്ഥാപനങ്ങൾ, പ്ലാന്റേഷനുകൾ എന്നിവ നിശ്ചിത സമയത്തിനു മുന്നേ തുറന്ന് പ്രവർത്തിക്കുകയാണെങ്കിൽ പൂട്ടിക്കിടന്ന കാലയളവിലെ ഡിമാന്റ് ചാർജ്ജ്/ഫിക്സഡ് ചാർജ്ജ് എന്നിവ ഒഴിവാക്കി നൽകുക.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

5. ദീർഘകാലമായി പൂട്ടിക്കിടക്കുന്ന വ്യവസായശാലകൾ തുറന്ന് പ്രവർത്തിക്കുന്നുവെങ്കിലോ, അന്തിമമായി കുടിശ്ശിക കണക്കുകൾ തീർപ്പാക്കുകയോ ചെയ്യുന്നുവെങ്കിലോ പലിശ 3 ശതമാനമായി ഇളവ് ചെയ്ത് നൽകുക. മറ്റ് ഉപഭോക്താക്കൾക്ക് പലിശ 5 ശതമാനം ആയിരിക്കും. കുടിശ്ശികയിലെ മുതൽ ഒറ്റത്തവണയിൽ അടച്ചാൽ മാത്രമേ മേൽ പ്രസ്താവിച്ച ഇളവുകൾ ലഭ്യമാകൂ. അല്ലാത്തപക്ഷം പലിശ യഥാക്രമം 6 ശതമാനവും 9 ശതമാനവും ആയിരിക്കുന്നതാണ്.

6. കോടതികളിൽ കുടിശ്ശിക സംബന്ധിച്ച് നിലവിലുള്ള വ്യവഹാരങ്ങൾ വേഗത്തിൽ തീർപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക.

(ഡി) സർക്കാർ ആശുപത്രികൾ, സംസ്ഥാന ജല അതോറിറ്റി തുടങ്ങി സേവന രംഗത്ത് പ്രവർത്തിക്കുന്ന വകുപ്പുകൾ വൈദ്യുത ചാർജ്ജ് കുടിശ്ശിക വരുത്തിയാലും പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത വിധത്തിലുള്ള നടപടികളാണ് ബോർഡ് പിരിച്ചെടുക്കാൻ സ്വീകരിച്ചുവരുന്നത്.

(ഇ) വൈദ്യുത ചാർജ്ജ് കുടിശ്ശികയിനത്തിൽ സ്വകാര്യ വ്യക്തികളും വ്യവസായികളും കൂടി 597.47 കോടി രൂപ 31-12-2012-ലെ കണക്കനുസരിച്ച് ബോർഡിന് നൽകാനുണ്ട്. വിശദാംശം അനുബന്ധം 2,3 ആയി ചേർക്കുന്നു.*

(എഫ്) 5 ലക്ഷം രൂപയ്ക്ക് മുകളിൽ കുടിശ്ശിക വരുത്തിയ ഹൈടെൻഷൻ വിഭാഗത്തിലുള്ള സ്വകാര്യ വ്യക്തികളുടെ എണ്ണം 379 ആണ്.

(ജി) പ്രസ്തുത കുടിശ്ശിക പിരിച്ചെടുക്കാൻ ബോർഡ് സ്വീകരിക്കുന്ന നടപടികൾ ചുവടെ ചേർക്കുന്നു :

1. വൈദ്യുത ചാർജ്ജ് കുടിശ്ശിക വരുത്തിയ ഉപഭോക്താക്കളുടെ വൈദ്യുത ബന്ധം യഥാസമയം വിച്ഛേദിക്കുക.

2. ആറ് മാസക്കാലത്തിലേറെയായി വിച്ഛേദിച്ചിരിക്കുന്ന വൈദ്യുത കണക്ഷൻ അഴിച്ചുമാറ്റി റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുക.

3. കുടിശ്ശിക ഒടുക്കുന്നതിന് തവണ വ്യവസ്ഥ അനുവദിക്കുക.

4. പൂട്ടിക്കിടക്കുന്ന എച്ച്.ടി., എൽ.ടി. വിഭാഗങ്ങളിലുള്ള വ്യവസായ സ്ഥാപനങ്ങൾ, പ്ലാന്റേഷനുകൾ എന്നിവ നിശ്ചിത തീയതിക്കുമുമ്പേ തുറന്ന് പ്രവർത്തിക്കുകയാണെങ്കിൽ പൂട്ടിക്കിടന്ന കാലയളവിലെ ഡിമാന്റ് ചാർജ്ജ്/ഫിക്സഡ് ചാർജ്ജ് എന്നിവ ഒഴിവാക്കി നൽകുക.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

5. ദീർഘകാലമായി പൂട്ടിക്കിടക്കുന്ന വ്യവസായശാലകൾ തുറന്ന് പ്രവർത്തിക്കുന്നുവെങ്കിലോ, അന്തിമമായി കുടിശ്ശിക കണക്കുകൾ തീർപ്പാക്കുകയോ ചെയ്യുന്നുവെങ്കിലോ പലിശ 3 ശതമാനമായി ഇളവ് ചെയ്ത് നൽകുക. മറ്റ് ഉപഭോക്താക്കൾക്ക് പലിശ 5 ശതമാനം ആയിരിക്കും. കുടിശ്ശികയിലെ മുതൽ ഒറ്റത്തവണയിൽ അടച്ചാൽ മാത്രമേ മേൽ പ്രസ്താവിച്ച ഇളവുകൾ ലഭ്യമാകൂ. അല്ലാത്തപക്ഷം പലിശ യഥാക്രമം 6 ശതമാനവും 9 ശതമാനവും ആയിരിക്കും.

6. കോടതികളിൽ കുടിശ്ശിക സംബന്ധിച്ച് നിലവിലുള്ള വ്യവഹാരങ്ങൾ വേഗത്തിൽ തീർപ്പാക്കാനുതകുന്ന പ്രവർത്തനങ്ങൾ നടത്തുക.

(എച്ച്) സ്വീകരിച്ചുവരുന്നുണ്ട്.

**വൈദ്യുതിചാർജ്ജിനത്തിലെ കുടിശ്ശിക**

**19 (375)** പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ചാർജ്ജിനത്തിൽ ബോർഡിന് എത്ര കോടി രൂപയാണ് പിരിഞ്ഞ് കിട്ടാനുള്ളത് എന്നറിയിക്കുമോ ;

(ബി) പ്രസ്തുത കുടിശ്ശികത്തുക പിരിച്ചെടുക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വൈദ്യുതി ബോർഡിന് 31-12-2012 വരെ പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശിക 1309.52 കോടി രൂപയാണ്.

(ബി) കുടിശ്ശിക പിരിച്ചെടുക്കാൻ വൈദ്യുത ബോർഡ് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു :

(i) യഥാസമയം വൈദ്യുത ചാർജ്ജ് അടയ്ക്കാത്ത ഉപഭോക്താക്കളുടെ വൈദ്യുത ബന്ധം കൃത്യമായി വിഛേദിക്കുക.

(ii) ആറ് മാസക്കാലമായി വിഛേദിക്കപ്പെട്ടിരിക്കുന്ന വൈദ്യുത കണക്ഷൻ അഴിച്ചുമാറ്റി റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുക.

(iii) കുടിശ്ശിക ഒടുക്കുന്നതിന് തവണ വ്യവസ്ഥ അനുവദിക്കുക.

(iv) പൂട്ടിക്കിടക്കുന്ന എച്ച്.ടി., എൽ.ടി. വിഭാഗങ്ങളിലുള്ള വ്യവസായ സ്ഥാപനങ്ങൾ, പ്ലാന്റേഷനുകൾ എന്നിവ നിശ്ചിത തീയതിക്കുമുമ്പേ തുറന്ന് പ്രവർത്തിക്കുകയാണെങ്കിൽ പൂട്ടിക്കിടന്ന കാലയളവിലെ ഡിമാന്റ് ചാർജ്ജ്/ഫിക്സഡ് ചാർജ്ജ് എന്നിവ ഒഴിവാക്കി നൽകുക.

LIBRARY ARCHIVES Kerala Legislative Assembly

(v) ദീർഘകാലമായി കുടിശ്ശിക വരുത്തിയിട്ടുള്ള ഉപഭോക്താക്കൾ 'മുതൽ' ഒറ്റത്തവണയിലോ തവണകളായോ ഒടുക്കിയാൽ പലിശയിൽ ഇളവ് അനുവദിച്ചു കൊടുക്കുക. പൂട്ടിക്കിടക്കുന്ന വ്യവസായശാലകൾ തുറന്ന് പ്രവർത്തിക്കുന്നുവെങ്കിലോ, അന്തിമമായി കുടിശ്ശിക കണക്കുകൾ തീർപ്പാക്കുകയാണെങ്കിലോ പലിശ 3 ശതമാനമായി ഇളവ് ചെയ്ത് നൽകുന്നതാണ്. മറ്റ് ഉപഭോക്താക്കൾക്ക് പലിശ 5 ശതമാനം ആയിരിക്കും. കുടിശ്ശികയിലെ 'മുതൽ' ഒറ്റത്തവണയിൽ അടയ്ക്കുകയാണെങ്കിൽ മാത്രമേ മേൽ പ്രസ്താവിച്ച ഇളവുകൾ ലഭ്യമാകൂ. അല്ലാത്ത പക്ഷം പലിശ യഥാക്രമം 6 ശതമാനവും 9 ശതമാനവും ആയിരിക്കുന്നതാണ്. ഈ പദ്ധതി 31-3-2013 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

(vi) കുടിശ്ശിക സംബന്ധിച്ച് വിവിധ കോടതികളിൽ നിലവിലുള്ള വ്യവഹാരങ്ങൾ വേഗം തീർപ്പാക്കാനുതകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.

**സ്വകാര്യ പങ്കാളിത്തത്തോടെയുള്ള ചെറുകിട വൈദ്യുത പദ്ധതികൾ**

**20 (376)** ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ പങ്കാളിത്തത്തോടെ ചെറുകിട വൈദ്യുത പദ്ധതികൾ സ്ഥാപിക്കാനുള്ള നയത്തിന് അംഗീകാരം നൽകിയിട്ടുണ്ടോ ;

(ബി) ഇതുവഴി എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മുൻഗണന നൽകുമോ ;

(ഡി) പ്രസ്തുത പദ്ധതി തെരഞ്ഞെടുക്കുന്നതിനും അവയ്ക്ക് അനുമതി നൽകുന്നതിനുമുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 62 പദ്ധതികളിൽ നിന്നായി 222 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. സാമ്പത്തിക ഭദ്രത അടിസ്ഥാനമാക്കി ഒരു പ്രി-ക്വാളിഫിക്കേഷൻ ടെൻഡറിലൂടെ സംരംഭകരെ - ക്യാപ്റ്റീവ്, ഇൻഡിപെന്റന്റ് എന്നീ രണ്ടു വിഭാഗങ്ങളിലായി തെരഞ്ഞെടുത്ത് രണ്ടാം ഘട്ടത്തിൽ മത്സര ദർഘാസിന്റെ അടിസ്ഥാനത്തിൽ കൈമാറുന്നതാണ്.



LIBRARY ARCHIVES Kerala Legislative Assembly

(സി) 500 KW വരെയുള്ള പദ്ധതികൾക്ക് മുൻഗണന നല്കിയിട്ടുണ്ട്.

(ഡി) നിശ്ചയിച്ചിരിക്കുന്ന upfront premium ആയ 15 ലക്ഷം രൂപ/MW-ൽനിന്ന് ഏറ്റവും കൂടുതൽ തുക quote ചെയ്യുന്ന bidder-ക്ക് 30 വർഷത്തേക്ക് Build, Own, Operate & Transfer (BOOT) വ്യവസ്ഥയിൽ പദ്ധതികൾ കൊടുക്കുന്നു. ഇതിനുശേഷം ഈ പദ്ധതികൾ സർക്കാരിന് സൗജന്യമായി തിരിച്ചുനല്കണം. ഇതിലേക്കായുള്ള പ്രീ-ക്വാളിഫിക്കേഷൻ ടെൻഡർ ക്ഷണിച്ചുകഴിഞ്ഞു.

**വൈദ്യുതോല്പാദനവും വിതരണവും സ്വകാര്യവൽക്കരിക്കൽ**

21 (377) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വൈദ്യുതി ഉൽപ്പാദനവും വിതരണവും സ്വകാര്യവൽക്കരിക്കാൻ കേന്ദ്ര സർക്കാരിന്റെ നിർദ്ദേശമുണ്ടോ എന്നറിയിക്കാമോ ;

(ബി) എങ്കിൽ പ്രസ്തുത നിർദ്ദേശം നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(സി) 2013 ഏപ്രിൽ 1 മുതൽ വൈദ്യുതി വിതരണത്തിൽ സ്വകാര്യ പങ്കാളിത്തം ഏർപ്പെടുത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാന ഉടമസ്ഥതയിലുള്ള വിതരണ സ്ഥാപനങ്ങളുടെ (Discom) സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ രൂപം നൽകിയ സാമ്പത്തിക പുനരുദ്ധാരണ പദ്ധതിയുടെ പാർട്ട്-സിയിൽ പ്രതിപാദിച്ചിട്ടുള്ള നിർബന്ധിത വ്യവസ്ഥകളിൽ സംസ്ഥാനത്തെ വൈദ്യുതി വിതരണ മേഖലയിലെ സ്വകാര്യ പങ്കാളിത്തവും ഉൾപ്പെടുന്നുണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ വിതരണ വിഭാഗത്തെ സ്വകാര്യവൽക്കരിക്കാൻ ഒരു കർമ്മ പരിപാടി രൂപീകരിക്കാൻ നിർദ്ദേശിച്ചുകൊണ്ട് 2013 ഫെബ്രുവരി 13-ാം തീയതി പവർ ഫിനാൻസ് കോർപ്പറേഷൻ വൈദ്യുതി ബോർഡിന് കത്ത് നൽകിയിരുന്നെങ്കിലും ബോർഡ് മറുപടി നൽകിയിട്ടില്ല.

(ബി) വൈദ്യുതി ബോർഡിന്റെ സാമ്പത്തിക പുനരുദ്ധാരണ സ്കീമിൽ സംസ്ഥാനം ചേരുന്നതും ആയത് സംസ്ഥാന വിതരണ സ്ഥാപനമായ വൈദ്യുതി ബോർഡിൽ നടപ്പിലാക്കുന്നതും സംബന്ധിച്ച വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും 19-2-2013-ന് ചേർന്ന മന്ത്രിസഭാ യോഗം സാമ്പത്തിക പുനരുദ്ധാരണ പദ്ധതിയിൽ സംസ്ഥാന സർക്കാരും ചേരുന്നതാണ് എന്നും സ്വകാര്യ ഫ്രാഞ്ചൈസിയും പൊതു സ്വകാര്യ മേഖലാ പങ്കാളിത്തവും (Public-Private-Participation) ഉണ്ടായിരിക്കുന്നതല്ലെന്ന് കേന്ദ്രം സർക്കാരിനോട് വ്യക്തമാക്കേണ്ടതാണെന്നും തീരുമാനിക്കുകയുണ്ടായി. തദനുസരണം സംസ്ഥാന സർക്കാരിന്റെ നിലപാട് വ്യക്തമാക്കിക്കൊണ്ട് കേന്ദ്ര സർക്കാരിന് 27-2-2013-ൽ കത്ത് നൽകിയിട്ടുണ്ട്.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

## സ്വകാര്യ പങ്കാളിത്തത്തോടെയുള്ള ചെറുകിട വൈദ്യുത പദ്ധതികൾ

22 (378) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുകിട വൈദ്യുത പദ്ധതികൾ സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കാൻ അനുമതി നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികൾ സംബന്ധിച്ച നയത്തിലെ വ്യവസ്ഥകളും നടപടിക്രമങ്ങളും എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(സി) എത്ര പദ്ധതികൾക്കാണ് അനുമതി നൽകിയിട്ടുള്ളത് ;

(ഡി) പ്രസ്തുത പദ്ധതികൾ നടപ്പാക്കാനുള്ള പങ്കാളികളെ തെരഞ്ഞെടുക്കുന്ന രീതി വിശദമാക്കുമോ ;

(ഇ) പ്രസ്തുത പദ്ധതികളിലൂടെ ഉൽപ്പാദിപ്പിക്കപ്പെടുന്ന വൈദ്യുതിയുടെ ഉപയോഗം സംബന്ധിച്ച വ്യവസ്ഥകൾ എന്തൊക്കെയാണ് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

### ഉത്തരം

(എ) ഉണ്ട്. സർക്കാരിന്റെ ഉത്തരവ് ജി.ഒ(പി) No.25/2012/PD dated. 3-10-2012 പ്രകാരം പുതുക്കിയ ചെറുകിട ജലവൈദ്യുത നയം അനുസരിച്ച് ചെറുകിട ജലവൈദ്യുത പദ്ധതികൾ മത്സര ദർഘാസിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ പങ്കാളിത്തത്തോടെ Build, Own, Operate and Transfer (BOOT) വ്യവസ്ഥയിൽ 30 കൊല്ലത്തേക്ക് നൽകുവാനാണ് അനുമതി കൊടുക്കുന്നത്. 30 വർഷത്തിനുശേഷം ഈ പദ്ധതികൾ സർക്കാരിന് തിരിച്ചുനൽകണം. ഈ ദർഘാസിൽ സർക്കാർ തെരഞ്ഞെടുത്ത 25 മെഗാവാട്ട് വരെ സ്ഥാപിതശേഷിയുള്ള ജലവൈദ്യുത പദ്ധതികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

(ബി) പ്രസ്തുത പദ്ധതികൾ സംബന്ധിച്ച നയത്തിലെ വ്യവസ്ഥകളും നടപടിക്രമങ്ങളും ചുവടെ ചേർക്കുന്നു :

1. സ്വകാര്യ സംരംഭകർ കണ്ടെത്തുന്ന സ്വകാര്യ ഭൂമിയിൽ പദ്ധതി തുടങ്ങുന്നതിന് അനുവാദം നൽകുന്നുണ്ട്.
2. ഒരു ടെക്നിക്കൽ കമ്മിറ്റി അംഗീകരിക്കുന്ന TEFR അനുസരിച്ച് കപ്പാസിറ്റി പുതുക്കുന്നതിനും അനുവദിക്കുന്നുണ്ട്.
3. പദ്ധതിക്കാവശ്യമായ 75 ശതമാനം ഭൂമിയും കണ്ടുപിടിച്ചതിനു ശേഷം ആവശ്യമായ സർക്കാർ നടപടികൾക്കായി അപേക്ഷിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

4. 500 കിലോവാട്ട് വരെയുള്ള ഹൈഡ്രോ പദ്ധതികൾ ദർഘാസ് കൂടാതെ ഏറ്റെടുക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മുൻഗണന നൽകുന്നുണ്ട്. സ്വകാര്യ സംരംഭകരെ മത്സര ദർഘാസിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നു.

5. ബാങ്കിംഗ് അനുവദിക്കുന്നു.

6. ക്യാപ്റ്റീവ് പവർ പ്രൊഡ്യൂസർമാർക്ക് ഡിമാന്റ് ചാർജ്ജിൽ ആശ്വാസം.

7. ഒരു മെഗാവാട്ടിന് 15 ലക്ഷം രൂപ വരെ നിരക്കിലുള്ള മിനിമം Threshold പ്രീമിയത്തിന്റെ അടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ തുക ക്വാട്ട് ചെയ്യുന്നവർക്ക് മുൻഗണന നൽകുന്ന രീതിയിൽ സംരംഭകർക്ക് പദ്ധതി അനുവാദം.

8. പദ്ധതി നടപ്പിലാക്കുന്നവരുടെ സാങ്കേതികമായ കഴിവിനെക്കാളും സാമ്പത്തികശേഷി കണക്കിലെടുക്കും.

9. മുൻ സാമ്പത്തിക വർഷത്തിലെ networth പദ്ധതി ചെലവിന്റെ 15 ശതമാനം ആയിരിക്കണം.

10. TEFR-ന് അനുമതി നൽകുന്നതിനും അതിനോടനുബന്ധിച്ചുള്ള സാങ്കേതിക കാര്യങ്ങൾ നോക്കുന്നതിനും ഈ മേഖലയിലെ വിദഗ്ധരുടെ ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കും. ഇ.എം.സി. ഡയറക്ടർ കൺവീനറായിരിക്കും.

11. ഇന്ത്യാ ഗവൺമെന്റിന്റെ ആനുകൂല്യങ്ങൾ സംരംഭകർക്ക് കൈമാറും.

12. സുരക്ഷാ സംവിധാനങ്ങൾ സുതാര്യമാക്കുന്നതിന് ഡാം സുരക്ഷാ അതോറിറ്റിയുടെ പരിശോധന ഏർപ്പെടുത്തും. ഇതുസംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) ഏകദേശം 220 മെഗാവാട്ട് സ്ഥാപിശേഷി നേടിത്തരാൻ പറ്റുന്ന 62 ചെറുകിട ജലവൈദ്യുത പദ്ധതികൾക്കാണ് അനുമതി നൽകിയിരിക്കുന്നത്.

(ഡി) ഒരു പ്രീ-ക്വാളിഫിക്കേഷൻ ടെൻഡറിലൂടെ പദ്ധതി നടത്തിപ്പിനായി മുന്നോട്ടുവരുന്നവരുടെ (individuals, കമ്പനികൾ, LSGs) പ്രധാനമായും സാമ്പത്തിക അടിത്തറ പരിശോധിക്കുന്നു. പദ്ധതി ഏറ്റെടുത്താൽ പണി സമയബന്ധിതമായി തീർക്കും എന്ന് ഉറപ്പാക്കാനാണിത്. ഇങ്ങനെ തെരഞ്ഞെടുത്തവർ അവർക്ക് നടത്താൻ പറ്റുന്ന സ്ഥാപിതശേഷിയിലുള്ള പദ്ധതികൾക്ക് bid

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യാവുന്നതാണ്. ഒരു മെഗാവാട്ടിന് 15 ലക്ഷം രൂപയാണ് threshold premium നിശ്ചയിച്ചിരിക്കുന്നത്. ഏറ്റവും കൂടുതൽ തുക ക്വാട്ട് ചെയ്യുന്ന bidder-ക്ക് Build, Own, Operate & Transfer (BOOT) വ്യവസ്ഥയിൽ ഈ പദ്ധതികൾ അലോട്ട് ചെയ്യുന്ന തീയതി മുതൽ 30 വർഷക്കാലത്തേക്ക് നൽകുന്നു. ഈ കാലയളവിനുശേഷം ഈ പദ്ധതികൾ സർക്കാരിന് മറ്റ് ചെലവുകളില്ലാതെ (free) തിരിച്ചു നൽകേണ്ടതാണ്. പദ്ധതി നിയമബന്ധിതമായി തീർക്കുന്നതിന് സർക്കാരുമായി ഒരു ഇംപ്ലിമെന്റേഷൻ എഗ്രിമെന്റിലും ഏർപ്പെടണം.

(ഇ) Captive power producer, independent power producer എന്നീ രണ്ടു വിഭാഗങ്ങളിലായാണ് പദ്ധതി നൽകുന്നത്. കേരളത്തിൽത്തന്നെ വ്യവസായശാലകളുള്ള സംരംഭകരാണെങ്കിൽ അവരുടെ ക്യാപ്റ്റീവ് ആവശ്യത്തിനാണ് ഈ വൈദ്യുതി ഉപയോഗിക്കുന്നത്. Independent Power Production category ആണെങ്കിൽ ഉല്പാദിപ്പിക്കുന്ന വൈദ്യുതി കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ചിരിക്കുന്ന നിരക്കിൽ കെഎസ്ഇബി-ക്ക് നൽകണം. 5 മെഗാവാട്ട് വരെയുള്ള പദ്ധതികളിൽ നിന്നുള്ള വൈദ്യുതിക്ക് പുതുക്കിയ നിരക്ക് 4.88 രൂപയും 5 മെഗാവാട്ടിനു മുകളിൽ 25 മെഗാവാട്ട് വരെയുള്ള പദ്ധതികളിൽ നിന്നുള്ള വൈദ്യുതിക്ക് 4.16 രൂപയുമാണ്.

## വൈദ്യുതി വിതരണ മേഖലയുടെ സ്വകാര്യവത്ക്കരണം

**23 (379)** ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി വിതരണ മേഖല സ്വകാര്യവത്കരിക്കുന്നതിന് കർമ്മപദ്ധതി തയ്യാറാക്കണമെന്ന കേന്ദ്ര പവർ ഫിനാൻസ് കോർപ്പറേഷന്റെ നിർദ്ദേശത്തിന് സംസ്ഥാന സർക്കാർ മറുപടി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

### ഉത്തരം

(എ) കേന്ദ്ര പവർ ഫിനാൻസ് കോർപ്പറേഷൻ കർമ്മ പദ്ധതി തയ്യാറാക്കാൻ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടിട്ടില്ല. എന്നാൽ സംസ്ഥാനത്തെ വിതരണ മേഖലയിൽ സ്വകാര്യ പങ്കാളിത്തം അനുവദിക്കുന്നതു സംബന്ധിച്ച രൂപരേഖ തയ്യാറാക്കുന്നതിനും സഞ്ചയ സാങ്കേതിക വാണിജ്യ നഷ്ടങ്ങൾ (AT & C Losses) കുറച്ചുകൊണ്ട് വരുന്നതിനും; കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സംസ്ഥാന വിതരണ കമ്പനി സ്വീകരിച്ച നടപടികൾ അവലോകനം ചെയ്തുകൊണ്ടും വിശദാംശങ്ങൾ പവർ ഫിനാൻസ് കോർപ്പറേഷനു നൽകാൻ കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ സെക്രട്ടറി സംസ്ഥാന ഊർജ്ജ വകുപ്പു സെക്രട്ടറിക്ക് അയച്ച 18-2-2012-ലെ അർദ്ധ ഔദ്യോഗിക കത്തിൽ അഭ്യർത്ഥിച്ചിട്ടുണ്ട്. സർക്കാർ ഇതുസംബന്ധിച്ച മറുപടി നൽകിയിട്ടില്ല.

(ബി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly

**വൈദ്യുതി ബോർഡ് കമ്പനിയാക്കുന്ന നടപടി**

**24 (380)** ശ്രീ. കെ. രാജു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡ് എന്നു മുതൽ കമ്പനിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിന്റെ ഭാഗമായി സർക്കാരും പുതിയ കമ്പനിയും ജീവനക്കാരുടെ സംഘടനകളുമായി ഒപ്പിട്ട ത്രികക്ഷി കരാറിന്റെ കരട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ;

(സി) വൈദ്യുതി ബോർഡ് കമ്പനി ആക്കുമ്പോൾ പെൻഷന്റെ കാര്യത്തിൽ എന്തൊക്കെ ഗ്യാരണ്ടിയാണ് സർക്കാരിന് നൽകാൻ കഴിയുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2008-ലെ കേരള ഇലക്ട്രിസിറ്റി ഫസ്റ്റ് ട്രാൻസ്ഫർ സ്കീമനുസരിച്ച് സർക്കാരിൽ നിക്ഷിപ്തമാക്കപ്പെട്ടിട്ടുള്ള സംസ്ഥാന വൈദ്യുതി ബോർഡിലെ ആസ്തി-ബാധ്യതകൾ ഒരു പുതിയ കമ്പനിയിലേക്ക് 30-9-2009-ന് മുമ്പ് കൈമാറ്റം ചെയ്യണമെന്ന് പ്രസ്തുത സ്കീമിലെ ഖണ്ഡിക 6(1) നിർദ്ദേശിക്കുന്നു. ഇതിലേക്ക് ഒരു കമ്പനിക്ക് രൂപം നൽകിയെങ്കിലും നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ടതുള്ളതു കൊണ്ട് കൈമാറ്റ പദ്ധതി വിജ്ഞാപനം ചെയ്യുന്നതിന് കഴിഞ്ഞിട്ടില്ല. നിലവിൽ ഇതിലേക്ക് അനുവദിച്ചിട്ടുള്ള സമയപരിധി 31-3-2013 വരെയാണ്.

(ബി) സംസ്ഥാന വൈദ്യുതി ബോർഡിന്റെ പുനഃസംഘടനയുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ സംഘടനകളുമായി ഒപ്പ് വയ്ക്കുന്നതിനുള്ള ഒരു ത്രികക്ഷി കരാറിന്റെ കരട് തയ്യാർ ചെയ്തിട്ടുണ്ട്. ആയത് ജീവനക്കാരുടെ സംഘടനകളുടെ അഭിപ്രായങ്ങൾക്കും നിർദ്ദേശങ്ങൾക്കുമായി ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റായ KSEB.--ൽ പ്രസിദ്ധം ചെയ്തിട്ടുണ്ട്. ഇതിന്റെ ഒരു പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(സി) വൈദ്യുതി ബോർഡ് കമ്പനിയാക്കിയാലും നിലവിലുള്ള ജീവനക്കാരുടെയും പെൻഷൻകാരുടെയും പെൻഷൻ ആനുകൂല്യങ്ങളുടെ വിതരണം ഉറപ്പുവരുത്തുന്ന തരത്തിൽ ഒരു സംവിധാനമേർപ്പെടുത്തുന്നതിന് കൈമാറ്റ പദ്ധതിയിൽ വ്യവസ്ഥകൾ ചേർത്തിട്ടുണ്ട്.

**കെ.എസ്.ഇ.ബി.-യുടെ കമ്പനിവത്ക്കരണം**

**25 (381)** ശ്രീ. ലൂഡി ലൂയിസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-യെ കമ്പനിയായി രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കെ.എസ്.ഇ.ബി.-യുടെ കമ്പനിവത്കരണവുമായി ബന്ധപ്പെട്ട് തൊഴിലാളി സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ടോ ;

(സി) ആരെല്ലാമാണ് പ്രസ്തുത ചർച്ചകളിൽ പങ്കെടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ; പ്രസ്തുത ചർച്ചകളിലെടുത്തിട്ടുള്ള തീരുമാനങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) 25-9-2008-ലെ സർക്കാർ ഉത്തരവിലൂടെ സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാക്കപ്പെട്ട സംസ്ഥാന വൈദ്യുതി ബോർഡിന്റെ ആസ്തി-ബാധ്യതകൾ ഏറ്റെടുക്കുന്നതിലേക്ക് 1956-ലെ കമ്പനി നിയമത്തിൻ കീഴിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന ഒരു കമ്പനിക്ക് 14-1-2011-ൽ രൂപം നൽകിയിട്ടുണ്ട്. എന്നാൽ ആസ്തി-ബാധ്യതകൾ ഈ കമ്പനിയിലേക്ക് കൈമാറ്റം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ സർക്കാർ തലത്തിൽ പുരോഗമിച്ചു വരുന്നതേയുള്ളൂ.

(ബി) കമ്പനിവത്ക്കരണവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ജീവനക്കാരുടെ സംഘടനകളുമായി വിവിധ ഘട്ടങ്ങളിൽ സർക്കാർ ചർച്ചകൾ നടത്തിയിട്ടുണ്ട്. ഒടുവിലായി 11-2-2013-ൽ ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ജീവനക്കാരുടെ സംഘടനാ പ്രതിനിധികളുമായി ചർച്ച നടത്തിയിരുന്നു.

(സി) ഊർജ്ജ വകുപ്പുമന്ത്രിയും ബഹു. മുഖ്യമന്ത്രിയും നടത്തിയ വിവിധ ചർച്ചകളിൽ ഊർജ്ജ വകുപ്പിലേയും വൈദ്യുതി ബോർഡിലെയും ഉദ്യോഗസ്ഥരും ജീവനക്കാരുടെ സംഘടനാ പ്രതിനിധികളും പങ്കെടുത്തിരുന്നു. 11-2-2013-ലെ ചർച്ചകളിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട വൈദ്യുതി-ഗതാഗത വകുപ്പുമന്ത്രി, ചീഫ് സെക്രട്ടറി, ഊർജ്ജ വകുപ്പു സെക്രട്ടറി & ഇലക്ട്രിസിറ്റി ബോർഡ് ചെയർമാൻ, ഇലക്ട്രിസിറ്റി ബോർഡ് മെമ്പർമാർ, ഇലക്ട്രിസിറ്റി ബോർഡിലെ ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം.), ഇലക്ട്രിസിറ്റി ബോർഡ് സെക്രട്ടറി, ഓഫീസർമാരുടെ സംഘടനാ പ്രതിനിധികൾ, തൊഴിലാളി സംഘടനാ പ്രതിനിധികൾ മുതലായവർ പങ്കെടുത്തിരുന്നു. വൈദ്യുതി ബോർഡിന്റെ പുനഃസംഘടനയെ സംബന്ധിച്ചുള്ള ത്രികക്ഷി കരാർ, ട്രാൻസ്ഫർ സ്കീം, സർക്കാരും വൈദ്യുതി ബോർഡും തമ്മിലുള്ള മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗ് എന്നിവയുടെ കരട് രേഖകളിന്മേലുള്ള അഭിപ്രായങ്ങൾ ഓഫീസർമാരുടെ സംഘടനാ പ്രതിനിധികളും, തൊഴിലാളി സംഘടനാ പ്രതിനിധികളും അറിയിക്കണമെന്നും ആയവ പരിഗണിച്ച് ഇക്കാര്യത്തിൽ സർക്കാർ അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണെന്നും തീരുമാനിക്കുകയുണ്ടായി.

**കെ.എസ്.ഇ.ബി.-യെ കമ്പനിയാക്കുന്ന നടപടി**

**26 (382)** ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-യെ കമ്പനിയാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ എന്നുമുതലാണ് പ്രസ്തുത തീരുമാനം നടപ്പിലാക്കുന്നത് എന്നറിയിക്കുമോ ;

(സി) ബോർഡിനെ കമ്പനിയാക്കുമ്പോൾ ജീവനക്കാരുടെ പെൻഷൻ ആരാണ് നൽകുകയെന്ന് വ്യക്തമാക്കുമോ ;

(ഡി) കമ്പനി ഇതിന് എന്ത് സംവിധാനമാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഇ) ആയതിന് ആവശ്യമായ ഫണ്ട് എങ്ങനെയാണ് ലഭ്യമാക്കുക എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) 2003-ലെ വൈദ്യുതി നിയമം അനുശാസിക്കും പ്രകാരവും കേന്ദ്ര സർക്കാരിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ചും സംസ്ഥാന വൈദ്യുതി ബോർഡിനെ പുനഃസംഘടിപ്പിക്കാൻ കേരള സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതനുസരിച്ച് കെ.എസ്.ഇ.ബി.-യുടെ മുഴുവൻ ആസ്തി ബാധ്യതകളും ഏറ്റെടുത്തുകൊണ്ട് 2008 സെപ്റ്റംബർ 25-ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ഈപ്രകാരം സർക്കാരിൽ നിക്ഷിപ്തമാക്കിയിട്ടുള്ള ആസ്തി ബാധ്യതകൾ കമ്പനിയിലേക്ക് കൈമാറ്റം ചെയ്യുമെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

(ബി) 25-9-2008-ലെ ഉത്തരവിലൂടെ സർക്കാർ ഏറ്റെടുത്ത കെഎസ്ഇബി-യുടെ മുഴുവൻ ആസ്തി ബാധ്യതകൾ, ഇന്ത്യൻ കമ്പനി നിയമത്തിൻകീഴിൽ രൂപം കൊടുക്കുന്ന ഒരു കമ്പനിയിലേക്ക് 30-9-2009-ന് മുമ്പ് പുനർനിക്ഷിപ്തമാക്കണമെന്നാണ് ഫസ്റ്റ് ട്രാൻസ്ഫർ സ്കീമിന്റെ ഖണ്ഡിക 6(1) നിർദ്ദേശിച്ചിരുന്നത്. ഇതുസംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിന് 31-3-2013 വരെയാണ് ഇപ്പോൾ സർക്കാർ സമയം അനുവദിച്ചിട്ടുള്ളത്.

(സി-ഇ) വൈദ്യുതി ബോർഡിനെ പുനഃസംഘടിപ്പിക്കുമ്പോൾ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ നിലവിലുള്ള എല്ലാ ആനുകൂല്യങ്ങളും സംരക്ഷിച്ചുകൊണ്ട് അവർക്ക് ഒരു തരത്തിലും ദോഷം വരാത്ത രീതിയിൽ, 2003-ലെ വൈദ്യുതി നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി പുനഃസംഘടനാ നടപടിക്രമങ്ങൾ കൈക്കൊള്ളുകയും അതനുസരിച്ചുള്ള ഒരു കൈമാറ്റ പദ്ധതിയുടെ കരട് രേഖയ്ക്ക് രൂപം കൊടുക്കുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള ജീവനക്കാരുടെയും പെൻഷൻകാരുടെയും ആനുകൂല്യങ്ങൾ തുടർന്നും നൽകുന്നതിന് ആവശ്യമായ വ്യവസ്ഥകൾ ഈ ട്രാൻസ്ഫർ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പെൻഷൻ ബാധ്യത ഏറ്റെടുക്കുന്നതിന് ഒരു മാസ്റ്റർ ട്രസ്റ്റ് രൂപീകരിക്കുന്നതിനും പെൻഷൻ വിതരണം ഈ മാസ്റ്റർ ട്രസ്റ്റ് ഫണ്ട് മുഖാന്തിരം നടത്തുന്നതിനുമുള്ള നിർദ്ദേശങ്ങളാണ് ഇതിലേക്കായി പരിഗണിക്കുന്നത്. പെൻഷൻ ബാധ്യതയ്ക്ക് തുല്യമായ തുകയ്ക്കുള്ള ബോണ്ട് കമ്പനി ഇഷ്യൂ ചെയ്യുന്നതിനും ഈ ബോണ്ട് മുഴുവനായും പുതുതായി രൂപീകരിക്കുന്ന മാസ്റ്റർ ട്രസ്റ്റ് സബ്സ്ക്രൈബ് ചെയ്യുന്നതിനും ഓരോ വർഷവും ബോണ്ടിന്റെ പലിശയും

LIBRARY ARCHIVES Kerala Legislative Assembly

മുതലിലുള്ള തിരിച്ചടവും കൂടാതെ ഓരോ വർഷവും അതതു വർഷത്തെ നിലവിലുള്ള ജീവനക്കാരുടെ ആനുപാതിക പെൻഷൻ ബാധ്യതയും കോൺട്രിബ്യൂഷനായി ട്രസ്റ്റ് ഫണ്ടിൽ ചേർക്കുന്നതിനുമുള്ള നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളത്. പെൻഷൻ ഫണ്ടിനാവശ്യമായ തുക സർക്കാരും കമ്പനിയും ചേർന്ന് കോൺട്രിബ്യൂട്ട് ചെയ്യുന്നതരത്തിലാണ് കൈമാറ്റ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## സൗരോർജ്ജ വൈദ്യുതി നിലയങ്ങൾ

27 (383) ശ്രീമതി ഗീതാ ഗോപി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൗരോർജ്ജ വൈദ്യുതി ഉൽപ്പാദന നിലയങ്ങൾ സ്ഥാപിക്കുന്നതിന് ഈ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) കാറ്റിൽനിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന്റെ സാധ്യതകൾ ആരായുന്ന എന്തെങ്കിലും അന്വേഷണങ്ങളോ പഠനങ്ങളോ വൈദ്യുതി ബോർഡ് നടത്തിയിട്ടുണ്ടോ ; എങ്കിൽ, വിശദമാക്കാമോ ;

(സി) ഇല്ലെങ്കിൽ പ്രസ്തുത പഠനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) വീടുകളിൽ സൗരോർജ്ജ വൈദ്യുതി ഉൽപ്പാദന സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ഇ) ഇല്ലെങ്കിൽ, കാരണം വ്യക്തമാക്കുമോ ?

### ഉത്തരം

(എ) പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്നുള്ള ഊർജ്ജ ലഭ്യത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി, 50 മെഗാവാട്ടിൽ കുറയാതെയുള്ള, ചെറുകിട ജലവൈദ്യുത പദ്ധതികൾ ഒഴികെയുള്ള പാരമ്പര്യേതര ഊർജ്ജ പദ്ധതികൾ സ്ഥാപിക്കുന്നതിലേക്കായി കെ.എസ്.ഇ.ബി. ഒരു താല്പര്യ പത്രം വിളിച്ചിരുന്നു. ഇതിൽ തെരഞ്ഞെടുക്കപ്പെട്ട സംരംഭകരിൽനിന്നും ദർഘാസുകൾ ക്ഷണിച്ചിരുന്നു. ഇതിന്റെ തുടർനടപടികൾ പുരോഗമിച്ചുവരുന്നു. സൗരോർജ്ജം ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതികൾ ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. കഞ്ചിക്കോട് ഒരു മെഗാവാട്ട് സോളാർ പ്ലാന്റ് സ്ഥാപിക്കാനുള്ള പ്രവർത്തനങ്ങൾ സ്വീകരിച്ചുവരുന്നു. പാലക്കാട് കുഴൽമന്ദത്ത് 2 മെഗാവാട്ടിന്റെ ഒരു സൗരോർജ്ജ വൈദ്യുതി ഉൽപ്പാദന നിലയം സ്ഥാപിക്കാൻ പദ്ധതിയുണ്ട്. വീടുകളിൽ ഓഫ് ഗ്രിഡ് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതി അനെർട്ട് 10000 വീടുകളിൽ നടപ്പിലാക്കിവരുന്നു.



LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) പാരമ്പര്യേതര ഊർജ്ജ മേഖലയിലെ ഗവേഷണം സർക്കാർ തലത്തിൽ നടത്തി വരുന്നത് C-WET എന്ന കേന്ദ്ര ഗവൺമെന്റ് സ്ഥാപനമാണ്. സംസ്ഥാനത്ത് ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ നോഡൽ ഏജൻസിയായ അനെർട്ടാണ്. കാറ്റിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തുന്നതിനുള്ള പഠനം അനെർട്ട് നടത്തുന്നുണ്ട്.

(ഡി&ഇ) വീടുകളിൽ സൗരോർജ്ജ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതിക്ക് അനെർട്ട് ധനസഹായം നൽകുന്നുണ്ട്. സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും സംയുക്തമായി 92,262 രൂപയാണ് 1 KW റൂഫ് ടോപ്പ് പദ്ധതിക്ക് ധനസഹായം നൽകുന്നത്.

## സൗരോർജ്ജ പദ്ധതിയുടെ പ്രവർത്തനം

**28 (384)** ശ്രീമതി കെ. എസ്. സലീഖ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പകൽസമയത്തെ വൈദ്യുതി ഉപഭോഗം നിലവിൽ ഏകദേശം എത്ര മെഗാവാട്ടാണ് ;

(ബി) നിലവിൽ കേന്ദ്രത്തിൽ നിന്ന് എത്ര മെഗാവാട്ട് വൈദ്യുതി ലഭ്യമാകുന്നുണ്ട് ;

(സി) ജലവൈദ്യുത പദ്ധതികളിൽ നിന്ന് ഇപ്പോൾ എത്ര മെഗാവാട്ട് വൈദ്യുതി ലഭിക്കുന്നുണ്ട് ;

(ഡി) കാറ്റിൽനിന്ന് സംസ്ഥാനത്തിന് എത്ര മെഗാവാട്ട് വൈദ്യുതി ലഭ്യമാകുന്നുണ്ട് എന്ന് അറിയിക്കാമോ ;

(ഇ) സംസ്ഥാനത്തിന് അധികമായി ആവശ്യമുള്ള വൈദ്യുതി സൗരോർജ്ജത്തിൽ നിന്ന് ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(എഫ്) സൗരോർജ്ജ പദ്ധതികൾക്കായി താൽപ്പര്യപത്രം സമർപ്പിച്ച കമ്പനികളുടെ എണ്ണം എത്ര ; അതിൽ നിന്ന് എത്ര കമ്പനികളെ ഷോർട്ട് ലിസ്റ്റ് ചെയ്തിട്ടുണ്ട് ; ആയത് ഏതൊക്കെ കമ്പനികളെന്ന് വ്യക്തമാക്കുമോ ;

(ജി) ഷോർട്ട് ലിസ്റ്റ് ചെയ്ത കമ്പനികളിൽ വൈദ്യുതി ബോർഡ് ഏതൊക്കെ കമ്പനികൾക്ക് ലെറ്റർ ഓഫ് ഇൻഡന്റ് നൽകിയിട്ടുണ്ട് ; വിശദമാക്കുമോ ;

(എച്ച്) 2013-14 സാമ്പത്തിക വർഷം സൗരോർജ്ജ വൈദ്യുതി പദ്ധതികളിൽ നിന്ന് എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയുമെന്നാണ് കണക്കാക്കുന്നത് ; വ്യക്തമാക്കുമോ ;

(ഐ) സൗരോർജ്ജ പദ്ധതികളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ പകൽ സമയത്തെ വൈദ്യുതി ഉപഭോഗം ഏകദേശം 2500 മുതൽ 2600 മെഗാവാട്ടാണ്.

(ബി) കേന്ദ്ര വിഹിതമായി 1271 മെഗാവാട്ട് ഓഫ് പീക്കിലും 1274 മെഗാവാട്ട് പീക്ക് സമയത്തും അനുവദിച്ചിട്ടുണ്ട്. എങ്കിലും ഇപ്പോഴത്തെ ലഭ്യത ഏകദേശം 980 മെഗാവാട്ടാണ്. കൽക്കരി ലഭ്യതക്കുറവ് ജനറേറ്ററുകളുടെ അറ്റകുറ്റപ്പണികൾ മുതലായവ മൂലമാണ് അനുവദിച്ചു നൽകിയിട്ടുള്ള അളവിൽ കുറവ് സംഭവിക്കുന്നത്.

(സി) 2013 മാർച്ച് മാസം 11-ാം തീയതിയിലെ കണക്കനുസരിച്ച് ജലവൈദ്യുത നിലയങ്ങളിൽ നിന്നും ശരാശരി പ്രതിദിനം 11.75 മില്യൺ യൂണിറ്റ് വൈദ്യുതി മാർച്ച് മാസം ഉൽപ്പാദിപ്പിച്ചിട്ടുണ്ട്.

(ഡി) 2013 മാർച്ച് മാസം 11-ാം തീയതിയിലെ കണക്കനുസരിച്ച് കാറ്റിൽനിന്ന് ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ പ്രതിദിന ശരാശരി താഴെ ചേർക്കുന്നു :

| | | |
|---|---|---|
| കെ.എസ്.ഇ.ബി. | - | 0.044 (2.025 MW) ദശലക്ഷം യൂണിറ്റ് |
| ഐ.പി.പി. | - | 0.081 (32.85 MW) ദശലക്ഷം യൂണിറ്റ് |

(ഇ) അധികമായി വേണ്ടിവരുന്ന വൈദ്യുതിക്ക് പൂർണ്ണമായും സൗരോർജ്ജത്തെ മാത്രം ആശ്രയിക്കുന്നത് പ്രായോഗികമല്ല. എന്നാൽ തന്നെയും പരമാവധി ലഭ്യത സൗരോർജ്ജത്തിൽ നിന്നും സാധ്യമാക്കുവാൻ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്.

(എഫ്) കെ.എസ്.ഇ.ബി.-യുടെ വൈദ്യുത ഗ്രിഡിലേക്ക് 50 മെഗാവാട്ടിൽ കുറയാതെ ശേഷിയുള്ള പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി ലഭ്യമാക്കുന്നതിനായി സ്വകാര്യ സംരംഭകരിൽനിന്നും 2-11-2012-ൽ കെ.എസ്.ഇ.ബി. ഒരു താൽപ്പര്യപത്രം ക്ഷണിച്ചിരുന്നു. 15 കമ്പനികളാണ് ഇതിൽ പങ്കെടുത്തത്. താഴെപ്പറയുന്ന 7 കമ്പനികളെയാണ് ഷോർട്ട് ലിസ്റ്റ് ചെയ്തത്.

1. M/s Inkel Limited, Thiruvananthapuram
2. M/s ACME Tele Power Limited, Gurgaon
3. M/s Wacree Energies Private Limited, Mumbai
4. M/s Minar Gree Power Project Co., Palakkad
5. M/s Louroux Bioenergies Limited, Mumbai
6. M/s Hanjong Energy E Tech. Pvt. Limited, Palakkad
7. M/s Spice Earth Infrastructure & Hotel Pvt. Limited, Idukki

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഈ താൽപ്പര്യപ്പത്രം സംബന്ധമായ നടപടികൾ പുരോഗമിച്ചു വരുന്നു. ഈ ഇനത്തിൽ ഇതുവരെ ആർക്കും കെ.എസ്.ഇ.ബി. ലെറ്റർ ഓഫ് ഇൻഡന്റ് നൽകിയിട്ടില്ല.

(എച്ച്) താൽപ്പര്യ പത്രപ്രകാരം ലഭ്യമായ പദ്ധതികളിൽ 50 മെഗാവാട്ടിന്റെ സോളാർ പ്രോജക്ട് ഉൾപ്പെട്ടിട്ടുണ്ട്. ഇത് 2013-14 സാമ്പത്തിക വർഷം ലഭ്യമാകുന്നതാണ്.

(ഐ) അനെർട്ടും കെ.എസ്.ഇ.ബി.-യുടെ വഴി നടപ്പിലാക്കുന്ന സൗരോർജ്ജ പദ്ധതികളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സൗരോർജ്ജ പാനലുകൾ ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്ന നടപടി

**29 (385)** ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൗരോർജ്ജ പാനലുകൾ ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പാനലുകൾ സ്ഥാപിക്കുന്നതിന് സബ്സിഡി നൽകുന്നുണ്ടോ ; എങ്കിൽ എത്ര ശതമാനം ;

(സി) കേരളത്തിൽ ഏതെങ്കിലും ഏജൻസികളെ പ്രസ്തുത പാനലുകൾ സ്ഥാപിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) ബി.പി.എൽ. കുടുംബങ്ങൾക്ക് ഇക്കാര്യത്തിൽ പൂർണ്ണമായും സബ്സിഡി നൽകാൻ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) സൗരോർജ്ജ പാനലുകൾ ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു :

1. 28000 സോളാർ ലാന്റേണുകൾ സംസ്ഥാനത്തെ 14 ജില്ലാ ഓഫീസുകൾവഴി അനെർട്ട് വിതരണം ചെയ്തുവരുന്നു.
2. 10000 വീടുകളിൽ 1 KW വീതം സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനുള്ള പദ്ധതി ആരംഭിച്ചു. ഇതുകൂടാതെ സർക്കാർ കെട്ടിടങ്ങളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു.
3. 1400 സൗരോർജ്ജ തെരുവ് വിളക്കുകൾ 14 ജില്ലകളിൽ സ്ഥാപിക്കുന്നതിനുള്ള പദ്ധതി പുരോഗമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) വീടുകളിൽ 1 kW വീതം സ്ഥാപിത ശേഷിയുള്ള സൗരോർജ്ജ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതിക്ക് ധനസഹായം നൽകുന്നുണ്ട്. സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും സംയുക്തമായി 92,262 രൂപ ധനസഹായം നൽകുന്നതാണ്. മേൽ പദ്ധതിക്ക് അനെർട്ടിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

(ഡി) സബ്സിഡി നൽകാൻ പദ്ധതി നിലവിലില്ല.

**റൂഫ്ടോപ്പ് സോളാർ പവർ പ്ലാന്റ് പദ്ധതി**

**30 (386)** ശ്രീ. എം. എ. വാഹീദ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. അൻവർ സാദത്ത് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റൂഫ്ടോപ്പ് സോളാർ പവർ പ്ലാന്റ് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ നൽകുമോ ;

(സി) പ്രസ്തുത പദ്ധതിയുടെ നോഡൽ ഏജൻസി ഏതാണ് ; വിശദമാക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പിനായി എത്ര കമ്പനികളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഇ) എന്ത് അളവിലുള്ള വൈദ്യുതിയാണ് പ്രസ്തുത പദ്ധതിവഴി ഗുണഭോക്താവിന് ലാഭിക്കാനാകുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 10000 വീടുകളിൽ 1 KW വീതം സ്ഥാപിത ശേഷിയുള്ള സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിവരുന്നു. വീടുകളിൽ ഇപ്രകാരം ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി പദ്ധതിക്ക് സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും സംയുക്തമായി 92,262 രൂപ ധനസഹായം നൽകുന്നതാണ്.

(ബി) പ്രസ്തുത പദ്ധതിയിലൂടെ 10 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദനമാണ് ലക്ഷ്യമിടുന്നത്.

(സി) ഈ പദ്ധതിയുടെ നോഡൽ ഏജൻസി അനെർട്ടാണ്.

(ഡി) പദ്ധതി നടത്തിപ്പിനായി എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് സമർപ്പിച്ച 5 കമ്പനികളിൽനിന്ന് അനെർട്ട് 5 കമ്പനികളെയാണ് ഇപ്പോൾ തെരഞ്ഞെടുത്തിരിക്കുന്നത്. വിശദാംശം അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.*

(ഇ) 1KW സോളാർ പാനൽവഴി പ്രതിദിനം ഏകദേശം 3.5 – 4 യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാനാവും.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## ഊർജ്ജ പ്രതിസന്ധി

31 (387) ശ്രീ. മോൻസ് ജോസഫ്
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനം അഭിമുഖീകരിക്കുന്ന ഊർജ്ജ പ്രതിസന്ധി മറികടക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) സൗരോർജ്ജ പാനലുകൾ ഉൾപ്പെടെയുള്ള പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) സംസ്ഥാനത്തെ രൂക്ഷമായ വൈദ്യുതി പ്രതിസന്ധി കണക്കിലെടുത്ത് 27-9-2012 മതുൽ 1-3-2013 വരെ സംസ്ഥാനത്ത് രാവിലെ 6 മണി മുതൽ 9 മണി വരെയും വൈകുന്നേരം 6.30 മുതൽ 10.30 വരെയും അര മണിക്കൂർ വീതം ലോഡ് ഷെഡിംഗ് ഏർപ്പെടുത്തിയിട്ടുണ്ടായിരുന്നു. എന്നാൽ എസ്.എസ്.എൽ.സി., സി.ബി.എസ്.സി. പരീക്ഷകൾ കണക്കിലെടുത്ത് 2-3-2013 മുതൽ 23-3-2013 വരെ സംസ്ഥാനത്ത് ലോഡ് ഷെഡിംഗ് ഒഴിവാക്കിയിട്ടുണ്ട്. ഇതുകൂടാതെ എല്ലാ എച്ച് ടി./ഇ.എച്ച്.ടി. വിഭാഗം ഉപഭോക്താക്കളും അവരുടെ ഉപഭോഗം മുൻ വർഷത്തെ ശരാശരി ഉപഭോഗത്തിന്റെ 75 ശതമാനമായി നിജപ്പെടുത്തണമെന്നും, ഗാർഹിക ഉപഭോക്താക്കൾ ഒഴികെയുള്ള എല്ലാ ലോ ടെൻഷൻ ഉപഭോക്താക്കളും അവരുടെ ഉപഭോഗം, മുൻ വർഷത്തെ ശരാശരി ഉപഭോഗത്തിന്റെ 80 ശതമാനമായി നിജപ്പെടുത്തണമെന്നും, ഗാർഹിക ഉപഭോക്താക്കൾ അവരുടെ രണ്ടു മാസത്തെ ഉപഭോഗം 600 യൂണിറ്റായി നിജപ്പെടുത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ ഉപഭോക്താക്കൾ നിയന്ത്രണ പരിധിയിൽ കൂടുതൽ ഉപയോഗിക്കുന്ന വൈദ്യുതിക്ക് അതാത് വിഭാഗത്തിന്റെ എനർജി ചാർജ്ജ് കൂടി പെനാൽറ്റിയായി നൽകേണ്ടതാണ്.

ഇതുകൂടാതെ പത്ര-ദൃശ്യ മാധ്യമങ്ങളിൽകൂടി എല്ലാ വിഭാഗം ഉപഭോക്താക്കളോടും വൈദ്യുതി ഉപയോഗം പരമാവധി കുറയ്ക്കണമെന്നും വൈദ്യുതിയുടെ അനാവശ്യ ഉപയോഗം പൂർണ്ണമായും ഒഴിവാക്കണമെന്നും അഭ്യർത്ഥിച്ചുവരുന്നു. കൂടാതെ നാഷണൽ സർവ്വീസ് ഡിപ്പാർട്ടുമെന്റിനു കീഴിലുള്ള മഹിളാ പ്രധാൻ ഏജന്റുമാർ വീടുകൾ സന്ദർശിച്ച് ഊർജ്ജ പ്രതിസന്ധിയെപ്പറ്റിയും സി.എഫ്.എൽ. (CFL), എൽ.ഇ.ഡി. (LED) എന്നിവ ഉപയോഗിക്കുകവഴി വൈദ്യുതി ഉപയോഗം കുറയ്ക്കുന്നത് സംബന്ധിച്ചും അതുവഴി വൈദ്യുതി ബില്ലിൽ ഉണ്ടാകുന്ന കുറവിനെ സംബന്ധിച്ചും വൈദ്യുതി ഉപഭോക്താക്കളെ ബോധവൽക്കരിച്ചുവരുന്നു. സംസ്ഥാനത്തെ അതിരൂക്ഷമായ വൈദ്യുതി പ്രതിസന്ധി കണക്കിലെടുത്ത് 160 മെഗാവാട്ട് വൈദ്യുതി ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ വൈദ്യുതി വ്യാപാരികളിൽനിന്ന് ജനുവരി 2013 മുതൽ മാർച്ച് 2013 വരെ വാങ്ങുന്നതിനായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ 2012 ഒക്ടോബർ മുതൽ 2013 മേയ് വരെ വ്യാപാരികളിൽനിന്നും 650 മെഗാവാട്ട് വൈദ്യുതി വാങ്ങുന്നതിന് കരാറിലേർപ്പെട്ടിട്ടുണ്ട്. കൂടാതെ മാർച്ച് 31 വരെ 100 മെഗാവാട്ട് വൈദ്യുതി, പവർ ട്രേഡിംഗ് കോർപ്പറേഷനിൽനിന്ന് വാങ്ങുന്നതിന് കരാറിലേർപ്പെട്ടിട്ടുണ്ട്. മാർച്ച് മാസത്തേയ്ക്ക് '267' മെഗാവാട്ട് വൈദ്യുതി ദക്ഷിണേന്ത്യൻ വ്യാപാരികളിൽനിന്ന് വാങ്ങുന്നതിനും. ഏപ്രിൽ മാസത്തേക്ക് '517' മെഗാവാട്ട് വൈദ്യുതിയും ജൂൺ മാസത്തേക്ക് '150' മെഗാവാട്ട് വൈദ്യുതിയും വാങ്ങുന്നതിന് കരാറിലേർപ്പെട്ടിട്ടുണ്ട്. പവർ എക്സ്ചേഞ്ചുകളിൽ നിന്ന് 4 ദശലക്ഷത്തോളം യൂണിറ്റ് വൈദ്യുതി പ്രതിദിനം വാങ്ങി ഉപയോഗിച്ചു വരുന്നുണ്ട്. 12-ാം പഞ്ചവത്സര കാലത്ത് (2012-17) 25 ജലവൈദ്യുത പദ്ധതികൾ പൂർത്തിയാക്കി കമ്മീഷൻ ചെയ്യാൻ ലക്ഷ്യമിടുന്നു. ഇതുവഴി 248 മെഗാവാട്ടിന്റെ അധിക സ്ഥാപിതശേഷി ലക്ഷ്യമിടുന്നു.

കൂടാതെ 5 ജലവൈദ്യുത പദ്ധതികൾ (124 മെഗാവാട്ട്) ടെൻഡർ ചെയ്ത് നിർമ്മാണം ആരംഭിക്കുവാനും ലക്ഷ്യമിടുന്നു. ഇതിനുപുറമേ ഭരണാനുമതി ലഭിച്ച അതിരപ്പിള്ളി (163 മെഗാവാട്ട്). പൂയംകുട്ടി (210 മെഗാവാട്ട്) എന്നീ ജലവൈദ്യുത പദ്ധതികൾക്ക് കേന്ദ്രാനുമതി ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണം ആരംഭിക്കുവാനും ലക്ഷ്യമിടുന്നു. നിലവിൽ 32 മെഗാവാട്ട് (4 x 8 MW) ശേഷിയുള്ള പെരിങ്ങൽകുത്ത് ജലവൈദ്യുത പദ്ധതി നവീകരിച്ച് 36 മെഗാവാട്ട് (4 x 9 MW) ആയി ശേഷി വർദ്ധിപ്പിക്കാൻ ലക്ഷ്യമിടുന്നു. പാരമ്പര്യേതര മാർഗ്ഗങ്ങളായ കാറ്റ്, സൗരോർജ്ജം എന്നിവയും പരമാവധി ഉപയോഗിക്കുവാൻ ലക്ഷ്യമിടുന്നു. ഈ പദ്ധതി കാലയളവിൽ തന്നെ കാറ്റിൽനിന്നും 200 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് എൻ.ടി.പി.സി.-യുമായി ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ട്. മാത്രമല്ല, പാലക്കാട്ടെ കഞ്ചിക്കോട് കിൻഫ്ര പാർക്കിൽ 22 മെഗാവാട്ടിന്റെ കാറ്റിൽനിന്നുള്ള വൈദ്യുതി ഉല്പാദന പ്രവർത്തനങ്ങൾ M/s INOX Ltd. എന്ന സ്വകാര്യ സംരംഭകർവഴി നടന്നുവരുന്നു. ഹൈഡ്രോ ഒഴികെ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽനിന്നും 50 മെഗാവാട്ടിന് കൂടുതലായുള്ള പദ്ധതികൾക്കായി 2-11-2012-ൽ Expression of Interest ക്ഷണിക്കുകയും അതിന്റെ തുടർപ്രവർത്തനങ്ങൾ നടന്നുവരികയും ചെയ്യുന്നു.

ദീർഘകാലാടിസ്ഥാനത്തിൽ സാമ്പ്രദായിക മാർഗ്ഗങ്ങളിലൂടെ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനായി വിഭാവന ചെയ്തിട്ടുള്ള പദ്ധതികൾ ചുവടെ സൂചിപ്പിക്കുന്നവയാണ്. ബ്രഹ്മപുരത്ത് സ്ഥാപിക്കുവാനുദ്ദേശിക്കുന്ന 1026 മെഗാവാട്ടിന്റെ വൈദ്യുത നിലയം വാതകാധിഷ്ഠിത പദ്ധതിയാണ്. അതിന്റെ ആദ്യഘട്ടമായി 350 മെഗാവാട്ടിന്റെ വൈദ്യുത ഉല്പാദന പദ്ധതിയാണ് ഉദ്ദേശിക്കുന്നത്. കായംകുളത്തെ 1050 മെഗാവാട്ടിന്റെ വൈദ്യുത നിലയം. പെട്രോനെറ്റ് എൽ.എൻ.ജി. 1200 മെഗാവാട്ട് പദ്ധതി (വാതകാധിഷ്ഠിത വൈദ്യുത നിലയം) എന്നിവ സജീവ പരിഗണനയിലാണ്. ഇതുകൂടാതെ മറ്റ് സംസ്ഥാനങ്ങളിൽനിന്നും വൈദ്യുതി എത്തിക്കാനായി പ്രസരണ ലൈനുകൾ ലഭ്യമാക്കാനും നടപടി സ്വീകരിച്ചുവരുന്നു. മൈസൂറിൽനിന്നും അരീക്കോട് വരെ പുതിയ ലൈനിന്റെ നിർമ്മാണം PGCIL മുഖാന്തിരം നടന്നുവരുന്നു. പുതുതായി ഉടുപ്പിയിൽ നിന്നും കാസർഗോഡ്വഴി അരീക്കോട്ടേക്കുള്ള 400 കെ.വി. ലൈനിന്റെ പ്രൊപ്പോസൽ കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലാണ്. കൂടാതെ കൂടംകുളം

ആണവ നിലയത്തിൽനിന്നും വൈദ്യുതി കൊണ്ടുവരുന്നതിലേക്കായി കൂടംകുളത്തു നിന്നും മാടക്കത്തറ വരെ 400 കെ.വി. ലൈനിന്റെ നിർമ്മാണം PGCIL മുഖാന്തിരം നടന്നുകൊണ്ടിരിക്കുന്നു. പ്രസ്തുത ലൈനിന്റെ ഇടമൺ-കൊച്ചി ഭാഗം ഒഴികെയുള്ള ബാക്കി ലൈനിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. കൂടാതെ S1-S2 Corridor-ലെ Congestion കുറയ്ക്കുന്നതിനായി കർണ്ണാടകത്തിലെ കോനാജെ മുതൽ മഞ്ചേശ്വരം വരെയുള്ള 110 കെ.വി. ലൈൻ ശക്തിപ്പെടുത്തുന്നതിനു വേണ്ട നടപടികളും സ്വീകരിച്ചുവരുന്നു. 220 കെ. വി. കടക്കോല-കണിയാമ്പറ്റ ലൈൻ ശക്തിപ്പെടുത്തുന്നതു സംബന്ധിച്ച പ്രൊപ്പോസലുകളും പരിഗണനയിലുണ്ട്. കേരളത്തിൽ 1 കിലോവാട്ട് സ്ഥാപിത ശേഷിയുള്ള 10000 ഓഫ് ഗ്രിഡ് റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റുകൾ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ ധനസഹായത്തോടെ അനെർട്ട് നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് 28000 സൂര്യറാന്തലുകൾ അനെർട്ട് വിതരണം ചെയ്യുകയും 14 മുനിസിപ്പാലിറ്റികളിൽ 100 വീതം സൗരോർജ്ജ തെരുവ് വിളക്കുകൾ സ്ഥാപിക്കാനുള്ള നടപടി തുടങ്ങുകയും ചെയ്തു. ഗവൺമെന്റ് സെക്രട്ടേറിയറ്റ്, വികാസ്ഭവൻ, ഹൈക്കോടതി ബിൽഡിംഗ്, എറണാകുളം, കോഴിക്കോട്, തൃശ്ശൂർ എന്നിവിടങ്ങളിലെ സിവിൽ സ്റ്റേഷനുകൾ എന്നിവ മാതൃകാ ഊർജ്ജക്ഷമതയുള്ള കെട്ടിടങ്ങളാക്കുവാനുള്ള നടപടികൾ പൂർത്തിയാക്കി വരുന്നു. തെരുവ് വിളക്കിന്റെ പ്രവർത്തന സമയം സൂര്യന്റെ ഉദയവും അസ്തമയവും നോക്കി ക്രമീകരിച്ചിട്ടുള്ള ഓട്ടോമാറ്റിക്ക് സ്ട്രീറ്റ് ലൈറ്റ് കൺട്രോൾ സിസ്റ്റം തിരുവനന്തപുരം സിറ്റിയിലും കഴക്കൂട്ടം-ചാക്ക ബൈപ്പാസിലും 8 എണ്ണവും കൊച്ചിയിൽ 2-ഉം തലശ്ശേരിയിൽ 2 എണ്ണവും സ്ഥാപിച്ചുകഴിഞ്ഞു. ഇതുകൂടാതെ കേരളത്തിലെ 5 കോർപ്പറേഷനുകളിലും 60 മുനിസിപ്പാലിറ്റിയിലും ഒരെണ്ണം വീതം സ്ഥാപിക്കുവാനുള്ള നടപടി പൂർത്തിയാക്കിവരുന്നു.

(ബി) പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ വ്യാപനം ലക്ഷ്യമാക്കി, 50 മെഗാവാട്ടിൽ കുറയാതെ ശേഷിയുള്ള ചെറുകിട ജലവൈദ്യുത പദ്ധതി ഒഴികെയുള്ള മറ്റ് പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽനിന്നുള്ള വൈദ്യുതി ലഭ്യമാക്കുന്നതിനായി സ്വകാര്യ സംരംഭകരിൽനിന്നും 2-11-2012-ൽ കെ.എസ്.ഇ.ബി. ഒരു താൽപ്പര്യപത്രം ക്ഷണിച്ചിരുന്നു. തെരഞ്ഞെടുക്കപ്പെട്ട സംരംഭകരിൽനിന്നും ദർഘാസുകൾ ക്ഷണിച്ചു. തുടർനടപടികൾ പുരോഗമിച്ചുവരുന്നു. ഗവൺമെന്റ് ഓഫീസുകളുടെയും കെട്ടിടങ്ങളുടെയും മേൽക്കൂരകളിൽ ഗ്രിഡ് കണക്ടഡ് സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികളും കെ.എസ്.ഇ.ബി. ആരംഭിച്ചു കഴിഞ്ഞു. ഗ്രിഡുമായി ബന്ധിപ്പിക്കാതെ വീടുകളുടെ മേൽക്കൂരയിൽ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി അനെർട്ട്വഴി നടപ്പിലാക്കി വരുന്നു.

## പാരമ്പര്യേതര മാർഗ്ഗങ്ങൾ അവലംബിച്ചുള്ള വൈദ്യുതിയുത്പാദനം

**32 (388)** ശ്രീമതി ഗീതാ ഗോപി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാരമ്പര്യേതരമാർഗ്ഗങ്ങൾ അവലംബിച്ച് സംസ്ഥാനത്ത് ഊർജ്ജോത്പാദനം വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണു സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വൈദ്യുതി ബോർഡിന്റെ ഗവേഷണവിഭാഗം കഴിഞ്ഞ പത്തു വർഷക്കാലത്തിനുള്ളിൽ പ്രസ്തുത ആവശ്യം മുൻനിർത്തി നടത്തിയ ഗവേഷണ പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

(സി) പാരമ്പര്യേതരമാർഗ്ഗങ്ങളിൽ ഊർജ്ജോത്പാദനം നടത്തുന്നതിന് വൈദ്യുതി ബോർഡിന്റെ കീഴിൽ നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ് ; വിശദീകരിക്കുമോ ?

ഉത്തരം

(എ) പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽനിന്നുള്ള ഊർജ്ജ ലഭ്യത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി 50 മെഗാവാട്ടിൽ കുറയാതെയുള്ള ചെറുകിട ജലവൈദ്യുത പദ്ധതികൾ ഒഴികെയുള്ള പാരമ്പര്യേതര ഊർജ്ജ പദ്ധതികൾ സ്ഥാപിക്കുന്നതിലേക്കായി കെ.എസ്.ഇ.ബി. ഒരു താല്പര്യപത്രം വിളിച്ചിരുന്നു. ഇതിൽ തെരഞ്ഞെടുക്കപ്പെട്ട സംരംഭകരിൽനിന്നും ദർഘാസുകൾ ക്ഷണിച്ചു. തുടർനടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ കഞ്ചിക്കോട് ഒരു മെഗാവാട്ട് ഗ്രിഡ് കണക്ടഡ് സോളാർ പ്ലാന്റ് കെ.എസ്.ഇ.ബി.-യുടെ സ്വന്തം നിലയിൽ സ്ഥാപിക്കുന്നതിന് തീരുമാനമായിട്ടുണ്ട്. സംസ്ഥാനത്ത് കാറ്റിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് 200 മെഗാവാട്ടിന്റെ പദ്ധതിക്കുവേണ്ടി ഗവൺമെന്റ് എൻ.റ്റി.പി.സി.-യുമായി 18-7-2011-ൽ ധാരണാപത്രം ഒപ്പുവച്ചു. ഇതിന്റെ പ്രാരംഭഘട്ടമായി 20 മെഗാവാട്ടിന്റെ പദ്ധതി സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ കഞ്ചിക്കോട് 22 മെഗാവാട്ടിന്റെ കാറ്റിൽനിന്നുള്ള പദ്ധതി മെസേഴ്സ് ഇനോക്സ് റിന്യൂവബിൾ എനർജി ലിമിറ്റഡ് എന്ന സ്വകാര്യ സംരംഭകർവഴി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ കേരളത്തിൽ 1 കിലോവാട്ട് സ്ഥാപിത ശേഷിയുള്ള 10000 ഓഫ് ഗ്രിഡ് റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റുകൾ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ ധനസഹായത്തോടെ അനെർട്ട് നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് 28000 സൂര്യ റാന്തലുകൾ അനെർട്ട് വിതരണം ചെയ്തു വരുന്നു. 14 മുനിസിപ്പാലിറ്റികളിൽ 100 വീതം സൗരോർജ്ജ തെരുവുവിളക്കുകൾ സ്ഥാപിച്ചു വരുന്നു.

(ബി) പാരമ്പര്യേതര ഊർജ്ജ മേഖലയിലെ ഗവേഷണം സർക്കാർ തലത്തിൽ നടത്തിവരുന്നത് C-WET എന്ന കേന്ദ്ര സർക്കാർ സ്ഥാപനമാണ്. കാറ്റാടി പദ്ധതികൾക്കൊപ്പം മറ്റ് പാരമ്പര്യേതര മേഖലയിലേക്കും C-WET പ്രവർത്തനം വ്യാപിപ്പിക്കുന്നുണ്ട്. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സായി പരിഗണിക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതികളുടെ കണ്ടെത്തലുകളും പദ്ധതി തയ്യാറാക്കുന്നത് മുതലുള്ള പ്രവർത്തനങ്ങളും കെ.എസ്.ഇ. ബോർഡ് ഏറ്റെടുത്ത് നടത്തുന്നുണ്ട്.

(സി) കേരളത്തിലെ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽനിന്ന് ഊർജ്ജോത്പാദനം നടത്തുന്നതിന് വൈദ്യുതി ബോർഡിന്റെ കീഴിൽ നിലവിലുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു :



LIBRARY ARCHIVES Kerala Legislative Assembly

| | കെ.എസ്.ഇ.ബി. | സ്വകാര്യ സംരംഭകർ | ആകെ |
|---|---|---|---|
| കാറ്റിൽനിന്നുള്ള പദ്ധതി | 2.03 MW | 31.68 MW | 33.71 MW |
| ചെറുകിട ജലവൈദ്യുത പദ്ധതി | 103.9 MW | 44.5 MW | 148.4 MW |

## ബദൽ ഊർജ്ജമാർഗ്ഗങ്ങൾ

**33 (389)** ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എം. പി. വിൻസെന്റ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അണക്കെട്ടുകളിലെ ജലക്ഷാമത്തെ തുടർന്ന് പരമാവധി ബദൽ ഊർജ്ജമാർഗ്ഗങ്ങൾ പ്രയോജനപ്പെടുത്താൻ എനർജി മാനേജ്മെന്റ് സെന്റർ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ ;

(സി) പദ്ധതിക്ക് കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) പദ്ധതിയുമായി ആരെയൊക്കെയാണ് സഹകരിപ്പിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഇ) എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനാണ് പദ്ധതി പ്രകാരം ലക്ഷ്യമിട്ടിരിക്കുന്നത് ?

### ഉത്തരം

(എ) ചെറുകിട ജലവൈദ്യുത പദ്ധതികളാണ് ക്യാപ്റ്റീവ് (CPP), independent power (IPP) എന്നീ രണ്ടു വിഭാഗങ്ങളിലായി സ്വകാര്യ സംരംഭകർക്കായി നീക്കിവച്ചിരിക്കുന്നത്. കേരളത്തിൽ വ്യവസായങ്ങളുള്ളവരാണെങ്കിൽ ഈ സ്ഥാപനങ്ങൾക്ക് ക്യാപ്റ്റീവ് ഉപയോഗത്തിന് ഈ പദ്ധതികളിൽ നിന്നുള്ള വൈദ്യുതി ഉപയോഗിക്കാം. ബാക്കിയുള്ള വൈദ്യുതി വിൽക്കുകയും ആകാം. Independent power production category ആണെങ്കിൽ ഉല്പാദിപ്പിക്കുന്ന വൈദ്യുതി കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ചിരിക്കുന്ന നിരക്കിൽ കെ.എസ്.ഇ.ബി.-ക്ക് നൽകണം. 5 മെഗാവാട്ട് വരെയുള്ള പദ്ധതികളിൽ നിന്നുള്ള വൈദ്യുതിക്ക് പുതുക്കിയ നിരക്ക് യൂണിറ്റിന് 4.88 രൂപയും 5 മെഗാവാട്ടിന് മുകളിൽ 25 മെഗാവാട്ട് വരെയുള്ള പദ്ധതികളിൽ നിന്നുള്ള വൈദ്യുതിക്ക് യൂണിറ്റിന് 4.16 രൂപയുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പരിസ്ഥിതി പ്രശ്നങ്ങൾ കാരണം വലിയ അണക്കെട്ടുകളില്ലാതെ ചെറുതടയണകൾ (weir) നിർമ്മിച്ച് run-of-the river എന്ന തരത്തിലുള്ള പദ്ധതികളാണ് വിഭാവനം ചെയ്തിരിക്കുന്നത്. തടയണകളുടെ പൊക്കം ഏകദേശം വെള്ളപ്പൊക്ക സമയത്ത് പുഴയിൽവരുന്ന വെള്ളത്തിന്റെ പൊക്കമേ കാണുകയുള്ളൂ. അധികമുള്ള വെള്ളം സ്പിൽ ആയി പുഴയിലേക്ക് തന്നെ പോകും. വലിയ ഡാം കെട്ടി മഴക്കാലത്ത് മുഴുവൻ വെള്ളവും ശേഖരിക്കാൻ കഴിയാത്തതിനാൽ ഇത്തരം പദ്ധതികൾ ആണ്ടിൽ 6-7 മാസമേ ഓടിക്കുവാൻ സാദ്ധ്യമാകുകയുള്ളൂ. ഏകദേശം 25-35 ശതമാനം plant load factor ആണ് ഈ പദ്ധതികളിൽനിന്ന് ഉദ്ദേശിക്കുന്നത്. ഇത്തരം പദ്ധതികളിൽ നിന്നുള്ള മഴക്കാലത്തെ വൈദ്യുതി ഉല്പാദനം നമ്മുടെ വലിയ ഡാമുകളിലുള്ള വെള്ളം വേനൽക്കാലത്തേക്ക് കരുതിവയ്ക്കാൻ സഹായകരമാകും. ഈ പ്രദേശത്തെ voltage improvement-ന് സഹായകരമാകും.

(സി) ഇല്ല. 25 മെഗാവാട്ട് വരെ സ്ഥാപിതശേഷിയുള്ള പദ്ധതികളാണ് നിർമ്മാണത്തിന് വിഭാവനം ചെയ്തിരിക്കുന്നത്. ഈ പദ്ധതികൾ കേന്ദ്ര പാരമ്പര്യേതര ഊർജ്ജ മന്ത്രാലയത്തിന്റെ കീഴിലാണ് (MNRE) വരുന്നത്. 25 മെഗാവാട്ടിന് മുകളിലുള്ള പദ്ധതികളാണ് കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ കീഴിൽ വരുന്നത്. ഇത്തരം ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് പ്രത്യേകമായി കേന്ദ്ര സർക്കാരിന്റെ അനുമതി ആവശ്യമില്ല. മാത്രമല്ല, ഇത്തരം പദ്ധതികൾക്ക് പാരമ്പര്യേതര ഊർജ്ജ മന്ത്രാലയംവഴി capital subsidy കിട്ടുകയും ചെയ്യും.

(ഡി) കേരളത്തിനകത്തുള്ള വ്യവസായ സ്ഥാപനങ്ങൾ, വൈദ്യുതി ഉല്പാദിപ്പിച്ച് വില്പന നടത്താനുള്ള സംരംഭകർ-കമ്പനികൾ മറ്റ് ആളുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരെയാണ് പ്രധാനമായും പദ്ധതിയുമായി സഹകരിപ്പിക്കുന്നത്. പ്രീ-ക്വാളിഫിക്കേഷൻ ടെൻഡറിലൂടെ നിക്ഷേപകരുടെ ആസ്തി തിട്ടപ്പെടുത്തി ഓരോരുത്തർക്കും ക്വാട്ട് ചെയ്യാവുന്ന പരമാവധി സ്ഥാപിതശേഷി (MW) നിശ്ചയിക്കുന്നു. ഒരു മെഗാവാട്ടിന് 15 ലക്ഷം രൂപയാണ് ഇതിനായുള്ള upfront പ്രീമിയം. ഏറ്റവും കൂടുതൽ തുക മുകളിൽ ക്വാട്ട് ചെയ്യുന്നവർക്കായിരിക്കും പദ്ധതി നൽകുക. വെള്ളത്തിന് പിന്നീട് cess ഉണ്ടായിരിക്കുന്നതല്ല. സർക്കാരുമായി പദ്ധതി നിർവ്വഹണത്തിന് ഉടമ്പടി ഉണ്ടാക്കേണ്ടതാണ്.

(ഇ) ഏകദേശം 222 മെഗാവാട്ട് (613 MU).

**സൗരോർജ്ജ വൈദ്യുതോല്പാദന യൂണിറ്റുകൾ നിർബന്ധിതമാക്കാൻ നടപടി**

**34 (390)** ശ്രീ. എം. ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതിയുടെ അനിയന്ത്രിതമായ ഉപയോഗം തടയുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത് ;

(ബി) സൗരോർജ്ജ വൈദ്യുതോത്പാദനയൂണിറ്റുകൾ ഗാർഹിക അടിസ്ഥാനത്തിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സൗരോർജ്ജ വൈദ്യുതപദ്ധതികളുടെ പ്രധാന ന്യൂനത ചെലവേറിയ സർവ്വീസിങ്ങാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ, ആയതു പരിഹരിക്കുവാൻ കെ.എസ്.ഇ.ബി. നേരിട്ട് സർവ്വീസും ഗ്യാരന്റിയും നൽകി പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഇ) പുതിയ കെട്ടിടനിർമ്മാണത്തിന് അനുമതി നൽകുന്നതിന് സൗരോർജ്ജ വൈദ്യുതോത്പാദന യൂണിറ്റുകൾ നിർബ്ബന്ധിതമാക്കുന്നതിനുള്ള നിയമനിർമ്മാണം നടത്തുന്നത് പരിഗണനയിലുണ്ടോ ?

ഉത്തരം

(എ) വൈദ്യുതിയുടെ അനിയന്ത്രിതമായ ഉപയോഗം നിയന്ത്രിക്കുന്നതിനായി വിവിധ ഊർജ്ജ സംരക്ഷണ പ്രചാരണ പരിപാടികൾ കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥർ മുഖാന്തിരവും മഹിളാ പ്രധാൻ. എസ്.എ.എസ്. ഏജന്റുമാർ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തിയും ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെയും നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ, പ്രതിമാസം 500 യൂണിറ്റിൽ കൂടുതൽ വൈദ്യുതി ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കൾക്കും 20 KW-ൽ കൂടുതൽ കണക്ടഡ് ലോഡുള്ള വ്യാവസായിക ഉപഭോക്താക്കൾക്കും ടി.ഒ.ഡി. താരിഫ് സമ്പ്രദായം 1-1-2013 മുതൽ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) സൗരോർജ്ജ വൈദ്യുതോൽപ്പാദന യൂണിറ്റുകൾ ഗാർഹികാടിസ്ഥാനത്തിൽ ലഭ്യമാക്കാനായി അനെർട്ടിന്റെ ആഭിമുഖ്യത്തിൽ 10000 റൂഫ് ടോപ്പ് പദ്ധതി നടപ്പാക്കിവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി&ഇ) ഇപ്പോൾ പരിഗണനയിലില്ല.

**സോളാർ ഉത്പന്നങ്ങളുടെ പ്രചരണത്തിനായി സഹായം**

35 (391) ശ്രീ. സി. ദിവാകരൻ : താഴെക്കാണുന്ന ചോദ്യത്തിന് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കടുത്ത ഊർജ്ജ പ്രതിസന്ധി നേരിടുന്ന കേരളത്തിൽ പരമ്പരേൃതര ഊർജ്ജ സ്രോതസ്സുകൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന സോളാർ ഉല്പന്നങ്ങളുടെ പ്രചരണത്തിനായി എന്തൊക്കെ പ്രവർത്തനങ്ങളും സഹായങ്ങളുമാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

സോളാർ ഉല്പന്നങ്ങളുടെ പ്രചരണത്തിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കിവരുന്നു :

LIBRARY ARCHIVES Kerala Legislative Assembly

1. കേരളത്തിൽ 1 കിലോവാട്ട് സ്ഥാപിതശേഷിയുള്ള 10000 ഓഫ് ഗ്രിഡ് റൂഫ്ടോപ്പ് സോളാർ പവർ പ്ലാന്റുകൾ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ ധനസഹായത്തോടെ നടപ്പിലാക്കി വരുന്നു.

2. സംസ്ഥാനത്ത് 28000 സൂര്യറാന്തലുകൾ വിതരണം ചെയ്തു വരുന്നു.

3. 1400 സൗരോർജ്ജ തെരുവ് വിളക്കുകൾ കേരളത്തിലെ 14 മുനിസിപ്പാലിറ്റികളിൽ സ്ഥാപിച്ചുവരുന്നു.

4. കേന്ദ്ര പാരമ്പര്യേതര ഊർജ്ജ വകുപ്പ് നടപ്പിലാക്കുന്ന ജവഹർലാൽ നെഹ്റു നാഷണൽ സോളാർ മിഷൻ പദ്ധതി അനുസരിച്ച് സംസ്ഥാനത്ത് നടപ്പിലാക്കുന്ന സൗരോർജ്ജ പദ്ധതികൾക്ക് സബ്സിഡി നൽകിവരുന്നു.

## സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിന് നടപടി

**36 (392)** ശ്രീ. ചിറ്റയം ഗോപകുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള ഊർജ്ജ പ്രതിസന്ധി പരിഹരിക്കുന്നതിന് സംസ്ഥാന വ്യാപകമായി ഗാർഹിക ഉപയോഗത്തിനായി സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ഗുണഭോക്താക്കൾക്ക് സബ്സിഡി സൗകര്യം ലഭ്യമാക്കി പ്രസ്തുത പരിപാടി നടപ്പിൽവരുത്തുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) നടപടി സ്വീകരിച്ചിട്ടുണ്ട്.

## ഗാർഹിക ഊർജ്ജ ആവശ്യങ്ങൾക്ക് സൗരോർജ്ജം

**37 (393)** ശ്രീ. ഇ. പി. ജയരാജൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗാർഹികാവശ്യങ്ങൾക്ക് സൗരോർജ്ജം ഉപയോഗിക്കുന്നതിന് പ്രചരണം നൽകുന്നതിനും ഇതിനാവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കുന്നതിനും സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ഏതെല്ലാം ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഗാർഹികാവശ്യങ്ങൾക്കുള്ള മുഴുവൻ വൈദ്യുതിയും സൗരോർജ്ജം മുഖേന ഉപയോഗിക്കുവാൻ താല്പര്യമുള്ളവർക്ക് അതു ലഭ്യമാക്കുവാനും അതിനാവശ്യമായ തുക വായ്പയായും സബ്സിഡിയായും ലഭ്യമാക്കുവാനും എന്തെങ്കിലും പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ആയതു സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങളും മാനദണ്ഡങ്ങളും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഗാർഹിക ആവശ്യങ്ങൾക്കായി സൗരോർജ്ജം ഉപയോഗിക്കുന്നതിനും പ്രചരണം നൽകുന്നതിനും സാങ്കേതിക സഹായം നൽകുന്നതിനുമായി അനെർട്ടിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

(ബി) ഗാർഹിക ആവശ്യങ്ങൾക്ക് 1 KW വരെയുള്ള പദ്ധതിയാണ് അനെർട്ട്വഴി സബ്സിഡിയോടെ ഇപ്പോൾ നടപ്പിലാക്കിവരുന്നത്. വായ്പ ലഭ്യമാക്കുന്നതിന് പദ്ധതികളൊന്നും നിലവിലില്ല.

(സി) അനെർട്ടിന്റെ റൂഫ്ടോപ്പ് പദ്ധതിയിൽപ്പെടുത്തി 1 KW സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിന് ഏകദേശം 150 sq.ft. വിസ്തീർണ്ണമുള്ള സ്ഥലം ആവശ്യമാണ്. ഇത് നല്ലവണ്ണം സൂര്യപ്രകാശം ലഭിക്കുന്നിടം ആയിരിക്കണം. 1 KW പ്ലാന്റിൽനിന്നും 3.5-4 യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാം. ഒരു കെട്ടിട നമ്പറിന് ഒരു പ്ലാന്റ് എന്ന നിരക്കിലാണ് അപേക്ഷ സ്വീകരിക്കുന്നത്.

**ജലേതര സ്രോതസ്സുകളിൽ നിന്നുള്ള ഊർജ്ജോല്പാദനം**

**38 (394)** ശ്രീ. ചിറ്റയം ഗോപകുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലേതര സ്രോതസ്സുകൾ പ്രയോജനപ്പെടുത്തി ഊർജ്ജോല്പാദനം നടത്തുന്നതിനുവേണ്ടി നിലവിൽ എന്തെല്ലാം പദ്ധതികളാണ് സംസ്ഥാനത്തുള്ളത് എന്നറിയിക്കുമോ ;

(ബി) ജലേതര സ്രോതസ്സുകൾ ഉപയോഗപ്പെടുത്തി പരമാവധി ഊർജ്ജോത്പാദനം സാദ്ധ്യമാക്കുന്നതിന് ഈ സർക്കാർ പുതിയതായി എന്തെല്ലാം പരിപാടികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് ; വിശദാംശം നൽകുമോ ;

(സി) എത്ര യൂണിറ്റ് വൈദ്യുതിയാണ് ജലേതര സ്രോതസ്സുകളിലൂടെ നിലവിൽ പ്രതിമാസം ഉല്പാദിപ്പിക്കുന്നത് ; ആയത് ആകെ വൈദ്യുതി ഉല്പാദനത്തിന്റെ എത്ര ശതമാനമാണെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ജലേതര സ്രോതസ്സുകളിൽ നിന്നല്ലാതെയുള്ള വൈദ്യുത പദ്ധതികൾ ചുവടെ സൂചിപ്പിക്കുന്നവയാണ്.

(a) കാറ്റിൽ നിന്നുള്ള വൈദ്യുത പദ്ധതികൾ

| | | |
|---|---|---|
| 1. | കഞ്ചിക്കോട് | - 2.025 മെഗാവാട്ട് |
| 2. | രാമക്കൽമേട് | - 14.25 " |
| 3. | അഗളി | - 17.40 " |

(b) താപവൈദ്യുത നിലയങ്ങൾ

| | | |
|---|---|---|
| 1. ബ്രഹ്മപുരം (കെ.എസ്.ഇ.ബി.) | - | 106.6 മെഗാവാട്ട് |
| 2. കോഴിക്കോട് (കെ.എസ്.ഇ.ബി.) | - | 128.00 " |
| 3. കായംകുളം (എൻ.റ്റി.പി.സി.) | - | 359.58 " |
| 4. BSES | - | 157.00 " |
| 5. കാസർഗോഡ് പവർ കോർപ്പറേഷൻ | - | 20.44 " |

(c) കോ-ജനറേഷൻ

(a) MP Steel Co - Generation - 10 MW

(b) PCBL Ltd. Co - Generation - 10 MW

(ബി) പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ വ്യാപനം ലക്ഷ്യമാക്കി 50 മെഗാവാട്ടിൽ കുറയാതെ ശേഷിയുള്ള (Hydro ഒഴികെ) പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽനിന്നുള്ള വൈദ്യുത ഉല്പാദനത്തിനായി സ്വകാര്യ സംരംഭകരിൽനിന്നും 2-11-2012-ൽ കെ.എസ്.ഇ.ബി. താല്പര്യപത്രം ക്ഷണിക്കുകയും അതിനെ സംബന്ധിച്ച തുടർനടപടികൾ പുരോഗമിച്ചു വരികയും ചെയ്യുന്നു. ഗവൺമെന്റ് ഓഫീസുകളുടെയും കെട്ടിടങ്ങളുടെയും മേൽക്കൂരകളിൽ ഗ്രിഡ് കണക്ടഡ് സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഗ്രിഡുമായി ബന്ധിപ്പിക്കാതെ വീടുകളുടെ മേൽക്കൂരയിൽ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി അനെർട്ട് വഴി നടപ്പിലാക്കിവരുന്നു. കൂടാതെ ദീർഘകാലാടിസ്ഥാനത്തിൽ പ്രാവർത്തികമാക്കുന്നതിനായി ബ്രഹ്മപുരത്ത് 1026 മെഗാവാട്ടിന്റെ വാതകാധിഷ്ഠിത വൈദ്യുത നിലയത്തിന്റെ ആദ്യത്തെ ഫെയ്സായി 350 മെഗാവാട്ടിന്റെ വൈദ്യുത ഉല്പാദന പദ്ധതി ഉദ്ദേശിക്കുന്നു. ഇതിനുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിനായി ട്രാക്ട്ബെൽ എന്ന കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൊച്ചി പുതുവൈപ്പിനിൽ പെട്രോനെറ്റ് എൽ.എൻ.ജി. നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന 1200 മെഗാവാട്ടിന്റെ വാതകാധിഷ്ഠിത വൈദ്യുത നിലയവും പരിഗണനയിലാണ്. ഇതിലേക്കായി 50 ഏക്കർ സ്ഥലം കൈമാറിയിട്ടുണ്ട്. പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള ചർച്ചകൾ പുരോഗമിച്ചു വരുന്നു. സംസ്ഥാനത്ത് കാറ്റിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് 200 മെഗാവാട്ട് പദ്ധതിക്കുവേണ്ടി എൻ.റ്റി.പി.സി.-യുമായി 18-7-2011-ൽ ധാരണാ പത്രം ഒപ്പു വയ്ക്കുകയും ഇതിന്റെ പ്രാരംഭ ഘട്ടമായി 20 മെഗാവാട്ടിന്റെ പദ്ധതി സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയും ചെയ്യുന്നു. കഞ്ചിക്കോട് 22 മെഗാവാട്ടിന്റെ കാറ്റിൽനിന്നുള്ള പദ്ധതി മെസേഴ്സ് ഇനോക്സ് റിന്യൂവബിൾ എനർജി ലിമിറ്റഡ് എന്ന സ്വകാര്യ സംരംഭകർവഴി നടപ്പിലാക്കുന്നതിനുള്ള തുടർനടപടികളും പുരോഗമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) 11-3-2013-ലെ ശരാശരി പ്രതിദിന കണക്കനുസരിച്ച് സംസ്ഥാനത്ത് ജലേതര സ്രോതസ്സുകളിലൂടെ 9.6259 ദശലക്ഷം യൂണിറ്റ് വൈദ്യുതിയാണ് ഉല്പാദിപ്പിച്ചത്. ഇത് സംസ്ഥാനത്തെ മൊത്തം വൈദ്യുത ഉല്പാദനത്തിന്റെ 45 ശതമാനമാണ്.

## കാറ്റിൽനിന്നും വൈദ്യുതി

**39 (395)** ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. പി. എ. മാധവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാറ്റിൽ നിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പദ്ധതി നടപ്പാക്കുന്നതിന് എൻ.ടി.പി.സി. യുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിവഴി എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനാണ് ലക്ഷ്യമിടുന്നത് ;

(ഡി) പദ്ധതിക്കായി കാറ്റാടിയന്ത്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലങ്ങൾ എവിടെയെല്ലാമാണ് കണ്ടെത്തിയിട്ടുള്ളത് ?

### ഉത്തരം

(എ-സി) ഉണ്ട്. കാറ്റിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനായി ഗവൺമെന്റ് എൻ.ടി.പി.സി.-യുമായി ഒരു ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഈ പദ്ധതിവഴി 200 മെഗാവാട്ടിന്റെ പദ്ധതി കേരളത്തിൽ സ്ഥാപിക്കുവാനാണ് ലക്ഷ്യമിടുന്നത്. ഇതിന്റെ പ്രാരംഭഘട്ടമായ 20 മെഗാവാട്ടിന്റെ പദ്ധതി ഇടുക്കി ജില്ലയിലെ രാമക്കൽമേട്ടിൽ ദ്രുതഗതിയിൽ നടപ്പിലാക്കുവാനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

(ഡി) ആദ്യഘട്ടമായി ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല താലൂക്കിൽ രാമക്കൽമേട്ടിൽ 20 മെഗാവാട്ട് ശേഷിയുള്ള കാറ്റാടിപ്പാടം എൻ.റ്റി.പി.സി. സ്ഥാപിക്കുന്നതാണ്. കൂടാതെ താഴെപ്പറയുന്ന സ്ഥലങ്ങളിൽ കാറ്റാടിപ്പാടങ്ങൾ സ്ഥാപിക്കുന്നതിന് മുന്നോടിയായുള്ള പഠന പ്രവർത്തനങ്ങൾ നടത്തുന്നതിന് ഉദ്ദേശിക്കുന്നു.

| നമ്പർ | സ്ഥലത്തിന്റെ പേര് | ജില്ല |
|---|---|---|
| (1) | (2) | (3) |
| 1 | കുഴിപ്പെട്ടി | ഇടുക്കി |
| 2 | ചക്കുളത്തുമട് | ഇടുക്കി |
| 3 | പാമ്പൻപാറ | ഇടുക്കി |

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) | (3) |
|---|---|---|
| 4 | വാഗമൺ | ഇടുക്കി |
| 5 | കോലാഹലമേട് | ഇടുക്കി |
| 6 | കുഴൽമന്ദം | പാലക്കാട് |

## പഴശ്ശി സാഗർ ജലസേചന പദ്ധതി പ്രദേശത്തെ ജലവൈദ്യുത ഉല്പാദന കേന്ദ്രം

**40 (396)** ശ്രീ. ഇ. പി. ജയരാജൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ പടിയൂർ കല്ല്യാട് പഞ്ചായത്തിൽ പഴശ്ശി സാഗർ ജലസേചന പദ്ധതി പ്രദേശത്ത് ഒരു ജലവൈദ്യുത ഉല്പാദന കേന്ദ്രം ആരംഭിക്കുവാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ ;

(ബി) ഇതു സംബന്ധിച്ച വിശദമായ പ്രോജക്റ്റ് റിപ്പോർട്ടിന് വൈദ്യുതി ബോർഡും ഊർജ്ജവകുപ്പും അനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; എങ്കിൽ അനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) എത്ര തുക മുതൽമുടക്കുള്ള പദ്ധതിയാണു ലക്ഷ്യമിടുന്നതെന്നു വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം എത്ര മെഗാവാട്ട് വൈദ്യുതോല്പാദനമാണ് ലക്ഷ്യമിടുന്നതെന്ന് അറിയിക്കുമോ ;

(ഇ) 2012-13 വർഷത്തെ ബജറ്റിൽ പ്രസ്തുത പ്രോജക്ടിനായി നീക്കിവച്ച തുക ഏതെല്ലാം ആവശ്യങ്ങൾക്കു വിനിയോഗിച്ചുവെന്ന് വ്യക്തമാക്കുമോ ;

(എഫ്) പ്രസ്തുത പദ്ധതിയുടെ നിർമ്മാണം എന്ന് ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) 15 മെഗാവാട്ട് (5 x 3 MW) സ്ഥാപിതശേഷിയും 42.12 ദശലക്ഷം യൂണിറ്റ് വാർഷിക ഉല്പാദനശേഷിയുള്ള പഴശ്ശിസാഗർ ചെറുകിട ജല വൈദ്യുത പദ്ധതി ആരംഭിക്കുവാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് വൈദ്യുതി ബോർഡ് അംഗീകരിച്ചു. വൈദ്യുതി ബോർഡ് പുറപ്പെടുവിച്ച അനുമതി ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.* പദ്ധതി നടത്തിപ്പിനായുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിക്കാനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

(സി) 2010-ൽ തയ്യാറാക്കിയ വിശദമായ പദ്ധതി റിപ്പോർട്ട് അനുസരിച്ച് 133.91 കോടി രൂപ മുതൽമുടക്കി പദ്ധതി ആവിഷ്കരിക്കാനാണ് ലക്ഷ്യമിടുന്നത്.

(ഡി) 15 മെഗാവാട്ട് (42.14 ദശലക്ഷം യൂണിറ്റ്)

(ഇ) 2012-13 വർഷത്തെ ബജറ്റിൽ പ്രസ്തുത പദ്ധതിക്കായി 50 ലക്ഷം രൂപ നീക്കി വച്ചിരുന്നു. പദ്ധതിയുടെ പ്രാരംഭ നിർമ്മാണ സർവ്വെ, പദ്ധതി പ്രദേശത്തെ പാറയുടെ ഘടന പരിശോധന, പദ്ധതി ആവശ്യങ്ങൾക്കായുള്ള വാഹന ചെലവ് എന്നീ ആവശ്യങ്ങൾക്കായി ഇതിനകം 3.97 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(എഫ്) 2013-14-ൽ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

**കായംകുളം എൻ.ടി.പി.സി. നിലയവുമായുള്ള വിദ്യുച്ഛക്തി ബോർഡിന്റെ കരാർ**

41 (397) ശ്രീ. ജി. സുധാകരൻ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. ആർ. രാജേഷ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം എൻ.ടി.പി.സി. നിലയവുമായി വൈദ്യുതി ബോർഡിന് എന്തെങ്കിലും കരാർ നിലവിലുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത കരാറിന്റെ കാലാവധി എന്നുവരെയാണ് എന്നറിയിക്കുമോ ;

(ബി) പ്രസ്തുത കരാർ പുതുക്കണമെന്ന് എൻ.ടി.പി.സി.-യുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത കരാർ പുതുക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാന സർക്കാർ വാങ്ങി നൽകിയ എൻ.ടി.പി.സി.-യുടെ കൈവശമുള്ള ഭൂമി മറ്റേതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്താൻ ശ്രമമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ ;

(ഇ) കായംകുളം പദ്ധതിയിൽ നിന്നുല്പാദിപ്പിക്കുന്ന വൈദ്യുതിയും കെ.എസ്.ഇ.ബി. വാങ്ങുന്ന വൈദ്യുതിയും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

**ഉത്തരം**

(എ-സി) കായംകുളം എൻ.റ്റി.പി.സി.-യുടെ നാഫ്ത ഇന്ധനമായി ഉപയോഗിക്കുന്ന താപവൈദ്യുതി നിലയത്തിൽനിന്നും വൈദ്യുതി വാങ്ങുന്നതിന് കെ.എസ്.ഇ.ബി. ഏർപ്പെട്ടിരുന്ന കരാർ കാലാവധി 28-2-2010-ൽ അവസാനിച്ചിരുന്നു. പ്രസ്തുത കരാർ Supplementary PPA വഴി 15-2-2013-ൽ 1-3-2013 മുതൽ 12 വർഷത്തേക്ക് പുതുക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) കായംകുളത്തിന്റെ സ്ഥാപിത ശേഷിയായ 360 മെഗാവാട്ട് പദ്ധതിയിൽ നിന്നുല്പാദിപ്പിക്കുന്ന മുഴുവൻ വൈദ്യുതിയും കെ.എസ്.ഇ.ബി.-യാണ് വാങ്ങുന്നത്.

**കായംകുളം താപവൈദ്യുത നിലയത്തിന്റെ രണ്ടാംഘട്ട പദ്ധതിയുടെ പ്രവർത്തനം**

**42 (398)** ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം താപവൈദ്യുത നിലയത്തിന്റെ രണ്ടാംഘട്ട പദ്ധതിയുടെ പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ നിന്ന് എത്ര യൂണിറ്റ് വൈദ്യുതിയാണ് പ്രതീക്ഷിക്കുന്നത് എന്നറിയിക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് എന്തെങ്കിലും തടസ്സങ്ങളുണ്ടോയെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിക്കുള്ള ഇന്ധനമായ എൽ.എൻ.ജി. എത്തിക്കുന്നതിന് കൊച്ചിയിൽ നിന്നുളള പൈപ്പ്ലൈൻ പദ്ധതി പൂർത്തിയാക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

**നിർമ്മാണം നടന്നുവരുന്ന ജലവൈദ്യുത പദ്ധതികൾ**

**43 (399)** ശ്രീ. എ. കെ. ബാലൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിർമ്മാണം നടന്നുവരുന്ന ജലവൈദ്യുത പദ്ധതികൾ ഏതെല്ലാം ;

(ബി) പ്രസ്തുത പദ്ധതികൾ ഓരോന്നും ആരംഭിച്ചത് എന്നാണ് ; അവയുടെ നിർമ്മാണപുരോഗതി, സ്ഥാപിതശേഷി എന്നിവ അറിയിക്കുമോ ; പ്രസ്തുത പദ്ധതികൾ എന്നത്തേക്ക് പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു ; വിശദ വിവരം ലഭ്യമാക്കുമോ ;

(സി) ഏതെല്ലാം പുതിയ ജലവൈദ്യുതപദ്ധതികൾ ഈ സർക്കാർ ടെണ്ടർ ചെയ്തിട്ടുണ്ട് ; പ്രസ്തുത പദ്ധതികളുടെ സ്ഥാപിതശേഷിയും നിർമ്മാണം ഏറ്റെടുത്തിട്ടുള്ള സ്ഥാപനങ്ങളുടെ പേരും വ്യക്തമാക്കുമോ ;

(ഡി) 2013-14-ൽ ടെണ്ടർ ചെയ്യാനുദ്ദേശിക്കുന്ന ജലവൈദ്യുത പദ്ധതികളും അവയുടെ സ്ഥാപിതശേഷിയും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ സർക്കാർ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി ഡി.പി.ആർ. തയ്യാറാക്കിയ ജലവൈദ്യുത പദ്ധതികൾ ഏതെല്ലാം ; ഏതെല്ലാം പദ്ധതികൾക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) നിർമ്മാണം നടന്നുവരുന്ന പദ്ധതികളും അവയുടെ വിശദ വിവരങ്ങളും ചുവടെ ചേർക്കുന്നു :

| നമ്പർ | പദ്ധതി | സ്ഥാപിത ശേഷി | നിർമ്മാണം ആരംഭിച്ച വർഷം | പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന വർഷം | നിർമ്മാണ പുരോഗതി |
|---|---|---|---|---|---|
| 1 | പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം | 60 MW | 03/2007 | 2014 | 74% |
| 2 | ചെങ്കുളം ഓഗ്മെന്റേഷൻ സ്കീം | 85 Mu | 07/2009 | 2015 | 38% |
| 3 | തൊട്ടിയാർ HEP | 40 MW | 01/2009 | 2014 | 25% |
| 4 | വിലങ്ങാട് SHEP | 7.5 | 03/2010 | 2013 | 77% |
| 5 | ബാരാപ്പോൾ | 15 | 09/2010 | 2014 | 55% |
| 6 | ചാത്തൻകോട്ടുനട II | 6 | 03/2010 | 2014 | 11% |
| 7 | പെരുന്തേനരുവി | 6 | 03/2012 | 2014 | 5% |
| 8 | കക്കയം | 3 | 03/2011 | 2014 | 35% |
| 9 | വെള്ളത്തൂവൽ | 3.6 | 09/2012 | 2014 | 2% |
| 10 | ചിമ്മിനി | 2.5 | 08/2011 | 2015 | 1.6% |
| 11 | ആഢ്യൻപാറ | 3.5 | 01/2013 | 2015 | 0.4% |

എനർജി മാനേജ്മെന്റ് സെന്ററിൽ പ്രവർത്തിക്കുന്ന സ്മാൾ ഹൈഡ്രോ പ്രൊമോഷൻ സെൽവഴി ഇന്റിപെൻഡന്റ് പവർ പ്രൊഡ്യൂസർ വിഭാഗത്തിൽ നൽകിയിട്ടുള്ള 15 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള കാരിക്കയം പദ്ധതി EDCL എന്ന കമ്പനി നിർമ്മാണം നടത്തിവരുന്നു. 10.50 മെഗാവാട്ടിന്റെ ആദ്യഘട്ടം പണിയുടെ 90 ശതമാനം പൂർത്തിയായി. നേരത്തേ 1996-ൽ TECIL എന്ന കമ്പനിക്ക് ക്യാപ്റ്റീവ് പദ്ധതി ആയി കൊടുത്തിരിക്കുന്ന ഈ പദ്ധതി 2006-ലാണ് EDCL കമ്പനിക്ക് അനുവദിച്ചത്. 2013-ൽ ആദ്യഘട്ടം തീർക്കുന്നതിനും സ്ഥലമെടുപ്പ് പൂർത്തിയായാൽ 6 മാസത്തിനുള്ളിൽ രണ്ടാം ഘട്ടം പൂർത്തിയാക്കുന്നതിനും ലക്ഷ്യമിടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) 62 പദ്ധതികൾ BOOT അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനുള്ള പ്രീ-ക്വാളിഫിക്കേഷൻ ടെൻഡർ വിളിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ സ്ഥാപിതശേഷിയും മറ്റ് വിവരങ്ങളും അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) 2013-14-ൽ ടെൻഡർ ചെയ്യാനുദ്ദേശിക്കുന്ന ജലവൈദ്യുത പദ്ധതികളും അവയുടെ സ്ഥാപിത ശേഷിയും ചുവടെ ചേർക്കുന്നു :

| പദ്ധതി | സ്ഥാപിത ശേഷി |
|---|---|
| ഒലിക്കൽ | 4.5 MW |
| പൂവാരംതോട് | 2.7 MW |
| അപ്പർ കല്ലാർ | 2 MW |
| ചെമ്പുകടവ് III | 6 MW |
| ലാഡ്രം | 3.5 MW |
| പീച്ചാട് | 3 MW |
| ഭൂതത്താൻകെട്ട് | 16 MW |
| വെസ്റ്റേൺ കല്ലാർ | 5 MW |
| മാർമല | 7 MW |
| പഴശ്ശി സാഗർ | 15 MW |

(ഇ) ഈ സർക്കാർ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി ഡി.പി.ആർ. തയ്യാറാക്കിയ ജലവൈദ്യുത പദ്ധതികൾ താഴെപ്പറയുന്നു.

1. വെസ്റ്റേൺ കല്ലാർ - 5 MW - 17.41 Mu
2. അപ്പർ ചെങ്കുളം - 48 MW - 79.72 Mu

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പെരിങ്ങൽകുത്ത് (24 MW), ആനക്കയം (7.5 MW), അച്ചൻകോവിൽ (30 MW) എന്നീ ജലവൈദ്യുത പദ്ധതികളുടെ പാരിസ്ഥിതിക അനുമതിക്ക് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് അപേക്ഷ നൽകിയിരുന്നു. ഇതിൽ പെരിങ്ങൽകുത്ത് പദ്ധതിക്ക് കേന്ദ്രം അനുമതി നൽകിയിട്ടുണ്ട്.

**ഇടുക്കി, ശബരിഗിരി ജലവൈദ്യുത പദ്ധതികളുടെ സുരക്ഷ**

**44 (400)** ശ്രീ. രാജു എബ്രഹാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതിബോർഡിന്റെ കീഴിലുള്ള ഇടുക്കി, ശബരിഗിരി ജലവൈദ്യുത പദ്ധതികളുടെ സുരക്ഷയെക്കുറിച്ച് ഇന്ത്യാ ഗവൺമെന്റ് സെക്യൂരിറ്റി ആഡിറ്റ് നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതിന്റെ പകർപ്പ് വൈദ്യുതിബോർഡിന്റെ വിജിലൻസ് വിഭാഗത്തിന് ലഭിച്ചിട്ടുണ്ടോ ; പകർപ്പ് ലഭ്യമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ചീമേനിയിലെ താപവൈദ്യുത നിലയം**

**45 (401)** ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചീമേനിയിൽ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള താപ വൈദ്യുത നിലയത്തിന്റെ നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനായി ചീമേനി വില്ലേജിൽ എത്ര ഏക്കർ ഭൂമിയാണ് ആവശ്യമുള്ളതെന്നും പ്രസ്തുത ഭൂമി ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും അറിയിക്കാമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) 200 ഏക്കർ ഭൂമിയാണ് ആവശ്യമുള്ളത്. പ്രസ്തുത ഭൂമി ലഭ്യമാക്കുന്നതിന് റവന്യൂ വകുപ്പിൽ നടപടി സ്വീകരിച്ചുവരുന്നു.

**ചാത്തൻകോട്ടുനട ചെറുകിട ജലവൈദ്യുത പദ്ധതി**

**46 (402)** ശ്രീമതി കെ. കെ. ലതിക : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തൻകോട്ടുനട ചെറുകിട ജലവൈദ്യുത പദ്ധതി എപ്പോൾ കമ്മീഷൻ ചെയ്യാൻ കഴിയും എന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത പദ്ധതി പൂർത്തിയാക്കുന്നതിൽ വന്നിട്ടുള്ള കാലതാമസത്തിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ചാത്തൻകോട്ടുനട ചെറുകിട ജലവൈദ്യുത പദ്ധതി 2014 ഡിസംബർ മാസത്തോടെ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) 1. പദ്ധതിക്കാവശ്യമായ മുഴുവൻ ഭൂമിയും കരാറുകാരന് കൈമാറാൻ കാലതാമസം നേരിട്ടു. 29-12-2011-ലാണ് മുഴുവൻ ഭൂമിയും കൈമാറിയത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2. ഭൂമി മുഴുവൻ കൈമാറിയിട്ടും പണി പൂർത്തീകരിക്കുവാനുള്ള ഊർജ്ജിത ശ്രമം കരാറുകാരന്റെ ഭാഗത്ത് നിന്നുണ്ടാകുന്നില്ല. സമയബന്ധിതമായി പണി പൂർത്തീകരിക്കുവാൻ കരാറുകാരനോട് നിർദ്ദേശിച്ചിട്ടുണ്ട്.

## കാസർഗോഡ് ജില്ലയിൽ മിനി ഹൈഡൽ പവ്വർ സ്റ്റേഷനുകൾ

**47 (403)** ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെക്കാണുന്ന ചോദ്യത്തിന് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വ്യാപകമായ വൈദ്യുതിക്ഷാമം അനുഭവപ്പെടുന്ന കാസർഗോഡ് ജില്ലയിലെ, നദികളെയും മലകളെയും ഉപയോഗപ്പെടുത്തി മിനി ഹൈഡൽ പവ്വർ സ്റ്റേഷനുകൾ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

2012-ലെ പുതുക്കിയ ചെറുകിട ജലവൈദ്യുത പദ്ധതി നയപ്രകാരം കാസർഗോഡ് ജില്ലയിൽ 6.95 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന 7 പദ്ധതികൾ സ്വകാര്യ മേഖലയുടെ സഹകരണത്തോടുകൂടി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കണ്ണൂർ വിമാനത്താവളത്തിനുവേണ്ടി വൈദ്യുതി സബ് സ്റ്റേഷൻ

**48 (404)** ശ്രീ. ഇ. പി. ജയരാജൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ വിമാനത്താവളത്തിനുവേണ്ടി പ്രത്യേകമായി ഒരു വൈദ്യുതി സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് കേരള സംസ്ഥാന വൈദ്യുതി ബോർഡിന് ലഭിച്ചിട്ടുണ്ടോയെന്നു അറിയിക്കുമോ ;

(ബി) ഉണ്ടെങ്കിൽ ആയതിന്മേൽ വൈദ്യുതി ബോർഡ് സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ലഭിച്ചിട്ടില്ല.

(ബി) ബാധകമല്ല.

## നാദാപുരം നിയോജകമണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനങ്ങൾ

**49 (405)** ശ്രീ. ഇ. കെ. വിജയൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാദാപുരം നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയാക്കുന്നതിന് എത്ര വീടുകൾകൂടി അവശേഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വീടുകളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 696 വീടുകൾ.

(ബി)

| പഞ്ചായത്തിന്റെ പേര് | വീടുകളുടെ എണ്ണം |
|---|---|
| ചെക്ക്യാട് | 7 |
| എടച്ചേരി | 10 |
| തൂണേരി | 11 |
| നാദാപുരം | 13 |
| വളയം | 9 |
| വാണിമേൽ | 67 |
| നരിപ്പറ്റ | 83 |
| കായക്കൊടി | 171 |
| കാവിലുംപാറ | 291 |
| മരുതോങ്കര | 34 |

**കാസർഗോഡ് ജില്ലയിൽ ആർ.ജി.ജി.വി.വൈ. പദ്ധതി**

50 (406) ശ്രീ കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെക്കാണുന്ന ചോദ്യത്തിന് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിൽ രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരൺ യോജന പ്രകാരം എത്ര പ്രദേശങ്ങൾ വൈദ്യുതീകരിച്ചിട്ടുണ്ടെന്നും ഇനിയും എത്ര പ്രദേശങ്ങൾ വൈദ്യുതീകരിക്കാനുണ്ടെന്നും വ്യക്തമാക്കുമോ ?

ഉത്തരം

518 പ്രദേശങ്ങളിലെ ഭവനങ്ങൾ വൈദ്യുതീകരിച്ചിട്ടുണ്ട്. ഇനി ഏകദേശം 600 പ്രദേശങ്ങൾ വൈദ്യുതീകരിക്കാനുണ്ട്.

**ആദിവാസി കോളനികളിലെ വൈദ്യുതീകരണം**

51 (407) ശ്രീ. ബി. ഡി. ദേവസ്സി : താഴെക്കാണുന്ന ചോദ്യത്തിന് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചാലക്കുടി മണ്ഡലത്തിലെ ആദിവാസി കോളനികളിൽ ആർ.ജി.ജി.വി.വൈ. പദ്ധതി പ്രകാരം വൈദ്യുതീകരണം നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ആർ.ജി.ജി.വി.വൈ. പദ്ധതി പ്രകാരം വൈദ്യുതീകരണം നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ഇതുമായി ബന്ധപ്പെട്ട് ആദിവാസി ഊരുക്കൂട്ടം സംഘടിപ്പിക്കുകയും തുടർന്ന് ഫോറസ്റ്റ് ഓഫീസുമായി ബന്ധപ്പെട്ട് ഫോറസ്റ്റ് ക്ലിയറൻസ് ലഭ്യമാക്കുന്നതിനായി നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

**വയനാട് ജില്ലയിൽ നടപ്പാക്കുന്ന രാജീവ്ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന**

**52 (408)** ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ നടപ്പാക്കുന്ന രാജീവ്ഗാന്ധി ഗ്രാമീൺ വൈദ്യുതികരൺ യോജനയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ;

(ബി) നടപ്പുവർഷം പ്രസ്തുത പദ്ധതിയുടെ വയനാട് ജില്ലയിലെ ഭൗതിക ലക്ഷ്യം എത്രയായിരുന്നെന്ന് ഇനംതിരിച്ച് വ്യക്തമാക്കുമോ ;

(സി) ആയതിലേക്കായി എത്ര തുക നടപ്പുവർഷം ചെലവഴിച്ചു എന്നതിന്റെ നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ ;

(ഡി) നടപ്പുവർഷം കൽപ്പറ്റ നിയോജകമണ്ഡലത്തിലെ എത്ര ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 28-2-2013 വരെയുള്ള പ്രവൃത്തികളുടെ പുരോഗതി ചുവടെചേർക്കുന്നു :

| | | |
|---|---|---|
| 1. | 11 കെ.വി. ലൈൻ നിർമ്മാണം | 66.40 കി.മീ. |
| 2. | ട്രാൻസ്ഫോർമർ സ്ഥാപിക്കൽ | 48 എണ്ണം |
| 3. | എൽ.റ്റി. 3 ഫേസ് ലൈൻ നിർമ്മാണം | 20.49 കി.മീ. |
| 4. | എൽ.റ്റി. 1 ഫേസ് ലൈൻ നിർമ്മാണം | 89.08 കി.മീ. |
| 5. | ബി.പി.എൽ. കുടുംബങ്ങളുടെ വീടുകൾ വൈദ്യുതീകരിച്ചത് | 6634 എണ്ണം |
| 6. | ജനറൽ വൈദ്യുതി കണക്ഷൻ | 418 എണ്ണം |

(ബി) നടപ്പുവർഷത്തെ ഭൗതിക ലക്ഷ്യം ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| 1. | 11 കെ.വി. ലൈൻ | 84.77 കി.മീ. |
| 2. | ട്രാൻസ്ഫോർമർ | 92 എണ്ണം |
| 3. | എൽ.റ്റി. 3 ഫേസ് ലൈൻ | 25.72 കി.മീ. |



LIBRARY ARCHIVES Kerala Legislative Assembly

| | | |
|---|---|---|
| 4. | എൽ.റ്റി. 1 ഫേസ് ലൈൻ | 137.96 കി.മീ. |
| 5. | ബി.പി.എൽ. വൈദ്യുതി കണക്ഷൻ | 1243 എണ്ണം |

(സി) നടപ്പു വർഷം ചെലവഴിച്ച തുകയുടെ കണക്ക് ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| 1 | മാനന്തവാടി നിയോജകമണ്ഡലം | 16227071 |
| 2 | സുൽത്താൻ ബത്തേരി | 8897387 |
| 3 | കൽപ്പറ്റ നിയോജക മണ്ഡലം | 12735741 |

(ഡി) 1391 കുടുംബങ്ങൾക്ക്.

## പൊന്നാനി നഗരസഭയിൽ അണ്ടർ ഗ്രൗണ്ട് വൈദ്യുതി കേബിളുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി

53 (409) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊന്നാനി നഗരസഭയിൽ അണ്ടർ ഗ്രൗണ്ട് വൈദ്യുത കേബിളുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തി തുടങ്ങിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്ന് തുടങ്ങാനാകും എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിക്ക് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ എന്ന് അറിയിക്കുമോ ;

(ഡി) ഉണ്ടെങ്കിൽ തടസ്സങ്ങൾ നീക്കി പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

### ഉത്തരം

(എ) പൊന്നാനി നഗരസഭയിൽ ഭൂഗർഭ വൈദ്യുതി കേബിൾ സ്ഥാപിക്കുന്ന പദ്ധതി ഇപ്പോൾ നിലവിലില്ല.

(ബി-ഡി) ബാധകമല്ല.

## ചടയമംഗലം നിയോജകമണ്ഡലത്തിൽ സ്ഥാപിച്ച പുതിയ ട്രാൻസ്ഫോർമറുകൾ

54 (410) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചടയമംഗലം നിയോജകമണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി 2011 മേയ് മുതൽ 2013 ജനുവരി വരെ എത്ര പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവയുടെ സെക്ഷൻ തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 22 ട്രാൻസ്ഫോർമറുകൾ

(ബി)

| സെക്ഷന്റെ പേര് | ട്രാൻസ്ഫോർമറുകളുടെ എണ്ണം |
|---|---|
| ആയൂർ | 6 |
| ചടയമംഗലം | 3 |
| അഞ്ചൽ വെസ്റ്റ് | 1 |
| കടയ്ക്കൽ | 8 |
| ചിതറ | 2 |
| കരുകോൺ | 2 |

## ആറ്റുകാൽ ദേവീക്ഷേത്രത്തിനും അനുബന്ധ പ്രദേശങ്ങൾക്കും വേണ്ടി ഇലക്ട്രിക്കൽ സബ് ഡിവിഷൻ

55 (411) ശ്രീ. വി. ശിവൻകുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രശസ്തമായ ആറ്റുകാൽ ദേവീക്ഷേത്രത്തിനും അനുബന്ധ പ്രദേശങ്ങൾക്കും പ്രയോജനപ്പെടുന്ന വിധത്തിൽ ഒരു ഇലക്ട്രിക്കൽ സബ്ഡിവിഷൻ സ്ഥാപിക്കുന്നത് പരിഗണിക്കുമോ ;

(ബി) എങ്കിൽ ആയത് എന്നത്തേക്ക് സ്ഥാപിക്കാനാകും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഇപ്പോൾ പരിഗണനയിലില്ല.

## കോഴിക്കോട് ജില്ലയിലെ മൈക്രോഹൈഡൽ പ്രോജക്ടുകൾ

56 (412) ശ്രീ. പുരുഷൻ കടലുണ്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ എത്ര മൈക്രോഹൈഡൽ പ്രോജക്റ്റുകൾക്ക് സാധ്യത കണ്ടെത്തിയിട്ടുണ്ട് ; അവ ഏതെല്ലാമാണെന്നറിയിക്കുമോ ;

(ബി) പ്രസ്തുത പ്രോജക്ടുകളിൽ നിന്ന് എത്ര വീതം വൈദ്യുതി ഉൽപ്പാദിപ്പിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത പ്രോജക്ടുകളുടെ നിർമ്മാണത്തിനായി എന്തെല്ലാം നടപടി കൈക്കൊണ്ടുവെന്ന് വിശദമാക്കുമോ ;

(ഡി) ഈ സർക്കാർ പ്രസ്തുത ആവശ്യത്തിലേക്കായി എത്ര തുക ചെലവഴിച്ചുവെന്നും പ്രസ്തുത പദ്ധതികളിൽ നിന്ന് എത്ര വൈദ്യുതി ഉല്പാദിപ്പിച്ചുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**അരൂർ എ.പി.ഡി.ആർ.പി. പദ്ധതി**

57 (413) ശ്രീ. എ. എം. ആരിഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരൂർ എ.പി.ഡി.ആർ.പി. പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം പ്രവൃത്തികൾക്കാണ് സംസ്ഥാന വൈദ്യുതി ബോർഡ് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നത് ;

(ബി) എന്നാണ് പ്രസ്തുത പ്രൊപ്പോസൽ സമർപ്പിച്ചതെന്നും എത്ര കോടി രൂപയുടെ പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭിച്ചതെന്നും അറിയിക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചത് എന്നാണ് എന്നും അവയിൽ ഏതെല്ലാം പ്രവൃത്തികൾ ഇതിനോടകം പൂർത്തിയാക്കിയിട്ടുണ്ടെന്നും അറിയിക്കുമോ ;

(ഡി) ഏതെല്ലാം പ്രവൃത്തികൾ ഇനിയും നടപ്പിലാക്കാനുണ്ട് എന്നറിയിക്കുമോ ?

ഉത്തരം

(എ) പുനഃക്രമീകൃത ഊർജ്ജിത ഊർജ്ജവികസന പരിഷ്കരണ പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ട് ഭാഗങ്ങളിലായി പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ഒന്നാം ഭാഗത്തിൽ വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. രണ്ടാം ഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രവൃത്തികൾ ഇവയാണ്.

1. 11 കെ.വി. ലൈൻ നിർമ്മാണം
2. 11 കെ. വി. ഭൂഗർഭ കേബിൾ സ്ഥാപിക്കൽ
3. നിലവിലുള്ള പഴക്കം ചെന്ന 11 കെ.വി. ചാലകം മാറ്റി പുതിയത് സ്ഥാപിക്കൽ
4. ട്രാൻസ്ഫോർമർ സ്ഥാപിക്കൽ
5. ട്രാൻസ്ഫോർമർ ശേഷി ഉയർത്തൽ
6. എൽ.റ്റി. ലൈൻ പുതിയത് സ്ഥാപിക്കൽ

LIBRARY ARCHIVES Kerala Legislative Assembly

7. എൽ.റ്റി.സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈൻ ആക്കി മാറ്റൽ

8. നിലവിലുള്ള പഴക്കം ചെന്ന എൽ.റ്റി. ചാലകം മാറ്റി പുതിയത് സ്ഥാപിക്കൽ

9. കപ്പാസിറ്റർ ബാങ്ക് സ്ഥാപിക്കൽ

10. ലോ ടെൻഷൻ ഏരിയൽ ബഞ്ച്ഡ് കേബിൾ സ്ഥാപിക്കൽ

11. സിംഗിൾ ഫേസ് ആന്റ് ത്രീ ഫേസ് മെക്കാനിക്കൽ മീറ്റർ മാറ്റി ഇലക്ട്രോണിക് മീറ്റർ സ്ഥാപിക്കൽ

12. വഴിവിളക്കിന് മീറ്റർ സ്ഥാപിക്കൽ.

(ബി) അരൂർ എ.പി.ഡി.ആർ.പി. പാർട്ട് എ സ്കീം 16-11-2009-ൽ പവർ ഫിനാൻസ് കോർപ്പറേഷന് സമർപ്പിക്കുകയും 1.22 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിക്കുകയും ചെയ്തു. പാർട്ട് ബി സ്കീം 15-8-2010-ൽ സമർപ്പിക്കുകയും 19.0285 കോടി രൂപയുടെ പ്രവൃത്തികൾക്ക് അനുമതി ലഭിക്കുകയും ചെയ്തു.

(സി&ഡി) പാർട്ട്-എ, പാർട്ട്-ബി സ്കീമുകൾക്ക് യഥാക്രമം 26-11-2009, 2-6-2010 എന്നീ തീയതികളിലാണ് ഭരണാനുമതി ലഭിച്ചത്. പാർട്ട്-എ പ്രവൃത്തികൾ ബഹു. ഹൈക്കോടതി മുമ്പാകെ 311/2011-ാം നമ്പർ റിട്ട് ഹർജി ഫയൽ ചെയ്യപ്പെട്ടതിനെത്തുടർന്ന് നിർത്തിവയ്ക്കുകയും ഹൈക്കോടതി വിധിയെ തുടർന്ന് ഡിസംബർ 2012-ൽ പുനഃരാരംഭിക്കുകയും ചെയ്തിട്ടുണ്ട്. പാർട്ട്-ബിയിലെ പ്രവൃത്തികളുടെ പുരോഗതി അനുബന്ധമായി ചേർക്കുന്നു.*

**കണ്ണൂർ ജില്ലയിൽ നടപ്പാക്കുന്ന ആർ.ജി.ജി.വി.വൈ.**

**58 (414)** <u>ശ്രീ. ഇ. പി. **ജയരാജൻ**</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജീവ്ഗാന്ധി ഗ്രാമീൺ വൈദ്യുതീകരണ യോജനയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയ്ക്കായി എത്ര തുകയുടെ പ്രോജക്റ്റ് റിപ്പോർട്ടിനാണ് അനുമതി ലഭിച്ചതെന്ന് അറിയിക്കുമോ ;

(ബി) ആയത് പ്രകാരം കണ്ണൂർ ജില്ലയിൽ ഒരോ നിയോജകമണ്ഡലത്തിലും അംഗീകാരം ലഭിച്ച പദ്ധതികൾ ഏതെല്ലാമെന്നും, ഓരോ പദ്ധതിക്കും എത്ര തുക വകയിരുത്തിയെന്നും വ്യക്തമാക്കുമോ :

(സി) പ്രസ്തുത പദ്ധതികളിൽ പൂർത്തീകരിച്ചവ ഏതെല്ലാമെന്നും ഇനി പൂർത്തീകരിക്കേണ്ട പദ്ധതികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 1971.40 ലക്ഷം രൂപയുടെ പ്രോജക്ടിനാണ് അനുമതി ലഭിച്ചത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അംഗീകാരം ലഭിച്ച പ്രവൃത്തികളുടെ നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു.*

(സി) പൂർത്തീകരിച്ച പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു.*

**ആർ.ജി.ജി.വി.വൈ. പ്രകാരം സ്വീകരിച്ച നടപടി**

59 (415) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആർ.ജി.ജി.വി.വൈ. പ്രകാരം വൈദ്യുതി കണക്ഷൻ കൊടുത്തുതുടങ്ങിയത് ഏത് വർഷം മുതലാണ് എന്നറിയിക്കുമോ ;

(ബി) ഈ സർക്കാർ പ്രസ്തുത പദ്ധതിപ്രകാരം എത്ര വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട് എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുടെ പ്രവൃത്തികൾ സംസ്ഥാനത്ത് നടത്തി വരുന്നത് ഏത് ഏജൻസിയാണ് എന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിയുടെ പുരോഗതി ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത പദ്ധതി സുതാര്യമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

(എ) 2006-07 വർഷത്തിലാണ് ആർ.ജി.ജി.വി.വൈ. പ്രകാരം വൈദ്യുതി കണക്ഷൻ നൽകിത്തുടങ്ങിയത്.

(ബി) ഈ സർക്കാർ നിലവിൽ വന്നശേഷം നൽകിയ വൈദ്യുതി കണക്ഷന്റെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| | ജില്ല | നൽകിയ വൈദ്യുതി കണക്ഷൻ | |
|---|---|---|---|
| | | ബി.പി.എൽ. | ജനറൽ |
| 1. | കാസർഗോഡ് | 3137 | ... |
| 2. | കണ്ണൂർ | 5716 | ... |
| 3. | കോഴിക്കോട് | 6018 | 880 |
| 4. | വയനാട് | 6634 | 418 |
| 5. | പാലക്കാട് | 9560 | ... |
| 6. | മലപ്പുറം | 6548 | 184 |
| | ആകെ | 37613 | 1482 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി)

| | ജില്ല | ഏജൻസിയുടെ പേര് |
|---|---|---|
| 1. | കാസർഗോഡ് | ബെൻടെക് ഇലക്ട്രിക് ആന്റ് ഇലക്ട്രോണിക്സ് പ്രൈവറ്റ് ലിമിറ്റഡ്, കൊൽക്കത്ത |
| 2. | കണ്ണൂർ | |
| 3. | കോഴിക്കോട് | |
| 4. | വയനാട് | അരാവലി ഇൻഫ്രാ പവ്വർ ലിമിറ്റഡ്, ന്യൂഡൽഹി |
| 5. | പാലക്കാട് | |
| 6. | മലപ്പുറം | 1. ഈസ്റ്റ് കോസ്ററ് കൺസ്ട്രക്ഷൻസ് ആന്റ് ഇൻഡസ്ട്രീസ് ലിമിറ്റഡ്, ചെന്നൈ<br>2. ആസ്റ്റർ പ്രൈവറ്റ് ലിമിറ്റഡ്, ഹൈദ്രാബാദ്. |

(ഡി) പദ്ധതിയുടെ ജില്ല തിരിച്ചുള്ള പുരോഗതി അനുബന്ധമായി വയ്ക്കുന്നു.*

(ഇ) പദ്ധതി സുതാര്യമായി നടപ്പിലാക്കുന്നതിനുവേണ്ടി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട് :

1. ചീഫ് സെക്രട്ടറി ചെയർമാനായുള്ള സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.
2. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാൻ ആയിട്ടുള്ള ഒരു ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.
3. പദ്ധതി പ്രവൃത്തിയുടെയും പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന സാധനസാമഗ്രികളുടെയും ഗുണനിലവാരം പരിശോധിക്കുന്നതിനു വേണ്ടി ത്രിതല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇതിൽ റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ ഉദ്യോഗസ്ഥരും ബോർഡ് ഉദ്യോഗസ്ഥരും ക്വാളിറ്റി മോണിറ്ററിംഗ് ഏജൻസി അംഗങ്ങളും ഉൾപ്പെടുന്നുണ്ട് പദ്ധതി പ്രവൃത്തികളുടെ പുരോഗതിയെക്കുറിച്ചും നടത്തിപ്പിനു നേരിടുന്ന ബുദ്ധിമുട്ടുകളെ കുറിച്ചും അവലോകനം ചെയ്യാൻ ബോർഡ് തലത്തിൽ മീറ്റിംഗുകൾ നടത്തുന്നുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

**മങ്കട മണ്ഡലത്തിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കാൻ നടപടി**

**60 (416)** ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മങ്കട മണ്ഡലത്തിൽ വൈദ്യുതി കണക്ഷന് അപേക്ഷിച്ച എത്ര പേർക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കാനുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത അപേക്ഷകർക്ക് എന്നത്തേക്ക് കണക്ഷൻ നൽകാനാവുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 175 അപേക്ഷകർക്ക്.

(ബി) കാലതാമസം കൂടാതെ ടി കണക്ഷനുകൾ നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**പാലക്കാട് ജില്ലയിൽ വൈദ്യുതി കണക്ഷൻ നല്കൽ വേഗത്തിലാക്കാൻ നടപടി**

**61 (417)** ശ്രീ. വി. ചെന്താമരാക്ഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനായി സമർപ്പിക്കപ്പെട്ട അപേക്ഷകൾ കെട്ടിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഏത് മാസം മുതലുള്ള അപേക്ഷകളിലാണ് കണക്ഷൻ നൽകാനുള്ളത് എന്നറിയിക്കുമോ ;

(സി) അപേക്ഷിക്കുന്ന മുറയ്ക്ക് കണക്ഷൻ നൽകാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കുമോ ;

(ഡി) നിലവിൽ എത്ര അപേക്ഷകൾക്കാണ് കണക്ഷൻ നൽകാനുള്ളത് എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2011 ഏപ്രിൽ മുതൽ.

(സി) കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡിലെ വ്യവസ്ഥ പ്രകാരം 500 വാട്ട്സ് വരെ കണക്ടഡ് ലോഡുള്ള ബി.പി.എൽ. വിഭാഗത്തിലുള്ളവരുടെയും 1000 വാട്ട്സ് വരെ കണക്ടഡ് ലോഡുള്ള എസ്.സി./എസ്.ടി. വിഭാഗത്തിലുള്ളവരുടെയും ലൈൻ നീട്ടൽ ആവശ്യമില്ലാത്ത കണക്ഷനുകൾ മാത്രമേ സൗജന്യമായി

നൽകുവാൻ കഴിയുകയുള്ളൂ. മറ്റ് അപേക്ഷകർക്ക് കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള ന്യായമായ നിരക്കിൽ ചെലവ് ഈടാക്കി മാത്രമേ വൈദ്യുതി കണക്ഷനുകൾ നൽകുവാൻ കഴിയുകയുള്ളൂ. കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള തുക അടയ്ക്കാത്തതാണ് അപേക്ഷിക്കുന്ന മുറയ്ക്ക് കണക്ഷൻ നൽകാൻ കഴിയാത്തതിന് കാരണം.

(ഡി) 2013 ഫെബ്രുവരിയിലെ കണക്കനുസരിച്ച് 3130 വൈദ്യുതി കണക്ഷനുകൾ നൽകാനുണ്ട്.

**ഉദുമ ടെക്സ്റ്റൈൽമിൽസിന്റെ വൈദ്യുതി കണക്ഷൻ വിച്ഛേദിച്ച നടപടി**

**62 (428)** ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉദുമ ടെക്സ്റ്റൈയിൽ മിൽസിന്റെ (മൈലാട്ടി, കാസർഗോഡ്) വൈദ്യുതി കണക്ഷൻ വിച്ഛേദിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത സ്ഥാപനം എന്തുതുകയാണ് കുടിശ്ശികയായി നൽകാനുള്ളത് എന്നറിയിക്കുമോ ;

(സി) പ്രസ്തുത വൈദ്യുതി കണക്ഷൻ പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 21,94,297 രൂപ.

(സി) ഇല്ല.

**ബി.പി.എൽ., എസ്.സി., എസ്.ടി. വിഭാഗങ്ങൾക്കുള്ള വൈദ്യുതി കണക്ഷൻ**

**63 (419)** ശ്രീ. സി. ദിവാകരൻ : താഴെക്കാണുന്ന ചോദ്യത്തിന് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ബി.പി.എൽ., എസ്.സി., എസ്.ടി. വിഭാഗങ്ങൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുവാൻ ഏതെല്ലാം തരത്തിലുള്ള മുൻഗണനയും ആനുകൂല്യങ്ങളുമാണ് നിലവിലുള്ളത് ; വിശദമാക്കുമോ ?

ഉത്തരം

കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച കേരളാ ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2005, വകുപ്പ് 7(1) പ്രകാരം 500 വാട്ട്സ്വരെ കണക്ടഡ് ലോഡുള്ള ബി.പി.എൽ. വിഭാഗത്തിലുള്ള വ്യക്തികളെയും 1000 വാട്ട്സ്വരെ കണക്ടഡ് ലോഡുള്ള എസ്.സി./എസ്.ടി. വിഭാഗത്തിലുള്ള വ്യക്തികളെയും ലൈൻ നീട്ടൽ ആവശ്യമില്ലാത്ത വൈദ്യുതി കണക്ഷനുകൾ നൽകുന്നതിന് ചെലവാകുന്ന തുക അടയ്ക്കുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ ബി.പി.എൽ. കുടുംബങ്ങൾക്കും കണക്ടഡ് ലോഡ് പരിധിയില്ലാതെ സൗജന്യ വൈദ്യുതി കണക്ഷനുകൾ നൽകുവാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

## പുതിയ വൈദ്യുതി കണക്ഷനുകൾ

64 (420) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ എത്ര പുതിയ വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട് എന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ ;

(ബി) പുതിയ കണക്ഷൻ നൽകുന്നതിനുള്ള സാധനസാമഗ്രികളുടെ ദൗർലഭ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത ദൗർലഭ്യം പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കുമോ ;

(ഡി) കണക്ഷൻ നൽകുന്നതിനാവശ്യമായ സർവ്വീസ്വയർ, മീറ്റർ തുടങ്ങിയവയുടെ ദൗർലഭ്യത്തിന് കാരണമെന്താണെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) ഉത്തരം അനുബന്ധമായി ചേർക്കുന്നു.*

(ബി) ഉണ്ട്.

(സി) 1850 കിലോമീറ്റർ എസി.എസ്.ആർ. റാക്കൂൺ, 13450 കിലോമീറ്റർ റാബിറ്റ്, 12700 കിലോമീറ്റർ വീസൽ, 1500 കിലോമീറ്റർ സ്ക്വറൽ കണ്ടക്ടറുകൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലാണ്. ആർ.ജി.ജി.വി.വൈ. പദ്ധതി പ്രകാരം 781 കിലോമീറ്റർ റാക്കൂൺ, 1083 കിലോമീറ്റർ റാബിറ്റ്, 836 കിലോ മീറ്റർ വീസൽ കണ്ടക്ടറുകൾ എന്നിവയ്ക്ക് ഓർഡർ കൊടുത്തുകഴിഞ്ഞു. 65000 കോയിൽ വെതൽ പ്രൂഫ് സർവ്വീസ് വയർ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങളും പൂർത്തിയായി വരികയാണ്. 12 ലക്ഷം സിംഗിൾ ഫേസ് മീറ്ററുകൾ വാങ്ങുന്നതിനുള്ള ടെൻഡർ നടപടികൾ പുരോഗമിച്ചു വരുന്നു. ത്രീഫേസ് മീറ്ററുകൾക്ക് പർച്ചേസ് ഓർഡർ നൽകിക്കഴിഞ്ഞു. ത്രീഫേസ് മീറ്ററുകൾ ഉടൻ കണക്ഷൻ നല്കുന്നതിന് ലഭ്യമാകുന്നതാണ്.

(ഡി) 1. പ്രതീക്ഷിക്കാത്ത തരത്തിൽ ഡിപ്പോസിറ്റ് വർക്കുകൾ കൂടുതലായി വന്നു.

2. സിംഗിൾ ഫേസ് മീറ്ററിന്റെ കാര്യത്തിൽ വിജിലൻസ് കേസ് നിലവിലുള്ളതിനാൽ 25 ശതമാനം അധികമായി നല്കാമായിരുന്ന 2 ലക്ഷം മീറ്ററുകളുടെ പർച്ചേസ് ഓർഡർ നൽകാൻ കഴിഞ്ഞില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## നേമം നിയോജകമണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം

**65 (421)** ശ്രീ. വി. ശിവൻകുട്ടി : താഴെക്കാണുന്ന ചോദ്യത്തിന് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നേമം നിയോജകമണ്ഡലത്തിലെ പുഞ്ചക്കരി, പൂങ്കുളം, തിരുവല്ലം, മേലാങ്കോട്, പൊന്നുമംഗലം വാർഡുകളിലെ രൂക്ഷമായ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ?

ഉത്തരം

തിരുവല്ലം ഇലക്ട്രിക്കൽ സെക്ഷനു കീഴിൽവരുന്ന പുഞ്ചക്കരി, തിരുവല്ലം, പൂങ്കുളം എന്നീ സ്ഥലങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി താഴെ കൊടുത്തിരിക്കുന്ന 3 പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ടി പ്രവൃത്തികൾ തിരുവനന്തപുരം ആർ.എ.പി.ഡി.ആർ.പി. പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

1. പൂങ്കുളം ഡി.പി. മുതൽ ആർ.റ്റി.റ്റി. ട്രാൻസ്ഫോർമർ സ്ട്രക്ചർ വരെ 2.5 കി.മീ. ഭൂഗർഭ കേബിൾ നിർമ്മിച്ച ഒരു 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കുക.
2. കന്നുകാലിച്ചാൽ ആർ.എം.യു. മുതൽ പേരകം വരെ 1 കി. മീ. ഭൂഗർഭ കേബിൾ സ്ഥാപിച്ച് ഒരു 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കുക.
3. തമ്പുരാൻമുക്ക് മുതൽ തിരുവാഴിമുക്ക് വരെ 1 കി.മീ. ഭൂഗർഭ കേബിൾ നിർമ്മിച്ച് 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

പൂജപ്പുര സെക്ഷനിലെ മേലാങ്കോട് വാർഡിൽപ്പെട്ട കരുമം വിഷ്ണു ക്ഷേത്രത്തിനടുത്ത് സ്ഥാപിച്ച 160 കെ.വി.എ. ട്രാൻസ്ഫോർമർ ഉടനെതന്നെ പ്രവർത്തനക്ഷമമാകും.

നേമം സെക്ഷനിലെ പൊന്നുമംഗലം വാർഡിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി 450 മീ. സിംഗിൾ ഫേസ് ലൈൻ ത്രീഫേസ് ലൈൻ ആക്കി മാറ്റിയിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷത്തിൽ നാല് 100 കെ.വി.എ. ട്രാൻസ്ഫോർമറുകൾ 160 കെ.വി.എ. ആക്കി മാറ്റാനും 10 കി.മീ. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈൻ ആക്കാനുമുള്ള പ്രവൃത്തികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

**വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ നടപടി**

**66 (422)** ശ്രീ. ജി. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ തോട്ടപ്പള്ളിയിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ട്രാൻസ്ഫോർമർ സ്ഥാപിച്ചിട്ട് എത്ര കാലമായി എന്നറിയിക്കുമോ ;

(ബി) പ്രസ്തുത ട്രാൻസ്ഫോർമർ ഇതുവരെ പ്രവർത്തനക്ഷമമാക്കാത്തതിനുള്ള കാരണം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ട്രാൻസ്ഫോർമർ പ്രവർത്തനക്ഷമമാക്കി വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ജൂലൈ 2011-ലാണ് ട്രാൻസ്ഫോർമർ സ്ഥാപിച്ചത്.

(ബി) ടി ട്രാൻസ്ഫോർമർ ചാർജ്ജ് ചെയ്തിട്ടുണ്ട്. ട്രാൻസ്ഫോർമറും അനുബന്ധ ലൈനുകളും ചാർജ്ജ് ചെയ്യുന്നതിനാവശ്യമായ മരം മുറിക്കലുമായി ബന്ധപ്പെട്ട് ഉണ്ടായ തടസ്സംമൂലമാണ് ട്രാൻസ്ഫോർമർ പ്രവർത്തനക്ഷമമാക്കുന്നതിൽ കാലതാമസം നേരിട്ടത്.

(സി) ബാധകമല്ല.

**പിലാത്തറ വൈദ്യുതി സെക്ഷൻ ഓഫീസ്**

**67 (423)** ശ്രീ. റ്റി. വി. രാജേഷ് : താഴെക്കാണുന്ന ചോദ്യത്തിന് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പിലാത്തറ കേന്ദ്രമാക്കി ഒരു വൈദ്യുതി സെക്ഷൻ ഓഫീസ് ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

**കോവൂർ ഇലക്ട്രിക്കൽ സെക്ഷൻ വിഭജനം**

**68 (424)** ശ്രീ. പി. റ്റി. എ. റഹീം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോവൂർ ഇലക്ട്രിക്കൽ സെക്ഷൻ വിഭജിക്കുന്നതിനുള്ള പഠന റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്ത് നടപടിയാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ലഭിച്ചിട്ടില്ല.

(ബി) ബാധകമല്ല.

**സെക്ഷൻ ഓഫീസുകളുടെ വിഭജനം**

**69 (425)** ശ്രീ. ബി. ഡി. ദേവസ്സി : താഴെക്കാണുന്ന ചോദ്യത്തിന് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൺസ്യൂമർ നമ്പറുകളുടെ എണ്ണത്തിലും വിസ്തൃതിയുടെ കാര്യത്തിലും ഏറെ വലുതായ ചാലക്കുടി കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് വിഭജിച്ച് പോട്ടയിലും, കൊരട്ടി സെക്ഷൻ ഓഫീസ് വിഭജിച്ച് കാടുകുറ്റിയിലും പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

**കടയങ്ങാട് വൈദ്യുതി സെക്ഷൻ ഓഫീസ് ആരംഭിക്കാൻ നടപടി**

**70 (426)** ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉപഭോക്താക്കൾ കൂടുതലുള്ള കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ പേരാമ്പ്ര നോർത്ത് സെക്ഷൻ വിഭജിച്ച് കടിയങ്ങാട് ഒരു സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉപഭോക്താക്കളുടെ എണ്ണം, സെക്ഷന്റെ വിസ്തൃതി, ഭൂപ്രകൃതി, മറ്റ് പ്രത്യേകതകൾ എന്നിവ പരിഗണിച്ചാണ് ഇലക്ട്രിക്കൽ സെക്ഷനുകൾ വിഭജിക്കുന്നത്. 25000-ൽ കൂടുതൽ ഉപഭോക്താക്കളുള്ളതോ, 20000-ൽ കൂടുതൽ ഉപഭോക്താക്കളും 100 ചതുരശ്ര കിലോമീറ്ററിൽ കൂടുതൽ വിസ്തൃതിയുള്ളതോ ആയ സെക്ഷനുകൾ വിഭജിക്കുന്നതിന് മുൻഗണന നൽകാറുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**പുതുതായി ആരംഭിച്ചിട്ടുള്ള ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾ**

**71 (427)** ശ്രീമതി പി. അയിഷാ പോറ്റി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ എത്ര പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ആഫീസുകൾ ആരംഭിച്ചിട്ടുണ്ട് ;

(ബി) പ്രസ്തുത സെക്ഷൻ ആഫീസുകളിലായി എത്ര പുതിയ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)-മാരുടെ തസ്തിക ആവശ്യമുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 35 പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. അവയിൽ കുറേയെണ്ണം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) 35 എണ്ണം

(സി) 66 കെ. വി. സബ്സ്റ്റേഷനുകളിൽ നിലവിലുള്ള അസിസ്റ്റന്റ് എഞ്ചിനീയർമാരെ പുതുതായി അനുവദിച്ച സെക്ഷൻ ഓഫീസുകളിലേക്ക് പുനർവിന്യാസം ചെയ്യുന്നതിന് തീരുമാനം എടുത്തിട്ടുണ്ട്.

## പുതുതായി ആരംഭിച്ച വൈദ്യുതി സെക്ഷൻ ഓഫീസുകൾ

**72 (428)** ശ്രീ. ഇ. പി. ജയരാജൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ പുതുതായി എത്ര വൈദ്യുതി സെക്ഷൻ ഓഫീസുകൾ ആരംഭിച്ചുവെന്നും അവ ഏതെല്ലാമാണെന്നും അറിയിക്കുമോ ;

(ബി) ആയതിലേക്കായി എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) ജനസാന്ദ്രത വർദ്ധിക്കുകയും സെക്ഷൻ ഓഫീസുകളുടെ പരിധിയിൽ ഉപഭോക്താക്കളുടെ എണ്ണം അനിയന്ത്രിതമായി വർദ്ധിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോയെന്നും ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 35 വൈദ്യുതി സെക്ഷൻ ഓഫീസുകൾ പുതുതായി ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പേരു വിവരം അനുബന്ധമായി ചേർക്കുന്നു.* ഇവയിൽ ചിലത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) 93 സബ് എഞ്ചിനീയർമാരുടെയും 186 ഓവർസീയർമാരുടെയും 372 ലൈൻമാൻമാരുടെയും 186 ഇലക്ട്രിസിറ്റി വർക്കർമാരുടെയും തസ്തികകൾ സൃഷ്ടിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉപഭോക്താക്കളുടെ എണ്ണം,. സെക്ഷന്റെ വിസ്തൃതി, ഭൂപ്രകൃതി, മറ്റ് പ്രത്യേകതകൾ എന്നിവ പരിഗണിച്ചാണ് ഇലക്ട്രിക്കൽ സെക്ഷനുകൾ വിഭജിക്കുന്നത്. 25,000-ൽ കൂടുതൽ ഉപഭോക്താക്കളുള്ളതോ 20,000-ൽ കൂടുതൽ ഉപഭോക്താക്കളുള്ളതും 100 ചതുരശ്ര കിലോമീറ്ററിൽ കൂടുതൽ വിസ്തൃതിയുള്ളതുമായ സെക്ഷനുകൾ വിഭജിക്കുന്നതിന് മുൻഗണന നൽകാറുണ്ട്.

**പുതിയ സെക്ഷൻ ഓഫീസ് സ്ഥാപിക്കുന്നതിന് നടപടി**

73 (429) ശ്രീ. എ. എം. ആരിഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡിൽ ഉപഭോക്താക്കളും സെക്ഷൻ ഓഫീസുകളും തമ്മിലുള്ള അനുപാതം എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) അരൂർ സെക്ഷൻ ഓഫീസിനുകീഴിൽ എത്ര ഉപഭോക്താക്കളാണുള്ളത് ; ഏതെല്ലാം പഞ്ചായത്തുകളിൽ നിന്നുള്ളവരാണ് പ്രസ്തുത ഉപഭോക്താക്കൾ എന്നറിയിക്കുമോ ;

(സി) അരൂർ സെക്ഷൻ ഓഫീസ് വിഭജിച്ച് എഴുപുന്ന കേന്ദ്രമാക്കി ഒരു സെക്ഷൻ ഓഫീസ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉപഭോക്താക്കളും സെക്ഷൻ ഓഫീസുകളും തമ്മിൽ നിശ്ചിതമായ അനുപാതം ഇല്ല. ഉപഭോക്താക്കളുടെ എണ്ണം, സെക്ഷന്റെ വിസ്തൃതി, ഭൂപ്രകൃതി, മറ്റ് പ്രത്യേകതകൾ എന്നിവ പരിഗണിച്ചാണ് ഇലക്ട്രിക്കൽ സെക്ഷനുകൾ വിഭജിക്കുന്നത്. 25000-ൽ കൂടുതൽ ഉപഭോക്താക്കളുള്ളതോ, 20000-ൽ കൂടുതൽ ഉപഭോക്താക്കളുള്ളതും 100 ചതുരശ്ര കിലോമീറ്ററിൽ കൂടുതൽ വിസ്തൃതിയുള്ളതുമായ സെക്ഷനുകൾ വിഭജിക്കുന്നതിന് മുൻഗണന നൽകാറുണ്ട്.

(ബി) 21379 ഉപഭോക്താക്കൾ. അരൂർ ഗ്രാമപഞ്ചായത്തിലെ മുഴുവൻ ഉപഭോക്താക്കളും എഴുപുന്ന ഗ്രാമപഞ്ചായത്തിലെ പകുതിയിലേറെ ഉപഭോക്താക്കളും ടി സെക്ഷന്റെ പരിധിയിൽപ്പെടുന്നു.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**കെ.എസ്.ഇ.ബി. ജീവനക്കാരുടെ സ്ഥാനക്കയറ്റം**

74 (430) ശ്രീ. ലുഡി ലൂയിസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.യിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിരവധി വർഷങ്ങളായി ജോലി ചെയ്യുന്നവർക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യത അനുസരിച്ച് സ്ഥാനക്കയറ്റം നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കെ.എസ്.ഇ.ബി.യിൽ നിരവധി വർഷങ്ങളായി ഒരേ തസ്തികയിൽ ജോലി ചെയ്യേണ്ടിവരുന്ന സീനിയർ അസിസ്റ്റന്റുമാരുടെ സ്ഥാനക്കയറ്റം ഉറപ്പാക്കുവാൻ നടപടികൾ സ്വീകരിക്കുമോ ;

(സി) ഡിവിഷൻ ഓഫീസുകളിലെ ഡിവിഷണൽ അക്കൗണ്ടന്റുമാരുടെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കെ.എസ്.ഇ.ബി.-യിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് ഉയർന്ന ശമ്പള സ്കെയിലിലുള്ള തസ്തികകളിലേക്ക് സ്ഥാനക്കയറ്റം നൽകുന്നത് കേരള സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന യോഗ്യതാ പരീക്ഷയുടെ അടിസ്ഥാനത്തിലാണ്. യോഗ്യതാ പരീക്ഷ പാസ്സായ ഓഫീസ് അറ്റൻഡന്റുമാർക്ക് സ്ഥാനക്കയറ്റം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) സീനിയർ അസിസ്റ്റന്റുമാർക്ക് സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക് ഒഴിവുകൾ വരുന്ന മുറയ്ക്ക് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം നൽകുന്നുണ്ട്.

(സി) പി.എസ്.സി. വഴി ഡിവിഷണൽ അക്കൗണ്ടന്റുമാരുടെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിന് നടപടി**

**75 (431)** ശ്രീമതി പി. അയിഷാ പോറ്റി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡിൽ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലെ എത്ര ഒഴിവുകൾ നിലവിലുണ്ട് ; പ്രസ്തുത ഒഴിവുകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) വൈദ്യുതി ബോർഡിൽ കരാർ അടിസ്ഥാനത്തിൽ എത്ര അസിസ്റ്റന്റ് എഞ്ചിനീയർമാർ (ഇലക്ട്രിക്കൽ) ഉണ്ടെന്നറിയിക്കുമോ ;

(സി) നിലവിലെ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) റാങ്ക് ലിസ്റ്റിൽ നിന്ന് ഈ സർക്കാർ നിയമനം നൽകിയിട്ടുണ്ടോ ;

(ഡി) അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലെ ഒഴിവിലേക്ക് നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 128 ഒഴിവുകൾ നിലവിലുണ്ട്. (ഇൻസർവ്വീസ് ക്വാട്ടയിൽ 124 ഒഴിവുകൾ) (ഓപ്പൺ മാർക്കറ്റ് 40 ശതമാനം ക്വാട്ടയിൽ 4 ഒഴിവുകൾ)

LIBRARY ARCHIVES Kerala Legislative Assembly

(ബി) കരാർ അടിസ്ഥാനത്തിൽ ആരെയും നിയമിച്ചിട്ടില്ല.

(സി) നൽകിയിട്ടുണ്ട്.

(ഡി) ഇപ്പോൾ പി.എസ്.സി. മുഖാന്തിരം നേരിട്ടുള്ള നിയമനത്തിന് ഒഴിവുള്ള 4 എൻ.ജെ.ഡി. ഒഴിവുകൾ (40 ശതമാനം ക്വാട്ടയിൽ) ഉടൻതന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.

## കെ.എസ്.ഇ.ബി.-യിലെ ഒഴിവുകൾ

**76 (432)** ശ്രീ. കെ. വി. വിജയദാസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെഎസ്ഇബി-യിൽ വിവിധ തസ്തികകളിലായി എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ ; ആയതിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ എത്രയെന്ന് അറിയിക്കുമോ ;

(ബി) ആയതിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ എത്രയെന്ന് അറിയിക്കുമോ ;

(സി) ലൈൻമാൻ തസ്തികകളിൽ ധാരാളം ഒഴിവുകളുണ്ടായിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഒഴിവുകൾ :

| | | |
|---|---|---|
| ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ | - | 521 |
| സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | - | 333 |
| ഡിവിഷണൽ അക്കൗണ്ടന്റ് | - | 59 |
| അസിസ്റ്റന്റ് എഞ്ചിനീയർ ഇലക്ട്രിക്കൽ | - | 4 |
| അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) | - | 22 |
| ഇലക്ട്രിസിറ്റി വർക്കർ/മസ്ദൂർ | - | 1174 |

പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തത് :

| | | |
|---|---|---|
| മീറ്റർ റീഡർ | - | 335 |
| ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ | - | 225 |
| സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | - | 33 |
| അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) | - | 22 |
| ഇലക്ട്രിസിറ്റി വർക്കർ/മസ്ദൂർ | - | 717 |



LIBRARY ARCHIVES Kerala Legislative Assembly

| | | |
|---|---|---|
| (ബി) ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ | - | 296 |
| സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | - | 300 |
| അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) (4 ശതമാനം പി.എസ്.സി. ക്വാട്ട) | - | 4 |
| ഇലക്ട്രിസിറ്റി വർക്കർ/മസ്ദൂർ | - | 457 |

(സി) ലൈൻമാൻ തസ്തികയിൽ ഒഴിവുകളില്ല.

## കാസർഗോഡ് ജില്ലയിലെ വൈദ്യുതി വകുപ്പ് സെക്ഷൻ ഓഫീസുകളിലെ ഒഴിവുകൾ

77 (433) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ വൈദ്യുതി വകുപ്പ് സെക്ഷൻ ഓഫീസുകളിൽ വിവിധ തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ എത്ര വീതമാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ ഒഴിവുകളുടെ വിശദവിവരം അനുബന്ധമായി നൽകിയിരിക്കുന്നു.*

(ബി) പ്രൊമോഷൻ മുഖേനയും ട്രാൻസ്ഫർ മുഖേനയും പ്രസ്തുത ഒഴിവുകൾ നികത്താൻ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

## കുട്ടനാട്ടിലെ വൈദ്യുതി വകുപ്പ് സെക്ഷൻ ഓഫീസുകളിലെ ഒഴിവുകൾ

78 (434) ശ്രീ. തോമസ് ചാണ്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട്ടിലെ വൈദ്യുതി വകുപ്പ് സെക്ഷൻ ഓഫീസുകളിൽ ഒഴിവുള്ള അസിസ്റ്റന്റ് എഞ്ചിനീയർ തുടങ്ങിയ തസ്തികകളിൽ ജീവനക്കാരെ നിയമിക്കുന്നതിന് സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ബി) കുട്ടനാട്ടിലെ വിവിധ കെ.എസ്.ഇ.ബി. ഓഫീസുകളിൽ ഏതെല്ലാം തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ടെന്ന് അറിയിക്കുമോ ; ഓഫീസ് തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കുട്ടനാട്ടിലെ എടത്വ, മങ്കൊമ്പ് എന്നീ വൈദ്യുതി സെക്ഷനുകളിൽ 14-3-2013-ൽ അസിസ്റ്റന്റ് എഞ്ചിനിയർമാർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.

(ബി) കുട്ടനാട്ടിലെ വിവിധ കെ.എസ്.ഇ.ബി. ഓഫീസുകളിൽ നിലവിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ താഴെപ്പറയുന്നു :

| | | |
|---|---|---|
| ഇലക്ട്രിക്കൽ സെക്ഷൻ, എടത്വ | സബ് എഞ്ചിനിയർ | 1 |
| ഇലക്ട്രിക്കൽ സെക്ഷൻ, കിടങ്ങറ | " | 1 |
| ഇലക്ട്രിക്കൽ സെക്ഷൻ, മങ്കൊമ്പ് | " | 1 |
| ഇലക്ട്രിക്കൽ സെക്ഷൻ, ചമ്പക്കുളം | അസിസ്റ്റന്റ് എഞ്ചിനിയർ | 1 |
| ഇലക്ട്രിക്കൽ സെക്ഷൻ, കൈനകരി | അസിസ്റ്റന്റ് എഞ്ചിനിയർ | 1 |

**വൈദ്യുതാഘാതമേറ്റവർക്ക് അനുവദിച്ച ധനസഹായം**

79 (435) ശ്രീ അബ്ദുറഹിമാൻ രണ്ടത്താണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011 ജനുവരി മുതൽ 2012 ഡിസംബർ വരെ കേരളത്തിൽ എത്രപേർ വൈദ്യുതാഘാതമേറ്റ് മരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) വൈദ്യുതാഘാതമേറ്റ് മരിച്ചവരുടെ ആശ്രിതർക്ക് വകുപ്പ് തലത്തിൽ നൽകിയ സഹായങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത കാലയളവിൽ പ്രസ്തുതയിനത്തിൽ എത്ര ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് പട്ടിക സഹിതം അറിയിക്കുമോ ;

(ഡി) പ്രസ്തുത കാലയളവിൽ വൈദ്യുതാഘാതമേറ്റ് ഗുരുതരാവസ്ഥയിൽ കഴിയുന്ന എത്ര പേർ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത വ്യക്തികൾക്ക് അനുവദിച്ചിട്ടുള്ള ധനസഹായം എത്രയാണെന്ന് പട്ടിക സഹിതം വിശദമാക്കുമോ ?

ഉത്തരം

(എ) 2011 ജനുവരി മുതൽ 2012 ഡിസംബർ വരെ കേരളത്തിൽ വൈദ്യുതാഘാതമേറ്റ് മരണപ്പെട്ടവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

1. പൊതുജനങ്ങൾ

| | | |
|---|---|---|
| ബോർഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നും | - | 142 |
| ഉപഭോക്താവിന്റെ ഉപകരണങ്ങളിൽ നിന്നും | - | 187 |
| 2. ബോർഡു ജീവനക്കാർ | - | 36 |
| 3. കരാർ തൊഴിലാളികൾ | - | 13 |

(ബി) ബോർഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നും വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്ന പൊതുജനങ്ങളുടെ അനന്തരാവകാശികൾക്ക് ബോർഡിൽ നിലവിലുള്ള വൈദ്യുതി സുരക്ഷാ പദ്ധതി പ്രകാരം 1 ലക്ഷം രൂപ ആശ്വാസ ധനസഹായമായി അനുവദിക്കുന്നുണ്ട്. ആശ്വാസ ധനസഹായത്തിന്റെ അർഹത പരിശോധിക്കുന്നതിനു വേണ്ടതായ എല്ലാ രേഖകളും ഹാജരാക്കുന്ന മുറയ്ക്ക് ധനസഹായം അനുവദിച്ചു നൽകുന്നുണ്ട്. ജോലിക്കിടയിലുണ്ടാകുന്ന അപകടങ്ങളിൽ മരണപ്പെടുന്ന ജീവനക്കാരുടെ ആശ്രിതർക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമ പ്രകാരമുള്ള നഷ്ടപരിഹാരവും വൈദ്യുതി ബോർഡ് തൊഴിലാളി ക്ഷേമനിധിയിൽ നിന്നും 5 ലക്ഷം രൂപയുടെ മരണാനന്തര ആനുകൂല്യവും അനുവദിച്ചു വരുന്നുണ്ട്. കുടാതെ ആശ്രിത നിയമനവും നൽകുന്നുണ്ട്. ജോലിക്കിടയിലുണ്ടാകുന്ന അപകടങ്ങളിൽ മരണപ്പെടുന്ന കരാർ തൊഴിലാളികളുടെ ആശ്രിതർക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമ പ്രകാരമുള്ള നഷ്ടപരിഹാരം അനുവദിച്ചു വരുന്നുണ്ട്.

(സി) പട്ടിക അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ഡി) പൊതുജനങ്ങൾക്കും കരാർ തൊഴിലാളികൾക്കും ഈ കാലയളവിൽ മാരകമല്ലാത്ത അപകടങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും ആരുടെയും നില ഗുരുതരമല്ല. വൈദ്യുതാഘാതമേറ്റ് ഗുരുതരാവസ്ഥയിൽ 3 ബോർഡ് ജീവനക്കാർ കഴിയുന്നുണ്ട്.

(ഇ) പട്ടിക അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

**റെയിൽവേ ബഡ്ജറ്റിൽ കേരളത്തിന് നല്കിയ പരിഗണന**

**80 (436)** ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. എ. പ്രദീപ് കുമാർ :
ശ്രീ. സാജു പോൾ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14-ലെ റെയിൽവേ ബഡ്ജറ്റിൽ സംസ്ഥാനത്തിന് പുതുതായി എത്ര ട്രെയിനുകൾ അനുവദിച്ചു ; റെയിൽവേ ഇലക്ട്രിഫിക്കേഷൻ, പാത ഇരട്ടിപ്പിക്കൽ, പുതിയ ലൈൻ സർവ്വേ തുടങ്ങിയ മേഖലകളിൽ സംസ്ഥാനത്തിന് എന്തെല്ലാം നേട്ടങ്ങൾ ഉണ്ടായെന്ന് വിശദമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത റെയിൽവേ ബഡ്ജറ്റിൽ സംസ്ഥാനത്തിന്റെ റെയിൽവേ വികസനത്തിനായി എത്ര തുകയാണ് വകയിരുത്തിയത് ; കഴിഞ്ഞ 5 ബഡ്ജറ്റുകളിൽ ഓരോന്നിലും അനുവദിച്ച തുക എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) പാലക്കാട് കോച്ച് ഫാക്ടറി, ചേർത്തല വാഗൺ ഫാക്ടറി, തിരുവനന്തപുരം റെയിൽവേ മെഡിക്കൽ കോളേജ് തുടങ്ങി കേരളത്തിന് മുൻ ബഡ്ജറ്റുകളിൽ അനുവദിച്ച വികസനപ്രവർത്തനങ്ങൾ സംബന്ധിച്ച് ഇത്തവണത്തെ ബഡ്ജറ്റിൽ എന്തെല്ലാം പരാമർശങ്ങളാണ് നടത്തിയിട്ടുള്ളത് ;

(ഡി) പാർലമെന്റംഗങ്ങളുടെയും മുഖ്യമന്ത്രിയുടെയും നേതൃത്വത്തിലുള്ള നിവേദകസംഘങ്ങൾ കേന്ദ്ര റെയിൽവേ മന്ത്രിയുമായി നടത്തിയ ചർച്ചയുടെ വിശദാംശം വ്യക്തമാക്കുമോ ;

(ഇ) ഇതിന്റെ ഫലമായി ബഡ്ജറ്റ് അവതരണത്തിനുശേഷം എന്തെല്ലാം നേട്ടങ്ങളുണ്ടായെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) 2013-14 റയിൽ ബഡ്ജറ്റിൽ താഴെപ്പറയുന്ന ട്രെയിനുകളാണ് അനുവദിച്ചത് :

(i) ലോകമാന്യതിലക്-കൊച്ചുവേളി എക്സ്പ്രസ് (ദ്വൈവാരം)

(ii) വിശാഖപട്ടണം-കൊല്ലം വീക്ക്ലി എക്സ്പ്രസ്;

(iii) പുനലൂർ-കൊല്ലം പ്രതിദിന പാസഞ്ചർ;

(iv) ഷൊർണൂർ-കോഴിക്കോട് പ്രതിദിന പാസഞ്ചർ;

(v) തൃശ്ശൂർ-ഗുരുവായൂർ പ്രതിദിന പാസഞ്ചർ;

(vi) മധുര-കൊല്ലം പാസഞ്ചർ പുനലൂർ വരെയായി നീട്ടും;

(vii) എറണാകുളം-തൃശ്ശൂർ മെമു പാലക്കാട് വരെയായി നീട്ടും;

(viii) കൊല്ലം-നാഗർകോവിൽ മെമു കന്യാകുമാരിവരെ നീട്ടും;

(ix) കൊച്ചുവേളി-ചണ്ഡീഗഡ് എക്സ്പ്രസ് ദ്വൈവാരമാക്കി.

കൂടാതെ പാലക്കാട് കോച്ച് ഫാക്ടറി, കൊല്ലത്ത് സ്കിൽ ഡവലപ്മെന്റ് സെന്റർ ഷൊർണൂർ-മംഗലാപുരം 3-ാം പാതയുടെ ഇരട്ടിപ്പിക്കൽ, 2012-13-ൽ ഇടമൺ-പുനലൂർ പാതയുടെ ഗേജ് മാറ്റം പൂർത്തിയാക്കും. ഷൊർണ്ണൂർ-ഏലത്തൂർ വൈദ്യുതീകരണം 2012-13-ൽ പൂർത്തിയാക്കും. ചെങ്ങന്നൂർ-തിരുവല്ല, മുളന്തുരുത്തി-പിറവം, പിറവം റോഡ്-കുറുപ്പന്തറ എന്നി ഭാഗങ്ങളിലെ റെയിൽ പാതയുടെ ഇരട്ടിപ്പിക്കൽ 2013-14-ൽ പൂർത്തിയാക്കും. തുടങ്ങിയവയാണ് 2013-14-ലെ മറ്റ് പ്രഖ്യാപനങ്ങൾ. 2013-14 ബഡ്ജറ്റ് പ്രഖ്യാപനത്തിനുശേഷം കേന്ദ്ര റയിൽവേ വകുപ്പുമന്ത്രി കേരളത്തിലെ റയിൽവേ വികസനം സംബന്ധിച്ച് കൂടുതലായി പ്രഖ്യാപിച്ചിട്ടുള്ള ആനുകൂല്യങ്ങൾ റയിൽവേയിൽ നിന്നും ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച തുകയുടെ വിശദാംശം അനുബന്ധം 1-ആയി വച്ചിരിക്കുന്നു. 2013-14-ൽ അനുവദിച്ച തുക അനുബന്ധം 2-ൽ വച്ചിരിക്കുന്നു.*

(സി) 2013-14-ലെ റെയിൽവേ ബഡ്ജറ്റ് പ്രസംഗത്തിൽ പാലക്കാട് കോച്ച് ഫാക്ടറിയെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. എന്നാൽ 'ബഡ്ജറ്റ് പ്രഖ്യാപനത്തിനുശേഷം കേരളത്തിലെ റയിൽ വികസനത്തിന് കേന്ദ്ര റയിൽ മന്ത്രി പ്രഖ്യാപിച്ചിട്ടുള്ള ആനുകൂല്യങ്ങൾ റയിൽവേയിൽ നിന്ന് ശേഖരിച്ചു വരുന്നു.

(ഡി) 2013-14-ലെ റെയിൽവ ബഡ്ജറ്റിൽ സംസ്ഥാനത്തിന് ആവശ്യമുള്ള കാര്യങ്ങൾ കേരളത്തിൽ നിന്നുള്ള കേന്ദ്ര മന്ത്രിമാരും എം.പി.-മാരുമായി ആലോചിച്ച് സമാഹൃത നിവേദനം തയ്യാറാക്കി 2013-14-ലെ റയിൽ ബഡ്ജറ്റിനു മുൻപായി കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ നൽകിയിരുന്നു.

(ഇ) 2013-14 ലെ റെയിൽവേ ബഡ്ജറ്റ് പ്രസംഗത്തിൽ താഴെപ്പറയുന്ന കാര്യങ്ങളാണ് കേരളത്തിനായി പ്രഖ്യാപിച്ചിട്ടുള്ളത് :

(i) പാലക്കാട് കോച്ച് ഫാക്ടറി

(ii) കൊല്ലത്ത് റെയിൽവേ സ്കിൽ ഡവലപ്മെന്റ് സെന്റർ

(iii) ഷൊർണൂർ-മംഗലാപുരം 3-ാം പാതയുടെ ഇരട്ടിപ്പിക്കൽ

(iv) ലോകമാന്യതിലക്-കൊച്ചുവേളി എക്സ്പ്രസ് (ദ്വൈവാരം)

(v) വിശാഖപട്ടണം-കൊല്ലം വീക്കിലി എക്സ്പ്രസ്

(vi) കൊല്ലം-പുനലൂർ പ്രതിദിന പാസഞ്ചർ

(vii) ഷൊർണൂർ-കോഴിക്കോട് പ്രതിദിന പാസഞ്ചർ

(viii) തൃശ്ശൂർ-ഗുരുവായൂർ പ്രതിദിന പാസഞ്ചർ

(ix) മധുര കൊല്ലം പാസഞ്ചർ പുനലൂർ വരെയായി നീട്ടും

(x) എറണാകുളം തൃശ്ശൂർ മെമു പാലക്കാട് വരെയായി നീട്ടും

(xi) കൊല്ലം നാഗർകോവിൽ മെമു കന്യാകുമാരിവരെ നീട്ടും

(xii) കൊച്ചുവേളി ചണ്ഡീഗഡ് എക്സ്പ്രസ് ദ്വൈവാരമാക്കി

(xiii) 2012-13-ൽ ഇടമൺ-പുനലൂർ പാതയുടെ ഗേജ് മാറ്റം പൂർത്തിയാക്കും

(xiv) ഷൊർണൂർ എലത്തൂർ വൈദ്യുതീകരണം 2012-13-ൽ പൂർത്തിയാക്കും

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(xv) ചെങ്ങന്നൂർ-തിരുവല്ല, മുളന്തുരുത്തി-പിറവം, പിറവം റോഡ്-കുറുപ്പന്തറ എന്നീ ഭാഗങ്ങളിലെ റെയിൽ പാതയുടെ ഇരട്ടിപ്പിക്കൽ 2013-14 ൽ പൂർത്തിയാക്കും.

## റെയിൽവേ ബജറ്റ്

81 (437) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റയിൽവേ ബജറ്റിൽ സംസ്ഥാനം മുന്നോട്ടുവച്ച ആവശ്യങ്ങൾ പൂർണ്ണമായും നിരാകരിക്കപ്പെട്ട സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ ബജറ്റ് തയ്യാറാക്കൽ പ്രക്രിയ തുടങ്ങുന്നതിന് മുമ്പായി സമർപ്പിച്ചിരുന്നുവോ ;

(സി) സംസ്ഥാനത്തു നിന്നുള്ള കേന്ദ്ര മന്ത്രിമാർക്ക് സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ റെയിൽവേ ബജറ്റിനു മുമ്പായി നൽകിയിട്ടുണ്ടായിരുന്നോ ; അവർ കേരളത്തിനുവേണ്ടി പ്രസ്തുത ആവശ്യവുമായി ബന്ധപ്പെട്ട് എന്തെങ്കിലും ചെയ്തിട്ടുള്ളതായി അറിയാമോ ;

(ഡി) പുതിയ ലൈനുകൾ, പുതിയ സർവ്വേകൾ, ഗേജ് മാറ്റം, റെയിൽവേ ലൈൻ വൈദ്യുതീകരണം, പുതിയപാത ഇരട്ടിപ്പിക്കൽ, പുതിയ റയിൽവേ വ്യവസായം തുടങ്ങിയ കാര്യങ്ങളിൽ കേരളത്തിനായി എന്തെങ്കിലും പ്രഖ്യാപനം ബജറ്റ് പ്രസംഗത്തിലുണ്ടായിട്ടുണ്ടോ ;

(ഇ) മുൻ ബജറ്റ് പ്രഖ്യാപനങ്ങളിൽ ഇനിയും നടപ്പിലാക്കാനുള്ളവ ഏതൊക്കെ ; ഇവ നടപ്പിലാക്കാനാവശ്യമായ ഫണ്ട് പുതിയ ബജറ്റിൽ വകയിരുത്തിയിട്ടുണ്ടോ ?

ഉത്തരം

(എ) അത്തരം സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സമർപ്പിച്ചിരുന്നു.

(സി) നൽകിയിരുന്നു.

(ഡി) 2013-14-ലെ റെയിൽവേ ബഡ്ജറ്റ് പ്രസംഗത്തിൽ സംസ്ഥാനത്തിനായി താഴെപ്പറയുന്ന കാര്യങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. 2013-14 റയിൽ ബഡ്ജറ്റിൽ താഴെപ്പറയുന്ന ട്രെയിനുകളാണ് അനുവദിച്ചത് :

(i) ലോകമാന്യതിലക്-കൊച്ചുവേളി എക്സ്പ്രസ് (ദൈവാരം)

(ii) വിശാഖപട്ടണം-കൊല്ലം വീക്കിലി എക്സ്പ്രസ്

(iii) പുനലൂർ കൊല്ലം പ്രതിദിന പാസഞ്ചർ

LIBRARY ARCHIVES Kerala Legislative Assembly

(iv) ഷൊർണ്ണൂർ-കോഴിക്കോട് പ്രതിദിന പാസഞ്ചർ

(v) തൃശ്ശൂർ-ഗുരുവായൂർ പ്രതിദിന പാസഞ്ചർ

(vi) മധുര-കൊല്ലം പാസഞ്ചർ പുനലൂർവരെയായി നീട്ടും

(vii) എറണാകുളം-തൃശ്ശൂർ മെമു പാലക്കാട്‌വരെയായി നീട്ടും

(viii) കൊല്ലം-നാഗർകോവിൽ മെമു കന്യാകുമാരിവരെ നീട്ടും

(ix) കൊച്ചുവേളി-ചണ്ഡീഗഡ് എക്സ്പ്രസ് ദ്വൈവാരമാക്കി.

കൂടാതെ, പാലക്കാട് കോച്ച് ഫാക്ടറി സ്ഥാപിക്കുന്നതിന്, സംസ്ഥാന സർക്കാരുമായി ചർച്ച ചെയ്ത് എത്രയും വേഗം ഫാക്ടറി പ്രവർത്തനക്ഷമമാക്കുമെന്ന് പ്രതീക്ഷിക്കുന്നതായും, കൊല്ലത്ത് സ്കിൽ ഡവലപ്പമെന്റ് സെന്റർ, ഷൊർണ്ണൂർ-മംഗലാപുരം 3-ാം പാതയുടെ ഇരട്ടിപ്പിക്കൽ, 2012-13-ൽ ഇടമൺ-പുനലൂർ പാതയുടെ ഗേജ് മാറ്റം പൂർത്തിയാക്കും, ഷൊർണ്ണൂർ-എറണാകുളം വൈദ്യുതീകരണം 2012-13-ൽ പൂർത്തിയാക്കും, ചെങ്ങന്നൂർ-തിരുവല്ല, മുളന്തുരുത്തി-പിറവം, പിറവം റോഡ്-കുറുപ്പന്തറ എന്നീ ഭാഗങ്ങളിലെ റെയിൽ പാതയുടെ ഇരട്ടിപ്പിക്കൽ 2013-14-ൽ പൂർത്തിയാക്കും തുടങ്ങിയവയാണ് 2013-14-ലെ മറ്റ് പ്രഖ്യാപനങ്ങൾ.

(ഇ) 2004-05 മുതലുള്ള റെയിൽവേ ബഡ്ജറ്റ് പ്രഖ്യാപനങ്ങളും അവയുടെ 2013 ജനുവരി മാസത്തെ സ്ഥിതിയും അനുബന്ധമായി വച്ചിരിക്കുന്നു.* 2013-14-ൽ പുതിയ ലൈനുകൾക്കായി 12 കോടി രൂപയും ഗേജ് മാറ്റത്തിനായി 20 കോടി രൂപയും പാത ഇരട്ടിപ്പിക്കലിനായി 82.5 കോടി രൂപയും ROB/RUBകൾക്ക് 20.56 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

## റെയിൽവേ ബഡ്ജറ്റ്

**82 (438)** ഡോ. കെ. ടി. ജലീൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ 5 റെയിൽവേ ബഡ്ജറ്റുകളിൽ സംസ്ഥാനത്തിലെ റെയിൽവേ വികസന പ്രവർത്തനങ്ങൾക്കായി വകയിരുത്തപ്പെട്ട തുകയും ഓരോ വർഷവും ചെലവായ തുകയും സംബന്ധിച്ച കണക്കുകൾ ലഭ്യമാക്കുമോ ;

(ബി) ഈ വർഷത്തെ റെയിൽവേ ബഡ്ജറ്റിൽ മുൻവർഷത്തേതിനേക്കാൾ എത്ര ശതമാനം തുക കുറവ് വന്നിട്ടുണ്ട് ;

(സി) എത്ര തുക ചെലവ് പ്രതീക്ഷിക്കുന്ന വികസന പ്രവർത്തനങ്ങളായിരുന്നു സംസ്ഥാനം റെയിൽവേ ബഡ്ജറ്റിന് മുൻപായി സമർപ്പിച്ചിരുന്നത് ; വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിവരം അനുബന്ധം 1 ആയി വച്ചിരിക്കുന്നു.*

(ബി) വിവരം അനുബന്ധം 2 ആയി വച്ചിരിക്കുന്നു.*

(സി) 2013-14 റയിൽവേ ബഡ്ജറ്റിനു മുൻപായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനു സമർപ്പിച്ച നിവേദനത്തിന്റെ വിശദാംശം അനുബന്ധം 3 ആയി വച്ചിരിക്കുന്നു.* ഇതിനുള്ള ചെലവ് തുക കണക്കാക്കിയിട്ടില്ല.

**രാജ്യറാണി എക്സ്പ്രസ്സിന് അധികബോഗി അനുവദിക്കാൻ നടപടി**

83 (439) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജ്യറാണി എക്സ്പ്രസ്സിൽ അനുവദിക്കാമെന്ന് ഉറപ്പ് നൽകിയിരുന്ന 2 അധികബോഗികളിൽ ഒന്ന് മാത്രമേ ഇതുവരെ അനുവദിച്ചിട്ടുള്ളൂ എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ബി) എങ്കിൽ രണ്ടാമത്തെ ബോഗി എന്നു മുതൽ അനുവദിക്കുമെന്ന് വ്യക്തമാക്കുമോ :

(സി) സാങ്കേതിക കാരണങ്ങൾ കൊണ്ടാണ് രണ്ടാമത്തെ ബോഗി അനുവദിക്കാത്തതെങ്കിൽ, ആയത് മാറ്റുന്നതിന് എന്തുനടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത തടസ്സം മാറ്റുവാൻ സാധിക്കുന്നില്ലെങ്കിൽ രാജ്യറാണി എക്സ്പ്രസ്സ് സ്വതന്ത്ര ട്രെയിനാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുവാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ ?

ഉത്തരം

(എ-സി) ഇപ്പോൾ രാജ്യറാണി എക്സ്പ്രസിൽ 3 അധിക സ്ലീപ്പർ കോച്ചുകൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) 2013-14-ലെ റയിൽവേ ബഡ്ജറ്റിന് മുന്നോടിയായി കേന്ദ്ര സർക്കാരിനു സമർപ്പിച്ച നിവേദനത്തിൽ രാജ്യറാണി എക്സ്പ്രസ് സൂപ്പർ ഫാസ്റ്റ് ട്രെയിനായി മാറ്റണമെന്ന് ആവശ്യപ്പെട്ടിരുന്നു.

**കൊച്ചി മെട്രോ റെയിൽ കാക്കനാടു വരെ നീട്ടുന്നതിന് നടപടി**

84 (440) ശ്രീ. ബെന്നി ബെഹനാൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി മെട്രോ റെയിൽ കാക്കനാടു വരെ നീട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തൊക്കെ നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ&ബി) കൊച്ചി മെട്രോ റെയിൽ കാക്കനാട് ഉൾപ്പെടെ കൂടുതൽ സ്ഥലങ്ങളിലേക്ക് നീട്ടുന്നതിന് സാധ്യതാ പഠനം നടത്തുവാൻ കെ.എം.ആർ.എൽ., ഡയറക്ടർ ബോർഡ് യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. സാധ്യത പഠനം നടത്താൻ ഏജൻസിയെ കണ്ടെത്തുവാൻ എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിച്ചിട്ടുണ്ട്.

## കൊച്ചി മെട്രോ വ്യാപിപ്പിക്കുന്നകാര്യം

85 (441) ശ്രീ. റ്റി. എ. അഹമ്മദ് കബീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോ കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം പ്രദേശങ്ങളിലേക്കാണ് വ്യാപിപ്പിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) കൊച്ചി മെട്രോ റെയിൽ പദ്ധതി ആലുവയിൽ നിന്നും നെടുമ്പാശ്ശേരി വരെയും, തൃപ്പൂണിത്തുറയിൽ നിന്നും സ്മാർട്ട് സിറ്റി ഉൾപ്പെടെയുള്ള വ്യവസായ മേഖലയിലൂടെ കാക്കനാടുവഴി വീണ്ടും ആലുവ വരെയും ഫോർട്ട് കൊച്ചി വഴി മട്ടാഞ്ചേരിയിലേക്കും നീട്ടുന്നതിനുള്ള സാദ്ധ്യതാ പഠനം നടത്താൻ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡ് യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്.

## പാലക്കാട്, തിരുവനന്തപുരം റെയിൽവേ ഡിവിഷനുകളിലെ ട്രെയിനുകൾ

86 (442) ശ്രീ. ബാബു എം. പാലിശ്ശേരി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട്, തിരുവനന്തപുരം എന്നീ റെയിൽവേ ഡിവിഷനുകൾക്കു കീഴിൽനിന്ന് എത്ര ട്രെയിനുകൾ പുറപ്പെടുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ പല ട്രെയിനുകളുടെയും കോച്ചുകൾ വളരെ ശോചനീയാവസ്ഥയിലുള്ളതാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കോച്ചുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനായി റെയിൽവേയുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്ത് ഓടുന്ന ട്രെയിനുകളിലെ ബോഗികൾ ചിലതെല്ലാം കാലപ്പഴക്കം ചെന്നവയും തുരുമ്പെടുത്ത് ഉപയോഗ യോഗ്യമല്ലാത്തവയുമാണെന്നും ദീർഘദൂര ട്രെയിനുകളിലെ ബോഗികളുടെ അവസ്ഥയും പലപ്പോഴും ശോചനീയമാണെന്നും സംസ്ഥാനത്ത് ഉപയോഗിക്കുന്ന ബോഗികളിൽ 70%-നു മേൽ 25 കൊല്ലത്തിലധികം പഴക്കമുള്ളവയാണെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബോഗികൾ റിപ്പയർ ചെയ്യുന്നതിനായുള്ള പീരിയോഡിക് ഓവർഹോളിംഗ് സൗകര്യം സംസ്ഥാനത്ത് ഇല്ലാത്തതിനാൽ ബോഗികൾ റിപ്പയറിംഗിനായി ചെന്നൈയിലേക്ക് അയയ്ക്കുമ്പോൾ അവിടെനിന്നും ലഭിക്കുന്നവ പലപ്പോഴും വൃത്തിയില്ലാത്തതും കാലപ്പഴക്കം ചെന്നവയുമാണെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആലപ്പുഴ പാസ്സഞ്ചർ ട്രെയിനിന്റെ ബോഗിക്ക് സംഭവിച്ച അപകടത്തിന്റെ വെളിച്ചത്തിൽ ഇക്കാര്യങ്ങളിലേക്ക് ശ്രദ്ധക്ഷണിച്ചുകൊണ്ട് താഴെപ്പറയുന്ന കാര്യങ്ങൾ അടിയന്തരമായി പരിഗണിക്കണമെന്ന് കേന്ദ്ര റെയിൽവേ മന്ത്രിയോട് സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചിട്ടുണ്ട്.

(i) 25 കൊല്ലത്തിലധികം പഴക്കമുള്ള എല്ലാ ബോഗികളും ഘട്ടം ഘട്ടമായി 5 കൊല്ലത്തിനകം മാറ്റണമെന്നും

(ii) തിരുവനന്തപുരത്തെയും, എറണാകുളത്തെയും റിപ്പയർ സൗകര്യങ്ങൾ പ്രധാന റിപ്പയറുകൾ ചെയ്യുവാനുതകുന്ന രീതിയിൽ വിപുലപ്പെടുത്തണമെന്നും

(iii) റിപ്പയറിനും മെയിന്റനൻസിനുമായി ആവശ്യത്തിന് ആളുകളെ നിയമിക്കണമെന്നും;

(iv) കോച്ചുകൾ വൃത്തിയാക്കാനായി കൂടുതൽ ഫലപ്രദമായ സംവിധാനം ഏർപ്പെടുത്തണമെന്നും.

കൂടാതെ 2013-14-ലെ സംസ്ഥാന ബഡ്ജറ്റിൽ കൊച്ചുവേളിയിൽ കോച്ച് റിപ്പയർ ആന്റ് മെയിന്റനൻസ് കേന്ദ്രം ഇക്കൊല്ലം തന്നെ സ്ഥാപിക്കുന്നതിന് 5 കോടി രൂപ സംസ്ഥാന സർക്കാർ വകയിരുത്തിയിട്ടുണ്ട്.

## സംസ്ഥാനത്തിലോടുന്ന തീവണ്ടി ബോഗികളുടെ ശോച്യാവസ്ഥ

**87 (443)** <u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൃത്തിഹീനമായ ബോഗികളും തുരുമ്പിച്ച കമ്പികളും പഴകിയ തിരശ്ശീലകളുമായി സംസ്ഥാനത്തിലോടുന്ന തീവണ്ടി ബോഗികളുടെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അടുത്ത കാലത്ത് ഓടിക്കൊണ്ടിരുന്ന തീവണ്ടിയുടെ കോച്ച് നെടുകെ പിളർന്ന് പാളത്തിൽ വീണ സംഭവം മുൻനിർത്തി ഭാവിയിൽ വൻ അപകടങ്ങൾ ഒഴിവാക്കുവാനും റെയിൽവേ സംവിധാനം കുറ്റമറ്റതാക്കുവാനും ആവശ്യമായ നടപടി സ്വീകരിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ആവശ്യപ്പെട്ടിട്ടുണ്ട്.

**രാത്രികാല റെയിൽവേ മെയിൽ സോർട്ടിംഗ്**

**88 (444)** ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെലവ് ചുരുക്കൽ പദ്ധതിയുടെ ഭാഗമായി തപാൽ വകുപ്പിന്റെ റെയിൽവേ മെയിൽ സോർട്ടിംഗ് ഓഫീസുകളിൽ രാത്രികാല സോർട്ടിംഗുകൾ നിർത്തലാക്കുന്നു എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുമൂലം തപാൽ ഉരുപ്പടികൾ എത്തുന്നതിനുള്ള താമസം ഒഴിവാക്കുവാനും സ്വകാര്യ കൊറിയർ സർവ്വീസുകൾക്ക് ഗുണകരമാകുന്ന വിധം പ്രസ്തുത സംവിധാനത്തെ മാറ്റുന്നത് തടയാനും ഫലപ്രദമായ നടപടി സ്വീകരിക്കുവാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ ?

ഉത്തരം

(എ) ഇല്ല. ചെലവ് ചുരുക്കലിന്റെ ഭാഗമായി കേരള സർക്കിളിലെ ആർ.എം.എസ്. ഓഫീസുകളിലൊന്നും രാത്രികാല സോർട്ടിംഗ് നിർത്തലാക്കിയിട്ടില്ല.

(ബി) തപാൽ ശൃംഖലയുടെയും തപാൽ ലഭ്യമാക്കുന്നതിന്റെയും കാര്യക്ഷമത സ്ഥിരമായി വിലയിരുത്തപ്പെടുന്നുണ്ട്. ഇതിന്റെ ഭാഗമായി ലഭ്യമായ മാനവശേഷിക്കും ഗതാഗതസൗകര്യങ്ങൾക്കും തപാലിന്റെ എണ്ണത്തിനനുസരിച്ച് ആർ.എം.എസുകളുടെ പ്രവർത്തന സമയം പുനഃക്രമീകരിക്കാറുണ്ട്. അത്തരത്തിൽ ചിലപ്പോൾ, രാത്രികാല സൗകര്യങ്ങൾ പകൽസമയത്തേക്കും തിരിച്ചും മാറ്റാറുണ്ട്. മെയിൽ ഓഫീസുകളുടെയും പോസ്റ്റാഫീസുകളുടെയും പ്രവർത്തനക്ഷമത മെച്ചപ്പെടുത്തുന്നതിനുള്ള രാജ്യം മുഴുവൻ ഏർപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ ഭാഗമായി തപാലിന്റെ സഞ്ചാരവും വിതരണവും പലതലങ്ങളിൽ നൂതന സാങ്കേതിക വിദ്യകളുപയോഗിച്ച് നിരീക്ഷിച്ചുവരുകയും ചെയ്യുന്നുണ്ട്.

**കെ.എസ്.ആർ.ടി.സി.-ക്ക് ലഭിക്കുന്ന സാമ്പത്തിക സഹായങ്ങൾ**

**89 (445)** ശ്രീ. ഇ. കെ. വിജയൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.യുടെ പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ;

(ബി) ഈ സർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി.-ക്ക് എത്ര തുക സാമ്പത്തികസഹായം ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) അനുവദിച്ച തുക എന്തെല്ലാം ആവശ്യങ്ങൾക്കാണ് ഉപയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഡീസൽ വിലവർദ്ധനവിലൂടെ പ്രതിസന്ധി ഉണ്ടായപ്പോൾ രണ്ട് മാസത്തെ അധിക ബാദ്ധ്യതയായ 28 കോടി രൂപ കെ.എസ്.ആർ.ടി.സി.-ക്ക് അനുവദിച്ചു. കൂടാതെ സ്പെഷ്യൽ പാക്കേജ് ഇനത്തിൽ 50 കോടി രൂപയും, മാർച്ച് മാസത്തിൽ 25 കോടി രൂപയും അനുവദിക്കുകയുണ്ടായി. ആധുനികവൽക്കരണത്തിന്റെ ഭാഗമായി പുതിയ ഇ.ടി.എം. മെഷീനുകൾ വാങ്ങുന്നതിനും ബസ്സുകളിൽ GPS സംവിധാനം ഒരുക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ഡ്രൈവർമാർ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് നൽകുന്ന പ്രായോഗിക പരിശീലനം ബസ്സുകളുടെ ഇന്ധനക്ഷമത വർദ്ധിപ്പിക്കൽ, സ്പെയർ പാർട്സ്, ടയർ മുതലായവയുടെ ഉപഭോഗം കുറയ്ക്കുന്നത് തുടങ്ങിയ കാര്യങ്ങളിൽ സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. ഇതുമൂലം ചെലവിൽ കാര്യമായ കുറവുണ്ടാകുന്നതാണ്.

(ബി) ഈ സർക്കാർ 2011-12 സാമ്പത്തിക വർഷം കെ.എസ്.ആർ.ടി.സി.-ക്ക് 140 കോടി രൂപ വായ്പയായും 42 കോടി രൂപ പദ്ധതി വിഹിതമായും 32 കോടി രൂപ ഗ്രാന്റായും അനുവദിച്ചിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷം 150 കോടി രൂപ വായ്പയായും 57.07 കോടി രൂപ പദ്ധതി വിഹിതമായും 28 കോടി രൂപ ഗ്രാന്റിനത്തിലും അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമേ 25 കോടി രൂപ കെ.എസ്.ആർ.ടി.സി.-യുടെ ഗുരുതര സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനായി ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്.

(സി) 2011-12 സാമ്പത്തിക വർഷം സർക്കാർ കെ.എസ്.ആർ.ടി.സി.-ക്ക് വായ്പ, ഗ്രാന്റ് എന്നീ ഇനങ്ങളിൽ അനുവദിച്ച തുകയായ 172 കോടി രൂപ ജീവനക്കാരുടെ ശമ്പളം, മറ്റ് അലവൻസുകൾ എന്നിവ നൽകുന്നതിനായാണ് വിനിയോഗിച്ചിട്ടുള്ളത്. പദ്ധതി വിഹിതമായി അനുവദിച്ച തുകയായ 42 കോടി രൂപ വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചു. 2012-13 സാമ്പത്തിക വർഷം പദ്ധതി വിഹിതമായി അനുവദിച്ച തുകയായ 57.07 കോടി രൂപ വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കാണ് വിനിയോഗിച്ചിട്ടുള്ളത്. ഗ്രാന്റിനത്തിൽ അനുവദിച്ച 28 കോടി രൂപ, ഡീസൽ വില വർദ്ധനവുമൂലം കെ.എസ്.ആർ.ടി.സി.-ക്ക് രണ്ട് മാസക്കാലയളവിൽ ഉണ്ടാകുന്ന നഷ്ടം നികത്തുന്നതിനാണ് വിനിയോഗിക്കുന്നത്. സർക്കാർ വായ്പയായി അനുവദിച്ച 100 കോടി രൂപ ജീവനക്കാരുടെ ശമ്പളം മറ്റ് അലവൻസുകൾ തുടങ്ങിയവ നൽകുന്നതിനായാണ് വിനിയോഗിക്കുന്നത്. സ്പെഷ്യൽ പാക്കേജിനത്തിൽ വായ്പയായി അനുവദിച്ച 50 കോടി രൂപ പുതിയ ബസ്സുകൾ വാങ്ങുന്നതിനും എം.സി.റ്റി നഷ്ട പരിഹാര തുക നൽകുന്നതിനും, ഷോപ്പിംഗ് കോംപ്ലക്സുകളുടെ പ്രാരംഭ നിർമ്മാണ പ്രവർത്തനങ്ങൾക്കുമായാണ് വിനിയോഗിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

## കെ.എസ്.ആർ.ടി.സി.-യുടെ ബാദ്ധ്യതകൾ

90 (446) ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. എ. എം. ആരിഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യെ ശക്തിപ്പെടുത്താനും അതിന്റെ ബാദ്ധ്യത ഒഴിവാക്കുന്നതിന് ഒരു സ്കീം ആവിഷ്കരിക്കാനും നടപടി സ്വീകരിക്കുമോ ;

(ബി) കെ.എസ്.ആർ.ടി.സി.-യുടെ നിലവിലുള്ള ബാദ്ധ്യതയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) കെ.എസ്.ആർ.ടി.സി. നേരിടുന്ന പ്രധാന പ്രതിസന്ധികൾ എന്തൊക്കെയാണ് ; പ്രസ്തുത പ്രതിസന്ധികൾക്കുള്ള അടിയന്തര പ്രതിവിധികൾ എന്തെല്ലാമാണ് ?

### ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യുടെ വരവും ചെലവും തമ്മിലുള്ള അന്തരം കുറച്ച് ലാഭത്തിലേക്ക് നയിക്കുന്നതിന് കെ.എസ്.ആർ.ടി.സിയുടെ പുനരുദ്ധാരണം സംബന്ധിച്ച പഠനം നടത്തുന്നതിനായി വർമ്മ ആന്റ് വർമ്മ, ചാർട്ടേഡ് അക്കൗണ്ടന്റ്സ് എന്ന സ്ഥാപനത്തിനെ നിയോഗിക്കുകയും ടി സ്ഥാപനം സമർപ്പിച്ച പഠന റിപ്പോർട്ടിന് കെ.എസ്.ആർ.ടി.സി.-യുടെ ഭരണ നിർവ്വഹണ സമിതിയുടെ അംഗീകാരം ലഭിക്കുകയും ടി റിപ്പോർട്ട് സർക്കാരിന് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ടിൽ കോർപ്പറേഷൻ നടപ്പിലാക്കേണ്ടുന്ന കാര്യങ്ങളായ ഷെഡ്യൂളുകളുടെ പുനഃക്രമീകരണം, വിവര സാങ്കേതിക വിദ്യയുടെ വ്യാപനം, ഡ്രൈവർമാരുൾപ്പെടെയുള്ള ജീവനക്കാർക്ക് നൽകുന്ന പ്രായോഗിക പരിശീലനം, ബസ്സുകളിലെ ഡീസലിന്റെ ഉപഭോഗക്ഷമത വർദ്ധിപ്പിക്കൽ എന്നിവയിൽ സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. ഇതുമൂലം കോർപ്പറേഷന്റെ കാര്യക്ഷമത വർദ്ധിപ്പിച്ച് ചെലവിൽ കുറവു വന്ന് വരുമാനം വർദ്ധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) കെ.എസ്.ആർ.ടി.സിയുടെ നിലവിലുള്ള സാമ്പത്തിക ബാദ്ധ്യത 1,204.55 കോടി രൂപയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| | | | |
|---|---|---|---|
| KTDFC | - | 1,058.17 | കോടി രൂപ |
| HUDCO | - | 81.38 | " |
| LIC | - | 65.00 | " |
| ആകെ | - | 1,204.55 | " |

(സി) പ്രതിമാസ പെൻഷൻ ഇനത്തിൽ പെൻഷൻകാർക്ക് നൽകുന്ന തുകയും വർദ്ധിപ്പിച്ച വായ്പ തിരിച്ചടവും ഡീസലിന്റെ സബ്സിഡി പിൻവലിച്ചത് മൂലമുള്ള വർദ്ധനവുമാണ് കെ.എസ്.ആർ.ടി.സി നേരിടുന്ന പ്രധാന പ്രതിസന്ധികൾ. പ്രതിമാസം 35 കോടി രൂപ പെൻഷൻ നൽകുന്നതിനായും 40 കോടിയോളം

LIBRARY ARCHIVES Kerala Legislative Assembly

രൂപ വായ്പ തിരിച്ചടവിനായും നൽകേണ്ടി വരുന്നു, ഡീസൽ വില വർദ്ധനവ് മൂലം 18 കോടി രൂപയുടെ പ്രതിമാസ അധിക ബാദ്ധ്യതയുമുണ്ട്, തൻമൂലം പ്രതിമാസ വരവും ചെലവും തമ്മിലുള്ള അന്തരം ഏകദേശം 94 കോടി രൂപയാണ്. ഡീസൽ വില വർദ്ധനവ് മൂലമുള്ള സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനായി താൽക്കാലിക സാമ്പത്തിക സഹായമായി 28 കോടി രൂപ കെ.എസ്.ആർ.ടി.സി.-ക്ക് നൽകിയിട്ടുണ്ട്. കൂടാതെ ഒരു സ്പെഷ്യൽ പാക്കേജ് നടപ്പാക്കുന്നതിനായി 50 കോടി രൂപയും 2013 മാർച്ച് മാസത്തിൽ ധനസഹായമായി 25 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ പുനരുജ്ജീവനത്തിനായി വർമ്മ ആന്റ് വർമ്മ എന്ന ചാർട്ടേഡ് അക്കൗണ്ടന്റ് സ്ഥാപനം തയ്യാറാക്കി സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചു വരികയാണ്.

### കെ.എസ്.ആർ.ടി.സി.-യെ സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും രക്ഷിക്കാനുള്ള കർമ്മ പദ്ധതി

91 (447) ശ്രീ. വർക്കല കഹാർ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.യെ സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും രക്ഷിക്കുവാൻ എന്തെല്ലാം കർമ്മ പരിപാടികളാണ് ആവിഷ്ക്കരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ബി) ഇപ്പോൾ നേരിടുന്ന പ്രതിസന്ധിക്ക് സർക്കാർ എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഡീസലിന്റെ കേന്ദ്ര സബ്സിഡി പിൻവലിച്ചതുമൂലമുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ എന്തെല്ലാം നടപടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ;

(ഡി) ഇതിനായി എന്തെല്ലാം ചെയ്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാമാണ് ?

#### ഉത്തരം

(എ) ഡീസൽ വിലവർദ്ധനവിലൂടെ പ്രതിസന്ധി ഉണ്ടായപ്പോൾ രണ്ട് മാസത്തെ അധിക ബാദ്ധ്യതയായ 28 കോടി രൂപ കെ.എസ്.ആർ.ടി.സി.-ക്ക് അനുവദിച്ചു. സ്പെഷ്യൽ പാക്കേജ് ഇനത്തിൽ 50 കോടി രൂപയും, മാർച്ച് മാസത്തിൽ 25 കോടി രൂപയും അനുവദിക്കുകയുണ്ടായി. ആധുനികവൽക്കരണത്തിന്റെ ഭാഗമായി പുതിയ ഇ.ടി.എം. മെഷീനുകൾ വാങ്ങുന്നതിനും ബസ്സുകളിൽ GPS സംവിധാനം ഒരുക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ഡ്രൈവർമാർ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് നൽകുന്ന പ്രായോഗിക പരിശീലനം ബസ്സുകളുടെ ഇന്ധനക്ഷമത വർദ്ധിപ്പിക്കൽ, സ്പെയർ പാർട്സ്, ടയർ മുതലായവയുടെ

LIBRARY ARCHIVES Kerala Legislative Assembly

ഉപഭോഗം കുറയ്ക്കുന്നത്, തുടങ്ങിയ കാര്യങ്ങളിൽ സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. ഇതുമൂലം ചെലവിൽ കാര്യമായ കുറവുണ്ടാകുന്നതാണ്. കൂടാതെ ബസ്സുകളിൽ ടിക്കറ്റ് പരിശോധന ശക്തമാക്കുന്നതിനും കോർപ്പറേഷനിൽ ശക്തമായ സാമ്പത്തിക അച്ചടക്കം ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഡീസൽ വില വർദ്ധനവുമൂലം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലായ കെ.എസ്.ആർ.ടി.സി.-ക്ക് രണ്ട് മാസത്തേക്ക് ടി ഇനത്തിൽ അധിക ബാദ്ധ്യതയായി വരുന്ന 28 കോടി രൂപ ഗ്രാന്റ് ഇനത്തിൽ സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇതിനു പുറമേ 25 കോടി രൂപ അധിക സഹായമായി കെ.എസ്.ആർ.ടി.സിക്ക് സർക്കാർ ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്.

(സി) താത്കാലികമായി രണ്ട് മാസത്തേക്കുള്ള അധിക ബാദ്ധ്യതയായ 28 കോടി രൂപ സർക്കാർ കെ.എസ്.ആർ ടി.സിക്ക് അനുവദിച്ചിട്ടുണ്ട്.

(ഡി) ശാശ്വത പരിഹാരമായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ പമ്പുകളിൽ നിന്നും മറ്റ് സ്വകാര്യ പമ്പുകളിൽ നിന്നും ഡീസൽ വാങ്ങുന്നതിന്റെ പ്രായോഗികത പരിശോധിക്കുന്നതിനും വ്യക്തമായ ശുപാർശകൾ സമർപ്പിക്കുന്നതിനുമായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഒരു സമിതി രൂപീകരിക്കുകയും ആ സമിതിയുടെ ശുപാർശകളിൻമേൽ നടപടി സ്വീകരിച്ചു വരികയും ചെയ്യുന്നു.

## കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക ബാദ്ധ്യത

**92 (448)** ശ്രീ. ജി. എസ്. ജയലാൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യുടെ നിലവിലുള്ള സാമ്പത്തിക ബാദ്ധ്യത കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ അത് എത്ര തുകയുണ്ടെന്ന് അറിയിക്കുമോ ;

(ബി) സ്ഥാപനത്തിന് നിലനിൽക്കുവാൻ കഴിയാത്തവിധമുള്ള സാമ്പത്തിക ബാദ്ധ്യത ഉണ്ടായാൽ ആയത് പരിഹരിക്കുന്നതിലേക്ക് അടിയന്തരമായി കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ് ;

(സി) സ്ഥാപനത്തിന്റെ സാമ്പത്തിക ബാദ്ധ്യത കണക്കാക്കുമ്പോൾ നിലവിലുള്ള ഭൂമി ഉൾപ്പെടെയുള്ള ആസ്തികളുടെ കണക്ക് തിട്ടപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ എത്രയാണെന്ന് അറിയിക്കുമോ ;

(ഡി) കെ.എസ്.ആർ.ടി.സി. പുനഃസംഘടിപ്പിച്ച് പ്രവർത്തനസജ്ജമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) കെ.എസ്.ആർ.ടി.സിയുടെ നിലവിലുള്ള സാമ്പത്തിക ബാദ്ധ്യത കണക്കാക്കിയിട്ടുണ്ട്. 1,204.55 കോടി രൂപയുടെ ബാദ്ധ്യതയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഡീസൽ വില വർദ്ധനവ് മൂലമുള്ള പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ താൽക്കാലിക സാമ്പത്തിക സഹായമായി 28 കോടി രൂപ കെ.എസ്.ആർ.ടി.സി.-ക്കു നൽകിയിട്ടുണ്ട്. കൂടാതെ ഒരു സ്പെഷ്യൽ പാക്കേജ് നടപ്പാക്കുന്നതിനായി 50 കോടി രൂപയും 2013 മാർച്ച് മാസത്തിൽ വായ്പയിനത്തിൽ 25 കോടി രൂപയും അനുവദിക്കുകയുണ്ടായി.

(സി) കെ.എസ്.ആർ.ടി.സി യുടെ നിലവിലുള്ള ഭൂമി ഉൾപ്പെടെയുള്ള ആസ്തികളുടെ കണക്ക് തിട്ടപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) കെ.എസ്.ആർ.ടി.സി.-യുടെ വരവും ചെലവും തമ്മിലുള്ള അന്തരം കുറച്ച് ലാഭത്തിലേക്ക് നയിക്കുന്നതിന് കെ.എസ്.ആർ.ടി.സി യുടെ പുനരുദ്ധാരണം സംബന്ധിച്ച പഠനം നടത്തുന്നതിനായി വർമ്മ ആന്റ് വർമ്മ, ചാർട്ടേർഡ് അക്കൗണ്ടന്റ്സ് എന്ന സ്ഥാപനത്തെ നിയോഗിക്കുകയും, ടി സ്ഥാപനം സമർപ്പിച്ച പഠന റിപ്പോർട്ടിന് കെ.എസ്.ആർ.ടി.സി.-യുടെ ഭരണ നിർവ്വഹണ സമിതിയുടെ അംഗീകാരം ലഭിക്കുകയും ടി റിപ്പോർട്ട് സർക്കാരിന് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ടിൽ കോർപ്പറേഷൻ നടപ്പിലാക്കേണ്ടുന്ന കാര്യങ്ങളായ ഷെഡ്യൂളുകളുടെ പുനഃക്രമീകരണം, വിവര സാങ്കേതിക വിദ്യയുടെ വ്യാപനം, ഡ്രൈവർമാർ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് നൽകുന്ന പ്രായോഗിക പരിശീലനം, ബസ്സുകളിലെ ഡീസലിന്റെ ഉപഭോഗക്ഷമത വർദ്ധിപ്പിക്കൽ എന്നിവയിൽ സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുമൂലം കോർപ്പറേഷന്റെ കാര്യക്ഷമത വർദ്ധിക്കുകയും ചെലവിൽ കുറവ് വരികയും, വരുമാനത്തിൽ വർദ്ധനവുണ്ടാവുകയും ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## ഡീസൽ സബ്സിഡി

**93 (449)** ശ്രീ. എളമരം കരീം :
ശ്രീ. എം. ഹംസ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. സി. കൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡീസൽ സബ്സിഡി നിർത്തലാക്കിയത് കാരണം കെഎസ്ആർടിസി-ക്ക് ഉണ്ടായ അധിക ബാധ്യത മറികടക്കുന്നതിനായി സ്വകാര്യപമ്പുകളിൽ നിന്നും സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പമ്പുകളിൽ നിന്നും ഡീസൽ അടിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(ബി) കെ.എസ്.ആർ.ടി.സി.-ക്ക് ഡീസൽ നല്കാമെന്ന് കാണിച്ച് പെട്രോളിയം ഡീലേഴ്സ് ഫെഡറേഷന്റെയും സിവിൽ സപ്ലൈസ് കോർപ്പറേഷന്റെയും നിർദ്ദേശത്തിന്മേൽ ചർച്ച നടത്തിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(സി) ഡീസൽ വില വർദ്ധനയെ തുടർന്ന് ഇൻഡ്യയിലെ ഏതെല്ലാം സംസ്ഥാന ട്രാൻസ്പോർട്ട് കോർപ്പറേഷനുകളാണ് സ്വകാര്യപമ്പുകളിൽ നിന്നും ഡീസൽ അടിക്കാൻ തീരുമാനിച്ചിട്ടുള്ളതെന്നവിവരം ലഭ്യമാണോ ; വിശദമാക്കാമോ ;



LIBRARY ARCHIVES Kerala Legislative Assembly

(ഡി) അയൽ സംസ്ഥാനങ്ങളായ കർണ്ണാടക, ആന്ധ്ര, തമിഴ്നാട് എന്നിവിടങ്ങളിലെ ട്രാൻസ്പോർട്ട് കോർപ്പറേഷനുകൾ പ്രതിസന്ധി തരണം ചെയ്യാൻ എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചതെന്ന വിവരം ലഭ്യമാണോ ;

(ഇ) കെ.എസ്.ആർ.ടി.സി. യുടെ നിലവിലുള്ള പമ്പുകളെ പൊതു പമ്പുകളാക്കി മാറ്റണമെന്ന ആവശ്യം ഉന്നയിക്കപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി). ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സമിതി പരിശോധിക്കുകയുണ്ടായി. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

(സി&ഡി) തമിഴ്നാട്, കർണാടക, ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര, ഹിമാചൽ പ്രദേശ്, രാജസ്ഥാൻ, ഗുജറാത്ത് എന്നീ സംസ്ഥാന ട്രാൻസ്പോർട്ട് കോർപ്പറേഷനുകൾ സ്വകാര്യ പമ്പുകളിൽ നിന്നും ഡീസൽ അടിക്കുന്നതായി അറിയുന്നു.

(ഇ) ഇക്കാര്യം ഓയിൽ കമ്പനികളുമായി ചർച്ച ചെയ്തു. നിലവിലുള്ള നിയമം അനുസരിച്ച് ചുരുങ്ങിയ കാലത്തേക്ക് ഇക്കാര്യം പ്രാവർത്തികമാക്കാൻ കഴിയുകയില്ല എന്നാണ് ഓയിൽ കമ്പനികൾ അറിയിച്ചിട്ടുള്ളത്.

**ഡീസൽ വില വർദ്ധനവുമൂലം കെ.എസ്.ആർ.ടി.സി. നേരിടുന്ന പ്രതിസന്ധി**

**94 (450)** ശ്രീ. പി. തിലോത്തമൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡീസൽ സബ്സിഡി പിൻവലിച്ചതുമൂലം കെ.എസ്.ആർ.ടി.സി. വൻപ്രതിസന്ധിയെ നേരിടുകയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രതിസന്ധി പരിഹരിക്കുവാനും ജനങ്ങൾക്ക് ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) കെ.എസ്.ആർ.ടി.സി.യെ ഡീസൽ സബ്സിഡി നൽകുന്നതിൽ നിന്നും ഒഴിവാക്കിയിരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് വിവിധ ഭാഗങ്ങളിൽ നിലവിലുള്ള സഹകരണ മോട്ടോർ വാഹന സ്ഥാപനങ്ങളെ പുനരുജ്ജീവിപ്പിക്കുവാനും കൂടുതൽ ആനുകൂല്യങ്ങളും സാമ്പത്തിക സഹായങ്ങളും നൽകി, പുതിയ ബസ്സ് റൂട്ടുകൾ അനുവദിച്ച് സഹകരണ മോട്ടോർ വാഹന സ്ഥാപനങ്ങളുടെ സഹായത്തോടെ യാത്രാക്ലേശം പരിഹരിക്കുവാനും നിലവിലുണ്ടായിരിക്കുന്ന പ്രതിസന്ധിയെ തരണം ചെയ്യാനും നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് പ്രതിസന്ധി താൽക്കാലികമായി പരിഹരിക്കുവാനായി സർക്കാർ 28 കോടി രൂപ കെ.എസ്.ആർ.ടി.സി.-ക്ക് അനുവദിച്ചിട്ടുണ്ട്. എന്നിരുന്നാലും ശാശ്വതമായ പരിഹാരം ഇക്കാര്യത്തിൽ അടിയന്തരമായി ഉണ്ടാകേണ്ടിയിരിക്കുന്നു. ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഇക്കാര്യം പരിശോധിക്കുന്നതിനും ശുപാർശകൾ സമർപ്പിക്കുന്നതിനുമായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശുപാർശകൾ അനുസരിച്ച് നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഡീസലിനുള്ള സബ്സിഡി എടുത്തുകളഞ്ഞതുമൂലം കെ.എസ്.ആർ.ടി.സി. സാമ്പത്തിക പ്രതിസന്ധി നേരിടുന്നുവെങ്കിലും സർവ്വീസുകളൊന്നുംതന്നെ ഇക്കാരണത്താൽ വെട്ടിക്കുറച്ചിട്ടില്ല. അതുകൊണ്ട് തന്നെ സഹകരണ മോട്ടോർ വാഹന സ്ഥാപനങ്ങളെ പുനരുജ്ജീവിപ്പിച്ച് പുതിയ ബസ് റൂട്ടുകൾ അവർക്ക് അനുവദിക്കേണ്ട സാഹചര്യം ഉണ്ടെന്ന് കരുതുന്നില്ല.

**കെ.എസ്.ആർ.ടി.സി.-യിലെ പ്രതിസന്ധി**

95 (451) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡീസൽ വില വർദ്ധനയെ തുടർന്ന് പ്രതിസന്ധിയിലായ കെ.എസ്.ആർ.ടി.സി.-യെ രക്ഷിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) കംപ്രസ്ഡ് നാച്വറൽ ഗ്യാസ് ഉപയോഗിക്കുന്നതോടൊപ്പം കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ ഷോപ്പിംഗ് കോംപ്ലക്സുകളും മറ്റ് വരുമാന വർദ്ധന പദ്ധതികളും നടപ്പാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഡീസൽ വിലവർദ്ധനവിലൂടെ പ്രതിസന്ധി ഉണ്ടായപ്പോൾ രണ്ട് മാസത്തെ അധിക ബാദ്ധ്യതയായ 28 കോടി രൂപ കെ.എസ്.ആർ.ടി.സി.-ക്ക് അനുവദിച്ചു. സ്പെഷ്യൽ പാക്കേജ് ഇനത്തിൽ 50 കോടി രൂപയും, മാർച്ച് മാസത്തിൽ 25 കോടി രൂപയും അനുവദിക്കുകയുണ്ടായി. ആധുനികവൽക്കരണത്തിന്റെ ഭാഗമായി പുതിയ ETM മെഷീനുകൾ വാങ്ങുന്നതിനും ബസ്സുകളിൽ GPS സംവിധാനം ഒരുക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ഡ്രൈവർമാർ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് നൽകുന്ന പ്രായോഗിക പരിശീലനം ബസ്സുകളുടെ

ഇന്ധനക്ഷമത വർദ്ധിപ്പിക്കൽ, സ്പെയർ പാർട്സ്, ടയർ മുതലായവയുടെ ഉപഭോഗം കുറയ്ക്കുന്നത് തുടങ്ങിയ കാര്യങ്ങളിൽ സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. ഇതുമൂലം ചെലവിൽ കാര്യമായ കുറവുണ്ടാകുന്നതാണ്. കൂടാതെ ബസ്സുകളിൽ ടിക്കറ്റ് പരിശോധന ശക്തമാക്കുന്നതിനും കർശനമായ സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കെ.എസ്.ആർ.ടി. സി. ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വാണിജ്യ പ്രാധാന്യമുള്ള സ്ഥലങ്ങളിൽ ഡിപ്പോയോടനുബന്ധിച്ച് ഷോപ്പിംഗ് കോംപ്ലക്സുകൾ ബി.ഒ.ടി അടിസ്ഥാനത്തിലും, പലിശരഹിത നിക്ഷേപങ്ങൾ സ്വീകരിച്ച് കെ.എസ്.ആർ.ടി.സി സ്വന്തമായും നിർമ്മിച്ചുവരുന്നു. ഇതിൻ പ്രകാരം കാസർഗോഡ്, കൊട്ടാരക്കര, കാട്ടാക്കട, അങ്കമാലി എന്നീ സ്ഥലങ്ങളിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ പ്രവർത്തനം തുടങ്ങി കഴിഞ്ഞു. നെടുമങ്ങാട്, തൊടുപുഴ, നെയ്യാറ്റിൻകര എന്നിവിടങ്ങളിൽ നിർമ്മാണം ആരംഭിച്ചു കഴിഞ്ഞു. കൂടാതെ ഈഞ്ചയ്ക്കൽ, കോട്ടയം, കരുനാഗപ്പള്ളി, പാല, മൂവാറ്റുപുഴ, ഹരിപ്പാട്, പയ്യന്നൂർ, നിലമ്പൂർ, പത്തനംതിട്ട, മലപ്പുറം, പാലക്കാട് എന്നിവിടങ്ങളിൽ രൂപരേഖ തയ്യാറാക്കി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. ബി.ഒ.ടി. അടിസ്ഥാനത്തിൽ കെ.റ്റി.ഡി.എഫ്.സിയുമായി സഹകരിച്ച് അങ്കമാലി, കോഴിക്കോട്, തിരുവനന്തപുരം സെൻട്രൽ, തിരുവല്ല എന്നീ സ്ഥലങ്ങളിൽ കെ.റ്റി.ഡി.എഫ്.സി. നിർമ്മാണം നടത്തിവരുന്നു. ഇതിൽ അങ്കമാലിയുടെ ഉദ്ഘാടനം 2011 ജനുവരി 19-ന് കഴിഞ്ഞു. വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഓരോ ബസ് സ്റ്റേഷനിലും വാണിജ്യ പ്രാധാന്യമുള്ള സ്ഥലങ്ങൾ കണ്ടെത്തി ലൈസൻസ് വ്യവസ്ഥയിൽ വാടകയ്ക്ക് നൽകിവരുന്നു.

**ഡീസൽവില വർദ്ധനവുമൂലം കെ.എസ്.ആർ.ടി.സി. നേരിടുന്ന പ്രതിസന്ധി**

**96 (452)** ശ്രീമതി കെ. എസ്. സലീഖ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡീസൽ വിലവർദ്ധനവുമൂലം കെ.എസ്.ആർ.ടി.സി. അതിരൂക്ഷമായ സാമ്പത്തികപ്രതിസന്ധി നേരിടുകയാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രതിമാസവരവുചെലവ് അന്തരം വ്യക്തമാക്കുമോ ;

(ബി) എങ്കിൽ, ഈ പ്രതിസന്ധി പരിഹരിക്കുവാൻ മാർച്ച് 4, 5 തീയതികളിൽ മന്ത്രിസഭാംഗങ്ങൾ ഡൽഹിയിൽ നടത്തിയ ചർച്ചയിൽ എന്തെങ്കിലും പ്രയോജനം ലഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) ഡീസൽവില മാത്രമല്ല കെ.എസ്.ആർ.ടി.സി.യെ തകർച്ചയിലേക്കു നയിക്കുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ, ഇതു പരിഹരിക്കുവാൻ കെ.എസ്.ആർ.ടി.സി. വാങ്ങുന്ന ഡീസലിന് പ്രതിവർഷം സൂപ്പർ ടാക്സും, സർവ്വീസ് ടാക്സുമായി ഈടാക്കുന്ന 24% വാണിജ്യനികുതിയായ ഏകദേശം 260 കോടി രൂപ കുറവു വരുത്തുവാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ;

(ഇ) പ്രതിമാസം 32 കോടി രൂപ വരുന്ന പെൻഷൻ ബാദ്ധ്യത സർക്കാർ ഏറ്റെടുക്കാൻ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഡീസൽ വിലവർദ്ധനവിൽ നിന്നും മുക്തി നേടാൻ പ്രകൃതിവാതകം ഇന്ധനമായി ഉപയോഗിച്ച് കെ.എസ്.ആർ.ടി.സി.ക്ക് സംസ്ഥാനത്തിന്റെ എല്ലാ പ്രദേശങ്ങളിലും ബസ്സുകൾ ഓടിക്കാനാവുമെന്നു കരുതുന്നുണ്ടോ ; ആയതു പ്രാവർത്തികമാക്കുവാൻ എത്ര വർഷം വേണ്ടിവരുമെന്നാണു കണക്കാക്കുന്നത് ?

<u>ഉത്തരം</u>

(എ) ഉണ്ട്. പ്രതിമാസം 94 കോടി രൂപയുടെ അന്തരമുണ്ട്.

(ബി) കേന്ദ്ര സർക്കാരിൽ നിന്നും അനുകൂലമായ സമീപനം പ്രതീക്ഷിക്കുന്നു.

(സി) ഉണ്ട്.

(ഡി&ഇ) ഇക്കാര്യങ്ങളിൽ സർക്കാർ തീരുമാനങ്ങളൊന്നും എടുത്തിട്ടില്ല.

(എഫ്) കെ.എസ്.ആർ.ടി.സി.-ക്ക് 6,000-നുമേൽ ബസ്സുകളുണ്ട്. സമതല പ്രദേശമാണ് CNG ബസ്സുകൾ ഓടിക്കുന്നതിന് കൂടുതൽ അനുയോജ്യം. ആയതിനാൽ എല്ലാ ബസ്സുകളും CNG-യിലേക്ക് മാറ്റുന്നത് പ്രായോഗികമല്ല. മൂന്ന് വർഷത്തിന് താഴെ പഴക്കമുള്ളവ CNG-യിലേക്ക് മാറ്റുന്നതാണ് അഭികാമ്യം. ഇതിനായി ബസ്സൊന്നിന് നാല് ലക്ഷം രൂപ ചെലവ് വരും. ബസ്സുകൾ മാറ്റുന്നതിനൊപ്പം തന്നെ CNG സ്റ്റേഷനുകളും സ്ഥാപിക്കേണ്ടതുണ്ട്. ആയതിനാൽ ഈ നടപടികൾക്കാവശ്യമായ കൃത്യമായ സമയ ദൈർഘ്യം ഇപ്പോൾ പറയാൻ കഴിയില്ല.

**റോഡ് ഗതാഗത വിഭാഗത്തെ കോർപ്പറേഷൻ ആക്കി മാറ്റാൻ ഇടയായ സാഹചര്യം**

**97 (453)** <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> :
<u>ശ്രീ. കെ. എൻ. എ. ഖാദർ</u> :
<u>ശ്രീ. എൻ. ഷംസുദ്ദീൻ</u> :
<u>ശ്രീ. പി. ഉബൈദുള്ള</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളസംസ്ഥാന ട്രാൻസ്പോർട്ട് വകുപ്പിന്റെ കീഴിലായിരുന്ന റോഡ് ഗതാഗത വിഭാഗത്തെ കോർപ്പറേഷൻ ആക്കി മാറ്റാൻ ഇടയായ സാഹചര്യം എന്തായിരുന്നു എന്ന് വിശദമാക്കാമോ ;

(ബി) എന്തൊക്കെ ഗുണപരമായ മാറ്റങ്ങളാണ് കോർപ്പറേഷൻ ആകുന്നതു കൊണ്ട് ഉണ്ടാകുമെന്ന് കരുതിയിരുന്നത് ;

(സി) പ്രതീക്ഷിച്ച ഗുണപരമായ മാറ്റം ഇത്രയും കാലത്തിനിടയിൽ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ പ്രസ്തുത സ്ഥാപനത്തെ സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ആക്കുന്ന കാര്യം പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

<u>ഉത്തരം</u>

(എ&ബി) കേന്ദ്ര നിയമമായ RTC Act, 1950 വിഭാവനം ചെയ്തതിന് അനുസരണമായിട്ടാണ് 15-3-1965-ലെ വിജ്ഞാപനം പ്രകാരം സംസ്ഥാന ഗതാഗത വകുപ്പ്, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ എന്ന Statutory Corporation ആയി രൂപാന്തരപ്പെട്ടത്. ജനങ്ങൾക്ക് മികച്ചതും, കാര്യക്ഷമവും താരതമ്യേന ചെലവ് കുറഞ്ഞതുമായ യാത്രസൗകര്യം ഉറപ്പാക്കുന്നതിനു വേണ്ടിയാണ് ടി ആക്ട് പ്രകാരം കെ.എസ്.ആർ.ടി.സി. രൂപീകരിച്ചത്.

(സി) ഉണ്ട്. സംസ്ഥാനത്തെ ജനങ്ങൾക്ക് മിതമായ നിരക്കിൽ സ്റ്റേജ് ക്യാരേജ് സർവ്വീസുകൾ നടത്തി സഹായിക്കുന്നതിനും അവരെ സ്വകാര്യ മേഖലയുടെ ചൂഷണത്തിൽ നിന്നും തടഞ്ഞു നിർത്തുന്നതിനും കെഎസ്ആർടിസി-ക്ക് കഴിഞ്ഞിട്ടുണ്ട്. 912 ബസ്സുകളുമായി 1-4-1965-ൽ തുടങ്ങിയ ഈ പൊതുമേഖലാ സ്ഥാപനം ഇപ്പോൾ JnNURM ഉൾപ്പെടെ 6,108 ബസ്സുകളുമായി സംസ്ഥാനത്തുട നീളവും അന്തർ സംസ്ഥാന റൂട്ടുകളിലും സർവ്വീസ് നടത്തുന്നു. സംസ്ഥാനത്ത് സ്റ്റേജ് ക്യാരേജ് സർവ്വീസുകളുടെ എണ്ണത്തിൽ പടിപടിയായി ഉയർന്ന് ഇപ്പോൾ പൊതുഗതാഗത സംവിധാനത്തിന്റെ 30% കെ.എസ്.ആർ.ടി.സി.-യുടേതാണ്. സ്വകാര്യ മേഖല കടന്നു ചെല്ലാത്ത ലാഭകരമല്ലാത്ത റൂട്ടുകളിലും, ലാഭകരമല്ലാത്ത സമയങ്ങളിലും, ആദിവാസി മേഖലകൾ ഉൾപ്പെടെയുള്ള ദുഷ്കരവും ഒട്ടും ലാഭകരമല്ലാത്തതുമായ റൂട്ടുകളിലും കെ.എസ്.ആർ.ടി.സി. മാത്രമാണ് ജനങ്ങൾക്ക് ആശ്രയമായിട്ടുള്ളത്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

**കെ.എസ്.ആർ.ടി.സി.-യുടെ പ്രതിദിന നഷ്ടം**

**98 (454)** <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് ഇപ്പോൾ ഒരു ലിറ്റർ ഡീസൽ എത്ര രൂപയ്ക്കാണ് ലഭിക്കുന്നത് ;

(ബി) ഡീസൽവില വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പ്രതിദിനം കെ.എസ്.ആർ.ടി.സി.-ക്ക് എത്ര രൂപയുടെ നഷ്ടമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത് ;

(സി) കെ.എസ്.ആർ.ടി.സി.യെ സംരക്ഷിക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം നൽകുമോ ?

<u>ഉത്തരം</u>

(എ) 63 രൂപ 32 പൈസ.

(ബി) ഡീസൽ വില വർദ്ധനവ് ഉൾപ്പെടെ 3 കോടി 14 ലക്ഷം രൂപയാണ് പ്രതിദിന നഷ്ടം.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഡീസൽ പ്രതിസന്ധി ഉണ്ടായപ്പോൾ രണ്ട് മാസത്തെ അധിക ബാദ്ധ്യതയായ 28 കോടി രൂപ കെ.എസ്.ആർ.ടി.സി.-ക്ക് അനുവദിച്ചു. സ്പെഷ്യൽ പാക്കേജ് ഇനത്തിൽ 50 കോടി രൂപയും, മാർച്ച് മാസത്തിൽ 25 കോടി രൂപയും അനുവദിക്കുകയുണ്ടായി. ആധുനികവൽക്കരണത്തിന്റെ ഭാഗമായി പുതിയ ഇ. ടി.എം. മെഷീനുകൾ വാങ്ങുന്നതിനും ബസ്സുകളിൽ GPS സംവിധാനം ഒരുക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. ഡ്രൈവർമാർ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് നൽകുന്ന പ്രായോഗിക പരിശീലനം ബസ്സുകളുടെ ഇന്ധനക്ഷമത വർദ്ധിപ്പിക്കൽ, സ്പെയർ പാർട്സ്, ടയർ മുതലായവയുടെ ഉപഭോഗം കുറയ്ക്കുന്നത് തുടങ്ങിയ കാര്യങ്ങളിൽ സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. ഇതുമൂലം ചെലവിൽ കാര്യമായ കുറവുണ്ടാകുന്നതാണ്.

**കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം**

**99 (455)** ശ്രീമതി കെ. എസ്. സലീഖ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. റൂട്ടുകളിലെ സർവ്വീസ് ലാഭകരമല്ല എന്ന കാരണത്താൽ വൻതോതിൽ സർവ്വീസ് റദ്ദാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) നിലവിൽ കെ.എസ്.ആർ.ടി.സി.-ക്ക് എത്ര ജീവനക്കാരും, സർവ്വീസ് നടത്തുന്ന എത്ര ബസ്സുകളുമുണ്ട് ; പ്രതിദിനം എത്ര കിലോമീറ്റർ സർവ്വീസ് നടത്തുന്നുവെന്നും ഏകദേശം പ്രതിവർഷം എത്ര രൂപയുടെ നഷ്ടം വരുന്നുവെന്നും വ്യക്തമാക്കുമോ ;

(ഡി) 1989-ന് ശേഷം കെ.എസ്.ആർ.ടി.സി.ലാഭത്തിൽ ഓടിക്കൊണ്ടിരുന്ന ദീർഘദൂര റൂട്ടുകൾ ഒഴിവാക്കി അവിടെ സ്വകാര്യ ദീർഘദൂര പെർമിറ്റുകൾ അനുവദിച്ചു നൽകുകയുണ്ടായോ ;

(ഇ) എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി. നിലവിലുള്ള എത്ര ദീർഘദൂര റൂട്ടുകൾ റദ്ദാക്കി ; എത്ര സ്വകാര്യ ദീർഘദൂരപെർമിറ്റുകൾ അനുവദിച്ചു ; വിശദാംശം ലഭ്യമാക്കുമോ ;

(എഫ്) നിലവിൽ കെ.എസ്.ആർ.ടി.സി. എന്തുകൊണ്ടാണ് സ്വകാര്യ ദീർഘദൂര പെർമിറ്റുകൾക്കെതിരെ അപ്പീൽ പോകാത്തത് ; അപ്പീൽ പോകുന്ന കേസ്സുകളിൽ കെ.എസ്.ആർ.ടി.സി. നിരന്തരം പരാജയപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) മിടുക്കരായ പ്രൊഫഷണലുകളുടെ സേവനം ഇപ്പോൾ കെ.എസ്.ആർ.ടി.സി.-ക്ക് ലഭിക്കുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബസ്സിന്റെയും ജീവനക്കാരുടെയും കുറവ് കാരണം ചില ദിവസങ്ങളിൽ ചില സർവ്വീസുകൾ അയയ്ക്കുവാൻ കഴിയാറില്ല. ഇത്തരം സാഹചര്യങ്ങളിൽ തീരെ യാത്രക്കാർ കുറവുള്ള റൂട്ടുകളിലെ സർവ്വീസുകളാണ് സാധാരണഗതിയിൽ റദ്ദാക്കാറുള്ളത്.

(സി) കെ.എസ്.ആർ.ടി.സി.-യിൽ 30,132 സ്ഥിരം ജീവനക്കാരുണ്ട്. 314 JNNURM ബസ്സുകൾ ഉൾപ്പടെ 6,108 ബസ്സുകൾ ഉണ്ട്. പ്രതിദിനം ശരാശരി 15.4 ലക്ഷം കി.മീറ്റർ സർവ്വീസ് നടത്തുന്നുണ്ട്. 2011-12-ലെ കണക്കനുസരിച്ച് പ്രതിവർഷം 349.97 കോടി രൂപയാണ് നഷ്ടം വരുന്നത്.

(ഡി) കെ.എസ്.ആർ.ടി.സി. ലാഭത്തിൽ ഓടിക്കൊണ്ടിരുന്ന ദീർഘദൂര റൂട്ടുകൾ ഒന്നുംതന്നെ നിർത്തലാക്കിയിട്ടില്ല.

(ഇ) കെ.എസ്.ആർ.ടി.സി. ദീർഘദൂര റൂട്ടുകൾ ഒന്നുംതന്നെ നിർത്തലാക്കിയിട്ടില്ല.

(എഫ്) സ്വകാര്യ ബസ്സുകൾക്ക് ദീർഘദൂര പെർമിറ്റുകൾ നൽകിയ ആർ.ടി.എ.-കളുടെ നടപടികൾക്കെതിരെ കെ.എസ്.ആർ.ടി.സി ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയിൽ കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്.

(ജി) ഉണ്ട്. കെ.എസ്.ആർ.ടി.സി.-യിൽ മിഡിൽ ലെവൽ മാനേജ്മെന്റ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി അസിസ്റ്റന്റ് ട്രാൻസ്പോർട്ട് ഓഫീസർ/ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/അസിസ്റ്റൻറ് ഡിപ്പോ എഞ്ചിനീയർ എന്നീ തസ്തികകളിൽ നിയമനത്തിന് നിശ്ചയിച്ചിരുന്ന വിദ്യാഭ്യാസ യോഗ്യത ഉയർത്തി നിശ്ചിത ശതമാനം നേരിട്ട് നിയമനം നടത്താൻ നിശ്ചയിച്ചു കൊണ്ടുള്ള 2012-ലെ കെ.എസ്.ആർ.ടി.സി. റഗുലേഷൻസിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സമ്മർദ്ദിത പ്രകൃതി വാതകം**

**100 (456)** ശ്രീ. എളമരം കരീം :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. ബി. ഡി. ദേവസ്സി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സമ്മർദ്ദിത പ്രകൃതി വാതക ഇന്ധനം ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ ;

(ബി) സി.എൻ.ജി.-യിലേക്ക് മാറ്റുന്നതുമൂലമുള്ള പ്രയോജനം വിശകലനം ചെയ്തിട്ടുണ്ടോ ; എങ്കിൽ ഭൗതികവും സാമ്പത്തികവുമായ നേട്ടങ്ങളും അതിനു വേണ്ടിവരുന്ന നിക്ഷേപവും എത്രയെന്ന് വിശദമാക്കാമോ ;

(സി) സി.എൻ.ജി.-യിലേക്ക് മാറ്റാൻ അനുയോജ്യമായ എത്ര ബസ്സുകൾ നിലവിലുണ്ട് ; ബസ്സ് ഒന്നിന് എന്തു തുക ചെലവ് പ്രതീക്ഷിക്കുന്നു ; സി.എൻ.ജി.-യുടെ ലഭ്യതയും വിലയിലുണ്ടാവുന്ന മാറ്റങ്ങളും വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) നിലവിലുള്ള എത്ര ബസ്സുകൾ എത്ര സമയത്തിനകം ആകെ എന്തു ചെലവിൽ, സി.എൻ.ജി.-യിലേക്ക് മാറ്റാൻ സാധ്യമാകും ; ഇതിനാവശ്യമായ ഫണ്ട് ഏതെല്ലാം സ്രോതസ്സുകളിൽ നിന്ന് ലഭ്യമാകും ; അതുവരെ കെ.എസ്.ആർ.ടി.സി.-ക്ക് എല്ലാ സർവീസ്സുകളും ഓപ്പറേറ്റ് ചെയ്യാൻ സാധിക്കുംവിധം എന്തു സഹായമാണ് നൽകുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അന്തരീക്ഷ മലിനീകരണം വളരെ കുറയ്ക്കുന്നതാണ് പ്രധാന നേട്ടം. കെ.എസ്.ആർ.ടി.സി.-യിൽ 6000-നുമേൽ ബസ്സുകളുണ്ട്. സമതല പ്രദേശങ്ങളാണ് സി.എൻ.ജി ഉപയോഗിച്ചുള്ള ബസ്സുകൾ ഓടിക്കുന്നതിന് അനുയോജ്യം. കേരളത്തിൽ സമതലപ്രദേശങ്ങൾ കുറവായതിനാൽ എല്ലാ ബസ്സുകളും സി.എൻ.ജിയിലേക്ക് മാറ്റുന്നത് പ്രായോഗികമല്ല. കൂടാതെ, ഒരു ബസ് സി.എൻ.ജി.-യിലേക്ക് മാറ്റുന്നതിന് നാല് ലക്ഷം രൂപയോളം ചെലവ് വരും. മാറ്റം ചെയ്തതിന് ശേഷം 12 വർഷമെങ്കിലും ടി വാഹനം ഓടിച്ചാൽ മാത്രമേ മുടക്കു മുതൽ തിരിച്ചു കിട്ടുകയുള്ളൂ. ആയതിനാൽ മൂന്ന് വർഷത്തിൽ താഴെ പഴക്കമുള്ള ബസ്സുകൾ മാത്രമേ സി.എൻ.ജി യിലേക്ക് മാറ്റുവാൻ കഴിയൂ. സി.എൻ.ജി. നിലവിൽ കേരളത്തിൽ ലഭ്യമല്ല. ലഭ്യമായ വില വച്ച് സാമ്പത്തിക നേട്ടമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി&ഡി) സി.എൻ.ജി.-യിലേക്ക് മാറ്റുവാൻ അനുയോജ്യമായ 1,384 ബസ്സുകൾ നിലവിലുണ്ട്. സി.എൻ.ജിയിലേക്ക് മാറ്റുന്നതിന് ബസ്സൊന്നിന് നാല് ലക്ഷം രൂപ ചെലവ് വരും. കേരളത്തിൽ കൊച്ചിയിലാണ് സി.എൻ.ജി. പ്രാഥമികമായി ലഭ്യമാകുക. വിലയിലുണ്ടാകുന്ന മാറ്റത്തെകുറിച്ച് ഇപ്പോൾ പറയാൻ കഴിയില്ല. ബസ്സുകൾ മാറ്റുന്നതോടൊപ്പം തന്നെ സി.എൻ.ജി സ്റ്റേഷനുകളും സ്ഥാപിക്കേണ്ടതാണ്. ഇക്കാര്യങ്ങളിൽ കൃത്യമായ സമയ ദൈർഘ്യം ഇപ്പോൾ പറയാൻ കഴിയുന്നില്ല. ഫണ്ട് സംബന്ധിച്ച് തീരുമാനം എടുക്കേണ്ടതായിട്ടുണ്ട്. ഡീസൽ വില വർദ്ധനവ് ഉണ്ടായപ്പോൾ രണ്ട് മാസത്തെ അധിക ബാധ്യത കണക്കാക്കി 28 കോടി രൂപ അനുവദിച്ചു. സ്പെഷ്യൽ പാക്കേജായി 50 കോടി രൂപയും മാർച്ച് മാസത്തിൽ 25 കോടി രൂപയും കെ.എസ്.ആർ.ടി.സി.-ക്ക് അനുവദിച്ചു. കൂടാതെ സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നും മറ്റു സ്വകാര്യ പമ്പുകളിൽ നിന്നും വിപണി വിലയ്ക്ക് ഡീസൽ നിറയ്ക്കുന്നതിനെ സംബന്ധിച്ച് നിർദ്ദേശങ്ങൾ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സമിതി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ നടപടികൾ നടന്നുവരുന്നു.



LIBRARY ARCHIVES Kerala Legislative Assembly

## കെ.എസ്.ആർ.ടി.സി. ബസ്സുകളിലെ ഇന്ധനം

101 (457) ശ്രീ. കെ. അച്ചുതൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളിലെ ഇന്ധനം ഡീസലിൽ നിന്നും സിഎൻജി. ആക്കി മാറ്റുന്നതിന് പദ്ധതി രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(സി) ആയതിന്റെ നടത്തിപ്പിനായി എന്തെല്ലാം സഹായങ്ങളാണ് കേന്ദ്രം വാഗ്ദാനം ചെയ്തിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി രൂപീകരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

### ഉത്തരം

(എ) ഉണ്ട്.

(ബി) എല്ലാ ബസ്സുകളും സി.എൻ.ജി.യിലേക്ക് മാറ്റുന്നത് പ്രായോഗികമല്ല. കൂടാതെ, ഒരു ബസ് സി.എൻ.ജി.യിലേക്ക് മാറ്റുന്നതിന് നാല് ലക്ഷം രൂപയോളം ചെലവ് വരും. എന്നാൽ ഡീസൽ വിലയുമായി താരതമ്യം ചെയ്യുമ്പോൾ ഭാവിയിൽ ലാഭകരവും പരിസ്ഥിതി സൗഹൃദവുമാണ്. സി.എൻ.ജി.-യിലേക്ക് മാറ്റിയതിന് ശേഷം 12 വർഷമെങ്കിലും ടി വാഹനം ഓടിച്ചാൽ മാത്രമേ മുടക്കുമുതൽ തിരിച്ചു കിട്ടുകയുള്ളൂ. ആയതിനാൽ മൂന്ന് വർഷത്തിൽ താഴെ പഴക്കമുള്ള ബസ്സുകൾ മാത്രമേ സി.എൻ.ജി.-യിലേക്ക് മാറ്റുവാൻ കഴിയൂ.

(സി) ഈ പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്രത്തിൽനിന്നും യഥാസമയം സാമ്പത്തിക സഹായം പ്രതീക്ഷിക്കുന്നു.

(ഡി) കൊച്ചിയിലാണ് പ്രാഥമികമായി സി.എൻ.ജി. ലഭ്യമാക്കുക. കെ.എസ്.ആർ.ടി.സി.-യുടെ തേവരയിലുള്ള സ്ഥലത്ത് ഇതിനുള്ള സൗകര്യം ഒരുക്കുന്നതിന് പ്രാഥമിക പരിശോധന നടന്നുകഴിഞ്ഞു.

## കംപ്രസ്ഡ് നാച്വറൽ ഗ്യാസ് ഉപയോഗിച്ച് ബസ് ഓടിക്കൽ

102 (458) ശ്രീമതി കെ. എസ്. സലീഖ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡീസൽ വിലവർദ്ധനവിൽ നിന്നും കെ.എസ്.ആർ.ടി.സി.-യെ രക്ഷിക്കുവാൻ കംപ്രസ്ഡ് നാച്വറൽ ഗ്യാസ് (സി.എൻ.ജി.) ഉപയോഗിച്ച് ബസ് ഓടിക്കുമെന്ന പ്രഖ്യാപനത്തിന്മേൽ, ഇതിനായുള്ള പ്ലാന്റ് പൂർത്തിയാക്കാൻ എത്ര വർഷം വേണ്ടിവരുമെന്നാണ് കണക്കാക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതി ദീർഘകാലാടിസ്ഥാനത്തിൽ മാത്രം നടപ്പിലാക്കാൻ സാധിക്കുന്നതാണ് എന്ന് കരുതുന്നുണ്ടോ ;

(സി) പ്രസ്തുത പദ്ധതിമൂലം നിലവിലെ കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുവാൻ സാധിക്കുമെന്ന് കരുതുന്നുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ;

(ഡി) കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ കേന്ദ്ര സർക്കാരിന്മേൽ പ്രസ്തുത വിഷയങ്ങൾ അവതരിപ്പിച്ചിട്ടും യാതൊരുവിധ ധനസഹായവും അനുവദിച്ചിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഇ) മുൻ സർക്കാരിന്റെ പ്രസ്തുത നിർദ്ദേശം കേന്ദ്ര സർക്കാർ അംഗീകരിക്കുവാൻ തയ്യാറായാൽ കെ.എസ്.ആർ.ടി.സി.-ക്ക് ഈ ദുഃസ്ഥിതി ഇപ്പോൾ വരില്ലായിരുന്നുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(എഫ്) തമിഴ്നാട് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ബസുകൾ കേരളത്തിലെ സ്വകാര്യ പമ്പുകളിൽ നിന്ന് കുറഞ്ഞ വിലയ്ക്ക് ഇന്ധനം ശേഖരിച്ച് ഡീസൽ വില വർദ്ധനവുമൂലമുള്ള പ്രതിസന്ധി മറികടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതുമൂലം പ്രതിദിനം 65 ലക്ഷത്തോളം രൂപയാണ് തമിഴ്നാട് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ലാഭിക്കുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) നിലവിലെ കോർപ്പറേഷൻ പമ്പുകളിലെ ജീവനക്കാരെ ഉപയോഗിച്ച് കെ.എസ്.ആർ.ടി.സി.-ക്ക് സ്വകാര്യ പമ്പുകളിൽ നിന്നും ഡീസൽ അടിക്കുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) പുതിയ സംരംഭമായതിനാൽ കൃത്യമായ സമയ ദൈർഘ്യം കണക്കാക്കിയിട്ടില്ല.

(ബി) ഉണ്ട്.

(സി-ഇ) സി.എൻ.ജി ഇന്ധനമാക്കുന്നത് ഒരു പുതിയ സംരംഭമായതിനാൽ ബസ്സുകളുടെ ഓപ്പറേഷനിലുണ്ടാകുന്ന ലാഭനഷ്ടം ഇപ്പോൾ നിശ്ചയിക്കാനാകില്ല. കെഎസ്ആർടിസി-ക്ക് ഇപ്പോഴുണ്ടായ പ്രതിസന്ധി ഡീസലിന്റെ സബ്സിഡിയുമായി ബന്ധപ്പെട്ടതാകയാൽ കേന്ദ്ര പെട്രോളിയം മന്ത്രാലയത്തിന്റെ വാഗ്ദാനമനുസരിച്ചുള്ള 100 കോടി രൂപ ലഭ്യമാക്കി പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള ശ്രമം നടന്നു വരുന്നു.

(എഫ്) ഉണ്ട്. ലാഭത്തെ സംബന്ധിച്ച് കൃത്യമായ വിവരം ലഭ്യമല്ല.

(ജി) നിലവിൽ കോർപ്പറേഷൻ പമ്പുകളിലെ ജീവനക്കാരെ ഉപയോഗിച്ച് സ്വകാര്യ പമ്പുകളിൽ നിന്നും ഡീസൽ നിറയ്ക്കുന്ന കാര്യം പരിഗണനയിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് പ്രകൃതി വാതകം ഇന്ധനമായി ഉപയോഗിക്കുന്നതിനുള്ള നടപടി

103 (459) ശ്രീ. കെ. എൻ. എ. ഖാദർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് പ്രകൃതി വാതകം ഇന്ധനമായി ഉപയോഗിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ;

(ബി) പ്രകൃതി വാതകം ഇന്ധനമായി ഉപയോഗിക്കുന്നതു കൊണ്ടുള്ള നേട്ടങ്ങൾ എന്തൊക്കെയാണ് ;

(സി) പ്രസ്തുത മാറ്റങ്ങൾ പ്രാവർത്തികമാകാൻ എത്ര സമയം വേണ്ടി വരുമെന്നറിയിക്കുമോ ;

(ഡി) കേന്ദ്ര സർക്കാരിന്റെ ധനസഹായമായ നൂറ് കോടി രൂപ എപ്പോൾ ലഭിക്കുമെന്നറിയിക്കുമോ ;

(ഇ) ഇന്ധനം വാതകത്തിലേക്ക് മാറ്റുന്നതിനുള്ള സാങ്കേതിക സൗകര്യങ്ങൾ കേരളത്തിൽ എത്രത്തോളം ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(എഫ്) ഈ പ്രവൃത്തികൾ ചെയ്യുവാൻ എത്രമാത്രം സമയം ആവശ്യമായി വരുമെന്നത് സംബന്ധിച്ച് വ്യക്തമായ ഒരു വിശദീകരണം നൽകാമോ ?

ഉത്തരം

(എ) ഉണ്ട്. CNG കൊച്ചിയിലാണ് പ്രാഥമികമായി ലഭ്യമാകുക എന്നതിനാൽ കെ.എസ്.ആർ.ടി.സി.-യുടെ തേവരയിലുള്ള സ്ഥലത്ത് ഇതിനുള്ള സൗകര്യം ഒരുക്കുന്നതിന് പ്രാഥമിക പരിശോധന നടന്നുകഴിഞ്ഞു.

(ബി) അന്തരീക്ഷ മലിനീകരണം വളരെ കുറയ്ക്കുന്നു എന്നതാണ് പ്രധാന നേട്ടം.

(സി) ബസ്സുകൾ മാറ്റുന്നതോടൊപ്പംതന്നെ CNG സ്റ്റേഷനുകളും സ്ഥാപിക്കേണ്ടതുണ്ട്. ആയതിനാൽ കൃത്യമായ സമയദൈർഘ്യം ഇപ്പോൾ പറയാൻ കഴിയുന്നില്ല.

(ഡി) ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമായിട്ടില്ല.

(ഇ) ഇതിനുള്ള സൗകര്യങ്ങൾ ഒരുക്കി വരുന്നതേയുള്ളൂ.

(എഫ്) ഇപ്പോൾ വ്യക്തമായ വിശദീകരണം നൽകാൻ കഴിയില്ല.

## കെ.എസ്.ആർ.ടി.സി.-യുടെ പ്രതിദിന നഷ്ടം

104 (460) ശ്രീ. എസ്. ശർമ്മ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-ക്ക് പ്രതിദിനം ഉണ്ടായിക്കൊണ്ടിരിക്കുന്ന നഷ്ടം എത്ര തുകയാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഡീസൽ വില വർദ്ധനവിനെ തുടർന്ന് ഇപ്പോഴുള്ള പ്രതിദിന നഷ്ടം എത്രയാണ് ;

(സി) കെ.എസ്.ആർ.ടി.സി.-യെ നിലനിർത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രതിദിന നഷ്ടം ഏകദേശം 3 കോടി 14 ലക്ഷം രൂപയാണ്.

(ബി) ഏകദേശം 60 ലക്ഷം രൂപയാണ് ഡീസൽ വില വർദ്ധനവിനെ തുടർന്ന് പ്രതിദിന അധിക ബാധ്യത.

(സി) ഡീസൽ പ്രതിസന്ധി ഉണ്ടായപ്പോൾ രണ്ട് മാസത്തെ അധിക ബാദ്ധ്യതയായ 28 കോടി രൂപ കെ.എസ്.ആർ.ടി.സി.-ക്ക് അനുവദിച്ചു. സ്പെഷ്യൽ പാക്കേജ് ഇനത്തിൽ 50 കോടി രൂപയും, മാർച്ച് മാസത്തിൽ 25 കോടി രൂപയും അനുവദിക്കുകയുണ്ടായി. ആധുനികവൽക്കരണത്തിന്റെ ഭാഗമായി പുതിയ ഇ.ടി.എം. മെഷീനുകൾ വാങ്ങുന്നതിനും ബസ്സുകളിൽ GPS സംവിധാനം ഒരുക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ഡ്രൈവർമാർ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് നൽകുന്ന പ്രായോഗിക പരിശീലനം ബസ്സുകളുടെ ഇന്ധനക്ഷമത വർദ്ധിപ്പിക്കൽ, സ്പെയർ പാർട്സ്, ടയർ മുതലായവയുടെ ഉപഭോഗം കുറയ്ക്കുന്നത് തുടങ്ങിയ കാര്യങ്ങളിൽ സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുമൂലം ചെലവിൽ കാര്യമായ കുറവുണ്ടാകുന്നതാണ്.

**കെ.എസ്.ആർ.ടി.സി.-ക്ക് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽനിന്ന് ഡീസൽ**

**105 (461)** ശ്രീ. മുല്ലക്കര രത്നാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.റ്റി.സി. ക്ക് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നും ഡീസൽ വാങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) പ്രസ്തുത തീരുമാനം കൈക്കൊള്ളുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

**കെ.എസ്.ആർ.ടി.സി.-യിലെ ടി.ടി. സർവ്വീസ്**

**106 (462)** ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. തോമസ് ചാണ്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യുടെ "ടൗൺ ടു ടൗൺ" അഥവാ ടി.ടി. സർവ്വീസ് നഷ്ടത്തിലോടുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്റ്റോപ്പുകൾ കൂട്ടിയതിനാൽ കൃത്യ സമയത്ത് ലക്ഷ്യ സ്ഥാനത്ത് എത്താൻ സാധിക്കാത്തതാണ് ടി. ടി. സർവ്വീസിൽ യാത്രക്കാർ കുറഞ്ഞത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ടി. ടി. സർവ്വീസുകൾക്ക് കുറഞ്ഞ സ്റ്റോപ്പുകൾ മാത്രം നൽകി നിശ്ചിത സമയത്ത് ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരത്തക്ക രീതിയിൽ പുനഃക്രമീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സിയുടെ ടൗൺ ടു ടൗൺ സർവ്വീസുകൾ ലാഭവും നഷ്ടവുമില്ലാത്ത അവസ്ഥയിൽ നടത്തണമെങ്കിൽ പ്രതിദിനം 14,000 രൂപ വരുമാനം ലഭിക്കണമെന്നാണ് കണക്കാക്കിയിരിക്കുന്നത്. എല്ലാ ടൗൺ ടു ടൗൺ സർവ്വീസുകൾക്കും ഇത്രയും വരുമാനം ലഭിക്കാറില്ല. എന്നിരുന്നാലും യാത്രക്കാർക്ക് പ്രയോജനപ്രദമായ ടി സർവ്വീസുകൾ കെ.എസ്.ആർ.ടി.സി. മുടക്കമില്ലാതെ നടത്തിവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടുതലായി സ്റ്റോപ്പുകൾ അനുവദിക്കുന്നത് ടൗൺ ടു ടൗൺ സർവ്വീസുകളുടെ വിശ്വാസ്യതയ്ക്കും വരുമാനക്കുറവിനും കാരണമാകാറുണ്ട്. എന്നാൽ ജനപ്രതിനിധികളുടെയും സംഘടനകളുടെയും യാത്രക്കാരുടെയും നിരന്തരമായ ആവശ്യം മുൻനിർത്തിയാണ് ടി.ടി സർവ്വീസുകൾക്ക് കൂടുതലായി സ്റ്റോപ്പുകൾ അനുവദിച്ചുവരുന്നത്.

(സി) അനുവദിച്ച സ്റ്റോപ്പുകൾ എടുത്ത് മാറ്റുന്നത് യാത്രക്കാരുടെ ശക്തമായ എതിർപ്പിന് കാരണമാകുമെന്നതിനാൽ പുന:ക്രമീകരിക്കുവാൻ കഴിയുമെന്ന് കരുതുന്നില്ല.

**നിർത്തലാക്കിയ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ**

**107 (463)** <u>ശ്രീ. വി. ചെന്താമരാക്ഷൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കെ.എസ്.ആർ.ടി.സി. ബസ് സർവീസുകൾ നിർത്തലാക്കിയിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) കെ.എസ്.ആർ.ടി.സി.-യുടെ പൊതുകടം എത്ര കോടി രൂപയാണെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി സർവ്വീസുകളൊന്നുംതന്നെ നിർത്തലാക്കിയിട്ടില്ല. മാത്രവുമല്ല പുതിയതായി 303 സർവ്വീസുകൾ ആരംഭിച്ചിട്ടുമുണ്ട്.

(ബി) 2010-11 സാമ്പത്തിക വർഷത്തെ പൂർത്തിയാക്കിയ വാർഷിക കണക്ക് അനുസരിച്ച് 1,245.93 കോടി രൂപയാണ് പൊതുകടം.

LIBRARY ARCHIVES Kerala Legislative Assembly

## കെ.എസ്.ആർ.ടി.സി. ഷെഡ്യൂളുകൾ വെട്ടിക്കുറച്ച നടപടി

**108 (464)** ശ്രീ. കെ. വി. വിജയദാസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013 ജനുവരി, ഫെബ്രുവരി മാസങ്ങളിലായി എത്ര ഷെഡ്യൂളുകൾ കെ.എസ്.ആർ.ടി.സി. വെട്ടിക്കുറച്ചു ; ഇതിന്റെ ഫലമായി എന്തു തുക കെ.എസ്.ആർ.ടി.സി.-ക്ക് വരുമാനത്തിൽ കുറവ് വന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) നിലവിൽ എത്ര ഷെഡ്യൂളുകളാണ് കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റ് ചെയ്യുന്നത് ; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ; 2012 ജൂൺ മാസത്തിലെ കണക്ക് ജില്ല തിരിച്ച് നൽകുമോ ?

### ഉത്തരം

(എ) ഷെഡ്യൂളുകളൊന്നും തന്നെ വെട്ടികുറച്ചിട്ടില്ല.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

## ഡീസൽ വില വർദ്ധനവുമൂലം കെ.എസ്.ആർ.ടി.സി.-യിൽ ഉണ്ടായ പ്രതിസന്ധി

**109 (465)** ശ്രീ. കെ. രാധാകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡീസൽ വിലവർദ്ധനവുമൂലം കെ.എസ്.ആർ.ടി.സി.യുടെ പ്രതിദിന സാമ്പത്തിക ബാധ്യത എത്രയാണെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത സാമ്പത്തിക ബാദ്ധ്യത പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) കെ.എസ്.ആർ.ടി.സി. പൊതുമേഖലാ സ്ഥാപനമായതിനാലും ഗതാഗത സേവന മേഖലയിലെ ചുമതലയും പരിഗണിച്ച് കുറഞ്ഞ വിലയ്ക്ക് ഡീസൽ ലഭ്യമാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കാമോ ;

(ഇ) കുറഞ്ഞ വിലയ്ക്ക് കെ.എസ്.ആർ.ടി.സി. സപ്ലൈകോയിൽ നിന്ന് ഡീസൽ വാങ്ങാത്തതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ ?

### ഉത്തരം

(എ) ഡീസൽ വില വർദ്ധനവ് ഉൾപ്പെടെ കെ.എസ്.ആർ.ടി.സിയുടെ പ്രതിദിന സാമ്പത്തിക ബാദ്ധ്യത ഏകദേശം 3 കോടി 14 ലക്ഷം രൂപയാണ്. ഡീസൽ വില വർദ്ധനവുമൂലം മാത്രം പ്രതിദിന അധിക ബാദ്ധ്യത ഏകദേശം 60 ലക്ഷം രൂപയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത സാമ്പത്തിക ബാദ്ധ്യത പരിഹരിക്കുന്നതിന് രണ്ട് മാസത്തേക്കുള്ള സാമ്പത്തിക സഹായമായി 28 കോടി രൂപ അനുവദിച്ചു. സ്പെഷ്യൽ പാക്കേജ് ഇനത്തിൽ 50 കോടി രൂപയും, മാർച്ച് മാസത്തിൽ 25 കോടി രൂപയും കെ.എസ്.ആർ.ടി.സി.-ക്ക് അനുവദിച്ചു.

(സി&ഡി) വൻകിട ഉപഭോക്താവ് എന്ന നിലയിലുള്ള ഡീസൽ വില വർദ്ധനവിൽ നിന്നും കെ.എസ്.ആർ.ടി.സി.-യെ ഒഴിവാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) ഇപ്പോൾ സപ്ലൈകോയുടെ പമ്പുകൾവഴി കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് ഡീസൽ അടിക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

**ഡീസൽ വില വർദ്ധനവു കാരണം കെ.എസ്.ആർ.ടി.സി.-ക്കുള്ള അധിക ചെലവ്**

**110 (466).** ശ്രീ. എം. ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രസർക്കാർ കെ.എസ്.ആർ.ടി.സി.-യെ ഡീസലിന്റെ ബൾക്ക് പർച്ചേസർ എന്ന വിഭാഗത്തിൽപ്പെടുത്തിയതിനുശേഷം എത്ര രൂപയായാണ് കെ.എസ്.ആർ.ടി.സി.-ക്ക് നൽകുന്ന ഒരു ലിറ്റർ ഡീസലിന്റെ വിലയായി നിശ്ചയിച്ചിട്ടുള്ളത് ;

(ബി) പ്രസ്തുത വില പൊതു മാർക്കറ്റിലേതിനേക്കാൾ ലിറ്ററിന് എത്ര രൂപയാണ് കൂടുതലെന്ന് വ്യക്തമാക്കുമോ ;

(സി) വില വർദ്ധനവ് കാരണം കെ.എസ്.ആർ.ടി.സി.-ക്ക് ഒരു മാസം എത്ര രൂപയാണ് അധിക ചെലവ് വരുന്നത് ;

(ഡി) പ്രസ്തുത അധിക ചെലവ് നികത്തുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും സഹായം ലഭ്യമായിട്ടുണ്ടോ ;

(ഇ) എങ്കിൽ എത്ര രൂപയുടെ സഹായമാണ് ലഭ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 63 രൂപ 32 പൈസയാണ് ഒരു ലിറ്റർ ഡീസലിന് വിലയായി നിശ്ചയിച്ചിട്ടുള്ളത്.

(ബി) പൊതുമാർക്കറ്റ് വിലയെക്കാൾ ഒരു ലിറ്ററിന് 12 രൂപ 46 പൈസയാണ് കൂടുതൽ.

(സി) വിലവർദ്ധനവുമൂലം ഏകദേശം 18 കോടി രൂപയാണ് പ്രതിമാസം അധിക ചെലവ് വരുന്നത്.

(ഡി) അധിക ചെലവ് നികത്തുന്നതിനായി സംസ്ഥാന സർക്കാർ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) തുടക്കത്തിൽ രണ്ട് മാസത്തേക്കുള്ള സാമ്പത്തിക സഹായമായി 28 കോടി രൂപ അനുവദിച്ചു. കൂടാതെ സ്പെഷ്യൽ പാക്കേജ് ഇനത്തിൽ 50 കോടി രൂപയും മാർച്ച് മാസത്തിൽ 25 കോടി രൂപയും കെ.എസ്.ആർ.ടി.സി.-ക്ക് അനുവദിച്ചിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി. തൃശ്ശൂർ ജില്ലയിൽ റദ്ദാക്കിയ സർവ്വീസുകൾ**

**111 (467)** ശ്രീ. കെ. രാധാകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യിൽ ഡീസൽ വിലവർദ്ധനവുമൂലമുണ്ടായ പ്രതിസന്ധി കാരണം എത്ര ഷെഡ്യൂളുകൾ നിർത്തലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) തൃശ്ശൂർ ജില്ലയിൽ വിവിധ ഡിപ്പോകളിൽ നിന്നും ഏതെല്ലാം സർവ്വീസുകളാണ് നിർത്തലാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ ;

(സി) മെച്ചപ്പെട്ട കളക്ഷൻ ലഭിക്കുന്ന റൂട്ടുകളിൽ ഉൾപ്പെടെ സർവ്വീസ് നിറുത്തലാക്കിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ദേശസാൽകൃത റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. ബസുകളെ മാത്രം ആശ്രയിക്കുന്ന യാത്രക്കാർക്കുവേണ്ടി റദ്ദാക്കിയ ഷെഡ്യൂളുകൾ പുനഃസ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) ഡീസൽ വില വർദ്ധനയെത്തുടർന്നു സാമ്പത്തിക പ്രതിസന്ധി ഉണ്ടായിട്ടുണ്ടെങ്കിലും കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ഒന്നുംതന്നെ നിർത്തലാക്കിയിട്ടില്ല.

**കെ.എസ്.ആർ.ടി.സി. നേരിടുന്ന സാമ്പത്തിക പ്രതിസന്ധി**

**112 (468)** ശ്രീ. ബാബു എം. പാലിശ്ശേരി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകളാണ് സർവ്വീസ് നടത്തുന്നത് ;

(ബി) ഡീസൽ വില വർദ്ധിച്ചതുമൂലം എത്ര കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ നിർത്തലാക്കിയിട്ടുണ്ട് ;

(സി) കെ.എസ്.ആർ.ടി.സി.യുടെ ദിനംപ്രതിയുള്ള നഷ്ടം ശരാശരി എത്ര രൂപയാണ് ;

(ഡി) കെ.എസ്.ആർ.ടി.സി. നേരിടുന്ന പ്രതിസന്ധി ശാശ്വതമായി പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ?



LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) JnNURM പദ്ധതിയിൽപ്പെട്ട 314 ബസ്സുകൾ ഉൾപ്പടെ 6,107 ബസ്സുകളാണ് സർവ്വീസ് നടത്തുന്നത്.

(ബി) ഡീസൽ വില വർദ്ധിച്ചുവെങ്കിലും അതിന്റെ പേരിൽ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ഒന്നും തന്നെ നിർത്തലാക്കിയിട്ടില്ല.

(സി) ദിനം പ്രതിയുള്ള നഷ്ടം ഏകദേശം 3 കോടി 14 ലക്ഷം രൂപ.

(ഡി) ഡീസൽ പ്രതിസന്ധി ഉണ്ടായപ്പോൾ രണ്ട് മാസത്തെ അധിക ബാദ്ധ്യതയായ 28 കോടി രൂപ കെ.എസ്.ആർ.ടി.സി.-ക്ക് അനുവദിച്ചു. സ്പെഷ്യൽ പാക്കേജ് ഇനത്തിൽ 50 കോടി രൂപയും, മാർച്ച് മാസത്തിൽ 25 കോടി രൂപയും അനുവദിക്കുകയുണ്ടായി. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പമ്പുകളിൽ നിന്നും മറ്റ് സ്വകാര്യ പമ്പുകളിൽ നിന്നും വിപണി വിലയ്ക്ക് ഡീസൽ നിറയ്ക്കുന്നതിനെ സംബന്ധിച്ച് പഠിച്ച ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സമിതിയുടെ നിർദ്ദേശങ്ങൾ പരിഗണിച്ചു നടപ്പിലാക്കി വരികയാണ്.

**ഡീസൽ സബ്സിഡി നഷ്ടമായതു കാരണം കെ.എസ്.ആർ.ടി.സി.-ക്കുണ്ടായ അധിക ബാധ്യത**

**113 (469)** ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-ക്ക് ഡീസൽ സബ്സിഡി നഷ്ടമായതു കാരണം എന്തുതുക അധിക ബാധ്യത ഉണ്ടായി എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ബാധ്യത മൂലമുള്ള പ്രതിസന്ധി പരിഹരിക്കുവാൻ സർക്കാരിൽനിന്നും കെ.എസ്.ആർ.ടി.സി.-ക്ക് പ്രത്യേക സഹായം ലഭിച്ചിട്ടുണ്ടെങ്കിൽ അവ എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രതിസന്ധി മറികടക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) നിലവിൽ പ്രതിമാസം 18 കോടി രൂപയുടെ അധിക ബാദ്ധ്യതയാണ് ഉണ്ടാവുന്നത്.

(ബി) പ്രസ്തുത സാമ്പത്തിക ബാദ്ധ്യത പരിഹരിക്കുന്നതിന് രണ്ട് മാസത്തേക്കുള്ള സാമ്പത്തിക സഹായമായി 28 കോടി രൂപ സർക്കാർ അനുവദിച്ചു. കൂടാതെ സ്പെഷ്യൽ പാക്കേജ് ഇനത്തിൽ 50 കോടി രൂപയും മാർച്ച് മാസത്തിൽ 25 കോടി രൂപയും കെ.എസ്.ആർ.ടി.സി.-ക്ക് അനുവദിച്ചിട്ടുണ്ട്.

(സി) മേൽ വിവരിച്ച സാമ്പത്തിക സഹായം കൂടാതെ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പമ്പുകളിൽ നിന്നും മറ്റ് സ്വകാര്യ പമ്പുകളിൽ നിന്നും വിപണി വിലയ്ക്ക് ഡീസൽ നിറയ്ക്കുന്നതിനെ സംബന്ധിച്ച് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സമിതിയുടെ നിർദ്ദേശങ്ങൾ പരിഗണിച്ചു നടപ്പിലാക്കി വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

## മോട്ടോർ വാഹന വകുപ്പിലെ നികുതി കുടിശ്ശിക

114 (470) ശ്രീ. പാലോട് രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോട്ടോർ വാഹന വകുപ്പിലെ 2012 ഡിസംബർ 31 വരെയുള്ള നികുതി കുടിശ്ശിക എത്രയാണ് ;

(ബി) ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ജീവനക്കാരുടെ കുറവ് അനുഭവപ്പെടുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതിന്മേൽ എന്തുനടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) 715,39,36,289 രൂപയാണ് നികുതി കുടിശ്ശികയായി ഇപ്പോൾ കണക്കാക്കിയിട്ടുള്ളത്.

(ബി)

| | |
|---|---|
| തിരുവനന്തപുരം | 250722509 |
| കൊല്ലം | 149035179 |
| എറണാകുളം | 93533145 |
| ഇടുക്കി | 56123150 |
| കോട്ടയം | 14865575 |
| പത്തനംതിട്ട | 53758199 |
| ആലപ്പുഴ | 161650763 |
| തൃശ്ശൂർ | 256414900 |
| പാലക്കാട് | 258513974 |
| മലപ്പുറം | 208737643 |
| കോഴിക്കോട് | 174194947 |
| കാസർഗോഡ് | 22997496 |
| കണ്ണൂർ | 263854378 |
| വയനാട് | 24552290 |
| ആർ.ടി.ഓഫീസ്(എൻ.എസ്) | 5164932141 |
| ആകെ | 715,39,36,289 |

(സി&ഡി) ജീവനക്കാരുടെ അഭാവം നികുതി പിരിവിന്റെ കാര്യക്ഷമതയെ ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി 12-11-2011-ൽ മോട്ടോർ വാഹന വകുപ്പിൽ 56 അധിക തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് 17 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ രൂപീകരിക്കുകയും 9-10-2012-ലെ ഉത്തരവ് പ്രകാരം വകുപ്പിൽ 144 അധിക തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് 8 സബ് ആർ.ടി. ഓഫീസുകൾ ആരംഭിക്കാൻ തീരുമാനിക്കുകയും 22-2-2013-ലെ ഉത്തരവ് പ്രകാരം 55 മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികകൾ പുതിയതായി സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ നികുതി കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കാനായി ബുധനാഴ്ച ദിവസം ടാക്സേഷൻ ജോലികൾക്ക് കൂടുതൽ പ്രാധാന്യം നൽകിവരുന്നു. നികുതി പിരിവും വകുപ്പിന്റെ പ്രവർത്തനവും കൂടുതൽ കാര്യക്ഷമമാക്കാനായി കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചു വരികയാണ്.

## വാഹന രജിസ്ട്രേഷൻ എല്ലാ ആർ.ടി. ഓഫീസുകളിലും നടത്തുന്നതിനുള്ള സൗകര്യം

115 (471) ശ്രീ. മോൻസ് ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഹന രജിസ്ട്രേഷൻ ഏത് ആർ.ടി. ഓഫീസിലും നടത്തുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തുമോ ;

(ബി) എല്ലാ ആർ.ടി. ഓഫീസുകളിലും ടാക്സ് സ്വീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) പോസ്റ്റൽ സംവിധാനം പരിമിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) സംസ്ഥാനത്തെ ആർ.ടി. ഓഫീസുകൾ ബുധനാഴ്ച ദിവസങ്ങളിൽ പ്രവർത്തിക്കില്ല എന്ന ഉത്തരവിനെ കുറിച്ചുള്ള നിലപാട് വ്യക്തമാക്കാമോ ; പ്രസ്തുത ഉത്തരവ് പിൻവലിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഇ) ഡ്രൈവിംഗ് ടെസ്റ്റ് സംസ്ഥാനത്ത് എവിടെയും നടത്താനുള്ള സംവിധാനം ഏർപ്പെടുത്തുമോ ?

### ഉത്തരം

(എ) 1988-ലെ മോട്ടോർ വാഹന നിയമത്തിലെ 40-ാം വകുപ്പ് പ്രകാരം വാഹന ഉടമസ്ഥന്റെ വാസസ്ഥാനം അല്ലെങ്കിൽ ജോലിസ്ഥലം ഏത് രജിസ്റ്ററിംഗ് അതോറിറ്റിയുടെ അധികാര പരിധിയിലാണോ വരുന്നത് ആ ഓഫീസിൽ മാത്രമേ വാഹനം രജിസ്റ്റർ ചെയ്യുവാൻ സാധിക്കുകയുള്ളൂ. ആയതിനാൽ, വാഹന രജിസ്ട്രേഷൻ ഏത് ആർ.ടി. ഓഫീസിലും നടത്തുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തുവാൻ നിലവിലുള്ള നിയമപ്രകാരം സാധ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പുതുതായി രജിസ്റ്റർ ചെയ്യുന്ന വാഹനങ്ങൾ ഒഴികെയുള്ള എല്ലാ നോൺ ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും കേരളത്തിലെ ഏത് ആർ.ടി. ഓഫീസിൽ വേണമെങ്കിലും നികുതി അടയ്ക്കാവുന്നതാണ്. ട്രാൻസ്പോർട്ട് വാഹനങ്ങളുടെ നികുതി പ്രസ്തുത വാഹനം എൻഡോഴ്സ് ചെയ്തിട്ടുള്ളത് ഏത് ഓഫീസിന്റെ അധികാര പരിധിയിലാണോ ആ ഓഫീസിൽ മാത്രമേ ടാക്സ് അടയ്ക്കുവാൻ സാധിക്കുകയുള്ളൂ. സംസ്ഥാന വ്യാപകമായി ഇ-പേമെന്റ് ഫെസിലിറ്റി നിലവിൽ വരുന്നതോടുകൂടി നികുതി അടയ്ക്കുന്നതിനുള്ള ബുദ്ധിമുട്ട് ഒഴിവാകുന്നതാണ്.

(സി) നിലവിൽ ഫാസ്റ്റ് ട്രാക്ക് കൗണ്ടർവഴി രേഖകൾ സമർപ്പിച്ച് അന്നു തന്നെ സേവനം സ്വീകരിക്കുന്നതിനുള്ള അവസരം അപേക്ഷകർക്കുണ്ട്. മാത്രമല്ല, ഓഫീസിൽ നേരിട്ട് ഹാജരായി രേഖകൾ കൈമാറുന്നതിനുള്ള സംവിധാനവും അപേക്ഷകർക്ക് ലഭ്യമാണ്. മേൽ പറഞ്ഞ രീതികളിലൂടെ പോസ്റ്റൽ സംവിധാനം പരിമിതപ്പെടുത്തിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ ആർ.ടി. ഓഫീസുകൾ ബുധനാഴ്ച ദിവസങ്ങളിലും പ്രവർത്തിക്കുന്നുണ്ട്. മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകളിൽനിന്ന് നികുതി പിരിവിൽ വീഴ്ച വരാത്ത രീതിയിൽ ബുധനാഴ്ചകളിൽ മറ്റ് സേവനങ്ങളും ലഭ്യമാക്കാൻ ഗതാഗത കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ 4-7-2012 മുതൽ പൊതുജനങ്ങൾക്ക് അത്യാവശ്യ സേവനങ്ങൾ നൽകുന്നതിനായി ഫാസ്റ്റ് ട്രാക്ക് കൗണ്ടർ കൂടി പ്രവർത്തിപ്പിക്കുന്നതിന് ഗതാഗത കമ്മീഷണർ ബന്ധപ്പെട്ട എല്ലാപേർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) കേന്ദ്ര മോട്ടോർ വാഹന നിയമ പ്രകാരം അപേക്ഷകന്റെ സ്ഥിരം മേൽവിലാസം അല്ലെങ്കിൽ താത്കാലിക മേൽവിലാസം ഏത് ഓഫീസിന്റെ കീഴിലാണോ വരുന്നത് പ്രസ്തുത ഓഫീസിൽനിന്ന് മാത്രമേ ലൈസൻസ് അനുവദിക്കാൻ സാധിക്കുകയുള്ളു. അതിനാൽ ഡ്രൈവിംഗ് ടെസ്റ്റ് ടി ഓഫീസിന് കീഴിൽ മാത്രമേ നടത്താൻ സാധിക്കുകയുള്ളൂ.

**ട്രാഫിക് ബോധവൽക്കരണം**

**116 (472)** ശ്രീ. വി. എസ്. സുനിൽകുമാർ :
ശ്രീ. വി. ശശി :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ചിറ്റയം ഗോപകുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള റോഡ് സേഫ്റ്റി അതോറിറ്റി ട്രാഫിക് ബോധവൽക്കരണത്തിനായി എന്തെങ്കിലും പദ്ധതി നടപ്പാക്കുന്നുണ്ടോ ; എങ്കിൽ എന്തെല്ലാം ;

(ബി) ഇത്തരം ബോധവൽക്കരണ പദ്ധതികൾക്കായി കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ ചെലവഴിച്ച തുക എത്ര ; ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ ; ഓരോ ജില്ലയിലും ഏത് ഏജൻസി വഴിയാണ് തുക ചെലവഴിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ട്രാഫിക് ബോധവൽക്കരണവുമായി ബന്ധപ്പെട്ട് കേരള റോഡ് സുരക്ഷാ അതോറിറ്റി ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു :

1. റോഡ് സുരക്ഷയെ സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിലേക്കായി ടെലിവിഷൻവഴി ഫിലിമുകൾ സംപ്രേഷണം ചെയ്യുകയും എഫ്.എം റേഡിയോ മുഖേന ബോധവൽക്കരണ പരിപാടികൾ നടത്തി വരുകയും ചെയ്യുന്നു.

2. ദൃശ്യ-ശ്രാവ്യ, അച്ചടി മാധ്യമങ്ങൾ തുടങ്ങി സാധ്യമായ മുഴുവൻ മാധ്യമങ്ങളും ഉപയോഗിച്ചും റോഡ് സുരക്ഷയെപ്പറ്റി പൊതുജനങ്ങളെ ബോധവൽക്കരണം നടത്തി അച്ചടക്കമുള്ള ഒരു ട്രാഫിക് സംസ്കാരം രൂപപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു.

3. ടിപ്പർ ലോറി/ചരക്കു വാഹനം എന്നിവയുടെ ഡ്രൈവർമാർക്ക് നാറ്റ്പാക്ക്വഴി റോഡു സുരക്ഷ പരിശീലനം നൽകി വരുന്നു.

4. റോഡ് സുരക്ഷാ വാരം 2012-13-നോട് അനുബന്ധിച്ച് കേരളത്തിലെ എല്ലാ ഇലക്ട്രോണിക്സ്-അച്ചടി മാധ്യമങ്ങൾ വഴി റോഡ് സുരക്ഷ സന്ദേശങ്ങൾ ജനങ്ങളിലെത്തിക്കാൻ അതോറിറ്റി നടപടി സ്വീകരിച്ചിട്ടുണ്ട്. റോഡ് സുരക്ഷ ബോധവൽക്കരണം വ്യാപകമാക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ സാധ്യമാകുന്ന എല്ലാ സിനിമാ തീയേറ്ററുകളിലൂടെയും റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ഹ്രസ്വ ചിത്രങ്ങൾ സംപ്രേഷണം ചെയ്യുവാനും അതോറിറ്റി തീരുമാനിച്ചിട്ടുണ്ട്.

5. രാത്രികാല എയർപോർട്ട് യാത്രാഅപകടങ്ങൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി, രാത്രികാല സവാരി നടത്തുന്ന ഡ്രൈവർമാരെയും യാത്രക്കാരെയും ബോധവൽക്കരിക്കുന്നതിനായി അതോറിറ്റിയുടെ നേതൃത്വത്തിൽ അച്ചടിച്ച "Safe night driving" എന്ന ലീഫ് ലെറ്റുകൾ കേരളത്തിലെ മൂന്ന് അന്താരാഷ്ട്രാ വിമാനത്താവളങ്ങളുടെ പരിധിയിൽവരുന്ന റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ രാത്രികാലങ്ങളിൽ വിതരണം ചെയ്തുവരുന്നു.

6. വാഹന ഡ്രൈവർമാരെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി അതോറിറ്റിയുടെ നേതൃത്വത്തിൽ അച്ചടിച്ച 'റോഡ് റെഗുലേഷൻസ്' എന്ന ലീഫ് ലെറ്റുകൾ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ മുഖേന എല്ലാ ജില്ലകളിലും വിതരണം ചെയ്തു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

7. നാറ്റ്പാക് തയ്യാറാക്കിയ "സ്കൂളിലേക്കുള്ള സുരക്ഷിത പാത" എന്ന പുസ്തകത്തിന്റെയും അദ്ധ്യാപക പഠന സഹായി എന്ന പുസ്തകത്തിന്റെയും ഇംഗ്ലീഷ്, മലയാളം വാല്യങ്ങളുടെ കോപ്പികൾ അച്ചടിച്ച് സ്കൂൾ വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി പ്രസ്തുത പുസ്തകങ്ങൾ ആർ.ടി.ഒ.-മാർ മുഖേന കേരളത്തിലെ സ്കൂളുകളിൽ വിതരണം ചെയ്തു വരുന്നു.

8. സ്കൂൾ വിദ്യാർത്ഥികൾക്ക് റോഡ് സുരക്ഷ ബോധവൽക്കരണം നൽകുന്നതിന്റെ ഭാഗമായി നാറ്റ്പാക് തയ്യാറാക്കിയ അഞ്ച് റോഡ് സുരക്ഷ ഹ്രസ്വ ചിത്രങ്ങൾ കേരളത്തിലെ സ്കൂളുകളിൽ പ്രദർശിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

9. ജില്ലാ കളക്ടർ ചെയർമാനായിട്ടുള്ള ജില്ലാ റോഡ് കൗൺസിലുകൾവഴി ജില്ലാ തലത്തിൽ വിവിധ ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിനായി ഫണ്ട് അനുവദിച്ച് നൽകുകയും ചെയ്യുന്നുണ്ട്. (ഉള്ളടക്കം)*

(ബി) ട്രാഫിക് ബോധവൽക്കരണ പരിപാടികൾക്കായി കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷത്തിൽ ആകെ 18,48,90,725 രൂപ വിവിധ വകുപ്പുകൾ, ഏജൻസികൾ, മാധ്യമങ്ങൾ എന്നിവർക്ക് അനുവദിച്ചിട്ടുണ്ട്. ഓരോ ജില്ലയിലും ജില്ലാ കളക്ടർ ചെയർമാനായുള്ള ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾ വഴിയാണ് റോഡ് സുരക്ഷാ ബോധവൽക്കരണ പരിപാടികൾക്ക് തുക ചെലവഴിക്കുന്നത്. മേൽ കാലയളവുകളിൽ ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾക്ക് ആകെ 1,65,00,000 രൂപ വിവിധ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്.

അനുവദിച്ച തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു:

<u>ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ</u>

| | | |
|---|---|---|
| 1. | തിരുവനന്തപുരം | 15,00,000 |
| 2. | കൊല്ലം | 15,00,000 |
| 3. | പത്തനംതിട്ട | 10,00,000 |
| 4. | ആലപ്പുഴ | 10,00,000 |
| 5. | കോട്ടയം | 10,00,000 |
| 6. | ഇടുക്കി | 10,00,000 |
| 7. | എറണാകുളം | 15,00,000 |
| 8. | തൃശ്ശൂർ | 15,00,000 |
| 9. | പാലക്കാട് | 10,00,000 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

| | | |
|---|---|---|
| 10. | മലപ്പുറം | 10,00,000 |
| 11. | കോഴിക്കോട് | 15,00,000 |
| 12. | വയനാട് | 10,00,000 |
| 13. | കണ്ണൂർ | 10,00,000 |
| 14. | കാസർഗോഡ് | 10,00,000 |
| | ആകെ | 1,65,00,000 |

## വാഹനാപകടങ്ങൾ കുറയ്ക്കുന്നതിന് എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പങ്ക്

117.(473) ശ്രീ. പി. കെ. ബഷീർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഹനാപകടങ്ങൾ കുറച്ച് കൊണ്ടുവരുന്നതിന് എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതിനാവശ്യമായ ഉദ്യോഗസ്ഥരെ അടിയന്തരമായി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മോട്ടോർ വാഹന വകുപ്പിൽ നിലവിലുണ്ടായിരുന്ന എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾക്കുപുറമെ 12-12-2011-ൽ പുതിയ 17 സ്ക്വാഡുകൾ കൂടി അനുവദിച്ചുകൊണ്ട് എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 22-2-2013-ലെ സർക്കാർ ഉത്തരവ് പ്രകാരം 55 എം.വി.ഐ മാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കൂടുതൽ എ.എം.വി.ഐ. തസ്തികകൾ പുതുതായി സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുകയാണ്.

## ചാല ടാങ്കർ ലോറി ദുരന്തം

118 (474) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാല ടാങ്കർലോറി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ചീഫ് സെക്രട്ടറി വിളിച്ചുചേർത്ത യോഗത്തിലെ പ്രധാന തീരുമാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) മോട്ടോർ വാഹന വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തണമെന്ന പ്രസ്തുത യോഗതീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ആയതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദീകരിക്കുമോ ;

(ഡി) ചീഫ് സെക്രട്ടറി വിളിച്ചുചേർത്ത പ്രസ്തുത യോഗത്തിന്റെ മിനിട്സ്സിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ചാല ടാങ്കർ ലോറി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ 4-9-2012-ന് ചീഫ് സെക്രട്ടറി വിളിച്ചുചേർത്ത യോഗത്തിലെ തീരുമാനങ്ങളടങ്ങുന്ന നടപടിക്കുറിപ്പ് അനുബന്ധമായി വച്ചിരിക്കുന്നു.*

(ബി&സി) ടി യോഗത്തിൽ അത്തരത്തിൽ ഒരു തീരുമാനമെടുത്തിട്ടില്ല എന്നിരുന്നാലും മോട്ടോർ വാഹന വകുപ്പിൽ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിനായി നിലവിലുള്ള സ്ക്വാഡുകൾക്ക് പുറമെ 17 പുതിയ സ്ക്വാഡുകൾ കൂടി രൂപീകരിച്ചുകൊണ്ട് ഒരു എൻഫോഴ്സ്മെന്റ് വിംഗ് നിലവിൽ വന്നിട്ടുണ്ട്. ഇതിന് പുറമേ വകുപ്പിൽ കൂടുതൽ തസ്തികകൾ അനുവദിക്കുന്നകാര്യം പരിഗണനയിലാണ്.

(ഡി) പ്രസ്തുത യോഗ നടപടിക്കുറിപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്.*

**മോട്ടോർ വാഹന വകുപ്പിലെ നികുതി കുടിശ്ശിക**

119 (475) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോട്ടോർ വാഹന വകുപ്പിലെ നികുതി കുടിശ്ശിക പിരിച്ച് എടുക്കുന്നതിനും, വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനും കൂടുതൽ ജീവനക്കാരെ നിയമിച്ച് വകുപ്പിലെ എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തണം എന്ന് സി. ആന്റ് എ.ജി. തുടർച്ചയായി റിപ്പോർട്ട് നൽകിയിട്ടുണ്ടോ ;

(ബി) സി.ആന്റ് എ.ജി. റിപ്പോർട്ടിലെ ശുപാർശകൾ അനുസരിച്ച് മതിയായ ജീവനക്കാരെ നിയമിക്കാൻ ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) ഇല്ലായെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) മോട്ടോർ വാഹന വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുന്നതിനും എൻഫോഴ്സ്മെന്റ് നടപടികൾ ശക്തിപ്പെടുത്തുന്നതിനുമായി 12-12-2011-ലെ സർക്കാർ ഉത്തരവ് പ്രകാരം 56 തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് പുതുതായി 17 എൻഫോഴ്സ്മെന്റ് സ്ക്വാഡുകളും 9-10-2012-ലെ സർക്കാർ ഉത്തരവ് പ്രകാരം 144 തസ്തികകൾ പുതുതായി സൃഷ്ടിച്ചുകൊണ്ട് സബ് ആർ.ടി. ഓഫീസുകൾ ഇല്ലാതിരുന്ന 7 താലൂക്കുകളിലും കൂടാതെ ഉഴവൂരിലും പുതിയ സബ് ആർ.ടി ഓഫീസുകളും അനുവദിച്ചു. കൂടാതെ 22-2-2013-ലെ സർക്കാർ ഉത്തരവുപ്രകാരം 55 മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികകളും അനുവദിക്കുകയുണ്ടായി. കുറച്ചു തസ്തികകൾകൂടി സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചു വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പേഴ്സണൽ റാപ്പിഡ് ട്രാൻസിസ്റ്റ് സിസ്റ്റം

120 (476) ശ്രീ. വി. ശശി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗതാഗത സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരത്തും കോട്ടയത്തും ആരംഭിക്കുമെന്ന് പ്രഖ്യാപിച്ച പേഴ്സണൽ റാപ്പിഡ് ട്രാൻസിസ്റ്റ് സിസ്റ്റം ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ;

(ബി) പ്രസ്തുത പദ്ധതിക്കായി വകകൊള്ളിച്ച 25 ലക്ഷം രൂപ ഏതൊക്കെ പരിപാടികൾക്കാണ് നീക്കിവച്ചിട്ടുള്ളത് ; പ്രസ്തുത തുകയിൽ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ) ഗതാഗത സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം സിറ്റിയിലും കോട്ടയം ജില്ലയിലെ കോട്ടയം കടപ്പാട്ടൂർ-പാല-ഭരണങ്ങാനം. കോട്ടയം-എരുമേലി-പമ്പ എന്നീ സ്ഥലങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് പേഴ്സണൽ റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റം ആരംഭിക്കുന്നതിന് 14-2-2012-ൽ സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പേഴ്സണൽ റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റം നടപ്പിൽ വരുത്തുന്നതിനായി ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായി ഒരു കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം പദ്ധതിക്കായി നാറ്റ്പാക്കിനെ കൊണ്ട് വിശദമായി ട്രാഫിക് സ്റ്റഡി നടത്തിയ ശേഷം ടി പഠനത്തിന്റെയും വിശദമായ സാങ്കേതിക പഠനത്തിന്റെയും അടിസ്ഥാനത്തിൽ വിശദമായ സാധ്യതാ പഠന റിപ്പോർട്ട് ഇൻകെൽ സമർപ്പിച്ചിട്ടുണ്ട്. സർക്കാർ ഇത് പരിശോധിച്ച് വരുന്നു. കോട്ടയത്തെ പദ്ധതികൾക്കായുള്ള പ്രാരംഭ പഠനങ്ങൾ നടന്നുവരുന്നു.

(ബി) ബഡ്ജറ്റ് പ്രസംഗത്തിൽ ടി പദ്ധതിക്കായി 25 ലക്ഷം രൂപ വകയിരുത്തുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നെങ്കിലും 2012-13 സാമ്പത്തിക വർഷം ഉപധനാഭ്യർത്ഥനയിലൂടെ 1000 രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്.

## തൃശ്ശൂർ നഗരത്തിലെ ട്രാഫിക് പരിഷ്കരണം

121 (477) ശ്രീമതി. ഗീതാ ഗോപി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ നഗരത്തിൽ നിലവിൽ നടപ്പാക്കിയിട്ടുള്ള ട്രാഫിക് പരിഷ്കരണ നടപടികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത പരിഷ്കരണ നടപടികൾ ആവിഷ്കരിച്ച് നടപ്പാക്കുമ്പോൾ ജനപ്രതിനിധികളുമായി ചർച്ച ചെയ്തിരുന്നുവോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത ട്രാഫിക് പരിഷ്കരണത്തിലെ അപാകതകൾ സംബന്ധിച്ച് പരാതികളോ നിവേദനങ്ങളോ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അപാകതകൾ പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ; എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത പ്രശ്നം ചർച്ച ചെയ്യാൻ അടിയന്തരമായി ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചു ചേർക്കുമോ ?

ഉത്തരം

(എ) ഉണ്ട്; 15-11-2012-ൽ തൃശ്ശൂർ എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ തൃശ്ശൂർ മേയറുടെ സാന്നിദ്ധ്യത്തിൽ വിവിധ മേഖലയിലുള്ള രാഷ്ട്രീയ നേതാക്കളുടെയും ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ച് ചേർത്ത് ട്രാഫിക് പരിഷ്ക്കരണ നടപടികൾ ചർച്ച ചെയ്തിരുന്നു.

(ബി) ഉണ്ട്. അപാകതകൾ പരിഹരിക്കാൻ നടപടി സ്വീകരിച്ചു വരുന്നു. ബഹു. കേരള ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം 13-2-2013-ൽ സ്പെഷ്യൽ റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റി ബോർഡ് കൂടുകയും പുതുതായി ആവിഷ്ക്കരിച്ച ട്രാഫിക് പരിഷ്ക്കരണങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഒരു വിദഗ്ദ്ധ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. തൃശ്ശൂർ ആർ.ടി.ഒ. ചെർമാനായ ഈ കമ്മിറ്റിയിൽ തൃശ്ശൂർ സിറ്റി അസിസ്റ്റന്റ് പോലീസ് കമ്മീഷണർ (അഡ്മിനിസ്ട്രേഷൻ), തൃശ്ശൂർ ട്രാഫിക് പോലീസ് സബ് ഇൻസ്പെക്ടർ എന്നിവർ മെമ്പർമാരാണ്. കമ്മിറ്റിയുടെ റിപ്പോർട്ട് ജില്ലാ കളക്ടർക്ക് സമർപ്പിക്കുന്നതാണ്.

(സി) 2013 മാർച്ച് 18-ാം തീയതി രാവിലെ 11 മണിക്ക് മേയറുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുവാൻ തീരുമാനിച്ചിട്ടുണ്ട്.

## പ്രൈവറ്റ് ബസുകൾക്ക് സൂപ്പർഫാസ്റ്റ് ബസ് പെർമിറ്റ്

122 (478) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൈവറ്റ് ബസുകൾക്ക് സൂപ്പർഫാസ്റ്റ് ബസ് പെർമിറ്റ് നൽകുന്നതിന് പാലിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) മലപ്പുറം ജില്ലയിലെ കോട്ടയ്ക്കൽ, കുറ്റിപ്പുറം എന്നീ നഗരങ്ങളിലെ പ്രൈവറ്റ് ബസ്സ്റ്റാന്റുകളിൽ സൂപ്പർഫാസ്റ്റ് ബസുകൾക്ക് സ്റ്റോപ്പ് അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(സി) സ്വകാര്യ സൂപ്പർ ഫാസ്റ്റ് ബസ്സുകൾക്കും, ലിമിറ്റഡ് സ്റ്റോപ്പ് ബസ്സുകൾക്കും സ്റ്റോപ്പുകൾ അനുവദിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് പരിഗണിക്കുന്നത് ;

(ഡി) പ്രസ്തുത നിബന്ധനകൾ പാലിക്കാത്ത ബസ്സുടമകൾക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിയമാനുസൃതമായ അപേക്ഷകളിൻമേൽ 150 കി.മീറ്ററിനും 450 കി.മീറ്ററിനും ഇടയിൽ ദൈർഘ്യമുള്ള റൂട്ടുകളിൽ നിലവിലുള്ള സർക്കാർ വിജ്ഞാപനങ്ങൾക്കും 1988-ലെ മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 80, 1989-ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 2(യു സി), ചട്ടം 260 (എ) എന്നിവ പ്രകാരമാണ് സൂപ്പർ ഫാസ്റ്റ് ബസ്സുകൾക്ക് പെർമിറ്റ് നൽകുന്നത്. ഇങ്ങനെ കൊടുക്കുന്ന പെർമിറ്റ് അന്തർ ജില്ലാ പെർമിറ്റാണെങ്കിൽ അതാതു ആർ.ടി.എ.യുടെ പരിധിയിലെ റൂട്ട് ഭാഗങ്ങൾക്ക് അനുമതി ലഭിച്ചിരിക്കേണ്ടതാണ്. കേരള മോട്ടേർ വാഹന നിയമത്തിലെ റൂൾ 260 (എ) അനുസരിച്ച് സൂപ്പർ ഫാസ്റ്റ് പെർമിറ്റ് കൊടുക്കുന്ന ബസ്സുകൾക്ക് 5 വർഷത്തിലേറെ രജിസ്ട്രേഷൻ പഴക്കം ഉണ്ടാകുവാൻ പാടില്ല.

(ബി) ഉണ്ട്.

(സി) കേരള മോട്ടോർ വെഹിക്കിൾസ് റൂൾസിലെ റൂൾ 206 പ്രകാരം പൊതുജനങ്ങളുടെ സൗകര്യവും പ്രദേശത്തിന്റെ പ്രാധാന്യവും കണക്കിലെടുത്താണ് അതാത് ആർ.ടി.എ.-കൾ സ്റ്റോപ്പുകൾ അനുവദിക്കുന്നത്. സ്റ്റോപ്പുകൾ അനുവദിക്കുന്നതിനുള്ള അപേക്ഷ ലഭിക്കുന്ന മുറയ്ക്ക്, ടി സ്ഥലത്ത് സ്റ്റോപ്പ് ആവശ്യമാണോ എന്ന് മോട്ടോർ വാഹന വകുപ്പിലെ ഫീൽഡ് സ്റ്റാഫിനെ കൊണ്ട് അന്വേഷിപ്പിച്ച് പൊതുജനങ്ങൾക്ക് ഈ സ്റ്റോപ്പ് ആവശ്യമാണെന്നും പ്രസ്തുത സ്ഥലത്ത് സ്റ്റോപ്പ് വരുന്നത് അപകടകരമല്ലെന്നും ഉറപ്പാക്കിയ ശേഷം ആർ.ടി.എ. ബോർഡിൽ വച്ച് തീരുമാനമെടുക്കുന്നു.

(ഡി) പൊതുജനങ്ങളിൽ നിന്നോ ബന്ധപ്പെട്ടവരിൽ നിന്നോ പരാതികൾ ലഭിക്കുന്ന മുറയ്ക്ക് നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക വരുമാനം വർദ്ധിപ്പിക്കുവാൻ നടപടി

123 (479) ശ്രീ. സി. ദിവാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാർത്ഥികൾക്ക് ബസ് കൺസഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ കെ.എസ്.ആർ.ടി.സി. പരിഷ്കരിച്ചിട്ടുണ്ടോ ;

(ബി) സാമ്പത്തിക വരുമാനം വർദ്ധിപ്പിക്കുന്നതിനായി കെഎസ്ആർടിസി-യെ പുനഃസംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) കെ.എസ്.ആർ.ടി.സി.-യിൽ പെൻഷൻ വിതരണത്തിനായി സാമ്പത്തിക സഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) വിദ്യാർത്ഥികളുടെ കൺസഷൻ, വിവിധ വിഭാഗം യാത്രക്കാർക്ക് അനുവദിച്ചിട്ടുള്ള യാത്രാസൗജന്യം എന്നീ ഇനത്തിൽ പ്രതിവർഷം ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത എത്ര ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കൺസഷൻ യാത്ര അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾക്ക് പ്രയോജനപ്രദമാകുന്ന തരത്തിലുള്ള മാനദണ്ഡങ്ങൾ കോർപ്പറേഷൻ കാലാകാലങ്ങളിൽ നടപ്പിൽ വരുത്താറുണ്ട്. കൺസഷൻ കാർഡ് എടുക്കുന്നതിലേക്കായി വിദ്യാർത്ഥികൾ ക്ലാസ്സുകൾ നഷ്ടപ്പെടുത്തി വരുന്ന പ്രവണത ഒഴിവാക്കി, വിദ്യാർത്ഥി ചുമതലപ്പെടുത്താവുന്ന ഏതൊരാൾക്കും ബന്ധപ്പെട്ട രേഖകൾ സമർപ്പിച്ച് കൺസഷൻ കാർഡ് കരസ്ഥമാക്കാവുന്നതാണ്. അവധി ദിവസങ്ങൾ ഉൾപ്പെടെയുള്ള എല്ലാ ദിവസങ്ങളിലും കൺസഷൻ ടിക്കറ്റ് ഉപയോഗിച്ച് യാത്ര ചെയ്യാവുന്നതാണ്. അവധി ദിവസങ്ങളിൽകൂടി യാത്ര ചെയ്യാവുന്നതിനാൽ കൺസഷൻ ടിക്കറ്റിൽ അനുവദിച്ചിട്ടുള്ള യാത്രാദിവസം നേരത്തെ തീരുന്ന പക്ഷം കാലാവധി മാനദണ്ഡമാക്കാതെ കൺസഷൻ ടിക്കറ്റ് പുതുക്കുന്നതിനുള്ള അവസരം നടപ്പിൽ വരുത്തിയിട്ടുണ്ട്. കൂടാതെ വിദ്യാർത്ഥി പഠിക്കാൻ ഉദ്ദേശിക്കുന്ന പാഠ്യവിഷയമുള്ള പഠന സ്ഥാപനം നാൽപ്പത് കിലോമീറ്റർ പരിധിക്കുള്ളിൽ ഇല്ലായെങ്കിൽ ദൂരപരിധി കണക്കാക്കാതെ യാത്രാ സൗജന്യം അനുവദിക്കുന്നുണ്ട്.

(ബി) തൽക്കാലം പരിഗണനയിൽ ഇല്ല.

(സി) കെ.എസ്.ആർ.ടി.സി.-ക്ക് ഗ്രാന്റ് ഇനത്തിലും ലോൺ ഇനത്തിലും ഓരോ സാമ്പത്തിക വർഷവും സാമ്പത്തിക സഹായം അനുവദിക്കുന്നുണ്ട്. എന്നാൽ പെൻഷൻ വിതരണത്തിനായി പ്രത്യേക സാമ്പത്തിക സഹായം അനുവദിക്കുന്നകാര്യം തൽക്കാലം പരിഗണനയിലില്ല.

(ഡി) വിദ്യാർത്ഥികൾക്ക് കൺസഷൻ ടിക്കറ്റ് അനുവദിച്ച ഇനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം 50.43 കോടി രൂപയുടെ ബാദ്ധ്യതയുണ്ടായിട്ടുണ്ട്. സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായി വിവിധ ജനവിഭാഗങ്ങൾക്ക് യാത്രാ പാസ് അനുവദിക്കുന്ന ഇനത്തിൽ 93.34 കോടി രൂപയുടെ ബാധ്യതയും കെ.എസ്.ആർ.ടി.സി.-ക്ക് പ്രതിവർഷം ഉണ്ടാകുന്നുണ്ട്.

## ഉയർന്ന യാത്രാനിരക്ക്

124 (480) ശ്രീ. എസ്. രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാർ-ഉടുമൽപ്പേട്ട റൂട്ടിൽ സർവീസ് നടത്തുന്ന സരസ്വതി എന്ന തമിഴ്നാട് സ്വകാര്യ ബസ് യാത്രക്കാരോട് അനുവദനീയമായതിലും ഉയർന്ന യാത്രാ നിരക്ക് ഈടാക്കുന്നുവെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് ഇടുക്കി കളക്ടർക്ക് പരാതി ലഭിച്ചിട്ടുണ്ടോ ; പരാതിയിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്നതിന്റെ വിശദാംശം നൽകുമോ ;

(സി) സരസ്വതി ബസ്സ് ജീവനക്കാർ യാത്രക്കാരോട് അപമര്യാദയായി പെരുമാറുന്നു എന്ന പരാതിയിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു ;

(ഡി) മേൽ പരാതികളിന്മേൽ നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇടുക്കി ആർ.ടി.ഒ.-യിൽ ലഭിച്ച പരാതിയിൻമേൽ വിശദമായ അന്വേഷണം നേരിട്ട് നടത്തുകയും കേരളത്തിൽ കേരളാ ഗവൺമെന്റ് അംഗീകരിച്ച ചാർജ്ജ് മാത്രമേ വാങ്ങാവൂ എന്ന കർശന നിർദ്ദേശം നൽകുകയും അത് പാലിക്കുന്നുവെന്ന് ഉറപ്പു വരുത്തുകയും ചെയ്തിട്ടുണ്ട്.

(സി) പരാതി ലഭിച്ചിട്ടില്ല.

(ഡി) ബാധകമല്ല.

**ആലപ്പുഴ കെ.എസ്.ആർ.ടി.സി. ബസ്സ്റ്റേഷൻ ഗ്യാരേജിലെ പവർ കട്ട്**

125 (481) ശ്രീ. ജി. സുധാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ കെ.എസ്.ആർ.ടി.സി. ബസ്സ്റ്റേഷനിലെ ഗ്യാരേജിൽ പവർ കട്ട് സമയത്ത് പ്രകാശം ലഭിക്കുന്നതിന് മറ്റ് സംവിധാനങ്ങൾ ഒരുക്കിയിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പവർ കട്ട് സമയത്ത് ഗ്യാരേജിനുള്ളിൽ വെളിച്ചമില്ലാത്തതിനാൽ വാഹനങ്ങളുടെ പണികൾ ചെയ്യുന്നതിനിടയിൽ അപകടങ്ങൾ ഉണ്ടായതായുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പവർകട്ട് സമയത്ത് ഗ്യാരേജിനുള്ളിൽ വെളിച്ചം ലഭ്യമാക്കുന്നതിന് ജനറേറ്റർ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആലപ്പുഴ ബസ്സ്റ്റേഷനിലെ ഗ്യാരേജിൽ പവർകട്ട് സമയത്ത് പ്രകാശം ലഭിക്കുന്നതിന് സംവിധാനങ്ങൾ ഒന്നും കെ.എസ്.ആർ.ടി.സി ഒരുക്കിയിട്ടില്ല. എന്നാൽ ഗ്യാരേജിനോട് ചേർന്ന് പ്രവർത്തിക്കുന്ന ട്രാൻസ്പോർട്ട് ഡവലപ്പ്മെന്റ് സൊസൈറ്റി, ഗ്യാരേജിലേക്ക് അവരുടെ ജനറേറ്ററിൽ നിന്നും അത്യാവശ്യം വേണ്ടുന്ന രണ്ട് കണക്ഷനുകൾ നൽകിയിട്ടുണ്ട്.

(ബി) പവർകട്ട് സമയത്ത് ഗ്യാരേജിനുള്ളിൽ വച്ച് ഒരു മെക്കാനിക്കിനെ ബസ് ഇടിക്കുകയുണ്ടായി.

(സി) സ്വീകരിക്കുന്നതാണ്.

**നെടുമങ്ങാട് ബസ്സ്റ്റേഷൻ-കം-ഷോപ്പിംഗ് കോംപ്ലക്സ്**

126 (482) ശ്രീ. പാലോട് രവി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് കെ.എസ്.ആർ.ടി.സി. ബസ്സ്റ്റേഷൻ-കം-ഷോപ്പിംഗ് കോംപ്ലക്സിന്റെ അടങ്കൽ തുക എത്രയാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിന്റെ പ്ലാൻ നഗരസഭ അംഗീകരിച്ചത് എന്നാണ് ;

(സി) ടെൻഡർ ചെയ്ത തീയതി, പണി ആരംഭിച്ച തീയതി എന്നിവ അറിയിക്കുമോ ;

(ഡി) ഷോപ്പിംഗ് കോംപ്ലക്സിന്റെയും ബസ് സ്റ്റാന്റിന്റെയും ആകെ വിസ്തൃതി എത്രയാണ് ;

(ഇ) ഇതിന്റെ പണി എന്ന് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സിവിൽ വർക്കിന്റെ എസ്റ്റിമേറ്റ് തുക 7,99,50,000 രൂപ.

(ബി) ചീഫ് ടൗൺ പ്ലാനറുടെ ഓഫീസിൽ നിന്ന് 18-11-2011-ൽ അംഗീകാരം നഗരസഭയ്ക്ക് നൽകിക്കഴിഞ്ഞു. നഗരസഭയിൽ ഫീസടയ്ക്കുന്ന മുറയ്ക്ക് ഉടൻതന്നെ പെർമിറ്റ് ലഭിക്കുന്നതാണ്.

(സി) ടെൻഡർ ചെയ്ത തീയതി 19.12.2011, പണി ആരംഭിച്ച തീയതി 15-8-2012.

(ഡി) ഇതിന്റെ ആകെ വിസ്തൃതി 5,250 sq.m. ആണ്.

(ഇ) എഗ്രിമെന്റ് പ്രകാരം വേറെ സാങ്കേതികമായ തടസ്സങ്ങൾ ഇല്ലെങ്കിൽ 14-8-2014-ൽ സിവിൽ വർക്കുകൾ പൂർത്തിയാക്കും.

**വാഹനാപകടങ്ങൾ മൂലമുണ്ടായ നാശനഷ്ടങ്ങൾ**

**127 (483)** ശ്രീ. പി. കെ. ബഷീർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012 ജനുവരി 1 മുതൽ ഡിസംബർ 31 വരെ സംസ്ഥാനത്ത് ഉണ്ടായിട്ടുള്ള വാഹനാപകടങ്ങൾ എത്രയാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത അപകടങ്ങളിലായി മരണമടഞ്ഞവരെത്ര ; പരുക്കേറ്റവർ എത്ര ; വ്യക്തമാക്കുമോ ;

(സി) അപകടങ്ങളിൽ ഉൾപ്പെട്ട വാഹനങ്ങൾ ഇനംതിരിച്ച് വ്യക്തമാക്കുമോ ;

(ഡി) തന്മൂലം ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങളുടെ കണക്ക് ശേഖരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 36174.

(ബി) മരണമടഞ്ഞവർ-4286, പരിക്കേറ്റവർ-41915.

(സി) അപകടങ്ങളിൽ ഉൾപ്പെട്ട വാഹനങ്ങളുടെ ഇനം തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) നാശനഷ്ടങ്ങളുടെ കണക്ക് ലഭ്യമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## 2012-ലെ റോഡപകടങ്ങൾ

**128 (484)** ശ്രീ. പാലോട് രവി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2012 ജനുവരി 1 മുതൽ 2012 ഡിസംബർ 31 വരെയുണ്ടായ റോഡപകടങ്ങളുടെ എണ്ണം, മരണപ്പെട്ടവർ, ഗുരുതരമായി പരിക്കേറ്റവർ എന്നിവരുടെ എണ്ണം ഇനംതിരിച്ച് വ്യക്തമാക്കുമോ ;

(ബി) ആയതിന്റെ കണക്കുകൾ പരിശോധിക്കുന്നതിനും സൂക്ഷിക്കുന്നതിനും മോട്ടോർ വാഹന വകുപ്പിൽ നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ് ;

(സി) ഇവ കാര്യക്ഷമമായി പ്രവർത്തിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് അറിയിക്കുമോ ?

ഉത്തരം

| | | | |
|---|---|---|---|
| (എ) | റോഡപകടങ്ങളുടെ എണ്ണം | - | 36174 |
| | മരണപ്പെട്ടവരുടെ എണ്ണം | - | 4286 |
| | ഗുരുതരമായി പരിക്കേറ്റവരുടെ എണ്ണം | - | 26037 |

(ബി&സി) റോഡപകടങ്ങളുടെ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതും കണക്കുകൾ സൂക്ഷിക്കുന്നതും പോലീസ് വകുപ്പാണ്. മോട്ടോർ വാഹന വകുപ്പ് പ്രത്യേകമായി കണക്കുകൾ സൂക്ഷിക്കുന്നില്ല.

## ടിപ്പർ ലോറി അപകടം ഒഴിവാക്കുന്നതിന് നടപടി

**129 (485)** ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): താഴെക്കാണുന്ന ചോദ്യത്തിന് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് ടിപ്പർ ലോറി മുഖേന വ്യാപകമായിവരുന്ന അപകടം ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ ?

ഉത്തരം

സംസ്ഥാനത്ത് ഓടുന്ന ടിപ്പർ ലോറികൾ ഉൾപ്പെടെയുള്ള എല്ലാ ഹെവി ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും, AIS:018 സ്റ്റാൻഡേർഡിലുള്ള സ്പീഡ് ഗവർണർ നിർബന്ധമാക്കിക്കൊണ്ട് 29-7-2006-ലെ SRO നം. 568/06 പ്രകാരം സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ടിപ്പർ ലോറികൾ മൂലമുണ്ടാകുന്ന അപകടങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യം കണക്കിലെടുത്ത്, 1988-ലെ മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 115-ൽ നിക്ഷിപ്തമായ അധികാരമുപയോഗിച്ച് സംസ്ഥാനത്തുടനീളം രാവിലെ 8 മണി മുതൽ 10 മണി വരെയും വൈകിട്ട് 3 മണി മുതൽ 5 മണി വരെയും ടിപ്പർ ലോറികൾ ഓടുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ട് 15-12-2012-ലെ SRO നം. 864/12 പ്രകാരം സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## പുതിയ ഷോപ്പിംഗ് കോംപ്ലക്സുകൾ

**130 (486)** ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യുടെ കീഴിൽ എത്ര ഷോപ്പിംഗ് കോംപ്ലക്സുകൾ ഉണ്ട് ;

(ബി) സൗകര്യപ്രദവും കോർപ്പറേഷന് വരുമാന സാധ്യതയുള്ളതുമായ സ്ഥലങ്ങളിൽ പുതുതായി കോംപ്ലക്സുകൾ സ്ഥാപിക്കുന്നതിന് ആലോചിക്കുന്നുണ്ടോ ;

(സി) താമരശ്ശേരി ഡിപ്പോയോട് ചേർന്ന് ഷോപ്പിംഗ് കോംപ്ലക്സ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി സ്വന്തമായി നിർമ്മിച്ച ഷോപ്പിംഗ് കോംപ്ലക്സുകളിൽ കാസർഗോഡ്, കൊട്ടാരക്കര, കാട്ടാക്കട എന്നിവിടങ്ങളിൽ പണി പൂർത്തീകരിച്ച് പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. ബി.ഒ.ടി അടിസ്ഥാനത്തിൽ അങ്കമാലി കോഴിക്കോട്, തിരുവനന്തപുരം സെൻട്രൽ, തിരുവല്ല എന്നീ സ്ഥലങ്ങളിൽ കെ.റ്റി.ഡി.എഫ്.സി നിർമ്മാണം നടത്തി വരുന്നു. ഇതിൽ അങ്കമാലിയുടെ ഉദ്ഘാടനം 2011 ജനുവരി 19-ന് കഴിഞ്ഞു. കെ.എസ്.ആർ.ടി.സി സ്വന്തമായി നെടുമങ്ങാട്, തൊടുപുഴ, നെയ്യാറ്റിൻകര എന്നിവിടങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ആലോചനയിലുണ്ട്. ഘട്ടംഘട്ടമായി പരിഗണിക്കുന്നതാണ്.

(സി) താമരശ്ശേരി ഡിപ്പോയോടുചേർന്ന് ഒരു ഷോപ്പിംഗ് കോംപ്ലക്സ് തുടങ്ങുന്നതിനായുള്ള സ്ഥല പരിമിതി കണക്കിലെടുത്ത് അവിടെ ഇപ്പോൾ നിർമ്മാണം തുടങ്ങാൻ കഴിയില്ല. പുതിയതായി സ്ഥലം ലഭിക്കുകയാണെങ്കിൽ പരിഗണിക്കുന്നതായിരിക്കും.

## കാസർഗോഡ് മോട്ടോർ വെഹിക്കിൾ കോംപ്ലക്സ്

**131 (487)** ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ മോട്ടോർ വാഹന വകുപ്പിനു കീഴിൽ മോട്ടോർ വെഹിക്കിൾ കോംപ്ലക്സ് സ്ഥാപിക്കാൻ ഉദ്ദേശ്യമുണ്ടോ ; ഇതിനു എത്ര സ്ഥലം ആവശ്യമുണ്ട് ; ആയതിനുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ടോ ;

(ബി) സി.എഫ്. ടെസ്റ്റ്, ഡ്രൈവിംഗ് ടെസ്റ്റ്, വാഹന രജിസ്ട്രേഷൻ തുടങ്ങിയ ആവശ്യങ്ങൾക്കുള്ള കാസർഗോഡ് ആർ.ടി.ഒ. ഓഫീസിലുള്ള സൗകര്യം പര്യാപ്തമാണോ ; ഇല്ലെങ്കിൽ കൂടുതലായി എന്തൊക്കെ സൗകര്യങ്ങളും സംവിധാനങ്ങളുമാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ?



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ മോട്ടോർ വാഹനവകുപ്പിന് കീഴിൽ മോട്ടോർ വെഹിക്കിൾസ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായുള്ള ഒരു നിർദ്ദേശം സർക്കാരിന്റെ പരിശോധനയിലാണ്. ഇതിന് 40 ഏക്കർ (നാൽപ്പത് ഏക്കർ) സ്ഥലം ആവശ്യമുള്ളതായി കണക്കാക്കിയിട്ടുണ്ട്. പ്രസ്തുത 40 ഏക്കർ സ്ഥലം കാസർഗോഡ് ജില്ലയിൽ അമ്പലത്തറ വില്ലേജിൽ കണ്ടെത്തിയതായി കളക്ടർ അറിയിച്ചിട്ടുണ്ട്.

(ബി) സ്ഥലസൗകര്യം പര്യാപ്തമല്ല. ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് അധിക സ്ഥലം ആവശ്യമായതിനാൽ കാസർഗോഡ് ആർ.ടി. ഓഫീസിനോട് ചേർന്ന് പുതിയ കെട്ടിടം പണിയുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ സി.എഫ്. ടെസ്റ്റ്, ഡ്രൈവിംഗ് ടെസ്റ്റ്, വാഹന രജിസ്ട്രേഷൻ എന്നിവ സുഗമമായി നടത്തുന്നതിലേക്ക് കാസർഗോഡ് ജില്ലയിൽ കണ്ട്ലു വില്ലേജിൽ റീ-സർവ്വേ നമ്പർ 382/1-ൽപ്പെട്ട 0.44 ഏക്കർ ഭൂമി മോട്ടോർ വാഹന വകുപ്പിന് കൈമാറി നൽകുവാൻ ലാന്റ് റവന്യൂ കമ്മീഷണർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

**കാസർഗോഡ് ജില്ലയിൽ കെ.എസ്.ആർ.ടി.സി. റദ്ദുചെയ്ത സർവ്വീസുകൾ**

132 (488) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡീസൽ വിലവർദ്ധനയെത്തുടർന്നുള്ള പ്രതിസന്ധിമൂലം കാസർഗോഡ് ജില്ലയിൽ എത്ര കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ റദ്ദ് ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ബി) ഏതൊക്കെ റൂട്ടുകളിൽ ഏതൊക്കെ സർവ്വീസുകളാണ് ഇപ്രകാരം റദ്ദുചെയ്തിട്ടുള്ളത് ; വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ഡീസൽ വില വർദ്ധനയെത്തുടർന്ന് പ്രതിസന്ധി ഉണ്ടായിട്ടുണ്ടെങ്കിലും കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ഒന്നുംതന്നെ നിർത്തലാക്കിയിട്ടില്ല.

**കുണ്ടുമണിൽ ബസ് സ്റ്റോപ്പ് അനുവദിക്കുന്നതിനുള്ള നടപടികൾ**

133 (489) ശ്രീ. എം. എ. ബേബി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം-കുളത്തുപ്പുഴ വേണാട് ബസ് സർവ്വീസിന് കുണ്ടുമണിൽ സ്റ്റോപ്പ് അനുവദിക്കുന്നതിനുള്ള എം. എൽ. എ.-യുടെ നിവേദനത്തിന്മേൽ ആയത് അനുവദിച്ചുകൊണ്ടുള്ള വകുപ്പുമന്ത്രിയുടെ ഉത്തരവ് നടപ്പാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വകുപ്പുമന്ത്രിയുടെ ഉത്തരവ് നടപ്പിലാക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ;

(സി) വകുപ്പുമന്ത്രിയുടെ ഉത്തരവ് നടപ്പാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) കുണ്ടുമണ്ണിൽ വേണാട് ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കണമെന്നും കൊട്ടാരക്കര-പെരുമ്പുഴ, ആർ.എസ്.എം.എച്ച്.എസ്-ഞെട്ടയിൽ കൂനമ്പായിക്കുളം-സിവിൽസ്റ്റേഷൻവഴി ഒരു ഷെഡ്യൂൾ അനുവദിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ബഹു.എം.എൽ.എ. നൽകിയ കത്തിൻമേൽ സർവ്വീസിന്റെ കാര്യം ശബരിമല സീസണിനുശേഷം പരിഗണിക്കുവാൻ ബഹു.ഗതാഗത വകുപ്പുമന്ത്രി നിർദ്ദേശിച്ചിരുന്നു. അതിൻപ്രകാരം നിലവിലുള്ള ഒരു ഷെഡ്യൂൾ പുനഃക്രമീകരിച്ച് ടി റൂട്ടിലൂടെ സർവ്വീസ് ആരംഭിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. കൊല്ലം-കുളത്തൂപ്പുഴ വേണാട് ബസ് സർവ്വീസിന് കുണ്ടുമണ്ണിൽ സ്റ്റോപ്പ് അനുവദിക്കണമെന്ന ആവശ്യം സംബന്ധിച്ച് സാധ്യതാ പഠനം നടത്തുകയുണ്ടായി. കൊല്ലം-കുളത്തൂപ്പുഴ ചെയിൻ സർവ്വീസിന്റെ പ്രധാന ആകർഷണീയതയും സ്വീകാര്യതയും സ്റ്റോപ്പുകൾ കുറച്ചുകൊണ്ടുള്ള ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി എന്നതാണ്. ഈ ചെയിൻ സർവ്വീസിന് കൂടുതൽ സ്റ്റോപ്പുകൾ അനുവദിക്കുന്നത് അതിന്റെ വിശ്വാസ്യത നഷ്ടപ്പെടുത്തുവാൻ ഇടവരുന്നതാണ്. അതുകൊണ്ടാണ് കുണ്ടുമൺ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ കൂടുതൽ സ്റ്റോപ്പുകൾക്ക് വേണ്ടിയുള്ള ആവശ്യം പരിഗണിക്കുവാൻ കഴിയാതിരിക്കുന്നതിന് കാരണം.

**ഡീസൽ വില വർദ്ധനവിനെ തുടർന്ന് റദ്ദുചെയ്ത സർവ്വീസുകൾ**

134 (490) ശ്രീ. ബി. ഡി. ദേവസ്സി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡീസൽ വിലവർദ്ധനവിന്റെ ഭാഗമായി തൃശ്ശൂർ ജില്ലയിൽ വ്യാപകമായി സർവ്വീസുകൾ നിർത്തലാക്കിയതുമൂലം ജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിന്റെ ഭാഗമായി ചാലക്കുടിയിൽ കെ.എസ്.ആർ.ടി.സി. എത്ര സർവ്വീസുകൾ നിർത്തലാക്കി എന്ന് വ്യക്തമാക്കാമോ ;

(സി) നിർത്തലാക്കിയ സർവ്വീസുകൾ പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) ഡീസൽ വില വർദ്ധനവിനെത്തുടർന്ന് പ്രതിസന്ധി ഉണ്ടായിട്ടുണ്ടെങ്കിലും കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ഒന്നുംതന്നെ നിർത്തലാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

## ആറ്റിങ്ങൽ, കിളിമാനൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലെ സർവ്വീസ് റദ്ദാക്കൽ

135 (491) ശ്രീ. ബി. സത്യൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-ക്ക് ലഭിക്കുന്ന ഡീസലിന്റെ വില ഉയർത്തിയ ശേഷം ആറ്റിങ്ങൽ, കിളിമാനൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലായി ആകെ എത്ര ഷെഡ്യൂളുകളും സർവ്വീസുകളും നിർത്തലാക്കിയിട്ടുണ്ടെന്നത് റൂട്ടുകൾ സഹിതം വിശദമാക്കുമോ ;

(ബി) ഇതുകാരണം പ്രസ്തുത പ്രദേശത്തെ യാത്രക്കാർ ബുദ്ധിമുട്ട് അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ&ബി) ഡീസൽ വില വർദ്ധനവിനെത്തുടർന്ന് പ്രതിസന്ധി ഉണ്ടായിട്ടുണ്ടെങ്കിലും കെ.എസ്.ആർ.ടി.സി സർവ്വീസുകൾ ഒന്നും തന്നെ നിർത്തലാക്കിയിട്ടില്ല. ഇക്കാരണത്താൽ യാത്രക്കാർക്ക് ബുദ്ധിമുട്ടുകൾ എന്തെങ്കിലും ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## പെരിയാട്ടടുക്കത്ത് ടൗൺ ടു ടൗൺ ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കൽ

136 (492) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പെരിയാട്ടടുക്കത്ത് ടൗൺ ടു ടൗൺ ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) ഈ ആവശ്യത്തിനായി സ്ഥലം എം.എൽ.എ. നല്കിയ പരാതിയിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ പെരിയാട്ടടുക്കത്ത് ടൗൺ ടു ടൗൺ ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിച്ചിട്ടില്ല.

(ബി) ബഹു.എം.എൽ.എ യുടെ കത്തിലെ ആവശ്യത്തിൻമേൽ സാധ്യതാ പഠനം നടത്തുകയുണ്ടായി. ഇപ്പോൾത്തന്നെ ഈ ടൗൺ ടു ടൗൺ സർവ്വീസുകൾക്ക് 34 സ്റ്റോപ്പുകൾ അനുവദിക്കപ്പെട്ടിട്ടുണ്ട്. ഇനിയും പുതിയ സ്റ്റോപ്പുകൾ അനുവദിക്കണമെന്ന ആവശ്യം വിവിധ കേന്ദ്രങ്ങളിൽ നിന്നും ഉയർന്നു വരികയാണ്. കൂടുതൽ സ്റ്റോപ്പുകൾ അനുവദിക്കുന്നതുമൂലം ഈ സർവ്വീസുകളുടെ വിശ്വസ്യത നഷ്ടപ്പെടുവാനും അതോടൊപ്പം ദീർഘദൂര യാത്രക്കാർ ഒഴിവാകുവാനും സാധ്യതയുണ്ട്. മാത്രവുമല്ല പെരിയാട്ടടുക്കം സ്റ്റോപ്പിന് സമീപത്തായി സർക്കാർ ഓഫീസുകളോ വിദ്യാഭ്യാസ സ്ഥാപനങ്ങളോ ഒന്നും തന്നെയില്ല. ടൗൺ ടു ടൗൺ സർവ്വീസുകൾക്ക് സ്റ്റോപ്പ് അനുവദിക്കുന്നതിനുള്ള പ്രാധാന്യം ഈ സ്ഥലത്തിന് ഇല്ലാത്തതിനാൽ ഈ ആവശ്യം ഇപ്പോൾ പരിഗണിക്കുവാൻ കഴിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

## നെടുംകണ്ടത്ത് കെ.എസ്.ആർ.ടി.സി. ഡിപ്പോ

**137 (493)** ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുംകണ്ടത്ത് കെ.എസ്.ആർ.ടി.സി. ഡിപ്പോ അനുവദിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സ്ഥലം കണ്ടെത്തി നൽകിയിട്ടുണ്ടോ ;

(ബി) നെടുംകണ്ടത്ത് ഡിപ്പോ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം നൽകാമോ ?

ഉത്തരം

(എ&ബി) നെടുംകണ്ടത്ത് കെ.എസ്.ആർ.ടി.സി ഡിപ്പോയ്ക്കായി 99 സെന്റ് സ്ഥലം നെടുംകണ്ടം ഗ്രാമപഞ്ചായത്ത് മാറ്റിവച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലം നെടുംകണ്ടം-മൂന്നാർ റൂട്ടിൽ പഞ്ചായത്ത് സ്റ്റാൻഡിൽനിന്നും 300 മീറ്റർ അകലെയും, നെടുംകണ്ടം ടൗണിലുള്ള പച്ചടിക്കവലയിൽ നിന്നും ഉദ്ദേശം 450 മീറ്റർ അകലെ ചെമ്പൻകുഴി എന്ന സ്ഥലത്താണ്. ഇവിടെ ഡിപ്പോ തുടങ്ങുന്നതിനാവശ്യമായ സൗകര്യം ഒരുക്കിത്തരാമെന്ന് ഗ്രാമപഞ്ചായത്ത് സമ്മതിച്ചിട്ടുണ്ട്. എന്നാൽ കെ.എസ്.ആർ.ടി.സിയുടെ ഒരു ഓപ്പറേറ്റിംഗ് സെന്റർ ഇവിടെ ആരംഭിക്കുന്നതിനുള്ള സാധ്യതാ പഠനം നടത്തിയിട്ടില്ല. അത്തരത്തിലൊരു പഠനം നടത്തിയതിനുശേഷം മാത്രമേ ഇവിടെ ഒരു ഓപ്പറേറ്റിംഗ് സെന്റർ തുടങ്ങുന്നതിന് യാത്രക്കാർക്ക് പ്രയോജനപ്രദവും കോർപ്പറേഷന് ഗുണകരവുമാകുമോയെന്ന് അറിയുവാൻ കഴിയുകയുള്ളു.

## കൊല്ലം-കേരളപുരം പെരുമ്പുഴ-കുളത്തൂപ്പുഴ റൂട്ടിൽ ബസ് സർവ്വീസ് ആരംഭിക്കുവാൻ നടപടി

**138 (494)** ശ്രീ. എം. എ. ബേബി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം-കേരളപുരം പെരുമ്പുഴ-കുളത്തൂപ്പുഴ റൂട്ടിൽ ബസ് സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച നിവേദനത്തിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കൊല്ലം-കേരളപുരം പെരുമ്പുഴ-കുളത്തൂപ്പുഴ റൂട്ടിൽ ബസ് സർവ്വീസ് ആരംഭിക്കുന്നത് സംബന്ധിച്ച് സാധ്യതാ പഠനം നടത്തുന്നതിനായി കൊല്ലം മേഖലാ അധികാരിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്കും, ബസ്സിന്റെയും ജീവനക്കാരുടെയും ലഭ്യതയ്ക്കനുസരിച്ചും സർവ്വീസ് ആരംഭിക്കുന്നകാര്യം പരിശോധിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

## പുനലൂർ കെ.എസ്.ആർ.ടി.സി. ബസ്സ്റ്റേഷന്റെ സമഗ്ര വികസനം

139 (495) ശ്രീ. കെ. രാജു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനലൂർ കെഎസ്ആർടിസി. ബസ്സ്റ്റേഷന്റെ സമഗ്ര വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പുനലൂർ കെ.എസ്.ആർ.ടി.സി. യാർഡിന്റെ കിഴക്കുഭാഗം റിട്ടെയിനിംഗ് ഭിത്തിനിർമ്മിച്ച്, യാർഡിന്റെ മധ്യഭാഗത്ത് പൊളിഞ്ഞ നിലയിലുള്ള കെട്ടിടങ്ങൾ മാറ്റി സ്ഥാപിക്കുന്നതിന് പദ്ധതി തയ്യാറാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ എന്നു മുതൽ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ; ടിക്കറ്റ് കൗണ്ടർ കൊമേഴ്സ്യൽ കോംപ്ലക്സ് ആക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് പദ്ധതിയുണ്ടോ ?

### ഉത്തരം

(എ) പുനലൂർ ബസ്സ്റ്റേഷൻ വികസനം സംബന്ധിച്ച പദ്ധതികൾ ഒന്നും ഇപ്പോൾ പരിഗണനയിലില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് എന്നാൽ പുറകിലത്തെ ഭൂമി കെഎസ്ആർടിസി-യുടെ അധീനതയിലേക്ക് കൈമാറ്റം ചെയ്ത് തന്നിട്ടില്ല. കൈമാറ്റം ചെയ്തുതരുന്ന മുറയ്ക്ക് പരിഗണിക്കാവുന്നതാണ്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## കെ.എസ്.ആർ.ടി.സി.-യിലെ ആശ്രിത നിയമനം

140 (496) ശ്രീ. സി. മമ്മൂട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ കെ.എസ്.ആർ.ടി.സി.-യിൽ സൂപ്പർവൈസറി പോസ്റ്റുകളിൽ എത്ര ആശ്രിത നിയമനക്കാർ ജോലി നോക്കിവരുന്നു ;

(ബി) അവർക്ക് ടി പോസ്റ്റുകളിൽ സർവ്വീസ് ദൈർഘ്യം എന്ന മാനദണ്ഡത്തിന് പുറമേ യോഗ്യത കർശന മാനദണ്ഡമാക്കുമോ ;

(സി) സർവ്വീസ് ദൈർഘ്യം മാത്രം പ്രൊമോഷനുകളിൽ മാനദണ്ഡമാക്കുന്നത് യോഗ്യതകുറവുള്ള ഉദ്യോഗസ്ഥരെ സൃഷ്ടിക്കുവാനും അത് കെഎസ്ആർടിസി-യുടെ പ്രവർത്തനത്തെത്തന്നെ ദോഷകരമായി ബാധിക്കുകയും ചെയ്യുമെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ, പ്രസ്തുത സ്ഥാപനത്തിന് ഇക്കാര്യത്തിൽ വ്യക്തമായ മാർഗ്ഗനിർദ്ദേശം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി-ഡി) സർക്കാർ വകുപ്പുകളിൽ ബാധകമായിട്ടുള്ള ആശ്രിത നിയമന ചട്ടം തന്നെയാണ് കെ.എസ്.ആർ.ടി.സിയിലും നടപ്പാക്കിയിട്ടുള്ളത്. കെ.എസ്.ആർ.ടി.സി.-യിൽ എ.ഒ/എ.റ്റി.ഒ/എ.ഡി.ഇ തസ്തിക മുതൽ മുകളിലേക്കുള്ള ഹയർ ഡിവിഷൻ തസ്തികകളിലേക്ക് സർവ്വീസ് ദൈർഘ്യത്തിന് പുറമേ വിദ്യാഭ്യാസ യോഗ്യത കൂടി ആധാരമാക്കിയുള്ള റഗുലേഷന് സർക്കാർ സ.ഉ. 63/2012/ഗതാഗതം തീയതി 16-10-2012 പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.

**റിസർവ്വ് കണ്ടക്ടർ തസ്തികയിലെ ഒഴിവുകൾ**

**141 (497)** ശ്രീ. റ്റി. വി. രാജേഷ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011 നവംബർവരെ റിസർവ്വ് കണ്ടക്ടർ തസ്തികയിലേക്ക് കെ.എസ്.ആർ.ടി.സി.-യിൽ നിന്നും പി.എസ്.സി.-ക്ക് എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തത് ;

(ബി) 2013 ഫെബ്രുവരിവരെ എത്ര റിസർവ്വ് കണ്ടക്ടർ തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നത് ; റിസർവ്വ് കണ്ടക്ടർ തസ്തികകളിലേക്കുള്ള ഒഴിവുകൾ കുറയുന്നതിന് എന്താണ് കാരണം ;

(സി) പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 3,808 ഒഴിവുകളുടെ സ്ഥാനത്ത് 8,140 ഒഴിവുകൾ തെറ്റായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയുണ്ടായി.

(ബി) 3,808; 5-11-2011-ലെ കത്ത് പ്രകാരമാണ് 8,140 ഒഴിവുകൾ പി.എസ്.സി.യിലേക്ക് റിപ്പോർട്ട് ചെയ്തത്. കെ.എസ്.ആർ.ടി.സി.-ൽ ഡ്രൈവർ, കണ്ടക്ടർ തസ്തികകളുടെ ഒഴിവുകൾ നിശ്ചയിക്കുന്നത് ഓപ്പറേറ്റ് ചെയ്യുന്നതും പ്രാബല്യത്തിലുള്ളതുമായ ഷെഡ്യൂളുകൾക്ക് അനുസൃതമായിട്ടാണ്. എന്നാൽ, ടി കത്ത് പ്രകാരം ഒഴിവുകൾ കണക്കാക്കിയിട്ടുള്ളത്, മുൻപ് കമ്മീഷനെ അറിയിച്ചതും കമ്മീഷൻ അഡ്വൈസ് ചെയ്തതും അഡ്വൈസ് ചെയ്തിട്ടും ജോലിക്ക് ചേരാതിരുന്നതുമായ മൊത്തം ഒഴിവുകളെ നിലവിലുള്ള ആകെ ഷെഡ്യൂളുകളുടെ കണക്കനുസരിച്ചുള്ള ഒഴിവുകളോടൊപ്പം കൂട്ടി തെറ്റായ രീതിയിൽ കണക്കെടുപ്പ് നടത്തിയതുമൂലമാണ് യഥാർത്ഥത്തിൽ ഒഴിവുള്ള 3,808 റിസർവ് കണ്ടക്ടറുടെ വേക്കൻസിക്കു പകരമായി 8140 വേക്കൻസികൾ കമ്മീഷനെ അറിയിക്കാനിടയായത്. കെ.എസ്.ആർ.ടി.സി.-യിൽ നിലവിലുള്ളതും,

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യമായതുമായ എണ്ണത്തേക്കാൾ കൂടുതൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനിടയായി എന്നും ആയതു തെറ്റായ രീതിയിൽ കണക്കെടുപ്പ് നടത്തിയതുമൂലം സംഭവിച്ചതാണെന്നും കെ.എസ്.ആർ.ടി.സി.-യുടെ ശ്രദ്ധയിൽപ്പെട്ടയുടൻതന്നെ ആ വിവരം 5-6-2012-ലെ 1012/ജിഎൽ-2/ആർറ്റിസി നമ്പർ കത്തുപ്രകാരം കെ.പി.എസ്.സി.-യെ അറിയിക്കുകയും മുൻപ് റിപ്പോർട്ട് ചെയ്ത വേക്കൻസികളുടെ എണ്ണം 8140 എന്നതിനുപകരം 3808 എന്നാക്കി ഭേദഗതി വരുത്തണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുള്ളതാണ്.

(സി) നിലവിലുള്ള 3,808 വേക്കൻസികളിൽ അഡ്വൈസ് ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതാണ്. ഇതിലുണ്ടാകുന്ന NJD വേക്കൻസികളിലേക്കുള്ള നിയമനവും അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് നടത്തുന്നതാണ്.

**കെ.എസ്.ആർ.ടി.സി. കണ്ടക്ടർ ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ നിയമനം**

142 (498) ശ്രീ. എം. ഉമ്മർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യിൽ 27-11-2011-ലെ ജി.ഒ. നമ്പർ 77/2011/ട്രാൻസ്പോർട്ട് പ്രകാരമുള്ള കണ്ടക്ടർ ലിസ്റ്റിൽ ഇനിയും നിയമനം ലഭിച്ചിട്ടില്ലാത്ത എത്ര പേരുണ്ട് ; വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടുകയും ഉത്തരവ് പുറപ്പെടുവിച്ച സമയത്ത് സർവ്വീസിൽ ഇല്ലാത്തതുമായ പി.എസ്.സി. അൺ അഡ്വൈസ്ഡ്, എൽ. ഡബ്ല്യു. എ. വിഭാഗത്തിൽ നിയമനം നൽകാതെ അവശേഷിക്കുന്ന എത്ര പേരുണ്ട് ;

(സി) പ്രസ്തുത പി.എസ്.സി. അൺ അഡ്വൈസ്ഡ്.എൽ.ഡബ്ലിയു.എ. കാറ്റഗറിയിൽ ഉൾപ്പെടുന്ന ഉദ്യോഗാർത്ഥികളുടെ പേരും, വിലാസവും അവർ നിലവിൽ ജോലി ചെയ്യുന്ന ഡിപ്പോയുടെ/യൂണിറ്റിന്റെ വിശദവിവരവും നൽകുമോ ;

(ഡി) പ്രസ്തുത കാറ്റഗറിയിൽ ഉൾപ്പെടുന്നവർക്ക് ഒരു വർഷം കഴിഞ്ഞിട്ടും നിയമനം നൽകാത്തതിന്റെ കാരണം വിശദമാക്കുമോ ;

(ഇ) സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പി. എസ്. സി. അൺ അഡ്വൈസ്ഡ്. എൽ. ഡബ്ല്യു.എ. വിഭാഗത്തിൽ ഉൾപ്പെടുന്നവർക്ക് നിയമനം എന്നത്തേക്ക് നൽകാൻ സാധിക്കും എന്ന് അറിയിക്കാമോ ?

ഉത്തരം

(എ-ഇ) 22-12-2011-ലെ ജി.ഒ. (എംഎസ്.) നം.77/2011/ട്രാൻ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കെ.എസ്.ആർ.ടി.സി.യിലെ 912 പി.എസ്.സി അൺ അഡ്വൈസ്ഡ് എംപാനൽഡ് കണ്ടക്ടർമാരെ നിബന്ധനകൾക്ക് വിധേയമായി സ്ഥിരപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിരുന്നു. ടി 912 കണ്ടക്ടർമാരുടെ പട്ടികയിൽ ഉൾപ്പെട്ടിരുന്നുവെങ്കിലും ശാരീരിക ബിദ്ധിമുട്ടുകൾമൂലം, 22-12-2011-ൽ

LIBRARY ARCHIVES Kerala Legislative Assembly

കോർപ്പറേഷന്റെ റോളിൽ ഉണ്ടായിരിക്കണമെന്ന നിബന്ധന പാലിക്കപ്പെടാതിരുന്നതിനാൽ സ്ഥിരപ്പെടുത്തലിന് അർഹത നേടാതെ പോയ 26 കണ്ടക്ടർമാരുടെ പട്ടിക മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതം സ്ഥിരപ്പെടുത്തൽ പരിഗണനയ്ക്കായി ചെയർമാൻ&മാനേജിംഗ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. മേൽ പരാമർശിച്ച 26 പേരുടെ വിവരങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു.* അതുപോലെ 22-12-2011-ലെ ജി.ഒ.. (എം. എസ്) നം. 77/2011/ട്രാൻ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സ്ഥിരപ്പെടുത്തുന്നതിന് നിർദ്ദേശം നൽകപ്പെട്ട 912 കണ്ടക്ടർമാരുടെ പട്ടികയിൽ ഉൾപ്പെടാതെപോയ യോഗ്യരായ 32 താത്കാലിക കണ്ടക്ടർമാരുടെയും പട്ടിക ചെയർമാൻ & മാനേജിംഗ് ഡയറക്ടർ സ്ഥിരപ്പെടുത്തൽ പരിഗണനയ്ക്കായി സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ടി 32 പേരുടെ വിശദവിവരങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു.* മേൽ ജീവനക്കാരുടെ സ്ഥിരപ്പെടുത്തൽ സംബന്ധിച്ച വിവിധ വശങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

**കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പ്രൊമോഷൻ**

**143 (499)** ശ്രീ. എൻ. ഷംസുദ്ദീൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് പ്രൊമോഷൻ നൽകുന്നതിന് സ്പെഷ്യൽ റൂൾസ് നിലവിലുണ്ടോ ;

(ബി) സാങ്കേതിക തസ്തികകളിൽ പ്രൊമോഷൻ ലഭിക്കുന്നതിന് സാങ്കേതിക യോഗ്യത ബാധകമാക്കിയിട്ടുണ്ടോ ;

(സി) സ്പെഷ്യൽ റൂളിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ഡി) സ്പെഷ്യൽ റൂൾ നിലവിൽ ഇല്ലാത്ത തസ്തികകൾ ഉണ്ടെങ്കിൽ അവയിലേക്കുള്ള നിയമനത്തിന് ആധാരമാക്കുന്ന റൂൾസ് ആന്റ് റഗുലേഷന്റെ കോപ്പി ലഭ്യമാക്കുമോ ?

ഉത്തരം

(എ) റൂൾസ് & റെഗുലേഷനുകൾ നിലവിലുണ്ട്.

(ബി) ഉണ്ട്.

(സി) അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

(ഡി) എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികയിൽ റെഗുലേഷൻ നിലവിൽ ഉണ്ടായിരുന്നില്ല. ഡയറക്ടർ ബോർഡാണ് ഈ തസ്തികയിലേക്ക് നിയമനം നടത്തിയിരുന്നത്. ഈ തസ്തികയിലേക്കും റെഗുലേഷന് അംഗീകാരം നൽകുന്നകാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

## കെ.എസ്.ആർ.ടി.സി.-യിൽനിന്നും വിരമിച്ചവരുടെ പെൻഷൻ

**144 (500)** ശ്രീ. ജി. എസ്. ജയലാൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവർ എത്ര ; അവരുടെ തസ്തിക തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പെൻഷൻകാർക്ക് പെൻഷൻ നൽകുവാൻ പ്രതിമാസം എത്ര രൂപ ആവശ്യമായി വരും ; പ്രസ്തുത തുക യഥാസമയം കണ്ടെത്തുവാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നുണ്ടോ ; എങ്കിൽ ആയതിന് പരിഹാരം കാണുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് ;

(സി) കെ.എസ്.ആർ.ടി.സി.-ക്ക് സ്വമേധയാ പെൻഷൻതുക നൽകുവാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടെങ്കിൽ പ്രസ്തുത തുക സർക്കാർ മുഖേന നൽകുവാൻ നടപടി സ്വീകരിക്കുമോ ; വിശദാംശം അറിയിക്കുമോ ?

### ഉത്തരം

(എ) കെ.എസ്.ആർ.ടി.സി യിൽ 28-2-2013 വരെയുള്ള കണക്കുപ്രകാരം 36,557 പെൻഷൻകാരുണ്ട്. പെൻഷൻകാരുടെ തസ്തിക തിരിച്ചുള്ള കണക്ക് ശേഖരിച്ചുവരുന്നു.

(ബി) പെൻഷൻകാർക്ക് പെൻഷൻ നൽകുന്നതിനായി പ്രതിമാസം 35 കോടി രൂപ വേണ്ടിവരുന്നുണ്ട്. ടി തുക യഥാസമയം കണ്ടെത്താൻ കോർപ്പറേഷന്റെ കടുത്ത സാമ്പത്തിക പ്രതിസന്ധിമൂലം കഴിയുന്നില്ല. കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിലേക്കായി സർക്കാർ വിവിധ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ആയത് പ്രകാരം കെ.എസ്.ആർ.ടി.സി.-ക്ക് 2012-13-ലെ ബജറ്റിൽ നോൺ പ്ലാൻ ലോണിനത്തിലെ 100 കോടി രൂപയ്ക്കും പ്ലാൻ ഫണ്ട് ഇനത്തിലെ 57.07 കോടി രൂപയ്ക്കും പുറമേ സ്പെഷ്യൽ പാക്കേജ് ഇനത്തിൽ 50 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഡീസൽ വില വർദ്ധനവുമൂലമുണ്ടായ പ്രതിസന്ധി തരണം ചെയ്യുന്നതിന് രണ്ട് മാസത്തെ അധിക ബാദ്ധ്യതയായ 28 കോടി രൂപയും തുടർന്ന് അനുവദിക്കുകയുണ്ടായി. കൂടാതെ 2013 മാർച്ച് മാസത്തിൽ 25 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇതോടൊപ്പംതന്നെ കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്താനുള്ള നടപടികളും നടന്നു വരുന്നുണ്ട്.

(സി) കെ.എസ്.ആർ.ടി.സി യുടെ പെൻഷൻ ബാദ്ധ്യത ഏറ്റെടുക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ, വിവിധ ഇനങ്ങളിലായി കെ.എസ്.ആർ.ടി.സി.-ക്ക് സർക്കാർ സാമ്പത്തിക സഹായം നൽകുന്നുണ്ട്. 2012-13 സാമ്പത്തിക വർഷം ആകെ 260.07 കോടി രൂപയുടെ സഹായം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## കെ.എസ്.ആർ.ടി.സി.-ൽ ആശ്രിത നിയമനം ലഭിച്ചവർക്ക് റേഷ്യോ പ്രൊമോഷൻ

145 (501) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-ൽ ആശ്രിത നിയമനംവഴി തൊഴിൽ ലഭിക്കുന്നവർക്ക് 18 വയസ്സു മുതൽ ജോലിയിൽ പ്രവേശിക്കാമെന്നുള്ളതു കൊണ്ട് അവരുടെ സർവ്വീസ് ദൈർഘ്യംകൊണ്ട് മാത്രം ഒരു ശതമാനം സൂപ്പർവൈസറി പോസ്റ്റുകളുള്ള ഇവിടെ ഉന്നത പദവികൾ അവർ കയ്യടക്കുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പി.എസ്.സി. വഴി മത്സരപ്പരീക്ഷകളും ഇന്റർവ്യൂകളും കഴിഞ്ഞുവരുന്ന യോഗ്യരായ ഉദ്യോഗസ്ഥരെ സർവ്വീസ് ദൈർഘ്യംകൊണ്ട് ആശ്രിത നിയമനക്കാർ പിന്തള്ളുന്നത് സർവ്വീസിന്റെ കാര്യക്ഷമതയെ ബാധിക്കുന്നകാര്യം പരിശോധിക്കുമോ ;

(സി) എങ്കിൽ ഇതു പരിഹരിക്കാൻ പ്രൊമോഷനുകളിൽ ആശ്രിത നിയമനക്കാർക്ക് നിശ്ചിത യോഗ്യതയും പ്രത്യേക റേഷ്യോയും ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ-സി) ഉണ്ട്; സർക്കാർ വകുപ്പുകൾക്ക് ബാധകമായ ആശ്രിത നിയമന വ്യവസ്ഥകൾ തന്നെയാണ് കെ.എസ്.ആർ.ടി.സി.-ലും നടപ്പിലാക്കിയിട്ടുള്ളത്.

## കെ.എസ്.ആർ.ടി.സി.-യിൽനിന്നും പെൻഷൻ പറ്റിയവർ

146 (502) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെഎസ്ആർടിസി-ൽ നിന്നും എത്ര ജീവനക്കാരാണ് പെൻഷൻപറ്റിയിട്ടുള്ളത് ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) പെൻഷൻ പറ്റിയ മുഴുവൻ ജീവനക്കാർക്കും പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകിയിട്ടുണ്ടോ ;

(സി) ഇനി എത്രപേർക്കാണ് പെൻഷൻ ആനുകുല്യം നൽകാനുള്ളത് ; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ഡി) പെൻഷൻ ലഭിക്കാത്തതിന്റെ പേരിൽ ആത്മഹത്യ ചെയ്ത ജീവനക്കാരുടെ കുടുംബത്തിന് സർക്കാർ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിയിട്ടുള്ളത് ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെഎസ്ആർടിസി-ൽ നിന്നും 1,066 ജീവനക്കാർ പെൻഷൻ പറ്റിയിട്ടുണ്ട്.

(ബി&സി) സമീപകാലത്ത് പെൻഷൻപറ്റിയ ഏകദേശം 450 പേർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകാനുള്ള നടപടി സ്വീകരിച്ചുവരുന്നു. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(ഡി) കെ.എസ്.ആർ.ടി.സി.-ലെ പെൻഷൻ വാങ്ങുന്ന ആളിന്റെ ആത്മഹത്യയ്ക്ക് പെൻഷൻ വിതരണത്തിലെ കാലതാമസവുമായി എന്തെങ്കിലും ബന്ധമുണ്ടോയെന്നകാര്യം വ്യക്തമല്ല. ആത്മഹത്യാ കേസുകളിൽ സർക്കാർ ആനുകൂല്യമൊന്നും നൽകാറില്ല.

### കെ.എസ്.ആർ.ടി.സി.-ൽ കൃത്യമായി പെൻഷൻ നല്കാൻ നടപടി

**147 (503)** ശ്രീ. കെ. വി. വിജയദാസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-ലെ പെൻഷൻ എല്ലാമാസവും കൃത്യമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) കെ.എസ്.ആർ.ടി.സി.-ലെ സാമ്പത്തിക പ്രതിസന്ധി മറികടക്കുവാൻ എന്തുനടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നിലവിൽ കെ.എസ്.ആർ.ടി.സി.യുടെ വരവ്-ചെലവ് ഇനത്തിലുള്ള പ്രതിമാസ അന്തരം 94 കോടി രൂപയാണ്. കടുത്ത സാമ്പത്തിക ബുദ്ധിമുട്ടിലും 2013 ഫെബ്രുവരി മാസം വരെയുള്ള പെൻഷൻ കോർപ്പറേഷൻ വിതരണം ചെയ്തിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിലേക്കായി സർക്കാർ വിവിധ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ആയത് പ്രകാരം കെ.എസ്.ആർ.ടി.സി.-ക്ക് 2012-13-ലെ ബജറ്റിൽ നോൺ പ്ലാൻ ലോണിനത്തിലെ 100 കോടി രൂപയ്ക്കും, പ്ലാൻ ഫണ്ട് ഇനത്തിലെ 57.07 കോടി രൂപയ്ക്കും പുറമെ സ്പെഷ്യൽ പാക്കേജ് ഇനത്തിൽ 50 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഡീസൽ വില വർദ്ധനവുമൂലമുണ്ടായ പ്രതിസന്ധി തരണം ചെയ്യുന്നതിന് രണ്ട് മാസത്തെ അധിക ബാദ്ധ്യതയായ 28 കോടി രൂപയും തുടർന്ന് അനുവദിക്കുകയുണ്ടായി. കൂടാതെ 2013 മാർച്ച് മാസത്തിൽ 25 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. കോർപ്പറേഷന്റെ മൊത്തത്തിലുള്ള പ്രവർത്തനം മെച്ചപ്പെടുത്താനുള്ള നടപടികളും അടിയന്തരമായി കൈക്കൊണ്ടുവരുന്നു.

### കെ.എസ്.ആർ.ടി.സി.-യിൽ പെൻഷൻ മുടങ്ങാനുണ്ടായ സാഹചര്യങ്ങൾ

**148 (504)** ശ്രീ. കെ. രാധാകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-ൽ പെൻഷൻ മുടങ്ങാനുണ്ടായ സാഹചര്യങ്ങൾ വിശദമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പെൻഷൻ മുടങ്ങാതിരിക്കുന്നതിന് മുൻകൂർ നടപടികൾ സ്വീകരിക്കാതിരുന്നതിന് കാരണമെന്തെന്ന് വിശദീകരിക്കുമോ ;

(സി) മുടങ്ങിയ പെൻഷൻ വിതരണം ചെയ്യുവാൻ സർക്കാരിൽനിന്നും ധനസഹായം ലഭിച്ചിട്ടുണ്ടോ ;

(ഡി) ഇപ്പോഴുണ്ടായിട്ടുള്ള പ്രതിസന്ധി പരിഹരിച്ച് എല്ലാവർക്കും പെൻഷൻ വിതരണം ചെയ്യുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ&ബി) കെ.എസ്.ആർ.ടി.സി.യുടെ പ്രതിമാസ വരവും ചെലവും തമ്മിലുള്ള അന്തരം 94 കോടി രൂപയാണ്. പ്രതിമാസം ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനും വായ്പാ തിരിച്ചടവിനുമായി 85 കോടി രൂപയോളം വേണം. ഡീസലിന്റെ വില വർദ്ധനവുകൂടി വന്നപ്പോൾ കെ.എസ്.ആർ.ടി.സി.-യ്ക്ക് നിലനിൽപ്പ് തന്നെ അപകടകരമാകുന്ന സ്ഥിതി വിശേഷമാണ് സംജാതമായിട്ടുള്ളത്. റവന്യൂ വരുമാനത്തിൽനിന്ന്, നിലവിലുള്ള സാഹചര്യത്തിൽ പ്രതിമാസ പെൻഷൻ തുകയായ 35 കോടി രൂപ നൽകാൻ കഴിയാത്ത സ്ഥിതിയാണുള്ളത്.

(സി) ധനസഹായം നൽകിയിട്ടുണ്ട്.

(ഡി) ടി പ്രതിസന്ധി പരിഹരിച്ച് പെൻഷൻ നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**ജലഗതാഗത വകുപ്പിന്റെ ബോട്ട് സർവ്വീസ്**

**149 (505)** ശ്രീ. ജി. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ബസ്സ്റ്റാന്റ് ബോട്ട് ജെട്ടിയിൽനിന്ന് പ്രതിദിനം എത്ര ബോട്ടു സർവ്വീസുകളാണ് നടത്തുന്നത് : വിശദാംശം നൽകുമോ ;

(ബി) ആലപ്പുഴ ബസ്സ്റ്റാൻന്റ് ബോട്ട് ജെട്ടിയിൽ പ്രവർത്തനക്ഷമമായ എത്ര ബോട്ടുകളാണ് നിലവിലുള്ളത് ; അറ്റകുറ്റപ്പണിക്കായി എത്ര ബോട്ടുകൾ മാറ്റിയിട്ടുണ്ട് ; അവ എത്ര കാലമായി അറ്റകുറ്റപ്പണി നടത്താതെ ഇട്ടിരിക്കുന്നുവെന്നും അറിയിക്കാമോ ;

(സി) പ്രവർത്തനക്ഷമമായ ബോട്ടുകളില്ലാത്ത കാരണം ഗതാഗത വകുപ്പ് ബോട്ട് സർവ്വീസുകൾ വെട്ടിക്കുറയ്ക്കുന്നതുമൂലം യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കാൻ അടിയന്തരനടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആലപ്പുഴ സ്റ്റേഷനിൽ നിന്നും 7 ബോട്ടുകൾ സർവ്വീസ് നടത്തുന്നു. വിശദാംശം ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

| | സമയം | ഷെഡ്യൂളിന്റെ പേര് |
|---|---|---|
| 1 | 1.00 മണി | ആലപ്പുഴ-കൃഷ്ണപുരം (സി ബ്ലോക്ക് വഴി) |
| 2 | 10.30 മണി | ആലപ്പുഴ-കൊല്ലം |
| 3 | 10.45 മണി | ആലപ്പുഴ-കൈനകരി റോഡ് (സി കുട്ടനാട്) |
| 4 | 11.00 മണി | ആലപ്പുഴ-നെടുമുടി |
| 5 | 11.30 മണി | ആലപ്പുഴ-കോട്ടയം |
| 6 | 12.00 മണി | ആലപ്പുഴ-കൈനകരി റോഡ് |
| 7 | 12.00 മണി | ആലപ്പുഴ-കൃഷ്ണപുരം (വേണാട്ടുകാട്വഴി) |

കൂടാതെ മറ്റു സ്റ്റേഷനുകളിൽ നിന്നുള്ള 100 ഓളം ട്രിപ്പുകൾ പ്രതിദിനം ആലപ്പുഴ ബോട്ട്ജെട്ടിയിൽ വന്നുപോകുന്നുണ്ട്.

(ബി) ആലപ്പുഴ ബോട്ട് ജെട്ടിയിൽ പ്രവർത്തനക്ഷമമായ ഏഴ് ബോട്ടുകളാണ് നിലവിലുള്ളത്. രണ്ട് ബോട്ടുകൾ ഒന്നരമാസമായി റിപ്പയറിംഗിനായി മാറ്റിയിട്ടിട്ടുണ്ട്.

(സി) മുമ്പ് ബോട്ടുകൾ റിപ്പയറിനായി കരയ്ക്കു കയറ്റുന്നതിന് പൂർണ്ണമായും ചെലാസികളെ ആശ്രയിച്ചിരുന്ന കാലത്ത് ബോട്ട് റിപ്പയറിന് വലിയ കാലതാമസം ഉണ്ടാകുമായിരുന്നു. ഇതൊഴിവാക്കാൻ സ്ലിപ്‌വേയിൽ ഇലക്ട്രിക് വിഞ്ച് ഉപയോഗിച്ച് പ്രവർത്തനം തുടങ്ങിയതോടെ റിപ്പയർ വേഗത്തിലാക്കുവാനും സർവ്വീസ് മുടക്കം കുറയ്ക്കുന്നതിനും സാധിച്ചിട്ടുണ്ട്. എന്നാൽ ഒന്നിലധികം ബോട്ടുകൾ ഒരേ സമയം റിപ്പയറിന് വരുമ്പോഴുണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ വകുപ്പിന്റെ പോഞ്ഞിക്കരയിലുള്ള ഒരു ഏക്കർ 40 സെന്റ് സ്ഥലത്ത് ഒരു കോടി 59 ലക്ഷം രൂപ ചെലവിൽ ഒരേ സമയം 4 ബോട്ടുകൾ കരയ്ക്കു കയറ്റി പണിയാവുന്ന സ്ലിപ്‌വേയുടെ നിർമ്മാണം ഏതാണ്ട് പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ വകുപ്പിന്റെ പോഞ്ഞിക്കരയിലുള്ള സ്ഥലത്ത് ഡ്രൈ ഡോക്ക് നിർമ്മാണവും ആരംഭിച്ചിട്ടുണ്ട്. ഇവയുടെ പൂർത്തീകരണത്തോടുകൂടി റിപ്പയർ പണികൾ കൂടുതൽ വേഗത്തിലാക്കുവാനും സർവ്വീസ് മുടക്കം ഒഴിവാക്കി യാത്രക്ലേശം പൂർണ്ണമായും പരിഹരിക്കാനും കഴിയുന്നതാണ്.

**കാർഷിക പലിശരഹിത വായ്പാ പദ്ധതി**

**150 (506)** <u>ശ്രീ അബ്ദുറഹിമാൻ രണ്ടത്താണി</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക വായ്പകൾ പലിശരഹിത വായ്പകളായി അനുവദിക്കുന്ന പദ്ധതി സഹകരണ മേഖലയിൽ നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ പ്രസ്തുത പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ ;

(സി) കാർഷിക പലിശരഹിത വായ്പാ പദ്ധതിപ്രകാരം ഓരോ ജില്ലയിലും ലഭ്യമായ അപേക്ഷകളുടെ വിശദാംശങ്ങൾ നൽകാമോ ;

(ഡി) ഓരോ ജില്ലയിലും പ്രസ്തുത പദ്ധതിപ്രകാരം എന്ത് തുക അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ വഴി കാർഷിക ആവശ്യങ്ങൾക്കായി വിതരണം ചെയ്യുന്ന ഹ്രസ്വകാല വായ്പകൾ കുടിശ്ശിക വരുത്താതെ യഥാസമയം തിരിച്ചടയ്ക്കുന്നവർക്ക് കേന്ദ്ര സർക്കാർ നൽകുന്ന പരമാവധി 3% പലിശ സബ്സിഡിയോടൊപ്പം (interest subvention) സംസ്ഥാന സർക്കാർ പരമാവധി 5% പലിശ സബ്സിഡി കൂടി നൽകി ഹ്രസ്വകാല വായ്പകൾ പൂർണ്ണമായും പലിശരഹിത വായ്പയായി നൽകുന്നതിന് പദ്ധതി അംഗീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇതിനുപുറമെ നെൽകൃഷിക്കുള്ള വായ്പകളുടെ പലിശ പൂർണ്ണമായും സർക്കാർ വഹിക്കുന്ന പദ്ധതിയും നിലവിലുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും 31 കോടിയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

(സി) ഇത് സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളിൽനിന്നും, അനുവദനീയമായ ക്ലെയിം ജോയിന്റ് രജിസ്ട്രാർ തലത്തിൽ ലഭ്യമാക്കിവരുന്നു.

(ഡി) പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ 8-2-2013-ലെ ജി.ഒ. (എംഎസ്.) നം. 23/2013/സഹ. പ്രകാരം അംഗീകരിച്ചു ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഓരോ ജില്ലയിലും ടി പദ്ധതികൾ പ്രകാരമുള്ള സംഘങ്ങളുടെ ക്ലെയിമുകൾ ലഭ്യമാക്കി വരുന്നു. ഇതിനായി 3 കോടി രൂപ സർക്കാരിൽനിന്നും ഇതിനകം ലഭ്യമാക്കിയിട്ടുണ്ട്. ഓരോ ജില്ലയിലെയും ക്ലെയിമുകളുടെ അടിസ്ഥാനത്തിൽ ജില്ലാതലത്തിൽ തുക അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**കാർഷികമേഖലയുടെ വിപുലീകരണം**

151 (507) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷികമേഖലയുടെ വിപുലീകരണത്തിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ ബാങ്കുകൾവഴി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നത് ; വിശദമാക്കുമോ ;

(ബി) കാർഷിക വായ്പകൾക്ക് എത്ര ശതമാനം പലിശയാണ് ഈടാക്കുന്നത് ; വിശദമാക്കുമോ ;

(സി) കാർഷിക മേഖലയുടെ വിപുലീകരണത്തിന് സഹകരണ സംഘം വഴി പലിശരഹിത വായ്പ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടവ് നടത്തുന്നവർക്ക് പലിശ സബ്സിഡി നൽകുന്നതിനായി ഉത്തേജന പലിശ ഇളവ് പദ്ധതി നടപ്പിലാക്കുകയുണ്ടായി. ഇപ്രകാരം സംസ്ഥാന സർക്കാരിന്റെ പലിശ സബ്സിഡിയും കേന്ദ്ര ഗവൺമെന്റിൽ നിന്നും, നബാർഡ് മുഖേന ലഭ്യമാകുന്ന പരമാവധി 3% പലിശ സബ്‌വെൻഷനും ചേർത്ത് ഹ്രസ്വകാല കാർഷിക വായ്പകൾ പലിശരഹിതമായി നൽകുന്ന പദ്ധതി, കാർഷിക മേഖലയുടെ വിപുലീകരണത്തിന് വഴിയൊരുക്കിയിട്ടുണ്ട്. കർഷകരെ പ്രോത്സാഹിപ്പിച്ച് കാർഷിക ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി കൃഷി വകുപ്പുമായി സഹകരിച്ച് ഫാർമേഴ്സ് സർവീസ് സെന്ററുകൾ ആരംഭിക്കുന്നതിന് തുടക്കം കുറിച്ചിട്ടുണ്ട്. ഇതിനുപുറമേ, എൻ.സി.ഡി.സി. ധനസഹായത്തോടെ സംഘങ്ങൾ മുഖേനയുള്ള ഗോഡൗൺ നിർമ്മാണവും കൊപ്ര, നാളികേരമേഖലയിലെ സംസ്കരണ യൂണിറ്റുകളും മറ്റ് കാർഷിക അനുബന്ധ പദ്ധതികളും കാർഷിക മേഖലയുടെ വിപുലീകരണത്തിന് വഴിയൊരുക്കിയിട്ടുണ്ട്.

(ബി) സഹകരണ വകുപ്പ് മുഖാന്തിരം സംസ്ഥാനത്തെ നെൽകർഷകർക്ക് പലിശരഹിത വായ്പാ പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിനുപുറമേ ഹ്രസ്വകാല വായ്പകൾ സംസ്ഥാന സർക്കാരിന്റെ പലിശ സബ്സിഡിയും കേന്ദ്ര ഗവൺമെന്റിന്റെ പലിശ സബ്‌വെൻഷനും വിനിയോഗിച്ച് പലിശരഹിതമായി നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സഹകരണ സംഘങ്ങൾ മുഖേന നൽകുന്ന മധ്യകാല വായ്പകൾക്ക് പരമാവധി 11%-ഉം ദീർഘകാല വായ്പാ മേഖലയിൽ പരമാവധി 13.25% വുമാണ് കാർഷിക വായ്പകൾക്ക് ഈടാക്കുന്ന പലിശ നിരക്കുകൾ.

(സി) കൃത്യമായി കാർഷിക വായ്പ തിരിച്ചടയ്ക്കുന്ന കർഷകർക്ക് പലിശ രഹിതമായി കാർഷിക വായ്പ നൽകുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. 2012-13 വർഷത്തിൽ 31 കോടി രൂപ (മുപ്പത്തി ഒന്ന് കോടി രൂപ) അനുവദിക്കുന്നതിന് ഭരണാനുമതി നൽകുകയും മൂന്ന് കോടി രൂപ ഇതിനകം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്ന വായ്പകൾക്ക് ലഭിക്കുന്ന 3% സബ്‌വെൻഷൻ കഴിച്ച് സംസ്ഥാന സർക്കാർ നൽകുന്ന പരമാവധി 5% പലിശ സബ്സിഡിയും വിനിയോഗിച്ച്, ഹ്രസ്വകാല കാർഷിക വായ്പകൾ പൂർണ്ണമായും പലിശരഹിത വായ്പയായി നൽകുന്നത് കാർഷിക മേഖലയുടെ വിപുലീകരണത്തിന് ഇടയാക്കിയിട്ടുണ്ട്. മാത്രമല്ല നെൽകൃഷിക്ക് മുഴുവൻ പലിശ തുകയും സർക്കാർ അനുവദിച്ച് നൽകുന്നത് നെൽകൃഷി വ്യാപിപ്പിക്കാൻ ഒരളവുവരെ സഹായിച്ചിട്ടുള്ളതായും വിലയിരുത്തിയിട്ടുണ്ട്.

## കർഷക സേവന കേന്ദ്രങ്ങൾ

**152 (508)** ശ്രീ. കെ. ദാസൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സഹകരണ സംഘങ്ങൾക്ക് കീഴിൽ കർഷക സേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്ന നടപടിയുടെ പുരോഗതി വ്യക്തമാക്കാമോ ;

(ബി) കോഴിക്കോട് ജില്ലയിൽ ഏതെല്ലാം ബ്ലോക്കുകളിലാണ് കർഷക സേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി നല്കിയത് ; ആയത് ഏത് നിയോജകമണ്ഡലങ്ങളിലാണ് ; വ്യക്തമാക്കാമോ ;

(സി) ഓരോ കേന്ദ്രത്തിനും അനുവദിച്ചിട്ടുള്ള തുക എത്രയാണ് ?

### ഉത്തരം

(എ) സംസ്ഥാനത്ത് സഹകരണ സംഘങ്ങൾക്ക് കീഴിൽ "കർഷക സേവന കേന്ദ്രങ്ങൾ" സ്ഥാപിക്കുന്നതിന് 10 കോടി രൂപ ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി തുക ഉപയോഗിച്ച് പ്രസ്തുത കേന്ദ്രങ്ങൾ പ്രവർത്തനമാരംഭിക്കുന്നതിന് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കോഴിക്കോട് ജില്ലയിൽ കൊടുവള്ളി ബ്ലോക്കിൽപ്പെട്ട തിരുവമ്പാടി സർവ്വീസ് സഹകരണ ബാങ്കും തോടന്നൂർ ബ്ലോക്കിൽപ്പെട്ട വില്ല്യാപ്പള്ളി പഞ്ചായത്ത് സർവ്വീസ് സഹകരണ ബാങ്കും കർഷക സേവന കേന്ദ്രം സ്ഥാപിക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. ആയതിൽ തിരുവമ്പാടി സർവ്വീസ് സഹകരണ ബാങ്ക് തിരുവമ്പാടി നിയോജക മണ്ഡലത്തിലും വില്ല്യാപ്പള്ളി പഞ്ചായത്ത് സർവ്വീസ് സഹകരണ ബാങ്ക് കുറ്റ്യാടി നിയോജക മണ്ഡലത്തിലും ഉൾപ്പെടുന്നു.

(സി) ഓരോ കേന്ദ്രത്തിനും പരമാവധി 25 ലക്ഷം രൂപ ധനസഹായം ലഭ്യമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

## കടാശ്വാസം അനുവദിച്ച കർഷകർക്ക് എതിരെയുള്ള ജപ്തി നടപടി

**153 (509)** ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷക കടാശ്വാസ കമ്മീഷൻ കടാശ്വാസം അനുവദിച്ച് ഉത്തരവ് നല്കിയിട്ടും സഹകരണ ബാങ്കുകൾ കർഷകർക്ക് എതിരെ ജപ്തി നടപടിയുമായി മുന്നോട്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കർഷക കടാശ്വാസം അനുവദിച്ച കർഷകർക്ക് എതിരെയുള്ള ജപ്തി നടപടി നിർത്തിവെയ്ക്കുവാൻ സഹകരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നല്കുമോ ?



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കമ്മീഷൻ കടാശ്വാസം നൽകി ഉത്തരവ് നൽകിക്കഴിഞ്ഞാൽ ഉത്തരവിൽ പറയുന്ന തീയതിക്കകം യാതൊരു തരത്തിലുള്ള റിക്കവറി നടപടികളും കർഷകനെതിരെ സ്വീകരിക്കുവാൻ പാടില്ലായെന്ന് നിർദ്ദേശിച്ച് സഹകരണ സംഘം രജിസ്ട്രാർ സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഏജൻസി ഫോർ പ്രൊമോഷൻ ഓഫ് കോ-ഓപ്പറേറ്റീവ് അഗ്രികൾച്ചർ ക്രെഡിറ്റ്**

154 (510) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ആർ. സെൽവരാജ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സഹകരണ വകുപ്പിനു കീഴിൽ ഏജൻസി ഫോർ പ്രൊമോഷൻ ഓഫ് കോ-ഓപ്പറേറ്റീവ് അഗ്രികൾച്ചർ ക്രെഡിറ്റ് എന്ന സംവിധാനം രൂപീകരിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും എന്തൊക്കെയാണ് ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതിക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് സഹകരണ വകുപ്പിന് കീഴിൽ ഏജൻസി ഫോർ പ്രൊമോഷൻ ഓഫ് കോ-ഓപ്പറേറ്റീവ് അഗ്രികൾച്ചർ ക്രെഡിറ്റ് എന്ന സംവിധാനം രൂപീകരിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കാർഷിക മേഖലയിലെ സഹകരണ സംഘങ്ങളുടെ പ്രവർത്തനവും കാർഷിക മേഖലയിലെ സ്വാശ്രയ സംഘങ്ങളുടെ (self help groups) പ്രവർത്തനവും ഏകോപിപ്പിക്കുന്നതിന് വിത്ത്, വളം, കാർഷിക ഉൽപ്പന്നങ്ങളുടെ വിപണനം, വായ്പാ ലഭ്യത തുടങ്ങിയ കാർഷിക മേഖലയെ സംബന്ധിച്ച എല്ലാ കാര്യങ്ങളും ഏകോപിപ്പിക്കുക എന്നതും കാർഷിക വായ്പ സഹകരണ സംഘങ്ങളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക എന്നതുമാണ് സംവിധാനത്തിന്റെ സവിശേഷത. ടി ഏജൻസിയുടെ ഉദ്ദേശ്യലക്ഷ്യം ചുവടെ ചേർക്കുന്നു :

1. വായ്പ സഹകരണ സംഘങ്ങൾവഴി കർഷകർക്ക് കാർഷിക വായ്പ നൽകുന്ന പ്രവർത്തനം സുഗമമാക്കുക.

2. വായ്പ സഹകരണ സംഘങ്ങൾ മുഖേന സ്വയം സഹായ സംഘങ്ങളുടെ (self help groups) പ്രവർത്തനം ത്വരിതപ്പെടുത്തുക.

3. കർഷകരുടെ സഹായത്തോടെ കാർഷിക മേഖലയെക്കുറിച്ച് സർവ്വെ, പഠനം എന്നിവ നടത്തി സർക്കാരിനും അധികാര സ്ഥാപനങ്ങൾക്കും റിപ്പോർട്ട് സമർപ്പിക്കുക.

4. സ്വയംസഹായ സംഘങ്ങൾക്ക് മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കുക.

5 കൃഷി, മൈക്രോഫിനാൻസ് മേഖലയെക്കുറിച്ച് വിജ്ഞാപനം പ്രചരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

6. റിസർച്ച് ഡെവലപ്പ്മെന്റ് കേന്ദ്രങ്ങൾ ആരംഭിക്കുക.

7. പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

8. കർഷകർക്ക് വിവരങ്ങൾ ലഭ്യമാക്കുന്നതിനായി സഹകരണ സ്ഥാപനങ്ങളിൽ ഫാർമേഴ്സ് ഫെസിലിറ്റേഷൻ സെന്ററും, ലൈബ്രറികളും സ്ഥാപിക്കുകയും ആധുനിക വിജ്ഞാന മാധ്യമങ്ങൾ സ്ഥാപിക്കുകയും ചെയ്യുക.

9. സഹകരണ സ്ഥാപനങ്ങളിലെ അംഗങ്ങളായ കർഷകർക്ക് വേണ്ടി സെമിനാർ, വർക്ക്ഷോപ്പ് പരിശീലനം എന്നിവ സംഘടിപ്പിക്കുക.

10. സഹകാരികൾക്ക് വേണ്ടി തിരുവനന്തപുരത്ത് ഗസ്റ്റ് ഹൗസ് സ്ഥാപിച്ച് പ്രവർത്തിപ്പിക്കുക.

11. സഹകരണ സ്ഥാപനങ്ങൾ മുഖേന പരിസ്ഥിതിക്ക് അനുയോജ്യമായ മാലിന്യ നിർമ്മാർജ്ജന പ്രോജക്ടുകൾ നടപ്പിലാക്കുക.

12. സർക്കാർ നിർദ്ദേശിക്കുന്ന മറ്റ് പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുക.

(സി) ഈ സംവിധാനം നടപ്പിലാക്കുമ്പോൾ സംസ്ഥാന സഹകരണ ബാങ്ക്, സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ, കേരള കാർഷിക സർവ്വകലാശാല, പ്രൈമറി കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് അസോസിയേഷൻ, നബാർഡ് എന്നീ സ്ഥാപനങ്ങളുടെ സഹകരണം പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) "ഏജൻസി ഫോർ പ്രൊമോഷൻ ഓഫ് കോ-ഓപ്പറേറ്റീവ് അഗ്രികൾച്ചർ ക്രെഡിറ്റ്" എന്ന നിർദ്ദിഷ്ട സ്ഥാപനത്തിന്റെ കരട് മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ പരിശോധിച്ചുവരുന്നു.

## ഇന്റർഗ്രേറ്റഡ് കോ-ഓപ്പറേറ്റീവ് ഡവലപ്മെന്റ് പ്രോജക്ട്

155 (511) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. പി. എ. മാധവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്റഗ്രേറ്റഡ് കോ-ഓപ്പറേറ്റീവ് ഡവലപ്മെന്റ് പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ;

(ബി) ഇതിന്റെ രണ്ടാം ഘട്ടം നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എന്തെല്ലാം കർമ്മപദ്ധതികളാണ് രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ഒരു പ്രദേശത്തിന്റെ സമഗ്ര വികസനം സഹകരണ സംഘങ്ങളിലൂടെ എന്ന ലക്ഷ്യത്തോടെ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയാണ് സംയോജിത സഹകരണ വികസന പദ്ധതി (ഐ.സി.ഡി.പി) സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ (ഓഫീസ് കെട്ടിടം, ഗോഡൗൺ, ഫർണീച്ചർ, കമ്പ്യൂട്ടർ, സേഫ് ഡെപ്പോസിറ്റ് ലോക്കർ, കൗണ്ടർ, സ്ട്രോംഗ് റൂം തുടങ്ങിയവ) മെച്ചപ്പെടുത്തുന്നതിനും, കാർഷികവും അനുബന്ധ മേഖലകളിലുള്ള ഉൽപാദനം, സാംസ്കരണം, വിപണനം എന്നിവയുടെ വികസനത്തിനും നിലവിലുള്ള വ്യാപാരം ശക്തിപ്പെടുത്തുന്നതിനും സഹകരണ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെ മാനവ വിഭവശേഷി വികസനത്തിനുള്ള പരിശീലനം നൽകുക എന്നിവയാണ് പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ.

(ബി) തീരുമാനിച്ചിട്ടുണ്ട്. 1-ാം ഘട്ടം നടപ്പിലാക്കി 8 വർഷം പൂർത്തിയായാൽ എൻ.സി.ഡി.സി യുടെ അനുമതിയോടുകൂടി 2-ാം ഘട്ടം ആരംഭിക്കാവുന്നതാണ്. ഇപ്പോൾ വയനാട് ജില്ലയിൽ ഇന്റഗ്രേറ്റഡ് കോ-ഓപ്പറേറ്റീവ് ഡവലപ്പ്മെന്റ് പ്രോജക്ടിന്റെ 2-ാം ഘട്ടം നടപ്പിലാക്കി വരുന്നു. ഇടുക്കി ജില്ലയിൽ രണ്ടാം ഘട്ടം പ്രോജക്ട് റിപ്പോർട്ട് എൻ.സി.ഡി.സി.-യുടെ അംഗീകാരത്തിനായുള്ള നടപടി സ്വീകരിച്ചു വരുന്നു. പാലക്കാട് ജില്ലയിൽ പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി കണ്ണൂർ ഐ.സി.എം.-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതിൻമേലുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തൃശ്ശൂർ ജില്ലയിൽ 2-ാം ഘട്ടം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ (ഓഫീസ് കെട്ടിടം, ഗോഡൗൺ, ഫർണീച്ചർ, കമ്പ്യൂട്ടർ, സേഫ് ഡെപ്പോസിറ്റ് ലോക്കർ, കൗണ്ടർ, സ്ട്രോംഗ് റൂം തുടങ്ങിയവ) മെച്ചപ്പെടുത്തുന്നതിനും, കാർഷികവും അനുബന്ധ മേഖലകളിലുള്ള ഉൽപാദനം, സംസ്കരണം, വിപണനം എന്നിവയുടെ വികസനത്തിനും നിലവിലുള്ള വ്യാപാരം ശക്തിപ്പെടുത്തുന്നതിനും സഹകരണ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെ മാനവ വിഭവശേഷി വികസനത്തിനുള്ള പരിശീലനം നൽകുക എന്നിവയ്ക്കു പുറമേ വിനോദസഞ്ചാരം, ആരോഗ്യ സംരക്ഷണം, പരമ്പരാഗത ഊർജ്ജ ഉത്പാദനവും വിതരണവും, ഗ്രാമീണ പാർപ്പിടം, ആരോഗ്യ പരിപാലനം, വിദ്യാഭ്യാസം എന്നിവ നടപ്പിലാക്കുന്നതിന് രണ്ടാം ഘട്ടം ലക്ഷ്യമിട്ടിട്ടുണ്ട്.

(ഡി) ദേശീയ സഹകരണ വികസന കോർപ്പറേഷനും (എൻ.സി.ഡി.സി.) സംസ്ഥാന സർക്കാരും ജില്ലാ സഹകരണ ബാങ്കും സംയുക്തമായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്.

## ത്രിവേണി സ്റ്റോറുകൾ

156 (512) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അവശ്യസാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിന് ഈ സർക്കാർ അധികാരമേറ്റശേഷം സഹകരണവകുപ്പ് നടത്തിയ പദ്ധതികൾ വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൺസ്യൂമർ ഫെഡിന്റെ കീഴിൽ പുതുതായി എത്ര ത്രിവേണി സ്റ്റോറുകൾ ആരംഭിച്ചു ; ഇപ്പോൾ എത്ര ത്രിവേണി സ്റ്റോറുകൾ നിലവിലുണ്ട് എന്ന് അറിയിക്കുമോ ;

(സി) ത്രിവേണി സ്റ്റോറുകളുടെ ജില്ല തിരിച്ചുള്ള കണക്കു വ്യക്തമാക്കാമോ ?

## ഉത്തരം

(എ) ഗുണമേൻമയുള്ള എല്ലാവിധ നിത്യോപയോഗ സാധനങ്ങളും മിതമായ വിലയ്ക്ക് കൺസ്യൂമർഫെഡിന്റെ ത്രിവേണി സ്റ്റോറുകൾ, ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ പ്രാഥമിക സഹകരണ സംഘങ്ങൾ നടത്തുന്നവയും കൺസ്യൂമർഫെഡ് നേരിട്ടു നടത്തുന്നവയുമായ നൻമ സ്റ്റോറുകൾ, ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ പ്രാഥമിക സഹകരണ സംഘങ്ങൾ നടത്തുന്ന നീതി സ്റ്റോറുകൾ എന്നിവയിലൂടെ വിപണനം നടത്തുന്നതുവഴി സഹകരണ വകുപ്പിന് വലിയൊരളവു വരെ അവശ്യസാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ട്. കൂടാതെ ഗതാഗത സൗകര്യം കുറവായ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകളും ജലാശയങ്ങളുടെ തീരങ്ങളിൽ അധിവസിക്കുന്നവർക്കു വേണ്ടി ഫ്ളോട്ടിംഗ് ത്രിവേണികളും പുതുതായി ആരംഭിച്ചിട്ടുണ്ട്. ഇവയ്ക്കു പുറമേ വിലക്കയറ്റത്തിന് കൂടുതൽ സാദ്ധ്യതയുള്ള ഉത്സവകാലങ്ങളിൽ സഹകരണ മേഖലയുടെ കൂട്ടായ്മയിലൂടെ പ്രത്യേക സബ്സിഡി വിപണനമേളകൾ നടത്തുന്നത് പൊതുവിപണിയിലെ വിലക്കയറ്റം തടയുന്നതിന് വലിയൊരളവുവരെ സഹായകമായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൺസ്യൂമർ ഫെഡിന്റെ കീഴിൽ പുതുതായി 72 ത്രിവേണി സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ 242 ത്രിവേണി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്.

(സി)

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 25 |
| കൊല്ലം | 33 |
| ആലപ്പുഴ | 22 |
| പത്തനംതിട്ട | 14 |
| കോട്ടയം | 18 |
| ഇടുക്കി | 8 |
| എറണാകുളം | 27 |
| തൃശ്ശൂർ | 23 |
| പാലക്കാട് | 13 |
| മലപ്പുറം | 17 |
| കോഴിക്കോട് | 21 |
| വയനാട് | 3 |
| കണ്ണൂർ | 7 |
| കാസർഗോഡ് | 11 |
| ആകെ | 242 |

## ശീതീകരിച്ച ഗോഡൗണുകൾ

157 (513) ശ്രീ. എം. എ. വാഹീദ് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. പി. എ. മാധവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ ശീതീകരിച്ച ഗോഡൗണുകൾ ആരംഭിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ :

(ബി) ഇതിന്റെ പ്രവർത്തനരീതിയും സവിശേഷതകളും എന്തൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിന്റെ പ്രവർത്തനത്തിനുള്ള മൂലധനം എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം പ്രാരംഭനടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) കൺസ്യൂമർ ഫെഡിന്റെ കീഴിൽ തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരിയിലും, എറണാകുളത്ത് പൂക്കാട്ട് പടിയിലും കണ്ണൂർ ജില്ലയിലെ മാത്തിലും ശീതീകരിച്ച ഗോഡൗണുകൾ ആരംഭിക്കുന്നതിന് കൺസ്യൂമർ ഫെഡറേഷൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്.

(ബി) കർഷകർക്ക് ചുരുങ്ങിയ ചെലവിൽ അവരുടെ ഉൽപ്പന്നങ്ങൾ സീസൺ കഴിയുന്നതുവരെ സൂക്ഷിക്കുന്നതിന് ഈ സംവിധാനത്തിലൂടെ സാധിക്കുന്നു. മുളക്, ഉള്ളി തുടങ്ങി എളുപ്പം കേടുവരുന്ന സാധനങ്ങളും പച്ചക്കറികളും അന്യസംസ്ഥാനങ്ങളിലെ ഗോഡൗണുകളിൽ ഉയർന്ന നിരക്കിലുള്ള വാടക നൽകി സൂക്ഷിക്കുന്നതുമൂലമുണ്ടാകുന്ന പാഴ്ചെലവ് ഇല്ലാതാക്കാൻ സാധിക്കുന്നു.

(സി) ഇതിന്റെ പ്രവർത്തനത്തിനുള്ള സാമ്പത്തിക സഹായത്തിനായി കൺസ്യൂമർ ഫെഡറേഷൻ നബാർഡുമായി ചർച്ചകൾ നടത്തിവരുന്നു. ഇതിനു പുറമേ കൺസ്യൂമർ ഫെഡറേഷന്റെ സ്വന്തം ഫണ്ടിൽ നിന്നും ഇതിനാവശ്യമായ തുക ചെലവഴിക്കുന്നതാണ്.

(ഡി) ഇത് സംബന്ധമായ കൺസൾട്ടൻസി വർക്ക് നടത്തുന്നതിന് സർക്കാർ സ്ഥാപനമായ 'കിറ്റ്കോ'-യിൽനിന്നും കരട് പ്രോജക്ട് റിപ്പോർട്ട് ഫെഡറേഷന് ലഭിക്കുകയും, മണ്ണ് അനുയോജ്യതാ പരിശോധന (soil suitability test) നടത്തുന്നതിനുള്ള നടപടികൾ ഉൾപ്പെടെ പ്രാരംഭ നടപടികൾ പുരോഗമിച്ചു വരുന്നു.

**കൺസ്യൂമർഫെഡിന്റെ പ്രവർത്തന മേഖല**

**158 (514)** ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ആർ. സെൽവരാജ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൺസ്യൂമർ ഫെഡ് വിവിധമേഖലകളിൽ പ്രവർത്തിക്കുന്നതിന് കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഏതെല്ലാം പുതിയ മേഖലകളാണ് പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത് ;

(സി) സംഭരണ മേഖല, മാനേജ്മെന്റ്, ആരോഗ്യം എന്നീ മേഖലകളിൽ പ്രവർത്തിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ;

(ഡി) പ്രസ്തുത പദ്ധതിക്കായി എന്തെല്ലാം പ്രാരംഭനടപടികൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## ഉത്തരം

(എ) ഉണ്ട്. വിപുലീകരണം വൈവിധ്യവൽക്കരണം എന്നിവയുടെ ഭാഗമായി വിവിധ കർമ്മ പദ്ധതികൾ കൺസ്യൂമർ ഫെഡറേഷൻ ആവിഷ്ക്കരിച്ചിട്ടുണ്ട്.

(ബി) താഴെപ്പറയുന്ന പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത് :

1. തൃശ്ശൂർ ജില്ലയിൽ പാക്കേജ്ഡ് ഡ്രിങ്കിംഗ് വാട്ടർ പ്ലാന്റ്.
2. തൃശ്ശൂരിൽ ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസി (TIP)
3. ഇടുക്കിയിൽ ത്രിവേണി റീട്ടെയിൽ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്.
4. തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരിയിലും എറണാകുളത്ത് പൂക്കാട്ടുപടിയിലും കണ്ണൂർ ജില്ലയിൽ മാത്തിലും ശീതീകരിച്ച ഗോഡൗണുകൾ.
5. തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരിയിൽ ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് പ്രോസസിംഗ്. (TIF PRO)
6. എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും കൺസ്യൂമർ ഫെഡിന്റെ ആഭിമുഖ്യത്തിൽ കുറഞ്ഞ ചെലവിൽ ശുശ്രൂഷ-ക്ലിനിക്കൽ ലബോറട്ടറികൾ.
7. എറണാകുളത്ത് പൂക്കാട്ടുപടിയിൽ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ.
8. ടൂറിസ്റ്റ് കേന്ദ്രങ്ങളിലും തീർത്ഥാടന കേന്ദ്രങ്ങളിലും കുറഞ്ഞ ചെലവിൽ ത്രിവേണി ഗസ്റ്റ് ഹൗസുകൾ.
9. കണ്ണൂർ ജില്ലയിലെ മാത്തിൽ ഒരു വെളിച്ചെണ്ണ നിർമ്മാണ പ്ലാന്റ്.
10. കൊല്ലം ജില്ലയിലെ ചക്കുവള്ളിയിൽ ഗോതമ്പ് നുറുക്ക് ഫാക്ടറി.

(സി) സംഭരണ മേഖല :-

തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരിയിലും എറണാകുളത്ത് പൂക്കാട്ടുപടിയിലും കണ്ണൂർ ജില്ലയിലെ മാത്തിലും ശീതീകരിച്ച ഗോഡൗണുകളുടെ നിർമ്മാണം.

മാനേജ്മെന്റ് :-

ഇടുക്കിയിൽ ത്രിവേണി റീട്ടെയിൽ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുക. (TIRMA)

ആരോഗ്യം :-

എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും കുറഞ്ഞ ചെലവിൽ പരിശോധന നടത്തുന്ന ശുശ്രൂഷാ ക്ലിനിക്കൽ ലബോറട്ടറികൾ ആരംഭിക്കുക.

(ഡി) 1. ഭാരതപ്പുഴയുടെ തീരത്ത് തൃശ്ശൂർ പാലക്കാട് ജില്ലകളുടെ അതിർത്തിക്ക് സമീപം മായന്നൂർ എന്ന സ്ഥലത്ത് കേരള ഖാദി വില്ലേജ് ഇൻഡസ്ട്രീസ് അസോസിയേഷന്റെ 80 സെന്റ് സ്ഥലം മിനറൽ വാട്ടർ പ്ലാന്റിന്റെ ആവശ്യത്തിനായി ഫെഡറേഷന്റെ പേരിൽ കൈമാറ്റം ചെയ്യുന്നതിനുള്ള അനുവാദത്തിനായി കേന്ദ്ര ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷന് കൺസ്യൂമർ ഫെഡറേഷൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ജല ഗുണനിലവാര പരിശോധനയും നടത്തിയിട്ടുണ്ട്.

2. ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസി കോളേജ് :- തൃശ്ശൂരിൽ പ്രിയദർശിനി ഹോസ്പിറ്റലിൽനിന്നും കെട്ടിടം വാങ്ങി സിവിൽ വർക്കിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ലബോറട്ടറി, ലൈബ്രറി തുടങ്ങിയവയും ഇവിടെ പ്രവർത്തിക്കുന്നതിന് സജ്ജമാക്കിയിട്ടുണ്ട്.

3. ത്രിവേണി റീട്ടെയിൽ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ജില്ലാ പഞ്ചായത്തിൽ നിന്നും സൗജന്യമായി സ്ഥലം ലഭിച്ചിട്ടില്ലാത്തതിനാൽ താൽകാലികമായി വാഴത്തോപ്പിലുള്ള കെ.എസ്.ഇ.ബി. കെട്ടിട സൗകര്യം പ്രയോജനപ്പെടുത്തി പ്രസ്തുത പദ്ധതിക്കുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തി വരുന്നു.

4. ശീതീകരിച്ച ഗോഡൗണുകൾ :- വടക്കാഞ്ചേരിയിൽ പഞ്ചായത്തിൽ നിന്നും ഒരു ഏക്കർ സ്ഥലം കൺസ്യൂമർ ഫെഡറേഷന് സൗജന്യമായി ലഭിച്ചിട്ടുണ്ട്. എറണാകുളത്തും കണ്ണൂരിൽ പൂക്കാട്ടുപടിയിലും മാത്തിലും കൺസ്യൂമർ ഫെഡറേഷന് സ്വന്തമായിട്ടുള്ള സ്ഥലത്തും പ്രസ്തുത പദ്ധതിക്കാവശ്യമായ കൺസൽട്ടൻസി വർക്ക് നടത്തുന്നതിന് സർക്കാർ സ്ഥാപനമായ കിറ്റ്കോയിൽനിന്നും കരട് പ്രോജക്ട് റിപ്പോർട്ട് ലഭിക്കുകയും മണ്ണ് അനുയോജ്യതാ പരിശോധന (soil suitability test) നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

5. ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് പ്രോസസിംഗ്:- പ്രസ്തുത പദ്ധതി സംബന്ധിച്ച് 2.66 കോടി രൂപ ചെലവ് കണക്കാക്കുന്ന പ്രോജക്ട് റിപ്പോർട്ട് സാമ്പത്തിക സഹായത്തിനായി കേന്ദ്ര സർക്കാരിന്റെ ഫുഡ് പ്രോസസിംഗ് വ്യവസായ മന്ത്രാലയത്തിന് കൺസ്യൂമർ ഫെഡറേഷൻ സമർപ്പിക്കുകയും, പദ്ധതി നടത്തുന്നതിനുള്ള അംഗീകാരത്തിനായി പ്രോജക്ട് റിപ്പോർട്ട് സഹകരണ സംഘം രജിസ്ട്രാറിൽനിന്നും സർക്കാരിൽ ലഭ്യമായിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

6. ശുശ്രൂഷാ ക്ലിനിക്കൽ ലബോറട്ടറികൾ :- തൃശ്ശൂർ ജില്ലയിലെ മെഡിക്കൽ കോളേജിനോടനുബന്ധിച്ച് ശുശ്രൂഷാ ക്ലിനിക്കൽ ലാബ് ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയും മറ്റു ജില്ലകളിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന് കൺസ്യൂമർ ഫെഡറേഷൻ ശ്രമം നടത്തി വരികയുമാണ്.

7. ത്രിവേണി ഗസ്റ്റ്ഹൗസുകൾ :- ഗുരുവായൂരിൽ ത്രിവേണി ഗസ്റ്റ് ഹൗസ് പ്രവർത്തനം ആരംഭിക്കുകയും മറ്റു പ്രധാന തീർത്ഥാടന കേന്ദ്രങ്ങളിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന് കൺസ്യൂമർ ഫെഡറേഷൻ ശ്രമിച്ചുവരുന്നു.

8. വെളിച്ചെണ്ണ നിർമ്മാണ പ്ലാന്റിനാവശ്യമായ പ്രോജക്ട് റിപ്പോർട്ട് കൺസ്യൂമർ ഫെഡറേഷൻ തയ്യാറാക്കിവരുന്നു.

9. ഗോതമ്പ് നുറുക്ക് ഫാക്ടറിക്കാവശ്യമായ കെട്ടിടം നിർമ്മാണം പൂർത്തിയാക്കി മെഷീനറികൾ വാങ്ങുന്നതിനുള്ള നടപടികളും കൺസ്യൂമർ ഫെഡറേഷൻ നടത്തിവരുന്നു.

## നീതി മെഡിക്കൽ സ്റ്റോറുകൾ

159 (515) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൺസ്യൂമർ ഫെഡിന്റെ കീഴിൽ കേരളത്തിൽ എത്ര നീതി മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി എത്ര നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(സി) എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഒരു നീതി മെഡിക്കൽ സ്റ്റോർ വീതം ആരംഭിക്കുന്ന പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ നല്കാമോ ?

### ഉത്തരം

(എ) 100 നീതി മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി 20 നീതി മെഡിക്കൽ സ്റ്റോറുകൾ കൺസ്യൂമർ ഫെഡറേഷന്റെ കീഴിൽ ആരംഭിച്ചിട്ടുണ്ട്. ഇവ കൂടാതെ സഹകരണ സംഘങ്ങൾ/ബാങ്കുകൾ എന്നിവയുടെ കീഴിൽ 100 നീതി മെഡിക്കൽ സ്റ്റോറുകളും ആരംഭിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും, നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കണമെന്ന സർക്കാർ നയത്തിന്റെ ഭാഗമായി നീതി മെഡിക്കൽ സ്റ്റോറുകൾ നിലവിലില്ലാത്ത പഞ്ചായത്തുകൾക്ക് പ്രാമുഖ്യം നൽകി സഹകരണ സംഘങ്ങൾ/കൺസ്യൂമർ ഫെഡറേഷൻ എന്നിവയുടെ ആഭിമുഖ്യത്തിൽ നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിന് സഹകരണ വകുപ്പും കൺസ്യൂമർ ഫെഡറേഷനും സംയുക്തമായി ശ്രമങ്ങൾ നടത്തിവരുന്നുണ്ട്.

**സഹകരണമേഖലയിലെ ആരോഗ്യ സ്ഥാപനങ്ങൾ**

**160 (516)** ശ്രീ. പി. എ. മാധവൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എം. പി. വിൻസെന്റ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന ആരോഗ്യ സ്ഥാപനങ്ങളിൽ ആധുനിക ചികിത്സ ഉറപ്പാക്കാൻ ഒരു പഠനസമിതിയെ നിയമിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം കാര്യങ്ങൾ പഠിക്കാനാണ് സമിതിയെ ചുമതലപ്പെടുത്തിയിട്ടുള്ളത് ;

(സി) പഠനറിപ്പോർട്ടും ശുപാർശകളും എന്നത്തേക്ക് സമർപ്പിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത് ?

**ഉത്തരം**

(എ) കേരളത്തിലെ സഹകരണ മേഖലയിൽ പ്രവർത്തിച്ചുവരുന്ന ആരോഗ്യ സ്ഥാപനങ്ങളിലെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് താഴെപറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഒരു പഠന കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട് :

1. ശ്രീ. കെ. എ. ചന്ദ്രൻ, എക്സ് എം.എൽ.എ. - അദ്ധ്യക്ഷൻ
2. ശ്രീ. കെ. വി. സുരേഷ് ബാബു അഡീഷണൽ രജിസ്ട്രാർ(ക്രെഡിറ്റ്) - കൺവീനർ
3. ശ്രീ. ഇ. നാരായണൻ, ചെയർമാൻ, ഹോസ്പിറ്റൽ ഫെഡ് - അംഗം
4. ശ്രീ. ടി. കെ. പൊറിഞ്ചു, പ്രസിഡന്റ് തൃശ്ശൂർ ജില്ലാ സഹകരണ ആശുപത്രി -

(ബി) കേരളത്തിലെ സഹകരണ മേഖലയിൽ പ്രവർത്തിച്ചു വരുന്ന ആശുപത്രികൾ, മെഡിക്കൽ സെന്ററുകൾ, ഡിസ്പെൻസറികൾ, എന്നിവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള ചികിത്സാ സേവനം മിതമായ ചെലവിൽ ലഭ്യമാക്കുന്നതിനും ജീവനക്കാർക്ക് മെച്ചപ്പെട്ട വേതനഘടനയും പ്രവർത്തനാന്തരീക്ഷവും ഉറപ്പു വരുത്തുവാനും വേണ്ടിയുള്ള കാര്യങ്ങൾ പഠിക്കാനാണ് സമിതിയെ ചുമതലപ്പെടുത്തിയിട്ടുള്ളത്.

(സി) പഠന റിപ്പോർട്ടും ശുപാർശകളും ആറ് മാസത്തിനകം സമർപ്പിക്കുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്.

**സഹകരണ ക്ലിനിക്കൽ ലബോറട്ടറി**

**161 (517)** ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ ക്ലിനിക്കൽ ലബോറട്ടറി ആരംഭിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും എന്തൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം തലങ്ങളിലാണ് ഇവ ആരംഭിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ആരുടെ നേതൃത്വത്തിലാണ് ഇവ പ്രവർത്തിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) സഹകരണ ക്ലിനിക്കൽ ലാബുകൾ തുടങ്ങുന്നതിന് മാർഗ്ഗ നിർദ്ദേശം നൽകികൊണ്ട് സഹകരണ സംഘം രജിസ്ട്രാർ 19-5-2009-ൽ 20/2009-ാം നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) കുറഞ്ഞ നിരക്കിൽ കൃത്യതയോടെ ലാബ് ടെസ്റ്റുകൾ ഉന്നത നിലവാരം പുലർത്തുന്ന ഉപകരണങ്ങളുടെ സഹായത്താൽ നിർണ്ണയിക്കുക എന്നതാണ് ഉദ്ദേശ്യലക്ഷ്യം. 24 മണിക്കൂറും ലാബുകൾ പ്രവർത്തിപ്പിക്കണം എന്നതാണ് വിഭാവനം ചെയ്യുന്നത്.

(സി) നിയമാവലിയിൽ സഹകരണ ലാബുകൾ തുടങ്ങുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ള താലൂക്ക്, ജില്ലാ, സംസ്ഥാനതലത്തിലുള്ള സഹകരണ സംഘങ്ങൾക്ക് ലാബുകൾ ആരംഭിക്കാവുന്നതാണ്.

(ഡി) സഹകരണ ലാബുകൾ ആരംഭിക്കുന്ന സഹകരണ സംഘങ്ങളുടെ നേതൃത്വത്തിലാണ് ഇവ പ്രവർത്തിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

## രോഗികളുടെ വായ്പ എഴുതിത്തള്ളുന്നതിനുള്ള മാനദണ്ഡം

162 (518) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരാലിസിസ്, വൃക്കസംബന്ധമായ രോഗങ്ങൾ, കാൻസർ തുടങ്ങിയ രോഗങ്ങൾമൂലം ശയ്യാവലംബരായവരുടെ സഹകരണസ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകളിൽ 75,000 രൂപ വരെ എഴുതിത്തള്ളുന്നതിന് എന്തൊക്കെ മാനദണ്ഡങ്ങളാണ് നിശ്ചയിച്ചിരിക്കുന്നത് ; വിശദാംശം നൽകുമോ ;

(ബി) റിസ്ക് ഫണ്ട് പദ്ധതി പ്രകാരം വായ്പ എഴുതിത്തള്ളുന്നതിന് മുൻകാലപ്രാബല്യം നൽകിയിട്ടുണ്ടോ ; എങ്കിൽ പ്രാബല്യം എന്നുമുതലാണ് നൽകിയിട്ടുള്ളത് ;

(സി) ദീർഘകാലമായി ഇത്തരം രോഗം ബാധിച്ചു കിടപ്പിലായവരുടെ വായ്പത്തുക എഴുതിത്തള്ളുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) വായ്പ എടുത്തശേഷം ക്യാൻസർ, എയ്ഡ്സ്, പക്ഷാഘാതം വന്ന് ശരീരം തളർന്നവർ, ഹൃദയ സംബന്ധമായ ശസ്ത്രക്രിയക്ക് വിധേയരായവർ, കിഡ്നി സംബന്ധമായ രോഗങ്ങൾ ഉള്ളവർ എന്നിങ്ങനെയുള്ള രോഗങ്ങൾ പിടിപെട്ട് വായ്പ ബാധ്യതകൾ തീർക്കാൻ കഴിയാതെ വരുന്ന വായ്പക്കാരുടെ വായ്പ മുതൽ 75,000 രൂപയും ആയതിന്റെ പലിശയും റിസ്ക് ഫണ്ട് പദ്ധതിയിലെ ഇതര നിബന്ധനകൾക്ക് വിധേയമായി എഴുതിതള്ളുന്നതാണ്. മേൽ പരാമർശിച്ച രോഗം ബാധിച്ചവർ അസിസ്റ്റന്റ് സിവിൽ സർജനിൽ കുറയാത്ത ഡോക്ടറുടെ സർട്ടിഫിക്കറ്റും അനുബന്ധമായ ചികിത്സാരേഖകളും അപേക്ഷയോടൊപ്പം ഹാജരാക്കണമെന്ന മാനദണ്ഡമാണ് നിശ്ചയിച്ചിരിക്കുന്നത്. ഇപ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതിനായി അപേക്ഷകർ റിസ്ക് ഫണ്ട് പദ്ധതിയിൽ ചേർന്ന് നിശ്ചിത വിഹിതം അടച്ചിരിക്കണം.

(ബി) 1-4-2008 മുതൽ നടപ്പിലാക്കി വരുന്ന റിസ്ക് ഫണ്ട് പദ്ധതി പ്രകാരം വായ്പ എഴുതിത്തള്ളുന്നതിന് മുൻകാല പ്രാബല്യം നൽകിയിട്ടില്ല. 1-4-2008 മുതലാണ് പദ്ധതിക്ക് പ്രാബല്യമുള്ളത്. എന്നാൽ പദ്ധതി നിലവിൽ വരുന്ന തീയതിയിൽ നിലനിൽക്കുന്ന വായ്പകൾക്ക് പദ്ധതിയുടെ പരിരക്ഷ ലഭിക്കുന്നതിന് വിജ്ഞാപന തീയതി മുതൽ 3 മാസത്തിനകം 2008 ഏപ്രിൽ മാസം ഒന്നാം തീയതി നിലനിൽക്കുന്ന വായ്പ തുകയുടെ 0.2% നിരക്കിൽ പരമാവധി 200 രൂപ ഒറ്റത്തവണ പ്രീമിയമായി അടച്ച് പദ്ധതിയിൽ ചേരാനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) 30-3-2012-ൽ സ.ഉ.(കൈ) നം. 42/2012/സഹ. നമ്പർ ഉത്തരവ് പ്രകാരം റിസ്ക് ഫണ്ട് നിയമാവലിയിൽ ഭേദഗതി വരുത്തിയാണ് മാരകരോഗം ബാധിച്ചവരുടെ നിശ്ചിത തുക എഴുതിതള്ളാൻ വ്യവസ്ഥ ഉൾപ്പെടുത്തിയത്. 30-3-2012-ലെ സർക്കാർ ഉത്തരവ് പ്രകാരം വായ്പ എടുത്തശേഷം വായ്പക്കാരന് മാരക രോഗം ബാധിച്ചവർക്ക് മാത്രമേ ആനുകൂല്യം ലഭിക്കുകയുള്ളൂ. റിസ്ക് ഫണ്ട് പദ്ധതിയിലെ വ്യവസ്ഥകൾക്ക് മുൻകാല പ്രാബല്യം ഇല്ലാത്തതിനാൽ ദീർഘകാലമായി രോഗം ബാധിച്ച് കിടപ്പിലായവരുടെ വായ്പ തുക എഴുതിതള്ളുന്ന കാര്യം പരിഗണിക്കാൻ കഴിയുന്നതല്ല.

**മരണപ്പെട്ടവരുടെ വായ്പ എഴുതിത്തള്ളുന്ന പദ്ധതി**

163 (519) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാൻസർ, വൃക്കരോഗം എന്നിവ പിടിപെട്ട് മരണപ്പെട്ട, പ്രാഥമിക സഹകരണ ബാങ്കുകളിൽ വായ്പ കുടിശ്ശികയുള്ളവരുടെ ബാദ്ധ്യത എഴുതിത്തള്ളുന്ന പദ്ധതി നിലവിലുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യം സജീവമായി പരിഗണിച്ച് നടപടി സ്വീകരിക്കുമോ ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) പദ്ധതി നിലവിലുണ്ട്.

(ബി) ബാധകമല്ല.

**സഹകരണ സംഘങ്ങളുടെ ആധുനികവത്കരണം**

164 (520) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ജോസഫ് വാഴക്കൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണത്തിനും പ്രൊഫഷണലിസത്തിനും ഊന്നൽ നൽകാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) പദ്ധതികളുടെ വിശദാംശങ്ങൾ എന്തൊക്കെയാണ് ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹകരണമാണ് പ്രസ്തുത മേഖലയിൽ ഉപയോഗപ്പെടുത്താനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സഹകരണ മേഖലയിൽ ത്രിതലത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളിൽ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുണ്ട്. പ്രധാനമായും കോർബാങ്കിംഗ് സൊല്യൂഷൻ, നെറ്റ് ബാങ്കിംഗ്, എ.ടി.എം, ആർ.ടി.ജി.എസ്., എൻ.ഇ.എഫ്.റ്റി മുതലായ സേവനങ്ങൾ ഉൾപ്പെടുന്ന ആധുനിക ബാങ്കിംഗ് സൗകര്യങ്ങളാണ് സഹകരണ മേഖലയിൽ ഏർപ്പെടുത്തുവാൻ നടപടി സ്വീകരിച്ചുവരുന്നത്. ജില്ലാ സഹകരണ ബാങ്കുകളുടെയും അർബൻ സഹകരണ ബാങ്കുകളുടെയും ഭരണസമിതിയിൽ 2 പ്രൊഫഷണൽ യോഗ്യതയുള്ളവരെ തെരഞ്ഞെടുക്കാനുള്ള വ്യവസ്ഥയുണ്ട്. 97-ാം ഭരണഘടനാ ഭേദഗതിയുടെ അടിസ്ഥാനത്തിൽ കേരള സഹകരണ സംഘം നിയമത്തിൽ വരുത്തിയ ഭേദഗതിയനുസരിച്ച് വകുപ്പ് 28-ൽ എല്ലാ സഹകരണ സംഘങ്ങളിലും അതാത് സംഘങ്ങളുടെ ഉദ്ദേശ്യ ലക്ഷ്യത്തിനനുസൃതമായി പ്രൊഫഷണൽ യോഗ്യതയുള്ളവരെ കോ-ഓപ്റ്റ് ചെയ്യാൻ വ്യവസ്ഥയുൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പ്രാഥമിക സഹകരണ ബാങ്കുകളിലെ ചീഫ് എക്സിക്യൂട്ടീവ് തസ്തികയിലേക്കുള്ള ഉദ്യോഗക്കയറ്റത്തിന് വിദ്യാഭ്യാസ യോഗ്യതയിൽ നിന്നും ഇളവ് നൽകുന്നതിനുള്ള വ്യവസ്ഥ ഒഴിവാക്കുകയും ഉദ്യോഗക്കയറ്റം വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് മാത്രമായി പരിമിതപ്പെടുത്തിക്കൊണ്ട് ചട്ടം ഭേദഗതി ചെയ്തിട്ടുമുണ്ട്.

(ബി) 2012-13 വർഷത്തെ പദ്ധതി വിഹിതത്തിൽ സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ എന്നിവയുടെ കമ്പ്യൂട്ടർവൽക്കരണം, കോർബാങ്കിംഗ്, എ.ടി.എം സംവിധാനം, സാങ്കേതിക നവീകരണം, ആധുനിക സാങ്കേതിക ഉപകരണങ്ങൾ വാങ്ങൽ എന്നിവയ്ക്കായി 300 ലക്ഷം രൂപ വകയിരുത്തുകയും 16 സഹകരണ സംഘങ്ങൾക്കായി ടി തുക അനുവദിക്കാൻ വർക്കിംഗ് ഗ്രൂപ്പ് തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്.

(സി) നബാർഡിന്റെ ആഭിമുഖ്യത്തിലുള്ള സ്കീമിൽ ഉൾപ്പെടുത്തി സി.ബി.എസ്. (കോർ ബാങ്കിംഗ് സൊല്യൂഷൻ) നടപ്പിൽ വരുത്തുന്നതിന് തിരുവനന്തപുരം, കൊല്ലം, കോട്ടയം, വയനാട്, കോഴിക്കോട്, മലപ്പുറം, കാസർഗോഡ്, ഇടുക്കി എന്നീ ജില്ലാ സഹകരണ ബാങ്കുകൾ നബാർഡുമായി MOU ഒപ്പു വച്ചിട്ടുണ്ട്. അർബൻ ബാങ്കുകളിൽ NAFCUB-ന്റെ ആഭിമുഖ്യത്തിലും മറ്റുള്ളവ സ്വന്തമായിട്ടുമാണ് കോർബാങ്കിംഗ് നടപ്പിലാക്കി വരുന്നത്. പ്രാഥമിക സഹകരണ സംഘങ്ങളും സർവ്വീസ് സഹകരണ ബാങ്കുകളും സ്വന്തം നിലയിലാണ് കോർ ബാങ്കിംഗ് നടപ്പിലാക്കി വരുന്നത്.

(ഡി) നബാർഡിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി കോർബാങ്കിംഗ് നടപ്പിലാക്കി വരുന്ന ജില്ലാ സഹകരണ ബാങ്കുകളിലെ ഹെഡാഫീസുകളിൽ ട്രെയിനിംഗ് സെന്ററുകൾ ആരംഭിച്ച് കോർബാങ്കിംഗ് നടപ്പിലാക്കുന്നതിനോടൊപ്പം ജീവനക്കാർക്ക് അതിനുവേണ്ടുന്ന പരിശീലന പരിപാടികൾ നടപ്പിലാക്കുന്നതിന് ബാങ്കുകൾ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## സഹകരണ സംഘങ്ങളുടെ ആഡിറ്റ്

165 (521) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. എ. റ്റി. ജോർജ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ സംഘങ്ങളുടെ ആഡിറ്റ് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കർമ്മപദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും എന്തൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എത്ര സഹകരണ സംഘങ്ങളുടെ ആഡിറ്റ് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ;

(ഡി) സംഘങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദാംശങ്ങൾ അറിയിക്കുമോ ?

### ഉത്തരം

(എ) സംസ്ഥാനത്തെ പ്രവർത്തനക്ഷമമായ എല്ലാ സഹകരണ സംഘങ്ങളുടെയും 2012-13 വർഷം വരെയുള്ള മുഴുവൻ ആഡിറ്റുകളും 30-9-2013-ന് മുമ്പ് പൂർത്തിയാക്കുന്നതിന് 'ആഡിറ്റ് കുടിശ്ശിക നിവാരണ പദ്ധതി 2013' സഹകരണ ആഡിറ്റ് ഡയറക്ടർ തയ്യാറാക്കി വരുന്നു. ഇതിലൂടെ ആഡിറ്റ് കുടിശ്ശിക പൂർണ്ണമായി നീക്കം ചെയ്യുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) 97-ാം ഭരണഘടനാ ഭേദഗതിയുടെയും അതിനെ അടിസ്ഥാനമാക്കി നിയമത്തിൽ വന്നിട്ടുള്ള ഭേദഗതിയുടെയും അടിസ്ഥാനത്തിൽ സഹകരണ സംഘങ്ങളിലെ മുഴുവൻ കുടിശ്ശിക ആഡിറ്റുകളും 2012-13 വരെയുള്ള ആഡിറ്റും 30-9-2013-ന് മുമ്പായി തീർപ്പാക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഇതിലൂടെ സംസ്ഥാനത്തെ എല്ലാ സഹകരണ സ്ഥാപനങ്ങളിലെയും ആഡിറ്റ് സമകാലികമാക്കുന്നതാണ്. സർക്കിൾ തലത്തിൽ ക്യാംപ് ആഡിറ്റ് സംഘടിപ്പിച്ചും ലഭ്യമായ യൂണിറ്റ് ആഡിറ്റർമാരുടെ സേവനം പരമാവധി പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്.

(സി) നിലവിലുള്ള കണക്കുപ്രകാരം പ്രവർത്തനക്ഷമമായ 17940 സംഘങ്ങളുടെ ആഡിറ്റും റിക്കാർഡുകൾ ലഭ്യമാകാത്ത കാരണത്താലും പ്രവർത്തനരഹിതമായതിനാലും ആഡിറ്റ് കുടിശ്ശികയായിട്ടുള്ള 4995 സംഘങ്ങളുടെ ആഡിറ്റുമടക്കം 22935 സംഘങ്ങളുടെ ആഡിറ്റ് 30-9-2013-നകം പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ഡി) സഹകരണ സംഘങ്ങളുടെ ആഡിറ്റ് സമകാലികമാകുന്നതോടെ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ കഴിയുന്നതാണ്. എല്ലാ വർഷവും പൊതുയോഗം ചേരുക, തൻ വർഷത്തെ ആഡിറ്റ് റിപ്പോർട്ടും കണക്കുകളും പരിശോധിക്കുക, നഷ്ടത്തിന്റെ കാരണം വിശകലനം ചെയ്യുക, പൊതുയോഗത്തിൽ അംഗങ്ങൾ നിർബന്ധമായും പങ്കെടുക്കുന്നതിനുള്ള വ്യവസ്ഥകൾ എന്നിവയും സംഘവുമായി ഇടപാടുകൾ നടത്തിയാലെ അംഗത്വം നിലനിൽക്കൂ എന്ന വ്യവസ്ഥകളും സഹകരണ സംഘങ്ങളുടെ കാര്യക്ഷമത ഉയർത്തുമെന്ന് പ്രതീക്ഷിക്കുന്നു.

**വനിത പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ**

166 (522) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എ. റ്റി. ജോർജ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വനിത, പട്ടികജാതി പട്ടിക ഗോത്രവർഗ്ഗ സഹകരണ സംഘങ്ങളെ പുനർജീവിപ്പിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വനിതാ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിന് പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനായി 14-11-2012-ലെ സ.ഉ.(സാധാ) നം. 642/2012/സഹ. നമ്പർ ഉത്തരവ് പ്രകാരം ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിലേക്കായി ഒരു പഠനം നടത്തുന്നതിന് തിരുവനന്തപുരം ഐ.സി.എം-നെ ചുമതലപ്പെടുത്തിയിരിക്കുന്നു. ഐ.സി.എം. നൽകിയ പഠന റിപ്പോർട്ട് ചർച്ച ചെയ്ത്, ആവശ്യമായ കൂടുതൽ വിശദാംശങ്ങൾ സമർപ്പിക്കുന്നതിന് ഐ.സി.എം-നോട് നിർദ്ദേശിച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

(ബി) വനിതാ സഹകരണ സംഘങ്ങളുടെ പഠന കമ്മിറ്റിയുടെ പഠന റിപ്പോർട്ടിൽ ഉൾപ്പെടുത്തിയ വിഷയങ്ങൾ താഴെചേർക്കുന്നു :- വനിതാ സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ ശമ്പളം സംബന്ധിച്ച തീരുമാനം വരുമാനവുമായി ബന്ധപ്പെട്ട് രൂപീകരിച്ചെടുക്കുക. സംഘങ്ങളുടെ ആസ്തി സംബന്ധിച്ച വിവര ശേഖരണവും, ഈ ആസ്തികളുപയോഗിച്ച് വരുമാനം നേടുന്നതിനുള്ള കഴിവ് ആസ്തികളുടെ മോശമായ സംരക്ഷണം സംബന്ധിച്ച വിവരങ്ങൾ, സംഘങ്ങൾക്കു ലഭിച്ച വിവിധ ധനസഹായങ്ങളുടെ വിശദവിവരം, ധനസഹായം ഉപയോഗിച്ച് സംഘം വയബിലിറ്റി നേടിയോ ; (Linking of Schemes with the viabiltity position of the society. Fund deviations), സംഘങ്ങളുടെ പ്രവർത്തനഫലം സംബന്ധിച്ച വിവരങ്ങൾ, മോശം രീതിയിൽ പ്രവർത്തിക്കുന്നതിനുള്ള കാരണങ്ങൾ, പ്രവർത്തന വിജയത്തിനുള്ള കാരണങ്ങളും സംബന്ധിച്ച റിപ്പോർട്ട്, വിദ്യാഭ്യാസം-പരിശീലനം സംബന്ധിച്ച വിവരങ്ങൾ, ഭരണസമിതി അംഗങ്ങൾ, ജീവനക്കാർ, അംഗങ്ങൾ എന്നിവ തരംതിരിച്ച് പരാജയ-വിജയ കാരണങ്ങൾ ബന്ധപ്പെടുത്തി വിശദീകരിക്കുക, നിലവിലുള്ള സർക്കാർ സഹായങ്ങളുടെ പോരായ്മകളും ഗുണവശവും വിശദീകരിക്കുക. നിയമാവലിയിലെ ഉദ്ദേശങ്ങളും അവ നേരിടുന്നതിനുള്ള ശ്രമങ്ങൾ അംഗങ്ങൾക്കിടയിൽ സ്വയംതൊഴിൽ പ്രോത്സാഹിപ്പിക്കുന്നതിനും തൊഴിൽദാനപ്രവർത്തനങ്ങളും ഏറ്റെടുത്ത് നടത്തുന്നതിനെക്കുറിച്ചുള്ള റിപ്പോർട്ട്, സംഘം പ്രവർത്തനത്തിൽ കാര്യനിർവ്വഹണ വീഴ്ച മുഖേന ബാദ്ധ്യതകൾ വന്നിട്ടുണ്ടോ ; എങ്കിൽ ഇത്തരം വീഴ്ചകൾ ഒഴിവാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ, ഭാവിയിൽ സംഘം ഉദ്ദേശങ്ങൾ നേടുന്നതിനുവേണ്ടി ഏറ്റെടുത്ത് നടത്തേണ്ട പ്രവർത്തനങ്ങളെക്കുറിച്ചുള്ള റിപ്പോർട്ട്, വനിതാ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ നവീകരിക്കുന്നതിനു വേണ്ടി വിവരസാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട് ഏറ്റെടുക്കേണ്ട പുതിയ സംരഭങ്ങളെക്കുറിച്ചുള്ള റിപ്പോർട്ട്, വനിതാ സഹകരണ സംഘങ്ങളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനുവേണ്ടി സ്വയം സഹായസംഘങ്ങളുമായി എപ്രകാരം ബന്ധപ്പെടുത്താം എന്നിവ.

(2) എസ്.സി/എസ്.റ്റി സംഘങ്ങളെക്കുറിച്ചുള്ള പഠനത്തിൽ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശിച്ച വിഷയങ്ങൾ :

1. പട്ടികജാതി സഹകരണ സംഘങ്ങളുടെ പ്രവർത്തന മേഖല സംബന്ധിച്ച റിപ്പോർട്ട്.

2. നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതും പ്രവർത്തനം നിലച്ചതുമായ പട്ടികജാതി സഹകരണ സംഘങ്ങളുടെ വിശദ വിവരങ്ങൾ.

3. ജീവനക്കാർക്ക് വേതനം കൊടുക്കുന്നതുമായി ബന്ധപ്പെട്ട പട്ടികജാതി സഹകരണ സംഘങ്ങൾക്ക് നിലവിലുള്ള സാമ്പത്തിക ബാദ്ധ്യതയുടെ വിദാംശങ്ങൾ.

4. സഹകരണസംഘങ്ങളുടെ ആസ്തി സംബന്ധിച്ച വിവരങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly

5. സംഘങ്ങൾക്ക് സർക്കാരിൽ നിന്നും ഇതര ധനസഹായ ഏജൻസികളിൽ നിന്നും ലഭിച്ച ധനസഹായങ്ങൾ അവയുടെ വിനിയോഗം.

6. സഹകരണ നവരത്നം ഫണ്ടിൽ നിന്നും ധനസഹായം ലഭിച്ച സംഘങ്ങൾ, അതുകൊണ്ട് അവയ്ക്കുണ്ടായ പുരോഗതി (32 സംഘങ്ങൾ)

7. പീഡിത സഹകരണ സംഘങ്ങൾക്കുള്ള ധനസഹായ പദ്ധതിയിൽ തുക ലഭിച്ച സംഘങ്ങൾ, ആയതിന്റെ വിനിയോഗം, പുരോഗതി (55 സംഘങ്ങൾ)

8. നല്ല രീതിയിൽ പ്രവർത്തിക്കുന്നതും സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ലാത്തതുമായ സംഘങ്ങളുടെ വിവരം.

9. പട്ടികജാതി-പട്ടികവർഗ്ഗ സംഘങ്ങൾക്ക് പ്രത്യേക ക്ലാസ്സിഫിക്കേഷൻ മാനദണ്ഡം തയ്യാറാക്കുക.

(സി) ഐ.സി.എം. തിരുവനന്തപുരം (എസ്.സി/എസ്.റ്റി സഹകരണ സംഘങ്ങളുടെ പഠനം). ഐ.സി.എം. കണ്ണൂർ (വനിതാ സഹകരണ സംഘങ്ങളുടെ പഠനം).

(ഡി) വനിതാ സഹകരണ സംഘങ്ങളുടെ പഠന കമ്മിറ്റിയുടെ ആദ്യ യോഗം ചേർന്ന് പഠന കമ്മിറ്റിയുടെ നിർദ്ദേശ വിഷയങ്ങൾ ഉൾക്കൊള്ളിച്ച് ഒരു ചോദ്യാവലി തയ്യാറാക്കുന്നതിനും വനിതാ സഹകരണ സംഘങ്ങൾ കാലിക പ്രാധാന്യമുള്ള നൂതന പദ്ധതികൾ ആരംഭിക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ പഠന റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുന്നതിനും കണ്ണൂർ ഐ.സി.എം. ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എസ്.സി/എസ്.റ്റി സഹകരണ സംഘങ്ങളുടെ പഠന റിപ്പോർട്ട് ഐ.സി.എം. തിരുവനന്തപുരം നൽകിയിട്ടുണ്ട്. നിർദ്ദേശ വിഷയങ്ങൾ മുഴുവൻ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ആയതുകൂടി ഉൾപ്പെടുത്തി നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## സഹകരണ സംഘം, സഹകരണ ബാങ്കുകൾ എന്നിവയുടെ പ്രവർത്തനത്തെക്കുറിച്ച് പഠനം

**167 (523)** ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സഹകരണ സംഘം, സഹകരണ ബാങ്കുകൾ എന്നിവയുടെ പ്രവർത്തനത്തെക്കുറിച്ച് പഠിക്കുവാൻ ഏതെങ്കിലും സമിതിയെ നിയോഗിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത സമിതിയുടെ കാലാവധി എന്നുവരെയായിരുന്നു ;

(സി) പ്രസ്തുത സമിതി പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരളത്തിലെ വായ്പാ സഹകരണ സംഘങ്ങളുടെ പ്രവർത്തനം പഠിക്കുവാൻ ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. സമിതി അംഗങ്ങളുടെ പേര് വിവരം ചുവടെ ചേർക്കുന്നു :

| | | | |
|---|---|---|---|
| 1. | അഡ്വ. കരകുളം കൃഷ്ണപിള്ള | - | ചെയർമാൻ |
| 2. | അഡ്വ. ഫിലിപ്പോസ് തോമസ് | - | അംഗം |
| 3. | അഡ്വ. ജോയി തോമസ് | - | അംഗം |
| 4. | ശ്രീ. അബ്ദുൾ ഹമീദ് | - | അംഗം |
| 5. | ശ്രീ. ജോയി എബ്രഹാം (എക്സ്. എം.എൽ.എ) | - | അംഗം |
| 6. | ശ്രീ. മനയത്ത് ചന്ദ്രൻ | - | അംഗം |
| 7. | ശ്രീ. എച്ച്.എം. ഷാരിയർ | - | അംഗം |
| 8. | അഡ്വ. എം.എം.രാജപ്പൻ | - | കൺവീനർ |

ടി കമ്മിറ്റിയിൽ സഹകരണ വകുപ്പിലെ അസിസ്റ്റന്റ് രജിസ്ട്രാർ ശ്രീ. ഫ്രാൻസിസ് ജഫേഴ്സനെ ജോയിന്റ് കൺവീനറായി നിയമിച്ചിട്ടുണ്ട്.

(ബി) 30-9-2012 വരെ.

(സി) സമിതിയുടെ ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. 1969-ലെ കേരള സഹകരണ നിയമത്തിൽ ചില ഭേദഗതികൾ നിർദ്ദേശിച്ചുകൊണ്ടുള്ള റിപ്പോർട്ടാണ് ലഭ്യമാക്കിയിട്ടുള്ളത്.

**സഹകരണ റീട്ടെയിൽ ഔട്ട്ലെറ്റുകൾ**

**168 (524)** ശ്രീ. ചിറ്റയം ഗോപകുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രാഥമിക സഹകരണ സംഘങ്ങളും സഹകരണ ബാങ്കുകളും വായ്പ/നിക്ഷേപ പദ്ധതികളിൽ മാത്രം പ്രവർത്തനം പരിമിതപ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിനുവേണ്ടി ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചു നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കാമോ ;

(സി) പ്രാഥമിക സഹകരണ സംഘങ്ങളുടെയും/ബാങ്കുകളുടെയും ആസ്തിയുടെ നിശ്ചിത ശതമാനം ഉപയോഗിച്ച് ജനോപകാരപ്രദങ്ങളായ റീട്ടെയിൽ ഔട്ട്ലെറ്റുകൾ സ്ഥാപിച്ച് വിപണനം നടത്തുന്നതിനുള്ള പദ്ധതി നടപ്പിലാക്കുവാൻ തയ്യാറാകുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) സഹകരണ സംഘങ്ങൾ നിലവിൽത്തന്നെ ഓരോ പ്രദേശത്തിനനു സൃതമായ രീതിയിൽ നീതി സ്റ്റോറുകൾ, നീതി മെഡിക്കൽസ്, മറ്റ് കൺസ്യൂമർ സ്റ്റോറുകൾ, കൃഷിക്കാരുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനുള്ള റീട്ടെയിൽ ഔട്ട്ലെറ്റുകൾ എന്നിവ നടത്തിവരുന്നുണ്ട്.

**രജിസ്റ്റർ ചെയ്ത സഹകരണ സംഘങ്ങൾ**

**169 (525)** ശ്രീ. സാജു പോൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് പ്രകാരം സഹകരണ രജിസ്ട്രാർ രജിസ്റ്റർ ചെയ്ത സംസ്ഥാനത്തെ ആകെ സഹകരണ സംഘങ്ങൾ എത്ര ;

(ബി) ഇവയിൽ ഇതിനകം പ്രവർത്തനം നിലച്ച് ലിക്വിഡേറ്റ് ചെയ്യപ്പെട്ടവ എത്ര ; ലിക്വിഡേഷൻ പ്രോസസിൽ ഇരിക്കുന്നവ എത്ര ; പ്രവർത്തന രഹിതമായിട്ടുള്ളത് എത്ര ; അൻപതിൽ കുറവ് അംഗങ്ങൾ മാത്രമുള്ള സംഘങ്ങൾ എത്ര ; സർക്കാർ ഓഹരിയുള്ള സംഘങ്ങൾ എത്ര ;

(സി) ക്ലാസിഫിക്കേഷൻ നോംസ് അനുസരിച്ച് ഓരോ ക്ലാസിഫിക്കേഷനുകളിലും എത്ര വീതം സംഘങ്ങൾ ഉണ്ട് ?

ഉത്തരം

(എ) 15170 സഹകരണ സംഘങ്ങൾ.

(ബി) അവയുടെ വിവരം ചുവടെ ചേർക്കുന്നു :

| | |
|---|---|
| ഇതിനകം പ്രവർത്തനം നിലച്ച് ലിക്വിഡേറ്റ് ചെയ്തവ | 655 |
| ലിക്വിഡേഷൻ പ്രോസസിൽ ഇരിക്കുന്നവ | 627 |
| പ്രവർത്തന രഹിതമായവ | 2342 |
| അൻപതിൽ കുറവ് അംഗങ്ങൾ മാത്രമുള്ളവ | 944 |
| സർക്കാർ ഓഹരിയുള്ള സംഘങ്ങൾ | 3929 |

(സി) ചട്ടം 15-ലെ ക്ലാസിഫിക്കേഷൻ അനുസരിച്ചുള്ള സംഘങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

| | |
|---|---|
| ചട്ടം 15 (1) | 3404 |
| 15 (2) | 769 |
| 15 (3) | 2469 |
| 15 (4) | 76 |
| 15 (5) | 29 |
| 15 (6) | 145 |
| 15 (7) | 660 |
| 15 (8) | 93 |
| 15 (9) | 420 |
| 15 (10) | 923 |
| 15 (11) | 4934 |

## രജിസ്റ്റർ ചെയ്ത സംഘങ്ങൾ

**170 (526)** ശ്രീ. സി. കൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ നാളിതുവരെ രജിസ്റ്റർ ചെയ്ത സംഘങ്ങളുടേയും അതിൽ ഇപ്പോൾ പ്രവർത്തനം നിലച്ച സംഘങ്ങളുടേയും ഇപ്പോൾ പ്രവർത്തിക്കുന്ന സംഘങ്ങളുടേയും ഇതിനകം ലിക്വിഡേറ്റ് ചെയ്യുകയോ ലിക്വിഡേഷൻ പ്രോസസിലിരിക്കുന്നതോ ആയ സംഘങ്ങളുടേയും ജില്ല തിരിച്ചുള്ള കണക്കുകൾ വിശദമാക്കാമോ ;

(ബി) നിലവിൽ പ്രവർത്തിച്ചുവരുന്ന സംഘങ്ങളിൽ ക്രഡിറ്റ് മേഖലയിൽ ഉള്ളതും ഇതര മേഖലകളിൽ വരുന്നതുമായ സംഘങ്ങളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ വിശദമാക്കാമോ ;

(സി) സംഘങ്ങളുടെ ക്ലാസിഫിക്കേഷൻ വ്യവസ്ഥയനുസരിച്ച് ഓരോ മേഖലയിലും ക്ലാസിഫൈ ചെയ്യപ്പെട്ട സംഘങ്ങളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ ?

### ഉത്തരം

(എ) ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി) ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

| ജില്ല | ക്രെഡിറ്റ്മേഖല | ഇതര മേഖല |
|---|---|---|
| തിരുവനന്തപുരം | 394 | 812 |
| കൊല്ലം | 154 | 740 |
| പത്തനംതിട്ട | 161 | 364 |
| ആലപ്പുഴ | 286 | 379 |
| കോട്ടയം | 381 | 473 |
| ഇടുക്കി | 132 | 267 |
| എറണാകുളം | 441 | 600 |
| തൃശ്ശൂർ | 274 | 829 |
| പാലക്കാട് | 277 | 423 |
| മലപ്പുറം | 198 | 694 |
| കോഴിക്കോട് | 217 | 578 |
| വയനാട് | 67 | 209 |
| കണ്ണൂർ | 294 | 1384 |
| കാസർഗോഡ് | 105 | 413 |

(സി) സംഘങ്ങളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

**സഹകരണ സംഘങ്ങളിലെ എസ്.ബി. അക്കൗണ്ട്**

171 (527) ശ്രീ. പാലോട് രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 2012 മുതൽ രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണ സംഘങ്ങൾക്ക് സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങാൻ അനുമതിയില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് ;

(സി) പ്രസ്തുത സംഘങ്ങൾക്ക് സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങാൻ നടപടി സ്വീകരിക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി&സി) പുതുതായി രജിസ്റ്റർ ചെയ്തിട്ടുള്ള സംഘങ്ങളുടെ പ്രവർത്തനം വിലയിരുത്തി, നിക്ഷേപകരുടെ താത്പര്യങ്ങൾ സംരക്ഷിക്കുവാൻ കഴിയുന്ന തരത്തിൽ സാമ്പത്തിക പുരോഗതിയും പ്രവർത്തന മികവും കൈവരിക്കുന്ന മുറയ്ക്ക് പ്രസ്തുത സംഘങ്ങൾക്ക് സേവിംഗ് നിക്ഷേപങ്ങൾ സ്വീകരിക്കുന്നതിനുള്ള അനുമതി നൽകുന്നകാര്യം പരിശോധിക്കുന്നതാണ്.

**കാർഷിക വായ്പകളിൽ കുടിശ്ശിക വരുത്തിയവർക്കെതിരെ ജപ്തി നടപടി**

172 (528) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകൾവഴി നൽകിയിട്ടുള്ള കാർഷികവായ്പകളിൽ കുടിശ്ശിക വരുത്തിയവർക്കെതിരായ ജപ്തി നടപടികൾക്ക് ഉത്തരവിട്ടിട്ടുണ്ടോ ;

(ബി) ഇപ്രകാരം എത്ര കേസ്സുകളാണ് ഇപ്പോൾ പ്രോസസ് ചെയ്തു വരുന്നത് ; വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകൾ അനുവദിച്ചിട്ടുള്ള കാർഷിക വായ്പകളിൻമേൽ ഉള്ള റവന്യൂ റിക്കവറി നടപടികൾക്ക് 15-2-2013-ലെ സ.ഉ. (എംഎസ്.) നം. 57/2013/റവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഒരു വർഷത്തേക്ക് മോറട്ടോറിയം പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**സഹകരണ മേഖലയെ സംബന്ധിച്ച സ്റ്റാറ്റിസ്റ്റിക്സ്**

173 (529) ശ്രീ. സി. കൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സഹകരണ മേഖലയെ സംബന്ധിച്ച സ്റ്റാറ്റിസ്റ്റിക്സ് ഏറ്റവും ഒടുവിൽ തയ്യാറാക്കപ്പെട്ടത് എപ്പോഴാണ് ;

(ബി) പ്രസ്തുത സ്റ്റാറ്റിസ്റ്റിക്സ് റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) സഹകരണ മേഖലയെ സംബന്ധിച്ചു 2007-08 വർഷത്തെ സ്റ്റാറ്റിസ്റ്റിക്സാണ് അവസാനമായി തയ്യാറാക്കിയിട്ടുള്ളത്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## സഹകരണ ഓഡിറ്റ് വിംഗ്

174 (530) ശ്രീമതി കെ. കെ. ലതിക : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ നിയമഭേദഗതി പ്രകാരം നിശ്ചിത സമയത്തിനുള്ളിൽ സഹകരണ സംഘങ്ങളുടെ ഓഡിറ്റ് പൂർത്തിയാക്കുന്നതിനായി സഹകരണ ഓഡിറ്റ് വിംഗിൽ നിലവിലുള്ള ഓഡിറ്റർമാരുടെ തസ്തികകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) സഹകരണ ഓഡിറ്റ് വിംഗിന് നിലവിൽ എത്ര സംഘങ്ങളുടെ ഓഡിറ്റ് നടത്തുന്നതിന് ചുമതലയുണ്ടെന്നും പ്രസ്തുത വിംഗിൽ ഇപ്പോൾ എത്ര ഓഡിറ്റർ തസ്തികയുണ്ടെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ബി) നിലവിലുള്ള കണക്ക് പ്രകാരം പ്രവർത്തനക്ഷമമായ 17940 സംഘങ്ങളുടെ 41017 ആഡിറ്റ് നടത്തേണ്ടതുണ്ട്. റിക്കാർഡുകൾ ലഭ്യമാകാത്ത കാരണത്താലും പ്രവർത്തനരഹിതമായതിനാലും ആഡിറ്റ് കുടിശ്ശികയായിട്ടുള്ള 4995 സംഘങ്ങളുടെ 75417 ആഡിറ്റും നടത്തേണ്ടതുണ്ട്. ആഡിറ്റർമാരുടെ 453 സ്ഥിരം തസ്തികകളും കെ.എസ്.ആർ 156-ാം വകുപ്പ് പ്രകാരം സൃഷ്ടിച്ചിട്ടുള്ള 1334 താൽകാലിക തസ്തികകളുമാണ് ആഡിറ്റ് വിഭാഗത്തിലുള്ളത്.

## പ്രാഥമിക സഹകരണ സംഘങ്ങളിലെ സ്ഥിരം ജീവനക്കാർ

175 (531) ശ്രീ. ബി. സത്യൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ പ്രാഥമിക സഹകരണ സംഘങ്ങളിലായി ആകെ എത്ര സ്ഥിരം ജീവനക്കാർ ജോലി ചെയ്യുന്നുണ്ട് ; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ബി) നിയമനങ്ങൾ നടത്തുന്നത് ഏത് ഏജൻസിയാണെന്ന് വ്യക്തമാക്കുമോ :

(സി) നിയമനങ്ങൾക്ക് സംവരണതത്വം പാലിക്കാറുണ്ടോ ; ഉണ്ടെങ്കിൽ ഏത് വിധത്തിലാണെന്ന് വിശദമാക്കുമോ ;

(ഡി) ഓരോ ജില്ലയിലും ജോലി ചെയ്യുന്നവരിൽ എസ്.സി./എസ്.ടി. വിഭാഗത്തിൽ ഉൾപ്പെടുന്നവർ എത്ര വീതമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ വിവിധ പ്രാഥമിക സഹകരണ സംഘങ്ങളിലായി ആകെ 27464 സ്ഥിരം ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :



LIBRARY ARCHIVES Kerala Legislative Assembly

| ക്രമനം. | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 2018 |
| 2 | കൊല്ലം | 1712 |
| 3 | പത്തനംതിട്ട | 1126 |
| 4 | ആലപ്പുഴ | 1368 |
| 5 | കോട്ടയം | 2361 |
| 6 | ഇടുക്കി | 1101 |
| 7 | എറണാകുളം | 2075 |
| 8 | തൃശ്ശൂർ | 2426 |
| 9 | പാലക്കാട് | 1802 |
| 10 | മലപ്പുറം | 2277 |
| 11 | കോഴിക്കോട് | 2090 |
| 12 | വയനാട് | 390 |
| 13 | കണ്ണൂർ | 5033 |
| 14 | കാസർഗോഡ് | 1685 |
| | ആകെ | 27464 |

(ബി) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലെ ജൂനിയർ ക്ലാർക്കിനും അതിന് മുകളിലുള്ള തസ്തികകളിലെയും നേരിട്ട് നിയമനം നടത്തേണ്ട തസ്തികകളിലെ നിയമനം സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് മുഖേനയാണ് നടത്തുന്നത്. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലെ ജൂനിയർ ക്ലാർക്കിന് താഴെയുള്ള തസ്തികകളിലെയും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ ഒഴികെയുള്ള പ്രാഥമിക സഹകരണ സംഘങ്ങളിലെയും നേരിട്ട് നിയമനം നടത്തേണ്ട തസ്തികകളിലേക്കുള്ള നിയമനം ബന്ധപ്പെട്ട സംഘം ഭരണസമിതിയാണ് നടത്തുന്നുത്.

(സി) നിയമനങ്ങൾക്ക് സംവരണതത്വം പാലിക്കാറുണ്ട്. ഓരോ സഹകരണ സംഘത്തിലെയും ജീവനക്കാരുടെ ആകെ എണ്ണത്തിന്റെ 10% പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവർക്കായും 3% ശാരീരിക വൈകല്യമുള്ളവർക്കായും സംവരണം ചെയ്തിട്ടുണ്ട്.

(ഡി) എസ്.സി/എസ്.ടി. വിഭാഗത്തിൽ ഉൾപ്പെടുന്ന ജീവനക്കാരുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

| ക്രമനം. | ജില്ല | എസ്.സി/എസ്.റ്റി. വിഭാഗത്തിൽ ഉൾപ്പെടുന്ന ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 202 |
| 2 | കൊല്ലം | 158 |
| 3 | പത്തനംതിട്ട | 97 |
| 4 | ആലപ്പുഴ | 140 |
| 5 | കോട്ടയം | 201 |
| 6 | ഇടുക്കി | 92 |
| 7 | എറണാകുളം | 130 |
| 8 | തൃശ്ശൂർ | 281 |
| 9 | പാലക്കാട് | 213 |
| 10 | മലപ്പുറം | 162 |
| 11 | കോഴിക്കോട് | 133 |
| 12 | വയനാട് | 22 |
| 13 | കണ്ണൂർ | 317 |
| 14 | കാസർഗോഡ് | 101 |
| | ആകെ | 2249 |

**സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ വികലാംഗ സംവരണം**

**176 (532)** ശ്രീ. ജി. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ വികലാംഗർക്ക് 3% സംവരണം ഏർപ്പെടുത്തി ഉത്തരവായിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

(ബി) ബഹുഭൂരിപക്ഷം സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിലും വികലാംഗർക്ക് സംവരണാനുകൂല്യം നൽകുന്നില്ല എന്നകാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ സഹകരണ സ്ഥാപനങ്ങളിലെ ഉദ്യോഗനിയമനങ്ങളിൽ വികലാംഗർക്ക് സംവരണം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. കേരള സഹകരണ സംഘം (ഭേദഗതി) നിയമം, 2010 (2010-ലെ 7-ാം നിയമം) അനുസരിച്ച് 1969-ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 80-ൽ 28-4-2010 മുതൽ പ്രാബല്യത്തിൽവന്ന ഉപവകുപ്പ് (5) പ്രകാരം എല്ലാ സഹകരണ സംഘങ്ങളിലും ആകെയുള്ള തസ്തികകളുടെ എണ്ണത്തിന്റെ മൂന്നു ശതമാനം, നാൽപ്പത് ശതമാനമോ അതിൽ കൂടുതലോ ശാരീരിക വൈകല്യമുണ്ടെന്ന് മെഡിക്കൽ ബോർഡ് സാക്ഷ്യപ്പെടുത്തിയിട്ടുള്ള വ്യക്തികൾക്കായി സംവരണം ചെയ്തിട്ടുള്ളതും, അതനുസരിച്ച് അംഗീകൃത സ്ഥിരം തസ്തികയിലെ ജീവനക്കാരുടെ എണ്ണം പത്തിൽ കൂടുതലും മുപ്പത്തി മൂന്നിൽ കുറവും ആയ സഹകരണ സംഘങ്ങളിൽ കുറഞ്ഞത് ഒരു തസ്തിക ഇപ്രകാരം ശാരീരിക വൈകല്യമുള്ള ഉദ്യോഗാർത്ഥികൾക്കായി നീക്കിവെക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) ചില സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ വികലാംഗർക്ക് സംവരണാനുകൂല്യം നൽകുന്നില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ ശാരീരിക വൈകല്യമുള്ള വ്യക്തികൾക്ക് മൂന്ന് ശതമാനം പ്രാതിനിധ്യം ഉറപ്പാക്കുന്നതിനുള്ള കർശന നിർദ്ദേശം സഹകരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.

**സഹകരണ ലൈബ്രറികളിലെ പുസ്തകങ്ങൾ**

177 (533) ശ്രീ. സി. പി. മുഹമ്മദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ അപ്പെക്സ്-കേന്ദ്ര-പ്രാഥമിക സഹകരണസംഘങ്ങളിൽ എത്രയെണ്ണത്തിൽ സഹകരണ ലൈബ്രറികൾ പ്രവർത്തിച്ചുവരുന്നു ; ജില്ലതിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ ;

(ബി) എസ്.പി.സി.എസ്. പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ അടിച്ചേൽപ്പിക്കുന്ന മുൻകാലസ്ഥിതിവിശേഷം അവസാനിപ്പിച്ച് സഹകരണമേഖലയിലെ പ്രസിദ്ധീകരണ സംഘങ്ങൾ പ്രസിദ്ധപ്പെടുത്തുന്ന പുസ്തകങ്ങൾക്കു പ്രാധാന്യം നൽകിക്കൊണ്ട് സഹകരണ ലൈബ്രറികളിൽ പർച്ചേസ് നടത്തുന്നതിന് നിർദ്ദേശം നൽകുമോ ;

(സി) സഹകരണപ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കു കരുത്തേകിയ മൺമറഞ്ഞ ഭരണാധികാരികളെക്കുറിച്ചും നേതാക്കളെക്കുറിച്ചുമുള്ള പുസ്തകങ്ങൾ സംഘങ്ങളിൽ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) പട്ടം താണുപിള്ള, പനമ്പിള്ളി ഗോവിന്ദമേനോൻ, ഇ.എം.എസ്., സി. അച്യുതമേനോൻ, ആർ. ശങ്കർ തുടങ്ങിയവരെക്കുറിച്ചുള്ള ജീവചരിത്ര ഗ്രന്ഥങ്ങൾ സംഘങ്ങളിൽ ലഭ്യമാക്കുവാൻ നിർദ്ദേശം നൽകുമോ ;

(ഇ) പനമ്പിള്ളി ഗോവിന്ദമേനോനെക്കുറിച്ചുള്ള ജീവചരിത്രഗ്രന്ഥം സംഘങ്ങളിലെ ലൈബ്രറികളിൽ വാങ്ങണമെന്ന് നിർദ്ദേശിച്ചുകൊണ്ട് വകുപ്പ് 2/2012 നമ്പരിൽ സർക്കുലർ പുറപ്പെടുവിച്ചിട്ടും ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർമാർ സംഘങ്ങളിൽ പുസ്തകം വാങ്ങുവാനും ഉത്തരവ് നടപ്പിലാക്കുവാനും നടപടി സ്വീകരിക്കാത്തതിനെക്കുറിച്ച് അന്വേഷിക്കുമോ ?

ഉത്തരം

(എ) അപ്പെക്സ്-കേന്ദ്ര-പ്രാഥമിക സഹകരണ സംഘങ്ങളിൽ ലൈബ്രറികൾ പ്രവർത്തിച്ചുവരുന്നതിന്റെ ജില്ലതിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 67 |
| 2 | കൊല്ലം | 126 |
| 3 | പത്തനംതിട്ട | 129 |
| 4 | ആലപ്പുഴ | 148 |
| 5 | കോട്ടയം | 141 |
| 6 | ഇടുക്കി | 87 |
| 7 | എറണാകുളം | 191 |
| 8 | തൃശ്ശൂർ | 166 |
| 9 | പാലക്കാട് | 98 |
| 10 | മലപ്പുറം | 160 |
| 11 | കോഴിക്കോട് | 112 |
| 12 | വയനാട് | 28 |
| 13 | കണ്ണൂർ | 652 |
| 14 | കാസർഗോഡ് | 140 |
| | ആകെ | 2245 |

(ബി) സഹകരണ മേഖലയിലെ പ്രസിദ്ധീകരണങ്ങൾ വാങ്ങുന്നതിന് നിർദ്ദേശം നൽകാവുന്നതാണ്.

(സി) നടപടി സ്വീകരിക്കുന്നതാണ്.

(ഡി) പരിഗണിക്കുന്നതാണ്

(ഇ) സർക്കുലറിന്റെ അടിസ്ഥാനത്തിൽ ജോയിന്റ് രജിസ്ട്രാർമാർ സംഘങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യം അന്വേഷിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

## സഹകരണ ബാങ്കുകളിലെ സ്വർണ്ണത്തിന് സുരക്ഷ

178 (534) ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ സർവ്വീസ് സഹകരണ ബാങ്കുകളിലായി എത്ര കിലോഗ്രാം സ്വർണ്ണം പണയ ഉരുപ്പടിയായി സ്വീകരിച്ചിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം അറിയിക്കുമോ ;

(ബി) വിവിധ ബാങ്കുകളിലും സ്വകാര്യ സ്ഥാപനങ്ങളിലും സൂക്ഷിച്ചിട്ടുള്ള സ്വർണ്ണ നിർമ്മിത ഉരുപ്പടികൾ വ്യാപകമായി മോഷണം പോകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സഹകരണ ബാങ്കുകളിൽ സൂക്ഷിച്ചിട്ടുള്ള സ്വർണ്ണത്തിന് സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് എന്തൊക്കെ മാർഗ്ഗനിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത് ; പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുവാൻ ഏർപ്പെടുത്തിയിട്ടുള്ള ഔദ്യോഗിക സംവിധാനങ്ങൾ എന്തൊക്കെയാണ് ;

(ഡി) സ്വർണ്ണ മോഷണവുമായി ബന്ധപ്പെട്ട് സഹകരണ ബാങ്കുകളിലെ ജീവനക്കാർ പ്രതിയായിട്ടുള്ള കേസ്സുകൾ നിലവിലുണ്ടോ ; എങ്കിൽ എത്ര കേസ്സുകളെന്ന് അറിയിക്കുമോ ;

(ഇ) സഹകരണ സ്ഥാപനങ്ങളിൽ സൂക്ഷിച്ചിട്ടുള്ള സ്വർണ്ണാഭരണങ്ങളുടെ സുരക്ഷ ഉറപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ വിവിധ സർവ്വീസ് സഹകരണ ബാങ്കുകളിലായി 85,607.579 കിലോഗ്രാം സ്വർണ്ണാഭരണങ്ങൾ പണയമായി സ്വീകരിച്ചിട്ടുണ്ട്.

(ബി) വ്യാപകമായി മോഷണം പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സഹകരണ ബാങ്കുകളിൽ സുക്ഷിച്ചിട്ടുള്ള സ്വർണ്ണത്തിന് സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ശക്തമായ ലോക്കർ സംവിധാനം ഏർപ്പെടുത്തുന്നതിനും സെക്യൂരിറ്റി ജീവനക്കാരെ നിയമിക്കുന്നതിനും ഇൻഷ്വറൻസ് കവറേജ് ഏർപ്പെടുത്തുന്നതിനും ബർഗ്ലർ അലാറം, സി.സി.ടി.വി. എമർജൻസി ലൈറ്റുകൾ, ചുറ്റുമതിൽ നിർമ്മിക്കുക, ഉൾപ്പെടെയുള്ള സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പോലീസ് പട്രോളിംഗ് ഏർപ്പെടുത്തുന്നതിന് പോലീസ് ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്നതിനുപുറമെ മേൽ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് വകുപ്പുതല ഉദ്യോഗസ്ഥന്മാർ ബാങ്കുകളിൽ പരിശോധന നടത്തിവരുന്നുണ്ട്.

(ഡി) സ്വർണ്ണമോഷണവുമായി ബന്ധപ്പെട്ട് സഹകരണ ബാങ്കുകളിലെ ജീവനക്കാർ പ്രതിയായിട്ടുള്ള 7 കേസ്സുകൾ നിലവിലുണ്ട്.

(ഇ) ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## നന്മ സ്റ്റോറുകൾ

**179 (535)** ശ്രീമതി പി. അയിഷാ പോറ്റി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ നന്മ സ്റ്റോറുകൾ ആരംഭിക്കുന്നതിന് ലഭിച്ച അപേക്ഷകളുടെ വിശദാംശങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ വെളിപ്പെടുത്തുമോ ;

(ബി) എത്ര നന്മ സ്റ്റോറുകൾ പ്രവർത്തിക്കാൻ അനുമതി നൽകിയെന്നും പഞ്ചായത്തടിസ്ഥാനത്തിൽ അവയുടെ വിശദാംശവും പ്രതിമാസ വിറ്റുവരവും വെളിപ്പെടുത്തുമോ ;

(സി) നന്മ സ്റ്റോറുകൾ അനുവദിക്കുന്നതിന് സ്വീകരിച്ചുവരുന്ന മാനദണ്ഡങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ നന്മ സ്റ്റോറുകൾ ആരംഭിക്കുന്നതിന് ലഭിച്ച അപേക്ഷകളുടെ എണ്ണം പഞ്ചായത്തടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു :

| | പഞ്ചായത്തിന്റെ പേര് | എണ്ണം |
|---|---|---|
| 1. | കരീപ്ര | 7 |
| 2. | വെളിയം | 4 |
| 3. | മൈലം | 2 |
| 4. | നെടുവത്തൂർ | 2 |
| 5. | ഉമ്മന്നൂർ | 1 |
| 6. | എഴുകോൺ | 3 |
| 7. | കുളക്കട | 2 |
| | ആകെ | 21 |

(ബി) ഇരുപത്തിയൊന്ന് നന്മ സ്റ്റോറുകൾ പ്രവർത്തിക്കുവാൻ അനുമതി നൽകി. ഇവയിൽ പതിനഞ്ച് നന്മ സ്റ്റോറുകൾ പ്രവർത്തനമാരംഭിച്ചു. ആയവയുടെ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള എണ്ണവും പ്രതിമാസ വിറ്റുവരവും അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) തദ്ദേശസ്വയം ഭരണ സ്ഥാപനമോ, സഹകരണ സ്ഥാപനങ്ങളോ, സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനമോ സന്നദ്ധസംഘടനകളോ, കുറഞ്ഞത് 200 ചതുരശ്ര അടി വിസ്തീർണ്ണമുള്ള അനുയോജ്യമായ സ്ഥലം വാടകയില്ലാതെ അനുവദിക്കാൻ തയ്യാറാകുന്ന പ്രദേശങ്ങൾക്ക് പ്രാമുഖ്യം നൽകിയും വില്പന സാധ്യതകൂടി പരിഗണിച്ചുമാണ് നന്മ സ്റ്റോറുകൾ അനുവദിക്കുന്നത്.

## സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ

**180 (536)** ശ്രീമതി പി. അയിഷാ പോറ്റി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊല്ലം ജില്ലയിൽ എവിടെയെല്ലാം സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ടെന്നും അവയുടെ പ്രതിമാസ വിറ്റുവരവും വെളിപ്പെടുത്തുമോ ;

(ബി) കൊട്ടാരക്കരയിലേക്ക് അനുവദിച്ച സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോർ നാളിതുവരെ ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ; ആയത് അടിയന്തരമായി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊല്ലം ജില്ലയിൽ ആരംഭിച്ച സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകളുടേയും അവയുടെ ശരാശരി പ്രതിമാസ വിറ്റുവരവിന്റെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | പ്രവർത്തിക്കുന്ന സ്ഥലം | വിറ്റുവരവ് |
|---|---|---|
| 1 | ചവറ | 4,07,000 രൂപ |
| 2 | ഇരവിപുരം | 4,31,000 രൂപ |
| 3 | കരുനാഗപ്പള്ളി | 5,00,000 രൂപ |
| 4 | പത്തനാപുരം | 7,10,000 രൂപ |
| 5 | കൊല്ലം | 4,48,000 രൂപ |
| 6 | ചാത്തന്നൂർ | 4,30,000 രൂപ |

(ബി) കൊട്ടാരക്കര നിയോജകമണ്ഡലത്തിലേക്ക് അനുവദിച്ച സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോർ പ്രവർത്തന സജ്ജമായിട്ടുണ്ട്. ടി സ്റ്റോറിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## ഗ്രാമീണ വ്യവസായ സംരംഭങ്ങളിലെ കുടിശ്ശിക

**181 (537)** ശ്രീ. മുല്ലക്കര രത്നാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഖാദി-ഗ്രാമ വ്യവസായ ബോർഡ് നൽകിയിട്ടുള്ള ഗ്രാമീണ വ്യവസായ സംരംഭങ്ങളിൽ നിന്നും എന്ത് തുക കുടിശ്ശിക ഉണ്ടായിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇത്തരം കുടിശ്ശികകളുടെ പിഴപ്പലിശ കുറവു ചെയ്തുകൊണ്ട് വായ്പാ തിരിച്ചടവ് ത്വരിതപ്പെടുത്തുന്നകാര്യം പരിഗണിക്കുമോ ?

### ഉത്തരം

(എ) 31-12-2012 കണക്കനുസരിച്ച് പാറ്റേൺ പദ്ധതി പ്രകാരം 25.03 കോടി രൂപയും കൺസോർഷ്യം ബാങ്ക് ക്രെഡിറ്റ് (സി.ബി.സി) പദ്ധതിപ്രകാരം 8.34 കോടി രൂപയും കുടിശ്ശിക ഉണ്ടായിട്ടുണ്ട്.

(ബി) പാറ്റേൺ പദ്ധതിപ്രകാരം വായ്പയെടുക്കുകയും വായ്പ തുക ശരിയായി വിനിയോഗിച്ച് യൂണിറ്റ് പ്രവർത്തിപ്പിക്കുകയും ചെയ്തിട്ടുള്ള വായ്പക്കാർക്ക് ഖാദി കമ്മീഷൻ അനുവദിച്ച പ്രകാരം ഒറ്റത്തവണയായി കുടിശ്ശിക തീർപ്പാക്കുന്നപക്ഷം പിഴപ്പലിശ ഇളവ് ചെയ്തുകൊടുക്കുന്നുണ്ട്. സി.ബി.സി. പദ്ധതിവഴി വായ്പയെടുത്തവർക്ക് ബോർഡ് തീരുമാനപ്രകാരം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ നിബന്ധനകൾക്ക് വിധേയമായി ചില പ്രത്യേക കാലയളവുകളിൽ പിഴപ്പലിശ ഇളവ് ചെയ്ത് കൊടുക്കുന്നുണ്ട്.

## കളത്തൂർ ഖാദി-ഗ്രാമവ്യവസായ യൂണിറ്റിന്റെ പുനരുദ്ധാരണം

**182 (538)** ശ്രീ. മോൻസ് ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിൽപ്പെട്ട കളത്തൂർ ഖാദി-ഗ്രാമവ്യവസായ യൂണിറ്റിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ

(ബി) പ്രസ്തുത യൂണിറ്റ് പുനരുദ്ധരിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) ഈ യൂണിറ്റിൽ ഇപ്പോൾ എത്രപേർ ജോലി ചെയ്യുന്നു ; ഈ യൂണിറ്റ് ഇപ്പോൾ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത് ; വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത യൂണിറ്റ് ആധുനികവൽക്കരിക്കുന്നതിനും വൈവിധ്യവൽക്കരിക്കുന്നതിനും പദ്ധതി തയ്യാറാക്കുമോ ?

ഉത്തരം

(എ) കളത്തൂർ ഖാദി ഗ്രാമവ്യവസായ യൂണിറ്റ് ശോച്യാവസ്ഥയിലല്ല പ്രവർത്തിക്കുന്നത്.

(ബി) ബാധകമല്ല.

(സി) 53 പേർ ജോലി ചെയ്യുന്നു. ഖാദി യൂണിറ്റുകൾ ലാഭ-നഷ്ട അധിഷ്ഠിതമായിട്ടല്ല പ്രവർത്തിക്കുന്നത്.

(ഡി) പരിശോധിക്കുന്നതാണ്.

**ചാലക്കുടി മണ്ഡലത്തിലെ ഖാദി യൂണിറ്റുകളുടെ നവീകരണം**

183 (539) ശ്രീ. ബി. ഡി. ദേവസ്സി : താഴെക്കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചാലക്കുടി മണ്ഡലത്തിലെ കൊടകര പഞ്ചായത്തിൽപ്പെട്ട പേരാമ്പ്ര, കനകമല എന്നിവിടങ്ങളിലെ ഖാദി യൂണിറ്റുകൾ നവീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും, എന്നുമുതൽ നവീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

ഉണ്ട്. പ്രസ്തുത യൂണിറ്റുകൾ നവീകരിക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട് :

പേരാമ്പ്ര ഖാദി യൂണിറ്റ്

1. കെട്ടിടത്തിന്റെ റൂഫ് സീലിംഗ് ചെയ്യുക.
2. കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുക, ടൈൽസ് പതിക്കുക
3. 10 തറികൾ സ്ഥാപിക്കുക.

കനകമല ഖാദി യൂണിറ്റ്

1. ~~ ~~ സെമി ആട്ടോമാറ്റിക് ലും സ്ഥാപിക്കുക.
2. കെട്ടിടത്തിന്റെ റൂഫ് സീലിംഗ് ചെയ്യുക.
3. ചുറ്റുമതിൽ കെട്ടുക

കൊടകര ഗ്രാമപഞ്ചായത്തിൽ നിന്നും തുക ലഭിച്ചില്ലെങ്കിൽ ഖാദിബോർഡിന് അനുവദിക്കുന്ന പദ്ധതി വിഹിതത്തിൽ നിന്നും തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

## കുടിവെള്ള സ്രോതസ്സുകളിലെ മലിനീകരണം

**184 (540)** ശ്രീ. പുരുഷൻ കടലുണ്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ കുടിവെള്ള സ്രോതസ്സുകൾ വ്യാപകമായി മലിനീകരിക്കപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കുടിവെള്ളത്തിൽ ബാക്ടീരിയകളും അമ്ല-ലവണാംശങ്ങളും വർദ്ധിച്ചു വരുന്നതിന്റെ കാരണങ്ങൾ കണ്ടെത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രധാന കാരണങ്ങൾ വിശദമാക്കാമോ ;

(സി) പ്രസ്തുത മലിനീകരണ കാരണങ്ങൾ ഒഴിവാക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. ഗാർഹിക മാലിന്യങ്ങളുടെ സൂചികയായ കോളിഫോം ബാക്ടീരിയയുടെ സാന്നിധ്യമാണ് സംസ്ഥാനത്തെ ജലാശയങ്ങളിൽ കൂടുതലായി കണ്ടുവരുന്നത്. ജലാശയങ്ങളുടെ തീരങ്ങളിൽ സ്ഥിതിചെയ്യുന്ന നഗരങ്ങളിലും പട്ടണങ്ങളിലും നിന്നുള്ള സീവേജും ഖരമാലിന്യങ്ങളും ഉൾപ്പെടെയുള്ള ഗാർഹിക മാലിന്യങ്ങളും ജലാശയങ്ങളിൽ എത്തിച്ചേർന്ന് മലിനീകരണം സൃഷ്ടിക്കുന്നു. അറവുശാലകൾ, മാർക്കറ്റുകൾ തുടങ്ങിയവയിൽ നിന്നുമുള്ള മാലിന്യം ശാസ്ത്രീയമായി സംസ്ക്കരിക്കാതെ ജലസ്രോതസ്സുകളിൽ എത്തിച്ചേരുന്നുണ്ട്. കാർഷിക മേഖലയിൽ ഉപയോഗപ്പെടുത്തുന്ന രാസവസ്തുക്കൾ, കീടനാശിനികൾ, കളനാശിനികൾ മുതലായവ കുടിവെള്ള സ്രോതസ്സുകളിൽ മലിനീകരണം ഉണ്ടാക്കുന്നുണ്ട്.

(സി) ജലനിയമവും പരിസ്ഥിതി സംരക്ഷണ നിയമവും അനുബന്ധ ചട്ടങ്ങളും പ്രകാരം വ്യവസായശാലകൾ, ഹോട്ടലുകൾ, റിസോർട്ടുകൾ, ഹൗസ്ബോട്ടുകൾ, ഹോസ്പിറ്റലുകൾ, ഉത്തുംഗ കെട്ടിടങ്ങൾ തുടങ്ങിയവയിൽ നിന്നുമുള്ള മലിനജലം ശുദ്ധീകരിച്ച് മാലിന്യഘടകങ്ങൾ അനുവദനീയ പരിധിയിൽ ആക്കി നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിക്കുകയും പ്രസ്തുത സംവിധാനങ്ങളുടെ പര്യാപ്തത സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിരീക്ഷിക്കുകയും ചെയ്യുന്നു. ബോർഡിന്റെ നിബന്ധനകൾ പാലിക്കുന്നതിൽ ആവർത്തിച്ചു വീഴ്ച വരുത്തുന്ന വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, മറ്റു സ്ഥാപനങ്ങൾ എന്നിവ അടച്ചുപൂട്ടിക്കുകയോ പ്രവർത്തനം പരിമിതപ്പെടുത്തുകയോ, അവയ്ക്കെതിരെ നിയമനടപടികൾ സ്വീകരിക്കുകയോ ചെയ്യുന്നുണ്ട്. അറവുശാലകൾ പോലുള്ള മലിനീകരണത്തിനു കാരണമാകുന്ന സ്ഥലങ്ങളിൽ മതിയായ മലിനീകരണ നിയന്ത്രണോപാധികൾ സ്ഥാപിക്കണമെന്നും അതില്ലാതെ പ്രവർത്തനാനുമതി നൽകരുതെന്നും ഉത്തരവുപുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## വ്യവസായ സ്ഥാപനങ്ങളിലെ മാലിന്യങ്ങൾ

185 (541) ശ്രീ. ജോസ് തെറ്റയിൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അങ്കമാലി വ്യവസായ മേഖലയിലെ വ്യവസായ സ്ഥാപനങ്ങളിലെയും സിഡ്കോയിലെയും മാലിന്യങ്ങൾമൂലം ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ബി) വ്യവസായ സ്ഥാപനങ്ങളിലെ മാലിന്യങ്ങൾ പാടശേഖരങ്ങളിലേക്ക് പുറന്തള്ളുന്നത് തടയുവാൻ അതാത് സ്ഥാപനങ്ങളിൽ തന്നെ മാലിന്യം നിർമ്മാർജ്ജനം ചെയ്യാൻ നടപടി സ്വീകരിക്കുമോ ;

(സി) ഇത് സംബന്ധിച്ച് പൊതുജനങ്ങൾ സമർപ്പിച്ചിട്ടുള്ള പരാതിയിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ) അങ്കമാലി വ്യവസായ മേഖലയിലും SIDCO Industrial Park-ലുമായി പ്രവർത്തിക്കുന്ന കമ്പനികളിലെ മലിനീകരണം സംബന്ധിച്ച് സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡിന് പരാതി ലഭിച്ചതിനെത്തുടർന്ന് ബോർഡ് ഉദ്യോഗസ്ഥർ ടി കമ്പനികളിൽ പരിശോധന നടത്തുകയും കമ്പനികളിലെ മലിനീകരണ നിയന്ത്രണ സംവിധാനങ്ങളിലെ പോരായ്മകളെക്കുറിച്ച് അവലോകനം ചെയ്യുകയും മലിനീകരണം ഉളവാക്കുന്ന വ്യവസായ സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. തുടർ നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ താഴെ സമർപ്പിക്കുന്നു :

1. വി. ജെ. റൈസ് മിൽ

   കമ്പനിയിൽ നിന്നും പുറന്തള്ളുന്ന ചാരം മലിനീകരണ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായി ബോധ്യപ്പെട്ടതിനാൽ കമ്പനിക്ക് അടച്ചു പൂട്ടാതിരിക്കാനുള്ള കാരണം കാണിക്കൽ നോട്ടീസ് നൽകി. ഇതിനുശേഷം ടി കമ്പനിയിൽ 29-11-2012-ൽ അന്വേഷണം നടത്തി. അന്വേഷണ സമയത്ത് കമ്പനിയിലെ ബോയിലർ പരിസരത്ത് നിക്ഷേപിച്ചിരുന്ന ചാരം നീക്കിയതായി കണ്ടു. നിലവിലുള്ള മലിനജല ശുദ്ധീകരണ പ്ലാന്റ് വിപുലീകരിക്കുന്നതിനായും പുതിയ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനായും പ്രൊപ്പോസൽ അടുത്ത കാലത്ത് സമർപ്പിക്കുകയും 18-12-2012-ൽ ബോർഡ് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2. മലബാർ അമോണിയ (പ്രൈ) ലിമിറ്റഡ്

ഈ സ്ഥാപനത്തിൽ അമോണിയ പൈപ്പ് ലൈനുകളിൽ ചോർച്ച ഉണ്ടായാൽ സ്വീകരിക്കേണ്ട സുരക്ഷാ സംവിധാനങ്ങൾ പര്യാപ്തമല്ലെന്ന് കണ്ടിരുന്നു. ഈ കമ്പനിക്ക് ബോർഡിന്റെ 30-6-2015 വരെ സാധുതയുള്ള അനുമതിപത്രം നൽകിയിട്ടുണ്ട്. അമോണിയ ചോർച്ച തടയുന്നതിനായി സ്ക്രബ്ബർ സംവിധാനം ഏർപ്പെടുത്തുവാനും, അമോണിയ സൂക്ഷിക്കുന്ന സ്ഥലത്ത് വാട്ടർ സ്പ്രിംഗ്ളർ സംവിധാനം ഏർപ്പെടുത്തുവാനും ഇതിനോടൊപ്പംതന്നെ അമോണിയ ഡിറ്റക്ഷൻ സെൻസർ ഏർപ്പെടുത്തുവാനും 31-3-2013 വരെ ബോർഡ് സമയം അനുവദിച്ചിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ സമയപരിധിക്കുള്ളിൽ കമ്പനി പാലിക്കാത്തപക്ഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

3. എം.എസ്.എസ്. റബ്ബേഴ്സ് ആന്റ് റിക്ലെയിംസ്

ബോർഡിന്റെ നിർദ്ദേശപ്രകാരം കമ്പനിയിൽ സ്ക്രാപ്പ് സൂക്ഷിക്കുന്നതിന് മേൽക്കൂരയുള്ള ഷെഡ് ഏർപ്പെടുത്തുകയും മിക്സിംഗ് വെസ്സൽ അടച്ചുറപ്പുള്ള മുറിക്കുള്ളിലായി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. എന്നിരുന്നാലും Pressure release സമയങ്ങളിൽ ദുർഗന്ധം അനുഭവപ്പെടുന്നതായി പരാതി ലഭിച്ചതിനെത്തുടർന്ന് സ്ക്രബ്ബിങ് സംവിധാനം ഏർപ്പെടുത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

4. കാൻകർ ഇൻഗ്രേഡിയേഴ്സ്

മുൻപരിശോധന സമയത്ത് കണ്ട പോരായ്മകൾ ബോർഡിന്റെ നിർദ്ദേശപ്രകാരം പരിഹരിച്ചു. ബോയിലറിൽ നിന്നുള്ള ചാരം പരിസരത്തുനിന്നും നീക്കം ചെയ്യുകയും മലിനജല ശുദ്ധീകരണ പ്ലാന്റ് പ്രവർത്തനക്ഷമമാക്കുകയും ചെയ്തു. ശുദ്ധീകരിച്ച ജലം നനയ്ക്കാനായി (ഗാർഡനിംഗ്) ഉപയോഗിക്കുന്നു. ആയതിനാൽ ഈ യൂണിറ്റിൽ നിന്നും അടുത്തുള്ള തോടുവഴി ശുദ്ധീകരിച്ച വെള്ളം പാടശേഖരത്തിൽ എത്തുവാനുള്ള സാദ്ധ്യത തുലോം കുറവാണ്.

5. പെരുമ്പാവൂർ പ്ലൈവുഡ് കൺസോർഷ്യം

ടി കമ്പനിയുടെ ചിമ്മിനിയിൽ വാട്ടർ സ്ക്രബ്ബർ സംവിധാനം ഏർപ്പെടുത്തുവാനും കമ്പനിയിൽ മലിനജല ശുദ്ധീകരണ പ്ലാന്റ് ഏർപ്പെടുത്തുവാനും ബോർഡ് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ കമ്പനിയിലെ ഖരമാലിന്യം അമ്പലമുകളിലെ ഹസാർഡസ് വേസ്റ്റ് നിർമ്മാർജ്ജന സംവിധാനത്തിൽ നിർമ്മാർജ്ജനം ചെയ്യുവാനും നിർദ്ദേശിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

6. റൈസ് മിൽ കൺസോർഷ്യം

കമ്പനിയിൽ ഏർപ്പെടുത്തിയിട്ടുള്ള സ്ക്രബിങ്ങ് സംവിധാനം കാര്യക്ഷമമല്ല. ഇതിലുള്ള ഏറ്റക്കുറച്ചിലുകൾ ശരിയാക്കുന്നതിനായി National Institute of Interdisciplinary Science and Technology യുടെ പദ്ധതി ആവിഷ്ക്കരിച്ച് പണികൾ പൂർത്തീകരിച്ചുവരുന്നു. രാത്രികാലങ്ങളിൽ ദുർഗന്ധം അനുഭവപ്പെടുന്നതായി പരിസരവാസികളുടെ പരാതികൾ ഇപ്പോഴും ലഭിക്കുന്നുണ്ട്. സ്ക്രബിങ്ങ് സംവിധാനം കാര്യക്ഷമമായാൽ ഈ പ്രശ്നം ഒരു പരിധി വരെ പരിഹരിക്കപ്പെടും.

7. കള്ളിയത്ത് സ്റ്റീൽ

രാത്രികാലങ്ങളിൽ കമ്പനി പ്രവർത്തിപ്പിക്കാതിരിക്കുവാൻ ബോർഡ് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സ്ക്രാപ്പ് സുരക്ഷിതമായി സൂക്ഷിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

8. പാറയിൽ റബ്ബേഴ്സ്

കമ്പനിയിൽ 7-9-2012-ൽ നടത്തിയ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ കമ്പനിയിൽ ഉളവാകുന്ന പൊടി നിർമ്മാർജ്ജനം ചെയ്യുവാൻ സംവിധാനം ഏർപ്പെടുത്തുന്നതിനും അസംസ്കൃത വസ്തുക്കൾ സൂക്ഷിക്കുന്നതിന് ഷെഡ് നിർമ്മിക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. നാളിതുവരെയായും മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ അനുമതിപത്രം നിരസിക്കാതിരിക്കാനുള്ള കാരണം കാണിക്കാൻ നോട്ടീസ് നൽകിയിരിക്കുകയാണ്.

9. പീറ്റേഴ്സ് റൈസ് ആന്റ് പീറ്റേഴ്സ് ഫുഡ് പ്രോഡക്ട്സ്

കമ്പനിയിൽ പുതിയ മലിനജലശുദ്ധീകരണ പ്ലാന്റിന്റെ പണി പൂർത്തീകരിച്ചു. ഇപ്പോൾ പ്രവർത്തനക്ഷമമാണ്. കമ്പനിയിൽ ചാരം സൂക്ഷിക്കുന്നതിനായി മേൽക്കൂരയുള്ള ഷെഡ് നിർമ്മിക്കുന്നതിനായി നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശം കമ്പനി പാലിക്കാത്തതിനാൽ അനുമതിപത്രം പുതുക്കി നൽകിയിട്ടില്ല. തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്.

10. പ്രീമിയർ അലുമിനിയം കമ്പനി

മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ അപര്യാപ്തമായതിനാൽ 5-1-2012-ൽ ഈ കമ്പനിയുടെ അനുമതിപത്രം നിരസിച്ചു. ബോർഡിന്റെ അനുമതിപത്രം ലഭിക്കുന്നതുവരെ കമ്പനിയുടെ പ്രവർത്തനം നിറുത്തി വയ്ക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

11. എസ്സ്ലർ സ്റ്റീൽ കമ്പനി

സ്ഥാപനം പ്രവർത്തനമാരംഭിച്ചിട്ടില്ല.

12. അഗ്രിടെക്സ്

സ്ഥാപനം പ്രവർത്തനമാരംഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

13. കെംടെക് കമ്പനി

കമ്പനി ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

(സി) 'എ' പിരിവിന്റെ മറുപടിയിൽ വിശദമാക്കിയിട്ടുണ്ട്.

**ഹൗസ് ബോട്ടുകളിൽ നിന്നുള്ള മലിനീകരണം**

**186 (542)** ശ്രീ. തോമസ് ചാണ്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട് താലൂക്കിലെ നീലംപേരൂരിൽ ഒരു സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ;

(ബി) ഹൗസ് ബോട്ടുകളിൽ നിന്നുള്ള മലിനീകരണം തടയുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആൾ കേരള ഹൗസ് ബോട്ട് ഓണേഴ്സ് അസോസിയേഷൻ 180 KLD ശേഷിയുള്ള ഒരു സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നീലംപേരൂർ പഞ്ചായത്തിലെ കുന്നുമ്മ വില്ലേജിൽ സ്ഥാപിച്ചിട്ടുണ്ട്. ആയതിന് സ്ഥാപനാനുമതിയും തുടർന്ന് 27-12-2014 വരെ സാധ്യതയുള്ള പ്രവർത്തനാനുമതിയും ബോർഡ് നൽകിയിട്ടുണ്ട്. എന്നാൽ വൈദ്യുതി ലഭ്യമാകാത്തതിനാൽ ടി സംരംഭം പ്രവർത്തനം ആരംഭിച്ചിട്ടില്ല.

(ബി) 1. ഹൗസ് ബോട്ടുകളെ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്.

2. ഹൗസ് ബോട്ടുകളിൽ സീവേജ് സംഭരണ സംവിധാനം ഏർപ്പെടുത്തേണ്ടതും ഇപ്രകാരം ശേഖരിക്കുന്ന സ്വീവേജ് കരയിലെത്തിച്ച് ശാസ്ത്രീയമായ ശുദ്ധീകരണ സംവിധാനം വഴി സംസ്ക്കരിക്കേണ്ടതുമാണ്.

3. ഗാർബേജ് മാലിന്യം ഹൗസ്ബോട്ടിൽ തന്നെ ശേഖരിച്ച് കരയിൽ നിർമ്മാർജ്ജനം ചെയ്യേണ്ടതാണ്.

4. എഞ്ചിനിൽ നിന്നുള്ള മലിനീകരണം തടയുന്നതിനായി 4 സ്ട്രോക്ക് ഔട്ട്ബോർഡ് എഞ്ചിനോ ഇൻ ബോർഡ് എഞ്ചിനോ ഉപയോഗിക്കേണ്ടതാണ്. വിനോദസഞ്ചാര വകുപ്പിന്റെ അധീനതയിൽ കുമരകത്തും ആൾ കേരള ഹൗസ് ബോട്ട് ഓണേഴ്സ് അസോസിയേഷൻ നീലംപേരൂരിലും മലിനജല ശുദ്ധീകരണ സംവിധാനം ഉണ്ടാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## 2013-14 സാമ്പത്തിക വർഷത്തേക്കുള്ള കേന്ദ്ര ബഡ്ജറ്റ്

**187 (543)** ശ്രീ. സി. കെ. സദാശിവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14 സാമ്പത്തിക വർഷത്തേക്കുള്ള കേന്ദ്ര ബഡ്ജറ്റ് പ്രകാരം കേരളത്തിന് 2013-14-ൽ ലഭിക്കുമെന്ന് കരുതാവുന്ന തുക ഓരോ ഇനത്തിലും എത്ര വീതമാണെന്ന് വിശദമാക്കുമോ ;

(ബി) കേന്ദ്ര നികുതികളുടെയും ഗ്രാന്റുകളുടെയും 2013-14-ൽ പ്രതീക്ഷിക്കുന്ന സംസ്ഥാന വിഹിതം ഓരോ ഇനത്തിലും എത്ര കോടി രൂപ വീതമായിരിക്കുമെന്ന് വിശദമാക്കുമോ ;

(സി) 2012-13-ൽ സംസ്ഥാനം കേന്ദ്രത്തിൽനിന്നും പ്രതീക്ഷിച്ചിരുന്ന തുക ഓരോ ഇനത്തിലും എത്രയായിരുന്നു ; അതിൽ കുറവ് വന്നത് ഏതെല്ലാം ഇനത്തിൽ ; കൂടിയവ ഏതെല്ലാം ഇനത്തിൽ എന്ന് വ്യക്തമാക്കുമോ ;

(ഡി) 2013-14-ൽ കേന്ദ്ര ബഡ്ജറ്റിലെ പ്രൊവിഷൻ അനുസരിച്ച് സംസ്ഥാനം പ്രതീക്ഷിച്ചിരുന്ന ഗ്രാന്റുകളിലും നികുതികളിലും കുറവുണ്ടാകുന്ന ഇനങ്ങൾ ഏവ ; വർദ്ധന ഉണ്ടാകാൻ സാധ്യതയുള്ള ഇനങ്ങൾ ഏവ ?

### ഉത്തരം

(എ-ഡി) 2013-14 വർഷത്തെ കേന്ദ്ര ബഡ്ജറ്റ് പ്രകാരം സംസ്ഥാനത്തിനുള്ള നികുതി വിഹിതമായി 8143.79 കോടി രൂപ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. വിവിധ മന്ത്രാലയങ്ങളിൽ നിന്നുള്ള വിശദമായ എസ്റ്റിമേറ്റ് ലഭിച്ചാൽ മാത്രമേ ഗ്രാന്റ് ഇനത്തിൽ സംസ്ഥാനത്തിന് ലഭിക്കുന്ന തുക നിർണ്ണയിക്കുവാൻ കഴിയുകയുള്ളൂ. 2012-13, 2013-14 വർഷങ്ങളിലെ കേന്ദ്ര ബഡ്ജറ്റ് പ്രകാരം വിവിധ നികുതി ഇനങ്ങളിൽ ഉണ്ടായിട്ടുള്ള/പ്രതീക്ഷിക്കുന്ന കുറവ്/വർദ്ധനവ് സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## കേന്ദ്ര ബഡ്ജറ്റിലെ നികുതിക്കണക്കുകൾ

**188 (544)** ഡോ. ടി. എം. തോമസ് ഐസക് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രഗവണ്മെന്റ് 28-2-2013-ൽ അവതരിപ്പിച്ചിട്ടുള്ള ബഡ്ജറ്റ് കണക്കുകൾ അനുസരിച്ച് കേരളത്തിന്റെ നികുതിവിഹിതത്തിൽ കുറവുകൾ സംഭവിച്ചിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം ഇനത്തിൽ ഈ വർഷവും അടുത്ത വർഷവും കുറവുകൾ അനുഭവപ്പെടുമെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതെങ്കിലും ഇനത്തിൽ നികുതികൾ ഈ വർഷവും അടുത്ത വർഷവും കൂടുതൽ പ്രതീക്ഷിക്കാമോ ; എങ്കിൽ എത്രവീതം ; വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) 28-2-2013-ലെ കേന്ദ്ര ബഡ്ജറ്റിലെ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം 2012-13 വർഷത്തിൽ കേരളത്തിനുള്ള നികുതി വിഹിതം 6840.65 കോടി രൂപയാണ്. ഇത് ബഡ്ജറ്റ് എസ്റ്റിമേറ്റിനേക്കാൾ 241.56 കോടി രൂപ കുറവാണ്. 2012-13-ലെ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം കോർപ്പറേഷൻ നികുതിയിൽ 93.16 കോടി, സമ്പത്ത് നികുതിയിൽ 2.83 കോടി, കസ്റ്റംസ് നികുതിയിൽ 131.21 കോടി, എക്സൈസ് നികുതിയിൽ 97.66 കോടി എന്നിങ്ങനെ കുറവുണ്ടായിട്ടുണ്ട്.

(ബി) 2012-13-ലെ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ആദായ നികുതിയിൽ 77.27 കോടി, സേവന നികുതിയിൽ 64.28 കോടി എന്നിങ്ങനെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷം കോർപ്പറേഷൻ നികുതിയിൽ 324.40 കോടി, ആദായ നികുതിയിൽ 267.57 കോടി, സമ്പത്ത് നികുതിയിൽ 0.62 കോടി, കസ്റ്റംസ് നികുതിയിൽ 159.47 കോടി, എക്സൈസ് നികുതിയിൽ 142.41 കോടി, സേവന നികുതിയിൽ 350.42 കോടി എന്നിങ്ങനെ വർദ്ധനവ് പ്രതീക്ഷിക്കുന്നു.

**കേന്ദ്ര ബഡ്ജറ്റ് 2012-13-ലെ നിർദ്ദേശങ്ങൾ**

**189 (545)** ഡോ. ടി. എം. തോമസ് ഐസക് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ബഡ്ജറ്റ് 2012-13-ലെ നിർദ്ദേശങ്ങളിൽ നടപ്പിലാക്കാൻ കഴിയാതെ പോയവ ഏതൊക്കെയായിരുന്നു ; വിശദമാക്കാമോ ;

(ബി) നടപ്പിൽ വരുത്താൻ കഴിയാത്തതിന്റെ പേരിൽ ഏതെല്ലാം ഇനത്തിൽ എന്ത് തുക വീതം ലാപ്സായിപ്പോവുകയുണ്ടായി ; വിശദമാക്കാമോ ?

ഉത്തരം

(എ&ബി) 2012-13-ലെ കേന്ദ്ര ബഡ്ജറ്റിലെ നടപ്പിലാക്കപ്പെടാത്ത നിർദ്ദേശങ്ങൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമല്ല.

**സംസ്ഥാനത്ത് പദ്ധതി പ്രവർത്തനങ്ങൾക്കായി 2012-13 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ തുക**

**190 (546)** ശ്രീ. കെ. രാധാകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പദ്ധതി പ്രവർത്തനങ്ങൾക്കായി 2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ തുകയുടെ വിശദാംശങ്ങൾ വകുപ്പുതിരിച്ച് ലഭ്യമാക്കുമോ ;

(ബി) ഇതിൽ 2012 ഫെബ്രുവരി 28 വരെ അനുവദിച്ച തുകയുടെ വിശദാംശങ്ങൾ വകുപ്പ് തിരിച്ച് ലഭ്യമാക്കുമോ ;



LIBRARY ARCHIVES Kerala Legislative Assembly

(സി) അനുവദിച്ച തുകയിൽ 2012 ഫെബ്രുവരി 28 വരെ വിനിയോഗിച്ച തുകയുടെ വിശദാംശങ്ങൾ വകുപ്പ് തിരിച്ച് ലഭ്യമാക്കുമോ ;

(ഡി) സാമ്പത്തികവർഷം അവസാനിക്കുവാൻ ദിവസങ്ങൾമാത്രം അവശേഷിക്കെ ത്രിതല പഞ്ചായത്തു സ്ഥാപനങ്ങളിൽ ഉൾപ്പെടെ പദ്ധതി നിർവ്വഹണത്തിലുണ്ടായിട്ടുള്ള കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ ;

(ഇ) ബഡ്ജറ്റിൽ വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിക്കുമെന്ന് ഉറപ്പുവരുത്താൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന വകുപ്പ് തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല. വിവിധ ധനാഭ്യർത്ഥനകളിലായി ആകെ 11874.60 കോടി രൂപ വകയിരുത്തിയിരുന്നു. വിശദാംശങ്ങൾ അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു.*

(ബി&സി) 2012 മാർച്ച് 31 വരെ വിവിധ ധനാഭ്യർത്ഥനകളിലായി ചെലവഴിച്ച തുകയുടെ വിശദവിവരം അനുബന്ധം 2 ൽ ചേർത്തിരിക്കുന്നു. ആകെ ചെലവ് 9151.64 കോടി രൂപ

(ഡി) മരാമത്തു പണികളുടേതുൾപ്പെടെയുള്ള സാങ്കേതിക പരിശോധനയും അനുമതിയും നിയമാനുസൃതമായി സമയക്രമ നടപടികൾ ആവശ്യമുള്ളതുമായ പദ്ധതികളുടെ നിർവ്വഹണം സാധാരണ സാമ്പത്തിക വർഷാവസാനത്തേക്കു നീളാറുണ്ട്. കൂടാതെ നിർവ്വഹണം പൂർത്തിയാക്കിയവയുടെ ഭൂരിപക്ഷ ധനവിനിയോഗവും മാർച്ച് മാസത്തേക്ക് നീളുന്നതിനാൽ പദ്ധതി ചെലവിൽ പുരോഗതി കാണാതെ നിർവ്വഹണത്തിൽ കാലതാമസമുണ്ടാകുന്നതായി വിലയിരുത്തപ്പെടുന്നുണ്ട്.

(ഇ) പദ്ധതി നിർവ്വഹണം സംബന്ധിച്ച് എല്ലാ മാസവും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടുന്ന സെക്രട്ടറിമാരുടെ യോഗത്തിൽ വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യാറുണ്ട്. ഭരണാനുമതി നൽകുന്നതിലേക്കായി നിലവിലുള്ള വർക്കിംഗ് ഗ്രൂപ്പുകളുടെ പദ്ധതികൾ പരിശോധിക്കുന്നതിനുള്ള ഉയർന്ന അടങ്കൽ പരിധി മൂന്ന് കോടിയിൽ നിന്നും അഞ്ച് കോടിയായി ഉയർത്തിയിട്ടുണ്ട്. കൂടാതെ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ നിർദ്ദേശിക്കപ്പെട്ട ഉദ്യോഗസ്ഥർതന്നെ പങ്കെടുക്കണമെന്നും പ്രതിനിധിയെ അയയ്ക്കുവാൻ പാടില്ലെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിലേക്കായി ജൂൺ 30 വരെ 10 ശതമാനം, സെപ്റ്റംബർ 30 വരെ 30 ശതമാനം, ഡിസംബർ 31 വരെ 60 ശതമാനവും മാർച്ച് 31 വരെ 100 ശതമാനവും (മാർച്ച് മാസം മാത്രമാക്കി 10 ശതമാനം) എന്നിങ്ങനെ സാമ്പത്തിക പുരോഗതി ലക്ഷ്യം നിശ്ചയിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണം സമയബന്ധിതമായി നടപ്പിലാക്കുന്നതിലേക്കായി ഭരണാനുമതി ആവശ്യമായിട്ടുള്ള പദ്ധതികൾക്ക് ജൂലൈ മാസത്തിന് മുമ്പായി തന്നെ നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## 2012-13 സാമ്പത്തിക വർഷം ഓരോ വകുപ്പിനും ധനാഭ്യർത്ഥനയിലൂടെ ബഡ്ജറ്റിൽ അനുവദിച്ച തുക

**191 (547)** ഡോ. ടി. എം. തോമസ് ഐസക് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012-13 സാമ്പത്തിക വർഷം ഓരോ വകുപ്പിനും ധനാഭ്യർത്ഥനയിലൂടെ ബഡ്ജറ്റിൽ ചെലവഴിക്കാൻ അനുവദിച്ച തുക എത്ര വീതമായിരുന്നു ; ഇതുവരെയുള്ള കണക്കുകൾ പ്രകാരം ഓരോ വകുപ്പും ചെലവഴിച്ചതുക എത്ര വീതമാണെന്നും, ചെലവഴിച്ചതുക വകയിരുത്തപ്പെട്ട തുകയുടെ എത്ര ശതമാനമാണെന്നും വിശദമാക്കുമോ ;

(ബി) കേന്ദ്ര-സംസ്ഥാന വിഹിതത്തിൽ ഓരോ വകുപ്പും ചെലവഴിക്കാതെ ലാപ്സാക്കിയ തുക 2011-12 സാമ്പത്തിക വർഷത്തിൽ എത്ര കോടി വീതമായിരുന്നു ; 2012-13 സാമ്പത്തിക വർഷത്തിൽ ഇതുവരെയുള്ള കണക്കനുസരിച്ച് ഓരോ വകുപ്പിലും എത്ര കോടി രൂപ വീതമായിരുന്നു ; വിശദമാക്കുമോ?

### ഉത്തരം

(എ) 2012-13 സാമ്പത്തിക വർഷം വിവിധ വകുപ്പുകൾക്ക് വകയിരുത്തിയ ബഡ്ജറ്റ് വിഹിതത്തിന്റെ ധനാഭ്യർത്ഥന തിരിച്ചുള്ള കണക്കുകളും അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 31-1-2013 വരെ ചെലവഴിച്ച തുകയുടെ ശതമാനവും അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) 2011-12 സാമ്പത്തിക വർഷത്തിൽ അക്കൗണ്ടന്റ് ജനറലിന്റെ കണക്കനുസരിച്ച് വിവിധ ധനാഭ്യർത്ഥനകളിലായി ചെലവഴിക്കാതെ അവശേഷിച്ച തുക സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.* 2012-13 സാമ്പത്തിക വർഷത്തിൽ ധനാഭ്യർത്ഥനകളിൽ ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്ന തുകകൾ സംബന്ധിച്ചുള്ള വിവരങ്ങൾ സാമ്പത്തിക വർഷാവസാനത്തിനുശേഷം മാത്രമേ ലഭ്യമാവുകയുള്ളൂ.

## 2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് നിർദ്ദേശം

**192 (548)** ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ ആ വർഷം നടപ്പിലാക്കാൻ സാധിക്കാതിരുന്നവ ഏതൊക്കെയായിരുന്നുവെന്ന് ഇനം തിരിച്ച് വെളിപ്പെടുത്താമോ ;

(ബി) 2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ ഇതുവരെ നടപ്പിലാക്കാൻ സാധിച്ചിട്ടില്ലാത്തവ ഏതൊക്കെയാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-ബി) 2011-12, 2012-13 ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ വിവിധ വകുപ്പുകൾ വഴി നടപ്പിലാക്കുന്നതിലേക്കായി പ്രഖ്യാപിച്ച മിക്ക പദ്ധതികൾക്കും ഭരണാനുമതി പുറപ്പെടുവിക്കുകയും നിർവ്വഹണം ആരംഭിക്കുകയും അവ വിവിധഘട്ടങ്ങളിൽ പുരോഗമിക്കുകയുമാണ്. ഭൂമി ലഭ്യമാകാത്തതുപോലുള്ള ചില സാങ്കേതിക കാരണങ്ങൾകൊണ്ട് ചുരുക്കം ചില പദ്ധതികൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. ഈ പദ്ധതികളും നടപ്പിലാക്കുവാനുള്ള ശ്രമങ്ങൾ നടത്തിവരുന്നു. ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ ഇതുവരെ നടപ്പിലാക്കിയിട്ടില്ലാത്ത പ്രധാന പദ്ധതികൾ സംബന്ധിച്ച ലഭ്യമായ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ നടപ്പിലാക്കാത്ത പദ്ധതികൾ**

**193 (549)** ശ്രീ. റ്റി. വി. രാജേഷ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-12, 2012-13 സാമ്പത്തികവർഷങ്ങളിലെ ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ ഇതുവരെ നടപ്പിലാക്കാൻ സാധിക്കാത്ത പദ്ധതികൾ ഏതൊക്കെയാണ് ;

(ബി) 2012-13 സാമ്പത്തികവർഷം ഓരോ വകുപ്പിനും ആകെ ലഭിച്ച വിഹിതം എത്ര വീതമായിരുന്നു ; അതിൽ 2013 ഫെബ്രുവരിവരെ എത്ര തുക ചെലവഴിച്ചു ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) 2011-12, 2012-13 ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ വിവിധ വകുപ്പുകൾവഴി നടപ്പിലാക്കുന്നതിലേക്കായി പ്രഖ്യാപിച്ച മിക്ക പദ്ധതികൾക്കും ഭരണാനുമതി പുറപ്പെടുവിക്കുകയും നിർവ്വഹണം ആരംഭിക്കുകയും അവ വിവിധഘട്ടങ്ങളിൽ പുരോഗമിക്കുകയുമാണ്. ഭൂമി ലഭ്യമാകാത്തതുപോലുള്ള ചില സാങ്കേതിക കാരണങ്ങൾകൊണ്ട് ചുരുക്കം ചില പദ്ധതികൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. ഈ പദ്ധതികളും നടപ്പിലാക്കുവാനുള്ള ശ്രമങ്ങൾ നടത്തിവരുന്നു. ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ ഇതുവരെ നടപ്പിലാക്കിയിട്ടില്ലാത്ത പ്രധാന പദ്ധതികൾ സംബന്ധിച്ച ലഭ്യമായ വിവരങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) 2012-13 സാമ്പത്തിക വർഷം വിവിധ വകുപ്പുകൾക്ക് വകയിരുത്തിയ ബഡ്ജറ്റ് വിഹിതത്തിന്റെ ധനാഭ്യർത്ഥന തിരിച്ചുള്ള കണക്ക്, അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം ജനുവരി അവസാനംവരെ ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധം II ആയി നല്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## 2012-13 ബഡ്ജറ്റ് പ്രസംഗത്തിൽ പുതുതായി നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികൾ

**194 (550)** ശ്രീ. വി. ശശി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012-13 ബഡ്ജറ്റ് പ്രസംഗത്തിൽ പുതുതായി നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികൾ ഏതെല്ലാം ;

(ബി) ഇതിൽ നാളിതുവരെ ഭരണാനുമതി നൽകിയിട്ടില്ലാത്ത പദ്ധതികൾ ഏതെല്ലാം ;

(സി) ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയവ എത്ര ;

(ഡി) ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിക്കുകയും നിർവ്വഹണം ആരംഭിക്കാതിരിക്കുകയും ചെയ്ത പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2012-13 ബഡ്ജറ്റ് പ്രസംഗത്തിൽ പുതുതായി നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി-ഡി) വിവരം ശേഖരിച്ചുവരുന്നു.

## തൊഴിൽദാന പരിപാടി

**195 (551)** ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. ആർ. രാജേഷ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ബൃഹത്തായ തൊഴിൽദാന പരിപാടി എന്ന നിലയിൽ ഈ സർക്കാർ ആദ്യ ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ച പദ്ധതിയുടെ തുടർപ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) പ്രതിവർഷം ഒരു ലക്ഷം പേർക്ക് തൊഴിൽ നൽകുകയുണ്ടായോ ;

(സി) ഈ പദ്ധതി പ്രകാരം തൊഴിലില്ലാത്ത എത്ര അഭ്യസ്തവിദ്യർക്ക് തൊഴിൽ നൽകുകയുണ്ടായി ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ പദ്ധതിയുടെ പലിശ സബ്സിഡി ചെലവുകളിലേക്ക് 2011-12, 2012-13 വർഷങ്ങളിൽ വകയിരുത്തിയ തുകയും ആ വർഷങ്ങളിൽ ചെലവഴിച്ച തുകയും എത്ര കോടി വീതമായിരുന്നു ; വ്യക്തമാക്കാമോ ;

(ഇ) എത്ര യൂണിറ്റുകൾ പലിശരഹിത വായ്പയോടുകൂടി ഈ പദ്ധതിവഴി സംസ്ഥാനത്തിപ്പോൾ പ്രവർത്തിച്ചുവരുന്നു ; വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ ആദ്യ ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ച കേരള സംസ്ഥാന സംരംഭക വികസന മിഷന്റെ പ്രവർത്തനം സർക്കാർ തുടർച്ചയായി അവലോകനം ചെയ്തുവരുന്നു. മിഷന്റെ പ്രവർത്തനം മിഷന്റെ സംസ്ഥാനതല അപ്പക്സ് കമ്മിറ്റി യോഗങ്ങളിൽ അവലോകനം ചെയ്തിട്ടുണ്ട്. കൂടാതെ, മിഷന്റെ പ്രവർത്തനം സംബന്ധിച്ച പുരോഗതി റിപ്പോർട്ട് മിഷന്റെ നോഡൽ ഏജൻസിയായ കേരളാ ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നും സർക്കാർ വാങ്ങുകയും മിഷന്റെ പുരോഗതി വിലയിരുത്തുകയും ചെയ്തുവരുന്നു.

(ബി) ഇല്ല.

(സി) 1-3-2013-ലെ കണക്കുകൾ പ്രകാരം 52 സംരംഭങ്ങൾ പൂർണ്ണരൂപത്തിൽ പ്രവർത്തനം ആരംഭിക്കുകയും അതുവഴി 125 സംരംഭകരെ കൂടാതെ 311 പേർക്ക് പ്രത്യക്ഷമായും 500 ഓളം പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കുകയുമുണ്ടായി.

(ഡി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ലഭ്യമാക്കുന്ന വായ്പയുടെ പലിശ സബ്സിഡി ഇനത്തിൽ ഉപയോഗിക്കുന്നതിനായി 9,89,12,500 രൂപയും മിഷന്റെ ചെലവുകൾക്കായി 10 കോടി രൂപയും 2011-12 സാമ്പത്തിക വർഷം സർക്കാർ കേരള ഫിനാൻഷ്യൽ കോർപ്പറേഷന് നൽകിയിട്ടുണ്ട്. മിഷൻവഴി നൽകുന്ന വായ്പയുടെ പലിശ സബ്സിഡി ഇനത്തിൽ ഉപയോഗിക്കുന്നതിനായി 2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മിഷന്റെ നോഡൽ ഏജൻസിയായ കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ കണക്കുകൾ പ്രകാരം മിഷന്റെ പ്രവർത്തനമാരംഭിച്ച് 31-7-2012 വരെ 10.09 കോടി രൂപ ചെലവായി. 2012-13-ലെ പൂർണ്ണകണക്കുകൾ കെ.എഫ്.സി.-യുടെ ആഡിറ്റ് ചെയ്ത വാർഷിക കണക്കുകൾ തയ്യാറായതിന് ശേഷമേ ലഭ്യമാകുകയുള്ളൂ.

(ഇ) മിഷൻ പ്രകാരം 110 സാരംഭങ്ങൾക്ക് പലിശ രഹിത വായ്പ അനുവദിക്കുകയുണ്ടായി. ഇതിൽ 52 സംരംഭങ്ങൾ പൂർണ്ണ രൂപത്തിൽ പ്രവർത്തനമാരംഭിച്ചുകഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

## പ്രത്യേക സാമ്പത്തിക സഹായം അനുവദിച്ചു കിട്ടുന്നതിനായി കേന്ദ്ര ഗവൺമെന്റിനു സമർപ്പിച്ച പദ്ധതികൾ

**196 (552)** ഡോ. ടി. എം. തോമസ് ഐസക് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പ്രത്യേകസാമ്പത്തികസഹായം അനുവദിച്ചുകിട്ടുന്നതിനായി കേന്ദ്രഗവണ്മെന്റിന് സമർപ്പിച്ച പദ്ധതികളുടെ വകുപ്പുതിരിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ഏതെല്ലാം പ്രൊപ്പോസലുകൾ കേന്ദ്രഗവണ്മെന്റ് പരിഗണിക്കുകയും സഹായം അനുവദിക്കുകയും ചെയ്യുകയുണ്ടായി ; വകുപ്പുതിരിച്ച് ലഭ്യമായ തുകയുടെ വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ&ബി) പതിമൂന്നാം ധനകാര്യം കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള സാമ്പത്തിക ദൃഢീകരണ പ്രക്രിയയുടെ ഭാഗമായി റവന്യൂ കമ്മി, ധനകമ്മി ഇവയിലെ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിനായി 12-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം കൺസോളിഡേറ്റ് ചെയ്തുനൽകിയ കേന്ദ്ര ലോണിൽ 31-3-2012 വരെ ബാക്കി നിൽപ്പുണ്ടായിരുന്ന 2716 കോടി രൂപ എഴുതിത്തള്ളുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. റോഡുകളുടെയും ദേശീയപാതകളുടെയും വികസനത്തിനായി സംയോജിത റോഡ് വികസന പദ്ധതിക്കായി 500 മില്ല്യൺ യു.എസ്. ഡോളറിന്റെ എ.ഡി.ബി ധനസഹായവും കെ.എസ്.ടി.പി.-2 പദ്ധതിക്കായി 1352 കോടി രൂപയുടെ ലോക ബാങ്ക് ധനസഹായവും ലഭ്യമാക്കുന്നതിന് ശുപാർശ ചെയ്യുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോഴിക്കോട് എൻ.എച്ച്. ബൈപ്പാസുകൾ അടിയന്തരമായി പൂർത്തിയാക്കുന്നതിനാവശ്യമായ അധിക ധനസഹായം കേന്ദ്ര ഗതാഗത മന്ത്രാലയത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൊച്ചി മെട്രോ റെയിൽ പ്രോജക്ടിനായി 2500 കോടി രൂപയുടെ ജപ്പാൻ ഇന്റർനാഷണൽ കോ-ഓപ്പറേഷൻ ഏജൻസി (JICA)-യുടെ സഹായത്തിന് വേണ്ട ശുപാർശക്കായി ആവശ്യപ്പെട്ടിട്ടുണ്ട്. വിഴിഞ്ഞം ഇന്റർനാഷണൽ പോർട്ടിനായി 3000 കോടി രൂപയുടെ ധനസഹായം ലഭ്യമാക്കുന്നതിന് കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഊർജ്ജ മേഖലയിലെ പരിഷ്ക്കരണങ്ങൾ, കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരുടെ പെൻഷൻ ബാദ്ധ്യതയ്ക്കുള്ള സാമ്പത്തിക സഹായം, പവർഹൗസുകളുടെ ആധുനികവത്കരണം എന്നിവയ്ക്കായി 2000 കോടി രൂപയുടെ ധനസഹായത്തിന് ആവശ്യപ്പെട്ടിട്ടുണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ഭവനവായ്പ ഇനത്തിൽ നൽകിയിട്ടുള്ള 458.86 കോടി രൂപ (മുതലിനത്തിൽ) എഴുതിത്തള്ളുന്നതിനായി ഹഡ്കോയ്ക്ക് നിർദ്ദേശം നൽകുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. കാർഷിക സർവ്വകലാശാലയുടെ വികസന പ്രവർത്തനങ്ങൾക്കായി കേന്ദ്രസഹായം അഭ്യർത്ഥിച്ചിരുന്നു. ഗതാഗത രംഗത്തെ പരിഷ്കാരങ്ങൾക്കും കെഎസ്ആർടിസി-യുടെ പുനരുജ്ജീവനത്തിനുമായി 960 കോടി രൂപ ക്യാപ്പിറ്റൽ ഗ്രാന്റ് ഇനത്തിൽ നൽകുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ

LIBRARY ARCHIVES Kerala Legislative Assembly

ബാധിതരുടെ പുനരധിവാസത്തിനായി ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്ത 250 കോടി രൂപ ഉൾപ്പെടെ 477.11 കോടി രൂപ ഗ്രാന്റായി അനുവദിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഹാൻഡ്‌ലൂം മേഖലയ്ക്ക് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച 3000 കോടി രൂപയുടെ വായ്പ എഴുതിത്തള്ളൽ പദ്ധതിയുടെ ആനുകൂല്യം കേരളത്തിലെ 215 പ്രാഥമിക നെയ്ത്ത് സഹകരണ സംഘങ്ങൾക്കും ഹാന്റെക്സിനും ലഭിക്കത്തക്കവിധം പദ്ധതിയുടെ വ്യവസ്ഥകളിൽ ഇളവ് വരുത്തണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. വൻകിട ഡീസൽ ഉപഭോക്താക്കൾക്കുള്ള വിലനിയന്ത്രണം എടുത്തുകളഞ്ഞ കേന്ദ്രസർക്കാർ തീരുമാനം പുനഃപരിശോധിക്കണമെന്നും അത് സാദ്ധ്യമല്ലെങ്കിൽ കുറഞ്ഞപക്ഷം ഇതുമൂലമുള്ള വിലവർദ്ധനവിൽ നിന്ന് പൊതു ഉപയുക്ത സർവ്വീസുകളായ കെ.എസ്.ആർ.ടി.സി. റെയിൽവേ എന്നിവയെ ഒഴിവാക്കേണ്ടതാണെന്നും കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനുപുറമേ തെങ്ങിൻ തോട്ടങ്ങളുടെ പുനരുജ്ജീവനം, തുറമുഖപദ്ധതികൾക്കായി വി.ജി.എഫ്.സഹായം, കേരളത്തിൽ ഒരു ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദിക് റിസർച്ച്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി എന്നിവയ്ക്കുള്ള സഹായത്തിനായി കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

മേൽ ആവശ്യങ്ങളിൽ 12-ാം ധനകാര്യകമ്മീഷൻ ശുപാർശപ്രകാരം കൺസോളിഡേറ്റ് ചെയ്തുനൽകിയ കേന്ദ്ര ലോണിൽ 31-3-2012 വരെ ബാക്കി നിൽപ്പുണ്ടായിരുന്ന 2716 കോടി രൂപ എഴുതിത്തള്ളണമെന്ന ആവശ്യം കേന്ദ്ര സർക്കാർ പരിഗണിക്കുകയുണ്ടായില്ല. കേരള അഗ്രികൾച്ചറൽ സർവ്വകലാശാലയ്ക്കായി 100 കോടി രൂപ 2012-13-ലെ കേന്ദ്ര ധനകാര്യമന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിലൂടെ അനുവദിച്ചിട്ടുണ്ട്. തെങ്ങിൻ തോട്ടങ്ങളുടെ പുനരുജ്ജീവനത്തിനായി കേരളത്തിനും ആൻഡമാൻ നിക്കോബാർ ദ്വീപുകൾക്കുമായി 75 കോടി രൂപ 2013-14 കേന്ദ്ര ബഡ്ജറ്റിൽ അധികമായി വകയിരുത്തിയിട്ടുണ്ട്. കൊച്ചി മെട്രോയ്ക്കായി 2013-14 ബഡ്ജറ്റിൽ 130 കോടി രൂപ വകയിരുത്തി. ബാക്കി ആവശ്യങ്ങൾ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.

## ലാപ്സായിപോയ കേന്ദ്ര സഹായ പദ്ധതികൾ

197 (553) ഡോ. ടി. എം. തോമസ് ഐസക് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012-13 സാമ്പത്തിക വർഷം കേന്ദ്ര ബഡ്ജറ്റിലെ നിർദ്ദേശങ്ങൾ അനുസരിച്ച് സംസ്ഥാനത്തിനർഹമായ എന്തെല്ലാം കാര്യങ്ങളിൽ, അവ പൂർണ്ണമായും നേടിയെടുക്കാൻ കഴിയാതെ പോയിട്ടുണ്ട് ; ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) കേന്ദ്ര ഗവൺമെന്റ് 2012-13-ൽ ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ച എല്ലാ പദ്ധതികളും പരിപാടികളും സംസ്ഥാനത്ത് നടപ്പാക്കുകയുണ്ടായോ ; എങ്കിൽ നടപ്പാക്കാൻ സാധിച്ചിട്ടില്ലാത്തവ ഏതൊക്കെ ; അതുവഴി ലാപ്സായ തുക എത്ര ;

(സി) 2011-12 സാമ്പത്തിക വർഷം, സംസ്ഥാനത്ത് നടപ്പിലാക്കാൻ സാധിക്കാതെ പോയതിന്റെ പേരിൽ ലാപ്സായിപ്പോയ കേന്ദ്ര സഹായ പദ്ധതികളും തുകയും സംബന്ധിച്ച് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) 2012-13 സാമ്പത്തിക വർഷം കഴിയുന്നതോടുകൂടി മാത്രമേ കേന്ദ്ര ബഡ്ജറ്റ് നിർദ്ദേശങ്ങൾ അനുസരിച്ച് സംസ്ഥാനത്തിന് അർഹമായ പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാൻ കഴിയുകയുള്ളൂ.

(സി) 2011-12-ലെ റവന്യൂ എസ്റ്റിമേറ്റ് പ്രകാരം വിവിധ പദ്ധതികൾക്കായി കേന്ദ്ര സർക്കാരിൽ നിന്നും പ്രതീക്ഷിച്ച ഗ്രാന്റുകൾ 3885.87 കോടി രൂപയാണ്. ഇതിൽ 3709.22 കോടി രൂപ കേന്ദ്രത്തിൽ നിന്നും ലഭിച്ചിട്ടുണ്ട്. കേന്ദ്രസഹായ പദ്ധതികളുടെ വിനിയോഗിക്കാത്ത തുക കേന്ദ്രസർക്കാർ തൊട്ടടുത്ത വർഷം 'റീവാലിഡേറ്റ്' ചെയ്ത് നൽകുന്ന സംവിധാനം ഉള്ളതിനാൽ കേന്ദ്രസഹായം പൂർണ്ണമായും ലാപ്സാകുന്ന സാഹചര്യമില്ല.

**ധനവിനിയോഗ നിരീക്ഷണ സമിതിയുടെ ശുപാർശകൾ**

198 (554) ശ്രീ. സി. ദിവാകരൻ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. കെ. രാജു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നികുതി വെട്ടിപ്പിലും കിട്ടേണ്ട നികുതികൾ എഴുതിത്തള്ളിയ വകയിലുമായി ഖജനാവിനുണ്ടായ നഷ്ടം കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ ആളോഹരി കട ബാദ്ധ്യത എത്രയാണെന്ന് വെളിപ്പെടുത്തുമോ ;

(സി) എല്ലാ വർഷവും സംസ്ഥാന ബഡ്ജറ്റിനോടൊപ്പം കടങ്ങളുടെ ഘടനയും കടമെടുത്ത തുകകളുടെ വിനിയോഗവും സംബന്ധിച്ച രേഖകൂടി സമർപ്പിക്കണമെന്ന് ധനവിനിയോഗ നിരീക്ഷണ സമിതിയുടെ ശുപാർശയുണ്ടായിട്ടുണ്ടോ ; എങ്കിൽ, ഈ ശുപാർശകൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നികുതി വെട്ടിപ്പിനെ സംബന്ധിച്ചുള്ള കണക്കുകൾ വ്യക്തമായി തിട്ടപ്പെടുത്തിയിട്ടില്ല. എന്നാൽ നികുതിവെട്ടിപ്പ് തടയുന്നതിനായി ചെക്ക് പോസ്റ്റുകളുടെ നവീകരണം, നികുതിമേൽനോട്ട സമിതിയുടെയും വില നിരീക്ഷണ സമിതിയുടെയും രൂപീകരണം, എക്സൈസ് എൻഫോഴ്സ്മെന്റിന്റെ ശക്തിപ്പെടുത്തൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ ഭൂനികുതിയിനത്തിൽ എഴുതിത്തള്ളിയ വകയിലും തുക പുനഃക്രമീകരിച്ച വകയിലും 11.47 കോടി രൂപയും, റവന്യൂ റിക്കവറി നടപടികൾ റിക്വിസിഷൻ അതോറിട്ടീസ് എഴുതിത്തള്ളിയ വകയിലും കുടിശ്ശിക തുക പുനഃക്രമീകരിച്ച വകയിലും 736.14 കോടി രൂപയും വരേണ്ട തുക പൊതുഖജനാവിന് ലഭ്യമാകാതെ പോയിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

(ബി) കേരളത്തിന് ആളോഹരി കടബാധ്യത 31-1-2011-ൽ 23553.89 രൂപയാണ്. സംസ്ഥാനത്തിന്റെ ആളോഹരി കടം മൊത്തം സംസ്ഥാനങ്ങളുടെ ശരാശരി ആളോഹരി കടമായ 13270.40 രൂപയേക്കാൾ കൂടുതലാണ്. എല്ലാ സംസ്ഥാനങ്ങളുടേയും ആളോഹരി കടബാധ്യത സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) മൂന്നാം പൊതുവ്യയ അവലോകന സമിതിയുടെ 2012 ഡിസംബറിലെ ഒന്നാം റിപ്പോർട്ടിൽ ഇത് സംബന്ധിച്ച ശുപാർശകൾ നടത്തിയിട്ടില്ല.

## ബി. കെ. ചതുർവേദി കമ്മിറ്റി ശുപാർശ

**199 (555)** ശ്രീ. സി. കെ. സദാശിവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബി. കെ. ചതുർവേദി കമ്മിറ്റി ശുപാർശയനുസരിച്ച് കേന്ദ്ര സഹായ പദ്ധതികൾ നടപ്പിലാക്കുന്നതിൽ സംസ്ഥാനങ്ങൾക്ക് കൂടുതൽ സ്വാതന്ത്ര്യം വേണമെന്ന സംസ്ഥാനത്തിന്റെ ആവശ്യം കേന്ദ്രഗവൺമെന്റ് പരിഗണിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ, ഏതെല്ലാം കാര്യങ്ങളിൽ എന്തെല്ലാം സ്വാതന്ത്ര്യമാണ് സംസ്ഥാനത്തിന് ലഭിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ ?

### ഉത്തരം

(എ&ബി) കേന്ദ്ര പദ്ധതികളുടെ മാനദണ്ഡങ്ങൾ സംസ്ഥാനങ്ങളുടെ സാഹചര്യമനുസരിച്ച് മാറ്റം വരുത്തുന്നതിന് കേരളം നിരവധി നിർദ്ദേശങ്ങൾ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്. ഇതുംകൂടി പരിഗണിച്ചുകൊണ്ടാണ് കേന്ദ്രസർക്കാർ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ മാറ്റങ്ങൾ വരുത്തുന്നതിന് ആവശ്യമായ ശുപാർശകൾ സമർപ്പിക്കുവാൻ ബി.കെ. ചതുർവേദി കമ്മിറ്റിയെ നിയമിച്ചത്. കേന്ദ്രാവിഷ്കൃത പദ്ധതികൾ പുനരൂപീകരിക്കുന്നതിനും മാനദണ്ഡങ്ങളിൽ ഇളവ് നൽകുന്നതിനും കമ്മിറ്റി നിർദ്ദേശിച്ചിട്ടുണ്ട്. പതിനൊന്നാം പഞ്ചവത്സര പദ്ധതിയുടെ അവസാനത്തിൽ ഉണ്ടായിരുന്ന 173 കേന്ദ്രാവിഷ്കൃത പദ്ധതികളും കേന്ദ്രസഹായ പദ്ധതികളും 70 പദ്ധതികളായി പുനക്രമീകരിക്കുമെന്നും ഓരോ പദ്ധതിയും രണ്ട് വർഷത്തിലൊരിക്കൽ അവലോകന വിധേയമാക്കുമെന്നും 2013-14-ലെ കേന്ദ്ര ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

## മെമ്മോറാണ്ടം ഡ്രാഫ്റ്റിംഗ് കമ്മിറ്റി

**200 (556)** ശ്രീ. കെ. ദാസൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 14-ാം ധനകാര്യ കമ്മീഷൻ മുൻപാകെ സംസ്ഥാന താൽപ്പര്യങ്ങൾ മുൻനിർത്തി എന്തെല്ലാം നിർദ്ദേശങ്ങളാണ് സമർപ്പിച്ചത് എന്ന് വിശദമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് രൂപം കൊടുത്തിട്ടുള്ള ഡ്രാഫ്റ്റിംഗ് കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാം ; പ്രസ്തുത കമ്മിറ്റിയുടെ മുൻപിൽ എന്തെല്ലാം നിർദ്ദേശങ്ങൾ ഇതിനകം വന്നിട്ടുണ്ടെന്ന് വിശദമാക്കാമോ ; വന്നിട്ടുള്ള നിർദ്ദേശങ്ങളുടെ വിശദാംശം വ്യക്തമാക്കാമോ ;

(സി) മെമ്മോറാണ്ടം ഡ്രാഫ്റ്റിംഗ് കമ്മിറ്റിയുടെ ടേംസ് ഓഫ് റഫറൻസ് എന്തെല്ലാം ; വിശദമാക്കാമോ ?

## ഉത്തരം

(എ) 14-ാം ധനകാര്യ കമ്മീഷനു മുമ്പിൽ സംസ്ഥാനം നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടില്ല. കേന്ദ്ര നികുതിയുടെ യുക്തിസഹമായ പങ്കുവയ്ക്കൽ ഉൾപ്പെടെയുള്ള കാര്യങ്ങൾ ഫലപ്രദമായി ധനകാര്യകമ്മീഷൻ മുമ്പാകെ അവതരിപ്പിക്കുവാൻ 1-11-2012-ലെ സർക്കാർ ഉത്തരവ് നമ്പർ 9263/2012/ ധന പ്രകാരം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു മെമ്മോറാണ്ടം ഡ്രാഫ്റ്റിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പതിനാലാം ധനകാര്യ കമ്മീഷനു മുമ്പിൽ അവതരിപ്പിക്കേണ്ടുന്ന സംസ്ഥാനത്തിന്റെ ആവശ്യങ്ങളും നിർദ്ദേശങ്ങളും സംബന്ധിച്ച് സ്വീകരിക്കേണ്ടുന്ന സമീപനവും തന്ത്രവും ഈ കമ്മിറ്റി പരിശോധിച്ചുവരുന്നു.

(ബി) ധനകാര്യ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ രൂപീകരിച്ച മെമ്മോറാണ്ടം ഡ്രാഫ്റ്റിംഗ് കമ്മിറ്റിയിലെ അംഗങ്ങൾ താഴെപ്പറയുന്നവരാണ് :

1. ശ്രീ. കെ. എം. ചന്ദ്രശേഖർ, സംസ്ഥാന ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ
2. ശ്രീ. എം. ആർ. ശിവരാമൻ, മുൻ കേന്ദ്ര റവന്യൂ സെക്രട്ടറി
3. ചീഫ് സെക്രട്ടറി
4. ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി
5. ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി
6. ധനകാര്യ എക്സ്പെൻഡിച്ചർ സെക്രട്ടറി
7. ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി (ഫിനാൻസ് റിസോഴ്സസ്)

പ്രസ്തുത കമ്മിറ്റിയുടെ മുമ്പാകെ നിർദ്ദേശങ്ങളൊന്നും തന്നെ ഇതേവരെ ലഭിച്ചിട്ടില്ല.

(സി) പതിനാലാം ധനകാര്യ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് പരിശോധിച്ച് കമ്മീഷൻ മുമ്പാകെ അവതരിപ്പിക്കേണ്ടുന്ന സംസ്ഥാനത്തിന്റെ ആവശ്യങ്ങളും നിർദ്ദേശങ്ങളും അടങ്ങുന്ന മെമ്മോറാണ്ടം തയ്യാറാക്കുകയാണ് മെമ്മോറാണ്ടം ഡ്രാഫ്റ്റിംഗ് കമ്മിറ്റിയുടെ ചുമതല. പ്രത്യേക ടേംസ് ഓഫ് റഫറൻസ് നിശ്ചയിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

## സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി

**201 (557)** ശ്രീ. രാജു എബ്രഹാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ സാമ്പത്തികസ്ഥിതി വെളിപ്പെടുത്താമോ;

(ബി) 2011-12, 2012-13 എന്നീ വർഷങ്ങളിൽ ഏതെല്ലാം ഇനങ്ങളിൽ എന്തു തുകവീതം വരവുണ്ടായിയെന്നും ഏതെല്ലാം ഇനങ്ങളിൽ എന്തു തുക വീതം ചെലവുണ്ടായി എന്നും അറിയിക്കുമോ ;

(സി) 2011-12, 2012-13 വർഷങ്ങളിൽ സംസ്ഥാനത്തിന്റെ സമാഹൃത വിഭവങ്ങളിൽ വികസനത്തിനുവേണ്ടി ചെലവഴിച്ചത് എത്ര കോടി രൂപ വീതമാണ് ;

(ഡി) 2011-12-ലെ യഥാർത്ഥ കമ്മി എത്ര ; 2012-13-ൽ പ്രതീക്ഷിച്ച കമ്മി എത്ര ; യഥാർത്ഥത്തിൽ കമ്മി എത്ര ;

(ഇ) 2011-12 ലെയും 2012-13 ലെയും മൂലധനച്ചെലവ് പ്രതീക്ഷിച്ചത് എത്ര ; യഥാർത്ഥത്തിൽ ഉണ്ടായ മൂലധനച്ചെലവ് എത്ര?

### ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ 2013 ജനുവരി 31 വരെയുള്ള പ്രാഥമിക കണക്കുകൾ അനുസരിച്ച് 2012-13 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം 33870 കോടി രൂപയാണ്. ഇത് കഴിഞ്ഞവർഷം ഇതേ കാലയളവിൽ ലഭിച്ച 28100 കോടി രൂപയേക്കാൾ 20.53 ശതമാനം കൂടുതലാണ്. ഇതേ കാലയളവിൽ റവന്യൂ ചെലവ് 39,881 കോടി രൂപയാണ്. ഇത് കഴിഞ്ഞ വർഷം ഇതേകാലയളവിൽ ചെലവായ 33835 കോടി രൂപയേക്കാൾ 17.87 ശതമാനം കൂടുതലാണ്. 2012-13 ജനുവരി 31 വരെയുള്ള മൂലധന ചെലവ് (വായ്പകളും മുൻകൂറുകളും ഉൾപ്പെടെ) 2842.38 കോടി രൂപയാണ്. വകുപ്പുതല കണക്ക് പ്രകാരം 28-2-2013-ൽ ട്രഷറി ബില്ലുകളിലായി 3762.11 കോടി രൂപയുടെ നിക്ഷേപം ഉണ്ടായിരുന്നു. ഈ സാമ്പത്തിക വർഷത്തിൽ നാളിതുവരെ ഓവർ ഡ്രാഫ്റ്റ്, സ്പെഷ്യൽ വെയ്സ് ആന്റ് മീൻസ് അഡ്വാൻസ്, വെയ്സ് ആന്റ് മീൻസ് അഡ്വാൻസ് എന്നിവ എടുക്കേണ്ടി വന്നിട്ടില്ല. ഇത് സംസ്ഥാനത്തിന്റെ മെച്ചപ്പെട്ട സാമ്പത്തിക നിലയെ സൂചിപ്പിക്കുന്നു.

(ബി) 2011-12, 2012-13 (31-1-2013 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ) എന്നീ സാമ്പത്തിക വർഷങ്ങളിലെ റവന്യൂ വരവ്-ചെലവ് സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി) 2011-12, 2012-13 (31-1-2013 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ) എന്നീ സാമ്പത്തിക വർഷങ്ങളിൽ വികസനത്തിനുവേണ്ടി സംസ്ഥാന സർക്കാർ ചെലവഴിച്ച തുക താഴെപ്പറയും പ്രകാരമാണ്:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(തുക കോടിയിൽ)

| 2011-12 | 2012-13 (31-02-2013 വരെ) |
|---|---|
| 28922.76 കോടി രൂപ | 24603.52 കോടി രൂപ |

(ഡി) 2011-12 ലെ റവന്യൂ കമ്മി 8034.26 കോടി രൂപയും ധനക്കമ്മി 12814.77 കോടി രൂപയുമാണ്. 2012-13-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം റവന്യൂ കമ്മി 3463.77 കോടി രൂപയും ധനക്കമ്മി 10726.79 കോടി രൂപയുമാണ്. അക്കൗണ്ടന്റ് ജനറലിന്റെ 2013 ജനുവരി 31 വരെയുള്ള പ്രാഥമിക കണക്കുകൾ അനുസരിച്ച് ഇത് യഥാക്രമം 6011.13 കോടി രൂപയും 8795.10 കോടി രൂപയുമാണ്.

(ഇ) 2011-12-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം മൂലധന ചെലവ് (വായ്പകളും മുൻകൂറുകളും ഉൾപ്പെടെ) 5063.82 കോടി രൂപയായിരുന്നു. 2012-13-ൽ ഇത് 7370.85 കോടി രൂപയുമാണ്. 2011-12-ലെ അന്തിമകണക്കുകൾ പ്രകാരം 4851.46 കോടി രൂപയാണ് മൂലധന ചെലവ്. അക്കൗണ്ടന്റ് ജനറലിന്റെ താത്കാലിക കണക്കുകൾ പ്രകാരം 2012-13 ജനുവരി 31 വരെയുള്ള മൂലധന ചെലവ് 2842.38 കോടി രൂപയാണ്.

## സംസ്ഥാനത്തിന്റെ കടബാദ്ധ്യത

**202 (558)** ശ്രീ. എളമരം കരീം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളം ധനകാര്യ അസ്ഥിരതയിലാണെന്ന സി.&എ.ജി.-യുടെ വെളിപ്പെടുത്തലിനോട് പൂർണ്ണമായും യോജിക്കുന്നുണ്ടോ ; ഇതിന്മേലുള്ള നിലപാട് വ്യക്തമാക്കുമോ ;

(ബി) 2010-11-ൽ സംസ്ഥാന വരുമാനത്തിന്റെ എത്ര ശതമാനമായിരുന്നു കടബാദ്ധ്യത ; ഇതിന്റെ തോത് 2011-12-ൽ എത്ര ശതമാനമായി കുറയുകയുണ്ടായി ;

(സി) സംസ്ഥാനത്തിന്റെ കടബാദ്ധ്യതയും വരുമാനവും തമ്മിലുള്ള തോത് 2010-11, 2011-12, 2012-13 വർഷങ്ങളിൽ എത്ര ശതമാനം വീതമായിരുന്നു ;

(ഡി) ധന ഉത്തരവാദിത്ത നിയമപ്രകാരം 2011-12-ൽ കടബാധ്യതകൾ സംസ്ഥാന വരുമാനത്തിന്റെ എത്ര ശതമാനം വരെയാകാം ; ഇത് 2012-13-ൽ എത്ര ശതമാനം വരെയാകാം ; യഥാർത്ഥത്തിൽ ഓരോ വർഷവും എത്ര ശതമാനം വരെ ആയിട്ടുണ്ട് ;

(ഇ) സംസ്ഥാനത്തിന്റെ കടഭാരം ഇപ്പോൾ നിയന്ത്രണ വിധേയമാണോ ; വിശദമാക്കാമോ ?

## ഉത്തരം

(എ) 2011-12 ലെ ഉയർന്ന ധനകമ്മിയും, റവന്യൂ കമ്മിയും ശമ്പള-പെൻഷൻ പരിഷ്കരണത്തിന്റെ അധിക ചെലവിന്റെ ഫലമാണ്. അത്തരം അധിക ബാധ്യത വരുംവർഷങ്ങളിലും തുടരാൻ സാധ്യതയില്ല. അതിനാൽ സംസ്ഥാനം ധനകാര്യ അസ്ഥിരതയിലാണെന്ന പരാമർശത്തോട് സംസ്ഥാനം പൂർണ്ണമായും യോജിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2010-11 സംസ്ഥാനത്തിന്റെ കടബാധ്യത മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ 29.2 ശതമാനമായിരുന്നു. 2011-12 ൽ ഇത് 28.37 ശതമാനമായി കുറഞ്ഞിട്ടുണ്ട്.

(സി) സംസ്ഥാനത്തിന്റെ കടബാധ്യതയും വരുമാനവും തമ്മിലുള്ളതോത് 2010-11, 2011-12 വർഷങ്ങളിൽ യഥാക്രമം 253.86 ശതമാനവും, 235.25 ശതമാനവും ആയിരുന്നു. 2012-13-ലെ പുതുക്കിയ എസ്റ്റിമേറ്റ് (RE) പ്രകാരം ഇത് 209.76 ശതമാനം ആയിരിക്കുമെന്ന് അനുമാനിക്കുന്നു.

(ഡി) 2011-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) നിയമപ്രകാരം 2011-12, 2012-13 വർഷങ്ങളിൽ സംസ്ഥാനത്തിന്റെ കടബാധ്യത യഥാക്രമം സംസ്ഥാന മൊത്ത ആഭ്യന്തര ഉൽപ്പാദനത്തിന്റെ 32.3 ശതമാനവും, 31.7 ശതമാനവും വരെയാകാം. ഇത് 2011-12-ൽ28.37 ശതമാനമായിരുന്നു. പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം 2012-13-ൽ ഇത് 27.87 ശതമാനം ആയിരിക്കുമെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്.

(ഇ) കടബാധ്യത/ജി.എസ്.ഡി.പി. കടബാധ്യത/റവന്യൂ വരുമാനം, പലിശ തിരിച്ചടവ്/റവന്യൂ വരുമാനം തുടങ്ങിയ സൂചകങ്ങൾ തുടർച്ചയായി മെച്ചപ്പെട്ടു വരുന്നു. ആയതിനാൽ കടഭാരം ഇപ്പോൾ നിയന്ത്രണവിധേയമാണ്.

**സംസ്ഥാനത്തിന്റെ ധനകമ്മി സംബന്ധിച്ച വിശദാംശം**

**203 (559)** ശ്രീ. എം. ഹംസ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ ധനകമ്മി സംബന്ധിച്ച വിശദാംശം 2010-11, 2011-12 എന്നീ വർഷങ്ങളിലേത് വ്യക്തമാക്കാമോ ;

(ബി) മുൻ സർക്കാർ അധികാരമൊഴിയുമ്പോൾ സർക്കാരിന്റെ പൊതുകടം എത്രയായിരുന്നു ; 2010 മാർച്ച് 31-ലെ കണക്ക് വ്യക്തമാക്കാമോ ;

(സി) 2012 മാർച്ച് 31-ലെ സംസ്ഥാനത്തിന്റെ പൊതുകടം എത്ര ;

(ഡി) സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു : വിശദാംശം ലഭ്യമാക്കാമോ ;

(ഇ) 1-7-2006 മുതൽ 28-2-2013 വരെയുള്ള വർഷങ്ങളിലെ നികുതി വരുമാനത്തിന്റെ കണക്ക് വാർഷികാടിസ്ഥാനത്തിൽ ഓരോ നികുതിക്കും ഇനംതിരിച്ച് നൽകാമോ ?

ഉത്തരം

(എ) 2010-11, 2011-12 എന്നീ സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാന സർക്കാരിന്റെ ധനക്കമ്മി യഥാക്രമം 7730.45 കോടി രൂപയും 12814.77 കോടി രൂപയുമാണ്.

(ബി) 2010-11 സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ സംസ്ഥാന സർക്കാരിന്റെ പൊതുകടം 54887.18 കോടി രൂപയായിരുന്നു. 2010 മാർച്ച് 31-ലെ കണക്കുകൾ പ്രകാരം സംസ്ഥാന സർക്കാരിന്റെ പൊതുകടം 49673.30 കോടി രൂപയായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) 2012 മാർച്ച് 31-ലെ സംസ്ഥാനത്തിന്റെ പൊതുകടം 61793.09 കോടി രൂപയായിരുന്നു.

(ഡി) 2011 ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) നിയമത്തിന്റെ അടിസ്ഥാനത്തിൽ 13-ാം ധനകാര്യ കമ്മീഷൻ സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള ഗ്രാന്റുകളും മറ്റ് ആനുകൂല്യങ്ങളും നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ 8-8-2012-ലെ 442/12/ധന. നമ്പർ ഉത്തരവിലൂടെ വിവിധ നിർദ്ദേശങ്ങളിലൂടെ പദ്ധതിയേതര ചെലവ് കുറയ്ക്കുവാനും, അനാവശ്യ ചെലവ് ഒഴിവാക്കാനും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. അധിക വിഭവ സമാഹരണത്തിനായി പുതിയ നികുതി-നികുതിയേതര മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിന് നിലവിലുള്ള നികുതിയേതര വരുമാനസ്രോതസ്സുകൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ഇ) 2006-07 മുതൽ 2011-12 വരെയുള്ള സാമ്പത്തിക വർഷങ്ങളിലും അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം നടപ്പുസാമ്പത്തിക വർഷം ജനുവരി അവസാനം വരെയും വിവിധയിനങ്ങളിലായി സംസ്ഥാന സർക്കാരിനുലഭിച്ച നികുതി വരുമാനത്തിന്റെ വിശദാംശങ്ങൾ അടങ്ങുന്ന സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർക്കുന്നു.*

## വാർഷിക പദ്ധതി ചെലവുകൾ

**204 (560)** ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പു സാമ്പത്തികവർഷം സംസ്ഥാനത്തിന്റെ വാർഷിക പദ്ധതിക്കായി എത്രകോടി രൂപയാണ് നീക്കിവെച്ചതെന്ന് വെളിപ്പെടുത്താമോ ;

(ബി) വാർഷിക പദ്ധതിയിൽ 2013 ഫെബ്രുവരി 28 വരെ എത്ര കോടി രൂപ ഓരോ വകുപ്പുകളും ചെലവഴിച്ചെന്ന് ഹെഡ് ഓഫ് അക്കൗണ്ട് പ്രകാരം വിശദമാക്കാമോ ;

(സി) വാർഷിക പദ്ധതിയിൽ ജനുവരി 31-നകം എന്തുതുക ചെലവിടണമെന്നാണ് നിഷ്ക്കർഷിച്ചതെന്ന് വെളിപ്പെടുത്താമോ ;

(ഡി) വാർഷിക പദ്ധതിയുടെ ചെലവു കൂട്ടാൻ ഏതെങ്കിലും പ്രത്യേക ഉത്തരവുകൾ ഇറക്കിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ ;

(ഇ) പ്രസ്തുത ഉത്തരവുകളിലെ പ്രധാന നിർദ്ദേശങ്ങൾ വിശദമാക്കാമോ ?

ഉത്തരം

(എ) 14,010 കോടി രൂപ.

(ബി) 2013 ഫെബ്രുവരി 28 വരെയുള്ള ചെലവിന്റെ വകുപ്പുതിരിച്ചുള്ള വിവരം അനുബന്ധം 1 ൽ ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ജൂൺ അവസാനം വരെ 10 ശതമാനവും സെപ്റ്റംബർ അവസാനം വരെ 30 ശതമാനവും ഡിസംബർ അവസാനം വരെ 60 ശതമാനവും മാർച്ച് അവസാനം വരെ 100 ശതമാനവും ചെലവഴിക്കണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്.

(ഡി) വാർഷിക പദ്ധതിയുടെ ചെലവ് കൂട്ടാൻ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് 2-6-2012 തീയതിയായി 31/12/ധന നമ്പർ സർക്കുലർ ധനകാര്യ (പ്ലാനിംഗ്-എ) വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു.*

(ഇ) പദ്ധതി വിഹിതം ജൂൺ അവസാനം വരെ 10 ശതമാനവും സെപ്റ്റംബർ അവസാനം വരെ 30 ശതമാനവും ഡിസംബർ അവസാനം വരെ 60 ശതമാനവും മാർച്ച് അവസാനം വരെ 100 ശതമാനവും ചെലവഴിക്കണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. ടി നിർദ്ദേശങ്ങൾ കണക്കിലെടുത്ത് പദ്ധതികളുടെ രൂപരേഖ തയ്യാറാക്കൽ, ഭരണാനുമതി പുറപ്പെടുവിക്കൽ തുടങ്ങിയവയ്ക്കായി ഒരു കലണ്ടർ തയ്യാറാക്കി പ്രവർത്തിക്കുവാൻ നിർദ്ദേശിച്ചിരുന്നു. വർഷാന്ത്യത്തിൽ പദ്ധതി വിഹിതം TSB/ Bank/A/C-കളിൽ മാറ്റിയിടുന്നത് ഒഴിവാക്കുവാനും നിർദ്ദേശിച്ചിരുന്നു. കൂടാതെ പദ്ധതി വിഹിതം വർഷാന്ത്യത്തിൽ ചെലവഴിക്കാതെ പാഴാക്കാതിരിക്കുവാൻ DD/ Cheque മുഖാന്തിരം തുക മാറി സൂക്ഷിക്കാതിരിക്കാനും നിർദ്ദേശിച്ചിരുന്നു.

## സംസ്ഥാന പദ്ധതി ചെലവ്

205 (561) <u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിലെ സംസ്ഥാന പദ്ധതി അടങ്കൽ എത്ര കോടി രൂപ വീതമായിരുന്നു ; ഇതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ളത് എത്ര കോടി ആയിരുന്നു ;

(ബി) 2011-12, 2012-13 വർഷങ്ങളിലെ പദ്ധതിച്ചെലവ് താൽക്കാലിക കണക്കനുസരിച്ച് എത്ര കോടി വീതമായിരുന്നു ; തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ യഥാർത്ഥ പദ്ധതിച്ചെലവ് എത്രയായിരുന്നു ;

(സി) മേല്പറഞ്ഞ ഓരോ വർഷാവസാനവും ട്രഷറി അക്കൗണ്ടുകളിൽ നിക്ഷേപിച്ച പദ്ധതിത്തുക എത്ര കോടി വീതമായിരുന്നു ; ട്രഷറി അക്കൗണ്ടുകളിൽ നിക്ഷേപിക്കപ്പെട്ട തുക പരിഗണിക്കാതെ ഓരോ വർഷവും യഥാർത്ഥ പദ്ധതി ചെലവ് എത്ര കോടി വീതമായിരുന്നു ; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിലെ സംസ്ഥാനപദ്ധതി അടങ്കൽ യഥാക്രമം 12010 കോടി രൂപയും 14010 കോടി രൂപയും ആയിരുന്നു. ഇതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം യഥാക്രമം 2574.05 കോടി രൂപയും 3228 കോടി രൂപയുമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 2011-12 വർഷത്തെ യഥാർത്ഥ സംസ്ഥാന പദ്ധതിച്ചെലവ് 11758.89 കോടി രൂപയാണ്. ഇതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ് 2885.98 കോടി രൂപയായിരുന്നു. വകുപ്പുതല താത്ക്കാലിക കണക്കുപ്രകാരം നടപ്പുവർഷത്തെ സംസ്ഥാന പദ്ധതി ചെലവ് 28-2-2013 വരെ 7703.89 കോടി രൂപയാണ്. ഇതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ് 1256.93 കോടി രൂപയാണ്.

(സി) പൊതുമേഖലാ സ്ഥാപനങ്ങൾക്കും സ്വയംഭരണ സ്ഥാപനങ്ങൾക്കും മാത്രമേ ട്രഷറി അക്കൗണ്ടുകളിൽ തുക നിക്ഷേപിച്ച് ചെലവഴിക്കാൻ അനുമതിയുള്ളൂ. സർക്കാർ വകുപ്പുകൾക്ക് ഇതിനുള്ള അനുമതിയില്ല. ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിലേക്ക് മാറ്റുന്ന പദ്ധതി വിഹിതത്തിന്റെ പ്രത്യേകമായ കണക്ക് ഇപ്പോൾ ലഭ്യമല്ല.

**മൂലധനച്ചെലവ് സംബന്ധിച്ച വിവരം**

**206 (562)** ശ്രീ. ജെയിംസ് മാത്യു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പുസാമ്പത്തികവർഷത്തെ മൂലധനച്ചെലവ് മുൻവർഷത്തെ അപേക്ഷിച്ച് എത്ര ശതമാനം കൂടുതലായിരിക്കണം എന്നായിരുന്നു ബഡ്ജറ്റിൽ പ്രതീക്ഷിച്ചിരുന്നത് ; എന്നാൽ, അത് എത്രയായിരുന്നു ; ഇത് സംസ്ഥാനത്തിന്റെ ആകെ ബഡ്ജറ്റ് അടങ്കലിന്റെ എത്ര ശതമാനമാണ് ; ആകെ ചെലവിന്റെ എത്ര ശതമാനമാണ് ;

(ബി) കഴിഞ്ഞ ഏഴ് സാമ്പത്തികവർഷത്തിൽ ഓരോ വർഷവും സംസ്ഥാനത്തിന്റെ ആകെ ചെലവിന്റെ എത്ര ശതമാനം തുക മൂലധന ചെലവുണ്ടായി എന്നു വിശദമാക്കുമോ ?

ഉത്തരം

(എ) മുൻ വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റുമായി താരതമ്യം ചെയ്യുമ്പോൾ നടപ്പുവർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ മൂലധനച്ചെലവ് 71% വർദ്ധിച്ചിട്ടുണ്ട്. അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം നടപ്പു സാമ്പത്തിക വർഷം ജനുവരി 31 വരെ മുൻവർഷത്തെ ഇതേ കാലയളവിലുള്ള ചെലവിനേക്കാൾ 6.03% വർദ്ധനവാണ് മൂലധനച്ചെലവിൽ വന്നിട്ടുള്ളത്. 2012-13 വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരമുള്ള മൂലധനച്ചെലവ് മൊത്തം അടങ്കലിന്റെ 11% ആണ്. പ്രാഥമിക കണക്കുകൾ പ്രകാരം ജനുവരി 31 വരെ മൂലധനച്ചെലവ് മൊത്തം ചെലവിന്റെ 5% ആണ്.

(ബി) 2005-06 മുതൽ 2011-12 വരെയുള്ള വർഷങ്ങളിലെ ചെലവിലെ മൂലധനച്ചെലവിന്റെ ശതമാനം ചുവടെ ചേർക്കുന്നു :



LIBRARY ARCHIVES Kerala Legislative Assembly

| സാമ്പത്തിക വർഷം | ശതമാനം |
|---|---|
| 2005-06 | 4.18 % |
| 2006-07 | 4.09 % |
| 2007-08 | 5.41 % |
| 2008-09 | 5.49 % |
| 2009-10 | 6.04 % |
| 2010-11 | 8.67 % |
| 2011-12 | 7.57 % |

**വായ്പാത്തുക ചെലവഴിക്കൽ**

207 (563) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതേവരെ സർക്കാർ വായ്പ എടുത്ത തുക കടബാധ്യതകൾ തീർക്കുന്നതിനുവേണ്ടി ചെലവഴിക്കുകയുണ്ടായോ ; എങ്കിൽ ഓരോ വർഷവും എത്ര തുക മറ്റാവശ്യങ്ങൾക്കായി ചെലവഴിക്കുകയുണ്ടായി ;

(ബി) ഈ സർക്കാർ പുറപ്പെടുവിച്ച 'ധവളപത്ര'ത്തിൽ കടം എടുത്ത തുക നിത്യനിദാന ചെലവുകൾക്ക് ഉപയോഗിക്കുന്നതിനെ വിമർശിച്ചിട്ടുണ്ടായിരുന്നുവോ ;

(സി) സംസ്ഥാന സമ്പദ്‌വ്യവസ്ഥയെക്കുറിച്ചുള്ള (2012 മാർച്ചിൽ അവസാനിച്ച സാമ്പത്തിക വർഷത്തെ) കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ടിൽ, 'ധവളപത്ര' ത്തിലൂടെ മുൻസർക്കാറിനെ വിമർശിച്ച അതേ കാര്യങ്ങളിൽ ഇപ്പോഴത്തെ സർക്കാരിനെയും വിമർശിക്കുകയുണ്ടായോ എന്ന് വ്യക്തമാക്കാമോ ; ഇക്കാര്യം പരിശോധിക്കുകയുണ്ടായോ ;

(ഡി) എങ്കിൽ ധവളപത്രത്തിലൂടെ മുൻസർക്കാരിനെതിരെ നടത്തിയ വിമർശനങ്ങൾ പിൻവലിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കാമോ ?

**ഉത്തരം**

(എ) സർക്കാർ എടുക്കുന്ന വായ്പയുടെ ഒരു ഭാഗം കടം തിരിച്ചടയ്ക്കുന്നതിന് ചെലവഴിക്കുന്നുണ്ട്. 2011-12-ൽ കടമെടുത്ത തുകയിൽ 6905.90 കോടി രൂപ മറ്റാവശ്യങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്. അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കനുസരിച്ച് 2012-13 വർഷത്തിൽ 31-1-2013 വരെ ഇത് 6320.46 കോടി രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കടം എടുത്ത തുക നിത്യനിദാന ചെലവുകൾക്ക് ഉപയോഗിക്കുന്നതിനെ സംബന്ധിച്ച് സംസ്ഥാന സമ്പദ് വ്യവസ്ഥയെക്കുറിച്ചുള്ള കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ടിലെ പരാമർശം ഈ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ധവളപത്രത്തിൽ ആവർത്തിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്.

(സി) സംസ്ഥാനം കടമെടുത്ത തുക നിത്യനിദാന ചെലവുകൾക്ക് ഉപയോഗിക്കുന്നതിനെ സംബന്ധിച്ച കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ മുൻ വർഷങ്ങളിലെ റിപ്പോർട്ടുകളിലെ പരാമർശം 2012 മാർച്ച് മാസം അവസാനിച്ച സാമ്പത്തിക വർഷത്തെ റിപ്പോർട്ടിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യം പരിശോധിക്കുകയുണ്ടായി.

(ഡി) ധവളപത്രത്തിൽ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ പരാമർശങ്ങൾ ഉദ്ധരിക്കുകയാണ് ചെയ്തിട്ടുള്ളത്. അത് പിൻവലിക്കാൻ ഉദ്ദേശിക്കുന്നില്ല.

**കടം വാങ്ങിയ തുകയും ചെലവഴിച്ച തുകയും**

**208 (564)** ശ്രീ. ജെയിംസ് മാത്യു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വാങ്ങിയ മൊത്തം കടം എത്ര കോടിയുടേതാണ് ; ഇതിൽ എത്ര തുക നിത്യനിദാന ചെലവുകൾക്കുവേണ്ടി വിനിയോഗിക്കപ്പെടുകയുണ്ടായി ;

(ബി) മൂലധനച്ചെലവുകൾക്കായി മാത്രം ചെലവഴിച്ച തുക എത്ര ; ഇത് വാങ്ങിയ കടത്തിന്റെ എത്ര ശതമാനമാണ് ; വിശദമാക്കാമോ ?

**ഉത്തരം**

(എ) അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം ഈ സർക്കാർ അധികാരമേറ്റശേഷം 31-1-2013 വരെയുള്ള കാലയളവിൽ എടുത്ത മൊത്തം കടം 17756.86 (തനി) കോടി രൂപയാണ്. കടം വാങ്ങുന്ന തുകയുടെ ഒരുഭാഗം റവന്യൂ കമ്മി നികത്താനായി വിനിയോഗിക്കുന്നുണ്ട്. പ്രസ്തുത റവന്യൂ കമ്മിയ്ക്ക് വികസന ചെലവുകളായ റവന്യൂ പ്ലാൻ സ്കീമുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതവും (Devolution to LSGIs) കാരണമാകുന്നതിനാൽ കടം വാങ്ങുന്ന തുകയുടെ ഒരുഭാഗം പൂർണ്ണമായും നിത്യനിദാന ചെലവുകൾക്കായി വിനിയോഗിക്കുന്നുവെന്ന് വിലയിരുത്താൻ കഴിയുകയില്ല.

(ബി) കടമെടുത്ത 17756.86 കോടി രൂപയിൽ മൂലധന ചെലവുകൾക്ക് മാത്രമായി 7693.84 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് വാങ്ങിയ കടത്തിന്റെ 43.33 ശതമാനമാണ്.

LIBRARY ARCHIVES Kerala Legislative Assembly

## പ്രതിമാസ വരവു-ചെലവ് കണക്ക്

**209 (565)** ശ്രീ. രാജു എബ്രഹാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ പ്രതിമാസ ശരാശരി ചെലവും വരവും എത്രവീതമെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ വർഷം വാർഷിക പദ്ധതിക്കുവേണ്ടി വാങ്ങിയ വായ്പകൾ ആവർത്തന ചെലവുകൾ നേരിടാൻവേണ്ടി വകമാറ്റേണ്ടി വന്നിട്ടുണ്ടോ ; എങ്കിൽ അതനുസരിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം നടപ്പു സാമ്പത്തിക വർഷത്തെ ആദ്യത്തെ പത്തുമാസത്തെ സംസ്ഥാനത്തിന്റെ പ്രതിമാസ ശരാശരി വരവ് (വായ്പകൾ ഉൾപ്പെടെ) 4323.85 കോടി രൂപയും പ്രതിമാസ ശരാശരി ചെലവ് 4272.37 കോടി രൂപയുമാണ്.

(ബി) വാർഷിക പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള പരിപാടികൾ നടപ്പിലാക്കുന്നതിനും ആവർത്തന ചെലവുകളുടെ ഒരുഭാഗം നേരിടുന്നതിനുമാണ് വായ്പകൾ (തനി) എടുക്കാറുള്ളത്. 2013 ജനുവരി 31 വരെയുള്ള കണക്കുകൾ പ്രകാരം 6320 കോടി രൂപയുടെ വായ്പകൾ എടുത്തിട്ടുണ്ട്. ഇതേകാലയളവിലുള്ള പദ്ധതി ചെലവ് 5640 കോടി രൂപയാണ്. ഈ കണക്കുകൾ പ്രകാരം വാങ്ങിയ വായ്പകൾ ആവർത്തനചെലവുകൾ നേരിടാൻ വിനിയോഗിച്ചതായി വിലയിരുത്താനാവില്ല.

## 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിലെ ഉല്പാദനവും ഉല്പാദനക്ഷമതയും

**210 (566)** ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ ലക്ഷ്യംവച്ച ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും എത്ര വീതമായിരുന്നുവെന്നും കൈവരിക്കാൻ കഴിഞ്ഞ നേട്ടം എത്രയായിരുന്നുവെന്നും വിശദമാക്കാമോ ?

ഉത്തരം

2011-12, 2012-13 എന്നീ വർഷങ്ങളിൽ ലക്ഷ്യംവച്ച സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തരഉൽപ്പാദനവും വളർച്ചാനിരക്കും ചുവടെ ചേർക്കുന്നു. സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തരഉൽപ്പാദനത്തിന്റെ അന്തിമ കണക്ക് ലഭ്യമാകുമ്പോൾ മാത്രമേ കൈവരിച്ച യഥാർത്ഥ നേട്ടം തിട്ടപ്പെടുത്തുവാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

| | 2011-12 (ക്വിക് എസ്റ്റിമേറ്റ്) | 2012-13 (അഡ്വാൻസ് എസ്റ്റിമേറ്റ്) |
|---|---|---|
| സംസ്ഥാന മൊത്ത ആഭ്യന്തര ഉൽപാദനം | 315206 കോടി രൂപ | 363305 കോടി രൂപ |
| വളർച്ചാനിരക്ക് | 16.97 | 15.26 |

**ദുരന്ത നിവാരണ ഫണ്ട് വിനിയോഗം സംബന്ധിച്ച്**

**211 (567)** ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേശീയ ദുരന്ത നിവാരണ ഫണ്ടിൽനിന്നും എന്തുതുക ലഭ്യമായിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ഈ തുക ഏത് ഹെഡ് ഓഫ് അക്കൗണ്ടിലാണ് വകയിരിത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ;

(സി) സംസ്ഥാനത്തിന്റെ എസ്.ഡി.ആർ.എഫ്.-ൽ നിന്ന് ഈ സർക്കാരിന്റെ കാലയളവിൽ എന്തുതുക ചെലവഴിച്ചെന്നും ഇനിയെത്ര മിച്ചമുണ്ടെന്നും വിശദീകരിക്കാമോ ?

ഉത്തരം

(എ) ദേശീയ ദുരന്ത നിവാരണ ഫണ്ടിൽ നിന്നും 2011-12 സാമ്പത്തിക വർഷത്തിൽ 212.91 കോടി രൂപയും 2012-13 സാമ്പത്തികവർഷത്തിൽ 108.38 കോടി രൂപയും ലഭ്യമായിട്ടുണ്ട്.

(ബി) ദേശീയ ദുരന്ത നിവാരണ ഫണ്ടിൽ നിന്നും ലഭ്യമായ തുകകൾ 2245-01-Drought 2245-02-Floods, Cyclones etc എന്നീ ശീർഷകങ്ങളിലാണ് വകയിരുത്തിയിട്ടുള്ളത്.

(സി) എസ്.ഡി.ആർ.എഫിൽ നിന്നും 2011-12-ൽ 130.71 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 2012-13 വർഷത്തിൽ, 2013 ജനുവരിയിലെ അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾപ്രകാരം എസ്.ഡി.ആർ.എഫിൽ നിന്നും 104.70 കോടി രൂപ ചെലവാക്കുകയും 191.98 കോടി രൂപ മിച്ചമായി അവശേഷിക്കുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകൾ സംബന്ധിച്ച്

212 (568) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓരോ സർക്കാർ വകുപ്പുകളുടേയും എത്ര ഓഫീസുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ടെന്ന് ധനകാര്യ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ;

(ബി) ഒരു സാമ്പത്തിക വർഷം എത്രതുക വാടകയിനത്തിൽ ചെലവിടുന്നുണ്ടെന്ന് വിശദമാക്കാമോ ;

(സി) നിലവിൽ സ്വകാര്യ കെട്ടിടങ്ങൾ സർക്കാർ വകുപ്പുകൾ വാടകയ്ക്ക് എടുക്കുമ്പോൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കാമോ ;

(ഡി) ഈ നടപടിക്രമങ്ങൾ ഉദാരമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാം നടപടികളിലാണ് ഉദാരവത്കരണം നടന്നതെന്ന് വിശദമാക്കാമോ ;

(ഇ) സംസ്ഥാനത്ത് നിലവിൽ ഏതൊക്കെ വകുപ്പുതലവൻമാരുടെയും വകുപ്പുകളുടെയും സർക്കാരിൽ നിക്ഷിപ്തമായ ഏജൻസികളുടെയും ഓഫീസുകൾ സ്വകാര്യ കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) 2011-12 സാമ്പത്തിക വർഷം 27.06 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്

(സി) 9-3-1995-ലെ ജി.ഒ. (എം.എസ്) നമ്പർ 16/95/പി.ഡബ്ല്യൂ&റ്റി. നമ്പർ ഉത്തരവിലെ (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.) വ്യവസ്ഥകൾക്ക് വിധേയമായാണ് നിലവിൽ സ്വകാര്യകെട്ടിടങ്ങൾ സർക്കാർ വകുപ്പുകൾക്ക് വാടകയ്ക്ക് എടുക്കുന്നത്.

(ഡി) ഇല്ല.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

## പി.ഡബ്ല്യൂ.ഡി. വകുപ്പിലെ കുടിശ്ശിക

213 (569) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇറിഗേഷൻ, പി.ഡബ്ള്യൂ.ഡി. തുടങ്ങിയ വകുപ്പുകളിലെ കരാറുകാർക്ക് സർക്കാർ കൊടുത്തുതീർക്കാനുള്ള കുടിശ്ശിക ഏറ്റവും ഒടുവിലത്തെ കണക്കനുസരിച്ച് എത്രയാണെന്ന് വെളിപ്പെടുത്താമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 31-3-2011-ൽ ഈ കുടിശ്ശിക എത്രയായിരുന്നുവെന്ന് വെളിപ്പെടുത്താമോ ;

(സി) 1-3-2013-ൽ കുടിശ്ശിക എത്രയാണ് ;

(ഡി) ഈ കുടിശ്ശികകൾ കൊടുത്തുതീർക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് ലഭിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് (കെട്ടിടം) വകുപ്പിൽ 91.17 കോടി രൂപയുടെയും ജലവിഭവവകുപ്പിൽ 39.61 കോടി രൂപയുടെയും ബില്ലുകൾ കൊടുത്തു തീർക്കുവാനുണ്ട്. പൊതുമരാമത്ത് (നിരത്തുകളും പാലങ്ങളും) വകുപ്പിൽ കുടിശ്ശികയില്ല.

(ബി) പൊതുമരാമത്ത് (നിരത്തുകളും പാലങ്ങളും) വകുപ്പിൽ 110.23 കോടി രൂപയും പൊതുമരാമത്ത് (കെട്ടിടം) വകുപ്പിൽ 56.20 കോടി രൂപയും കൊടുത്തു തീർക്കുവാനുണ്ടായിരുന്നു. ജലവിഭവ വകുപ്പിൽ കുടിശ്ശികയില്ലായിരുന്നു.

(സി) 1-3-2013-ൽ പൊതുമരാമത്ത് (നിരത്തുകളും പാലങ്ങളും) വകുപ്പിൽ 91.59 കോടി രൂപയും, പൊതുമരാമത്ത് (കെട്ടിടം) വകുപ്പിൽ 45.22 കോടി രൂപയും ജലവിഭവ വകുപ്പിൽ 39.61 കോടി രൂപയും കുടിശ്ശികയുണ്ടായിരുന്നു.

(ഡി) ജലവിഭവവകുപ്പിലെ 1-10-2012 മുതൽ 31-10-2012 വരെയുള്ള കുടിശ്ശിക ഉടനെ കൊടുത്തുതീർക്കുന്നതാണ്. ബാക്കി കുടിശ്ശികയും വൈകാതെ തീർക്കുന്നതാണ്. പൊതുമരാമത്ത് (കെട്ടിടം) വകുപ്പിലെ കുടിശ്ശിക തീർക്കുന്നതിന് ധന പുനഃക്രമീകരണ നിർദ്ദേശങ്ങൾ ലഭ്യമാക്കാൻ ബന്ധപ്പെട്ട ചീഫ് എഞ്ചിനീയറോട് നിർദ്ദേശിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**മരാമത്തു പണികളുടെ ടെണ്ടർ എസ്റ്റിമേറ്റിൽ കോൺട്രാക്ടർക്കുള്ള ലാഭം**

214 (570) ശ്രീ. വി. ശശി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുതലായവ മരാമത്ത് പണികൾ ടെണ്ടർ ചെയ്ത് കൊടുക്കുമ്പോൾ എസ്റ്റിമേറ്റിൽ കോൺട്രാക്ടർക്കുള്ള ലാഭം ഉൾപ്പെടുത്താറുണ്ടോ എന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) എം. പി. ഫണ്ടിലുള്ള മരാമത്ത് പണികൾ ടെണ്ടർ ചെയ്തു കൊടുക്കുമ്പോൾ എസ്റ്റിമേറ്റിൽ കോൺട്രാക്ടർക്കുള്ള ലാഭം ഉൾപ്പെടുത്താറുണ്ടോ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ടിൽനിന്നും മരാമത്ത് പണികൾ ടെണ്ടർ ചെയ്ത് കൊടുക്കുമ്പോൾ എസ്റ്റിമേറ്റിൽ കോൺട്രാക്ടർക്കുള്ള ലാഭം ഉൾപ്പെടുത്തേണ്ടായെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ ; എന്തുകൊണ്ടാണ് ഇത്തരത്തിൽ നിർദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

<u>ഉത്തരം</u>

(എ) പൊതുമരാമത്ത് വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുതലായവ ടെണ്ടർ ചെയ്യുന്ന പ്രവൃത്തികൾക്ക് എസ്റ്റിമേറ്റിൽ കോൺട്രാക്ടർക്കുള്ള ലാഭം ഉൾപ്പെടുത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എം.പി. ഫണ്ടിലുള്ള മരാമത്ത് പണികൾ ടെണ്ടർ ചെയ്ത് കൊടുക്കുമ്പോൾ എസ്റ്റിമേറ്റിൽ കോൺട്രാക്ടർക്കുള്ള ലാഭം ഉൾപ്പെടുത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) എം.എൽ.എ. ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തി നിർവ്വഹണം സർക്കാരിന്റെ വ്യവസ്ഥാപിത നടപടിക്രമങ്ങൾക്കും ഇത് സംബന്ധിച്ച് ധനകാര്യവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായുമാണ് നടപ്പാക്കേണ്ടത്. സാധാരണഗതിയിൽ ഗുണഭോക്തൃ സമിതികൾ മുഖേനയാണ് എം.എൽ.എ. എസ്.ഡി.എഫിലെ പണികൾ ചെയ്യേണ്ടത്. പ്രവൃത്തി നിർവ്വഹണം പ്രൈവറ്റ് കോൺട്രാക്ടർമാരെ ഏൽപ്പിക്കുന്നതും കോൺട്രാക്ടർമാർക്ക് ഏതെങ്കിലും തരത്തിലുള്ള അഡ്വാൻസ് നൽകുന്നതും ചട്ടപ്രകാരം അനുവദനീയമല്ല.

**മണ്ഡലം ആസ്തി വികസന ഫണ്ട്**

**215 (571)** <u>ശ്രീ. പി. റ്റി. എ. റഹീം</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കഴിഞ്ഞ ബഡ്ജറ്റിൽ മണ്ഡലം ആസ്തി വികസന ഫണ്ടായി ഓരോ മണ്ഡലത്തിനും 25 കോടി രൂപ വീതം അനുവദിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നുവോ ;

(ബി) എങ്കിൽ, ഇതുവരെയായി ബഡ്ജറ്റിൽ ഈ ഇനത്തിൽ എത്ര തുക വകകൊള്ളിച്ചിട്ടുണ്ട് ;

(സി) 2013 മാർച്ച് 1-ാം തീയതിയിലേക്ക് എത്ര തുകയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് ;

(ഡി) ഇതിൽ വാട്ടർ അതോറിറ്റി, വിദ്യാഭ്യാസം, പൊതുമരാമത്ത്, ആരോഗ്യം എന്നീ മേഖലകളിൽ ഭരണാനുമതി നൽകിയതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) ഒരുവർഷം മൊത്തം അഞ്ചു കോടിയിൽ കവിയാത്ത മേജർ വർക്കുകൾ ഏറ്റെടുക്കത്തക്ക വിധവും അഞ്ചുവർഷം കൊണ്ട് മൊത്തം 25 കോടി രൂപയുടെ മേജർ വർക്കുകൾ ഓരോ നിയോജകമണ്ഡലത്തിനും ഏറ്റെടുക്കാനാവുന്ന വിധവുമാണ് നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളത്.

(ബി) ഈ ഇനത്തിൽ 2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ആകെ 705 കോടി രൂപ വകകൊള്ളിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 2013 മാർച്ച് 1-ാം തീയതി വരെ 368 കോടി രൂപയുടെ 467 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള അനുമതി ധനവകുപ്പിൽ നിന്നും ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകിയിട്ടുണ്ട്. ഇതിൽ 350 ഓളം പ്രവൃത്തികൾക്ക് ഇതിനകം ഭരണവകുപ്പിൽ നിന്നും ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) വാട്ടർ അതോറിറ്റി, വിദ്യാഭ്യാസം, പൊതുമരാമത്ത്, ആരോഗ്യം എന്നീ മേഖലകളിൽ യഥാക്രമം 3-ഉം, 148-ഉം, 176-ഉം, 7-ഉം പ്രവർത്തികൾക്ക് ഇതിനകം ഭരണാനുമതി നൽകിയിട്ടുണ്ട്.

**എം.എൽ.എ.-എസ്.ഡി.എഫ്.-ൽ ഉൾപ്പെടുത്തി ഗ്രന്ഥശാലകൾക്ക് കമ്പ്യൂട്ടർ**

**216 (572)** ശ്രീ. എം. എ. ബേബി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.എൽ.എ.-എസ്.ഡി.എഫ്.-ൽ ഉൾപ്പെടുത്തി ഇ-ലേണിംഗിനായി ഗ്രന്ഥശാലകൾക്ക് കംപ്യൂട്ടർ അനുവദിക്കാനാവാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യം പരിശോധിച്ച് നിലവിലെ ഗൈഡ്‌ലൈനിൽ ഉൾപ്പെടുത്തി പ്രസ്തുത പ്രശ്നം പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാർ/എയ്ഡഡ് സ്കൂളുകൾ/കോളേജുകൾക്കു മാത്രമേ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിന് നിലവിൽ അനുമതിയുള്ളൂ. സർക്കാർ ഉടമസ്ഥതയിൽ ആസ്തികൾ സൃഷ്ടിക്കുന്നതിനുവേണ്ടിയാണ് എം.എൽ.എ. ഫണ്ട്. വിനിയോഗിക്കേണ്ടത്. എയ്ഡഡ്/അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് MLA-SDF-ൽ നിന്ന് തുക അനുവദിക്കുന്ന നടപടി അവസാനിപ്പിക്കണമെന്ന് നിയമസഭയുടെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. ഈ സാഹചര്യങ്ങളിൽ ഗ്രന്ഥശാലകൾക്ക് കമ്പ്യൂട്ടർ വാങ്ങാൻ MLA-SDF-ൽ നിന്ന് ഫണ്ട് അനുവദിക്കുന്ന കാര്യം പരിഗണിക്കാനാവില്ല.

**എം.എൽ.എ.-എസ്.ഡി.എഫ്. ഫണ്ട്**

**217 (573)** ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.എൽ.എ-എസ്.ഡി.എഫ്. ഫണ്ടിൽ നൽകുന്ന റോഡു പ്രവൃത്തികളിൽ റിപ്പയർ ചെയ്യാൻ പാടില്ല എന്ന നിബന്ധന ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;



LIBRARY ARCHIVES Kerala Legislative Assembly

(ബി) ഗ്രാമപഞ്ചായത്ത് റോഡുകൾ എം.എൽ.എ-എസ്.ഡി.എഫ്. ഫണ്ടിൽ ഉൾപ്പെടുത്തി റിപ്പയർ ചെയ്യാമെന്ന നിബന്ധനകൂടി മാർഗ്ഗനിർദ്ദേശത്തിൽ ഉൾപ്പെടുത്തുന്ന. വിഷയം പരിഗണിക്കുമോ ;

(സി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഇല്ല. റോഡുകളുടെ നിലവാരമുയർത്തുന്ന രീതിയിലുള്ള പ്രവൃത്തികൾക്ക് വേണ്ടി എം.എൽ.എ. ഫണ്ടിന്റെ 15% തുക വിനിയോഗിക്കുവാൻ G.O. (P) No. 134/2012/Fin dated 24-2-2012 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. എന്നാൽ കുഴിയടക്കൽ പോലുള്ള നിസ്സാര അറ്റകുറ്റപ്പണികൾ അനുവദനീയമല്ല.

(ബി) പുതിയ ആസ്തികൾ സൃഷ്ടിക്കുന്നതിലേക്കാണ് എം.എൽ.എ.-എസ്ഡിഎഫ് രൂപീകരിക്കപ്പെട്ടിട്ടുള്ളത്. എന്നിരുന്നാലും ഫണ്ടിന്റെ 15% വരെയുള്ള തുക റോഡുകളുടെ അപ്ഗ്രഡേഷൻ പണികൾക്ക് വിനിയോഗിക്കുവാൻ അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ മറ്റുതരത്തിലുള്ള റോഡ് റിപ്പയർ പണികൾ എം.എൽ.എ.-എസ്.ഡി.എഫ്.-ൽ ഉൾപ്പെടുത്തുന്നകാര്യം പരിഗണിക്കാനാവില്ല.

**എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ട്**

**218 (574)** ശ്രീ. പി. റ്റി. എ. റഹീം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ട് പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) ജില്ലാ കളക്ടറേറ്റുകളിൽ ഓരോ മണ്ഡലത്തിനും പ്രത്യേകമായി ട്രഷറി/ബാങ്ക് അക്കൗണ്ടുകളുണ്ടോ ;

(സി) ഇല്ലെങ്കിൽ മണ്ഡലാടിസ്ഥാനത്തിൽ ട്രഷറി/ബാങ്ക് അക്കൗണ്ടുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) എം.എൽ.എ. ഫണ്ട് വിനിയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തികളുടെ പൂർത്തീകരണത്തിന് സമയപരിധി നിശ്ചയിച്ചുകൊണ്ട് G.O.(P) No. 518/2009/Fin dated 20-11-2009 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം)* ഈ ഉത്തരവിന്റെ (സി) പിരിവനുസരിച്ച് ജില്ലാകളക്ടർ പ്രവൃത്തിയുടെ പുരോഗതി 3 മാസത്തിലൊരിക്കൽ ബന്ധപ്പെട്ട എം.എൽ.എ.-മാർക്ക് നൽകണം. ടി ഉത്തരവിന്റെ (ഡി) പിരിവനുസരിച്ച്, ജില്ലാതലത്തിൽ നിർവ്വഹണ ഏജൻസിയുടെ പ്രതിനിധിയും ജില്ലാ കളക്ടറും ഉൾപ്പെടുന്ന കൺസൽട്ടേറ്റീവ് കമ്മിറ്റി രൂപീകരിച്ച് പ്രവൃത്തിയുടെ ശരിയായ പുരോഗതി നിരീക്ഷിക്കുകയും സൃഷ്ടിക്കപ്പെടുന്ന ആസ്തിയുടെ ശരിയായ വിനിയോഗം ഉറപ്പാക്കുകയും ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) ജില്ലാ കളക്ട്രേറ്റുകളിൽ എം.എൽ.എ. ഫണ്ടിനായി കളക്ടറുടെ പേരിൽ ഒരു TSB അക്കൗണ്ട് മാത്രമാണുള്ളത്. പാലക്കാട് ജില്ലയിൽ മാത്രം ഓരോ എം.എൽ.എ.-മാർക്കും പ്രത്യേകം അക്കൗണ്ടുകൾ സൂക്ഷിക്കുന്നുണ്ട്. എന്നാൽ എല്ലാ ജില്ലകളിലും മണ്ഡലാടിസ്ഥാനത്തിൽ പ്രത്യേകം പ്രത്യേകം കണക്കുകൾ സൂക്ഷിക്കുന്നതിനാൽ മണ്ഡലാടിസ്ഥാനത്തിൽ TSB അക്കൗണ്ടുകൾ ആരംഭിക്കേണ്ടുന്ന സാഹചര്യം നിലവിലില്ല.

**നിയോജകമണ്ഡലം ആസ്തി വികസന ഫണ്ട്**

**219 (575)** ശ്രീ. ജോസ് തെറ്റയിൽ :
ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. സി. കെ. നാണു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിയോജകമണ്ഡലം ആസ്തി വികസന ഫണ്ടിൽ എത്ര കോടി രൂപയ്ക്ക് ഇതിനകം ഭരണാനുമതി നൽകിയിട്ടുണ്ട് ;

(ബി) നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഇതു സംബന്ധിച്ച കണക്ക് വ്യക്തമാക്കാമോ ;

(സി) 2013 മാർച്ച് 31-ന് മുൻപ് ചെലവഴിക്കപ്പെടാത്ത തുക അടുത്ത സാമ്പത്തിക വർഷത്തിൽ ചെലവഴിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ ;

(ഡി) ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കി എം.എൽ.എ.-മാർ നിർദ്ദേശിച്ച പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടി എന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2012-13 വർഷത്തെ നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നും ഇതിനകം 409.25 കോടി രൂപയ്ക്കുള്ള 515 പ്രവൃത്തികൾക്ക് ഭരണാനുമതി നല്കുന്നതിനുള്ള അനുമതി ധനവകുപ്പിൽ നിന്നും ബന്ധപ്പെട്ട വകുപ്പുകൾക്ക് നല്കിയിട്ടുണ്ട്. ഇതിൽ 350 ഓളം പ്രവൃത്തികൾക്ക് ഇതിനകം ഭരണ വകുപ്പ് ഭരണാനുമതി നല്കിയിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർക്കുന്നു.*

(സി) 2013 മാർച്ച് 31 വരെ ഭരണാനുമതി ലഭിക്കുന്ന പ്രവൃത്തികൾ അടുത്ത സാമ്പത്തിക വർഷവും തുടരാവുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മറ്റ് മരാമത്ത് പ്രവൃത്തികൾക്ക് ബാധകമായ സമയക്രമം നിയോജക മണ്ഡലം ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തികൾക്കും ബാധകമാണ്. ഇത്തരം പ്രവൃത്തികൾ സമയബന്ധിതമായി നടത്തപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടികൾ ബന്ധപ്പെട്ട ഭരണവകുപ്പും ധനകാര്യ വകുപ്പും സ്വീകരിക്കുന്നതാണ്.

## നിയോജകമണ്ഡലെ ആസ്തി വികസന ഫണ്ട്

**220 (576)** ശ്രീ. വി. ശശി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ട നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽ നിർദ്ദേശിക്കപ്പെട്ട പ്രൊപ്പോസലുകൾ ഭരണാനുമതി ലഭിക്കുന്നതിനായി ഭരണ വകുപ്പിൽ നിന്നും ധനകാര്യ വകുപ്പിൽ എത്തുമ്പോൾ വളരെ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ കാലതാമസം ഒഴിവാക്കാൻ മതിയായ ഉദ്യോഗസ്ഥരെ നിയമിക്കുമോ ;

(സി) ധനകാര്യ വകുപ്പിൽ എത്തുന്ന ഇത്തരം ഫയലുകളിൽ പരമാവധി എത്ര ദിവസംകൊണ്ട് തീരുമാനം എടുക്കപ്പെടുന്നുവെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതിനകം ധനകാര്യ വകുപ്പിലെത്തിയ എല്ലാ പ്രൊപ്പോസലുകൾക്കും അംഗീകാരം നൽകുമെന്ന് ഉറപ്പുവരുത്തുമോ ?

### ഉത്തരം

(എ) ചില നിർദ്ദേശങ്ങൾ വിശദമായ എസ്റ്റിമേറ്റ് സഹിതം ഭരണവകുപ്പിൽനിന്ന് ധനകാര്യ വകുപ്പിൽ എത്തുന്നതിൽ കാലതാമസമുണ്ടാകുന്നു എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ധനകാര്യ വകുപ്പിൽ ഇതിനായി ഒരു പ്രത്യേക സെക്ഷൻ രൂപീകരിക്കുകയും ആവശ്യമായ ഉദ്യോഗസ്ഥരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

(സി) LAC-ADF-ന്റെ മാർഗ്ഗ നിർദ്ദേശങ്ങളെല്ലാം പാലിച്ച് അംഗീകാരത്തിനായി ധനവകുപ്പിൽ എത്തുന്ന ഭൂരിപക്ഷം ഫയലുകളിലും പരമാവധി 15 ദിവസത്തിനുള്ളിൽ തീരുമാനമെടുക്കാറുണ്ട്.

(ഡി) നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി ലഭിക്കുന്ന എല്ലാ പ്രൊപ്പോസലുകൾക്കും താമസം വിനാ അംഗീകാരം നല്കുന്ന കാര്യം ഉറപ്പുവരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## ഗ്രന്ഥശാലകൾക്ക് എം.എൽ.എ. ഫണ്ടിൽ നിന്നും വിഹിതം ലഭ്യമാക്കാൻ നടപടി

**221 (577)** ശ്രീ. ജോസ് തെറ്റയിൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രന്ഥശാലാ സംഘത്തിന്റെ അംഗീകാരമുള്ള ഗ്രന്ഥശാലകൾക്ക് കെട്ടിടം പണിയുവാൻ എം.എൽ.എ. ഫണ്ടിൽ നിന്നും തുക അനുവദിക്കുവാൻ മാർഗ്ഗനിർദ്ദേശം ഉള്ളപ്പോൾ പ്രസ്തുത ഗ്രന്ഥശാലകൾക്ക് ആവശ്യമുള്ള കമ്പ്യൂട്ടറുകളും ബുക്കുകളും ലഭ്യമാക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഗ്രന്ഥശാലാ സംഘത്തിന്റെ അംഗീകാരമുള്ള ഗ്രന്ഥശാലകൾക്ക് കമ്പ്യൂട്ടറുകളും ബുക്കുകളും ലഭ്യമാക്കുവാൻ എം.എൽ.എ. ഫണ്ട് അനുവദിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനു നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാർ/എയ്ഡഡ് സ്കൂളുകൾ/കോളേജുകൾക്ക് മാത്രമേ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിന് നിലവിൽ അനുമതിയുള്ളൂ. ഈ വിഷയം സംബന്ധിച്ച് നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതികൾ വരുത്തുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

## പദ്ധതി അടങ്കൽ ചെലവഴിച്ചത് സംബന്ധിച്ച്

**222 (578)** ശ്രീ. പി. കെ. ഗുരുദാസൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിയമസഭ പാസ്സാക്കിയ ധനസംബന്ധമായ ഉത്തരവാദിത്വ നിയമത്തിലെ വ്യവസ്ഥ പ്രകാരം 2011-12 മുതൽ 2014-15 വരെ ഓരോ വർഷവും റവന്യൂ കമ്മി എത്രവീതം ആയിരിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത് ;

(ബി) 2011-12, 2012-13 എന്നീ വർഷങ്ങളിലെ റവന്യൂ കമ്മി എത്ര ശതമാനമാണ് ;

(സി) 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിലെ ലോക്കൽ ബോഡീസിന്റേതുൾപ്പെടെ പദ്ധതി അടങ്കലിന്റെ എത്ര ശതമാനം വീതം യഥാർത്ഥത്തിൽ ചെലവഴിക്കുകയുണ്ടായി ;

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ളതുൾപ്പെടെ എന്ത് തുകയുടെ പദ്ധതി അടങ്കലായിരുന്നു 2011-12, 2012-13 വർഷങ്ങളിലെ ബഡ്ജറ്റിൽ ഉണ്ടായിരുന്നത് ; യഥാർത്ഥത്തിൽ ചെലവായ തുക ഈ വർഷങ്ങളിൽ എത്രയായിരുന്നു ; ബഡ്ജറ്റ് അടങ്കലിന്റെ എത്ര ശതമാനം ഈ വർഷങ്ങളിൽ ചെലവഴിക്കുകയുണ്ടായി ; വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) നിയമം 2011 പ്രകാരം 2011-12 മുതൽ 2014-15 വരെയുള്ള വർഷങ്ങളിൽ റവന്യൂകമ്മി യഥാക്രമം സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉൽപ്പാദനത്തിന്റെ 1.4 ശതമാനം, 0.9 ശതമാനം, 0.5 ശതമാനം, 0 ശതമാനം എന്നിങ്ങനെ ആയിരിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്.

(ബി) 2011-12 വർഷത്തെ റവന്യൂ കമ്മി സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ 2.55 ശതമാനമായിരുന്നു. 2012-13 വർഷത്തിൽ (പുതുക്കിയ എസ്റ്റിമേറ്റ്) ഇത് സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉൽപ്പാദനത്തിന്റെ 0.94 ശതമാനമായിരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി&ഡി) 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ളതുൾപ്പെടെ യഥാക്രമം 12010 കോടിയുടേയും 14010 കോടിയുടേയും പദ്ധതി അടങ്കലാണ് ഉണ്ടായിരുന്നത്. അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം ലോക്കൽ ബോഡീസിന്റേതുൾപ്പെടെ 2011-12-ൽ 11758.89 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് പദ്ധതി അടങ്കലിന്റെ 97.91 ശതമാനമാണ്. വകുപ്പുതല കണക്കനുസരിച്ച് നടപ്പുസാമ്പത്തിക വർഷത്തിൽ 28-2-2013 വരെ 7703.89 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് പദ്ധതി അടങ്കലിന്റെ 54.99 ശതമാനമാണ്.

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി അടങ്കൽ

223 (579) ശ്രീ. സി. കൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2011-12, 2012-13 വർഷത്തിൽ ബഡ്ജറ്റ് അടങ്കൽ എത്രയായിരുന്നു ; ചെലവഴിക്കപ്പെട്ടത് എത്ര ; ട്രഷറികളിൽ നിക്ഷേപിക്കപ്പെട്ടവ എത്ര ; അതത് വർഷത്തിൽ യഥാർത്ഥത്തിൽ ചെലവഴിക്കാതെ പോയത് എത്ര തുക വീതമാണ് ;

(ബി) 2011-12-ലും, 2012-13-ലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പദ്ധതി അടങ്കലിന്റെ എത്ര ശതമാനം തുക മൂലധനനിക്ഷേപം നടത്തുകയുണ്ടായി ; യഥാർത്ഥത്തിൽ പദ്ധതി അടങ്കലുകളുടെ എത്രശതമാനം വീതം മൂലധനനിക്ഷേപം നടത്തണമെന്നായിരുന്നു ലക്ഷ്യമിട്ടത് ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി ഇനത്തിൽ തനിവിഹിതമായി 2011-12 ൽ 2574.05 കോടി രൂപയും 2012-13 ൽ 3050.6153 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 2011-12 സാമ്പത്തിക വർഷത്തിൽ പദ്ധതി ഇനത്തിൽ 2696.10 കോടി രൂപ (താത്ക്കാലിക കണക്കു പ്രകാരം. മുൻവർഷങ്ങളിലെ നീക്കിയിരുപ്പ് അടക്കം) ചെലവഴിച്ചിട്ടുണ്ട്. 2012-13

സാമ്പത്തിക വർഷത്തിൽ 3050.6153 കോടി രൂപ വകയിരുത്തിയതിൽ 28-2-2013 വരെയുള്ള താത്ക്കാലിക കണക്ക് പ്രകാരം 1256.93 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ട്രഷറിയിൽ നിക്ഷേപിക്കപ്പെട്ട തുകയുടെയും ചെലവഴിക്കാത്ത തുകയുടെയും കണക്ക് സംസ്ഥാനത്തെ 212 ട്രഷറികളിൽ നിന്നും ശേഖരിച്ചുവരുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി നിർവ്വഹണം

224 (580) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി 2011-12, 2012-13 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുകയും യഥാർത്ഥത്തിൽ ചെലവഴിച്ച തുകയും സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ :

(ബി) മേൽപ്പറഞ്ഞ ഓരോ സാമ്പത്തിക വർഷവും പഞ്ചായത്തുകൾ, ബ്ലോക്കുകൾ, ജില്ലാ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവവഴി ചെലവഴിക്കാൻ ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുക എത്ര വീതമായിരുന്നു ; പദ്ധതി നിർവ്വഹണം നടന്നിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ മാത്രം ഇവ ഓരോന്നുംവഴി ചെലവഴിച്ച തുക എത്ര വീതം ?

### ഉത്തരം

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി 2011-12, 2012-13 എന്നീ സാമ്പത്തിക വർഷങ്ങളിലായി യഥാക്രമം 2574.05 കോടി രൂപ, 3050.6153 കോടി രൂപ വീതം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. 2011-12 വർഷത്തിൽ 2969.10 കോടി രൂപയും 2012-13 വർഷത്തിൽ 28-2-2013 വരെ 1256.93 കോടി രൂപയും (താത്ക്കാലിക കണക്ക് പ്രകാരം) ചെലവഴിച്ചിട്ടുണ്ട്.

(ബി) 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകൾ എന്നിവയ്ക്ക് ബഡ്ജറ്റിൽ അനുവദിച്ച തുകയും ചെലവഴിച്ച തുകയും ചുവടെ ചേർക്കുന്നു :

| | 2011-12 (താൽക്കാലിക കണക്ക്) കോടി രൂപ | |
|---|---|---|
| | വകയിരുത്തിയത് | ചെലവഴിച്ചത് |
| ഗ്രാമപഞ്ചായത്ത് | 1412.11 | 1438.07 |
| ബ്ലോക്ക് പഞ്ചായത്ത് | 333.74 | 398.56 |
| ജില്ലാ പഞ്ചായത്ത് | 342.64 | 418.79 |
| മുനിസിപ്പാലിറ്റി | 306.17 | 245.18 |
| കോർപ്പറേഷനുകൾ | 179.39 | 195.50 |

LIBRARY ARCHIVES Kerala Legislative Assembly

| | 2012-13 (28-2-2013 വരെയുള്ള താൽക്കാലിക കണക്ക്) കോടി രൂപ | |
|---|---|---|
| | വകയിരുത്തിയത് | ചെലവഴിച്ചത് |
| ഗ്രാമപഞ്ചായത്ത് | 1788.5529 | 793.30 |
| ബ്ലോക്ക് പഞ്ചായത്ത് | 375.6736 | 176.36 |
| ജില്ലാ പഞ്ചായത്ത് | 332.2842 | 136.64 |
| മുനിസിപ്പാലിറ്റി | 322.4350 | 95.41 |
| കോർപ്പറേഷനുകൾ | 231.6696 | 50.21 |

## സാമ്പത്തിക വർഷാവസാനം പദ്ധതി വിഹിതം തിരക്കിട്ട് ചെലവാക്കുന്നതിനെതിരെ നടപടി

**225 (581)** ശ്രീ. കെ. രാജു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷം തദ്ദേശസ്ഥാപനങ്ങൾക്കായി വാർഷിക പദ്ധതിയിൽ എത്ര കോടി രൂപയാണ് നീക്കിവച്ചിരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) സാമ്പത്തിക വർഷം അവസാനിക്കുവാൻ ദിവസങ്ങൾ മാത്രം ശേഷിക്കെ ഇതിൽ എത്ര ശതമാനം ചെലവഴിക്കപ്പെട്ടു എന്നും ഇത് പദ്ധതി ചെലവിനായി സർക്കാർ നിശ്ചയിച്ചിരുന്ന ലക്ഷ്യത്തിന്റെ അടുത്ത് എത്തിയോ എന്നും വ്യക്തമാക്കുമോ ;

(സി) സാമ്പത്തിക വർഷത്തിന്റെ അവസാനമാസത്തിൽ പണത്തിന്റെ ഭൂരിഭാഗവും തിരക്കിട്ട് ചെലവാക്കുന്ന രീതി പദ്ധതി പ്രവർത്തനങ്ങളുടെ സുതാര്യതയും കാര്യക്ഷമതയും ഇല്ലാതാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആയത് പരിഹരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുമോ ?

### ഉത്തരം

(എ) നാലാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2012-13-ലെ വികസന ഫണ്ട്/പദ്ധതി വിഹിതമായി ആകെ 3228.00 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) പ്രാഥമിക കണക്കനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി പ്രവർത്തനങ്ങൾക്കായി 2013 ഫെബ്രുവരി മാസം 28 വരെ 39% തുക ചെലവഴിച്ചു. ഇത് പദ്ധതി ചെലവ് സംബന്ധിച്ച് സർക്കാർ നിശ്ചയിച്ചിട്ടുള്ള ലക്ഷ്യത്തിന് താഴെയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2-6-2012-ലെ 31/2012/ധന സർക്കുലർ പ്രകാരം സാമ്പത്തിക വർഷത്തിന്റെ ഓരോ പാദത്തിലും ഒരു നിശ്ചിത ശതമാനം തുക ചെലവഴിക്കുന്നതിനെ സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

## 2012-13-ലെ പദ്ധതി തുക വിനിയോഗം

**226 (582)** ശ്രീ. ബി. സത്യൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012-13 വർഷത്തിൽ സംസ്ഥാന പദ്ധതി അടങ്കൽ തുക കേന്ദ്ര വിഹിതമുൾപ്പെടെ ആകെ എത്രയാണ് ; വ്യക്തമാക്കാമോ ;

(ബി) ഇതിൽ എസ്.സി./എസ്.റ്റി. വിഭാഗത്തിനായി നീക്കിവച്ചിട്ടുള്ളത് എന്തു തുകയാണ് ;

(സി) ഇതിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നീക്കിവച്ചിട്ടുള്ള തുക എത്ര ; വ്യക്തമാക്കാമോ ;

(ഡി) 2012-13 വർഷത്തിൽ ഇതുവരെ എസ്.സി./എസ്.റ്റി. മേഖലയ്ക്ക് വേണ്ടി എന്തു തുക ചെലവഴിച്ചുവെന്നും ഇത് ആകെ അനുവദിച്ച തുകയുടെ എത്ര ശതമാനമാണെന്നും വിശദമാക്കാമോ ?

### ഉത്തരം

(എ) 2012-13 വർഷത്തെ സംസ്ഥാന പദ്ധതി അടങ്കൽ തുക തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ വിഹിതമായ 3228 കോടിയും കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന്റെ വിഹിതമായ 1100 കോടിയും ഉൾപ്പെടെ 14010 കോടിയാണ്. ഇതിന് പുറമേ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 2176.60 കോടി രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രത്യേക ഘടക പദ്ധതി/ഗിരിവർഗ്ഗ ഉപപദ്ധതികൾക്കുള്ള സഹായമായ 16 കോടിയും എൻ.സി.ഡി.സി.യിൽ നിന്നുള്ള ധനസഹായമായ 68 കോടിയുംകൂടി കണക്കിലെടുത്താൽ 2012-13 ലെ മൊത്തം പദ്ധതി തുക 16202.60 കോടി രൂപയാണ്.

(ബി) എസ്.സി/എസ്.ടി. വിഭാഗത്തിനായി കേന്ദ്രവിഹിതമുൾപ്പെടെ നീക്കിവച്ചിട്ടുള്ളത് 1793.71 കോടി രൂപയാണ്. ഇതിനുപുറമേ പ്രത്യേക ഘടക പദ്ധതിപ്രകാരം പ്രത്യേക കേന്ദ്ര സഹായമായി 1600 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

(സി) 2012-13 വർഷം തദ്ദേശഭരണ സ്ഥാപനങ്ങൾക്കായി ആകെ 3228 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) 2012-13 വർഷത്തിൽ പ്രാഥമിക കണക്കുകൾ പ്രകാരം ജനുവരി 31 വരെ എസ്.സി./എസ്.റ്റി. മേഖലയ്ക്ക് 911.38 കോടി രൂപയും പ്രത്യേക ഘടക പദ്ധതി പ്രകാരം പ്രത്യേക കേന്ദ്ര സഹായമായി ലഭിച്ചതിൽ 9.88 കോടി രൂപയും ചെലവാക്കിയിട്ടുണ്ട്. ഇത് ആകെ അനുവദിച്ച തുകയുടെ 50.91 ശതമാനമാണ്.



LIBRARY ARCHIVES Kerala Legislative Assembly

## പദ്ധതി അടങ്കൽ സംബന്ധിച്ച വിവരം

227 (583) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി 2013-14 സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കൽ എത്ര കോടി രൂപയുടേതായിരുന്നു ;

(ബി) ഏറ്റവുമൊടുവിൽ മന്ത്രിസഭായോഗം അംഗീകരിച്ച വാർഷിക പദ്ധതി എത്ര കോടി രൂപയുടേതാണ് ;

(സി) ഇതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതമെത്ര ;

(ഡി) 2013-14 വർഷത്തെ അടങ്കലും അത് മുൻവർഷത്തേക്കാൾ എത്ര ശതമാനം വർദ്ധനയോടുകൂടിയതാണെന്നും വകുപ്പുതിരിച്ച് വ്യക്തമാക്കുമോ ;

(ഇ) വാർഷികപദ്ധതിയിൽ അനുവദിച്ച പണം മുൻവർഷങ്ങളിൽ പാഴാക്കിയതിന്റെ പേരിൽ ഏതെല്ലാം വകുപ്പുകളുടെ 2013-14-ലെ അടങ്കലിൽ എത്ര ശതമാനം വീതം കുറവു വരുത്തുകയുണ്ടായി ;

(എഫ്) വിലവർദ്ധനയും മറ്റുംമൂലം പദ്ധതി നിർവ്വഹണച്ചെലവിൽ ഉണ്ടാകാവുന്ന സ്വാഭാവിക വർദ്ധനകൂടി പരിഗണിച്ചാൽ ഫലത്തിൽ പദ്ധതി അടങ്കലിൽ വർദ്ധന ഉണ്ടാകുന്നുണ്ടോ ; വിശദമാക്കുമോ ?

### ഉത്തരം

(എ) പഞ്ചവത്സരപദ്ധതിയുടെ ഭാഗമായി 2013-14 സാമ്പത്തികവർഷത്തെ സംസ്ഥാന പദ്ധതി അടങ്കൽ 16182 കോടി രൂപയുടേതായിരുന്നു.

(ബി) ഏറ്റവുമൊടുവിൽ മന്ത്രിസഭായോഗം അംഗീകരിച്ച സംസ്ഥാനത്തെ വാർഷിക പദ്ധതി അടങ്കൽ 17000 കോടി രൂപയുടേതാണ്.

(സി) ഇതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം 4000 കോടി രൂപയാണ്.

(ഡി) 2013-14 വർഷത്തെ സംസ്ഥാന പദ്ധതി അടങ്കലായ 17000 കോടി രൂപ മുൻവർഷത്തെ അപേക്ഷിച്ച് 21.34 ശതമാനം വർദ്ധനയോട് കൂടിയതാണ്. മേഖലതിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(ഇ) മുൻവർഷങ്ങളിൽ വാർഷിക പദ്ധതി ചെലവ് കുറഞ്ഞതിന്റെ ഭാഗമായി വകുപ്പുകളുടെ പദ്ധതി അടങ്കലിൽ കുറവ് വരുത്താറില്ല.

(എഫ്) മുൻ വർഷത്തെ അപേക്ഷിച്ച് 21.34 ശതമാനം വർദ്ധനവോടു കൂടിയ പദ്ധതി അടങ്കൽ വിലവർദ്ധനയുടെ തോതിനെക്കാൾ കൂടുതലാണ്. ആയതിനാൽ പദ്ധതി അടങ്കലിൽ വർദ്ധനയുണ്ടാകുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## പദ്ധതി വിനിയോഗം സംബന്ധിച്ച്

**228 (584)** ശ്രീ. പുരുഷൻ കടലുണ്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012-13 സാമ്പത്തിക വർഷം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കൂടുതൽ പദ്ധതി വിഹിതം വകയിരുത്തിയിട്ടുള്ള അൻപത് പദ്ധതികളുടെ പട്ടികയിൽപ്പെട്ട ഓരോ പദ്ധതിക്കും ഇതിനകം എന്തു തുക വിനിയോഗിക്കുകയുണ്ടായെന്ന് വെളിപ്പെടുത്താമോ ;

(ബി) വകയിരുത്തിയ തുകയും ഇതിനകം ചെലവഴിച്ച തുകയും വകയിരുത്തിയ തുകയുടെ എത്ര ശതമാനം ചെലവഴിക്കുകയുണ്ടായെന്നും വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 2012-13 സാമ്പത്തിക വർഷം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കൂടുതൽ പദ്ധതി വിഹിതം വകയിരുത്തിയിട്ടുള്ള സംസ്ഥാന പദ്ധതികളിൽ ആദ്യത്തെ അമ്പത് പദ്ധതികളുടെ വിനിയോഗം സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി നൽകുന്നു.*

(ബി) 2012-13 സാമ്പത്തിക വർഷത്തിൽ 14010 കോടി രൂപ മൊത്തം വകയിരുത്തിയതിൽ 28-2-2013 വരെയുള്ള താൽക്കാലിക കണക്ക് പ്രകാരം 7703.89 കോടി രൂപ (55%) ചെലവഴിച്ചിട്ടുണ്ട്.

## ലാഭക്കണക്ക് പെരുപ്പിച്ച് കാണിച്ച പൊതുമേഖലാ സ്ഥാപനങ്ങൾ

**229 (585)** ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. റ്റി. ബൽറാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭക്കണക്കുകൾ പെരുപ്പിച്ച് കാണിക്കുകയായിരുന്നു എന്നും ചില സ്ഥാപനങ്ങളുടെ മാനേജിംഗ് ഡയറക്ടർമാർ യോഗ്യതയില്ലാത്തവരുമാണെന്നും ധനകാര്യ പരിശോധനാ വിഭാഗം കണ്ടെത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ കണ്ടെത്തലിന്റെ വിശദാംശങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ;

(സി) എത്ര സ്ഥാപനങ്ങൾ ഇത്തരത്തിൽ കണക്കുകൾ പെരുപ്പിച്ച് കാണിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) ഈ ക്രമക്കേടുകൾ പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി-ഡി) ബാധകമല്ല.

**സാമ്പത്തിക ക്രമക്കേടുകൾക്കെതിരെ നടപടി**

**230 (586)** ശ്രീ. കെ. ദാസൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര സാമ്പത്തിക ക്രമക്കേട് കേസ്സുകൾ ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽ പെടുകയുണ്ടായി ; വ്യക്തമാക്കാമോ ; മാധ്യമങ്ങളിലൂടെയും മറ്റുമായി ഉയർന്നു വന്നിട്ടുള്ള സാമ്പത്തിക ക്രമക്കേടുകൾ സംബന്ധിച്ച വിവരങ്ങൾ ഏതെല്ലാം ;

(ബി) ഈ കേസ്സുകളിൽ ഏതിലെല്ലാം ധനകാര്യ വകുപ്പ് അന്വേഷണം നടത്തി എന്നും ക്രമക്കേടുകൾക്ക് ഉത്തരവാദികളായിട്ടുള്ളവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്നും വിശദമാക്കാമോ ;

(സി) സാമ്പത്തിക ക്രമക്കേടുകൾ നടത്തുന്നവർക്കെതിരെ സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ ; സ്ഥാനമാന പരിഗണനകൾ കൂടാതെ സാമ്പത്തിക കുറ്റവാളികൾക്കെതിരെ നടപടിയെടുക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് 34-ൽ അധികം സാമ്പത്തിക ക്രമക്കേട് കേസ്സുകൾ ധനകാര്യവകുപ്പ് കണ്ടെത്തുകയുണ്ടായി. സാമ്പത്തിക ക്രമക്കേടുകളെ സംബന്ധിച്ച് മാധ്യമങ്ങളിലും മറ്റുമായി ഉയർന്നുവന്നിട്ടുള്ള റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ മാത്രം അന്വേഷണം നടത്തിയിട്ടില്ല.

(ബി) താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ/കേസ്സുകളിൽ ധനകാര്യ വകുപ്പ് പരിശോധന നടത്തുകയും, അന്വേഷണം നടത്തുകയും ചെയ്തിട്ടുണ്ട്.

1. ആരോഗ്യ വകുപ്പ്
2. ദേശീയ സമ്പാദ്യ പദ്ധതിക്ക് കീഴിലുള്ള പത്തനംതിട്ട ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം.
3. താലൂക്ക് ഓഫീസ്, ചിറ്റൂർ
4. താലൂക്ക് ഓഫീസ്, കണ്ണൂർ
5. ചിറ്റൂർ ഷുഗർമിൽ & സിൽക്ക് തൃശൂർ
6. ഡി.റ്റി.പി.സി., വയനാട്
7. സ്പോർട്സ് കൗൺസിൽ

LIBRARY ARCHIVES Kerala Legislative Assembly

8. ഡയറ്റ് കൊട്ടാരക്കര

9. മേജർ ഇറിഗേഷൻ ഡിവിഷൻ, കൊല്ലം

10. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, തിരുവനന്തപുരം

11. കയർഫെഡ്, ആലപ്പുഴ

12. സെന്റർ ഫോർ കണ്ടിന്യൂയിങ് എഡ്യുക്കേഷൻ, തിരുവനന്തപുരം

13. ജില്ലാ പ്രോജക്ട് ഓഫീസ്, എൻ.ആർ.എച്ച്.എം., കൊല്ലം

14. കൃഷി വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ് ശാസ്താംകോട്ട

15. കൃഷിഭവൻ, ശാസ്താംകോട്ട

16. കെ.എഫ്.സി.

17. പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസ്, കണ്ണൂർ

18. പി.ഡബ്ല്യു.ഡി. റോഡ്സ് ഡിവിഷൻ, മൂവാറ്റുപുഴ

19. ജില്ലാ പ്ലാനിംഗ് ഓഫീസ്, തിരുവനന്തപുരം

20. വണ്ടാനം മെഡിക്കൽ കോളേജ്, ആലപ്പുഴ

21. കേരള കാർഷിക സർവ്വകലാശാല വൈസ് ചാൻസലറായിരിക്കെ 16 ലക്ഷത്തിലധികം രൂപ ശമ്പളയിനത്തിൽ വൈസ് ചാൻസലർ ശ്രീ. വിശ്വംഭരൻ കൈപ്പറ്റിയത് സംബന്ധിച്ച്

22. നെയ്യാറ്റിൻകര താലൂക്കിൽ പുതിച്ചൽ ഗവൺമെന്റ് എൽ.പി. സ്കൂൾ

23. സാംസ്കാരിക വകുപ്പ് കൊച്ചിൻ ബിനാലെ ഫൗണ്ടേഷൻ

24. കാഡ്കോ, തിരുവനന്തപുരം

25. ടി.ഡി. മെഡിക്കൽ കോളേജ്, ആലപ്പുഴ

26. കേരള സ്റ്റേറ്റ് ടെക്സ്റ്റൈയിൽ കോർപ്പറേഷൻ, തിരുവനന്തപുരം

27. ഫിഷറീസ് യൂണിവേഴ്സിറ്റി, എറണാകുളം

28. മത്സ്യഫെഡ്- ശക്തികുളങ്ങര ഡീസൽ ബങ്ക്

29. ഹാന്റ്ലൂം വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ

30. പി.ഡബ്ല്യു.ഡി. റെസ്റ്റ് ഹൗസ്, പാലക്കാട്

31. കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ

32. ഗസ്റ്റ് ഹൗസ്, കോവളം

33. ബിവറേജ് കോർപ്പറേഷൻ

34. കൺസ്യൂമർഫെഡ്

LIBRARY ARCHIVES Kerala Legislative Assembly

(സി) ധനകാര്യ പരിശോധനാ റിപ്പോർട്ടുകൾ അതാതു വകുപ്പുകൾ പരിശോധിച്ച് നടപടിയെടുത്തുവരുന്നു.

## മാവേലിക്കര മണ്ഡലത്തിൽ താലൂക്ക് ലോട്ടറി ഓഫീസ് ആരംഭിക്കുന്നതിന് നടപടി

**231 (587)** ശ്രീ. ആർ. രാജേഷ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എത്ര താലൂക്ക് ലോട്ടറി ഓഫീസുകളാണുള്ളത് ;

(ബി) മാവേലിക്കര മണ്ഡലത്തിൽ താലൂക്ക് ലോട്ടറി ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ലോട്ടറി വകുപ്പിൽ പുനലൂർ, കട്ടപ്പന, താമരശ്ശേരി എന്നിവിടങ്ങളിലായി മൂന്ന് താലൂക്ക് ഓഫീസുകളാണ് സർക്കാർ അനുവദിച്ചിട്ടുള്ളത്.

(ബി) നിലവിൽ പരിഗണനയിലില്ല.

## സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ

**232 (588)** ശ്രീ. ബാബു എം. പാലിശ്ശേരി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിൽ എത്ര സ്വകാര്യ പണമിടപാടു സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) അമിത പലിശ ഈടാക്കുന്ന സ്വകാര്യ പണമിടപാടു സ്ഥാപനങ്ങളെയും വ്യക്തികളെയും നിയന്ത്രിക്കാൻ എന്ത് നിയമമാണ് നിലവിലുള്ളത് ;

(സി) ഇത് നടപ്പിലാക്കേണ്ട ഉദ്യോഗസ്ഥൻ ആരാണ് ;

(ഡി) ഗ്രാമപ്രദേശങ്ങളിലെ വീടുകളിൽ ചെന്ന് അമിത പലിശയ്ക്ക് പണം കടംകൊടുക്കുന്നവരുടെ പ്രവർത്തനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇത് നിയന്ത്രിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിൽ മണിലെന്റിംഗ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത 1950 സ്ഥാപനങ്ങളാണുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേരള പ്രൊഹിബിഷൻ ഓഫ് ചാർജ്ജിംഗ് എക്സോർബിറ്റന്റ് ഇന്ററസ്റ്റ് ആക്ട്, കേരള മണിലെന്റേഴ്സ് ആക്ട് 1958 എന്നീ നിയമങ്ങൾ നിലവിലുണ്ട്.

(സി) വാണിജ്യ നികുതി വകുപ്പിന്റെ അധികാര പരിധിയിൽ വരുന്ന കേരള മണി ലെൻഡേഴ്സ് ആക്ട്, 1958 പ്രകാരം വാണിജ്യ നികുതി വകുപ്പിലെ ഇൻസ്പെക്ടിങ് അസിസ്റ്റന്റ് കമ്മീഷണർമാരാണ് ലൈസൻസിങ് അതോറിറ്റി. 2012-ലെ കേരള അമിത പലിശ ഈടാക്കൽ നിരോധന ആക്ടിലെ 3-ാം വകുപ്പിലെ വ്യവസ്ഥകൾ ലംഘിച്ച് അമിത പലിശ ഈടാക്കുന്ന മണി ലെന്റേഴ്സ് ഉൾപ്പെടെ ഏതൊരാളിനും കുറ്റസ്ഥാപനത്തിന്മേൽ മൂന്നുവർഷം വരെയാകാവുന്ന കാലയളവിലേക്കുള്ള തടവും അമ്പതിനായിരം രൂപ വരെയാകാവുന്ന പിഴയും ശിക്ഷ ലഭിക്കുന്നതാണ്. അമിതപലിശ ഈടാക്കൽ നിരോധന നിയമത്തിലെ കുറ്റങ്ങൾ ക്രിമിനൽ കുറ്റങ്ങളാണ്. ഇത് കോടതി മുഖാന്തിരം തീർപ്പ് കൽപ്പിക്കേണ്ടതാണ്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) കേരള സംസ്ഥാനത്ത് അമിത പലിശയ്ക്ക് പണം കടംകൊടുക്കുന്നത് നിരോധിക്കുന്നതിനും പണം കടം കൊടുക്കൽ ബിസിനസ്സിൽ അമിത പലിശ ഈടാക്കുന്നതും നിരോധിച്ചിട്ടുണ്ട്. കടുത്ത ശിക്ഷ വ്യവസ്ഥചെയ്യുന്ന കേരള പ്രൊഹിബിഷൻ ഓഫ് ചാർജ്ജിംഗ് എക്സോർബിറ്റന്റ് ഇന്ററസ്റ്റ് ആക്ട് 2012 എന്ന നിയമം നടപ്പാക്കിയിട്ടുണ്ട്.

**സർക്കാർ ജീവനക്കാർക്ക് എച്ച്.ബി.എ. ലഭിക്കാനുള്ള യോഗ്യത**

**233 (589)** ശ്രീ. സണ്ണി ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ സർക്കാർ ജീവനക്കാർക്ക് ഭവന നിർമ്മാണ വായ്പ ലഭിക്കാനുള്ള യോഗ്യത എന്താണ് ;

(ബി) ഇതു സംബന്ധിച്ച ഉത്തരവിൽപ്പറയുന്ന മിനിമം സേവനം 5 വർഷം എന്നതിന് നിലവിലുള്ള സർവ്വീസാണോ അതോ ടോട്ടൽ പെൻഷനബിൾ സർവ്വീസാണോ എന്ന് വ്യക്തമാക്കുമോ ;

(സി) ഇതിനായി പ്രത്യേക ഉത്തരവ് എന്തെങ്കിലും നിലവിൽ ഉണ്ടോ ; ഇല്ലെങ്കിൽ ടോട്ടൽ പെൻഷനബിൾ സർവ്വീസ് പരിഗണിച്ചുകൊണ്ട് പുതിയ ഉത്തരവ് പുറപ്പെടുവിക്കുവാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നിലവിൽ സർക്കാർ ജീവനക്കാർക്ക് ഭവന നിർമ്മാണ വായ്പ ലഭിക്കുന്നതിന് വേണ്ട യോഗ്യത സംബന്ധിച്ച വിവരങ്ങൾ 12-11-2009-ലെ G.O.(P)No.505/09/ധന ഉത്തരവിൽ ഖണ്ഡിക-2-ൽ താഴെപ്പറയും പ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട് :

LIBRARY ARCHIVES Kerala Legislative Assembly

1. തന്റേയോ, ഭാര്യയുടേയോ പേരിൽ വാസയോഗ്യമായ വീട് ഉണ്ടാവാൻ പാടില്ല.

2. വായ്പയ്ക്ക് അപേക്ഷിക്കുന്ന സമയത്ത് അഞ്ച് വർഷം സർവ്വീസ് പൂർത്തിയായിരിക്കണം.

3. 50 മാസത്തെ സർവ്വീസ് അപേക്ഷിക്കുന്ന സമയത്ത് ബാക്കി ഉണ്ടായിരിക്കണം.

4. സൂപ്പർ ആന്വേഷൻ അടുത്തവർക്ക് മുൻഗണന നൽകാനും വ്യവസ്ഥയുണ്ട്.

(ബി) സർക്കാർ ജീവനക്കാർക്ക് ഭവന വായ്പയ്ക്ക് അപേക്ഷിക്കുന്ന സമയത്ത് 5 വർഷം സർവ്വീസ് പൂർത്തിയായിരിക്കണമെന്ന നിബന്ധനയുണ്ട്.

(സി) 1. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 244എ(2) മുൻനിർത്തിയാണ് ഇപ്പോൾ HBA അനുവദിച്ചുവരുന്നത്.

2. ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**നിർമ്മിതി കേന്ദ്രയിലെ ശമ്പള പരിഷ്കരണത്തിലെ അപാകത പരിഹരിക്കുന്നതിനുള്ള നടപടികൾ**

234 (590) ശ്രീ. വി. പി. സജീന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർമ്മിതി കേന്ദ്രയിൽ 2009-ൽ നടത്തിയ ശമ്പളപരിഷ്കരണത്തിലെ അപാകതകൾ പരിഹരിക്കാനായി രൂപീകരിച്ചിരുന്ന കമ്മിറ്റിയുടെ നടപടികൾ ഏതുവരെയായി ;

(ബി) കമ്മിറ്റി തീരുമാനങ്ങളെടുത്തുവോ ;

(സി) ഇത് സംബന്ധിച്ച നടപടി എന്തൊക്കെയാണ് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) നിർമ്മിതികേന്ദ്രത്തിലെ ശമ്പള പരിഷ്കരണത്തെ തുടർന്ന് തയ്യാറാക്കിയ provisional seniority list-നെപ്പറ്റിയുള്ള objections പരിശോധിക്കുവാനാണ് കമ്മിറ്റി രൂപീകരിച്ചത്. കമ്മിറ്റി അവർക്ക് കിട്ടിയ പരാതികൾ പരിശോധിച്ച് ഡയറക്ടർക്ക് നിർദ്ദേശം സമർപ്പിക്കുകയുണ്ടായി. ആയത് വീണ്ടും പരിശോധിച്ച് objections തന്നിട്ടുള്ളവർക്ക് ഡയറക്ടർ മറുപടി നൽകുകയുണ്ടായി.

(ബി) കമ്മിറ്റി നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്.

(സി) Objections പരിശോധിച്ച് ഡയറക്ടർ മറുപടി നൽകി. അന്തിമ സീനിയോറിറ്റി ലിസ്റ്റും പ്രസിദ്ധീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

## വിദ്യാഭ്യാസ വായ്പയെടുത്ത് തിരിച്ചടയ്ക്കാനാവാത്ത കുടുംബങ്ങൾ

**235 (591)** ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വായ്പയെടുത്ത് തിരിച്ചടയ്ക്കാനാവാത്ത കുടുംബങ്ങൾക്ക് ആശ്വാസം നൽകുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) എ.പി.എൽ. വിഭാഗത്തിൽപ്പെട്ടതും എന്നാൽ സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്നതുമായ വിദ്യാർത്ഥികൾക്ക് അവരുടെ വിദ്യാഭ്യാസ വായ്പ തിരിച്ചടയ്ക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(സി) ബി.പി.എൽ. വിഭാഗത്തിലുള്ളവരുടെ വിദ്യാഭ്യാസ വായ്പയുടെ പലിശയിൽ ഇളവ് നൽകിയതുപോലെ ഇവർക്കും വിദ്യാഭ്യാസ വായ്പ പലിശയിൽ ഇളവ് നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ബി.പി.എൽ. കുടുംബങ്ങളിൽ നിന്നും 1-4-2004 മുതൽ 31-3-2009 വരെ വിദ്യാഭ്യാസ വായ്പയെടുത്ത് തൊഴിൽ ലഭിക്കാത്തവർക്ക് സംസ്ഥാന സർക്കാർ പലിശ സബ്സിഡി പ്രഖ്യാപിച്ചിട്ടുണ്ട്. ഇത് നൽകുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. 4.5 ലക്ഷം രൂപ വരെ വാർഷിക കുടുംബവരുമാനമുള്ള വിദ്യാർത്ഥികൾക്ക് പ്ലസ് ടു കഴിഞ്ഞുള്ള പ്രൊഫഷണൽ/സാങ്കേതിക വിദ്യാഭ്യാസത്തിന്, 1-4-2009-നുശേഷം വിതരണം ചെയ്ത തുകയ്ക്ക് തിരിച്ചടവ് ആരംഭിക്കുന്നത് വരെയുള്ള പലിശ, വ്യവസ്ഥകൾക്ക് വിധേയമായി കേന്ദ്രസർക്കാർ സബ്സിഡിയായി നൽകിവരുന്നുണ്ട്.

(ബി) ഇതുസംബന്ധിച്ച് ചില ഒറ്റപ്പെട്ട പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് സംസ്ഥാനതല ബാങ്കിംഗ് സമിതിയുമായി ബന്ധപ്പെട്ട് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) 3 ലക്ഷം രൂപ വരെ വാർഷികാദായ പരിധിയ്ക്കകത്ത് വരുന്ന എ.പി.എൽ. വിഭാഗത്തിനുംകൂടി വിദ്യാഭ്യാസ വായ്പയുടെ പലിശയിളവ് വ്യാപിപ്പിച്ചുനൽകുമെന്ന തീരുമാനം 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## കണ്ടിജന്റ് വിഭാഗത്തിൽ നിന്നും വിരമിച്ചവരുടെ പെൻഷൻ

**236 (592)** ശ്രീ. സാജു പോൾ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരസഭകളിലെ കണ്ടിജന്റ് വിഭാഗത്തിൽ നിന്നും വിരമിച്ചവരുടെ പെൻഷൻ പരിഷ്കരണം ഉദ്ദേശിക്കുന്നുണ്ടോ ;



LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നിർദ്ദേശം ധനകാര്യ വകുപ്പിന്റെ പരിഗണനയിലുണ്ടോ ; എങ്കിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) സംസ്ഥാന നഗരസഭകളിലെ കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ പരിഷ്ക്കരിക്കുന്നതു സംബന്ധിച്ച് 50384/EV3/11/LSGD, 91296/WW1/12/Fin ഫയലിൽ തദ്ദേശഭരണ വകുപ്പ് സമർപ്പിച്ച ശുപാർശയിന്മേൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം രേഖപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതിലേക്കായി 15-2-2013-ന് ഫയൽ തദ്ദേശസ്വയംഭരണ വകുപ്പിന് മടക്കി നൽകിയിട്ടുണ്ട്. ആയത് ഇപ്പോൾ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പരിഗണനയിലാണ്.

**പങ്കാളിത്ത പെൻഷൻ പദ്ധതി**

**237 (593)** ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013 ഏപ്രിൽ 1 മുതൽ സർക്കാർ ജോലിയിൽ പ്രവേശിക്കുന്നവർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി ഏർപ്പെടുത്തുന്നുണ്ടോ ;

(ബി) എങ്കിൽ ഇവരുടെ പെൻഷൻ ഫണ്ടിലേക്ക് ഈടാക്കുന്ന തുക എവിടെ നിക്ഷേപിക്കാനാണ് തീരുമാനിച്ചിട്ടുള്ളത് ;

(സി) ഫണ്ട് സർക്കാർ ട്രഷറികളിൽ നിക്ഷേപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഏതെല്ലാം ഏജൻസികൾ/ബാങ്കുകൾ എന്നിവയിലാണ് നിക്ഷേപിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 2013 ഏപ്രിൽ 1 മുതൽ സർക്കാർ ജോലിയിൽ പ്രവേശിക്കുന്നവർക്ക് 7-1-2013 ലെ സ.ഉ.(പി) നമ്പർ 20/13/ധന പ്രകാരം ദേശീയ പെൻഷൻ പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ദേശീയ പെൻഷൻ പദ്ധതിയിലെ പെൻഷൻ ഫണ്ടിലേക്ക് ഈടാക്കുന്ന തുക, കേന്ദ്ര ധനകാര്യമന്ത്രാലയത്തിന്റെ 14-8-2008-ലെ F No.5(88)/2006-PR നമ്പർ വിജ്ഞാപനം പ്രകാരമുള്ള ഫണ്ടുകളിലാണ് നിക്ഷേപിക്കുന്നത്. (വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധമായി നൽകുന്നു.)*

(സി) ഇതിന്റെ ഭാഗമായി ദേശീയ പെൻഷൻ പദ്ധതിയിലെ സർക്കാർ സെക്യൂരിറ്റി വിഭാഗത്തിൽ സംസ്ഥാന ട്രഷറി നിക്ഷേപങ്ങൾകൂടി ഉൾപ്പെടുത്തുവാൻ പി.എഫ്.ആർ.ഡി.എ.-യോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ഡി) ബാധകമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ ശമ്പള പരിഷ്കരണ അനോമലി

**238 (594)** ശ്രീ. കെ. രാജു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ (സീനിയർ)-മാരുടെ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് എന്തൊക്കെ അനോമലികളാണ് പരിഹരിക്കപ്പെട്ടതെന്ന് വിശദമാക്കുമോ ;

(ബി) ആയതിന്റെ സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ (സീനിയർ) മാരുടെ ശമ്പള പരിഷ്കരണ അനോമലിയുമായി ബന്ധപ്പെട്ട വിഷയം പരിശോധിച്ചുവരുന്നു. അന്തിമ തീരുമാനം ആയിട്ടില്ല.

## പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**239 (595)** ശ്രീമതി കെ. കെ. ലതിക : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്ന പേരിൽ തുടങ്ങിയിട്ടുള്ള സ്ഥാപനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതികളും എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ ഡയറക്ടർ തസ്തികയിൽ നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥൻ വകുപ്പുതലത്തിലുള്ള എന്തെങ്കിലും അന്വേഷണമോ നടപടികളോ നേരിട്ടിട്ടുള്ള ആളാണോ എന്ന് വ്യക്തമാക്കുമോ ;

(സി) എങ്കിൽ അദ്ദേഹത്തിന്റെ പേരിൽ ആരോപിക്കപ്പെട്ടിരുന്ന കുറ്റങ്ങൾ എന്തൊക്കെയായിരുന്നുവെന്നും ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആധുനിക ജനാധിപത്യ ഭരണസംവിധാനങ്ങളെല്ലാം വിവിധ മേഖലകളിൽ കുറ്റമറ്റരീതിയിലുള്ള നയരൂപീകരണം നടത്തുന്നതിനും പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും ശാസ്ത്രീയ ഗവേഷണ സ്ഥാപനങ്ങളുടെ സഹായം പ്രയോജനപ്പെടുത്താറുണ്ട്. സംസ്ഥാനത്തിന്റെ പൊതുവായ പ്രശ്നങ്ങൾക്ക് ആവശ്യമായ സമഗ്രമായ നയരൂപീകരണത്തിനും ആഗോളചലനങ്ങൾക്കും മാറുന്ന പ്രവണതകൾക്കും അനുസരണമായി പ്രവർത്തനങ്ങളെല്ലാംതന്നെ പുനഃസംഘടിപ്പിക്കുകയും വീണ്ടും ക്രമപ്പെടുത്തുകയും ചെയ്ത് കേരളത്തെ അഭിവൃദ്ധിയിലേക്ക് നയിക്കാൻവേണ്ടിയാണ് സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് മാതൃകയിൽ പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചുകൊണ്ട് 13-2-2013-ലെ സർക്കാർ ഉത്തരവ് (പി) 78/2013/ധന പ്രകാരം ഉത്തരവായത്.

LIBRARY ARCHIVES Kerala Legislative Assembly

കേരള സമൂഹവും സമ്പദ് വ്യവസ്ഥയും നേരിടുന്ന പ്രശ്നങ്ങളെ പരിഹരിക്കാനായി ഈ ഇൻസ്റ്റിറ്റ്യൂട്ട് വിവിധ മേഖലകളിലെ ഗവേഷണവും ഡോക്യുമെന്റേഷനും ഏറ്റെടുത്തുകൊണ്ട് അറിവിന്റെ ഉൽപ്പാദനത്തിന്റെയും വ്യാപനത്തിന്റെയും കേന്ദ്രമായി പ്രവർത്തിക്കേണ്ടതാണ്. മികച്ച വിദ്യാഭ്യാസ വിദഗ്ദ്ധരുടെയും ഭരണതന്ത്രജ്ഞരുടെയും നിയമവിദഗ്ദ്ധരുടെയും സേവനം ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനത്തിനായി വിനിയോഗിക്കേണ്ടതുണ്ട്.

(ബി) പ്രസ്തുത സ്ഥാപനത്തിന് ഡയറക്ടർ തസ്തിക സൃഷ്ടിക്കുകയോ അതിൽ ആരെയും നിയമിക്കുകയോ ചെയ്തിട്ടില്ല.

(സി) ബാധകമല്ല.

## ഫാമിലി ബനിഫിറ്റ് പദ്ധതി പ്രകാരമുള്ള ആനുകൂല്യം

**240 (596)** <u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിൽ നിന്നും ചീഫ് സെക്യൂരിറ്റി ഓഫീസറായി 2006-ൽ സർവ്വീസിൽ നിന്നും പെൻഷൻ പറ്റി പിരിഞ്ഞ എം. എ. ബഷീർ, ഫാമിലി ബെനിഫിറ്റ് സ്കീം പ്രകാരമുള്ള തന്റെ കോൺട്രിബ്യൂഷൻ തുക തിരിച്ചുകിട്ടാൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ടായിരുന്നോ ; എങ്കിൽ അദ്ദേഹത്തിന്റെ അപേക്ഷ എന്ന് ലഭിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) ബഷീറിന്റെ ഫാമിലി ബെനിഫിറ്റ് സ്കീം പ്രകാരമുള്ള കണക്കുകൾ സൂക്ഷിക്കാൻ നിയമപ്രകാരം ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ആരൊക്കെയെന്ന് വെളിപ്പെടുത്തുമോ ;

(സി) 2006-ൽ സർവ്വീസിൽ നിന്നു പിരിയുകയും പില്ക്കാലത്ത് മരണപ്പെടുകയും ചെയ്ത് ഏഴു വർഷത്തിനുശേഷവും ആനുകൂല്യം നൽകാനാവാത്തതിന്റെ ഉത്തരവാദികൾ ആരൊക്കെയെന്ന് കണ്ടെത്തി അവർക്കെതിരെ ശിക്ഷാനടപടി സ്വീകരിക്കുകയും പരേതന്റെ കുടുംബത്തിനു ലഭിക്കേണ്ട ആനുകൂല്യം ഇതേവരെയുള്ള പലിശ സഹിതം അടിയന്തരമായി നല്കുകയും ചെയ്യാൻ നിർദ്ദേശം നല്കുമോ ?

<u>ഉത്തരം</u>

(എ) 2006-ൽ സർവ്വീസിൽ നിന്നും പെൻഷൻ പറ്റി പിരിഞ്ഞ എം. എ. ബഷീർ ഫാമിലി ബനിഫിറ്റ് സ്കീം പ്രകാരമുള്ള തന്റെ കോൺട്രിബ്യൂഷൻ തുക തിരിച്ചുകിട്ടാൻ അപേക്ഷ ധനകാര്യവകുപ്പിൽ സമർപ്പിച്ചിട്ടില്ല. എന്നാൽ ശ്രീ. ബഷീറിന്റെ ഭാര്യ ശ്രീമതി റസിയബീഗത്തിന്റെ അപേക്ഷ 25-7-2011-ൽ ധനകാര്യവകുപ്പിൽ ലഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ചീഫ് സെക്യൂരിറ്റി ഓഫീസറായ ശ്രീ. ബഷീർ ഒരു ഗസറ്റഡ് ഓഫീസറായിരുന്നു. FBS-ന്റെ ചട്ടം (G.O.(P) No.405/77/Fin. dt.19-10-1977) ഖണ്ഡിക 7 പ്രകാരം ഗസറ്റഡ് തസ്തികയിലുള്ള ജീവനക്കാർ FBS തുക അടയ്ക്കുന്നതിന്റെ കണക്കുകൾ സൂക്ഷിക്കാൻ ബാധ്യസ്ഥനാണ്. ഇത് സംബന്ധിച്ച് ഒടുക്കിയ തുകയുടെ കണക്ക് ട്രഷറി കണക്കുമായി ഒത്തുനോക്കി. വകുപ്പ് മേധാവിയെ അറിയിക്കാൻ ബാധ്യസ്ഥനാണ്. അതിൻപ്രകാരം ഗസറ്റഡ് ജീവനക്കാരനും വകുപ്പ് മേധാവിയും കണക്കുകൾ സൂക്ഷിക്കാൻ ബാധ്യസ്ഥരാണ്.

(സി) നിർദ്ദേശം നൽകുന്നതാണ്. സർവ്വീസിൽ നിന്നും വിരമിക്കുന്ന സർക്കാർ ജീവനക്കാരുടെ FBS തുക (അടച്ചതുകയും സർക്കാർ വിഹിതവും) അനുവദിക്കുന്നത് അതാത് വകുപ്പുമേധാവികളാണ്. എന്നാൽ ഈ പദ്ധതിയിൽ ഒടുക്കിയ തുകയുടെ വിശദാംശങ്ങളും Option, Nomination, Annexure അനന്തരാവകാശിയുടെ രേഖകൾ ഇല്ലാതെവരുന്ന അവസരത്തിൽ സർക്കാർ അനുമതി ആവശ്യമാണ്. അന്തരിച്ച ശ്രീ. ബഷീറിന്റെ ഭാര്യയിൽ നിന്നും ധനവകുപ്പിൽ അപേക്ഷ ലഭിച്ചിരിക്കുന്നത് 25-7-2011-ൽ മാത്രമാണ്. അപേക്ഷയോടൊപ്പം തുക അനുവദിക്കാനാവശ്യമായ രേഖകൾ സഹിതം പുനഃസമർപ്പിക്കുവാൻ പോലീസ് മേധാവിക്ക് 6-8-2011-ൽ നിർദ്ദേശം നൽകിയിരുന്നു. മേൽപ്പറഞ്ഞ രേഖകൾ 30-11-2012-ൽ മാത്രമാണ് ധനകാര്യവകുപ്പിന് ലഭിക്കുകയുണ്ടായത്. രേഖകൾ പരിശോധിച്ച് അർഹമായ 6,466 രൂപ (ആറായിരത്തി നാനൂറ്റി അറുപത്തിയാറ് രൂപ) നൽകുന്നതിനുവേണ്ടി സർക്കാർ ഉത്തരവ് G.O.(Rt) No.1166/2013/Fin. dt. 13-02-2013 പ്രകാരം തുക മാറി വിതരണം ചെയ്യുന്നതിനുവേണ്ടി പോലീസ് ആസ്ഥാനത്തെ അക്കൗണ്ട്സ് ഓഫീസർക്ക് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിന്റെ പകർപ്പ് അപേക്ഷകയ്ക്ക് നൽകിയിട്ടുണ്ട്. അന്തരിച്ച ശ്രീ. ബഷീറിന്റെ തുക അനുവദിച്ചുനൽകുന്നതിന് കാലതാമസം വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുക്കുവാനും കാലതാമസം വരുത്തിയതിന് പലിശ അനുവദിക്കുന്ന കാര്യങ്ങൾ പരിശോധിച്ച് നടപടിയെടുക്കാൻ പോലീസ് മേധാവിക്ക് നിർദ്ദേശം നൽകുന്നതുമാണ്.

**2012-13 സാമ്പത്തിക വർഷം സംസ്ഥാനം പ്രതീക്ഷിച്ച വരുമാനം**

**241 (597)** ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012-13 സാമ്പത്തിക വർഷം സംസ്ഥാനം പ്രതീക്ഷിച്ച വരുമാനം ഏതെല്ലാം സ്രോതസ്സുകളിലൂടെ എത്ര കോടി രൂപ വീതമായിരുന്നു ; കേന്ദ്ര ഗവൺമെന്റ് വഴിയുള്ളവ ഓരോ ഇനവും എത്ര വീതം ; സംസ്ഥാനത്ത് നിന്നുള്ളവ ഓരോ ഇനവും എത്ര ;

(ബി) പ്രതീക്ഷിച്ച വരുമാനത്തിൽ കേന്ദ്ര ഗവൺമെന്റ് വഴിയും സംസ്ഥാന ഗവൺമെന്റ് വഴിയും തന്നാണ്ടിൽ ലഭിച്ച തുക ഓരോ ഇനത്തിലും എത്ര വീതം ; വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) 2012-13 സാമ്പത്തികവർഷം സംസ്ഥാനം വിവിധ സ്രോതസ്സുകളിൽ നിന്ന് പ്രതീക്ഷിച്ച വരുമാനം, അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം ജനുവരി 31 വരെ ഈ സ്രോതസ്സുകളിൽ നിന്ന് ലഭിച്ച യഥാർത്ഥ വരുമാനം എന്നിവയുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**2012-13 സാമ്പത്തിക വർഷത്തെ നികുതിയേതര വരുമാനം**

**242 (598)** ശ്രീ. എം. ഉമ്മർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിന്റെ 2012-13 സാമ്പത്തിക വർഷത്തെ നികുതിയിതര വരുമാനം എത്രയാണ് ; വിശദാംശം നൽകുമോ ;

(ബി) 2012-13 സാമ്പത്തിക വർഷത്തിൽ പ്രതീക്ഷിച്ച നികുതിയിതര വരുമാനം പൂർണ്ണമായും പിരിച്ചെടുക്കാൻ സാധിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കുമോ ;

(ഡി) നടപ്പു സാമ്പത്തിക വർഷം നികുതിയിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷത്തിൽ 2013 ജനുവരി 31 വരെ സംസ്ഥാന സർക്കാരിനു ലഭിച്ച ആകെ നികുതിയേതര വരുമാനം 2638.24 കോടി രൂപയാണ്.

(ബി&സി) 31-1-2013 വരെയുള്ള 10 മാസംകൊണ്ട് പ്രതീക്ഷിച്ച വരുമാനത്തിന്റെ 75 ശതമാനം പിരിച്ചെടുത്തു. 31-3-2013 കൊണ്ട് പ്രതീക്ഷിച്ച വരുമാനം പൂർണ്ണമായും പിരിച്ചെടുക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) വിവിധ വകുപ്പുതലവന്മാരിൽ നിന്നും നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച് ലഭിച്ച നിർദ്ദേശം ഗവൺമെന്റ് പരിശോധിച്ച് വരികയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളിൽ നിന്നുള്ള സേവനങ്ങൾക്കുള്ള ഫീസുകൾ, ചാർജ്ജുകൾ മുതലായവ കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതിനോടകം പതിമൂന്നോളം വകുപ്പുകളിൽ നിന്നും നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ഉത്തരവുകൾ പുറപ്പെടുവിച്ചുകഴിഞ്ഞു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## നികുതി പിരിവ്

**243 (599)** ശ്രീമതി കെ. എസ്. സലീഖ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012-13 സാമ്പത്തികവർഷത്തിൽ ഫെബ്രുവരി 28 വരെ നികുതിയിനത്തിൽ പിരിച്ചെടുത്ത തുക തരം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സാമ്പത്തികവർഷം എത്ര കോടി രൂപയാണ് പിരിച്ചെടുക്കുവാൻ ഉദ്ദേശിച്ചിരുന്നത് ; വിശദമാക്കുമോ ;

(സി) നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച വന്നതായി കരുതുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ഡി) തമിഴ്നാട്ടിൽ നിന്നും നികുതി വെട്ടിച്ച് മണൽ, കോഴി എന്നിവ കേരളത്തിലേക്ക് കൊണ്ടുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുവാൻ ചെക്പോസ്റ്റുകളിൽ എന്തൊക്കെ ക്രമീകരണങ്ങൾ നടത്തുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2013 ഫെബ്രുവരി 28 വരെ ലഭിച്ച തുക (കോടിയിൽ)

| | | |
|---|---|---|
| വാറ്റ് | - | 11478.27 |
| വാറ്റിതരം | - | 8832.85 |
| ആകെ | - | 20311.12 |

(ബി) 2012-13 സാമ്പത്തിക വർഷത്തിൽ 23466.50 കോടി രൂപയാണ് പിരിച്ചെടുക്കാൻ ഉദ്ദേശിക്കുന്നത്.

(സി) നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച വന്നതായി കരുതുന്നില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രധാന ചെക്ക് പോസ്റ്റുകളിൽ കൂടുതൽ സ്റ്റാഫിനെ നിയമിച്ച് പരിശോധന ശക്തമാക്കിയിട്ടുണ്ട്. ഇന്റലിജൻസ് സ്ക്വാഡുകളുടെ പരിശോധന ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സ്ക്വാഡുകൾ ടെയ്ക്ക് ഓവർ ചെക്കിങ്ങ് നടത്തുന്നുണ്ട്.

## ട്രെയിൻ വഴിയുള്ള ചരക്ക് നീക്കം

**244 (600)** ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ട്രെയിൻവഴിയുള്ള ചരക്ക് നീക്കംമൂലം കാസർഗോഡ് ജില്ലയിൽ എത്ര രൂപയുടെ നികുതി നഷ്ടമുണ്ടായിട്ടുണ്ടെന്നും ഇതു തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

## ഉത്തരം

ട്രെയിൻ വഴിയുള്ള ചരക്ക് നീക്കംമൂലം കാസർഗോഡ് ജില്ലയിൽ എത്ര രൂപയുടെ നികുതി നഷ്ടമുണ്ടായിയെന്ന് കൃത്യമായി കണക്കുകൂട്ടാൻ സാധ്യമല്ല. എന്നാൽ കാസർഗോഡ് ജില്ലയിൽ ഇന്റലിജൻസ് സ്ക്വാഡിനെ ഉപയോഗിച്ച് ട്രെയിൻവഴിയുള്ള ചരക്ക് നീക്കം ഫലപ്രദമായി പരിശോധിച്ചതിൽ 54 കേസ്സുകളിലായി 2.10 ലക്ഷം രൂപ പിഴയിനത്തിൽ ഈ സാമ്പത്തികവർഷം ഇതുവരെയായി ഈടാക്കിയിട്ടുണ്ട്.

ട്രെയിൻവഴിയുള്ള ചരക്ക്നീക്കം തടയുന്നതിനായി ഇന്റലിജൻസ് സ്ക്വാഡ് റെയിൽവെ സ്റ്റേഷൻ പരിസരത്ത് നിരന്തരം പരിശോധനകൾ നടത്താറുണ്ട്. ചില ദിവസങ്ങളിൽ റെയിൽവെ ഡ്യൂട്ടിയായി മാത്രം പ്രത്യേകം സ്ക്വാഡിനെ പോസ്റ്റ് ചെയ്യാറുമുണ്ട്. കൂടാതെ ഓണം, റംസാൻ തുടങ്ങിയ ഉത്സവസമയങ്ങളിൽ ജില്ലയിൽ പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് പരിശോധന നടത്താറുണ്ട്.

## ചരക്ക്-സേവന നികുതി (ജി.എസ്.ടി.) നിയമം

245 (601) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. എ. പ്രദീപ് കുമാർ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീമതി കെ. എസ്. സലീഖ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചരക്ക്-സേവന നികുതി (ജി.എസ്.ടി.) നിയമം നടപ്പിലാക്കുന്നത് സംബന്ധിച്ച് കേന്ദ്രസർക്കാർ എന്തെല്ലാം നിർദ്ദേശങ്ങളാണ് മുന്നോട്ടു വച്ചിട്ടുള്ളതെന്നും ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം എന്താണെന്നും വ്യക്തമാക്കുമോ ;

(ബി) ഈ നികുതി നിർദ്ദേശങ്ങളോടുള്ള മുൻസർക്കാരിന്റെ സമീപനം എന്തായിരുന്നു എന്നും ഇപ്പോൾ നയത്തിൽ മാറ്റം വരുത്തിയിട്ടുണ്ടോ എന്നും എങ്കിൽ അതിന്റെ കാരണമെന്തെന്നും വ്യക്തമാക്കുമോ ;

(സി) നിയമം നടപ്പാക്കുന്നതുമൂലം സംസ്ഥാനത്തിനുണ്ടാകുന്ന വരുമാന നഷ്ടം നികത്താൻ എന്തെങ്കിലും പ്രത്യേക പാക്കേജ് നിർദ്ദേശിച്ചിട്ടുണ്ടോ ;

(ഡി) ജിഎസ്ടിയിൽ ഒരു പങ്ക് നിശ്ചയിക്കാനുള്ള സംസ്ഥാന സർക്കാരുകളുടെ അവകാശം ഉറപ്പുവരുത്താൻ കേന്ദ്രസർക്കാർ തയ്യാറായിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(ഇ) മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിമാർ കേന്ദ്ര ധനകാര്യ മന്ത്രിയുമായി ഇക്കാര്യം ചർച്ച ചെയ്തിരുന്നോ ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ചരക്ക് സേവന നികുതി നിയമം നടപ്പിലാക്കുന്നതിനുള്ള ഭരണഘടന ഭേദഗതി ബിൽ പാർലമെന്ററി സ്റ്റാൻഡിംഗ് കമ്മിറ്റി മുമ്പാകെ പരിഗണനയിലാണ്. ജി.എസ്.ടി.-യുടെ ഘടനയെക്കുറിച്ചും നിരക്കുകളെക്കുറിച്ചും ഐ.ജി.എസ്.ടി. സംവിധാനത്തിൽ അന്തർ സംസ്ഥാന ക്രെഡിറ്റ് എങ്ങനെയാണ് കൈകാര്യം ചെയ്യേണ്ടുന്നതെന്നും, ജി.എസ്.ടി. നടപ്പിലാക്കുമ്പോൾ സംസ്ഥാനങ്ങൾക്കുള്ള നഷ്ടപരിഹാര പാക്കേജിന്റെ സമവാക്യം തുടങ്ങിയ കാര്യങ്ങളെപ്പറ്റിയുള്ള ഉദ്യോഗസ്ഥതല ചർച്ചകൾ എംപവേർഡ് കമ്മിറ്റിയിൽ നടന്നുവരുന്നതേയുള്ളൂ. ഇതുപൂർത്തിയായി ഒരു വ്യക്തമായ ധാരണ ഉരുത്തിരിഞ്ഞ ശേഷം മാത്രമേ കേന്ദ്രം ഇതിനെപ്പറ്റി സംസ്ഥാനങ്ങളുടെ അഭിപ്രായം ആരായുകയുള്ളൂ.

(ബി) ജി.എസ്.ടി. പ്രാപ്യസ്ഥാനത്ത് നികുതി ലഭ്യമാകുന്ന സംവിധാനമായതിനാൽ ഉപഭോക്തൃസംസ്ഥാനമായ കേരളത്തിന് ഗുണകരമായിരിക്കുമെന്ന മുൻ സർക്കാരിന്റെ അഭിപ്രായം തന്നെയാണ് ഇപ്പോഴത്തെ സർക്കാരിന്റെയും അഭിപ്രായം.

(സി) സംസ്ഥാനങ്ങൾക്കുള്ള വരുമാന നഷ്ടം നികത്തുവാൻ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. പ്രത്യേക പാക്കേജ് ഇതുവരെ രൂപീകൃതമായിട്ടില്ല. ഉദ്യോഗസ്ഥതല ചർച്ചകൾ എംപവേർഡ് കമ്മിറ്റി മുമ്പാകെ നടന്നുവരുന്നതേയുള്ളൂ.

(ഡി) സംസ്ഥാനങ്ങൾക്കുകൂടി പങ്കുള്ള ഒരു ജി.എസ്.ടി. ഘടനയാണ് ഇപ്പോഴത്തെ ചർച്ചയിൽ ഉള്ളത്.

(ഇ) ചർച്ച ചെയ്തിരുന്നു. സംസ്ഥാനത്തിന്റെ വരുമാനസ്രോതസ്സുകളായ പെട്രോളിയം ഉൽപ്പന്നങ്ങൾ, മദ്യം എന്നിവയെ ജി.എസ്.ടി.യുടെ പരിധിയിൽ നിന്നും ഒഴിവാക്കുക, ചെറുകിട കച്ചവടക്കാരെ ഇരട്ട നികുതി സംവിധാനത്തിൽ നിന്നും ഒഴിവാക്കുക, പ്രാദേശിക പ്രാമുഖ്യമുള്ള ചരക്കുകൾക്ക് നികുതി നിരക്ക് നിശ്ചയിക്കുവാൻ സംസ്ഥാനങ്ങൾക്ക് അനുമതി നൽകുക, സ്റ്റേറ്റ് ലിസ്റ്റിൽപ്പെട്ട ബെറ്റിംഗ്&ഗാംബ്ലിംഗ് ജി.എസ്.ടി.യുടെ പരിധിയിൽ നിന്നും ഒഴിവാക്കുക എന്നിവയാണ് ചർച്ചയിൽ സംസ്ഥാനം മുന്നോട്ടുവച്ച വിഷയങ്ങൾ

**കോമൺ ഗേറ്റ്വേ സംവിധാനം**

**246 (602)** ശ്രീ. കെ. അച്ചുതൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. വി. ഡി. സതീശൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നികുതി അടയ്ക്കുവാൻ കോമൺ ഗേറ്റ്വേ സംവിധാനം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും എന്തൊക്കെയാണ് ; വിശദമാക്കുമോ ;

(സി) വ്യാപാരികൾ അടയ്ക്കേണ്ട നികുതി ഏത് ബാങ്കിൽ നിന്നും അടയ്ക്കാൻ കഴിയുന്ന തരത്തിലുള്ള എന്തെല്ലാം സൗകര്യങ്ങളാണ് ഈ സംവിധാനത്തിൽ ഏർപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഈ സംവിധാനം ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് നടപ്പാക്കുന്നത് ; വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സർക്കാരിലേക്കുള്ള എല്ലാ റവന്യൂ വരുമാനങ്ങളും ഇ-പേയ്മെന്റ് മുഖേന ഒടുക്കുവാൻ കഴിയുന്ന തരത്തിലുള്ള സംവിധാനമാണ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്.

(ബി) സർക്കാരിലേക്കുള്ള റവന്യൂ വരുമാനം ലോകത്തെവിടെനിന്നും ഏതുസമയത്തും ഇലക്ട്രോണിക് ഫണ്ട് ട്രാൻസ്ഫർ മുഖേന സംസ്ഥാന ഖജനാവിലേക്ക് അടയ്ക്കുവാൻ കഴിയും.

(സി) ഈ സംവിധാനം നടപ്പിലാക്കുന്നതോടുകൂടി സർക്കാർ നിശ്ചയിക്കുന്ന മുറയ്ക്ക് ഏത് ബാങ്ക് അക്കൗണ്ടിൽ നിന്നും പ്രസ്തുത സംവിധാനത്തിൽകൂടി നികുതി ഒടുക്കാവുന്നതാണ്.

(ഡി) ട്രഷറി വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന ഈ പദ്ധതിയുടെ സോഫ്റ്റ്‌വെയർ നിർമ്മാണം നാഷണൽ ഇൻഫോർമാറ്റിക്സ് സെന്ററും ബാങ്ക് അക്കൗണ്ടുകളുടെ ഏകോപനം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ എന്നിവ മുഖേനയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

**ചരക്ക്-സേവന നികുതി**

**247 (603)** ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. എം. പി. വിൻസെന്റ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചരക്ക്-സേവന നികുതി (ജി.എസ്.ടി.) നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) ഇത് നടപ്പാക്കുന്നതുമൂലം എന്തെല്ലാം നേട്ടങ്ങളാണ് ലഭിക്കുന്നത് ;

(ഡി) ജി.എസ്.ടി. നടപ്പാക്കുന്നത് സംബന്ധിച്ച് കേന്ദ്ര-സംസ്ഥാന ധാരണയായിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് അനുകൂലമായ രീതിയിൽ ഇത് എപ്രകാരം നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) അഖിലേന്ത്യാടിസ്ഥാനത്തിൽ ജി.എസ്.ടി. നടപ്പിലാക്കുന്നതിനെ കുറിച്ച് ചർച്ച ചെയ്തു വരുന്നതേയുള്ളു. ജി.എസ്.ടി. നടപ്പിലാക്കുന്നതിനുള്ള ഭരണഘടന ഭേദഗതി ബിൽ പാർലമെന്റിൽ അവതരിപ്പിച്ചു. അത് ഇപ്പോൾ പാർലമെന്ററി സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിഗണനയിലാണ്.

(ബി&സി) പ്രാപ്യ സ്ഥാനത്ത് നികുതി ലഭിക്കുന്ന സമ്പ്രദായമായതിനാലും സർവീസ് മേഖലകൂടി ഉൾപ്പെട്ട നികുതി ഘടനയായതിനാലും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ജി.എസ്.ടി. നേട്ടമാകുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ ഉല്പാദകൻ മുതൽ അവസാന ഉപഭോക്താവ് വരെയുള്ള ഒരു തുടർ ശൃംഖല സൃഷ്ടിച്ച് മുഴുവൻ ശൃംഖലയിലും സെറ്റ് ഓഫ് ലഭിക്കുന്ന വിധത്തിലാണ് ജി.എസ്.ടി. രൂപകല്പന ചെയ്തിട്ടുള്ളത്. ഇതിനായി ഉല്പന്നങ്ങളുടെയും സേവനങ്ങളുടെയുംമേൽ നിലവിലുള്ള കേന്ദ്ര സംസ്ഥാന നികുതി നിരക്കുകൾ ഏകീകരിക്കുന്നതാണ്. അതിനാൽ ജി.എസ്.ടി. നടപ്പിലാക്കുമ്പോൾ വിവിധ നികുതിക്കുമേൽ നികുതി എന്ന അവസ്ഥ മാറുന്നതിനാൽ ഉല്പന്നങ്ങളുടെ മേലുള്ള നികുതി ഭാരം ഗണ്യമായി കുറയുമെന്നും അതുവഴി ആവശ്യ സാധനങ്ങളുടെ വില കുറയുമെന്നും പ്രതീക്ഷിക്കുന്നു.

(ഡി) ഇല്ല. ജി. എസ്. ടി. നടപ്പിലാക്കുന്നത് സംബന്ധിച്ച് കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിൽ ചർച്ച നടത്തിവരുന്നു.

(ഇ) പ്രാപ്യ സ്ഥാനത്ത് നികുതി ലഭിക്കുന്ന സമ്പ്രദായമായതിനാലും സർവീസ് മേഖലകൂടി ഉൾപ്പെട്ട നികുതി ഘടനയായതിനാലും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ജി.എസ്.ടി. നേട്ടമാകുമെന്ന് പ്രതീക്ഷിക്കുന്നു. ജി.എസ്.ടി. നടപ്പിലാക്കുന്നതിനെകുറിച്ചുള്ള ചർച്ചകൾ നടന്നുവരുന്നതേയുള്ളൂ. ഭരണഘടനാ ഭേദഗതി ബിൽ പാർലമെന്റ് പാസ്സാക്കിയശേഷമേ ഇതിന്റെ തുടർനടപടികൾ തുടങ്ങുകയുള്ളൂ.

**നികുതി വകുപ്പിൽ ഇ-പേയ്മെന്റ് സംവിധാനം**

**248 (604)** ശ്രീ. എം. എ. വാഹീദ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ആർ. സെൽവരാജ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നികുതി വകുപ്പിൽ ഇ-പേയ്മെന്റ് സംവിധാനം നിലവിൽ വന്നിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം സൗകര്യങ്ങളാണ് ഇതുവഴി ജനങ്ങൾക്ക് ലഭിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ സംവിധാനം നടപ്പാക്കുന്നത് ;

(ഡി) നികുതി വകുപ്പിന്റെ എല്ലാ ഓഫീസുകളിലും ഈ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വാണിജ്യ നികുതി വകുപ്പിൽ സെപ്റ്റംബർ 2009 മുതൽ ഇ-പേയ്മെന്റ് സംവിധാനം നിലവിൽ വന്നിട്ടുണ്ട്. വാണിജ്യ നികുതി വകുപ്പിന്റെ വെബ്സൈറ്റ്, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്നിവയുടെ വെബ് സൈറ്റുമായി സംയോജിപ്പിച്ചാണ് ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കിയിരിക്കുന്നത്. വാണിജ്യ നികുതി രജിസ്ട്രേഷൻ ഉള്ള എല്ലാ വ്യാപാരികൾക്കും സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്നിവിടങ്ങളിൽ സീറോ ബാലൻസ് സംവിധാനം തുടങ്ങുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. വാണിജ്യ നികുതി രജിസ്ട്രേഷൻ ഉള്ള വ്യാപാരികൾ റിട്ടേൺ പ്രകാരം നൽകേണ്ടതായ നികുതി തുക സിസ്റ്റം നിർണ്ണയിച്ച് ബാങ്ക് അക്കൗണ്ടിൽ നിന്ന് കുറവ് ചെയ്ത് സർക്കാരിലേക്ക് ക്രഡിറ്റ് ചെയ്യുന്നു. ഓരോ ദിവസവും ഉള്ള ഇടപാടുകളുടെ സ്ക്രോൾ ബാങ്കുകളിൽ നിന്നും വാണിജ്യ നികുതി വകുപ്പിനും, ട്രഷറിക്കും നൽകുന്നു. ഈ സ്ക്രോൾ ട്രഷറി പരിശോധിച്ച് ഓരോ ഇടപാടിനും സീക്വൻസ് നമ്പർ നൽകി വാണിജ്യനികുതി വകുപ്പിനെ അറിയിക്കുന്നു. ട്രഷറിയിൽ നിന്നും ലഭിക്കുന്ന സ്ക്രോൾ വെബ്സൈറ്റിൽ ക്രമീകരിച്ച് റീകൺസിലിയേഷൻ പൂർത്തീകരിക്കുന്നു.

(ബി) ഇ-പേയ്മെന്റ് ഏർപ്പെടുത്തിയതിനുശേഷം സർക്കാരിലേക്ക് നികുതി ഒടുക്കൽ വളരെയേറെ ലഘൂകരിക്കാൻ സാധിച്ചിട്ടുണ്ട്. നികുതി ഒടുക്കുന്നതിനായി വ്യാപാരികൾ പലതവണ നികുതി അസസ്സ്മെന്റ് സർക്കിളുകൾ, ട്രഷറി, ബാങ്ക് എന്നിവ സന്ദർശിക്കേണ്ടി വന്നിരുന്നു. എന്നാൽ ഈ സംവിധാനം നടപ്പിലാക്കിയതിനുശേഷം എപ്പോൾ വേണമെങ്കിലും ഇന്റർനെറ്റ് മുഖേന നികുതി ഒടുക്കാവുന്നതാണ്.

(സി) സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്നിവയുടെ വെബ്സൈറ്റ് വാണിജ്യ നികുതി വകുപ്പിന്റെ വെബ് സൈറ്റുമായി സംയോജിപ്പിച്ചാണ് ഈ സംവിധാനം നടപ്പിലാക്കുന്നത്. കൂടാതെ ട്രഷറിയും ഇതിൽ സജീവ പങ്കു വഹിക്കുന്നു.

(ഡി) ഇ-പേയ്മെന്റ് വ്യാപാരികൾക്ക് എപ്പോൾ വേണമെങ്കിലും എവിടെ വച്ചും ചെയ്യാവുന്നതാണ്. വകുപ്പിന്റെ ഓഫീസുകളിൽ ഈ സംവിധാനം പ്രത്യേകമായി ഏർപ്പെടുത്തേണ്ട ആവശ്യം വരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

## നികുതി പിരിവിന് സ്റ്റേ കൊടുത്ത നടപടി

**249 (605)** ശ്രീ. പി. കെ. ഗുരുദാസൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ നികുതി ഈടാക്കുന്ന എത്ര നടപടികളിൽ ഈ സർക്കാരിന്റെ കാലത്ത് സ്റ്റേ ഉത്തരവ് കൊടുക്കുകയുണ്ടായെന്ന് വെളിപ്പെടുത്താമോ ;

(ബി) നികുതി പിരിവിന് സ്റ്റേ കൊടുത്തതുമൂലം എത്ര തുക ഈടാക്കാൻ സാധിക്കാതെ പോയിട്ടുണ്ട് ; സ്റ്റേ നിലനിൽക്കുന്ന എല്ലാ കേസ്സുകളിലുംകൂടി എന്ത് തുക പിരിച്ചെടുക്കേണ്ടതായി ബാക്കിയുണ്ട് ;

(സി) സർക്കാരിൽ അടയ്ക്കേണ്ട നികുതി ഇനത്തിൽ ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം എന്ത് തുക കുടിശ്ശികയുണ്ട് ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## മോട്ടോർ വാഹനങ്ങളുടെ നികുതിയിനത്തിൽ ലഭിച്ച വരുമാനം

**250 (606)** ശ്രീ. സാജു പോൾ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോട്ടോർ വാഹനങ്ങളുടെ നികുതിയിനത്തിൽ കഴിഞ്ഞ അഞ്ച് വർഷത്തിൽ ഓരോ സാമ്പത്തിക വർഷവും സംസ്ഥാനത്തിന് ലഭിച്ച വരുമാനം വിശദമാക്കാമോ ;

(ബി) സംസ്ഥാനത്ത് വിൽപ്പന നടന്ന മോട്ടോർ വാഹനങ്ങളുടെ എക്സൈസ് നികുതി ഇനത്തിൽ കഴിഞ്ഞ അഞ്ച് വർഷത്തിൽ ഓരോ സാമ്പത്തിക വർഷവും കേന്ദ്രത്തിന് ലഭിച്ച വരുമാനം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) ഇതിന്റെ എത്ര വിഹിതം ഓരോ വർഷവും സംസ്ഥാനത്തിന് ലഭിക്കുകയുണ്ടായി ; വിശദമാക്കാമോ ?

ഉത്തരം

(എ) മോട്ടോർ വാഹന നികുതിയിനത്തിൽ 2007-08 മുതൽ 2011-12 വരെയുള്ള സംസ്ഥാന സർക്കാരിനുലഭിച്ച വരുമാനം താഴെപ്പറയും പ്രകാരമാണ് :

| വർഷം | വരുമാനം (തുക കോടിയിൽ) |
|---|---|
| 2007-08 | 853.17 |
| 2008-09 | 937.45 |
| 2009-10 | 1131.10 |
| 2010-11 | 1331.37 |
| 2011-12 | 1587.13 |

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## കോഴിയുടെ പ്രവേശന നികുതി

**251 (607)** ശ്രീ. എളമരം കരീം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിയുടെ പ്രവേശന നികുതി ഇനത്തിൽ കഴിഞ്ഞ അഞ്ച് വർഷം ലഭിച്ച തുക സംബന്ധിച്ച കണക്കുകൾ വിശദമാക്കാമോ ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷവും ഈ സാമ്പത്തിക വർഷവും ഈ ഇനത്തിൽ പ്രതീക്ഷിച്ച നികുതിയും ലഭിച്ച നികുതിയും എത്ര കോടി വീതമായിരുന്നു ;

(സി) കോഴിയുടെ പ്രവേശന നികുതി ഈടാക്കാനുള്ള എത്ര കേസുകളിൽ സ്റ്റേ നൽകുകയുണ്ടായി ; എത്ര കേസുകളിൽ നികുതി ഈടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയുണ്ടായി ; വിശദമാക്കാമോ ?

### ഉത്തരം

(എ) പ്രവേശന നികുതി ഇപ്പോൾ നിലവിൽ ഇല്ല. അന്യസംസ്ഥാനത്തിൽ നിന്നും കേരളത്തിലേക്ക് വിൽപ്പനയ്ക്കായി കൊണ്ടുവരുന്ന കോഴിക്ക് മുൻകൂർ നികുതിയാണ് ഈടാക്കുന്നത്. എന്നാൽ കോഴിയുടെ നികുതിയിനത്തിൽ കഴിഞ്ഞ 5 വർഷങ്ങളിൽ ലഭിച്ച തുകയുടെ കണക്ക് ചുവടെ ചേർക്കുന്നു.

| വർഷം | ലഭിച്ച തുക (കോടിയിൽ) |
|---|---|
| 2007-08 | 68.30 |
| 2008-09 | 99.62 |
| 2009-10 | 114.25 |
| 2010-11 | 121.16 |
| 2011-12 | 93.06 |

(ബി) കോഴിയുടെ നികുതിയിനത്തിൽ പ്രത്യേകമായി ടാർജറ്റ് നിശ്ചയിച്ചിട്ടില്ല. എന്നാൽ കോഴിയുടെ നികുതി ഇനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷവും ഈ സാമ്പത്തിക വർഷവും ലഭിച്ച നികുതി ചുവടെ ചേർക്കുന്നു :

| വർഷം | ലഭിച്ച തുക (കോടിയിൽ) |
|---|---|
| 2011-12 | 93.06 |
| 2012-13 (28-2-2013 വരെ) | 105.00 |

(സി) പ്രവേശന നികുതി ഈടാക്കേണ്ട എന്ന കാര്യത്തിൽ ഉത്തരവൊന്നും തന്നെ നൽകിയിട്ടില്ല. കേരളത്തിലെ ഒരു രജിസ്റ്റേർഡ് വ്യാപാരി അന്യസംസ്ഥാനത്ത് നിന്ന് കോഴി കൊണ്ടുവരുമ്പോൾ ചെക്ക്പോസ്റ്റിൽ അടയ്ക്കേണ്ട നികുതിയാണ് അഡ്വാൻസ് നികുതി. അതിൽ നിന്നും ആർക്കുംതന്നെ relaxation നൽകി ഉത്തരവൊന്നുംതന്നെ പുറപ്പെടുവിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

**സർക്കാർ പണം സൂക്ഷിക്കാൻ നടപടി**

**252 (608)** ശ്രീ. പി. കെ. ഗുരുദാസൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിന്റെ ക്യാഷ് ബാലൻസ് ഇപ്പോൾ സുരക്ഷിത നിലയിലാണോ ; ട്രഷറിയിൽ ബില്ലുകൾ പാസ്സാക്കുന്നതിന് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) സർക്കാർ സ്ഥാപനങ്ങൾ സ്വന്തം പണം ട്രഷറിയിൽത്തന്നെ സൂക്ഷിക്കണം എന്ന വ്യവസ്ഥ നിലവിലുണ്ടോ ;

(സി) ട്രഷറിയിൽ അല്ലാതെ മറ്റേതെങ്കിലും ധനകാര്യ സ്ഥാപനത്തിൽ സർക്കാർ സ്ഥാപനങ്ങൾക്ക് സ്വന്തം പണം സൂക്ഷിക്കാൻ അനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം കേസ്സുകളിൽ ; വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ ക്യാഷ് ബാലൻസ് ഇപ്പോൾ സുരക്ഷിത നിലയിലാണ്. ട്രഷറിയിൽ ബില്ലുകൾ പാസ്സാക്കുന്നതിന് പുതിയ നിയന്ത്രണങ്ങൾ ഒന്നും ഏർപ്പെടുത്തിയിട്ടില്ല.

(ബി&സി) 29-8-2009-ലെ സർക്കുലർ നമ്പർ 75/2009/ധന പ്രകാരം പൊതുമേഖലാ സ്ഥാപനങ്ങൾ/സ്വയംഭരണ സ്ഥാപനങ്ങൾ/വെൽഫെയർ ബോർഡുകൾ മുതലായവയ്ക്ക് നൽകിയിട്ടുള്ള സർക്കാർ ഫണ്ടുകൾ (ഷെയർ ക്യാപിറ്റൽ/ഗ്രാന്റ്/ലോൺ/കോൺട്രിബ്യൂഷൻ) ട്രഷറിയിൽ നിക്ഷേപിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അവയുടെ സ്വന്തം ഫണ്ട് ലാഭവിഹിതം എന്നിവ ട്രഷറിയേക്കാൾ ഉയർന്ന പലിശ ലഭിക്കുകയാണെങ്കിൽ ബാങ്കുകളിൽ നിക്ഷേപിക്കാൻ 8-1-2012-ലെ സർക്കുലർ നമ്പർ 3/12/ധന പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

**കോൺട്രാക്ടർമാർക്കും ക്ഷേമ പദ്ധതി ഉപഭോക്താക്കൾക്കും നല്കുവാനുള്ള കുടിശ്ശിക**

**253 (609)** ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013 മാർച്ച് 15-ാം തീയതി സംസ്ഥാനത്തെ ട്രഷറികളിലെ നീക്കിയിരിപ്പിന്റെ കൺസോളിഡേറ്റഡ് ബാലൻസ് തുക എത്രയാണ് ;

(ബി) അന്നത്തേക്ക് കോൺട്രാക്ടർമാർ ഉൾപ്പെടെയുള്ളവർക്കും ക്ഷേമ പദ്ധതി ഉപഭോക്താക്കൾക്കും നൽകുവാനുള്ള കുടിശ്ശിക തുക എത്രയാണ് ;

(സി) പൊതുമരാമത്ത് വകുപ്പിലെയും ജലവിഭവ വകുപ്പിലെയും കോൺട്രാക്ടർമാർക്ക് നൽകേണ്ട കുടിശ്ശികകൾ പ്രത്യേകം വിശദമാക്കുമോ ?

ഉത്തരം

(എ) 2013 മാർച്ച് 15-ാം തീയതി സംസ്ഥാനത്തിന്റെ ട്രഷറി ബില്ലുകളിൽ ഉള്ള നിക്ഷേപം 4549.07 കോടി രൂപയാണ്.

(ബി) 15-3-2013-ൽ പൊതുമരാമത്ത് വകുപ്പിലെയും, ജലവിഭവ വകുപ്പിലെയും കോൺട്രാക്ടർമാർക്ക് കുടിശ്ശികയിനത്തിൽ 369.04 കോടി രൂപ നൽകുവാനുണ്ട്. സർക്കാരിന്റെ വിവിധ ക്ഷേമപദ്ധതികളായ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി, കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി, കേരള ചുമട്ടു തൊഴിലാളി ക്ഷേമ പദ്ധതി, കേരള ബീഡിത്തൊഴിലാളി ക്ഷേമനിധി, കേരള ഈറ്റ, കാട്ടുവള്ളി, തഴത്തൊഴിലാളി ക്ഷേമനിധി, ബാർബർത്തൊഴിലാളി ക്ഷേമ പദ്ധതി, അലക്കുത്തൊഴിലാളി ക്ഷേമപദ്ധതി, കർഷകത്തൊഴിലാളി പെൻഷൻ, കേരള അൺ ഓർഗനൈസ്ഡ് റിട്ടയേർഡ് വർക്കേഴ്സ് പെൻഷൻ ഫണ്ട് സ്കീം, കയർത്തൊഴിലാളി ക്ഷേമ പെൻഷൻ, തൊഴിലില്ലായ്മ വേതനം, മത്സ്യത്തൊഴിലാളി ക്ഷേമ പെൻഷൻ എന്നിവയുടെ ഗുണഭോക്താക്കൾക്ക് 104.20 കോടി രൂപയും കുടിശ്ശിക ഉണ്ടായിരുന്നു.

(സി) 15-3-2013-ൽ പൊതുമരാമത്ത് (നിരത്തുകളും പാലങ്ങളും) വകുപ്പിൽ 1-11-2012 മുതൽ 31-12-2012 വരെയും 238.26 കോടി രൂപയും, പൊതുമരാമത്ത് (കെട്ടിടം) വകുപ്പിൽ 1-12-2012 മുതൽ 31-1-2013 വരെ 91.17 കോടി രൂപയും ജലവിഭവ വകുപ്പിൽ 1-10-2012 മുതൽ 30-11-2012 വരെ 39.61 കോടി രൂപയും കോൺട്രാക്ടർമാർക്ക് കുടിശ്ശികയായി നൽകുവാനുണ്ടായിരുന്നു.

## വിവിധ വകുപ്പുകളുടെ ട്രഷറി അക്കൗണ്ടുകളിലുള്ള തുക

**254 (610)** ശ്രീ. സി. കൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ വകുപ്പുകളുടെ ട്രഷറി അക്കൗണ്ടുകളിലുള്ള തുക സംബന്ധിച്ച് വകുപ്പടിസ്ഥാനത്തിലുള്ള വിവരങ്ങൾ ലഭ്യമാക്കാമോ ;

(ബി) ഇതിൽ 2011-12 സാമ്പത്തിക വർഷത്തിലും 2012-13 സാമ്പത്തിക വർഷത്തിലും ചെലവഴിക്കേണ്ടിയിരുന്ന തുക എത്ര വീതമാണെന്ന് വകുപ്പ് അടിസ്ഥാനത്തിൽ വിശദമാക്കാമോ ;

(സി) വിവിധ വകുപ്പുകളുടെ മുൻവർഷങ്ങളിൽ ചെലവഴിക്കേണ്ടതായിരുന്ന എത്ര തുക ഇപ്പോൾ ട്രഷറികളിൽ കിടപ്പുണ്ട് ; വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

**ട്രഷറികൾ നവീകരിക്കാൻ നടപടി**

255 (611) ശ്രീ. കെ. ദാസൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രഷറികളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽപ്പെടുത്തി ട്രഷറികൾ നവീകരിക്കുന്നതിന് ആവിഷ്കരിച്ചിരിക്കുന്ന പരിപാടികൾ എന്തെല്ലാം ;

(ബി) ഈ പദ്ധതിയിൽ ട്രഷറികൾക്ക് കെട്ടിടം പണിയുന്നതിന് തുക വകയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(സി) കോഴിക്കോട് ജില്ലയിൽ ഈ പദ്ധതിയിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടക്കുന്നതെന്ന് വിശദമാക്കാമോ ;

(ഡി) കൊയിലാണ്ടി സബ് ട്രഷറിയിൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഈ പദ്ധതി പ്രകാരം നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ട്രഷറി അടിസ്ഥാനസൗകര്യ വികസന പദ്ധതിയിൽപ്പെടുത്തി 14-12-2009 തീയതിയിലെ സ.ഉ.(എം.എസ്) നമ്പർ 558/2009/ധന ഉത്തരവുപ്രകാരം നിലവിലുള്ള കെട്ടിടങ്ങളുടെ നവീകരണവും പുതിയ കെട്ടിടങ്ങളുടെ നിർമ്മാണവും 'ഇൻഫ്രാസ്ട്രക്ചർ കേരള ലിമിറ്റഡ്' (ഇൻകെൽ) എന്ന സ്ഥാപനത്തെ ഏൽപ്പിച്ചു കൊണ്ട് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) 2012-13 സാമ്പത്തിക വർഷത്തിൽ 6.5 കോടി രൂപ 2054-00-095-96 (പ്ലാൻ) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്.

(സി) കോഴിക്കോട് ജില്ലയിലെ തൊട്ടിൽപ്പാലം സബ്ട്രഷറിയുടെ പുതിയ കെട്ടിടനിർമ്മാണവും കോഴിക്കോട് ജില്ലാ ട്രഷറിയുടെ ഓഫീസ് നവീകരണവും ഈ പദ്ധതിയിൽ ഉൾപ്പെട്ടവയാണ്.

(ഡി) നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**സബ് ട്രഷറികൾ ആരംഭിക്കാൻ നടപടി**

256 (612) ശ്രീ. പി. റ്റി. എ. റഹീം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ സബ്/താലൂക്ക് ആസ്ഥാനങ്ങൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി ഇവിടങ്ങളിൽ സബ് ട്രഷറികൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നുണ്ടോ ;

(ബി) നേരത്തേ നിർത്തലാക്കിയ ഏകാംഗട്രഷറികൾക്ക് പകരം സബ് ട്രഷറികൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(സി) എത്ര സബ്/താലൂക്ക് ആസ്ഥാനങ്ങളിലെ ഏകാംഗട്രഷറികളാണ് നിർത്തലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) തീരുമാനിച്ചിട്ടില്ല

(സി) കേരളത്തിലെ ഏക സബ് താലൂക്കായ കുന്ദമംഗലം ആസ്ഥാനമാക്കിയുള്ള ഏകാംഗ ട്രഷറി നിർത്തലാക്കിയിട്ടുണ്ട്.

**പുതുതായി സബ് ട്രഷറി അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

**257 (613)** ശ്രീ. വി. ചെന്താമരാക്ഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ .

(എ) പുതുതായി സബ്ട്രഷറി അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സബ് ട്രഷറികൾ അനുവദിച്ചിട്ടുണ്ട് ;

(സി) പാലക്കാട് ജില്ലയിലെ നെന്മാറയിൽ പുതിയ സബ്ട്രഷറി അനുവദിക്കുന്നത് സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) സർക്കാരിന്റെ സാമ്പത്തിക ഇടപാടുകൾ, പെൻഷൻകാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായുള്ള ഇടപാടുകൾ, സർക്കാരിലേക്കുള്ള വിവിധതരം പണം ഒടുക്കലുകൾ. മുദ്രപ്പത്ര വിൽപ്പന എന്നിവയുടെ വ്യാപ്തിയാണ് പുതുതായി സബ് ട്രഷറി അനുവദിക്കുന്നതിന് നിലവിൽ സർക്കാർ സ്വീകരിച്ചു വരുന്ന മാനദണ്ഡം. കൂടാതെ പുതിയ മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 9 സബ് ട്രഷറികൾ പുതുതായി അനുവദിച്ചിട്ടുണ്ട്.

(സി) പുതിയ ട്രഷറികൾ അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**നൂറനാട് സബ് ട്രഷറി പ്രവർത്തന സജ്ജമാക്കാൻ നടപടി**

**258 (614)** ശ്രീ. ആർ. രാജേഷ് : താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നൂറനാട് സബ്ട്രഷറി പൂർണ്ണ പ്രവർത്തനസജ്ജമായില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ : പ്രസ്തുത സബ്ട്രഷറിയിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; ട്രഷറി ബാങ്കിംഗ് ആക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ആലപ്പുഴ ജില്ലയിലെ മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച നൂറനാട് സബ്ട്രഷറിയുടെ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാരെ 10-9-2009 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 6170/09/ധന ഉത്തരവുപ്രകാരം (ജൂനിയർ സൂപ്രണ്ട്, ട്രഷറർ, അക്കൗണ്ടന്റ്) പുനർവിന്യാസത്തിലൂടെ നികത്തുന്നതിനും 29-3-2010 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 2501/2010/ധന ഉത്തരവ് പ്രകാരം (സബ് ട്രഷറി ഓഫീസർ, പ്യൂൺ, പാർട്ട് ടൈം സ്വീപ്പർ) പുതുതായി സൃഷ്ടിക്കുന്നതിനും സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ട്രഷറി ബാങ്കിംഗ് ആക്കി മാറ്റുന്നതിനുള്ള നടപടികൾ ട്രഷറി ഡയറക്ടർ സ്വീകരിച്ചുവരുന്നുണ്ട്.

## കൊപ്പം ആസ്ഥാനമാക്കി പുതിയ സബ് ട്രഷറി

**259 (615)** ശ്രീ. സി. പി. മുഹമ്മദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടാമ്പി നിയോജകമണ്ഡലത്തിലെ കൊപ്പം ആസ്ഥാനമാക്കി ഒരു പുതിയ സബ്ട്രഷറി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) ഈ ട്രഷറിയിലേക്കാവശ്യമായ സ്ഥലസൗകര്യം താൽക്കാലികമായി ലഭ്യമാക്കാമെന്ന് കൊപ്പം ഗ്രാമപഞ്ചായത്ത് അറിയിച്ച വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കൊപ്പത്ത് പുതിയ ട്രഷറി ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഇല്ല.

## അർഹമായ ശമ്പളം നല്കാൻ നടപടി

**260 (616)** ശ്രീ. സണ്ണി ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇരിട്ടി സബ് ട്രഷറിയിലെ പി.റ്റി.സി.എം. ശ്രീ. കൊയ്യോടൻ രാജന് പേരാവൂർ സബ്ട്രഷറിയിൽ പി.റ്റി.സി.എം. ആയിരുന്ന സമയത്ത് നൽകിയ വേതനം തിരിച്ചു പിടിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) പുതിയ സ്ഥലത്ത് സ്വീപ്പിങ്ങ് മേഖല കുറവാണെന്ന് പറഞ്ഞ് വാങ്ങിക്കൊണ്ടിരിക്കുന്ന വേതനം തിരിച്ചുപിടിക്കാൻ പാടില്ലെന്ന എന്തെങ്കിലും ഓർഡർ നിലവിലുണ്ടോ ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) ശ്രീ. കൊയ്യോടൻ രാജന് അർഹതയുള്ള ശമ്പളം നൽകാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇരിട്ടി സബ്ട്രഷറിയിലെ പി.റ്റി.സി.എം. ആയ ശ്രീ. കൊയ്യോടൻ രാജൻ പേരാവൂർ സബ് ട്രഷറിയിൽ പി.റ്റി.സി.എം. ആയിരുന്ന സമയത്ത് അധികം നൽകിയ വേതനം തിരിച്ചു പിടിച്ചുണ്ട്.

(ബി) 25-11-2005 സ.ഉ.(പി) നമ്പർ 501/2005/ധന ഉത്തരവ്* പ്രകാരം ഒരു ഓഫീസിലെ സ്വീപ്പിംഗ് ഏരിയ പുനർ നിർണ്ണയം നടത്തുമ്പോൾ, സ്വീപ്പിംഗ് ഏരിയ $100m^2$-ന് മുകളിൽ ആയിരുന്നത് $100m^2$-ൽ തഴെയും $400m^2$-ന് മുകളിൽ ആയിരുന്നത് $400m^2$-ൽ താഴെയും വന്നാൽ ആദ്യം ടി തസ്തികയിൽ നിലവിലുള്ള പാർട്ട് ടൈം സ്വീപ്പറുടെ വേതനത്തിൽ കുറവു വരുത്തേണ്ടതില്ലെന്നും ടിയാൾ വാങ്ങിക്കൊണ്ടിരിക്കുന്ന വേതനം തന്നെ തുടർന്നും നൽകേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. ടി തസ്തികയിലെ അടുത്ത ഒഴിവിലേക്ക് നിയമിതനാകുന്ന വ്യക്തിക്ക് ടി ആനുകൂല്യം ലഭിക്കില്ല. സ്വമേധയാ മറ്റൊരു ഓഫീസിലേക്ക് ട്രാൻസ്ഫർ വാങ്ങി പോകുന്ന വ്യക്തിക്ക് മേൽപ്പറഞ്ഞ ആനുകൂല്യം ബാധകമാക്കാറില്ല.

(സി) ശ്രീ. കൊയ്യോടൻ രാജന് അർഹതയുള്ള ശമ്പളമാണ് ഇപ്പോൾ ട്രഷറി വകുപ്പിൽ നിന്നും നൽകിക്കൊണ്ടിരിക്കുന്നത്.

**പഴയങ്ങാടി സബ്ട്രഷറി നിർമ്മാണം ആരംഭിക്കാൻ നടപടി**

**261 (617)** ശ്രീ. റ്റി. വി. രാജേഷ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011 ജനുവരിയിൽ ഇൻകെലിനെ ഏല്പിച്ച് ഉത്തരവായ കണ്ണൂർ ജില്ലയിലെ പഴയങ്ങാടി സബ്ട്രഷറിയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ കാലതാമസം വന്നത് എന്തുകൊണ്ടാണ് ;

(ബി) ഇതിന്റെ നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയും ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) പഴയങ്ങാടി സബ് ട്രഷറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആരും ടെണ്ടർ സമർപ്പിക്കാത്തതിനാൽ, പ്രസ്തുത പദ്ധതിയിൽ നിന്നും ഇൻകെൽ പിൻമാറിയതിനാലാണ് കാലതാമസം വന്നത്.

(ബി) ഇതു സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടില്ല.

**കാരുണ്യ ബെനവലന്റ് ഫണ്ട്**

**262 (618)** ശ്രീ. ഇ. കെ. വിജയൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും ഇതുവരെ എത്ര രോഗികൾക്ക് ചികിത്സാ ധനസഹായം ലഭിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) ഈ ഇനത്തിൽ ഇതുവരെ എത്ര രൂപ പിരിഞ്ഞു കിട്ടിയെന്നും ഇതുവരെ എത്ര രൂപ ചെലവഴിച്ചു എന്നും വ്യക്തമാക്കാമോ ;

(സി) കോഴിക്കോട് ജില്ലയിൽ ഏതെല്ലാം ആശുപത്രികളാണ് കാരുണ്യ ചികിത്സാ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ 7502 രോഗികൾക്ക് ഇതേവരെ ചികിത്സാ സഹായം വിവിധ ആശുപത്രികളിലേക്ക് അനുവദിച്ചിട്ടുണ്ട്.

(ബി) കാരുണ്യ 77-ാമത് ഭാഗ്യക്കുറി വരെയുള്ള വിറ്റുവരവ് 623.75 കോടി രൂപയാണ്. ഇതിൽ ലാഭം ഏകദേശം 138 കോടി രൂപയാണ്. ഇതിൽ നിന്നും 115 കോടി രൂപ കാരുണ്യ ബെനവലന്റ് ഫണ്ടിന് കൈമാറിയിട്ടുണ്ട്. അതിൽ 79.17 കോടി രൂപ ധനസഹായമായി അനുവദിച്ചുകഴിഞ്ഞു.

(സി) കോഴിക്കോട് ജില്ലയിൽ ബേബിമെമ്മോറിയൽ ഹോസ്പിറ്റൽ, പി.വി.എസ്. ഹോസ്പിറ്റൽ, കെ.എം.സി.റ്റി. മെഡിക്കൽ കോളേജ്, ശാന്തി ഹോസ്പിറ്റൽ, മലബാർ മെഡിക്കൽ കോളേജ്&റിസർച്ച് സെന്റർ, എന്നീ ആശുപത്രികൾ കാരുണ്യാ ചികിത്സാ പദ്ധതിയിൽ ഇതിനകം അക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

## കാരുണ്യാ പദ്ധതി

**263 (619)** ശ്രീ. മോൻസ് ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യാ പദ്ധതിയിലൂടെ ചികിൽസാ ധനസഹായം ലഭ്യമാക്കുന്നതിനുള്ള പുതുക്കിയ മാനദണ്ഡം വ്യക്തമാക്കാമോ ; നിലവിലുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ ;

(ബി) പരമാവധി എത്ര രൂപയാണ് പ്രസ്തുത പദ്ധതിവഴി ധനസഹായം നൽകുന്നത് ;

(സി) കാരുണ്യാ പദ്ധതിയിൽ എല്ലാ സ്വകാര്യആശുപത്രികളേയും ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) കോട്ടയം ജില്ലയിൽ ഏതൊക്കെ ആശുപത്രികളിൽ ചികിൽസിച്ചാലാണ് പ്രസ്തുത ധനസഹായം കിട്ടുന്നത് ; കൂടാതെ എറണാകുളം ജില്ലയിൽ പദ്ധതിയിൽ ഉൾപ്പെട്ട സ്വകാര്യആശുപത്രികളുടെ ലിസ്റ്റ്കൂടി വ്യക്തമാക്കാമോ ?

ഉത്തരം

(എ) കാൻസർ, ഹൃദ്രോഗം, വൃക്കരോഗം, തലച്ചോർ, കരൾ സർജറി, ഹീമോഫീലിയ, പാലിയേറ്റീവ് കെയർ എന്നീ ഗുരുതരമായ രോഗങ്ങൾക്ക് ചികിത്സാ സഹായം അനുവദിക്കുന്നതാണ്. മൂന്നുലക്ഷം രൂപയ്ക്ക് താഴെ വാർഷിക വരുമാനമുള്ള ഒരു കുടുംബത്തിന് പരമാവധി 2 ലക്ഷം രൂപ ധനസഹായം നൽകുന്നതാണ്. ചികിത്സ ആരംഭിക്കുന്നതിന് മുമ്പ് ആവശ്യമായ രേഖകൾ സഹിതം അതാതു ജില്ലാ ഭാഗ്യക്കുറി ഓഫീസിൽ അപേക്ഷ നൽകിയിരിക്കണം. എന്നാൽ സർക്കാർ ആശുപത്രികളിൽ അടിയന്തര ശസ്ത്രക്രിയക്ക് വിധേയരാകുന്ന രോഗികൾക്ക് അടിയന്തര ശസ്ത്രക്രിയ ആവശ്യമായിരുന്നുവെന്ന് കാണിക്കുന്ന സർട്ടിഫിക്കറ്റ് സഹിതം ശസ്ത്രക്രിയ കഴിഞ്ഞ് 24 മണിക്കൂറിനുള്ളിലും പരിഗണിക്കുന്നതാണ്.

(ബി) ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ടിട്ടുള്ള ഒരു കുടുംബത്തിലെ അംഗങ്ങൾക്ക് എല്ലാവർക്കുംകൂടി പരമാവധി രണ്ടു ലക്ഷം രൂപ ചികിത്സാ സഹായം ലഭിക്കുന്നതാണ്.

(സി) സർക്കാർ ചികിത്സാ പാക്കേജ് അംഗീകരിച്ച 48 സ്വകാര്യ ആശുപത്രികളെ മാത്രമാണ് ഈ പദ്ധതിയിൽ അക്രെഡിറ്റ് ചെയ്തിട്ടുള്ളത്.

(ഡി) കോട്ടയം ജില്ലയിൽ താഴെ പറയുന്ന ആശുപത്രികൾ ഈ പദ്ധതിയിൽ അക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

1. സെന്റ് തോമസ് ഹോസ്പിറ്റൽ, ചെത്തിപ്പുഴ.
2. ഭാരത് ഹോസ്പിറ്റൽ, കോട്ടയം.
3. കാരിത്താസ് ഹോസ്പിറ്റൽ, കോട്ടയം.

എറണാകുളം ജില്ലയിൽ അക്രെഡിറ്റ് ചെയ്തിട്ടുള്ളവ

1. ലിറ്റിൽഫ്ളവർ ഹോസ്പിറ്റൽ&റിസർച്ച് സെന്റർ, അങ്കമാലി.
2. പി.എസ്.മിഷൻ ഹോസ്പിറ്റൽ, മരട്, കൊച്ചി
3. ലിസി ഹോസ്പിറ്റൽ, എറണാകുളം
4. കിംസ് ഹോസ്പിറ്റൽ, കൊച്ചി

**കാരുണ്യ ധനസഹായ പദ്ധതി**

**264 (620)** ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ധനസഹായ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; വിശദമാക്കുമോ ;

(ബി) ഈ പദ്ധതി നടപ്പാക്കുന്നതിനുള്ള വരുമാനം എങ്ങനെയാണ് സമാഹരിക്കുന്നത് ;

(സി) ഏതെല്ലാം രോഗങ്ങൾക്കാണ് ഈ പദ്ധതിപ്രകാരം ധനസഹായം ലഭിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഏതെല്ലാം വിഭാഗക്കാർക്കാണ് ഈ പദ്ധതിപ്രകാരം ധനസഹായം ലഭിക്കുന്നത് ;

(ഇ) ഏതെല്ലാം ആശുപത്രികളിൽ നിന്നാണ് ചികിൽസാ സൗകര്യം ലഭിക്കുന്നത് ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മാരകമായ രോഗങ്ങൾ പിടിപെട്ടവരും, വർദ്ധിച്ചുവരുന്ന ചികിത്സാ ചെലവുമൂലം വിദഗ്ദ്ധ ചികിത്സയ്ക്ക് പണം കണ്ടെത്തുവാൻ ബുദ്ധിമുട്ടുന്നവരുമായ സമൂഹത്തിലെ പാവപ്പെട്ട രോഗികൾക്ക് ആവശ്യമായ വിദഗ്ദ്ധ ചികിത്സ ബന്ധപ്പെട്ട ആശുപത്രികളിലൂടെ നൽകുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണ് കാരുണ്യ ബെനവലന്റ് ഫണ്ട്.

(ബി) സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് നടത്തിവരുന്ന കാരുണ്യ ഭാഗ്യക്കുറിയുടെ അറ്റാദായത്തിൽ നിന്നുമാണ് ഈ പദ്ധതി നടപ്പാക്കുന്നതിനുള്ള ധനം സമാഹരിക്കുന്നത്.

(സി) കാൻസർ, വൃക്കരോഗം ഹൃദ്രോഗം, തലച്ചോർ, കരൾ എന്നിവയുടെ ശസ്ത്രക്രിയ ഉൾപ്പെടെയുള്ള ചികിത്സ, ഹീമോഫീലിയ രോഗികൾക്കുള്ള ഫാക്ടർ വിതരണം, പാലിയേറ്റീവ് കെയർ എന്നിവക്കാണ് ചികിത്സാ സഹായം ലഭിക്കുന്നത്.

(ഡി) എല്ലാ ബി.പി.എൽ. കുടുംബത്തിനും 3 ലക്ഷം രൂപയ്ക്കുതാഴെ വാർഷിക വരുമാനമുള്ള എ.പി.എൽ. കുടുംബത്തിനും ചികിത്സാ സഹായം ലഭിക്കുന്നതാണ്.

(ഇ) നിശ്ചിത രോഗങ്ങൾക്ക് ആവശ്യമായ വിദഗ്ദ്ധ ചികിത്സാ സൗകര്യങ്ങളുള്ള എല്ലാ സർക്കാർ ആശുപത്രികളിലും, പരിയാരം, കൊച്ചി എന്നീ സഹകരണ മെഡിക്കൽ കോളേജ് ആശുപത്രികളിലും. ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, റീജിയണൽ കാൻസർ സെന്റർ, മലബാർ കാൻസർ സെന്റർ എന്നീ ടെർഷറി ആശുപത്രികളിലും ചികിത്സ തേടുന്നവർക്കും കൂടാതെ പദ്ധതിയുടെ വ്യവസ്ഥയനുസരിച്ചുള്ള പാക്കേജും നിരക്കുകളും അനുസരിച്ച് ചികിത്സ നടത്താൻ തയ്യാറായി കരാർ ഒപ്പ് വച്ചിട്ടുള്ള 48 സർക്കാരിതര ആശുപത്രികളിലും ചികിത്സാ സൗകര്യം ലഭിക്കുന്നതാണ്.

**കാരുണ്യ ഡയാലിസിസ് സെന്ററുകൾ**

**265 (621)** ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ആർ. സെൽവരാജ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാരുണ്യ ഡയാലിസിസ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) ഏതെല്ലാം ആശുപത്രികളിലാണ് സെന്ററുകൾ തുടങ്ങാൻ ഉദ്ദേശിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇതിനുവേണ്ട ധനസമാഹരണം എങ്ങനെ നടത്താനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഏതെല്ലാം ഏജൻസികളും വകുപ്പുകളുമാണ് ഇതുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ ?

ഉത്തരം

(എ) കോഴിക്കോട്, തിരുവനന്തപുരം മെഡിക്കൽ കോളേജുകളിൽ 10 വീതം മെഷീനുകളുള്ള കാരുണ്യ ഡയാലിസിസ് സെന്ററുകൾ സ്ഥാപിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത് ഉടൻ പൂർത്തിയാകുന്നതാണ്. കൂടാതെ ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിലും ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിന് ഉടനെ നടപടി സ്വീകരിക്കുന്നതാണ്.

(ബി) കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ ധനസഹായത്തോടുകൂടി ആരോഗ്യ വകുപ്പുമായി സഹകരിച്ച് സംസ്ഥാനത്തെ 27 ജില്ല/താലൂക്ക് സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് സെന്ററുകൾ സ്ഥാപിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിനായി 31.5 കോടി രൂപ കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും അനുവദിക്കുന്നതാണ്. താലൂക്ക് ആശുപത്രികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) കാരുണ്യ ബെനവലന്റ് ഫണ്ട് വ്യവസ്ഥയനുസരിച്ച് ഡയാലിസിസ് ആവശ്യമായ വൃക്കരോഗികൾക്ക് അനുവദിക്കുന്ന തുകയിൽനിന്നും ഒരു നിശ്ചിത ഭാഗം തുക രോഗി ചികിത്സ നടത്തുവാൻ നിശ്ചയിട്ടിട്ടുള്ള ആശുപത്രിയിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുന്നതിന് മുൻകൂറായി നൽകിയും തികയാത്ത തുക പദ്ധതിയിൽ നിന്നും ഒറ്റത്തവണ സാമ്പത്തിക സഹായമായും നൽകിയുമാണ് ആവശ്യമായ ധനസമാഹരണം നടത്തുന്നത്.

(ഡി) സെന്ററുകൾ തുടങ്ങുന്നതിന് ആവശ്യമായ സ്ഥല സൗകര്യം വിദഗ്ദ്ധരുടെ സേവനം എന്നിവ ആരോഗ്യ വകുപ്പാണ് ലഭ്യമാക്കുന്നത്. ഡയാലിസിസ് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള ചുമതല കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെയാണ് ഏൽപ്പിച്ചിരിക്കുന്നത്.

## കാരുണ്യ ചികിത്സാ സഹായ പദ്ധതി

266 (622) ശ്രീ. സി. ദിവാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ചികിത്സാ സഹായനിധിയിലൂടെ സംസ്ഥാനത്ത് ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) കാരുണ്യ സഹായ പദ്ധതിക്ക് ലഭിക്കുന്ന അപേക്ഷകളിൻമേൽ എത്ര നാളുകൾക്കുള്ളിൽ തീരുമാനം എടുക്കാറുണ്ടെന്ന് വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് ഇതേവരെ 79.17 കോടി രൂപ വിവിധ ആശുപത്രികളിലൂടെ അനുവദിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ജില്ലാ ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾ കളക്ടർ ചെയർമാനായ ജില്ലാതല കമ്മിറ്റിയുടെ ശുപാർശയോടെ സംസ്ഥാന കമ്മിറ്റിയുടെ മുമ്പാകെ വരുന്നതും ബഹു: ധനമന്ത്രി ചെയർമാനായ സംസ്ഥാന കമ്മിറ്റി തുക ആശുപത്രികളിലേക്ക് അനുവദിക്കുകയുമാണ് ചെയ്യുന്നത്. ഈ പ്രോസ്സസിംഗ് പൂർത്തിയാക്കുവാൻ ഒരു മാസത്തോളം കാലതാമസം വരുന്നുണ്ട് എന്നാൽ അടിയന്തര ഘട്ടങ്ങളിൽ ചികിത്സ ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട ആശുപത്രികളിലേക്ക് മുൻകൂർ അനുവാദം നൽകുന്നതിന് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനായി മെഡിക്കൽ കോളേജുകൾക്കും, ജില്ലാ ആശുപത്രികൾക്കും കരുതൽ ധനവും നൽകിയിട്ടുണ്ട്. അടിയന്തര ചികിത്സ ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ സംസ്ഥാന തലത്തിൽ പദ്ധതി അഡ്മിനിസ്ട്രേറ്ററും ചികിത്സ നടത്തുന്നതിനായി ബന്ധപ്പെട്ട ആശുപത്രികളിലേക്ക് മുൻകൂർ അനുമതി നൽകുന്നുണ്ട്.

## കാരുണ്യ ബെനവലന്റ് സ്കീം

**267 (623)** ശ്രീ. സി. ദിവാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ബെനവലന്റ് സ്കീമിൽ ഉൾപ്പെടുത്തി ഒരോ ചികിത്സയ്ക്കും എത്ര രൂപ വീതമാണ് സഹായം നൽകുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) പല ആശുപത്രികളിലും ലഭ്യമാവുന്ന തുക ചികിത്സാ ചെലവിന് മതിയാകുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ചികിത്സ നടത്തുന്ന സർക്കാർ ആശുപത്രിയിൽ നിന്നും ലഭിക്കുന്ന ചികിത്സാ ചെലവ് കണക്കാക്കിക്കൊണ്ടുള്ള എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലും, അക്രെഡിറ്റഡ് ആശുപത്രികളിലെ ചികിത്സാ പാക്കേജിന്റെ അടിസ്ഥാനത്തിലും പരമാവധി രണ്ട് ലക്ഷം രൂപവരെയാണ് ചികിത്സാധനസഹായം അനുവദിക്കുന്നത്.

(ബി) ഓരോ രോഗിക്കുവേണ്ടിയും സർക്കാർ ആശുപത്രിയിൽ നിന്നും ലഭിക്കുന്ന ചികിത്സാ എസ്റ്റിമേറ്റ് അനുസരിച്ച് രോഗിയുടെ കുടുംബത്തിന് പരമാവധി രണ്ടുലക്ഷം രൂപ വരെയാണ് ചികിത്സാ ധനസഹായമായി പ്രസ്തുത ആശുപത്രികളിലേക്ക് അനുവദിക്കുന്നത്. രണ്ടുലക്ഷത്തിൽ കൂടുതൽ ചികിത്സാ ചെലവുവന്നാൽ കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും നൽകുവാൻ നിലവിൽ വ്യവസ്ഥയില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## കാരുണ്യ ബെനവലന്റ് ഫണ്ട്

**268 (624)** ശ്രീ. ബാബു എം. പാലിശ്ശേരി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും തൃശ്ശൂർ ജില്ലയിൽ എത്ര പേർക്ക് നാളിതുവരെ ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട് ;

(ബി) അനുവദിക്കപ്പെട്ടവരുടെ പേരുവിവരവും ഓരോരുത്തർക്കും അനുവദിച്ച തുകയും വ്യക്തമാക്കാമോ ?

ഉത്തരം

(എ) 312 പേർക്ക് വിവിധ ആശുപത്രികളിലേക്ക് ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

## ലോട്ടറി വകുപ്പിന്റെ ജീവകാരുണ്യ പ്രവർത്തനങ്ങൾ

**269 (625)** ശ്രീ. വർക്കല കഹാർ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. കെ. അച്ചുതൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് ഭാഗ്യക്കുറി വകുപ്പിനെ മഹത്തായ ജീവകാരുണ്യ പ്രസ്ഥാനമാക്കി മാറ്റുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ;

(ബി) ഏതെല്ലാം ഭാഗ്യക്കുറികളാണ് ഇതിനായി തുടങ്ങിയിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ലോട്ടറിയുടെ ഘടനയിലും സമ്മാനത്തുകയിലും എന്തെല്ലാം മാറ്റങ്ങൾ വരുത്തുകയുണ്ടായി, വിശദമാക്കുമോ ;

(ഡി) ലോട്ടറിയിൽ നിന്നുള്ള വരുമാനം ഏതെല്ലാം കാരുണ്യ പ്രവർത്തനങ്ങൾക്കായാണ് വിനിയോഗിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിർദ്ധന വിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സാ ധനസഹായം നൽകുന്നതിനായി കാരുണ്യ ഭാഗ്യക്കുറിയിൽ നിന്നുള്ള ലാഭം വിനിയോഗിച്ച് കാരുണ്യ ബെനവലന്റ് ഫണ്ട് എന്ന പദ്ധതി ആരംഭിച്ചു. കാൻസർ, ഹൃദയം, വൃക്ക, തലച്ചോർ, കരൾ ഹീമോഫീലിയ രോഗികൾക്കും പാലിയേറ്റീവ് കെയറിനും ധനസഹായം നൽകുന്നു. ഇത് ഇന്ത്യയിലെതന്നെ ആദ്യത്തെ അനുകരണീയമായ ഒരു പദ്ധതിയാണ്. കാരുണ്യ ചികിത്സാ സഹായനിധിയിലൂടെ സംസ്ഥാനത്ത് ഇതേവരെ 7502 പേർക്കായി 79.17 കോടി രൂപ വിവിധ ആശുപത്രികളിലൂടെ അനുവദിച്ചിട്ടുണ്ട്.

(ബി) ശനിയാഴ്ചതോറും നറുക്കെടുക്കുന്ന 50 രൂപ മുഖവിലയുള്ള കാരുണ്യ ഭാഗ്യക്കുറിയിൽ നിന്നുള്ള ലാഭമാണ് കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിക്കായി വിനിയോഗിക്കുന്നത്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന സമയത്ത് ആഴ്ചയിൽ ഒരു ദിവസം മാത്രം നിലവിലുണ്ടായിരുന്ന വിൻവിൻ ഭാഗ്യക്കുറി 63 ലക്ഷം ടിക്കറ്റുകൾ അച്ചടിച്ച് 7 പരമ്പരകളിലായി വിൽപ്പന നടത്തിയിരുന്നു. ടി ഭാഗ്യക്കുറിയിൽ 2 സ്ലാബുകളിലായി 1000 ടിക്കറ്റുകൾ വരെ 35 ശതമാനം 1000 ടിക്കറ്റിനു മുകളിൽ 35.25 ശതമാനം എന്ന നിരക്കുകളിൽ ഡിസ്കൗണ്ട് ഏജന്റു മാർക്ക് നൽകിയിരുന്നു. 2011 ആഗസ്റ്റ് മാസത്തിൽ എല്ലാ ദിവസവും പ്രതിവാര ഭാഗ്യക്കുറികൾ പുനഃരാരംഭിച്ചു. വിൻവിൻ ഭാഗ്യക്കുറിയുടെ സമ്മാനഘടന 5 പരമ്പരകളിലായി 25 ലക്ഷം ടിക്കറ്റുകൾ അച്ചടിക്കത്തക്കവിധത്തിൽ പരിഷ്കരിച്ചു. പുതുതായി ആരംഭിച്ച 20 രൂപ മുഖവിലയുള്ള പൗർണ്ണമി, അക്ഷയ ഭാഗ്യനിധി എന്നീ ഭാഗ്യക്കുറികൾ പരമാവധി 25 ലക്ഷം ടിക്കറ്റുകളും 40 രൂപ മുഖവിലയുള്ള പ്രതീക്ഷ, ധനശ്രീ എന്നീ ഭാഗ്യക്കുറികളും, 50 രൂപ മുഖവിലയുള്ള കാരുണ്യ ഭാഗ്യക്കുറിയും പരമാവധി 20 ലക്ഷം ടിക്കറ്റുകൾ എന്ന കണക്കിനും 5 പരമ്പരകളിലായി അച്ചടിക്കത്തക്കവിധം സമ്മാനഘടനകൾ ആവിഷ്കരിച്ചു. 20 രൂപ മുഖവിലയുള്ള ഭാഗ്യക്കുറിയുടെ ഡിമാന്റ് വർദ്ധിച്ച സാഹചര്യത്തിൽ ക്രമേണ 45 ലക്ഷം ടിക്കറ്റുകൾ അച്ചടിക്കത്തക്കവിധം സമ്മാനഘടന പരിഷ്കരിക്കുകയും നിലവിൽ 45 ലക്ഷം ടിക്കറ്റുകൾ അച്ചടിക്കുകയും ചെയ്യുന്നു. 40 രൂപ, 50 രൂപ മുഖവിലയുള്ള ഭാഗ്യക്കുറികൾ നിലവിൽ 22.5 ലക്ഷം ടിക്കറ്റുകൾ അച്ചടിക്കുന്നു. ജൂലൈ 2012 മുതൽ 5000 രൂപയുടെ സമ്മാനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുകയും, ഡിസ്കൗണ്ട് 20 രൂപ മുഖവിലയുള്ള ഭാഗ്യക്കുറികളിൽ 26 ശതമാനം, 28 ശതമാനം എന്നീ നിരക്കുകളിലും, 40 രൂപ 50 രൂപ മുഖവിലയുള്ള ഭാഗ്യക്കുറികൾക്ക് 28 ശതമാനം, 30 ശതമാനം എന്നീ നിരക്കുകളിലും വർദ്ധിപ്പിക്കുകയും ചെയ്തു. എല്ലാ ദിവസവും ഭാഗ്യക്കുറികൾ ആരംഭിച്ചപ്പോൾ സമ്മാനത്തുക ശരാശരി 2.4 കോടി രൂപയായിരുന്നു. ഏഴ് നറുക്കെടുപ്പുകളിലായി നിലവിൽ ശരാശരി 4.27 കോടി രൂപ സമ്മനത്തുകയായി നൽകുന്നു.

(ഡി) കാരുണ്യ ഭാഗ്യക്കുറിയിൽ നിന്നുള്ള ലാഭം നിർദ്ധന വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് ചികിത്സാധനസഹായം നൽകുന്നതിന് വിനിയോഗിക്കുന്നു.

## ലോട്ടറി നടത്തിപ്പുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ

270 (626) ശ്രീ. കെ. വി. വിജയദാസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലോട്ടറി നടത്തിപ്പുമായി ബന്ധപ്പെട്ട് എന്തെങ്കിലും ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകാമോ ;

(ബി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ ?

### ഉത്തരം

(എ&ബി) ലോട്ടറി നടത്തിപ്പുമായി ബന്ധപ്പെട്ട് ക്രമക്കേടുകൾ ഒന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ വ്യാജ ഒപ്പിട്ട് വൗച്ചറുകൾ ഹാജരാക്കി ഏജന്റ് പ്രൈസ് കൈപ്പറ്റിയതുമായി ബന്ധപ്പെട്ട് എറണാകുളം ജില്ലാ ഭാഗ്യക്കുറി ഓഫീസിലും, പണം തിരിമറി നടത്തിയതുമായി ബന്ധപ്പെട്ട് കൊല്ലം ജില്ലാ ഭാഗ്യക്കുറി ഓഫീസിലും ക്രമക്കേടുകൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വ്യാജ ഒപ്പിട്ട് വൗച്ചറുകൾ ഹാജരാക്കി ഏജന്റ് പ്രൈസ് കൈപ്പറ്റിയ വിഷയത്തിൽ പോലീസ് അന്വേഷണം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കൊല്ലം ജില്ലാ ഭാഗ്യക്കുറി ഓഫീസിലെ ക്യാഷ്യർ ക്യാഷ് ട്രാൻസാക്ഷനിൽ തിരിമറി നടത്തി പണം അപഹരിച്ചതായി പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തുകയും ഇതിനെ തുടർന്ന് ജില്ലാ ഭാഗ്യക്കുറി ഓഫീസർ, അസ്സി. ജില്ലാ ഭാഗ്യക്കുറി ഓഫീസർ, ജൂനിയർ സൂപ്രണ്ട്, ക്യാഷ്യർ തുടങ്ങിയ ഓഫീസർമാരെ സസ്പെൻഡ് ചെയ്യുകയും പോലീസ് അന്വേഷണത്തിന് ഉത്തരവിടുകയും ചെയ്തിട്ടുണ്ട്.

## ഭാഗ്യക്കുറി വകുപ്പ് നവീകരിക്കാൻ നടപടി

271 (627) ശ്രീ. ആർ. രാജേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാ ഭാഗ്യക്കുറി ആഫീസുകൾക്ക് സ്വന്തമായി കെട്ടിടമുണ്ടോ ; ഇല്ലെങ്കിൽ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ;

(ബി) സംസ്ഥാന ലോട്ടറി വകുപ്പ് എത്ര ലോട്ടറികളാണ് ഒരാഴ്ചയിൽ വില്പന നടത്തുന്നത് ; ഓരോ ലോട്ടറിയും എത്ര ലക്ഷം ടിക്കറ്റുകളാണ് അച്ചടിക്കുന്നത് ; ഈ ടിക്കറ്റുകൾ ജില്ലാ ഭാഗ്യക്കുറി ആഫീസുകളിൽ മതിയായ സംരക്ഷണയിലാണോ സൂക്ഷിക്കുന്നത് ; എല്ലാ ജില്ലാ ആഫീസുകളിലും രാത്രികാല കാവൽ ജോലിക്ക് പ്രത്യേകം ആളെ നിയമിച്ചിട്ടുണ്ടോ ;

(സി) 2013 ജനുവരി 31 വരെ ഭാഗ്യക്കുറി വകുപ്പിൽ എത്ര രൂപ ലാഭം ഉണ്ടായിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഭാഗ്യക്കുറി വകുപ്പിൽ ആകെയുള്ള സ്ഥിരം ജീവനക്കാർ എത്ര ; അച്ചടിക്കപ്പെടുന്ന ടിക്കറ്റുകൾ കൃത്യമായി വില്പന നടത്തുന്നതിനും സമ്മാന വിതരണം നടത്തുന്നതിനും നിലവിലുള്ള ജീവനക്കാർ പര്യാപ്തമാണോ ; ഇല്ലെങ്കിൽ പുതിയ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുമോ ?

ഉത്തരം

(എ) സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന് ജില്ലാ ഭാഗ്യക്കുറി ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടങ്ങൾ ഇല്ല. കെട്ടിട നിർമ്മാണം ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഭാഗ്യക്കുറി വകുപ്പ് ആഴ്ചയിൽ 7 പ്രതിവാര ഭഗ്യക്കുറികളുടെ നറുക്കെടുപ്പുകൾ നടത്തുന്നു. പ്രസ്തുത ഭാഗ്യക്കുറികളുടെ വിൽപ്പന നറുക്കെടുപ്പ് തീയതിക്ക് 14 ദിവസം മുമ്പ് ആരംഭിക്കുന്നു. ആയതിനാൽ ആഴ്ചയിൽ പ്രതിവാര ഭാഗ്യക്കുറികളുടെ ഒന്നിൽ കൂടുതൽ നറുക്കെടുപ്പുകളുടെ ടിക്കറ്റുകൾ വിൽക്കപ്പെടുന്നു. ഇതിനുപുറമേ ബമ്പർ ഭാഗ്യക്കുറിയും വിൽക്കപ്പെടുന്നു.

| ക്രമ നമ്പർ | ദിവസം | ഭാഗ്യക്കുറിയുടെ പേര് | അച്ചടിക്കുന്ന ടിക്കറ്റുകളുടെ എണ്ണം | മുഖവില |
|---|---|---|---|---|
| 1 | തിങ്കൾ | വിൻ വിൻ | 45 ലക്ഷം | 20 രൂപ |
| 2 | ചൊവ്വ | ധനശ്രീ | 22.5 " | 40 " |
| 3 | ബുധൻ | അക്ഷയ | 45 " | 20 " |
| 4 | വ്യാഴം | പ്രതീക്ഷ | 22.5 " | 40 " |
| 5 | വെള്ളി | ഭാഗ്യനിധി | 45 " | 20 " |
| 6 | ശനി | കാരുണ്യ | 22.5 " | 50 " |
| 7 | ഞായർ | പൗർണ്ണമി | 45 " | 20 " |

ടിക്കറ്റുകൾ ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിൽ മതിയായ സംരക്ഷണയിലാണ് സൂക്ഷിക്കുന്നത്. സിവിൽ സ്റ്റേഷൻ കെട്ടിടങ്ങളിൽ സ്ഥിതി ചെയ്യുന്ന, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലാ ഭാഗ്യക്കുറി ഓഫീസുകൾ ഒഴികെ വകുപ്പിന്റെ എല്ലാ ഓഫീസുകളിലും രാത്രികാല കാവൽ ജോലിയ്ക്ക് ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

(സി) 2012-13 സാമ്പത്തിക വർഷത്തെ ലാഭം കണക്കാക്കുന്നത് 1-4-2012 മുതൽ 31-3-2013 വരെയുള്ള വരവ് ചെലവ് കണക്കുകളുടെ അടിസ്ഥാനത്തിലാണ്. താൽക്കാലിക കണക്കുകൾ പ്രകാരം, ഈ സാമ്പത്തിക വർഷം ജനുവരി 31 വരെ ഏകദേശം 536.98 കോടി രൂപ ലാഭം (Non Tax Revenue) ഉണ്ടായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഭാഗ്യക്കുറി വകുപ്പിലെ സ്ഥിരം ജീവനക്കാരുടെ എണ്ണം-481. 2-2-2013 ലെ G.O.(MS)No.17-2013/TD പ്രകാരം പുനലൂർ, കട്ടപ്പന, താമരശ്ശേരി എന്നിവിടങ്ങളിൽ താലൂക്ക് ഓഫീസുകൾ തുടങ്ങുന്നതിനും ഇതിലേക്കായി 3 അസിസ്റ്റന്റ് ജില്ലാ ഭാഗ്യക്കുറി ഓഫീസർ, 3 ജൂനിയർ സൂപ്രണ്ട്, 6 എൽ.ഡി.സി., 3 ഓഫീസ് അറ്റൻഡന്റ് എന്നിങ്ങനെ 15 തസ്തികകൾ സൃഷ്ടിച്ചു. ഇതു കൂടാതെ 5-7-2012-ലെ G.O.(Rt.)No.484/12/TD പ്രകാരം 84 ക്ലാർക്കുമാരേയും 16 ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 179 ദിവസത്തേക്ക് നിയമനം നൽകുന്നതിന് ലോട്ടറി ഡയറക്ടർക്ക് അനുമതി നൽകിയിരുന്നു. ഇനിയും കൂടുതൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

**കെ.എസ്.എഫ്.ഇ. ജീവനക്കാരനെതിരെയുള്ള അച്ചടക്ക നടപടി**

**272 (628)** ശ്രീ. എം. എ. ബേബി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ. റൂൾസ്, കെ.എസ്.എഫ്.ഇ.-യ്ക്ക് ബാധകമാണോ ;

(ബി) കെ.എസ്.എഫ്.ഇ. യെ സംബന്ധിച്ചിടത്തോളം ഒരു ജീവനക്കാരന് എതിരെയുള്ള പരമാവധി സസ്പെൻഷൻ കാലയളവ് എത്രയാണ് ;

(സി) കെ.എസ്.എഫ്.ഇ. യിൽ ജീവനക്കാരുടെ സമ്മതത്തോടെ രക്ത അവയവദാന ഡയറക്ടറി പ്രസിദ്ധീകരിക്കുന്നതിന് ഏതെങ്കിലും തരത്തിൽ നിരോധനമുണ്ടോ ;

(ഡി) കെ.എസ്.എഫ്.ഇ.-യിൽ നിന്നും സസ്പെന്റ് ചെയ്യപ്പെട്ട വൈ. എ. റഹീമിന്റെ പേരിലുള്ള കുറ്റമെന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ബാധകമാണ്.

(ബി) സസ്പെൻഷൻ കാലാവധി എത്രയെന്ന് നിജപ്പെടുത്തിയിട്ടില്ല.

(സി) കെ.എസ്.എഫ്.ഇ. യിൽ ജീവനക്കാരുടെ അവയവദാന ഡയറക്ടറി പ്രസിദ്ധീകരിക്കുന്നതിന് ആർക്കും അനുമതി നൽകിയിട്ടില്ല. കെ.എസ്.എഫ്.ഇ.-യുടെ സ്റ്റാന്റിംഗ് ഓർഡറിലെ വ്യവസ്ഥ പ്രകാരം ഇത്തരം വിഷയങ്ങളിൽ മാനേജിംഗ് ഡയറക്ടറുടെ മുൻകൂർ അനുമതി തേടേണ്ടതുണ്ട്.

(ഡി) ശ്രീ. വൈ.എ.റഹീമിന്റെ പേരിലുള്ള പ്രധാന കുറ്റങ്ങൾ താഴെ പറയുന്നവയാണ് :

1. ശ്രീ. വൈ.എ. റഹീം കമ്പനിയുടെ അനുമതി കൂടാതെ ജീവനക്കാരുടെ ഒരു ഡയറക്ടറി പ്രസിദ്ധീകരിക്കുന്നതിലേക്ക് സ്ഥാപനങ്ങളിൽ നിന്ന് പണപ്പിരിവ് നടത്തുന്നതിനും പരസ്യം ക്ഷണിക്കുന്നതിനും നടപടി സ്വീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

2. പണപ്പിരിവ് നടത്തുന്നതിനായി കമ്പനി ലെറ്റർ ഹെഡ്ഡും ഔദ്യോഗിക സ്ഥാനമാനങ്ങളും ദുരുപയോഗം ചെയ്തു.

3. ശ്രീ. വൈ.എ. റഹീം പ്രസിദ്ധീകരിക്കാൻ മുൻകൈയെടുത്ത കെ.എസ്.എഫ്.ഇ. ജീവനക്കാരുടെ ഡയറക്ടറി കമ്പനി ജീവനക്കാരുടെ സ്വകാര്യ വിവരങ്ങൾ ഉൾപ്പെടെ അടങ്ങിയതാണ്. ഇത് സംബന്ധിച്ച് മാനേജിംഗ് ഡയറക്ടറുടെ മുൻകൂർ അനുമതി തേടിയിരുന്നില്ല.

## സ്റ്റേറ്റ് ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനം വിപുലമാക്കാൻ നടപടി

**273 (629)** ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കമേഴ്സ്യൽ ഡിപ്പാർട്ടുമെന്റായി പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനം കൂടുതൽ വിപുലമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദവിവരം നൽകാമോ ;

(ബി) സംസ്ഥാന ജീവനക്കാർ, അദ്ധ്യാപകർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ എന്നിവർക്ക് ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ ആരംഭിച്ച അപകട ഇൻഷ്വറൻസ് പദ്ധതി പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിജയകരമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ;

(സി) സംസ്ഥാന പെൻഷൻകാരുടെ കാര്യത്തിൽ സമാനമായ പദ്ധതികളേതെങ്കിലും പരിഗണനയിലുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനം കൂടുതൽ വിപുലമാക്കാൻ ഉദ്ദേശിക്കുന്നതിന്റെ ഭാഗമായി ഇൻഷ്വറൻസ് വകുപ്പ് സമ്പൂർണ്ണമായി കമ്പ്യൂട്ടർവത്കരിക്കുന്നതിനും Accrual based double entry system ഏർപ്പെടുത്തുന്നതിനുമുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. സ്കൂൾ വിദ്യാർത്ഥികൾക്കുള്ള അപകട ഇൻഷ്വറൻസ് പദ്ധതി ഈ വകുപ്പിലൂടെ നടപ്പാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. സംസ്ഥാന ജീവനക്കാർ, അദ്ധ്യാപകർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ എന്നിവർക്കായി ആരംഭിച്ച അപകട ഇൻഷ്വറൻസ് പദ്ധതിയിൽ 2011 വർഷം 5.44 കോടി രൂപയുടെ നഷ്ടം ഉണ്ടായി. 2012-ൽ നഷ്ടം 1.13 കോടി രൂപയായി കുറഞ്ഞു. 2013-ൽ നഷ്ടം ഒഴിവാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) സംസ്ഥാന പെൻഷൻകാരുടെ കാര്യത്തിൽ അപകട ഇൻഷ്വറൻസ് പദ്ധതികൾ ഒന്നും ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

## കെട്ടിട വാടക നിയന്ത്രണ നിയമ പരിഷ്കരണം

**274 (630)** ശ്രീ. സി. മമ്മൂട്ടി :
ശ്രീ. എം. ഉമ്മർ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെട്ടിടവാടക നിയന്ത്രണ നിയമം പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഏതുവിധത്തിലുള്ള പരിഷ്കരണമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനായി കെട്ടിട ഉടമകളുടെയും വാടകക്കാരുടെയും പ്രതിനിധികളിൽ നിന്നും അഭിപ്രായ ശേഖരണം നടത്തിയിട്ടുണ്ടോ ; എങ്കിൽ പൊതുവികാരം എന്തായിരുന്നു ; വ്യക്തമാക്കുമോ ;

(സി) പരിഷ്ക്കരണം നടത്തുമ്പോൾ കെട്ടിട ഉടമയും വാടകക്കാരനും തമ്മിലുള്ള നല്ല ബന്ധം നിലനിർത്തത്തക്ക വിധത്തിലാവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ ?

### ഉത്തരം

(എ) ഉണ്ട്. കേന്ദ്ര സർക്കാർ തയ്യാറാക്കിയ മോഡൽ വാടക നിയമം, നിയമ പരിഷ്കരണ സമിതി തയ്യാറാക്കിയ കരട് ബില്ല്, നിലവിലുള്ള 1965-ലെ കെട്ടിട വാടക നിയന്ത്രണ നിയമത്തിലെ സ്വീകാര്യമായ വ്യവസ്ഥകൾ, വിവിധ സംസ്ഥാനങ്ങളിലെ പരിഷ്കരിച്ച വാടക നിയന്ത്രണ നിയമങ്ങൾ, തത്പര കക്ഷികളുടെ നിർദ്ദേശങ്ങൾ തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ പുതിയ കേരള കെട്ടിട (പാട്ട, ന്യായ വാടക, മറ്റ് സൗകര്യങ്ങൾ) ബില്ലിന്റെ കരട് തയ്യാറാക്കിയിട്ടുള്ളത്.

(ബി) വ്യാപാരി വ്യവസായി സംഘടന പ്രതിനിധികളും കെട്ടിട ഉടമകളുടെ സംഘടനപ്രതിനിധികളും മറ്റുബന്ധപ്പെട്ടവരുമായി 17-10-2012-ലും 3-12-2012-ലും ധന, നിയമ, ഭവന വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പുതിയ കരട് കേരള കെട്ടിട (പാട്ട, ന്യായ വാടക, മറ്റ് സൗകര്യങ്ങൾ) ബില്ലിനെ സംബന്ധിച്ച് ചർച്ച ചെയ്യുകയും ചർച്ചകളിൽ പങ്കെടുത്തവരെല്ലാം തന്നെ കരട് ബിൽ ചില ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

(സി) പരിഷ്കരിച്ച കരട് കേരള കെട്ടിട (പാട്ട, ന്യായ വാടക, മറ്റ് സൗകര്യങ്ങൾ) ബില്ലിൽ കെട്ടിട ഉടമയും വാടകക്കാരനും തമ്മിൽ നല്ല ബന്ധം നിലനിർത്തുവാൻ ഉതകുന്ന തരത്തിലുള്ള വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

## കുട്ടികൾക്ക് വേണ്ടിയുള്ള നിയമസഹായം

275 (631) ശ്രീ. പാലോട് രവി :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. വർക്കല കഹാർ :
ശ്രീ. എ. റ്റി. ജോർജ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടികൾക്ക് വേണ്ടിയുള്ള നിയമസഹായം ത്വരിതപ്പെടുത്തുന്നതിനുള്ള പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം തരം കുട്ടികൾക്കാണ് നിയമസഹായം നൽകുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) എവിടെയെല്ലാമാണ് ഈ പദ്ധതി നടപ്പാക്കിവരുന്നത് ?

### ഉത്തരം

(എ) ഉണ്ട്. 1987-ലെ ലീഗൽ സർവ്വീസസ് അതോറിറ്റീസ് ആക്ട് വകുപ്പ് 12 (സി) പ്രകാരം കുട്ടികൾ സൗജന്യ നിയമ സഹായത്തിന് അർഹതയുള്ള വിഭാഗമാണ്. കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയും അനുബന്ധ സ്ഥാപനങ്ങളായ ഹൈക്കോർട്ട് ലീഗൽ സർവ്വീസസ് കമ്മിറ്റി, ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികൾ, താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റികൾ മുതലായ ലീഗൽ സർവ്വീസസ് സ്ഥാപനങ്ങളും കാലാകാലങ്ങളായി കുട്ടികൾക്ക് നിയമ പരിരക്ഷയും സൗജന്യ നിയമ സഹായവും നൽകിവരുന്നു. കുട്ടികൾക്കുള്ള നിയമ സഹായ പദ്ധതി ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി ബഹു. സുപ്രീം കോടതിയുടെ നിർദ്ദേശ പ്രകാരം കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റി പോലീസ് സ്റ്റേഷനുകളിലെ ജുവനൈൽ വെൽഫെയർ ഓഫീസർമാർക്കായി പ്രത്യേക പരിശീലന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി കുട്ടികൾക്ക് നിയമ സഹായം നൽകുന്നതിനായി അഭിഭാഷകരുടെ പ്രത്യേക പാനൽ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത അഭിഭാഷകർക്ക് ജുവനൈൽ ജൂറിസ് പ്രൂഡൻസ്, ചൈൽഡ് സൈക്കോളജി ആന്റ് ബിഹേവിയറൽ സയൻസ് എന്നീ വിഷയങ്ങളിൽ പ്രത്യേക പരിശീലനവും നൽകിവരുന്നു. ബഹു.സുപ്രീം കോടതിയുടെ നിർദ്ദേശ പ്രകാരം സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റി 2000-ലെ ജുവനൈൽ ജസ്റ്റിസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) ആക്ട് (2000-ലെ 56-ാം നമ്പർ കേന്ദ്ര ആക്ട്) പ്രകാരം സംസ്ഥാനത്തെ കുട്ടികൾക്കുവേണ്ടിയുള്ള പ്രത്യേക മന്ദിരങ്ങളുടെ പ്രവർത്തനം വിലയിരുത്തിവരുന്നു.



LIBRARY ARCHIVES Kerala Legislative Assembly

ഇതിനുപുറമെ സംസ്ഥാനത്തെ ഓരോ ജില്ലയിലും ശിശു സംരക്ഷണ സമിതികളും ജുവനൈൽ ജസ്റ്റിസ് ബോർഡുകളും പ്രവർത്തിച്ചുവരുന്നു. 2005-ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കമ്മീഷനുകൾ ആക്ടിൻ കീഴിൽ (2006-ലെ 4-ാം കേന്ദ്ര ആക്ട്) 2012-ൽ കേരള സ്റ്റേറ്റ് കമ്മീഷൻ ഫോർ പ്രൊട്ടക്ഷൻ ഓഫ് ചൈൽഡ് റൈറ്റ്സ് റൂൾസ് ഉണ്ടാക്കുകയും കുട്ടികളുടെ അവകാശ സംരക്ഷണത്തിനായി സംസ്ഥാനത്ത് ഒരു ബാലാവകാശ കമ്മീഷൻ രൂപീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിക്കുകയും ചെയ്യുന്നുണ്ട്. അതിന്റെ ഭാഗമായി കമ്മീഷൻ ചെയർ പേഴ്സൺ, മെമ്പർമാർ എന്നിവരുടെ നിയമനത്തിനുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനു പുറമെ ഒരു സംസ്ഥാന ബാലാവകാശ നിയമം കൊണ്ടുവരുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു.

(ബി) നിയമത്തിന്റെ മുന്നിൽ വരുന്ന കുട്ടികളിൽ ശ്രദ്ധയും പരിചരണവും ആവശ്യമുള്ളവർ, നിയമ ലംഘനം നടത്തിയവർ എന്നീ രണ്ട് വിഭാഗങ്ങളാണ് ഉള്ളത്. ഈ രണ്ട് വിഭാഗങ്ങളെയും വേർതിരിച്ചറിയുന്നതിനും രണ്ട് കൂട്ടർക്കും അവരവർക്ക് ആവശ്യമായ നിയമ പരിരക്ഷ നൽകുന്നതിനും ഇപ്പോൾ നൽകി വരുന്ന നിയമസഹായം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുമായി ജുവനൈൽ വെൽഫെയർ ഓഫീസർമാരെയും അഭിഭാഷകരെയും പ്രാപ്തരാക്കുന്നതിനായുള്ള ബോധവൽക്കരണം നൽകുക എന്നതാണ് കേരള ലീഗൽ സർവ്വീസസ് അതോറിറ്റി മുഖേനയുള്ള പരിശീലന പദ്ധതി കൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത്. പ്രത്യേക മന്ദിരങ്ങളിൽ താമസിക്കുന്ന നിയമസഹായം ആവശ്യമുള്ള കുട്ടികൾക്ക് സൗജന്യമായി നിയമ സഹായം നൽകുക എന്നതാണ് ഗവ. ചിൽഡ്രൻസ് ഹോമുകൾ കേന്ദ്രീകരിച്ച് നടത്തുന്ന പദ്ധതിയുടെ ഉദ്ദേശ്യം.

(സി) 2000-ലോ ജുവനൈൽ ജസ്റ്റിസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) ആക്ട് പ്രകാരമുള്ള കുട്ടികൾക്കും നിയമ സഹായം ആവശ്യമുള്ള കുട്ടികൾക്കുമാണ് നിയമ സഹായം നൽകുന്നത്.

(ഡി) ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി മുഖേന കുട്ടികൾക്ക് നിയമസഹായം നൽകുന്ന പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കിയിട്ടുണ്ട്. അതിനായി അഭിഭാഷകരുടെ പ്രത്യേക പാനലുകളും രൂപീകരിച്ചിട്ടുണ്ട്. ഇപ്രകാരം അഭിഭാഷകരുടെ പാനൽ മുഖേന കുട്ടികൾക്ക് നിയമ സഹായം നൽകുന്ന പദ്ധതി എല്ലാ ജില്ലകളിലും നടപ്പാക്കിയിട്ടുണ്ട്.

## ഗവൺമെന്റ് പ്ലീഡർ, പ്രോസിക്യൂട്ടർ തസ്തികകളിലേക്കുള്ള നിയമനം

**276 (632)** ശ്രീ. എം. ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാ സെഷൻസ്, അഡീഷണൽ/അസിസ്റ്റന്റ് ജില്ലാ സെഷൻസ് കോടതികളിലായി എത്ര ഗവൺമെന്റ് പ്ലീഡർ, പ്രോസിക്യൂട്ടർ തസ്തികകളാണ് നിലവിലുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2013 ജനുവരി 31 വരെ ഈ തസ്തികകളിലേക്ക് എത്ര നിയമനം നടത്തി ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) ഇനിയും നിയമനം നടത്തുവാൻ ബാക്കിയുണ്ടെങ്കിൽ ആയതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ജില്ലാ സെഷൻസ് കോടതി, അഡീഷണൽ ജില്ലാ സെഷൻസ് കോടതി, അസിസ്റ്റന്റ് സെഷൻസ്/സബ് കോടതി കേന്ദ്രങ്ങളിലായി ആകെ 14 ജില്ലാ ഗവൺമെന്റ് പ്ലീഡർ ആന്റ് പബ്ലിക് പ്രോസിക്യൂട്ടർ തസ്തികകളും 106 അഡീഷണൽ ഗവ. പ്ലീഡർ ആന്റ് അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ തസ്തികകളുമാണ് നിലവിലുള്ളത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2013 ജനുവരി 31 വരെ തിരുവനന്തപുരം ജില്ലയിൽ ജില്ലാ ഗവൺമെന്റ് പ്ലീഡർ ആന്റ് പബ്ലിക് പ്രോസിക്യൂട്ടറുടെ തസ്തികയിലേക്കും 12 അഡീഷണൽ ഗവൺമെന്റ് പ്ലീഡർ ആന്റ് അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ തസ്തികകളിലേക്കും കൊല്ലം ജില്ലയിൽ 6 അഡീഷണൽ ഗവൺമെന്റ് പ്ലീഡർ ആന്റ് അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ തസ്തികകളിലേക്കും പത്തനംതിട്ട ജില്ലയിൽ 5 അഡീഷണൽ ഗവൺമെന്റ് പ്ലീഡർ ആന്റ് അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ തസ്തികകളിലേക്കും ആലപ്പുഴ ജില്ലയിൽ 9 അഡീഷണൽ ഗവൺമെന്റ് പ്ലീഡർ ആന്റ് അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ തസ്തികകളിലേക്കും കോട്ടയം ജില്ലയിൽ ജില്ലാ ഗവൺമെന്റ് പ്ലീഡർ ആന്റ് പബ്ലിക് പ്രോസിക്യൂട്ടറുടെ തസ്തികയിലേക്കും 6 അഡീഷണൽ ഗവൺമെന്റ് പ്ലീഡർ ആന്റ് അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ തസ്തികകളിലേക്കും ഇടുക്കി ജില്ലയിൽ 4 അഡീഷണൽ ഗവൺമെന്റ് പ്ലീഡർ ആന്റ് അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ തസ്തികകളിലേക്കും എറണാകുളം ജില്ലയിൽ 12 അഡീഷണൽ ഗവൺമെന്റ് പ്ലീഡർ ആന്റ് അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ തസ്തികകളിലേക്കും തൃശ്ശൂർ ജില്ലയിൽ 4 അഡീഷണൽ ഗവൺമെന്റ് പ്ലീഡർ ആന്റ് അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ തസ്തികകളിലേക്കും പാലക്കാട് ജില്ലയിൽ 4 അഡീഷണൽ ഗവൺമെന്റ് പ്ലീഡർ ആന്റ് അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ തസ്തികകളിലേക്കും മലപ്പുറം ജില്ലയിൽ 5 അഡീഷണൽ ഗവൺമെന്റ് പ്ലീഡർ ആന്റ് അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ തസ്തികകളിലേക്കും കോഴിക്കോട് ജില്ലയിൽ ജില്ലാ ഗവൺമെന്റ് പ്ലീഡർ ആന്റ് പബ്ലിക് പ്രോസിക്യൂട്ടർ തസ്തികകളിലേക്കും 10 അഡീഷണൽ ഗവൺമെന്റ് പ്ലീഡർ ആന്റ് അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ തസ്തികകളിലേക്കും വയനാട് ജില്ലയിൽ 2 അഡീഷണൽ ഗവൺമെന്റ് പ്ലീഡർ ആന്റ് അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ തസ്തികകളിലേക്കും കണ്ണൂർ ജില്ലയിൽ 6 അഡീഷണൽ ഗവൺമെന്റ് പ്ലീഡർ ആന്റ് അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ തസ്തികകളിലേക്കും കാസർഗോഡ് ജില്ലയിൽ 5 അഡീഷണൽ ഗവൺമെന്റ് പ്ലീഡർ ആന്റ് അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ തസ്തികകളിലേക്കും നിയമനങ്ങൾ നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കൊല്ലം ജില്ലയിൽ ജില്ലാ ഗവൺമെന്റ് പ്ലീഡർ ആന്റ് പബ്ലിക് പ്രോസിക്യൂട്ടർ തസ്തികകളിലേയ്ക്കും 2 അഡീഷണൽ ഗവൺമെന്റ് പ്ലീഡർ ആന്റ് അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ തസ്തികകളിലേക്കും പത്തനംതിട്ട ജില്ലയിൽ ജില്ലാ ഗവൺമെന്റ് പ്ലീഡർ ആന്റ് പബ്ലിക് പ്രോസിക്യൂട്ടർ തസ്തികകയിലേക്കും ഒരു അഡീഷണൽ ഗവൺമെന്റ് പ്ലീഡർ ആന്റ് അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ തസ്തികകളിലേക്കും ആലപ്പുഴ ജില്ലയിൽ ജില്ലാ ഗവൺമെന്റ് പ്ലീഡർ ആന്റ് പബ്ലിക് പ്രോസിക്യൂട്ടർ തസ്തികകയിലേക്കും കോട്ടയം ജില്ലയിൽ 2 അഡീഷണൽ ഗവൺമെന്റ് പ്ലീഡർ ആന്റ് അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ തസ്തികകളിലേക്കും ഇടുക്കി ജില്ലയിൽ ജില്ലാ ഗവൺമെന്റ് പ്ലീഡർ ആന്റ് പബ്ലിക് പ്രോസിക്യൂട്ടർ തസ്തികകളിലേക്കും ഒരു അഡീഷണൽ ഗവൺമെന്റ് പ്ലീഡർ ആന്റ് അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ തസ്തികകളിലേക്കും എറണാകുളം ജില്ലയിൽ ജില്ലാ ഗവൺമെന്റ് പ്ലീഡർ ആന്റ് പബ്ലിക് പ്രോസിക്യൂട്ടർ തസ്തികയിലേക്കും തൃശ്ശൂർ ജില്ലയിൽ ജില്ലാ ഗവൺമെന്റ് പ്ലീഡർ ആന്റ് പബ്ലിക് പ്രോസിക്യൂട്ടർ തസ്തികകളിലേക്കും 2 അഡീഷണൽ ഗവൺമെന്റ് പ്ലീഡർ ആന്റ് അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ തസ്തികകളിലേക്കും പാലക്കാട് ജില്ലയിൽ ജില്ലാ ഗവൺമെന്റ് പ്ലീഡർ ആന്റ് പബ്ലിക് പ്രോസിക്യൂട്ടർ തസ്തികയിലേക്കും മലപ്പുറം ജില്ലയിൽ ജില്ലാ ഗവൺമെന്റ് പ്ലീഡർ ആന്റ് പബ്ലിക് പ്രോസിക്യൂട്ടർ തസ്തികകളിലേക്കും വയനാട് ജില്ലയിൽ ജില്ലാ ഗവൺമെന്റ് പ്ലീഡർ ആന്റ് പബ്ലിക് പ്രോസിക്യൂട്ടർ തസ്തികയിലേക്കും, ഒരു അഡീഷണൽ ഗവൺമെന്റ് പ്ലീഡർ ആന്റ് അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ തസ്തികകളിലേക്കും കണ്ണൂർ ജില്ലയിൽ ജില്ലാ ഗവൺമെന്റ് പ്ലീഡർ ആന്റ് പബ്ലിക് പ്രോസിക്യൂട്ടർ തസ്തികയിലേക്കും ഒരു അഡീഷണൽ ഗവൺമെന്റ് പ്ലീഡർ ആന്റ് അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ തസ്തികകളിലേക്കും കാസർഗോഡ് ജില്ലയിൽ ജില്ലാ ഗവൺമെന്റ് പ്ലീഡർ ആന്റ് പബ്ലിക് പ്രോസിക്യൂട്ടർ തസ്തികയിലേക്കും ഇനിയും നിയമനം നടത്തുവാനുണ്ട്.

**മണൽ ദൗർലഭ്യം പരിഹരിക്കാൻ നടപടി**

**277 (633)** ശ്രീ. കെ. ശിവദാസൻ നായർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണൽ ദൗർലഭ്യംമൂലം കെട്ടിടം പണി ഉൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നതായി ഭവനനിർമ്മാണ വകുപ്പിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ മണൽ ദൗർലഭ്യം പരിഹരിക്കുന്നതിന് എന്തുനടപടിയാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളത് ;

(സി) മണലിന്റെയും മെറ്റൽ ക്രഷർ ഉൽപ്പന്നങ്ങളുടെയും ക്രമാതീതമായ വില വർദ്ധനവ് നിയന്ത്രിക്കാൻ എന്തുനടപടിയാണ് വകുപ്പ് സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി&സി) മണൽ ദൗർലഭ്യം പരിഹരിക്കുന്നതിനായി പോലീസ്, റവന്യൂ അധികൃതർ പിടിച്ചെടുക്കുന്ന മണൽ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ കീഴിലുള്ള കോഴിക്കോട്, പാല എന്നീ റീജിണൽ നിർമ്മിതി കേന്ദ്രങ്ങൾവഴിയും എല്ലാ ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾവഴിയും വിതരണം ചെയ്യുന്നുണ്ട്. കൂടാതെ ജയിൽ വകുപ്പുമായി ചേർന്ന് M sand മണൽ ഉൽപ്പാദിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഭവന നിർമ്മാണ ബോർഡ് പദ്ധതികൾ

**278 (634)** ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് പാവപ്പെട്ട കുടുംബങ്ങൾക്കായി നിലവിൽ ഏതെങ്കിലും ഹൗസിംഗ് സ്കീം നടപ്പിലാക്കുന്നുണ്ടോ. എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതിയുമായി ഇതിനെ സംയോജിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും നാമമാത്ര തുക സ്വീകരിച്ച് വീട് പണി പൂർത്തീകരിക്കാൻ കഴിയാത്ത ബി. പി. എൽ. കുടുംബങ്ങൾക്ക് ഈ പദ്ധതിയുടെ സഹായം അനുവദിക്കുമോ ;

(ഡി) ബി. പി. എൽ. കുടുംബങ്ങൾക്കും പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്കും മത്സ്യ തൊഴിലാളികൾക്കും വീട് നിർമ്മാണത്തിനുള്ള സാമഗ്രികൾ സൗജന്യ നിരക്കിലോ കുറഞ്ഞ നിരക്കിലോ വിതരണം ചെയ്യുന്ന പദ്ധതി ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് പാവപ്പെട്ട കുടുംബങ്ങൾക്കായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

1. ഇന്നൊവേറ്റീവ് ഭവന പദ്ധതി

നഗര പ്രദേശങ്ങളിൽ ജോലി ചെയ്തുകൊണ്ട് നഗരത്തിന് പുറത്ത് താമസിക്കുന്ന പാവപ്പെട്ട തൊഴിലാളികൾക്ക് (BPL) നഗരത്തിൽ താമസസൗകര്യം ലഭ്യമാക്കുന്നതിനായി ഫ്ളാറ്റുകൾ നിർമ്മിച്ച് മിതമായ വാടകയ്ക്ക് നൽകുന്ന പദ്ധതിയാണിത്. പദ്ധതിയിലൂടെ തിരുവനന്തപുരത്ത് പൂജപ്പുരയിൽ 40 ഫ്ളാറ്റുകളും കൊച്ചിയിൽ തൃക്കാക്കരയിൽ 36 ഫ്ളാറ്റുകളും തൃശ്ശൂർ കുട്ടനെല്ലൂരിൽ 24 ഫ്ളാറ്റുകളും നിർമ്മിച്ചിട്ടുണ്ട്. തൃശ്ശൂർ കുട്ടനെല്ലൂരിൽ 48 ഫ്ളാറ്റുകളും കോഴിക്കോട് മെഡിക്കൽ കോളേജിനുസമീപം 40 ഫ്ളാറ്റുകളും നിർമ്മിച്ചുവരുന്നു.

2. സാഫല്യം ഭവന പദ്ധതി

സമൂഹത്തിലെ ദുർബല വിഭാഗത്തിൽപ്പെട്ട ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഭൂ-ഭവന രഹിതരായവർക്ക് പാർപ്പിടം ലഭ്യമാക്കുന്നതിനായി സർക്കാർ സബ്സിഡിയോടുകൂടി ഫ്ളാറ്റുകൾ നിർമ്മിച്ചു നൽകുന്ന പദ്ധതിയാണിത്. പദ്ധതിയുടെ ആദ്യഘട്ടമായി 400 ഫ്ളാറ്റുകൾ (കൊല്ലം ജില്ലയിൽ ചാത്തന്നൂരിൽ 48 ഫ്ളാറ്റുകൾ, ആലപ്പുഴ ജില്ലയിൽ ചെട്ടികുളങ്ങരയിൽ 24 ഫ്ളാറ്റുകൾ, കോട്ടയം ജില്ലയിൽ അകലക്കുന്നത്ത് 48 ഫ്ളാററുകൾ, തൃശ്ശൂർ ജില്ലയിൽ പുതുക്കാട് 72 ഫ്ളാറ്റുകൾ, കോഴിക്കോട് ജില്ലയിൽ ചേളന്നൂരിൽ 66 ഫ്ളാറ്റുകൾ, മലപ്പുറം ജില്ലയിൽ തിരുവാലിയിൽ 60 ഫ്ളാറ്റുകൾ, പാലക്കാട് ജില്ലയിൽ എലപ്പുള്ളിയിൽ 82 ഫ്ളാറ്റുകൾ) നിർമ്മിക്കുന്നതാണ്.

3. സുരക്ഷ ഭവന പദ്ധതി, ലക്ഷംവീട് പുനർനിർമ്മാണ പദ്ധതി, സുനാമി പുനരധിവാസ ഭവന നിർമ്മാണ പദ്ധതി, കോഴിക്കോട് ശാന്തി നഗർ (ബംഗ്ളാദേശ് കോളനി) പുനരധിവാസ ഭവന നിർമ്മാണ പദ്ധതി എന്നിവയും ബോർഡ് പാവങ്ങൾക്കായി നടപ്പാക്കുന്ന പദ്ധതികളാണ്.

(ബി) ഇല്ല.

(സി) മേൽപ്പറഞ്ഞ പദ്ധതികളിൽ അനുവദിക്കാൻ വ്യവസ്ഥയില്ല.

(ഡി) ഇപ്പോൾ കലവറകൾവഴി സിമന്റ്, കമ്പി, മണൽ എന്നിവ കുറഞ്ഞ വിലനിരക്കിൽ നിയന്ത്രിത അളവിൽ ബി.പി.എൽ. കുടുംബങ്ങൾക്ക് ഗൃഹനിർമ്മാണത്തിനായി നൽകിവരുന്നു.

**സംസ്ഥാന ഭവനനിർമ്മാണ ബോർഡ്**

**279 (635)** ശ്രീ. ജെയിംസ് മാത്യു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ പ്രവർത്തനങ്ങൾ സർക്കാരോ മറ്റ് സ്ഥാപനങ്ങളോ വിലയിരുത്താറുണ്ടോ ;

(ബി) സർക്കാർ പട്ടികയിൽ ഭവനനിർമ്മാണ ബോർഡ് ഒരു പൊതുമേഖലാ സ്ഥാപനമായിട്ടാണോ അതോ സ്റ്റാറ്റ്യൂട്ടറി പദവിയുള്ള അർദ്ധ സർക്കാർ സ്ഥാപനമായിട്ടാണോ വിവക്ഷിച്ചിട്ടുള്ളത് ;

(സി) പൊതുമേഖലാ സ്ഥാപനമാണെങ്കിൽ കൺട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ റിപ്പോർട്ടുകളിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭനഷ്ടകണക്കുകളിൽ ഭവന നിർമ്മാണ ബോർഡിനെ ഉൾപ്പെടുത്താത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

<u>ഉത്തരം</u>

(എ) സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ പ്രവർത്തനങ്ങളെ സർക്കാർ വിലയിരുത്താറുണ്ട്.

(ബി) 1971 ൽ പ്രസിദ്ധീകരിച്ച കേരള സ്റ്റേറ്റ് ഹൗസിംഗ്ബോർഡ് ആക്ട് പ്രകാരം ബോർഡ് സ്റ്റാറ്റ്യൂട്ടറി പദവിയുള്ള ഒരു പൊതുമേഖലാ സ്ഥാപനമാണ്. ഇതിന്റെ ചെയർമാൻ ഉൾപ്പെടെയുള്ള ഡയറക്ടർ ബോർഡ് അംഗങ്ങളെ സർക്കാരാണ് നിയമിക്കുന്നത്. കേരള സർക്കാർ ഭവന നിർമ്മാണ വകുപ്പിന്റെ നേരിട്ടുള്ള ഭരണ നിയന്ത്രണത്തിനുകീഴിലാണ് ബോർഡ് പ്രവർത്തിക്കുന്നത്.

(സി) ഹൗസിംഗ് ബോർഡിന്റെ സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് നടത്തുന്നതിനുള്ള ചുമതല കേരള സംസ്ഥാന ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിനാണ്.

**ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി**

**280 (636)** <u>ശ്രീ. എം. ചന്ദ്രൻ</u> :
<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> :
<u>ശ്രീമതി പി. അയിഷാ പോറ്റി</u> :
<u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിയനുസരിച്ച് വീടുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ ഇപ്പോഴത്തെ സ്തംഭനാവസ്ഥ ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) പദ്ധതിക്കായി പണം കണ്ടെത്തുന്നതിനായി ഹഡ്കോയിൽനിന്ന് വായ്പയെടുക്കാൻ ഹൗസിംഗ് ബോർഡിനോട് നിർദ്ദേശിച്ചിരുന്നോ ;

(സി) എങ്കിൽ ഇക്കാര്യത്തിൽ ഹൗസിംഗ്ബോർഡ് ഡയറക്ടർ ബോർഡിന്റെ തീരുമാനം എന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) കാലാവധി അവസാനിച്ചിട്ടും ഭവനനിർമ്മാണം പൂർത്തിയാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ ഹഡ്കോയിൽ നിന്ന് വായ്പ ലഭ്യമാകില്ല എങ്കിൽ സഹകരണ ബാങ്കുകൾ ഉൾപ്പെടെയുള്ള ബാങ്കുകളിൽനിന്നും തുക കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) തദ്ദേശ സ്ഥാപനങ്ങളുടെ ഭവന പദ്ധതികൾക്കുള്ള ഈ വർഷത്തെ പദ്ധതി അടങ്കൽ പൂർണ്ണമായും വിനിയോഗിക്കാൻ സാധ്യമാക്കുന്ന നിലയിൽ കാലാവധി നീട്ടിക്കൊടുക്കുമോയെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഫണ്ടിന്റെ ലഭ്യതയില്ലായ്മ കാരണം 31-3-2012-ന് മുമ്പ് എഗ്രിമെന്റ് വച്ച ഗുണഭോക്താക്കൾക്ക് ധനസഹായം ലഭ്യമാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബുദ്ധിമുട്ട് നേരിട്ട സാഹചര്യത്തിൽ സ.ഉ. (എം.എസ്) നമ്പർ 90/13/ത.സ്വ.ഭ.വ. തീയതി 14-3-2013 പ്രകാരം ഇ.എം.എസ്. ഭവന പദ്ധതിയ്ക്കായി 400 കോടി രൂപ സഹകരണ സ്ഥാപനങ്ങളിൽനിന്നും വായ്പയെടുക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) 7-12-2012-ലെ സ.ഉ. (എം.എസ്) നമ്പർ 327/12/ത.സ്വ.ഭ.വ. പ്രകാരം കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിനോട് നിർദ്ദേശിച്ചിരുന്നു.

(സി) ബോർഡിന്റെ ഇപ്പോഴത്തെ സാഹചര്യങ്ങൾ കണക്കിലെടുത്ത് ടി സർക്കാർ ഉത്തരവ് നടപ്പിലാക്കുവാൻ നിർവ്വാഹമില്ലെന്ന് കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സർക്കാരിനെ അറിയിച്ചിരുന്നു.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

ഗൃഹശ്രീ പദ്ധതി

**281 (637)** ശ്രീ. തോമസ് ചാണ്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വീടില്ലാത്തവർക്ക് രണ്ട് ലക്ഷം രൂപാ സർക്കാർ സബ്സിഡി നൽകി ഗൃഹശ്രീ പദ്ധതി നടപ്പിലാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) സ്വന്തമായി 2 സെന്റ്/3 സെന്റ് കൈവശമുള്ള EWS/LIG വിഭാഗക്കാർക്ക് സന്നദ്ധ സംഘടനകൾ/സർക്കാരിതര സ്ഥാപനങ്ങൾ/കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവരുടെ സഹകരണത്തോടെ വീട് നിർമ്മിക്കുന്നതിനായി 2 ലക്ഷം രൂപ സർക്കാർ സബ്സിഡി നൽകുന്ന ഒരു പുതിയ പദ്ധതി (ഗൃഹശ്രീ പദ്ധതി) ബോർഡ് സമർപ്പിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനായി സന്നദ്ധ സംഘടനകളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി സന്നദ്ധ സംഘടനകളിൽനിന്നും സ്പോൺസർഷിപ്പ് ക്ഷണിക്കുകയും സന്നദ്ധ സംഘടനകളുമായി 27-2-2013-ൽ ബഹു. ഭവന വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയ്ക്ക് ഔപചാരികമായ അംഗീകാരം നൽകിയിട്ടില്ല.

(ബി) മേൽ പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടില്ലാത്തതിനാൽ ഗുണഭോക്താക്കളിൽനിന്നും അപേക്ഷകൾ ക്ഷണിച്ചിട്ടില്ല.

## പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി പ്രകാരം വീട് നിർമ്മിച്ചുനല്കൽ

**282 (638)** ശ്രീ. കെ. റ്റി. അബ്ദുൾ ഖാദർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിക്കാലത്ത് പുതുതായി എത്ര ലക്ഷം വീട് നിർമ്മിക്കാനാണുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ ;

(ബി) പന്ത്രണ്ടാം പദ്ധതിയുടെ ഒന്നാം പദ്ധതി കാലത്ത് സർക്കാർ പ്രഖ്യാപിച്ച് എത്ര വീടുകൾ പുതുതായി നിർമ്മിച്ച് ഉപഭോക്താക്കൾക്ക് വീടിന്റെ താക്കോൽ കൈമാറിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) സർക്കാർ അംഗീകരിച്ച പാർപ്പിട നയമനുസരിച്ച് പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്ത് മൊത്തം 12 ലക്ഷം വീടുകൾ നിർമ്മിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(ബി) പന്ത്രണ്ടാം പദ്ധതിയുടെ ഒന്നാം പദ്ധതിക്കാലത്ത് (2012-2013) ഹൗസിംഗ് ബോർഡ് മുഖേന തിരുവനന്തപുരം പൂജപ്പുരയിൽ ഇന്നവേറ്റീവ് പദ്ധതിയും (24 വീടുകൾ), തൃശ്ശൂർ പുല്ലഴിയിൽ 125 കിടക്കകളോടുകൂടിയ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ, സുരക്ഷാ ഭവന പദ്ധതി പ്രകാരം 114 വീടുകൾ, കോഴിക്കോട് ശാന്തിനഗർ (ബംഗ്ലാദേശ് കോളനി) പുനരധിവാസ ഭവന നിർമ്മാണ പദ്ധതി പ്രകാരം 218 വീടുകൾ, എം.എൻ. ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതി പ്രകാരം 304 വീടുകൾ, എന്നിവ പുതുതായി നിർമ്മിച്ച് നൽകിയിട്ടുണ്ട്. മറ്റു വകുപ്പുകൾ മുഖാന്തിരം നിർമ്മിച്ചു നൽകിയ വീടുകളുടെ എണ്ണം ശേഖരിച്ച് നൽകുന്നതാണ്.

## ഭവന നിർമ്മാണ പദ്ധതികൾ

**283 (639)** ശ്രീ. പി. കെ. ബഷീർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ പാവപ്പെട്ടവർക്ക് വേണ്ടിയുള്ള ഭവന നിർമ്മാണ പദ്ധതികൾ ഏതെല്ലാമാണ് ;

(ബി) ഈ പദ്ധതികളിലൂടെ 2012-ൽ എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയാക്കി ; എത്ര തുക അതിനായി ചെലവഴിച്ചു ; വ്യക്തമാക്കുമോ ;

(സി) വാസയോഗ്യമായ പാർപ്പിടമില്ലാത്ത എത്ര കുടുംബങ്ങൾ സംസ്ഥാനത്ത് ഉണ്ടെന്നതിന്റെ കണക്ക് ശേഖരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പാവപ്പെട്ടവർക്ക് വേണ്ടി ഭവന നിർമ്മാണ വകുപ്പ് നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതികൾ.



LIBRARY ARCHIVES Kerala Legislative Assembly

1. എം.എൻ. ലക്ഷം വീട് ഭവന പുനർ നിർമ്മാണ പദ്ധതി.
2. സുരക്ഷാ ഭവന പദ്ധതി.
3. സാഫല്യം ഭവന പദ്ധതി.
4. കോഴിക്കോട് ബംഗ്ലാദേശ് കോളനിയിലെ കുടുംബങ്ങളുടെ പുനരധിവാസ പദ്ധതി.
5. ഗൃഹശ്രീ ഭവന പദ്ധതി.
6. ഇന്നൊവേറ്റീവ് ഭവന നിർമ്മാണ പദ്ധതി.
7. സുനാമി പുനരധിവാസ ഭവന പദ്ധതി

കൂടാതെ റവന്യൂ വകുപ്പ് മുഖേന നടപ്പാക്കിവരുന്ന സുനാമി പുനരധിവാസ ഭവന പദ്ധതി, നഗരകാര്യ വകുപ്പ് നടപ്പിലാക്കിവരുന്ന ഇ.എം.എസ്. ആശ്ര ഭവന പദ്ധതികൾ, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഭവന പദ്ധതികൾ, പഞ്ചായത്ത്, ഗ്രാമ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന IAY പദ്ധതി, ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധി സഹായത്തോടെയുള്ള ഭവന പദ്ധതി, മാതൃകാ മത്സ്യഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന ഭവന പദ്ധതി എന്നിവയാണ് നിലവിൽ പാവപ്പെട്ടവർക്ക് വേണ്ടിയുള്ള ഭവന നിർമ്മാണ പദ്ധതികൾ

(ബി) സാഫല്യം ഭവന പദ്ധതി, ഗൃഹശ്രീ ഭവന പദ്ധതി എന്നിവ പ്രകാരം വീടുകൾ നിർമ്മിച്ചിട്ടില്ല. കോഴിക്കോട് ബംഗ്ലാദേശ് കോളനിയിലെ കുടുംബങ്ങളുടെ പുനരധിവാസ പദ്ധതി പ്രകാരം 15 കോടി രൂപ ചെലവിട്ട് 218 വീടുകളും സുരക്ഷാ ഭവന പദ്ധതി പ്രകാരം 2.89 കോടി രൂപ ചെലവിട്ട് 114 വീടുകളും എം.എൻ. ലക്ഷം വീട് ഭവന പുനർ നിർമ്മാണ പദ്ധതി പ്രകാരം 3.85 കോടി രൂപ ചെലവിട്ട് 598 വീടുകളും നിർമ്മിച്ചുനൽകിയിട്ടുണ്ട്. സുനാമി പുനരധിവാസ ഭവന പദ്ധതി പ്രകാരം 11130 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം 291.31 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്. ഇന്നൊവേറ്റീവ് ഭവന നിർമ്മാണ പദ്ധതി പ്രകാരം 2.11 കോടി രൂപ ചെലവിൽ തിരുവനന്തപുരത്ത് പൂജപ്പുരയിൽ 24 ഫ്ളാറ്റുകളും തൃശ്ശൂർ കുട്ടനെല്ലൂരിൽ 24 ഫ്ളാറ്റുകളും നിർമ്മിച്ചിട്ടുണ്ട്. നഗരകാര്യ വകുപ്പ് നടപ്പിലാക്കി വരുന്ന ഇ.എം.എസ്., ആശ്രയ ഭവന പദ്ധതികളിലായി 7919 ഭവനങ്ങളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. മറ്റ് വകുപ്പുകൾ നടപ്പിലാക്കുന്ന ഭവന പദ്ധതികളിലൂടെ നിർമ്മിച്ച വീടുകളുടെ എണ്ണം, തുക സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) വാസയോഗ്യമായ പാർപ്പിടമില്ലാത്ത കുടുംബങ്ങൾ സംബന്ധിച്ച് റൂറൽ ഡെവലപ്മെന്റ് കമ്മീഷണറേറ്റ്, അർബൻ അഫയേഴ്സ് വകുപ്പ് എന്നീ കാര്യാലയങ്ങൾ ശേഖരിച്ച ജില്ല അടിസ്ഥാനത്തിലുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**സംസ്ഥാനത്തെ ഭവനരഹിതരുടെ വിവരം**

**284 (640)** ശ്രീ. എം. ഹംസ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഭവനരഹിതരുടെ എണ്ണം ശേഖരിച്ചിട്ടുണ്ടോ ; എങ്കിൽ ജില്ലാടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കാമോ ;

(ബി) "ഭവനരഹിതർക്ക് എല്ലാവർക്കും പാർപ്പിടം" എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

(സി) ഭൂരഹിത-ഭവനരഹിതരുടെ സർവ്വേ എടുക്കുന്നതിന് ഓൺലൈനായി വിവരം ശേഖരിക്കുന്നതിനായി വിശദമായ പ്രൊപ്പോസൽ ഭവനനിർമ്മാണ ബോർഡ്വഴി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ : വിശദാംശം ലഭ്യമാക്കാമോ ;

(ഡി) ഭവനരഹിതരായവർക്ക് വീട് വച്ച് നൽകുന്നതിനായി സംസ്ഥാന ഹൗസിങ്ങ് ബോർഡ് എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ചുനടപ്പിലാക്കി വരുന്നു എന്ന് വ്യക്തമാക്കാമോ ; ആയതിന്റെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ഭവനരഹിതരുടെ എണ്ണം ശേഖരിച്ചിട്ടില്ല. എന്നാൽ സർക്കാർ അംഗീകരിച്ച പാർപ്പിട നയത്തിന്റെ രൂപീകരണവുമായി ബന്ധപ്പെട്ട് റൂറൽ ഡെവലപ്പ്മെന്റ് കമ്മീഷണറേറ്റ്, അർബൻ അഫയേഴ്സ് എന്നീ വകുപ്പ് കാര്യാലയങ്ങളിൽനിന്ന് ശേഖരിച്ച ജില്ലാ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) എല്ലാവർക്കും പാർപ്പിടം ലഭ്യമാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ട് 12-ാം പഞ്ചവത്സര പദ്ധതിയിൽ 12 ലക്ഷം വീടുകൾ പണിയുവാൻ സർക്കാർ ലക്ഷ്യമിടുന്നതായി സംസ്ഥാന പാർപ്പിട നയത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. സമൂഹത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ദുർബ്ബല ജനവിഭാഗങ്ങളുടെ പാർപ്പിട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കേന്ദ്രസർക്കാർ പുതുതായി പ്രഖ്യാപിച്ചിട്ടുള്ള രാജീവ് ആവാസ് യോജനയുടെയും മറ്റ് പുനരധിവാസ പദ്ധതികളുടെയും പ്രയോജനം പൂർണ്ണമായും ഉപയോഗപ്പെടുത്തിക്കൊണ്ട് എല്ലാവർക്കും ഭൂമി എല്ലാവർക്കും വീട് എന്ന സമഗ്ര ഭവനനിർമ്മാണ പുനരധിവാസ പദ്ധതിയ്ക്ക് രൂപം നൽകിവരുന്നു.

(സി) ഇപ്പോൾ പരിഗണനയില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കേരളത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഭൂ ഭവനരഹിതരായവർക്ക് സർക്കാർ സബ്സിഡിയോടു കൂടി പാർപ്പിടം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ തുടങ്ങിയ പദ്ധതിയാണ് സാഫല്യം ഭവന പദ്ധതി. പദ്ധതിയുടെ ഒന്നാംഘട്ടമായി 400 ഫ്ളാറ്റുകളാണ് നിർമ്മിക്കുന്നത്. ദുർബല വിഭാഗങ്ങൾക്കായി ബോർഡ് നടപ്പാക്കിവരുന്ന എം.എൻ ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതി 2012-13 വർഷത്തിൽ 304 വീടുകളും. സുരക്ഷാ ഭവന പദ്ധതിപ്രകാരം 114 വീടുകളുമാണ് നിർമ്മിച്ചു നൽകിയിട്ടുള്ളത്. സ്വന്തമായി 2 സെന്റ്/3 സെന്റ് ഭൂമിയുള്ള ഭവന രഹിതരായ ദുർബല വിഭാഗക്കാർ/താഴ്ന്ന വരുമാന വിഭാഗക്കാർ എന്നിവർക്ക് സന്നദ്ധ സംഘടനകൾ/സർക്കാരിതര സ്ഥാപനങ്ങൾ/കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവരുടെ സഹകരണത്തോടെ വീട് നിർമ്മാണത്തിനായി സർക്കാർ സബ്സിഡി നൽകുന്ന ഒരു പുതിയ പദ്ധതിയായ ഗൃഹശ്രീ ഭവന പദ്ധതി സർക്കാർ പരിഗണനയിലാണ്.

## വിവിധ ഭവന പദ്ധതികൾക്കുള്ള സബ്സിഡി

**285 (641)** ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിവിധ ഭവന പദ്ധതികൾക്ക് സബ്സിഡി വർദ്ധിപ്പിച്ചിട്ടുണ്ടോ ; എങ്കിൽ ഏതിനെല്ലാം എത്ര വീതമെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ വർദ്ധനവ് ലക്ഷംവീട് നവീകരണ പദ്ധതിക്ക് ബാധകമാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ബാധകമാക്കുമോ എന്ന് അറിയിക്കാമോ ?

### ഉത്തരം

(എ) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കുന്ന സാഫല്യം ഭവന പദ്ധതിയുടെ സബ്സിഡി തുക 1 ലക്ഷം രൂപയിൽ നിന്നും 2 ലക്ഷം രൂപയായും സുരക്ഷാ ഭവന പദ്ധതിയുടെ സബ്സിഡി തുക 9,000 രൂപയായിരുന്നത് 25,000 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതികൾക്കും തദ്ദേശ സ്വയംഭരണ വകുപ്പുമുഖേന നടപ്പിലാക്കുന്ന ഇ.എം.എസ്. ഭവന പദ്ധതി ഗുണഭോക്താക്കൾക്കും ധനസഹായത്തുക വർദ്ധിപ്പിച്ചുകൊണ്ടുള്ള ഉത്തരവുകളുടെ പകർപ്പുകൾ ഇതോടൊപ്പം ചേർക്കുന്നു.*

(ബി) ഇല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## കേരളത്തിലെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ

48 (642) ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ആകെ എത്ര പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു ;

(ബി) അവയിൽ എത്ര എണ്ണം ലാഭത്തിൽ പ്രവർത്തിക്കുന്നു ; എത്ര എണ്ണമാണ് നഷ്ടത്തിലുള്ളത് ;

(സി) അവ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ഡി) എത്ര പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ പൂട്ടിക്കിടക്കുന്നു ;

(ഇ) എന്ന് മുതലാണ് അവ പൂട്ടിക്കിടക്കുന്നത് ;

(എഫ്) പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കാൻ എന്തെങ്കിലും നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ ;

(ജി) ഉണ്ടെങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

### ഉത്തരം

(എ) സംസ്ഥാനത്ത് വ്യവസായവകുപ്പിന്റെ അധീനതയിൽ ഇപ്പോൾ 44 പൊതുമേഖലാസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) 2011-12 സാമ്പത്തിക വർഷത്തെ പ്രവർത്തന റിപ്പോർട്ട് (താൽക്കാലിക കണക്കുകൾ) പ്രകാരം സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള 44 പൊതുമേഖലാസ്ഥാപനങ്ങളിൽ 20 എണ്ണം ലാഭത്തിലും 24 എണ്ണം നഷ്ടത്തിലുമാണ് പ്രവർത്തിച്ചത്.

(സി) 2011-12 സാമ്പത്തിക വർഷത്തെ ആഡിറ്റിനു മുൻപുള്ള കണക്കുകൾ പ്രകാരമുള്ള ലാഭ/നഷ്ട കണക്കുകളുടെ വിവരം അനുബന്ധം ഒന്നിൽ ചേർത്തിരിക്കുന്നു.*

(ഡി&ഇ) സംസ്ഥാനത്ത് വ്യവസായവകുപ്പിന്റെ അധീനതയിൽ പ്രവർത്തനം നിലച്ചുകിടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു :

1. കെൽട്രോൺ കൗണ്ടേഴ്സ് ലിമിറ്റഡ്-2002 മുതൽ പ്രവർത്തന രഹിതമായി.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2. കെൽട്രോൺ പവർ ഡിവൈസസ് ലിമിറ്റഡ് - 2001-ൽ പ്രവർത്തനം അവസാനിപ്പിച്ചു.

3. കെൽട്രോൺ റെക്ടിഫൈയേഴ്സ് ലിമിറ്റഡ്-2003-ൽ BIFR തീരുമാനം അനുസരിച്ച് പ്രവർത്തനം അവസാനിപ്പിച്ചു.

4. കേരള സ്റ്റേറ്റ് ഡിറ്റർജന്റ്സ്&കെമിക്കൽസ് ലിമിറ്റഡ് - 2002 മുതൽ പ്രവർത്തനരഹിതമായി

5. അസ്ട്രൽ വാച്ചസ് ലിമിറ്റഡ് - 2002 മുതൽ പ്രവർത്തന രഹിതമായി

6. കേരള ഗാർമെന്റ്സ് ലിമിറ്റഡ് - 2007 മുതൽ പ്രവർത്തന രഹിതമായി

7. കേരള സ്പെഷ്യൽ റിഫ്രാക്ടറീസ് ലിമിറ്റഡ് - 2000-ൽ പ്രവർത്തനം അവസാനിപ്പിച്ചു.

8. സിഡ്കൽ ടെലിവിഷൻ ലിമിറ്റഡ് - 2001-ൽ പ്രവർത്തനം അവസാനിപ്പിച്ചു.

(എഫ് &ജി) മുകളിൽ പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങളുടെകാര്യത്തിൽ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികളുടെ വിവരം അനുബന്ധം രണ്ടിൽ ചേർത്തിട്ടുണ്ട്.*

## പൊതുമേഖലാ വ്യവസായങ്ങൾ

287 (643) ശ്രീമതി ഗീതാ ഗോപി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമേഖലാ വ്യവസായങ്ങളോടുള്ള സർക്കാരിന്റെ പൊതുവായ സമീപനം എന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലയിൽ ആരംഭിച്ച പുതിയ വ്യവസായ സംരംഭങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) 2011-12 സാമ്പത്തിക വർഷത്തിൽ ലാഭകരമായി പ്രവർത്തിച്ചതും നഷ്ടത്തിലായിവന്നതുമായ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ വിശദവിവരം ലഭ്യമാക്കുമോ ;

(ഡി) 2011-12 സാമ്പത്തിക വർഷത്തിൽ സർക്കാരിന് ലാഭവിഹിതം നൽകിയ പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് അറിയിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ചും മത്സരക്ഷമത കൂട്ടിയും സുതാര്യത ഉറപ്പ് വരുത്തിയും തൊഴിലാളികൾക്ക് അർഹമായ വേതനവ്യവസ്ഥകൾ നൽകിയും ലാഭകരമായി നിലനിൽക്കുവാൻ സ്വയം പര്യാപ്തമാക്കുകയാണ് പൊതുമേഖലാസ്ഥാപനങ്ങളോടുള്ള സർക്കാരിന്റെ സമീപനം.

(ബി) പുതിയ വ്യവസായ സംരംഭങ്ങൾ ഒന്നുംതന്നെ ആരംഭിച്ചിട്ടില്ല.

(സി) 2011-12 സാമ്പത്തിക വർഷത്തെ ആഡിറ്റിനു മുൻപുള്ള കണക്കുകൾ പ്രകാരമുള്ള ലാഭ/നഷ്ട കണക്കുകളുടെ വിവരം അനുബന്ധം I-ൽ ചേർത്തിരിക്കുന്നു.*

(ഡി) 2011-12 സാമ്പത്തികവർഷത്തിൽ സർക്കാരിലേക്ക് ലാഭവിഹിതം പ്രഖ്യാപിച്ച വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവരം അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു.*

**പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണം**

**288 (644)** ശ്രീ. കെ. ശിവദാസൻ നായർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ പുനരുദ്ധരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ലാഭം പെരുപ്പിച്ച് കാണിക്കാൻ പ്രസ്തുത സ്ഥാപനങ്ങളുടെ കണക്കുകളിൽ കൃത്രിമം കാണിച്ചതായി ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങളിലാണ് പുനരുദ്ധാരണം നടത്തുന്നത്. എന്നാൽ ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ആധുനികവൽക്കരണം, വൈവിദ്ധ്യവൽക്കരണം, ഉൽപ്പാദനം വർദ്ധിപ്പിക്കൽ എന്നിവ ലക്ഷ്യമാക്കിയുള്ള പദ്ധതികളാണ് നടപ്പിലാക്കുന്നത്.

(ബി) സർക്കാർ വായ്പയിന്മേലുള്ള കുടിശ്ശികകൾ എഴുതിത്തള്ളിയതിന്റെയും സർക്കാർ വായ്പകൾ എഴുതിത്തള്ളുന്നതിനായി നൽകിയ അപേക്ഷകളുടെ അടിസ്ഥാനത്തിലും സ്ഥലം വിൽപ്പനയിലൂടെ ലഭിച്ച അധികവരുമാനം കണക്കിലെടുത്തുകൊണ്ടും ചില പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തന ലാഭം കാണിച്ചിട്ടുണ്ട്. റവന്യൂ ഗ്രാന്റ് പ്രവർത്തനലാഭം കണക്കാക്കിയതിനു ശേഷം അക്കൗണ്ട് ചെയ്യാവുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ

**289 (645)** ശ്രീ. പി. എ. മാധവൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ലൂഡി ലൂയിസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ അടിസ്ഥാന സൗകര്യ വികസനത്തിനായി ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളാണ് പ്രവർത്തിച്ചുവരുന്നത് ;

(ബി) ഇവയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ; വിശദമാക്കുമോ ;

(സി) പ്രാദേശിക അടിസ്ഥാന സൗകര്യത്തിനും വ്യവസായ വികസനത്തിനും എന്തെല്ലാം കാര്യങ്ങളാണ് ഇവ നിർവ്വഹിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാമാണ് ?

ഉത്തരം

(എ) വ്യവസായ അടിസ്ഥാന സൗകര്യ വികസനത്തിനായി കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (കിൻഫ്ര), കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി), വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കേരളാ സ്മാൾ (ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോർപ്പറേഷൻ (സിഡ്കോ) എന്നീ സ്ഥാപനങ്ങളാണ് അടിസ്ഥാന സൗകര്യ വികസനത്തിനായി പ്രവർത്തിക്കുന്നത്. കൂടാതെ ഇൻകെൽ ലിമിറ്റഡും ഈ മേഖലയിൽ പ്രവർത്തിച്ചുവരുന്നു.

(ബി) വ്യവസായങ്ങൾ ആരംഭിക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി വ്യവസായ നിക്ഷേപം ആകർഷിക്കുക എന്നുള്ളതാണ് കിൻഫ്രയുടെ പ്രഖ്യാപിത ലക്ഷ്യം. വ്യവസായങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നിക്ഷേപകരെ ആകർഷിക്കുന്നു. വ്യാവസായിക അടിസ്ഥാന വികസനത്തിനായി സൗകര്യങ്ങൾ ഒരുക്കുക, ധനസഹായങ്ങൾ നൽകുക, പദ്ധതി ആരംഭിക്കുന്നതിന് ആവശ്യമായ അനുമതി ലഭിക്കുന്നതിന് സഹായിക്കുക എന്നിവയാണ് കെ.എസ്.ഐ.ഡി.സി.-യുടെ ചുമതലകൾ. ഇടത്തരം-ചെറുകിട വ്യവസായ സംരംഭകർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റും സിഡ്കോയും നൽകിവരുന്നു. ഇൻകെലും അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(സി) കെ.എസ്.ഐ.ഡി.സി.-യും കിൻഫ്രയും സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, സിഡ്കോ, ഇൻകെൽ എന്നി സ്ഥാപനങ്ങൾ സ്വീകരിച്ച നടപടികളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## ടെക്സ്റ്റൈൽ വ്യവസായത്തിലെ സംസ്ഥാന പങ്കാളിത്തം

**290 (646)** ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭാരതത്തിന്റെ ടെക്സ്റ്റൈൽ വ്യവസായത്തിൽ സംസ്ഥാനത്തിന്റെ പങ്കാളിത്തം എത്രത്തോളമുണ്ടെന്ന് വിശദമാക്കുമോ ;

(ബി) അതുവർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അതിനായി എന്തൊക്കെ പദ്ധതികളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) നിലവിൽ എത്ര ടെക്സ്റ്റൈൽ മില്ലുകൾ പൊതുമേഖലയിൽ പ്രവർത്തിക്കുന്നുണ്ട് ; അവയുടെ ലാഭകരമായ പ്രവർത്തനത്തിന് വിഘാതമായി നിൽക്കുന്ന ഘടകങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) രാജ്യത്തിന്റെ ടെക്സ്റ്റൈൽ വ്യവസായത്തിൽ, സംസ്ഥാനത്തിന്റെ പങ്കാളിത്തം താരതമ്യേന കുറവാണ്.

(ബി) ടെക്സ്റ്റൈൽ വ്യവസായത്തിൽ കൂടുതൽ യൂണിറ്റുകൾ സ്ഥാപിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി) പൊതുമേഖലസ്ഥാപനമായ കെ.എസ്.റ്റി.സി.-യുടെ കീഴിൽ നിലവിൽ 4 മില്ലുകൾ ഉൾപ്പെടെ ആകെ 5 മില്ലുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ കോമളപുരം സ്പിന്നിംഗ് മിൽ, ഉദുമ സ്പിന്നിംഗ് മിൽ, പിണറായി സ്പിന്നിംഗ് മിൽ എന്നിവയും പൊതുമേഖലയിൽ സ്ഥാപിച്ചിട്ടുണ്ട്. പൊതുമേഖലയിലെ സ്പിന്നിംഗ് മില്ലുകളുടെ ലാഭകരമായ പ്രവർത്തനത്തിന് വിഘാതമായി നിൽക്കുന്ന പല ഘടകങ്ങളിൽ ഒന്ന് പ്രവർത്തന മൂലധനത്തിന്റെ അഭാവമാണ്. ഫണ്ടിന്റെ ലഭ്യത കുറവുമൂലം സീസൺ സമയത്ത് കോട്ടൺ വാങ്ങി സ്റ്റോക്ക് ചെയ്യാൻ സാധിക്കാതെ വരുന്നു. അസംസ്കൃത വസ്തുവായ പരുത്തിയുടെ ക്രമാതീതമായ വിലക്കയറ്റവും ഉൽപന്നമായ നൂലിന്റെ വിലക്കുറവുമാണ് മറ്റൊരു പ്രതിസന്ധി. കൂടാതെ വൈദ്യുതി ചാർജ്ജിലുണ്ടായ വർദ്ധനവും പവ്വർകട്ടും സ്പിന്നിംഗ് മില്ലുകളുടെ ലാഭകരമായ പ്രവർത്തനത്തിന് വിഘാതമായി നിൽക്കുന്ന ഘടകമാണ്. മറ്റുള്ള വ്യവസായ സ്ഥാപനങ്ങളിൽ ഉള്ളതിനേക്കാൾ സ്പിന്നിംഗ് മില്ലുകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പളം കുറവാണ്, ഇതുമൂലം മില്ലുകളിലെ ജോലികൾക്കായി തൊഴിലാളികളെ ആകർഷിക്കാൻ കഴിയുന്നില്ല. അതുകൊണ്ട് മില്ലുകൾക്ക് മികച്ച ഉൽപ്പാദനക്ഷമത കൈവരിക്കാൻ സാധിക്കുന്നില്ല. ഇവയൊക്കെയാണ് ലാഭകരമായ പ്രവർത്തനത്തിന് വിഘാതമായി നിൽക്കുന്ന പ്രധാന ഘടകങ്ങൾ.



LIBRARY ARCHIVES Kerala Legislative Assembly

## ടെക്സ്റ്റൈൽ കോർപ്പറേഷൻ മില്ലുകളുടെ നവീകരണം

**291 (647)** ശ്രീ. കെ. ശിവദാസൻ നായർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ടെക്സ്റ്റൈൽ കോർപ്പറേഷന്റെ മില്ലുകളുടെ നവീകരണത്തിനും പ്രവർത്തനത്തിനുമായി ഈ സർക്കാരിന്റെ കാലത്ത് എത്ര തുക അനുവദിച്ചുവെന്ന് വിശദമാക്കുമോ ;

(ബി) നവീകരണ പ്രവർത്തനങ്ങൾ എത്ര സ്ഥാപനങ്ങളിൽ ആരംഭിച്ചുവെന്ന് വിശദീകരിക്കാമോ ?

### ഉത്തരം

(എ) കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ മില്ലുകളുടെ പ്രവർത്തനത്തിനായി ഈ സർക്കാരിന്റെ കാലത്ത് 782 ലക്ഷം രൂപ (സെൻട്രലൈസ്ഡ് കോട്ടൺ പർച്ചേസ് സ്കീം) അനുവദിച്ചിട്ടുണ്ട്. മില്ലുകളുടെ നവീകരണത്തിനായി തുകയൊന്നും അനുവദിച്ചിട്ടില്ല.

(ബി) കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ മില്ലുകളിൽ നവീകരണ പ്രവർത്തനങ്ങൾ ഒന്നുംതന്നെ ആരംഭിച്ചിട്ടില്ല.

## അടച്ചുപൂട്ടിയ വ്യവസായങ്ങൾ

**292 (648)** ശ്രീ. വി. ശിവൻകുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം സംസ്ഥാനത്ത് അടച്ചുപൂട്ടപ്പെട്ട വ്യവസായ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) അവയിൽ സർക്കാർ സ്ഥാപനങ്ങൾ, സ്വകാര്യസ്ഥാപനങ്ങൾ എന്നിവയുടെ പട്ടിക വെവ്വേറെ ലഭ്യമാക്കുമോ ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം സംസ്ഥാനത്ത് പൊതുമേഖലയിൽ വ്യവസായ സ്ഥാപനങ്ങൾ ഒന്നുംതന്നെ അടച്ചുപൂട്ടിയിട്ടില്ല. തിരുവനന്തപുരം, തൃശ്ശൂർ, കണ്ണൂർ, വയനാട്, കോഴിക്കോട് കാസർഗോഡ് എന്നീ ജില്ലകളിൽ സ്വകാര്യ വ്യവസായസ്ഥാപനങ്ങളും അടച്ചുപൂട്ടിയിട്ടില്ല. മറ്റുജില്ലകളിൽ അടച്ചുപൂട്ടിയ സ്വകാര്യ വ്യവസായ സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇവയിൽ സർക്കാർ സ്ഥാപനങ്ങൾ ഒന്നും തന്നെയില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

**ലോഡ്ഷെഡ്ഡിംഗ്മൂലം നഷ്ടത്തിലായ പൊതുമേഖലാ സ്ഥാപനങ്ങൾ**

**293 (649)** ശ്രീ. എം. ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനിയന്ത്രിതമായ പവർകട്ടും ലോഡ്ഷെഡ്ഡിംഗും കാരണം ലാഭകരമായി പ്രവർത്തിച്ചിരുന്ന ഏതെങ്കിലും പൊതുമേഖലാസ്ഥാപനങ്ങൾ നഷ്ടത്തിലായിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(ബി) ഈ വ്യവസായസ്ഥാപനങ്ങളുടെ നഷ്ടം നികത്തുന്നതിനുവേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) വൈദ്യുതി പ്രതിസന്ധി രൂക്ഷമാകുന്ന സാഹചര്യത്തിൽ പൊതുമേഖലാ വ്യവസായങ്ങളുടെ നിലനിൽപ്പിനുവേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിൽ ലാഭകരമായി പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങൾ ഒന്നുംതന്നെ പവർകട്ടും ലോഡ്ഷെഡ്ഡിംഗും കാരണം ഇതുവരെ നഷ്ടത്തിലായിട്ടില്ല. എന്നാൽ പ്രവർത്തന ലാഭത്തിൽ കുറവുവന്നിട്ടുണ്ട്.

(സി&ഡി) വൈദ്യുതി പ്രതിസന്ധിമൂലം ഉൽപ്പാദനച്ചെലവിലുണ്ടാകുന്ന വർദ്ധന ഉൽപ്പാദനത്തിലെ മറ്റുഘടകങ്ങളെ ക്രമീകരിച്ച് പരമാവധി കുറയ്ക്കുന്നതിനും പൊതുമേഖലാസ്ഥാപനങ്ങളിൽ സൗരോർജ്ജ വൈദ്യുതി ഉപയോഗിക്കാനുള്ള ശ്രമങ്ങളും ആരംഭിച്ചിട്ടുണ്ട്.

**സംരംഭകത്വ സഹായ പദ്ധതി**

**294 (650)** ശ്രീ. ഇ. കെ. വിജയൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുകിട സംരംഭങ്ങൾക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുന്ന പദ്ധതിയുടെ (സംരംഭകത്വ സഹായ പദ്ധതി) പ്രവർത്തനം ഏത് ഘട്ടത്തിലാണ് ;

(ബി) ഈ പദ്ധതിയിൻ പ്രകാരമുള്ള ഗുണഭോക്താക്കൾ ആരൊക്കെയാണ് ;

(സി) ഈ പദ്ധതിയിൽ പരമാവധി എത്ര രൂപയാണ് സബ്സിഡി ലഭിക്കുക ;

(ഡി) ഇതിനുവേണ്ടി നടപ്പുസാമ്പത്തിക വർഷം എത്ര രൂപയാണ് വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സൂക്ഷ്മ-ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുന്ന പദ്ധതിക്ക് രൂപം നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ പദ്ധതി ഇപ്പോൾ പൂർണ്ണതോതിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നു.

(ബി) സംസ്ഥാനത്ത് ആരംഭിക്കുന്ന നെഗറ്റീവ് ലിസ്റ്റിൽപെടാത്ത സൂക്ഷ്മ-ചെറുകിട വ്യവസായങ്ങൾക്ക് അവയുടെ സ്ഥിര നിക്ഷേപത്തിന്റെ 15 ശതമാനം പരമാവധി 20 ലക്ഷം രൂപവരെ സബ്സിഡി നൽകുന്നു. എന്നാൽ വനിതകൾ പട്ടികജാതി/വർഗ്ഗ വിഭാഗക്കാർ, യുവാക്കൾ (45 വയസ്സിൽ താഴെ) എന്നിവർക്ക് ഇത് 20 ശതമാനം പരമാവധി 30 ലക്ഷം രൂപവരെയാണ് ഈ പദ്ധതി പ്രകാരം സബ്സിഡി നൽകുക. മുൻഗണനാ വിഭാഗത്തിൽ വരുന്ന സ്ഥാപനങ്ങൾക്കും പിന്നോക്ക ജില്ലയിലെ സംരംഭങ്ങൾക്കും പുതിയ സാങ്കേതിക വിദ്യ പ്രയോഗിക്കുന്ന യൂണിറ്റുകൾക്കും 10 ശതമാനം പരമാവധി 10 ലക്ഷം രൂപ വരെ അധിക സബ്സിഡി ലഭിക്കുന്നതാണ്. ഇടുക്കി, വയനാട്, കാസർഗോഡ്, പത്തനംതിട്ട ജില്ലകളെ പിന്നോക്ക ജില്ലകളുടെ ഗണത്തിൽ പെടുത്തിയിരിക്കുന്നു.

(സി) ഈ പദ്ധതിയിൽ പരമാവധി 30 ലക്ഷം രൂപയാണ് സബ്സിഡി ലഭിക്കുക.

(ഡി) ഇതിനുവേണ്ടി 25.4 കോടി രൂപയാണ് നടപ്പുസാമ്പത്തിക വർഷം ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

**പൊതുമേഖലാ സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങളിൽ ഇടനിലക്കാരുടെ പങ്ക്**

**295 (651)** ശ്രീ. കെ. എൻ. എ. ഖാദർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമേഖലാ സ്ഥാപനങ്ങളിൽ അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിലും ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിലും ഇടനിലക്കാരെ പ്രയോജനപ്പെടുത്താറുണ്ടോ ;

(ബി) ലാഭകരമായി ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിനും ഉല്പന്നങ്ങളുടെ വില കൃത്യസമയത്ത് ഈടാക്കുവാനും ഇടനിലക്കാരുടെ സാന്നിദ്ധ്യം സഹായകമാണെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇതുസംബന്ധിച്ച് നിലപാട് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ഡി) വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ എല്ലാ ഇടപാടുകളിലും സുതാര്യത പാലിക്കുക എന്നതാണ് സർക്കാരിന്റെ നിലപാട്. ഇതിന്റെ ഇ-പ്രൊക്യൂർമെന്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

## മലബാർ സിമെന്റ്സ് ഗ്രൈന്റിംഗ് യൂണിറ്റിന്റെ പ്രവർത്തനം

296 (652) ശ്രീ. എ. എം. ആരിഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേന്നംപള്ളിപ്പുറത്തെ മലബാർ സിമന്റ്സ് ഗ്രൈന്റിംഗ് യൂണിറ്റിന്റെ പ്രവർത്തനം നിർത്തിവച്ചത് എന്നാണ് ; എന്ത് കാരണത്താലാണ് പ്രവർത്തനം നിർത്തിവച്ചതെന്ന് വ്യക്തമാക്കാമോ ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഈ സ്ഥാപനം തുറന്ന് പ്രവർത്തിക്കുന്നതിനായി മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചർച്ചകൾ നടന്നിരുന്നോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പുമന്ത്രിയുടെയും സ്ഥലം എം.എൽ.എ. യുടേയും സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചയുടെ തീരുമാനങ്ങൾ എന്തൊക്കെയാണ് എന്ന് അറിയിക്കുമോ ;

(ഡി) ഈ തീരുമാനങ്ങൾ നടപ്പിലാക്കുവാൻ വൈകിയത് എന്തുകൊണ്ടാണ് ;

(ഇ) ഈ തീരുമാനങ്ങൾ നടപ്പിലാക്കി എന്നേക്ക് ഈ സ്ഥാപനത്തിന്റെ പ്രവർത്തനം പുനരാരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ) 3-5-2009 മുതലാണ് പ്രവർത്തനം നിർത്തിവച്ചത്. പ്രസ്തുത യൂണിറ്റിലെ കയറ്റിറക്ക് ജോലിയിൽ ഏർപ്പെട്ടിരുന്ന കരാർ തൊഴിലാളികളും കരാറുകാരനുമായിട്ടുള്ള തർക്കത്തെ തുടർന്നും അസംസ്കൃത വസ്തുക്കളായ ക്ലിങ്കർ, ഫ്ളൈ ആഷ് എന്നിവയുടെ ദൗർലഭ്യം മൂലവും കൂലിയിനത്തിലുള്ള വർദ്ധനവ് കാരണവുമാണ് പ്ലാന്റിന്റെ പ്രവർത്തനം നിർത്തിവച്ചത്.

(ബി) നടന്നിരുന്നു.

(സി) ചർച്ചയുടെ നടപടിക്കുറിപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി&ഇ) ഈ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബി.ഐ.എസ്. ലൈസൻസ് അപേക്ഷ അയയ്ക്കുന്നതിന് പ്രാരംഭമായി ചെയ്യേണ്ട ഉപകരണങ്ങളുടെ കാലിബ്രേഷൻ പൂർത്തിയാക്കി, വൈദ്യുതി പൂർണ്ണതോതിൽ പുനഃസ്ഥാപിക്കുവാൻ അപേക്ഷ നൽകുകയും അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കാനുള്ള നടപടികൾ എടുക്കുകയും പ്രധാന അസംസ്കൃത വസ്തുവായ ക്ലിങ്കർ വാങ്ങുവാൻ സിമന്റ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയുമായി ധാരണാപത്രം ഒപ്പുവയ്ക്കുകയും ചെയ്തു. യൂണിറ്റ് നിർത്തിവച്ചപ്പോൾ അവിടെയുണ്ടായിരുന്ന സ്ഥിരം ജീവനക്കാരെ വാളയാർ പ്ലാന്റിലേക്ക് മാറ്റി. ഇപ്പോൾ വാളയാർ പ്ലാന്റിലും തൊഴിലാളികളുടെ കുറവുണ്ട്. തൊഴിലാളികളുടെ നിയമന നടപടികൾ സുതാര്യമായ പ്രക്രിയയിലൂടെ എടുത്തു വരികയാണ്. സ്ഥാപനത്തിന്റെ പ്രവർത്തനം എന്നു മുതൽ പുനരാരംഭിക്കുമെന്ന് തീരുമാനമായിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## ബ്രഹ്മോസ് ഏറോസ്പേയ്സ് തിരുവനന്തപുരം ലിമിറ്റഡ്

297 (653) ശ്രീ. പി. തിലോത്തമൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബ്രഹ്മോസ് ഏറോസ്പേയ്സ് തിരുവനന്തപുരം ലിമിറ്റഡ് പ്രതിരോധ വകുപ്പിന്റെ കീഴിലുള്ള ഒരു പൊതുമേഖലാ സ്ഥാപനമാണോ ;

(ബി) ഈ സ്ഥാപനത്തിനുവേണ്ടി എവിടെയെല്ലാം ഭൂമി അനുവദിച്ചിട്ടുണ്ട് ; എത്ര വീതം ;

(സി) ബ്രഹ്മോസിന്റെ വികസനം സംബന്ധിച്ച് കേരള സർക്കാരുമായി ഏതെങ്കിലും കരാർ നിലവിലുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ;

(ഡി) ഈ സ്ഥാപനത്തിന്റെ 2008 മുതൽ 2012 വരെയുള്ള ലാഭനഷ്ട കണക്ക് ഏതുതരത്തിലാണെന്ന് വെളിപ്പെടുത്തുമോ ?

### ഉത്തരം

(എ) കേന്ദ്രപ്രതിരോധ വകുപ്പിന്റെ കീഴിലുള്ള ഡിഫൻസ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ് ഓർഗനൈസേഷന് (DRDO) 50.50 ശതമാനവും റഷ്യൻ ഗവൺമെന്റിന്റെ കീഴിലുള്ള MPOM-ന് 49.50 ശതമാനവും ഓഹരി പങ്കാളിത്തം ഉള്ള ഇന്ത്യ റഷ്യ സംയുക്ത സംരംഭമായ ബ്രഹ്മോസ് ഏറോസ്പേയ്സ് പ്രൈവറ്റ് ലിമിറ്റഡ് (BAPL) ന്റെ പരിപൂർണ്ണ ഉടമസ്ഥതയിലുള്ള സ്ഥാപനമാണ് ബ്രഹ്മോസ് ഏറോസ്പേയ്സ് തിരുവനന്തപുരം ലിമിറ്റഡ് (BATL).

(ബി) കേരള സർക്കാർ ഉടമസ്ഥതയിലുള്ള കേരള ഹൈടെക് ഇൻഡസ്ട്രീസ് ലിമിറ്റഡ് (KELTEC) എന്ന പൊതുമേഖലാ സ്ഥാപനം 2007-ൽ BATL സ്ഥാപിക്കുന്നതിനായി DRDO-ക്ക് കൈമാറി. KELTEC-ന്റെ കൈവശം ഉണ്ടായിരുന്ന തിരുവനന്തപുരം ജില്ലയിലെ കടകംപള്ളി വില്ലേജിൽ ഉൾപ്പെടുന്ന 15.80 ഏക്കർ ഭൂമിയിലാണ് BATL പ്രവർത്തിക്കുന്നത്. അതിനോടു ചേർന്നുള്ള ഇന്ത്യൻ എയർഫോഴ്സിന്റെ 7.15 ഏക്കർ ഭൂമിയിൽ DRDO അടുത്തകാലത്തായി നിർമ്മിച്ചുനൽകിയ BATL-ന്റെ മിസൈൽ ഇന്റഗ്രേഷൻ കോംപ്ലക്സ് (BATL – MIC) കേന്ദ്ര പ്രതിരോധ വകുപ്പിന്റെ പ്രവർത്തനാനുമതിയോടെ പ്രവർത്തിച്ചുവരുന്നു. പ്രസ്തുത ഭൂമി DRDO-യ്ക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(സി) ഇല്ല.

(ഡി) അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിലെ നിയമനങ്ങൾ

**298 (654)** ശ്രീ. വി. ശിവൻകുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം തിരുവനന്തപുരം ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിൽ ദിവസവേതനാടിസ്ഥാനത്തിലോ കരാറടിസ്ഥാനത്തിലോ വിവിധ തസ്തികകളിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ എല്ലാ വിശദാംശങ്ങളും ലഭ്യമാക്കുമോ ?

ഉത്തരം

(എ) കരാറടിസ്ഥാനത്തിൽ അഞ്ചുദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്.

(ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ്

**299 (655)** ശ്രീ. ജി. എസ്. ജയലാൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിൽ ആകെ എത്ര ജീവനക്കാരുണ്ട് ; ഇതിൽ സ്ഥിരം ജീവനക്കാർ എത്ര ; താൽക്കാലിക ജീവനക്കാർ എത്ര ; മറ്റുതരത്തിലുള്ള ജീവനക്കാർ എത്ര ; കാർഗോ വിഭാഗത്തിൽ ജോലി ചെയ്യുന്നവർ എത്ര ;

(ബി) ഈ സ്ഥാപനം ഏതെങ്കിലും വിദേശ കമ്പനികളുമായി ചേർന്ന് കാർഗോ ഓപ്പറേഷൻ നടത്താൻ ധാരണയായിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ വിദേശ കമ്പനി ഏതാണ് ; ഇവരുടെ പ്രവർത്തനം എന്നുമുതൽ തുടങ്ങുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഈ കേരള സംസ്ഥാന ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ഇപ്പോൾ ലാഭകരമായാണോ പ്രവർത്തിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഈ സ്ഥാപനം കഴിഞ്ഞ ആറുവർഷത്തിൽ ഓരോ വർഷവും നേടിയ ലാഭം എത്ര ; ഈ ലാഭത്തിൽ ഓരോ വർഷവും എത്ര തുക വീതം ലാഭവിഹിതമായി ഗവൺമെന്റിനുനൽകി ;

(ഇ) വളരെയേറെ ലാഭമുണ്ടാക്കി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഈ സ്ഥാപനത്തെ പൊതുമേഖലയിൽതന്നെ നിലനിർത്തുന്നതിനും വിദേശ കമ്പനികളുമായി ധാരണയിലെത്താനുള്ള നീക്കം തടയുന്നതിനും എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## ഉത്തരം

(എ) കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിൽ ആകെ 78 ജീവനക്കാരാണുള്ളത്. ഇതിൽ 72 സ്ഥിരം ജീവനക്കാരുണ്ട്. കോൺട്രാക്ട് അടിസ്ഥാനത്തിൽ 2 പേർ താൽക്കാലികമായി ജോലി ചെയ്യുന്നു. മറ്റു പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥ പ്രകാരം 4 ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്. ആകെയുള്ള 78 ജീവനക്കാരിൽ 40 പേർ കാർഗോ വിഭാഗത്തിൽ ജോലി ചെയ്യുന്നുണ്ട്.

(ബി) കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ഏതെങ്കിലും വിദേശ കമ്പനികളുമായി ചേർന്ന് കാർഗോ ഓപ്പറേഷൻ നടത്താൻ ധാരണയുണ്ടായിട്ടില്ല.

(സി) ലാഭത്തിലാണ് പ്രവർത്തിക്കുന്നത്.

(ഡി) കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് കഴിഞ്ഞ ആറ് വർഷത്തിൽ ഓരോ വർഷവും നേടിയ ലാഭത്തിന്റെയും സർക്കാരിന് നൽകിയ ലാഭവിഹിതത്തിന്റെയും വിവരം ചുവടെ ചേർക്കുന്നു :

| വർഷം | 2006-07 | 2007-08 | 2008-09 | 2009-10 | 2010-11 | 2011-12 |
|---|---|---|---|---|---|---|
| നികുതി കഴിച്ച ലാഭം (തുക ലക്ഷത്തിൽ) | 330.65 | 360.53 | 377.06 | 410.36 | 281.90 | 442.98 |
| സർക്കാരിന് നൽകിയ ലാഭവിഹിതം (തുക ലക്ഷത്തിൽ) | 30.00 | 30.00 | 42.00 | 42.00 | 42.00 | 42.00 |

(ഇ) വിദേശ കമ്പനികളുമായി ധാരണയിലെത്താനുള്ള നീക്കം നടത്തുന്നില്ല.

### കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് നേരിടുന്ന പ്രതിസന്ധികൾ

**300 (656)** ശ്രീ. പി. തിലോത്തമൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കുന്നതിന് സർക്കാർ കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ ;

(ബി) സർക്കാരാശുപത്രികളുടെ ആവശ്യത്തിനായി എത്ര രൂപയുടെ മരുന്ന് കെ.എസ്.ഡി.പി.യിൽ നിന്നും ഇതിനോടകം സംഭരിച്ച് ആശുപത്രികളിൽ എത്തിച്ചുവെന്നു വിശദമാക്കുമോ ;

(സി) കെ.എസ്.ഡി.പി. ഉത്പാദിപ്പിക്കുന്ന മരുന്നുകൾ ഗുണനിലവാരം പരിശോധിച്ച് എല്ലാ സർക്കാർ ആതുരാലയങ്ങളിലൂടെയും വിതരണം ചെയ്യുന്നതിനു സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) കെ.എസ്.ഡി.പി. ഉൽപ്പാദിപ്പിക്കുന്ന മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ കൂടുതലായി വാങ്ങുന്നതിന് ധാരണയായി. 2.90 കോടി രൂപ ചെലവിൽ NABL അക്രെഡിറ്റഡ് ലാബിന്റെ നിർമ്മാണം പൂർത്തിയായി. Betalactam Injection യൂണിറ്റിന്റെ നിർമ്മാണം പൂർത്തിയായിവരുന്നു. മാർക്കറ്റിംഗ് വിപുലീകരണകരണത്തിന്റെ ഭാഗമായി ആന്ധ്രാപ്രദേശ് സർക്കാരിൽ നിന്നും 3.78 കോടി രൂപയുടെ ഓർഡർ ലഭിച്ചിട്ടുണ്ട്.

(ബി) കെ.എസ്.ഡി.പി.-യിൽ നിന്ന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഈ സാമ്പത്തിക വർഷം 13 കോടി രൂപയുടെ മരുന്നുകൾ സർക്കാർ ആശുപത്രികളിലേക്ക് സംഭരിച്ചു.

(സി) ഗുണനിലവാര പരിശോധന കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നടത്തിയതിനുശേഷമാണ് ആശുപത്രികളിൽ വിതരണം ചെയ്യുന്നത്.

**കൊച്ചിയിലെ പെട്രോനെറ്റ് എൽ.എൻ.ജി. പദ്ധതി**

**301 (657)** ശ്രീ. എസ്. ശർമ്മ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചിയിലെ പെട്രോനെറ്റ് എൽ.എൻ.ജി. പദ്ധതിയുടെ നിർമ്മാണ പുരോഗതി ഏതുഘട്ടം വരെയായി എന്ന് വ്യക്തമാക്കാമോ ;

(ബി) ഈ പദ്ധതി എന്നത്തേക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്ത് നിലനിൽക്കുന്ന ഊർജ്ജ പ്രതിസന്ധി മറികടക്കുന്നതിന് ഈ പദ്ധതി എത്രത്തോളം സഹായകരമാകുമെന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ?

ഉത്തരം

(എ-ബി) എൽ.എൻ.ജി. ടെർമിനലിന്റെ പണി പൂർത്തിയായിട്ടുണ്ട്. ആദ്യത്തെ എൽ.എൻ.ജി. കപ്പൽ 2013 മാർച്ച് മാസം അവസാനത്തോടുകൂടി ടെർമിനലിൽ അടുപ്പിക്കുവാനും പദ്ധതി പ്രവർത്തനം തുടങ്ങുവാനും സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ടെർമിനലിന്റെ കപ്പാസിറ്റി MM TPA (18 മില്യൺ മെട്രിക് സ്റ്റാന്റേർഡ് ക്യുബിക് മീറ്റർ പെർഡേ (MMSCMD) ആണ്. 2 MMSCMD എങ്കിലും ഡിമാന്റ് ഉണ്ടെങ്കിലേ ടെർമിനൽ പ്രവർത്തനം തുടങ്ങുവാൻ സാധിക്കുകയുള്ളൂ. ബി.പി.സി.എൽ, ഫാക്ട്, HOC, TCC, NITTA GELATIN എന്നിവരെല്ലാം കൂടി 1.86 MMSCMD എടുക്കാമെന്ന് ഉറപ്പു നൽകിയിട്ടുണ്ട്. ഫാക്ട് 2013 മെയ് മാസത്തോടുകൂടി 0.8 വാതകം ഉപയോഗിക്കുന്നതിന് സജ്ജമാക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്. 2013 ആഗസ്റ്റ് മാസത്തോടെ ഉപയോഗം 1.26 ആയി വർദ്ധിപ്പിക്കുവാൻ സാധിക്കും. ഫാക്ടിന് പ്രകൃതി വാതകം ഉപയോഗിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ആവശ്യമാണ്. ഇതിനുവേണ്ടിയുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. ഈ സ്ഥാപനങ്ങളിലേക്ക് വാതകം എത്തിക്കുന്നതിനുള്ള പൈപ്പ് ലൈനിന്റെ പണി ഗെയിൽ പൂർത്തിയാക്കിയിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്. അയൽ സംസ്ഥാനങ്ങളെ അപേക്ഷിച്ച് സംസ്ഥാനത്ത് ഊർജ്ജ പ്രതിസന്ധി കുറവാണ് എന്നിരുന്നാലും സംസ്ഥാനത്ത് വൈദ്യുതി മേഖലയിലും വാണിജ്യ,വ്യവസായ ഗാർഹിക രംഗത്തുള്ള പുരോഗതി കണക്കിലെടുത്ത് ഭാവിയിൽ സംജാതമായേക്കാവുന്ന ഊർജ്ജ ആവശ്യങ്ങൾകൂടി പരിഗണിക്കുമ്പോൾ എൽ.എൻ.ജി. പദ്ധതി സഹായകരമാകുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്.

**കിനാലൂരിലെ കെ.എസ്.ഐ.ഡി.സി. വ്യവസായ വികസന കേന്ദ്രം**

**302 (658)** ശ്രീ. പുരുഷൻ കടലുണ്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിനാലൂരിലെ കെ.എസ്.ഐ.ഡി.സി. വ്യവസായ വികസന കേന്ദ്രത്തിലെ അടിസ്ഥാന സൗകര്യങ്ങൾക്കുവേണ്ടി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എന്തെല്ലാം പരിപാടികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത് ;

(ബി) ഇവിടെ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് നിലനിൽക്കുന്ന പ്രധാന തടസ്സം എന്താണെന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ ;

(സി) എങ്കിൽ തടസ്സം ഒഴിവാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കിനാലൂരിലെ കെ.എസ്.ഐ.ഡി.സി.വ്യവസായ വികസന കേന്ദ്രത്തിലെ അടിസ്ഥാനസൗകര്യ വികസനത്തിന്റെ ഭാഗമായി ചുറ്റുമതിൽ, ആന്തരിക റോഡുകൾ എന്നിവയുടെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പുതിയ 11 കെ.വി.ലൈൻ, ജലവിതരണ സംവിധാനം തുടങ്ങിയവ നടപ്പിലാക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. ഇത് കൂടാതെ കിനാലൂരിൽ കെ.എസ്.ഐ.ഡി.സി. സൗജന്യമായി കൊടുക്കുന്ന 2 ഏക്കർ സ്ഥലത്ത് 110 കെ.വി. സബ് സ്റ്റേഷൻ തുടങ്ങുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

(ബി) നിലവിൽ കാര്യമായ തടസ്സങ്ങളൊന്നും ഉള്ളതായി ശ്രദ്ധയിൽ പെട്ടിട്ടില്ല.

(സി) ബാധകമല്ല.

**കേരള സോപ്സിന്റെ വിപുലീകരണം**

**303 (659)** ശ്രീ. എ. പ്രദീപ്കുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ സോപ്സിൽ എന്തെല്ലാം ഉൽപ്പന്നങ്ങളാണ് ഉൽപ്പാദിപ്പിക്കുന്നതെന്ന് വിശദമാക്കാമോ ;

(ബി) പുതിയ ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനും, കമ്പനി വിപുലീകരിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചതെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരള സോപ്സിൽ ഉൽപ്പാദിപ്പിക്കുന്ന സോപ്പ് ഉൽപ്പന്നങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു :

1. കേരള സാന്റൽ- 75 ഗ്രാം
2. ത്രിൽ എക്സോട്ടിക്ക്-75 ഗ്രാം
3. ത്രിൽ ചെമ്പകം-75 ഗ്രാം
4. കൈരളി - 75 ഗ്രാം
5. കേരള സാന്റൽ -150 ഗ്രാം
6. കോൾടാർ- 100 ഗ്രാം
7. വേപ്പ്- 100 ഗ്രാം
8. ഫാമിലി പാക്ക് ത്രീ ഇൻ ഒൺ -450 ഗ്രാം
9. കേരള സാന്റൽ ട്രയോ ക്ലാസിക്-450 ഗ്രാം
10. കേരള സാന്റൽ -20 ഗ്രാം
11. കേരള സാന്റൽ -13 ഗ്രാം
12. റിഥം -80 ഗ്രാം
13. വാഷ് വെൽ- 125 ഗ്രാം (വാഷിംഗ് സോപ്പ്)

(ബി) പുതിയ ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനും കമ്പനി വിപുലീകരിക്കുന്നതിനുമുള്ള പദ്ധതികൾ പരിഗണനയിലാണ്.

**കോഴിക്കോട് കേരള സോപ്സിലെ കഴിഞ്ഞ വർഷത്തെ പ്രവർത്തനം**

**304 (660)** ശ്രീ. എ. പ്രദീപ്കുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് കേരളാ സോപ്സിൽ കഴിഞ്ഞ സാമ്പത്തികവർഷം എത്ര രൂപയുടെ ഉൽപ്പന്നങ്ങളാണ് വിൽപ്പന നടത്തിയതെന്ന് വിശദമാക്കുമോ ;

(ബി) ഇതിന്റെ ഭാഗമായി എത്ര രൂപയുടെ ലാഭമുണ്ടായി എന്ന് വ്യക്തമാക്കുമോ ;

(സി) കഴിഞ്ഞ സാമ്പത്തികവർഷത്തെ ലാഭനഷ്ടക്കണക്കിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) കോഴിക്കോട് കേരള സോപ്സിൽ കഴിഞ്ഞ സാമ്പത്തിക വർഷം 419.86 ലക്ഷം രൂപയുടെ ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തി.

(ബി) ലാഭമുണ്ടായിരുന്നില്ല.

(സി) കഴിഞ്ഞ സാമ്പത്തിക വർഷത്തെ ലാഭ നഷ്ടക്കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| | തുക ലക്ഷത്തിൽ |
|---|---|
| ആകെ വരുമാനം | 420.32 |
| ആകെ ചെലവ് | 443.64 |
| തേയ്മാനം, നികുതി എന്നിവയ്ക്ക് മുൻപുള്ള നഷ്ടം | 23.32 |

ഈ സാമ്പത്തിക വർഷം (2012-13) കേരള സോപ്സ് ലാഭത്തിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.

**കുറ്റിപ്പുറം മാൽകോ ടെക്സ് സഹകരണ സ്പിന്നിംഗ് മിൽ**

**305 (661)** ഡോ. കെ. ടി. ജലീൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റിപ്പുറം മാൽകോ ടെക്സ് സഹകരണ സ്പിന്നിംഗ് മിൽ മലപ്പുറം ജില്ലാ സഹകരണ ബാങ്കിൽനിന്നും എത്ര രൂപയാണ് വായ്പ എടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ എത്ര രൂപയാണ് തിരിച്ചടച്ചിട്ടുള്ളത് ;

(സി) മുതലും പലിശയും അടക്കം ഇനി എത്ര രൂപ തിരിച്ചടയ്ക്കാനുണ്ട് ;

(ഡി) ഈ ബാധ്യത തീർക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 30 ലക്ഷം രൂപ.

(ബി) 17,16,532.00 രൂപ.

(സി) 12-3-2013-ലെ കണക്കനുസരിച്ച് 1,03,24,257 രൂപ തിരിച്ചടക്കാനുണ്ട്.

(ഡി) മില്ലുകളുടെ കടബാധ്യതകൾ തീർക്കേണ്ട ചുമതല അതാത് മില്ലുകൾക്ക് തന്നെയാണ്.

**കെൽട്രോണിലെ സേവന വേതന വ്യവസ്ഥകൾ**

**306 (662)** ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെൽട്രോണിൽ നിലവിലുള്ള സേവന വേതന വ്യവസ്ഥകളുടെ കാലാവധി അവസാനിച്ചത് എന്നാണെന്ന് അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കരാർ പുതുക്കുന്നതിനും ശമ്പള വർദ്ധനവിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എന്നുമുതൽ പ്രാബല്യത്തിൽ വരുമെന്നും അറിയിക്കാമോ ;

(സി) അതുവരെ ഇടക്കാലാശ്വാസം അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ എന്നും എങ്കിൽ എന്നുമുതൽ നടപ്പിലാകുമെന്നും അറിയിക്കാമോ ?

ഉത്തരം

(എ) നിലവിലുള്ള സേവന വേതന കരാറിന്റെ കാലാവധി 31-3-2012-ന് അവസാനിച്ചു.

(ബി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

(സി) തീരുമാനിച്ചിട്ടില്ല.

**എമർജിംഗ് കേരളയിൽ അവതരിപ്പിക്കപ്പെട്ട പദ്ധതികൾ**

**307 (663)** ശ്രീ. വി. എസ്. സുനിൽകുമാർ :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. വി. ശശി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എമർജിംഗ് കേരളയിൽ അവതരിപ്പിക്കപ്പെട്ട പദ്ധതികളുടെ തുടർ നടപടികൾക്ക് വകുപ്പുകൾ സഹകരിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡ്, മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ കൗൺസിലിന് നൽകിയ റിപ്പോർട്ടിലെ പരാമർശങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) എമർജിംഗ് കേരളയ്ക്കുവേണ്ടി ഇതുവരെ എത്ര തുക ചെലവഴിച്ചു ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ഇതുവരെ ലഭ്യമായ കണക്കുകൾ പ്രകാരം എമർജിംഗ് കേരളയ്ക്ക് ചെലവഴിച്ച തുകയുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## എമർജിംഗ് കേരളയിൽ അവതരിപ്പിക്കപ്പെട്ട പദ്ധതികളുടെ നേട്ടങ്ങൾ

**308 (664)** ശ്രീ. എളമരം കരീം :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. ബി. ഡി. ദേവസ്സി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എമർജിംഗ് കേരളയിൽ അവതരിപ്പിക്കപ്പെട്ട പദ്ധതികളുടെ പ്രായോഗികതയും ഭൗതികവും സാമ്പത്തികവുമായ നേട്ടങ്ങളും വിലയിരുത്തുകയുണ്ടായോ ;

(ബി) പദ്ധതികളുടെ സാമൂഹ്യപ്രസക്തിയും പാരിസ്ഥിതിക പ്രത്യാഘാതങ്ങളും സംസ്ഥാനത്തിന്റെ പ്രയോജനവും വിശകലനം ചെയ്തിട്ടുണ്ടോ ; ഇത് ഏത് ഏജൻസിവഴിയാണ് നടത്തിയത് ; വിശദമാക്കാമോ ;

(സി) പദ്ധതികൾക്കാവശ്യമായി വരുന്ന സ്ഥലത്തിന്റെ ലഭ്യത ഉറപ്പായിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഡി) ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡ് ഇതുസംബന്ധിച്ച് എന്തെല്ലാം ശുപാർശകൾ നൽകിയിട്ടുണ്ട് വിശദമാക്കാമോ ?

ഉത്തരം

(എ) എമർജിംഗ് കേരളയിൽ അവതരിപ്പിക്കപ്പെട്ട വിവിധ വകുപ്പുകളുടെ പദ്ധതി നിർദ്ദേശങ്ങളെല്ലാംതന്നെ വിദഗ്ദ്ധ പരിശോധനകൾ നടത്തി, ഇവയിൽനിന്നും കേരളത്തിന്റെ പരിസ്ഥിതിക്കും സാഹചര്യത്തിനും ഉതകുന്ന പദ്ധതി നിർദ്ദേശങ്ങളെ മാത്രം തെരഞ്ഞെടുക്കുന്നതാണ്. അവയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ ലഭ്യമാക്കി തുടർനടപടികൾ സ്വീകരിക്കുന്നതിന് അതാത് വകുപ്പുസെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ആവശ്യമായ പദ്ധതികൾക്ക് പരിസ്ഥിതി ആഘാത പഠനവും സ്റ്റാറ്റ്യൂട്ടറി ക്ലിയറൻസും ലഭ്യമാക്കിവരുന്നു.

(സി&ഡി) വ്യവസായ വകുപ്പിന് കീഴിൽ പുരോഗമിക്കുന്ന പദ്ധതികളുടെ സ്ഥല ലഭ്യതയും ഉറപ്പുവരുത്തുന്നുണ്ട്. വ്യവസായ വകുപ്പിന് കീഴിലുള്ള കെ.എസ്. ഐ.ഡി.സി., കിൻഫ്ര മുതലായ ഏജൻസികളുടെ വ്യവസായ പാർക്ക്/ ഗ്രോത്ത് സെന്ററുകൾ ഇവയിലാണ് ചില പദ്ധതികൾ നടക്കുന്നത്. പദ്ധതിക്കാവശ്യമായ സ്ഥലത്തിന്റെ ലഭ്യതയെക്കുറിച്ച് ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡ് ശുപാർശകൾ നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

## ചെറുകിട വ്യവസായങ്ങൾക്കായുള്ള നിക്ഷേപക സംഗമം

309 (665) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എം. പി. വിൻസെന്റ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുകിട വ്യവസായങ്ങൾക്കായി എമർജിംഗ് കേരളയ്ക്ക് സമാനമായ സംരംഭം സംഘടിപ്പിക്കുന്നകാര്യം പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം ഏജൻസികളുടെ നേതൃത്വത്തിലാണ് ഇത് സംഘടിപ്പിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി-ഡി) ബാധകമല്ല.

## എമർജിംഗ് കേരള

310 (666) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എമർജിംഗ് കേരളവഴി എത്ര വ്യവസായ സംരംഭകരാണ് കേരളത്തിൽ വ്യവസായങ്ങൾ തുടങ്ങുന്നതിനായി സമീപിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ;

(ബി) ഇതിൽ ഊർജ്ജ വകുപ്പുമായി ബന്ധപ്പെട്ട് ഏതെങ്കിലും പദ്ധതി തുടങ്ങുന്നതിനായി സംരംഭകർ മുന്നോട്ട് വന്നിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) 176 വ്യവസായ സംരംഭകർ.

(ബി) ഊർജ്ജ വകുപ്പുമായി ബന്ധപ്പെട്ട് 17 പ്രോജക്ടുകളാണ് വന്നിട്ടുള്ളത്. ഈ പ്രോജക്ടുകൾ മേൽ നടപടികൾക്കായി ഊർജ്ജ വകുപ്പിന് കൈമാറിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## എമർജിംഗ് കേരളയും പദ്ധതികളും

**311 (667)** ശ്രീ. കെ. വി. വിജയദാസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എമർജിംഗ് കേരളയുടെ ഭാഗമായി എത്ര പുതിയ പദ്ധതികൾ ആരംഭിക്കുവാൻ കഴിഞ്ഞു ; വിശദാംശം നൽകുമോ ;

(ബി) ഇതിന്റെ ഭാഗമായി എത്ര കോടി രൂപയുടെ നിക്ഷേപം നടന്നുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) എമർജിംഗ് കേരളയിലൂടെ അനവധി പദ്ധതി നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ട്. ഇവയിലെല്ലാം അതത് വകുപ്പുകൾ തുടർനടപടികൾ എടുത്തു വരുന്നു. വ്യവസായ വകുപ്പിന് കീഴിൽ 48 പദ്ധതി നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ട്. ഇവയുടെ പ്രാഥമിക പരിശോധന കഴിഞ്ഞ് 23 പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. പെട്രോകെമിക്കൽ, ഭക്ഷ്യസംസ്കരണം, കെട്ടിടനിർമ്മാണ മേഖലയിലെ പ്രീകാസ്റ്റ് ഉൽപ്പന്നങ്ങളുടെ നിർമ്മാണം, ബയോമെഡിക്കൽ ഉപകരണങ്ങളുടെ നിർമ്മാണം HDPE സ്റ്റോറേജ് ടാങ്കുകളുടെ നിർമ്മാണം, സോളാർ പാനലുകളുടെ നിർമ്മാണം മുതലായവ വ്യവസായ വകുപ്പ് തുടർ നടപടികൾ പൂർത്തിയാക്കുന്ന പദ്ധതികളിൽ ശ്രദ്ധേയമാണ്. ഇതുകൂടാതെ മറ്റ് വകുപ്പുകളുടെ കീഴിലുള്ള പദ്ധതികളും പുരോഗമിച്ചുവരുന്നു. ടൂറിസം, ഗൗൺഷിപ്പ് പദ്ധതികൾ, കൺവെൻഷൻ സെന്റർ, സീപ്ലെയിൻ പദ്ധതി മുതലായവ ടൂറിസം വകുപ്പിലെ ചില ശ്രദ്ധേയമായ പദ്ധതികളാണ്. ഇതിൽ സീപ്ലെയിൻ പദ്ധതി ഉടൻ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഉന്നത വിദ്യാഭ്യാസ വകുപ്പിലെ ചില ശ്രദ്ധേയമായ പദ്ധതികളാണ് Mercedes Benz-മായി ചേർന്ന് ഡയറക്ടറേറ്റ് ഓഫ് ടെക്നിക്കൽ എഡ്യുക്കേഷൻ നടത്താനുദ്ദേശിക്കുന്ന Automative Mechatronics course-ഉം ജർമ്മനിയിലെ Bosh Rexroth കേരളത്തിൽ സ്ഥാപിക്കുന്ന Centres of Competence/ Centres of Excellence. ഇതിൽ Mercedes Benz-ന്റെ Automative Mechatronics കോഴ്സിനുവേണ്ടി തിരുവനന്തപുരത്തെ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ സജ്ജീകരണങ്ങൾ നടന്നുവരുന്നു. ജൂൺ മാസം മുതൽ ക്ലാസുകൾ ആരംഭിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതുപോലെ Bosch-ന്റെ പദ്ധതിയുടെ ഉദ്ഘാടനം കഴിഞ്ഞു. Hydraulics, Pneumatics, CNC Control systems, Robotics മുതലായ മേഖലകളിലാണ് Bosch-ന്റെ Centres of Comptence/ Centres of Excellence സ്ഥാപിക്കുക.

ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ കീഴിലുള്ള ചില എമർജിംഗ് കേരള പദ്ധതികളാണ് തിരുവനന്തപുരത്ത് തുടങ്ങാനുദ്ദേശിക്കുന്ന കിഡ്സ് ലാബ്, കോട്ടയത്ത് തുടങ്ങുന്ന ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബേസിക് സയൻസ്, തിരുവനന്തപുരത്തെ റിസർച്ച് പാർക്ക്, ഹെർബൽ മെഡിസിനൽ കിറ്റുകളുടെ നിർമ്മാണം മുതലായവ. വ്യവസായ വകുപ്പിന് കീഴിൽ പുരോഗമിച്ചു വരുന്ന 23 പദ്ധതികളിൽ ഉദ്ദേശം 10,000 കോടി രൂപയുടെ നിക്ഷേപം വിഭാവനം ചെയ്യുന്നു. ഇതിനുപുറമെയാണ് ബി.പി.സി.എല്ലിന്റെ കൊച്ചിൻ റിഫൈനറി വികസന പദ്ധതി. ഈ പദ്ധതിയിൽ ഉദ്ദേശം 12,000 കോടി രൂപയുടെ നിക്ഷേപമാണ് പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## എമർജിംഗ് കേരളവഴി വ്യവസായം ആരംഭിക്കാൻ മുന്നോട്ടുവന്ന സ്ഥാപനങ്ങൾ

**312 (668)** ശ്രീ. എ. പ്രദീപ്കുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എമർജിംഗ് കേരളവഴി കോഴിക്കോട് ജില്ലയിൽ എത്ര സ്വകാര്യ സ്ഥാപനങ്ങൾ വ്യവസായം ആരംഭിക്കുവാൻ മുന്നോട്ട് വന്നിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) ഈ സ്ഥാപനങ്ങൾക്ക് വ്യവസായങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-ബി) പത്ത് സ്വകാര്യ സ്ഥാപനങ്ങൾ/നിക്ഷേപകർ കോഴിക്കോട് ജില്ലയിൽ വ്യവസായം തുടങ്ങാനായി വിവിധ പദ്ധതികളുമായി മുന്നോട്ട് വരികയുണ്ടായി. ഇതിൽ വ്യവസായ വകുപ്പിന് കീഴിൽ നാല് പദ്ധതികളാണ് ലഭിച്ചത്. ഇതിൽ ഒരു പദ്ധതി പുരോഗമിച്ചുവരുന്നു. മറ്റ് വകുപ്പുകളുടെ കീഴിൽ കോഴിക്കോട് ജില്ലയിൽ തുടങ്ങാനായി ലഭിച്ചിട്ടുള്ള പദ്ധതികളുടെ വിവരം ചുവടെ കൊടുക്കുന്നു :

| | |
|---|---|
| ഉന്നത വിദ്യാഭ്യാസ വകുപ്പ് | 2 പദ്ധതികൾ |
| ആരോഗ്യ വകുപ്പ് | 2 പദ്ധതികൾ |
| ടൂറിസം വകുപ്പ് | 2 പദ്ധതികൾ |
| ഐ.റ്റി വകുപ്പ് | 1 പദ്ധതി |
| തദ്ദേശ സ്വയംഭരണ വകുപ്പ് | 1 പദ്ധതി |

## എമർജിംഗ് കേരളയുടെ ഭാഗമായി വന്ന പുതിയ പദ്ധതികൾ

**313 (669)** ശ്രീ. എസ്. ശർമ്മ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തുടങ്ങിയ പുതിയ വ്യവസായങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) എമർജിംഗ് കേരളയുടെ ഭാഗമായി വന്ന പുതിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ ;

(സി) ഇതിന് എത്ര തുകയാണ് കണക്കാക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## പുതിയ വ്യാവസായിക നയം

**314 (670)** ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരു പുതിയ വ്യാവസായികനയം ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) നയത്തിന്റെ കാഴ്ചപ്പാടുകൾ എന്തൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) വ്യാവസായിക നിക്ഷേപ പ്രോത്സാഹനത്തിലൂടെ സംസ്ഥാനത്തിന്റെ സമഗ്രവികസനത്തിന് എന്തെല്ലാം കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

### ഉത്തരം

(എ) ഉണ്ട്. വ്യവസായ നയത്തിന്റെ കരട് തയ്യാറായിട്ടുണ്ട്.

(ബി) എല്ലാ മേഖലകളിലും ആഗോളനിലവാരം കൈവരിക്കുന്നതിനായി സുസ്ഥിരവും വേഗത്തിലുള്ളതും നിലനിൽക്കുന്നതുമായ സാമ്പത്തിക വളർച്ചയിലൂടെ കേരളത്തെ ആകർഷകവും പരിവർത്തനാത്മകവുമായ സംരംഭക സമൂഹമാക്കി മാറ്റുക എന്നതാണ് വ്യവസായ നയത്തിന്റെ പ്രധാന കാഴ്ചപ്പാട്.

(സി&ഡി) വ്യാവസായിക നിക്ഷേപ പ്രോത്സാഹനത്തിലൂടെ സംസ്ഥാനത്തിന്റെ സമഗ്രവികസനത്തിന് ചുവടെ ചേർക്കുന്ന കാര്യങ്ങളാണ് വ്യവസായ വാണിജ്യ നയത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത് :

- പരിസ്ഥിതിക്ക് കോട്ടം തട്ടാതെ കേരളത്തെ മികച്ച വ്യാവസായിക നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റുക.

- കൃഷി സംസ്ക്കരണം, സേവനം, വാണിജ്യം കാലിക പ്രാധാന്യമുള്ള മേഖലകൾ മുതലായവയിൽ സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിച്ച് കേരളത്തെ ഒരു സംരംഭക സംസ്ഥാനമാക്കി മാറ്റുക.

- തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പ്രാദേശിക വിഭവങ്ങളുടെ ശരിയായ ഉപഭോഗത്തിനുമായി ഗ്രാമീണ മേഖലകളിൽ സൂക്ഷ്മ ചെറുസംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

- തൊഴിലാളികളിൽനിന്ന് സംരംഭകരിലേക്കുള്ള മാറ്റം ലക്ഷ്യമിടുന്ന നയരൂപീകരണം നടത്തുക.
- പ്രാദേശിക വിഭവങ്ങളിലൂടെ മൂല്യ വർധനത്തിനായി സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുക.
- ആഭ്യന്തര-വിദേശ നിക്ഷേപകരെ സേവനമേഖലയിലും വളർച്ച നേടിക്കൊണ്ടിരിക്കുന്ന വ്യവസായ രംഗങ്ങളായ ബയോ ടെക്നോളജി, നാനോ ടെക്നോളജി തുടങ്ങിയ മേഖലകളിലും ആകർഷിച്ചുകൊണ്ട് മത്സരബുദ്ധിയോടെ പ്രവർത്തിക്കുന്ന ഒരു നിക്ഷേപ കേന്ദ്രമാക്കി കേരളത്തെ ഉയർത്തിക്കാട്ടുകയും അതുവഴി സംസ്ഥാനത്തിനകത്തുതന്നെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.
- പൊതു-സ്വകാര്യ പങ്കാളിത്തത്തോടെയുള്ള വ്യവസായ അടിസ്ഥാന സൗകര്യ വികസനം സാദ്ധ്യമാക്കുക.
- സംസ്ഥാനത്തിൽ വ്യവസായ ക്ലസ്റ്ററുകൾ ത്വരിതപ്പെടുത്തുക.
- പൂർണ്ണമായും ഭാഗികമായും തൊഴിൽ പ്രാവീണ്യം നേടിയവർക്ക് സംസ്ഥാനത്തിനകത്തുതന്നെ വ്യാവസായിക സേവന മേഖലകളിൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക.
- പൊതുമേഖല സ്ഥാപനങ്ങളിൽ ആഗോളതലത്തിൽ അംഗീകൃത നിലവാരമുള്ള സാങ്കേതികവിദ്യയും ഗുണമേന്മയും ആവിഷ്ക്കരിക്കുക.
- സംരംഭക വികസനത്തിന് ഉത്തരവാദിത്വമുള്ള വ്യാപാര ശീലങ്ങൾ, പ്രത്യേകിച്ച് പരിസ്ഥിതി സൗഹാർദ്ദ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക.

### വ്യാപാര-വാണിജ്യ മേഖലകൾ

**315 (671)** ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ആർ. സെൽവരാജ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വ്യാപാര-വാണിജ്യമേഖലകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എവിടെയെല്ലാമാണ് ഇവ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഈ പ്രദേശങ്ങളുടെ സാമ്പത്തികവളർച്ചയ്ക്കും വ്യാപാര-വാണിജ്യ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും ഇത് എത്രമാത്രം പ്രയോജനപ്പെടുമെന്നാണ് കരുതുന്നത് ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് കിൻഫ്രയുടെ നേതൃത്വത്തിൽ വ്യവസായ വാണിജ്യ മേഖലകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്ത് തുറമുഖങ്ങളുടെയും വിമാനത്താവളങ്ങളുടെയും വികസന സാദ്ധ്യതകൾ മുന്നിൽ കണ്ടുകൊണ്ട് ഇവയെ ബന്ധപ്പെടുത്തി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ വ്യവസായ വികസന മേഖലകൾ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നുണ്ട്. ഇതുവഴി തുറമുഖ വിമാനത്താവള അധിഷ്ഠിത അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കി ഈ മേഖലയുമായി ബന്ധപ്പെട്ട് കയറ്റുമതി അധിഷ്ഠിതവും അല്ലാത്തതുമായ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും ഇതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധിക്കുമെന്ന് കരുതുന്നു.

(സി&ഡി) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ മേഖലകളിലാണ് വ്യവസായ മേഖലകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. ഇതുവഴി വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിനും പ്രസ്തുത പ്രദേശങ്ങളുടെ സമഗ്രവികസനവും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധിക്കുമെന്ന് കരുതുന്നു.

**കുടിൽ വ്യവസായം**

**316 (672)** പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടിൽ വ്യവസായ രംഗത്തെ പ്രോൽസാഹിപ്പിക്കുവാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തൊക്കെയാണ് വിശദമാക്കാമോ ?

ഉത്തരം

(എ-ബി) ഉണ്ട്. കുടിൽ വ്യവസായങ്ങളെയും ചെറുകിട വ്യവസായങ്ങളെയും പ്രോത്സാഹിപ്പിക്കുവാൻ വേണ്ടി കെ.ബിപി.-ന്റെ നേതൃത്വത്തിൽ എറണാകുളത്ത് കേരള ബാംബു ഫെസ്റ്റും കേരള അഗ്രി ഫുഡ് പ്രോ മീറ്റും നിലമ്പൂരിൽ ഹാന്റി ക്രാഫ്റ്റ്സ് സ്കിൽ ഡെവലപ്മെന്റ് ഫെയർ ആന്റ് ഫുഡ് ഫെസ്റ്റും സംഘടിപ്പിക്കുകയും അതിൽ കുടിൽ വ്യവസായരംഗത്തെ സംരംഭകർക്ക് അവരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുവാനുള്ള അവസരം ഉണ്ടാക്കിക്കൊടുക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## ഇലക്ട്രോണിക് ഹബ് പദ്ധതി

317 (673) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. വി. ഡി. സതീശൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇലക്ട്രോണിക് ഹബ് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ഇലക്ട്രോണിക് വ്യവസായങ്ങളെ സഹായിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട് ?

ഉത്തരം

(എ) ഇലക്ട്രോണിക് ഹാർഡ് വെയർ പദ്ധതിയുടെ നോഡൽ ഏജൻസിയായി കെ.എസ്.ഐ.ഡി.സി.-യെ നിയമിച്ചിട്ടുണ്ട്. ഇതിലേക്കാവശ്യമായ സ്ഥലം എറണാകുളം ജില്ലയിലെ അമ്പല്ലൂരിൽ കെ.എസ്.ഐ.ഡി.സി. കണ്ടെത്തിയിട്ടുണ്ട്.

(ബി) കേരളത്തെ അന്തർദേശീയ പ്രാധാന്യമുള്ള ഒരു ഇലക്ട്രോണിക് ഹാർഡ് വെയർ ഉൽപ്പാദനകേന്ദ്രമാക്കി മാറ്റുകവഴി കേരളത്തിന്റെ സാമ്പത്തികവും സാമൂഹികവുമായ വികസനം ഈ പദ്ധതി ഉന്നം വയ്ക്കുന്നു. കേരളത്തിൽ വിദേശ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും ഇവിടെ സുസ്ഥിരമായ വളർച്ച കൈവരിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു.

(സി) ഏകദേശം 250 തോളം ഇടത്തരം ഇലക്ട്രോണിക് ഹാർഡ് വെയർ വ്യവസായങ്ങൾ തുടങ്ങുന്നതിനുവേണ്ടിയുള്ള സൗകര്യം ഇവിടെ ഒരുക്കുന്നതിന് ലക്ഷ്യം വയ്ക്കുന്നു. ഇലക്ട്രോണിക്സ് ഡിസൈൻ സെന്റർ, ക്വാളിറ്റി കൺട്രോൾ ആന്റ് ടെസ്റ്റിംഗ് ലാബ്, ആർ& ഡി സെന്റർ, ടൂൾ റൂം മുതലായ അനുബന്ധ സൗകര്യങ്ങൾ പാർക്കിൽ സ്ഥാപിക്കുന്നതാണ്. ഒരു സ്വയംപര്യാപ്ത സമുച്ചയമായി ഇതിനെ ഉയർത്തുന്നതിനുവേണ്ട എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

(ഡി) ഇലക്ട്രോണിക് ഹാർഡ് വെയർ പ്രോജക്ടിന്റെ റിപ്പോർട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ ഗ്രാന്റ് പദ്ധതിക്ക് ലഭ്യമാക്കുന്നതിന് ശ്രമിക്കുന്നുണ്ട്. ആമ്പല്ലൂരിൽ കണ്ടെത്തിയ സ്ഥലത്ത് പദ്ധതി നടപ്പാക്കുന്നതിന് വേണ്ട വിവിധതരം അനുമതികൾക്ക് വേണ്ടിയുള്ള ശ്രമത്തിലാണ് കെ.എസ്.ഐ.ഡി.സി.

LIBRARY ARCHIVES Kerala Legislative Assembly

## വ്യവസായത്തിന് അനുവദിച്ച ഭൂമി തിരിച്ചെടുക്കൽ

318 (674) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. കെ. ശിവദാസൻ നായർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായം തുടങ്ങുന്നതിനായി അനുവദിച്ച ഭൂമി തിരിച്ചെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശം ലഭ്യമാക്കുമോ ;

(സി) എത്ര ഏക്കർ ഭൂമിയാണ് കമ്പനികളിൽനിന്ന് ഇങ്ങനെ തിരിച്ചെടുക്കാൻ തീരുമാനിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

### ഉത്തരം

(എ) വ്യവസായ ആവശ്യത്തിനായി അനുവദിച്ചു ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി തിരിച്ചെടുക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) വ്യവസായ ആവശ്യത്തിന് അനുവദിച്ച ഭൂമി ഉപയോഗശൂന്യമായിരിക്കുന്നത് ഒഴിവാക്കുവാനും പ്രസ്തുത ഭൂമി വ്യവസായ ആവശ്യങ്ങൾക്കായി മാത്രം ഉപയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തുവാനും ആവശ്യമുള്ള വ്യവസായികൾക്ക് സ്ഥലം ലഭ്യമാക്കുകയുമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.

(സി) തിരിച്ചെടുക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ള ഭൂമിയെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുനൽകുന്നതാണ്.

(ഡി) ബന്ധപ്പെട്ടവർക്ക് നോട്ടീസ് നൽകി നിയമപ്രകാരമുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

## മാവേലിക്കര മണ്ഡലത്തിലെ ഗ്ലാസ് ഫാക്ടറി

319 (675) ശ്രീ. ആർ. രാജേഷ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര മണ്ഡലത്തിലെ ഗ്ലാസ് ഫാക്ടറിയുടെ സ്ഥലം വ്യവസായ വകുപ്പിനുകീഴിൽ നിന്നും ഏത് സൊസൈറ്റിക്കാണ് കൈമാറിയത് ; ഈ സൊസൈറ്റി പ്രസ്തുത സ്ഥലം വ്യവസായം തുടങ്ങുന്നതിനായി ആർക്കെങ്കിലും നൽകിയിട്ടുണ്ടോ ; എത്ര അപേക്ഷകൾ ഇതിനായി പരിഗണിച്ചു ; കൈമാറിയ സ്ഥലത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഏത് പദ്ധതികൾക്കാണ് കൈമാറിയത് ; നടപ്പിലാക്കുന്ന പദ്ധതികളെ സംബന്ധിച്ച പഠനം നടത്തിയിട്ടുണ്ടോ ; പാരിസ്ഥിതിക ബുദ്ധിമുട്ടുണ്ടാക്കുന്ന പദ്ധതികളല്ല എന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ ?

ഉത്തരം

(എ-ബി) ആലപ്പുഴ ജില്ലാ മിനി വ്യവസായ എസ്റ്റേറ്റ് സഹകരണ സംഘം ക്ലിപ്തം നമ്പർ 107 നാണ് വ്യവസായം തുടങ്ങുന്നതിനായി കൈമാറിയത്. നാല് അപേക്ഷകരെയാണ് പരിഗണിച്ചത്. കൈമാറിയ സ്ഥലത്തിന്റെയും നടപ്പിലാക്കുന്ന പദ്ധതികളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. ശ്രീ. ഷാജഹാൻ, മെ. റീജന്റ് അലുമിനിയം ഫാബ്രിക്കേഷൻ പ്രോഡക്ട്സ് പ്രൈവറ്റ് ലിമിറ്റഡ്, കായംകുളം-20 സെന്റ്-അലുമിനിയം പാത്ര നിർമ്മാണം.

2. ശ്രീ. കെ.ആർ.ബാബുരാജ്, മെ. ഹൈടെക് എഞ്ചിനീയറിംഗ്-10 സെന്റ്-ഗേറ്റ്, ഗ്രിൽ മുതലായവയുടെ നിർമ്മാണം.

3. ശ്രീ. സോഫി ബി രാജ്, മെ. സോപാനം ഇൻഡസ്ട്രീസ്-10 സെന്റ്-ഹോളോബ്രിക്സ് നിർമ്മാണം.

4. ശ്രീ. അരുൺ റ്റി., മെ. ക്രീൻഷ്യ അസോസിയേറ്റ്സ്-30 സെന്റ്-പാക്കേജ്ഡ് ഡ്രിങ്കിംഗ് വാട്ടർ നിർമ്മാണം. ഇതു സംബന്ധിച്ച് പഠനം നടത്തിയിട്ടില്ല. എന്നാൽ ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതി ലഭ്യമാക്കിയശേഷമേ സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കുവാൻ കഴിയുകയുള്ളു.

**വ്യവസായ വകുപ്പിന് അനുവദിച്ച സ്ഥലവും അടിസ്ഥാന വികസനവും**

**320 (676)** ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർകോട് അനന്തപുരം, ചട്ടഞ്ചാൽ എന്നിവിടങ്ങളിൽ വ്യവസായ വകുപ്പിന് എത്ര സ്ഥലം അനുവദിച്ചു കിട്ടിയിട്ടുണ്ട് ;

(ബി) എപ്പോഴാണ് ഇത് അനുവദിച്ച് കിട്ടിയത് ;

(സി) ഇവിടെ ഇപ്പോൾ പ്രവർത്തിച്ചുവരുന്ന വ്യവസായ യൂണിറ്റുകൾ ഏതൊക്കെയാണ് ;

(ഡി) ഇവിടെയുള്ള അടിസ്ഥാനസൗകര്യങ്ങൾ പുതിയ വ്യവസായം തുടങ്ങുന്നതിന് അനുയോജ്യമാണോ ;

(ഇ) അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അനന്തപുരം-212.5 ഏക്കർ ചട്ടഞ്ചാൽ-28.5 ഏക്കർ

(ബി) 1987-ൽ

(സി) ഇപ്പോൾ പ്രവർത്തിച്ചുവരുന്ന വ്യവസായ യൂണിറ്റുകളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ഇവിടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ പരിമിതമാണ്.

(ഇ) വൈദ്യുതി, ജലം, റോഡുകൾ എന്നീ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

**കാസർഗോഡ് ജില്ലയിൽ കിൻഫ്രയ്ക്കായി ഭൂമി ഏറ്റെടുക്കുന്ന നടപടി**

**321 (677)** ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ കിൻഫ്രയ്ക്കായി ഭൂമി ഏറ്റെടുക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം വില്ലേജുകളിൽ എത്ര ഏക്കർ വീതമാണ് കിൻഫ്രയ്ക്ക് ഏറ്റെടുക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ജില്ലയിൽ കേരള സിറാമിക്സിന്റെ ഒരു യൂണിറ്റ് തുടങ്ങാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ബി) കാസർഗോഡ് ജില്ലയിൽ കിൻഫ്രയ്ക്കായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള താഴെപ്പറയുന്ന നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ് :

1. പൈവാളിക-ചിപ്പാർ-മീഞ്ച വില്ലേജുകളിലായി -300 ഏക്കർ
2. കണ്ണൂർ-കോയിപ്പടി വില്ലേജുകളിലായി -420 ഏക്കർ
3. പെരോൾ-കിനാനൂർ-മടിക്കൈ വില്ലേജുകളിലായി -250 ഏക്കർ

(സി) ഇപ്പോൾ പരിഗണനയിലില്ല.

**സിഡ്കോയും കൈവശഭൂമിയും**

**322 (678)** ശ്രീ. കെ. ദാസൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായവകുപ്പിന് കീഴിലുള്ള സിഡ്കോയുടെ കൈവശം കോഴിക്കോട് ജില്ലയിൽ എവിടെയെല്ലാം ഭൂമിയുണ്ട് എന്നത് വ്യക്തമാക്കുമോ ; ഭൂമി ഏത് നിയോജക മണ്ഡലങ്ങളിലാണ് എന്നും ഭൂമി എത്ര വിസ്തീർണ്ണം എന്നും വിശദമായി വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കൊയിലാണ്ടി മണ്ഡലത്തിൽ മൂടാടി പഞ്ചായത്തിൽ സിഡ്കോയുടെ കൈവശമുള്ള ഭൂമിയുണ്ടോ എന്നത് വ്യക്തമാക്കാമോ ; ഈ ഭൂമിയിൽ ഏതെങ്കിലും വ്യവസായ പദ്ധതി ആരംഭിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ;

(സി) മൂടാടി വലിയമല കോളനി വികസന പദ്ധതി നിർവ്വഹണം സിഡ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ എന്നത് വിശദമാക്കാമോ ; പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് സിഡ്കോ ഇതുവരെ മുന്നോട്ട് കൊണ്ടുപോയിട്ടുള്ള നടപടികൾ എന്തെല്ലാം എന്ന് വിശദീകരിക്കാമോ ;

(ഡി) ഏറ്റെടുത്തിട്ടുള്ള ചുമതല സമയബന്ധിതമായി മുന്നോട്ട് പോവുന്നില്ലെങ്കിൽ നിർവ്വഹണ ചുമതല മറ്റേതെങ്കിലും ഏജൻസിയെ ഏൽപ്പിക്കുന്നതിൽ നിയമ തടസ്സമുണ്ടോ ?

ഉത്തരം

(എ) സിഡ്കോയ്ക്ക് കോഴിക്കോട് ഒളവണ്ണയിലുള്ള ടൂൾ റൂം കം ട്രെയിനിംഗ് സെന്ററിന്റെ കൈവശം 51 സെന്റ് ഭൂമിയും, പുതിയറയിലുള്ള ഗവ. വുഡ് വർക്ഷോപ്പിന്റെ കൈവശം 134 സെന്റ് ഭൂമിയുമുണ്ട്. കോഴിക്കോട് II നിയോജകമണ്ഡലത്തിലാണ് ഗവ. വുഡ് വർക് ഷോപ്പ് സ്ഥിതി ചെയ്യുന്നത്. കുന്ദമംഗലം നിയോജകമണ്ഡലത്തിലാണ് ടൂൾ റൂം കം ട്രെയിനിംഗ് സെന്റർ (30 വർഷത്തെ പാട്ടക്കരാർ വ്യവസ്ഥയിൽ) സ്ഥിതിചെയ്യുന്നത്. കോഴിക്കോട് ജില്ലയിൽ സിഡ്കോ വ്യവസായ എസ്റ്റേറ്റിന്റെ കീഴിൽ വെസ്റ്റ്ഹില്ലിൽ ഭൂമിയുണ്ട്, കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലാണ് സിഡ്കോയുടെ കൈവശമുള്ള ഭൂമി നിലവിലുള്ളത്. വെസ്റ്റ്ഹില്ലിൽ 12.44 ഏക്കർ ഭൂമി സിഡ്കോയുടെ കൈവശം ഉണ്ട്. വ്യവസായ പാർക്ക് ഡിവിഷന്റെ കീഴിൽ 3.74 ഏക്കർ ഭൂമി കൊയിലാണ്ടി മണ്ഡലത്തിൽ മൂടാടി പഞ്ചായത്തിലെ മുച്ചുകുന്ന് എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്നു. സിഡ്കോയുടെ മിനി വ്യവസായ എസ്റ്റേറ്റ് ഡിവിഷന്റെ കീഴിൽ കോഴിക്കോട് ജില്ലയിൽ പേരാമ്പ്ര, കടലുണ്ടി എന്നിവിടങ്ങളിൽ ഒരേക്കർ വീതം ഭൂമിയുണ്ട്. പേരാമ്പ്ര, ബേപ്പൂർ എന്നീ നിയോജകമണ്ഡലങ്ങളിലാണ് ഇവ സ്ഥിതിചെയ്യുന്നത്.

(ബി) ഉണ്ട്. ഭൂമി പ്ലോട്ടുകളായി തിരിച്ച് 12 ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് അനുവദിച്ചിട്ടുണ്ട്.

(സി) മൂടാടി വലിയമല കോളനി വികസന പദ്ധതി നിർവ്വഹണം സിഡ്കോ ഗവ.വുഡ് വർക്ക് ഷോപ്പ് സെയിൽസ് സെന്ററിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി പട്ടികജാതി വികസന വകുപ്പിന് നൽകിയിട്ടുണ്ട്.

(ഡി) പട്ടികജാതി വികസന വകുപ്പിൽനിന്നും നിർദ്ദേശം കിട്ടുന്ന മുറയ്ക്ക് അതത് ജോലികൾ സമയബന്ധിതമായി നിർവ്വഹിക്കുന്നതാണ്.



LIBRARY ARCHIVES Kerala Legislative Assembly

## ഈറ്റ തൊഴിലാളികളുടെ ക്ഷേമം

323 (679) ശ്രീ. പാലോട് രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് ബാംബു കോർപ്പറേഷന്റെ കീഴിലുള്ള തിരുവനന്തപുരം ജില്ലയിലെ ബാംബു കോർപ്പറേഷന്റെ കീഴിൽ തിരുവനന്തപുരത്ത് ബാംബു ഫാക്ടറി തുടങ്ങാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) തിരുവനന്തപുരം ജില്ലയിൽ ബാംബു കോർപ്പറേഷന്റെ കീഴിൽ ക്ഷേമനിധി സബ് ഓഫീസ് തുടങ്ങാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) സംസ്ഥാനത്ത് ഈറ്റ, തഴപ്പായ, പനയോല, ചൂരൽ, കാട്ടുവള്ളി തുടങ്ങിയവ ഉപയോഗിച്ച് പണിയെടുക്കുന്നവരെ പരമ്പരാഗത തൊഴിൽ മേഖലയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) ഈറ്റ തൊഴിലാളികളായ പനമ്പ് നെയ്ത്ത്, ഈറ്റവെട്ട് തൊഴിലാളികളെ ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കൂലി കൊടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) എ.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഈറ്റ തൊഴിലാളികളെയും കുടുംബങ്ങളേയും ബി.പി.എൽ. ലിസ്റ്റിൽപ്പെടുത്തി ഒരു രൂപാ നിരക്കിൽ അരി വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(എഫ്) ഈറ്റ തൊഴിലാളികൾക്കും കുടുംബാംഗങ്ങൾക്കും വിവാഹധന സഹായവും മരണാനന്തര സഹായവും നൽകുന്നുണ്ടോ ; ഇല്ലെങ്കിൽ ആയവ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഇല്ല.

(സി) കേരള സംസ്ഥാന ബാംബു കോർപ്പറേഷനിൽ ഈറ്റവെട്ട്, പനമ്പ് നെയ്ത്ത് എന്നീ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളെയാണ് പരമ്പരാഗത വ്യവസായ തൊഴിലാളികളായി കണക്കാക്കുന്നത്.

(ഡി) ഈ വിഭാഗക്കാരെ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

(ഇ) ഇല്ല.

(എഫ്) സംസ്ഥാന ബാംബു കോർപ്പറേഷന് കീഴിൽ തൊഴിൽ ചെയ്യുന്ന ഈറ്റവെട്ട് പനമ്പ് നെയ്ത്ത് തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും മരണാനന്തര സഹായവും, മെഡിക്കൽ ആനുകൂല്യങ്ങളും നൽകി വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## വ്യവസായ പാർക്ക്

**324 (680)** ശ്രീ. എ. എം. ആരിഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേന്നം പള്ളിപ്പുറം പഞ്ചായത്തിൽ വ്യവസായ വികസന പാർക്കിനായി കെ.എസ്.ഐ.ഡി.സി. എത്ര ഏക്കർ ഭൂമിയാണ് ഏറ്റെടുത്തിരിക്കുന്നത് ;

(ബി) അതിൽ എത്ര ഏക്കർ ഭൂമി ഏതെല്ലാം സ്ഥാപനങ്ങൾക്ക് നൽകി എന്ന് വ്യക്തമാക്കാമോ ; ഇനി എത്ര ഏക്കർ ഭൂമി ഇവിടെ അവശേഷിക്കുന്നു ; പുതിയ സ്ഥാപനങ്ങൾക്ക് ഭൂമി ലഭ്യമാക്കുമോ ;

(സി) ഇവിടെ ഭൂമി ലഭ്യമാക്കി സ്ഥാപനം ആരംഭിക്കുന്നതിനുള്ള നടപടികൾ എന്തൊക്കെയാണ് ; വിശദമാക്കാമോ ?

### ഉത്തരം

(എ) ചേന്നം പള്ളിപ്പുറം പഞ്ചായത്തിൽ വ്യവസായ വികസന പാർക്കിനായി 278.79 ഏക്കർ ഭൂമി കെ.എസ്.ഐ.ഡി.സി. ഏറ്റെടുത്തിട്ടുണ്ട്.

(ബി) ഏറ്റെടുത്ത ഭൂമിയിൽ 129.57 ഏക്കർ ഭൂമി വിവിധ പദ്ധതികൾക്കായി നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* ഇവിടെ 149.21 ഏക്കർ ഭൂമി അവശേഷിക്കുന്നു. ഇത് പുതിയ സംരംഭകർക്ക് ലഭ്യമാക്കാവുന്നതാണ്.

(സി) വ്യവസായ പാർക്കിൽ ഭൂമി ലഭ്യമാക്കുന്നതിനുവേണ്ടി കെ.എസ്.ഐ.ഡി.സി. നിർദ്ദേശിച്ചിട്ടുള്ള അപേക്ഷ ഫാറം പൂരിപ്പിച്ച് പദ്ധതി റിപ്പോർട്ടിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഭൂമി 30 വർഷത്തേയ്ക്കാണ് പാട്ടത്തിന് നൽകുന്നത്. നിലവിലുള്ള പാട്ടത്തുക ഏക്കറിന് 36.25 ലക്ഷം രൂപയാണ് (സർവ്വീസ് ടാക്സ് കൂടാതെ).

## കുറ്റ്യാടി നാളികേര പാർക്ക്

**325 (681)** ശ്രീമതി കെ. കെ. ലതിക : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റ്യാടി നാളികേരപാർക്ക് ആരംഭിക്കുന്നതിന് സർക്കാർ കെ.എസ്.ഐ.ഡി.സി.-യുടെ ആഭിമുഖ്യത്തിൽ ഒരു കമ്പനി രൂപീകരിച്ചിരുന്നുവോ എന്ന് വ്യക്തമാക്കുമോ ;

(ബി) കമ്പനിയുടെ ഘടനയും പ്രവർത്തനവും എങ്ങനെയായിരിക്കണമെന്നുള്ള നിബന്ധനകൾ രൂപപ്പെടുത്തിയിരുന്നുവോ എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കമ്പനി ഇപ്പോൾ നിലവിലുണ്ടോ ; നാളികേര പാർക്ക് തുടങ്ങുന്നതിൽ കമ്പനിക്കുള്ള പങ്ക് എന്താണെന്നും വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പുതിയ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളികേര പാർക്കിന്റെകാര്യത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്തേതിൽനിന്നും എന്തൊക്കെ വ്യത്യാസങ്ങളാണ് വരുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കുറ്റ്യാടി നാളികേര പാർക്ക് ആരംഭിക്കുന്നതിന് കെ.എസ്.ഐ.ഡി.സി.യും സുഭിക്ഷ കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിയുമായി ചേർന്ന് "കുറ്റ്യാടി കോക്കനട്ട് ഇൻഡസ്ട്രിയൽ പാർക്ക് ലിമിറ്റഡ്" എന്നപേരിൽ ഒരു കമ്പനി രൂപീകരിച്ചിട്ടുണ്ട്.

(ബി) 1956-ലെ കമ്പനീസ് ആക്ട് പ്രകാരം 2011 ജനുവരി 27-ാം തീയതി കുറ്റ്യാടി കോക്കനട്ട് ഇൻഡസ്ട്രിയൽ പാർക്ക് ലിമിറ്റഡ് രൂപീകരിച്ചു. ഇതിന്റെ 50% ഓഹരികൾ കെ.എസ്.ഐ.ഡി.സി.ക്കും ബാക്കി 50% ഓഹരികൾ സുഭിക്ഷ കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിക്കുമാണ്. നാളികേര കൃഷിയെ പ്രോത്സാഹിപ്പിക്കുക നാളികേര അധിഷ്ഠിത വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുക, നാളികേര പാർക്ക് തുടങ്ങുക മുതലായ ലക്ഷ്യത്തോടെയാണ് ഇത് സ്ഥാപിച്ചത്. എന്നാൽ ഈ കമ്പനിക്ക് ആകെ മൂലധനം 5 ലക്ഷം രൂപയാണ്. മൂലധന സമാഹരണ പരിമിതികൾ ഉള്ളതുകൊണ്ട് കുറ്റ്യാടിയിൽ പാർക്ക് സ്ഥാപിക്കുന്നത് കെ.എസ്.ഐ.ഡി.സി. നേരിട്ടാണ്. സ്ഥലത്തിനും മറ്റ് അനുബന്ധ സൗകര്യങ്ങൾക്കുമായി കെ.എസ്.ഐ.ഡി.സി. ഇതിനകം 12 കോടി രൂപയോളം ചെലവഴിച്ചുകഴിഞ്ഞു. പാർക്ക് പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കുന്നതിനുവേണ്ടി 40 കോടി രൂപയോളം ആവശ്യമുണ്ട്.

(സി) നിലവിലുണ്ട്. എന്നാൽ ആവശ്യമായ മൂലധനത്തിന്റെ അഭാവത്തിൽ ഈ കമ്പനി പദ്ധതികൾ ഏറ്റെടുത്തിട്ടില്ല. കുറ്റ്യാടി പാർക്കിന്റെ നിർമ്മാണം കെ.എസ്.ഐ.ഡി.സി. നേരിട്ടാണ് നടത്തുന്നത്. നാളികേര അധിഷ്ഠിത വ്യവസായ വികസനത്തിനായി 131 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിന് ഉത്തരവായിരിക്കുന്നു. അതനുസരിച്ച് കുറ്റ്യാടിയിൽ 115 ഏക്കർ സ്ഥലം കെ.എസ്.ഐ.ഡി.സി. ഏറ്റെടുത്തിട്ടുണ്ട്. നാളികേര പാർക്കിന്റെ നടത്തിപ്പിന് വേണ്ടിയുള്ള അടിസ്ഥാന വികസന സൗകര്യങ്ങൾ കെ.എസ്.ഐ.ഡി.സി. നേരിട്ട് ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പാർക്കിൽ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിലേക്കായി കൊച്ചിയിലും കോഴിക്കോടും സംരംഭക സെമിനാർ നടത്തുകയുണ്ടായി. ഈ സാമ്പത്തിക വർഷംതന്നെ പാർക്ക് പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികളുമായി കെ.എസ്.ഐ.ഡി.സി. മുന്നോട്ടു പോകുകയാണ്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുറ്റ്യാടി നാളികേര പാർക്കിൽ ഏർപ്പെടുത്തുന്ന അനുബന്ധ സൗകര്യങ്ങളിൽ വ്യത്യാസങ്ങൾ ഒന്നും വരുത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

## കടൽ മണൽ ഖനനം

326 (682) ശ്രീ. പി. തിലോത്തമൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടൽ മണൽ ഖനനം ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ; ഏതെല്ലാം പ്രദേശങ്ങളിലാണ് കടൽ മണൽ ഖനനത്തിന് സർക്കാർ തീരുമാനിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ ; ഇതിനുവേണ്ടി ഏതെങ്കിലും സ്വകാര്യ കമ്പനികളുമായി കരാറുണ്ടാക്കിയിട്ടുണ്ടോ ; ഇതുസംബന്ധിച്ച വിശദവിവരം നൽകാമോ ;

(ബി) കടൽ മണൽ ഖനനം മൂലമുണ്ടാകാവുന്ന പാരിസ്ഥിതിക പ്രശ്നത്തെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ ; ഏത് ഏജൻസിയാണ് പഠനം നടത്തിയതെന്ന് പറയാമോ ; ഇതു സംബന്ധിച്ച പഠന റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; കടൽ മണൽ ഖനനം കൊണ്ട് എന്തെല്ലാം പ്രശ്നങ്ങളുണ്ടാകുമെന്നാണ് പരിസ്ഥിതി പഠന റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതെന്നു വ്യക്തമാക്കാമോ ?

### ഉത്തരം

(എ) കടൽ മണൽ ഖനനം ചെയ്യുന്നത് സംബന്ധിച്ച് സർക്കാർ തീരുമാനമൊന്നും എടുത്തിട്ടില്ല.

(ബി) ബാധകമല്ല.

## ഹജ്ജ് കർമ്മത്തിനായുള്ള അപേക്ഷ സമർപ്പിക്കുന്നതിന് ഏർപ്പെടുത്തിയ പുതിയ നിബന്ധനകൾ

327 (683) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013 വർഷം മുതൽ ഹജ്ജ് കർമ്മത്തിനായുള്ള അപേക്ഷ സമർപ്പിക്കുന്നതിന് ഏർപ്പെടുത്തിയ പുതിയ നിബന്ധനകൾ അപേക്ഷകർക്കുണ്ടാക്കുന്ന പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ നിബന്ധനകൾ മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ഹജ്ജ് കർമ്മത്തിന് ഒരാൾക്ക് ഒരിക്കൽ മാത്രം സബ്സിഡി നൽകുക എന്നത് ഏത് വർഷം മുതൽ ഹജ്ജ് കർമ്മം നിർവ്വഹിക്കുന്നവർക്കാണ് ബാധകമാവുക എന്ന് വ്യക്തമാക്കാമോ ;

(ഡി) വളരെ വർഷങ്ങൾക്ക് മുമ്പ് ഹജ്ജ് കർമ്മം നിർവ്വഹിച്ചവർക്ക് ഇത് ബാധകമാകുമോ ?

### ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ നിബന്ധനകളിൽ ഇളവ് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര വിദേശകാര്യമന്ത്രി, കേന്ദ്ര ഹജ്ജ് കമ്മിറ്റി ചെയർപേഴ്സൺ എന്നിവർക്ക് കത്തയച്ചിട്ടുണ്ട്.

(സി) ഹജ്ജ് കമ്മിറ്റി മുഖേന ഒരിക്കൽ ഹജ്ജ് നിർവ്വഹിച്ചവർ ഹജ്ജ് കമ്മിറ്റി മുഖേന വീണ്ടും ഹജ്ജിന് അപേക്ഷിക്കാൻ പാടില്ലായെന്ന നിബന്ധന ഈ വർഷം ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ജീവിതത്തിൽ ഒരിക്കൽ എപ്പോഴെങ്കിലും ഹജ്ജ് കമ്മിറ്റി മുഖേന ഹജ്ജ് നിർവ്വഹിച്ചവർക്ക് ഇത് ബാധകമാണ്.

## ചരലും ഗ്രാവലും പോലുള്ള നിർമ്മാണ സാധനങ്ങളുടെ ദൗർലഭ്യം

**328 (684)** ശ്രീ. പി. തിലോത്തമൻ : താഴെക്കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചരലും ഗ്രാവലും പോലുള്ള നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവ് പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

മണൽ, ചരലും ഗ്രാവലും പോലുള്ള നിർമ്മാണ സാമഗ്രികളുടെ ക്ഷാമം പരിഹരിക്കുന്നതിനായി സർക്കാർ വിവിധ മാർഗ്ഗങ്ങൾ ആരാഞ്ഞിരുന്നു. ഡാമുകൾ ഡീ-സിൽറ്റ് ചെയ്യുക, മണൽ നീക്കം ചെയ്യുക, മൈനർ പോർട്ട്, ഫിഷിംഗ് ഹാർബർ എന്നിവിടങ്ങളിലെ മണലും മറ്റും നീക്കം ഡ്രഡ്ജ് ചെയ്യുക എന്നിവയാണ് പ്രായോഗികമായി ഉയർന്നുവന്ന നിർദ്ദേശങ്ങൾ. ഈ വിഷയത്തിൽ സർക്കാർ ഒരു മന്ത്രിസഭാ ഉപസമിതിയുടെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ വിവിധ ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. ഇപ്പോൾ ഈ വിഷയത്തിൽ, സമഗ്ര നയരൂപീകരണത്തിനായി ശുപാർശകൾ സമർപ്പിക്കാൻ, ഒരു ഉന്നതതല സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കേരള നെൽവയൽ- നീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽപ്പെടാത്ത ഭൂമികളിൽ കാണപ്പെടുന്ന കരമണൽ ഖനനം ചെയ്യുന്നതിനുള്ള അനുമതി മൈനിംഗ്&ജിയോളജി വകുപ്പ് നൽകുന്നു.

## ഐ. ടി. പാർക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ

**329 (685)** ശ്രീ. റ്റി. യു. കുരുവിള : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പാക്കിവരുന്ന ഐ.റ്റി. മേഖലയുടെ ഒരു സാറ്റലൈറ്റ് പദ്ധതി കോതമംഗലം നിയോജകമണ്ഡലത്തിൽ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) എല്ലാ നിയോജകമണ്ഡലങ്ങളിലും ഇത്തരത്തിലുള്ള ഐ.റ്റി. പാർക്കുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(സി) അടുത്ത അഞ്ച് വർഷം കൊണ്ട് സംസ്ഥാനത്തെ ഐ.റ്റി. മേഖലയിൽ പുതുതായി എത്ര തൊഴിൽ അവസരങ്ങൾ ഉണ്ടാകുമെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-ബി) ഇത് സംബന്ധിച്ച് തീരുമാനമൊന്നും എടുത്തിട്ടില്ല.

(സി) ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക്, സ്മാർട്ട്സിറ്റി എന്നിവിടങ്ങളിലെ വിവിധ ഐ.ടി. കമ്പനികളിലായി അടുത്ത അഞ്ച് വർഷം കൊണ്ട് പുതുതായി ഒന്നര ലക്ഷത്തോളം തൊഴിൽ സൃഷ്ടിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ കണ്ണൂർ, കാസർഗോഡ് സൈബർപാർക്കുകളിൽ 20,000 പേർക്ക് വീതം പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ സൃഷ്ടിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**സ്മാർട്ട്സിറ്റി യാഥാർത്ഥ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ**

**330 (686)** ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഹൈബി ഈഡൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി-സ്മാർട്ട് സിറ്റി യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങൾ ഇതിനോടകം പൂർത്തിയായിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) എത്ര തുക സ്മാർട്ട് സിറ്റിക്കുവേണ്ടി നൽകിയിട്ടുണ്ട് ;

(ഡി) സ്മാർട്ട് സിറ്റിക്ക് പ്രത്യേക സാമ്പത്തിക സെസ്സ് പദവിക്ക് അനുമതി ലഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) ഇതുകൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) സ്മാർട്ട്സിറ്റി പദ്ധതിയിൽ ഉൾപ്പെട്ട 246 ഏക്കർ സ്ഥലം സ്മാർട്ട്സിറ്റി കൊച്ചി ഇൻഫ്രാസ്ട്രക്ചറിന് പാട്ടത്തിന് നൽകുവാനുള്ള പാട്ട കരാർ രജിസ്റ്റർ ചെയ്യുകയുണ്ടായി. ഈ ഭൂമിക്ക് ഒറ്റ സെസ് പദവി കേന്ദ്ര ഗവൺമെന്റിന്റെ ബോർഡ് ഓഫ് അപ്രൂവലിന്റെ പരിഗണനയിലാണ്. ഫ്രെയിംവർക്ക് എഗ്രിമെന്റ് പ്രകാരം 1 എംഎൽഡി ജലം നൽകുന്നതിനാവശ്യമായ നടപടികൾ കിൻഫ്രയും 10 MVA വൈദ്യുതി അവർ ആവശ്യപ്പെടുന്നത് അനുസരിച്ച് നൽകുന്നതിനുള്ള നടപടികൾ കേരള സംസ്ഥാന വൈദ്യുതി ബോർഡും സ്വീകരിച്ചുവരുന്നു.

(ബി) സ്മാർട്ട്സിറ്റിയുടെ ഭൂമിയിൽ 10900 ചതുരശ്രയടി വിസ്തീർണ്ണത്തിലുള്ള പവിലിയന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. കൂടാതെ 3.5 ദശലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടം പണിയുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(സി) സർക്കാരിന്റെ ഓഹരി പങ്കാളിത്തമായി 31.2 കോടി രൂപ നൽകിയിട്ടുണ്ട്.

(ഡി) സ്മാർട്ട്സിറ്റിയുടെ മുഴുവൻ ഭൂമിക്കും ഒറ്റസെസ്സ് പദവി അനുവദിച്ചുകൊണ്ടുള്ള വിജ്ഞാപനം ഉടൻ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) സ്മാർട്ട്സിറ്റിയുടെ ഭൂമി കടമ്പ്രയാറിന് ഇരുവശത്തുമായിട്ടാണ് സ്ഥിതി ചെയ്യുന്നത്. ഇരുവശത്തും സ്ഥിതിചെയ്യുന്ന സ്ഥലത്തിന് ഒറ്റ സെസ്സ് പദവി ലഭിക്കുന്നതോടെ ഭരണപരമായ സൗകര്യത്തിന് പുറമെ ഒറ്റ വിജ്ഞാന അധിഷ്ഠിത IT/ITES ഓണർഷിപ്പ് എന്ന നേട്ടവും കൈവരിക്കാൻ കഴിയുന്നതാണ്.

## അക്ഷയ പദ്ധതി

331 (687) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അക്ഷയ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; വിശദമാക്കുമോ ;

(ബി) ഈ പദ്ധതി നടപ്പാക്കുന്നത് ഏതെല്ലാം ഏജൻസി വഴിയാണ് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) എന്തെല്ലാം സേവനങ്ങളും നേട്ടങ്ങളുമാണ് ഈ പദ്ധതി വഴി നേടിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) എന്തെല്ലാം പുരസ്കാരങ്ങളാണ് ഈ പദ്ധതി വഴി ലഭിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഇ) ഈ പദ്ധതിയുടെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ?

### ഉത്തരം

(എ) ഒരു കുടുംബത്തിൽ ഒരാളെയെങ്കിലും കമ്പ്യൂട്ടർ സാക്ഷരരാക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് മലപ്പുറം ജില്ലയിൽ അക്ഷയ പദ്ധതി ആരംഭിച്ചത്. കമ്പ്യൂട്ടർ ഐ.ടി. സങ്കേതങ്ങളെ ജനങ്ങൾക്ക് പരിചയപ്പെടുത്തുക, ഇവ ഉപയോഗിക്കുന്നതിനുള്ള കേന്ദ്രങ്ങൾ ഓരോ ഗ്രാമത്തിലും സ്ഥാപിക്കുക, ആവശ്യമായ വിവരങ്ങളും സേവനങ്ങളും ജനങ്ങൾക്ക് വേഗത്തിൽ ലഭ്യമാക്കുക, സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയും പുത്തൻ തൊഴിലവസരങ്ങളും നേരിട്ടും അല്ലാതെയും സൃഷ്ടിക്കുക എന്നതാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യം.

(ബി) കേരള സംസ്ഥാന ഐ.ടി. മിഷന് കീഴിലുള്ള അക്ഷയ പ്രോജക്ട് വഴി തെരഞ്ഞെടുക്കപ്പെട്ട സ്വകാര്യ സംരംഭകരാണ് അക്ഷയ കേന്ദ്രങ്ങളിലൂടെ ഈ പദ്ധതി നടപ്പാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) അക്ഷയ പദ്ധതിയിലൂടെ ലഭ്യമാക്കുന്ന സേവനങ്ങളുടെയും പദ്ധതി കൊണ്ടുള്ള നേട്ടങ്ങളെയും സംബന്ധിക്കുന്ന വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു :*

1. ആധാർ രജിസ്ട്രേഷൻ : ഇതുവരെ 1.26 കോടി ആധാർ എൻറോൾമെന്റ് അക്ഷയയിലൂടെ നടത്തിയിട്ടുണ്ട്.

2. ഇ-ഗ്രാൻസ് : എസ്.സി./എസ്.ടി./ഒ.ബി.സി./ഒ.ഇ.സി. വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്/ഗ്രാന്റ് നൽകുന്നതിനുള്ള (ഓൺലൈൻ രജിസ്ട്രേഷൻ/പുതുക്കൽ) :- ഇതുവരെ 4.5 ലക്ഷം രജിസ്ട്രേഷൻ/പുതുക്കൽ അക്ഷയയിലൂടെ നടത്തി.

3. ആദ്മി ബീമാ യോജന : 1.5 ലക്ഷം കുടുംബങ്ങൾക്ക് ആബി രജിസ്ട്രേഷൻ അക്ഷയയിലൂടെ നടത്തി.

4. കേരള നോൺറസിഡന്റ് കേരളൈറ്റ്സ് വെൽഫയർ ബോർഡ് (18നും 55-നും മദ്ധ്യേ പ്രായമുള്ള വിദേശത്ത് ജോലി ചെയ്യുന്ന/വിദേശത്ത് 2 വർഷമെങ്കിലും ജോലി ചെയ്ത ശേഷം തിരിച്ച് വന്ന് കേരളത്തിൽ സ്ഥിരതാമസമാക്കിയ കേരളീയർക്ക് പ്രതിമാസ, ത്രൈമാസ, അർദ്ധവാർഷിക, വാർഷിക തവണകളായി അംശാദായം അടയ്ക്കുന്നതിനുള്ള സൗകര്യം) ഇതുവരെ 11.65 കോടി രൂപയുടെ ഇടപാടുകൾ അക്ഷയയിലൂടെ നടത്തി.

5. ഇ-ഡിസ്ട്രിക്ട് : (ഓൺലൈൻ സർട്ടിഫിക്കറ്റുകളുടെ വിതരണം) :- ആദ്യ ഘട്ടത്തിൽ റവന്യൂ വകുപ്പിന്റെ കീഴിലുള്ള 23 തരം ഡിജിറ്റൽ സർട്ടിഫിക്കറ്റുകൾ അക്ഷയയിലൂടെ വിതരണം ചെയ്യുന്നു. ഇതുവരെ 14 ലക്ഷം സർട്ടിഫിക്കറ്റുകൾ അക്ഷയയിലൂടെ വിതരണം ചെയ്തുകഴിഞ്ഞു.

6. ചിയാക്ക് : (രാഷ്ട്രീയ സ്വാസ്ഥ്യ ബീമായോജനയുടെയും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെയും അംഗത്വ രജിസ്ട്രേഷനും സ്മാർട്ട് കാർഡ് പുതുക്കലും) :- 2012-ൽ 34 ലക്ഷം പേർക്ക് ചിയാക്ക് രജിസ്ട്രേഷൻ അക്ഷയയിലൂടെ നടത്തി.

7. ഇ-പേ : (ഇലക്ട്രിസിറ്റി, ടെലഫോൺ, വാട്ടർ അതോറിറ്റി ബില്ലുകൾ അടയ്ക്കുവാനുള്ള ഇ-പേ സൗകര്യം). ഇതുവരെ 78 ലക്ഷം ഇടപാടുകൾ ഇ-പേയ്മെന്റിലൂടെ അക്ഷയ സംരംഭകർ നടത്തിയിട്ടുണ്ട്.

8. പുതിയ റേഷൻ കാർഡിനും റേഷൻ കാർഡ് തിരുത്തൽ വരുത്തുന്നതിനുമുള്ള ഓൺലൈൻ അപേക്ഷ നൽകുന്നതിനുള്ള സൗകര്യം ഇതുവരെ 8.5 ലക്ഷം ഓൺലൈൻ അപേക്ഷ അക്ഷയയിലൂടെ ലഭിച്ചു.



LIBRARY ARCHIVES Kerala Legislative Assembly

9. വ്യാപാരികൾക്ക് മാസം തോറുമുള്ള വാറ്റ് റിട്ടേൺസ് ഫയൽ ചെയ്യുന്നതിനുള്ള സൗകര്യം-10.8 ലക്ഷം ഇടപാടുകൾ ഇതുവരെ അക്ഷയയിലൂടെ നടന്നിട്ടുണ്ട്.

10. വ്യാപാരികൾക്ക് ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള ഓൺലൈൻ സൗകര്യം- 6000-ൽപ്പരം രജിസ്ട്രേഷൻ അക്ഷയയിലൂടെ നടത്തി.

11. റെയിൽവേ ടിക്കറ്റുകൾ, വിമാന ടിക്കറ്റുകൾ എന്നിവ ഓൺലൈൻ ലഭ്യമാക്കുന്നതിനുള്ള സൗകര്യം.

12. ആവശ്യക്കാർക്ക് മണൽ പാസ്സ് നൽകുന്നതിനുള്ള സൗകര്യം- ഇതുവരെ 4 ലക്ഷം പാസ്സുകൾ അക്ഷയയിലൂടെ നൽകി.

13. ഗവൺമെന്റ് ഓഫീസുകൾക്ക് അക്ഷയയുടെ മാസ്റ്റർ ട്രെയിനർമാരെ ഉപയോഗിച്ച് സ്പാർക്ക് ട്രെയിനിംഗ് നൽകി വരുന്നു.

14. കേരള എഞ്ചിനീയറിംഗ്/മെഡിക്കൽ പ്രവേശന പരീക്ഷയുടെ അഡ്മിറ്റ് കാർഡുകൾ ഡൗൺലോഡ് ചെയ്ത് അപേക്ഷാർത്ഥികർക്ക് പ്രിന്റൗട്ടിന്റെ കോപ്പി നൽകുന്നു.

15. മലയാളം കമ്പ്യൂട്ടിംഗ് അക്ഷയ സെന്ററുകളിലൂടെ നടപ്പിലാക്കുന്നു.

16. ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ എം.സി.എ. എം.കോം. തുടങ്ങിയ മാസ്റ്റർ ബിരുദ കോഴ്സുകൾ, ബി.സി.എ, ബി.കോം, തുടങ്ങിയ ബിരുദ കോഴ്സുകൾ, സി.എൽ.പി., സി.ഐ.ടി. തുടങ്ങിയ സർട്ടിഫിക്കറ്റ് കോഴ്സുകൾ തുടങ്ങിയവ തെരഞ്ഞെടുത്ത അക്ഷയ സെന്ററുകളിലൂടെ നടപ്പിലാക്കി വരുന്നു.

17. കെൽട്രോൺ മെഡിക്കൽ ട്രാൻസ്ക്രിപ്ഷൻ, ഡൊയാക്, സി-ഡിറ്റ് എന്നീ സ്ഥാപനങ്ങളുടെ കോഴ്സുകൾ അക്ഷയ സെന്ററുകൾവഴി നൽകി വരുന്നു.

18. 10 മുതൽ 18 വയസ്സ് വരെയുള്ള കുട്ടികൾക്കുവേണ്ടി തയ്യാറാക്കിയിട്ടുള്ള ഇന്റർ ആക്ടീവ് പഠന പദ്ധതിയായ ഇന്റൽലേൺ അക്ഷയവഴി നടപ്പിലാക്കുന്നു. 1.10 ലക്ഷം കുട്ടികൾക്ക് ഇന്റൽലേൺ ട്രെയിനിംഗ് നൽകി.

19. കാഴ്ചവൈകല്യമുള്ളവർക്ക് വേണ്ടി പ്രത്യേക ഡിസൈൻ ചെയ്ത കമ്പ്യൂട്ടർ പഠന പദ്ധതിയായ ഇൻസൈറ്റ് അക്ഷയ വഴി നടപ്പിലാക്കുന്നു.

20. കമ്പ്യൂട്ടർ സാക്ഷരത നേടിയവർക്ക് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹകരണത്തോടെ നൽകുന്ന തുടർ പഠന പദ്ധതിയായ ഇ-വിദ്യ അക്ഷയ കേന്ദ്രങ്ങളിലൂടെ നടപ്പിലാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

21. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് ഡിഗ്രി കോഴ്സിന് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനും ഓപ്ഷൻ നൽകുന്നതിനുമുള്ള സൗകര്യം അക്ഷയ കേന്ദ്രങ്ങളിലൂടെ ചെയ്തുവരുന്നു.

22. സംസ്ഥാനത്താകെ 1061 സി.ഡി.എസ്സുകളിലുൾപ്പെട്ട 5305 കുടുംബശ്രീ അംഗങ്ങൾക്ക് അക്ഷയ കേന്ദ്രങ്ങൾവഴി പ്രാഥമിക കമ്പ്യൂട്ടർ പരിശീലനവും കുടുംബശ്രീയുടെ ശ്രീശക്തി പോർട്ടലിന്റെ ഉപയോഗവും സംബന്ധിച്ച് പരിശീലനം നൽകി.

23. <u>കർഷകരുടെ ഡേറ്റാബേസ്</u>: കൃഷി വകുപ്പുമായി സംയോജിച്ച് കേരളത്തിലുള്ള കർഷകരുടെ ഓൺലൈൻ വിവരശേഖരണം അക്ഷയയിലൂടെ നടപ്പിലാക്കുന്നു. ഇതുവരെ 6 ലക്ഷത്തോളം കർഷകരുടെ ഡാറ്റാ എൻട്രി നടത്തിയിട്ടുണ്ട്.

(ഡി) ഓസ്ട്രിയയിലെ ഗോൾഡൻ നിക്ക ഓഫ് പ്രിക്സ് ആർക്സ് ഇലക്ട്രോണിക്ക അവാർഡ് (ഡിജിറ്റൽ കമ്മ്യൂണിറ്റി വിഭാഗം), ഗ്രാന്റ് പ്രിക്സ് ആർക്സ് ഇലക്ട്രോണിക്സ് അവാർഡ് , ഐ ഫോർ ഡി അവാർഡ് 2007 (സെന്റർ ഫോർ സയൻസ് ഡെവലപ്മെന്റ് ആന്റ് മീഡിയ സ്റ്റഡീസ്, ന്യൂഡൽഹി), ഡാറ്റാ ക്വസ്റ്റ് അവാർഡ്, മന്ഥൻ അവാർഡ് 2011 എന്നിവ അക്ഷയ പദ്ധതിക്ക് ലഭിച്ച പുരസ്കാരങ്ങളാണ്.

(ഇ) അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി സർക്കാർ സർക്കാരിതര സ്ഥാപനങ്ങളുമായി കൂടിയാലോചിച്ച് അവരുടെ സർവ്വീസുകൾ സുതാര്യമായും സമയബന്ധിതമായും അക്ഷയസെന്ററുകൾ വഴി പൊതുജനങ്ങൾക്കുപകാരപ്രദമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഫ്രീസ് സോഫ്റ്റ്വെയർ അക്ഷയകേന്ദ്രങ്ങളിൽ വ്യാപകമാക്കുക വഴി കേരളത്തിലെ എല്ലാ വകുപ്പുകളുടെയും ക്ഷേമനിധി ബോർഡുകളുടെയും പേയ്മെന്റ് ബില്ലുകൾ അക്ഷയ കേന്ദ്രങ്ങളിലൂടെ സ്വീകരിക്കാനാകുന്നതാണ്. ഇ-ഡിസ്ട്രിക്ട് പദ്ധതി വ്യാപകമാക്കുന്നതുവഴി അക്ഷയയിലൂടെ റവന്യൂ വകുപ്പിന്റെ 23 സർട്ടിഫിക്കറ്റുകൾ ആദ്യഘട്ടത്തിൽ എല്ലാ അക്ഷയ കേന്ദ്രങ്ങളിലൂടെയും ലഭ്യമാക്കുവാൻ സാധിക്കുന്നതാണ്. ആധാർ അധിഷ്ഠിത പേയ്മെന്റ് സംവിധാനം നിലവിൽ വരുമ്പോൾ കേന്ദ്ര സംസ്ഥാന സർക്കാരുകളിൽനിന്ന് ലഭിക്കുന്ന സബ്സിഡി, പെൻഷൻ, സ്കോളർഷിപ്പ് തുടങ്ങിയ ആനുകൂല്യങ്ങൾ ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സ്കീം മുഖേന അക്ഷയ സെന്ററുകളിലെ മൈക്രോ എ.ടി.എം.വഴി ഓരോ പൗരനും നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## സർട്ടിഫിക്കറ്റുകളും സേവനങ്ങളും ഓൺലൈൻവഴി വിതരണം ചെയ്യാൻ സ്വീകരിച്ച നടപടികൾ

332 (688) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. പി. വിൻസെന്റ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിൽ നിന്നും ലഭിക്കേണ്ട എല്ലാ സർട്ടിഫിക്കറ്റുകളും സേവനങ്ങളും ഓൺലൈൻ ആക്കുന്ന സംവിധാനത്തിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദമാക്കാമോ ;

(ബി) ഏത് പദ്ധതി പ്രകാരമാണ് ഈ സംവിധാനം നടപ്പാക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം വകുപ്പുകൾ സർട്ടിഫിക്കറ്റും സേവനങ്ങളുമാണ് ഇതുവഴി നൽകുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) ഏതെല്ലാം ഏജൻസികളാണ് ഈ സംവിധാനങ്ങളുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ ?

### ഉത്തരം

(എ&ബി) സർക്കാരിൽനിന്നും ലഭിക്കേണ്ട എല്ലാ സർട്ടിഫിക്കറ്റുകളും സേവനങ്ങളും ഓൺലൈൻ ആക്കുകയും ഒരു ഏകജാലക സംവിധാനംവഴി പൊതുജനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യുക എന്നതിന്റെ പ്രാരംഭ ഘട്ടമെന്ന നിലയിലാണ് ഇ-ഡിസ്ട്രിക്ട് പദ്ധതി സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്നത്. ഇപ്പോൾ റവന്യൂ വകുപ്പിന്റെ 23 സർട്ടിഫിക്കറ്റ് സേവനങ്ങളാണ് പൊതുജനങ്ങൾക്ക് അക്ഷയ കേന്ദ്രങ്ങൾവഴി നൽകിവരുന്നത്. കണ്ണൂർ, പാലക്കാട് ജില്ലകളിൽ ആരംഭിച്ച ഈ പദ്ധതി സംസ്ഥാന വ്യാപകമായി നടപ്പാക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി ജില്ലാ കളക്ടർ അദ്ധ്യക്ഷനായി ഡിസ്ട്രിക്ട് ഇ-ഗവേണൻസ് സൊസൈറ്റി എല്ലാ ജില്ലകളിലും രൂപീകരിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ സുഗമമായ നടത്തിപ്പിനുവേണ്ടി അതാതു ജില്ലകളിലെ എല്ലാ വില്ലേജ്, താലൂക്ക്, റവന്യൂ ഡിവിഷണൽ ഓഫീസ്, കളക്ടറേറ്റ് എന്നിവിടങ്ങളിൽ ഹാർഡ് വെയർ, കണക്ടിവിറ്റി, ഡിജിറ്റൽ സിഗ്നേച്ചർ എന്നിവ ലഭ്യമാക്കുകയും ഇതുമായി ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും അക്ഷയ സംരംഭകർക്കും ഇ-ഡിസ്ട്രിക്ട് സോഫ്റ്റ് വെയറിൽ പരിശീലനവും നൽകുന്നുണ്ട്.

(സി) റവന്യൂ വകുപ്പിന്റെ വില്ലേജ്/താലൂക്കാഫീസുകളിൽ നിന്നും താഴെ ചേർത്തിരിക്കുന്ന സർട്ടിഫിക്കറ്റ്/ സേവനങ്ങളാണ് ഇ-ഡിസ്ട്രിക്ട് പദ്ധതിയിലൂടെ ഇപ്പോൾ ലഭിക്കുന്നത്.

1. ജാതി സർട്ടിഫിക്കറ്റ്

2. താമസക്കാരനാണെന്നുള്ള സർട്ടിഫിക്കറ്റ്

3. തിരിച്ചറിയൽ സർട്ടിഫിക്കറ്റ്
4. റിലേഷൻഷിപ്പ് സർട്ടിഫിക്കറ്റ്
5. നേറ്റിവിറ്റി സർട്ടിഫിക്കറ്റ്
6. പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ്
7. സോൾവൻസി സർട്ടിഫിക്കറ്റ്
8. ലൊക്കേഷൻ സർട്ടിഫിക്കറ്റ്
9. ഡൊമിസിൽ സർട്ടിഫിക്കറ്റ്
10. വരുമാന സർട്ടിഫിക്കറ്റ്
11. കൈവശാവകാശ സർട്ടിഫിക്കറ്റ്
12. കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്
13. കൈവശാവകാശവും നോൺ അറ്റാച്ച്മെന്റും സർട്ടിഫിക്കറ്റ്
14. മിശ്രവിവാഹ സർട്ടിഫിക്കറ്റ്
15. ലൈഫ് സർട്ടിഫിക്കറ്റ്
16. വാല്യുവേഷൻ സർട്ടിഫിക്കറ്റ്
17. വിധവ/വിഭാര്യൻ സർട്ടിഫിക്കറ്റ്
18. ഒരേ വ്യക്തിയാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്
19. മത/ജാതി പരിവർത്തന സർട്ടിഫിക്കറ്റ്
20. അഗതി സർട്ടിഫിക്കറ്റ്
21. കുടുംബാംഗത്വ സർട്ടിഫിക്കറ്റ്
22. ആശ്രിതനെന്ന സർട്ടിഫിക്കറ്റ്
23. പുനർവിവാഹം നടത്തിയിട്ടില്ലെന്ന സർട്ടിഫിക്കറ്റ്

(ഡി) കേരളത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ ചുമതല കേരള സ്റ്റേറ്റ് ഐ.ടി. മിഷനാണ്. നാഷണൽ ഇൻഫർമാറ്റിക് സെന്ററിന്റെ സഹായത്തോടുകൂടിയാണ് ഈ പദ്ധതിയുടെ സോഫ്റ്റ്‌വെയർ വികസിപ്പിച്ചിരിക്കുന്നത്. അക്ഷയ കേന്ദ്രങ്ങൾവഴിയാണ് ഈ പദ്ധതിയുടെ സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാകുന്നത്. കേന്ദ്ര സർക്കാരിനാൽതന്നെ തെരഞ്ഞെടുക്കപ്പെട്ട 'വിപ്രോ' ഈ പദ്ധതിയുടെ സ്റ്റേറ്റ് പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റായും അക്സഞ്ചർ നാഷണൽ പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റായും ഈ പദ്ധതിയിൽ സഹകരിച്ചു വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## കാസർഗോഡ് ജില്ലയെ ഇ-ഡിസ്ട്രിക്ട് ആക്കി മാറ്റുന്ന പദ്ധതി

333 (689) ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയെ ഇ-ഡിസ്ട്രിക്ട് ആക്കി മാറ്റുന്ന പദ്ധതിയുടെ നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) നിലവിൽ ഏതൊക്കെ ജില്ലകളിലാണ് ഈ പദ്ധതി ആരംഭിച്ചിട്ടുള്ളത് ;

(സി) കാസർഗോഡ് ജില്ലയിൽ ഈ സേവനം എന്നുമുതൽ ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ ;

(ഡി) ഇ-ഡിസ്ട്രിക്ട് പദ്ധതി അക്ഷയ പ്രോജക്ടുമായി സഹകരിച്ച് നടപ്പാക്കുമോ ?

### ഉത്തരം

(എ) കാസർഗോഡ് ജില്ലയെ ഇ-ഡിസ്ട്രിക്ട് ആക്കി മാറ്റുന്നതിനാവശ്യമായ നടപടിക്രമങ്ങളുടെ പൂർത്തീകരണം അന്തിമഘട്ടത്തിലാണ്. ജില്ലയിലെ എല്ലാ വില്ലേജ്, താലൂക്ക് ഓഫീസർമാർക്കും അക്ഷയ സംരംഭകർക്കും ഇ-ഡിസ്ട്രിക്ട് സോഫ്റ്റ്‌വെയറിൽ പരിശീലനം നൽകിക്കഴിഞ്ഞു. ഈ പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ട ഹാർഡ് വെയർ (ലാപ്ടോപ്പുകൾ) ജില്ലയിൽ നൽകിക്കഴിഞ്ഞു. ഈ പദ്ധതിയുടെ ഭാഗമായി ജില്ലയിലെ ബന്ധപ്പെട്ട വില്ലേജ് ഓഫീസർ, അഡീഷണൽ വില്ലേജ് ഓഫീസർ, താലൂക്ക് ഓഫീസർ, അഡീഷണൽ താലൂക്ക് ഓഫീസർ എന്നിവർക്ക് ഡിജിറ്റൽ സിഗ്നേച്ചർ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) കണ്ണൂർ, പാലക്കാട്, പത്തനംതിട്ട, കോട്ടയം, മലപ്പുറം, ഇടുക്കി, ആലപ്പുഴ, എറണാകുളം, വയനാട് എന്നീ ജില്ലകളിൽ വിജയകരമായി നടപ്പിലാക്കിവരുന്നു.

(സി) 2013 മാർച്ച് 31-നു മുമ്പായി ഈ പദ്ധതി കാസർഗോഡ് ജില്ല ഉൾപ്പെടെ കേരളത്തിലെ മറ്റുജില്ലകളിൽക്കൂടി നടപ്പിലാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ഡി) ഇ-ഡിസ്ട്രിക്ട് പദ്ധതി കേരളത്തിൽ പൊതുജനസേവന കേന്ദ്രമായ അക്ഷയ കേന്ദ്രങ്ങൾവഴിയാണ് ഇപ്പോൾ നടപ്പിലാക്കിവരുന്നത്.

## ടെക്നോലോഡ്ജ് ആരംഭിക്കാനുള്ള നടപടി

334 (690) ശ്രീമതി പി. അയിഷാ പോറ്റി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ വെളിയം ഗ്രാമപഞ്ചായത്തിൽ ടെക്നോലോഡ്ജ് നടത്തിപ്പിനായി നിർമ്മാണം പൂർത്തീകരിച്ച ഐ.റ്റി. സെന്ററിന്റെ പ്രവർത്തനം ആരംഭിക്കാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കും ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) 99 വർഷത്തെ പാട്ടത്തിന് പഞ്ചായത്ത് നൽകിയ പ്രസ്തുത കെട്ടിടങ്ങളുടെ വാടക സർക്കാർ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ഐ.റ്റി. കമ്പനികളെ കൊണ്ട് ടെക്നോ ലോഡ്ജ് ഏറ്റെടുപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കൊല്ലം ജില്ലയിൽ വെളിയം ഗ്രാമപഞ്ചായത്തിൽ ടെക്നോലോഡ്ജ് നടത്തിപ്പിനായി നിർമ്മാണം പൂർത്തീകരിച്ച ഐ.റ്റി. സെന്ററിന്റെ പ്രവർത്തനം ആരംഭിക്കുവാൻ വിവിധ മാർക്കറ്റിംഗ് പദ്ധതികൾ സ്വീകരിച്ചുവെങ്കിലും പ്രസ്തുത ടെക്നോലോഡ്ജിലേക്ക് നിക്ഷേപകരെ ആകർഷിക്കുവാൻ ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. വരുന്ന നിക്ഷേപകരിൽ പലരും പലവിധമായ Operational difficulties ഉണ്ടാകുമെന്ന് കാണിച്ച് ടെക്നോലോഡ്ജ് എടുക്കുവാൻ തയ്യാറാകുന്നില്ല.

(ബി) 31-1-2009-ലെ ജി.ഒ.(എംഎസ്.) നമ്പർ 5/2009/ഐ.ടി.ഡി. ഉത്തരവ് പ്രകാരം ഐ.ടി. വകുപ്പ് അതാത് ഐ.ടി കമ്പനികളിൽ നിന്നും വസൂലാക്കുന്ന വാടകയുടെ പത്ത് ശതമാനം പഞ്ചായത്തിന് നൽകേണ്ടതാണ്.

(സി) ഐ.ടി. കമ്പനികളെ കൊണ്ട് ടെക്നോലോഡ്ജ് ഏറ്റെടുപ്പിക്കുന്നതിനായി ഐ.ടി. കമ്പനികളുമായി മാർക്കറ്റിംഗ്, ബിസിനസ്സ് മീറ്റിംഗുകൾ, സെമിനാറുകൾ തുടങ്ങിയവ നടത്തിവരുന്നു.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

## II അനുമോദനം

### സുഗതകുമാരി ടീച്ചർക്ക് സരസ്വതി സമ്മാനം

മി. സ്പീക്കർ : മലയാളത്തിന്റെ മണവും വാത്സല്യവും കവിതയിൽ നിറച്ച പ്രിയപ്പെട്ട കവയിത്രി ശ്രീമതി സുഗതകുമാരിക്ക്, ഇന്ത്യയിലെ ഏറ്റവും

9:30 A.M.] വലിയ സാഹിത്യ പുരസ്കാരമായ സരസ്വതി സമ്മാനം ലഭിച്ചു എന്നത് നമുക്ക് ആഹ്ലാദകരവും അഭിമാനകരവുമായ വാർത്തയാണ്. മലയാളത്തിൽനിന്നും ഇതിനുമുമ്പേ, ബാലാമണിയമ്മയ്ക്കും അയ്യപ്പപ്പണിക്കർക്കും മാത്രമേ ഈ പുരസ്കാരം ലഭിച്ചിരുന്നുള്ളു. മലയാളത്തിൽ എപ്പോഴും നിറഞ്ഞുനിൽക്കുന്ന ഹരിതരാശിയാണ് സുഗതകുമാരിയുടെ കവിത. ബിംബ കല്പനകളുടെ സമൃദ്ധിയും ഭാവതീവ്രതയും നിറഞ്ഞതാണ് സുഗതകുമാരിയുടെ കവിതകളെന്നും പ്രകൃതിയോടും സമൂഹത്തിന്റെ ഓരങ്ങളിൽ ജീവിക്കുന്നവരോടുമുള്ള സ്നേഹം അവയുടെ പ്രത്യേകതയാണെന്നുമുള്ള അവാർഡ് നിർണ്ണയ സമിതിയുടെ നിരീക്ഷണം പ്രത്യേകം ശ്രദ്ധേയമാണ്. മലയാള ഭാഷയേയും പ്രകൃതിയേയും സ്നേഹിക്കാൻ പഠിപ്പിക്കുന്ന സുഗതകുമാരിക്ക് കേരള നിയമസഭയുടെ അഭിനന്ദനങ്ങൾ രേഖപ്പെടുത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES.Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ശ്രീമതി സുഗതകുമാരി ടീച്ചർ മലയാളത്തിന്റെ ഒരഭിമാനമാണ്. അവർക്ക് തികച്ചും അർഹിക്കുന്ന ഒരു അംഗീകാരമാണ് സരസ്വതി പുരസ്കാരം ലഭിച്ചതിൽക്കൂടി കിട്ടിയിരിക്കുന്നത്. സുഗതകുമാരി ടീച്ചർക്ക് മാത്രമല്ല മലയാളികൾക്കെല്ലാം അഭിമാനിക്കാനുള്ള ഒരു മുഹൂർത്തമാണിത്. ഈ നിയമസഭയുടെ സന്തോഷം പ്രകടിപ്പിക്കുന്നതിന് അവസരം ഉണ്ടാക്കിയതിന് അങ്ങേക്ക് പ്രത്യേകമായ ഒരഭിനന്ദനംകൂടി പ്രകടിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, ശ്രീമതി സുഗതകുമാരി ടീച്ചർക്ക് ഈ അവാർഡ് ലഭിച്ചതിൽ അവരെ അഭിനന്ദിക്കുന്ന ഒരു പ്രമേയം അവതരിപ്പിച്ചത് ഏറെ സന്തോഷത്തോടും ബഹുമാനത്തോടും കൂടിയാണ് ഞാൻ കാണുന്നത്. ഒട്ടേറെ കവിതകളിലൂടെ കേരളത്തിലെ വിവിധ വിഭാഗം ജനങ്ങളുടെ പ്രശ്നങ്ങൾ സീരിയസ്സായി സമൂഹത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിന് അവർക്ക് കഴിഞ്ഞിട്ടുണ്ട്. ഏറ്റവും മനോഹരമായ കവിതകളാണ് സമൂഹത്തിന് സമർപ്പിച്ചിട്ടുള്ളത്. അങ്ങനെയുള്ള ശ്രീമതി സുഗതകുമാരി ടീച്ചറെ അഭിനന്ദിക്കുന്നതിന് അങ്ങും മുഖ്യമന്ത്രിയും എടുത്തിട്ടുള്ള സമീപനത്തെ അങ്ങേയറ്റം ബഹുമാനിക്കുന്നു. അവർക്ക് നല്ല പുരോഗതി ഉണ്ടാവുകയും ഇനിയും ഒട്ടേറെ കവിതകൾ സമൂഹത്തിന് കാഴ്ചവയ്ക്കാൻ കഴിയുകയും ചെയ്യട്ടെ എന്ന് ആശംസിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

## III റൂളിംഗ്

### അടിയന്തരപ്രമേയത്തിന്റെ പ്രാധാന്യം സംബന്ധിച്ച്

മി. സ്പീക്കർ : റൂൾ 50 പ്രകാരം ഒരു നോട്ടീസ് കിട്ടിയിട്ടുണ്ട്. ബഹളം ഉണ്ടാക്കരുതെന്ന് ആദ്യംതന്നെ പറയുന്നു. ഞാൻ അനുവദിക്കുകയാണ്. അതിനു മുമ്പ് എനിക്ക് ഒരു കാര്യം പറയാനുണ്ട്. ബഹളം ഉണ്ടാക്കുന്നു എന്ന അർത്ഥത്തിലല്ല പറഞ്ഞത്. ചെയർ അനുവദിക്കുന്നതിനുമുൻപ് അതിനുള്ള കാര്യമെന്താണെന്ന് പറയാം. അനുവദിക്കുന്നു എന്ന് അവസാനം പറയുന്നതിൽ കാര്യമില്ല. അടിയന്തര പ്രമേയം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഇവിടെ വളരെ വ്യക്തമായ റൂളിംഗുകളും ധാരണകളുമൊക്കെയുണ്ട്. ഹൗസിന്റെ മുമ്പിലോ നമ്മുടെ മുമ്പിലോ ഉള്ളതാകാം. പത്രവാർത്തയുടെ അടിസ്ഥാനത്തിൽ ഒരു കാരണവശാലും അടിയന്തരപ്രമേയം അനുവദിക്കാൻ പാടില്ല എന്ന റൂളിംഗുണ്ട്. 1973-ലുള്ള ഒരു റൂളിംഗ് ഞാൻ ഇവിടെ സൂചിപ്പിക്കാം. "Notices of Adjournment motions in respect of matters which are not before the House, but based merely on press reports, cannot be allowed". ഉടനെ അവർ വാക്കൗട്ട് നടത്തി. അതിന് ഇതിൽ പറയുന്നത്. Walk-out protesting against the Speaker's ruling would amount to an insult to the House. അപ്പോൾ സ്പീക്കർ പറഞ്ഞു, "To walk-out in protest against a decision of the Chair is an insult to the House". രണ്ടുംകൂടി ചേർത്ത് പറഞ്ഞതാണ്. ആദ്യം വാക്കൗട്ട് നടത്തിയതിനുശേഷം ചെയറിന്റെ നിരീക്ഷണം ഹൗസിനോടുള്ള ഇൻസൾട്ടാണെന്ന് അവർ പറഞ്ഞു. പക്ഷേ അതിൽ പ്രതിഷേധിച്ച് വാക്കൗട്ട് നടത്തുന്നതാണ് ഹൗസിനോടുള്ള ഇൻസൾട്ടെന്ന് സ്പീക്കർ റൂൾ ചെയ്തു.

രണ്ടും കൂടിയാണ് വായിച്ചത്. ഇത് 72-ലെ ഒരു റൂളിംഗാണ്. അപ്പോൾ അത് പാടില്ല എന്നുള്ളതാണ്. നമുക്ക് നമ്മുടെ കീഴ്‌വഴക്കങ്ങളുണ്ട്. പത്രവാർത്തയുടെ അടിസ്ഥാനത്തിലും പത്ര സമ്മേളനങ്ങളുടെ അടിസ്ഥാനത്തിലും ഉരുത്തിരിഞ്ഞ് വന്ന കാര്യമാണ് അടിയന്തരപ്രമേയത്തിനുള്ള വിഷയമായി തെരഞ്ഞെടുത്തിരിക്കുന്നത്. ഇവിടെ രേഖാമൂലമായ പരാതികളൊന്നും ആർക്കും കിട്ടിയിട്ടില്ല എന്ന് കേരളത്തിന്റെ മുഖ്യമന്ത്രി ആവർത്തിച്ച് പറഞ്ഞിട്ടുണ്ട്. അപ്പോൾ പത്രത്തിലും പത്രസമ്മേളനങ്ങളിലും വന്നിട്ടുള്ള വിഷയമാണ്. പക്ഷേ, ഇത് മുഖ്യമന്ത്രിക്കാണ് നോട്ടീസ് നൽകിയത്. അദ്ദേഹം മറുപടി പറയും. ഞാൻ നോട്ടീസ് വായിക്കാം.

## IV അടിയന്തരപ്രമേയം

### ഗാർഹിക പീഡനം

മി. സ്പീക്കർ : ഗാർഹിക പീഡനത്തിന് ഇരയായ സ്ത്രീ മന്ത്രിപത്നിയായിട്ടു പോലും പരാതി നിരസിച്ച മുഖ്യമന്ത്രിയുടെ നടപടിമൂലം ഗാർഹികപീഡന കേസുകളിൽ നീതി തേടുന്നവർ ഉൾപ്പെടെ ജനങ്ങളിലാകെ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്ക സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ. എ. പ്രദീപ്കുമാർ, വി. എസ്. സുനിൽ കുമാർ, സി. കെ. നാണു, എ. എ. അസീസ്, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ഈ നോട്ടീസിന് ആധാരമായി പറഞ്ഞിരിക്കുന്ന കാര്യങ്ങൾ വസ്തുതയ്ക്ക് നിരക്കുന്നതല്ല. ശ്രീ. കെ. ബി. ഗണേഷ്കുമാറിന്റെ ഭാര്യ രണ്ടുപ്രാവശ്യം എന്നെവന്ന് നേരിട്ട് കാണുകയും അവരുടെ കുടുംബത്തിലെ തർക്കങ്ങളെക്കുറിച്ച് എന്നോട് സംസാരിക്കുകയും ചെയ്തിട്ടുണ്ട്. അവർ ഒരു പരാതിയും എനിക്ക് തന്നിട്ടില്ല. നടപടി എടുക്കത്തക്കവിധത്തിലുള്ള ഒരു പരാതിയും പറഞ്ഞിട്ടുമില്ല. ചില മാധ്യമങ്ങളിൽ വന്ന വാർത്തയുടെ അടിസ്ഥാനത്തിൽ ഇങ്ങനെയൊരു പ്രശ്നം ഇവിടെ അടിയന്തരപ്രമേയമായി കൊണ്ടുവരണമായിരുന്നോ എന്നുള്ളത് നിങ്ങൾ തന്നെ ആലോചിക്കേണ്ടതാണ്. ഏത് പ്രശ്നവും ചർച്ച ചെയ്യുന്നതിന് ഞങ്ങളാരും മടി കാണിക്കുന്നില്ല പക്ഷേ, കുടുംബകാര്യങ്ങൾ പോലും സഭയിലെ അടിയന്തരപ്രമേയമായി അവതരിപ്പിക്കുന്ന സാഹചര്യം ഉചിതമാണോ എന്ന് നിങ്ങൾ ആലോചിച്ചാൽ കൊള്ളാം. ഇത് വസ്തുതകൾക്ക് നിരക്കുന്നതല്ല.

മി. സ്പീക്കർ : ശ്രീ. എ. പ്രദീപ്കുമാർ,.....(ബഹളം)....നോ പ്ലീസ്..., പ്ലീസ്. (ബഹളം)...യെസ്......യെസ്........പ്ലീസ്.....പ്ലീസ്...യെസ്........നിങ്ങൾ എല്ലാവരുംകൂടി ബഹളം ഉണ്ടാക്കിയാൽ എങ്ങനെയാണ് ?.......(ബഹളം)............ യെസ്........യെസ്.......അതുതന്നെ.......അതിവിടെ എപ്പോഴും അങ്ങോട്ടുമിങ്ങോട്ടും ഉണ്ടാകാറുണ്ടല്ലോ ?....പ്ലീസ്........പ്ലീസ്.......ശ്രീ. സി. ദിവാകരൻ.....പ്ലീസ്.. ഞാനൊന്ന് പറയട്ടെ.... പ്ലീസ്........ഇവിടെ അടിയന്തരപ്രമേയം അനുവദിച്ചിട്ടില്ല. അടിയന്തരപ്രമേയത്തിന്റെ അവതരണാനുമതിയുടെ കാര്യത്തിൽ ചെയറിന്റെ



LIBRARY ARCHIVES Kerala Legislative Assembly

നിലപാട് പറഞ്ഞു. ചെയർ റൂൾ ക്വാട്ട് ചെയ്തു. പക്ഷേ, മുഖ്യമന്ത്രി മറുപടി പറയാൻ തയ്യാറായത് കൊണ്ടുമാത്രമാണ് അവതരണത്തിന് അദ്ദേഹത്തെ ക്ഷണിച്ചത്.....(ബഹളം).....യെസ്....യെസ്....പ്ലീസ്...........മര്യാദ ഓരോരുത്തർ തീരുമാനിക്കേണ്ടതാണ്. മര്യാദ കെട്ടിയേൽപ്പിക്കാനൊന്നും സ്പീക്കർക്ക് അധികാരമില്ല. ........(ബഹളം)......

ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) : സർ, നിയമസഭയുടെ ചരിത്രത്തിൽ ഇന്നുവരെയുണ്ടാകാത്ത ഒരു കീഴ്വഴക്കമാണിത്. ദയവുചെയ്ത് ഇത് വേണമോ എന്ന് നിങ്ങൾ ആലോചിക്കണം. ഈ സഭ ഇത്രയും താഴേക്കുപോകണോ ?..... (ബഹളം)...........

ശ്രീ. പി. കെ. ബഷീർ : സർ, ഒരാളുടെ കുടുംബത്തെക്കുറിച്ച് ...............

മി. സ്പീക്കർ : ശ്രീ. പി. കെ. ബഷീർ, മലയാള ഭാഷയിൽ ഞാൻ ഒന്നുകൂടി വ്യക്തമായി പറയാം, ഒരിക്കൽ പറഞ്ഞതാണ്. ഇക്കാര്യത്തിൽ എന്റെ അഭിപ്രായം ചെയർ എന്ന നിലയിലും അല്ലാതെയുമുള്ള നിരീക്ഷണങ്ങൾക്കു ശേഷം ഇവിടെ പ്രിസിഡന്റും റൂളും ക്വാട്ട് ചെയ്തുകൊണ്ട് പറഞ്ഞു, ഇത് സാധ്യമല്ല. പക്ഷേ ഇത്.....(ബഹളം).......എന്നാൽപ്പിന്നെ നിങ്ങൾതന്നെ പറയൂ......ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി നൽകാമെന്ന് ചെയറിനോട് എഗ്രി ചെയ്തതു കൊണ്ടുമാത്രമാണ് ഇത് അവതരിപ്പിക്കുന്നതിനുവേണ്ടി ശ്രീ. എ. പ്രദീപ്കുമാറിനെ ക്ഷണിച്ചത്.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ഈ അടിയന്തരപ്രമേയം അവതരിപ്പിക്കുന്നതിന് ആധാരമായി അവർ പറഞ്ഞിട്ടുള്ളത് ഒരു പരാതിയുമായി വന്നപ്പോൾ ആ പരാതി ഞാൻ സ്വീകരിച്ചില്ല എന്നുള്ളതാണ്. നിയമവിരുദ്ധവും അധാർമ്മികവുമായിട്ടുള്ള നടപടി മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നുണ്ടായി എന്നുള്ളതാണ്. അങ്ങനെ ഒരു സംഭവമേ ഉണ്ടായിട്ടില്ല. ഞാൻ വ്യക്തമായിട്ട് പറയുന്നു, ഞാൻ ഇക്കാര്യം നിഷേധിക്കുകയാണ്. അങ്ങനെ നിഷേധിക്കുന്ന സാഹചര്യത്തിൽ അവർക്ക് ഇത് ഉന്നയിക്കണോ വേണ്ടയോ എന്നുള്ള കാര്യം ഇപ്പോഴും തീരുമാനിക്കാം. പക്ഷെ ഞാൻ വളരെ വ്യക്തമായിട്ട് പറയുന്നു, അങ്ങനെയൊരു പരാതി ലഭിച്ചിട്ടില്ല, പരാതി തന്നിട്ടില്ല. ശ്രീ. കെ. ബി. ഗണേഷ് കുമാറിന്റെ ഭാര്യയുടെ ഭാഗത്തുനിന്ന് മറിച്ചൊരഭിപ്രായം ഉണ്ടെങ്കിൽ നിങ്ങൾ ഉന്നയിക്കുന്നത് മനസ്സിലാക്കാൻ കഴിയും. പത്രത്തിലെ വാർത്ത കണ്ടുകൊണ്ട് ഞാൻ പരാതി തന്നിട്ടില്ല പിന്നെ എങ്ങനെയാണ് ഈ വാർത്ത വന്നതെന്ന് അന്വേഷിച്ചുകൊണ്ട് ശ്രീ. കെ. ബി. ഗണേഷ് കുമാറിന്റെ ഭാര്യ എനിക്ക് കത്ത് കൊടുത്തുവിട്ടു. നിങ്ങൾ ഉന്നയിച്ചിരിക്കുന്നതുപോലെ ഒരു പരാതി വന്നിട്ട് ഞാൻ വാങ്ങാതെ തിരിച്ചയച്ചുവെങ്കിൽ, നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ടിട്ട് നടപടിയെടുക്കാൻ തയ്യാറായില്ലെങ്കിൽ നിങ്ങൾക്ക് പറയാം. അങ്ങനെയൊരു സംഭവമേ ഉണ്ടായിട്ടില്ല. ആ സാഹചര്യത്തിൽ ഈ വിഷയം ഉന്നയിക്കണമോ വേണ്ടയോ എന്നുള്ള കാര്യം നിങ്ങൾക്കുതന്നെ തീരുമാനിക്കാം. പ്രതിപക്ഷ നേതാവിന് ചോദിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, ഇതുസംബന്ധിച്ച് ക്യാബിനറ്റ് റാങ്കിന് തുല്യപദവിയുള്ള ചീഫ് വിപ്പ് ഇറക്കിയിട്ടുള്ള പ്രസ്താവന ടി.വി-യിലും മറ്റ് മാധ്യമങ്ങളിലുമൊക്കെ വാർത്തയായി വന്നതാണ്. അപ്പോൾ ഇതെല്ലാം വസ്തുതകളായി നിലനില്ക്കുന്നിടത്തോളം കാലം, അതുപോലെതന്നെ എന്റെ സ്നേഹിതൻ ശ്രീ. കെ. ബി. ഗണേഷ് കുമാറിന്റെ പ്രിയപത്നി ശ്രീമതി യാമിനി തങ്കച്ചിയുടെ അമ്മായിയച്ഛനും ഈ കാര്യത്തെ സംബന്ധിച്ച് പറഞ്ഞതായി ചില പത്രങ്ങളിൽ കാണാനിടയായി. ഇതെല്ലാം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നിഷേധിക്കാൻ കഴിയുമോ ?.....(ബഹളം).......അങ്ങും പത്രങ്ങളിലും ചാനലുകളിലും വന്ന വാർത്തകളെല്ലാം വായിച്ചുകാണില്ലേ ? അപ്പോൾ ഇതെല്ലാം യാഥാർത്ഥ്യമായിരിക്കെ, എന്റെ സ്നേഹിതൻ ശ്രീ. പി. സി. ജോർജ് ഇവിടെ ഇരിക്കുകയാണ്, ഇവരെല്ലാം അഭിപ്രായ പ്രകടനങ്ങൾ നടത്തിയത് പത്രങ്ങളിൽ വന്നിട്ടുള്ളതാണ്. അതൊന്നും ഇല്ലായെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞാൽ അതില്ലാതാകുന്നതല്ല. ഇതാണ് വസ്തുത.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, അങ്ങും പത്രങ്ങളിൽ എന്തൊക്കെയോ കണ്ടതിനേയും കേട്ടതിനേയുംകുറിച്ച് പറയുകയാണ്. ശ്രീ. കെ. ബി. ഗണേഷ് കുമാറിന്റെ ഫാദർ-ഇൻ-ലോ വർഷങ്ങൾക്കുമുമ്പ് മരിച്ചുപോയി. അദ്ദേഹം പരാതി നൽകി എന്നുപറഞ്ഞാൽ ശരിയാകുമോ ? ശ്രീ. പി. സി. ജോർജ് പറഞ്ഞതിനെക്കുറിച്ച് ഞാൻ നേരത്തെതന്നെ ഈ സഭയിൽ വ്യക്തമാക്കിയിട്ടുണ്ട്. അതൊരു അടഞ്ഞ അദ്ധ്യായമായി മാറിയിട്ടുണ്ട്. ഇനിയത് റീ-ഓപ്പൺ ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അതിനെക്കുറിച്ചും പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് പത്രത്തിൽകണ്ട വസ്തുതാപരമല്ലാത്ത കാര്യങ്ങളുടെ അടിസ്ഥാനത്തിൽ ഇതുപോലെയുള്ള പ്രശ്നങ്ങൾ അടിയന്തരപ്രമേയമായി കൊണ്ടുവരുന്നതിൽ നിന്ന് നിങ്ങൾ പിന്മാറണം എന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. സി. ദിവാകരൻ : സർ, ഈ വിഷയം ഞങ്ങൾ കൊണ്ടുവന്നതല്ല. കഴിഞ്ഞ കുറെ ദിവസങ്ങളായി ശ്രീ. പി. സി. ജോർജ് നടത്തിയ ചില വെളിപ്പെടുത്തലുകളാണ്. കേരളത്തിലെ ഒരു മന്ത്രിയുടെ വീട്ടിൽ കയറി ആക്രമണം നടത്തി, അത് ഏത് മന്ത്രിയാണെന്ന് സംശയം ഉണ്ടാകാതിരിക്കാൻ വേണ്ടി.......

മി. സ്പീക്കർ : ശ്രീ. സി. ദിവാകരൻ പ്ലീസ്.....പ്ലീസ്....ശ്രീ. സി. ദിവാകരൻ.....

ശ്രീ. സി. ദിവാകരൻ : സർ, ഞാൻ ആ വസ്തുത പറയുകയാണ്.

മി. സ്പീക്കർ : ശ്രീ. സി. ദിവാകരൻ പ്ലീസ്....നോ...നോ.....പ്ലീസ്....പ്ലീസ്... അത് ശരിയല്ല. പ്ലീസ്....പ്ലീസ്........(ബഹളം)......ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങേക്ക് പറയാനുള്ളത് പറയാം.

ശ്രീ. ഉമ്മൻ ചാണ്ടി : സർ,..........(ബഹളം)..........ശ്രീ. സി. ദിവാകരൻ, പുറത്തുനിന്നുള്ള ആളുകൾ മന്ത്രിയുടെ വീട്ടിൽ കയറി മന്ത്രിയെ തല്ലി എന്നുള്ള രീതിയിലാണ് പറഞ്ഞത്. അങ്ങനെ ഒരു സംഭവം ഉണ്ടായിട്ടില്ലെന്ന് ഞാൻ ഈ സഭയിൽ പറഞ്ഞു. പൂർണ്ണമായിട്ടും.......(ബഹളം)........അങ്ങനെയൊരു സംഭവം ഉണ്ടായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : പ്ലീസ്.......പ്ലീസ്..........

ശ്രീ. എ. കെ. ബാലൻ : സർ, ഒരു മിനിട്ട്.........

മി. സ്പീക്കർ : എന്താണ്; ഇനി ചർച്ച ഇല്ല. ഇതിന് ഇല്ലാത്ത പ്രാധാന്യം കൊടുക്കുകയാണ്. ഞാൻ വളരെ വ്യക്തമായി റൂളിംഗ് വായിച്ചതാണ്. പത്ര വാർത്തയുടെ അടിസ്ഥാനത്തിൽ സാധാരണഗതിയിൽ അടിയന്തരപ്രമേയം അനുവദിക്കാറില്ല. അതിനുള്ള കീഴ്‌വഴക്കമുണ്ട്. എന്റെ മുൻഗാമികളായ ബഹുമാനപ്പെട്ട സ്പീക്കർമാരുടെ റൂളിംഗ് ഞാനിവിടെ ക്വാട്ട് ചെയ്തു. ഈ സാഹചര്യത്തിൽ മുഖ്യമന്ത്രി മറുപടി പറയാമെന്ന് പറഞ്ഞതുകൊണ്ടാണ്......പക്ഷെ മുഖ്യമന്ത്രി ഒരു കാര്യം ഇവിടെ പറഞ്ഞു. ഏത് കാര്യത്തിനെ ആധാരമാക്കിയാണ് അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകുന്നത് ആ നോട്ടീസിൽ പറഞ്ഞ കാര്യങ്ങൾ സംഭവിച്ചിട്ടില്ലായെന്ന് സഭാ നേതാവുകൂടിയായ കേരളത്തിലെ മുഖ്യമന്ത്രി ഈ നിയമസഭയിൽ പറഞ്ഞു. ഇനി നിങ്ങൾ ബഹളം ഉണ്ടാക്കിയാൽ ഞാൻ എന്തുപറയാനാണ് ? ശ്രീ. എ. കെ. ബാലൻ ഇരിക്കൂ. ശ്രീ. എ. പ്രദീപ്കുമാർ, നിയന്ത്രണവിധേയമായിട്ട് കാര്യങ്ങൾ പറയണം. ഏതായാലും മുഖ്യമന്ത്രി സമ്മതിച്ചതുകൊണ്ട് ഒന്നുരണ്ട് മിനിട്ടുകൊണ്ട് അങ്ങ് ഈ വിഷയം അവതരിപ്പിക്കണം.

ശ്രീ. എ. പ്രദീപ്കുമാർ : സർ, ഇവിടെ ഞാൻ ഉന്നയിക്കുന്നത്....... (ബഹളം)...........

മി. സ്പീക്കർ : നോ......നോ....പ്ലീസ്, ഇത് ശരിയല്ല. ശ്രീ. പി. കെ. ബഷീർ, ശ്രീ. കെ. എൻ. എ ഖാദർ, ശ്രീ. സി. മോയിൻകുട്ടി ഞാൻ സഭാനേതാവുമായി ആലോചിച്ചുതന്നെയാണ് അടിയന്തരപ്രമേയം അവതരിപ്പിക്കാൻ അനുവദിച്ചത്. പ്ലീസ്.....പ്ലീസ്.......നിങ്ങൾ അങ്ങനെ അസ്വസ്ഥരായിട്ട് കാര്യമില്ല. അങ്ങനെയാണെങ്കിൽ മുഖ്യമന്ത്രിയുടെ നിലപാടിനെ നിങ്ങൾ ചോദ്യം ചെയ്യുകയാണ്. എന്നെക്കൊണ്ട് അത് പറയിപ്പിക്കരുത്.

ശ്രീ. എ. പ്രദീപ്കുമാർ : സർ, നമ്മുടെ സർക്കാരിനേയും സമൂഹത്തേയും വളരെ ഗുരുതരമായി ബാധിക്കുന്ന ഒരു പ്രശ്നത്തിന് വളരെ നിസ്സാരമായിട്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ മറുപടി പറഞ്ഞത്. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. ബി. ഗണേഷ് കുമാറിന്റെ കുടുംബ വിഷയം എന്നുള്ള നിലയിലല്ല ഞാൻ ഈ വിഷയം അവതരിപ്പിക്കാനുദ്ദേശിച്ചത്. സംഘർഷങ്ങൾ പലരുടെ കുടുംബത്തിലുമുണ്ടാകും. അതൊന്നും ഇങ്ങനെ സഭയിൽ കൊണ്ടുവരിക എന്നുള്ള രീതിയിലല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ സ്വീകരിച്ച നിലപാടാണ് ഇവിടെയുള്ള പ്രശ്നം. ഞങ്ങൾ ആരെങ്കിലുമാണോ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. ബി. ഗണേഷ് കുമാറിനെതിരെ ആരോപണമുന്നയിച്ചത് ? മന്ത്രി പദവിക്ക് തുല്യമായ പദവി വഹിക്കുന്ന ഗവൺമെന്റ് ചീഫ് വിപ്പാണ് പറഞ്ഞത്. ഇതൊരു സംഭവ പരമ്പരകളുടെ തുടക്കമാണ്. ഞാൻ ആരേയും ആക്ഷേപിക്കാൻ വേണ്ടി പറഞ്ഞതല്ല. അങ്ങനെ ആരേയും ആക്ഷേപിക്കുന്ന ആളല്ല ഞാനെന്ന് ബഹുമാനപ്പെട്ട മന്ത്രി ഉൾപ്പെടെ എല്ലാവർക്കും അറിയാം. കഴിഞ്ഞ മാർച്ച് 3-ാം തീയതി മംഗളം ദിനപ്പത്രത്തിൽ 'മന്ത്രിയെ മന്ത്രി മന്ദിരത്തിൽ കയറി അടിച്ചു' എന്ന് ആരുടെ പേരും പറയാതെ വന്ന വാർത്ത ഒരു ഗോസിപ്പായിട്ടാണ്

[illegible] റും കണ്ടത്. എന്നാൽ അടുത്ത ദിവസം കോട്ടയത്ത് പത്രസമ്മേളനം ...ൽ ചീഫ് വിപ്പ് പറഞ്ഞു, അടിയേറ്റത് മന്ത്രി ശ്രീ. കെ. ബി. ഗണേഷ് ...നാണെന്ന്.*** സാറിനാണോ ആർക്കാണ് അടിയേറ്റതെന്ന് പലരും എന്നെ ...ണിൽ വിളിച്ച് അന്വേഷിച്ചു. മറ്റ് മന്ത്രിമാരെക്കുറിച്ച് സംശയമില്ലാതിരിക്കാനാണ് ഞാനിത് പറഞ്ഞതെന്ന് ശ്രീ. പി. സി. ജോർജ് പത്രസമ്മേളനം നടത്തി പറഞ്ഞു.

മി. സ്പീക്കർ : നോ..........നോ..............ഇതെല്ലാം വളരെ മോശമാണ്. അങ്ങനെയൊന്നും പറയാൻ പാടില്ല. അതൊന്നും രേഖയിൽ കാണില്ല. നോ..... നോ......***അടിയേറ്റതെന്നുള്ള വാചകമൊന്നും രേഖയിൽ കാണില്ല.

ശ്രീ. എ. പ്രദീപ് കുമാർ : സർ, അതിനാണ് ബഹുമാനപ്പെട്ട മന്ത്രി കെ. ബി. ഗണേഷ് കുമാർ പ്രതികരിച്ചത്. ശ്രീ. പി. സി. ജോർജ് തനിക്കെതിരെ ആരോപണമുന്നയിച്ചത് നെല്ലിയാമ്പതി വിഷയവുമായി ബന്ധപ്പെട്ടാണ്. നെല്ലിയാമ്പതി വിഷയത്തിൽ താനെടുത്ത ശരിയായ നിലപാട് അദ്ദേഹത്തിന് ഇഷ്ടപ്പെടാത്തതുകൊണ്ടാണ്. ഇതിന്റെ പിന്നിൽ ഗൂഢാലോചനയുണ്ടെന്ന് മന്ത്രി പറഞ്ഞു.

മി. സ്പീക്കർ : ഇതൊരു പബ്ളിക് പ്ലേസ് അല്ല. ഇത് നിയമസഭയാണ്.

ശ്രീ. എ. പ്രദീപ് കുമാർ : സർ, നെല്ലിയാമ്പതി വിഷയത്തിൽ താനെടുത്ത നിലപാടിൽ അസ്വസ്ഥനായി ഗൂഢാലോചനയുടെ ഭാഗമായിട്ടാണ് തനിക്കെതിരെ ഇങ്ങനെ പ്രതികരിച്ചതെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അങ്ങയുടെ ക്യാബിനറ്റിലെ ഒരു മന്ത്രിയും മന്ത്രിക്ക് തുല്യമായ ഔദ്യോഗിക സ്ഥാനം വഹിക്കുന്ന ചീഫ് വിപ്പുമാണ് ഈ വ്യത്യസ്തമായ അഭിപ്രായങ്ങൾ പറഞ്ഞത്. ഇതിനകത്ത് ഏതാണ് ശരിയെന്നുള്ളത് അങ്ങ് വ്യക്തമാക്കണം. ഞങ്ങൾക്ക് ഇവിടെ അടിയന്തരപ്രമേയം അവതരിപ്പിക്കേണ്ട ആവശ്യംപോലുമില്ല. ചീഫ് വിപ്പ് എഴുന്നേറ്റ് നിന്ന് ഞാൻ ഈ കാര്യങ്ങൾ ഇങ്ങനെ പറഞ്ഞിട്ടില്ല, മുഖ്യമന്ത്രി പറഞ്ഞതാണ് ശരിയെന്നു പറഞ്ഞാൽ അതോടെ ഇതെല്ലാം ശരിയാകും. ഞാൻ ഇത് അവസാനിപ്പിക്കാം. അദ്ദേഹം പറയട്ടെ.

മി. സ്പീക്കർ : No, No........ അങ്ങനെ പറയണമെങ്കിൽ എഴുന്നേറ്റ് നിൽക്കാനുള്ള അവസരം ചെയർ കൊടുക്കണം. No, No.......നിങ്ങൾ വീണ്ടും കാര്യങ്ങൾ ഡൈവർട്ട് ചെയ്തുപോകുകയാണ് ചെയ്യുന്നത്.

ശ്രീ. എ. പ്രദീപ് കുമാർ : സർ, മറ്റൊന്ന് കൂടി പറയാം. ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാര്യ മുഖ്യമന്ത്രിക്ക് പരാതി നൽകി എന്നുള്ള വിഷയവും അതിന്റെ ഉള്ളടക്കവുമൊന്നും ഞങ്ങളെ സംബന്ധിച്ചിടത്തോളം ഒരു വിഷയമല്ല. പക്ഷേ ആ പരാതി മുഖ്യമന്ത്രി മുക്കിയെന്ന് ടി.വി. ചാനലിലൂടെ പറഞ്ഞത് ചീഫ് വിപ്പാണ്.

---

*** സഭാദ്ധ്യക്ഷന്റെ റൂളിംഗ് പ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ഞാൻ വീണ്ടും വീണ്ടും പറയുന്നു. ആരെങ്കിലും ഒരു പത്രസമ്മേളനം നടത്തി പറയുന്ന വാചകങ്ങളെ ക്വാട്ട് ചെയ്തിട്ട്...... (ബഹളം........) യെസ്....യെസ്.......പ്ലീസ്.......പ്ലീസ്.........ഇതുമായി ബന്ധപ്പെട്ട് പലരും പുറത്ത് പത്രസമ്മേളനം നടത്തി........(ബഹളം........) ആ പത്ര സമ്മേളനത്തിന്റെ ക്വാട്ടിംഗ് എടുത്തുപറയാൻ സാധ്യമല്ല.

ശ്രീ. എ. പ്രദീപ് കുമാർ : സർ, ഇത് മറ്റാരെങ്കിലും പത്രസമ്മേളനം നടത്തുന്നത് പോലെയല്ല. മന്ത്രിക്ക് തുല്യമായ സ്ഥാനം വഹിക്കുന്ന ചീഫ് വിപ്പ്, ഒരു മന്ത്രിയെ സംബന്ധിച്ച് പറഞ്ഞ കാര്യങ്ങൾ വസ്തുതാപരമായി ശരിയല്ലെങ്കിൽ അദ്ദേഹത്തിന്റെ പേരിൽ നടപടി സ്വീകരിക്കാൻ അങ്ങ് തയ്യാറാണോ ? അതാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. അദ്ദേഹത്തെ നിങ്ങൾ കുറ്റവിമുക്തനാക്കൂ. ഞങ്ങൾക്ക് അതാണ് വേണ്ടത്. അങ്ങയുടെ മന്ത്രിയെക്കുറിച്ച് ഞങ്ങൾ ഒരു ആക്ഷേപവും പറഞ്ഞില്ല.

മി. സ്പീക്കർ : ശ്രീ. എ. പ്രദീപ് കുമാർ പ്ലീസ് കൺക്ലൂഡ്.

ശ്രീ. എ. പ്രദീപ് കുമാർ : സർ, ഇപ്പോഴും പറയുന്നില്ല. പക്ഷേ ആ പരാതിയിൽ പറഞ്ഞ കാര്യങ്ങൾ വസ്തുതയാണെങ്കിൽ, അങ്ങനെയൊരു പരാതി ലഭിച്ചുവെന്ന് ചീഫ് വിപ്പ് പറഞ്ഞത് ശരിയാണെങ്കിൽ, അത് ഒതുക്കി തീർക്കാൻ ശ്രമിച്ച മുഖ്യമന്ത്രി ഐ.പി.സി. 176 അനുസരിച്ച് കുറ്റക്കാരനാണ്. ആറ് മാസം തടവ് കിട്ടാവുന്ന ക്രിമിനൽ കുറ്റമാണ് അങ്ങ് ചെയ്തത്. കാരണം, കുറ്റത്തെക്കുറിച്ചോ സംഭവിക്കാൻ പോകുന്ന കുറ്റത്തെക്കുറിച്ചോ തനിക്ക് അറിവുണ്ടായാൽ അതുടനെ പോലീസ് ഉദ്യോഗസ്ഥരെ അറിയിക്കണം. അങ്ങനെ ചെയ്തില്ല. അത് വസ്തുതാപരമായി ശരിയല്ലെങ്കിൽ അത്രയും ഗുരുതരമായ ആരോപണമുന്നയിച്ച ചീഫ് വിപ്പിനെതിരായി നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ? ഇതിൽ ഏതെങ്കിലും ഒന്നല്ലേ ശരിയാവുകയുള്ളൂ. രണ്ടും ശരിയാകുമോ ?

മി. സ്പീക്കർ : പ്ലീസ് കൺക്ലൂഡ്........ പ്ലീസ് കൺക്ലൂഡ്.........

ശ്രീ. എ. പ്രദീപ് കുമാർ : സർ, ഞാൻ കൺക്ലൂഡ് ചെയ്യാം. അലൂമിനിയത്തിന് ചെമ്പ് എന്ന് പറയുന്നതുപോലെ മുഖ്യമന്ത്രി പറയരുത്. ഏതെങ്കിലും ഒന്ന് പറയണം. കേരളത്തിലെ മുഖ്യമന്ത്രിക്ക് സാധാരണ ഒരു സ്ത്രീയുടെ പരാതി വന്നാൽ ആ പരാതി വന്നുവെന്നുള്ളതുകൊണ്ടുമാത്രം മന്ത്രി കുറ്റക്കാരനൊന്നുമല്ല. അത് പരിശോധിച്ച് അതിൽ ശരിയുണ്ടോ തെറ്റുണ്ടോയെന്ന് നോക്കണം. അദ്ദേഹം പറഞ്ഞു, പരാതി എനിക്ക് തന്നിരുന്നു, അത് കുടുംബപ്രശ്നമായതുകൊണ്ട്......എന്നാണ് പറയുന്നത്. അത് സംബന്ധിച്ച് ഒരു വ്യക്തതവരുത്തിക്കഴിഞ്ഞാൽ അങ്ങയുടെ മന്ത്രിസഭയിലെ മന്ത്രിയുടെ വ്യക്തിത്വമല്ലേ ഉയരുന്നത്. എന്തുകൊണ്ട് അങ്ങ് അത് ചെയ്യുന്നില്ല. അങ്ങത് ചെയ്യാത്തത് ചീഫ് വിപ്പിനെ ഭയന്നിട്ടാണ്. അതായത്, അങ്ങയുടെ അഴിമതിക്കേസിലെ ഒരു ജഡ്ജിയെ തുരത്തിയോടിക്കുന്നതിനുവേണ്ടി ഈ ചീഫ് വിപ്പിനെ അങ്ങ് കോടാലിയായി ഉപയോഗിച്ചു. ഇവിടെ എം.എൽ.എ.-മാരെ മുഴുവൻ തെണ്ടികളെന്ന് വിളിപ്പിക്കാൻ വേണ്ടി ഉപയോഗിച്ചു. അങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

ചീഫ് വിപ്പിനെ, കേരളത്തിലെ മുഖ്യമന്ത്രി തന്റെ രാഷ്ട്രീയ ഇഷ്ടാനിഷ്ടങ്ങൾക്ക് വേണ്ടി ഉപയോഗിക്കുന്ന സാഹചര്യമാണുള്ളത്. കാലുമാറ്റത്തിനുവേണ്ടി ഉപയോഗിക്കുന്നു. അങ്ങനെയെല്ലാം ഉപയോഗിച്ച ഒരു ചീഫ് വിപ്പിനെതിരെ, മന്ത്രിക്കെതിരെ ഇങ്ങനെയുള്ള ആക്ഷേപങ്ങൾ ഉന്നയിച്ചിട്ടുപോലും അതിനകത്ത് വേറൊരു പ്രശ്നവുമില്ലെന്ന് പറയുമ്പോൾ ആ ചീഫ് വിപ്പിനെതിരെ നടപടിയെടുക്കാനുള്ള ധാർമ്മികത അങ്ങ് കാണിക്കണം. ആ ധാർമ്മികത അങ്ങ് കാണിച്ചില്ല. ഒരു മുഖ്യമന്ത്രി പോയിട്ട് ഒരു സാധാരണ പൗരന് ഉണ്ടാകേണ്ട ധാർമ്മികതയോ, സത്യസന്ധതയോ, നീതിബോധമോ ഇല്ലാതെയാണ് ഈ വിഷയം കേരളത്തിന്റെ മുഖ്യമന്ത്രി കൈകാര്യം ചെയ്തിട്ടുള്ളത്. ഏത് വിധേനയും അധികാരം നിലനിർത്തണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയുടെ പശ്ചാത്തലത്തിൽ ശ്രീ. കെ. ബി. ഗണേഷ് കുമാറിനെ ശ്രീ. ആർ. ബാലകൃഷ്ണപിള്ളയുടെ പാദാരവിന്ദങ്ങളിൽ കൊണ്ടുപോയി അടിയറവ് വയ്പ്പിക്കാൻ മുഖ്യമന്ത്രിയും ചീഫ് വിപ്പുംകൂടി നടത്തിയിട്ടുള്ള നാടകമാണ് ഇതെല്ലാമെന്നാണ് ഞങ്ങൾക്ക് തോന്നുന്നത്. അങ്ങനെ പറയാമോ?

മി. സ്പീക്കർ : ശ്രീ. എ. പ്രദീപ് കുമാർ, അങ്ങ് ദയവ് ചെയ്ത് കൺക്ലൂഡ് ചെയ്യു.

ശ്രീ. എ. പ്രദീപ് കുമാർ : സർ, അധികാരം നിലനിറുത്തുന്നതിനുവേണ്ടിയാണ്. ഡോ. യാമിനി തങ്കച്ചിയുടെ പരാതിയുണ്ടെന്നും ആ പരാതി മുക്കിയെന്നും ചീഫ് വിപ്പ് പരസ്യമായി പത്രസമ്മേളനത്തിലും ടി.വി. ചാനലുകളിലും പറഞ്ഞതാണ് ശരിയെങ്കിൽ അങ്ങ് ഇപ്പോൾ ചെയ്തിരിക്കുന്നത് ഇന്ത്യൻ പീനൽ കോഡ് 176 അനുസരിച്ച് ആറ് മാസം തടവിൽ കിടക്കേണ്ട ക്രിമിനൽ കുറ്റമാണ് ഇതിൽ ഏതാണ് ശരി ? ഇതിൽ ഏതെങ്കിലുമൊന്ന് സഭയിൽ അങ്ങ് പറഞ്ഞേ പറ്റൂ. ആരാണ് ശരി ; ഇവിടെ ശ്രീ. കെ. ബി. ഗണേഷ് കുമാറിന്റെ ഭാഗമാണോ ശരി ; ചീഫ് വിപ്പ് ഭാഗമാണോ ശരി ? ശ്രീ. കെ. ബി. ഗണേഷ് കുമാറിന്റെ ഭാഗമാണ് ശരിയെങ്കിൽ ഞങ്ങൾക്ക് അഭിപ്രായവ്യത്യാസമില്ല. ശരിയാകട്ടെ. എങ്കിൽ ചീഫ് വിപ്പിനെതിരെ എന്ത് നടപടിയാണ് സ്വീകരിക്കാൻ പോകുന്നത് ? ആരെയാണ് അങ്ങ് ഭയക്കുന്നത്? അതാണ് മനസ്സിലാകാത്തത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ശ്രീ. എ. പ്രദീപ് കുമാർ ഈ സഭയുടെ പൊതുവായ വികാരം ഉൾക്കൊണ്ടുകൊണ്ടായിരിക്കാം ശ്രീ. കെ. ബി. ഗണേഷ് കുമാറിനെ വിട്ടതിൽ എനിക്ക് വളരെ നന്ദിയുണ്ട്. അങ്ങ് ഈ സഭയുടെ വികാരം ഉൾക്കൊണ്ടു. എന്നിട്ട് ശ്രീ. പി. സി. ജോർജിനെ കേന്ദ്രീകരിച്ചുകൊണ്ട് ചില കാര്യങ്ങൾ പറഞ്ഞു. പരാതി കിട്ടിയിട്ടും നടപടിയെടുക്കാത്ത എന്റെ പേരിൽ നിയമനടപടിയെടുക്കണമെന്നും പറഞ്ഞു. ഞാൻ ഒരു കത്ത് വായിക്കാം. അതിൽ രണ്ട് വാചകങ്ങളേയുള്ളൂ. മാധ്യമങ്ങളിൽ ശ്രീ. കെ. ബി. ഗണേഷ് കുമാറിന്റെ ഭാര്യ ഡോ. യാമിനി തങ്കച്ചി പരാതി തന്നിട്ടും മുഖ്യമന്ത്രി അത് സ്വീകരിച്ചില്ല എന്ന് പറഞ്ഞതിനെത്തുടർന്ന് കിട്ടിയ കത്താണിത്. അതിൽ പറയുന്നത്, This letter is based on the newspaper reports. I wish to inform you that I had personally met you and told my grievances. I have not handed over the written complaint.

ഡോ. യാമിനി തങ്കച്ചി ഈ പത്രവാർത്ത കണ്ടതിന്റെ അടിസ്ഥാനത്തിൽ എന്നെ ഫോണിൽ വിളിക്കുകയുണ്ടായി. ഇതെങ്ങനെയാണ് ; ഞാൻ തന്ന കത്തിന് അഞ്ച് പേജുകളുണ്ടെന്നും ഞാൻ തന്നുവെന്ന് പറയുന്ന കത്തിലെ വാചകങ്ങളും മറ്റും വിഷ്വൽ മീഡിയായിൽ വരുന്നു; ഇതൊക്കെ എന്താണെന്ന് എന്നോട് ചോദിച്ചു.

ഡോ. ടി. എം. തോമസ് ഐസക് : സർ, I have not handed over, കയ്യിൽ ഉണ്ടായിരുന്നു, പക്ഷേ, ഞാൻ ഹാന്റ് ഓവർ ചെയ്തില്ല എന്നല്ലേ എഴുതിയിരിക്കുന്നത് ?

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ഡോ. ടി. എം. തോമസ് ഐസക് ഇതിനകത്ത് ജോയിൻ ചെയ്യരുതായിരുന്നു. അവർ പരാതി തന്നില്ലായെന്ന് ഞാൻ വ്യക്തമായി പറഞ്ഞു. ഒരു നടപടിയെടുക്കത്തക്ക വിധത്തിലുള്ള പരാതിയും പറഞ്ഞില്ല. ഒരു കുടുംബ പ്രശ്നമുണ്ടായിരുന്നു. ആ കുടുംബപ്രശ്നം അവർ പരസ്പരം ചർച്ച ചെയ്ത് തീർപ്പാക്കുകയും ചെയ്തു. ഇവിടെ ശ്രീ. എ. കെ. ബാലന് എന്താണ് പറയാനുള്ളത്.

ശ്രീ. എ. കെ. ബാലൻ : സർ, ഇവിടെ അടിയന്തരപ്രമേയത്തിന്റെ ഭാഗമായി അവതരിപ്പിച്ചത് ബഹുമാനപ്പെട്ട ചീഫ് വിപ്പ് ഒരു കാര്യം പറഞ്ഞിരിക്കുന്നു. അത് ശരിയാണോ തെറ്റാണോ എന്നുള്ളതാണ്. അതാണ് ചോദിച്ചത് ?

ശ്രീ. ഉമ്മൻ ചാണ്ടി : ശ്രീ. എ. കെ. ബാലന് അത് അറിയാനാണോ താൽപ്പര്യം ? പത്രവാർത്തയിൽ വന്ന രീതിയിലുള്ളൊരു സംഭവം ശ്രീ. കെ. ബി. ഗണേഷ്കുമാറിന്റെ വീട്ടിൽ നടന്നിട്ടില്ലെന്ന് ഞാൻ ഈ സഭയിൽ പറഞ്ഞു.

ശ്രീ. സി. ദിവാകരൻ : സർ, സ്റ്റേറ്റ്മെന്റ് നടത്തിയ ആൾ അങ്ങയുടെ മുന്നിലുണ്ട്.

മി. സ്പീക്കർ : മുഖ്യമന്ത്രി, അങ്ങ് കൺക്ലൂഡ് ചെയ്യൂ.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ഇതുപോലുള്ള പ്രശ്നങ്ങൾ അടിയന്തര പ്രമേയമായി സഭയിൽ കൊണ്ടുവരുന്നത് കേരള നിയമസഭയുടെ ചരിത്രത്തിലാദ്യത്തെ സംഭവമാണ്. ഇതൊരു കറുത്ത ദിനമാണെന്ന കാര്യത്തിൽ സംശയമില്ല. ജനങ്ങൾ ഇതെല്ലാം കാണുന്നുണ്ട്. ജനങ്ങൾ പ്രതിനിധികളായി വിട്ടിട്ടുള്ള നമ്മൾ ഇവിടെ എന്താണ് ചെയ്യുന്നത് എന്നുള്ളത് നോക്കിക്കൊണ്ടിരിക്കുകയാണ്. ഈ അടിയന്തരപ്രമേയം ആവശ്യമുണ്ടായിരുന്നോ എന്നുള്ളത് സംബന്ധിച്ച് നിങ്ങൾതന്നെ സ്വയം ചിന്തിക്കുക, സ്വയം ആലോചിക്കുക. ഈ അടിയന്തരപ്രമേയം ഏറ്റവും നിർഭാഗ്യകരമായ ഒരു സംഭവമായിപ്പോയി. ഇത് സഭ നിറുത്തി വച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

മി. സ്പീക്കർ : മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, ഇങ്ങനെയൊരു അടിയന്തരപ്രമേയത്തെ കൈകാര്യം ചെയ്ത രീതി വളരെ നിർഭാഗ്യകരമായി പോയി. അടിയന്തര പ്രമേയത്തിന് പ്രാധാന്യമുള്ള കാര്യം തന്നെയാണിത്. അതിപ്പോൾ ഒതുക്കിത്തീർത്തതിന്റെ ഫലമായി, ശ്രീ. പി. സി. ജോർജ് ഉൾപ്പെടെയുള്ള ആളുകൾ ആ ഒതുക്കിത്തീർക്കലിൽ പങ്കാളിയായിക്കാണുമെന്നാണ് തോന്നുന്നത്. കാരണം, എല്ലാവരും കണ്ണുമിഴിച്ചിരിക്കുകയാണ്. എന്തെങ്കിലും സംഭവിച്ചോ, പത്രങ്ങളെന്തെങ്കിലും എഴുതിയോ എന്ന് പത്രം വായിച്ചിട്ടുള്ള ആളുകളെല്ലാം ഇപ്പോൾ കണ്ണുമിഴിച്ചിരിക്കുകയാണ്. ഭരണം എങ്ങനെയെങ്കിലും നിലനിർത്താൻ വേണ്ടി, ഇത്തരത്തിലുള്ള പ്രശ്നങ്ങൾ ഉന്നയിച്ചവരും മുഖ്യമന്ത്രിയെ കാണാൻ പോയവരും അവരെ പ്രേരിപ്പിച്ചയച്ചവരും പൊതുജനങ്ങളും എം.എൽ.എ.-മാരായ നമ്മളെല്ലാവരും ഈ നാടകം കണ്ട് അന്തിച്ചുപോവുകയാണ്. വാസ്തവത്തിൽ ഇതുപോലൊരു പ്രശ്നം ഞാൻ ഗവൺമെന്റിനെ നയിച്ചിരുന്ന കാലത്ത് എന്റെ സഹപ്രവർത്തകനായ ശ്രീ. പി. ജെ. ജോസഫിന്റെ വിമാന യാത്രാവേളയിലുണ്ടായി. അന്ന് ഞാൻ മന്ത്രിസഭയിൽനിന്ന് ആ മന്ത്രിയെ ഒഴിവാക്കി. അക്കാര്യം പിന്നീട് അന്വേഷിച്ചപ്പോൾ അദ്ദേഹം നിരപരാധിയാണെന്ന് ബോധ്യമായി. അദ്ദേഹത്തെ വീണ്ടും മന്ത്രിസഭയിലെടുത്തു. ഇതുപോലുള്ള കാര്യങ്ങൾ നടന്നിട്ടുള്ള സംസ്ഥാനമാണ് കേരളം. ഏതെങ്കിലും സ്ത്രീകളെ ഒളിഞ്ഞുനോക്കിയാൽ തന്നെ കുറ്റമാണെന്ന് പ്രസിഡന്റ് ഓർഡിനൻസ് പുറപ്പെടുവിച്ചിരിക്കുന്ന ഇക്കാലത്ത് നിങ്ങൾ ഇക്കാര്യത്തിൽ കാണിക്കുന്ന വൈകൃതപരമായ സമീപനം കാണുമ്പോൾ അത്ഭുതം തോന്നുകയാണ്. അതുകൊണ്ട് ഇത്തരത്തിലുള്ള ഹീനമായ, നാണംകെട്ട സമീപനത്തോട് സഹകരിക്കാൻ ഞങ്ങൾക്ക് കഴിയാത്തതുകൊണ്ട് അതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുകയാണ്.

(പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. സി. ദിവാകരൻ : സർ, ഞങ്ങൾ ഒരു അടിയന്തരപ്രമേയം അവതരിപ്പിച്ചത് ഈ സഭയിലെ ഏറ്റവും നിർഭാഗ്യകരമായ ഒരു സംഭവമായി പോയെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ പ്രസ്താവന ഖേദകരമാണ്. ഞങ്ങൾ ഇക്കാര്യത്തിൽ നിരപരാധിയാണ്. ഞങ്ങൾ മനസാവാചാ കർമ്മണാ ഇവരുടെ ഒരു പ്രശ്നത്തിലും ഇടപെട്ടവരല്ല. ഞങ്ങൾ ഒരു ദിവസം ഒരു പത്രവാർത്ത കാണുകയും പിറ്റേദിവസം ആ വാർത്ത ക്ലാരിഫൈ ചെയ്തതായും കണ്ടു. എല്ലാ മന്ത്രിമാരെയും സംശയിക്കേണ്ട, മന്ത്രി ഇന്ന ആളാണെന്നു പറഞ്ഞ് ആ വാർത്ത ക്ലാരിഫൈ ചെയ്തത് ഗവൺമെന്റിന്റെ സംരക്ഷണയുള്ള ഗവൺമെന്റ് ചീഫ് വിപ്പാണ്. അദ്ദേഹം അങ്ങനെ പറഞ്ഞിട്ടില്ല എന്നു പറഞ്ഞാൽ അതുപോലൊരു മഹാപാപം വേറെയുണ്ടോ ? അങ്ങ് പറഞ്ഞതിന്റെ വീഡിയോ ക്ലിപ്പിംഗ്സ് ഉണ്ട്. കോടതിയിൽ വീഡിയോ ക്ലിപ്പിംഗ്സ് ഇപ്പോൾ എവിഡൻസാണ്. ബഹുമാനപ്പെട്ട ചീഫ് വിപ്പാണ് കേരളത്തിലെ ജനങ്ങളുടെ മുന്നിൽ ഈ അനിഷ്ട സംഭവത്തെക്കുറിച്ച് ആദ്യമായി പ്രസ്താവന നടത്തിയത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, അടിയന്തര പ്രമേയത്തിൽ അങ്ങ് പറഞ്ഞ കാര്യങ്ങളെല്ലാം കേട്ടുകൊണ്ടിരുന്ന ആളാണ് ഞാൻ. എന്റെ അഭിപ്രായങ്ങൾകൂടി



LIBRARY ARCHIVES Kerala Legislative Assembly

കേട്ടാൽ കുഴപ്പമുണ്ടാകില്ല. അങ്ങ് നിർഭാഗ്യകരമായിപ്പോയെന്ന് പറഞ്ഞു. നിർഭാഗ്യകരം ഞങ്ങളുണ്ടാക്കിയതല്ല. അത് അങ്ങ് അറിയണം. ഇതിന് ആധാരമായ വ്യക്തി അങ്ങയുടെ മുമ്പിൽ നിശബ്ദനായി ഇരിക്കുകയാണ്. ഞങ്ങൾ ആരെയും ആക്ഷേപിച്ചിട്ടില്ല. ഞങ്ങൾ അദ്ദേഹം നടത്തിയ സ്റ്റേറ്റ്മെന്റ് ശരിയോ തെറ്റോ എന്ന് ഉന്നയിച്ചതേയുള്ളൂ. ഞങ്ങൾ ശ്രീ. പി. സി. ജോർജിനോട് അപേക്ഷിക്കുകയാണ്. അദ്ദേഹം എഴുന്നേറ്റ് ഒരു വാക്കു പറഞ്ഞാൽ തീരുന്ന കാര്യമല്ലേ ഉണ്ടായിരുന്നുള്ളൂ; എന്തുകൊണ്ട് പറയുന്നില്ല? ഒരു തുണ്ട് കടലാസ്സിൽ എഴുതിത്തന്നാലും മതി, ഞങ്ങളിത് അവസാനിപ്പിക്കാം. പക്ഷേ നിങ്ങളത് ചെയ്തില്ല, അത് വളരെ നിർഭാഗ്യകരമാണ്.

ചീഫ് വിപ്പിനെ തിരുത്തേണ്ടത്, അപലപിക്കേണ്ടത് മുഖ്യമന്ത്രിയാണ്, മന്ത്രിമാരാണ്. അവർക്കതിന് കഴിഞ്ഞില്ലെങ്കിൽപ്പിന്നെ എന്താണ് ചെയ്യേണ്ടതെന്നുള്ളത് അറിയില്ല. ഈ സംഭവം സഭയിൽ കൊണ്ടുവരാനുള്ള നിർഭാഗ്യകരമായ സാഹചര്യമുണ്ടാക്കിയത് ശ്രീ. പി. സി. ജോർജാണ്. ശ്രീ. പി. സി. ജോർജിന്റെ പേരിൽ ബഹുമാനപ്പെട്ട ചെയർ ഒരു വാക്കുപോലും പറഞ്ഞില്ല. ഞങ്ങളുടെ പാർട്ടിയിലെ ശ്രീ. വി. എസ്. സുനിൽ കുമാറിനെതിരായി പറഞ്ഞതെല്ലാം ഞങ്ങൾ അംഗീകരിച്ചു. കേരളം മുഴുവൻ മലീമസമായ ഈ സംഭവത്തിന് കാരണക്കാരനായ ചീഫ് വിപ്പിനെതിരെ ചെയറിൽനിന്ന് ഒരു പരാമർശംപോലും ഉണ്ടാകാത്തത് നിർഭാഗ്യകരമാണ്.

മി. സ്പീക്കർ: നോ.....നോ....പ്ലീസ്....അങ്ങ് ഇരിക്കണം. ഞാൻ പറയട്ടെ. ഈ പരാമർശം പൂർണ്ണമായി തെറ്റാണ്. നിങ്ങൾ പലരും പറഞ്ഞത് പത്രങ്ങളിൽ വന്നുവെന്നാണ്. ചെയർ നൽകിയ റൂളിംഗ് നിങ്ങൾ കേൾക്കാത്തതുകൊണ്ടാണ്. രണ്ടുമൂന്ന് പ്രാവശ്യം ശ്രീ. പി. സി. ജോർജ് നടത്തിയ പരാമർശങ്ങളെക്കുറിച്ച് അന്ന് ചെയർ പറഞ്ഞതും അതിനെക്കുറിച്ച് ചെയറിന്റെ കമന്റും പറഞ്ഞു. അത് വീണ്ടും ആവർത്തിക്കേണ്ട എന്ന് കരുതിയാണ് എത്തിക്സ് കമ്മിറ്റിക്ക് വിട്ടത്. അതിന്റെ അർത്ഥം ശ്രീ. പി. സി. ജോർജിനെ സ്പെയർ ചെയ്തു എന്നല്ല. നിങ്ങളുടെ നിരീക്ഷണം തെറ്റാണ്. ദയവുചെയ്ത് ആ തെറ്റിദ്ധാരണ പിൻവലിക്കണം.

ശ്രീ. സി. ദിവാകരൻ: സർ, ഒരു നടപടി നടന്നു. വേറൊരു നടപടി നടന്നില്ല. അത് എത്തിക്സ് കമ്മിറ്റിക്ക് വിട്ടു.

മി. സ്പീക്കർ: നോ....നോ....അങ്ങനെയല്ല.

ശ്രീ. സി. ദിവാകരൻ: ഇത് ആരോഗ്യപരമായ നടപടിക്രമങ്ങളല്ല എന്ന് എന്റെ പ്രതിഷേധം ഞാൻ രേഖപ്പെടുത്തുകയാണ്.

മി. സ്പീക്കർ: പ്രതിഷേധം രേഖപ്പെടുത്താം. പക്ഷേ റൂളിംഗിൽ പ്രതിഷേധം രേഖപ്പെടുത്താൻ കഴിയില്ല. ചെയർ അത് എത്തിക്സ് കമ്മിറ്റിക്ക് വിടുകയാണ് ചെയ്തത്. നിങ്ങൾ പറയുന്നതനുസരിച്ച് നിയമസഭാ കമ്മിറ്റിയെ ചെറുതായി കാണാൻ ചെയറിന് സാധ്യമല്ല. ചെയറിൽ വ്യക്തികൾ മാറിമാറി വരും. ആരു വന്നാലും ചെയർ ചെയറാണ്. ഇത്തരം പരാമർശങ്ങൾ ഉത്തരവാദപ്പെട്ട ആളിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നത് നിർഭാഗ്യകരമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ദിവാകരൻ : ഈ നടപടിക്രമങ്ങളിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുകയാണ്.

(ശ്രീ. സി. ദിവാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. മാത്യു റ്റി. തോമസ് : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞതൊക്കെ ശരിയായിരിക്കട്ടെ എന്നാണ് എന്റെ ആത്മാർത്ഥമായ പ്രാർത്ഥന. നമ്മുടെ നാട്ടിലെ പൊതുപ്രവർത്തന മേഖല ഇങ്ങനെ മുന്നോട്ടു പോകുന്നത് അപകടകരമാണ്. കേരളത്തിലെ എല്ലാ ജില്ലകളിലുംപോയി പരാതികളുണ്ടോയെന്ന് ചോദിച്ച് ജനസമ്പർക്ക പരിപാടിയിലൂടെ പരാതികൾ സ്വീകരിക്കുന്ന മുഖ്യമന്ത്രി അദ്ദേഹത്തിന്റെ വീട്ടിൽവന്ന് തന്ന ഒരു പരാതി വാങ്ങാതിരിക്കില്ല എന്ന് ഞാൻ വിശ്വസിക്കുന്നു. ഇവിടെ പ്രശ്നം, ബഹുമാനപ്പെട്ട പൂഞ്ഞാർ മെമ്പർ 20 വർഷക്കാലത്തോളം ഇടതുപക്ഷ ജനാധിപത്യ മുന്നണിയിലുണ്ടായിരുന്നു. അന്നത്തെ അദ്ദേഹത്തിന്റെ പ്രകൃതവും സ്വഭാവവുമല്ല അദ്ദേഹം ഇപ്പോൾ പ്രകടിപ്പിക്കുന്നത്. എൽ.ഡി.എഫ്-ൽ ഉണ്ടായിരുന്ന ശ്രീ. പി. സി. ജോർജല്ല, അദ്ദേഹം യു.ഡി.എഫ്-ൽ പോയപ്പോൾ. അദ്ദേഹത്തെ നിയന്ത്രിക്കാൻ ഗവൺമെന്റും യു.ഡി.എഫ്-ഉം തയ്യാറാകണം. അതിനുള്ള നടപടികൾ സ്വീകരിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. മാത്യു റ്റി. തോമസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. എ. എ. അസീസ് : സർ, ഈ പ്രശ്നത്തിൽ യഥാർത്ഥത്തിൽ മറുപടി പറയേണ്ടത് ചീഫ് വിപ്പാണ്. അദ്ദേഹത്തിനിപ്പോൾ നൊയമ്പുകാലമാണ്. അതുകൊണ്ട് അദ്ദേഹം മറുപടി പറയാൻ തയ്യാറാകാത്ത സമീപനത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. എ. എ. അസീസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സഭ വിട്ട് പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ ഹാജരായി)

## V ശ്രദ്ധ ക്ഷണിക്കൽ

### (1) ശുദ്ധജല സംഭരണ വിതരണ പദ്ധതി

ശ്രീ. കെ. മുരളീധരൻ : സർ, തിരുവനന്തപുരം നഗരത്തിലെ ശുദ്ധജല വിതരണ പദ്ധതിയിലെ സംഭരണ-വിതരണ സംവിധാനങ്ങൾ വിപുലീകരിക്കേണ്ടതിന്റെയും വികേന്ദ്രീകരിക്കേണ്ടതിന്റെയും അടിയന്തര ആവശ്യം സംബന്ധിച്ച് ഈ സഭയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. തിരുവനന്തപുരം നഗരത്തിലെ ജലവിതരണ രംഗത്ത് ഭാവിയിൽ ഗുരുതരമായ പ്രശ്നങ്ങൾ നേരിടുന്ന സാഹചര്യമാണ് ഇന്നുള്ളത്. പത്ത് ലക്ഷത്തിലധികം ജനങ്ങൾ അധിവസിക്കുന്ന ഈ തലസ്ഥാന നഗരിയിൽ

LIBRARY ARCHIVES Kerala Legislative Assembly

വെള്ളം എത്തിക്കുന്നത് പത്തിലധികം കിലോമീറ്റർ അകലെയുള്ള അരുവിക്കരയിലെ ഒറ്റ ജലസംഭരണിയിൽനിന്ന് ഒരേയൊരു മെയിൻ ലൈൻ മുഖേനയാണ്. ഇതിനുള്ള പൈപ്പ് ചെറുതായി പൊട്ടിയാൽ നഗരം നിശ്ചലമാകുന്ന അവസ്ഥയാണ് ഇപ്പോഴുള്ളത്. അതിപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. വരൾച്ച, പ്രകൃതിക്ഷോഭം തുടങ്ങിയവമൂലം ഗുരുതരമായ പ്രതിസന്ധികളുണ്ടാകുന്ന സാഹചര്യത്തിൽ സ്ഥിതി എന്തായിരിക്കുമെന്നോർത്ത് നമ്മൾ ഭയപ്പെടുകയാണ്. അരുവിക്കരയിലെ വെള്ളം വറ്റുകയോ പൈപ്പ് ലൈനിൽ അടിയന്തര മെയിന്റനൻസ് നടത്താനാകാത്ത വിധം തകർച്ച സംഭവിക്കുകയോ ചെയ്താൽ നഗരം നിശ്ചലമാകുന്ന സ്ഥിതിയാണ് ഇന്നുള്ളത്. ഇന്നത്തെ ഭരണാധികാരികൾ ദീർഘവീക്ഷണത്തോടെ ഈ പ്രശ്നം ചർച്ച ചെയ്തില്ലെങ്കിൽ ഇതിന്റെ ഭവിഷ്യത്ത് ഗുരുതരമായിരിക്കുമെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. തിരുവിതാംകൂർ സർക്കാർ 1933-ൽ കമ്മീഷൻ ചെയ്ത വില്ലിംഗ്ടൺ വാട്ടർ സപ്ലൈ പ്രോജക്ടാണ് തിരുവനന്തപുരം നഗരത്തിലെ ജലവിതരണ സംവിധാനത്തിൽ ഇന്നും കേന്ദ്രസ്ഥാനം വഹിക്കുന്നത്. അന്ന് ഈ പദ്ധതി സ്ഥാപിക്കുമ്പോൾ 30 വർഷത്തെ കാര്യം മുൻകൂട്ടി കണ്ടിരുന്നു.

1961-ൽ നഗരത്തിൽ 1.35 ലക്ഷം ജനസംഖ്യയുണ്ടാകുമെന്ന് കണക്കാക്കി പദ്ധതിയുടെ കപ്പാസിറ്റി 1933-ൽ നിശ്ചയിച്ചു. എന്നാൽ 80 വർഷം കഴിഞ്ഞിട്ടും നമ്മൾ ഈ പദ്ധതിയിൽ അപ്പപ്പോഴുള്ള ആവശ്യങ്ങൾക്കുള്ള കൂട്ടിച്ചേർക്കലുകൾ നടത്തുകയാണ് ചെയ്യുന്നത്. അതുകൊണ്ട് ഒരു ഫലവുമില്ല. ഇന്ന് നഗരത്തിൽ 10 ലക്ഷത്തിലധികം ജനങ്ങളുണ്ട്. വാട്ടർ അതോറിറ്റിയുടെ കണക്കുപ്രകാരം തന്നെ ഇവിടെ രണ്ടുലക്ഷത്തിലധികം കൺസ്യൂമർ കണക്ഷനുകളുണ്ട്. JNNURM പദ്ധതിപ്രകാരവും അതുപോലെ ജപ്പാൻ കുടിവെള്ള പദ്ധതി പ്രകാരവും കുറെയധികം പൈപ്പ്ലൈൻ സ്ഥാപിച്ചുവെങ്കിലും അവ പൂർണ്ണമായും ഇന്റർകണക്ട് ചെയ്ത് പ്രവർത്തനക്ഷമമാക്കുവാൻ ഇപ്പോഴും കഴിഞ്ഞിട്ടില്ല. തലസ്ഥാന നഗരിയിലെ ജലസംഭരണ-വിതരണ സംവിധാനം അടിയന്തരമായി വിപുലീകരിക്കുകയും വികേന്ദ്രീകരിക്കുകയും വേണം. അധിക ജലസ്രോതസ്സുകൾ കണ്ടെത്തുകയാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. അതുപോലെതന്നെ നഗരത്തിലെ വെള്ളായണി കായൽപോലുള്ള ശുദ്ധജല തടാകങ്ങൾ, നദികൾ, കുളങ്ങൾ തുടങ്ങിയ ജലസ്രോതസ്സുകൾ ഫലപ്രദമായി വിനിയോഗിക്കണം. ഭൂഗർഭജലം കാര്യമായി പരിഗണിക്കേണ്ട മേഖലയാണിത്. ഇവിടെ മഴവെള്ള സംഭരണം വളരെ ഫലപ്രദമായിരിക്കുമെന്ന് വിദഗ്ദ്ധന്മാർ പലതവണ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. നഗരത്തിലെ ജലവിതരണ സംവിധാനം സോണുകളായി തിരിച്ച് ഓരോന്നും സംഭരണ-വിതരണ രംഗത്ത് സ്വയംപര്യാപ്തമാക്കണം. എങ്കിൽ മാത്രമേ ഇന്നത്തെ പ്രതിസന്ധിയിൽനിന്ന് നമുക്ക് കരകയറാൻ കഴിയുകയുള്ളൂ. അരുവിക്കരയിൽ നിന്ന് തിരുവനന്തപുരത്തേക്ക് 50 കോടിയിൽപ്പരം രൂപ ചെലവഴിച്ച് പുതിയ ഡയറക്ട് ലൈൻ അയൺ പൈപ്പ് സ്ഥാപിക്കുന്നത് വളരെ നല്ല കാര്യംതന്നെയാണ്. പക്ഷെ, ഇവിടെ വിവിധ വകുപ്പുകൾ തമ്മിലുള്ള കോ-ഓർഡിനേഷൻ വേണം. ഇപ്പോൾ കോ-ഓർഡിനേഷൻ ഇല്ല. പി.ഡബ്ല്യൂ.ഡി. വകുപ്പും ഇറിഗേഷൻ വകുപ്പുമായുള്ള തർക്കം കാരണം അതിന്റെ പണി ഇപ്പോഴും ഇഴഞ്ഞുനീങ്ങി കൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് പൊതുമരാമത്ത് വകുപ്പുമന്ത്രിയേയും ജലവിഭവ വകുപ്പുമന്ത്രിയേയും തലസ്ഥാനത്തെ ജനപ്രതിനിധികളെയും ഒരുമിച്ചിരുത്തിക്കൊണ്ട് പരിഹാരമുണ്ടാക്കണം.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ ഇക്കാര്യത്തിൽ മൂന്ന് നിർദ്ദേശങ്ങൾ സൂചിപ്പിക്കുകയാണ്. ഇപ്പോഴുള്ള പദ്ധതിയുടെ പൈപ്പ് ഇടലും, ഇന്റർ കണക്ഷൻ പണികളും എത്രയുംവേഗം പൂർത്തിയാക്കി ജലവിതരണം കാര്യക്ഷമമാക്കണം. അരുവിക്കര-പേപ്പാറ ഡാമുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കുകയും അവിടെ പുതിയ ജലസ്രോതസ്സുകൾ കൂട്ടിച്ചേർക്കുകയും ചെയ്യണം. ഭാവിയിലെ ആവശ്യങ്ങളും പ്രതിസന്ധികളും മുൻകൂട്ടിക്കണ്ട് കൂടുതൽ ജലസ്രോതസ്സുകൾ കണ്ടെത്തുകയും സംഭരണ-വിതരണ സംവിധാനങ്ങൾ വികേന്ദ്രീകരിച്ച് സ്വയം പര്യാപ്തമാക്കുകയും ചെയ്യണം. ഇക്കാര്യത്തിൽ ഗവൺമെന്റ് അടിയന്തര നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, തിരുവനന്തപുരം നഗരത്തിലെ ശുദ്ധജല സംഭരണ-വിതരണ സംവിധാനങ്ങൾ വിപുലപ്പെടുത്തേണ്ടതിന്റെ ആവശ്യകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1933-ൽ തുടങ്ങിയ വില്ലിംഗ്ടൺ വാട്ടർ വർക്ക്സ് പദ്ധതിക്കുപുറമെ പേപ്പാറ ഡാമിൽ നിന്നുള്ള ജലം അരുവിക്കര ഡാമിൽ എത്തിച്ച് അവിടെനിന്നും പമ്പ് ചെയ്ത് ശുദ്ധീകരിച്ച് ജലവിതരണം നടത്തിവരികയാണ്. അരുവിക്കരയിൽനിന്ന് 4 പ്രധാനപ്പെട്ട ലൈനുകളിൽക്കൂടിയാണ് തിരുവനന്തപുരം നഗരത്തിൽ വെള്ളമെത്തിക്കുന്നത്. അതിൽ 1200 എം.എം. കോൺക്രീറ്റ് പൈപ്പിലാണ് നിരന്തരം പൊട്ടൽ ഉണ്ടായിട്ടുള്ളത്. ഈ പൈപ്പ്ലൈൻ മാറ്റി പകരം എം.എസ്. പൈപ്പ് ഇടുന്ന പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ജൂൺ മാസം അവസാനത്തോടെ പണി പൂർത്തീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 2036 വരെയുള്ള ശുദ്ധജലത്തിന്റെ ആവശ്യം കണക്കാക്കിയാണ് ജപ്പാൻ ധനസഹായത്തോടെ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. തിരുവനന്തപുരം നഗരത്തിലെ വട്ടിയൂർക്കാവ്, കുടപ്പനക്കുന്ന്, ശ്രീകാര്യം ഉൾപ്പെടെയുള്ള പഞ്ചായത്തുകൾക്കു കൂടി ഇതിന്റെ പ്രയോജനം ലഭിക്കുന്നതാണ്. നിലവിലുള്ള അരുവിക്കരയിലെ 72 എം.എൽ.ഡി. ജലശുദ്ധീകരണശാല, വെള്ളയമ്പലത്തെ 36 എം.എൽ.ഡി. ജലശുദ്ധീകരണശാല എന്നിവയ്ക്കുപുറമെ അരുവിക്കരയിൽ JICA പദ്ധതിയുടെ ഭാഗമായി 74 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാലയും പ്രവർത്തിച്ചു വരുന്നു. ഡിസൈൻ പ്രകാരം 67 എം.എൽ.ഡി. ശേഷിയുള്ള ഒരു ജലശുദ്ധീകരണശാലയും കൂടി ഇനിയും പണിയേണ്ടതുണ്ട്. ജലശുദ്ധീകരണശാലയുടെ പുനരുദ്ധാരണവും JICA പദ്ധതിയും ടെണ്ടർ ചെയ്തിട്ടുണ്ട്.

നമ്മുടെ മിക്ക ശുദ്ധജലവിതരണ പദ്ധതികളുടെയും പ്രധാനപ്പെട്ട പൈപ്പ്ലൈനുകൾ മുപ്പതുവർഷത്തിലേറെ കാലപ്പഴക്കമുള്ളവയാണ്. ഇവയെല്ലാം ഘട്ടംഘട്ടമായി മാറ്റി സ്ഥാപിക്കുന്നതാണ്. കേരളത്തിലെ അഞ്ച് കോർപ്പറേഷനുകളിൽ ചുരുങ്ങിയത് 2 നദികളിൽനിന്നുള്ള ജലവിതരണ സംവിധാനം തയ്യാറാക്കുന്നു. തിരുവനന്തപുരത്തെ കരമന, വാമനപുരം, വെള്ളായണി തടാകം എന്നിവയിലെ ജലം ഉപയോഗപ്പെടുത്തി ജലവിതരണം മെച്ചപ്പെടുത്തും. കല്ലിയൂർ, വെങ്ങാനൂർ, വിഴിഞ്ഞം, കോവളം എന്നീ പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള സമഗ്ര കുടിവെള്ള പദ്ധതി തയ്യാറാക്കി വരുന്നു. അരുവിക്കരയിൽനിന്ന് തിരുമല, നെട്ടയം, പൈറാണിമുട്ടം വഴി നെല്ലിയോട് വരെ പുതിയ ട്രാൻസ്മിഷൻ പൈപ്പ് സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.

അടിയന്തര സാഹചര്യം നേരിടുന്നതിന് തിരുമല ഒബ്സർവേറ്ററി ലൈൻ ശക്തിപ്പെടുത്തുന്നകാര്യം പരിശോധിച്ചുവരികയാണ്. JICA പദ്ധതിപ്രകാരം പുനഃക്രമീകരിച്ച് മൺവിള, പൗഡിക്കോണം, പേരൂർക്കട സെൻട്രൽ, തിരുമല, വട്ടിയൂർക്കാവ് ലോ ലൈൻ എന്നി സോണുകളിലായി 11 പുതിയ ജലസംഭരണികൾ കൂടി പണിത് ജലവിതരണം സുഗമമാക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. JICA പദ്ധതിയുടെ 395 കിലോമീറ്റർ വിതരണ ശൃംഖലയിൽ 262 കിലോമീറ്റർ സ്ഥാപിച്ചു. ബാക്കിയുള്ളതിന്റെ കരാർ നൽകിയിട്ടുണ്ട്. JICA പദ്ധതിയിൽപ്പെടാത്ത ഡിസ്ട്രിബ്യൂഷൻ നെറ്റ്‌വർക്കാണ് JNNURM പദ്ധതിയിൽ ചെയ്യുന്നത്. JNNURM പദ്ധതിപ്രകാരം 10 പാക്കേജുകളിലായി 651 കിലോമീറ്റർ പി.വി.സി. ആന്റ് ജി.ഐ. പൈപ്പുകളും വിതരണശൃംഖലയും പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിൽ 452 കിലോമീറ്റർ പൂർത്തിയായിട്ടുണ്ട്. 2013 ഡിസംബർ 31-നകം JNNURM പദ്ധതിയിൽ ശേഷിക്കുന്ന പൈപ്പുകൾ സ്ഥാപിക്കും. ഇന്റർ കണക്ഷൻ പ്രവൃത്തികളും പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. പേപ്പാറ ഡാമിന്റെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് സംസ്ഥാന വൈൽഡ് ലൈഫ് ബോർഡിന്റെ ശുപാർശയോടെ കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിരിക്കുകയാണ്. ഭാവിയിലെ ആവശ്യങ്ങൾ കണക്കിലെടുത്ത് കൂടുതൽ ജലസ്രോതസ്സുകൾ കണ്ടെത്തുന്നതിനുള്ള പഠനങ്ങൾക്ക് മുൻഗണന നൽകുന്നതാണ്. നിരന്തരം പൈപ്പ് പൊട്ടുന്ന ഈ പ്രശ്നം പരിഹരിക്കുന്നതിനായി കോൺക്രീറ്റ് പൈപ്പുകൾ മാറ്റി എം.എസ്. പൈപ്പിടുന്ന ജോലി പൂർത്തീകരിക്കാൻ സെപ്റ്റംബർ വരെ സമയം കൊടുത്തിട്ടുണ്ടെങ്കിലും ജൂൺ 30-നകം ആ പണികൾ തീരുന്നതാണ്. അതിൽ യാതൊരു അമാന്തവുമില്ല. ഞാൻ കഴിഞ്ഞ ദിവസം അവിടെ പോയി നോക്കുകയുണ്ടായി. ആ പണി വളരെവേഗം പുരോഗമിക്കുന്നുണ്ട്. JICA പദ്ധതിയും JNNURM പദ്ധതിയും പൂർത്തിയാകുന്നതോടെ ഇൻഡ്യയിൽ തന്നെ ഏറ്റവും നല്ല നിലവാരമുള്ള ശുദ്ധജലവിതരണ സംവിധാനമായിരിക്കും തിരുവനന്തപുരത്തിന്റേതെന്ന് പറയാൻ ആഗ്രഹിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. കെ. മുരളീധരൻ : സർ, ഇക്കഴിഞ്ഞ കുറെ ദിവസങ്ങളായി അടിക്കടിയുണ്ടാകുന്ന പൈപ്പ് പൊട്ടലിനെക്കുറിച്ച് പല മാധ്യമങ്ങളിലും വാർത്ത വന്നിരുന്നു. എഞ്ചിനീയർമാരും കോൺട്രാക്ടർമാരുമായി ഒരു അവിശുദ്ധ കൂട്ടുകെട്ടുണ്ടെന്നും ഈ അവിശുദ്ധ കൂട്ടുകെട്ടിന്റെ ഫലമായിട്ടാണ് നിരന്തരം പൈപ്പുകൾ പൊട്ടുന്നതെന്നും എഞ്ചിനീയർമാർ പൈപ്പുകൾ പൊട്ടാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നുവെന്നും കോൺട്രാക്ടർമാർ അടിയന്തരമായി പണിചെയ്യുന്നുവെന്നും അതുകഴിഞ്ഞ് വീണ്ടും പൊട്ടുന്നുവെന്നും വാർത്ത ഉണ്ടായിരുന്നു. ഈ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. പി. ജെ. ജോസഫ് : സർ, 10 വർഷത്തിലധികം നിലനിൽക്കില്ല എന്നുപറഞ്ഞ കോൺക്രീറ്റ് പൈപ്പ് ഇട്ടതാണ് തെറ്റ്. 1999-ലാണ് അതിന്റെ പണികൾ തീർത്തത്. ആ കോൺക്രീറ്റ് പൈപ്പുകൾ ബലക്ഷയമുള്ളതാണെന്ന് കണ്ടതിനാൽ ഏകദേശം 44 കോടിരൂപ മുടക്കി അതിന് പകരമായി എം.എസ് പൈപ്പുകൾ ഇട്ടുകൊണ്ടിരിക്കുകയാണ്. ജൂൺ 30 ആകുമ്പോഴേക്കും അതിന്റെ പണി തീരും. പിന്നെ ഈ കോൺക്രീറ്റ് പൈപ്പിന്റെ ആവശ്യം ഉണ്ടാകില്ല.

LIBRARY ARCHIVES Kerala Legislative Assembly

## (2) എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ

ശ്രീ. ഇ. ചന്ദ്രശേഖരൻ : സർ, എൻഡോസൾഫാൻ എന്ന മാരകമായ കീടനാശിനിയുടെ പ്രയോഗത്തെത്തുടർന്ന് കാസർഗോഡ് ജില്ലയിലെ വലിയൊരു വിഭാഗം ജനങ്ങൾ അനുഭവിക്കുന്ന തീരാദുരിതത്തിന്റെ ദയനീയമായ അവസ്ഥയും അതിനോട് ഭരണകൂടമെടുക്കുന്ന നിലപാടും സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഞാൻ ശ്രമിക്കുന്നത്. 1976-ൽ തുടങ്ങി 2000 ഡിസംബറിൽ കാസർഗോഡ് മേഖലയിൽ എൻഡോസൾഫാൻ തളിക്കുന്നത് നിരോധിക്കുന്നതുവരെയുള്ള 25 വർഷങ്ങളിലും അവിടെ കീടനാശിനി പ്രയോഗിക്കുകയാണുണ്ടായത്. വർഷത്തിൽ 3 പ്രാവശ്യമാണ് ഏരിയൽ സ്പ്രേ നടത്തിയത്. അതിനെത്തുടർന്നുണ്ടായിട്ടുള്ള മാരകമായ അവസ്ഥ ഇന്ന് കേരളത്തിലും രാജ്യത്താകെയും മാത്രമല്ല ജനീവ കൺവെൻഷനിൽപ്പോലും ഏറ്റവും വലിയ ചർച്ചാവിഷയമായി എന്നത് നമുക്കാകെ അറിയാവുന്ന കാര്യമാണ്. ദുരിതമനുഭവിക്കുന്ന എൻഡോസൾഫാൻ ഇരകളുടെ പ്രശ്നങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് 2013 ഫെബ്രുവരി 18 മുതൽ ആരംഭിച്ച ഒരു അനിശ്ചിതകാല നിരാഹാര സമരം ഇപ്പോഴും അവിടെ തുടരുകയാണ്. മുപ്പതാം ദിവസമാണിന്ന്. ഇന്ന് പരിസ്ഥിതി പ്രവർത്തകൻ ശ്രീ. എ. മോഹൻകുമാറിന്റെ അനിശ്ചിതകാല സമരം 16-ാം ദിവസത്തിലേക്ക് കടന്നിരിക്കുകയാണ്. ഈ സമരത്തിനൊക്കെ അടിസ്ഥാനമായി ഉന്നയിക്കപ്പെട്ടിട്ടുള്ള പ്രധാനപ്പെട്ട വിഷയം 2010 ഡിസംബർ 31-ന് ദേശീയ മനുഷ്യാവകാശ കമ്മീഷൻ സംസ്ഥാന സർക്കാരിന് നൽകിയ ശുപാർശ പൂർണ്ണമായും നടപ്പിലാക്കണമെന്നുള്ളതാണ്.

എൻഡോസൾഫാൻ കീടനാശിനി പ്രയോഗംമൂലം മരണമടഞ്ഞവരുടെ ബന്ധുക്കൾക്കും മറ്റുള്ളവരുടെ സഹായമില്ലാതെ ചലിക്കാൻ കഴിയാത്തവർക്കും മാനസിക അവശതകൾ ബാധിച്ചവർക്കും 5 ലക്ഷം രൂപ വീതം നൽകണമെന്നും മറ്റ് അവശതകൾ ബാധിച്ചവർക്ക് 3 ലക്ഷം രൂപ വീതം നൽകണമെന്നും മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ചിരുന്നു. കാസർഗോഡിലെ 11 പഞ്ചായത്തുകളിലുള്ളവർക്ക് എൻഡോസൾഫാൻ ബാധയേൽക്കാൻ സാധ്യതയുണ്ടെന്നും പാലക്കാട് അടക്കമുള്ള മറ്റ് പ്രദേശങ്ങളിലും എൻഡോസൾഫാൻമൂലമുണ്ടായ പ്രശ്നങ്ങളെ കണ്ടെത്താൻ സർവ്വെ നടത്തണമെന്നും മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ചിരുന്നു. എൻഡോസൾഫാൻ ഇരകൾക്ക് ഇപ്പോൾ നൽകിവരുന്ന സഹായവും പുനരധിവാസ പരിപാടികളും വർദ്ധിപ്പിക്കുകയും അത് കൃത്യമായും മുഴുവനായും അവർക്ക് ലഭിക്കുമെന്ന് ഉറപ്പുവരുത്തണമെന്നും കമ്മീഷൻ നിർദ്ദേശിച്ചിരുന്നു. എൻഡോസൾഫാൻ രോഗികൾ എത്തുന്ന ആശുപത്രികളിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും രോഗ നിർണ്ണയത്തിനും ചികിത്സയ്ക്കും സംവിധാനമുണ്ടാക്കണമെന്നും അവിടെ വിദഗ്ദ്ധ ഡോക്ടർമാരടങ്ങുന്ന ഏറ്റവും മികച്ച ചികിത്സയുള്ള ഒരാശുപത്രിയെങ്കിലും ഉണ്ടാകണമെന്നും നിർദ്ദേശിച്ചിരുന്നു. 11 പഞ്ചായത്തുകളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ സാമൂഹികാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തണമെന്നും മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ചിരുന്നതാണ്. അവിടെ നടത്തിയ മെഡിക്കൽ ക്യാമ്പുകളിൽ പരിശോധിച്ച 20,084 പേരിൽ 4182 പേർ രോഗബാധിതരാണെന്ന് കണ്ടെത്തുകയും അവർക്കാവശ്യമായ മറ്റ്

LIBRARY ARCHIVES Kerala Legislative Assembly

സംവിധാനങ്ങളൊക്കെ ചെയ്യുന്നതിനുവേണ്ടി നിർദ്ദേശങ്ങൾ ഒക്കെ ചെയ്തിട്ടും അതിൽ മഹാഭൂരിപക്ഷം കാര്യങ്ങളും ഇപ്പോഴും നടക്കുന്നില്ല എന്ന സ്ഥിതിയാണ് നിലനിൽക്കുന്നത്. 2454 രോഗികൾക്ക് 5 ലക്ഷം രൂപയും 1729 പേർക്ക് 3 ലക്ഷം രൂപയും മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് 5 ലക്ഷം രൂപയും ആശ്വാസധനം നൽകുമെന്നും 2012 മാർച്ച് 31-ന് അതിന്റെ ആദ്യഗഡു വിതരണം പൂർത്തിയാക്കുമെന്നും സംസ്ഥാന ഗവൺമെന്റ് മനുഷ്യാവകാശ കമ്മീഷന് ഉറപ്പുനൽകിയിരുന്നതാണ്.

എന്നാൽ ഇതുവരെ 4152 പേർക്ക് നൽകുന്നതിനുപകരം 1613 പേർക്ക് മാത്രമാണ് ആശ്വാസധനം നൽകിയത്. അങ്ങനെ നൽകിയ പണം തന്നെ പ്ലാന്റേഷൻ കോർപ്പറേഷൻ നൽകിയ 27 കോടി രൂപയിൽ നിന്നാണ് അനുവദിച്ചിട്ടുള്ളതെന്ന് കാണാൻ കഴിയും. കേന്ദ്ര ഗവൺമെന്റോ നിലവിലുള്ള സംസ്ഥാന സർക്കാരോ ഇതിനായി ഒരു സാമ്പത്തിക സഹായവും നൽകിയിട്ടില്ല. എന്നാൽ കഴിഞ്ഞ സർക്കാർ മരണപ്പെട്ടവരുടെ ആശ്രിതർക്ക് നൽകിയ സഹായം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നായിരുന്നു. ഇപ്പോൾ ആ സഹായം വർദ്ധിപ്പിച്ചു നൽകിയെന്ന് സർക്കാർ പറയുമ്പോൾ അത് പ്ലാന്റേഷൻ കോർപ്പറേഷൻ നൽകിയ സംഖ്യയിൽ നിന്നാണ് അനുവദിച്ചത് എന്ന് കാണാൻ കഴിയും. 2010-ൽ മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശം നൽകുമ്പോൾ 11 പഞ്ചായത്തുകൾ മാത്രമായിരുന്നു അതിന്റെ പരിധിയിൽ പെട്ടിരുന്നത്. സമാനമായ മറ്റ് പ്രദേശങ്ങളിൽ സർവ്വേ നടത്താൻ നിർദ്ദേശിച്ചിരുന്നു. ഇപ്പോൾ കാസർഗോഡ് ജില്ലയിലെ 27 പഞ്ചായത്തുകളിലും 3 മുനിസിപ്പാലിറ്റികളിലും എൻഡോസൾഫാൻ ബാധിച്ചിട്ടുണ്ടെന്ന് സർക്കാർ കണ്ടെത്തിയിട്ടുണ്ട്. എന്നിട്ടും സർക്കാർ സർവ്വേ നടത്താൻ തയ്യാറായിട്ടില്ല. 2011 ആഗസ്റ്റിലും സെപ്റ്റംബറിലും ഡിസംബറിലും നടത്തിയ മെഡിക്കൽ ക്യാമ്പുകളിൽ കണ്ടെത്തിയ രോഗികളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കാനോ ചികിത്സിക്കാനോ ഇതുവരെ തയ്യാറായിട്ടില്ല. അതിനുവേണ്ടിയുള്ള പ്രക്ഷോഭം ഇവിടെ വിവിധ സംഘടനകളുടെ നേതൃത്വത്തിൽ നടന്നുവരികയാണ്. ഈ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട്, ഇതിലേക്ക് ഗവൺമെന്റിന്റെ ശ്രദ്ധ അടിയന്തരമായി ക്ഷണിച്ചുകൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നേതൃത്വത്തിൽ കഴിഞ്ഞ 16-ാം തീയതി വളരെ വിപുലമായ രീതിയിൽ അവിടെ പ്രക്ഷോഭം നടത്തുകയുണ്ടായി.

അടിയന്തരമായി സർക്കാർ തീരുമാനിക്കേണ്ട കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. ഒന്ന്, ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശകൾ പൂർണ്ണമായും അടിയന്തരമായും നടപ്പാക്കുക. രണ്ട്, നഷ്ടപരിഹാരത്തിനും കുറ്റവാളികളെ കണ്ടെത്തുന്നതിനുമായി ട്രൈബ്യൂണൽ സ്ഥാപിക്കുക. മൂന്ന്, എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസ പദ്ധതികൾ 5 വർഷം കൊണ്ട് നിറുത്തിവയ്ക്കാനുള്ള സർക്കാർ ഉത്തരവ് പിൻവലിക്കുക. അർഹരായ മുഴുവൻ രോഗികളെയും ലിസ്റ്റിൽപ്പെടുത്തി ചികിത്സാ സഹായം നൽകുക. ആവശ്യമായ ചികിത്സാ സൗകര്യങ്ങൾ ജില്ലയിൽത്തന്നെ ഏർപ്പെടുത്തുക. ദുരിതബാധിതരുടെ കടങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക, ശാസ്ത്രീയ പുനരധിവാസ പദ്ധതികൾ നടപ്പാക്കുക, ഗോഡൗണുകളിൽ കെട്ടിക്കിടക്കുന്ന എൻഡോസൾഫാൻ നീക്കം ചെയ്യുക, നിർവ്വീര്യമാക്കുക തുടങ്ങിയ പ്രശ്നങ്ങളെ സർക്കാർ ഉത്തരവാദിത്വബോധത്തോടെ സമീപിക്കണമെന്നും നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെടുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം. 5 വർഷം കഴിഞ്ഞാൽ ഇവർക്ക് യാതൊരു വിധത്തിലുള്ള ആനുകൂല്യങ്ങളും ലഭ്യമല്ലെന്നും 5 വർഷക്കാലത്തേക്ക് മാത്രമാണിതെന്നും നിർദ്ദേശിക്കുന്ന ഒരു ഉത്തരവ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. രാജീവ് സദാനന്ദൻ 12-1-2012-ൽ പുറപ്പെടുവിച്ചിരിക്കുകയാണ്. ഈ നടപടി ആ പ്രദേശത്തെ പതിനായിരക്കണക്കായ മനുഷ്യ ജീവികളോട്, ദയനീയമായ, വൈരൂപ്യം നിറഞ്ഞ, എല്ലാവിധ സങ്കടങ്ങളും പേറുന്ന എൻഡോസൾഫാൻ ഇരകളോട് കാണിക്കുന്ന അനീതിയായിരിക്കുമെന്നും അത്തരം ഒരു നിലപാട് ഗവൺമെൻറ് പുനഃപരിശോധിക്കണമെന്നും അതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ച പ്രശ്നം വളരെ ഗൗരവമായിത്തന്നെയാണ് ഗവൺമെന്റ് കാണുന്നത്. കാസർഗോഡ് നടക്കുന്ന നിരാഹാര സമരത്തെക്കുറിച്ച് ഇന്നലെ പ്രതിപക്ഷ നേതാവ് ഇവിടെ ഉന്നയിച്ചു. ഏറ്റവും വേഗത്തിൽ ഒരു കോൺഫറൻസ് വിളിച്ചുകൂട്ടണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടതനുസരിച്ച് വ്യാഴാഴ്ച വൈകുന്നേരം നിയമസഭ കഴിഞ്ഞാലുടനെതന്നെ യോഗം വിളിച്ചിട്ടുണ്ട്. 25-ാം തീയതിയാണ് നമ്മുടെ വിപുലമായ യോഗം വിളിച്ചിരിക്കുന്നത്. 22-ാം തീയതിവരെ പാർലമെന്റ് സമ്മേളനമുള്ളതുകൊണ്ട് എം.പി.-ക്ക് പങ്കെടുക്കാനുള്ള ബുദ്ധിമുട്ടുകൂടി കണക്കിലെടുത്താണ് 25-ാം തീയതി യോഗം വച്ചിട്ടുള്ളത്. 25-ാം തീയതിയിലെ മീറ്റിംഗിൽ, ആ ജില്ലയിൽ നിന്നുള്ള എല്ലാ എം.എൽ.എ.-മാരേയും എം.പി.-യേയും ജില്ലാ പഞ്ചായത്ത് പ്രസിഡന്റിനേയും വിളിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് കൃഷി വകുപ്പുമന്ത്രി ചെയർമാനായി ഒരു കമ്മിറ്റി അവിടെ രൂപീകരിച്ചിട്ടുണ്ട്. ആ കമ്മിറ്റിയിലെ എല്ലാ മെമ്പർമാരേയും 25-ാം തീയതിയിലെ യോഗത്തിൽ വിളിച്ചിട്ടുണ്ട്. പ്രതിപക്ഷ നേതാവ് ഇന്നലെ ആവശ്യപ്പെട്ടതനുസരിച്ച് ഈ പ്രശ്നം ഏറ്റവും വേഗത്തിൽ തീർക്കണമെന്നുള്ളതുകൊണ്ട് വ്യാഴാഴ്ച ഒരു യോഗം വച്ചിട്ടുണ്ട്. പ്രസ്തുത യോഗത്തിലേക്ക് ആ ജില്ലയിലെ 5 എം.എൽ.എ.-മാരേയും ജില്ലാ കളക്ടറേയും സമരം ചെയ്യുന്ന സമരസമിതിയുടെ മൂന്ന് പ്രതിനിധികളെയും വിളിച്ചിട്ടുണ്ട്. എം.പി.-ക്ക് പങ്കെടുക്കാൻ സാധിക്കില്ലായിരിക്കും. എന്നാലും അദ്ദേഹത്തിനും കത്തയയ്ക്കുന്നുണ്ട്. ഏതായിരുന്നാലും അന്ന് ഇക്കാര്യങ്ങൾ ചർച്ച ചെയ്യാം. എനിക്ക് ആദ്യമായി റിക്വസ്റ്റ് ചെയ്യാനുള്ളത്, ഗവൺമെന്റ് ഈ സമരത്തെ മാത്രം ലക്ഷ്യമാക്കിക്കൊണ്ട് ഒരു പ്രത്യേക യോഗം വിളിക്കാനും ഇതു സംബന്ധിച്ചുള്ള എല്ലാ കാര്യങ്ങളും വിശദമായി ചർച്ച ചെയ്യുന്നതിന് 25-ാം തീയതി യോഗം കൂടാൻ തീരുമാനിക്കുകയും ചെയ്ത സാഹചര്യത്തിൽ ശ്രീ.മോഹൻകുമാർ അദ്ദേഹത്തിന്റെ നിരാഹാരസമരം അവസാനിപ്പിക്കണമെന്നാണ്. ബഹുമാനപ്പെട്ട മെമ്പർ ശ്രീ ഇ. ചന്ദ്രശേഖരൻ അദ്ദേഹത്തെ ഇക്കാര്യം അറിയിച്ച് അങ്ങനെയൊരു തീരുമാനമെടുക്കണം. ഈ സമരത്തിന് ആധാരമായ കാര്യങ്ങൾ ഈ വരുന്ന വ്യാഴാഴ്ചതന്നെ ചർച്ച ചെയ്യുന്നതാണ്.

5 വർഷം കഴിഞ്ഞാൽ ഇവിടെ ഒരു ആനുകൂല്യവും കൊടുക്കില്ല എന്ന് ഉത്തരവിറക്കിയതായി അങ്ങ് പറഞ്ഞു. മനുഷ്യാവകാശ കമ്മീഷന്റെ ശുപാർശകൾ അംഗീകരിച്ചുകൊണ്ട് എടുത്ത ഒരു ഉത്തരവാണിത്. മനുഷ്യാവകാശ കമ്മീഷൻ വിപുലമായ സഹായങ്ങൾ ഇവർക്ക് കൊടുക്കാൻ ശുപാർശ ചെയ്തിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മരിച്ചവരുടെ കുടുംബങ്ങൾക്ക് 5 ലക്ഷം രൂപയും, പൂർണ്ണമായും ശരീരശേഷി നഷ്ടപ്പെട്ടവർക്ക് 5 ലക്ഷം രൂപയും, മറ്റ് ഗുരുതരമായ അസുഖം ബാധിച്ചിട്ടുള്ളവർക്ക് 3 ലക്ഷം രൂപയും കൊടുക്കാനുള്ള വിപുലമായ ഒരു സഹായ പദ്ധതിയാണ് ആവിഷ്കരിച്ചത്. അത് പല തവണകളായി 5 വർഷം കൊണ്ട് കൊടുക്കാനാണ് പറഞ്ഞിരുന്നത്. അങ്ങനെ 5 വർഷംകൊണ്ട് കൊടുത്തുതീർക്കുന്ന അവസരത്തിൽ തുടർന്ന് സഹായം നൽകില്ല എന്നുള്ളതും ആ ഉത്തരവിനകത്തു പറഞ്ഞിട്ടുണ്ട്. അത് പിൻവലിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ 25-ാം തീയതി ചർച്ച ചെയ്യും. എല്ലാ രാഷ്ട്രീയ പാർട്ടികളുടെ നേതാക്കൾക്കും എം.എൽ.എ.-മാർക്കുമെല്ലാം അതേ അഭിപ്രായമാണുള്ളതെങ്കിൽ അതിനെക്കുറിച്ച് ആലോചിക്കാം. ഗവൺമെന്റിന് ഈ കാര്യത്തിൽ ഒരു തുറന്ന മനസ്സാണുള്ളത്. മുഖ്യമായും മൂന്ന് ആവശ്യങ്ങളാണ് ഉന്നയിച്ചിട്ടുള്ളത്. 5 വർഷമെന്നുള്ളത് പിൻവലിക്കണം; ക്യാൻസർ രോഗികൾക്കുകൂടി ആനുകൂല്യങ്ങൾ ലഭ്യമാക്കണം; 11 പഞ്ചായത്ത് എന്നുള്ളത് കുറേക്കൂടി വിപുലീകരിക്കണം എന്നിവയാണ് മുഖ്യമായിട്ടുള്ള ആവശ്യങ്ങൾ. ഇതുൾപ്പെടെയുള്ള കാര്യങ്ങൾ 25-ാം തീയതി ചർച്ച ചെയ്യുക മാത്രമല്ല, അന്ന് ഒരു തീരുമാനമെടുക്കുകയും ചെയ്യും എന്നുപറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്.

ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതിൽ, ഒന്നും ചെയ്തില്ല എന്നൊരു ധ്വനി വരുന്നുണ്ട്. അത് ശരിയല്ല. ഞങ്ങൾ ചെയ്യാവുന്ന കാര്യങ്ങളെല്ലാം ചെയ്തിട്ടുണ്ട്. മനുഷ്യാവകാശ കമ്മീഷന്റെ ശുപാർശകൾ അതേപടി അംഗീകരിച്ചു. അങ്ങനെ 1613 പേർക്ക് സഹായം കൊടുക്കാൻ തീരുമാനിച്ചു. അതിൽ 1602 പേർക്കും സഹായം കൊടുത്തുകഴിഞ്ഞു. ഇനി അതിൽ 11 പേർക്കുമാത്രമേ സഹായം കൊടുക്കാനുള്ളൂ. പൂർണ്ണമായും കിടപ്പിലായ 180 പേർക്ക് ഒന്നര ലക്ഷം രൂപ വീതവും ബുദ്ധിമാന്ദ്യം സംഭവിച്ച 793 പേർക്ക് ഒന്നര ലക്ഷം രൂപ വീതവും മറ്റ് ശാരീരിക വൈകല്യമുള്ള 629 പേർക്ക് ഒരു ലക്ഷം രൂപ വീതവും മരണപ്പെട്ട 400 പേരുടെ അനന്തരാവകാശികൾക്ക് ഒന്നര ലക്ഷം രൂപ വീതവും കൊടുത്തിട്ടുണ്ട്. ഇതെല്ലാം മനുഷ്യാവകാശ കമ്മീഷന്റെ ശുപാർശ അനുസരിച്ച് ചെയ്തിട്ടുള്ളതാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ അർഹരായിട്ടുള്ളവരുടെ ഒരു ലിസ്റ്റ് സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ ഉണ്ടാക്കി. ആ ലിസ്റ്റിൽ 4152 പേരുണ്ട്. അതിൽനിന്നാണ് 1613 പേരെ സെലക്ട് ചെയ്തത്. ബാക്കിയുള്ളവരുടെ സെലക്ഷനുവേണ്ടിയുള്ള നടപടികൾ വളരെ വേഗത്തിൽ നടക്കുകയാണ്. അതുപോലെതന്നെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് മെച്ചപ്പെട്ട ചികിത്സ നൽകാൻവേണ്ടി എല്ലാ നടപടികളും എടുത്തിട്ടുണ്ട്. 3 മെഡിക്കൽ കോളേജുകളിലടക്കം 12 ആശുപത്രികളിൽ സൗജന്യ വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നുണ്ട്. 11 ഗ്രാമ പഞ്ചായത്തുകളിലെ ആശുപത്രികളിലും കിടപ്പിലായ രോഗികളുടെ വീടുകൾ സന്ദർശിച്ച് ചികിത്സ നടത്തുന്നതിനായി മൊബൈൽ മെഡിക്കൽ ടീമിന്റെ സേവനം ഏർപ്പെടുത്തിക്കഴിഞ്ഞു. ഇവരെ ആശുപത്രികളിൽ എത്തിക്കുന്നതിനുവേണ്ടി 11 പഞ്ചായത്തുകളിലും പ്രത്യേക വാഹന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. 11 പഞ്ചായത്തുകളിലും പ്രത്യേകം സൂപ്പർവൈസർ, സ്റ്റാഫ് നഴ്സ്, ജെ.എച്ച്.ഐ. എന്നിവരെ നിയമിച്ചു കഴിഞ്ഞു.

ഈ ദുരിതബാധിത പ്രദേശങ്ങളിൽ 7 സ്പെഷ്യൽ സ്കൂളുണ്ട്. ആ സ്കൂളുകൾക്കെല്ലാം വാഹന സൗകര്യം ഏർപ്പെടുത്തി. അതുപോലെ 11 ദുരിത

10.30 A.M.] ബാധിത പഞ്ചായത്തുകളിലും ഫിസിയോതെറാപ്പിസ്റ്റിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. ജില്ലയിലെ ജനറൽ ഹോസ്പിറ്റലിലും കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിലും അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ഫിസിയോതെറാപ്പി യൂണിറ്റ് പ്രവർത്തിച്ചുവരുന്നു. കാസർഗോഡ് ജനറൽ ആശുപത്രിയിൽ ഒരു ഡയാലിസിസ് യൂണിറ്റ് പ്രവർത്തനം ആരംഭിക്കുന്നുണ്ട്. സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പുകൾ അവിടെ സംഘടിപ്പിക്കുന്നുണ്ട്. സോഷ്യൽ സെക്യൂരിറ്റി മിഷൻവഴി പ്രതിമാസ പെൻഷൻ നൽകുന്നുണ്ട്. ദുരിതബാധിത കുടുംബങ്ങൾക്കെല്ലാം സൗജന്യ റേഷൻ നൽകിക്കൊണ്ടിരിക്കുകയാണ്. ദുരിതബാധിത കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് സോഷ്യൽ സെക്യൂരിറ്റി മിഷൻവഴി സ്കോളർഷിപ്പ് വിതരണം ചെയ്യുന്നുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസത്തിനായി കാസർഗോഡ് കളക്ടറേറ്റിൽ ഒരു സ്പെഷ്യൽ സെല്ലും, സെല്ലിൽ ഒരു ഡെപ്യൂട്ടി കളക്ടറുടെ സേവനവും പ്രത്യേകമായി ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന തലത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സ്പെഷ്യൽ ഓഫീസറേയും നോഡൽ ഓഫീസറേയും നിയമിച്ചു. ജില്ലയിലെ എൻഡോസൾഫാൻ ദുരിത ബാധിത മേഖലകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി നബാർഡ് ആർ.ഐ.ഡി.എഫ്. (Rural Infrastructure Development Fund) സഹായത്തോടെ 122 കോടി രൂപയുടെ പദ്ധതികൾക്ക് രൂപം കൊടുത്തിട്ടുണ്ട്. ഗവൺമെന്റിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. കാരണം, അവർക്ക് ഇത് ചെയ്തുകൊടുക്കാനുള്ള ബാധ്യത നമുക്കുണ്ട്. എൻഡോസൾഫാന്റെ ഉപയോഗംവഴി ഇതുപോലൊരു ദുരിതമുണ്ടായിട്ട് അവരെ കണ്ടില്ലെന്ന് നടിക്കാൻ സാധിക്കുകയില്ല. ഇത്രയും കാര്യങ്ങൾ അവർക്കുവേണ്ടി ചെയ്തിട്ടുണ്ട്. ഇനിയും കൂടുതൽ കാര്യങ്ങൾ വേണമെന്നുള്ള ആവശ്യം ഉയർന്നുവരുന്നുണ്ട്. അതിനും ഗവൺമെന്റ് എല്ലാ വിധത്തിലുള്ള സഹായങ്ങളും ചെയ്യും. 25-ാം തീയതി കൂടുന്ന ഹൈ ലെവൽ മീറ്റിംഗിൽവച്ച് ഇതുസംബന്ധിച്ചുള്ള തീരുമാനങ്ങൾ എടുക്കുന്നതാണ്. കേന്ദ്ര ഗവൺമെന്റിൽനിന്നും ഒരു സഹായവും ലഭിച്ചില്ലെന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. പ്ലാന്റേഷൻ കോർപ്പറേഷനിൽനിന്നും ഈ ആവശ്യത്തിലേക്കായി ഒരു ചെറിയ വിഹിതം തന്നിട്ടുണ്ട്, ഇനിയും തരാനുണ്ട്. അത് പ്ലാന്റേഷൻ കോർപ്പറേഷനിൽ നിന്നും വാങ്ങുന്നതായിരിക്കും. കാരണം, അവരുടെ ബാധ്യത അവർ നിറവേറ്റിയേ മതിയാകൂ. സാമ്പത്തിക ബുദ്ധിമുട്ടുകളുണ്ടെങ്കിലും അതെല്ലാം മാറ്റിവച്ചുകൊണ്ടാണ് സംസ്ഥാന ഗവൺമെന്റ് ഈ കാര്യത്തിൽ പ്രവർത്തിക്കുന്നത്. ഇനിയും ആ സമീപനം തന്നെ സ്വീകരിക്കുമെന്ന് വ്യക്തമാക്കുന്നു. എനിക്ക് വീണ്ടും അഭ്യർത്ഥിക്കാനുള്ളത് അദ്ദേഹത്തെ എങ്ങനെയും പ്രേരിപ്പിച്ച് നിരാഹാര സമരം അവസാനിപ്പിക്കാൻവേണ്ടി ശ്രമിക്കണം എന്നതാണ്.

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, അദ്ദേഹത്തിന്റെ ആരോഗ്യനില വളരെ മോശമാണ്.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, അദ്ദേഹത്തിന്റെ ആരോഗ്യനില വളരെ മോശമാണെന്നാണ് ശ്രീ. റ്റി. എൻ. പ്രതാപനും ശ്രീ. എൻ. എ. നെല്ലിക്കുന്നും പറയുന്നത്. അതിനാൽ നിരാഹാരസമരം പിൻവലിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത് ഈ വ്യാഴാഴ്ചയും ഈ മാസം 25-ാം തീയതിയും നടക്കുന്ന ചർച്ചകളിൽ ഈ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാം. രാഷ്ട്രീയം നോക്കാതെ നമ്മളെല്ലാവരുംകൂടി സഹകരിച്ചതുകൊണ്ടാണ് ഇത്രയേറെ കാര്യങ്ങൾ അവിടെ ചെയ്യാൻ സാധിച്ചത്. ആ ജില്ലയിലെ ബഹുമാനപ്പെട്ട എം.എൽ.എ.-മാർക്കെല്ലാം ഇക്കാര്യം അറിയാവുന്നതാണ്. ഈ വിഷയത്തിൽ രാഷ്ട്രീയം നോക്കിയിട്ടില്ല. ഇനിയും വളരെയേറെ കാര്യങ്ങൾ ചെയ്യാനുണ്ട്. ഇവർക്ക് ഇത് ചെയ്തു കൊടുക്കേണ്ടതാണ് എന്ന വ്യക്തമായ ബോധമാണ് ഗവൺമെന്റിനുള്ളത്. അതുകൊണ്ട് ആ സമരം പിൻവലിപ്പിക്കുന്നതിന് എല്ലാവിധത്തിലുമുള്ള ശ്രമങ്ങളും നടത്തണമെന്നുപറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ച സഹായം 4182 പേർക്കും എപ്പോൾ കൊടുത്തുതീർക്കുമെന്നും 2011 ആഗസ്റ്റ്, ഡിസംബർ മാസങ്ങളിൽ നടത്തിയ മെഡിക്കൽ ക്യാമ്പുകളിലെ രോഗബാധിതരുടെ ലിസ്റ്റ് പ്രസിദ്ധപ്പെടുത്തി അവർക്കുകൂടി സഹായം നൽകുവാനുള്ള നടപടി സ്വീകരിക്കുമോ എന്നും അറിയാൻ ആഗ്രഹമുണ്ട്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, നിശ്ചയമായും സ്വീകരിക്കും. ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാവുന്നതുപോലെ ഇത് വളരെ കാലതാമസം വരുന്ന ഒരു പ്രോസസ്സാണ്. ഇതിന് പല ഘട്ടങ്ങളുണ്ട്. ഡോക്ടർമാരുടെ പരിശോധന വേണം, അവിടത്തെ റവന്യൂ ഡിപ്പാർട്ടുമെന്റിന്റെ പരിശോധന വേണം. അങ്ങനെയുള്ള പല കടമ്പകളുണ്ട്. 4182 പേരിൽ അർഹതപ്പെട്ടവർക്കെല്ലാം സമയബന്ധിതമായി തന്നെ സഹായം നൽകും. അത് നൽകുന്നതിനുള്ള ശ്രമങ്ങളാണ് നടത്തുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ഇ. ചന്ദ്രശേഖരൻ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ നിരാഹാരസമരം പിൻവലിക്കാൻ അദ്ദേഹത്തോട് ആവശ്യപ്പെടുമോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, തീർച്ചയായും ആവശ്യപ്പെടും.

## VI സബ്മിഷൻ

### (1) ഫയലുകൾ കത്തി നശിച്ച സംഭവം

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ഉടുമ്പൻചോല താലൂക്ക് ഓഫീസിൽ മൂന്നാർ ഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ട രേഖകളും ഫയലുകളും കത്തിനശിപ്പിച്ച സംഭവത്തിൽ ഉന്നതതല അന്വേഷണം നടത്തണം. അവധി ദിവസമായ 9-ാം തീയതിയാണ് തഹസിൽദാർ, ഡെപ്യൂട്ടി തഹസിൽദാർ എന്നിവരുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥർ രേഖകൾ തീയിട്ട് നശിപ്പിച്ചത്. ചിന്നക്കനാൽ മേഖലയിൽ ഭൂമി കയ്യേറി റിസോർട്ടുകൾ കെട്ടിപ്പൊക്കിയ മാഫിയകൾക്കുവേണ്ടിയാണ് ഫയലുകൾ തീയിട്ട് നശിപ്പിച്ചത്. ചെല്ലാൻ രജിസ്റ്ററുകൾ ഉൾപ്പെടെയാണ് കത്തിച്ചത് എന്നാണ് റിപ്പോർട്ട്. വ്യാജപ്പട്ടയം

LIBRARY ARCHIVES Kerala Legislative Assembly

കണ്ടെത്തുന്നതിന് ഏറ്റവും സഹായകരമായ രേഖയാണ് ചെലാൻ രജിസ്റ്റർ. നശിപ്പിക്കുന്ന ഈ സംഭവം സംബന്ധിച്ച് അന്വേഷണം നടത്താൻ സർക്കാർ ഇപ്പോൾ ചുമതലപ്പെടുത്തിയിട്ടുള്ളത് ദേവികുളം ആർ.ഡി.ഒ. ശ്രീ. മധു ഗംഗാധരിനെയാണ്. സർക്കാർ ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള കുടിയൊഴിപ്പിക്കൽ പ്രഹസനത്തിന്റെ ദൗത്യസംഘത്തലവനാണ് ഈ ആർ.ഡി.ഒ. ദൗത്യസംഘത്തിലെ അംഗമായ തൊട്ടുതാഴെയുള്ള ഉദ്യോഗസ്ഥനാണ് ഉടുമ്പൻചോല തഹസിൽദാർ ശ്രീ. വി. കെ. ഷാജി. ഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ട് മുമ്പ് സസ്പെൻഷനിലായിരുന്ന ഉദ്യോഗസ്ഥനാണ് ഈ തഹസിൽദാർ. കയ്യേറ്റം ഒഴിപ്പിക്കാൻ നിയുക്തമായ ദൗത്യസംഘത്തിന്റെ നേതൃത്വത്തിലും ഒത്താശയോടുകൂടിയുമാണ് വ്യാജപ്പട്ടയം സംബന്ധിച്ച രേഖകൾ കത്തിച്ചത് എന്നാണ് സംശയമുയരുന്നത്. റിസോർട്ട് മാഫിയകളെ രക്ഷിക്കാനും അവർക്കെതിരായി നടന്നുവരുന്ന കേസ്സുകൾ അട്ടിമറിക്കാനുമാണ് തീവെയ്പ്. അതുകൊണ്ട് ഉടുമ്പൻചോലയിലെ താലൂക്ക് ഓഫീസിലെ രേഖകൾ കത്തിച്ച സംഭവത്തിൽ ഉന്നതതല അന്വേഷണം നടത്തണം. ആരോപണവിധേയരായ ഉദ്യോഗസ്ഥരുൾപ്പെട്ട ഇപ്പോഴത്തെ ദൗത്യ സംഘത്തെ പിരിച്ചുവിട്ട് മൂന്നാർ കയ്യേറ്റം ഒഴിപ്പിക്കാൻ സമഗ്രമായ കർമ്മപദ്ധതി തയ്യാറാക്കണം. ആദ്യം മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നിയമസഭയിലെ എല്ലാ കക്ഷികളുടെയും പ്രതിനിധികളടങ്ങുന്ന സംഘം മൂന്നാർ മേഖല സന്ദർശിച്ച് കയ്യേറ്റം സംബന്ധിച്ച് വിലയിരുത്തണം. തുടർന്ന് ഉന്നതതല ദൗത്യ സംഘത്തെ അയച്ച് കയ്യേറ്റം ഒഴിപ്പിക്കുകയും അനധികൃത നിർമ്മാണങ്ങൾ പൊളിച്ചുകളയുകയും വേണം. മൂന്നാറിൽ ഭൂമി കയ്യേറ്റം രൂക്ഷമായിരിക്കുകയാണ്. മുമ്പ് വീണ്ടെടുത്ത സർക്കാർ ഭൂമികൾ കയ്യേറപ്പെടുന്നു. നിർമ്മാണം തടഞ്ഞ റിസോർട്ടുകൾ വീണ്ടും നിർമ്മിക്കുകയാണ്. കയ്യേറ്റങ്ങൾ നിയമവിധേയമാക്കി കൊടുക്കുന്ന പണിയാണ് റവന്യൂ വകുപ്പും പുതിയ ദൗത്യസംഘവും ചെയ്യുന്നത്. കയ്യേറ്റഭൂമിയിൽ അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങൾക്ക് ഉന്നതതല ഇടപെടലിലൂടെ പഞ്ചായത്ത് ലൈസൻസ് നൽകുന്നതായി പരാതി ഉയർന്നിട്ടുണ്ട്. മൂന്നാറിലെ കയ്യേറ്റക്കാർക്കെതിരെ സമയബന്ധിത നടപടി സ്വീകരിക്കുമെന്ന് ഇപ്പോഴത്തെ സർക്കാർ അധികാരത്തിൽവന്നയുടനെ സർവ്വകക്ഷി യോഗത്തിൽ വച്ച് മുഖ്യമന്ത്രി ഉറപ്പുനൽകിയതാണ്. എല്ലാ പാർട്ടികളും അതിന് പിന്തുണയും നൽകിയിട്ടുണ്ട്. എന്നാൽ കയ്യേറ്റക്കാർക്ക് പൂർണ്ണമായും ഒത്താശ ചെയ്യുന്ന സമീപനമാണ് റവന്യൂ വകുപ്പ് സ്വീകരിച്ചിട്ടുള്ളത്. അതുകൊണ്ട് കാര്യങ്ങൾ വിലയിരുത്താൻ അടിയന്തരമായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള ഒരു നിയമസഭാ സമിതി മൂന്നാർ സന്ദർശിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ, ബഹുമാന്യനായ പ്രതിപക്ഷ നേതാവ് നോട്ടീസ് നൽകിയിരിക്കുന്നത് ഉടുമ്പൻചോല താലൂക്ക് ഓഫീസിൽ സൂക്ഷിച്ചിരുന്ന മൂന്നാർ ഭൂമികയ്യേറ്റവുമായി ബന്ധപ്പെട്ട ഫയലുകളും രേഖകളും കത്തിച്ച വിഷയം സംബന്ധിച്ചാണ്. മൂന്നാർ കയ്യേറ്റവുമായി ബന്ധപ്പെട്ട് യാതൊരു ഫയലും ഉടുമ്പൻചോല താലൂക്ക് ഓഫീസിൽ സൂക്ഷിച്ചിട്ടില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട ഫയലുകൾ ദേവികുളം താലൂക്ക് ഓഫീസിലാണുള്ളത്. 2013 മാർച്ച് 9-ന് ഉടുമ്പൻചോല താലൂക്ക് ഓഫീസിൽ വേസ്റ്റ് പേപ്പറുകൾ കത്തിച്ച സംഭവമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ചിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

അന്ന് കത്തിച്ചുകളഞ്ഞവയിൽ 2004-ലെ ലോകസഭാ തെരഞ്ഞെടുപ്പിനോട് അനുബന്ധിച്ച് വോട്ടിംഗ് മെഷീനുകൾ കമ്മീഷൻ ചെയ്യുന്നതിനുവേണ്ടി ഉദ്യോഗസ്ഥരെ നിയമിച്ചുകൊണ്ടുള്ള ഉത്തരവിന്റെ പകർപ്പുകളും വോട്ടിംഗ് കമ്പാർട്ടുമെന്റുകളും ഇലക്ഷനുമായി ബന്ധപ്പെട്ട് കാലഹരണപ്പെട്ട ഇതര പേപ്പറുകളും ദിവസേന ഓഫീസ് മുറികളും പരിസരങ്ങളും വൃത്തിയാക്കുമ്പോൾ കിട്ടുന്ന ഉപയോഗ ശൂന്യമായ പേപ്പറുകളുമാണുള്ളത്. ഈ വാർത്ത പത്ര-ദൃശ്യ മാധ്യമങ്ങളിൽ വന്നതിനെത്തുടർന്ന് ഇടുക്കി ജില്ലാ കളക്ടറോട് ഞാൻതന്നെ വിശദമായ റിപ്പോർട്ട് ആവശ്യപ്പെടുകയും കളക്ടറും ദേവികുളം ആർ.ഡി.ഒ.-യും അന്വേഷണം നടത്തി എനിക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. ഈ റിപ്പോർട്ടിൽ ഉപയോഗശൂന്യമായ പേപ്പറുകളാണ് കത്തിച്ചുകളഞ്ഞതെന്നും ഇങ്ങനെ പേപ്പറുകൾ കത്തിച്ചത് ജൂനിയർ സൂപ്രണ്ടിന്റെ നേതൃത്വത്തിലും മേൽനോട്ടത്തിലും രണ്ട് ഓഫീസ് അറ്റൻഡർമാരുടെ സഹായത്തോടെയുമാണെന്നും അറിയിച്ചിട്ടുണ്ട്. പുതുതായി പണിതീർത്ത നെടുങ്കണ്ടം മിനി സിവിൽ സ്റ്റേഷനിലേക്ക് താലൂക്ക് ഓഫീസ് മാറ്റുന്നതിന്റെ ഭാഗമായി വിവിധ സെക്ഷനുകൾ മാറ്റി ക്രമീകരിക്കുന്നതിന്റെ മുന്നോടിയായാണ് വേസ്റ്റ്പേപ്പറുകൾ കത്തിച്ചിട്ടുള്ളത്. വാർത്താ മാധ്യമങ്ങളിൽ വന്നതുപോലെ യാതൊരുവിധ ഫയൽ നശീകരണ പ്രവർത്തനങ്ങളും അവിടെ നടന്നിട്ടില്ല.

### (2) കന്നട ഭാഷ പരിജ്ഞാനമുള്ളവരുടെ ആശങ്ക

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, സർക്കാർ ജോലിക്ക് മലയാള ഭാഷാപരിജ്ഞാനം നിർബന്ധമാക്കാനുള്ള സംസ്ഥാന സർക്കാരിന്റെയും പി.എസ്.സി.-യുടെയും തീരുമാനം കേരളത്തിൽ പരക്കെ സ്വാഗതം ചെയ്യപ്പെട്ടിട്ടുണ്ട്. എന്നാൽ അതിർത്തി പ്രദേശമായ കാസർകോട്ടെ ഭാഷാന്യൂനപക്ഷങ്ങളിൽ ഈ തീരുമാനം ഉണ്ടാക്കിയ ആശങ്ക സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരിക എന്നതാണ് ഈ സബ്മിഷൻകൊണ്ട് ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തെ ഭാഷാന്യൂനപക്ഷങ്ങൾക്ക് പ്രത്യേക പരിഗണന ഇക്കാര്യത്തിൽ ഉണ്ടാകണമെന്ന ആവശ്യം ശക്തമായി ഉയർന്നുകഴിഞ്ഞു. കാസർഗോഡ് അതിർത്തിയിൽ കന്നട സംസാരിക്കുന്നവരാണ് ഭൂരിഭാഗവും. മലയാളം നിർബന്ധമാക്കണമെന്നത് കർശനമാക്കുമ്പോൾ ഈ ഭാഷാന്യൂനപക്ഷം ആശങ്കയിലാണ്. കന്നട സംസാരിക്കുന്നവരിൽ ഭൂരിഭാഗവും ആ ഭാഷയിൽത്തന്നെ പഠിച്ചവരും ജോലിക്ക് ശ്രമിക്കുന്നവരുമാണ്. സർക്കാരിന്റെ പുതിയ നീക്കം മലയാള ഭാഷയ്ക്ക് വന്നുകൊണ്ടിരിക്കുന്ന അപചയം ഒഴിവാക്കാൻ ഉപകരിക്കുമെന്നതിൽ സംശയമില്ല. പക്ഷേ, കാസർഗോഡ് ജില്ലയുടെ വടക്കുഭാഗങ്ങളിൽ പലയിടങ്ങളിലും ഇപ്പോഴും മലയാളം പഠിക്കാനുള്ള സാഹചര്യമില്ല. ചില കന്നട സ്കൂളുകളിൽ 2006-ൽ മലയാളം മീഡിയം തുടങ്ങി, തസ്തിക അംഗീകരിക്കാനുള്ള അപേക്ഷ വർഷങ്ങളായി നമ്മുടെ സെക്രട്ടേറിയറ്റിൽ പൊടിപടലങ്ങൾക്കിടയിൽ നിദ്ര പൂണ്ട് കിടക്കുന്നുവെന്നതും വിസ്മരിക്കാൻ പാടില്ലാത്ത യാഥാർത്ഥ്യമാണ്. ഇത്തരമൊരവസ്ഥയിൽ കാസർഗോഡ് ജില്ലയുടെ വടക്കൻ മേഖലയിലുള്ളവർക്ക് മലയാള ഭാഷ നിർബന്ധമാക്കുമ്പോൾ പ്രത്യേക പരിഗണന നൽകണമെന്നതിൽ സംശയമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതിന് മുൻകൈയെടുക്കണമെന്ന് അപേക്ഷിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ പ്രത്യേകപരിഗണന നൽകും. മുഖ്യമന്ത്രിയുടെ നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്താൻ ഔദ്യോഗിക ഭാഷാവകുപ്പിൽനിന്ന് നിർദ്ദേശിക്കപ്പെട്ട ഒരു വിഷയമാണ് 'ഔദ്യോഗിക ഭാഷാവ്യാപനം'. പത്താം ക്ലാസ് വരെ മലയാളം ഒരു വിഷയമായി പഠിച്ചിട്ടില്ലാത്തവർ കേരള സർക്കാർ സർവ്വീസിൽ പ്രവേശിച്ചാൽ അവരുടെ പ്രൊബേഷൻ പൂർത്തിയാകുന്നതിന് പത്താം ക്ലാസ് മലയാളം പാഠാവലിയുടെ നിലവാരത്തിലുള്ള ഒരു പരീക്ഷ വിജയിക്കണമെന്ന വ്യവസ്ഥ കൊണ്ടുവരണമെന്നും ഇപ്പോൾ സേവനമനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥരുടെ കാര്യത്തിലും ഇത് ബാധകമാക്കണമെന്നും പരീക്ഷാ നടത്തിപ്പിന് കേരളാ പബ്ളിക് സർവ്വീസ് കമ്മീഷനെ ചുമതലപ്പെടുത്തണമെന്നും മലയാള മിഷന്റെ കീഴിലുള്ള മലയാള ഭാഷാപഠനത്തിന്റെ ഭാഗമായുള്ള സീനിയർ ഹയർ ഡിപ്ലോമ പരീക്ഷ വിജയിച്ചവർ ഈ പരീക്ഷ എഴുതേണ്ടതില്ല എന്ന വ്യവസ്ഥ ഉൾക്കൊള്ളിക്കണമെന്നുമായിരുന്നു നിർദ്ദേശം. ഇതുമൂലം ഭാഷാന്യൂന പക്ഷങ്ങളുള്ള പ്രദേശങ്ങളിലുണ്ടാകുന്ന ബുദ്ധിമുട്ട് നമുക്ക് നല്ലപോലെ മനസ്സിലാകുന്നുണ്ട്. അവിടെ ഉയർന്നിട്ടുള്ള ആശങ്ക പരിഹരിക്കുന്നതിന് ഗവൺമെന്റ് വ്യക്തമായ നടപടി സ്വീകരിക്കും. മറ്റു സംസ്ഥാനങ്ങളിൽ ഭാഷാന്യൂനപക്ഷങ്ങൾക്ക് കൊടുക്കുന്ന പ്രത്യേകമായ പരിഗണന പരിശോധിക്കുകയും ഇവിടെ ഏതെല്ലാം വിധത്തിൽ ഇക്കാര്യത്തിന് പരിഹാരമുണ്ടാക്കാനുള്ള സാഹചര്യമുണ്ടാക്കാൻ സാധിക്കുമെന്നും നോക്കുന്നതാണ് എന്ന് വ്യക്തമാക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നു.

## (3) തയ്യൽ തൊഴിലാളി ക്ഷേമനിധി ഓഫീസ്

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : സർ, നമ്മുടെ സംസ്ഥാനത്തെ 14 ജില്ലകളിലും ആയിരക്കണക്കിന് തയ്യൽത്തൊഴിലാളികൾ പണിയെടുത്തുവരുന്നുണ്ട്. ഈ തൊഴിലാളികളെ ക്ഷേമനിധിയിൽ അംഗീകരിക്കുകയും ജില്ലാടിസ്ഥാനത്തിൽ ക്ഷേമനിധി ഓഫീസ് കൊണ്ടുവരാൻ തീരുമാനിക്കുകയും ചെയ്തതിന്റെ ഫലമായി 12 ജില്ലകളിലും ക്ഷേമനിധി ഓഫീസുകൾ വന്നു. കാസർഗോഡ്, മലപ്പുറം എന്നീ രണ്ടു ജില്ലകളിലാണ് ഈ ഓഫീസുകൾ പ്രവർത്തിക്കാതിരിക്കുന്നത്. അതിന്റെ ഫലമായി കാസർഗോഡ് ജില്ലയിലെ പതിനാലായിരത്തിൽപ്പരം തയ്യൽ തൊഴിലാളികൾ ക്ഷേമനിധി ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യാനും ആനുകൂല്യം വാങ്ങാനുമായി കണ്ണൂരിലേക്ക് വരണം. ഇക്കാര്യങ്ങൾ നിർവ്വഹിക്കാൻ 100 കിലോമീറ്റർ ദൂരം യാത്ര ചെയ്തുവേണം കണ്ണൂരിലെത്തേണ്ടത്. മഹാഭൂരിപക്ഷം തൊഴിലാളികൾക്കും ഈ ആനുകൂല്യം കിട്ടിയിട്ടില്ല എന്നതാണ് വസ്തുത. ബഹുമാനപ്പെട്ട മന്ത്രിയെകണ്ട് ഇക്കാര്യം സംസാരിച്ചപ്പോൾ കാസർഗോഡ് ഓഫീസ് തുടങ്ങുന്ന കാര്യം സമ്മതിക്കുകയും അതിന്റെ പ്രാരംഭപ്രവർത്തനം ആരംഭിക്കുകയും ചെയ്തു. പക്ഷെ ഇന്നുവരെ അത് പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. തൊഴിലാളികൾ വളരെ വലിയ ആശങ്കയിലും വിഷമത്തിലുമാണ്. ഈ ഗവൺമെന്റ് ഇടപെട്ട് തയ്യൽതൊഴിലാളികളുടെ ക്ഷേമനിധി ഓഫീസ് കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട്ട് സ്ഥാപിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) : സർ, ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച വിഷയം അദ്ദേഹം പറഞ്ഞതുപോലെ തന്നെ നേരത്തെ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. ഗവൺമെന്റ് അവിടെ ഓഫീസ് തുടങ്ങാൻ തീരുമാനിച്ച് 11-5-2012-ൽത്തന്നെ അതിനുള്ള ഉത്തരവ് ഇറക്കിയതിനുശേഷം അവിടെ സ്ഥലം അന്വേഷിച്ചു. കാഞ്ഞങ്ങാട് നഗരത്തിൽ നിന്ന് മൂന്നര കിലോമീറ്റർ അകലെ സ്റ്റേറ്റ് ഹൈവേയിൽ കോവിൽപ്പള്ളി എന്ന സ്ഥലത്താണ് 310 സ്ക്വയർഫീറ്റ് സ്ഥലം ഓഫീസിന് വാടകയ്ക്ക് കണ്ടെത്തിയിരിക്കുന്നത്. ഓഫീസിന് ആവശ്യമുള്ള തസ്തികകൾ സൃഷ്ടിക്കാനുള്ള ഫയൽ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഏതാനും ദിവസങ്ങൾക്കകം തസ്തികകൾ സൃഷ്ടിക്കപ്പെടും. കൂടാതെ ഗവൺമെന്റ് ഉദ്ദേശിക്കുന്ന ഒരു കാര്യം യാദൃശ്ചികമായി ഇക്കൂട്ടത്തിൽ പറയുകയാണ്, ഓരോ ക്ഷേമനിധി ബോർഡിനും ഓരോ ഓഫീസ് എന്ന സങ്കൽപ്പം മാറ്റി നൂറ് ശതമാനം കമ്പ്യൂട്ടറൈസ് ചെയ്ത് ഒറ്റ ഓഫീസിൽ പ്രവർത്തിക്കാവുന്ന പരമാവധി ക്ഷേമനിധി ബോർഡുകൾ പ്രവർത്തിപ്പിക്കുന്ന ഒരു മാറ്റംകൂടി ഗവൺമെന്റിന്റെ പരിഗണനയിലുണ്ടെന്ന് ഈ സന്ദർഭത്തിൽ അറിയിക്കുകയാണ്.

## (4) കൃഷി പാക്കേജും കർഷകർക്ക് നഷ്ടപരിഹാരവും

ശ്രീ. കെ. വി. വിജയദാസ് : സർ, സംസ്ഥാനത്തെ കൊടിയ വരൾച്ച വലിയ തോതിലുള്ള നഷ്ടമാണ് സംസ്ഥാനത്തിന് ഉണ്ടാക്കിയിട്ടുള്ളത്. അതിൽ ഏറ്റവും കൂടുതൽ വരൾച്ചയുടെ കെടുതികൾ അനുഭവിക്കുന്നത് പാലക്കാട് ജില്ലയാണ്. പാലക്കാട് ജില്ലയിൽ ചൂട് 40 ഡിഗ്രി സെൽഷ്യസ് കടന്നുകഴിഞ്ഞു. വേനൽമഴ ഏറ്റവും കുറവ് ലഭിച്ചത് പാലക്കാട് ജില്ലയിലാണ്. ഇപ്പോൾത്തന്നെ പച്ചമരങ്ങൾ കത്തുന്ന രീതി പതിവായിരിക്കുകയാണ്. സൂര്യാഘാതം സംഭവിക്കാൻ സാധ്യതയുണ്ടെന്നാണ് ശാസ്ത്രജ്ഞർ പറയുന്നത്. വേനലിന്റെ കാഠിന്യം കൂടുതലാണെന്ന് കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം സർക്കാരിന് മുന്നറിയിപ്പ് നൽകിയിട്ടും മുൻകരുതൽ നടപടികളൊന്നും ഫലപ്രദമായി എടുത്തിരുന്നില്ല. പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരമുള്ള അന്തർസംസ്ഥാന നദീജല കരാർപ്രകാരം കേരളത്തിന് അർഹമായ വിഹിതം ജലം നേടിയെടുക്കുന്നതിൽ സർക്കാർ കുറ്റകരമായ അനാസ്ഥയാണ് കാണിച്ചിട്ടുള്ളത്. വെള്ളം ലഭ്യമാക്കാൻ ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിക്കുമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിയമസഭയിൽ പറഞ്ഞത്. പക്ഷെ, ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഒരു കടലാസ് കൊടുക്കാൻപോലും സർക്കാർ തയ്യാറായിട്ടില്ല. സുപ്രീംകോടതിയിൽ പോകുന്നത് ശരിയാവില്ല എന്ന രൂപത്തിലാണ് നിയമോപദേശം പോലും ഇപ്പോൾ ലഭ്യമായിട്ടുള്ളത്. പാലക്കാട് ജില്ലയിൽ ആലത്തൂർ ബ്ലോക്കിൽ നെൽകൃഷി മാത്രം 1170 ഹെക്ടർ നശിച്ചു. കുഴൽമന്ദം - 391 ഹെക്ടർ, നെൻമാറ - 1265 ഹെക്ടർ, കൊല്ലംകോട് - 2636 ഹെക്ടർ, ചിറ്റൂർ- 1175 ഹെക്ടർ, പാലക്കാട് - 199 ഹെക്ടർ, മലമ്പുഴ ബ്ലോക്ക് - 1410 ഹെക്ടർ, മണ്ണാർക്കാട് - 151 ഹെക്ടർ, അങ്ങനെ 10187 ഹെക്ടർ നെൽകൃഷിഭൂമി പാലക്കാട് ജില്ലയിൽ നശിച്ചു. അതുപോലെതന്നെ പച്ചക്കറി 87 ഹെക്ടർ, നേന്ത്രവാഴ 985 ഹെക്ടർ, തെങ്ങ് 37 ഹെക്ടർ, കവുങ്ങ്, കശുമാവ് 89 ഹെക്ടർ നശിച്ചു. ക്ഷീര മേഖലയിൽ 46 ലക്ഷം ലിറ്റർ പാൽ കുറവായി. ഇങ്ങനെ ഏറ്റവും കൂടുതൽ വരൾച്ചയുടെ കെടുതികൾ അനുഭവിക്കുന്നത് പാലക്കാട് ജില്ലയാണ്. ആ ജില്ലയിലെ നെൽക്കൃഷിക്കാരന് ഏക്കറിന് 4000 രൂപയാണ് നഷ്ടപരിഹാരം. തമിഴ്നാട്ടിൽ അത് ഏക്കറിന് 10,000 രൂപയാണ് കൊടുക്കുന്നത്. ഇവിടെ ഏറ്റവും കുറഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

നഷ്ടപരിഹാരത്തുക നൽകുന്നതുമൂലം വലിയ തോതിലുള്ള കുറവാണ് സംഭവിക്കുന്നത്. കർഷകരിൽ ഭൂരിഭാഗവും നാമമാത്ര ചെറുകിട കൃഷിക്കാരാണ്. കൃഷി നശിച്ച കർഷകർക്ക് ഉത്പാദനച്ചെലവും അതിന്റെ 50 ശതമാനത്തുകയും അധികം ചേർത്ത് നഷ്ടപരിഹാരം കൊടുക്കണമെന്ന് ഇന്ത്യ ഗവൺമെന്റ് നിയോഗിച്ച ഡോ. എം. എസ്. സ്വാമിനാഥൻ കമ്മീഷൻ തന്നെ നിശ്ചയിച്ചതാണ്. അതുകൊണ്ട് കൃഷിക്കാർക്ക് നഷ്ടപരിഹാരം നൽകുന്നതിനും പാവപ്പെട്ട ആളുകൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നതിനും വേണ്ടിയുള്ള പ്രത്യേക പാക്കേജ് കേന്ദ്രഗവൺമെന്റിൽനിന്ന് നേടിയെടുത്തുകൊണ്ട് പാലക്കാട് ജില്ലയെ വരൾച്ചയിൽനിന്ന് രക്ഷിക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് ആവശ്യപ്പെടാനുള്ളത്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, 2012-13 വർഷത്തിൽ സംസ്ഥാനത്തെ മഴലഭ്യതയിൽ വന്ന കുറവു കാരണം കേരളം വരൾച്ചയെ അഭിമുഖീകരിക്കുകയാണ്. വരൾച്ചയെ നേരിടുന്നതിനുവേണ്ടി 2013 ജനുവരി 23-ന് പ്രത്യേക ക്യാബിനറ്റ് യോഗം ചേർന്ന് തീരുമാനങ്ങൾ എടുക്കുകയുണ്ടായി. അതനുസരിച്ച് എല്ലാ കാർഷിക വായ്പകൾക്കും ഒരു വർഷത്തെ മൊറട്ടോറിയം പ്രഖ്യാപിക്കുവാനും ജപ്തി നടപടികൾ ഒഴിവാക്കുവാനും വായ്പകൾ പുനഃക്രമീകരിക്കുവാനും തീരുമാനിച്ചു. കുടിവെള്ളത്തിനും വരൾച്ചാദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും എസ്.ഡി.ആർ.എഫ്.-ൽ നിന്നും 85 കോടി രൂപ അനുവദിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ്, വാട്ടർ അതോറിറ്റി, ജലസേചന വകുപ്പ്, ഭൂജല വകുപ്പ് എന്നീ വകുപ്പുകളിലൂടെ നടപ്പിലാക്കേണ്ട കുടിവെള്ള വിതരണം, താൽക്കാലിക തടയണ നിർമ്മാണം, കുഴൽക്കിണർ നിർമ്മാണം എന്നീ പ്രവർത്തനങ്ങൾക്ക് അതാത് വകുപ്പുകളിൽനിന്ന് അനുമതി നൽകാൻ തീരുമാനിക്കുകയും ഫണ്ട് അനുവദിക്കുകയും ചെയ്തു. അതോടൊപ്പം കുളം, കിണർ, തടയണ എന്നിവയുടെ നിർമ്മാണം തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യാൻ തദ്ദേശസ്വയംഭരണ വകുപ്പിന് നിർദ്ദേശം നൽകുവാനും തീരുമാനിച്ചു. വരൾച്ചമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് സാമ്പത്തിക നഷ്ടം നികത്തുന്നതിനായി വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരവും പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതിപ്രകാരവും സാമ്പത്തിക സഹായം നൽകുന്നതിനുള്ള നടപടികൾ കൃഷിവകുപ്പ് സ്വീകരിച്ചുവരുന്നു. കേന്ദ്ര ഗവൺമെന്റിനെ സമീപിച്ച് മെമ്മോറാണ്ടം സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ വരൾച്ചയെക്കുറിച്ച് പഠനം നടത്തുന്നതിനുവേണ്ടി കേന്ദ്രസംഘം ഇന്ന് പാലക്കാട് ജില്ല ഉൾപ്പെടെയുള്ള പ്രദേശങ്ങൾ സന്ദർശിക്കുകയാണ്. 17-3-2013 മുതൽ 21-3-2013 വരെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങൾ അവർ സന്ദർശിക്കുന്നുണ്ട്. പാലക്കാട് ജില്ലയിലെ വരൾച്ചാ ദുരിതാശ്വാസ പദ്ധതി പ്രവർത്തനങ്ങൾക്കായി ഫെബ്രുവരി 1-ാം തീയതിയിലെ ഉത്തരവ് പ്രകാരം 5 കോടി 26 ലക്ഷം രൂപ പാലക്കാട് ജില്ലയ്ക്ക് മാത്രമായി അനുവദിച്ചിട്ടുണ്ട്. ജില്ലയിൽ 6412 ഹെക്ടർ നെൽകൃഷി ഉൾപ്പെടെ ആകെ 7014.50 ഹെക്ടറിൽ കൃഷി നാശമുണ്ടായിട്ടുണ്ട്. പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരമുള്ള വെള്ളം ലഭ്യമാക്കാത്തതിനാൽ 3233 ഹെക്ടർ നെൽകൃഷി ഉണങ്ങിപ്പോയിട്ടുണ്ട്. പാലക്കാട് ജില്ലയിൽ കാലാവസ്ഥാധിഷ്ഠിത ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്ത 25000 കർഷകർക്ക് ഇൻഷ്വറൻസ് ആനുകൂല്യം ലഭിക്കണമെന്ന് കൃഷി വകുപ്പ് അറിയിച്ചിട്ടുണ്ട്.

## (5) സമ്പൂർണ്ണ ഭവന പദ്ധതി

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, നമ്മുടെ സംസ്ഥാനത്തെ ഏറ്റവും ദുർബല ജനവിഭാഗങ്ങളിൽപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ഇപ്പോഴും സമ്പൂർണ്ണമായി ഭവനപദ്ധതിയില്ല. കയറിക്കിടക്കാൻ ഒരു വീടുപോലുമില്ലാത്ത പതിനായിരക്കണക്കിന് മത്സ്യത്തൊഴിലാളികൾ നമ്മുടെ സംസ്ഥാനത്തുണ്ട്. നമ്മുടെ രാജ്യത്തിന് സ്വാതന്ത്ര്യം കിട്ടിയിട്ടും; ഐക്യകേരളം രൂപപ്പെട്ടതിനുശേഷവും; നിരവധി ഗവൺമെന്റുകൾ മാറിമാറി വന്നെങ്കിലും മത്സ്യത്തൊഴിലാളികൾക്കു വേണ്ടി ഒരു സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതി ഇതുവരെ വന്നിട്ടില്ല. പലരുടേയും വീടുകൾക്ക് പണ്ട് 15,000 രൂപയും 25,000 രൂപയും ഗ്രാന്റായി നൽകിയിരുന്നു. ആ പണമുപയോഗിച്ച് അന്ന് നിർമ്മിച്ച വീടുകളിൽ പലതും തകർന്ന് ഇല്ലാതായി. അത്തരം വീടുകളുള്ള ആളുകൾക്ക് പുതിയ ഭവനത്തിന് അപേക്ഷ കൊടുക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുകയാണ്. അതുമാത്രമല്ല, സാനിറ്റേഷൻ ഏറ്റവും ദുർബലമായ ഒരു പ്രദേശമാണ് തീരദേശം. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള 9 തീരദേശ ജില്ലകളിലെ തീരദേശവാസികളുടെ അടിസ്ഥാന ജീവിതസൗകര്യമെടുത്ത് നോക്കിയാൽ അതീവ ദയനീയമാണെന്നുള്ള കാര്യം എല്ലാവർക്കുമറിയാം. അതിന് അടിയന്തരമായി സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി ആവിഷ്ക്കരിക്കണം. മുൻകാലങ്ങളിൽ ചെറിയ ഭവന സഹായധനം കിട്ടിയ ആളുകൾക്ക് ഇപ്പോൾ വീണ്ടും സഹായം കിട്ടില്ലെന്നുള്ള സാഹചര്യം ഒഴിവാക്കി അവർക്കുകൂടി ഭവനവായ്പ കൊടുക്കാനുള്ള നടപടിയുണ്ടാകണം. അതോടൊപ്പം ഈ ഗവൺമെന്റ് മത്സ്യത്തൊഴിലാളികളുടെ ആവശ്യങ്ങൾക്കുവേണ്ടി അനുവദിക്കപ്പെട്ട 400 കോടി രൂപ നഷ്ടപ്പെടുത്തി എന്ന ഒരു വാർത്ത കഴിഞ്ഞ ദിവസം പത്രങ്ങളിൽ വരികയുണ്ടായി. ഇതിന്റെ നിജസ്ഥിതി അറിയാൻ വളരെയധികം താല്പര്യമുണ്ട്. സംസ്ഥാനത്തെ മാതൃകാ മത്സ്യഗ്രാമങ്ങൾ പ്രഖ്യാപിക്കുകയുണ്ടായി. 11 മാതൃകാ മത്സ്യഗ്രാമങ്ങളുടെ പ്രവർത്തനമാരംഭിച്ചു. ഞാൻ ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രിയെ അഭിനന്ദിക്കുകയാണ്. മാതൃകാ മത്സ്യഗ്രാമങ്ങൾ കുറച്ചുകൂടി വ്യാപിപ്പിക്കണം. അതോടൊപ്പം മാതൃകാ മത്സ്യഗ്രാമങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള തൊഴിലാളികൾക്ക് ഭവനവായ്പയുടെ ആദ്യഗഡു കൊടുത്തിട്ടുണ്ട്. അവർക്ക് അടുത്ത ഗഡു കൊടുക്കുന്നതോടൊപ്പംതന്നെ കുടിവെള്ളം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത മാതൃകാ മത്സ്യഗ്രാമങ്ങളിൽ കുടിവെള്ള പദ്ധതി ഉൾപ്പെടെയുള്ള അടിസ്ഥാന വികസനത്തിനുവേണ്ടിയുള്ള അടുത്തഘട്ടംകൂടി തുടങ്ങാനുള്ള നടപടിയുണ്ടാകണം. 400 കോടി രൂപയുടെ നഷ്ടത്തെക്കുറിച്ചു കൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ വ്യക്തമാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, കേരളത്തിൽ 227 തീരദേശ മത്സ്യഗ്രാമങ്ങളും 113 ഉൾനാടൻ മത്സ്യ ഗ്രാമങ്ങളുമാണുള്ളത്. ഈ ഗ്രാമങ്ങളുടെ സമഗ്രവികസനത്തിനായി സംയോജിത മത്സ്യഗ്രാമവികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഏകദേശം 3000 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതി വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. തീരദേശ മത്സ്യഗ്രാമങ്ങളിൽ ഏകദേശം 18000-ത്തോളം

മത്സ്യത്തൊഴിലാളി കുടുംബങ്ങൾ വളരെ പരിതാപകരമായ കുടിലുകളിലാണ് താമസിക്കുന്നത്. ഇതിനുപുറമെ 10000-ത്തോളം മത്സ്യത്തൊഴിലാളി കുടുംബങ്ങൾ സ്വന്തമായി വീടും സ്ഥലവും ഇല്ലാത്തവരാണ്. ഇതുപരിഹരിക്കാനുള്ള ആദ്യ പരിശ്രമമായി 13-ാം ധനകാര്യ കമ്മീഷൻ അവാർഡിൽ നിന്ന് 140 കോടിയോളം രൂപ ഭവനനിർമ്മാണത്തിനായി നീക്കിവച്ചിരിക്കുകയാണ്. ഇതുകൂടാതെ ഹഡ്കോയിൽ നിന്ന് 150 കോടി രൂപ തീരദേശ വികസന കോർപ്പറേഷൻ സർക്കാർ ഗ്യാരന്റിയിൽ വായ്പയെടുത്ത് 6000 വീടുകൾ നിർമ്മിച്ചുനൽകും. ഈ സാമ്പത്തിക വർഷം 800 വീടുകൾ ബഡ്ജറ്റിലൂടെ ഇതിനോടകംതന്നെ നൽകിയിട്ടുണ്ട്. ഇതുകൂടാതെ 10 കോടി രൂപ ഇത്തവണത്തെ ബഡ്ജറ്റിൽ ഭവനനിർമ്മാണത്തിനു വേണ്ടി നീക്കിവച്ചിട്ടുണ്ട്. 12000 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീടുകൾ നിർമ്മിച്ചുകൊടുക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 5 കോടി രൂപ വീടുകളുടെ റിപ്പെയറിംഗിന് അനുവദിച്ചിട്ടുണ്ട്. പരമാവധി 50,000 രൂപ കണക്കാക്കി, മിനിമം 1000 വീടുകളെങ്കിലും റിപ്പെയർ ചെയ്തുകൊടുക്കാൻ സാധിക്കുമെന്നുള്ള നിലയിലാണ് കണക്കുകൂട്ടുന്നത്. ശ്രീ. റ്റി. എൻ. പ്രതാപൻ പറഞ്ഞത് ശരിയാണ്, നേരത്തെ 25,000 രൂപയും 50000 രൂപയും ഗ്രാന്റ് കിട്ടി പണിത ആളുകളുടെയെല്ലാം വീടുകൾ ജീർണ്ണാവസ്ഥയിലാണ്. എന്നാൽ ഒരിക്കൽ സഹായം ലഭിച്ചവരായതുകൊണ്ട് അവർക്ക് പുതിയ ഭവനത്തിനുവേണ്ടി അപേക്ഷിക്കാൻ സാധിക്കില്ല. അങ്ങനെ വളരെ പ്രയാസകരമായ സ്ഥിതിയാണുള്ളത്. അതുകൊണ്ട് അവർക്ക് 50000 രൂപ വീതമെങ്കിലും വീട് റിപ്പെയറിംഗിനുവേണ്ടി നൽകാൻ ആലോചിക്കുകയാണ്. അതുപോലെതന്നെ ടോയ്‌ലറ്റുകളുടെ കാര്യവും അദ്ദേഹം പറഞ്ഞു. തീരദേശ മേഖലകളിൽ സ്വന്തമായി ടോയ്‌ലറ്റുകൾ ഇല്ലാത്ത ആയിരക്കണക്കിനാളുകളുണ്ട്. കഴിഞ്ഞ സാമ്പത്തികവർഷം 1000 ടോയ്‌ലറ്റുകൾ നിർമ്മിച്ചുകൊടുക്കുന്നതിന് സഹായം നൽകിയിട്ടുണ്ട്. അതിന് 17,500 രൂപ ഡിപ്പാർട്ട്മെന്റിന്റെ ഗ്രാന്റും 2,500 രൂപ ഗുണഭോക്തൃ വിഹിതവുമാണ്. ഈ വർഷം 3000 ടോയ്‌ലറ്റുകൾ ഈ രൂപത്തിൽ നിർമ്മിച്ചുകൊടുക്കാൻ ഉദ്ദേശിക്കുകയാണ്.

ശ്രീ. റ്റി. എൻ. പ്രതാപൻ 400 കോടി രൂപയുടെ പ്രശ്നം സൂചിപ്പിക്കുകയുണ്ടായി. യഥാർത്ഥത്തിൽ ആ 400 കോടി രൂപ അനുവദിച്ചത് ലാപ്സാക്കി, ഉപയോഗപ്പെടുത്തിയില്ല എന്നത് സാങ്കല്പികമായ ഒരു കാര്യമാണ്. 400 കോടി രൂപ അനുവദിച്ചിട്ടില്ല. ആകെ ഉണ്ടായത് നബാർഡിൽ നിന്ന് 200 കോടി രൂപ നൽകാമെന്ന് തത്വത്തിൽ ഒരു ധാരണയുണ്ടായി. അതിന് 50 കോടി രൂപ ഈ സാമ്പത്തികവർഷവും ബാക്കി 150 കോടി രൂപ വരുംവർഷങ്ങളിലും എന്ന് തീരുമാനിച്ചു. എന്നാൽ അത് അനുവദിച്ചിട്ടില്ല. അതിനുള്ള ചർച്ചകൾ നടക്കുകയാണ്. അടുത്ത വർഷം അത് ലഭിക്കുമെന്നാണ് ഇപ്പോഴുണ്ടായിട്ടുള്ള ധാരണ. മാധ്യമങ്ങളിൽ വന്ന ആ വാർത്ത അടിസ്ഥാനരഹിതമാണ്. കൂടാതെ ഈ വർഷം 25 മത്സ്യഗ്രാമങ്ങൾ സംയോജിത മത്സ്യഗ്രാമങ്ങളായി വികസിപ്പിക്കാൻ തീരുമാനിച്ചു. രണ്ടുകോടി രൂപ വീതം നൽകിയിട്ടുണ്ട്. അടുത്ത വർഷം 25 മത്സ്യഗ്രാമങ്ങൾകൂടി നിർമ്മിക്കും. മത്സ്യഗ്രാമങ്ങളിലെ കുടിവെള്ള പ്രശ്നം

LIBRARY ARCHIVES Kerala Legislative Assembly

പരിഹരിക്കണമെന്ന് അദ്ദേഹം പറഞ്ഞു. വളരെ രൂക്ഷമായ കുടിവെള്ളപ്രശ്നം മത്സ്യഗ്രാമങ്ങളിലുണ്ട്. ഈ 2 കോടി രൂപ ഉപയോഗിച്ചുകൊണ്ടുള്ള പദ്ധതികൾ അതാത് പഞ്ചായത്തുകളിൽത്തന്നെ പഞ്ചായത്ത് കമ്മിറ്റിയും എം.എൽ.എ. ഉൾപ്പെടെയുള്ള ജനപ്രതിനിധികളുമായി ചർച്ച ചെയ്താണ് പ്രോജക്ടുകൾ ഉണ്ടാക്കുന്നത്. കുടിവെള്ളമാണ് പഞ്ചായത്തുകൾക്ക് ഏറ്റവും പ്രധാനപ്പെട്ടതെങ്കിൽ അവർക്ക് നിർദ്ദേശിക്കാം. എം.എൽ.എ.-മാർക്കും നിർദ്ദേശിക്കാം. അതനുസരിച്ചു മാത്രമാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

## (6) കാളിപ്പാറ ശുദ്ധജല പദ്ധതി

ശ്രീ. എ. റ്റി. ജോർജ് : സർ, കാളിപ്പാറ ശുദ്ധജല വിതരണ പദ്ധതി യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. നെയ്യാറ്റിൻകര താലൂക്കിലെ പാറശ്ശാല, കാട്ടാക്കട, കോവളം, നെയ്യാറ്റിൻകര എന്നീ നാല് നിയോജക മണ്ഡലങ്ങളിലും 16 പഞ്ചായത്തുകളിലും നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലും ശുദ്ധജല വിതരണം നടത്തുന്നതിനു വേണ്ടി 1996-ലാണ് ഈ പദ്ധതി ആരംഭിച്ചത്. ഏകദേശം 35 കോടി രൂപ ഇതിനുവേണ്ടി ചെലവഴിച്ചു കഴിഞ്ഞു. വീണ്ടും 136 കോടി രൂപ കൂടി ചെലവഴിച്ചെങ്കിൽ മാത്രമേ ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിയുകയുള്ളൂവെന്നാണ് ഉദ്യോഗസ്ഥർ പറയുന്നത്. നാല് ഘട്ടങ്ങളായാണ് ഈ പദ്ധതി വിഭാവനം ചെയ്തത്. അതിൽ ഒറ്റശേഖരമംഗലം ഫേസ്-I, ഒറ്റശേഖരമംഗലം ഫേസ്-II എന്നീ പദ്ധതികളുടെ പൈപ്പിടൽ തുടങ്ങിയ പണികളെല്ലാം ഏകദേശം പൂർത്തീകരിച്ചുകഴിഞ്ഞു. എന്നാൽ മറ്റ് രണ്ട് ഘട്ടങ്ങളുടെ പണി ഒന്നുംതന്നെ തുടങ്ങിയിട്ടില്ല. പൈപ്പിടലോ, ഓവർ ഹെഡ് ടാങ്കുകളുടെ നിർമ്മാണപ്പണികളോ പൂർത്തീകരിച്ചിട്ടില്ല. മാത്രമല്ല, പല സ്ഥലത്തും ടാങ്ക് നിർമ്മാണത്തിനാവശ്യമായ സ്ഥലംപോലും എടുത്തിട്ടില്ല. പൈപ്പ് സ്ഥാപിക്കുന്നതിന് റോഡ് കട്ടിംഗിനുള്ള അനുമതി ലഭിക്കുന്നതിനാവശ്യമായ തുക പി.ഡബ്ല്യു.ഡി. വകുപ്പിൽ നാളിതുവരെ അടച്ചിട്ടില്ല. അതുകൊണ്ടുതന്നെ റോഡ് കട്ടിംഗിനുള്ള അനുമതി ലഭിക്കാത്തതിനാൽ പൈപ്പിടുന്ന പണികൾ തടസ്സപ്പെട്ടിരിക്കുകയാണ്. റോഡ് കട്ടിംഗിനുള്ള അനുമതി ലഭിച്ച ചില ഭാഗങ്ങളിൽ പൈപ്പ് സ്ഥാപിക്കുന്നതിനുള്ള പണികൾ ആരംഭിച്ചെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം പ്രസ്തുത പണികളും തടസ്സപ്പെട്ടിരിക്കുന്നു. ഇതുമാത്രമല്ല ശുദ്ധജല വിതരണ പദ്ധതിയുടെ പ്രധാന പണികളെല്ലാം ഇഴഞ്ഞുനീങ്ങുകയാണ്. നെയ്യാർഡാമിൽ നിന്ന് ഗ്രാവിറ്റേഷൻ പദ്ധതിപ്രകാരം, ഗ്രാവിറ്റേഷൻ ഫോഴ്സ് ഉപയോഗിച്ച് കാളിപ്പാറയുടെ അടിഭാഗത്ത് നിർമ്മിക്കുന്ന സമ്പിന്റെ പണി പകുതിയായി നിൽക്കുന്നു. കാളിപ്പാറയിൽ നിന്ന് വെള്ളം ശുദ്ധീകരിക്കുന്നതിനുള്ള പണികളും പൂർത്തീകരിച്ച് കഴിഞ്ഞു. എന്നാൽ സമ്പിൽനിന്ന് ജലം ശുദ്ധീകരണശാലയിൽ എത്തിക്കുന്നതിനുള്ള പമ്പ് ഇതുവരെ വാങ്ങിയിട്ടില്ല. അതുമാത്രമല്ല അതിനാവശ്യമായ ടെൻഡർ നടപടികൾ ആരംഭിച്ചതായി അറിയാൻ കഴിയുന്നില്ല. ഇതുവളരെ വേഗത്തിൽ നടക്കുന്ന ലക്ഷണങ്ങളൊന്നും കാണുന്നില്ല. അതുപോലെതന്നെ കെ.എസ്.ഇ.ബി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള പണികളൊന്നും നാളിതുവരെ ആരംഭിച്ചിട്ടില്ല. ഈ പണികൾ എത്രയും വേഗം ആരംഭിച്ച് പൂർത്തീകരിച്ചാൽ മാത്രമേ ഈ

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതി ഭാഗികമായെങ്കിലും നടപ്പിലാക്കാൻ കഴിയുകയുള്ളൂ. പമ്പ് എത്രയും വേഗം വാങ്ങുകയും സബ്സ്റ്റേഷൻ പണികൾ കഴിയുന്നതുംവേഗം പൂർത്തീകരിക്കുകയും ചെയ്താൽ മാത്രമേ ഒറ്റശേഖരമംഗലം ഫേസ്-I, II ഘട്ടങ്ങളിൽ ഉടൻതന്നെ കമ്മീഷൻ ചെയ്യാനും അഞ്ച് പഞ്ചായത്തുകളിലെങ്കിലും ശുദ്ധജലം എത്തിക്കാനുമുള്ള നടപടികൾ പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ. വാട്ടർ അതോറിറ്റി എല്ലാ കാലങ്ങളിലും ചെയ്യുന്നതുപോലെ പൈപ്പുകൾ വാങ്ങിക്കൂട്ടുകയും അവ കുഴിച്ചിടാതെ റോഡിന്റെ സൈഡുകളിൽ കൊണ്ടിടുകയുമാണ് ചെയ്യുന്നത്. അതുകൊണ്ട് ഈ പദ്ധതി പൂർത്തീകരിക്കുകയും 16 പഞ്ചായത്തുകളിലും നാല് നിയോജക മണ്ഡലങ്ങളിലും മുനിസിപ്പാലിറ്റിയിലുമൊക്കെ വെള്ളം എത്തിക്കുന്നതിന് വേണ്ടിയുള്ള പദ്ധതികൾ പൂർത്തീകരിച്ച് പോകണമെങ്കിൽ വാട്ടർ അതോറിറ്റി കുറച്ചുകൂടി ഉണർന്ന് പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ആവശ്യമായ ഫണ്ട് അനുവദിക്കുകയും ഈ പണി പൂർത്തീകരിച്ച് ആ പ്രദേശത്തെ ശുദ്ധജലക്ഷാമം പരിഹരിക്കുകയും ചെയ്യുന്നതിനുവേണ്ട നടപടികൾ എത്രയും വേഗം ഉണ്ടാകണമെന്ന് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, തിരുവനന്തപുരം ജില്ലയിൽ ഏറ്റവും കൂടുതൽ ജലക്ഷാമം അനുഭവപ്പെടുന്നത് നെയ്യാറ്റിൻകര താലൂക്കിലാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കള്ളിക്കാട് ഗ്രാമപഞ്ചായത്തിലെ കാളിപ്പാറയിൽ 36 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണ ശാല പൂർത്തിയായിക്കഴിഞ്ഞു. ഇതിന്റെ അടിസ്ഥാനത്തിൽ നാല് കുടിവെള്ള പദ്ധതികളാണ് വിഭാവനം ചെയ്തിരിക്കുന്നത്. നെയ്യാറ്റിൻകര താലൂക്കുൾപ്പെടുന്ന പാറശ്ശാല, പരശുവയ്ക്കൽ, കരകുളം, കാരോട്, ചെങ്കൽ തുടങ്ങിയ വില്ലേജുകൾക്ക് പ്രയോജനം ലഭിക്കുന്ന പദ്ധതി എൽ.ഐ.സി.യുടെ ധനസഹായത്തോടുകൂടിയാണ് നടപ്പിലാക്കിവരുന്നത്. എന്നാൽ എൽ.ഐ.സി.യിൽ നിന്ന് തുടർ ധനസഹായം ലഭ്യമല്ലാതെ വന്നതിനാൽ ബാക്കി പണികൾ മുടങ്ങിപ്പോയി. ബാക്കി പണികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ആ പണികൾ പുരോഗമിച്ചു വരുന്നു. റെയിൽവേ ക്രോസിംഗ്, എൻ.എച്ച്. റോഡ് ക്രോസിംഗ് എന്നിവയ്ക്ക് സാംങ്ഷൻ ലഭിക്കേണ്ടതായിട്ടുണ്ട്. പൊൻവിളയിൽ നിർമ്മിക്കേണ്ട ഭൂതല ജലസംഭരണി, ഉപരിതല ജലസംഭരണി, പാറശ്ശാലയിലെ കൊല്ലയിലും കാരോട്, കുളത്തൂർ, കരിങ്കുളം എന്നീ വില്ലേജുകളിലും നിർമ്മിക്കേണ്ട ജലസംഭരണികൾ എന്നിവയ്ക്ക് ആവശ്യമായ സ്ഥലം ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുത്ത് നൽകേണ്ടതായിട്ടുണ്ട്. ഒറ്റശേഖരമംഗലം ത്വരിത ഗ്രാമീണ കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടം പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റ് 860 ലക്ഷം രൂപയാണ്. കാളിപ്പാറയിലെ ജലസംഭരണി, പമ്പിംഗ് മെയിൻ എന്നിവ പൂർത്തിയായി. ഒറ്റശേഖരമംഗലം ത്വരിത ഗ്രാമീണ കുടിവെള്ള പദ്ധതിയുടെ രണ്ടാംഘട്ടം പണി പുരോഗമിച്ചുവരികയാണ്. കുരിശുമലയ്ക്കും നെല്ലിശ്ശേരിയ്ക്കും ഇടയ്ക്കുള്ള ഗ്യാപ് കണക്ഷൻ ജോലിയാണ് ഇനി അറേഞ്ച് ചെയ്യാനുള്ളത്. ടെണ്ടർ നടപടി സ്വീകരിച്ചുവരുന്നു. നെയ്യാറ്റിൻകര നഗര ശുദ്ധജല വിതരണ പദ്ധതിയുടെ വിപുലീകരണം എൽ.ഐ.സി.-യുടെ ധനസഹായത്തോടുകൂടിയാണ് ആരംഭിച്ചത്. ഫണ്ടിന്റെ കുറവുമൂലം മുടങ്ങിപ്പോയി. 408 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയശേഷം ഉപരിതല ജലസംഭരണികളുടെ നിർമ്മാണം, ട്രാൻസ്മിഷൻ

LIBRARY ARCHIVES Kerala Legislative Assembly

ടാങ്കുകളുടെ നിർമ്മാണം എന്നിവ പൂർത്തിയായിട്ടുണ്ട്. ബാക്കി പണികൾക്കുള്ള എഗ്രിമെന്റ് വച്ചിട്ടുണ്ട്. എൻ.എച്ച്. കട്ടിംഗിന് സാംങ്ഷൻ കിട്ടേണ്ടതായിട്ടുണ്ട്. കാളിപ്പാറ ശുദ്ധജല വിതരണ പദ്ധതിയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തുകൾ എത്രയുംവേഗം സ്ഥലം ലഭ്യമാക്കുകയാണെങ്കിൽ പദ്ധതികൾ ഏറ്റവും വേഗത്തിൽ പൂർത്തിയാക്കാൻ കഴിയും. ഗ്രാമപഞ്ചായത്തുകൾ സ്ഥലം ലഭ്യമാക്കുകയെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം.

## (7) ഒ. വി. വിജയന്റെ പ്രതിമ

ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി : സർ, കോട്ടയ്ക്കൽ ഗവൺമെന്റ് രാജാസ് ഹയർ സെക്കന്ററി സ്കൂളിലെ പൂർവ്വ വിദ്യാർത്ഥിയും മലയാളത്തിലെ വളരെ പ്രശസ്തനായ സാഹിത്യകാരനും കേരളീയ സാംസ്കാരത്തിൽ അഗാധമായ സ്വാധീനം ചെലുത്തിയ മഹാരഥന്മാരായിട്ടുള്ള നമ്മുടെ ധൈഷണിക ആചാര്യന്മാരിൽ പ്രമുഖനുമായ ഒ. വി. വിജയന്റെ സ്മൃതിവനത്തിൽ നിർമ്മിക്കപ്പെട്ട അദ്ദേഹത്തിന്റെ പ്രതിമ അടുത്തകാലത്ത് ഏതോ ഇരുട്ടിന്റെ ശക്തികൾ തകർക്കുകയുണ്ടായി. ആ കുത്സിത പ്രവൃത്തി നടത്തിയ പ്രതികളെ കണ്ടെത്തി അവരെ ശിക്ഷിക്കുകയും സമൂഹമധ്യത്തിൽ കൊണ്ടുവരികയും ചെയ്യുകയെന്നത് കേരളത്തിന്റെ ആവശ്യമാണ്; നമ്മുടെ സംസ്കാരത്തിന്റെയും പൈതൃകത്തിന്റെയും അനിവാര്യതയുമാണ്. ആ ആവശ്യമാണ് ഈ സഭയുടെ മുമ്പാകെ ഉന്നയിക്കുന്നത്. കോട്ടയ്ക്കലിൽ ഇക്കഴിഞ്ഞ 16-ാം തീയതി ചേർന്ന സർവ്വകക്ഷി യോഗത്തിൽ ഭരണ പ്രതിപക്ഷ ഭേദമെന്യേ എല്ലാ രാഷ്ട്രീയ കക്ഷികളുംചേർന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഞാൻ ഇക്കാര്യം ഉന്നയിക്കുന്നത്. പ്രതികളെ ഇതുവരെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. അവരെ കണ്ടെത്തേണ്ടത് വളരെ അടിയന്തരമായ കാര്യമാണ്. കോട്ടയ്ക്കൽ പോലെ വളരെ സംസ്കാര സമ്പന്നമായിട്ടുള്ള പ്രദേശത്തെ ജനങ്ങൾ ഒന്നിച്ചുനിന്നുകൊണ്ട് ഈ പ്രശ്നത്തിന് പരിഹാരം കണ്ടതാണ്. അതിന്റെയൊരു പശ്ചാത്തലമെന്ന് പറയുന്നത് ഒ.വി. വിജയൻ രാജാസ് ഹയർ സെക്കന്ററി സ്കൂളിലെ പൂർവ്വവിദ്യാർത്ഥിയായതാണ്. ഞാൻ കോട്ടയ്ക്കൽ സ്വദേശവാസി കൂടിയാണ്. ഒ. വി. വിജയൻ അവിടെ പഠിച്ചുവെന്നുള്ളത് ആ നാട്ടുകാർക്ക് അഭിമാനകരമായിട്ടുള്ള കാര്യമാണ്. വലിയൊരു സാഹിത്യകാരൻ, വലിയൊരു പ്രതിഭാശാലി, കാർട്ടൂണിസ്റ്റ്, കഥാകൃത്ത്, പത്രപ്രവർത്തകൻ തുടങ്ങി വിവിധങ്ങളായിട്ടുള്ള മേഖലകളിലൂടെ നമ്മുടെ സംസ്കാരത്തെ നവീകരിക്കുകയും, അതിനെ നവോത്ഥാനത്തിലേക്ക് നയിക്കുകയും ചെയ്ത മഹാപ്രതിഭയാണ് ഒ. വി. വിജയൻ. സ്കൂൾ അധികൃതർ സ്മൃതിവനം ഒ. വി. വിജയന്റെ പേരിൽ നിർമ്മിക്കാൻ ഒരുങ്ങിയപ്പോൾ മുനിസിപ്പാലിറ്റിയും സ്കൂൾ അധികൃതരും തമ്മിൽ സാങ്കേതികമായൊരു തർക്കമുണ്ടായിരുന്നു. അനുമതിക്കായുള്ള അപേക്ഷ കിട്ടാത്തതിന്റെ പേരിൽ ഒരു communication gap ഉണ്ടായിരുന്നു. ഒരു ജനപ്രതിനിധിയെന്ന നിലയിൽ സ്കൂൾ അധികൃതരേയും മുനിസിപ്പാലിറ്റി നേതാക്കളെയും വിളിച്ചുചേർത്ത് അതിന് രമ്യമായ പരിഹാരം കാണുകയും ചെയ്തു. സ്മൃതിവനം പ്രതിമയടക്കം ആകെ അങ്ങനെതന്നെ തുടരാനും നിലനിർത്താനും ചർച്ചയിൽ തീരുമാനിക്കുകയുണ്ടായി. അങ്ങനെ ഈ പ്രശ്നം ഭംഗിയായി പരിഹരിക്കപ്പെട്ടതിൽ അസഹിഷ്ണുതയുള്ള, നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

നാട്ടിൽ വിവാദങ്ങളും പ്രശ്നങ്ങളും എപ്പോഴും ഉണ്ടാകണമെന്ന് ആഗ്രഹിക്കുന്ന, ഇതിന്റെ പേരിൽ ആരെയെങ്കിലും പ്രതികളാക്കണമെന്ന് ഉദ്ദേശിക്കുന്ന ഏതോ ദുഷ്ടശക്തികളാണ് ഈ കൃത്യം ചെയ്തിട്ടുള്ളത്. ഇരുട്ടിന്റെ ശക്തികളെന്നാണ് ഞാൻ അവരെ വിളിക്കുന്നത്. ഒ. വി. വിജയന്റെ പ്രതിമ തകർക്കാൻ ഇരുട്ടിന്റെ ശക്തികൾക്കേ സാധിക്കൂ. ഒരു കേരളീയനോ, മലയാളിക്കോ, കോട്ടയ്ക്കൽകാരനോ, ഒരു അക്ഷരസ്നേഹിക്കോ, സംസ്കാര സമ്പന്നനായ ഏതൊരു വ്യക്തിക്കോ ഒരിക്കലും സാധ്യമല്ലാത്ത കാര്യമാണ്. ഇപ്പോൾ അവിടെ പ്രശ്നമൊന്നുമില്ല. അതിനുശേഷം മുനിസിപ്പാലിറ്റി വിളിച്ചുചേർത്ത സർവ്വകക്ഷി യോഗത്തിൽവച്ച് എന്നെ ചെയർമാനാക്കി ഒരു സർവ്വകക്ഷി സമിതി രൂപീകരിക്കുകയുണ്ടായി. ആ യോഗത്തിൽ എല്ലാ കക്ഷികളും പങ്കെടുത്തിട്ടുണ്ട്. അതിന്റെ ആദ്യത്തെ യോഗം കഴിഞ്ഞ 16-ാം തീയതി ചേർന്നു. മൂന്ന് കാര്യങ്ങളാണ് ഞങ്ങൾ തീരുമാനിച്ചത്. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തേണ്ടതാണ് അതിൽ പ്രധാനപ്പെട്ടത്. സ്മൃതിവനം അങ്ങനെതന്നെ നിലനിർത്താനും മുനിസിപ്പാലിറ്റിതന്നെ പ്രതിമയ്ക്ക് പറ്റിയ കേടുപാടുകൾ തീർത്ത് അടുത്ത മുപ്പതാം തീയതിക്കകം അത് പുനർനിർമ്മിക്കാനും തീരുമാനിച്ചു. രണ്ടാമത്തെ കാര്യം, ഭാവിയിൽ ഇങ്ങനെയുള്ള വിവാദങ്ങളും കുപ്രചരണങ്ങളും ഇല്ലാതാക്കാനും ഒ.വി. വിജയന്റെ പ്രതിമയുടെ സുരക്ഷയ്ക്കുംവേണ്ടി ജനകീയ സമിതി ഉണ്ടാക്കി. ഒ. വി. വിജയന്റെ പ്രതിമ തകർത്ത പ്രതികളെ കണ്ടെത്തി സമൂഹമധ്യത്തിൽ കൊണ്ടുവരാനും, നാടിന് മാനഹാനി ഉണ്ടാക്കുന്ന, നമ്മുടെ സംസ്കാരത്തെ വെല്ലുവിളിക്കുന്ന, നമ്മുടെ അക്ഷര പാരമ്പര്യത്തിനെതിരെ ഭീഷണിയുയർത്തുന്ന ഇത്തരം ദുഷ്ടശക്തികളെ കണ്ടെത്തുന്നതിനും പ്രതികളെ എത്രയും പെട്ടെന്ന് പിടികൂടുന്നതിനും ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, ബഹുമാന്യനായ എം. പി. അബ്ദുസ്സമദ് സമദാനി മുന്നോട്ടുവച്ച ആവശ്യങ്ങളോട് ഗവൺമെന്റ് പൂർണ്ണമായും യോജിക്കുകയാണ്. സഭയുടെ പൊതുവികാരവും ഇതുതന്നെയാണ്. ഇവിടെ നേരത്തേ പറഞ്ഞതുപോലെ കേരള സംസ്കാരത്തിനെതിരെ നടന്ന കയ്യേറ്റമായാണ് ഗവൺമെന്റ് ഈ സംഭവത്തെ കാണുന്നത്. അക്ഷരകേരളത്തിന് ഒരിക്കലും പൊറുക്കാൻ കഴിയുന്ന പാതകമല്ല. അതുകൊണ്ട് ആ തെറ്റ് കാണിച്ച കുറ്റക്കാരെ കണ്ടെത്തുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കും. അതിന്, ഐ.പി.സി. 447, 427 എന്നീ വകുപ്പുകൾ പ്രകാരം 142/13 ആയി കോട്ടയ്ക്കൽ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. അതോടൊപ്പം അവിടെ ഏറ്റവും സ്വാഗതാർഹമായ കാര്യം ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനിയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട ആളുകളുടെ യോഗം കൂടുകയും ഈ പ്രശ്നം പരിഹരിക്കുന്നതിന് ആവശ്യമായിട്ടുള്ള തീരുമാനം എടുക്കുകയും ചെയ്തു. മുനിസിപ്പാലിറ്റിയുടെ അനുവാദം വാങ്ങിച്ചിട്ടില്ലെന്ന ഒരു ചെറിയ കാര്യമുണ്ടായിരുന്നു. അവർതന്നെ അത് sort out ചെയ്തു. അതുകൊണ്ട് അവർ എടുക്കുന്ന എല്ലാ നല്ല നിലപാടുകൾക്കും ഗവൺമെന്റ് പിന്തുണ കൊടുക്കുകയും പഴയതിനേക്കാൾ സംതൃപ്തിയോടുകൂടി ആ പ്രതിമ അനാച്ഛാദനം ചെയ്യുന്നതിനുള്ള അന്തരീക്ഷം ഉണ്ടാക്കുന്നതിനുവേണ്ടി എല്ലാ പിന്തുണയും ഗവൺമെന്റ് കൊടുക്കുകയും ചെയ്യും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## (8) സനൽരാജിന്റെ മരണം

ശ്രീ. കെ. ദാസൻ: സർ, കൊയിലാണ്ടി മണ്ഡലത്തിൽ പയ്യോളി, അയനിക്കാട് ഡി.വൈ.എഫ്.ഐ.യുടെ പ്രവർത്തകൻ സനൽരാജ് ഇക്കഴിഞ്ഞ ഫെബ്രുവരി 25ന് മരണപ്പെട്ടത് സംബന്ധിച്ച സാഹചര്യങ്ങളും അതിനിടയാക്കിയ സംഭവങ്ങളും സംബന്ധിച്ച് വളരെ ഗൗരവതരമായ ഒരന്വേഷണം ഉണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. അയനിക്കാട്; ചൊറിയഞ്ചാലിൽ സി. സി. രാജന്റെ മകനായ സനൽരാജ് ഓട്ടോറിക്ഷാ ഡ്രൈവറായിരുന്നു. നല്ല നിലയിൽ തൊഴിൽ ചെയ്ത് സമാധാനപരമായി ജീവിച്ചുവരികയായിരുന്ന ഈ ചെറുപ്പക്കാരനെ പയ്യോളിയിലെ ബി.ജെ.പി. പ്രവർത്തകനായിരുന്ന മനോജ് മരണപ്പെട്ട സംഭവുമായി ബന്ധപ്പെട്ട് പോലീസ് ക്രൈം നമ്പർ 84/12 കേസ്സിൽ കസ്റ്റഡിയിലെടുത്ത് സ്റ്റേഷനിൽ വച്ച് മർദ്ദിക്കുകയും ചെയ്തുവെന്ന് സനൽരാജിന്റെ പിതാവ് പരാതിപ്പെട്ടിട്ടുണ്ട്. സനൽരാജ് മരണപ്പെട്ടതിൽ ദുരൂഹതയുണ്ടെന്നും സനൽരാജ് മരിച്ചത് പോലീസിന്റെയും പയ്യോളി പ്രദേശത്തെ ആർ.എസ്.എസ്. പ്രവർത്തകരുടെയും പീഡനം മൂലമാണെന്നും നിരന്തരം അദ്ദേഹത്തെ ഭീഷണിപ്പെടുത്തുകയും അദ്ദേഹത്തിന്റെ ഓട്ടോറിക്ഷ കത്തിക്കുകയും ചെയ്തിരുന്നുവെന്നും ആക്ഷേപം ഉയർന്നിട്ടുണ്ട്. 2012 ആഗസ്റ്റ് 14-ന് രാവിലെ സൈക്കിളിൽ വരുമ്പോൾ സനൽരാജിനെ പുത്തൻചാലിൽ രാജീവൻ, പുത്തൻചാലിൽ വാസു മകൻ റിനീഷ് എന്ന റിങ്കു, കാളിദാസൻ, സേവാഭാരതി ആംബുലൻസിലെ ഡ്രൈവർ രൂപേഷ് എന്നിവർ ചേർന്ന് ആക്രമിച്ചിട്ടുണ്ടെന്നും സനൽരാജിന്റെ അച്ഛൻ രാജൻ നൽകിയ പരാതിയിൽ പറയുന്നുണ്ട്. ബി.ജെ.പി. പ്രവർത്തകനായ രാജീവൻ, കമ്പിവളപ്പിൽ സന്തോഷ് എന്നിവർ സനൽരാജിനെ നിരന്തരം ഭീഷണിപ്പെടുത്തുന്നത് സനൽരാജ് തന്നെ പോലീസിനെ അറിയിച്ചിട്ടും ഒരു നടപടിയും ഉണ്ടായിട്ടില്ല. മനോജ് വധക്കേസിൽ പുനരന്വേഷണം പ്രഖ്യാപിച്ചതിനുശേഷം ക്രൈംബ്രാഞ്ച് നിരന്തരം സനൽരാജിനെ വിളിപ്പിക്കുകയും പീഡിപ്പിക്കുകയും ചെയ്തിട്ടുണ്ടെന്ന് സനൽരാജിന്റെ പിതാവ് രാജൻ നൽകിയ പരാതിയിൽ പറയുന്നുണ്ട്. സി.പി.എം. നേതൃത്വത്തിനെതിരായി കള്ളമൊഴി നൽകാൻ പോലീസ് പ്രേരിപ്പിച്ചതായും വെള്ളക്കടലാസിൽ ഒപ്പിടീപ്പിച്ചതായും പരാതി ഉയർന്നുവന്നിട്ടുണ്ട്. പോലീസും ആർ.എസ്.എസ്. പ്രവർത്തകരും ചേർന്ന് തന്നെ വധിക്കുമെന്ന് നിരന്തരം ഭീഷണിപ്പെടുത്തുന്നതായി സനൽരാജ് തന്റെ സുഹൃത്തുക്കളോട് പറഞ്ഞിട്ടുണ്ട്. സനൽരാജ് മരണപ്പെട്ടതിനുശേഷവും ഈ വസ്തുതകളെല്ലാം സനൽരാജിന്റെ മാതാപിതാക്കളും സുഹൃത്തുക്കളും വിശദീകരിക്കുന്നുണ്ട്. നിരപരാധിയായ ഒരു ചെറുപ്പക്കാരൻ പീഡനംമൂലം മരണപ്പെട്ടത് സംബന്ധിച്ച് ഇത് കൊലപാതകമാണെന്ന സംശയം നിലനിൽക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ വിശദമായ ഒരന്വേഷണം നടത്തി കുറ്റവാളികൾക്കെതിരെ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, സനൽരാജ് 25-2-2013 പുലർച്ചെ അയനിക്കാട് എന്ന സ്ഥലത്ത് റെയിൽവേ ട്രാക്കിൽവച്ച് ട്രെയിൻ തട്ടി മരണപ്പെടുകയുണ്ടായി. അതിന് സനൽരാജിന്റെ ചെറിയച്ഛനായ രവീന്ദ്രന്റെ പരാതി പ്രകാരം പയ്യോളി പോലീസ് സ്റ്റേഷനിൽ ക്രൈം 160/13 ആയി അസ്വാഭാവിക മരണത്തിന് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

മൃതദേഹം പോസ്റ്റുമോർട്ടം നടത്തിയ കോഴിക്കോട് മെഡിക്കൽ കോളേജിലെ ഡോക്ടറും ട്രെയിൻതട്ടി തലയ്ക്കേറ്റ പരിക്കുമൂലമാണ് സനൽരാജ് മരിച്ചതെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. 25-2-2013 പുലർച്ചെ 12.15-ന് ട്രെയിൻ പയ്യോളി റെയിൽവേ സ്റ്റേഷൻ കഴിഞ്ഞപ്പോൾ 'പാളത്തിന്റെ വലതുഭാഗത്ത് ഒരാൾ ട്രാക്കിൽ' തലവച്ചും ബോഡിഭാഗം ട്രാക്കിന് പുറത്തായും കിടക്കുന്നത് കണ്ടുവെന്നും ആ സമയം ട്രെയിൻ 100-105 കി.മീ. വേഗത്തിലായിരുന്നതിനാൽ ട്രാക്കിൽ കിടന്ന ആളിനെ തട്ടിയശേഷം ഒരു കിലോമീറ്റർ കഴിഞ്ഞാണ് നിന്നതെന്നും ചെന്നൈ മംഗലാപുരം വെസ്റ്റ് കോസ്റ്റ് എക്സ്പ്രസ്സ് ട്രെയിനിന്റെ ഡ്രൈവർ മൊഴി നൽകിയിട്ടുണ്ട്. പയ്യോളിയിലെ ബി.ജെ.പി. പ്രവർത്തകനായ മനോജ് കൊല്ലപ്പെട്ടത് സംബന്ധിച്ച് സനൽരാജിന് ഭീഷണി ഉണ്ടായിരുന്നതായും അതിലുള്ള വിഷമത്താൽ മരിച്ചതാകാമെന്നും മൃതദേഹത്തിന്റെ ഇൻക്വസ്റ്റ് വേളയിൽ ഹാജരായ സാക്ഷികൾ മൊഴി നൽകിയിട്ടുണ്ട്. സനൽരാജ് മരിച്ചത് സംബന്ധിച്ച കേസ് പയ്യോളി എസ്.ഐ. അന്വേഷിച്ച് വരവെ മരണത്തിൽ ദുരൂഹതയുണ്ടെന്ന് ആരോപിച്ച് പിതാവ് ശ്രീ. സി. സി. രാജൻ ജില്ലാ പോലീസ് മേധാവിക്ക് ഒരു പരാതി നൽകിയിട്ടുണ്ട്. ആ പരാതിയിൽ ടി കേസുകളുടെ സമഗ്രമായ അന്വേഷണത്തിനായി 15-3-2013-ന് കോഴിക്കോട് റൂറൽ ക്രൈം ഡിറ്റാച്ച്മെന്റ് ഡിവൈ.എസ്.പി.ക്ക് അന്വേഷണം കൈമാറാൻ ഉത്തരവായിട്ടുണ്ട്.

## (9) ട്രാഫിക് പരിഷ്കരണം

ശ്രീമതി ഗീതാ ഗോപി: സർ, ഏകദേശം മൂന്ന് മാസംമുമ്പ് തൃശ്ശൂർ നഗരത്തിൽ പ്രാവർത്തികമാക്കിയ ട്രാഫിക് പരിഷ്ക്കരണം ജനങ്ങൾക്ക് വലിയ ദുരിതമായി മാറിയിരിക്കുകയാണ്. കൊടുങ്ങല്ലൂർ, ഇരിങ്ങാലക്കുട, തൃപ്രയാർ ഭാഗങ്ങളിൽനിന്ന് ചേർപ്പ്-പെരുമ്പിള്ളിശ്ശേരി വഴി തൃശ്ശൂരിലേക്ക് സർവ്വീസ് നടത്തുന്ന ബസ്സുകൾക്ക് ഇപ്പോൾ നഗരത്തിൽ പ്രവേശനം നിഷേധിച്ചിരിക്കുകയാണ്. ബസ്സുകൾ സ്വരാജ് റൗണ്ടിൽ പ്രവേശിക്കുന്നത് വിലക്കി നേരെ ശക്തൻ സ്റ്റാന്റിലേക്ക് തിരിച്ചുവിടുകയാണ് ചെയ്യുന്നത്. തന്മൂലം നഗരത്തിന്റെ മറ്റ് ഭാഗങ്ങളിലേക്ക് എത്തിച്ചേരേണ്ട യാത്രക്കാർക്ക് ഓട്ടോറിക്ഷാ ചാർജ് ഉൾപ്പെടെ വലിയ സാമ്പത്തിക ബാദ്ധ്യതയാണ് വഹിക്കേണ്ടിവരുന്നത്. കൂടാതെ വൻസമയനഷ്ടവുമുണ്ടാകുന്നു. ജനങ്ങളെ കഷ്ടപ്പെടുത്തുന്ന ഇപ്പോഴത്തെ ട്രാഫിക് പരിഷ്കരണം ജില്ലയിലെ ജനപ്രതിനിധികളുമായി ചർച്ച ചെയ്യാതെ ഉദ്യോഗസ്ഥതലത്തിൽ മാത്രം ആലോചിച്ചാണ് നടപ്പിലാക്കിയിട്ടുള്ളത്. തൃശ്ശൂരിൽ ട്രാഫിക് പരിഷ്കരണ ഉപദേശക സമിതി നിലവിലില്ലെന്നാണ് അറിയുന്നത്. ഇപ്പോൾ നടപ്പിലാക്കിയിട്ടുള്ള ഈ ട്രാഫിക് പരിഷ്കരണത്തിൽ വന്നുചേർന്നിട്ടുള്ള അപാകതകൾ പരിഹരിക്കണമെന്ന് തൃശ്ശൂർ ജില്ലയിലെ വികസന സമിതി യോഗത്തിൽ ഞാനുൾപ്പെടെയുള്ള ജനപ്രതിനിധികൾ ഏകകണ്ഠമായി ആവശ്യപ്പെട്ടിട്ടും ജില്ലാഭരണകൂടം അനങ്ങാപ്പാറനയം തുടരുകയാണ്. ഇതുസംബന്ധിച്ച് വിവിധ ബഹുജന സംഘടനകൾ നടത്തിയ ഒട്ടേറെ സമരങ്ങൾ ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഈ സാഹചര്യത്തിൽ തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ, ഇരിങ്ങാലക്കുട, നാട്ടിക, കയ്പമംഗലം മുതലായ നിയോജകമണ്ഡലങ്ങളിലെ ലക്ഷക്കണക്കിന് ജനങ്ങളെ വളരെയധികം ദുരിതത്തിലാക്കുന്ന നിലവിലുള്ള ഈ ട്രാഫിക് പരിഷ്കരണം അങ്ങ് ഇടപെട്ട് അടിയന്തരമായി പുനഃക്രമീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.



LIBRARY ARCHIVES Kerala Legislative Assembly

[അദ്ധ്യക്ഷ വേദിയിൽ മി. സ്പീക്കർ]

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, ഈ കാര്യത്തെ സംബന്ധിച്ച് ശ്രീ. റ്റി. എൻ. പ്രതാപനും നേരത്തെ ഒരു പരാതി എനിക്ക് എഴുതിത്തന്നിട്ടുണ്ടായിരുന്നു. ശ്രീമതി ഗീതാ ഗോപി ഇവിടെ ഉന്നയിച്ച കാര്യത്തിൽ രണ്ട് പ്രധാനപ്പെട്ട പ്രശ്നങ്ങൾ വന്നു. സ്വരാജ് റൗണ്ടിൽ വണ്ടി കയറാൻ കഴിയുമോ ഇല്ലയോ എന്നുള്ളതാണ് പ്രശ്നം. അതിനുകാരണം രണ്ട് ആക്സിഡന്റ് മരണം ഈ റൗണ്ടിൽ ഉണ്ടായിട്ടുണ്ട്. ഒന്ന്, ഒരു ബസ്സിന്റെ അമിത വേഗതമൂലം സ്ക്കൂട്ടറുമായി കൂട്ടിയിടിച്ച് അതിദാരുണമായി കൊല്ലപ്പെട്ട സംഭവം. ബസ്സിൽ യാത്ര ചെയ്ത ഒരു യുവതി നായ്ക്കനാൽ എന്ന സ്ഥലത്തു വച്ച് ബസ്സിന്റെ അമിതവേഗതകൊണ്ട് മരണപ്പെടുകയുണ്ടായി. രണ്ട്, ഇവിടെ വന്ന ബസ്സ് വള്ളിക്കാട് ലൈനിനു സമീപം ഇടിച്ചുവീഴ്ത്തി ഷിജിത്ത് എന്ന ഒരു വ്യക്തികൂടി അതിദാരുണമായി മരണപ്പെട്ടു. അപ്പോൾ ജനങ്ങളിൽ വലിയൊരു പ്രക്ഷോഭമുണ്ടായി. ആ പ്രക്ഷോഭത്തിന്റെ മുമ്പിൽ മുൻനിര രാഷ്ട്രീയ കക്ഷികളാണ്. അതിൽ യൂത്ത് കോൺഗ്രസ്സും ഡി.വൈ.എഫ്.ഐ.-യും എ.ഐ.വൈ.എഫ്.ഉം എല്ലാ സംഘടനകളുമുണ്ട്. അവരെല്ലാംകൂടി നടത്തിയ ഒരു പ്രക്ഷോഭം ഇതിന്റെ ഭാഗമായി വന്നിട്ടുണ്ട്. ഇതിനിടയ്ക്ക് കമ്മിറ്റികൾ വിളിച്ചുകൂട്ടണമെന്ന ആവശ്യം മുന്നോട്ടുവച്ചു. അതിന്റെ അടിസ്ഥാനത്തിൽ 9-12-2012-ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒരു യോഗം അവിടെ വിളിച്ചുകൂട്ടുകയുണ്ടായി. പൊതുജനങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള നടപടി എടുക്കണമെന്ന് അവർ പറഞ്ഞിരുന്നു. കേരള പോലീസ് ആക്ടിലെ വകുപ്പ് 72 പ്രകാരം ചില നടപടികൾ തീരുമാനിക്കുകയും ചെയ്തു. ഈ പരിഷ്കാരങ്ങളുടെ ഭാഗമായി ചില ഭേദഗതികൾ വരുത്തി. ആ ഭേദഗതിയെക്കുറിച്ചാണ് ശ്രീമതി ഗീതാ ഗോപി ഒരു പരാതിയുടെ രൂപത്തിൽ സൂചിപ്പിച്ചിട്ടുള്ളത്. അതിൽ ഗവൺമെന്റിന്റെ നിലപാട് ഞാൻ അവസാനം പറയാം. ഇതു പ്രകാരമുള്ള പരിഷ്കാരങ്ങൾ 11-12-2012 മുതൽ നടപ്പിലാക്കി. എല്ലാ വിഭാഗം ജനങ്ങളും പത്രമാധ്യമങ്ങളും ഇതിനെ ആദ്യതലത്തിൽതന്നെ മുക്തകണ്ഠം പ്രശംസിച്ചു കൊണ്ടുള്ള റിപ്പോർട്ടുകൾ നമുക്ക് ലഭിച്ചിട്ടുണ്ട്. കൂടാതെ 15-12-2012-ന് ഈ തീരുമാനങ്ങൾ ചർച്ച ചെയ്യുന്നതിനുവേണ്ടി കോർപ്പറേഷൻ കൗൺസിൽ ഹാളിൽ ഒരു പ്രത്യേക യോഗം ചേരുകയുണ്ടായി. എല്ലാ ജനപ്രതിനിധികളോടും ആലോചിച്ചില്ല എന്നുപറയുന്നത് ശരിയല്ല. ഈ യോഗത്തിൽ ജനപ്രതിനിധികളായിട്ടുള്ള ആളുകൾ പങ്കെടുത്തിരുന്നു. തൃശ്ശൂർ എം.എൽ.എ. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ, വിവിധ രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾ, മർച്ചന്റ്സ് അസോസിയേഷൻ, ടാക്സി-ഓട്ടോ-ബസ് ഓപ്പറേറ്റേഴ്സ് പ്രതിനിധികൾ, തുടങ്ങിയവരെല്ലാം ഈ യോഗത്തിൽ പങ്കെടുത്തിട്ടുണ്ട്. മീറ്റിംഗിൽ ഈ കാര്യങ്ങൾ വിശദമായി പഠിക്കുന്നതിനായി ഒരു വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തുകയും ആ വിദഗ്ദ്ധ സമിതി പരിശോധിച്ച് പോലീസ് കൈക്കൊണ്ട നടപടികൾ വളരെ ഫലപ്രദമാണെന്ന് അഭിപ്രായപ്പെടുകയും ചെയ്തു. അതിനിടെ പ്രൈവറ്റ് ബസ് ഓപ്പറേറ്റേഴ്സ്-ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചു. അവർ ഡബ്ല്യൂ.പി.സി. 31176/2012 പ്രകാരം ഒരു റിട്ട് പെറ്റീഷൻ കൊടുക്കുകയും ഹൈക്കോടതി ഇക്കാര്യത്തിൽ ഇടപെടുകയും തൃശ്ശൂർ ജില്ലാ കളക്ടറേറ്റിൽ ആർ.ടി.എ. മീറ്റിംഗ് കൂടി തൃശ്ശൂർ-തൃപ്രയാർ റൂട്ടിലെ പ്രശ്നം പരിശോധിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം ഇക്കാര്യത്തിൽ കളക്ടർ മീറ്റിംഗ് വിളിച്ചുകൂട്ടുകയും ഉചിതമായ നടപടികൾ സ്വീകരിച്ച് വരികയുമാണ്. തൃശ്ശൂർ-തൃപ്രയാർ റൂട്ട് മാറ്റിയതിൽ അൽപ്പം ബുദ്ധിമുട്ട് അനുഭവിക്കുന്നത് യാത്രക്കാരാണ്. ഒരു ബസ്സിൽനിന്ന് അടുത്ത ബസ്സിൽ കയറുമ്പോൾ അവർക്ക് ആറ് രൂപ അധികമായി ചെലവഴിക്കേണ്ടി വരുന്നുണ്ട്. കളക്ടർ മുൻകയ്യെടുത്ത് അവിടെ സിറ്റി ബസ് സർവ്വീസ് തുടങ്ങുന്നതിനുള്ള ആലോചന സജീവമായ പരിഗണനയിലാണ്. നേട്ടങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ യാത്രക്കാരുടെ ബുദ്ധിമുട്ടുകൾ പരിമിതമാണ്. വീണ്ടും ബസ്സുകൾ സ്വരാജ് റൗണ്ടിലേക്ക് പ്രവേശിച്ചാൽ അപകട സാധ്യത വളരെ കൂടുതലാണ്. പോലീസ് നിയമപ്രകാരം കൈക്കൊണ്ട നടപടികൾ പൊതുജനങ്ങളും തൃശ്ശൂരിലെ ജനപ്രതിനിധികളും പത്രമാധ്യമങ്ങളും തുറന്ന മനസ്സോടെ സ്വീകരിച്ചതായുള്ള റിപ്പോർട്ടുകളാണ് എനിക്ക് ലഭിച്ചത്. പൊതുജനങ്ങളുടെ സുരക്ഷിതത്വം മുൻനിർത്തി ശ്രീമതി ഗീതാ ഗോപിയും ശ്രീ. റ്റി. എൻ. പ്രതാപനും ഇപ്പോൾ ഈ സഭയിൽ ഉന്നയിച്ച വികാരംകൂടി ഉൾക്കൊള്ളിച്ചുകൊണ്ട് ഇക്കാര്യത്തിൽ എന്തെല്ലാം ചെയ്യാൻ സാധിക്കും എന്നതിനെക്കുറിച്ച് ഗവൺമെന്റ് ഒരിക്കൽക്കൂടി പരിശോധിക്കാം. നമുക്ക് ഒരു താൽപ്പര്യം മാത്രമേയുള്ളൂ. ഒന്നാമതായി സ്വരാജ് റൗണ്ടിലുണ്ടാകുന്ന ആക്സിഡന്റുകൾ ഒഴിവാക്കണം. രണ്ട്, ജനങ്ങൾക്കുണ്ടാകുന്ന അസൗകര്യം മാറണം. ഈ രണ്ട് വിഷയത്തിനും പരിഹാരമുണ്ടാക്കാൻ സാധിക്കുന്ന വിധത്തിൽ പ്രായോഗികമായ ഒരു നിർദ്ദേശം തൃശ്ശൂരിൽനിന്ന് ലഭിക്കണം. അതുകൊണ്ട് തൃശ്ശൂർ ജില്ലയിലെ എം.എൽ.എ.മാർ അവിടത്തെ മറ്റ് ജനപ്രതിനിധികൾ എന്നിവരുടെയെല്ലാം പൊതുവികാരം അറിഞ്ഞശേഷം ഒരു അഭിപ്രായം അറിയിക്കുന്നതിനുവേണ്ടി നിർദ്ദേശിക്കുന്നതാണ്.

## (10) ഫയർ സ്റ്റേഷൻ

ശ്രീ. വി. റ്റി. ബൽറാം: സർ, അഗ്നിബാധമൂലമുള്ള അപകടങ്ങൾ അടിക്കടിയുണ്ടാകുന്ന ഒരു പ്രദേശമാണ് തൃത്താല. കഴിഞ്ഞ ദിവസം പാലക്കാട് ജില്ലയിലാണ് ഒരു വലിയ പടക്കശാലയ്ക്ക് തീപിടിച്ച് ഗുരുതരമായ അപകടമുണ്ടായത്. കുറച്ച് മാസങ്ങൾക്കുമുമ്പ് ത്രാങ്ങാലിയിൽ ഇതിനുസമാനമായ അപകടമുണ്ടായി. അതിനുമുമ്പ് വലിയ രീതിയിലുള്ള വെടിക്കെട്ട് അപകടമുണ്ടായത് തൃത്താലയിലെ മുടവന്നൂരിലാണ്. ഇത്തരത്തിലുള്ള വെടിക്കെട്ട് അപകടങ്ങൾ ഒരുഭാഗത്ത് നടക്കുമ്പോൾ മറുഭാഗത്ത് മറ്റ് തരത്തിലുള്ള തീപിടിത്തം വ്യാപകമായി നടക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ ആനക്കരയിൽ 11-4-2012-ൽ ഒരു ടയർ വ്യാപാര കേന്ദ്രത്തിൽ അഗ്നിബാധയുണ്ടായപ്പോൾ കടയുടമയുടെ കുഞ്ഞുങ്ങളടക്കമുള്ള മൂന്ന് പേരാണ് മരണപ്പെട്ടത്. അതിൽ ഒരു കുട്ടിക്ക് പതിനൊന്ന് വയസ്സും മറ്റേ കുട്ടിക്ക് ഏഴ് വയസ്സുമായിരുന്നു. അതിന് ഏതാനും മാസങ്ങൾക്കുമുമ്പ് പടിഞ്ഞാറങ്ങാടിയിൽ ഒരു പെയിന്റ് കടയിൽ തീപിടിച്ച് ലക്ഷക്കണക്കിന് രൂപയുടെ നാശനഷ്ടമുണ്ടായി. ഇത്തരത്തിലുള്ള നിരവധി അപകടങ്ങൾ ആ പ്രദേശത്ത് ആവർത്തിക്കുകയാണ്. പ്രത്യേകിച്ച് കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി ഏറ്റവും കൂടുതൽ ചൂടുള്ള പ്രദേശമായി പാലക്കാട് ജില്ല മാറുകയാണ്. പച്ച മരങ്ങൾപോലും നിന്നുകത്തുന്ന കാഴ്ച

LIBRARY ARCHIVES Kerala Legislative Assembly

ദൃശ്യ-മാധ്യമങ്ങളിലൂടെ നമ്മൾ കാണുകയാണ്. ഇത്തരത്തിലുള്ള അപകട സാധ്യത വളരെയധികം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ തൃത്താല നിയോജകമണ്ഡലത്തിലെ പടിഞ്ഞാറങ്ങാടി കേന്ദ്രീകരിച്ച് ഒരു ഫയർ സ്റ്റേഷൻ അനുവദിക്കണമെന്നുള്ളതാണ് എന്റെ അഭ്യർത്ഥന. ബഡ്ജറ്റിൽ ഇത്തരത്തിലൊരു പ്രഖ്യാപനം പ്രതീക്ഷിച്ചിരുന്നെങ്കിലും നിരാശാജനകമായി അത് ഉണ്ടായില്ലെന്നു കൂടി ഇവിടെ സൂചിപ്പിക്കുകയാണ്. ബഡ്ജറ്റിന്റെ മറുപടി പറയുന്ന വേളയിൽ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഇക്കാര്യത്തിൽ ഒരു അനുകൂലമായ തീരുമാനം കൈക്കൊള്ളണം. കൂടാതെ അങ്ങയുടെ വകുപ്പിലെ ഒരു പദ്ധതി എന്നുള്ള നിലയിൽ അത് പ്രഖ്യാപിക്കാനുള്ള നടപടി ഉണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. തീപിടിത്തം മാത്രമല്ല, ഭാരതപ്പുഴ കേന്ദ്രീകരിച്ച് വെള്ളിയാങ്കല്ല് റിസർവോയറിൽ ആളുകൾ മുങ്ങിമരിക്കുന്ന സാഹചര്യവും അടിക്കടി ഉണ്ടാകുന്നുണ്ട്. തീപിടിത്തം മൂലമുള്ള അപകടങ്ങൾ, അതുപോലെ തന്നെ മുങ്ങിമരണം ഇതെല്ലാം അടിക്കടി ആവർത്തിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ തൃത്താലയിൽ ഫയർ സ്റ്റേഷൻ വളരെ വലിയൊരു ആവശ്യമാണ്. അങ്ങ് ഇത് അംഗീകരിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, ശ്രീ. വി. റ്റി. ബൽറാം പറഞ്ഞതിൽ വളരെ പ്രധാനപ്പെട്ട ഒരു വിഷയമുണ്ട്. തൃത്താലയിൽ അപകടമുണ്ടായാൽ ഒരു ഫയർ എഞ്ചിൻ അവിടെ എത്തുന്നതിന് 20 കിലോമീറ്റർ ദൂരം പിന്നിടണം. തൃത്താലയിൽ ഫയർസ്റ്റേഷൻ വരാതിരിക്കാനുള്ള പ്രധാനപ്പെട്ട കാരണം അവിടെ ആവശ്യമുള്ള സ്ഥലവും കെട്ടിടവും ഇല്ലായെന്നുള്ളതാണ്. ആവശ്യമുള്ള സ്ഥലവും കെട്ടിടവും നൽകാമെന്നുള്ള ഒരു തീരുമാനം വന്നാൽ പ്രയോറിറ്റികൂടി പരിശോധിച്ചതിനുശേഷം ഗവൺമെന്റിന് ചെയ്യാൻ സാധിക്കുന്ന എല്ലാ സഹായങ്ങളും ചെയ്യുന്നതാണ്.

### (11) വാഹനപരിശോധനയുടെ ഫലമായുള്ള അപകടങ്ങൾ

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : സർ, പ്രധാനമായും ഇരുചക്ര വാഹന പരിശോധനയുടെ പേരിൽ കേരളത്തിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന വാഹന പരിശോധന അപമാനകരമായ ഒരു സ്ഥിതിവിശേഷമാണ്. വാഹന പരിശോധനയുടെ പേരിൽ സംസ്ഥാനത്താകെ പോലീസ് നടത്തിക്കൊണ്ടിരിക്കുന്ന ഇത്തരം അപരിഷ്കൃതമായ രീതികൾ ആധുനിക സമൂഹത്തിന് അംഗീകരിക്കാൻ സാധിക്കാത്ത ഒന്നായി മാറിയിരിക്കുകയാണ്. ഇവിടെ ഒരു കാടത്തമാണ് നടക്കുന്നത്. വാഹന പരിശോധന, ഹെൽമറ്റ് വേട്ട, വേഗത പരിശോധന എന്നിവയുടെയെല്ലാം മറവിൽ നടക്കുന്നത് ഒരിക്കലും അംഗീകരിക്കാൻ സാധിക്കാത്ത ചില പ്രവണതകളാണ്. കഴിഞ്ഞ ദിവസം കോഴിക്കോട് രണ്ട് യുവാക്കളുടെ മരണം ഇതിന്റെ ഭാഗമായി സംഭവിക്കുകയുണ്ടായി. കേരളത്തിൽ ഇത് ആദ്യത്തെ സംഭവമല്ല. പോലീസ് ഉദ്യോഗസ്ഥരുടെ അധികാരം പ്രകടിപ്പിക്കുവാനും പക വീട്ടാനുള്ള അപൂർവ്വ അവസരമായിട്ടാണ് വാഹന പരിശോധനയെ ഇപ്പോൾ ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. ഒളിവിൽ മറഞ്ഞിരുന്ന് ശത്രുവിന്റെ മേൽ ചാടി വീഴുന്ന വേട്ടക്കാരന്റെ മനോഭാവത്തോടുകൂടി കേരളത്തിലെ പ്രധാനപ്പെട്ട റോഡുകളുടെ സൈഡിൽ പോലീസ് ഉദ്യോഗസ്ഥർ കാത്തുനിൽക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇത്തരം മനോഭാവത്തോടുകൂടിയുള്ള വാഹന പരിശോധന അടിയന്തരമായി അവസാനിപ്പിക്കാൻ സർക്കാർ തയ്യാറാകണം. മെട്രോപൊളിറ്റൻ നഗരങ്ങൾ, വിദേശ രാഷ്ട്രങ്ങൾ എന്നിവിടങ്ങളിലെല്ലാം നിയമവിരുദ്ധമായി വാഹന സവാരി നടത്തുന്നവരെ നിയമത്തിനുമുന്നിൽ കൊണ്ടുവരുന്ന രീതികളുണ്ട്. മരണംവരെ സംഭവിക്കുന്ന ഇത്തരം വേട്ടയാടലിലൂടെയല്ല, മാന്യവും ആധുനിക സമൂഹത്തിന് ചേർന്നതുമായ രീതികളിലൂടെയാണ് കുറ്റക്കാരെ നിയമത്തിന് മുന്നിൽ കൊണ്ടുവരേണ്ടത്. അത്തരം രീതികളെക്കുറിച്ച് പോലീസ് ഡിപ്പാർട്ടുമെന്റ് പരിശോധിക്കണം. നിയമം ലംഘിക്കുന്ന വാഹനങ്ങളുടെ രജിസ്ട്രേഷൻ നമ്പർ കളക്ട് ചെയ്യുകയും പിഴയും ശിക്ഷയും നൽകുകയും ചെയ്യുന്ന രീതി പല ആധുനിക സമൂഹങ്ങളിലും വിദേശ രാജ്യങ്ങളിലും മെട്രോപൊളിറ്റൻ നഗരങ്ങളിലുമുണ്ട്. ആധുനിക സമൂഹത്തിന് ഒരിക്കലും യോജിക്കാൻ സാധിക്കാത്തതും അപമര്യാദ നിറഞ്ഞതുമായ ഇത്തരം പീഡനങ്ങൾ അടിയന്തരമായി അവസാനിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം. ദമ്പതികൾ യാത്ര ചെയ്യുമ്പോൾപ്പോലും ഇത്തരം പീഡനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ആയതിനാൽ ഇതിനൊരു പുതിയ സംവിധാനം സർക്കാർ ഉണ്ടാക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, ഇവിടെ പ്രകടിപ്പിച്ച പൊതുവികാരത്തോട് ഞാൻ യോജിക്കുകയാണ്. പക്ഷേ ഇതിനൊരു മറുവശം കൂടിയുണ്ട്. വാഹന പരിശോധന പൂർണ്ണമായും നിരോധിക്കാൻ തീരുമാനിച്ചാൽ അക്രമ പ്രവർത്തനം നടത്തുന്നതിനും ആയുധം ശേഖരിക്കുന്നതിനുമുള്ള ഒരു കംപ്ലീറ്റ് ലൈസൻസായി അത് മാറും. നമ്മുടെ സമൂഹത്തിന് അങ്ങനെയൊരു ലൈസൻസ് നൽകാൻ സാധിക്കുമോ ? രണ്ടാമതായി, മദ്യപിച്ച് വാഹനമോടിക്കുന്നത് എങ്ങനെയാണ് ഉൾക്കൊള്ളാൻ സാധിക്കുന്നത്. എത്രയോ ആളുകളുടെ മരണത്തിലാണ് ഇത് കലാശിക്കുന്നത്. മദ്യപിച്ച് വാഹനമോടിക്കുന്നവർ മരിക്കുകയും അവർ കുറച്ച് ആളുകളെ കൊല്ലുകയും ചെയ്യും. ആയതിനാൽ വാഹന പരിശോധന വേണ്ടായെന്ന് പറയാൻ സാധിക്കുകയില്ല. ഹെൽമെറ്റ് ധരിച്ച് മാത്രമേ വാഹനം ഓടിക്കാവൂ എന്നുള്ള കോടതിയുടെ ഒരു വിധിയുണ്ട്. പക്ഷേ ചില ആളുകൾക്ക് ഇതിന് അസൗകര്യമുണ്ടാകുന്നുണ്ട്. ആയതിനാൽ ഇത് രണ്ടും തമ്മിൽ യോജിപ്പിക്കാൻ സാധിക്കുന്ന മാന്യമായ ഒരു പോയിന്റ് കണ്ടെത്തുക എന്നുള്ളതാണ് നമ്മുടെ ലക്ഷ്യം. ഗവൺമെന്റ് ഇക്കാര്യത്തിൽ വളരെ പോസിറ്റീവായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. ഇപ്പോൾ ഒരു പുതിയ പ്രൊപ്പോസൽ വരുന്നുണ്ട്. അത് ഫൈനൽ പ്രൊപ്പോസലാണെന്ന് ഞാൻ പറയുന്നില്ല. ഹെൽമെറ്റ് ധരിച്ച് വാഹനമോടിക്കുന്നവർക്കുമാത്രമേ പെട്രോൾ പമ്പിൽനിന്നും പെട്രോൾ നൽകുകയുള്ളൂ എന്ന ഒരു നിബന്ധന മറ്റ് ചില സംസ്ഥാനങ്ങളിലുണ്ട്. കേരളത്തിൽ ഇത് നടപ്പാക്കാൻ സാധിക്കുമോ എന്നതിനെക്കുറിച്ച് പരിശോധിക്കണമെന്നുള്ള ഒരു പൊതു പ്രൊപ്പോസൽ വന്നിട്ടുണ്ട്. രണ്ടാമതായി, ഒളിഞ്ഞിരുന്ന് വാഹന പരിശോധന നടത്തുന്നതിനുപകരം ക്യാമറ വച്ച് പരിശോധിക്കണം. കുറ്റകൃത്യം ചെയ്തതായി ക്യാമറയിൽ തെളിഞ്ഞാൽ അവർക്കെതിരെ നടപടി സ്വീകരിക്കാം. ഇത് രണ്ടും നടത്തിയാലും വാഹന പരിശോധന നടത്തിയില്ലെങ്കിൽ വാഹനത്തിനകത്ത് ആയുധം കൊണ്ടുപോകുന്നത് എങ്ങനെയാണ് തടയാൻ സാധിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ബംഗ്ളിച്ചോർ തിരുവനന്തപുരത്തു നിന്ന് ഒരു വണ്ടി മോഷ്ടിച്ചുകൊണ്ടുപോയി. വാഹന പരിശോധന നടത്തിയില്ലെങ്കിൽ എങ്ങനെയാണ് അയാളെ നമുക്ക് പിടിക്കാൻ സാധിക്കുന്നത് ? ഇപ്രകാരം പരിശോധിച്ചതുകൊണ്ടുതന്നെയാണ് അയാളെ പിടിക്കാൻ സാധിച്ചത്. ശ്രീ.പി. ശ്രീരാമകൃഷ്ണൻ, ഞാൻ വളരെ പോസിറ്റീവായിട്ടാണ് മറുപടി പറയുന്നത്. എന്റെ നിലപാട് നെഗറ്റീവല്ല. ഒരു കള്ളൻ ഇരുചക്രവാഹനത്തിൽ കയറരുതെന്ന് പറയാൻ നമുക്ക് സാധിക്കുമോ ? ആയതിനാൽ സംസ്ഥാനത്തിന്റെ സുരക്ഷ, മൂന്നരക്കോടി ജനങ്ങളുടെ സുരക്ഷ, നിയമസമാധാനപാലനം ഇതെല്ലാംകൂടി യോജിച്ചുകൊണ്ടുവേണം ഈ വിഷയം കൈകാര്യം ചെയ്യേണ്ടത്. അങ്ങനെ വരുമ്പോൾ ചില നിബന്ധനകൾ നമുക്ക് വേണ്ടിവരും. ഹെൽമെറ്റ് പരിശോധന സംബന്ധിച്ച ഇതര പ്രൊപ്പോസലുകൾ മറ്റ് ചില സംസ്ഥാനങ്ങളിലുണ്ട്. നമ്മളും ഇത്തരം കാര്യങ്ങളെക്കുറിച്ച് ഗൗരവമായി ആലോചിക്കണം. ഇത് ആരെയും വിഷമിപ്പിക്കുന്നതിനുവേണ്ടിയല്ല. ഇവിടെ എൺപത് ലക്ഷം വാഹനങ്ങളാണുള്ളത്. ഈ വാഹനങ്ങളെല്ലാം ഒരേ രൂപത്തിൽ നിരത്തിലിറങ്ങുമ്പോൾ നിരത്തിനുണ്ടാകുന്ന അസൗകര്യം നമുക്ക് ആലോചിക്കാവുന്നതേയുള്ളു. ഇവർ നിയമത്തിന് വിധേയരായി പോകണം. അതുകൊണ്ട് വാഹന പരിശോധനയേ വേണ്ട എന്ന സമീപനം ഒരു കാലത്തും ഒരു ഗവൺമെന്റിനും സ്വീകരിക്കാൻ സാധിക്കുന്നതല്ല. ഇത് ഒരു കാലഘട്ടത്തിലും ഉണ്ടായിട്ടില്ല. എല്ലാ ഗവൺമെന്റുകളും ഇക്കാര്യത്തിൽ നടപടിയെടുത്തിട്ടുണ്ട്. വാഹന പരിശോധന പരിഷ്കൃതമായിരിക്കണമെന്ന് ഇവിടെ ശ്രീ. പി. ശ്രീരാമകൃഷ്ണൻ പറഞ്ഞ പോയിന്റ് ഞാൻ പോസിറ്റീവായി എടുക്കുകയാണ്. അതിന് എന്തൊക്കെ ചെയ്യാൻ സാധിക്കും എന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നതാണ്. ഇക്കാര്യത്തിൽ ഗവൺമെന്റ് ഒരിക്കലും നെഗറ്റീവായ സമീപനം സ്വീകരിക്കുകയില്ല. അത് പോസിറ്റീവായി ചെയ്യണമെന്നതാണ് ഗവൺമെന്റിന്റെ തീരുമാനം. തലവേദനയുണ്ടെന്നുകരുതി തല വെട്ടിക്കളയാൻ സാധിക്കുമോ ? ഇവിടെ നിയമം നിയമമായിത്തന്നെ പോകണമെന്നും അതേസമയം അത് നടപ്പാക്കുന്നതിൽ എന്തെങ്കിലും അപാകതയുണ്ടെങ്കിൽ അത് പരിശോധിക്കണമെന്നുമാണ് ഗവൺമെന്റിന്റെ സ്റ്റാൻഡ്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി, കാറിലും പ്രത്യേകിച്ച് ടു വീലറുകളിൽ മൊബൈലിൽ സംസാരിച്ചുകൊണ്ട് പാഞ്ഞുപോകുന്ന സംവിധാനം നമ്മുടെ നഗരങ്ങളിൽ ധാരാളമുണ്ട്. അതുകൂടി പ്രത്യേകമായി പരിശോധിക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, അങ്ങ് പറഞ്ഞത് നൂറ് ശതമാനവും കറക്ടാണ്. അതിനുവേണ്ടി കൈകാണിച്ചാൽ നിറുത്തണ്ടേ ? ഇപ്രകാരം ചെയ്യരുതെന്നാണ് ഇപ്പോൾ ചോദിച്ചതിന്റെ സൂചനപോലെ വരുന്നത്. അദ്ദേഹം ആ രൂപത്തിൽ പറഞ്ഞു എന്ന് ഞാൻ പറയുന്നില്ല. വാഹന പരിശോധനയേ വേണ്ട എന്നുള്ള രൂപത്തിലാക്കാൻ സാധിക്കുമോ ? അങ്ങ് കൂടി യോജിക്കുന്ന കാര്യത്തിലാണ് ഗവൺമെന്റ് നിൽക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

## (12) കാർഷിക മേഖലയിലെ പ്രതിസന്ധി

ശ്രീ. സി. ദിവാകരൻ : സർ, കേരളത്തിലെ കാർഷിക മേഖല ദീർഘകാലമായി ഗുരുതരമായ പ്രതിസന്ധിയിലാണ്. അതിപ്പോൾ മൂർച്ഛിച്ചിരിക്കുകയാണ്.
[11.30 A.M.] കാലാവസ്ഥാ വ്യതിയാനം, കാർഷിക മേഖലയിൽ വന്നിട്ടുള്ള വരൾച്ച, ജലസേചന പദ്ധതികളുടെ പരാജയം, കാർഷിക വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്ത അവസ്ഥ, കാർഷിക വായ്പയുടെ പലിശ തിരിച്ചടയ്ക്കാൻ കഴിയാത്ത അവസ്ഥ തുടങ്ങിയവ കർഷക കുടുംബങ്ങളെ വേട്ടയാടുകയാണ്. മുൻ കാലഘട്ടങ്ങളിൽ കർഷകർ എടുത്തിട്ടുള്ള വായ്പകൾ തിരിച്ചടയ്ക്കാൻ സാധിക്കാത്തതിന്റെ പേരിൽ റവന്യൂ റിക്കവറി നടപടികൾ നടക്കുകയാണ്. കേരളത്തിൽ വീണ്ടും കർഷക ആത്മഹത്യകൾ ഉണ്ടാകുമെന്നതിന്റെ സൂചനയാണ് കാണുന്നത്. അതിന് പരിഹാരം കാണണമെന്നാവശ്യപ്പെട്ടുകൊണ്ട് കേരളത്തിലെ വലിയൊരു വിഭാഗം കർഷകർ ഇപ്പോൾ സത്യാഗ്രഹം നടത്തിക്കൊണ്ടിരിക്കുകയാണ്. സാങ്കേതികത്വമൊന്നും പറയാതെ കേരളത്തിലെ കൃഷിക്കാരെ സഹായിക്കാനും അവർക്ക് പ്രത്യേകമായ സാമ്പത്തിക സഹായം നൽകാനും കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി കേരളത്തിനുവേണ്ടി പ്രത്യേകമായൊരു പാക്കേജ് നേടിയെടുക്കാനും ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയും മറ്റ് മന്ത്രിമാരും മുഖ്യമന്ത്രിയും മുൻകൈയെടുക്കണം. കാരണം, കേരളത്തിലെ വരൾച്ച അത്യന്തം ഗുരുതരമാണ്. കൃഷിക്കാരും അവരുടെ കുടുംബങ്ങളുമാണ് അതിന്റെ ഇരകളാകുന്നത്. ഈ വിഷയത്തിൽ കാലതാമസം വരുത്താതെ അടിയന്തരമായി ഗവൺമെന്റ് ഇടപെട്ട് ആവശ്യമായ ആശ്വാസ നടപടികൾ സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, അതീവ ഗുരുതരമായൊരു പ്രശ്നം തന്നെയാണ് മുൻമന്ത്രികൂടിയായ ബഹുമാനപ്പെട്ട സി. ദിവാകരൻ ഇവിടെ സൂചിപ്പിച്ചത്. കേരളം ഈ സാമ്പത്തിക വർഷത്തിൽ അതിരൂക്ഷമായ വരൾച്ച നേരിടുകയാണ്. വിവിധ ജില്ലകളിൽ വിവിധ രീതിയിലാണ് ദുരന്തം കാണുന്നത്. തെക്കുപടിഞ്ഞാറൻ കാലവർഷവും വടക്കുകിഴക്കൻ കാലവർഷവും കുറഞ്ഞതിന്റെ ഫലമായി സംസ്ഥാനത്ത് വളരെയധികം ജലദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്. ഇത് നമ്മുടെ കാർഷികമേഖലയെ രൂക്ഷമായി ബാധിച്ചിട്ടുണ്ട്. ദീർഘകാല വിളകൾക്ക് ഇതുകൊണ്ടുണ്ടാകുന്ന ദോഷം വരുംവർഷങ്ങളിൽ മാത്രമേ കൃത്യമായി കണക്കാക്കാൻ സാധിക്കുകയുള്ളൂ. ഉപ്പുവെള്ളം കയറിയതിനാലും മഴ ലഭിക്കാത്തതിനാലും കോട്ടയം ജില്ലയിൽ ഏകദേശം 5000 ഹെക്ടർ നെൽപ്പാടം നശിച്ചിരിക്കുകയാണ്. അവിടത്തെ കർഷകരുടെ ആവശ്യപ്രകാരം അടുത്ത കൃഷിയിറക്കുന്നതിനുവേണ്ടിയുള്ള നെൽവിത്ത് സൗജന്യമായി നൽകുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ട്. അത്തരത്തിലുള്ള കാര്യങ്ങൾ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ കൃഷിക്കാരെ സഹായിക്കുന്നതിനായി ഈ സർക്കാർ പല പദ്ധതികളും ആസൂത്രണം ചെയ്തുകഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ പ്രദേശങ്ങളേയും വരൾച്ചാബാധിത പ്രദേശമായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. കർഷകർ ബാങ്കുകളിൽ നിന്ന്

LIBRARY ARCHIVES Kerala Legislative Assembly

എടുത്തിട്ടുള്ള വായ്പകൾക്ക് ഒരു വർഷത്തെ മൊറട്ടോറിയം പ്രഖ്യാപിച്ചു കൊണ്ട് 15-2-2013-ൽ റവന്യൂ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട കെ. വി. വിജയദാസ് എം.എൽ.എ.-യുടെ ചോദ്യത്തിന് മറുപടിയായി റവന്യൂ വകുപ്പുമന്ത്രി ഇക്കാര്യങ്ങളെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ട്. ഇതിനുപുറമേ ഒരു ഹെക്ടറോ അതിനുതാഴെയോ ഭൂമിയുള്ള ചെറുകിട കർഷകർ സഹകരണ ബാങ്കുകൾവഴി എടുത്തിട്ടുള്ള കാർഷിക വായ്പകളുടെ പലിശയിനത്തിൽ കൊടുത്തുതീർക്കുവാനുള്ള കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൻകീഴിൽ അടയ്ക്കുന്നവരുടെ കാര്യത്തിൽ വായ്പ എഴുതിത്തള്ളാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ഒരു ഹെക്ടറോ അതിൽത്താഴെയോ ഭൂമിയുള്ള ചെറുകിട കർഷകർക്ക് ഇനിമുതൽ പലിശരഹിത വായ്പ സർക്കാർ ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാർ ഇതുവരെ സഹകരണ വാണിജ്യ ബാങ്കുകൾക്ക് നൽകിവരുന്ന ഇന്ററസ്റ്റ് സബ്‌വെൻഷൻ പദ്ധതി ഷെഡ്യൂൾഡ്-വാണിജ്യ ബാങ്കുകൾക്കും നൽകുന്നതാണ്. ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. ഇതിന്റെ പ്രയോജനം നമ്മുടെ കർഷകർക്കും ലഭ്യമാക്കുന്നതാണ്. വരൾച്ചയുടെ കാഠിന്യം പഠിച്ച് കേന്ദ്രസഹായം ലഭ്യമാക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സംഘം സംസ്ഥാനത്ത് പര്യടനം നടത്തിവരികയാണ്. ഇന്നലെയും ഇന്നും നാളെയുമായുള്ള സന്ദർശനം കഴിഞ്ഞ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരുമായി സംസ്ഥാനത്തെ രൂക്ഷമായ വരൾച്ചയെക്കുറിച്ച് ചർച്ച നടത്തുകയും കേന്ദ്രത്തിൽ നിന്ന് ഉദാരമായ സഹായം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ വേണ്ടിയുള്ള സമ്മർദ്ദം ചെലുത്തുന്നതുമാണ്. വരൾച്ചമൂലം കെടുതികളുണ്ടായി ദുരന്തം അനുഭവിക്കുന്ന കർഷകർക്ക് പലിശയിനത്തിൽ കൂടുതൽ ആശ്വാസ നടപടികൾ നൽകുകയെന്നത് ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്.

## VII മേശപ്പുറത്തുവച്ച കടലാസുകൾ

### (1) ലിസ്റ്റ് 1 പ്രകാരമുള്ള കടലാസ്സുകൾ

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ 2011-12-ലെ വാർഷിക റിപ്പോർട്ട്.

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു :

1. ജി.ഒ.(ആർറ്റി.)നമ്പർ 2381/2012/ഹോം. തീയതി 8-8-2012. (എസ്.ആർ.ഒ. നമ്പർ 595/2012)

2. ജി.ഒ.(ആർറ്റി.)നമ്പർ 149/2013/ജി.എ.ഡി. തീയതി 4-1-2013. (എസ്.ആർ.ഒ. നമ്പർ 8/2013)

3. നോട്ടിഫിക്കേഷൻ നമ്പർ 4055/എ1/12/ഇഎൻവിറ്റി തീയതി 7-1-2013 (എസ്.ആർ.ഒ. നമ്പർ 22/2013, 23/2013)

4. ജി.ഒ.(ആർറ്റി.)നമ്പർ 397/2013/ജി.എ.ഡി. തീയതി 15-1-2013. (എസ്.ആർ.ഒ. നമ്പർ 25/2013)

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ, താഴെപ്പറയുന്ന കടലാസ് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ജി.ഒ.(എംഎസ്.)നമ്പർ 472/2012/ആർ.ഡി. തീയതി 13-12-2012 (എസ്.ആർ.ഒ. നമ്പർ 3/2013)

പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

1. നോട്ടിഫിക്കേഷൻ നമ്പർ സി1/4532/12 തീയതി 1-12-2012.
2. നോട്ടിഫിക്കേഷൻ നമ്പർ ഡിഇവി/ബി1-23033/11 തീയതി 1-12-2012.
3. നോട്ടിഫിക്കേഷൻ നമ്പർ 23785/പി.എസ്/2012/എസ്‌സിഎസ്‌ടിഡിഡി(I) തീയതി 22-12-2012 (എസ്.ആർ.ഒ. നമ്പർ 882/2012)
4. നോട്ടിഫിക്കേഷൻ നമ്പർ 23785/പി.എസ്/2012/എസ്‌സിഎസ്‌ടിഡിഡി(II) തീയതി 22-12-2012. (എസ്.ആർ.ഒ. നമ്പർ 883/2012)
5. ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 2010-11-ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു :

ജി.ഒ.(പി)നമ്പർ 151/2012/എസ്‌സിഎസ്‌ടിഡിഡി. തീയതി 10-12-2012. (എസ്.ആർ.ഒ. നമ്പർ 852/2012)

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സർ, താഴെപ്പറയുന്ന കടലാസ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

ജി.ഒ(പി) നമ്പർ 9/2013/റ്റി.ഡി. തീയതി, 19-1-2013 (എസ്.ആർ.ഒ. നമ്പർ 45/2013)

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു :

1. ജി.ഒ.(പി)നമ്പർ 271/2012/റ്റി.ഡി. തീയതി, 31-12-2012. (എസ്.ആർ.ഒ. നമ്പർ 893/2012)
2. ജി.ഒ.(പി)നമ്പർ 2/2013/റ്റി.ഡി. തീയതി, 3-1-2013. (എസ്.ആർ.ഒ. നമ്പർ 6/2013)

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

1. നോട്ടിഫിക്കേഷൻ നമ്പർ 442/സി.ടി/2012/കെ.എസ്.ഇ.ആർ.സി തീയതി 1-1-2013



LIBRARY ARCHIVES Kerala Legislative Assembly

2. ജി.ഒ(പി) നമ്പർ 01/2013/ട്രാൻ തീയതി 15-1-2013 (എസ്.ആർ.ഒ. നമ്പർ 59/2013)

3. ജി.ഒ(പി) നമ്പർ 10/2013/ട്രാൻ തീയതി 12-2-2013 (എസ്.ആർ.ഒ. നമ്പർ 101/2013)

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു :

1. ജി.ഒ(പി) നമ്പർ 83/2012/ട്രാൻ തീയതി 6-12-2012 (എസ്.ആർ.ഒ. നമ്പർ 849/2012)

2. ജി.ഒ.(പി) നമ്പർ 86/2012/ട്രാൻ. തീയതി 7-12-2012 (എസ്.ആർ.ഒ. നമ്പർ 862/2012)

3. ജി.ഒ.(എംഎസ്.) നമ്പർ 29/2012/പി.ഡി. തീയതി 7-12-2012 (എസ്.ആർ.ഒ. നമ്പർ 863/2012) എസ്.ആർ.ഒ. നമ്പർ 780/2012-ന്റെ തിരുത്തൽ വിജ്ഞാപനം

4. ജി.ഒ.(പി) നമ്പർ 91/2012/ട്രാൻ. തീയതി 22-12-2012 (എസ്.ആർ.ഒ. നമ്പർ 894/2012)

5. ജി.ഒ.(എം.എസ്.) നമ്പർ 1/2013/പി.ഡി. തീയതി 11-1-2013 (എസ്.ആർ.ഒ. നമ്പർ 21/2013)

6. ജി.ഒ.(പി) നമ്പർ 02/2013/ട്രാൻ. തീയതി 15-1-2013 (എസ്.ആർ.ഒ. നമ്പർ 48/2013)

സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) : സർ, താഴെപ്പറയുന്ന കടലാസുകൾ മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രിക്കു വേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

1. ജി.ഒ.(പി) നമ്പർ 64/2012/എഫ് & പി.ഡി തീയതി 3-8-2012 (എസ്.ആർ.ഒ. നമ്പർ 552/2012) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

2. ജി.ഒ.(പി) നമ്പർ 01/2013/റ്റി.ഡി. തീയതി 3-1-2013 (എസ്.ആർ.ഒ. നമ്പർ 5/2013)

3. കേരള സ്റ്റേറ്റ് മാരിടൈം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 2009-10-ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു :

ജി.ഒ.(പി) നമ്പർ 262/2012/റ്റി.ഡി. തീയതി 12-12-2012 (എസ്.ആർ.ഒ. നമ്പർ 857/2012)

സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

1. ജി.ഒ.(പി) നമ്പർ 12/2013/കോ-ഓപ്പ്. തീയതി 19-1-2013 (എസ്.ആർ.ഒ. നമ്പർ 40/2013)

2. ജി.ഒ.(പി) നമ്പർ 11/2013/കോ-ഓപ്പ്. തീയതി 18-1-2013 (എസ്.ആർ.ഒ. നമ്പർ 60/2013)

3. ജി.ഒ.(പി) നമ്പർ 16/2013/കോ-ഓപ്പ്. തീയതി 29-1-2013 (എസ്.ആർ.ഒ. നമ്പർ 75/2013)

4. ജി.ഒ.(പി) നമ്പർ 17/2013/കോ-ഓപ്പ്. തീയതി 29-1-2013 (എസ്.ആർ.ഒ. നമ്പർ 76/2013)

5. ജി.ഒ.(പി) നമ്പർ 19/2013/കോ-ഓപ്പ്. തീയതി 2-2-2013 (എസ്.ആർ.ഒ. നമ്പർ 77/2013)

6. ജി.ഒ.(പി) നമ്പർ 22/2013/കോ-ഓപ്പ്. തീയതി 4-2-2013 (എസ്.ആർ.ഒ. നമ്പർ 92/2013)

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു :

1. ജി.ഒ.(പി) നമ്പർ 145/2012/കോ-ഓപ്പ്. തീയതി 19-12-2012 (എസ്.ആർ.ഒ. നമ്പർ 892/2012)

2. ജി.ഒ.(പി) നമ്പർ 02/2013/കോ-ഓപ്പ്. തീയതി 4-1-2013 (എസ്.ആർ.ഒ. നമ്പർ 7/2013)

3. ജി.ഒ.(പി) നമ്പർ 3/2013/കോ-ഓപ്പ്. തീയതി 4-1-2013 (എസ്.ആർ.ഒ. നമ്പർ 16/2013)

4. ജി.ഒ.(പി) നമ്പർ 09/2013/കോ-ഓപ്പ്. തീയതി 16-1-2013 (എസ്.ആർ.ഒ. നമ്പർ 27/2013)

5. ജി.ഒ.(പി) നമ്പർ 04/2013/കോ-ഓപ്പ്. തീയതി 7-1-2013 (എസ്.ആർ.ഒ. നമ്പർ 29/2013)

6. ജി.ഒ.(പി) നമ്പർ 08/2013/കോ-ഓപ്പ്. തീയതി 16-1-2013 (എസ്.ആർ.ഒ. നമ്പർ 49/2013)

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ജി.ഒ.(പി)നമ്പർ 10/2013/പി.ഡബ്ല്യു.ഡി തീയതി 22-1-2013 (എസ്.ആർ.ഒ. നമ്പർ 56/2013)

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു :

നോട്ടിഫിക്കേഷൻ നമ്പർ 3508/ജി2/07/പിഡബ്ല്യുഡി തീയതി 20-12-2012 (എസ്.ആർ.ഒ. നമ്പർ 881/2012)

LIBRARY ARCHIVES Kerala Legislative Assembly

വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ്കുമാർ) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ജി.ഒ.(പി)നമ്പർ 11/2013/ എഫ്&ഡബ്ല്യൂഎൽഡി തീയതി 29-1-2013 (എസ്.ആർ.ഒ. നമ്പർ 79/2013)

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു :

1. ജി.ഒ.(പി) നമ്പർ 116/2012/എഫ്&ഡബ്ല്യുഎൽഡി തീയതി 7-12-2012 (എസ്.ആർ.ഒ. നമ്പർ 851/2012)

2. ജി.ഒ.(പി) നമ്പർ 114/2012/എഫ്&ഡബ്ല്യുഎൽഡി തീയതി 1-12-2012 (എസ്.ആർ.ഒ. നമ്പർ 867/2012)

3. ജി.ഒ.(പി) നമ്പർ 120/2012/എഫ്&ഡബ്ല്യൂഎൽഡി തീയതി 28-12-2012 (എസ്.ആർ.ഒ. നമ്പർ 24/2013)

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

ജി.ഒ.(പി)നമ്പർ 01/2013/നോർക്ക തീയതി 29-1-2013 (എസ്.ആർ.ഒ. നമ്പർ 64/2013)

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

നോട്ടിഫിക്കേഷൻ നമ്പർ 18133/സിഎഡി.1/2012/ഡബ്ല്യൂആർഡി തീയതി 26-12-2012 (എസ്.ആർ.ഒ. നമ്പർ 886/2012)

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

1. ജി.ഒ.(ആർ.റ്റി)നമ്പർ 1843/2012/ഐ.ഡി. തീയതി 18-12-2012 (എസ്.ആർ.ഒ. നമ്പർ 4/2013) എസ്.ആർ.ഒ. നമ്പർ 462/2006-ന്റെ തിരുത്തൽ വിജ്ഞാപനം.

2. ജി.ഒ.(എം.എസ്)നമ്പർ 150/2012/ഐഡി. തീയതി 20-12-2012. (എസ്.ആർ.ഒ. നമ്പർ 13/2013)

3. ജി.ഒ.(പി)നമ്പർ 1/2013/ഐ.റ്റിഡി. തീയതി 16-1-2013. (എസ്.ആർ.ഒ. നമ്പർ 53/2013)

4. കേരള സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോർപ്പറേഷൻ (സിഡ്കോ) ലിമിറ്റഡിന്റെ 2007-08-ലെ വാർഷിക റിപ്പോർട്ടും കണക്കുകളും ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

LIBRARY ARCHIVES Kerala Legislative Assembly

5. ദി ട്രാവൻകൂർ - കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡിന്റെ 2011-12-ലെ വാർഷിക റിപ്പോർട്ട്

6. കേരള സ്റ്റേറ്റ് ഹാന്റ്ലൂം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 2010-11-ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

7. യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ 2010-11-ലെ വാർഷിക റിപ്പോർട്ടും കണക്കുകളും ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

1. കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2012 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റവന്യൂ വരവുകളിന്മേലുള്ളത് സംബന്ധിച്ച റിപ്പോർട്ട്.

2. കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2012 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ജനറൽ സോഷ്യൽ സെക്ടറുകളെക്കുറിച്ചുള്ള റിപ്പോർട്ട്.

3. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ 2009-10 വർഷത്തെ ഭരണ റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

4. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ 2010-11 വർഷത്തെ ഭരണ റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു :

1. ജി.ഒ.(എം.എസ്) നമ്പർ 03/2013/എച്ച്എസ്ജി. തീയതി 9-1-2013 (എസ്.ആർ.ഒ. നമ്പർ 18/2013)

2. ജി.ഒ.(പി) നമ്പർ 23/2013/ഫിൻ. തീയതി 10-1-2013 (എസ്.ആർ.ഒ. നമ്പർ 26/2013)

3. ജി.ഒ.(പി) നമ്പർ 06/2013/റ്റിഡി. തീയതി 16-1-2013 (എസ്.ആർ.ഒ. നമ്പർ 30/2013)

4. ജി.ഒ.(പി) നമ്പർ 07/2013/റ്റിഡി. തീയതി 16-1-2013 (എസ്.ആർ.ഒ. നമ്പർ 31/2013)

5. ജി.ഒ.(പി) നമ്പർ 27/2013/ഫിൻ. തീയതി 15-1-2013 (എസ്.ആർ.ഒ. നമ്പർ 33/2013)

6. ജി.ഒ.(പി) നമ്പർ 8/2013/റ്റിഡി. തീയതി 17-1-2013 (എസ്.ആർ.ഒ. നമ്പർ 38/2013)

7. ജി.ഒ.(പി) നമ്പർ 45/2013/ഫിൻ. തീയതി 22-1-2013 (എസ്.ആർ.ഒ. നമ്പർ 71/2013)

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

1. ജി.ഒ(പി)നമ്പർ 59/2012/എസ്.ഡബ്ല്യു.ഡി തീയതി 4-10-2012 (എസ്.ആർ.ഒ. നമ്പർ 700/2012)ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
2. ജി.ഒ(പി)നമ്പർ 71/2012/എസ്.ഡബ്ല്യു.ഡി തീയതി 10-12-2012 (എസ്.ആർ.ഒ. നമ്പർ 858/2012) എസ്.ആർ.ഒ. നമ്പർ 700/2012-ന്റെ തിരുത്തൽ വിജ്ഞാപനം
3. ജി.ഒ(എം.എസ്)നമ്പർ 23/2013/എൽ.എസ്.ജി.ഡി തീയതി 18-1-2013 (എസ്.ആർ.ഒ. നമ്പർ 50/2013)
4. ജി.ഒ(എം.എസ്)നമ്പർ 22/2013/എൽ.എസ്.ജി.ഡി തീയതി 18-12-2012 (എസ്.ആർ.ഒ. നമ്പർ 51/2013)
5. ജി.ഒ(പി)നമ്പർ 07/2013/എസ്.ജെ.ഡി തീയതി 23-1-2013 (എസ്.ആർ.ഒ. നമ്പർ 55/2013)
6. ജി.ഒ(എം.എസ്)നമ്പർ 21/2013/എൽ.എസ്.ജി.ഡി തീയതി 18-1-2013 (എസ്.ആർ.ഒ. നമ്പർ 72/2013)
7. ജി.ഒ(എം.എസ്)നമ്പർ 49/2013/എൽ.എസ്.ജി.ഡി തീയതി 4-2-2013 (എസ്.ആർ.ഒ. നമ്പർ 86/2013)
8. തോട്ടം തൊഴിലാളികളായ സ്ത്രീകളുടെ പ്രശ്നങ്ങൾ സംബന്ധിച്ച വനിതാ കമ്മീഷന്റെ ശുപാർശകൾ

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

1. ജി.ഒ.(ആർ.ടി) നമ്പർ 291/2012/എൽബിആർ. തീയതി 23-2-2012 (എസ്.ആർ.ഒ. നമ്പർ 138/2012)ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.
2. ജി.ഒ.(എം.എസ്) നമ്പർ 174/2012/എൽബിആർ. തീയതി 17-12-2012 (എസ്.ആർ.ഒ. നമ്പർ 12/2013)
3. ജി.ഒ.(എം.എസ്) നമ്പർ 177/2012/എൽബിആർ. തീയതി 31-12-2012. (എസ്.ആർ.ഒ. നമ്പർ 34/2013)
4. ജി.ഒ.(എം.എസ്) നമ്പർ 11/2013/എൽബിആർ. തീയതി 21-1-2013 (എസ്.ആർ.ഒ. നമ്പർ 57/2013)
5. ജി.ഒ.(പി) നമ്പർ 15/2013/എൽബിആർ. തീയതി 28-1-2013 (എസ്.ആർ.ഒ. നമ്പർ 58/2013)
6. ഓവർസീസ് ഡെവലപ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് ലിമിറ്റഡിന്റെ (ഒഡെപെക്) 2010-11 ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

LIBRARY ARCHIVES Kerala Legislative Assembly

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു :

ജി.ഒ.(പി) നമ്പർ 2/2013/എൽബിആർ. തീയതി 1-1-2013. (എസ്.ആർ.ഒ. നമ്പർ 20/2013)

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

1. ഔഷധിയുടെ 2011-ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

2. ജസ്റ്റിസ് എം.ആർ. ഹരിഹരൻ നായർ അന്വേഷണ കമ്മീഷന്റെ ശബരിമല പുല്ലുമേട് ദുരന്തത്തെക്കുറിച്ചുള്ള അന്തിമ റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു :

1. ജി.ഒ.(ആർറ്റി) നമ്പർ 3841/2012/ഹോം. തീയതി 28-12-2012 (എസ്.ആർ.ഒ. നമ്പർ 11/2013)

2. ജി.ഒ.(ആർറ്റി) നമ്പർ 109/2013/ഹോം. തീയതി 17-1-2013 (എസ്.ആർ.ഒ. നമ്പർ 43/2013)

3. നോട്ടിഫിക്കേഷൻ നമ്പർ 96309/എസ്.എസ്-എ5/2012/ഹോം. തീയതി 29-1-2013 (എസ്.ആർ.ഒ. നമ്പർ 61/2013)

4. ജി.ഒ.(എം.എസ്) നമ്പർ 20/2013/ഹോം. തീയതി 22-1-2013 (എസ്.ആർ.ഒ. നമ്പർ 74/2013)

5. ജി.ഒ.(പി) നമ്പർ 4/2013/വിജ്. തീയതി 31-1-2013 (എസ്.ആർ.ഒ. നമ്പർ 81/2013)

6. ജി.ഒ.(ആർറ്റി) നമ്പർ 226/2013/ഹോം. തീയതി 29-1-2013 (എസ്.ആർ.ഒ. നമ്പർ 82/2013)

7. ജി.ഒ.(എം.എസ്) നമ്പർ 28/2013/ഹോം. തീയതി 29-1-2013 (എസ്.ആർ.ഒ. നമ്പർ 85/2013)

8. ജി.ഒ.(ആർറ്റി) നമ്പർ 249/2013/ഹോം. തീയതി 31-1-2013 (എസ്.ആർ.ഒ. നമ്പർ 89/2013)

9. കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ 2010-11-ലെ ഭരണ റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു :

1. ജി.ഒ.(എംഎസ്) നമ്പർ 312/2012/ഹോം. തീയതി 12-12-2012 (എസ്.ആർ.ഒ. നമ്പർ 877/2012)

LIBRARY ARCHIVES Kerala Legislative Assembly

2. ജി.ഒ.(ആർറ്റി) നമ്പർ 3794/2012/ഹോം. തീയതി 24-12-2012 (എസ്.ആർ.ഒ. നമ്പർ 9/2013)

3. ജി.ഒ.(എംഎസ്) നമ്പർ 2/2013/ഹോം. തീയതി 2-1-2013 (എസ്.ആർ.ഒ. നമ്പർ 15/2013)

4. ജി.ഒ.(ആർറ്റി) നമ്പർ 49/2013/ഹോം. തീയതി 8-1-2013 (എസ്.ആർ.ഒ. നമ്പർ 17/2013)

5. ജി.ഒ.(എംഎസ്) നമ്പർ 09/2013/ഹോം. തീയതി 17-1-2013 (എസ്.ആർ.ഒ. നമ്പർ 35/2013, 36/2013, 37/2013)

6. ജി.ഒ.(ആർറ്റി) നമ്പർ 77/2013/ഹോം. തീയതി 11-1-2013 (എസ്.ആർ.ഒ. നമ്പർ 41/2013)

7. ജി.ഒ.(ആർറ്റി) നമ്പർ 107/2013/ഹോം. തീയതി 17-1-2013 (എസ്.ആർ.ഒ. നമ്പർ 42/2013)

8. ജി.ഒ.(എംഎസ്) നമ്പർ 14/13/ഹോം. തീയതി 18-1-2013 (എസ്.ആർ.ഒ. നമ്പർ 44/2013)

നിയമസഭാ സെക്രട്ടറി (ശ്രീ. പി. ഡി. ശാരംഗധരൻ) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ആക്റ്റ് (2013-ലെ 7-ാം ആക്റ്റ്)

**(2) ചട്ടം 47(2) അനുസരിച്ചുള്ള കടലാസ്സുകൾ (ലിസ്റ്റ് II പ്രകാരം)**

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : സർ, പതിമൂന്നാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിലെ 2239, 2242 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.*

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, പതിമൂന്നാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 7759-ന്റെ മറുപടിയും യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.*

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : സർ, പതിമൂന്നാം കേരള നിയമസഭയുടെ ആറാം സമ്മേളനത്തിലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2430-ന്റെ മറുപടിയും യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## VIII റിപ്പോർട്ട് സമർപ്പണം

### (1) കാര്യോപദേശക സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, കാര്യോപദേശക സമിതിയുടെ അംഗമായ ഞാൻ സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

### (2) യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട്

ശ്രീ. ഷാഫി പറമ്പിൽ: സർ, യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമിതി അദ്ധ്യക്ഷനുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

## IX. റിപ്പോർട്ട് പരിഗണന

### കാര്യോപദേശക സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, കാര്യോപദേശക സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം പാസ്സായിരിക്കുന്നു. കാര്യോപദേശക സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

## X ധനകാര്യം

### 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിനെക്കുറിച്ചുള്ള പൊതുചർച്ച (തുടർച്ച)

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കെ. എം. മാണി അവതരിപ്പിച്ചിട്ടുള്ള ബഡ്ജറ്റിനെ സർവ്വാത്മനാ സ്വാഗതം

11.39 A.M.] ചെയ്യുകയാണ്. സമീപകാലത്ത് അദ്ദേഹം എല്ലാ പ്രതിസന്ധികളേയും പ്രശ്നങ്ങളേയും ഫലപ്രദമായി നേരിട്ടുകൊണ്ട് അവതരിപ്പിച്ച ഒരു ജനകീയ ബഡ്ജറ്റായിട്ടാണ് ഞാൻ ഈ ബഡ്ജറ്റിനെ വിലയിരുത്തുന്നത്. ലോകസാമ്പത്തിക രംഗത്തുതന്നെ വമ്പിച്ച പ്രതിസന്ധി നേരിടുന്ന ഒരു കാലമാണിത്. അതിവികസിത രാജ്യങ്ങൾപോലും സാമ്പത്തിക മാന്ദ്യത്തിന്റെയും സാമ്പത്തിക പ്രതിസന്ധികളുടെയും നടുവിൽ നിൽക്കുന്ന ഒരു കാഴ്ചയാണ് നമുക്ക് കാണുവാൻ സാധിക്കുന്നത്. ചൈന, ഇൻഡോനേഷ്യ, ഇന്ത്യ എന്നീ മൂന്ന് രാജ്യങ്ങളല്ലാതെ മറ്റ് രാജ്യങ്ങൾക്ക് സാമ്പത്തിക രംഗത്ത് വമ്പിച്ച മുന്നേറ്റം നടത്താൻ കഴിഞ്ഞിട്ടില്ലെന്നുള്ളതാണ് കാണുവാൻ കഴിയുന്നത്. അതിവികസിത രാജ്യങ്ങളായ അമേരിക്കയും യൂറോപ്യൻ രാജ്യങ്ങളുമൊക്കെ



LIBRARY ARCHIVES Kerala Legislative Assembly

വൻതോതിലുള്ള സാമ്പത്തിക പ്രതിസന്ധിയിൽ നട്ടംതിരിയുന്ന ഒരു കാലഘട്ടത്തിൽ എല്ലാ സാമ്പത്തിക ബുദ്ധിമുട്ടുകളേയും പ്രതിസന്ധികളേയും ഭാരതത്തിൽ നേരിടാത്ത നിലയിൽ കേന്ദ്ര ഗവൺമെന്റ് നമ്മുടെ സാമ്പത്തികരംഗത്തെ നല്ല നിലയിൽ മുന്നോട്ട് നയിക്കുന്നുവെന്നുള്ളതും പ്രത്യേകം പ്രസ്താവ്യമാണ്. ലോകസാമ്പത്തിക മാന്ദ്യത്തിന്റെ സാഹചര്യത്തിൽ നമ്മുടെ വളർച്ചാ നിരക്ക് കുറഞ്ഞിട്ടുണ്ടെന്നുള്ളതും സത്യമാണ്. ജി.ഡി.പി. ഗ്രോത്ത് റേറ്റ് ഒൻപത് ശതമാനം വരെ വന്ന കാലമുണ്ടായിരുന്നു. ഇന്ന് ഭാരതത്തിലെ ജി.ഡി.പി. വളർച്ചാനിരക്ക് അഞ്ചുശതമാനമായി ചുരുങ്ങിയിട്ടുണ്ട്. ലോകം മുഴുവൻ നിലനിൽക്കുന്ന ആഗോള സാമ്പത്തിക പ്രതിസന്ധി നമ്മെ വൻതോതിലുള്ള ബുദ്ധിമുട്ടിലാക്കിയിരിക്കുകയാണ്. മാത്രമല്ല, അമിതമായ ഇറക്കുമതിയും കയറ്റുമതിയിലുണ്ടായിരിക്കുന്ന വലിയ കുറവും കറന്റ് അക്കൗണ്ട് ഡെഫിസിറ്റിൽ ഗുരുതരാവസ്ഥ സൃഷ്ടിച്ചിരിക്കുകയാണ്. നമ്മുടെ രാജ്യത്ത് ക്രൂഡ് ഓയിൽ അമിതമായി ഇറക്കുമതി ചെയ്യേണ്ടിവരുന്നുണ്ട്. നമ്മുടെ നാട്ടിലേക്ക് ഗോൾഡിന്റെ ഇറക്കുമതി ഓരോ വർഷവും കൂടുതൽ ഉണ്ടായിക്കൊണ്ടിരിക്കുന്നു. കാർഷിക രംഗത്ത് ഹരിതവിപ്ലവത്തിനുവേണ്ടി ശ്രമിക്കുമ്പോൾ ഫെർട്ടിലൈസർ കൂടുതലായി ഇറക്കുമതി ചെയ്യേണ്ടിവരുന്നു. ഇറക്കുമതി കൂടുകയും കയറ്റുമതി കുറയുകയും ചെയ്യുകയാണ്. നമ്മുടെ ഉൽപ്പന്നങ്ങൾ വിദേശ രാജ്യങ്ങളിലേക്ക് കയറ്റി അയയ്ക്കുമ്പോൾ ആ രാജ്യങ്ങളിലുണ്ടാകുന്ന സാമ്പത്തികമാന്ദ്യം അവിടത്തെ ജനങ്ങളുടെ പർച്ചേസിംഗ് പവറിനെ നഷ്ടപ്പെടുത്തുകയാണ്. ഫലത്തിൽ നമ്മൾ വലിയ പണപ്പെരുപ്പത്തിലേക്കും അതുവഴി വിലക്കയറ്റത്തിലേക്കുമൊക്കെ നടന്നുനീങ്ങുന്ന, നമുക്ക് നിയന്ത്രിക്കാൻ കഴിയാത്ത ഒരു അവസ്ഥയിലേക്ക് രാജ്യം എത്തുന്നുവെന്നുള്ളത് കണ്ടുകൊണ്ടാണ് കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീ. പി. ചിദംബരം ഫലപ്രദമായ ചില നടപടികളെടുക്കാൻ നിർബന്ധിതനായി മുന്നോട്ടുപോകുന്നത്. ദേശീയ-അന്തർദേശീയ സാഹചര്യങ്ങളിൽ നിന്നുകൊണ്ടാണ് ശ്രീ. കെ. എം. മാണിസാർ പുതിയ ബഡ്ജറ്റ് അവതരിപ്പിച്ചിട്ടുള്ളത്. 2011-12-ൽ ഇന്ത്യ 6.5 ജി.ഡി.പി. ഗ്രോത്താണ് കൈവരിച്ചതെങ്കിൽ കേരളം 9.5 വളർച്ചാനിരക്ക് കൈവരിച്ചിരിക്കുന്നു. ദേശീയ ശരാശരിയേക്കാൾ വളർച്ചാനിരക്ക് ഉണ്ടാക്കുവാൻ കേരളത്തിന് കഴിഞ്ഞിരിക്കുന്നുവെന്നുള്ളത് ശ്രദ്ധേയമായ ഒരു കാര്യമായി ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ദേശീയ തലത്തിൽ 2011-12-ലെ പെർക്യാപിറ്റ ഇൻകം 43282 ആണ്, കേരളത്തിൽ 60536 ആണ്. ദേശീയ വരുമാനത്തേക്കാൾ വളർച്ചാനിരക്ക് കൈവരിക്കുവാനും പെർക്യാപിറ്റ ഇൻകത്തിൽ വർദ്ധനവുണ്ടാക്കുവാനും കഴിഞ്ഞ ആശാവഹമായ ഒരു ചിത്രമാണ് കേരളത്തിന്റെ സാമ്പത്തിക രംഗത്ത് വളർച്ചയുടെ കാര്യത്തിൽ നമുക്ക് കാണുവാൻ സാധിക്കുന്നത്. Kerala is the most globalized economy in India. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഈ വിലയിരുത്തൽ പൂർണ്ണമായി ശരിയാണെന്ന് നമുക്ക് മനസ്സിലാക്കുവാൻ കഴിയും. ഹ്യൂമൻ ഡെവലപ് ഇൻഡക്സിന്റെ കാര്യത്തിലും ഉയർന്ന നിലവാരം കൈവരിക്കുവാൻ നമ്മുടെ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. ലിറ്ററസി, ഹെൽത്ത് കെയർ, ലേബർ റൈറ്റ്സ്, ജെൻഡർ കോൺഷ്യസ്നസ് എന്നിവയുടെ കാര്യത്തിലും കേരളം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ മുൻപന്തിയിലാണ്. ഗ്ലോബൽ ഡൈനമിക്സ് അനുസരിച്ച് കേരളം കൂടുതൽ ശക്തി പ്രാപിക്കേണ്ട ഒരു കാലഘട്ടത്തിലേക്കാണ് കടന്നുവരുന്നത്. സെക്കന്റ് ജനറേഷൻ റിഫോംസ് നമുക്ക് കൂടുതൽ പ്രയോജനപ്പെടുത്തേണ്ടിയിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ടെക്നിക്കൽ ആന്റ് മാർക്കറ്റബിൾ സ്കിൽസ്, യൂണിവേഴ്സലൈസേഷൻ ഓഫ് ഹെൽത്ത് കെയർ എന്നിവ നേടാനുള്ള പുതിയ പരിശ്രമങ്ങൾക്കാണ് നമ്മൾ തുടക്കം കുറിക്കേണ്ടത്. നമ്മളെന്നും അഭിമാനത്തോടുകൂടി പറഞ്ഞിരുന്ന കേരളാ മോഡലിന് നിറംമങ്ങിയെന്നുള്ള എന്റെ അഭിപ്രായത്തിൽ ഞാൻ ഉറച്ചു നിൽക്കുകയാണ്. സെക്കന്റ് ജനറേഷൻ റിഫോംസ് ഇന്ത്യയിൽ ഇന്ന് നടപ്പാക്കുമ്പോൾ അതിന്റെ ഫലങ്ങൾ പൂർണ്ണമായ അർത്ഥത്തിൽ നേടിയെടുക്കാൻ കേരളം കഠിനമായ പരിശ്രമം നടത്തേണ്ടത് അത്യാവശ്യമായ കാര്യമാണ്. എംപ്ലോയ്മെന്റ് ജനറേഷൻ, എൻവയോൺമെന്റ് ഫ്രണ്ട്ലി ഗ്രോത്ത് എന്നിവയ്ക്ക് മുൻതൂക്കം നൽകുവാനും നമ്മുടെ സംസ്ഥാനം കൂടുതലായി ശ്രമിക്കേണ്ടിയിരിക്കുന്നു.

ബാങ്കുകളിൽ പണമുണ്ട്, പക്ഷേ നിക്ഷേപങ്ങൾ കുറയുകയാണ്. ജോലി ചെയ്യാനുള്ള ആളിന്റെ കുറവ്, ഭൂമിയുടെ ലഭ്യത, ജനസാന്ദ്രതയുടെ വർദ്ധനവ് എന്നിവയെല്ലാം നമ്മെ തുറിച്ചുനോക്കുന്ന യാഥാർത്ഥ്യങ്ങളാണ്. ഫാം വയബിലിറ്റി കുറയുന്നു, ഊർജ്ജ പ്രതിസന്ധി വർദ്ധിക്കുന്നു. അതൊക്കെ മുഖ്യമായ പ്രശ്നങ്ങളായി കേരളം ഇന്ന് നേരിട്ടുകൊണ്ടിരിക്കുകയാണ്. കേരളത്തിന്റെ വേഗതയിലുള്ള നഗരവൽക്കരണം ഒരു വലിയ പ്രശ്നമായിത്തന്നെ മാറുകയാണ്. അഫോർഡബിൾ ഹൗസ് കൺസ്ട്രക്ഷൻ, പബ്ലിക് ട്രാൻസ്പോർട്ട് സർവ്വീസസ്, വേസ്റ്റ് മാനേജ്മെന്റ് ആന്റ് അൺഇന്ററപ്റ്റഡ് പവർ ഇവയെല്ലാം വരുംകാലഘട്ടങ്ങളിൽ കേരളം കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ട വസ്തുതകളാണ്. സാമൂഹ്യ പ്രശ്നങ്ങൾ ഇതിനോടൊപ്പംതന്നെ വളർന്നുവന്നുകൊണ്ടിരിക്കുകയാണ്. ജീവിതശൈലീ രോഗങ്ങൾ, അമിതമായ മദ്യപാനാസക്തി, മാനസിക രോഗികൾ വർദ്ധിച്ചുവരുന്ന സാഹചര്യങ്ങൾ ഇവയെല്ലാം കേരളം അഭിമുഖീകരിക്കുന്ന പുതിയ പ്രശ്നങ്ങളായി ഞാൻ ചൂണ്ടിക്കാണിക്കുവാൻ ആഗ്രഹിക്കുകയാണ്. കേരളത്തിന്റെ ധനകമ്മിയും റവന്യൂ കമ്മിയും പിടിച്ചുനിർത്താൻ ശ്രീ. കെ. എം. മാണിസാറിന് കഴിഞ്ഞിട്ടുണ്ടെന്നുള്ളത് പ്രത്യേകം പ്രസ്താവ്യമായ ഒരു കാര്യമാണ്. പക്ഷേ ഈ കാര്യത്തിൽ നമുക്കൊരു ശരിയായ ഇൻട്രോസ്പെക്ഷൻ ആവശ്യമാണ്. ജി.ഡി.പി. റേറ്റിൽ സർവ്വീസ് സെക്ടറിനാണ് 70 ശതമാനം വളർച്ച നേടാൻ കഴിഞ്ഞിട്ടുള്ളത്. ഇൻഡസ്ട്രിയിൽ 20 ശതമാനവും കൃഷിയിൽ 10 ശതമാനവുമാണ്. കൃഷി 10 ശതമാനമെന്ന് പറയുമ്പോൾ നെഗറ്റീവ് ഗ്രോത്താണ് കഴിഞ്ഞ രണ്ട് പഞ്ചവൽസരപദ്ധതികളിലായി നമുക്ക് കാണാൻ സാധിക്കുന്നത്. സർവ്വീസ് സെക്ടറിൽ ഉയർന്ന നിരക്ക് കാട്ടുന്നു. ഹോട്ടൽ, ടെലികോം, കൺസ്ട്രക്ഷൻ, ട്രാൻസ്പോർട്ട് തുടങ്ങിയ മേഖലകളിലാണ് 70 ശതമാനം വളർച്ച കൈവരിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുള്ളത്. കേരളത്തിന്റെ മൊത്തം പ്ലാൻ എന്നുപറയുന്നത് ഏകദേശം 50,000 കോടി രൂപയാണ്. വിദേശ മലയാളികളുടെ ഗൾഫിൽനിന്നുള്ള റെമിറ്റൻസ് 55,000 കോടി രൂപയാണ്. ആഭ്യന്തര വളർച്ചയെന്ന് പറയുന്നത് നിരാശാജനകമായ ഒരു കാര്യംതന്നെയാണ്. അത് ഇൻക്ലൂസിവ് ഗ്രോത്തിനെ ബാധിക്കുമെന്നുള്ളത് ഗൗരവപൂർവ്വം കാണേണ്ട ഒരു കാര്യമാണ്. വിദേശ റെമിറ്റൻസ് കുറഞ്ഞാൽ ഇന്ന് നാം കാണുന്ന ധാടിയും മോടിയും ഇല്ലാതാകുമെന്ന വസ്തുതകൂടി നമ്മൾ കണക്കിലെടുക്കണം. ദീർഘവീക്ഷണത്തോടുകൂടിയുള്ള പദ്ധതി പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന ഒരു സംസ്ഥാനമെന്നുള്ള നിലയിൽ ഡൊമസ്റ്റിക് വളർച്ച കൂടുതലുണ്ടാക്കുവാനും റവന്യൂ ഉണ്ടാക്കുവാനും നമുക്ക് സാധിക്കേണ്ടിയിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വാറ്റ് 13.5-ൽനിന്ന് 14.5-ലേക്ക് വർദ്ധിപ്പിച്ച നടപടിയാണ് ഇവിടെ ഏറ്റവും കൂടുതൽ വിമർശനവിധേയമായിട്ടുള്ളത്. ഇത് വിലക്കയറ്റത്തിന് വഴിതെളിക്കുമെന്ന് മുൻ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞു. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ പതിനാലര ശതമാനത്തിലേക്കും ചിലയിടത്ത് പതിനഞ്ച് ശതമാനത്തിലേക്കും വാറ്റ് എത്തിയിട്ടുണ്ടെന്നുള്ളത് ശരിയാണ്. മറ്റ് സംസ്ഥാനങ്ങളെ ഫോളോ ചെയ്യുകമാത്രമല്ല ഇവിടെ സ്വീകരിച്ചിരിക്കുന്നത്. നമ്മുടെ വരുമാന വർദ്ധനവിനുവേണ്ടിയുള്ള ഫലപ്രദമായ നീക്കമാണ് ധനകാര്യ വകുപ്പുമന്ത്രി എടുത്തിട്ടുള്ളത്. അരി ഉൾപ്പെടെയുള്ള അവശ്യവസ്തുക്കൾക്ക് ടാക്സില്ലാതാക്കുകയും അങ്ങനെയുള്ള അവശ്യവസ്തുക്കളെ നികുതിയിൽനിന്ന് ഒഴിവാക്കുകവഴി വിലക്കയറ്റം ഉണ്ടാകാതിരിക്കാനുള്ള പ്രത്യേകമായ ഒരു ശ്രദ്ധ ധനകാര്യ വകുപ്പുമന്ത്രി ഇക്കാര്യത്തിൽ കാട്ടിയെന്നുള്ളത് വിസ്മരിച്ചു കൊണ്ടാണ് ഡോ. ടി. എം. തോമസ് ഐസക് അക്കാര്യം ഇവിടെ ചൂണ്ടിക്കാണിച്ചത്. പുതുതായി കേന്ദ്ര ഗവൺമെന്റ് ഏർപ്പെടുത്താൻ പോകുന്ന ഡെസ്റ്റിനേഷൻ ബേസ്ഡ് ഗുഡ്സ് ആന്റ് സർവ്വീസസ് ടാക്സ് കേരളത്തിൽ ഏറ്റവും കൂടുതൽ പ്രയോജനപ്പെടാൻ പോകുന്ന ഒന്നാണ്. അത് നമുക്ക് പ്രയോജനപ്പെടണമെങ്കിൽ, ഡെസ്റ്റിനേഷൻ ബേസ്ഡ് ഗുഡ്സ് ആന്റ് സർവ്വീസസ് ടാക്സ് കൂടുതലായി ലഭിക്കണമെങ്കിൽ, ഇപ്പോൾ ഈ നടപടിയുണ്ടായേ മതിയാകൂ. വാറ്റ് പതിമൂന്നര ശതമാനത്തിൽനിന്ന് പതിനാലര ശതമാനമായി മാറ്റേണ്ടിയിരിക്കുന്നുവെന്നുള്ള യാഥാർത്ഥ്യബോധമാണ് ധനകാര്യ വകുപ്പുമന്ത്രിയെ അതിലേക്ക് നയിച്ചതെന്ന് ഞാൻ വിശ്വസിക്കുകയാണ്.

കാര്യക്ഷമമായ പദ്ധതി നടത്തിപ്പാണ് സ്വതന്ത്ര കേരളമുണ്ടായ അന്നുമുതൽ നമ്മുടെ മുന്നിലുള്ള പ്രശ്നം. എല്ലാ ഗവൺമെന്റുകളും മാറിമാറി ഭരിക്കുമ്പോഴും പദ്ധതി നടത്തിപ്പിന്റെ കാര്യത്തിൽ നമുക്ക് വീഴ്ചയുണ്ടാകുന്നുണ്ട്. ഫെബ്രുവരി, മാർച്ച് മാസങ്ങളിലാണ് കൂടുതൽ പണം ചെലവഴിക്കുന്നത്. ഇതിന്റെ ഫലമായി പത്തുമാസംകൊണ്ട് പദ്ധതി 52 ശതമാനം മാത്രമാണ് ചെലവഴിച്ചത്. 45 ശതമാനം ഫെബ്രുവരി, മാർച്ച് മാസങ്ങളിലാണ് ചെലവഴിക്കാൻ പോകുന്നത്. ഈ ഗവൺമെന്റിന്റെകാലത്ത് മാത്രമല്ല, കേരള സംസ്ഥാന രൂപീകരണത്തിനു ശേഷം ഇതുവരെ പദ്ധതി നടത്തിപ്പിന്റെ കാര്യത്തിൽ ഈയൊരു വൈകല്യം കേരളം നേരിടുന്ന ഒരു യാഥാർത്ഥ്യമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പണമാണെങ്കിൽ ചെലവഴിക്കാതെ പോകുന്നു. പദ്ധതി പ്രവർത്തനങ്ങൾ ഫലപ്രദമായി പഞ്ചായത്തുകൾക്കും ത്രിതല പഞ്ചായത്ത് സംവിധാനങ്ങൾക്കും ചെലവഴിക്കാൻ കഴിയാതെ വരുന്നത് ഒരു വലിയ പ്രശ്നമായി ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. പബ്ലിക് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റിയുടെ റെക്കമെന്റേഷനുകൾ അപ്പാടെ ധനകാര്യ വകുപ്പുമന്ത്രി സ്വീകരിച്ചത് ഏറ്റവും ശുഭോദർക്കമായ കാര്യമാണ്. അതിനുവേണ്ടി അദ്ദേഹം ചില measures സ്വീകരിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിന്റെ കാര്യത്തിലും അവ മോണിട്ടർ ചെയ്യുന്ന കാര്യത്തിലും ഉദ്യോഗസ്ഥർക്ക് ഇൻസെന്റീവ് കൊടുക്കുന്ന കാര്യത്തിലുമെല്ലാമുള്ള ശുപാർശകൾ അദ്ദേഹം അംഗീകരിച്ചുവെന്നുള്ളത് ഏറ്റവും ഫലപ്രദമായ കാര്യമാണ്. നിയമസഭയുടെ മേശപ്പുറത്തുവച്ച ആ ശുപാർശകൾ സ്വീകരിച്ചത് വളരെ നല്ല കാര്യമായാണ് ഞാൻ കരുതുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

...തിസന്ധിയേയും വിഭവസമാഹരണത്തേയും വളരെ ഗൗരവത്തോടുകൂടി ...ണ്ടിയിരിക്കുന്നു. നമ്മൾ രൂക്ഷമായ ധനപ്രതിസന്ധി നേരിടുകയാണ്. ... വർഷം കഴിയുമ്പോൾ നമ്മുടെ പൊതുകടം ഒരു ലക്ഷം കോടി രൂപ കവിയുകയാണ്. ഒരു ലക്ഷം കോടി രൂപയായി കേരളത്തിന്റെ പൊതുകടം വർദ്ധിക്കുന്നു എന്നുള്ളത് വളരെ ഗൗരവത്തോടുകൂടി മനസ്സിലാക്കുകയും വിലയിരുത്തുകയും ചെയ്യേണ്ടതാണെന്ന് ഞാൻ വിശ്വസിക്കുന്നു.

വാർഷിക പദ്ധതിക്ക് പണമില്ലാത്ത അവസ്ഥ വരുന്നതുകൊണ്ടാണ് ബഡ്ജറ്റിൽ വിഭവ സമാഹരണത്തിനുവേണ്ടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മുന്നോട്ടുവന്നത്. കൂടുതൽ ഭാരം അടിച്ചേൽപ്പിച്ചുവെന്ന് ബഡ്ജറ്റിനെ വിമർശിച്ചുകൊണ്ട് ചില അംഗങ്ങൾ സൂചിപ്പിക്കുകയുണ്ടായി. പാവപ്പെട്ടവർക്കല്ല, അഫോർഡബിളായിട്ടുള്ള ആളുകളുടെമേലാണ് ഭാരം അടിച്ചേൽപ്പിച്ചത്. ടാക്സ് കൊടുക്കാൻ കഴിയുന്നയാളുകളെ ടാക്സ് നെറ്റിലേക്ക് കൊണ്ടുവരിക എന്നുള്ളത് ഒരു പ്രൂഡന്റ് ഇക്കണോമിക്സാണ്. നികുതി നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 1070 കോടി രൂപയാണ് ലക്ഷ്യമിടുന്നത്. വാറ്റ് നികുതിയിൽ നിന്നുള്ള വരുമാനമുണ്ടാകുന്നു; അഞ്ചുലക്ഷം രൂപയിൽ കൂടുതൽ വാർഷിക വരുമാനമുള്ള കച്ചവടക്കാരെ വാറ്റ് നെറ്റിലേയ്ക്ക് കൊണ്ടുവരുന്നു ; സിഗററ്റ്, മദ്യം എന്നിവയ്ക്ക് അഞ്ച് ശതമാനം നികുതി വർദ്ധിപ്പിക്കുന്നു ; ഇതിന്റെയെല്ലാം ഫലമായി 1070 കോടി രൂപയുടെ റവന്യൂ വരുമാനമുണ്ടാക്കാനുള്ള ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രമങ്ങളെ ഞാൻ പ്രത്യേകമായി അഭിനന്ദിക്കാൻ ഈയവസരം വിനിയോഗിക്കുകയാണ്. കടം വാങ്ങി ചെലവഴിക്കുകയെന്നുള്ളതായിരുന്നു. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ സമീപനം. എന്നാൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ സമീപനം റവന്യൂ വരുമാനം വർദ്ധിപ്പിച്ചുകൊണ്ട് കൂടുതൽ ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി പണം ചെലവഴിക്കുക എന്നുള്ളതാണ്. അതുകൊണ്ടാണ് വിഭവസമാഹരണത്തിനു വേണ്ടി ഇത്രയും ശക്തമായ നടപടികളുമായി നമ്മൾ മുന്നോട്ടുവന്നിട്ടുള്ളത്. ഈ നടപടികൾ ധനകമ്മി കുറയ്ക്കാനും വികസനത്തിനും ക്ഷേമത്തിനും പണം കണ്ടെത്താനും സാധിക്കുമെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം.

പദ്ധതി നടത്തിപ്പിനെപ്പറ്റി നമ്മൾ പറയുമ്പോൾ, കേരളത്തിന്റെ പദ്ധതി നടത്തിപ്പിന്റെ കാര്യത്തിൽ മൂന്ന് കാര്യങ്ങൾ വേണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ട്രാൻസ്പരൻസി, അക്കൗണ്ടബിലിറ്റി, സോഷ്യൽ ഔട്ട്ലുക്ക് ഈ മൂന്ന് കാര്യങ്ങൾ ഏറ്റവും അത്യാവശ്യമായവയാണ്. ട്രാൻസ്പരൻസി ഉറപ്പാക്കുന്നതു വഴി അഴിമതി കുറയ്ക്കാനും അതോടൊപ്പമുണ്ടാകുന്ന നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും സാധിക്കും. നമ്മൾ ഇപ്പോൾ ജീവിക്കുന്നത് വിവരാവകാശ നിയമത്തിന്റെ കാലഘട്ടത്തിലാണ്. ഒന്നും മറച്ചുവയ്ക്കാൻ കഴിയില്ല. അതുകൊണ്ട് പദ്ധതികൾ രൂപീകരിക്കപ്പെടുമ്പോൾ കൂടുതൽ ട്രാൻസ്പരന്റായി അത് നടപ്പാക്കുന്നതാണ് അഭികാമ്യമായിട്ടുള്ളകാര്യം. അക്കൗണ്ടബിലിറ്റി ഉറപ്പു വരുത്തേണ്ടത് പദ്ധതി പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിന് ആവശ്യമാണ്. കോസ്റ്റ് എസ്കലേഷൻ ഉൾപ്പെടെ അവസാനിപ്പിക്കുവാനും സമയം കുറച്ചു കൊണ്ടുവരുവാനും അക്കൗണ്ടബിലിറ്റി സഹായിക്കുമെന്നാണ് എന്റെ വിശ്വാസം.

LIBRARY ARCHIVES Kerala Legislative Assembly

മറ്റൊരു കാര്യം എനിക്ക് പറയുവാനുള്ളത്, സോഷ്യൽ റിപ്പോർട്ടിംഗിനെ കുറിച്ചാണ്. നമ്മുടെ സംസ്ഥാനത്ത് വരുന്ന ഒരു പദ്ധതിയെ ആളുകൾ എതിർക്കുന്നു. പദ്ധതി പ്രവർത്തനങ്ങൾ നടത്താൻ കഴിയാതെ വരുന്നു. അതിന്റെ കാരണം ജനങ്ങളുടെ ഇൻവോൾവ്മെന്റ് അക്കാര്യത്തിലില്ല എന്നുള്ളതു കൊണ്ടാണ്. വൻകിട പദ്ധതികളാണെങ്കിലും ചെറുകിട പദ്ധതികളാണെങ്കിലും ഗവൺമെന്റ് ഒരു പദ്ധതി നടപ്പിലാക്കുമ്പോൾ ഒരു സോഷ്യൽ റിപ്പോർട്ടിംഗ് ആവശ്യമാണ്. ഈ പദ്ധതികളിൽ നിന്നുണ്ടാകുന്ന ഗുണം, അതുകൊണ്ടുണ്ടാകുന്ന മേന്മ, അതുകൊണ്ട് പൊതുസമൂഹത്തിനുണ്ടാകുന്ന നേട്ടങ്ങൾ, സംസ്ഥാനത്തിനുണ്ടാകുന്ന നേട്ടങ്ങൾ, ജനങ്ങൾക്കുണ്ടാകുന്ന പ്രയോജനം എന്നിവ ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ കഴിഞ്ഞാൽ പദ്ധതി വളരെ സുഗമമായി നടപ്പിലാക്കാൻ കഴിയും. മാത്രമല്ല, ലോക്കൽ സപ്പോർട്ട് ഇക്കാര്യത്തിൽ ആവശ്യമാണ്. അങ്ങനെ സോഷ്യൽ റിപ്പോർട്ടിംഗ് അനിവാര്യമായ ഘടകമായി ഇന്നത്തെ സാഹചര്യത്തിൽ മാറുകയാണ്. സോഷ്യൽ അക്കൗണ്ടിംഗ്, ഇന്ന് നമ്മുടെ നാട്ടിലെ ജനങ്ങൾ ഈ വസ്തുതകൾ ബോദ്ധ്യപ്പെടുന്നവരാണ്. അവരെ കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കാൻ നമുക്ക് സാധിക്കണം. കൂടുതൽ കാര്യക്ഷമതയോടെ, അഴിമതിരഹിതമായി, ജനങ്ങൾക്ക് ബോദ്ധ്യപ്പെടുന്ന നിലയിൽ പദ്ധതി പ്രവർത്തനങ്ങൾ നടത്തുക എന്നുള്ളതാണ് ഇന്നത്തെ ഏറ്റവും പ്രധാനപ്പെട്ട കാര്യം. കേന്ദ്ര ബഡ്ജറ്റ് ഊന്നൽ നൽകുന്നത് മൂലധന നിക്ഷേപത്തിന്റെ കാര്യത്തിലാണ്. കേരളം പോലെയൊരു സംസ്ഥാനത്ത് 70-75 ശതമാനം പണം ക്ഷേമപ്രവർത്തനങ്ങൾക്കും പെൻഷനും ശമ്പളത്തിനും സബ്സിഡിക്കും ഗ്രാന്റിനും വേണ്ടി ചെലവഴിക്കുമ്പോൾ പദ്ധതി പ്രവർത്തനങ്ങൾക്കു വേണ്ടി പണമില്ലാതെ വരുന്ന അവസ്ഥ ഒരു യാഥാർത്ഥ്യമാണ്. അത് നമുക്ക് പരിഹരിക്കണമെങ്കിൽ ഇൻവെസ്റ്റ്മെന്റ് മാത്രമാണ് മാർഗ്ഗം. കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീ. പി. ചിദംബരം അവതരിപ്പിച്ച പുതിയ ബഡ്ജറ്റിൽ പണപ്പെരുപ്പത്തെ നിയന്ത്രിക്കാനും ഫിസ്കൽ ഡെഫിസിറ്റ് കുറച്ചുകൊണ്ടു വരുവാനും ഉൾപ്പെടെ സ്വീകരിച്ചിരിക്കുന്നത് ഇൻവെസ്റ്റ്മെന്റിന്റെ മാർഗ്ഗമാണ്. കൂടുതൽ ഇൻവെസ്റ്റ്മെന്റ് കേരളത്തിൽ കൊണ്ടുവരാനുള്ള നടപടികളുണ്ടാകണമെന്നാണ് എനിക്ക് ശ്രീ. കെ. എം. മാണിസാറിനോട് പറയാനുള്ളത്. കേരളത്തിൽ ഇൻവെസ്റ്റ് ചെയ്യാൻ ആളുകൾ തയ്യാറാണ്. ഇപ്പോൾ ഒരു ഇൻവെസ്റ്റ്മെന്റ് ക്ലൈമറ്റ് നമ്മുടെ സംസ്ഥാനത്തുണ്ട്. ആ കാര്യത്തിൽ തൊഴിലാളികളെ കുറ്റം പറയുന്ന കാലം കഴിഞ്ഞു. തീർച്ചയായും ഇന്ന് തൊഴിലാളികൾ ഇത്തരം നല്ല കാര്യങ്ങളെ സഹായിക്കുന്ന നിലപാടിലാണ്. തൊഴിലാളി സമരങ്ങൾമൂലം ഒരു ഇൻവെസ്റ്റ്മെന്റും ഇവിടെ വരാതിരിക്കുന്നില്ല. അതുകൊണ്ട് ഇച്ഛാശക്തിയോടുകൂടി പ്രവർത്തിച്ചാൽ കേരളത്തിൽ കൂടുതൽ നിക്ഷേപങ്ങൾ കൊണ്ടുവരാനുള്ള സാധ്യതകൾ വളരെയേറെയാണ്. പ്രൈവറ്റ് ഇൻവെസ്റ്റ്മെന്റിനെ സ്വാഗതം ചെയ്യാം. പി.പി.പി. മോഡലിനെ സ്വാഗതം ചെയ്യാം, അതോടൊപ്പംതന്നെ സഹകരണ മേഖലയിലും കൂടി ഇൻവെസ്റ്റ്മെന്റ് കൊണ്ടുവരാം. ഒരുകാര്യം മാത്രമേയുള്ളൂ, ഇൻവെസ്റ്റ്മെന്റ് കൊണ്ടുവരുമ്പോൾ അതിന് ചില നിബന്ധനകളുണ്ടാകണം. അതിന് ട്രാൻസ്പരൻസിയുണ്ടാകണം. ജനങ്ങൾക്ക് ആശയക്കുഴപ്പമോ സംശയമോ ഉണ്ടാകാത്ത നിലയിൽ ഇൻവെസ്റ്റ്മെന്റുകൾ കൊണ്ടുവന്നാൽ കേരളത്തിലെ ജനങ്ങൾ രണ്ടും കൈയുംനീട്ടി സ്വീകരിക്കുമെന്നുള്ള കാര്യത്തിൽ സംശയമില്ല. പലപ്പോഴും പി.പി.പി. മോഡലിനെപ്പറ്റി പറയുമ്പോൾ ആളുകൾക്കുണ്ടാകുന്നത് സംശയങ്ങളാണ്. അതുകൊണ്ടാണ് സോഷ്യൽ റിപ്പോർട്ടിംഗിനെ സംബന്ധിച്ച് ഞാൻ ഊന്നിപ്പറഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

രണ്ടു കാര്യങ്ങളാണ് കേരളത്തിന് ഇനി ആവശ്യമുള്ളത് ഇൻവെസ്റ്റ്മെന്റ് ആന്റ് ടെക്നോളജി know-how, ടെക്നോളജിക്കൽ അപ്ഗ്രഡേഷൻ. ഈ രണ്ട് കാര്യങ്ങളിൽ നമുക്ക് കൂടുതലായി ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതായിവരുന്നു. മറ്റൊരു പ്രധാനപ്പെട്ട കാര്യം, കേരളം 9.5 ശതമാനം വളർച്ചാനിരക്ക് കൈവരിച്ച സംസ്ഥാനമാണ്. അതിൽ നമ്മളെല്ലാവരും അഭിമാനിക്കുന്നു. അതോടൊപ്പം ഈ വളർച്ചയുടെ പ്രയോജനം ഒരുപിടി ആളുകൾക്ക് മാത്രമാകാൻ പാടില്ല. വികസനത്തിന്റെയും വളർച്ചയുടെയും പ്രയോജനം സമൂഹത്തിലെ താഴെത്തട്ടിലെ പാവപ്പെട്ട ജനങ്ങൾക്കുമുണ്ടാകണം. ഞാൻ സംസ്ഥാനത്തെ പല പട്ടികജാതി/ പട്ടികവർഗ്ഗ കോളനികൾ സന്ദർശിച്ചുകൊണ്ടിരിക്കുന്ന ആളാണ്. ഗാന്ധിഗ്രാമം പരിപാടിയുടെ ഭാഗമായാണ് ഞാൻ പോകുന്നത്. നമ്മുടെ സമൂഹത്തിൽ ഇതുപോലെയുള്ള വളരെ പാവപ്പെട്ട കുടുംബങ്ങൾ, ആളുകൾ പട്ടികജാതി കോളനികളിൽ ജീവിക്കുന്നുണ്ടോ എന്ന് നമുക്ക് അത്ഭുതം തോന്നും. ആ പാവപ്പെട്ട ജനങ്ങളുടെ ജീവിതത്തിൽ ഒരു മാറ്റവും ഇതുവരെ ഉണ്ടായിട്ടില്ല. ശ്രീ. എ. കെ. ബാലൻ ഇന്നലെ അവതരിപ്പിച്ച ശ്രദ്ധ ക്ഷണിക്കലിനെ ഞാൻ പൂർണ്ണമായി പിന്താങ്ങുന്നു. അദ്ദേഹം പറഞ്ഞതുപോലെ കേരളത്തിലെ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങൾ എടുത്തിട്ടുള്ള ലോണുകൾ എഴുതിത്തള്ളാൻ സംസ്ഥാന ഗവൺമെന്റ് മുന്നോട്ടുവരണമെന്നുള്ള ആവശ്യം ഞാനും മുന്നോട്ടുവയ്ക്കുകയാണ്. നമ്മുടെ നാട്ടിൽ ഏറ്റവും കൂടുതൽ പരിഗണന അർഹിക്കുന്ന ഒരു വിഭാഗമായി പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ മാറുകയാണ്. സമൂഹം വളരുമ്പോൾ, രാജ്യം വളരുമ്പോൾ ആ വളർച്ചയുടെ മധുരഫലങ്ങൾ രാജ്യത്തെ ഏറ്റവും പാവപ്പെട്ട ആളുകൾക്ക്, എറ്റവും വൾനെറബിൾ സൊസൈറ്റി എന്നുപറയുന്ന ഈ വിഭാഗത്തിന് എത്തിക്കാനുള്ള ഉത്തരവാദിത്വം നമ്മൾ ഏറ്റെടുക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. അങ്ങനെ എത്തുന്നില്ല എന്നുള്ളതുകൊണ്ടാണ് നമ്മുടെ സമൂഹത്തിൽ സംഘർഷവും സാമൂഹ്യമായ പ്രതിസന്ധികളും വർദ്ധിച്ചു വരുന്നത്. ഇന്ന് ഇക്വിറ്റബിൾ ഡിസ്ട്രിബ്യൂഷൻ ഓഫ് വെൽത്ത് ഒരു വലിയ ചോദ്യചിഹ്നമായി ഉയർന്നുവരികയാണ്. ഇവിടെ മാത്രമല്ല ലോകം മുഴുവൻ അതാണ്. വാൾസ്ട്രീറ്റിൽ നടന്ന പ്രക്ഷോഭം അതിന്റെ പേരിലാണ്. ജാസ്മിൻ റവല്യൂഷന്റെ പിന്നിലും അതുതന്നെയാണ്. ലോകത്തെമ്പാടും നടക്കുന്ന പല തരത്തിലുള്ള സംഘർഷങ്ങളുടെയും അടിസ്ഥാന കാരണമെന്നുപറയുന്നത് ഇക്വിറ്റബിൾ ഡിസ്ട്രിബ്യൂഷൻ ഓഫ് വെൽത്ത് ഇല്ല എന്നുള്ളതുകൊണ്ടുതന്നെയാണ്. പുതിയ കാലഘട്ടത്തിൽ നമ്മൾ ജീവിക്കുമ്പോൾ വളർച്ച പ്രാപിക്കുന്ന സംസ്ഥാനമായി കേരളവും അതോടൊപ്പം ഇൻഡ്യയും ലോകവും മാറുമ്പോൾ അതിന്റെ പ്രയോജനം സമൂഹത്തിലെ ഏറ്റവും പാവപ്പെട്ട ജനങ്ങൾക്കുകൂടി എത്തിയെങ്കിൽ മാത്രമേ വികസനം അർത്ഥപൂർണ്ണമാവുകയുള്ളൂ. അതിനുള്ള നടപടികളാണ് ഏറ്റവും ആവശ്യമായിട്ടുള്ളത്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽ വീടില്ലാത്ത ആളുകളുണ്ട്. അതുപോലെ അവരുടെ ആരോഗ്യ സംരക്ഷണ പ്രശ്നങ്ങൾ, ആരോഗ്യം നശിച്ചുപോകുന്ന ആളുകൾ. അട്ടപ്പാടിയിൽ പുരുഷൻമാരുടെ എണ്ണം കുറയുകയാണ്. അതിന്റെ കാര്യത്തിലേക്ക് ഞാൻ കടക്കുന്നില്ല. അമിത മദ്യപാനവും, അമിതമായ ഇല്ലിസിറ്റ് ലിക്വറും കാരണം അവിടത്തെ പുരുഷൻമാരുടെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുന്നുവെന്നത് ഞെട്ടിപ്പിക്കുന്ന വാർത്തയാണ്. നമ്മുടെ സമൂഹത്തിൽ ഇന്ന് വളർന്നുവരുന്ന ഇത്തരം സാമൂഹ്യമായ വിപത്തുകൾക്കെതിരെ ശക്തമായ പോരാട്ടത്തിന് സമയമായിരിക്കുന്നു എന്നാണ് എന്റെ വിശ്വാസം. ഞാൻ അവസാനിപ്പിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

നമ്മളെല്ലാവരും പൊതുപ്രവർത്തകരാണ്. പൊതുജീവിതത്തിൽ മാന്യത കാത്തുസൂക്ഷിക്കുക എന്നുള്ളത് എല്ലാവരുടെയും കടമയാണ്. ഞാൻ രാഷ്ട്രീയമായി പറയുന്നതല്ല, നമ്മളെയെല്ലാം ജനങ്ങൾ കാണുന്നത് റോൾ മോഡലുകളായി തന്നെയാണ്, അല്ലെങ്കിൽ അങ്ങനെ കാണേണ്ടവരാണ്. നമ്മൾ അങ്ങനെ കാണേണ്ടവരാകുമ്പോൾ നമ്മുടെ പ്രവർത്തനങ്ങളിൽ, നമ്മുടെ ചലനങ്ങളിൽ, നോക്കിൽ, വാക്കിൽ നമ്മളെല്ലാവരും മാന്യത പുലർത്തേണ്ടത് ഏറ്റവും ആവശ്യമാണ്. ബഡ്ജറ്റ് ചർച്ചയുടെ അവസാനം എനിക്ക് പറയുവാനുള്ളത്, കേരള സമൂഹം നമ്മളിൽ നിന്ന് വളരെയേറെ പ്രതീക്ഷിക്കുന്നുണ്ട്. തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ എന്ന നിലയിൽ ജനങ്ങൾ വളരെയേറെ കാര്യങ്ങൾ പ്രതീക്ഷിക്കുന്നുണ്ട്. നാടിന്റെ നൻമയ്ക്കുവേണ്ടി, നമ്മൾ പ്രവർത്തിക്കുമ്പോൾ തെറ്റുകളുണ്ടാകാം. തെറ്റ് ചെയ്തെന്നുവരാം. പക്ഷേ, ആ തെറ്റുകൾ ആവർത്തിക്കാതിരിക്കാനും സമൂഹത്തിന്റെ റോൾ മോഡലുകളായി മാറുവാനും മാന്യമായ, ധാർമ്മികമായ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുവാനുമുള്ള പരിശ്രമംകൂടി നടത്തണമെന്നുമാത്രം അഭ്യർത്ഥിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. വളരെയേറെ സംഘർഷഭരിതമായ ഇന്നത്തെ ലോക സാഹചര്യത്തിൽ, ദേശീയ സാഹചര്യത്തിൽ കേരളത്തിന് അഭിമാനകരമായ ഒരു ബഡ്ജറ്റ് അവതരിപ്പിച്ച ശ്രീ. കെ. എം. മാണി സാറിനെ അഭിനന്ദിച്ചുകൊണ്ട് ബഡ്ജറ്റിനെ ഒരിക്കൽകൂടി പിന്താങ്ങിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : സർ, സഭയിൽ ഇപ്പോൾ സംസാരിച്ച് നിർത്തിയ കെ.പി.സി.സി.-യുടെ പ്രിയങ്കരനായ സെക്രട്ടറി

12.01 PM]

ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞ കാരണങ്ങൾകൊണ്ടുതന്നെ ഞാൻ ഈ ബഡ്ജറ്റിനെ പൂർണ്ണമായും എതിർക്കുകയാണ്. ഇതിൽ സുതാര്യതയില്ല, സോഷ്യൽ ഓഡിറ്റിംഗില്ല, ഇതുപോലുള്ള കാര്യങ്ങളെല്ലാം നടത്തണമെന്നാണ് അദ്ദേഹം പറഞ്ഞത്. എന്നു പറഞ്ഞാൽ ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഈ ഗവൺമെന്റ് ശരിയായ രീതിയിലല്ല പ്രവർത്തിക്കുന്നത് എന്നാണ് അതിന്റെ വ്യംഗ്യം. ഇതാണ് അദ്ദേഹം പറഞ്ഞതിന്റെ സാരാംശം. അതുകൊണ്ടുതന്നെയാണ് ബഡ്ജറ്റിനെ പൂർണ്ണമായും ശക്തമായും എതിർക്കേണ്ടി വന്നിട്ടുള്ളത്. പദ്ധതികളുടെയും പണത്തിന്റെയും നീതിപൂർവ്വമായിട്ടുള്ള വിതരണം ഈ ബഡ്ജറ്റിലില്ല. ചില കേന്ദ്രങ്ങളുടെ താല്പര്യ സംരക്ഷണമാണ് ബഡ്ജറ്റിലൂടെ പ്രകടമാകുന്നത്. പത്രങ്ങൾ എഴുതിയതുപോലെ ഇത് മലപ്പുറം, കോട്ടയം ജില്ലകളുടെ ബഡ്ജറ്റാണ്. ബഡ്ജറ്റിൽ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കണമെന്ന നിർബന്ധ ബുദ്ധി ധനകാര്യ വകുപ്പുമന്ത്രിക്കോ സർക്കാരിനോ ഇല്ല. മുൻ വർഷത്തെ അനുഭവങ്ങൾ ബഹുമാനപ്പെട്ട ശ്രീ. എളമരം കരീം, മറ്റ് പ്രമുഖരായിട്ടുള്ള മെമ്പർമാർ എല്ലാവരും എണ്ണിയെണ്ണി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഞാൻ അതിലേക്ക് കടക്കുന്നില്ല. മുൻവർഷത്തെ അനുഭവങ്ങൾ പരിശോധിച്ചാൽ ഈ ബഡ്ജറ്റ് വാഗ്ദാനങ്ങളുടെ ഒരു ശ്മശാനഭൂമിയായി കേരളത്തെ മാറ്റുന്നുവെന്നാണ് നമുക്ക് കാണാൻ കഴിയുന്നത്. ഇച്ഛാശക്തിയില്ലാത്ത അഴിമതി ക്യമുന്നണി യുടെ ഒരു സർക്കാരാണിത്. ഒരു ഫ്യൂഡൽ സംസ്കാര കാലഘട്ടത്തിലെ നമ്പൂതിരി ബന്ധത്തെ ഓർമ്മിപ്പിക്കുന്ന ചെയ്തികളാണ് ഇവിടെ നടക്കുന്നത്. നമ്പൂതിരി ഇല്ലത്തുചെന്ന്

LIBRARY ARCHIVES Kerala Legislative Assembly

വേളി കഴിച്ച് സുഖഭോഗങ്ങളോടെ താമസിച്ച് സന്താനോല്പാദനവും നടത്തി ഇറങ്ങിപ്പോകും. ഭാര്യയുടെയോ കുഞ്ഞിന്റെയോ ഭാവി ജീവിതത്തെക്കുറിച്ച് ഒരു ചിന്തയുമില്ല. നമ്പൂതിരി അടുത്ത ഇല്ലത്തേക്ക് പോകും. ശ്രീ. കെ. എം. മാണി സാർ ഓരോ വർഷവും മോഹനസുന്ദര വാഗ്ദാനങ്ങൾ വാരിക്കോരി നൽകും. അതിനാവശ്യമായിട്ടുള്ള പണമുണ്ടാകില്ല. ആ വർക്കുകൾ നടന്നോ ഇല്ലയോ എന്ന പരിശോധനയുമില്ല. അടുത്ത കൊല്ലവും അത് ആവർത്തിക്കുന്നു. ഇങ്ങനെ നമ്പൂതിരി കല്യാണംപോലെയാണ് ശ്രീ. കെ. എം. മാണിസാറിന്റെ ബഡ്ജറ്റ്. എങ്ങനെയാണ് ഈ ബഡ്ജറ്റിനെ പിന്താങ്ങാൻ കഴിയുന്നത്........

മി. സ്പീക്കർ : പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. സി. പി. മുഹമ്മദ് : സർ, കേരളത്തിൽ പഴയകാലത്ത് പല അനാചാരങ്ങളും നടന്നുകാണും. പക്ഷേ, അതെല്ലാം ഉദ്ധരിച്ച് ഒരു സമുദായത്തെ കുറിച്ച് ഇങ്ങനെ അപമാനകരമായ രീതിയിൽ സംസാരിക്കുന്നത് ഓർഡറിലാണോ ?

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : സർ, ഇത് ചരിത്രമല്ലേ ?

മി. സ്പീക്കർ : അതല്ല, അദ്ദേഹം ഒരു സമുദായത്തെയും അനാദരിച്ച് പറഞ്ഞതല്ല. ഇങ്ങനെയുള്ള ജീവിതരീതി ഉണ്ടായിരുന്നു എന്നു പറഞ്ഞതേയുള്ളൂ.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : സർ, വർത്തമാന കാലത്തെ ചരിത്രങ്ങൾ നമ്മൾ ഉദ്ധരിക്കാറുണ്ട്. എന്തിനാണ് ഇങ്ങനെയുള്ള ഒരു അസഹിഷ്ണുത പ്രകടിപ്പിക്കുന്നത്. ശ്രീ. കെ. എം. മാണിസാർ ഓരോ വർഷവും മോഹനസുന്ദര വാഗ്ദാനങ്ങൾ വാരിക്കോരി നൽകും. അതിനാവശ്യമായിട്ടുള്ള പണമോ, പ്രവൃത്തിയോ നടന്നോ ഇല്ലയോ എന്ന പരിശോധനപോലും നടത്താറില്ല. അടുത്ത കൊല്ലവും അതാവർത്തിക്കുന്നു. ഇത്തരത്തിലുള്ള ഒരു ബഡ്ജറ്റിനെ എങ്ങനെയാണ് അംഗീകരിക്കാൻ കഴിയുന്നത് ? സാമൂഹ്യ സുരക്ഷാ പദ്ധതിയുടെ വെള്ളപ്പൊക്കം നടന്നുവെന്ന രീതിയിൽ ഭരണകക്ഷി അംഗങ്ങൾ വലുപ്പച്ചെറുപ്പമില്ലാതെ ഇന്നലെ ഉറഞ്ഞുതുള്ളുന്നത് കണ്ടു. മലബന്ധംമൂലം വിഷമിക്കുന്നവർക്ക് നല്ല മോഷൻ കിട്ടിയാൽ എന്തൊരാശ്വാസമായിരിക്കും. അതുപോലെയാണ് സാമൂഹ്യ സുരക്ഷാ പദ്ധതിയുടെ കാര്യത്തിൽ വരൾച്ചയുള്ള യു.ഡി.എഫ്. അല്ലറചില്ലറ സമാശ്വാസ പെൻഷൻ പദ്ധതികൾ പ്രഖ്യാപിച്ചപ്പോൾ മലബന്ധക്കാരന് ശോധനം കിട്ടിയപ്പോൾ ആശ്വാസം കിട്ടിയ ഒരു പ്രതീതിയാണ് ഇവിടെ കാണാൻ കഴിഞ്ഞത്.

## XI ക്രമപ്രശ്നം

### ഓഫീസ് ഗ്യാലറിയിൽ ഉദ്യോഗസ്ഥർ ഇല്ലാത്തതുസംബന്ധിച്ച്

ശ്രീ. വി. ശിവൻകുട്ടി : സർ, ബഡ്ജറ്റിനെക്കുറിച്ചുള്ള കാര്യങ്ങൾ ഭരണ പക്ഷത്തും പ്രതിപക്ഷത്തുമുള്ള നിയമസഭാ മെമ്പർമാർ വളരെ ഗൗരവമായി അവതരിപ്പിക്കുകയാണ്. ഉദ്യോഗസ്ഥന്മാർക്ക് ഇക്കാര്യത്തിൽ പ്രധാനപ്പെട്ട ഒരു പങ്കുണ്ട്. ബഹുമാനപ്പെട്ട ശ്രീ. കെ. എം. മാണിസാർ സമയം കണ്ടെത്തി കേൾക്കുന്നതിനുവേണ്ടി ഇവിടെ വന്നിരിക്കുന്നു. ഉദ്യോഗസ്ഥർ ഒരാളെങ്കിലും ഗ്യാലറിയിൽ ഉണ്ടോയെന്ന് നോക്കണം. ബഹുമാനപ്പെട്ട അങ്ങ് റൂളിംഗ് നല്കണം.



LIBRARY ARCHIVES Kerala Legislative Assembly

## XII റൂളിംഗ്

### ഓഫീസ് ഗ്യാലറിയിൽ ഉദ്യോഗസ്ഥർ ഇല്ലാത്തതുസംബന്ധിച്ച്

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ ഇല്ലാത്തതുകൊണ്ടാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മറുപടി പറയണ്ട, ഞാൻ പറയാം. ഇവിടെ മറ്റു മന്ത്രിമാരേയും കാണുന്നില്ല. അങ്ങേക്കുവേണ്ടി മാത്രമുള്ളതല്ല ഈ ബഡ്ജറ്റ്. ബഡ്ജറ്റ് ചർച്ച നടക്കുമ്പോൾ സീനിയർ ഓഫീസേഴ്സെല്ലാം നിർബന്ധമായും ഓഫീസ് ഗ്യാലറിയിൽ വേണ്ടതാണ്. അതിന്റെ ക്രമീകരണങ്ങൾ മുഖ്യമന്ത്രി ചെയ്യേണ്ടതാണ്. ഞാൻ മുഖ്യമന്ത്രിയോട് അക്കാര്യം സംസാരിക്കുന്നതാണ്. ഉദ്യോഗസ്ഥർ ഈ സമയങ്ങളിൽ ഇവിടെ ഉണ്ടാകണം. കാരണം, ഇവിടെ നടക്കുന്ന ചർച്ചകളുടെ നോട്ടെടുത്ത്, ഒരുപക്ഷേ മിനിസ്റ്റേഴ്സ് ഇല്ലെങ്കിൽ മിനിസ്റ്റേഴ്സിനെ അത് ബോധ്യപ്പെടുത്തി ഭരണപരമായ കാര്യങ്ങളുംമറ്റും ഫയലാക്കേണ്ടത് ഉദ്യോഗസ്ഥരാണ്. ഇവിടെ കുറച്ച് സ്റ്റാഫ് ഇരിപ്പുണ്ട്. ഉദ്യോഗസ്ഥരാണോ എന്നെനിക്കറിയില്ല. അവിടെ മിനിസ്റ്റേഴ്സിന്റെ സ്റ്റാഫും ഇരിക്കാറുണ്ട്. ഓഫീസ് ഗ്യാലറിയിൽ ഓഫീസേഴ്സ് ഇല്ലാത്തത് ഗുരുതരമായ വീഴ്ചയും തെറ്റുമാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അങ്ങ് അത് ശ്രദ്ധിക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : യെസ്.

### ധനകാര്യം — തുടർച്ച

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : സർ, സാമൂഹ്യ സുരക്ഷാ പദ്ധതിയുടെ കാര്യത്തിൽ ഈ ഗവൺമെന്റ് എന്താണ് ചെയ്യുന്നത്? കർഷകത്തൊഴിലാളി ക്ഷേമനിധി ഇനത്തിൽ 127 കോടി രൂപ കൊടുക്കാൻ ഇനി ബാക്കിയുണ്ട്. അതിവർഷ ആനുകൂല്യം, പ്രസവാനുകൂല്യം, ചികിത്സാ സഹായം അതുപോലെ വിദ്യാഭ്യാസാനുകൂല്യം തുടങ്ങിയ ഒട്ടേറെ കാര്യങ്ങൾ ഈ പാവപ്പെട്ട കർഷകത്തൊഴിലാളികൾക്ക് ക്ഷേമനിധി ഇനത്തിൽ കൊടുത്തു തീർക്കാനുണ്ട്. ഒരു നയാപൈസയുണ്ടോ ; ഇത് ക്രിമിനൽ കുറ്റമല്ലേ ? ഈ നിയമസഭ പാസ്സാക്കിയ ഒരു നിയമത്തിന്റെ അടിസ്ഥാനത്തിൽ പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് കൊടുക്കേണ്ട ആനുകൂല്യം കൊടുക്കാത്തത് ക്രിമിനൽ കുറ്റമാണ്. നിങ്ങൾ വലിയൊരു lawyer ആണല്ലോ ; നിങ്ങൾക്കറിയില്ലേ ഇക്കാര്യം ? എന്തുകൊണ്ട് നിങ്ങൾ ഒരു നയാപൈസപോലും കൊടുത്തില്ല, എത്ര കുറ്റകരമായ കാര്യമാണ് നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത് ? ആ ക്ഷേമനിധിക്കു വേണ്ടി കഴിഞ്ഞ 13-ാം തീയതി ലക്ഷക്കണക്കിനാളുകൾ പങ്കെടുത്ത സമരം കേരളത്തിൽ നടന്നതാണ്. ആ ജനവികാരം നിങ്ങൾ മനസ്സിലാക്കണം. നിങ്ങൾ പാവപ്പെട്ടവർക്ക് വേണ്ടിയല്ല, പണക്കാരനുവേണ്ടി, ഉള്ളവനുവേണ്ടിയാണ് ഈ ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നതെന്ന് എല്ലാവർക്കുമറിയാം. അതുകൊണ്ട് പാവപ്പെട്ട ജനവിഭാഗങ്ങളുടെ പ്രശ്നങ്ങൾ കണ്ണുതുറന്ന് കാണാൻ തയ്യാറാകണമെന്ന വിനീതമായ അഭ്യർത്ഥനയാണ് എനിക്കുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ക്ഷേമനിധി പദ്ധതികൾക്കായി 100 കോടി രൂപയെങ്കിലും മാറ്റിവയ്ക്കണമായിരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ 115 കോടി രൂപയാണ് ക്ഷേമനിധി ആനുകൂല്യങ്ങളുടെ കുടിശ്ശിക നൽകുന്നതിനുവേണ്ടി ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ഡോ. ടി. എം. തോമസ് ഐസക് മാറ്റിവച്ചത്. ഈ തുക തീരുന്നതുവരെ ഞങ്ങൾ കൊടുത്തു. പക്ഷേ ഒരു നയാപൈസപോലും ഈ ബഡ്ജറ്റിൽ വച്ചിട്ടില്ല. അങ്ങേയറ്റം ക്രൂരമായിട്ടുള്ള നടപടിയായിപ്പോയി. നിങ്ങൾ പാവപ്പെട്ട ജനങ്ങൾക്കു വേണ്ടിയാണ് നിലനിൽക്കുന്നതെങ്കിൽ 100 കോടി രൂപയെങ്കിലും ക്ഷേമനിധി കുടിശ്ശിക കൊടുത്തുതീർക്കുന്നതിനുവേണ്ടി അനുവദിക്കണമെന്നാണ് സൂചിപ്പിക്കാനുള്ളത്.

ആസ്തി വികസന ഫണ്ട് ഉറപ്പു വരുത്തണം. ഈ ബഡ്ജറ്റിൽ എവിടെ നോക്കിയിട്ടും ആസ്തി വികസന ഫണ്ടിനെക്കുറിച്ചുള്ള കാര്യങ്ങൾ കാണാൻ കഴിഞ്ഞിട്ടില്ല. ഞങ്ങളുടെയൊന്നും മണ്ഡലത്തിനുവേണ്ടി നിങ്ങൾ പണം തരികയില്ല. എന്നാൽ ഈ അഞ്ചുകോടി രൂപ ഉപയോഗപ്പെടുത്തിയെങ്കിലും ഞങ്ങളുടെ മണ്ഡലത്തിൽ എന്തെങ്കിലും ചെയ്യാമെന്ന് വച്ചാൽ, അതും ഈ ബഡ്ജറ്റിലില്ല. അതുകൊണ്ട് അതുറപ്പാക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ഇനി എന്റെ ജില്ലയിലെ കാര്യങ്ങളിലേക്ക് വരാം. കാസർഗോഡ് ജില്ല യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് എല്ലാ അവസരങ്ങളിലും അവഗണിക്കപ്പെടുകയാണ്. ഇത്തവണയും അതുതന്നെയാണ് ഉണ്ടായത്. എന്നാൽ ഈ അവഗണന പരിഹരിച്ച് സമഗ്രമായ വികസനം അവിടെ ഉണ്ടാക്കുന്നതിനുവേണ്ടി കെ.പി.സി.സി. പ്രസിഡന്റ് ഞങ്ങളുടെ ജില്ലയിൽ വന്നു. അദ്ദേഹം കോൺഗ്രസ്സിന്റെ സഹപ്രവർത്തകരോടും അനുയായികളോടു കൂടി കോളനികളിലും ഗ്രാമങ്ങളിലും മുഴുവൻ പദയാത്ര നടത്തി. ജില്ലയുടെ വികസനത്തിനുവേണ്ടി ഒരു കമ്മീഷനെ നിശ്ചയിക്കാൻ ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നുപറഞ്ഞു. അതാണ് പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ട്. ആ കമ്മീഷൻ കാസർഗോഡ് ജില്ലയിൽ വരികയും ജനപ്രതിനിധികൾ, എം.പി.-മാർ, എം.എൽ.എ. മാർ, ഉദ്യോഗസ്ഥർ, നാട്ടിലെ മുഴുവൻ ആളുകളെയും വിളിച്ച് വളരെ വിപുലമായ രീതിയിൽ റിപ്പോർട്ട് തയ്യാറാക്കി ഗവൺമെന്റിന്റെ മുമ്പിൽ സമർപ്പിച്ചിട്ടുണ്ട്. ഈ ബഡ്ജറ്റ് അവതരിപ്പിക്കുന്ന വേളയിൽ വളരെയേറെ പ്രതീക്ഷയോടുകൂടി പതിനായിരക്കണക്കിനാളുകൾ ടെലിവിഷന്റെ മുന്നിൽ നിന്നു. പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോടിക്കണക്കിന് രൂപയുടെ വികസന പ്രവർത്തനങ്ങൾ കാസർഗോഡ് ജില്ലയിൽ വരാൻ പോകുന്നുവെന്നാണ് ജനങ്ങൾ വിചാരിച്ചത്. പക്ഷേ വലിയ നിരാശയാണ് അവർക്കുണ്ടായത്. അതിനെത്തുടർന്ന് എന്തെല്ലാമാണ് അവിടെ സംഭവിച്ചതെന്ന് മഞ്ചേശ്വരം എം.എൽ.എ.-യോട് ചോദിച്ചാൽ അറിയാം. അവിടെ ഒരു ഫിഷിംഗ് ഹാർബർ ഉണ്ടാക്കുമെന്ന് പറഞ്ഞ് എം.എൽ.എ-യുടേയും മുഖ്യമന്ത്രിയുടേയുമൊക്കെ ചിത്രങ്ങൾ പതിച്ച വലിയ ഫ്ളെക്സ് ബോർഡ് വച്ചു. ബഡ്ജറ്റിൽ ഒന്നുമില്ലെന്ന് കണ്ടപ്പോൾ ആ ഫ്ളെക്സ് ബോർഡ് ചറിട്ടിപ്പൊളിച്ച് കടലിലെറിഞ്ഞു. ഇങ്ങനെയുള്ള വികാര പ്രകടനങ്ങളാണ് അവിടെ ഉണ്ടായത്. അതുപോലെ തൃക്കരിപ്പൂരിൽ ഒരു സബ്ട്രഷറി അനുവദിക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവിടെ വന്ന് ആയിരക്കണക്കിന് ആളുകളെ സാക്ഷി നിർത്തി പ്രഖ്യാപിച്ചതാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് ഒരു വൺമാൻ ട്രഷറി ഉണ്ടായിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ അതും

ഇല്ലാതാക്കി. ഓതാൻ പോയി ഉള്ള ബുദ്ധിയും ഇല്ലാതാക്കി എന്നുപറയുന്നതു പോലെയാണ് ഉണ്ടായിരുന്ന വൺമാൻ ട്രഷറിപോലും ഇല്ലാതാക്കിയത്. ഇ-ഗവേണൻസിന്റെ ഉദ്ഘാടനത്തിന് വന്നപ്പോൾ ആയിരക്കണക്കിന് ആളുകളെ സാക്ഷി നിർത്തി അവിടത്തെ മുസ്ലീം ലീഗിന്റെ പ്രവർത്തകർ കൊടുത്ത മെമ്മോറാണ്ടത്തിൽ സൂചിപ്പിച്ചിട്ടുള്ളതാണ്. സബ്ട്രഷറി അനുവദിക്കണമെന്ന് അദ്ധ്യക്ഷനായിരുന്ന ഞാനും പറഞ്ഞു. അപ്പോൾ ഈ ബഡ്ജറ്റിൽ പരിഗണിക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞതാണ്. മുഖ്യമന്ത്രി പറയുന്ന വാക്കിന് ഒരു വില കല്പിക്കണ്ടേ ? ഇതാണ് നമ്മുടെ രാജ്യത്തിന്റെ വികസനത്തിന്റെ സ്ഥിതി. കെ.പി.സി.സി. പ്രസിഡന്റ് പറഞ്ഞിട്ടുള്ള പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു നയാപൈസ അനുവദിച്ചിട്ടുണ്ടോ ? ഇത് വഞ്ചനയാണ്. ബഡ്ജറ്റിലൂടെ ലഭിക്കുന്ന നക്കാപ്പിച്ച പൈസപോലും ഇല്ലാതാക്കുന്ന ഒരു റിപ്പോർട്ടായിരിക്കും വരാൻ പോകുന്നതെന്ന് ഞങ്ങൾ നേരത്തെ പറഞ്ഞിരുന്നു. കാരണം, ഞങ്ങൾക്ക് അനുഭവമുണ്ട്. 1958-ലെ ചന്ദ്രഭാനു കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിരുന്ന പല കാര്യങ്ങളും ഇന്നും നടപ്പിലാക്കിയിട്ടില്ല. ആ ഒരു സന്ദർഭത്തിലാണ് പുതിയൊരു കമ്മീഷൻ കൊണ്ടുവന്നത്. ആ കമ്മീഷന് നിങ്ങൾ വില കൽപ്പിച്ചോ ? എത്ര ലക്ഷം രൂപയാണ് കമ്മീഷൻ റിപ്പോർട്ടിനുവേണ്ടി നിങ്ങൾ ചെലവഴിച്ചത് ? എന്നിട്ട് മാർച്ച് 27-ാം തീയതി പ്ലാനിംഗ് ബോർഡ് യോഗം ചേരുന്നുണ്ട്, ആ യോഗത്തിൽ കമ്മീഷൻ റിപ്പോർട്ട് വിശദമായി പരിശോധിച്ച് അംഗീകരിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമെന്ന് ഒരു മുൻകൂർ ജാമ്യംപോലെ ബഡ്ജറ്റ് അവതരിപ്പിക്കുന്നതിനുമുമ്പ് പറഞ്ഞു. എപ്പോഴാണ് ; എവിടെനിന്നാണ് പണം ? അടുത്ത ബഡ്ജറ്റിൽ അല്ലേ ; അടുത്ത ബഡ്ജറ്റ് അവതരിപ്പിക്കാൻ ഈ ഗവൺമെന്റ് ഇവിടെ ഉണ്ടാകുമെന്നതിന് എന്താണുറപ്പ് ? അതിന്റെ വികാര പ്രകടനമാണ് ഇന്നലെ കാസർഗോഡ് എം.എൽ.എ. ശ്രീ. എൻ. എ. നെല്ലിക്കുന്ന് ഇവിടെ പ്രകടിപ്പിച്ചത്.

ശ്രീ. സാജു പോൾ : സർ, കേന്ദ്രത്തിൽ ഭരണം ഉണ്ടെന്നുള്ള ഒരു.......

മി. സ്പീക്കർ : ചോദ്യമാണോ ക്രമപ്രശ്നമാണോ പോയിന്റ് ഓഫ് ഓർഡറാണോ എന്താണ് ?

ശ്രീ. സാജു പോൾ : സർ, ഒരു കാര്യം ചോദിക്കാനാണ്. അദ്ദേഹം വഴങ്ങിയതാണ്.

മി. സ്പീക്കർ : അങ്ങേക്ക് സംസാരിക്കാം. അദ്ദേഹം വഴങ്ങി എന്നുവച്ച് വെറുതെ സംസാരിക്കാൻ കഴിയുമോ; അതിൽ ഒരു ചിട്ട വേണ്ടേ ?

ശ്രീ. സാജു പോൾ : സർ, അദ്ദേഹത്തിന്റെ പ്രസംഗത്തിന് സഹായകരമായ, ഇപ്പോൾ കിട്ടിയ പ്രധാനപ്പെട്ട കാര്യമാണ്. കേന്ദ്രഗവൺമെന്റിന് ഡി.എം.കെ നൽകിയിരുന്ന പിന്തുണ പിൻവലിക്കാനും 5 മന്ത്രിമാരെ രാജിവയ്പിക്കാനും തീരുമാനിച്ചു. അവർക്ക് 18 എം.പി-മാരുണ്ട്. കേന്ദ്രത്തിൽ ഭരണമുണ്ടെന്ന് കാണിക്കാൻവേണ്ടി കേരളത്തിൽ നിന്നുള്ള 8 മന്ത്രിമാരെ ചൂണ്ടിക്കാണിച്ചാണ് ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണനൊക്കെ ഇവിടെ കൊമ്പുകുലുക്കി നടന്നിരുന്നത്. ഇപ്പോൾ കേന്ദ്രത്തിലെ ഭരണം താഴെപ്പോകാൻ പോവുകയാണെന്ന കാര്യം..................

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ). ഒട്ടും പ്രസക്തമല്ലാത്ത ഇതാണ് വെറുതെ എഴുന്നേറ്റുനില്ക്കുന്നത് എന്തിനാണെന്ന് ഞാൻ ചോദിച്ചത്.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : സർ, കേന്ദ്രത്തിലായാലും സംസ്ഥാനത്തിലായാലും ഇവർ നടത്തുന്ന ജനവിരുദ്ധ നടപടികളുടെ ആളിക്കത്തലാണ് നാം കാണുന്നത്. ഈ രണ്ട് ഗവൺമെന്റുകളും സമീപ ഭാവിയിൽ തന്നെ തകരാൻ പോകുന്നുവെന്നുള്ളത് ജനങ്ങൾക്ക് ബോധ്യമായിട്ടുള്ള കാര്യമാണ്. ഒരു സംശയവും വേണ്ട. ഭൂരിപക്ഷം നഷ്ടപ്പെട്ടാൽ ഗവൺമെന്റ് ഉണ്ടാകുമോ ? ഇവിടെയും ഭൂരിപക്ഷം നഷ്ടപ്പെടാൻ പോകുകയാണ്. അക്കാര്യത്തിൽ ഒരു സംശയവും വേണ്ട. ശ്രീ. രമേശ് ചെന്നിത്തല ഞങ്ങളുടെ ജില്ലയിൽ വന്ന് ഞാൻ ഒരു സമഗ്ര വികസന പദ്ധതിക്ക് രൂപം കൊടുക്കാൻ പോകുകയാണ് ; നിങ്ങൾക്ക് എന്താണ് പറയാനുള്ളത് ; അത് എഴുതിത്തരുമെന്ന് ഞങ്ങളോടൊക്കെ പറയുകയാണ്. എന്തൊരു ഔചിത്യബോധമാണ്. ഞങ്ങളുടെ ജില്ലയിൽ എം.പി-യും എം.എൽ.എ-മാരുമുണ്ട്. ഞങ്ങൾ നാടിനുവേണ്ടിയാണ് പ്രവർത്തിക്കുന്നത്. അവിടത്തെ മുഴുവൻ വികസന പ്രവർത്തനങ്ങളും ഞങ്ങൾ കൈകാര്യം ചെയ്യുന്നു. അങ്ങനെയുള്ള സന്ദർഭത്തിൽ കോൺഗ്രസ്സിന്റെ കെ.പി.സി.സി പ്രസിഡന്റ്, ഞങ്ങളെപ്പോലെ സാധാരണക്കാരനായ ഒരു എം.എൽ.എ വന്നുപറയുകയാണ് നിങ്ങൾ മെമ്മോറാണ്ടം നൽകണം. ഞാൻ കാസർഗോഡ് ജില്ലയുടെ സമഗ്ര വികസനത്തിനുവേണ്ടി പ്രവർത്തിക്കാൻ പോകുന്നുവെന്ന്. എന്തൊരു നാണംകെട്ട കാര്യമാണ്. അദ്ദേഹം ഇവിടെ ഉണ്ടാകണമായിരുന്നു. ആ മണ്ഡലത്തിലെ ജനങ്ങളെ അപമാനിക്കലാണ്. എന്തെങ്കിലും പ്രയോജനം ഉണ്ടായോ?

മി. സ്പീക്കർ : ജില്ലയുടെ കാര്യമാണ് അങ്ങ് ഇത്രയും നേരം പറഞ്ഞത്. അങ്ങേക്ക് അനുവദിച്ചിരുന്ന 8 മിനിട്ടിനുപുറമെ 4 മിനിട്ട് അധികം തന്നു. അങ്ങ് പ്രസംഗം അവസാനിപ്പിക്കണം.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : സർ, ജില്ലയ്ക്ക് നിരാശ. ഇങ്ങനെയുള്ള വാർത്ത ഒട്ടേറെ പത്രങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. കഴിഞ്ഞ ബഡ്ജറ്റിൽ അവതരിപ്പിച്ച എന്തെങ്കിലും കാര്യങ്ങൾ ജില്ലയിൽ നടപ്പിലാക്കിയോ ? എന്റെ മണ്ഡലത്തിൽ ഒരു ടൂറിസം പദ്ധതിക്കുവേണ്ടി, ആദ്യം വകുപ്പുമന്ത്രി വന്നു പിന്നെ ഉദ്യോഗസ്ഥർ വന്നു. പക്ഷെ പണം അനുവദിച്ചില്ല. അങ്ങനെ ഒട്ടേറെ കാര്യങ്ങളുണ്ട്. അവഗണനയുടെ കയ്പുനീർ കുടിച്ച് ഞങ്ങൾ പ്രതിഷേധത്തിന്റെ അത്യുന്നതാവസ്ഥയിൽ നില്ക്കുകയാണ്. എന്തെങ്കിലും ഒരു പ്രതിവിധി മറുപടി പ്രസംഗത്തിലുണ്ടാകണമെന്ന് സൂചിപ്പിച്ചുകൊണ്ട് ബഡ്ജറ്റിനെ ഒന്നുകൂടി ശക്തമായി എതിർത്തുകൊണ്ട് നിർത്തുന്നു.

ശ്രീ. എം. ഉമ്മർ : സർ, ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ശ്രീ. കെ. എം. മാണിസാർ അവതരിപ്പിച്ച ഈ ബഡ്ജറ്റ് സർവ്വതല സ്പർശിയാണ്.

12.16 P.M.] ആനമുതൽ ആടുവരെ ഇതിൽ പരാമർശിച്ചിട്ടുണ്ട്. ഇവിടെ ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) കാസർഗോഡ് ജില്ലയെ അവഗണിച്ചിരിക്കുകയാണെന്ന് പറഞ്ഞു. മലപ്പുറത്തിനും കോട്ടയത്തിനും വാരിക്കോരി കൊടുത്തുവെന്ന് അദ്ദേഹം പറഞ്ഞു. ബഡ്ജറ്റ് അവതരിപ്പിച്ചതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പിറ്റേ ദിവസം പത്രം എടുത്തുനോക്കിയപ്പോൾ മലപ്പുറത്തെ അവഗണിച്ചുവെന്ന വാർത്തയാണ് കൊടുത്തിരിക്കുന്നത്. എല്ലാം മലപ്പുറം ജില്ലയ്ക്ക് കൊടുത്തുവെന്നാണ് ഇവിടെ പറയുന്നത്. അപ്പോൾ ഈ കോടിക്കണക്കിന് രൂപ എവിടെപ്പോയി ? ആനയെ കുരുടൻ കണ്ടതുപോലെ അവിടവിടെ തപ്പി നോക്കിയതുകൊണ്ടാണ് ഇങ്ങനെ തോന്നുന്നത്. എനിക്ക് അല്ലെങ്കിൽ എന്റെ മണ്ഡലത്തിലേക്ക് എന്ത് കിട്ടി എന്നുനോക്കുന്നതിനപ്പുറം കേരളത്തിലെ പാവപ്പെട്ടവന് എന്തുകിട്ടിയെന്ന് നിങ്ങൾ പരിശോധിക്കണം. ശ്രീ. കെ. എം. മാണിസാർ അവതരിപ്പിച്ചിട്ടുള്ളതിൽ ഏറ്റവും നല്ല ബഡ്ജറ്റാണിത്. ഒരു ആർദ്രമായ മനസ്സ് അദ്ദേഹത്തിനുണ്ട്. അതുകൊണ്ടാണ് ഈ ബഡ്ജറ്റിൽ പറയപ്പെട്ട ഒട്ടേറെ വലിയ കാര്യങ്ങൾ. സംസ്ഥാനത്തെ മുന്നോട്ട് കൊണ്ടുപോകുന്ന കൊച്ചി മെട്രോ, ഹൈസ്പീഡ് റെയിൽ കോറിഡോർ, തിരുവനന്തപുരം-കോഴിക്കോട് മോണോ റെയിൽ പ്രോജക്ട്, മലയാളം സർവ്വകലാശാല, ഇഫ്ളു, കേരള സിപ്ലെയിൻ പദ്ധതി, മൊബിലിറ്റി ഹബ്ബ് തുടങ്ങിയ വൻ പദ്ധതികളെക്കുറിച്ചൊക്കെ ഇവിടെ പരാമർശിച്ചു.

ഈ ബഡ്ജറ്റിനെ സംബന്ധിച്ച് പറയുമ്പോൾ, പെൺകുട്ടികളെ കല്യാണം കഴിച്ചയയ്ക്കാൻ പ്രയാസപ്പെട്ട് കാത്തിരിക്കുന്ന ഒരുപാട് പാവപ്പെട്ട ആളുകളുണ്ട്. അങ്ങനെയുള്ള ആളുകൾക്ക്, എത്ര വലിയ സഹായം കൊടുത്തു എന്നുള്ളതല്ല, ആശ്വാസം നല്കുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. മാപ്പിള കവി പുലിക്കോട്ടിൽ ഹൈദർ സ്മാരകത്തിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി 10 ലക്ഷം രൂപ ശ്രീ. എ. പി. അനിൽ കുമാറിന്റെ മണ്ഡലത്തിന് നൽകിയിട്ടുണ്ട്. മാപ്പിളക്കവിതയിലെ ഒരു വരി ഞാനിവിടെ പറയുകയാണ്.

"കരളിലെ വേദന മാറ്റിയെൻ കൊതി.
നിറവേറ്റിത്തരണം പെരിയോനേ.
കരളിൽ കരളായ പൂമോളെ കെട്ടിക്കാൻ,
വഴി കാണുന്നില്ലാ റഹ്മാനേ.
അരുമപ്പൂമോളെ വളർച്ച കാണുമ്പോളെൻ
ഇടനെഞ്ച് പൊട്ടുന്നു സുബ്ഹാനേ"

എന്നുപറയപ്പെട്ട പെൺകുട്ടികളുടെ കല്യാണം നടത്താൻ കഷ്ടപ്പെട്ടു കൊണ്ടിരിക്കുന്ന ആളുകൾക്ക് ശ്രീ. കെ. എം. മാണിസാർ ഈ ബഡ്ജറ്റിൽ അവരെ സഹായിക്കുന്നതിന് ഒരു കൈത്താങ്ങ് കൊടുത്തിരിക്കുകയാണ്............ (തടസ്സം)......മാണി സാർ കേൾക്കണമെന്നില്ല. നിങ്ങൾ കേട്ടല്ലോ. കേൾക്കേണ്ടവർ കേട്ടാൽ മതി. ശ്രീ. കെ. എം. മാണിസാർ കൊണ്ടുവന്ന കാര്യമായതുകൊണ്ട് അദ്ദേഹം കേൾക്കണമെന്നില്ല. നിങ്ങൾക്കാണ് സംശയം. അപ്പോൾ നിങ്ങൾ കേട്ടാൽ മതി. ഈ ബഡ്ജറ്റിൽ ഒന്നുമില്ല എന്നുപറയുന്നവരാണ് കേൾക്കേണ്ടത്. കവികൾ പലതും എഴുതും. ഇത് പുലിക്കോട് ഹൈദർ ഉസ്മാന്റെ കവിതയല്ല. ഒരു മാപ്പിള പാട്ടിന്റെ കവിതയാണ്. വേറെയുമുണ്ട് കവിതകൾ. കാർഷിക പദ്ധതികൾ, ആത്മഹത്യ ചെയ്താൽ കർഷകരെ നിങ്ങൾ സഹായിക്കും. അതേ സമയത്ത്

LIBRARY ARCHIVES Kerala Legislative Assembly

കർഷകരെ രക്ഷിക്കുന്നതിന് വേണ്ടി ശ്രീ. കെ. എം. മാണിസാർ ഒരുപാട് കാര്യങ്ങൾ ചെയ്തിട്ടുണ്ട്. അതുകൊണ്ടാണ് ഒരു ഹെക്ടറിൽ താഴെമാത്രം കൃഷിഭൂമിയുള്ള ചെറുകിട കർഷകരുടെ പലിശ ബാധ്യത എഴുതിത്തള്ളുന്നത്. നിങ്ങളാണെങ്കിൽ ആരാണ് മരിച്ചത് അവരുടെ കുടുംബത്തിന്റെ പലിശ പിന്നീട് എഴുതിത്തള്ളുകയാണ് ചെയ്യുന്നത്. ഒരാൾ ആത്മഹത്യ ചെയ്യാതിരിക്കാൻ എന്തുചെയ്യാമെന്നാണ് ശ്രീ. കെ. എം. മാണിസാർ നോക്കിയത്. കർഷകർക്കു വേണ്ടി ഒരുപാട് ക്ഷേമപദ്ധതികൾ ഉണ്ടാക്കിയിട്ടുണ്ട്. പലിശരഹിത വായ്പ കർഷകർക്ക് കൊടുക്കുകയാണ്. വയനാട്ടിൽ മരണമുണ്ടായല്ലോ ? മരണത്തിന്റെ കാരണം എന്താണെന്ന് ചോദിച്ചപ്പോൾ അമിത പലിശ എന്നാണ് പറഞ്ഞത്. ഇവിടെ ശ്രീ. കെ. എം. മാണിസാർ ഒരു ഹെക്ടറിൽ താഴെയുള്ള ആളുകൾക്ക് പലിശരഹിത വായ്പ കൊടുക്കാനുള്ള പദ്ധതിയാണ് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അതുപോലെതന്നെ കർഷകർക്ക് കാർഷിക വായ്പ തിരിച്ചടവിന് റിസ്ക് ഇൻഷ്വറൻസ്. കാർഷികാദായ നികുതിയിൽ നിന്ന് വ്യക്തികളെ ഒഴിവാക്കുക തുടങ്ങി ചെറുതും വലുതുമായ പദ്ധതികളുണ്ട്. കാർഷികാദായ നികുതിയിൽ നിന്ന് കർഷകരെ ഒഴിവാക്കിയിട്ടുണ്ട്.

വിലക്കയറ്റം തടഞ്ഞുനിർത്തുന്നതിനുവേണ്ടി 'തൃപ്തി' ന്യായവില ഭക്ഷണശാലകൾ ആരംഭിക്കുമെന്ന് പറഞ്ഞിട്ടുള്ളത് വെറുമൊരു ആശയം മാത്രമല്ല. ഭക്ഷണശാലകൾ ആരംഭിക്കുന്നതിനുവേണ്ടി പ്രതിവർഷം 5 ലക്ഷം രൂപ സബ്സിഡി. അവർക്ക് വൈദ്യുതിയിൽ ഇളവ്, സൗജന്യനിരക്കിൽ ഗ്യാസ് കണക്ഷൻ, 50,000 രൂപ മാനേജീരിയൽ സബ്സിഡി ഇവയെല്ലാം ഏർപ്പെടുത്തി കൊണ്ട് ഓരോ താലൂക്കിലും പരീക്ഷണാടിസ്ഥാനത്തിൽ 20 രൂപ നിരക്കിൽ ഭക്ഷണം കൊടുക്കുന്ന 'തൃപ്തി' ന്യായവില ഭക്ഷണശാലകൾ ആരംഭിക്കുമെന്നാണ് പറയുന്നത്.

ശ്രീ. ജി. സുധാകരൻ: സർ, അദ്ദേഹം മനഃപൂർവ്വമല്ലെങ്കിലും കാര്യം മനസ്സിലാക്കാതെ ഒരു പരാമർശം നടത്തിയിരിക്കുകയാണ്. കർഷകർക്ക് വേണ്ടി റിസ്ക് ഇൻഷ്വറൻസ് കൊണ്ടുവന്നു, ആ ആശയം നിങ്ങൾക്ക് തോന്നിയിട്ടുണ്ടോയെന്ന് ചോദിക്കുകയുണ്ടായി. അദ്ദേഹം കഴിഞ്ഞ നിയമസഭയിൽ ഉണ്ടായിരുന്നുവെന്നാണ് എന്റെ ഓർമ്മ. ആദ്യമായിട്ടാണ് ഒരു ലക്ഷം രൂപ വരെ വായ്പയെടുത്ത് മരിച്ച ആളിന്റെ വായ്പയും പലിശയും എഴുതിത്തള്ളുന്ന ഒരു ഓർഗനൈസേഷൻ ഉണ്ടാക്കുകയും പത്തു മുവ്വായിരം പേർക്ക് അത് കൊടുക്കുകയും ചെയ്തിട്ടുണ്ട്. ശ്രീ. സി. എൻ. ബാലകൃഷ്ണൻ അത് ഒന്നര ലക്ഷമാക്കി മാറ്റി. നിങ്ങൾക്ക് തോന്നിയിട്ടുണ്ടോയെന്ന് ചോദിക്കുമ്പോൾ, ഇങ്ങനെ സംസാരിക്കുന്നത് ശരിയാണോ ? അത് കഴിഞ്ഞ ഗവൺമെന്റ് കൊണ്ടുവന്നു. ഇപ്പോൾ അത് ഇംപ്രൂവ് ചെയ്തു. അപ്പോൾ അതെന്തിനാണ് നിഷേധിക്കുന്നത്. മനഃപൂർവ്വം പറഞ്ഞുവെന്ന് ഞാൻ പറയുന്നില്ല. അത് തിരുത്താൻ തയ്യാറാകണം.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ ഈ ഗവൺമെന്റ് നടപ്പിലാക്കിയ കാര്യങ്ങളാണ് പറഞ്ഞത്. നിങ്ങൾക്ക് പല ആശയങ്ങളുണ്ട്. ഇട്ടിട്ട് പോകുകയാണ്. നടപ്പിലാക്കാൻ നിങ്ങൾ ഉണ്ടാകില്ല. നടപ്പിലാക്കുന്ന കാര്യത്തിൽ...

മി. സ്പീക്കർ: ഇതിൽ തർക്കം വേണ്ട. അത് ഭാഷയിലുള്ള ഒരു ശൈലിയായതുകൊണ്ട് പോകട്ടെ.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. ഉമ്മർ : സർ, ഞാൻ നോക്കിയിരുന്നില്ല. എനിക്ക് അറിയാത്ത കാര്യം ഞാൻ തിരുത്തേണ്ട കാര്യമില്ല. അതുണ്ടെങ്കിൽ അദ്ദേഹം പറഞ്ഞിട്ടുണ്ടല്ലോ. അങ്ങ് പറഞ്ഞതും ഇവിടെ രേഖയിലുണ്ടല്ലോ. 3 ലക്ഷം രൂപ വരെ വരുമാനമുള്ള എ.പി.എൽ. വിഭാഗത്തിനും വിദ്യാഭ്യാസ വായ്പ ഇനത്തിൽ പലിശയിളവ് കൊടുക്കാൻ വേണ്ടി ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ഓർഫനേജുകളിലെ കുട്ടികൾക്ക് ഉന്നത പഠനത്തിന് സ്കോളർഷിപ്പ് കൊടുക്കാൻ ഈ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. അതും അവർ നടപ്പിലാക്കിയതാണോയെന്ന് എനിക്കറിയില്ല. ഓർഫനേജിൽ പഠിക്കുന്ന 35,000-ത്തോളം വരുന്ന കുട്ടികളുണ്ട്. ഈ 35,000 കുട്ടികൾക്ക് പല ഓർഫനേജുകളിലും പത്താംതരം വരെ പഠിക്കാൻ മാത്രമേ സൗകര്യമുള്ളൂ. പത്താം തരത്തിലെ പഠനം കഴിഞ്ഞാൽ അവർ പഠനം അവസാനിപ്പിക്കുകയാണ് ചെയ്യുന്നത്. അങ്ങനെയുള്ള കുട്ടികൾക്ക് തുടർ പഠനത്തിന് പ്രൊഫഷണൽ കോളേജോ അല്ലാത്ത കോളേജുകളോ ഏതുകോളേജുമാകട്ടെ അവരുടെ പഠനത്തിനുള്ള ട്യൂഷൻ ഫീസും ഹോസ്റ്റൽ ഫീസും കൊടുക്കുമെന്ന് ഗവൺമെന്റ് പറഞ്ഞിട്ടുണ്ട്. അതിനുവേണ്ടി പണം നീക്കി വച്ചിട്ടുണ്ട്. മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ആജീവനാന്ത സംരക്ഷണ ഗൃഹങ്ങൾ : മാനസികമായി വെല്ലുവിളികൾ നേരിടുന്ന പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളെ ആജീവനാന്തം സംരക്ഷിക്കാനുള്ള ബാധ്യത ഈ ഗവൺമെന്റ് ഏറ്റെടുത്തിരിക്കുകയാണ്. ഇതിനായി 20 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ഇന്ന് ശ്മശാനങ്ങൾ ഒരു വലിയ പ്രശ്നമാണ്. മുസ്ലീം വിഭാഗത്തിന് പള്ളികളും അതുമായി ബന്ധപ്പെട്ട ശ്മശാനങ്ങളുണ്ട്. ക്രിസ്ത്യാനികൾക്കും അവരുടെ പള്ളിയുമായി ബന്ധപ്പെട്ട ശ്മശാനങ്ങളുണ്ട്. ഹൈന്ദവ വിഭാഗത്തിനും മറ്റ് വിഭാഗങ്ങൾക്കും പൊതു ശ്മശാനമില്ലാതെ പല പ്രദേശങ്ങളിലും ആളുകൾ വളരെ പ്രയാസമനുഭവിക്കുകയാണ്. അങ്ങനെയുള്ള ആളുകൾക്ക് ആധുനിക ശ്മശാനമുണ്ടാക്കുന്നതിനുവേണ്ടി ഒരു വലിയ പദ്ധതി ഉണ്ടാക്കിയിരിക്കുകയാണ്. ശ്മശാനമുണ്ടാക്കുന്നതിനുവേണ്ടി ഓരോ പഞ്ചായത്തിനും 20 ലക്ഷം രൂപ വരെ ഗ്രാന്റ് കൊടുക്കുകയാണ്. ഇതിനായി സ്ഥലം ഏറ്റെടുക്കുന്നതിന് 50 ശതമാനം വരെ പണം കൊടുക്കുകയാണ്. ഇങ്ങനെ ശ്മശാനങ്ങൾ ഉണ്ടാക്കുന്നതിനു വേണ്ടി. മരിച്ചാൽ ആളുകളെ മാന്യമായി സംസ്കരിക്കുന്നതിനുള്ള ഒരു സംവിധാനം ഈ ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുകയാണ്.

അതുപോലെ ഗവൺമെന്റ് സ്കൂളുകളുടെ ആധുനികവൽക്കരണം, മുമ്പ് ഗവൺമെന്റ് സ്കൂളുകളെ സംബന്ധിച്ചുണ്ടായ സങ്കൽപ്പങ്ങൾ എന്താണ് ? അധികാര വികേന്ദ്രീകരണത്തിലൂടെ എൽ.പി. സ്കൂളുകൾ പഞ്ചായത്തുകളുടേയും ഹൈസ്കൂളുകൾ ജില്ലാ പഞ്ചായത്തുകളുടേയും കീഴിൽ നോക്കട്ടെ എന്ന് പറഞ്ഞ് വിഭജിച്ചിരിക്കുകയായിരുന്നു. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുക്കുന്ന പണം ഒരു നയാപൈസയും കുറവുവരുത്താതെതന്നെ ഹൈസ്കൂളിലെ അക്കാദമിക് രംഗത്തേയും ഭൗതിക രംഗത്തേയും മെച്ചപ്പെടുത്തുന്നതിനുവേണ്ടി കോടിക്കണക്കിന് രൂപ ഈ ഗവൺമെന്റ് ബഡ്ജറ്റിൽ നീക്കി വച്ചിരിക്കുകയാണ്. ജില്ലാ പഞ്ചായത്തിന്റേയോ ഗ്രാമപഞ്ചായത്തിന്റേയോ ബ്ലോക്ക് പഞ്ചായത്തിന്റേയോ

ചുമലിൽ വച്ചുകെട്ടുന്നതിനപ്പുറം അക്കാദമിക് കാര്യത്തിലും അതുപോലെ തന്നെ കെട്ടിടങ്ങൾ ഉണ്ടാക്കുന്ന കാര്യത്തിലും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്ന കാര്യത്തിലും കമ്പ്യൂട്ടറിന്റെ കാര്യത്തിലുമെല്ലാംതന്നെ നല്ല രീതിയിൽ ഇടപെടുന്നതിനുവേണ്ടി ഈ ഗവൺമെന്റ് സാമ്പത്തിക സഹായം നൽകിക്കൊണ്ടിരിക്കുകയാണ്. ഇതിൽ നമ്മൾ മനസ്സിലാക്കേണ്ടത്, ഗ്രാമപഞ്ചായത്തിനോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കോ കൊടുക്കുന്ന പണം വെട്ടിക്കുറച്ചല്ല ഇത് ചെയ്യുന്നത്. അങ്ങനെ എല്ലാ തലങ്ങളിലും ഇവിടത്തെ സാധാരണക്കാരനേയും സാധാരണക്കാരൻ പഠിക്കുന്ന വിദ്യാലയങ്ങളേയും സഹായിക്കുന്ന തരത്തിലുള്ള ഒരു നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്.

അതേസമയം ഇടതുപക്ഷത്തെ സംബന്ധിച്ചിടത്തോളം വിഷയ ദാരിദ്ര്യമാണ്. ഇന്നലത്തെയും ഇന്നത്തേയും അടിയന്തരപ്രമേയം കണ്ടില്ലേ ? കോടതി ഒരാൾക്ക് ജാമ്യം കൊടുത്തതിന്റെ പേരിൽ അടിയന്തരപ്രമേയം കൊണ്ടുവരുന്നത് ലോകത്ത് ആദ്യമായിട്ടാണെന്നാണ് എനിക്ക് തോന്നുന്നത്. സുപ്രീം കോടതി ഒരാൾക്ക് ജാമ്യം കൊടുത്തതിനെതിരെ അടിയന്തരപ്രമേയം. സുപ്രീം കോടതിയുടെ ഇന്നത്തെ വിധി നിങ്ങൾ വായിച്ചുനോക്കൂ, അതിന്റെ അടിസ്ഥാനത്തിൽ വേറെ അടിയന്തരപ്രമേയം കൊണ്ടുവരുമോ ? സുപ്രീം കോടതി ഇന്ന് ഇറ്റലിക്കെതിരായി പറഞ്ഞിട്ടുണ്ടല്ലോ ; ഇന്ന് സുപ്രീം കോടതിയിൽനിന്നും വന്ന ഡയറക്ഷനെന്താണ്; സ്ഥാനപതി ഇന്ത്യ വിട്ടുപോകരുത് എന്നാണ് പറഞ്ഞിരിക്കുന്നത്. എന്താണ് അതിനെ സംബന്ധിച്ച് പറയാനുള്ളത് ? സംസ്ഥാനം വിട്ട് പോകരുത്, രാജ്യം വിട്ടുപോകരുതെന്ന് ശക്തമായ നിർദ്ദേശം നൽകിയിരിക്കുകയാണ്. കേസ്സിലെ പ്രതികൾ ഇറ്റലിക്കാരായതുകൊണ്ട് ശ്രീമതി സോണിയാഗാന്ധിയെ പോലെയുള്ള ആളുകളുടെ പേര് കൂട്ടിച്ചേർത്തുകൊണ്ട് വ്യക്തിഹത്യയാണ് നടത്തുന്നത് ? ശ്രീമതി സോണിയാഗാന്ധിയെ സ്വഭാവഹത്യ ചെയ്യുന്നതിനുവേണ്ടി ഒരു ശ്രമം നടത്തിയില്ലേ ? ജ്യോതി ബാസു ഒരിക്കൽ പറയുകയുണ്ടായി, അദ്ദേഹത്തിന് ഇന്ത്യൻ പ്രധാനമന്ത്രിയാകാൻ ഒരു അവസരമുണ്ടായി. ഇന്ത്യൻ പ്രധാനമന്ത്രിയാകാൻ അവസരമുണ്ടായപ്പോൾ അദ്ദേഹം ഇന്ത്യൻ പ്രധാനമന്ത്രി പദം ഏറ്റെടുക്കേണ്ടതില്ലായെന്ന് സി.പി.എം. തീരുമാനമെടുത്തു. പക്ഷേ അതിനെക്കുറിച്ച് ജ്യോതി ബാസു പറഞ്ഞത് ഹിസ്റ്റോറിക്കൽ ബ്ലണ്ടറാണ് ചെയ്തത് എന്നാണ്. അദ്ദേഹത്തിന്റെ മരണം വരെ അദ്ദേഹം അത് പറഞ്ഞു. അതേസമയം ശ്രീമതി സോണിയാഗാന്ധിക്ക് ഇന്ത്യൻ പ്രധാനമന്ത്രിയാകാൻ അവസരമുണ്ടായി. ഇടതുപക്ഷം ഒന്നടങ്കം ശ്രീമതി സോണിയാഗാന്ധി അധികാരമേറ്റെടുക്കണമെന്ന് പറഞ്ഞു. എല്ലാ യു.പി.എ. കക്ഷികളും ഒറ്റക്കെട്ടായി നിന്നുകൊണ്ട് പ്രധാനമന്ത്രിപദം ഏറ്റെടുക്കണമെന്ന് പറഞ്ഞു. ഇന്ത്യാ രാജ്യത്ത്, 110 കോടി ജനങ്ങളുള്ള ലോകത്തിലെ ഏറ്റവും വലിയ ഒരു ജനാധിപത്യ രാജ്യത്ത്, ........(ബഹളം)........ ഞാനൊന്ന് പറയട്ടെ.

മി. സ്പീക്കർ : ബഡ്ജറ്റിന്റെ പൊതു ചർച്ച വരുന്ന സമയത്ത് എല്ലാവരും പൊളിറ്റിക്സ് പറയാറുണ്ട്. ഇതൊരു പുതിയ കാര്യമൊന്നുമല്ല.



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. ഉമ്മർ : സർ, എന്നിട്ടും ശ്രീമതി സോണിയാ ഗാന്ധി പറഞ്ഞതെന്താണ് ; എല്ലാവർക്കും അറിയാവുന്ന സത്യങ്ങളല്ലേ ; പുതിയ കാര്യങ്ങളാണോ ? നിങ്ങളുടെ പാർട്ടിക്ക് അപമാനമുണ്ട്, നിങ്ങളും പറഞ്ഞിട്ടില്ലേ ? ഒറ്റക്കെട്ടായി ആവശ്യപ്പെട്ടിട്ടുപോലും, ഇന്ത്യൻ പ്രധാനമന്ത്രിപദം ഏത് രാഷ്ട്രീയ നേതാവും ആഗ്രഹിക്കുന്ന വലിയൊരു പോസ്റ്റുതന്നെയാണ്. അതുകൊണ്ടാണല്ലോ ജ്യോതി ബാസു ഹിസ്റ്റോറിക്കൽ ബ്ലണ്ടർ എന്നുപറഞ്ഞത്. പക്ഷേ ശ്രീമതി സോണിയാഗാന്ധി പറഞ്ഞത് രാജ്യത്തിന്റെ ഭദ്രതയാണ്, രാജ്യത്തിന്റെ ഐക്യമാണ് പ്രധാനം. ഞാൻ ആ പദം ഏറ്റെടുക്കുന്നില്ല എന്നുപറഞ്ഞു കൊണ്ട് സ്നേഹപൂർവ്വം ആ പദവി തിരസ്കരിച്ച ശ്രീമതി സോണിയാഗാന്ധിയെ ഇതുപോലെയുള്ള രണ്ട് പ്രതികളുടെ പേര് കൂട്ടിച്ചേർത്ത് ഇങ്ങനെ പറയുന്നത് വളരെ മോശമാണെന്നുമാത്രമേ ഞാൻ പറയുന്നുള്ളു. ജനനംകൊണ്ട് ഇറ്റലിക്കാരിയായിപ്പോയി എന്നുള്ളതുകൊണ്ട് ഇങ്ങനെയുള്ള ഒരു കാര്യം പറഞ്ഞ് അവരെ മോശമായി ചിത്രീകരിക്കുന്നത് ഒരു പാർട്ടിയുടെ അന്തസ്സിന് യോജിച്ചതാണോ ? ജ്യോതി ബാസു ഹിസ്റ്റോറിക്കൽ ബ്ലണ്ടറാണ് ചെയ്തതെങ്കിൽ ശ്രീമതി സോണിയാഗാന്ധിയുടെ കാര്യത്തിൽ അത് ഹിസ്റ്റോറിക്കൽ തണ്ടറായിരുന്നു. ഇന്ത്യൻ രാഷ്ട്രീയത്തിൽ അതിന് ഒരു ഇടിമുഴക്കത്തിന്റെ ശബ്ദമുണ്ട്. എക്കാലത്തും ഇന്ത്യൻ രാഷ്ട്രീയത്തിൽ അതൊരു രജതരേഖയായി നിലനിൽക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

സി.പി.ഐ.(എം.)-ന് അത് സാധിക്കുമോ ? ഒരു പഞ്ചായത്ത് മെമ്പറാകാൻ വേണ്ടി കടിപിടി കൂടുന്ന, ഇപ്പോൾ ഇതാ നോക്കെത്താത്ത ദൂരത്തേക്ക് കണ്ണുംനട്ടുകൊണ്ട് പോളിറ്റ് ബ്യൂറോ മെമ്പറായിരുന്ന അദ്ദേഹം ഇവിടെ കാത്തിരിക്കുകയാണ്. മുമ്പത്തെ പോളിറ്റ് ബ്യൂറോ കൂടി തീരുമാനിച്ചത് എന്താണ് ; ആണവക്കരാറിനെ സംബന്ധിച്ച് എന്തൊക്കെയാണ് ആരോപിച്ചിരുന്നത് ; വലിയ വലിയ കാര്യങ്ങളാണ്. ഞങ്ങളുടേത് ഒരു ചെറിയ പാർട്ടിയാണ്. നിങ്ങളുടേതുപോലെയൊരു മഹാപാർട്ടിയൊന്നുമല്ലല്ലോ. സി.പി.ഐ.-യെ ഞാൻ ഒന്നും പറഞ്ഞിട്ടില്ല. നിങ്ങൾക്ക് നല്ല കാലമാണ്. എം.എൻ.-ഉം തൊമ്മനും കമ്മ്യൂണിസ്റ്റല്ല എന്ന് പറഞ്ഞിരുന്ന ആളുകൾ ഇപ്പോൾ ടി.വി. തോമസിനെ നല്ല കമ്മ്യൂണിസ്റ്റുകാരനെന്ന് പറയുന്നത് നല്ല കാര്യമാണ്. പോളിറ്റ് ബ്യൂറോ പഴയ കാലത്ത് എടുത്ത തീരുമാനം വൺ-ടു-ത്രീ എഗ്രിമെന്റ് എന്താണ്, ഗാട്ട് കരാർ എന്താണ് ? വി. എസ്. അച്ചുതാനന്ദന്റെ ശിപായിമാരെ സസ്പെന്റ് ചെയ്യണമോ വേണ്ടയോ എന്ന കാര്യമാണ് പോളിറ്റ് ബ്യൂറോ ഇന്നോ നാളെയോ കൂടി തീരുമാനിക്കാൻ പോകുന്നത്. ആലോചിച്ചാലോചിച്ച് നിൽക്കുകയാണ്. ശ്രീ. വി. എസ്. അച്ചുതാനന്ദൻ എന്നാണ് സസ്പെൻഷനെന്നുള്ളത് കാത്തിരിക്കുകയാണ്. ഇങ്ങനെയുമുണ്ടോ ഒരു പാർട്ടി ? മുസ്ലീം ലീഗിനെ സംബന്ധിച്ച് നിങ്ങൾക്ക് എന്താണ് പറയാനുള്ളത് ? ഇതൊരു ചെറിയ പാർട്ടിയാണ്. നിങ്ങളെപ്പോലൊരു മഹാപ്രസ്ഥാനമാണെന്ന് ഞങ്ങൾ അവകാശപ്പെടുന്നില്ലല്ലോ. (ബഹളം)........

മി. സ്പീക്കർ : ശ്രീ. രാജു എബ്രഹാം, ശ്രീ. കെ. വി. വിജയദാസ്, നിങ്ങൾ രണ്ടുപേരും ആവശ്യമില്ലാതെ ബഹളമുണ്ടാക്കേണ്ട. പ്ലീസ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. ഉമ്മർ : സർ, അതുകൊണ്ട് സി.പി.എം.-ന്റെ ഇന്നത്തെ അവസ്ഥയിൽ അങ്ങേയറ്റം സഹതാപമാണുള്ളത്. ഒരു അടിയന്തരപ്രമേയം അവതരിപ്പിക്കുന്ന കാര്യത്തെ സംബന്ധിച്ച്, ഒരു വിഷയം അവതരിപ്പിക്കുന്ന കാര്യത്തിൽ ആ പാർട്ടി പരാജയപ്പെട്ടിരിക്കുകയാണ്..........(ബഹളം).......

മി. സ്പീക്കർ : അദ്ദേഹം ജ്യോതി ബാസുവിനെക്കുറിച്ച് മോശമായി ഒന്നും പറഞ്ഞിട്ടില്ല.

ശ്രീ. എം. ഉമ്മർ : സർ, ശ്രീ. കെ. എം. മാണി അവതരിപ്പിച്ച സർവ്വതല സ്പർശിയായ, പാവപ്പെട്ടവനെ അങ്ങേയറ്റം സപ്പോർട്ട് ചെയ്യുന്ന ഈ ബഡ്ജറ്റിനെ ഒരിക്കൽ കൂടി പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുകയാണ്.

ശ്രീ. ചിറ്റയം ഗോപകുമാർ : സർ, ഈ ബഡ്ജറ്റിനെ ഞാൻ ശക്തിയായി എതിർക്കുകയാണ്. എന്റെ നാട്ടിൽ വലിയ പാരമ്പര്യമുള്ള ഒരു പാചകക്കാരനുണ്ടായിരുന്നു.

12.31 P.M.] അദ്ദേഹം നല്ല പാചകക്കാരനാണ്. 10-20 വയസ്സിൽ തൊഴിലാളിയായി പാചകം തുടങ്ങിയതാണ്. അദ്ദേഹത്തിന് ഇപ്പോൾ ഏകദേശം 75 വയസ്സായി. അദ്ദേഹത്തെക്കുറിച്ച് ഇപ്പോൾ ആളുകൾ പറയുന്നത് 'പാചകം കേമമാണ് പക്ഷേ കഴിക്കാൻ കൊള്ളില്ല' എന്നാണ്. അതുപോലെയാണ് ശ്രീ. കെ. എം. മാണിസാർ അവതരിപ്പിച്ച ബഡ്ജറ്റ്. ബഡ്ജറ്റിലെ പ്രസംഗം കേൾക്കാൻ മനോഹരമായിരുന്നു. ശ്രീ. കെ. എം മാണിസാർ നിന്നും ഇരുന്നും പ്രസംഗം നന്നായി അവതരിപ്പിച്ചു. പക്ഷേ ആ ബഡ്ജറ്റ് പരിശോധിച്ചാൽ കഴിഞ്ഞ കാലങ്ങളിൽ അവതരിപ്പിച്ച ബഡ്ജറ്റുകളുടെ ആവർത്തനമാണെന്ന് മനസ്സിലാക്കാൻ സാധിക്കും. കഴിഞ്ഞ കാലങ്ങളിൽ അവതരിപ്പിച്ച ബഡ്ജറ്റിൽ കെട്ടുകാഴ്ചകളെപ്പോലെ നിരവധി കാര്യങ്ങൾ കൊണ്ടുവന്നിരുന്നു. അതെല്ലാം കടവിൽ അടുക്കാതെ ഇപ്പോഴും നിൽക്കുകയാണ്. ഇത് കാർഷിക മേഖലയ്ക്ക് മുൻതൂക്കം കൊടുക്കുന്ന ബഡ്ജറ്റാണെന്നാണ് അദ്ദേഹം പറഞ്ഞത്. അതിൽ അദ്ദേഹം ഊന്നൽ നൽകിയിരിക്കുന്നത് മാതൃകാ ഹൈടെക് ഹരിത ഗ്രാമങ്ങൾക്കാണ്. മാതൃകാ ഹൈടെക് ഹരിത ഗ്രാമങ്ങളെ സംബന്ധിച്ച് പറയുന്ന ഭാഗത്ത് ഭക്ഷ്യ സുരക്ഷ, ജല സുരക്ഷ, ഊർജ്ജ സുരക്ഷ, പരിസ്ഥിതി സുരക്ഷ എന്നിവ ഉറപ്പുവരുത്തുമെന്നാണ് അദ്ദേഹം പറഞ്ഞിരിക്കുന്നത്. പക്ഷേ പറയുന്നത് ഒന്നും പ്രവർത്തിക്കുന്നത് മറ്റൊന്നുമാണ്. ഭക്ഷ്യ സുരക്ഷ എന്നാൽ എല്ലാവർക്കും ഭക്ഷണം ലഭ്യമാകണമെന്നാണ്. എല്ലാവർക്കും ഭക്ഷണം ലഭ്യമാകണമെങ്കിൽ കൃഷിഭൂമി ആവശ്യമാണ്, കൃഷി ഭൂമി സംരക്ഷിക്കപ്പെടണം. നമ്മുടെ നാട്ടിലുള്ള വയലുകളും ഭൂമിയും സംരക്ഷിക്കാൻ കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് നെൽവയൽ നീർത്തട സംരക്ഷണ നിയമം കൊണ്ടുവന്നു. എന്നാൽ ആ നിയമത്തെ അട്ടിമറിച്ച് ഭൂമി നികത്താൻ ഭൂ മാഫിയകൾക്ക് എല്ലാ ഒത്താശയും ചെയ്തുകൊണ്ട് കൃഷിഭൂമിയാകെ തകർക്കുന്ന നിലയിലേക്കാണ് ഈ ഗവൺമെന്റ് പോയതെന്ന് മനസ്സിലാക്കാം. കൃഷിഭൂമിയെയും കർഷകരെയും കർഷകത്തൊഴിലാളികളെയും സംരക്ഷിക്കാതെയും അവശേഷിക്കുന്ന നെൽവയലുകൾ സംരക്ഷിക്കാതെയും എങ്ങനെയാണ് ഭക്ഷ്യസുരക്ഷയുണ്ടാകുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹം ജല സുരക്ഷയെക്കുറിച്ച് പറയുന്നുണ്ട്. സാന്ദർഭികമായി ഇത് പറയുമ്പോൾ, മാർച്ച് 22-ാം തീയതിയാണ് ലോക ജലദിനം. വയൽ, നീർത്തടം, കൃഷിത്തടങ്ങൾ, കുളങ്ങൾ, തോടുകൾ, സ്വാഭാവിക ജലസ്രോതസ്സുകൾ എന്നിവ ഇപ്പോൾ സംരക്ഷിക്കപ്പെടാൻ കഴിയുന്നില്ല. അതുമാത്രമല്ല 34 ശതമാനം വരുന്ന കേരളീയർ മലിനജലം കുടിക്കാൻ വിധിക്കപ്പെട്ടവരായി മാറിയിരിക്കുന്നു. ഈ ബഡ്ജറ്റിൽ പുതിയ കുടിവെള്ള പദ്ധതികൾ ഒന്നുംതന്നെ പറയുന്നില്ല. പുതിയ കുടിവെള്ള പദ്ധതികളെക്കുറിച്ച് ബഡ്ജറ്റിൽ പറയാത്തതിനാൽ ശ്രീ. പി. ജെ. ജോസഫ് എഴുന്നേറ്റുപോയി. പുതിയ കുടിവെള്ള പദ്ധതികൾ നടപ്പാക്കാതെ എങ്ങനെയാണ് ജലസുരക്ഷയുണ്ടാകുന്നത്? എന്റെ നിയോജക മണ്ഡലത്തിൽ കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ ജലസേചന വകുപ്പുമന്ത്രിയായിരുന്നപ്പോൾ നബാർഡിന്റെ സഹായത്തോടുകൂടി 13 കോടി രൂപ ചെലവഴിച്ച് പന്തളത്ത് വലിയൊരു കുടിവെള്ള പദ്ധതി കൊണ്ടുവന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് രണ്ട് വർഷം കഴിഞ്ഞിട്ടും ആ പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിഞ്ഞിട്ടില്ല. ആ പദ്ധതി കമ്മീഷൻ ചെയ്യുന്നതിനായി 6 കോടി രൂപ ആവശ്യപ്പെട്ടുകൊണ്ട് ഞാൻ കഴിഞ്ഞ നിയമസഭയുടെ ആദ്യ സമ്മേളനത്തിൽ ഒരു സബ്മിഷൻ കൊണ്ടുവന്നിരുന്നു. ഈ ബഡ്ജറ്റിലെങ്കിലും പണം അനുവദിക്കണമെന്നാവശ്യപ്പെട്ട് ജലവിഭവ വകുപ്പുമന്ത്രിക്ക് നിവേദനം നൽകിയിരുന്നു. ഒരു തുകയും പന്തളം കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യാൻവേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല.

അതുപോലെതന്നെ ഊർജ്ജ സുരക്ഷയെക്കുറിച്ച് ബഡ്ജറ്റിൽ പറയുന്നുണ്ട്. ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾത്തന്നെ രണ്ട് കാരണങ്ങളാൽ ശ്രീ. ആര്യാടൻ മുഹമ്മദ് ഇറങ്ങിപ്പോയി. ഒന്ന് വൈദ്യുതിയുമായി ബന്ധപ്പെട്ടും മറ്റൊന്ന് കെഎസ്ആർടിസി-യുമായി ബന്ധപ്പെട്ടുമാണ്. പുതിയ ഊർജ്ജ സ്രോതസ്സുകൾ കണ്ടെത്താതെ വൈദ്യുതി ബോർഡുകൾ കമ്പനിയാക്കി സ്വകാര്യ കുത്തക മുതലാളിമാർക്ക് തീറെഴുതിക്കൊടുത്താൽ എങ്ങനെയാണ് ഊർജ്ജ സുരക്ഷയുണ്ടാകുന്നത്? ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്ന മറ്റൊരു കാര്യമാണ് പരിസ്ഥിതി സുരക്ഷ. എന്റെ ജില്ലയായ പത്തനംതിട്ടയിലെ ആറന്മുള വിമാനത്താവളവുമായി ബന്ധപ്പെട്ട വിഷയം സഭ നിരവധി തവണ ചർച്ച ചെയ്തതാണ്. ആറന്മുള വിമാനത്താവളത്തിനുവേണ്ടി നൂറ് കണക്കിന് ഏക്കർ നെൽവയലുകൾ നികത്തിക്കൊണ്ടിരിക്കുകയാണ്. വർഷം മുഴുവൻ നീരൊഴുക്കുള്ള കോഴിത്തോടും നികത്തിക്കഴിഞ്ഞു. പരിസ്ഥിതിയെ ആകെ തകർക്കുന്നതിന് കൂട്ടുനിൽക്കുന്ന ശ്രീ കെ. എം മാണി സാറിന് എങ്ങനെയാണ് പരിസ്ഥിതി സുരക്ഷയെക്കുറിച്ച് പറയാൻ കഴിയുന്നത്?

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. മുല്ലക്കര രത്നാകരൻ]

അതുപോലെ കഴിഞ്ഞ ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി.-ക്ക് 125 കോടി രൂപ വകയിരുത്തിയിരുന്നു. എന്നാൽ ഇപ്രാവശ്യത്തെ ബഡ്ജറ്റിൽ 100 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. പുതിയ ബസ്സുകൾ വാങ്ങുന്നതിന് പണമില്ല. 100 കോടി രൂപകൊണ്ട് എന്താണ് ചെയ്യാൻ കഴിയുന്നത്? കെ.എസ്.ആർ.ടി.സി.-യെ തകർക്കുന്ന നിലയിലാണ് ഇത്തവണയും ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. അതിൽ ശക്തമായി പ്രതിഷേധിച്ചാണ്

ശ്രീ. ആര്യാടൻ മുഹമ്മദ് ഇറങ്ങിപ്പോയത്. മാത്രമല്ല മലപ്പുറത്ത് ഒരു യോഗത്തിൽ ഈ ബഡ്ജറ്റിനെതിരായി അദ്ദേഹം ശക്തമായി പ്രതികരിച്ചു. അതിൽ മുസ്ലീം ലീഗിന്റെ നേതാവിനെതിരായി ശക്തമായി പറയുകയും ഇത് മലപ്പുറം ബഡ്ജറ്റാണെന്ന് പറയുകയും ചെയ്തു. ആരെ നന്നാക്കാനാണ് ഇങ്ങനെയൊരു ബഡ്ജറ്റ് അവതരിപ്പിച്ചത്; ഏത് മേഖലയെയാണ് അദ്ദേഹം രക്ഷിച്ചത്? വ്യാവസായിക മേഖലയെ രക്ഷിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞോ? ഇപ്പോൾ അവതരിപ്പിച്ച ബഡ്ജറ്റിൽ വ്യവസായ മേഖലയ്ക്കായി 579 കോടി രൂപയാണ് നീക്കിവച്ചിരിക്കുന്നത്. പുതിയ വ്യവസായശാലകൾ ആരംഭിക്കാൻ ഒരു തുകയും മാറ്റിവച്ചിട്ടില്ല. വ്യവസായ മേഖലയ്ക്ക് കാര്യമായി ഒന്നുംതന്നെ ചെയ്യാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടില്ല. എല്ലാ മേഖലയും തകർക്കുന്ന നിലയിലേക്കാണ് പുതിയ ബഡ്ജറ്റ് വന്നിരിക്കുന്നത്. ഇത് പാവപ്പെട്ടവർക്കുവേണ്ടിയുള്ള ബഡ്ജറ്റല്ല, പണക്കാർക്കുവേണ്ടിയുള്ള ബഡ്ജറ്റാണ്. സാമൂഹ്യക്ഷേമ പെൻഷനുകൾ വർദ്ധിപ്പിച്ചുവെന്ന് അദ്ദേഹം പറയുന്നു. സാമൂഹ്യക്ഷേമ പെൻഷനുകളുടെ തുക വർദ്ധിപ്പിച്ചത് കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റാണ്. കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ 127 കോടി രൂപ കുടിശ്ശികയുണ്ട്. അത് കൊടുക്കുന്നതിനായി ഞാൻതന്നെ നിരവധി തവണ നിയമസഭയിൽ സബ്മിഷൻ കൊണ്ടുവന്നിരുന്നു. ശ്രീ. കെ. എം. മാണിസാറിന് കർഷകത്തൊഴിലാളികളോട്, സാധാരണ ജനങ്ങളോട് താല്പര്യമുണ്ടെങ്കിൽ സാമൂഹ്യക്ഷേമനിധിക്കുവേണ്ടി 127 കോടി രൂപ അനുവദിക്കാൻ തയ്യാറാകണം.

ശ്രീ. കെ. രാജു: സർ, പത്തനംതിട്ട ജില്ലയെയാണ് അങ്ങ് പ്രതിനിധീകരിക്കുന്നതെങ്കിലും കൊല്ലം ജില്ലയിലെ താമസക്കാരനായ അങ്ങയോട് എനിക്ക് ചോദിക്കാനുള്ളത്, ബഡ്ജറ്റ് കൊല്ലം ജില്ലയോട് ഏറ്റവും വലിയ അവഗണനയാണ് കാണിച്ചിരിക്കുന്നത് എന്നുള്ളത് കൊല്ലം ജില്ലയിൽ ജനിച്ചു വളർന്ന അങ്ങേക്ക് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, കൊല്ലം ജില്ലയോട് മാത്രമല്ല പത്തനംതിട്ട ജില്ലയോടും അവഗണനയാണ്. ശ്രീ. കെ. ശിവദാസൻ നായരും മന്ത്രിയായ ശ്രീ. അടൂർ പ്രകാശും അവിടെയുണ്ടായിരുന്നിട്ടുപോലും ആ ജില്ലയ്ക്ക് യാതൊരു പരിഗണനയും നൽകിയിട്ടില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പ്രതിപക്ഷ എം.എൽ.എ. ആണെന്നകാര്യം പരിഗണിക്കാതെ ധാരാളം സഹായങ്ങൾ അടൂർ നിയോജകമണ്ഡലത്തിനു വേണ്ടി ചെയ്തിരുന്നു. ഇപ്പോൾ ഞാൻ അടൂർ നിയോജകമണ്ഡലത്തിലെ എം.എൽ.എ.-യാണ്. കഴിഞ്ഞ ബഡ്ജറ്റിലും ഈ ബഡ്ജറ്റിലും ഒരു തുകയും അടൂർ മണ്ഡലത്തിനായി നൽകിയിട്ടില്ല. ഇടതുപക്ഷ എം.എൽ.എ.-മാരുള്ള മണ്ഡലങ്ങളിൽ തുകയൊന്നും നീക്കിവച്ചിട്ടില്ല എന്നുള്ളതാണ് ഈ ബഡ്ജറ്റിൽ നിന്ന് മനസ്സിലാക്കാൻ സാധിക്കുന്നത്. അതുപോലെ കോഴി കർഷകരുൾപ്പെടെ എല്ലാവരും സമരത്തിലാണ്. അതുകൊണ്ട് ശ്രീ. കെ. എം. മാണിസാറിനോട് പറയാനുള്ളത്, 500 രൂപയായി വർദ്ധിപ്പിച്ച സാമൂഹ്യക്ഷേമ പെൻഷനുകൾ 1000 രൂപയായി വർദ്ധിപ്പിക്കുന്നതിനും 500 രൂപയ്ക്ക് മുകളിലുള്ള പെൻഷനുകൾ 1500 രൂപയായി വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണമെന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ ആശാവർക്കർമാർക്ക് 100 രൂപ വർദ്ധിപ്പിച്ചുവെന്ന് പറഞ്ഞു. ഒരു വാർഡിൽ രണ്ട് സ്ത്രീകളാണ് ആശാ വർക്കർമാരായി വീടുകൾതോറും പോകുന്നത്. ഭർത്താവിന്റെയും കുട്ടികളുടെയും കാര്യങ്ങളും വീട്ടുകാര്യങ്ങളുമെല്ലാം ചെയ്തിട്ടാണ് അവർ ആശാവർക്കറായി ജോലി ചെയ്യുന്നത്. അവർക്ക് 600 രൂപയാണ് നൽകുന്നത്. അതുകൊണ്ട് എന്തു പ്രയോജനമാണുള്ളത് ? ഇവിടെ സ്ത്രീ ശാക്തീകരണത്തെക്കുറിച്ച് പറഞ്ഞു, ബഡ്ജറ്റിന്റെ കവർ ചിത്രത്തിൽ പെൺകുട്ടികളുടെ ഫോട്ടോ കൊടുത്തതല്ലാതെ അവർക്കായി തുകയൊന്നും നീക്കിവച്ചിട്ടില്ല. അതുകൊണ്ട് ആശാ വർക്കർമാരുടെ പ്രതിഫലം 2000 രൂപയായി വർദ്ധിപ്പിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെ, സാക്ഷരതാ പ്രേരക്മാരിൽ 90 ശതമാനവും സ്ത്രീകളാണ്. അവർക്ക് ദിവസവും ലഭിക്കുന്നത് 60 രൂപയാണ്. അവരുടെ വേതനം വർദ്ധിപ്പിക്കുന്നതിനുകൂടി അങ്ങ് മുൻകയ്യെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. ജി. സുധാകരൻ : സർ, അങ്ങ് പറഞ്ഞുവന്ന ആർഗ്യുമെന്റിനോട് ഞാൻ യോജിച്ചുകൊണ്ട് പറയുകയാണ്. ശ്രീ. കെ. എം. മാണി സ്ത്രീകൾക്കുവേണ്ടി പല പ്രോഗ്രാമുകളും കൊണ്ടുവന്നു, നല്ല കാര്യമാണ്. പക്ഷെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മംഗല്യസൂത്ര കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്ന ഒരു സൊസൈറ്റി സ്റ്റേറ്റ് അടിസ്ഥാനത്തിൽ രൂപീകരിച്ചു. സ്ത്രീധനം വാങ്ങാതെ ആഡംബരമില്ലാതെ വിവാഹം കഴിക്കുന്നവർക്ക് 4% പലിശയ്ക്ക് ലോൺ കൊടുത്തിരുന്നു. ഒരു നയാപൈസ ഈ ബഡ്ജറ്റിൽ അതിനുവേണ്ടി നീക്കിവച്ചിട്ടുണ്ടോ ? രണ്ടാമത്, കഴിഞ്ഞ ഗവൺമെന്റ് കോ-ഓപ്പറേറ്റീവ് ഡെവലപ്പമെന്റ് ആന്റ് റിസ്ക് ഫണ്ട് ബോർഡ് എന്ന് ആദ്യമായിട്ടൊരു ബോർഡുണ്ടാക്കി. ലോണെടുത്താൽ ഒരു ലക്ഷംരൂപ വരെ പലിശ എഴുതിത്തള്ളും. നാലായിരം പേർക്ക് ലോൺ കൊടുത്ത ആളാണ് ഞാൻ. എന്നിട്ടിവിടെ ചോദിക്കുകയാണ്-നിങ്ങൾക്ക് അങ്ങനെ ചിന്തിക്കാൻ കഴിയുമോയെന്ന്. നല്ലകാര്യം ഏതു ഗവൺമെന്റ് ചെയ്താലും സമ്മതിക്കണം. ഇതുപോലെയുള്ളവർ നമ്മൾ ചെയ്തത് സമ്മതിക്കുകയുമില്ല, പുതുതായി ഒന്നും ചെയ്യുകയുമില്ല. ശ്രീ. കെ. എം. മാണി എന്തെങ്കിലും നന്മ ഉദ്ദേശിച്ചാൽത്തന്നെ ഇവിടെ പ്രസംഗിച്ച് നശിപ്പിക്കും. അതേപ്പറ്റി അങ്ങ് എന്താണ് പറയുന്നത് ?

ശ്രീ. ചിറ്റയം ഗോപകുമാർ : സർ, അങ്ങ് പറഞ്ഞത് 100 ശതമാനവും ശരിയാണ്. ഇവിടെ ശ്രീ. കെ. എം. മാണിയെ അഭിനന്ദിച്ചുകൊണ്ട് യു.ഡി.എഫിന്റെ എം.എൽ.എ.മാർ ചെയ്തത് തീർച്ചയായും കൂടുതൽ എന്തെങ്കിലും കിട്ടുമെന്ന പ്രതീക്ഷയിലാണ്. അല്ലാതെ യാതൊന്നുമല്ല. അതൊരു മണിയടിയാണ്. ശ്രീ. കെ. എം. മാണി സൂക്ഷിക്കണം. അങ്ങനെയുള്ള സമീപനമാണ് ഇവിടെ യു.ഡി.എഫ്. എം.എൽ.എ.-മാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അതുപോലെ തന്നെ എനിക്ക് എന്റെ മണ്ഡലത്തിലെ ഒരു പ്രധാനപ്പെട്ട കാര്യം സൂചിപ്പിക്കാനുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ശബരിമലയുമായി ബന്ധപ്പെട്ട യോഗത്തിൽ ഞാൻ പങ്കെടുത്തപ്പോൾ പന്തളം ഒരു ടൗൺഷിപ്പായി പ്രഖ്യാപിക്കണമെന്ന് അവിടത്തെ എം.എൽ.എ. എന്ന നിലയിൽ ഞാൻ ആവശ്യപ്പെട്ടു. അടുത്ത ബഡ്ജറ്റിൽ പന്തളം ടൗൺഷിപ്പായി പ്രഖ്യാപിച്ചുകൊണ്ട് ആവശ്യമായ പണം

LIBRARY ARCHIVES Kerala Legislative Assembly

നീക്കിവയ്ക്കുമെന്നാണ് ആ യോഗത്തിൽ പങ്കെടുത്ത ദേവസ്വം വകുപ്പുമന്ത്രി അന്ന് പറഞ്ഞത്. ഈ ബഡ്ജറ്റിൽ പന്തളം ടൗൺഷിപ്പുമായി ബന്ധപ്പെട്ട് ഒരു നയാപൈസപോലും മാറ്റിവച്ചിട്ടില്ല. അതേസമയം അദ്ദേഹത്തിന്റെ ഏറ്റവും അടുത്തയാളായ ശ്രീ. പി. സി. ജോർജിന്റെ മണ്ഡലമായ എരുമേലി കഴിഞ്ഞ തവണ ടൗൺഷിപ്പായി പ്രഖ്യാപിച്ചുകൊണ്ട് പണം നീക്കിവച്ചു. ശബരിമലയുടെ മൂലസ്ഥാനമെന്നുപറയുന്നത് പന്തളമാണ്. പന്തളത്താണ് അയ്യപ്പൻ ജനിച്ചു വളർന്നത്. അതിനുശേഷമാണ് എരുമേലിവഴി ശബരിമലയിലേക്ക് പോയത്. അതുകൊണ്ട് ശ്രീ. കെ. എം. മാണി പന്തളം ടൗൺഷിപ്പായി പ്രഖ്യാപിക്കണമെന്നും അതിനാവശ്യമായ പണം അനുവദിക്കണമെന്നുമാണ് എനിക്ക് അങ്ങയോട് ആവശ്യപ്പെടാനുള്ളത്.

ഭക്ഷ്യ സുരക്ഷയെ സംബന്ധിച്ച് എന്താണ് ഈ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ പറഞ്ഞത്? ഭക്ഷ്യ സുരക്ഷ, ജല സുരക്ഷ, പരിസ്ഥിതി സുരക്ഷ, വൈദ്യുതി സുരക്ഷ മുതലായ എല്ലാ സുരക്ഷയേയും അങ്ങ് കൊന്നു. കെ.എസ്.ആർ.ടി.സി., വാട്ടർ അതോറിറ്റി തുടങ്ങിയ കേരളത്തിലെ സർവ്വ മേഖലകളെയും കൊലപ്പെടുത്താൻ കച്ചകെട്ടിയിറങ്ങിയ ആരാച്ചാരായി അങ്ങും മുഖ്യമന്ത്രിയും മാറരുതെന്നാണ് കേരളത്തിലെ ജനങ്ങൾക്കുവേണ്ടി എനിക്ക് പറയാനുള്ളത്. 'ജ്ഞാനി നക്ഷത്രങ്ങളെ ചൂണ്ടിക്കാണിക്കുമ്പോൾ വിഡ്ഢികൾ കാണുന്നത് ആ വിരലുകൾ മാത്രമാണ്'. ഞങ്ങളത് ചൂണ്ടിക്കാണിക്കുമ്പോൾ യു.ഡി.എഫ്. ഞങ്ങളുടെ വിരലുകൾ മാത്രമാണ് കാണുന്നത്. യു.ഡി.എഫ്.-നെക്കുറിച്ച് എനിക്ക് പറയാനുള്ളത്,

'നീറായി വനത്തിൻ നടുവിൽ നിൽപ്പൂ കാട്ടാളൻ.
നെഞ്ചത്തൊരു പന്തം കുത്തി നിൽപ്പൂ കാട്ടാളൻ...'

ആ നിലയിലാണ് ഈ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ ശ്രീ. കെ. എം. മാണി സാറിനെക്കുറിച്ച് എനിക്ക് തോന്നിയത്. ഒരു കാര്യംകൂടി പറഞ്ഞുകൊള്ളട്ടെ,

'ഒരു സൂര്യനുദിക്കും,
നിഴലായിട്ടമ്പിളി വളരും
വളരും വനമോടികൾ ആടിത്തെളിയും
വനമൂർച്ഛയിൽ ദുഃഖം തകരും,
ഞാനന്ന് ചിരിക്കും'

ഞാൻ ഈ ബഡ്ജറ്റിനെ ഒരിക്കൽകൂടി ശക്തിയായി എതിർക്കുന്നു.

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്): സർ, ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുകയാണ്. ഈ ബഡ്ജറ്റിനെ അനുകൂലിക്കുന്നത് വെറുതെയല്ല.

[12.44 P.M.] കേരളത്തിന്റെ എല്ലാ മേഖലയിലുമുള്ള ജനങ്ങൾ സന്തോഷത്തോടുകൂടി അംഗീകരിച്ച ഒരു ബഡ്ജറ്റ് എന്ന നിലയിൽ ഇതിനെ എതിർക്കാൻ ആർക്കെങ്കിലും കഴിയുമെന്നുള്ള വിശ്വാസം എനിക്കില്ല. പ്രത്യേകിച്ച് സാധാരണ ഒരു ബഡ്ജറ്റിനെപ്പറ്റി ആരോപണമുന്നയിക്കുന്നത് വോട്ട് നോക്കി

LIBRARY ARCHIVES Kerala Legislative Assembly

ബഡ്ജറ്റെന്നാണ്. നാടോടികൾക്ക് വോട്ടില്ലല്ലോ. ആ നാടോടികളെപ്പോലും തങ്ങളോടി അവരെക്കൂടി സംരക്ഷിക്കാനുള്ള നടപടി സ്വീകരിച്ച ഒരു ബഡ്ജറ്റാകുമ്പോൾ ആ ആരോപണം നിലനിൽക്കുകയില്ല. മാർച്ച് 15-ാം തീയതി ബഹുമാനപ്പെട്ട കെ. എം. മാണി ബഡ്ജറ്റ് അവതരിപ്പിച്ചതിന്റെ പശ്ചാത്തലത്തിൽ 17-ാം തീയതി ദേശാഭിമാനി പത്രത്തിൽ ശ്രീ. കെ. എം. മാണിയെക്കുറിച്ച് വന്ന ഒരു വാർത്ത ഞാൻ വായിക്കാം. "മരങ്ങാട്ടുപള്ളിയിൽ നിന്നും ഉദിച്ചുയർന്ന ആഗോളതാരമാകും എന്നു വിളിക്കുന്നതിൽ തെറ്റില്ല" ശ്രീ. കെ. എം. മാണിയെപ്പറ്റി ദേശാഭിമാനിയിൽ വന്നതാണ്. ഇത് മലയാള മനോരമ പത്രമോ, ദീപിക പത്രമോ, മാതൃഭൂമി പത്രമോ അല്ല. "റിക്കോർഡുകളുടെ കളിത്തോഴനായി കോട്ടയത്തും പാലായിലും പൂഞ്ഞാറിലും കാഞ്ഞിരപ്പള്ളിയിലും ഭൂമി മലയാളത്തിലാകെയും ഇങ്ങനെയൊരാളില്ല. 80 വയസ്സിന്റെ പ്രായവും 800 വയസ്സിന്റെ കീർത്തിയുമായി അങ്ങ് ലണ്ടനിലെ പാർലമെന്റ് ഹാൾവരെ എത്തിയ സൈദ്ധാന്തികന് കേരളത്തിലെ ഒരു കൊല്ലത്തെ ബഡ്ജറ്റ് അവതരിപ്പിക്കുന്നത് ചായകുടിപോലെയൊരു സാധാരണ കൃത്യം മാത്രം. ബഡ്ജറ്റിനെക്കുറിച്ച് ചോദിച്ചാൽ 10 പ്രസവിച്ച അമ്മച്ചിക്ക് പതിനൊന്നാമത്തെ പ്രസവത്തിന് എന്ത് പേടിയെന്ന് കരിങ്ങോഴയ്ക്കൽ മാണി മകൻ മാണിയെന്ന മാണി സാർ തിരിച്ചറിയും" ഇതിൽക്കൂടുതൽ ദേശാഭിമാനി പത്രം ശ്രീ. കെ. എം. മാണിയെപ്പറ്റി വല്ലതും പറയണോ? ദേശാഭിമാനി പത്രമാണ് ഞാൻ വായിച്ചത്. ഒരു ബഡ്ജറ്റിനെ വിലയിരുത്തുമ്പോൾ സാമ്പത്തിക മേഖലയിൽ ഈ ബഡ്ജറ്റ് വരുത്താൻപോകുന്ന മാറ്റങ്ങളെന്താണെന്നാണ് നമ്മൾ ശ്രദ്ധിക്കേണ്ടത്. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിലൂടെ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പ്രഖ്യാപിച്ച ഏതൊക്കെ കാര്യങ്ങളാണ് നടപ്പിലാക്കിയത്. അതുകൊണ്ട് സാമ്പത്തിക മേഖലയിൽ കേരളത്തിലെന്തു സംഭവിച്ചു; എന്നതിനെപ്പറ്റിയാണ് ചർച്ചചെയ്യേണ്ടത്. ബഹുമാനപ്പെട്ട ഡോ. ടി. എം. തോമസ് ഐസക് ഇവിടെ ഇരിപ്പുണ്ട്. അദ്ദേഹം അക്കാര്യമൊക്കെ പ്രത്യേകം ശ്രദ്ധിക്കുന്ന ആളായതുകൊണ്ടാണ് ഈ കാര്യം പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ പേരുകൂടി ഞാൻ പരാമർശിക്കാൻ കാരണം. കഴിഞ്ഞ സാമ്പത്തിക വർഷം ദേശീയ തലത്തിൽ വളർച്ചാ നിരക്ക് 6.2% ആയിരുന്നു. എന്നാൽ ഇതേ കാലയളവിൽ കേരളത്തിന്റെ സമ്പദ്ഘടനയുടെ വളർച്ച നിരക്ക് ഇതിനേക്കാൾ 3.31% കൂടുതലായിരുന്നു. അതായത് 9.51%. ബഡ്ജറ്റ് ലക്ഷ്യമിട്ട വളർച്ചയേക്കാൾ ഉയർന്ന വളർച്ചാ നിരക്കും കഴിഞ്ഞ 10 വർഷത്തെ ഏറ്റവും ഉയർന്ന വളർച്ചാ നിരക്കുമാണിതെന്ന് ബഹുമാനപ്പെട്ട ഡോ. ടി. എം. തോമസ് ഐസക്പോലും നിഷേധിക്കുന്നില്ല. സമ്പദ്ഘടനയിൽ ഉയർന്ന വളർച്ചാനിരക്ക് നിലനിർത്താൻ സർക്കാരിന് കഴിഞ്ഞുവെന്നത് ആർക്ക് തർക്കിക്കാൻ കഴിയും? മൂലധനച്ചെലവിന്റെ രംഗത്ത് വൻ കുതിച്ചുചാട്ടമുണ്ടാക്കുവാനും സർക്കാരിന് കഴിഞ്ഞുവെന്ന വസ്തുത നിഷേധിക്കാൻ ആർക്കും കഴിയില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അഞ്ചു വർഷത്തെ മൂലധനച്ചെലവ് 9497 കോടി രൂപയായിരുന്നുവെങ്കിൽ ഈ സർക്കാരിന്റെ രണ്ട് വർഷത്തിനുള്ളിൽത്തന്നെ 8000 കോടി രൂപ മൂലധനരംഗത്ത് ചെലവഴിക്കപ്പെടുകയാണ്. ഇത് അത്ഭുതമല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ ജനങ്ങളുടെ സാമൂഹികക്ഷേമം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ ഈ സർക്കാർ അധികാരമേറ്റശേഷം സാമൂഹികക്ഷേമ പെൻഷൻ 70% വർദ്ധിപ്പിച്ചു. കർഷകത്തൊഴിലാളി പെൻഷൻ ഉൾപ്പെടെ എല്ലാ മേഖലകളിലും വർദ്ധനവ് കൊടുത്തിരിക്കുന്നത് നിഷേധിക്കാൻ കഴിയുമോ ? പെൻഷൻ കാര്യത്തിൽ ബഹുമാനപ്പെട്ട എസ്. ശർമ്മ ഇന്നലെ ഇല്ലാത്തതിന് കണക്കുപറഞ്ഞതുകൊണ്ട് പെൻഷനും ആനുകൂല്യങ്ങളെയുംപ്പറ്റി ഞാൻ സൂചിപ്പിക്കുകയാണ്. കർഷകത്തൊഴിലാളി പെൻഷൻ, കർഷക പെൻഷൻ, വിധവാ പെൻഷൻ, വികലാംഗ പെൻഷൻ, വൈകല്യമുള്ളവർക്കുള്ള പെൻഷൻ, 50 വയസ്സുകഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, 80 വയസ്സ് കഴിഞ്ഞവർക്കുള്ള പെൻഷൻ, അനാഥാലയങ്ങൾ, വൃദ്ധ സദനങ്ങൾ, യാചക മന്ദിരങ്ങൾ, വികലാംഗർക്കുവേണ്ടിയുള്ള സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്കുള്ള പെൻഷൻ, സർക്കാർ എയ്ഡഡ് അന്ധ-ബധിര വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് ഭക്ഷണത്തിന് പ്രതിമാസ ഗ്രാന്റ്, വൃക്ക തകരാറുമൂലം സ്ഥിരമായി ഡയാലിസിസ് വേണ്ടിവരുന്ന ബി.പി.എൽ വിഭാഗത്തിൽപ്പെട്ട വൃക്ക രോഗികൾക്ക് നൽകുന്ന പ്രതിമാസ പെൻഷൻ, ക്ഷയരോഗികൾക്കുള്ള ധനസഹായം, കുഷ്ഠരോഗികൾക്കുള്ള ധനസഹായം, ക്യാൻസർ രോഗികൾക്ക് ധനസഹായം, കയർത്തൊഴിലാളികൾക്ക് പെൻഷൻ, അവശകലാകാരന്മാർക്ക് പെൻഷൻ, സർക്കസ് കലാകാരന്മാർക്ക് പെൻഷൻ, 80 വയസ്സിനുമേൽ പ്രായമുള്ള അവശതയനുഭവിക്കുന്ന കായിക താരങ്ങൾക്ക് പെൻഷൻ, 80 വയസ്സിൽതാഴെ പ്രായമുള്ള അവശതയനുഭവിക്കുന്ന കായികതാരങ്ങൾക്ക് പെൻഷൻ, ഇതിനൊക്കെ ഉപരിയായി മറ്റ് പെൻഷനൊന്നും ലഭിക്കാത്ത 60 വയസ്സ് കഴിഞ്ഞ ബി.പി.എൽ. ആയ പരമ്പരാഗത വിശ്വകർമ്മജർക്ക്. ആദ്യമായി വിശ്വകർമ്മജരെപ്പറ്റി ഒരു ബഡ്ജറ്റിൽ പ്രസംഗിക്കുന്നത് ഈ ബഡ്ജറ്റിലൂടെയാണ്, വിശ്വകർമ്മ വിഭാഗത്തിൽപ്പെട്ട മരം, ഇരുമ്പ്, കല്ല്, കളിമണ്ണ്, സ്വർണ്ണപ്പണിക്കാർ എന്നിവർക്ക് 400 രൂപ പുതിയ പെൻഷൻ. ഇങ്ങനെ പെൻഷന്റെ ആനുകൂല്യങ്ങൾ വാരിക്കോരികൊടുക്കാൻ ഈ ബഡ്ജറ്റിലൂടെ കഴിഞ്ഞിരിക്കുന്നു. ഇത് നിസ്സാരവത്കരിച്ചു കാണരുത്. സംസ്ഥാനത്തിന്റെ ധനകാര്യകമ്മി സ്ഥിതി മെച്ചപ്പെടുന്നതിന്റെ വ്യക്തമായ സൂചനകൾ ബഡ്ജറ്റ് പ്രസംഗത്തിൽനിന്ന് വ്യക്തമല്ലേ ? കഴിഞ്ഞ കുറെ വർഷങ്ങളായി റവന്യൂ വരുമാനത്തെക്കാൾ റവന്യൂ ചെലവിന്റെ വളർച്ചാനിരക്ക് തുടർച്ചയായി ഉയർന്നിരിക്കുകയാണ്. അതാണ് പ്രധാനപ്പെട്ട ഒരു കാര്യം. എന്നാൽ ഇതിൽനിന്ന് വ്യത്യസ്തമായി 2012-13-ൽ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ വളർച്ചാ നിരക്ക് റവന്യൂ ചെലവിന്റെ വളർച്ചാനിരക്കിനേക്കാൾ കെ.പി.സി.സി. പ്രസിഡന്റ് ഇവിടെ സൂചിപ്പിച്ചു, അതിലൊരു ചെറിയ അമെന്റ്മെന്റ് ഞാൻ ഇവിടെ പറയുകയാണ്, റവന്യൂ ചെലവിന്റെ വളർച്ചാനിരക്കിനേക്കാൾ ഉയർന്നതായിരുന്നു. 2012-13-ൽ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം മുൻവർഷത്തെക്കാൾ 20.53% വളർച്ച കൈവരിച്ചപ്പോൾ റവന്യൂചെലവ് 17.8% മാത്രമാണ് ഉയർന്നത്. ഈ മാറ്റം വളരെ ശുഭകരമാണ്. ആർക്ക് നിഷേധിക്കാൻ കഴിയും ? സംസ്ഥാനത്തിന്റെ റവന്യൂ കമ്മി കഴിഞ്ഞ കുറെവർഷങ്ങളായി ഉയർന്നുവരികയായിരുന്നു. ഉദാഹരണത്തിന് 2009-10-ന് 5023 കോടി രൂപയായിരുന്ന റവന്യൂകമ്മി ഇന്ന്



LIBRARY ARCHIVES Kerala Legislative Assembly

2011-12-ഓടെ 8034 കോടി രൂപയായിട്ടാണ് ഉയർന്നിരിക്കുന്നത്. എന്നാലിത് 2012-13-ഓടെ 3406 കോടി രൂപയായി കുറയ്ക്കാൻ കഴിഞ്ഞത് ചെറിയ നേട്ടമാണോ ? ഇതിൽ കൂടുതൽ വലിയ നേട്ടം ധനകാര്യവകുപ്പുമന്ത്രിക്ക് ഉണ്ടാക്കാൻ കഴിയുമോ ? സംസ്ഥാനത്തിന്റെ നികുതിയേതര തനത് വരുമാനത്തിൽ കുത്തനെയുണ്ടായ വർദ്ധനവും എടുത്തുപറയത്തക്ക നേട്ടമാണ്. 2010-11-ൽ ഇത് 1930.79 കോടി രൂപ മാത്രമായിരുന്നു. എന്നാൽ 2012-13-ഓടെ ഇത് ഇരട്ടിയിലധികമുയർന്ന് 4458.37 കോടി രൂപയായിരിക്കുകയാണ്. ഇതിലേറ്റവും പ്രധാന പങ്കുവഹിച്ചത് ലോട്ടറിയിൽ നിന്നുള്ള കുത്തനെയുള്ള വർദ്ധനവാണ്. 2010-11-ൽ ലോട്ടറിയിൽ നിന്നുള്ള വരുമാനം 571.46 കോടി രൂപമാത്രമായിരുന്നു. എന്നാൽ 2012-13-ഓടെ ഇത് അഞ്ചിരട്ടിയലധികം വർദ്ധിച്ച് 2750 കോടി രൂപയായി ഉയരുകയായിരുന്നു. അതുപോലെ സാന്റിയാഗോ മാർട്ടിനെപ്പോലെയുള്ള അനധികൃത ലോട്ടറി കച്ചവടക്കാരെ എന്നന്നേക്കുമായി കേരളത്തിൽ നിന്ന് കെട്ടുകെട്ടിക്കുകയും പ്രൈവറ്റ് ലോട്ടറികളെ തടഞ്ഞുകൊണ്ട് കേരള സർക്കാരിന്റെ വരുമാന മാർഗ്ഗമാക്കുകയും പാവപ്പെട്ട രോഗികൾക്ക് ചികിത്സയ്ക്കായി പണം കൊടുക്കുന്ന നിലയിലേക്ക് ലോട്ടറിയെ മാറ്റിയെടുക്കുകയും ചെയ്തത് നിസ്സാരവത്ക്കരിച്ച് കാണാൻ കഴിയുമോ ? അനധികൃത ലോട്ടറി കച്ചവടക്കാരുടെ പ്രവർത്തനം സംസ്ഥാനത്ത് നടത്താതിരിക്കാൻ കർശന നടപടി സ്വീകരിച്ചതും കാരുണ്യ എന്ന പുതിയ ലോട്ടറി ആരംഭിച്ചതും പ്രധാനപ്പെട്ട നേട്ടമാണ്. കാരുണ്യ ലോട്ടറിയിൽ നിന്ന് 450 കോടി രൂപയിൽ അധികമാണ് വരുമാനമായി ലഭിച്ചത്. ഇതിന്റെ ഒരു പങ്കുപയോഗിച്ച് അയ്യായിരത്തിലധികം ദരിദ്ര രോഗികൾക്ക് ചികിത്സ നൽകാൻ നാളിതുവരെ കഴിഞ്ഞിരിക്കുന്നു.

സംസ്ഥാന ഗവൺമെന്റിന്റെ കടം വർദ്ധിക്കുന്നുണ്ട് എന്ന വസ്തുത നിഷേധിക്കുന്നില്ല. ഉദാഹരണത്തിന് 2010-11-ൽ 78673 കോടി രൂപയായിരുന്നു സംസ്ഥാനത്തിന്റെ കടം. 2012-13-ഓടെ 1,01247.61 കോടി രൂപയായി ഉയർന്നു. സംസ്ഥാന വരുമാനത്തിന്റെ അനുപാതം വച്ചുനോക്കുകയാണെങ്കിൽ കടത്തിന്റെ അളവ് കുറഞ്ഞുവരികയാണെന്നുള്ളത് ചാരിതാർത്ഥ്യജനകമാണ്, അത് നിഷേധിക്കാൻ കഴിയുകയില്ല. ഉദാഹരണത്തിന് 2007-08-ൽ മൊത്തം കടത്തിന്റെ അളവ് സംസ്ഥാന വരുമാനത്തിന്റെ 31.64 ശതമാനമായിരുന്നു. ബഹുമാനപ്പെട്ട മുൻ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് എപ്പോഴും ശതമാനക്കണക്ക് പറയുന്നതുകൊണ്ടാണ് ഞാൻ ഈ ശതമാനക്കണക്ക് പറയുന്നത്. അന്ന് 31.64 ശതമാനമായിരുന്നുവെങ്കിൽ 2011-12-ഓടെ അത് 28.37 ശതമാനമായി കുറഞ്ഞിരിക്കുന്നു. കടത്തിന്റെ വർദ്ധന നിയന്ത്രണത്തിന് പുറത്തല്ലെന്ന് ഇത് വ്യക്തമാക്കുന്നു. സംസ്ഥാനത്തിന്റെ വരുമാനത്തിന്റെ അനുപാതം നോക്കുകയാണെങ്കിൽ പലിശ ചെലവിന്റെ അളവും കുറയുകയാണെന്നതും എടുത്തുപറയേണ്ടതാണ്. 2007-08-ൽ ഇത് 2.47 ശതമാനമായിരുന്നുവെങ്കിൽ 2010-11-ൽ ഇത് 2.11 ശതമാനമായും 2011-12-ൽ 2 ശതമാനമായും കുറഞ്ഞിരിക്കുന്നുവെന്നത് നിഷേധിക്കാൻ കഴിയില്ല. കുറേ വർഷങ്ങൾക്കുശേഷം സംസ്ഥാനത്തിന്റെ ധനസ്ഥിതിയിൽ പ്രകടമായും ഗുണകരമായ മാറ്റങ്ങൾ ഉണ്ടാക്കുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാനായിട്ടുണ്ട് എന്നുള്ളതാണ് ഈ ബഡ്ജറ്റിലെ ഏറ്റവും വലിയ നേട്ടം.

LIBRARY ARCHIVES Kerala Legislative Assembly

എനിക്ക് വളരെ വ്യക്തമായി ഒരു ചെറിയ കാര്യം സൂചിപ്പിക്കാനുണ്ട്. നമ്മുടെ കാർഷിക മേഖലയ്ക്ക് ഇതുപോലെ ആനുകൂല്യങ്ങൾ വാരിക്കോരി കൊടുത്ത കാലഘട്ടം ഉണ്ടായിട്ടില്ല. കർഷകവർഗ്ഗം മുഴുവൻ ഈ ധനകാര്യ വകുപ്പുമന്ത്രിയേയും ഈ ഗവൺമെന്റിനേയും ആത്മാർത്ഥമായി അഭിനന്ദിക്കും. അതുപോലെ വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് ചെറുകിട കച്ചവടക്കാരുടെ കാര്യം. വ്യാപാരി വ്യവസായി ഏകോപന സമിതികളുടെ നേതൃത്വത്തിൽ നടന്ന മൂന്ന് പ്രകടനങ്ങളിൽ പങ്കെടുത്ത ആളാണ് ഞാൻ. ചെറുകിട കച്ചവടക്കാർ ചെയ്യുന്ന ജോലി എന്നുപറയുന്നത്, അവർ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക കൂടി ചെയ്യുന്നുണ്ട്. അവരെ ബുദ്ധിമുട്ടിക്കുന്നത് ശരിയല്ല. അവരുടെ കാര്യം ശ്രീ. കെ. എം. മാണിസാർ ദീനാനുകമ്പയോടുകൂടി കാണുമെന്ന് എനിക്കറിയാം. കൃഷിക്കാർക്ക് തുല്യമായി വ്യാപാരി-വ്യവസായികളായ ചെറുകിട കച്ചവടക്കാരെ കാണാൻ അങ്ങ് തയ്യാറാകണമെന്നാണ് എന്റെ അപേക്ഷ. അവരുടെ ക്ഷേമനിധി പെൻഷൻ ഇപ്പോൾ വെറും 500 രൂപയാണ്. എല്ലാപേർക്കും പെൻഷൻ വർദ്ധിപ്പിച്ചു. ചെറുകിട കച്ചവടക്കാരായ പാവങ്ങളുടെ ക്ഷേമനിധി പെൻഷനായ 500 രൂപ എന്തുകൊണ്ട് വർദ്ധിപ്പിക്കുന്നില്ല ? അവരുടെ ക്ഷേമനിധി പെൻഷൻ 1500 രൂപയായി വർദ്ധിപ്പിക്കണമെന്നാണ് എന്റെ അഭിപ്രായം. കർഷകർക്ക് ലോൺ കൊടുക്കുന്നതുപോലെ ചെറുകിട കച്ചവടക്കാരായ വ്യാപാരികൾക്കും കെ.എഫ്.സി.-യിൽ നിന്ന് പലിശ കുറച്ച് ലോൺ കൊടുക്കാനുള്ള സൗകര്യം ഏർപ്പെടുത്തിയാൽ നന്നായിരിക്കും എന്നാണ് എനിക്ക് പറയാനുള്ളത്. 5 ലക്ഷം രൂപവരെയുള്ള രജിസ്ട്രേഷൻ നിയമം. കേരള വാറ്റ് സെക്ഷൻ 6(1) അമെന്റ് ചെയ്യണമെന്നാണ് എന്റെ അഭിപ്രായം. അത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തീരുമാനിക്കട്ടെ. ഒരു വർഷം 5 ലക്ഷം രൂപ പരിധിവച്ചാൽ ഒരു ദിവസം 1200 രൂപയാണ് കളക്ഷൻ. 120 രൂപയാണ് ലാഭം. അതുകൊണ്ട് ഒരു കുടുംബം പോറ്റാൻ കഴിയുമോ ? 10 ലക്ഷം രൂപ വച്ചാൽ എത്ര വരും ? ഒരു ദിവസം 2700 രൂപയാണ് കളക്ഷൻ. അതിന്റെ 10 ശതമാനം ലാഭം കണക്കാക്കിയാൽ ഒരു ദിവസം 270 രൂപ കിട്ടും. ആ 270 രൂപ കൊണ്ട് ഒരു കുടുംബം പോറ്റാൻ കഴിയുമോ? ഇപ്പോൾ ചെറുകിട കച്ചവടക്കാർ നേരിടുന്ന വെല്ലുവിളി എന്നുപറയുന്നത് ആഗോള കുത്തകകളുടെ കടന്നുകയറ്റമാണ്. ഇന്ത്യയിലെ പാവപ്പെട്ട ചെറുകിട കച്ചവടക്കാരിൽ ഏറ്റവും കൂടുതൽ മലയാളികളാണ്. ഏത് ഗ്രാമീണ മേഖലയിൽ ചെന്നാലും അവിടെ അഞ്ചോ പത്തോ ചെറുകിട കച്ചവടക്കാരുണ്ടാകും. അവരുടെ പോരാട്ടമായിരിക്കും ആഗോളകുത്തകകൾക്കെതിരെ വരാൻ പോകുന്ന ഏറ്റവും വലിയ സമരമുഖം. അവരെ ശക്തിപ്പെടുത്തിയേ മതിയാകൂ. ഞാൻ വളരെ വിനയപുരസ്സരം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയായ ശ്രീ. കെ. എം. മാണി സാറിനോട് അപേക്ഷിക്കുന്നത് ചെറുകിട കച്ചവടക്കാരുടെ വരുമാനപരിധി 5 ലക്ഷം രൂപ എന്നത് 20 ലക്ഷം രൂപ വരെയെങ്കിലുമാക്കി ഉയർത്തണമെന്നാണ്. എങ്കിൽ മാത്രമേ അവർക്ക് ജീവിക്കാൻ കഴിയുകയുള്ളൂ. 50 ലക്ഷം രൂപ അവർ കോമ്പൗണ്ട് ചെയ്യുകയാണ്. ശ്രീ. കെ. എം. മാണി സാറിന് 5 കോടി രൂപ ലാഭിക്കാൻ കഴിയുന്ന ഒരുകാര്യമുണ്ട്. എന്തെന്നാൽ, കച്ചവടക്കാരുടെ നികുതിയുടെ കാര്യങ്ങൾ നോക്കാൻ വേണ്ടി ഉദ്യോഗസ്ഥ വൃന്ദത്തിന് 5 കോടി രൂപ കൊടുക്കാൻ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ട്, അത്

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കേണ്ട കാര്യമില്ല. കാരണം, കച്ചവടക്കാർ കോമ്പൗണ്ട് ചെയ്തു കൊടുക്കുകയാണ്. അര ശതമാനംപോലും ചെലവില്ലാതെ കച്ചവടക്കാർ പണം കൊടുക്കുകയാണ്. കോമ്പൗണ്ട് ചെയ്യുമ്പോൾ 50 ലക്ഷവും കണക്കു നോക്കുമ്പോൾ 51 ലക്ഷവുമായാൽ 51 ലക്ഷത്തിന് 12.5 ശതമാനം വാറ്റ് മാത്രമല്ല, പലിശയും അതോടൊപ്പം ശിക്ഷയും കൂടെവരും. അത് മാറ്റിയേ മതിയാകൂ. മാന്യമായി കണക്കുകൊണ്ട് കൊടുക്കുമ്പോൾ അതിനകത്ത് ഒരു ലക്ഷം കൂടുതൽ വന്നാൽ ആ നിമിഷംതന്നെ അവരെ കൊന്നൊടുക്കുന്നത് ശരിയാണോ ? അത് പിൻവലിക്കണം. അതോടൊപ്പം മുൻകാല പ്രാബല്യവും അതിന് കൊടുക്കണം എന്നതാണ് എന്റെ കാഴ്ചപ്പാട്. അതുകൊണ്ട് സെക്ഷൻ 6(1) അമെന്റ് ചെയ്താൽ നന്നായിരിക്കുമെന്ന അഭിപ്രായം കൂടി ഞാൻ രേഖപ്പെടുത്തുകയാണ്. അതുപോലെ എയ്ഡഡ് കോളേജുകളിലെ നോൺ ടീച്ചിംഗ് സ്റ്റാഫുകളുടെ പാറ്റേൺ പുതുക്കുന്നതിനെക്കുറിച്ച് ബഡ്ജറ്റിൽ ഒന്നും പറഞ്ഞിട്ടില്ല. നിലവിലുണ്ടായിരുന്ന സ്കാവഞ്ചർ, സ്വീപ്പർ, വാച്ച്മാൻ തസ്തിക പുനഃസ്ഥാപിക്കാനും അങ്ങയുടെ മറുപടി പ്രസംഗത്തിൽ എന്തെങ്കിലും തീരുമാനമുണ്ടാകണമെന്നാണ് എന്റെ അഭിപ്രായം. ഈ ബഡ്ജറ്റിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം, വൈകുണ്ഠ സ്വാമികളുടെ ഓർമ്മ നിലനിർത്താൻ 10 ലക്ഷം രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചു എന്നതാണ്. അങ്ങ് ചെയ്തത് ഏറ്റവും മഹത്തരമായ ഒരു കാര്യമാണെന്നാണ് എന്റെ അഭിപ്രായം. ഈ വൈകുണ്ഠസ്വാമി ആരാണ് ? ഞാൻ വൈകുണ്ഠ സ്വാമിയെക്കുറിച്ച് പഠിച്ചത് പ്രതിപക്ഷ ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ നടത്തിയ പ്രസംഗം കേട്ടപ്പോഴാണ്. അന്ന് അദ്ദേഹം പ്രസംഗിച്ചപ്പോൾ വളരെ വ്യക്തമായി പറഞ്ഞത് 'സോഷ്യലിസം സ്ഥാപിക്കണമെങ്കിൽ മുതലാളിത്ത ലോകത്തെ തകർത്ത് തൊഴിലാളി വർഗ്ഗത്തിന്റെ നേതൃത്വത്തിലുള്ള ഭരണകൂടം അധികാരത്തിൽ വരേണ്ടതുണ്ട്. തൊഴിലാളിവർഗ്ഗ സർവ്വാധിപത്യത്തിന്റെ അടിസ്ഥാനത്തിലുള്ള ഈ ഭരണസംവിധാനം വർഗ്ഗപരമായി എല്ലാ മേധാവിത്വങ്ങളേയും തകർത്തുകൊണ്ട് സമത്വം സ്ഥാപിക്കുക' എന്നതാണ്. കാറൽ മാർക്സിന്റെ മാർക്സിസ്റ്റ് മാനിഫെസ്റ്റോ വരുന്നതിന് 5 വർഷം മുമ്പ് വൈകുണ്ഠ സ്വാമികൾ നടത്തിയതായി പറയുന്ന പ്രസംഗമാണിത്. ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവരുടെ യോഗത്തിൽ പറഞ്ഞതാണിത്.

മി. ചെയർമാൻ: അങ്ങേക്ക് അനുവദിച്ച സമയവും കഴിഞ്ഞ് 3 മിനിറ്റു കൂടി അധികമായി.

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ ഉടനെ നിർത്താം. വൈകുണ്ഠ സ്വാമികളാണ് കാറൽ മാർക്സിന് പ്രചോദനം നൽകിയതെന്ന് ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ പ്രസംഗിക്കുന്നത് കേൾക്കാൻ ഇടയായി എന്ന കാര്യം കൂടി ഞാൻ ഓർമ്മിപ്പിക്കുകയാണ്. അക്കാലത്ത് സ്ത്രീ സമത്വത്തിന്റെ കാര്യത്തിലും ഇടപെടുന്നതിന് അദ്ദേഹം തയ്യാറായി. അവർണ്ണ സ്ത്രീകൾ മാറ് മറയ്ക്കാൻ പാടില്ലെന്നുള്ള നിലപാടിനെ അദ്ദേഹം ചോദ്യം ചെയ്തു. ഇതൊക്കെ വൈകുണ്ഠ സ്വാമികളുടെ മഹത്വമാണ്. അങ്ങനെയുള്ള വൈകുണ്ഠ സ്വാമികൾക്കു വേണ്ടി 10 ലക്ഷം രൂപ നീക്കിവച്ച അങ്ങയുടെ നടപടിയെ ആദരവോടുകൂടി ഞാൻ കാണുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. സുധാകരൻ : സർ, പോയിന്റ് ഓഫ് ഓർഡർ. 1848-ലാണ് കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ പ്രസിദ്ധീകരിച്ചത്. മലയാളത്തിൽ വൈകുണ്ഠ സ്വാമി സോഷ്യലിസത്തിന്റെ പ്രയോക്താവും മഹാനായ സാമൂഹ്യ പരിഷ്കർത്താവുമാണ്. പക്ഷെ, കാറൽ മാർക്സിന് മലയാള ഭാഷ അറിയില്ല. കാറൽ മാർക്സിന് പ്രചോദനം നൽകിയത് ഇദ്ദേഹമാണെന്ന് പറയുന്നത് ചരിത്രപരമായി തെറ്റായതുകൊണ്ട് ശ്രീ. പി. സി. ജോർജ്തന്നെ അത് തിരുത്തണം.

ശ്രീ. പി. സി. ജോർജ് : സർ, ഞാൻ അങ്ങനെ പറഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട ശ്രീ. കോടിയേരി ബാലകൃഷ്ണനാണ് അങ്ങനെ പറഞ്ഞത്. വൈകുണ്ഠ സ്വാമികളുടെ യോഗത്തിൽ ഞാനുമുണ്ടായിരുന്നു. നാളെ അദ്ദേഹം പോളിറ്റ് ബ്യൂറോ മീറ്റിംഗ് കഴിഞ്ഞ് വരുമ്പോൾ ചോദിച്ചുനോക്കിയാൽ മതി. അതിനുശേഷം തെറ്റുണ്ടെങ്കിൽ ഞാൻ തിരുത്താം. അദ്ദേഹം പ്രസംഗിച്ചതാണ് ഞാൻ പറഞ്ഞത്. ഞാൻ ചുരുക്കുകയാണ്.

മി. ചെയർമാൻ : ശ്രീ. പി. സി. ജോർജ്, അങ്ങ് നാല് മിനിട്ട് അധികമെടുത്തു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ലോകത്തുള്ള പല മഹാന്മാരും പറഞ്ഞ കാര്യങ്ങൾ നമ്മൾ അറിയുന്നത് ഭാഷ അറിയാവുന്നതുകൊണ്ടല്ല. വിവിധ ഭാഷകളിലുള്ളവരെ നമ്മൾ അറിയുന്നുണ്ടല്ലോ. എല്ലാ കാലത്തും ട്രാൻസ്ലേഷനുണ്ടായിരുന്നല്ലോ. അതുകൊണ്ട് മലയാളം അറിയില്ലെങ്കിലും മലയാളത്തിലുള്ളത് വിവർത്തനം ചെയ്യപ്പെട്ടത് അവരുടെ ശ്രദ്ധയിൽപ്പെട്ടുവെന്ന് വരാം.

ശ്രീ. പി. സി. ജോർജ് : സർ, ശ്രീ. കെ. എം. മാണിസാറിന്റെ അദ്ധ്വാനവർഗ്ഗ സിദ്ധാന്തത്തെ ഇന്ത്യൻ പ്രധാനമന്ത്രി അഭിനന്ദിച്ചത് മലയാളം വായിച്ചാണോ ? അതുകൊണ്ട് അതിൽ കാര്യമില്ല. അദ്ധ്വാനവർഗ്ഗ സിദ്ധാന്തം അവതരിപ്പിച്ച ശ്രീ. കെ. എം. മാണിസാറിന് ഇംഗ്ലണ്ടിൽ സ്വീകരണം കൊടുത്തതെങ്ങനെയാണ്.? ഞാൻ അതിലേക്ക് കടക്കുന്നില്ല.

മി. ചെയർമാൻ : അങ്ങയുടെ സമയം അവസാനിച്ചു. അങ്ങ് പ്രസംഗം അവസാനിപ്പിക്കണം.

ശ്രീ. പി. സി. ജോർജ് : സർ, മീനച്ചിൽ റിവർവാലി പദ്ധതി 25 കൊല്ലമായി നടക്കുന്നുണ്ട്. വഴിക്കടവിൽ ഡാം കെട്ടി മീനച്ചിൽ നദിയിലേക്ക് വരാനുള്ള വെള്ളം തടഞ്ഞ് ഇടുക്കിയിലേക്ക് വിട്ടിട്ടുണ്ട്. ആ വെള്ളം മാത്രം കിട്ടിയാൽ മീനച്ചിൽ റിവർവാലി പദ്ധതി പൂർത്തീകരിക്കാം. ആർക്കും തർക്കമുണ്ടാകുകയില്ല. ആ കാര്യത്തിൽ നടപടിയുണ്ടാകണം. ബഡ്ജറ്റിൽ 50 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷവും അനുവദിച്ചിട്ടുണ്ടായിരുന്നു. ഇനി എത്രയും പെട്ടെന്ന് ആ പദ്ധതി ഉദ്ഘാടനം ചെയ്യണമെന്നതാണ് എന്റെ അഭിപ്രായം. അതുപോലെ എന്റെ നിയോജക മണ്ഡലവുമായി ബന്ധപ്പെട്ടുകൊണ്ട് ഒരു ചെറിയ കാര്യംകൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

മി. ചെയർമാൻ : അങ്ങയുടെ സമയവും കഴിഞ്ഞ് അഞ്ചര മിനിട്ടായി.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ജോർജ് : സർ, ഞാൻ അവസാനിപ്പിക്കാം. ശബരി റെയിൽവേ കേരളത്തിന്റെ അഭിമാനമാണ്. അത് ആരംഭിക്കാനുള്ള സത്വര നടപടികളുമായി ഗവൺമെന്റ് മുന്നോട്ട് പോകുകയാണ്. ഈ വർഷംതന്നെ ശബരി റെയിൽവേ ഒരു യാഥാർത്ഥ്യമാക്കാനും കോട്ടയം ജില്ലയിൽ അതിന്റെ പണി ആരംഭിക്കാനുമുള്ള നടപടി സ്വീകരിക്കണം. കൺസ്യൂമർഫെഡിന് പണം കൊടുത്തുകൊണ്ട് നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരം പിടിച്ചുനിർത്തണമെന്നും കൺസ്യൂമർഫെഡിനെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നുംകൂടി ആവശ്യപ്പെട്ടുകൊണ്ട് ഞാൻ ഉപസംഹരിക്കുന്നു.

ശ്രീ. സി. കെ. നാണു : സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുന്നു. നമ്മുടെ സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട പൊതുമേഖലാ സ്ഥാപനമായ

1.02 P.M.] കെ.എസ്.ആർ.ടി.സി. നിലനിൽക്കാൻ സാധിക്കാതെ കഷ്ടപ്പെടുകയാണ്. അതിന്റെ ചുമതല വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി ഈ നിയമസഭയിൽത്തന്നെ അത് വളരെ വ്യക്തമായി പ്രകടിപ്പിച്ചതാണ്. അതിന്റെ കാരണം അടിക്കടിയുണ്ടാകുന്ന ഡീസലിന്റെ വിലവർദ്ധനവാണ്. ഡീസലിന്റെ വില വർദ്ധനവുണ്ടായപ്പോൾ നമ്മുടെ മുഖ്യമന്ത്രിയും കോൺഗ്രസ്സ് (ഐ)-യുടെ പ്രസിഡന്റ് ശ്രീ. രമേശ് ചെന്നിത്തലയും ഞങ്ങൾ ഒരു കാരണവശാലും ഇതിനോട് യോജിക്കുന്നില്ല എന്നാണ് പറഞ്ഞത്. ഡീസലിന്റെ വില പലപ്പോഴായി വർദ്ധിപ്പിച്ച അവസരത്തിലെല്ലാം മുഖ്യമന്ത്രിയും ശ്രീ. രമേശ് ചെന്നിത്തലയും ഇതേ അഭിപ്രായംതന്നെ പ്രകടിപ്പിച്ചു. കെ.എസ്.ആർ.ടി.സി.-യെ എങ്ങനെ സംരക്ഷിക്കാം ? കേന്ദ്ര ഗവൺമെന്റ് ചെയ്യുന്ന ജനദ്രോഹപരമായ നടപടികളുമായി സഹകരിച്ചുകൊണ്ട് കേരളം പോലെയുള്ള ഒരു സംസ്ഥാനത്തിന്റെ താൽപ്പര്യം സംരക്ഷിക്കാൻ കഴിയുമോ ? ഇന്ത്യയിലെ വൻകിട കോർപ്പറേറ്റുകളുടെ കൊള്ളലാഭത്തിന് അനുകൂലമായ നിലപാട് കേന്ദ്ര ഗവൺമെന്റും കോൺഗ്രസ്സ് (ഐ) നേതൃത്വവും സ്വീകരിക്കുന്നതിന്റെ ഫലമായാണ് ക്രൂഡ് ഓയിലിന്റെയും ഡീസലിന്റെയും പെട്രോളിന്റെയും വില വർദ്ധിക്കുന്നത്. അതിന് അനേകം ഉദാഹരണങ്ങളുണ്ട്, സമയക്കുറവുകാരണം അതിനെക്കുറിച്ച് പറയുന്നില്ല. അങ്ങനെയുള്ള സാഹചര്യത്തിൽ, ഈ വിഷയം പരിഹരിക്കുന്നതിനായി 100 കോടി രൂപ അനുവദിച്ചിരിക്കുന്നുവെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞപ്പോൾ ഈ തുകകൊണ്ട് ഒന്നും സാധിക്കുകയില്ലെന്ന നിലയിലുള്ള അംഗചലനം കാണിച്ച ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദിന്റെ അവസ്ഥ നമ്മൾ മനസ്സിലാക്കണം. ഒരു സ്റ്റേറ്റിന്റെ താൽപ്പര്യം കേന്ദ്ര ഗവൺമെന്റ് തകർക്കുമ്പോൾ അതിനെ എങ്ങനെ നേരിടും ? കേരളത്തിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമാണ് കെ.എസ്.ആർ.ടി.സി. രാജവാഴ്ചയുടെ കാലത്ത് ഇവിടെ ആരംഭിച്ച് ഇന്ത്യയിൽ വിദ്യാഭ്യാസത്തിൽ ഏറ്റവും മുമ്പിൽ നിൽക്കുന്ന സംസ്ഥാനമായി കേരളത്തെ മാറ്റിയതിൽ പ്രധാനപ്പെട്ട പങ്ക് കെ.എസ്.ആർ.ടി.സി. വഹിച്ചിട്ടുണ്ട്. ഒരുപക്ഷെ കർണ്ണാടകയുടെയും തമിഴ്നാട്ടിന്റെയും ആന്ധ്രയുടെയും തോതിൽ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനെ വികസിപ്പിക്കാൻ നമുക്ക് സാധിച്ചില്ലെങ്കിലും നമ്മൾ കെ.എസ്.ആർ.ടി.സി.-യെ മുന്നോട്ട് കൊണ്ടുപോയി. കേന്ദ്ര ഗവൺമെന്റ് അതിനെ തകർക്കുകയാണ്. പിടിച്ചുവാങ്ങാൻ നമുക്ക് സാധിക്കുമോ ? മന്ത്രിമാർ അവിടെ പോയപ്പോൾ പഴയ രാജാക്കന്മാർ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞതുപോലെ, നിങ്ങൾ എന്തിന് റൊട്ടി കഴിക്കുന്നു; റൊട്ടിക്ക് പകരം കേക്ക് കഴിച്ചുകൂടേ എന്ന് പറയുന്ന രാജവാഴ്ചയല്ലേ ഇവരോട് പറഞ്ഞത് ? കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കാൻ, നിലനിറുത്താൻ 1000 കോടി രൂപയുടെ പാക്കേജിന് സംസ്ഥാന ഗവൺമെന്റ് രൂപം നൽകണമായിരുന്നു. എന്തുകൊണ്ട് ധനകാര്യ വകുപ്പുമന്ത്രി അതിന് സന്നദ്ധമാകുന്നില്ല ? സംസ്ഥാനത്തിന്റെ താൽപ്പര്യത്തിന് വിരുദ്ധമായി, ഇന്ത്യയുടെ താൽപ്പര്യത്തിന് വിരുദ്ധമായി കുത്തകകൾക്കുമാത്രമായ നിലപാട് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുമ്പോൾ അതിന്റെ കൂടെ നിൽക്കാമോ ? ഇപ്പോൾ ഇറാനെതിരായി അമേരിക്ക ഉപരോധമേർപ്പെടുത്താൻ പോകുകയാണ്. ഇന്ത്യാ ഗവൺമെന്റ് അത് അംഗീകരിക്കേണ്ടി വരും. ഇറാനെതിരായി ഉപരോധം ഏർപ്പെടുത്താൻ അമേരിക്ക ആവശ്യപ്പെടുമ്പോൾ ഇന്ത്യ ഉപരോധത്തിന്റെ കൂടെ നിൽക്കും. അത് നമ്മുടെ നാടിന്റെ താൽപ്പര്യത്തിന് ഗുണകരമല്ല. സമയമില്ലാത്തതുകൊണ്ട് ഞാൻ കൂടുതലായി അത്തരം കാര്യങ്ങളെ സംബന്ധിച്ച് പറയുന്നില്ല. കെ.എസ്.ആർ.ടി.സി.-യെ രക്ഷിക്കണമെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. താങ്കളെ സംബന്ധിച്ച് ആരെന്ത് പുകഴ്ത്തിയാലും താങ്കളുടെ മുമ്പിലുള്ള മുഖ്യകടമ കെ.എസ്.ആർ.ടി.സി.-യെ രക്ഷിക്കണമെന്നതാണ്. കെ.എസ്.ആർ.ടി.സി.-യിലെ പെൻഷൻകാരുടെ കുടുംബങ്ങൾക്ക് കഴിഞ്ഞമാസം പെൻഷൻ കൊടുത്തിട്ടില്ല. അവരുടെ ജീവിതം തകരുന്ന ഒരവസ്ഥയാണ് നിലവിലുള്ളത്. തത്വം പറഞ്ഞിട്ടെന്താണ് കാര്യം ? ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനം, അതിനെ തകർക്കുന്നു, അതിലെ ജീവനക്കാരെ സംരക്ഷിക്കുന്നില്ല. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ആരംഭിച്ച ഇന്ത്യയിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ വളർച്ചയെ തകർക്കുന്ന രൂപത്തിലുള്ള, ഇന്ത്യയിലെ കുത്തകകളുടെ സമീപനത്തോട് യോജിക്കുന്ന ചില അഭിപ്രായങ്ങൾ ഒരുകാരണവശാലും വരരുതെന്ന് വിചാരിച്ച കേന്ദ്രങ്ങളിൽനിന്ന് കേട്ടപ്പോൾ സങ്കടംതോന്നി. ഏത് സമിതി വിശേഷം വന്നാലും ആ സമിതിവിശേഷവുമായി പൊരുത്തപ്പെടുക. ക്വത്റോച്ചിയെ ഇന്ത്യയിലേക്ക് തിരിച്ചു കൊണ്ടുവരുവാൻ സാധിച്ചില്ല. എന്തുകൊണ്ട് ; ആവേശമുള്ളവർ മറുപടി പറയണം, എന്തുകൊണ്ട് ബോഫോഴ്സ് ഇടപാടിലെ ഇടനിലക്കാരനായ ഇറ്റലിക്കാരൻ ക്വത്റോച്ചിയെ ഇന്ത്യയിലേക്ക് കൊണ്ടുവരാൻ സാധിച്ചില്ല ? നമുക്കാർക്കും വികാരമില്ലേ ? ഇവിടെ പ്രധാനം ഒരു രാജ്യത്തിന്റെ താൽപ്പര്യമാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, പതിനൊന്ന് ബഡ്ജറ്റ് തയ്യാറാക്കിയ താങ്കൾ എഴുതിയ ആ കാലഘട്ടമല്ല ഇപ്പോഴുള്ളത്. ഇവിടെ നമ്മുടെ നാട്ടിൽ സ്വർണ്ണത്തിനുമേൽ കേന്ദ്രത്തിന് എത്ര പണമാണ് ലഭിക്കുന്നത് ? മൊബൈലും അതുപോലെയുള്ള ഐ.ടി. ഉപകരണങ്ങളും ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന കേരളത്തിൽ അതിന്റെ എത്ര തോത് അങ്ങേക്ക് ലഭിച്ചു ? സിമെന്റിന്റെ വമ്പിച്ച വില വർദ്ധനവിൽ എത്ര കോടി ലഭിച്ചു ? ഇത് അനുവദിക്കാൻ കേന്ദ്ര ഗവൺമെന്റ് സന്നദ്ധമായോ ? താങ്കൾ വ്യക്തമാക്കണം. വിദേശത്ത് ജോലിയെടുക്കുന്ന നമ്മുടെ നാട്ടിലെ ആളുകൾ കോടിക്കണക്കിന് രൂപ ഇന്ത്യൻ ബാങ്കിൽ നിക്ഷേപിക്കുന്നു ; നമ്മുടെ സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കുന്നു. ഇതിന്റെ എത്ര ശതമാനം കേരളത്തിന്റെ വികസനത്തിന് ഉപയോഗിക്കാൻ സാധിക്കുന്നു ?

LIBRARY ARCHIVES Kerala Legislative Assembly

നേരെ മറിച്ച് ഇന്ത്യാ ഗവൺമെന്റും അതിനെ നിയന്ത്രിക്കുന്നവരും ഇന്ത്യയിലെ വൻകിട കുത്തകകൾക്ക് ഇന്ത്യയ്ക്ക് പുറത്ത് നിക്ഷേപിക്കാൻ വഴിയൊരുക്കുന്നു. നമ്മൾ അവിടെ നിസ്സഹായരാണ്. അതുകൊണ്ട് കേരളത്തെ രക്ഷിക്കണം. ഓരോ സംസ്ഥാനവും അതിന്റെ താത്പര്യങ്ങൾ നേടിയെടുക്കുമോ. കേന്ദ്ര ഗവൺമെന്റിന്റെ കുത്തകവിരുദ്ധ നയങ്ങൾക്കെതിരായി, അവരെ സംരക്ഷിക്കുന്ന നയത്തിനെതിരായി, അവരുടെ രക്ഷകരായ അമേരിക്കയുടെ കുത്തക നയങ്ങൾക്കെതിരായി നിലനിൽക്കാൻ സാധിക്കുന്ന സംസ്ഥാനങ്ങൾക്ക് മാത്രമേ അഭിമാനത്തോടുകൂടി ജീവിക്കാൻ സാധിക്കൂ.

അങ്ങ് ഒരു സംസ്ഥാനത്തിന്റെ കൃഷിക്കാരന്റെ താത്പര്യങ്ങളെ സംബന്ധിച്ച് പറഞ്ഞ ആളാണ്. ആ കൃഷിക്കാരന്റെ താത്പര്യങ്ങൾ സംരക്ഷിക്കണമെങ്കിൽ നമ്മുടെ നാട്ടിലെ നദികൾ സംരക്ഷിക്കണം. ആ നദികൾ സംരക്ഷിക്കാൻ ആവശ്യമായ രൂപത്തിലുള്ള ഫണ്ട് ഉണ്ടാക്കിയോ ? കേരളത്തെ സമ്പന്നമാക്കിയത് ഇവിടുത്തെ കാർഷിക മേഖലയാണ്. കുരുമുളകു വള്ളികൾ ഉണങ്ങി നിൽക്കുന്നത് നമ്മളിന്ന് ചാനലുകളിൽ കാണുന്നു. ഏതെല്ലാം തരത്തിൽ കാർഷിക മേഖല വിദേശമൂലധനം ഉണ്ടാക്കിയോ ആ കാർഷികമേഖല മുഴുവൻ തകരുന്നു. ഒരു കർഷക സ്നേഹി എന്ന നിലയിൽ കേരളത്തിലെ വരണ്ടുകൊണ്ടിരിക്കുന്ന നദികളെ സംരക്ഷിക്കാൻ എന്തുനടപടി സ്വീകരിച്ചു ? ഇന്ത്യാ രാജ്യത്ത് ഏറ്റവും മോശമായ കുടിവെള്ളമുള്ള സ്റ്റേറ്റ് കേരളമാണെന്ന് പ്ലാനിംഗ് കമ്മീഷൻ പത്ത് വർഷംമുമ്പ് പറഞ്ഞതാണ്. നമ്മുടെ മുൻപിലുള്ള പ്രധാന ചോദ്യങ്ങൾ ഇതാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ വരുമാനം ഉണ്ടാക്കുന്ന മേഖലയാക്കാൻ മെഡിക്കൽ ടൂറിസത്തിനെ സഹായിക്കണം. കേരളത്തിന് ആവശ്യമായ ആയുർവേദ ഔഷധങ്ങൾ വച്ചു പിടിപ്പിക്കാൻ, കേരളത്തിലെ മെഡിക്കൽ ടൂറിസം അന്വേഷിച്ചുവരുന്ന വരെ ഇവിടേക്ക് ആകർഷിക്കാൻ തക്കവിധത്തിൽ ആയുർവേദ ടൂറിസത്തെ പ്രോത്സാഹിപ്പിക്കാൻ അങ്ങേക്ക് എന്തുചെയ്യാൻ സാധിക്കും. പെൻഷൻ വർദ്ധിപ്പിച്ച കൂട്ടത്തിൽ പാവപ്പെട്ട സിഗാർ, ചുരുട്ടു തൊഴിലാളികളുടെ പെൻഷൻ വർദ്ധിപ്പിച്ചതായി കണ്ടില്ല. അവരുടെ പെൻഷൻ വർദ്ധിപ്പിക്കണം. അംഗനവാടി ജീവനക്കാരുടെ പെൻഷൻ വർദ്ധിപ്പിക്കണം. ചെറുകിട കച്ചവടക്കാരെ സംബന്ധിച്ച് പറയുമ്പോൾ അവരുടെ ഒരു വക്താവായി ശ്രീ. പി. സി. ജോർജ് വരുന്നു വെന്ന് പറയുമ്പോൾ സന്തോഷിക്കുന്നു. ആ നിലപാട് സ്വീകരിക്കുമെങ്കിൽ കേരളവും ഒന്നുരണ്ട് സംസ്ഥാനങ്ങളുമൊഴിച്ച് ഇന്ത്യാ ഗവൺമെന്റ് വൻകിട ലോക മുതലാളിത്തത്തിന് ഇന്ത്യയിലെ ചെറുകിട വ്യവസായം കയ്യടക്കാൻ അനുവാദം കൊടുത്തതിന് എതിരായി കേരളത്തിലെ ചെറുകിട കച്ചവടക്കാരെ സംരക്ഷിക്കാൻ എങ്ങനെ സാധിക്കുമെന്ന് പരിശോധിക്കണം. ഞാൻ ഈ ബഡ്ജറ്റിനെ ഒരിക്കൽ കൂടി എതിർക്കുന്നു.

ശ്രീ. കോവൂർ കുഞ്ഞുമോൻ : സർ. ഞാൻ ഈ ബഡ്ജറ്റിനെ പൂർണ്ണമായും എതിർക്കുകയാണ്. അടിസ്ഥാനവർഗ്ഗത്തെ മറന്ന് സമ്പന്നവർഗ്ഗത്തിന് ആലവട്ടവും

1.14 P.M.] വെഞ്ചാമരവും വീശുന്ന ശ്രീ. കെ. എം. മാണിസാറിന്റെ ഈ ബഡ്ജറ്റിനെ എതിർക്കാതിരിക്കാൻ കഴിയുകയില്ല. കേന്ദ്ര സർക്കാരിന്റെ ജനവിരുദ്ധ സാമ്പത്തിക നയങ്ങൾ വരുത്തിവയ്ക്കുന്ന കെടുതികളിൽനിന്ന് കേരളത്തെ മോചിപ്പിക്കാൻ ഈ ബഡ്ജറ്റിൽ യാതൊന്നുമില്ല. കേരളത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

കാർഷിക വളർച്ച നടക്കണമെന്നുണ്ടെങ്കിൽ മൊത്തം 200 കോടിരൂപ വേണം. കാർഷിക വളർച്ചയ്ക്ക് ഈ ബഡ്ജറ്റിൽ ആകെ 30 കോടി രൂപ മാത്രമാണ് മാറ്റി വച്ചിട്ടുള്ളത്. 170 കോടി രൂപ കൂടിയുണ്ടെങ്കിൽ മാത്രമേ പൊതുവായി കാർഷിക മേഖലയ്ക്ക് വളർച്ച കൈവരിക്കാൻ കഴിയുകയുള്ളൂ. ഈ ഗവൺമെന്റ് യുവജനങ്ങളെയാകെ വഞ്ചിച്ചിരിക്കുകയാണ്. യുവജന ക്ഷേമ കാര്യങ്ങൾ നടപ്പാക്കാൻ 2012-13 വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നില്ല. അന്ന് ഞങ്ങളെല്ലാം തൊട്ടപ്പുറത്തെ ശ്രീ. പി. സി. വിഷ്ണുനാഥടക്കമുള്ളവർ പ്രസംഗത്തിൽ പറഞ്ഞപ്പോൾ തൊട്ടടുത്ത സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ കേരളത്തിലെ യുവ സമൂഹത്തെ രക്ഷിക്കാൻ എന്തെങ്കിലും ചെയ്യുമെന്ന് പറഞ്ഞു. ശ്രീ. കെ. എം. മാണിസാർ ആടിയും ഉലഞ്ഞും, ഇരുന്നും കിടന്നും അവതരിപ്പിച്ച ഈ ബഡ്ജറ്റിൽ യുവജനങ്ങളുടെ കാര്യമാകെ മറന്നു പോയി. കേരളത്തിലെ യുവാക്കളെ വഞ്ചിക്കുകയാണ്. 48 ലക്ഷം തൊഴിലില്ലാത്ത ചെറുപ്പക്കാർ നിൽക്കുമ്പോൾ. ബിരുദാനന്തര ബിരുദമെടുത്ത് പി.എസ്.സി. ലിസ്റ്റിൽ കടന്നു കൂടിയിട്ടുള്ളവർ കേരളത്തിന്റെ ഇതര മേഖലകളിൽ നിൽക്കുമ്പോൾ ആ ചെറുപ്പക്കാരെ മറന്നുകൊണ്ട് പെൻഷൻ പ്രായം 60 വയസ്സാക്കിയത് ശരിയായ രീതിയിലാണോ ? അത് വന്നപ്പോൾ യൂത്ത് കോൺഗ്രസ്സുകാർ ആരും മിണ്ടിയില്ല. കേരളത്തെ കേന്ദ്രം മറന്നതുപോലെ കൊല്ലം ജില്ലയെ ശ്രീ. കെ. എം. മാണി സാർ മറന്നു. കൊല്ലം ജില്ലയിൽ ഒരു നയാപൈസയുടെ വികസനം നടത്താൻ ഈ ബഡ്ജറ്റിൽ ഒന്നുമില്ല. ശാസ്താംകോട്ടയുടെ കാര്യം മാത്രമല്ല. കേരളത്തിലൊന്നുമില്ല. സാറിന്റെ പതിനൊന്നാമത്തെ ബഡ്ജറ്റാണ് സാർ വായിച്ചതെങ്കിൽ ഇപ്പോൾ പന്ത്രണ്ടാമത്തെ ബഡ്ജറ്റ് ശ്രീ. പി. സി. ജോർജിനെക്കൊണ്ട് വായിപ്പിച്ചല്ലോ. ശ്രീ. പി. സി. ജോർജിന്റെ പ്രസംഗം കാണുമ്പോൾ ആ രീതിയിലാണ് മനസ്സിലാകുന്നത്.

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കേരളത്തിന്റെ ആകെ കടം 93,132 കോടി രൂപയാണ്. പാവങ്ങൾക്കുവേണ്ടി പണക്കാരിൽ നിന്ന് പണം കണ്ടെത്തുമെന്നാണ് അങ്ങ് ബഡ്ജറ്റിൽ പറഞ്ഞത്. എങ്ങനെയാണ് കണ്ടെത്തുന്നത് ? പാവങ്ങളിൽനിന്ന് പരോക്ഷമായി പണം സമാഹരിച്ച് കോർപ്പറേറ്റുകളെ പണക്കാരാക്കാൻ സഹായിക്കുന്ന പുതിയ ബഡ്ജറ്റായി ഈ ബഡ്ജറ്റിനെ മാറ്റി. അതിൽ കേന്ദ്രത്തിലെ ശ്രീ. പി. ചിദംബരം എന്ന വല്യേട്ടനെക്കാൾ ഒരു കുഞ്ഞനുജനാണ് ശ്രീ. കെ. എം. മാണിസാർ. ആ രീതിയിലുള്ള നയങ്ങളാണ് അങ്ങ് തുടരുന്നത്. കേരളത്തിന്റെ വ്യാവസായിക വളർച്ചയ്ക്ക് 579 കോടി രൂപ നീക്കിവച്ചു. കൊല്ലം ജില്ലയിലെ വ്യവസായ സ്ഥാപനങ്ങൾ ഒന്നൊന്നായി അടച്ചുപൂട്ടാൻ പോവുകയാണ്. കൊല്ലത്തെ പാർവ്വതി മിൽ, ചാത്തന്നൂരിലെ സ്പിന്നിംഗ് മിൽ, കുണ്ടറയിലെ സിറാമിക്സ്, കുണ്ടറയിലെ അലിന്റ്, ചവറയിലെ പൊതുമേഖലാ സ്ഥാപനമായ കെ.എം.എം.എൽ. അടക്കം ഇന്ന് ശ്വാസം വലിക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കൊണ്ടുവന്ന കൊല്ലത്തെ പ്രധാന മീറ്റർ കമ്പനി, കേരളത്തിനാവശ്യമായ ഏറ്റവും നല്ല മീറ്റർ ഉത്പാദിപ്പിക്കുന്ന മീറ്റർ കമ്പനി അടച്ചുപൂട്ടാൻ പോവുകയാണ്. പിന്നെ എവിടെയാണ് അങ്ങ് 579 കോടി രൂപ പ്രഖ്യാപിച്ചത് ? കൊല്ലത്തിനുവേണ്ടി എന്തെങ്കിലും ചെയ്തിട്ടുണ്ടോ ? ഐ.ടി മേഖലയിൽ 6 ലക്ഷം പേർക്ക്



LIBRARY ARCHIVES Kerala Legislative Assembly

തൊഴിൽ നൽകുമെന്ന് കഴിഞ്ഞ പ്രാവശ്യവും പറഞ്ഞതാണ്. ഇതിനുവേണ്ടി 1000 ഏക്കർ ഭൂമിയുടെ പശ്ചാത്തല സൗകര്യമൊരുക്കി കൊടുക്കുമെന്ന് പറഞ്ഞു. ഇത്തവണയും അങ്ങത് വീണ്ടും വായിച്ചു. ഇന്നുവരെ ഒരു പ്രവർത്തനവും നടത്താൻ കഴിഞ്ഞിട്ടില്ല. അങ്ങ് കഴിഞ്ഞ ബഡ്ജറ്റിൽ മുല്ലപ്പെരിയാറിൽ പുതിയ ഡാം പണിയുന്നതിനുവേണ്ടി 50 കോടി രൂപ മാറ്റിവച്ചു. അത് എവിടെ പോയി ? അവിടെ കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും സംയുക്തമായി ഒരന്വേഷണം നടത്തി. അതിന്റെ പ്രാഥമിക പ്രവർത്തനം നടത്താൻ അങ്ങ് തയ്യാറാകുമോ ? അത് വീണ്ടും ആവർത്തിക്കപ്പെടുകയാണ്. അപ്പോൾ ആവർത്തിക്കപ്പെടുന്ന ഒരു ബഡ്ജറ്റായി ഇത് മാറിയിരിക്കുന്നു. വിഴിഞ്ഞം പദ്ധതിക്ക് കഴിഞ്ഞ ബഡ്ജറ്റിൽ 224 കോടി രൂപ മാറ്റിവച്ചതാണ്. പക്ഷേ ഒരു നയാപൈസയുടെ പ്രവർത്തനം കണ്ടില്ല. കുറേ സാധനങ്ങൾക്ക് വില കുറയുമെന്ന് അങ്ങ് പ്രഖ്യാപനം നടത്തി. ഏത് സാധനങ്ങൾക്കാണ് വില കുറയുന്നത് ? ആ സാധനമെന്നു പറയുന്നത് പൊടിയരി, അറിൽ, മലർ, പൊരി, ഹൗസ് ബോട്ടിലെ ഭക്ഷണം. ഞാൻ ചോദിക്കട്ടെ, കേരളത്തിലെ ജനങ്ങളെല്ലാം പൊടിയരിക്കഞ്ഞിയാണോ ദിവസവും കുടിക്കുന്നത് ? പൊടിയരിക്കഞ്ഞി കുടിച്ചാൽ കേരളത്തിലെ ജനങ്ങൾക്ക് ജീവിക്കാൻ കഴിയുമോ ? എത്ര പേരാണ് കേരളത്തിൽ ഹൗസ് ബോട്ടിലെ ഭക്ഷണം കഴിക്കുന്നത് ? അപ്പോൾ ഇത്തരത്തിലുള്ള സാധനങ്ങൾക്കെല്ലാം വില കുറയുകയും സാധാരണക്കാരന്റെ നിത്യോപയോഗ സാധനങ്ങളായിട്ടുള്ള അരി, മണ്ണെണ്ണ, ഗോതമ്പ്, ചെരുപ്പ്, പേസ്റ്റ്, പഞ്ചസാര ഇതിനെല്ലാം വില കുത്തനെ കൂടുകയും ചെയ്തു. അപ്പോൾ അങ്ങ് മാജിക് വിദ്യയാണ് കേരളത്തിലെ 140 എം.എൽ.എ. മാരുടെ മേൽ കാണിച്ചിരിക്കുന്നത്.

ശ്രീ. സാജുപോൾ : സർ, ഐ.ടി. മേഖലയിൽ മുന്നേറ്റമുണ്ടായില്ല എന്നു പറയുന്നത് ശരിയല്ല. ഇൻഫർമേഷൻ ടെക്നോളജിയല്ല ഉദ്ദേശിച്ചിട്ടുള്ളത്,***

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, ശ്രീ. സാജുപോൾ നിരന്തരമായി സഭയിൽ നിരുത്തരവാദപരമായി ഇത്തരം പ്രസ്താവനകൾ നടത്തുകയാണ്. *** അത് ഇപ്പോൾത്തന്നെ നീക്കം ചെയ്യണം.

മി. ചെയർമാൻ : അത് പരിശോധിച്ച് നടപടി സ്വീകരിക്കാം.

ശ്രീ. കോവൂർ കുഞ്ഞുമോൻ : സർ, എന്റെ സമയമാണ് പോകുന്നത്. കേന്ദ്ര ഗവൺമെന്റ് കേരളത്തോട് കടുത്ത അവഗണനയാണ് ഇപ്പോഴും കാണിച്ചു കൊണ്ടിരിക്കുന്നത്. ശ്രീ. കെ. എം. മാണിസാർ കൊല്ലത്തെ മറന്നതുപോലെ തന്നെ ശ്രീ. പി. ചിദംബരം വിഴിഞ്ഞത്തെ കണ്ടില്ല, തൂത്തുക്കുടി കണ്ടു. അദ്ദേഹത്തിന് വിഴിഞ്ഞം കാണാൻ കഴിയുന്നില്ല. അതുപോലെ ശ്രീ. കെ. എം. മാണി സാർ മീനച്ചിലാർ, അഷ്ടമുടിക്കായൽ, മറ്റു കായലുകളെല്ലാം കണ്ടു. പക്ഷേ ശാസ്താംകോട്ട കായലിനെ അങ്ങ് കണ്ടില്ല. ഈ ശാസ്താംകോട്ട ശുദ്ധജല തടാകത്തിൽനിന്നും വെള്ളം കൊല്ലം ജില്ലയുടെ ഇതരമേഖലകളിൽ പോകുകയാണ്. ശാസ്താംകോട്ട തടാകം വറ്റിവരണ്ട് നമുക്ക് നഷ്ടപ്പെട്ടുപോകുകയാണ്. അങ്ങ്

*** ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ഈ ബഡ്ജറ്റിൽ, ശാസ്താംകോട്ട തടാകം പ്രൊട്ടക്ട് ചെയ്യുന്നതിനുവേണ്ടി, എന്റെയും ശ്രീ. പി. സി. വിഷ്ണുനാഥിന്റെയും സഗലഭാഗത്തുള്ള തടാകമാണ്. അദ്ദേഹത്തിന് കുടി താല്പര്യമുണ്ട്. ഇന്ന് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ അത് സൂചിപ്പിച്ചുകാണുമെന്ന് ഞാൻ വിശ്വസിക്കുകയാണ്. ശാസ്താംകോട്ട തടാകം പ്രൊട്ടക്ട് ചെയ്യുന്നതിനുവേണ്ടി ബഡ്ജറ്റിൽ പ്രത്യേകം തുക വകയിരുത്തണം. ശാസ്താംകോട്ട തടാകം വറ്റുന്നതുകൊണ്ട് തെന്മല ഡാമിൽനിന്ന് വെള്ളം കനാൽവഴി ശാസ്താംകോട്ട തടാകത്തിലെത്തിക്കുമെന്നാണ് ഉദ്യോഗസ്ഥന്മാർ പറയുന്നത്. അശാസ്ത്രീയമായ കാഴ്ചപ്പാടാണ് ഉദ്യോഗസ്ഥന്മാർക്കുള്ളത്. തെന്മല ഡാമിൽനിന്ന് കനാൽവഴി ശാസ്താംകോട്ട കായലിലേക്ക് വെള്ളമെത്തിച്ചാൽ കനാലിൽ നിന്നുവരുന്ന ആദ്യവെള്ളം എക്കലും പൊടിയും അവശിഷ്ടങ്ങളുമെല്ലാം കുന്നുകൂടിക്കിടക്കും. പ്യൂരിഫൈ ചെയ്യുമെന്നാണ് ഇപ്പോൾ ഉദ്യോഗസ്ഥന്മാർ പറയുന്നത്. എത്ര ദിവസം പ്യൂരിഫൈ ചെയ്യാൻ കഴിയും ? ഒരു കാരണവശാലും പ്യൂരിഫൈ ചെയ്യാൻ കഴിയില്ല. അതുകൊണ്ട് കനാൽവഴി ശാസ്താംകോട്ടയിൽ വെള്ളം എത്തിക്കുന്ന ആ പഠനരീതിയും പ്രവർത്തനവും ഉപേക്ഷിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കുവാനുള്ളത്. മറ്റ് പ്രവർത്തനങ്ങളൊന്നും അവിടെ ഇപ്പോൾ നടക്കുന്നില്ല. ആസ്തി വികസന ഫണ്ട് അഞ്ചുകോടി രൂപയാണ്, അത് പത്ത് കോടി രൂപയാക്കണം. കാരണം കൊല്ലം ജില്ലയിലെ പത്തും പതിനൊന്നും പഞ്ചായത്തുകളുള്ള വലിയ മണ്ഡലത്തിൽ അഞ്ചു കോടി രൂപ എങ്ങനെ ഉപയോഗിക്കുവാൻ കഴിയും. അത് വർദ്ധിപ്പിക്കണം.

കേരളത്തിന്റെ പ്രിയപ്പെട്ട കവി ഡി. വിനയചന്ദ്രൻ എന്റെ നാട്ടുകാരനായിരുന്നു. കേരളത്തിലെ അറിയപ്പെടുന്ന കവി ഡി. വിനയചന്ദ്രന്റെ കുടുംബക്കാരെല്ലാം പറഞ്ഞത് അദ്ദേഹത്തിന് കുറച്ചു ഭൂമിയുണ്ട്. ആ ഭൂമി സ്മാരകം നിർമ്മിക്കുന്നതിനുവേണ്ടി ഗവൺമെന്റിന് സമർപ്പിക്കാമെന്നാണ്. അതുകൊണ്ട് ശ്രീ. കെ. എം. മാണി സാർ ഡി. വിനയചന്ദ്രന്റെ സ്മാരകം നിർമ്മിക്കുന്നതിനുവേണ്ടി ബഡ്ജറ്റിൽ തുക വകയിരുത്തണമെന്നാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കുവാനുള്ളത്. സൂര്യനെ മറയാക്കി അങ്ങ് സൗരോർജ്ജം ഉല്പാദിപ്പിക്കുമെന്ന് പറഞ്ഞു. രണ്ടു ദിവസം സൂര്യനെ കണ്ടില്ലെങ്കിൽ ശ്രീ. കെ. എം. മാണിസാർ എന്ത് ചെയ്യും ? എങ്ങനെ സൗരോർജ്ജം ഉല്പാദിപ്പിക്കാൻ കഴിയും ? അന്ധകാരത്തിലേക്കാണ്ടു പോകുന്ന കേരളീയ സമൂഹത്തെ നോക്കി ശ്രീ. കെ. എം. മാണി സാർ സൂര്യനെ നോക്കി ഞാനിതാ സൗരോർജ്ജം നിർമ്മിക്കുന്നു എന്നു പറഞ്ഞാൽ ആരെയാണ് കബളിപ്പിക്കുന്നത് ? കേരളത്തിലെ മുഴുവൻ ജനങ്ങളെയും അങ്ങ് കബളിപ്പിക്കുകയാണ്. കേരളത്തിന്റെ സമ്പദ്ഘടനയ്ക്ക് ആക്കം വർദ്ധിപ്പിക്കുന്ന ഭാരതത്തിലെ പ്രവാസികൾ, ആ പ്രവാസികളാണ് രാജ്യത്തിന്റെ സമ്പദ്ഘടനയ്ക്ക് ആക്കം വർദ്ധിപ്പിക്കുന്നത്. എന്തെങ്കിലുമുണ്ടോ ഈ ബഡ്ജറ്റിൽ ? നയാപൈസയില്ല. അതുകൊണ്ട് എന്തെങ്കിലും ചെയ്യണമെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. കെ.എസ്.ആർ.ടി.സി. ആകെ തകർന്നു തരിപ്പണമാകുകയാണ്. കഴിഞ്ഞ വർഷം 125 കോടി രൂപയാണ് മാറ്റിവച്ചത്. ഇപ്പോൾ 100 കോടി രൂപയാണ് മാറ്റി വച്ചിട്ടുള്ളത്. എങ്ങനെ മുന്നോട്ടുപോകാൻ കഴിയും ? കെ. എം. മാണി എന്നുള്ളത്, കോട്ടയം-മലപ്പുറം മാണിയായി മാറി. കോട്ടയത്തിനും മലപ്പുറത്തിനുമല്ലാതെ ഞങ്ങൾക്ക് വല്ലതുമുണ്ടോ ? അതുകൊണ്ട് ശ്രീ. കെ. എം. മാണിസാറിന്റെ പേര് കോട്ടയം-മലപ്പുറം മാണിസാർ എന്നു പറയാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ പലരും വാചകക്കസർത്ത് നടത്തുന്നു, ഞാൻ ഇങ്ങനെയൊക്കെ പറഞ്ഞാൽ എന്നെ ഒന്നും ചെയ്യില്ല എന്നൊക്കെ പറഞ്ഞ് രണ്ടുദിവസമായി ഒന്നും മിണ്ടാതെ അക്ഷമനായി കാത്തുനിന്ന് ഇവിടെ വന്ന് ബഞ്ചിലിരിക്കുന്ന പ്രിയപ്പെട്ട പി. സി. ജോർജ് ഇന്ന് വർത്തമാനം പറയാൻ തുടങ്ങി. വെടിവഴിപാട് നടത്തിയതുകൊണ്ടും മണ്ണാറശ്ശാലയിൽപോയി മഞ്ഞൾപൊടിയിൽ തുലാഭാരം നടത്തിയതുകൊണ്ടും ഈ ഗവൺമെന്റ് നന്നാകുമോ ? ഈ ഗവൺമെന്റ് നന്നാകില്ല. അദ്ദേഹം കേരളത്തിലെ പ്രഗല്ഭന്മാരായിട്ടുള്ള രാഷ്ട്രീയ നേതാക്കന്മാരെയെല്ലാം അടച്ചാക്ഷേപിക്കുകയാണ്. ഇദ്ദേഹത്തിന് ആരുകൊടുത്തു ഈ അധികാരം ? ടി. വി. തോമസ്, എം.എൻ. ഗോവിന്ദൻ നായർ, ഇ.എം.എസ്., എ.കെ.ജി., അച്ചുതമേനോൻ, ടി. കെ. ദിവാകരൻ, ശ്രീകണ്ഠൻനായർ, ബേബി ജോൺ, ആർ. ശങ്കർ, സി. എച്ച്. മുഹമ്മദ് കോയ, സി. എൻ. സ്റ്റീഫൻ ഇവരൊക്കെയടങ്ങുന്ന ആ നല്ലനാളുകൾ, അവർ ഈ നാടിനുവേണ്ടി, ഈ പ്രദേശത്തിനുവേണ്ടിയാണ് ജീവിച്ചിരുന്നതെങ്കിൽ ഈ നാടിനെ കൂട്ടിയോജിപ്പിച്ചു കൊണ്ടുപോകാൻ അവർ കരുത്തു പകർന്നിരുന്നു. ആ നേതാക്കന്മാരെയാണ് ശ്രീ. പി. സി. ജോർജ് ***അടച്ചാക്ഷേപിക്കുന്നത്.*** അതുകൊണ്ട്*** ശ്രീ. പി. സി. ജോർജിനെ തൽസ്ഥാനത്തു നിന്നു പുറത്താക്കണമെന്ന് ഞാൻ ഈ പ്രസംഗത്തിലൂടെ ആവശ്യപ്പെടുന്നു. ഈ ബഡ്ജറ്റിനെ ശക്തമായി എതിർക്കുന്നു.

ഡോ. കെ. ടി. ജലീൽ : സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. ശ്രീ. കെ. എം. മാണിസാറിന്റെ 11-ാമത്തെ ബഡ്ജറ്റാണിത്. 1976-ലാണ് അദ്ദേഹം

1.26 P.M.] ആദ്യത്തെ ബഡ്ജറ്റ് അവതരിപ്പിച്ചത്. 1980-ൽ അദ്ദേഹം അവതരിപ്പിച്ച ബഡ്ജറ്റും 2013-ൽ അവതരിപ്പിച്ച ബഡ്ജറ്റും കണ്ണോടിച്ചാൽ രണ്ടു സമീപനങ്ങൾ അവയിൽ കാണാൻ കഴിയും. 1980-ൽ ശ്രീ. കെ. എം. മാണി സാർ അവതരിപ്പിച്ച ബഡ്ജറ്റിലെ ഓരോ വാക്കിലും വാചകത്തിലും ആത്മവിശ്വാസവും സാമൂഹ്യ പ്രതിബദ്ധതയും നിറഞ്ഞുനിന്നിരുന്നു. ദൗർഭാഗ്യവശാൽ 2013-ൽ അദ്ദേഹം അവതരിപ്പിച്ച ബഡ്ജറ്റിലെ വാക്കുകൾക്കും വാചകങ്ങൾക്കും ജീവനില്ലെന്നു മാത്രമല്ല, പാവപ്പെട്ടവരോടും സാധാരണക്കാരോടും എന്നതിനേക്കാൾ ധനാഢ്യന്മാരോടും കുബേരന്മാരോടുമാണ് കൂടുതൽ ആഭിമുഖ്യം. ഇതിനെ ശ്രീ. കെ. എം. മാണിസാറിന്റെ കുഴപ്പമായിട്ടല്ല ഞാൻ കാണുന്നത്. 1980-ലും 2013-ലും ശ്രീ. കെ. എം. മാണിസാർ നിന്ന പ്ലാറ്റ്ഫോമുകളുടെ നയങ്ങളിലും സമീപനങ്ങളിലുമുള്ള വ്യത്യാസങ്ങളുടെ നിദർശനമായേ ഞാൻ കാണുന്നുള്ളൂ. സാഹചര്യങ്ങൾ ശ്രീ. കെ. എം. മാണി സാറിനെ തിരിച്ചറിയാകാനാകാത്ത വിധം മാറ്റിയെന്നു പറയേണ്ടി വന്നതിൽ എനിക്ക് ദുഃഖമുണ്ട്. ശ്രീ. കെ. എം. മാണി സാറിന്റെ ഈ അവസ്ഥ കാണുമ്പോൾ എനിക്ക് ഓർമ്മ വരുന്നത് ലോക പ്രശസ്തനായ Bonney Shampel-ന്റെ പ്രസിദ്ധമായ The fall of Judas Iscariot എന്ന കഥയാണ്. റോമിലെ ഒരു ചർച്ചിന്റെ ചുവരിൽ യേശുക്രിസ്തുവിന്റെ ജീവിതം വരച്ചു പ്രതിഫലിപ്പിക്കാൻ ഒരു ചുമർചിത്രകാരനെ ഭാരമേല്പിക്കുകയുണ്ടായി. ഉണ്ണിയേശുവിന്റെ ചിത്രം വരയ്ക്കാൻ കരുണാർദ്രവും നിഷ്കളങ്കവുമായ

*** ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു

LIBRARY ARCHIVES Kerala Legislative Assembly

...യുള്ള ഒരു കുട്ടിയെത്തേടി ചിത്രകാരൻ നടന്നു. അന്വേഷണത്തിനൊടുവിൽ ... കുട്ടിയെ കണ്ടെത്തി. ആ കുട്ടിയുടെ മുഖം വരച്ചുകൊണ്ട് ചുമർചിത്രം ആരംഭിച്ചു. വർഷങ്ങൾ കടന്നുപോയി. യേശുവിന്റെ ജീവിതം മുഴുവൻ ചുമരിൽ ചിത്രകാരൻ വരച്ചുതീർത്തു. എന്നാൽ അത് പൂർത്തിയാക്കി ജനങ്ങൾക്ക് സമർപ്പിക്കണമെങ്കിൽ യൂദാസിന്റെ മുഖവുംകൂടി വരയ്ക്കണം. അതിനനുയോജ്യനായ മുഖഭാവത്തോടെയുള്ള ഒരാളെത്തേടി ചിത്രകാരൻ ഒരുപാട് അലഞ്ഞു. അവസാനം ഒരു ചെറുപ്പക്കാരനിൽ യൂദാസിന്റെ മുഖം അയാൾ കണ്ടെത്തി. അദ്ദേഹത്തെ വിളിച്ചുകൊണ്ടുവന്ന് മുന്നിലിരുത്തി യൂദാസിന്റെ മുഖവും വരച്ച് ചിത്രം പൂർത്തിയാക്കി. ചിത്രകാരൻ വരച്ച തന്റെ മുഖത്തേക്ക് ഒരു നിമിഷമേ ആ ചെറുപ്പക്കാരന് നോക്കാൻ കഴിഞ്ഞുള്ളൂ. ചെറുപ്പക്കാരൻ പൊട്ടിപ്പൊട്ടിക്കരയാൻ തുടങ്ങി. എന്താണ് കരയുന്നതെന്ന് അയാളോട് ചോദിച്ചപ്പോൾ ഉണ്ണിയേശുവിന്റെ മുഖം വരയ്ക്കാൻ വന്നിരുന്ന അതേ കുട്ടിയാണ് താനെന്ന് ആ ചെറുപ്പക്കാരൻ വെളിപ്പെടുത്തി. 1980-ൽ ബഡ്ജറ്റ് അവതരിപ്പിച്ച ശ്രീ. കെ. എം. മാണിസാർ 2013-ലെ ബഡ്ജറ്റ് അവതരിപ്പിച്ച് ഉള്ളിൽ തേങ്ങുന്നത് അപ്പുറത്തിരിക്കുന്നവർക്ക് കേൾക്കാൻ കഴിയുന്നില്ലെങ്കിലും ഇപ്പുറത്തുള്ള ഞങ്ങൾക്ക് കാണാൻ കഴിയുന്നുണ്ട്. ഒരു ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ പ്രഖ്യാപിച്ച പദ്ധതികൾ അടുത്ത ബഡ്ജറ്റ് അവതരിപ്പിക്കുന്ന കാലയളവിൽ എത്ര കണ്ടു മുന്നോട്ടുപോയി എന്ന് വിമർശനബുദ്ധ്യാ ഒരു ഖണ്ഡികയിലെങ്കിലും പുതിയ ബഡ്ജറ്റിൽ വിലയിരുത്തേണ്ടതായിരുന്നു. 1980-ൽ ശ്രീ. കെ. എം. മാണിസാർ അവതരിപ്പിച്ച ബഡ്ജറ്റിലെ 109-ാം നമ്പർ ഖണ്ഡികയിൽ അങ്ങ് പറഞ്ഞത് ശ്രദ്ധേയമാണ്. അങ്ങയുടെ വാക്കുകൾ തന്നെ ഞാൻ ഉദ്ധരിക്കട്ടെ. വികസനത്തിനും ജനജീവിത സുരക്ഷിതത്വത്തിനും പര്യാപ്തമായ പരിപാടികൾ ആവിഷ്കരിച്ച് പ്രഖ്യാപിച്ചതു കൊണ്ടുമാത്രം പ്രയോജനമില്ല. സമയബന്ധിതാടിസ്ഥാനത്തിൽ അവ പ്രവൃത്തി പഥത്തിലെത്തിക്കാൻ നമുക്ക് കഴിയണം. അങ്ങയുടെ വാക്കുകൾ അർത്ഥവത്താണ്. പക്ഷേ അത് പ്രയോഗവൽക്കരിക്കുവാനായിയെന്ന് 2012-13 സാമ്പത്തിക വർഷത്തിൽ അവതരിപ്പിച്ച ബഡ്ജറ്റിനെ നെഞ്ചോട് ചേർത്തുവച്ച് അങ്ങേക്ക് പറയാനാകുമോ ?

ശ്രീ. കെ. എം. മാണിസാർ 2012-13-ൽ അവതരിപ്പിച്ച ബഡ്ജറ്റിലെ പദ്ധതികളിൽ മഹാഭൂരിഭാഗവും നിർവ്വഹണത്തിന്റെ സ്റ്റാർട്ടിംഗ് പോയിന്റിൽപ്പോലും എത്തിയിട്ടില്ല. ഈ സർക്കാരിന്റെ ആദ്യത്തെ ബഡ്ജറ്റാണ് കഴിഞ്ഞവർഷം അങ്ങ് അവതരിപ്പിച്ചത്. ഇന്നലത്തെ ചർച്ചയിൽ ബഹുമാന്യനായ അംഗം ശ്രീ. എളമരം കരീം അതിവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. 2012-13-ൽ അവതരിപ്പിച്ച ബഡ്ജറ്റിൽ സംസ്ഥാനത്തെ പ്രഥമ ആയുർവേദ സർവ്വകലാശാല കോട്ടയ്ക്കലിൽ തുടങ്ങുമെന്ന് പറഞ്ഞു. അതിനായി ഒരു കോടിരൂപ നീക്കിവച്ചു. എത്ര രൂപയാണ് അതിൽ നിന്ന് ചെലവാക്കിയത് ? ഒച്ചിന്റെ വേഗതയെങ്കിലും വേണ്ടേ പദ്ധതികളുടെ നിർവ്വഹണ കാര്യത്തിൽ ? ഓരോ പഞ്ചായത്തിലും മൂന്ന് ഗ്രീൻഹൗസുകൾ വീതം സ്ഥാപിക്കുന്നതിന് 45 കോടി രൂപയാണ് കഴിഞ്ഞ ബഡ്ജറ്റിൽ നീക്കിവച്ചത്. എത്ര രൂപ ചെലവാക്കി: എത്ര പഞ്ചായത്തുകളിലാണ് ഗ്രീൻ ഹൗസുകൾ തുടങ്ങാൻ സാധിച്ചത് ; കേരളത്തിൽ മൂന്ന് നാളികേര ബയോപാർക്കുകൾ സ്ഥാപിക്കാൻ 15 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly

വകയിരുത്തിയതിൽനിന്ന് എത്ര തുക ചെലവാക്കാനായിട്ടുണ്ട്. ഒരു സമയത്ത് കേരളത്തിൽ ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെട്ട അത്യന്തം പ്രാധാന്യമർഹിക്കുന്ന കാര്യമായിരുന്നു മുല്ലപ്പെരിയാർ അണക്കെട്ട്. മുല്ലപ്പെരിയാർ അണക്കെട്ടിനു താഴെ പുതിയൊരു സംരക്ഷണ അണക്കെട്ട് നിർമ്മിക്കേണ്ടതിന്റെ പ്രാരംഭ ചെലവുകൾക്കായി അമ്പത് കോടി രൂപ കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചു. പ്രസ്തുത തുകയിൽനിന്ന് അണക്കെട്ടിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി ഒരു ശതമാനം പണമെങ്കിലും ചെലവാക്കാൻ സാധിച്ചോ ? ഈ വർഷം ശ്രീ. കെ. എം. മാണിസാർ അവതരിപ്പിച്ച ബഡ്ജറ്റിൽ അവ്യക്തതകൾ ധാരാളമുണ്ട്. ജീവൽപ്രധാനമായ വെള്ളം, വെളിച്ചം, ഗതാഗതം ഇവയൊക്കെ least priority ഇനങ്ങളിലേക്കാണ് തള്ളപ്പെട്ടിരിക്കുന്നത്. 1980-ൽ അങ്ങ് അവതരിപ്പിച്ച ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി.-ക്ക് അനുവദിച്ച തുക എത്രയാണെന്ന് അങ്ങേക്ക് തീർച്ചയായും ഓർമ്മയുണ്ടാകും. അന്ന് അനുവദിച്ച ആ പണം കൊണ്ട് കെ.എസ്.ആർ.ടി.സി. 300 പുതിയ ബസ്സുകളാണ് വാങ്ങിയത്. ഇന്ന് അങ്ങ് അനുവദിച്ചിരിക്കുന്ന പണംകൊണ്ട് എത്ര പുതിയ ബസ്സുകളാണ് കെ.എസ്.ആർ.ടി.സി.-ക്ക് വാങ്ങാൻ കഴിയുകയെന്നും അതിലൂടെ ഗതാഗത രംഗത്ത് വലിയ കുതിച്ചുചാട്ടം നടത്താൻ സാധിക്കുമോയെന്നും അങ്ങ് ആലോചിക്കണം.

അതുപോലെതന്നെ ബഡ്ജറ്റ് പ്രസംഗത്തിലെ 79-ാം പേജിൽ 272-ാമത്തെ ഖണ്ഡികയിൽ പറഞ്ഞിരിക്കുന്നത് "സർക്കാർ/എയ്ഡഡ്/അൺ എയ്ഡഡ് മേഖലകളിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ലാത്ത താനൂർ നിയോജകമണ്ഡലത്തിൽ യു.ജി.സി.യുടെയും എം.എൽ.എ.യ്ക്ക് പ്രാദേശിക വികസനത്തിനായി അനുവദിച്ചിട്ടുള്ള ഫണ്ടും സർക്കാർ സഹായവും സമന്വയിപ്പിച്ച് ഒരു കോളേജ് സ്ഥാപിക്കും. സമാനമായി പിന്നോക്കം നിൽക്കുന്ന മറ്റ് നിയോജകമണ്ഡലങ്ങളിലും ഇത് പരിഗണിക്കുന്നതാണ്" എന്നാണ്. ഏത് തരത്തിലുള്ള കോളേജാണ് സ്ഥാപിക്കുന്നതെന്ന കാര്യം എന്തുകൊണ്ടാണ് വ്യക്തമായി അങ്ങ് പറയാതിരുന്നത് ; ഗവൺമെന്റ് കോളേജാണെങ്കിൽ ഗവൺമെന്റ് കോളേജെന്ന് പറയണ്ടേ ; എയ്ഡഡ് കോളേജാണെങ്കിൽ എയ്ഡഡ് കേളേജാണെന്ന് വ്യക്തമാക്കണ്ടേ ; സർക്കാരിന്റെ സെൽഫ് ഫിനാൻസിംഗ് കോളേജാണ് തുടങ്ങുന്നതെങ്കിൽ അതും പരാമർശിക്കേണ്ടതായിരുന്നില്ലേ ? ഒരു കുട്ടി ആണാണോ പെണ്ണാണോയെന്ന് അറിയാൻ സ്വാഭാവികമായും ആളുകൾക്ക് താൽപ്പര്യം ഉണ്ടാകും. പക്ഷേ ആണും പെണ്ണുമാണോയെന്ന് വ്യക്തമാക്കാതെ ബഡ്ജറ്റ് പ്രസംഗത്തിൽ കടന്നുപോവുകയാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ചെയ്തത്. പ്രവാസി ക്ഷേമ പ്രവർത്തനങ്ങൾക്ക് തീർത്തും അപ്രധാനമായ പരിഗണനയാണ് ബഡ്ജറ്റിൽ നൽകിയിട്ടുള്ളത്. നോർക്ക ബിസിനസ് സഹായക കേന്ദ്രങ്ങളുടെ പ്രോത്സാഹനത്തിനായി ഒരുകോടി രൂപയേ നീക്കിവച്ചിട്ടുള്ളൂ. നാട്ടിൽ തിരിച്ചെത്തുന്ന പ്രവാസി മലയാളികൾക്കായി ഒരു സംരംഭക പദ്ധതി തുടങ്ങുമെന്ന് പറയുന്നുണ്ട്. രണ്ടുകോടി രൂപ ഇതിലേക്കായി കെ.എസ്.എഫ്.ഇ.-ക്ക് നൽകുമെന്നും പറയുന്നു. കഴിഞ്ഞ സർക്കാർ പ്രവാസികളുടെ നിക്ഷേപത്തിനായി ആരംഭിച്ച ബൃഹത്തായ പദ്ധതി ഈ സർക്കാർ ഉപേക്ഷിച്ചതായിട്ടാണ് മനസ്സിലാക്കാനാവുന്നത്. നിങ്ങൾക്ക് ഓർമ്മയുണ്ടാകും, ഡോ. ടി. എം. തോമസ് ഐസക് അൽ ബറാക് കമ്പനി രൂപീകരിച്ചുകൊണ്ടുനടത്തിയ ബഡ്ജറ്റ് പ്രസംഗത്തിൽ വളരെ പ്രധാനപ്പെട്ട ചില കാര്യങ്ങൾ വ്യക്തമാക്കുകയുണ്ടായി. പ്രവാസി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മലയാളികളായ നിരവധി ആളുകളുടെ നിക്ഷേപം സ്വീകരിച്ചുകൊണ്ട്, ഈ കമ്പനി നമ്മുടെ നാട്ടിൽ ഇന്ന് കോർപ്പറേറ്റുകളും വലിയ മൾട്ടിനാഷണൽ കമ്പനികളും ബി.ഒ.ടി അടിസ്ഥാനത്തിൽ എടുക്കുന്ന പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തി. ആ പദ്ധതികളിൽനിന്ന് ലഭിക്കുന്ന ടോൾ ഡിവിഡന്റായി അൽബറാക് കമ്പനിയിൽ നിക്ഷേപം നടത്തുന്ന പ്രവാസികൾക്ക് നൽകുവാൻ ലക്ഷ്യമിടുന്നുവെന്നാണ് ഡോ. ടി. എം. തോമസ് ഐസക് വിഭാവനം ചെയ്തത്. "അൽബറാക് കമ്പനി രൂപീകരിച്ച് അതിന്റെ ക്രിയാത്മകമായിട്ടുള്ള പ്രവർത്തനം സാധ്യമാക്കുന്നതിനു പകരം ബഹുമാന്യനായ ശ്രീ. കെ. എം. മാണിസാർ, അത്തരത്തിലുള്ള ഒരു പരിപാടിയും തന്റെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. സാധാരണക്കാരനെയും പാവപ്പെട്ടവരെയും ബഡ്ജറ്റ് അവഗണിച്ചിരിക്കുന്നു. വെള്ളം, വെളിച്ചം, ഗതാഗതം തുടങ്ങിയ മേഖലകളോട് കാണിച്ച തണുത്ത സമീപനം പ്രതിഷേധാർഹമാണ്. ചില പൊടിക്കൈകൾ മാത്രമാണ് പരിചയ സമ്പന്നനായ ശ്രീ. കെ. എം. മാണി സാർ പ്രയോഗിച്ചിരിക്കുന്നത്. സാധാരണക്കാരെയും പാവപ്പെട്ടവരെയും അടിസ്ഥാനപരമായി ബാധിക്കുന്ന ജീവൽഗന്ധിയായ പ്രശ്നങ്ങളോട് മുഖം തിരിഞ്ഞുനിൽക്കുകയാണ് അദ്ദേഹത്തിന്റെ ബഡ്ജറ്റ് ചെയ്തത്. കുരുക്ഷേത്ര അങ്കണത്തിൽ ഭഗവാൻ ശ്രീകൃഷ്ണൻ അർജ്ജുനന് നൽകിയ ഒരു സാരോപദേശം ഉരുവിട്ടുകൊണ്ടാണ് ശ്രീ. കെ. എം. മാണിസാർ തന്റെ പ്രസംഗം അവസാനിപ്പിച്ചത്. ഭഗവാൻ ശ്രീകൃഷ്ണൻ കുരുക്ഷേത്ര അങ്കണത്തിൽ അർജ്ജുനന് നൽകുന്ന മറ്റൊരു സാരോപദേശം ഉരുവിട്ട് ആദരണീയനായ ശ്രീ. കെ. എം. മാണി സാറിനെ ഉണർത്തിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുവാനാണ് ആഗ്രഹിക്കുന്നത്.

'യദാ യദാ ഹി ധർമ്മസ്യ ഗ്ലാനിർഭവതി ഭാരത
അഭ്യുത്ഥാനമധർമ്മസ്യ തദാത്മാനം സൃജാമ്യഹം
പരിത്രാണായ സാധൂനാം വിനാശായ ച ദുഷ്കൃതാം
ധർമ്മസംസ്ഥാപനാർത്ഥായ സംഭവാമി യുഗേ യുഗേ'

ശ്രീ. കെ. എം. മാണിസാർ, അങ്ങയിൽ നാടും സമൂഹവും അർപ്പിച്ച ബാധ്യതയും ഉത്തരവാദിത്വവും നിർവ്വഹിക്കുവാൻ അങ്ങ് ഒരുക്കമല്ലെങ്കിൽ അങ്ങയുടെ സ്ഥാനത്ത് ആ ബാധ്യത നിർവ്വഹണത്തിന് ദൈവം മറ്റൊരാളെ അവതരിപ്പിക്കും. ബഡ്ജറ്റിനെ ഒരിക്കൽകൂടി എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി : സർ, ബഹുമാന്യനായ കെ. എം. മാണിസാർ അവതരിപ്പിച്ച ബഡ്ജറ്റിനെ സർവ്വാത്മനാ പിന്താങ്ങുകയാണ്. നൂതനമായ

1.36 P.M.] നിർദ്ദേശങ്ങൾകൊണ്ടും ദീർഘവീക്ഷണംകൊണ്ടും ഇക്കൊല്ലത്തെ ബഡ്ജറ്റ് കേരളത്തിന്റെ വളർച്ചയ്ക്ക് തീർച്ചയായും ഉപകരിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. തൊഴിൽ അന്വേഷകരെ സഹായിക്കാനും കാർഷികമേഖലയെ പച്ചപിടിപ്പിക്കാനും അവശരും ആലംബഹീനരുമായ സാധാരണക്കാരെ സഹായിക്കാനും പ്രത്യേകം മനസ്സിരുത്തി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അനുബന്ധ സൗകര്യ വികസനത്തിന് നൽകിയ ഊന്നൽ ഭാവികേരളത്തിന് തീർച്ചയായും വമ്പിച്ച മുന്നേറ്റം ഉണ്ടാക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എം. ഉമ്മർ]

ഒരു ഗവൺമെന്റിനെയും അതിന്റെ പ്രവർത്തനത്തെയും വിലയിരുത്തേണ്ടത് കഴിഞ്ഞകാല പ്രവർത്തനങ്ങളിലെ വിഭവസമാഹരണവും അത് ജനങ്ങൾക്ക് ഉപകാരപ്രദമായ വിധത്തിൽ എങ്ങനെ വിനിയോഗിച്ചുവെന്നതിനെയും അടിസ്ഥാനമാക്കിയാണ്. ഇവിടെ ശ്രീ. കെ. എം. മാണി സാറിന്റെ ധനകാര്യ മാനേജുമെന്റ് ഏറെ പ്രശംസനീയമാണ്. ദേശീയ വളർച്ച 6.2 ശതമാനമാണുള്ളതെങ്കിൽ സംസ്ഥാനത്തിന്റെ വളർച്ച 9.51 ശതമാനം ആണെന്ന് പറയുന്നത് ആർക്കാണ് നിഷേധിക്കാൻ കഴിയുന്നത് ? ഗുജറാത്ത്, പഞ്ചാബ് പോലുള്ള സംസ്ഥാനങ്ങളുള്ള ഇന്ത്യാരാജ്യത്ത് ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന ദേശീയവളർച്ചയേക്കാൾ ഉന്നതമായ നിലയിലേക്കെത്താൻ, 9.51 ശതമാനത്തിലേക്കെത്താൻ കേരളത്തിന് സാധിച്ചുവെന്ന് പറഞ്ഞാൽ അത് തികച്ചും ധനകാര്യ മാനേജ്മെന്റിന്റെ കഴിവാണ് തെളിയിക്കുന്നതെന്നുള്ളത് ആർക്കും നിഷേധിക്കാൻ കഴിയില്ല. അതുകൊണ്ടു തന്നെ ഇടതുപക്ഷം ഭരിക്കുമ്പോൾ അഞ്ചുവർഷം കൊണ്ട് 9497 കോടി രൂപയാണ് മൂലധന നിക്ഷേപമെങ്കിൽ ഇക്കഴിഞ്ഞ രണ്ട് വർഷക്കാലംകൊണ്ട് 8000 കോടിയിലധികം ഇവിടെ മൂലധന നിക്ഷേപം ഉണ്ടാക്കാൻ കഴിഞ്ഞുവെന്നത് നിഷ്പക്ഷവും സത്യസന്ധവുമായി വിലയിരുത്തുന്ന ആർക്കും നിഷേധിക്കാൻ കഴിയുകയില്ല. പ്രതികൂലമായ സാഹചര്യത്തിലാണ് ഈ അവസ്ഥയിലേക്ക് എത്തുന്നത്. വിലക്കയറ്റം ആഗോളപ്രതിഭാസമാണെന്ന് പരേതനായ ഇ. കെ. നായനാർ സൂചിപ്പിച്ചതുപോലെ, ആഗോളപ്രതിഭാസമായി വിലക്കയറ്റം തുടരുമ്പോഴും അത് പിടിച്ചുനിർത്തുന്നതോടൊപ്പംതന്നെ പൊതുമേഖല ശക്തിപ്പെടുത്തി ഉത്പാദന മേഖലയെ കാര്യക്ഷമമായി നിയന്ത്രിച്ചുകൊണ്ട് അതിനാവശ്യമായ നിയന്ത്രണങ്ങൾ ഉണ്ടാക്കിക്കൊണ്ടാണ് ഈ സാമ്പത്തിക മാന്ദ്യത്തിലും വളർച്ച നേടിയെടുക്കാൻ കഴിഞ്ഞതെന്നത് ആർക്കും നിസ്സാരമായി കാണാൻ കഴിയുകയില്ല. ശ്രീ. കെ. എം. മാണി സാർ നിയമസഭയിൽ അംഗമായിട്ട് അര നൂറ്റാണ്ടുകാലം പിന്നിടാൻ പോവുകയാണ്. അനുഭവ സമ്പത്തുകൊണ്ട് പതിനൊന്നാമത്തെ ബഡ്ജറ്റാണ്. ഏറ്റവും വലിയ പാഠമെന്ന് പറയുന്നത് അനുഭവ സമ്പത്തുതന്നെയാണ്. അദ്ദേഹത്തിന്റെ ധനകാര്യ മാനേജുമെന്റിൽ. ഒരുപാട് അനുഭവമുള്ള കേരളത്തിൽ അദ്ദേഹം കണ്ടും കേട്ടും കൊടുത്തും പരിചയമുള്ള വിഷയങ്ങളിൽ അധികരിച്ചുകൊണ്ടാണ് ബഡ്ജറ്റ് തയ്യാറാക്കിയിരിക്കുന്നതെന്ന് അദ്ദേഹത്തിന്റെ ബഡ്ജറ്റ് പരിശോധിച്ചാൽ നമുക്ക് കാണാൻ കഴിയും. ബഡ്ജറ്റ് അവതരിപ്പിച്ച് കഴിഞ്ഞ അഞ്ചുവർഷക്കാലംകൊണ്ട് 9497 കോടി രൂപ നേടിയത് കമ്മ്യൂണിസവും രണ്ടുവർഷംകൊണ്ട് 8000 കോടി രൂപ നേടിയത് കെ. എം. മാണിസവുമാണ്. കെ.എം. മാണിസം എന്നുപറയുന്ന പുതിയ സിദ്ധാന്തം അദ്ദേഹം കൊണ്ടുവന്നത് പഠനവിധേയമാക്കിരിക്കുകയാണ്. കെ. എം. മാണിസ്റ്റ് ബഡ്ജറ്റ്, കമ്മ്യൂണിസ്റ്റ് ബഡ്ജറ്റിനേക്കാൾ മുന്നിൽ നിൽക്കുന്നുവെന്ന് പഠനങ്ങൾ വിലയിരുത്തിയാൽ നമുക്ക് മനസ്സിലാക്കാൻ സാധിക്കും. ഇതൊക്കെ പറഞ്ഞാലും ശ്രീ. കെ. എം. മാണി സാറിനെ, ഇന്ദുലേഖയെ കിട്ടിയാൽ തരക്കേടില്ലെന്ന് കരുതുന്ന സൂര്യനമ്പൂതിരിമാർ അപ്പുറത്തുണ്ട്. തീർച്ചയായും ശ്രീ. കെ. എം. മാണി സാറിനെ കിട്ടണമെന്ന് സ്വാഗതം ചെയ്തവരുണ്ട്. എന്തുകൊണ്ടാണ് ; യു.ഡി.എഫ്.-ന്റെ പോക്ക് ഇതേപോലെ ആയാൽ കേരളം

LIBRARY ARCHIVES Kerala Legislative Assembly

ഒരിക്കലും തിരിച്ചുപിടിക്കാൻ കഴിയില്ലെന്ന തിരിച്ചറിവാണ് ശ്രീ. കെ. എം. മാണി സാറിനെയെങ്കിലും അപ്പുറത്ത് കൊണ്ടുവരണമെന്നുള്ള ഉള്ളിലിരുപ്പ് പുറത്തു ചാടിയത്. പക്ഷേ പറഞ്ഞത് ശ്രീ. വി. എസ്. അച്യുതാനന്ദൻ ആയതുകൊണ്ട് ശ്രീ. പിണറായി വിജയൻ ഉടനെ അത് തിരുത്തി. ഏതായാലും ശ്രീ. കെ. എം. മാണി സാർ അതിന് തയ്യാറല്ലെന്ന് പ്രഖ്യാപിച്ചതോടുകൂടി അവർ ഇപ്പോൾ തൽക്കാലം മുട്ടുമടക്കിയിരിക്കുകയാണ്.

കേരളത്തിലെ അവശ്യ വിഭാഗങ്ങൾ, പാവപ്പെട്ടവർ, സാധാരണക്കാർ, വിദ്യാർത്ഥികൾ, വ്യവസായം തുടങ്ങുന്നവർ, ഈ നാടിന്റെ വികസനം മുന്നിൽ കാണുന്നവർ തുടങ്ങി ഒരുപാട് കഷ്ടപ്പെടുന്ന സാമൂഹികക്ഷേമ പദ്ധതികളുൾപ്പെടെ ഏത് മേഖലയെയാണ് ഈ ബഡ്ജറ്റിൽ അവഗണിച്ചത് ? എന്റെ മണ്ഡലത്തിൽ അതില്ല ഇതില്ലാ എന്ന് ഇവിടെ പലരും പറഞ്ഞു. കെ. എം. മാണി എന്നുപറഞ്ഞാൽ കോട്ടയം, മലപ്പുറം എന്നല്ല, കേരളം മുഴുവനുമായുള്ള മാണി എന്നാണ്. കേരളത്തിനെ മുഴുവൻ ഒന്നായി കണ്ടുകൊണ്ടാണ് അദ്ദേഹം ഈ ബഡ്ജറ്റ് അവതരിപ്പിച്ചത്. ശ്രീ. സാജുപോളിന് അറിയാം, അദ്ദേഹത്തിന് കുടിവെള്ളം കൊടുക്കണമെങ്കിൽ ഇപ്പോൾ 854 കോടിയും 505 കോടിയും അങ്ങനെ 1300 കോടി രൂപയോളം കൊടുക്കണം. ഗവൺമെന്റ് ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ ഓരോ വകുപ്പിനും കുടിവെള്ളത്തിന് തുക കൊടുത്തിട്ടുണ്ട്. എല്ലാ മേഖലയ്ക്കും കൊടുത്തിട്ടുണ്ട്. ഏത് മേഖലയ്ക്കാണ് കൊടുക്കാത്തത് ; പി.ഡബ്ല്യു.ഡി.-ക്ക് കൊടുത്ത ഫണ്ടിൽ നിന്ന് റോഡിനുവേണമെങ്കിലും കൊടുക്കാം. എ.എസ്. കൊടുത്താൽ ലഭിക്കും. ഏത് നിയോജക മണ്ഡലത്തിലേക്കാണെങ്കിലും ബഡ്ജറ്റിൽ പറഞ്ഞില്ല എന്നുകരുതി ഒന്നും കിട്ടുകയില്ല എന്നുപറയുന്നത് തെറ്റാണ്. കഴിഞ്ഞ രണ്ട് വർഷംകൊണ്ട് കേരളത്തിലെ മുഴുവൻ റോഡുകളും, ഇടതുപക്ഷമെന്നോ വലതുപക്ഷമെന്നോ വ്യത്യാസമില്ലാതെ വികസനത്തിന്റെ നേട്ടം 140 നിയോജക മണ്ഡലത്തിലുമുണ്ടായി എന്നുപറയുന്നത് ആർക്കും നിഷേധിക്കാനാവാത്ത കാര്യമാണ്. അതിനുപുറമെയാണ് അഞ്ച് കോടി രൂപയുടെ അസെറ്റ് ഡെവലപ്മെന്റ് ഫണ്ട്. ഇതും അതിൽ വരുന്നതാണല്ലോ. ഈ നാട്ടിൽ നടക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണെന്ന് ഓരോന്നായി അദ്ദേഹം വിലയിരുത്തി. അദ്ദേഹം ഇക്കാര്യങ്ങളൊക്കെ പറഞ്ഞപ്പോൾ പ്രതിപക്ഷത്തിന് വിമർശിക്കാൻ ഒന്നുമില്ല. ബഡ്ജറ്റ് നിർദ്ദേശത്തെ ആരെങ്കിലും വിമർശിച്ചോ ; ഏതെങ്കിലും ബഡ്ജറ്റ് നിർദ്ദേശത്തെ വിമർശിക്കാൻ അപ്പുറത്ത് പ്രസംഗിച്ചവർക്ക് സാധിച്ചോ ; എനിക്കുമുമ്പ് പ്രസംഗിച്ച ബഹുമാന്യനായ എന്റെ സുഹൃത്ത് ഡോ. കെ. ടി. ജലീൽ 1980, 2013 കാലഘട്ടത്തിലെ ഭരണത്തെക്കുറിച്ചൊക്കെ പറഞ്ഞു. ഞാനും വിലയിരുത്തിയപ്പോൾ 1980-ൽ അദ്ദേഹത്തിന് ചെയ്യാൻ കഴിയാതെ വീർപ്പുമുട്ടിയപ്പോൾ അദ്ദേഹം പുറത്തുചാടി. മനോഹരമായി അവതരിപ്പിക്കുന്ന ആശ്വാസത്തിലാണ് ശ്രീ. കെ. എം. മാണിസാർ ഈ ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. അതുകൊണ്ടാണ് അദ്ദേഹത്തിന് ഇത്രയും വളർച്ചയുണ്ടാക്കാൻ കഴിഞ്ഞത്. അന്ന് അദ്ദേഹത്തിന് അതിന് സാധിക്കാത്തതു കൊണ്ടാണ്. ബഹുമാന്യനായ കെ. ടി. ജലീൽ പറഞ്ഞത് ശരിയല്ല, ഇത് പരിശോധിക്കണം, വിലയിരുത്തലിൽ ചെറിയ മാറ്റം വന്നുപോയതാണ്. ഏതായാലും ഒരു ചരിത്ര വിദ്യാർത്ഥിയെന്ന നിലയ്ക്ക് അദ്ദേഹം പറഞ്ഞത്



LIBRARY ARCHIVES Kerala Legislative Assembly

2009-ൽ അദ്ദേഹം വീർപ്പുമുട്ടിയിട്ടാണ് ഇപ്പുറത്ത് വന്നതെന്നാണ്. അതോടെ അദ്ദേഹത്തിന് വളർച്ചയും ഉയർച്ചയുമൊക്കെയുണ്ടായി. യു.ഡി.എഫ്.-ന് ശക്തി പകരാനും സാധിച്ചു. അതുകൊണ്ടാണ് ഇപ്പോൾ എങ്ങനെയെങ്കിലും തിരിച്ചു കൊണ്ടുപോകണമെന്ന് അപ്പുറത്ത് ശ്രീ. കെ. ടി. ജലീൽ അടക്കം ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അത് ഏതായാലും നടപ്പില്ല എന്ന കാര്യം ഞാൻ പറയുകയാണ്. ഇപ്പോൾ ശ്രീ. കെ. എം. മാണിസാർ ഭാവി കാണുന്നത് വമ്പിച്ച വളർച്ചയോടെയാണ്. ഇപ്പോഴത്തെ വളർച്ച 9.51 ശതമാനമാണെങ്കിൽ അടുത്തത് 9.58 ശതമാനമാണ്. വികസിത രാജ്യങ്ങളോടൊപ്പം കേരളത്തിനെ എത്തിക്കണമെന്ന കാഴ്ചപ്പാടോടുകൂടിയാണ് ശ്രീ. കെ. എം. മാണിസാർ ഈ ബഡ്ജറ്റ് അവതരിപ്പിക്കുന്നത്.

ശ്രീ. കെ. രാജു : സർ, ഇതൊക്കെ കേൾക്കാൻ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിസാർ ഇവിടെ ഇല്ലല്ലോ?

ശ്രീ. സി. മമ്മൂട്ടി : സർ, വേണ്ട. ഒരു മന്ത്രിക്കുപകരം മൂന്ന് മന്ത്രിമാർ ഇവിടെ ഇരിക്കുന്നുണ്ട്. അതുമതി. അതൊക്കെ റിക്കോർഡ് ചെയ്യുന്നുണ്ട്. ശ്രീ. കെ. എം. മാണിസാർ അവിടെയിരുന്ന് ഇത് കേൾക്കുന്നുണ്ട്. അദ്ദേഹത്തിന് റൂമിലിരുന്ന് ഭക്ഷണം കഴിക്കണ്ടേ ? 80 വയസ്സായ ശ്രീ. കെ. എം. മാണിസാറിനോട് കരുണ കാണിക്കണ്ടേ ? ശ്രീ. കെ. എം. മാണി സാറിന്റെ വിജയംതന്നെ കാരുണ്യത്തിന്റെ അംശം അദ്ദേഹത്തിനുള്ളതുകൊണ്ടാണ് ഈ പാവങ്ങൾക്കു വേണ്ടി വാരിവലിച്ച് അദ്ദേഹം ചെലവഴിക്കുന്നത്. അതുകൊണ്ടുതന്നെ അദ്ദേഹത്തിന് ദീർഘായുസ്സുണ്ടാകാൻ ഞങ്ങൾ പ്രാർത്ഥിക്കാം. അദ്ദേഹത്തിന്റെ ആരോഗ്യം നോക്കേണ്ടുന്നത് നമ്മുടേയുംകൂടി കടമയാണ്.

ശ്രീ. കെ. രാജു : സർ, ശ്രീ. വി. ശിവൻകുട്ടി ഉന്നയിച്ചതിന് എല്ലാവരും ഇവിടെ ഉണ്ടായിരിക്കണമെന്നും ആവശ്യമായ നിർദ്ദേശം നൽകണമെന്നും റൂളിംഗ് നൽകിയിരുന്നു. അപ്പോഴുള്ള ആളുകളല്ലാതെ പുതിയതായി ആരും ഇവിടെ വന്നിട്ടില്ല. ചെയർ അതിൻമേൽ ആവശ്യമായ നടപടി സ്വീകരിക്കണം.

മി. ചെയർമാൻ : യെസ്.

ശ്രീ. സി. മമ്മൂട്ടി : സർ, ഏതായാലും ശ്രീ. കെ. എം. മാണിസാർ അടുത്ത ഒരു വർഷത്തെ വളർച്ചയ്ക്കുവേണ്ടി പ്രായോഗികമായ ചില നിർദ്ദേശങ്ങൾക്ക് തീരുമാനമെടുത്തിട്ടുണ്ട്. ഈ പദ്ധതി നടപ്പാക്കാൻ പുതിയ ക്ഷേമ പദ്ധതികളും പെൻഷനുമൊക്കെ നൽകുന്നതിനുവേണ്ടി അടുത്തമാസം (ഏപ്രിൽ) തന്നെ നടപടി സ്വീകരിക്കും. അത് മോണിറ്റർ ചെയ്യാൻ ഓരോ പദ്ധതിക്കും ഓരോ ഉദ്യോഗസ്ഥനെ പ്രത്യേകമായി ചുമതലപ്പെടുത്തും. എല്ലാം കോ-ഓർഡിനേറ്റ് ചെയ്യുന്നതിന് ചീഫ് സെക്രട്ടറിയെ പ്രത്യേകമായി നിയോഗിക്കും. എന്നിട്ട് പദ്ധതി നിർവ്വഹണത്തിനുവേണ്ടി ചുമതലപ്പെടുത്തുന്ന ഓഫീസർമാർ അത് നിർവ്വഹിച്ചില്ലെങ്കിൽ, ശ്രീ. സാജുപോൾ കേൾക്കണം, അങ്ങേക്കും എനിക്കും ഗുണമുള്ള ഒരു കാര്യമാണ്. പദ്ധതി എഴുതിവച്ചിട്ട് നടക്കാത്ത കാര്യം നടക്കാനും നടപ്പാക്കാനുംവേണ്ടി ഒരു ഉദ്യോഗസ്ഥനെ നിയമിച്ച് അദ്ദേഹം നന്നായി പ്രവർത്തിച്ചാൽ അദ്ദേഹത്തിന് പ്രോത്സാഹനം നൽകും.

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹം എന്തെങ്കിലും നിരുത്തരവാദപരമായി പെരുമാറിയാൽ കർശനമായ നടപടി സ്വീകരിക്കും. ഇതൊക്കെ നല്ല കാര്യമല്ലേ ? ശ്രീ. സാജു പോൾ ഇതിനെ പ്രശംസിക്കുകയാണ് വേണ്ടത്. ഇതൊന്നും വായിക്കാതെ എന്തെങ്കിലും പറഞ്ഞിട്ട് വല്ല കാര്യവുമുണ്ടോ ? കാർഷികമേഖലയിൽ ഹൈടെക് വളർച്ച ഉണ്ടാകുന്നതിനുവേണ്ടി ഹരിതക മേഖലയായി ഓരോ ജില്ലയിലും പത്ത് പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതാണ്. ഒരു ജില്ലയിൽ 10 എന്നു പറഞ്ഞാൽ 14 ജില്ലയിൽ 10 വീതം പഞ്ചായത്തുകളിൽ നിന്ന് 140 പഞ്ചായത്തുകൾ. എനിക്ക് നിർദ്ദേശിക്കാനുള്ളത്, അത് നിയോജക മണ്ഡലത്തിൽ ഒന്നാക്കി മാറ്റണം. എല്ലാ മണ്ഡലത്തിനും കിട്ടണമെന്നില്ല. ഒരു നിയോജക മണ്ഡലത്തിൽ ഒരു പഞ്ചായത്തെങ്കിലും മാതൃകയായി എടുക്കണമെന്നത് തീർച്ചയായും പരിശോധിക്കണം: അത് പരിഗണിക്കണം എന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്, അപേക്ഷിക്കുകയാണ്.

അതുപോലെതന്നെയാണ് കാർഷിക മേഖലയിലെ വായ്പ എഴുതിത്തള്ളാനുള്ള നടപടി. കർഷക മാർക്കറ്റിലെ ഉൽപ്പാദനവും വിപണനവും ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ, ജൈവകൃഷിക്ക് പ്രത്യേക കേരളാ ബ്രാന്റ്, കാർഷിക കർമ്മസേന-ഇപ്പോൾ എല്ലാത്തിനും വലിയ വിലയാണ്. ഞാനൊരു ചെറുകിട കർഷകനാണ്. പണിക്കാരെ കിട്ടാനില്ല: ജോലി ചെയ്യാൻ ആളെ കിട്ടാനില്ല. വയനാട്ടിൽ തേങ്ങയുടെ വളർച്ച കുറവാണ്. കുറ്റ്യാടിയുടെയത്രയില്ല. തേങ്ങയ്ക്കു വേണ്ടി പദ്ധതി നടപ്പാക്കി. പച്ചത്തേങ്ങ വിലയ്ക്കുവാങ്ങി. തേങ്ങയ്ക്ക് മാന്യമായ വില നൽകാൻ ആദ്യമായി നടപടി സ്വീകരിച്ചത് യു.ഡി.എഫ്. ഗവൺമെന്റാണ്. പിന്നെ 'നീര' എന്നൊരു പുതിയ പദ്ധതി വരാൻ പോകുന്നു. അത് ഏതായാലും ഇവിടെ ഗുണകരമായി ഭവിക്കുന്നതാണ്, നിങ്ങൾക്ക് ഗുണകരമാണ്. കർമ്മസേന രൂപീകരിച്ചാൽ ജോലിക്കാരെ കിട്ടും. അതിനുവേണ്ടി പ്രത്യേക പദ്ധതിക്ക് രൂപം നല്കണം.

അതുപോലെതന്നെ സമഗ്ര വിള ഇൻഷുറൻസ് പദ്ധതി. നേരത്തെ നെല്ല്, കുരുമുളക് അങ്ങനെ രണ്ടുമൂന്ന് വിളകൾക്കുമാത്രമേ പദ്ധതിയുണ്ടായിരുന്നുള്ളൂ. ഇപ്പോൾ എല്ലാ വിളകൾക്കും പദ്ധതി. ഹോട്ടലുകൾ-തൃപ്തി ഹോട്ടലുകൾ അങ്ങനെ എത്രയെത്ര പദ്ധതികളാണ്. അതിനുപുറമേ പ്ലേസ്മെന്റ് എന്ന പുതിയൊരു പദ്ധതി. കോളേജിലും സ്കൂളിലും പഠിച്ച് ജോലിക്ക് വേണ്ടി തെണ്ടുകയാണ്. ഓരോ സ്കൂളും പോളിടെക്നിക് കോളേജും കേന്ദ്രീകരിച്ചുകൊണ്ട് പ്ലേസ്മെന്റ് വരാൻ പോവുകയാണ്. പ്ലേസ്മെന്റ് കൊടുക്കണമെങ്കിൽ വെറുതെ എഴുതുകയും വായിക്കുകയും ചെയ്താൽ പോര, ഓരോ കോളേജിലും പോളിടെക്നിക്കിലും ഹയർ സെക്കണ്ടറി സ്കൂളിലും ടെക്നിക്കലായി അഡീഷണൽ സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം കൊണ്ടുവന്ന് പ്ലേസ്മെന്റ് കൊടുക്കുകയാണ്. എല്ലാ സ്കൂളുകളിലും അങ്ങനെ സാങ്കേതികമായി കിട്ടിയ ഒരു പ്ലേസ്മെന്റ് നോക്കുക, നിസ്സാരകാര്യമാണോ; അത് അംഗീകരിക്കുന്ന കാര്യമല്ലേ ? നമ്മൾ മനസ്സിലാക്കേണ്ടത്, അപ്പുറത്തായാലും ഇപ്പുറത്തായാലും ഗവൺമെന്റിന്റെ ഓരോ വിഷയങ്ങളിലുമുള്ള നല്ല കാര്യങ്ങൾ ഉൾക്കൊള്ളണം. വിമർശിക്കേണ്ടത് വിമർശിക്കണം. കാരണം, ഇപ്പോൾ പുതിയൊരു തലത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

എല്ലാവരും യോജിച്ചുവരികയാണ്. ഒരു വികസന കാര്യം എന്നത് ട്വന്റി തേർട്ടി (20-30) എന്നുപറയുന്ന സംവിധാനം. 5 വർഷം മാറിമാറി വന്നാലും 2030-ൽ സംഭവിക്കാൻ പോകുന്ന വികസനം മുന്നിൽ കണ്ടുകൊണ്ട് അപ്പുറവും ഇപ്പുറവും ഒരുപോലെ ഇരുന്ന് ചർച്ച ചെയ്ത് അത്തരം ഒരു പദ്ധതി കൊണ്ടുവരുന്നതാണ് കേരളത്തിന് ഏറ്റവും ഭൂഷണമായിട്ടുള്ളത്. അത് എല്ലാവരേയും ബാധിക്കുന്ന വിഷയമാണ്. ആ നിലയ്ക്ക് നമ്മൾ മുന്നോട്ടുപോകണം. തെറ്റായ കാര്യങ്ങൾ ചൂണ്ടിക്കാണിക്കാൻ ധാർമ്മികമായ അവകാശം പ്രതിപക്ഷത്തിനുണ്ട്. നല്ല കാര്യങ്ങൾ അംഗീകരിക്കണ്ടേ ? തീർച്ചയായും നല്ല കാര്യങ്ങൾ അംഗീകരിക്കണം. ഈ അടിസ്ഥാന സൗകര്യ വികസനങ്ങളൊക്കെ പുതിയ ഗവൺമെന്റ് വരുമ്പോഴും പുതിയ തലമുറ വരുമ്പോഴും അവരോട് നമ്മുടെ കടമ നിർവ്വഹിക്കുവാൻ വേണ്ടിയാണ്. മംഗല്യനിധി, നമുക്ക് ആലോചിക്കാൻ പറ്റുമോ ?

മി. ചെയർമാൻ : യെസ്, പ്ലീസ് കൺക്ലൂഡ്. പ്ലീസ്..........

ശ്രീ. സി. മമ്മൂട്ടി : സർ, ചുരുക്കാം. കുറച്ചുകൂടി സമയം എല്ലാവരും എടുത്തപോലെ എനിക്കുംകൂടി കിട്ടിയാൽ തരക്കേടില്ല. വിധവകളുടെ പെൺമക്കളെ വിവാഹം ചെയ്യിക്കാൻ 20,000 രൂപ എന്നത് 30,000 രൂപയാക്കി. നിസ്സാരകാര്യമല്ല. പാവപ്പെട്ടവർക്കറിയാം, അതിന്റെ വരുമാനപരിധി 3 ലക്ഷം വരെയാക്കി ഉയർത്തിയിട്ടുണ്ട്. എന്നുപറഞ്ഞാൽ കേരളത്തിലെ ഒട്ടുമിക്ക ആളുകളും വരും. അപ്പുറത്തുള്ള സഹോദരിമാർ തീർച്ചയായും അതിനെ പിൻതുണയ്ക്കുമെന്ന് എനിക്ക് നന്നായിട്ടറിയാം.

ശ്രീ. പി. ഉബൈദുള്ള : സർ, പാവപ്പെട്ട പെൺകുട്ടികളെ കെട്ടിക്കുന്നതിനായി 20,000 രൂപ കൊടുക്കുമെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലേ ?

ശ്രീ. സി. മമ്മൂട്ടി : സർ, വിധവകളുടെ മക്കളുടെ വിവാഹ ധനസഹായം 30,000 രൂപയാക്കി ഉയർത്തിയിട്ടുണ്ട്. ഇതിനാവശ്യമായ ഫണ്ട് ചെലവേറിയ വിവാഹാഘോഷങ്ങളിൽ നിന്ന് സ്വരൂപിക്കുകയാണ്. കൂടാതെ ആരോഗ്യമേഖലയിൽ ഹോളിസ്റ്റിക് സംവിധാനം ഏർപ്പെടുത്തുകയുണ്ടായി. അതുപോലെ പാവപ്പെട്ട സമർത്ഥരായ വിദ്യാർത്ഥികൾക്ക് പഠനത്തിന് സാമ്പത്തിക ബുദ്ധിമുട്ടുകളുണ്ട്. അവർക്ക് പഠിക്കാനുള്ള പ്രോത്സാഹനം, ഫീസിളവ്, ഹോസ്റ്റലിൽനിന്ന് പഠിക്കാനുള്ള സൗകര്യങ്ങൾ, തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികൾക്ക് പെൻഷൻ...........

മി. ചെയർമാൻ : യെസ്, പ്ലീസ് കൺക്ലൂഡ്, അഞ്ച് മിനിട്ട് അധികമായിട്ടുണ്ട്. പ്ലീസ്...........

ശ്രീ. സി. മമ്മൂട്ടി : സർ, ആശാവർക്കർമാർ എന്നുപറഞ്ഞാൽ വളരെ താഴെക്കിടയിലുള്ള അദ്ധ്വാനിക്കുന്ന ഒരു ജനവിഭാഗമാണ്. ആശാവർക്കേഴ്സിന് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ഓണറേറിയം 600 രൂപയിൽ നിന്ന് 700 രൂപയാക്കി വർദ്ധിപ്പിച്ചു. പ്രസ്തുത തുക 1,000 രൂപയായിട്ടെങ്കിലും ഉയർത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി. ചെയർമാൻ : പ്ലീസ് കൺക്ലൂഡ്. പ്ലീസ്..........ആറ് മിനിട്ട് അധികമായി.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. മമ്മൂട്ടി : സർ, അതുപോലെതന്നെ ഭവനരഹിതരായ പാവപ്പെട്ടവർക്ക് വിവിധ ഭവനപദ്ധതികൾ സംയോജിപ്പിച്ചുകൊണ്ട് അടുത്ത മൂന്ന് വർഷംകൊണ്ട് മൂന്ന് ലക്ഷം ഭവനങ്ങൾ നിർമ്മിക്കുമെന്നുപറയുന്നത് നിസ്സാരമായ കാര്യമാണോ ? മോയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമിക്ക് ചുരുങ്ങിയത് 75 ലക്ഷം രൂപയെങ്കിലും അനുവദിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. തിരൂർപുഴ മാലിന്യ നിബിഡമായിരിക്കുകയാണ്. അത് ഡ്രഡ്ജ് ചെയ്തുകൊണ്ട് മാലിന്യം നീക്കുന്നതിനുള്ള പദ്ധതി അനുവദിക്കണം. അതുപോലെ മദ്യത്തിന് 125 ശതമാനം നികുതി വർദ്ധിപ്പിക്കുകയും ചെയ്യണം. ഇതിലൂടെ സമാഹരിക്കുന്ന 1,500 കോടി രൂപ പാവങ്ങൾക്കുവേണ്ടി വിനിയോഗിക്കാൻ തയ്യാറാകണമെന്നു കൂടി പറഞ്ഞുകൊണ്ട് ഇത്രയും മനോഹരമായ, മാതൃകായോഗ്യമായ, കേരള ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം തുന്നിച്ചേർക്കുന്ന, പുതിയ തലമുറയ്ക്ക് വലിയ ആശ നൽകുന്ന ഈ ബഡ്ജറ്റിനെ പൂർണ്ണമായും ഒരിക്കൽകൂടി പിന്തുണച്ചുകൊണ്ട് ഉപസംഹരിക്കുന്നു.

ശ്രീ. വി. ശിവൻകുട്ടി : സർ, 1138 കോടി രൂപയുടെ അധിക നികുതി അടിച്ചേൽപ്പിച്ചിരിക്കുന്ന 2013-14 വർഷത്തേക്കുള്ള ബഡ്ജറ്റിനെ ശക്തിയായി തന്നെ ഞാൻ എതിർക്കുകയാണ്. കേന്ദ്രത്തിൽ ഡി.എം.കെ.യുടെ

[1.53 P.M.]

പിന്തുണ പിൻവലിച്ചിരിക്കുന്നുവെന്നാണ് ഇന്നിപ്പോൾ കേട്ട വാർത്ത. കേന്ദ്രത്തിലും സംസ്ഥാനത്തും ഒരേ മുന്നണിയോ ഒരേ രാഷ്ട്രീയ പാർട്ടിയോ ഭരിച്ചാൽ മാത്രമേ കേരള സംസ്ഥാനത്തിന് എന്തെങ്കിലും ഗുണം ലഭിക്കുകയുള്ളൂവെന്ന് കഴിഞ്ഞ തെരഞ്ഞെടുപ്പ് കാലഘട്ടത്തിൽ യു.ഡി.എഫ്. ശക്തിയായിത്തന്നെ കേരളീയ സമൂഹത്തിന് മുന്നിൽ ഉന്നയിച്ചതാണ്. കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ കേന്ദ്രത്തിൽനിന്ന് ഒരു കിലോ അരിയെങ്കിലും അധികമായി വാങ്ങുന്നതിന് കേരളത്തിലെ ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റിന് സാധിച്ചോ എന്ന കാര്യം ഈ ബഡ്ജറ്റിൽ വ്യക്തമാക്കേണ്ടതായിട്ടുണ്ട്. കേരളത്തിലെ റേഷൻ വിഹിതം തന്നെ വെട്ടിക്കുറച്ചു. 114000 ടൺ അരി ഒരു വർഷത്തേക്ക് ഏതാനും വർഷങ്ങൾക്കുമുമ്പ് നൽകിയിരുന്ന സ്ഥാനത്ത് ഇപ്പോൾ വെറും 30000 ടൺ അരി മാത്രമാണ് നൽകുന്നത്. എട്ട് മന്ത്രിമാർ ഡൽഹിയിൽ തെക്കോട്ടും വടക്കോട്ടും ചുറ്റിക്കറങ്ങുന്നതല്ലാതെ ഒരു കിലോ അരിയെങ്കിലും കേരളത്തിലെ ജനങ്ങൾക്കുവേണ്ടി നേടിയെടുക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോയെന്നുള്ളത് പരിശോധിക്കേണ്ടതാണ്. ഇന്ത്യാരാജ്യത്ത് അരിക്ക് ഏറ്റവുമധികം വില കൂടിയ സംസ്ഥാനം കേരളമാണ്. യു.ഡി.എഫ്. കേരളം ഭരിക്കുന്ന അവസരത്തിൽ മാത്രമാണ് അരിയുടെ വില 40 രൂപയും 35 രൂപയുമാകുന്നത്. കേരളത്തിൽ നിന്നുള്ള കേന്ദ്രമന്ത്രിമാർക്ക് കേരളത്തോട് ഒരു കടപ്പാടും ഇല്ലാത്ത സ്ഥിതിവിശേഷമാണുള്ളത്. കേരളത്തിലെ റേഷൻ സമ്പ്രദായം ദാരിദ്ര്യ നിർമ്മാർജ്ജനം മാത്രം ലക്ഷ്യമിട്ടുകൊണ്ടുള്ളതല്ല. ഇത് ഭക്ഷ്യസുരക്ഷയുടെ പ്രശ്നമാണ്. നമ്മുടെ കാർഷികോൽപ്പാദനത്തിന്റെ 15 ശതമാനം മാത്രമാണ് നെല്ലുൽപ്പാദനം എന്നുപറയുന്നത്. ഇങ്ങനെയുള്ള ഒരു സംസ്ഥാനത്ത് അലുവാലിയ സിദ്ധാന്തമനുസരിച്ച് കമ്പോളത്തെ മാത്രം ആശ്രയിക്കുമെങ്കിൽ എന്ത് ഉണ്ടാകുമെന്നതിന്റെ തെളിവാണ് അരിയടക്കമുള്ള നിത്യോപയോഗ സാധനങ്ങളുടെ ചരിത്രത്തിലില്ലാത്ത വിധത്തിലുള്ള വിലക്കയറ്റം.

LIBRARY ARCHIVES Kerala Legislative Assembly

കെടുകാര്യസ്ഥതയുടെയും കഴിവില്ലായ്മയുടെയും കാര്യത്തിൽ ഒന്നാമതാകാൻ മന്ത്രിമാർ തമ്മിൽ മത്സരിക്കുകയാണ്. കെ.എസ്.ഇ.ബി. രണ്ട് വർഷംകൊണ്ട് എത്ര വേഗത്തിലാണ് കുളംതോണ്ടിയതെന്നുള്ള വിവരം നമുക്ക് കാണാൻ സാധിക്കുന്നതാണ്. ഇവിടെ ബഹുമാനപ്പെട്ട ചില പ്രതിപക്ഷ മെമ്പർമാർ പറഞ്ഞതുപോലെ കഴിഞ്ഞ വർഷത്തെ ബഡ്ജറ്റ് പരിശോധിച്ചുനോക്കേണ്ടതാണ്. കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 253 പദ്ധതികളിൽ നാമമാത്രമായ പദ്ധതികൾ മാത്രമാണ് നടപ്പിലാക്കാൻ സാധിച്ചത്. 150-ലേറെ പ്രഖ്യാപനങ്ങൾക്ക് അടുത്ത ബഡ്ജറ്റായിട്ടും ധനകാര്യ വകുപ്പ് ഭരണാനുമതി നൽകിയില്ല. ചില വൻകിട പദ്ധതികളുടെ രൂപരേഖപോലും ഇതുവരെ തയ്യാറാക്കിയിട്ടില്ല. പൈനാപ്പിൾ മിഷൻ മുതൽ വയനാട്ടിൽ വിമാനത്താവളം വരെ സ്ഥാപിക്കുമെന്നായിരുന്നു ശ്രീ. കെ. എം. മാണിസാറിന്റെ പ്രഖ്യാപനം. കൃഷി, വ്യവസായം, അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്ക് ഊന്നൽ നൽകുമെന്നായിരുന്നു കഴിഞ്ഞ മാർച്ച് 19-ന് നടത്തിയ ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട കെ. എം. മാണി പറഞ്ഞത്. കാർഷിക മേഖലയിൽ പ്രഖ്യാപിച്ച റൈസ് ബയോപാർക്ക്, നാളികേര ബയോപാർക്ക്, അതുപോലെതന്നെ ഗ്രീൻ ഹൗസ് എന്നിവ ഇപ്പോഴും കടലാസിൽതന്നെ ഒതുങ്ങിയിരിക്കുകയാണ്. വ്യവസായം, വൈദ്യുതി, വിദ്യാഭ്യാസം എന്നീ രംഗങ്ങളിലും ബഡ്ജറ്റ് പ്രഖ്യാപനം പാഴ്വാക്കായി മാറിയിരിക്കുകയാണ്. 53 മെഗാവാട്ട് ശേഷിയുള്ള 5 ചെറുകിട ജലവൈദ്യുത നിലയങ്ങൾ സ്ഥാപിക്കുമെന്ന് ശ്രീ. കെ. എം. മാണിസാർ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിരുന്നു. എന്നാൽ ഒരു മെഗാവാട്ട് ശേഷിയുള്ള നിലയംപോലും സ്ഥാപിക്കുന്നതിന് കഴിഞ്ഞിട്ടില്ല. പതിനായിരം വീടുകളുടെ മേൽക്കൂരയിൽ സൗരവൈദ്യുത പ്ലാന്റ് സ്ഥാപിക്കുമെന്നുള്ള പ്രഖ്യാപനം നടപ്പിലാക്കിയിട്ടില്ല. വൈപ്പിനിലെ 1200 മെഗാവാട്ട് നിലയവും വെറും പ്രഖ്യാപനമായി മാറിയിരിക്കുകയാണ്. അപകടത്തിൽപ്പെടുന്നവർക്ക് എല്ലാ മെഡിക്കൽ കോളേജുകളിലും ട്രോമാ കെയർ യൂണിറ്റ് ആരംഭിക്കുമെന്ന് പറഞ്ഞതും വെറുതെയായിരിക്കുകയാണ്. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയില്ലാത്ത എട്ട് ജില്ലകളിൽ ആശുപത്രി സ്ഥാപിക്കുമെന്നുള്ള പ്രഖ്യാപനവും വെറും തട്ടിപ്പായി മാറിയിരിക്കുകയാണ്. മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിനുള്ള പ്രാരംഭ ചെലവുകൾക്ക് 50 കോടി രൂപ നീക്കിവച്ചെങ്കിലും ഒരു രൂപപോലും ചെലവഴിച്ചിട്ടില്ല. പൈപ്പ് പൊട്ടലിന് ശാശ്വത പരിഹാരം കാണുമെന്നുള്ള പ്രഖ്യാപനം ഇപ്പോഴും നോക്കുകുത്തിയാണ്. പഴക്കംചെന്ന പൈപ്പ് ലൈൻ മാറ്റിയിടാൻ 85 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. എന്നാൽ തലസ്ഥാനത്തടക്കം പൈപ്പ് പൊട്ടൽ നിരന്തരം തുടരുകയാണ്. അതിവേഗ റെയിൽ കോറിഡോർ, ഇടുക്കി-വയനാട് ജില്ലകളിൽ വിമാനത്താവളം, വിമാനത്താവളമില്ലാത്ത ജില്ലകളിൽ എയർസ്ട്രിപ് പദ്ധതി എന്നിവയും ബഡ്ജറ്റ് പ്രസംഗത്തിൽ ഒതുങ്ങി നിൽക്കുകയാണ്. അതിവേഗ റെയിൽ കോറിഡോർ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനത്തിന് നീക്കിവച്ച് 50 കോടി രൂപ സർക്കാരിന് മിച്ചമായിരിക്കുകയാണ്. തിരുവനന്തപുരം മോണോ റെയിൽ പദ്ധതിയും അനിശ്ചിതത്വത്തിലാണെന്നുള്ള കാര്യം പ്രത്യേകം പറയേണ്ട കാര്യമില്ല. തിരുവനന്തപുരം, കോട്ടയം ജില്ലകളിൽ പേഴ്സണൽ റാപ്പിഡ് ട്രാൻസ്പോർട്ട് സിസ്റ്റം ഏർപ്പെടുത്തുമെന്നുള്ള പ്രഖ്യാപനം എന്തായി എന്ന് ആർക്കുമറിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

നെൽക്കൃഷിക്കാരുടെ വരുമാനം വർദ്ധിപ്പിക്കാൻ കുട്ടനാടും പാലക്കാടും റൈസ് ബയോപാർക്ക് സ്ഥാപിക്കുമെന്നായിരുന്നു വാഗ്ദാനം. പത്ത് കോടി രൂപ ഇതിനായി വകയിരുത്തിയെങ്കിലും ഒരു പൈസപോലും ചെലവഴിച്ചിട്ടില്ല. നാളികേര ബയോപാർക്കിന്റെ സ്ഥിതിയും മറിച്ചല്ല. മൂന്ന് പാർക്കുകൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ 15 കോടി രൂപയുടെ കാര്യം കൃഷി വകുപ്പുതന്നെ മറന്നിരിക്കുകയാണ്. മൂല്യവർദ്ധിത പച്ചക്കറി വർഷത്തിലുടനീളം ഉപഭോക്താക്കളിൽ എത്തിക്കുന്നതിനായി പ്രഖ്യാപിച്ച ഗ്രീൻ ഹൗസ് പദ്ധതിയും എങ്ങും എത്തിയില്ല. ഇതിന് 45 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. ഒരു പൈസ പോലും ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. ഈ പദ്ധതിയിലേക്കുള്ള ഏതാണ്ട് 1500 അപേക്ഷകൾ കൃഷി ഓഫീസുകളിൽ കെട്ടിക്കിടക്കുകയാണ്. എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജ്, തീരമൈത്രി, ഗാർഹിക കോഴിവളർത്തൽ, 2000 സഹകരണ വിപണന കേന്ദ്രങ്ങൾ, എഡ്യുസിറ്റി, ബഹുനില വ്യവസായ എസ്റ്റേറ്റ്, കശുവണ്ടി ബാങ്ക്, 50 പുതിയ ടൂറിസ്റ്റ് കേന്ദ്രങ്ങൾ, പ്രൊമോഷൻ ബോർഡ് തുടങ്ങിയവയെല്ലാം കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച കാര്യങ്ങളാണ്. ഇവയെല്ലാം ഇന്നും പാഴ്വാക്കായി കിടക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയായ ശ്രീ. കെ. എം. മാണിയുടെ ബഡ്ജറ്റ് പ്രസംഗത്തിലുടനീളം വികസന മുരടിപ്പിന്റേയും രൂക്ഷമായ വിലക്കയറ്റത്തിന്റേയും പ്രകടമായ പ്രഖ്യാപനമാണ് കാണാൻ സാധിക്കുന്നത്. കേരളത്തെ മുന്നോട്ടുനയിക്കുവാൻ ഉതകുന്ന ഒന്നുംതന്നെ ഈ ബഡ്ജറ്റിൽ കാണുന്നില്ല. സംസ്ഥാനം ഇന്ന് കാണുന്ന പ്രധാന പ്രശ്നം വിലക്കയറ്റത്തിന്റേയും വികസനത്തിന്റേയും പ്രശ്നമാണ്. കേന്ദ്ര യു.പി.എ. ഗവൺമെന്റ് നടപ്പിലാക്കുന്ന നവലിബറൽ നയങ്ങളുടെ ആഘാതത്തിൽ തകർന്നുകൊണ്ടിരിക്കുന്ന കൃഷിയെ എങ്ങനെ രക്ഷിച്ചുനിർത്തണമെന്നുള്ളതാണ് കേരളീയ സമൂഹത്തിന് അറിയേണ്ടത്. കെ.എസ്.ആർ.ടി.സി.യേയും കെ.എസ്.ഇ.ബി.യേയും തകർച്ചയിൽനിന്ന് രക്ഷപ്പെടുത്തി എങ്ങനെ നിലനിർത്തണമെന്നതിനെസംബന്ധിച്ച് ബഡ്ജറ്റ് ഗൗരവമായി പരിഗണിച്ചിട്ടില്ല.

ഈ ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി.യെ രക്ഷിക്കുവാൻവേണ്ടി 100 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. മുൻ വർഷത്തെ ബഡ്ജറ്റിൽ സംസ്ഥാനത്തെ നികുതി വരുമാനമായി 32,122 കോടി രൂപ പിരിച്ചെടുക്കുമെന്ന് പ്രഖ്യാപിച്ച ശ്രീ. കെ. എം. മാണിസാറിന് 31,702 കോടി രൂപ മാത്രമേ പിരിച്ചെടുക്കാൻ സാധിച്ചിട്ടുള്ളൂ. ഈ നിലയിൽ പരിശോധിച്ചാൽ ഇതൊരു ജനവിരുദ്ധ ബഡ്ജറ്റാണെന്ന് മനസ്സിലാകും. വാറ്റ് നികുതി ഒരു ശതമാനം ഉയർത്തിയതിന്റെ ഫലമായി 1,100 കോടി രൂപയാണ് സാധാരണക്കാരായ ജനങ്ങളിൽനിന്ന് പിരിച്ചെടുക്കേണ്ടിവന്നിട്ടുള്ളത്. തലസ്ഥാന നഗരിയിൽ ഏറ്റവും പ്രധാനപ്പെട്ട മറ്റൊരു പ്രശ്നമായി നിലനിൽക്കുന്നത് പൈപ്പ് ലൈൻ പൊട്ടലാണ്. കഴിഞ്ഞ ആറുമാസത്തിനിടയിൽ ഏതാണ്ട് 170 പ്രാവശ്യമാണ് തലസ്ഥാന നഗരിയിലെ പൈപ്പ് ലൈൻ പൊട്ടിയിരിക്കുന്നത്. ഇതൊരു അട്ടിമറിയാണോ എന്ന കാര്യത്തിൽ സംശയമുണ്ട്. ഒരു സംഘം ഉദ്യോഗസ്ഥരുടെയും കോൺട്രാക്ടർമാരുടെയും നാർവർ സംഘത്തിന്റെയും അട്ടിമറിയാണോ ഈ പൈപ്പ് ലൈൻ പൊട്ടലെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഇത് അന്വേഷിക്കുന്നതിനുവേണ്ടി ചില ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നിയമസഭയിലെ

ജനപ്രതിനിധികൾ അടങ്ങുന്ന ഒരു സമിതിയെക്കൊണ്ട് ഈ തലസ്ഥാന നഗരിയിലുണ്ടാകുന്ന പൈപ്പ്ലൈൻ പൊട്ടൽ അന്വേഷിക്കുന്നതിന് തയ്യാറാകണമെന്ന് ബഹുമാനപ്പെട്ട ശ്രീ. കെ. എം. മാണിസാറിനോടും ഗവൺമെന്റിനോടും അഭ്യർത്ഥിക്കുകയാണ്. കഴിഞ്ഞ വർഷം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിൽ തലസ്ഥാന നഗരവികസനം ലക്ഷ്യമിട്ടുകൊണ്ട് JNNURM, KSUDP എന്നിവയിലൂടെ 150 കോടി രൂപയുടെ പദ്ധതിയാണ് പ്രഖ്യാപിക്കപ്പെട്ടത്. അവയുടെ ഇപ്പോഴത്തെ സ്ഥിതിയെന്താണ് ? ഈ വർഷം ഈയിനത്തിൽ ഒരു പൈസപോലും ഉൾപ്പെടുത്തുന്നതിന് തയ്യാറായിട്ടില്ല. മോണോ റെയിലിനുവേണ്ടി 20 കോടി രൂപയാണ് പ്രഖ്യാപിച്ചത്. പക്ഷേ, ഈ പദ്ധതിതന്നെ കോഴിക്കോട് ജില്ലയിലേക്ക് കൊണ്ടുപോകുന്നതിന് തയ്യാറായിരിക്കുന്നു. തലസ്ഥാനത്ത് കോൺക്രീറ്റ് തൂണുകളിൽ ബന്ധിപ്പിച്ചിട്ടുള്ള പാളംവഴി സഞ്ചരിക്കുന്ന പോട്ട്കാർ സംവിധാനമൊരുക്കുന്നതിനായി 25 ലക്ഷം രൂപ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. തിരുവനന്തപുരം സിറ്റി മുഴുവൻ കറങ്ങിനോക്കിയെങ്കിലും ഒരു സ്ഥലത്തുപോലും പോട്ട്കാർ സംവിധാനം കാണാൻ സാധിച്ചിട്ടില്ല. വിഴിഞ്ഞം തുറമുഖത്തിനായി 224 കോടി രൂപ നീക്കി വച്ചിട്ടുണ്ടെന്ന് കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിലും അങ്ങ് പറഞ്ഞിരുന്നു. എന്തെങ്കിലും കാര്യങ്ങൾ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ ? കഴിഞ്ഞ ബഡ്ജറ്റിൽ തിരുവനന്തപുരം ജില്ലയിലെ ഐ.ടി. പാർക്ക് വികസനത്തിനുവേണ്ടി 43 കോടി രൂപ, ചാക്കയിൽ എയ്റോസ്പേസ് സെന്ററിനുവേണ്ടി 10 കോടി രൂപ, കൊച്ചു വേളിയിൽ എസ്റ്റേറ്റ് നിർമ്മാണത്തിനായി 10 കോടി രൂപ, വിഴിഞ്ഞത്തും ശംഖുമുഖത്തും വ്യവസായ വികസന കേന്ദ്രങ്ങൾ, ഈഞ്ചയ്ക്കലിൽ പുതിയ അന്തർജില്ലാ ബസ് ടെർമിനൽ, മുട്ടത്തറയിൽ കേപ് എഞ്ചിനീയറിംഗ് കോളേജിനു വേണ്ടി 3 കോടി രൂപ, തിരുവനന്തപുരത്ത് സ്വകാര്യ പങ്കാളിത്തത്തോടുകൂടി മാലിന്യ നിർമാർജ്ജന പ്ലാന്റ് സ്ഥാപിക്കുന്നതിനായി 25 കോടി രൂപ എന്നിവയാണ് അനുവദിച്ചത്.

വിളപ്പിൽശാലയിൽ നിലവിലുള്ള മാലിന്യ സംസ്ക്കരണ പ്ലാന്റ് പൂട്ടിയതിന്റെ ഫലമായി അഞ്ച് ലക്ഷം ടൺ മാലിന്യമാണ് തലസ്ഥാനനഗരിയിൽ കുന്നുകൂടി കിടക്കുന്നത്. ഗുജറാത്തിലെ സൂറത്തിൽ പതിനായിരക്കണക്കിന് വരുന്ന ആളുകൾക്ക് മാരകരോഗങ്ങളും മാറാരോഗങ്ങളും പിടിപെട്ട് മരണമടഞ്ഞതു പോലെ ഈ നിലയിൽ മുന്നോട്ടുപോവുകയാണെങ്കിൽ തലസ്ഥാന നഗരിയിലും അതേ അനുഭവമുണ്ടാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ട് മാലിന്യനിർമ്മാർജനത്തിന് ഒരു ബദൽ സംവിധാനമുണ്ടാക്കണം. നിലവിലുള്ള പ്ലാന്റിന് എന്തെങ്കിലും പോരായ്മയുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനു വേണ്ടി ശ്രമിക്കണം. ആ പ്ലാന്റ് അവിടെ തുറന്നുപ്രവർത്തിപ്പിക്കുന്നതിന് നാട്ടുകാരുടെ എതിർപ്പുണ്ടെങ്കിൽ അത് പൂട്ടിയിടട്ടേ ; കുഴപ്പമില്ല. തൊണ്ണൂറ് ടൺ മാലിന്യം അവിടെ സംസ്ക്കരിക്കണമെന്നാണ് ബഹുമാനപ്പെട്ട സുപ്രീം കോടതി പറഞ്ഞിരിക്കുന്നത്. അതെന്തുമാകട്ടെ. ഒരു സ്ഥാപനം പൂട്ടുമ്പോൾ അതിനൊരു ബദൽ സംവിധാനമുണ്ടാക്കണ്ടേ ? അഞ്ച് ലക്ഷം ടൺ മാലിന്യം തലസ്ഥാന നഗരിയിൽ കുന്നുകൂടി കിടക്കുന്നതിന്റെയും ഇവിടത്തെ ജനങ്ങൾക്ക് മാരകരോഗങ്ങൾ വന്നു ഭവിക്കുന്നതിന്റെയും പൂർണ്ണ ഉത്തരവാദിത്വം

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർക്കുമാണെന്നുള്ള കാര്യം ഒരാക്ഷേപമായിത്തന്നെ ഉന്നയിക്കാൻ ആഗ്രഹിക്കുകയാണ്. ഇതിനൊരു ബദൽ സംവിധാനം ഉണ്ടാക്കേണ്ടതായിട്ടുണ്ട്. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ ഇതിനായി 25 കോടി രൂപ വകയിരുത്തിയെങ്കിലും ഒരു പൈസപോലും ചെലവഴിച്ചിട്ടില്ല.

സാങ്കേതിക സർവ്വകലാശാല സ്ഥാപിക്കാൻവേണ്ടി 15 കോടി രൂപ ഉൾപ്പെടുത്തിയിരുന്നു. ആക്കുളത്തും ശാന്തിഗിരിയിലും കൺവെൻഷൻ സെന്ററുകൾ, തിരുവനന്തപുരത്ത് CDS മാതൃകയിലുള്ള ഗവേഷണ കേന്ദ്രം സ്ഥാപിക്കാൻ അഞ്ച് കോടി രൂപ, തോന്നയ്ക്കലിൽ പത്ത് കോടി രൂപയുടെ ജൈവശാസ്ത്ര ഉദ്യാനം എന്നൊക്കെ എഴുതി വയ്ക്കുമ്പോൾ എന്നെങ്കിലും ഇങ്ങനെയുള്ള ആളുകൾ ഇതൊക്കെ കണ്ടുപിടിച്ച് പറയുമെന്ന വിവരം ഗവൺമെന്റ് മനസ്സിലാക്കണം. ആറ്റിപ്ര വില്ലേജ് ഓഫീസ് സമുച്ചയത്തിനായി രണ്ട് കോടി രൂപയാണ് കഴിഞ്ഞവർഷത്തെ ബഡ്ജറ്റിൽ മാറ്റിവച്ചത്. എന്തെങ്കിലും നടന്നോ; ആറ്റിപ്ര വില്ലേജ് ഓഫീസ് വരച്ചുകൊണ്ടിരിക്കുകയാണെന്നാണ് എന്റെ സുഹൃത്ത് ശ്രീ. എം. എ. വാഹീദ് പറയുന്നത്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മൾട്ടിപ്ലിസിറ്റി റിസർച്ച് സെന്റർ സ്ഥാപിക്കാൻ 12 കോടി രൂപയാണ് കഴിഞ്ഞ പ്രാവശ്യം അനുവദിച്ചത്. ആഴ്ചയിൽ ഒരു പ്രാവശ്യം പൈപ്പ് ലൈൻ പൊട്ടുന്നതുകൊണ്ട് മെഡിക്കൽ കോളേജിലേയും ജനറൽ ഹോസ്പിറ്റലിലേയും എസ്.എ.ടി. ആശുപത്രിയിലേയും തൈക്കാട് ആശുപത്രിയിലേയും തിരുവനന്തപുരം സിറ്റിയിലുള്ള എല്ലാ ആശുപത്രിയിലേയും ആളുകൾ കുടിവെള്ളം കിട്ടാതെ നാലഞ്ചുതിരിയുകയാണ്. രാജീവ് ഗാന്ധി ഏവിയേഷൻ സെന്ററിന് 6 കോടി രൂപയുടെ വികസനം, കോവളം വിനോദസഞ്ചാര കേന്ദ്രത്തിന് ഒരു കോടി രൂപയുടെ വികസനം, ശ്രീചിത്തിര തിരുനാൾ എഞ്ചിനീയറിംഗ് കോളേജിന് റോഡ് സേഫ്ടിയിൽ ബിരുദാനന്തരകോഴ്സ് ആരംഭിക്കുന്നതിനുവേണ്ടിയുള്ള ഫണ്ട്, ഡിസാസ്റ്റർ മാനേജ്മെന്റിന് ആധുനികവത്കരണം എന്നീ നിലയിലുള്ള നടക്കാത്ത കുറേ പദ്ധതികളാണ് ഈ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ശ്രീ. എ. കെ. ബാലൻ മന്ത്രിയായിരുന്ന കാലത്ത് പട്ടികജാതി/പട്ടികവർഗ്ഗ, ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്കുവേണ്ടിയുള്ള സമഗ്ര ആരോഗ്യ പദ്ധതിക്കായി 10 കോടി രൂപ മാറ്റിവച്ചിരുന്നു. അവർക്കുള്ള മരുന്ന്, യാത്രാക്കൂലി, താമസം, ഭക്ഷണം, അവരെ സഹായിക്കുന്നതിനുവേണ്ടി കൂട്ടിരിക്കുന്ന ഒരാൾക്കുള്ള ചെലവുകൾ എന്നിവയ്ക്കായി മാറ്റിവച്ചിരുന്ന തുകപോലും എടുത്തുകളയാൻ തയ്യാറായ ശ്രീ. കെ. എം. മാണിക്ക് അവരോടുള്ള സമീപനമെന്താണെന്നാണ് അറിയേണ്ടത്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 35 ശതമാനം തുക മാത്രമേ ചെലവഴിക്കാൻ തയ്യാറായിട്ടുള്ളൂ. മാത്രമല്ല, തലസ്ഥാന നഗരിയിലെ ഏറ്റവും പ്രധാനപ്പെട്ട മറ്റൊന്നാണ് ആറ്റുകാൽ വികസനപദ്ധതി. ആറ്റുകാൽ വികസന പദ്ധതിക്കുവേണ്ടി 25 കോടി രൂപ ഉൾപ്പെടുത്തണമെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. അതോടൊപ്പംതന്നെ സംസ്ഥാനത്തെ ചവർ സംസ്ക്കരണ ഫാക്ടറി സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണം. വിഴിഞ്ഞം തുറമുഖം ആരംഭിക്കാൻ കഴിയണം. കരമന-കളിയിക്കാവിള റോഡ് വികസനം ആരംഭിക്കാൻ കഴിയണം. എല്ലാ



LIBRARY ARCHIVES Kerala Legislative Assembly

മണ്ഡലത്തിലുമുള്ള ആളുകളെ ഒരേ രൂപത്തിൽ കാണാൻ കഴിയണം. ഇത് കേരള ഗവൺമെന്റിന്റെ ഫണ്ടാണ്. ഇവിടത്തെ 140 എം.എൽ.എ.-മാരും ആ ഫണ്ട് ലഭിക്കാൻ അർഹതയുള്ളവരാണ്. ഈ ബഡ്ജറ്റ് പുസ്തകം പരിശോധിച്ചു നോക്കിയാൽ കുറേ എം.എൽ.എ. മാർക്ക് വാരിക്കോരി ഫണ്ട് കൊടുക്കുകയും ചില മണ്ഡലങ്ങളിൽ ഒട്ടുമേ കൊടുത്തിട്ടില്ലെന്നും കാണാൻ സാധിക്കും. ഈ ഫണ്ട് എന്ന് പറയുന്നത് ആരുടെയും കുടുംബത്തിൽ നിന്ന് കൊണ്ടുവരുന്നതല്ല. ഇത് സംസ്ഥാനത്തെ ജനങ്ങളുടെ കാശാണ്. അതുകൊണ്ടുതന്നെ ഫണ്ട് അലോക്കേഷനിലും വർക്ക് അലോക്കേഷനിലും 140 മണ്ഡലങ്ങളെയും ഒരേ രൂപത്തിൽ കണ്ടുകൊണ്ടുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഈ അവസരത്തിൽ ഗവൺമെന്റിനോട് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു, ഈ ബഡ്ജറ്റിനെ ഒരിക്കൽകൂടി ശക്തിയായി എതിർക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, ഈ ബഡ്ജറ്റിനെ പൂർണ്ണമനസ്സോടെ പിന്തുണയ്ക്കുന്നു. കഴിഞ്ഞ രണ്ടുവർഷക്കാലത്തെ ജനാധിപത്യ മുന്നണി

2.10 P.M.] ഗവൺമെന്റിന്റെ ഭരണനേട്ടങ്ങൾ കേരളത്തിലെ ജനങ്ങൾ അംഗീകരിച്ചിട്ടുള്ള നേട്ടങ്ങൾതന്നെയാണ്. ഒരു രൂപയ്ക്ക് പട്ടിണിപ്പാവങ്ങൾക്ക് അരി നൽകിക്കൊണ്ട് ആരംഭിച്ച പ്രവർത്തന പരിപാടിയും ഇന്നലെ ശ്രീ. പി. സി. വിഷ്ണുനാഥ് എം.എൽ.എ. ചൂണ്ടിക്കാണിച്ചതുപോലെ കോക്ലിയർ ഇംപ്ലാന്റേഷനും, അതുപോലെ കേരളത്തിലെ ജനങ്ങൾ ഏറെ അംഗീകരിച്ച കാരുണ്യ ലോട്ടറിയിലൂടെ കാരുണ്യ ബെനവലന്റ് ഫണ്ടുപയോഗിച്ച് പാവങ്ങളുടെ ചികിത്സാ സഹായ പദ്ധതിയുമുൾപ്പെടെ ആവിഷ്കരിച്ചുകൊണ്ട് ഗവൺമെന്റ് മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്. റോഡുകളുടെ നവീകരണം ഈ സർക്കാരിന്റെ ഏറെ അംഗീകരിക്കപ്പെട്ട ഒരു കാര്യമാണ്. മരാമത്ത് വകുപ്പ് 250 ശതമാനം സംഖ്യ ചെലവഴിച്ചുകൊണ്ടാണ്, ബഡ്ജറ്റ് സംഖ്യയേക്കാൾ അധിക സംഖ്യ നൽകിക്കൊണ്ടാണ് കേരളംപോലെ ഗതാഗതത്തിന് ഏറെ പ്രാധാന്യമുള്ള ഒരു സംസ്ഥാനത്തെ റോഡുകൾ ഏറ്റവും അടിയന്തരമായി നവീകരിക്കാനുള്ള കർമ്മപദ്ധതിയെ മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും സഹായിച്ചതെങ്കിൽ ആ വകുപ്പുമന്ത്രിയും ഏറ്റവുമധികം മാർക്ക് വാങ്ങിയ ഒരു പെർഫോർമെൻസ് കാഴ്ചവച്ചിരിക്കുന്നു. ഈ പെർഫോർമെൻസിന്റേയും വിജയത്തിന്റേയും അടിസ്ഥാനത്തിലാണ് പുതിയ ബഡ്ജറ്റ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഈ ബഡ്ജറ്റിന്റെ അവതരണവേളയിൽ ഏതെങ്കിലുമൊരു ഇഷ്യൂവിൽ ഏതെങ്കിലുമൊരു പ്രഖ്യാപനത്തെച്ചൊല്ലി പ്രതിപക്ഷത്തുനിന്ന് ഒരു നേരിയ അപസ്വരംപോലും ഉയർത്താൻ അവർക്ക് സാധിച്ചിട്ടില്ല. ഭരണപക്ഷത്തുനിന്ന് ആവർത്തിച്ചാവർത്തിച്ച് കയ്യടിച്ച് ശ്രീ. കെ. എം. മാണിസാറിനെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നു. പ്രതിപക്ഷത്തുനിന്ന് ഡിസെന്റിന്റേതായ നേരിയൊരു ശബ്ദംപോലും കേൾക്കുവാൻ സാധിച്ചില്ല. ഇവിടെ വിട്ടുപോയതായി പറയപ്പെടുന്ന പെൻഷൻ പ്രായം, 2013 ഏപ്രിൽ 1 മുതൽ ജോലിയിൽ പ്രവേശിക്കുന്ന ആളുകൾക്ക് 60 വയസ്സായി വർദ്ധിപ്പിക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ ഈ ബഡ്ജറ്റിൽ അവതരിപ്പിച്ച് വായിച്ചെങ്കിൽപ്പോലും ഒന്നും പറയാനുണ്ടാകുമായിരുന്നില്ല. ഇവിടെ പ്രതിപക്ഷത്തുനിന്ന് ഡോ. ടി. എം. തോമസ് ഐസക് തുടങ്ങിവച്ച ചർച്ചയിൽ എന്താണ് പറഞ്ഞത്? യൂത്ത് കോൺഗ്രസ്സിന്റെ സംസ്ഥാന പ്രസിഡന്റ് ശ്രീ. പി. സി. വിഷ്ണുനാഥ്

LIBRARY ARCHIVES Kerala Legislative Assembly

എം.എൽ.എ. ആ തീരുമാനത്തെ കേരളത്തിലെ യുവജനങ്ങൾ സ്വാഗതം ചെയ്യുന്നുവെന്ന് പറഞ്ഞു. എല്ലാ വർഷവും എല്ലാകാലത്തും വരുന്ന പതിറ്റാണ്ടുകളിലും കേരളത്തിൽ ഗവൺമെന്റ് ഏജൻസികളെമാത്രം ആശ്രയിച്ച്. സർക്കാർ ജോലിമാത്രം ലക്ഷ്യംവച്ചുകൊണ്ട് തൊഴിലില്ലായ്മയ്ക്ക് പരിഹാരമുണ്ടാക്കാൻ കഴിയില്ല. ഇനി ജോലിയിൽ പ്രവേശിക്കുന്ന ആളുകൾ 30, 35 വർഷത്തിനപ്പുറത്താണ് റിട്ടയേർഡ് ചെയ്യാൻ സാധ്യതയുള്ളതെന്ന് മനസ്സിലാക്കിക്കൊണ്ടാണ് റിട്ടയർമെന്റ് പ്രായം 60 വയസ്സാക്കി ഉയർത്തിയത്. നിങ്ങൾ അധികാരത്തിൽ വന്നാൽ ഈ പ്രായം കുറയ്ക്കുമോയെന്ന് ഡോ. ടി. എം. തോമസ് ഐസക്കിനോട് പത്രക്കാർ ചോദിച്ചപ്പോൾ അദ്ദേഹം ഉത്തരം പറയാതെ ഒഴിഞ്ഞുമാറുകയാണ് ചെയ്തത്. അതുകൊണ്ട് കേരളത്തിലെ ജനങ്ങൾ സർവ്വാത്മനാ സ്വാഗതം ചെയ്യുന്ന പ്രഖ്യാപനവും തീരുമാനവുമാണ് ആ രംഗത്തും വന്നിട്ടുള്ളത്.

നമുക്കറിയാം, ശ്രീ. കെ. എം. മാണിസാർ എപ്പോഴും പാവങ്ങളോട് കരുണയുള്ള ഒരു ധനകാര്യ വകുപ്പുമന്ത്രിയായിരുന്നു. അതുകൊണ്ടാണ് കാരുണ്യ ലോട്ടറി വിജയകരമായി നടത്തി അതുവഴി ചികിത്സാസഹായം നൽകുവാൻ സാധിച്ചത്. സർക്കാരിന്റെ സാമ്പത്തിക ഭദ്രതയ്ക്കും അത് അടിത്തറ പാകിയിട്ടുണ്ട്. ഇത്തവണത്തെ പദ്ധതികൾ എന്തൊക്കെയാണ് ? ദുർബല വിഭാഗങ്ങൾക്കുള്ള ക്ഷേമപദ്ധതികളിൽ ഒട്ടുമിക്കതിലും വർദ്ധനവുണ്ട്. ഏതെങ്കിലും വിട്ടുപോയിട്ടുണ്ടെങ്കിൽ, ഏതിന്റെയെങ്കിലും സംഖ്യ എഴുതിയതിൽ ക്ലറിക്കൽ മിസ്റ്റേക്ക് വന്നിട്ടുണ്ടെങ്കിൽ അത് പരിഹരിക്കുമെന്ന് എല്ലാവർക്കും അറിയാവുന്ന കാര്യങ്ങളാണ്. ഓരോ പദ്ധതിയും എണ്ണിയെണ്ണി പറയേണ്ടതില്ല. എല്ലാ ക്ഷേമപദ്ധതികൾക്കും സംഖ്യ വർദ്ധിപ്പിച്ചുകൊണ്ടുള്ള ഒരു തീരുമാനമാണ് എടുത്തിട്ടുള്ളത്. പട്ടികജാതി/പട്ടികവർഗ്ഗ, ദുർബലവിഭാഗങ്ങൾക്ക് സംഖ്യ വർദ്ധിപ്പിച്ചിട്ടില്ലെന്ന് നേരത്തെ ശ്രീ. വി. ശിവൻകുട്ടി സംസാരിച്ചപ്പോൾ പറഞ്ഞു. വീട്, സ്ഥലം, തൊഴിൽ, സാമ്പത്തിക ഉന്നമനം എന്നിവയ്ക്കായി 839.5 കോടി രൂപ ഈ ബഡ്ജറ്റിൽ ശ്രീ. കെ. എം. മാണിസാർ വകകൊള്ളിച്ചിരിക്കുന്നു. എസ്.ടി. കോളനികൾ വികസിപ്പിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും 272.3 കോടി രൂപ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പ്രത്യേകമായി ഈ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. വിശ്വകർമ്മ വിഭാഗത്തിൽപ്പെട്ട തൊഴിലാളികളിൽ 60 വയസ് കഴിഞ്ഞ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് 400 രൂപ പ്രതിമാസ പെൻഷൻ സംസ്ഥാനത്ത് ആദ്യമായി ആരംഭിച്ചിരിക്കുന്നു. അത് ബി.പി.എൽ. കുടുംബങ്ങൾക്ക് മാത്രംപോരാ 60 വയസ് കഴിഞ്ഞ എ. പി. എൽ. കുടുംബത്തിൽപ്പെട്ട ആളുകൾക്കും വരുമാനത്തിന്റെ അടിസ്ഥാനത്തിൽ. നേരത്തെ പല ആനുകൂല്യങ്ങളും വാർഷിക വരുമാനസംഖ്യ 3,00,000 രൂപയായി നിശ്ചയിച്ചതുകൊണ്ട് വിശ്വകർമ്മ വിഭാഗത്തിൽപ്പെട്ട ആളുകൾക്കും ഈ പെൻഷൻ ആനുകൂല്യം വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ നൽകണമെന്ന അഭ്യർത്ഥന ഞാൻ മുന്നോട്ടുവയ്ക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

കാർഷിക മേഖല കേരളത്തെ സംബന്ധിച്ച് നമ്മുടെ ജീവനാഡിയാണ്. കാർഷിക സമ്പദ്ഘടനയെ ശക്തിപ്പെടുത്തുവാൻ, കൃഷിക്ക് അംഗീകാരം നൽകാനാണ് കാർഷിക ഉൽപ്പാദകസംഘങ്ങൾ കർഷക മാർക്കറ്റുകൾ രൂപീകരിക്കുവാൻ തീരുമാനിച്ചിരിക്കുന്നത്. കൃഷിക്കാരുടെ വായ്പയ്ക്ക് സഹകരണ ബാങ്കുകളിൽനിന്ന് നബാർഡ് റീ-ഫൈനാൻസുള്ള കാർഷിക വായ്പകളുടെ പലിശ പൂർണ്ണമായും ഗവൺമെന്റ് സബ്സിഡൈസ് ചെയ്തിരിക്കുകയാണ്. കൂടുതൽ വായ്പകൾ കാർഷിക മേഖലയ്ക്ക് നൽകുന്നതിനുവേണ്ടി 30 കോടി രൂപ ബഡ്ജറ്റിൽ പ്രത്യേകമായി വകകൊള്ളിച്ചിട്ടുണ്ട്. കേരളത്തിന്റെ നെല്ലറയായ കുട്ടനാട്ടിൽ മണ്ണ്-ജലസംരക്ഷണ പദ്ധതിക്കുവേണ്ടിയുള്ള പ്രത്യേക പ്രോജക്ട് കേരളത്തിലെ ഗവൺമെന്റ് തയ്യാറാക്കിയിരിക്കുന്നു. കഴിഞ്ഞ ബഡ്ജറ്റ് ചർച്ചയിൽ പ്രതിപക്ഷത്തുനിന്ന് ശ്രീ. എളമരം കരീമും മുൻ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കുമെല്ലാം സംസാരിച്ചപ്പോൾ ഈ ബഡ്ജറ്റിനെ കുറിച്ച് ഒന്നും പറയാനുണ്ടായിരുന്നില്ല. ഇപ്പോൾ ശ്രീ. വി. ശിവൻകുട്ടി സംസാരിച്ചപ്പോഴും കഴിഞ്ഞ ബഡ്ജറ്റിലെ പ്രഖ്യാപനങ്ങൾ പ്രാവർത്തികമാക്കിയില്ലെന്നാണ് ആക്ഷേപമുന്നയിച്ചിരിക്കുന്നത് ചില കാര്യങ്ങളിൽ കേരളത്തിലെ ഭരണതലത്തിലുണ്ടാകുന്ന സാങ്കേതിക തടസ്സങ്ങൾ, ശ്രീ. വി. ശിവൻകുട്ടി ചോദിച്ച ചോദ്യത്തിന് ഇവിടെ നിന്ന് ശ്രീ. എം. എ. വാഹീദ് പറഞ്ഞു. അതിന്റെ ഫയൽ പ്രോസസ് ചെയ്തു കൊണ്ടിരിക്കുകയാണ്, ഒരു ഏജൻസിയെ ഏൽപ്പിച്ചു. ആ ഏജൻസി നടപ്പിലാക്കിയില്ല. മറ്റൊരു ഏജൻസിയെ ഏൽപ്പിക്കാൻ പോകുന്നു. ഇന്നലെ മുൻ വ്യവസായ വകുപ്പുമന്ത്രി ശ്രീ. എളമരം കരീം ചോദിച്ച ചോദ്യങ്ങൾക്ക്. ഇന്ന സ്കീമുകൾ ഇന്ന സ്റ്റേജിൽ ഇംപ്ലിമെന്റേഷൻ ഘട്ടത്തിലാണ്. ഇംപ്ലിമെന്റ് ചെയ്തുകൊണ്ടിരിക്കുന്നു. ഇന്നതാണ് അതിന്റെ പ്രോഗ്രസ് റിപ്പോർട്ടെന്ന് ഇപ്പോഴത്തെ വ്യവസായ വകുപ്പുമന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി ഓരോന്നിനും എണ്ണിയെണ്ണി മറുപടി പറഞ്ഞു. എങ്കിൽപ്പോലും 100 ശതമാനം ഈ പദ്ധതികളൊന്നും പൂർത്തീകരിച്ചുവെന്ന് ആരും അവകാശപ്പെടുന്നില്ല. അവിടെയാണ് ഈ ബഡ്ജറ്റിന്റെ ഒരു പ്രത്യേകത. പദ്ധതി നിർവ്വഹണത്തിലെ കാര്യക്ഷമതയും വേഗതയും വർദ്ധിപ്പിക്കണമെന്ന് ശ്രീ. കെ. എം. മാണിസാർ ബഡ്ജറ്റ് പ്രസംഗത്തിലെ 13-ാം ഖണ്ഡികയിൽ വളരെ വിശദമായി പറഞ്ഞിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ വരുന്ന കാലവിളംബം ഒരു വിഷയമാണെന്ന് മനസ്സിലാക്കി അത് ഒഴിവാക്കുന്നതിനുവേണ്ടി ഗവൺമെന്റ് സെക്രട്ടറിമാരുടെയും വകുപ്പ് മേധാവികളുടെയും പൊതുനിയന്ത്രണത്തിന് വിധേയമായി ഓരോ പദ്ധതിയുടെയും നിർവ്വഹണ ഉത്തരവാദിത്വം ഒരു പ്രത്യേക ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാക്കുന്നതാണ്. ബഡ്ജറ്റ് പ്രസംഗത്തിലെ പുതിയ പ്രഖ്യാപനങ്ങൾ നടപ്പാക്കുന്നത് ഉറപ്പുവരുത്താൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിനും പദ്ധതികൾ സമയബന്ധിതമായി നടക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും പോരായ്മകൾ പരിഹരിക്കുന്നതിനും ഗവൺമെന്റ് ഏറ്റവും ശക്തമായിട്ടുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രതിപക്ഷത്തെ എം.എൽ.എ.-മാർക്ക് പരിഗണന നൽകുന്നില്ലെന്ന ആക്ഷേപം ഇവിടെ പറയുകയുണ്ടായി. ആര് വിചാരിച്ചാലും ഇത്ര സമഭാവനയോടെ കേരളത്തിന്റെ വരുമാനം മുഴുവൻ തുല്യമായി 140 നിയോജകമണ്ഡലങ്ങൾക്കും

LIBRARY ARCHIVES Kerala Legislative Assembly

വിതരിക്കാൻ കഴിയുകയില്ല. ആറളത്ത് ഒരു മോഡൽ റസിഡൻഷ്യൽ സ്കൂൾ ട്രൈബൽ വിഭാഗത്തിന് ആരംഭിക്കുന്നു എന്നൊരു പ്രഖ്യാപനം മാത്രമേ എന്റെ നിയോജകമണ്ഡലത്തെക്കുറിച്ച് ബഡ്ജറ്റ് പ്രസംഗത്തിലുള്ളൂ. പക്ഷേ ബഡ്ജറ്റിന്റെ വിശദാംശം പരിശോധിക്കുമ്പോൾ എന്റെ നിയോജകമണ്ഡലത്തിലുൾപ്പെടെയുള്ള വികസന കാര്യങ്ങൾ ബഡ്ജറ്റിൽ ഉൾക്കൊളളിച്ചിട്ടുണ്ട്. അല്ലെങ്കിൽ ഉൾക്കൊള്ളിക്കുവാൻ ഇനിയും അവസരങ്ങളുണ്ട്. പ്രാഥമികമായി ടോക്കൺ എമൗണ്ട് വച്ചാൽപോലും അതിനാവശ്യമായ എ.എസ്.-ഉം കാര്യങ്ങളും അതിന്റെ അവസരത്തിൽ നേടിയെടുക്കുവാൻ സാധിക്കും. ഭരണകക്ഷി എം.എൽ.എ.-മാർക്ക് മാത്രമല്ല, പ്രതിപക്ഷത്തെ എത്രയോ എം.എൽ.എ.-മാർക്ക് പദ്ധതികൾ. ഒരു നിയോജകമണ്ഡലത്തിൽ ഒരു മാവേലി സ്റ്റോർ 140 പേർക്കും കിട്ടുന്നതാണ്. ഒരു നിയോജകമണ്ഡലത്തിൽ ഒരു മോഡൽ അംഗൻവാടി, അതും 140 ആണ്. അത് 73 നിയോജകമണ്ഡലത്തിൽ മാത്രമാണെന്ന് ശ്രീ. കെ. എം. മാണി സാർ പറഞ്ഞിട്ടില്ല. മാതൃകാ കോളനികൾ ഭരണകക്ഷി എം.എൽ.എ.-മാർക്ക് മാത്രമല്ല, എല്ലാ നിയോജകമണ്ഡലങ്ങളിലും തുല്യമായി വീതിക്കുന്ന കാര്യങ്ങളാണ്. കുട്ടനാട് മണ്ണ്-ജലസംരക്ഷണ പദ്ധതിയുടെ കാര്യം ഞാൻ ഇവിടെ പറഞ്ഞു. അർത്തുങ്കൽ ഫിഷിംഗ് ഹാർബർ, ചേർത്തല മുനിസിപ്പൽ ടൗൺ വികസനത്തിന് 50 ലക്ഷം രൂപ, കായംകുളത്ത് ഹൈടെക് ലാബ്, വടകര മാഹി കനാൽ പാലം, കക്കയം-പെരുവണ്ണാമുഴി, ആതിരപ്പിള്ളി ടൂറിസം പദ്ധതികൾ, കായംകുളത്ത് ലളിതകലാ അക്കാഡമി, ചാലക്കുടി മലമ്പുഴ വനിതാ ഐ.ടി.ഐ. എന്നിവയെല്ലാം പ്രതിപക്ഷ എം.എൽ.എ.-മാരുടെയാണ്. അങ്ങനെ ഓരോ കോൺസ്റ്റിറ്റ്യുവൻസി ബേസിൽ പരാതി പറയാനാണെങ്കിൽ ഞങ്ങൾക്കാണ് എന്തെങ്കിലും പരാതി പറയാൻ സാധിക്കുന്നത്. പക്ഷേ അത്തരത്തിൽ പരാതി പറയേണ്ട ഒരു രംഗമല്ല ഇതെന്ന് മനസ്സിലാക്കുന്നു. അതുപോലെ 140 എം.എൽ.എ.മാർക്കും തുല്യമായിട്ടല്ലേ 5 കോടി രൂപയുടെ ആസ്തി വികസന ഫണ്ട് വച്ചിട്ടുള്ളത്. കഴിഞ്ഞതവണ തോന്നിയതുപോലെ കൊടുത്തുകൊണ്ടിരുന്നതാണ്. കേരളത്തിന്റെ ആസ്തി വികസനത്തിൽ പ്രത്യേകിച്ച് റോഡുകളുടെയും പാലങ്ങളുടെയും സ്കൂൾ കെട്ടിടങ്ങളുടെയും കാര്യത്തിൽ തുല്യത വേണമെന്ന് മനസ്സിലാക്കികൊണ്ടാണ് ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ആ തുക നീക്കിവച്ചിട്ടുള്ളത്. ഒരു കാര്യം മനസ്സിലാക്കണം. ഭരണകക്ഷിയുടെയും പ്രതിപക്ഷത്തിന്റെയും അംഗബലം 73-67 ആയി നിൽക്കുന്ന ഒരു അസംബ്ലിയിലാണ് ധനകാര്യ വകുപ്പുമന്ത്രി ഇത്രയേറെ വിശാല മനസ്കതയോടുകൂടി അത് ഇക്വലൈസ് ചെയ്യുന്നതിന്, തുല്യനീതി നടപ്പിലാക്കിക്കൊണ്ട് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളത്. ആ പ്രവർത്തനങ്ങൾക്ക് കേരളത്തിലെ ജനങ്ങളുടെ പിന്തുണയുണ്ട്.

ഈ ബഡ്ജറ്റിൽ ശ്രീ. കെ. എം. മാണിസാറിൽനിന്നും ശ്രീ. ഉമ്മൻചാണ്ടി നയിക്കുന്ന ഗവൺമെന്റിൽ നിന്നും ജനങ്ങൾ വളരെ പ്രതീക്ഷയോടെ ആഗ്രഹിച്ചിരുന്ന ഒരു കാര്യംകൂടി അവതരിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. അത് ഇന്നലെ ചർച്ചയ്ക്ക് തുടക്കം കുറിച്ച ഡെപ്യൂട്ടി സ്പീക്കർ പറഞ്ഞ താലൂക്കുകളുടെ പുനഃസംഘടന സംബന്ധിച്ചാണ്. ഞാൻ അതിന്റെ ഒരു ആവശ്യക്കാരൻ കൂടിയാണ്. ആവശ്യക്കാരന് ഔചിത്യമില്ല എന്ന് പറയാറുണ്ട്. ഇക്കാര്യം

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ തവണയും സംസാരിച്ചതാണ്. പക്ഷേ, കരയുന്ന കുഞ്ഞിനേ പാലുള്ളു എന്നത് ഭരണതലത്തിൽ പരക്കെ അറിയപ്പെടുന്ന ഒരു കാര്യമാണ്, അതൊരു കീഴ്വഴക്കമാണ്. എന്റെ മണ്ഡലമുൾപ്പെടുന്ന തലശ്ശേരി താലൂക്കിൽ 48 വില്ലേജുകളുണ്ട്. കൊല്ലം ജില്ലയിലെ കുന്നത്തൂരിൽ 7 വില്ലേജുകളാണുള്ളത്, കുന്നത്തൂരിലെ ജനസംഖ്യ ഒന്നര ലക്ഷവും തലശ്ശേരി താലൂക്കിലെ ജനസംഖ്യ പതിനൊന്നര ലക്ഷവുമാണ്. അതുപോലെ കൊടുങ്ങല്ലൂർ താലൂക്കിലെ ജനസംഖ്യ ഒന്നര ലക്ഷമാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. മല്ലപ്പള്ളി താലൂക്കിൽ 9 വില്ലേജുകളേയുള്ളൂ. തളിപ്പറമ്പിൽ 47 വില്ലേജുകളാണുള്ളത്. ശ്രീ. ജെയിംസ് മാത്യുവും മന്ത്രി ശ്രീ. കെ. സി. ജോസഫും ഇവിടെയുണ്ട്, ഒറ്റപ്പാലത്ത് 42 വില്ലേജുകളുണ്ട്. വയനാട് ജില്ലയുടെ പ്രതിനിധികളായ മന്ത്രി കുമാരി പി. കെ. ജയലക്ഷ്മിയും ശ്രീ. ഐ. സി. ബാലകൃഷ്ണനും ഇവിടെയുണ്ട്. വയനാട് ജില്ലയിലെ ജനസംഖ്യ എട്ട് ലക്ഷമാണ്, അവിടെ മൂന്ന് താലൂക്കുകളുണ്ട്. തലശ്ശേരി താലൂക്കിലെ ജനസംഖ്യ പതിനൊന്നര ലക്ഷമാണെന്ന് ഓർക്കണം. അതുകൊണ്ട് ഇക്കാര്യത്തിൽ പ്രകടമായി നിലനിൽക്കുന്ന അശാസ്ത്രീയത അവസാനിപ്പിച്ചു കൊണ്ട് പുതിയ താലൂക്കുകൾ വേണമെന്ന് ഞങ്ങൾ ആവശ്യപ്പെടുകയാണ്. കണ്ണൂർ ജില്ലയിലെ ജനസംഖ്യ 28 ലക്ഷവും കോഴിക്കോട് ജില്ലയിലെ ജനസംഖ്യ 30 ലക്ഷവുമാണ്. കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ മൂന്നു വീതം താലൂക്കുകളുള്ളപ്പോൾ 8 ലക്ഷം ജനസംഖ്യയും മൂന്ന് അസംബ്ലി മണ്ഡലങ്ങളുമുള്ള വയനാട് ജില്ലയിൽ മൂന്ന് താലൂക്കുകളുണ്ട്. ആലപ്പുഴ ജില്ലയുടെ വിസ്തൃതി തളിപ്പറമ്പ് താലൂക്കിന്റെ വിസ്തൃതിക്ക് സമാനമാണ്. കണ്ണൂർ ജില്ലയേക്കാൾ ആലപ്പുഴ ജില്ലയിൽ 6 ലക്ഷം ജനങ്ങൾ കുറവാണ്. കോഴിക്കോട് ജില്ലയേക്കാൾ ആലപ്പുഴ ജില്ലയിൽ 9 ലക്ഷം ജനങ്ങൾ കുറവാണ്. ആലപ്പുഴ ജില്ലയിൽ 6 താലൂക്കുകളുണ്ട്. കണ്ണൂരും കോഴിക്കോടും ഇപ്പോഴും മൂന്ന് താലൂക്കുകൾ എന്ന അവസ്ഥയിൽ നിലനിൽക്കുന്നു. എന്തിനാണ് താലൂക്ക് എന്ന് ചോദിച്ചാൽ സാധാരണ ജനങ്ങൾ ഭരണകാര്യങ്ങൾക്ക്, അത്യാവശ്യമായൊരു സർട്ടിഫിക്കറ്റിനും റേഷൻ കാർഡിനും പോകുന്നത് ഇവിടേക്കാണ്. എന്റെ കോൺസ്റ്റിറ്റ്യൂവൻസിയിലെ ആറളം ഫാമിൽ ആദിവാസി മേഖലയിലുള്ള ഒരു ആദിവാസി കുടുംബത്തിലെ ഒരു ഗൃഹനാഥന് റേഷൻ കാർഡിന് അപേക്ഷിക്കണമെങ്കിൽ തലശ്ശേരി താലൂക്ക് ഓഫീസിൽ പോകണം. കെ.പി.സി.സി. പ്രസിഡന്റ് കഴിഞ്ഞ പ്രാവശ്യം കോളനി സന്ദർശനത്തിനായി അവിടെ വന്നിരുന്നു. അവിടെനിന്നും തലശ്ശേരിയിലെ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സിൽ എത്തണമെങ്കിൽ ജില്ലാ ആസ്ഥാനമായ കണ്ണൂരിൽ പോകേണ്ട അതേ ദൂരം 90 കിലോമീറ്റർ സഞ്ചരിക്കേണ്ടിവരുന്നു. എസ്.സി/എസ്.ടി. വിഭാഗങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് വാങ്ങണമെങ്കിൽ താലൂക്ക് ഓഫീസിൽ പോകണം. കുടികിടപ്പ് സർട്ടിഫിക്കറ്റിനും ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റിനും അതുപോലെ സുപ്രധാനമായ ദൈനംദിന ആവശ്യങ്ങൾക്കുപോലും താലൂക്ക് ഓഫീസിനെ സമീപിക്കേണ്ടതുണ്ട്. എന്റെ കോൺസ്റ്റിറ്റ്യൂവൻസിയിൽ വലിയ ഉരുൾപൊട്ടലുണ്ടായി. വെള്ളപ്പൊക്കമുണ്ടായി. വലിയ കെടുതിയുണ്ടായി. മുഖ്യമന്ത്രി ഉൾപ്പെടെ ഏഴ് മന്ത്രിമാർ വന്നു. അവിടെയുള്ള 48 വില്ലേജുകളിലുള്ള ഇത്തരം കാര്യങ്ങൾ ക്രമീകരിക്കുന്നതിന് ഒരു തഹസീൽദാറാണുള്ളത്. കൊല്ലംകാരോട് എനിക്ക് യാതൊരു ശത്രുതയുമില്ല, കൊല്ലത്തേയ്ക്ക് വരുമ്പോൾ അവിടത്തെ 7 വില്ലേജുകളിലെ ആളുകൾക്ക് ലഭിക്കുന്ന ഫെസിലിറ്റിയാണ് തലശ്ശേരിയിലെ 48 വില്ലേജിലുള്ളവർക്ക് ലഭിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. പി. മുഹമ്മദ് : സർ, താലൂക്കിനുള്ള മുറവിളി കൂട്ടുമ്പോഴൊക്കെ താലൂക്ക് ആവശ്യമുള്ളവരുടെ എണ്ണം കൂടിക്കൊണ്ടിരിക്കുകയാണ്. അർഹതയുള്ളവർക്ക് കൊടുക്കുന്നതിൽ ആർക്കും വിരോധമില്ല. പക്ഷേ, ഭൂമിശാസ്ത്രപരമായും ജനസാന്ദ്രതയും നോക്കി ഇതിനൊരു മാനദണ്ഡം നിശ്ചയിച്ചുകൊണ്ട് ആർക്കായാലും കൊടുക്കുന്നതല്ലേ നല്ലത് ? അതിനുപകരം ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ 90 കിലോമീറ്റർ സഞ്ചരിക്കേണ്ടവരും 10 കിലോമീറ്റർ സഞ്ചരിക്കേണ്ടവരും താലൂക്ക് ആവശ്യപ്പെടുന്നു. അങ്ങനെയുള്ളതുകൊണ്ടാണ് മാറിമാറിവരുന്ന ഗവൺമെന്റുകൾ ഇതിൽ തൊടാൻ ഭയപ്പെടുന്നത്. അതുകൊണ്ട് അടിയന്തരമായി ഇതിനൊരു നോംസ് നിശ്ചയിച്ച് ഗവൺമെന്റ് നയപരമായ ഒരു തീരുമാനമെടുക്കുന്നത് ഉചിതമാകില്ലേ ?

ശ്രീ. സണ്ണി ജോസഫ് : സർ, വളരെ ഫലപ്രദമായതും സ്വീകാര്യമായതുമായ നിർദ്ദേശമാണ് ബഹുമാനപ്പെട്ട സി. പി. മുഹമ്മദ് ഇവിടെ ചൂണ്ടിക്കാണിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും ഇക്കാര്യത്തിൽ അറച്ചുനിൽക്കാതെ തീരുമാനമെടുക്കണം. ഒരു ചെറിയ വിശകലനത്തിൽത്തന്നെ കാര്യങ്ങൾ വ്യക്തമാണ്. അദ്ദേഹം ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഒരു മാനദണ്ഡം നിശ്ചയിക്കണം. വില്ലേജുകളുടെ എണ്ണം, ജനസംഖ്യ, പ്രദേശത്തിന്റെ വിസ്തൃതി ഈ മൂന്ന് കാര്യങ്ങൾ ഒരു ശാസ്ത്രീയ മാനദണ്ഡമായി ആർക്കും അംഗീകരിക്കാൻ സാധിക്കുന്ന കാര്യങ്ങളാണ്. ഈ മാനദണ്ഡങ്ങൾ സ്വീകരിച്ചുകൊണ്ട് പുതിയ താലൂക്കുകൾ രൂപീകരിക്കണം. ഇവിടെ ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്ന ചില പദ്ധതികൾതന്നെ താലൂക്ക് അടിസ്ഥാനത്തിലാണ്. ബഡ്ജറ്റ് സ്പീച്ചിലെ 22-ാം പാരഗ്രാഫിൽ പറയുന്ന കർഷക ഉത്പാദക സംഘങ്ങളും കർഷക മാർക്കറ്റിംഗ് സൊസൈറ്റിയും താലൂക്കിൽ ഒന്നു വീതമാണ്. 26-ാം പാരഗ്രാഫിൽ പറയുന്ന തൃപ്തി ന്യായവില ഭക്ഷണശാലകൾ താലൂക്കടിസ്ഥാനത്തിലാണ് രൂപീകരിക്കുന്നത്. 65-ാം പാരഗ്രാഫിൽ പറയുന്ന ഡീ-അഡിക്ഷൻ സെന്ററുകൾ താലൂക്കടിസ്ഥാനത്തിലാണ് രൂപീകരിക്കുന്നത്. ഗവൺമെന്റിന്റെ പല സഹായങ്ങളും ആനുകൂല്യങ്ങളും ക്ഷേമപദ്ധതികളും താലൂക്കടിസ്ഥാനത്തിൽ നടത്തുന്നു എന്നുള്ളതുകൊണ്ട് ഇതിന് ന്യായയുക്തമായ ഒരു തീരുമാനമുണ്ടാകണം. ഒരുപാട് നാളുകളായി കേരളത്തിലെ രാഷ്ട്രീയ നേതൃത്വങ്ങൾ ഈ വിഷയം കൈകാര്യം ചെയ്യുന്നു. പക്ഷേ ഇതിൽ തൊടുന്നതിന് എന്തുകൊണ്ടോ ഭയന്നുനിൽക്കുന്നു. ഭയപ്പെടേണ്ട യാതൊരു കാര്യവുമില്ല. ഇത് കൈകാര്യം ചെയ്യാൻ സാധിക്കുന്ന രാഷ്ട്രീയ-ഭരണ പരിചയമുള്ള, കേരളത്തിന്റെ ഭൂമിശാസ്ത്രം മനഃപാഠമായി അറിയാവുന്ന മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും ചേർന്ന് ഇക്കാര്യത്തിന് ന്യായയുക്തമായ പരിഹാരമുണ്ടാക്കി ഈ ആവശ്യം അംഗീകരിക്കണം, ഞങ്ങളോട് കരുണ കാണിക്കണം. കരുണയുള്ളവർ ഭാഗ്യവാൻമാർ. എന്തെന്നാൽ അവർക്ക് കരുണ ലഭിക്കും എന്ന ബൈബിൾ വാക്യം ശ്രീ. കെ. എം. മാണിസാറിനെ ഓർമ്മപ്പെടുത്തേണ്ട ആവശ്യമില്ല. ആ കരുണയ്ക്കു വേണ്ടി, നീതിക്കുവേണ്ടി അഭ്യർത്ഥിച്ചുകൊണ്ട് ഈ ബഡ്ജറ്റിനെ ഒരിക്കൽകൂടി പൂർണ്ണമായും പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. കെ. ലതിക : സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. ഞങ്ങളാരും ഈ ബഡ്ജറ്റിനെ എതിർത്തില്ല എന്ന് നേരത്തെ സംസാരിച്ച
2.26 P.M.] ശ്രീ. സണ്ണി ജോസഫ് സൂചിപ്പിക്കുകയുണ്ടായി. ശ്രീ. പി. സി. ജോർജ് പറയുന്ന ഭാഷയിൽ പറയാത്തതുകൊണ്ടാണോ അങ്ങനെ പറഞ്ഞതെന്ന് മനസ്സിലായില്ല. ഇവിടെ വളരെ വ്യക്തമായി എല്ലാ ആളുകളും സംസാരിച്ചു. ബഹുമാനപ്പെട്ട മെമ്പർ സംസാരിച്ചപ്പോൾ ഈ ബഡ്ജറ്റിനെ എതിർക്കുന്നില്ല എന്നുപറഞ്ഞുകൊണ്ട് വളരെ കൃത്യമായി അദ്ദേഹത്തിന് കിട്ടാത്ത കാര്യങ്ങളൊക്കെ പറഞ്ഞ് ബഡ്ജറ്റിനെ എതിർക്കുകയായിരുന്നു. ഈ ബഡ്ജറ്റിനെ എതിർക്കാതെ ഞങ്ങൾക്ക് നയപരമായും യാതൊരു രീതിയിലും മുന്നോട്ടുപോകാൻ കഴിയുകയില്ല. മറ്റൊന്ന്, ഞങ്ങളുടെ ആരുടെയും മണ്ഡലത്തിൽ ഒരു വസ്തുവും കിട്ടിയില്ല എന്നുള്ളത് സത്യമാണ്. കിട്ടാത്തതു മാത്രമല്ല, മറ്റൊരു കാര്യം പറയാനുള്ളത്, മണ്ഡലങ്ങളോട് കാണിക്കുന്ന അവഗണന സംബന്ധിച്ചാണ്. 140 എം.എൽ.എ.-മാരും തെരഞ്ഞെടുക്കപ്പെട്ട ആളുകളാണ്. അതേസമയത്ത് തെരഞ്ഞെടുക്കപ്പെടാത്ത ആളുകൾ പറയുന്ന കാര്യങ്ങൾ ചെയ്തുകൊടുക്കുകയും അവിടെ മുഖ്യമന്ത്രിയുടെ ആളുകളുടെ വലിയ ഫ്ളക്സ് ബോർഡുകൾ വയ്ക്കുകയും ചെയ്യുന്ന സമീപനം ശരിയാണോ? അത് തെരഞ്ഞെടുക്കപ്പെട്ട ആളുകളോട് കാണിക്കുന്ന ഏറ്റവും വലിയ നെറികേടല്ലേ? അതുകൊണ്ട് ആ സമീപനത്തിൽനിന്നും സർക്കാർ പിന്തിരിയണമെന്നാണ് പറയാനുള്ളത്. ബഡ്ജറ്റ് അവതരിപ്പിക്കുന്ന സമയം നമുക്കറിയാം. നേരത്തെ കേന്ദ്ര ബഡ്ജറ്റിൽ 1,000 കോടി രൂപയുടെ കുറെ സ്ത്രീശാക്തീകരണ പദ്ധതികളെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. അതൊക്കെ നടപ്പിലാകുമോ എന്നറിയില്ല. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി സ്ത്രീശാക്തീകരണം എന്ന വാക്ക് എഴുതിവയ്ക്കുകയല്ലാതെ അതിനുള്ള പദ്ധതികളെക്കുറിച്ചൊന്നും ഈ ബഡ്ജറ്റിൽ പറഞ്ഞിട്ടില്ല. കഴിഞ്ഞ ബഡ്ജറ്റിൽ കുറെ കാര്യങ്ങൾ പറഞ്ഞിരുന്നുവെങ്കിലും ആ കാര്യങ്ങളൊന്നും നടപ്പിലാക്കാൻ തയ്യാറായിട്ടില്ല. സ്ത്രീകൾക്കും പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾക്കുമെതിരെയുള്ള പീഡനങ്ങൾ തടയുന്നതിനും പരിഹാരം കാണുന്നതിനും സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് പറഞ്ഞുകൊണ്ട് കുറേ പദ്ധതികളെക്കുറിച്ച് പറഞ്ഞു. പക്ഷേ, പദ്ധതികളൊന്നും നടപ്പിലാക്കുന്നതിനുവേണ്ടി ശ്രമിച്ചില്ലെന്നു മാത്രമല്ല അതിന്റെ പ്രയാസങ്ങൾ കേരളം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. മൂന്ന് വയസ്സായ പിഞ്ചുകുഞ്ഞിനെപ്പോലും സ്ത്രീ എന്ന് അഭിസംബോധന ചെയ്യേണ്ട രീതിയിലേക്ക് കേരളം മാറുകയാണ്. നാടോടികളെപ്പോലും ഈ ബഡ്ജറ്റ് തഴുകി എന്നാണ് ബഹുമാന്യനായ ഒരു അംഗം പറഞ്ഞത്. നാടോടികളെ തഴുകുകയല്ല, മൂന്ന് വയസ്സുള്ള പെൺകുട്ടിയെ അതിക്രൂരമായി പീഡിപ്പിക്കുകയാണ് ചെയ്തത്. ഡോക്ടർമാർക്കുപോലും കൈകാര്യം ചെയ്യാൻ കഴിയാത്ത അവസ്ഥയായിരുന്നുവെന്ന് ഡോക്ടർമാർതന്നെ പറയുകയാണ്. നമ്മുടെ സമൂഹത്തിലെ പെൺകുട്ടികൾക്ക് ഒരു നീതിയും ലഭിക്കുന്നില്ല. ട്രെയിനിൽ യാത്ര ചെയ്ത സൗമ്യ രക്തസാക്ഷിയായി, കൊല ചെയ്യപ്പെട്ടു. സൗമ്യ കൊല ചെയ്യപ്പെട്ടപ്പോൾ വലിയ പ്രതിഷേധം കേരളത്തിലാകമാനമുയർന്നുവന്നു. ആ പ്രതിഷേധം ഉയർന്നുവന്നപ്പോൾ പോലീസ് വകുപ്പിനുവേണ്ടി ഈ ബഡ്ജറ്റിൽ മാറ്റിവച്ചത് എന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

യാത്രയ്ക്കിടയിൽ സ്ത്രീകൾക്ക് ഇത്തരം അനുഭവങ്ങൾ ഉണ്ടാകാതിരിക്കണമെങ്കിൽ സ്ത്രീകളെ സംരക്ഷിക്കാനാവശ്യമായിട്ടുള്ള നല്ല പോലീസ് സംവിധാനമുണ്ടാകണം. പക്ഷേ എന്തു സംവിധാനത്തിനുള്ള പണമാണ് ഈ ബഡ്ജറ്റിൽ മാറ്റിവച്ചിട്ടുള്ളത്. യാത്രയ്ക്കിടയിലും തൊഴിലിടങ്ങളിലുമൊക്കെ സ്ത്രീകൾ ആക്രമിക്കപ്പെടുന്നു. വനിതാ പോലീസ് സ്റ്റേഷനുകളിൽ വനിതാ പോലീസുകാരുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. പക്ഷേ അതിനനുസരിച്ച് അവർക്ക് വസ്ത്രം മാറുന്നതിനുള്ള മുറിപോലും അനുവദിച്ചിട്ടില്ല. സ്ത്രീസൗഹൃദ പോലീസ് സ്റ്റേഷനുകളാക്കി മാറ്റും എന്നാണ് പറഞ്ഞിട്ടുള്ളത്. സ്ത്രീസൗഹൃദം, വനിതാ പോലീസുകാർക്കെങ്കിലും സൗഹൃദമാക്കി മാറ്റുന്നതിനാവശ്യമായ തുക ഈ ബഡ്ജറ്റിൽ മാറ്റിവയ്ക്കാൻ തയ്യാറായിട്ടുണ്ടോ ?

ഞാൻ ചോദിക്കട്ടെ, യഥാർത്ഥത്തിൽ ലിക്വിഡേറ്റർമാരുടെ പണിയല്ലേ നമ്മുടെ മന്ത്രിമാർ ചെയ്തുകൊണ്ടിരിക്കുന്നത്. ശ്രീ. കെ. എം. മാണി കഴിഞ്ഞ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ ഏഴ് പദ്ധതികൾ പറഞ്ഞിട്ടുണ്ടായിരുന്നു. സമസ്തമേഖലയിലും നിലവാര വർദ്ധന, അടിസ്ഥാന സൗകര്യവികസനം, തൊഴിൽ വൈദഗ്ദ്ധ്യ വികസനം, സ്വയംസംരംഭകത്വ വികസനം, നൂതന സാങ്കേതികവിദ്യകളുടെ സ്വാംശീകരണം, മൂലധന നിക്ഷേപ വർദ്ധന, പബ്ലിക്-പ്രൈവറ്റ് പങ്കാളിത്തം, ഈ പറഞ്ഞ ഏഴിൽ ഏതാണ് നടന്നത് ? ഒന്നും നടന്നില്ലെന്നു പറയുന്നില്ല. പബ്ലിക്-പ്രൈവറ്റ് പങ്കാളിത്തമെന്നു പറയുന്നതിൽ പ്രൈവറ്റ് പങ്കാളിത്തത്തിന് ഏറ്റവും ശക്തമായ മുൻതൂക്കം കൊടുത്തുകൊണ്ട് പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുകയാണ്. അതിന്റെ പ്രത്യാഘാതം കേരളം അനുഭവിച്ചുകൊണ്ടിരിക്കുകയല്ലേ. 1000 വണ്ടികൾ ഓരോ വർഷവും കേരളത്തിലെ നിരത്തിലിറക്കി സാധാരണക്കാരുടെ യാത്രയ്ക്കുവേണ്ടിയുള്ള സൗകര്യമുണ്ടാക്കണം. കെ.എസ്.ആർ.ടി.സി. എന്നുപറയുന്നത് ഗവൺമെന്റിന് ലാഭം ഉണ്ടാക്കുവാനുള്ള സംവിധാനമല്ല. നമ്മുടെ നാട്ടിലെ ജനങ്ങളുടെ സുഗമമായ യാത്രയ്ക്കുവേണ്ടി മുമ്പ് സ്വീകരിച്ച ഒരു സമീപനമുണ്ട്, no profit no loss. നഷ്ടവും ലാഭവും ഇല്ലാതെ നമ്മുടെ നാട്ടിലെ ആളുകളുടെ യാത്രയ്ക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്താനുള്ള സംവിധാനത്തിൽ ഇപ്പോൾ എന്താണ് ചെയ്തിട്ടുള്ളത് ? ആ സംവിധാനത്തെ ഇല്ലാതാക്കുകയല്ലേ ചെയ്തത് ? ആ വകുപ്പിന്റെ മന്ത്രി മാത്രമല്ല കൈ മലർത്തിയത്. ഈ നാട്ടിലെ ജനങ്ങളാകെ വല്ലാത്ത അവസ്ഥയിലാണ്. ഇടതുപക്ഷ മനസ്സാണ് കേരളത്തിനെന്ന് പറയാറുണ്ട്. നമ്മുടെ നാട്ടിലെ കെ.എസ്.ആർ.ടി.സി. ബസ്സുകൾ നിർത്തലാക്കിക്കഴിഞ്ഞാൽ നല്ല എയർ കണ്ടീഷൻ പ്രൈവറ്റ് ബസുകൾ വന്നാലും ആളുകൾ ആ ബസ്സിൽ കയറാതെ കെ.എസ്.ആർ.ടി.സി. ബസ്സിൽ കയറാറുണ്ടായിരുന്നു. ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത് എന്താണ് ? ലാഭമുള്ള സ്ഥലത്തുമാത്രം പോയാൽപ്പോരാ. മലമൂട്ടിലൊന്നും സ്വകാര്യബസ് പോകില്ല എന്നുവരാം. അവിടെയൊക്കെ പോകുമായിരുന്ന കെ.എസ്.ആർ.ടി.സി. ബസ്സിനെ സർക്കാർ നശിപ്പിച്ചില്ലേ ? അതിന്റെ ഒരു ലിക്വിഡേറ്ററായിട്ടാണ് ശ്രീ. ആര്യാടൻ മുഹമ്മദ് എന്നുപറയുന്ന ബഹുമാന്യനായ മന്ത്രി ഇരിക്കുന്നത്. അദ്ദേഹത്തിന് കിട്ടിയ വേറൊരു വകുപ്പുകൂടിയുണ്ട്. കെ.എസ്.ഇ.ബി.-യുടെ അവസ്ഥ എന്താണ് ? അതിനെയും സ്വകാര്യവത്ക്കരിക്കാൻ പോകുകയാണ്.



LIBRARY ARCHIVES Kerala Legislative Assembly

മഹാരാഷ്ട്രയിൽ (ബോംബെയിൽ) ചുഴലിക്കാറ്റുമൂലം തകർന്ന വൈദ്യുതി സംവിധാനങ്ങൾ നേരെയാക്കാൻ സാധിച്ചിട്ടില്ല. അവിടെ പ്രൈവറ്റായി ഈ സംവിധാനം നിലനിൽക്കുന്നതുകൊണ്ട് മാസങ്ങളും വർഷങ്ങളും കഴിഞ്ഞിട്ടും ആ മേഖലയിലെ വൈദ്യുതി സംവിധാനം ശരിയാക്കാൻവേണ്ടി പ്രവർത്തിച്ചിട്ടില്ല. ഇവിടെ കെ.എസ്.ഇ.ബി.-യെ സ്വകാര്യവത്ക്കരിക്കാനുള്ള ഇടപെടൽ നടത്തുമ്പോൾ യഥാർത്ഥത്തിൽ ഉണ്ടാകാൻ പോകുന്ന അബദ്ധം എന്താണ് ? കുടിവെള്ളപ്രശ്നത്തിന്റെ കാര്യത്തിൽ പുതിയ കമ്പനി രൂപീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പരിഹാരമുണ്ടാക്കുമെന്നുമാണ് പറഞ്ഞത്. എന്നാൽ വെള്ളം എടുക്കേണ്ട സ്രോതസ്സ് ഏതാണ് ? അത് പ്രൈവറ്റ്കാർക്ക് ഏൽപ്പിച്ചുകൊടുക്കുമ്പോൾ എവിടെനിന്ന് വെള്ളമെടുക്കും ? വാട്ടർ അതോറിറ്റിയുടെ കുളങ്ങളും സോഴ്സുകളും തന്നെയാണ് അതിന് ഉപയോഗപ്പെടുത്താമെന്ന് പറഞ്ഞിട്ടുള്ളത്. യഥാർത്ഥത്തിൽ എന്താണ് ജലവിഭവ വകുപ്പുമന്ത്രി ഇവിടെ ചെയ്യാൻ പോകുന്നത് ? വാട്ടർ അതോറിറ്റി എന്ന സംവിധാനത്തെ ലിക്വിഡേറ്റ് ചെയ്ത് അതും സ്വകാര്യമേഖലയ്ക്ക് അടിയറവ് വയ്ക്കാൻ പോകുന്ന ഒരു സമിതിയാണുള്ളത്. ഇൻഡ്യയുടെയും കേരളത്തിന്റെയും വളർച്ചയ്ക്ക് വലിയ പങ്ക് വഹിച്ചിട്ടുള്ള ഈ പൊതുമേഖലാ സംവിധാനത്തെ മുഴുവൻ ലിക്വിഡേറ്റ് ചെയ്യാൻ ആരാണ് ഇവർക്ക് അധികാരം കൊടുത്തത് ? രണ്ട് സീറ്റ് അധികം ലഭിച്ചതുകൊണ്ട് ഇതുമുഴുവൻ നശിപ്പിച്ചേ അടങ്ങു എന്നു പറയുന്നതിനെ അംഗീകരിക്കാൻ കഴിയുമോ ?

നമ്മുടെ കേരളത്തിന്റെ അവസ്ഥ നോക്കുകയാണെങ്കിൽ ബണ്ടിയുണ്ട്, ബിട്ടിയുണ്ട്, പത്ത് കള്ളന്മാരുമുണ്ട്. നമ്മുടെ 41 കള്ളന്മാരുടെ കഥ പറഞ്ഞതുപോലെ രണ്ട് കള്ളൻ വിമാനത്തിൽ വന്നു, നമ്മുടെ ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞതുപോലെ കൈകെട്ടി നില്പിക്കാനൊന്നും പറ്റില്ല. ഹെൽമറ്റുകാരെ വേട്ടയാടാൻവേണ്ടി ഒളിഞ്ഞുചാടി വീണിട്ട് പറയുകയാണ് അതൊക്കെ ഞങ്ങൾ ചെയ്യുന്നത് ഇവിടെയുള്ള കള്ളന്മാർ ആയുധം കൊണ്ടുപോകുന്നതുകൊണ്ട് പിടിക്കാനാണ് എന്നാണ്. കള്ളന്മാർ ആയുധവുംകൊണ്ട് ടൂവീലറിലാണോ പോകുന്നത് ? അവർ പോകുന്നത് വേറെ വഴിയല്ലേ ? ആ വഴിയിൽ ആരെങ്കിലും ഇവരെ പിടിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ? ഇല്ല എന്ന് നന്നായി നമുക്കറിയാം. എന്റെ വീടിന്റെ തൊട്ടപ്പുറത്താണ് നരിക്കാട്ട് എന്നു പറയുന്ന സ്ഥലം. ആ സ്ഥലത്ത് കഴിഞ്ഞ ദിവസം ഒരു സ്ത്രീ അടിച്ചുവാരി തീ ഇടാൻ നോക്കുമ്പോൾ അവിടെ സ്റ്റീൽ ബോംബ് ഉണ്ടാക്കാൻവേണ്ടിയുള്ള കൂട്, 23 എണ്ണമുണ്ടായിരുന്നു. അവിടെയാണ് നേരത്തെ അഞ്ച് ആളുകൾ ബോംബ് സ്ഫോടനത്തിൽ മരിച്ചിട്ടുള്ളത്. അതിൽക്കൂടുതൽ ആളുകൾ മരിക്കുന്ന ഒരു സ്ഥിതിയാണ് അവിടെ ഉണ്ടാകുന്നത്. ആ സ്ഥിതി ഉണ്ടായിട്ടുള്ളത് എങ്ങനെയാണെന്ന് നമുക്കറിയാം. അന്വേഷണത്തിന് നിയോഗിച്ച ഉദ്യോഗസ്ഥനെ അവിടെ നിന്നു മാറ്റി എന്നുമാത്രമല്ല, അതിനപ്പുറത്ത് മാറാടുള്ള ഉദ്യോഗസ്ഥന്മാരെയെല്ലാം മാറ്റിയിട്ട് അവിടെ ആയുധം പിടിക്കാൻ പോകുകയോ അത്തരമൊരു സംവിധാനമോ അല്ല അവർ അവിടെ ചെയ്യുന്നത്. ഇത്ര പണം പിരിച്ചുതരണം എന്നുപറഞ്ഞ് ഓരോ മാസവും ക്വാട്ട കൊടുക്കും. ആ ക്വാട്ട കൊടുത്തില്ലെങ്കിൽ വലിയ ഭ്രഷ്ട് ആയിരിക്കും. അതുകൊണ്ട് ക്വാട്ട പിരിക്കാൻ ഒളിഞ്ഞുനിന്നും പതുങ്ങി

LIBRARY ARCHIVES Kerala Legislative Assembly

നിന്നും ഒക്കെ സംവിധാനമുണ്ടാക്കുകയാണ് പോലീസ്. അവിടെ ചെറുപ്പക്കാർ മരിക്കുന്നു. യാത്ര ചെയ്യുന്ന ദമ്പതികൾക്ക് പ്രയാസമുണ്ടാകുന്നു. ഇങ്ങനെയൊക്കെയുള്ള സ്ഥിതിവിശേഷമാണ് ഉണ്ടാകുന്നത്. ബണ്ടിയെയും ബിട്ടിയെയും വിമാനത്തിൽ വരുന്ന ആളുകളെയുമൊക്കെ ആരാണ് പിടിച്ചത് ? നമ്മുടെ കേരളത്തിലെ പോലീസുകാരല്ലല്ലോ പിടിച്ചത് ? പോലീസുകാർക്ക് ബുദ്ധിയില്ലാത്തതുകൊണ്ടല്ല, പോലീസുകാർ പിടിച്ചാൽ പോലീസിന്റെ തൊപ്പി തെറിക്കുമെന്ന് അറിയാമെന്നുള്ളതുകൊണ്ട് ഇവരാരും പിടിക്കാൻ പോയില്ല. കാമുകി കത്തെഴുതിയതുകൊണ്ട് ബിട്ടിയെ പിടിക്കാൻ കഴിഞ്ഞു. അതുപോലെ മിടുക്കനായ ഒരു മലയാളി അറിയിച്ചതുകൊണ്ട് ബണ്ടിചോറിനെ പിടിക്കാൻ കഴിഞ്ഞു. ഇവിടെ പത്ത് കള്ളന്മാരിൽ രണ്ട് കള്ളന്മാരെ ഭാഗ്യത്തിന് കോഴിക്കോട്ടുനിന്ന് കിട്ടി. ബാക്കി എട്ട് ആളുകൾ കേരളത്തിലുണ്ട് എന്നല്ലേ പറയുന്നത് ? അപ്പോൾ കേരളത്തെ കള്ളന്മാരുടെ നാടാക്കി മാറ്റിയെടുക്കാൻ വേണ്ടിയുള്ള വളരെ വലിയ പ്രവർത്തനമാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്.

കേരളത്തിലെ സ്ത്രീകളെ സംബന്ധിച്ചിടത്തോളം ഏതെങ്കിലും ഒരു പദ്ധതി ഉണ്ടോ ? നേരത്തെ ഉണ്ടായിരുന്നത് നമുക്കറിയാം. ഇടതുപക്ഷ മുന്നണിയുടെ ഭരണകാലത്ത് ജെൻഡർ ബഡ്ജറ്റിംഗ് ആയിരുന്നു. ഏത് പദ്ധതി വച്ചാലും അത് കേരളത്തിലെ സ്ത്രീകളെ എങ്ങനെ ബാധിക്കുന്നു എന്നാണെങ്കിൽ ഇവിടെ ജെൻഡർ ബഡ്ജറ്റിംഗിനെക്കുറിച്ച് ഒന്നും പറഞ്ഞില്ല എന്നുമാത്രമല്ല സ്ത്രീകൾക്കുവേണ്ടി ഒരു പദ്ധതിയും പ്രഖ്യാപിക്കാതിരിക്കുകയാണ് ചെയ്തത്. സ്ത്രീകൾക്കുവേണ്ടി പദ്ധതി പ്രഖ്യാപിക്കാതിരിക്കുക എന്നു പറയുമ്പോൾ സ്ത്രീകളുടെ സാമൂഹ്യപദവി ഉയർത്താനുതകുന്ന രൂപത്തിലുള്ള പദ്ധതികൾ ഇല്ല എന്നാണ്. അങ്ങനെയുള്ള പദ്ധതികൾ തയ്യാറാക്കേണ്ടിയിരിക്കുന്നു. പക്ഷേ, കേരളത്തിൽ അതിനാവശ്യമായ രൂപത്തിലുള്ള ഒരു പദ്ധതിയും ഉണ്ടാകാത്തതിന്റെ ഭാഗമായിത്തന്നെയാണ് സ്ത്രീകൾ വലിയ രൂപത്തിൽ ആക്രമിക്കപ്പെടുന്ന ഒരു സ്ഥിതിവിശേഷം ഉണ്ടായിട്ടുള്ളത്. ഇവിടെ കടത്തിണ്ണകളിലും വഴിയോരങ്ങളിലുമൊക്കെ നൂറുകണക്കിന് സ്ത്രീകളും കുട്ടികളും അന്തിയുറങ്ങേണ്ട അവസ്ഥ ഉണ്ടാകുകയാണ്. അത് മാറ്റിയെടുക്കാൻ കഴിയേണ്ടതായിട്ടുണ്ട്. ഗവൺമെന്റ് വളരെ കൃത്യമായിട്ടുതന്നെ അതിനാവശ്യമായ ഒരു സംവിധാനമുണ്ടാക്കണം. അതുപോലെ നമ്മുടെ കേരളത്തിൽ മറ്റൊരിക്കലും കാണാത്ത രൂപത്തിൽ രണ്ട് വയസ്സും മൂന്ന് വയസ്സുമുള്ള കുട്ടികൾ പീഡിപ്പിക്കപ്പെടുന്ന ഒരവസ്ഥ ഉണ്ടാകുകയാണ്. ഓർഫനേജുകൾ, സ്കൂളുകൾ, അംഗനവാടികൾ ഇവിടെയൊക്കെ നമ്മൾ ഒരിക്കലും കാണാത്ത രൂപത്തിൽ, മനുഷ്യരാണോ എന്നുപറയാൻ കഴിയാത്ത രൂപത്തിലാണ് കുട്ടികൾ പീഡിപ്പിക്കപ്പെടുന്നത്. എന്തുകൊണ്ട് ഇതുണ്ടാകുന്നുവെന്നും അതെങ്ങനെ പരിഹരിക്കാൻ കഴിയുമെന്നുമുള്ള കാര്യത്തിൽ വളരെ ഗൗരവമായി ഇടപെടേണ്ട ആവശ്യമുണ്ട്. നമ്മുടെ ഗവൺമെന്റ് സ്കൂളുകളിൽ, കൗമാരപ്രായക്കാർക്കിടയിൽ ചില കാര്യങ്ങൾ നടപ്പിലാക്കാൻ തീരുമാനിച്ചു. ഇത്രയും പ്രശ്നങ്ങൾ എന്തുകൊണ്ട് ഉണ്ടാകുന്നു, അതെങ്ങനെ പരിഹരിക്കാൻ കഴിയും എന്നതിനെക്കുറിച്ച് കുറെക്കൂടി ആഴത്തിൽ ചിന്തിക്കേണ്ടിയിരിക്കുന്നു. സ്കൂൾ തലത്തിൽത്തന്നെ ഇതിനാവശ്യമായ സംവിധാനങ്ങൾ ഉണ്ടാക്കാൻ കഴിയണം. ഇത്തരം പ്രശ്നങ്ങൾ ഇല്ലാതിരിക്കാൻ ഏതെല്ലാം ഇടപെടലുകളാണ് നടത്തേണ്ടത് എന്നുള്ളത് പരിശോധിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശഭരണ സ്ഥാപനങ്ങളിൽ ജാഗ്രതാ സമിതികൾ നിലവിലുണ്ട്. ജാഗ്രതാ സമിതികൾ എന്നത് പേരിനുമാത്രമാണ്. ഈ ജാഗ്രതാ സമിതികളെ പ്രാവർത്തികമാക്കണമെങ്കിൽ സാമൂഹ്യക്ഷേമ വകുപ്പിന് ആവശ്യമായ പണം കൊടുക്കണം. എം.എൽ.എ.-മാർ ചെയർമാൻമാരായി ഇന്ന് കേരളത്തിലെ 140 മണ്ഡലങ്ങളിലും കുടുംബശ്രീ സംവിധാനത്തിന് മോണിറ്ററിംഗ് സമിതി ഉണ്ടാക്കിയിട്ടുണ്ട്. എല്ലാ സമിതികൾക്കും പ്രവർത്തിക്കാനാവശ്യമായ രൂപത്തിൽ ഫണ്ട് നൽകിക്കൊണ്ട് ഏറ്റവും ശക്തമായിട്ടുള്ള ഇടപെടൽ നടത്തേണ്ടതായിട്ടുണ്ട്.

കേരളം കൈവരിച്ച നേട്ടങ്ങളിൽ വളരെ പ്രധാനപ്പെട്ടതായിരുന്നു ഭവന പദ്ധതി രംഗത്ത് നേടിയിട്ടുള്ളത്. ഒരുപക്ഷേ, ഇടതുപക്ഷ ജനാധിപത്യമുന്നണി തുടർന്നും അധികാരത്തിൽ വന്നിരുന്നെങ്കിൽ കേരളം സമ്പൂർണ്ണമായും പാർപ്പിട രഹിതരായ ആരുമില്ലാത്ത ഒരു സംസ്ഥാനമായി മാറേണ്ടതായിരുന്നു. ഇ.എം.എസ്. പാർപ്പിട പദ്ധതിയും എം.എൻ. പാർപ്പിട പദ്ധതിയും ലക്ഷംവീട് പദ്ധതിയും വലിയ നേട്ടമുണ്ടാക്കിയ പദ്ധതികളാണ്. ശ്രീ. കെ. എം. മാണിസാർ കേരളത്തിന്റെ കയ്യടി വാങ്ങാൻവേണ്ടി രണ്ട് ലക്ഷം ഉറുപ്പികയാക്കി വർദ്ധിപ്പിക്കുന്നുവെന്നു പറഞ്ഞു. കയ്യില്ലാത്ത ആളിനോട് നീ മൂക്ക് തൊട് എന്ന് പറഞ്ഞതുപോലെ ഒരു ലക്ഷത്തി ഇരുപത്തയ്യായിരം ഉറുപ്പിക എവിടെനിന്ന് കിട്ടുമെന്ന് പറയാതെ രണ്ടു ലക്ഷം ഉറുപ്പിക ആക്കാൻവേണ്ടി തീരുമാനിച്ചു. ഇ.എം.എസ്. പാർപ്പിട പദ്ധതി ഇല്ലാതാക്കി. യഥാർത്ഥത്തിൽ നിങ്ങളുടെ ലക്ഷ്യമെന്താണ് ? ഈ നാട്ടിൽ മുഴുവൻ ആളുകൾക്കും വീടുണ്ടാകുക എന്നു പറയുന്നത് പറ്റില്ല എന്നല്ലേ ? ഭവനശ്രീ പദ്ധതിക്ക് 50000 രൂപ വായ്പയായി കൊടുത്തു. 75000 രൂപ സബ്സിഡിയായി കൊടുത്തു. പദ്ധതിയിനത്തിൽ ഓരോ വർഷവും തദ്ദേശഭരണ സ്ഥാപനങ്ങൾ സഹകരണ ബാങ്കുകളിലേക്ക് അടയ്ക്കുന്ന സംവിധാനമായിരുന്നെങ്കിൽ, ആ സംവിധാനത്തെയാകെ ഇല്ലാതാക്കി. ഇ.എം.എസ്. പാർപ്പിട പദ്ധതി ഇല്ലാതാക്കുകയാണ് ചെയ്യുന്നത്. വീട് നിർമ്മിക്കാൻ രണ്ട് ലക്ഷം രൂപ കൊടുക്കാൻ പറഞ്ഞപ്പോൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ചോദിക്കുന്നത്, ഞങ്ങൾക്ക് എവിടെനിന്നാണ് നേരത്തേയുണ്ടായിരുന്ന ഒന്നേകാൽ ലക്ഷം രൂപ കിട്ടുക എന്നാണ്. കേരളത്തിലെ മുഴുവൻ ആളുകൾക്കും പാർപ്പിടം കിട്ടുക എന്നുള്ളത് നമ്മുടെ ഒരു സ്വപ്നമായിരുന്നില്ലേ ? അതുകൊണ്ട് ആ പാർപ്പിട പദ്ധതിക്ക് രണ്ടു ലക്ഷം രൂപയാണെങ്കിൽ ബാക്കി ഒന്നേകാൽ ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തണം. ആ തുക എവിടെ നിന്നാണ് കിട്ടുക എന്ന് പറയാൻ തയ്യാറാകണം. ആളുകൾക്ക് വീട് കിട്ടുക എന്ന സംവിധാനത്തെ ഇല്ലാതാക്കുക എന്നു പറയുന്നത് ശരിയല്ല. നേരത്തെ പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും അനുവദിച്ചിട്ടുള്ള തുകയെക്കുറിച്ച് പറഞ്ഞു. പക്ഷേ, ബഹുമാന്യനായ കെ.പി.സി.സി. പ്രസിഡന്റ് പറഞ്ഞത് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനായി വകയിരുത്തിയ സംഖ്യ പോര എന്നാണ്. നേരത്തെ ശ്രീ. സണ്ണി ജോസഫ് പറഞ്ഞതുപോലെയല്ല പറഞ്ഞത്. കേരളത്തിലെ ആദ്യത്തെ പട്ടികവർഗ്ഗ പഞ്ചായത്തായ ഇടമലക്കുടിയിൽ, അവിടത്തെ പാവപ്പെട്ട പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ നടത്തിക്കൊണ്ടിരിക്കുന്ന ഔഷധ പരീക്ഷണം നമ്മുടെയിടയിൽ നിന്ന് പട്ടിക വർഗ്ഗത്തെത്തന്നെ ഇല്ലാതാക്കുന്ന രൂപത്തിൽ 'മലടി' എന്ന ഔഷധം ഒരു തത്വദീക്ഷയുമില്ലാതെ കൊടുക്കുന്ന രീതിയായി മാറുന്നുവെന്ന് ഒരു പത്രവാർത്ത കണ്ടു. പത്രവാർത്ത ശരിയാണോ

LIBRARY ARCHIVES Kerala Legislative Assembly

പരിഗണിക്കണം. നമ്മുടെ ആദിവാസി ജനവിഭാഗങ്ങളെ സംരക്ഷിക്കാൻ ...ിലും രൂപത്തിൽ അവരുടെ ഇല്ലായ്മയെ ചൂഷണം ചെയ്യാൻവേണ്ടി ...ന്നുവെങ്കിൽ ശക്തമായിത്തന്നെ അതിനോട് പ്രതികരിക്കാൻ നാം തയ്യാറാകേണ്ടതായിട്ടുണ്ട്.

...വും താഴെത്തട്ടിൽ പ്രവർത്തിക്കുന്ന ആളുകൾക്ക് നൽകുന്ന പെൻഷനിൽ 100 രൂപയുടെ വർദ്ധനവാണ് വരുത്തിയിട്ടുള്ളത്. പെൻഷൻ 100 രൂപ വർദ്ധിപ്പിച്ചാൽ പോര. കർഷകത്തൊഴിലാളികളുൾപ്പെടെയുള്ള വിഭാഗങ്ങളുടെ പെൻഷൻ 1000 രൂപയാക്കി വർദ്ധിപ്പിക്കണം. അംഗൻവാടി വർക്കർമാർ, ആശാ വർക്കേഴ്സ്, മഹിളാ സ്വസ്ഥ് സംഘ് എന്നിവരുടെ പ്രവർത്തനങ്ങളെ പരിഗണിക്കുന്ന അവസ്ഥ ഇന്നില്ല, അത് മാറണം. എം.എൽ.എ. ഫണ്ടിനെക്കുറിച്ചും ആസ്തി വികസന ഫണ്ടിനെക്കുറിച്ചും കഴിഞ്ഞ ബഡ്ജറ്റിൽ പറഞ്ഞിട്ടുണ്ടായിരുന്നു. ഈ ബഡ്ജറ്റിൽ പറയാത്തതുകൊണ്ട് അതിനെക്കുറിച്ചൊന്നും അറിയാൻ കഴിയുന്നില്ല. അങ്ങയുടെ മറുപടിയിൽ എം.എൽ.എ. ഫണ്ടും ആസ്തി വികസന ഫണ്ടും ഉണ്ടോ ഇല്ലയോ എന്നുള്ളത് പറയണം. മണ്ഡലത്തിലെ എം.എൽ.എ.-മാരാണ് തെരഞ്ഞെടുക്കപ്പെട്ട ആളുകൾ എന്നുള്ളകാര്യം ഒരിക്കൽക്കൂടി പറയുന്നു. അല്ലാതെ പിൻവാതിലിലൂടെ ഏതെങ്കിലും രാഷ്ട്രീയ നേതാക്കന്മാരോ മറ്റാരെങ്കിലുമോ പറഞ്ഞ്, ഫ്ളക്സ് ബോർഡുകളുംവച്ച് എം.എൽ.എ.-മാർ പ്രയോറിറ്റി കൊടുക്കുന്ന വർക്കുകൾക്ക് പണം അനുവദിക്കാതെ മറ്റ് രീതിയിൽ പണം അനുവദിക്കുന്ന അവസ്ഥ അംഗീകരിക്കാൻ കഴിയില്ല. ആ അവസ്ഥയ്ക്ക് മാറ്റം വരുത്തണം.

ശ്രീ. ജി. സുധാകരൻ: സർ, ആ രീതിയിൽ ഫണ്ട് അനുവദിച്ച കേരളത്തിലെമ്പാടുമുള്ള റോഡുകളെക്കുറിച്ച് ഒരു വിജിലൻസ് അന്വേഷണം ആവശ്യപ്പെടാമോ ?

ശ്രീമതി കെ. കെ. ലതിക: സർ, തീർച്ചയായും ആവശ്യപ്പെടാം. എന്റെ മണ്ഡലത്തിലെ കാര്യംതന്നെ പറയാം. ഞാനറിയാതെ ഫ്ളക്സ് ബോർഡ് ഉയർന്നത് കണ്ടപ്പോൾ ഇതെങ്ങനെ വന്നുവെന്ന് അന്വേഷിച്ചപ്പോഴാണ് ഞാൻ പ്രയോറിറ്റി ചെയ്ത് എഴുതിക്കൊടുത്തതിനൊന്നുമല്ല ഫണ്ട് അനുവദിച്ചതെന്ന് അറിയുന്നത്. ബഡ്ജറ്റിനുമുമ്പേ മണ്ഡലത്തിലെ ഏറ്റവും പ്രധാനപ്പെട്ട പദ്ധതികൾക്ക് പ്രയോറിറ്റി എഴുതിക്കൊടുക്കാറുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ എല്ലാ മണ്ഡലങ്ങൾക്കും അനുവദിക്കുന്നത് നമുക്കും ലഭിക്കുമായിരിക്കും. പക്ഷെ അതുമാത്രം പറഞ്ഞാൽ പോര. ബഡ്ജറ്റിൽ പറഞ്ഞത് കിട്ടിയില്ലേ എന്നു ചോദിച്ചാൽ കിട്ടിയെന്ന് പറയാതിരിക്കാൻ കഴിയുമോ ? അങ്ങനെയുള്ള തുക എല്ലാവർക്കും കിട്ടിയിട്ടുണ്ട്. ചില മണ്ഡലങ്ങൾക്ക് കോടിക്കണക്കിന് രൂപ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. ഏതെങ്കിലും ഒരു കാലത്ത് ഇങ്ങനെ വന്നിട്ടുണ്ടോ ? ഞങ്ങൾ അപ്പുറത്തിരിക്കുമ്പോൾ ആക്ഷേപം ഉന്നയിക്കാറുണ്ടായിരുന്നു. അന്ന് പ്രതിപക്ഷ എം.എൽ.എ-മാർക്ക് അനുവദിച്ചത് ഞങ്ങൾക്ക് എണ്ണിയെണ്ണി പറയാൻ കഴിയും. അതുകൊണ്ട് വിവേചനം അവസാനിപ്പിച്ചേ മതിയാകൂ. മണ്ഡലങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ ഞങ്ങളാണ്. അങ്ങനെ തെരഞ്ഞെടുക്കപ്പെട്ടവരോട് നീതി കാണിക്കാൻ ഗവൺമെന്റ് തയ്യാറാകണം. ഈ ബഡ്ജറ്റിനെ ഒരിക്കൽകൂടി ഏറ്റവും ശക്തമായി എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വർക്കല കഹാർ: സർ, ഞാൻ ഈ ബഡ്ജറ്റിനെ സർവ്വാത്മനാ പിന്താങ്ങുകയാണ്. എന്റെ സഹോദരിക്ക് അനുവദിച്ചതിന്റെ ഇരട്ടിസമയം

2.42 P.M.] കൊടുത്തതിന് അങ്ങയോട് നന്ദി രേഖപ്പെടുത്തുകയാണ്. ഈ ബഡ്ജറ്റിനെ എങ്ങനെയാണ് അനുകൂലിക്കാതിരിക്കുന്നത് ? ഈ ബഡ്ജറ്റിനെ ആദ്യമായി പിന്തുണച്ചത് കേരളത്തിന്റെ പ്രിയപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദനാണ്. വരുന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ ജനങ്ങളുടെ കണ്ണിൽ മണ്ണിടുന്നതിനുവേണ്ടിയുള്ള ബഡ്ജറ്റാണ് ഇതെന്നാണ് അദ്ദേഹം പ്രതികരിച്ചത്. അപ്പോൾ ഒരു പാർലമെന്റ് തെരഞ്ഞെടുപ്പിൽ ജനവികാരവും ജനങ്ങളുടെ അംഗീകാരവും നേടത്തക്കരീതിയിലുള്ള ജനോപകാരപ്രദങ്ങളായ പരിപാടികൾ ഉൾക്കൊള്ളുന്നതാണ് ബഡ്ജറ്റെന്ന് പരസ്യമായി അദ്ദേഹം സമ്മതിക്കുമ്പോൾ ഉദ്ദേശ്യശുദ്ധിയിൽ മാത്രമാണ് അദ്ദേഹത്തിന് തർക്കമുള്ളതെങ്കിലും ശരി, ഇതിലും വലിയ സർട്ടിഫിക്കറ്റ് ഈ ബഡ്ജറ്റിനും ശ്രീ. കെ. എം. മാണി സാറിനും ആവശ്യമില്ല. കേരള നിയമസഭ കണ്ട ഏറ്റവും നല്ല ബഡ്ജറ്റാണിത്. ജീവിത ക്ലേശങ്ങളുടെ നുകവുംപേറി പ്രാരാബ്ധങ്ങളുടെ ഭാണ്ഡവുമായി നടക്കുന്ന എല്ലാ വിഭാഗങ്ങളേയും തട്ടി, തഴുകി അവർക്ക് ആശ്വാസം പകർന്ന് ഉണർവ്വും ഉന്മേഷവും നൽകിയ ബഡ്ജറ്റാണിത്. ഈ ബഡ്ജറ്റിനെക്കുറിച്ച് 'The Hindu' പത്രം പറഞ്ഞിരിക്കുന്നത് 'Welfare oriented hard on luxury' എന്നാണ്. തികഞ്ഞ ഇടതുപക്ഷ അനുഭാവമുള്ള 'The Hindu' പത്രംപോലും ബഡ്ജറ്റിന്റെ മനുഷ്യമുഖത്തെ പ്രകീർത്തിക്കുകയാണ്. ജീവിതഗന്ധിയായ മഹാകാവ്യംപോലെ മനോഹരമാണ് ശ്രീ. കെ. എം. മാണിസാർ അവതരിപ്പിച്ച ബഡ്ജറ്റ്. ജീവിതത്തിന്റെ സമസ്ത മേഖലകളേയും വലിപ്പച്ചെറുപ്പമില്ലാതെ മുഴുവൻ ജനങ്ങളുടെ പ്രശ്നങ്ങളേയും പരിദേവനങ്ങളേയും ഈ ബഡ്ജറ്റ് ഉൾക്കൊള്ളുന്നു. ഒരു വസന്തകാലത്തിന്റെ വരവിനെയാണ് ഈ ബഡ്ജറ്റ് ഓർമ്മിപ്പിക്കുന്നത്. വസന്തം വന്നാൽ മഴ പെയ്യും, തണുത്ത കാറ്റ് വീശും, പൂവും പൂക്കളും സർവ്വവ്യാപിയായി ഉണ്ടാകും. കായ്കനികളുമുണ്ടാകും, എല്ലാ സ്ഥലങ്ങളിലും സന്തോഷവും സന്തുഷ്ടിയുമുണ്ടാകും. അങ്ങനെയുള്ള കേരളത്തിന്റെ ഒരു വസന്തത്തിലേക്കാണ് ശ്രീ. കെ. എം. മാണിസാർ ബഡ്ജറ്റിലൂടെ നമ്മെ കൂട്ടിക്കൊണ്ടുപോകുന്നത്. അപ്പുറത്തിരിക്കുന്ന എന്റെ സ്നേഹിതന്മാർ ബഡ്ജറ്റിനെ അനുകൂലിക്കുന്നുവെന്ന് ബഡ്ജറ്റ് അവതരിപ്പിക്കുന്ന സമയത്തെ അവരുടെ പ്രതികരണം കേട്ടാൽ മനസ്സിലാകും. സാധാരണ എന്തെങ്കിലും അപശബ്ദങ്ങളുയർത്തുകയും അകാരണമായി ശബ്ദിക്കുകയുമൊക്കെ ചെയ്യുന്ന എന്റെ സ്നേഹിതന്മാർപോലും ബഡ്ജറ്റ് ആസ്വദിക്കുകയായിരുന്നു. തുറന്നു പറയാൻ അവർക്ക് കഴിയില്ലയെന്നുള്ളത് എനിക്കറിയാം. അതുകൊണ്ടാണ് ഉപായംകൊണ്ടുള്ള കഷായംവച്ച് അവർ മറുപടി പറഞ്ഞതെന്ന് ആർക്കാണ് മനസ്സിലാകാത്തത് ? മഹാനായ ഗദ്യകവി പി. കേശവദേവ് ഒരിക്കൽ പറഞ്ഞിട്ടുണ്ട്, കമ്മ്യൂണിസ്റ്റുകാർ 'മയിലിനെപ്പോലെ എതിർക്കുമെന്ന്'. മയിലിന്റെ പീലിക്ക് എന്തിനാണിത്രയും നീളം; അതുകൊണ്ടല്ലേ അതിന്റെ ശരീരഭാരം വർദ്ധിക്കുന്നത്; അതിന്റെ ആവശ്യമുണ്ടായിരുന്നോ ? പീലിയാണ് മയിലിന്റെ സൗന്ദര്യ രഹസ്യം എന്നുള്ള സത്യംപോലും അംഗീകരിച്ചുകൊടുക്കാത്ത മുട്ടാപ്പോക്കാണ്. അതുകൊണ്ട് അവരിതിനെ അംഗീകരിക്കുകയില്ല, എതിർക്കുമെന്ന് എനിക്കറിയാം. ഇതൊക്കെ പറഞ്ഞ് നിങ്ങളെ ബോധവത്ക്കരിക്കാമെന്നുള്ള അന്ധമായ ധാരണയൊന്നും എനിക്കില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മാറിമാറി ഈ നാട് ഭരിച്ചവരാണ് രണ്ടുകൂട്ടരും. നമുക്ക് സ്വന്തമെന്ന് പറയാമായിരുന്ന കൃഷിയും കാർഷിക സംസ്കൃതിയും അന്യമായിക്കഴിഞ്ഞു. കാർഷിക മേഖലയ്ക്ക് ഒരു പുതുജീവൻ നൽകുകയെന്നതാണ് ഈ ബഡ്ജറ്റിലൂടെ ശ്രീ. കെ. എം. മാണിസാർ ഏറ്റെടുത്തിരിക്കുന്ന ആയാസകരമായ ദൗത്യം. നമ്മുടെ നാട്ടിലെ ചെറുകിട കർഷകരുടെ പലിശ ബാദ്ധ്യതയാകെ എഴുതിത്തള്ളി. ചെറുകിട കർഷകർക്ക് പലിശരഹിത കാർഷിക വായ്പ ഉറപ്പാക്കുന്നു. വായ്പ എടുത്ത വ്യക്തി മരണപ്പെടുകയോ നിത്യരോഗിയായി കിടപ്പിലാകുകയോ ചെയ്താൽ കാർഷിക കുടുംബങ്ങൾ അകപ്പെടുന്ന ദുരന്തങ്ങളിൽ ഒരു കൈത്താങ്ങായി, വായ്പ തിരിച്ചടവിന് റിസ്ക് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നു. കർഷകർക്ക് കാർഷികാദായ നികുതിയിൽനിന്ന് പൂർണ്ണമായ ഇളവ് നൽകുന്നു. കാർഷിക രംഗത്തിനായി സംയോജിത കൃഷിത്തോട്ട പദ്ധതി, മാതൃകാ ഹൈടെക് ഗ്രാമങ്ങൾ, കാർഷിക മാർക്കറ്റുകൾ, കൊയ്ത്ത് സീസൺ ആരംഭിക്കുമ്പോൾ നെല്ല് സംഭരണം, സമഗ്ര വിള ഇൻഷ്വറൻസ് തുടങ്ങി സമഗ്ര മാറ്റത്തിനായി ഒട്ടേറെ പ്രായോഗിക പദ്ധതികളുണ്ട്. 20 രൂപയ്ക്ക് ഭക്ഷണം നൽകാൻവേണ്ടി താലൂക്കാസ്ഥാനങ്ങളിൽ 'തൃപ്തി' ന്യായവില ഭക്ഷണശാലകൾ, നമ്മുടെ യുവാക്കൾക്ക് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാനും സംരംഭകത്വം വളർത്താനുമായി പ്ലേസ്മെന്റ് സെല്ലുകൾ, കരിയർ ഡെവലപ്മെന്റ് മിഷൻ, സ്റ്റാർട്ടപ് സബ്സിഡി തുടങ്ങിയ പദ്ധതികൾ. വിദഗ്ദ്ധ തൊഴിലാളികൾക്കായി വെബ്സൈറ്റ്, പാവപ്പെട്ട കുടുംബത്തിലെ സമർത്ഥരായ വിദ്യാർത്ഥികളുടെ ട്യൂഷൻ ഫീസ് സർക്കാർ വഹിക്കും, വിദ്യാഭ്യാസ വായ്പയ്ക്ക് പലിശ ഒഴിവാക്കും. മുന്നോക്ക വിഭാഗങ്ങളിലെ 3 ലക്ഷം രൂപയിൽ താഴെ വരുമാനമുള്ള കുടുംബത്തിലെ വിദ്യാർത്ഥികൾക്ക് സഹായം, ഓർഫനേജിലെ സമർത്ഥരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുടങ്ങിയ പദ്ധതികളൊക്കെത്തന്നെ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് പഠിക്കാനുള്ള സാമാന്യനീതി ഉറപ്പാക്കുന്നതാണ്. പഞ്ചായത്ത്/മുനിസിപ്പൽ അംഗങ്ങൾക്കുള്ള ഓണറേറിയം വർദ്ധിപ്പിച്ചതും അംഗൻവാടി ജീവനക്കാരുടെ ശമ്പളം വർദ്ധിപ്പിച്ചതും എടുത്തുപറയേണ്ടതല്ലേ ? മാറുന്ന കാലാവസ്ഥയിൽ പിടിച്ചുനില്ക്കാൻ സൗരോർജ്ജോല്പാദനവും മഴവെള്ള സംഭരണവും മാത്രമല്ല, മുഴുവൻ സാമൂഹ്യ പെൻഷനുകളും വർദ്ധിപ്പിക്കുകയും ചെയ്തു. വിധവകളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം, സാമ്പത്തികമായി ബുദ്ധിമുട്ടുന്ന കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് മംഗല്യനിധി-ഇങ്ങനെ സാമൂഹ്യക്ഷേമ രംഗത്ത് മാതൃകാപരമായ മാറ്റമാണ് ഈ ബഡ്ജറ്റ് കാഴ്ചവച്ചത്. സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി, ആർ.സി.സി-യെ നാഷണൽ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്താനുള്ള നടപടി ഇങ്ങനെ ആരോഗ്യ മേഖലയ്ക്ക് ഉണർവേകുന്ന പ്രഖ്യാപനങ്ങളുമുണ്ട്. എൽ.പി.ജി. ശ്മശാനങ്ങൾ ആരംഭിക്കുമെന്നാണ് മറ്റൊരു പ്രഖ്യാപനം. ഒരുതുണ്ട് ഭൂമിപോലുമില്ലാതെ സ്വന്തം വീട്ടിനകത്ത്, അടുക്കളയിൽ വേണ്ടപ്പെട്ടവരെ കുഴിച്ചിട്ട പല സംഭവങ്ങളും നമ്മുടെ നാട്ടിലുണ്ടായിട്ടുണ്ട്. അതിന് പരിഹാരമുണ്ടാക്കാൻ നമ്മളെല്ലാവരുംകൂടി ശ്രമിക്കേണ്ടതാണ്. എൽ.പി.ജി ശ്മശാനങ്ങളുണ്ടാക്കുന്നതോടൊപ്പം അന്യസംസ്ഥാന തൊഴിലാളികൾക്ക് നൈറ്റ് ഷെൽട്ടർ, അതുപോലെ മത്സ്യത്തൊഴിലാളികൾ വളരെദൂരം സൈക്കിളുകളിലും വണ്ടികളിലും കൊണ്ടുപോകുന്ന മത്സ്യം ചീത്തയാകാറുള്ളതുകൊണ്ട് അവ സൂക്ഷിക്കാനായി പ്രോസസ്സിംഗ് സെന്റർ തുടങ്ങിയ പുതുമയേറിയ പ്രഖ്യാപനങ്ങൾ ഈ ബഡ്ജറ്റിനെ വ്യത്യസ്തമാക്കുന്നു.

കേരളത്തെ ബ്രിക്സ് രാജ്യങ്ങൾക്കൊപ്പം എത്തിക്കുമെന്നാണ് ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്നത്. ഇന്ത്യയിലെ സംസ്ഥാനങ്ങളോടല്ല കേരളം മത്സരിക്കുന്നത്. ഇന്ത്യയിൽ പ്രതിശീർഷ വരുമാനത്തിൽ കേരളം ഒന്നാം സ്ഥാനത്താണ്. വളർച്ചാ നിരക്കിൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ കേരളം ഒന്നാം സ്ഥാനത്താണ്. ഇന്നലെ ബഹുമാന്യരായ എസ്. ശർമ്മയുടേയും എളമരം കരീമിന്റെയുമൊക്കെ പ്രസംഗങ്ങൾ കേട്ടു. ശ്രീ. എസ്. ശർമ്മ ചോദ്യ ശരങ്ങളുമായി ഉറഞ്ഞുതുള്ളുകയായിരുന്നു. ചുമട്ടുതൊഴിലാളികൾക്ക് എവിടെയാണ് പെൻഷൻ ? ചുമട്ടുതൊഴിലാളികൾക്ക് നിങ്ങൾ പെൻഷൻ കൊടുത്തോ എന്നെല്ലാം ചോദിച്ചു. ചുമട്ടുതൊഴിലാളികൾക്ക് പെൻഷൻ കൊടുക്കുന്നത് ചുമട്ടുതൊഴിലാളികളുടെ ഏൺഡ് വേജസ്സിൽ നിന്നുള്ള പങ്കിൽ നിന്നും ഉടമകളിൽ നിന്ന് നൽകുന്ന വിഹിതത്തിൽ നിന്നുമാണ്. ഇത് രണ്ടുംകൂടിയാണ് അവർക്ക് ടെർമിനൽ ബെനിഫിറ്റ് ഉണ്ടാക്കുന്നത്. അതിന്റെ പലിശയെടുത്താണ് അവർക്ക് പെൻഷൻ കൊടുക്കുന്നത്. അല്ലാതെ ഇവിടെ ശ്രീ. പി. കെ. ഗുരുദാസനും ഡോ. ടി. എം. തോമസ് ഐസക്കും പെൻഷൻ കൊടുത്തില്ല. പിന്നീടും മൂന്നുനാല് ചോദ്യങ്ങൾ ചോദിക്കുന്നുണ്ടായിരുന്നു. കശുവണ്ടിത്തൊഴിലാളികൾക്ക് എവിടെ പെൻഷൻ, ഇങ്ങനെ നിരവധി ചോദ്യങ്ങൾ അദ്ദേഹം ചോദിച്ചു. ശ്രീ. എസ്. ശർമ്മ, 2009-10-ലെ ഡോ. ടി. എം. തോമസ് ഐസക്കിന്റെ ബഡ്ജറ്റിലെ കാര്യങ്ങൾ ഞാൻ എടുത്തുപറയട്ടെ. നിങ്ങൾ കളിയാക്കിയല്ലോ. ഇതൊക്കെ നടന്നോയെന്നു നിങ്ങൾ ചോദിച്ചല്ലോ; 2010 മാർച്ച് 5-ൽ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ഡോ. ടി. എം. തോമസ് ഐസക്കിന്റെ സുപ്രധാന പ്രഖ്യാപനങ്ങൾ ഇവയായിരുന്നു. ഇന്ത്യയിൽ ആദ്യമായി, കേരളത്തിലെ നഗര മേഖലയിൽ തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുകയാണ്; അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുന്നതിന് 20 കോടി രൂപ നൽകുന്നു; ഈ പ്രഖ്യാപനത്തിനുശേഷം ഒരു വർഷംകൂടി എൽ.ഡി.എഫ്. ഭരിച്ചു. എന്ത് നടന്നു ? ഡോ. ടി. എം. തോമസ് ഐസക്കിന്റെ വാക്ക് പഴയ ചാക്കല്ലാതെ എന്താണ് നടന്നത് ? ഹരിത ഫണ്ട്, ഡാമിൽനിന്ന് ചെളിയെടുത്ത് ക്ഷയിച്ച വനങ്ങളെ യുദ്ധകാലാടിസ്ഥാനത്തിൽ പുനരുജ്ജീവിപ്പിക്കാനും വനപ്രദേശങ്ങളെ സംയോജിപ്പിക്കുന്നതിനും നടപടി. അങ്ങനെ നാടിനെ ഐശ്വര്യപൂർണ്ണമാക്കുന്നതിന് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ആയിരം കോടി രൂപയുടെ ഹരിത ഫണ്ടിന് രൂപം നൽകി. ഡോ. ടി.എം. തോമസ് ഐസക് പറഞ്ഞത് കേരളത്തിലെ ഡാമിൽ നിന്ന് ചെളിയും മണലും വാരി ആയിരം കോടി രൂപ ഉണ്ടാക്കുമെന്നാണ്. ഒരു കൊല്ലംകൊണ്ട് ഒരു ഡാമിലേയും ചെളി വാരിയില്ല. ഈ കണ്ടുപിടിത്തക്കാരന്റെ തലയിൽ ചെളിയാണെന്നാണ് കാലം തെളിയിച്ചത്. അവസാനം നടക്കാത്ത കാര്യങ്ങൾ പറഞ്ഞ് ഡോ. ടി. എം. തോമസ് ഐസക് ജനിക്കാത്ത കുഞ്ഞിന്റെ പിതാവായി. ഡോ. ടി. എം. തോമസ് ഐസക്കിന്റെ 2009-10 ബഡ്ജറ്റ് പ്രസംഗത്തിൽ പേജ് നമ്പർ 34-ൽ ഇടുക്കിയിലും വയനാട്ടിലും വിമാനത്താവളങ്ങൾ ആരംഭിക്കുന്നതിനെക്കുറിച്ച് പറഞ്ഞതായി പലരും ഇവിടെ പറയുന്നത് കേട്ടു. അവിടെ രണ്ട് സ്ഥലത്തും സംയുക്ത സംരംഭങ്ങളായാണ് എയർസ്ട്രിപ്പുകൾ സ്ഥാപിക്കുന്നത്. രണ്ട് വർഷക്കാലം എൽ.ഡി.എഫ്. കേരളം ഭരിച്ചു. പിന്നീട് എപ്പോഴെങ്കിലും ഇതിനെക്കുറിച്ച് ആലോചിക്കേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

വന്നിട്ടുണ്ടോ. സ്ഥാനാർത്ഥി സാറാമ്മ എന്ന പഴയ സിനിമയിൽ അടൂർഭാസി പറയുന്നതുപോലെ തോട്ടിൻകരയിൽ വിമാനമിറങ്ങാൻ താവളമുണ്ടാക്കുന്ന ഐസക്കാണ്. 2009-10 ബഡ്ജറ്റിൽ പേജ് നമ്പർ 29-ൽ ഉൾനാടൻ ജലഗതാഗതം-ദേശീയ ജലപാതയുടെയും കനാലുകളുടെയും നവീകരണത്തിന് 100 കോടി രൂപ വകയിരുത്തിയിരുന്നു ഡോ. ടി. എം. തോമസ് ഐസക്. അത് രണ്ട് വർഷം കൊണ്ട് സമയബന്ധിതമായി പൂർത്തീകരിക്കുമെന്നാണ് പറഞ്ഞത്. അന്നത്തെ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദൻ എന്റെ നാട്ടിൽ വന്നു. തുരപ്പിലൂടെ എന്നെയും പിടിച്ച് വള്ളത്തിൽ കയറി അദ്ദേഹം എല്ലാ സ്ഥലങ്ങളിലും പോയി. തിരിച്ച് വന്ന് ഇറങ്ങിയതിനുശേഷം അദ്ദേഹം അവിടെനിന്ന് പ്രസംഗിച്ചു. ഒരു വർഷംകൊണ്ട് ഈ തുരപ്പിന്റെയും കനാലിന്റെയും പണി പൂർത്തിയാക്കുമെന്ന് പറഞ്ഞു. അവിടെ ടൂറിസ്റ്റ് ബോട്ടുകൾ വരും, ആ ബോട്ടുകൾ ബും ബും എന്ന ശബ്ദമുണ്ടാക്കി സഞ്ചരിക്കുന്നത് നിങ്ങൾക്ക് കാണാമെന്നൊക്കെ സംസാരിച്ചു. ഒരു ബോട്ടും കണ്ടില്ല, ഒരു ബും ബും ശബ്ദവും കേട്ടില്ല. ആയിരക്കണക്കിന് ലോഡ് മണൽ ഇതിന്റെ ടെണ്ടർകാരൻ കടത്തി എന്നുമാത്രമല്ല ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശ്വസ്തനായ മേനോനെ, പ്രോജക്ട് ഡയറക്ടറെ ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ പോലീസ് പെണ്ണ് കേസിലുമാക്കി. അതോടെ ആ പദ്ധതി അവിടെ അവസാനിച്ചു. ഡോ. ടി. എം. തോമസ് ഐസക്കിന്റെ 2009-10 ബഡ്ജറ്റ് പ്രസംഗത്തിൽ പേജ് നമ്പർ 18-ൽ കേരള സംരംഭക നിധി-വെഞ്ചർ ഫണ്ട് ആരംഭിക്കുമെന്ന് പറയുന്നു. പ്രവാസികളുടേയും സർക്കാർ ധനകാര്യ സ്ഥാപനങ്ങളുടെയും പണംകൊണ്ട് ആരംഭിച്ച നൂതന സാങ്കേതിക ആശയങ്ങളെ യാഥാർത്ഥ്യമാക്കുന്നതിന് 100 കോടി രൂപയുടെ വെഞ്ചർ ഫണ്ടാണ് പ്രഖ്യാപിച്ചത്. ഈ പദ്ധതി പോയവഴിക്ക് പുല്ലുപോലും കുരുത്തില്ല. ഐസക്കിന്റെ വെഞ്ചർ പഞ്ചറായി എന്നതാണ് സംഭവിച്ചത്. 2009-10 ബഡ്ജറ്റ് പ്രസംഗത്തിൽ പേജ് നമ്പർ 6-ൽ കെ.എസ്.ഐ.ഡി.സി., കിൻഫ്ര, ഐ.ടി. ഇൻഫ്രാസ്ട്രക്ചർ കമ്പനി, ഹൗസിംഗ് ബോർഡ് എന്നിവയുമായി ബന്ധപ്പെട്ട് 10,000 കോടി രൂപയുടെ സ്വകാര്യ നിക്ഷേപമാണ് ലക്ഷ്യമിടുന്നതെന്ന് പറയുന്നു. ഇതിൽ 5000 കോടി രൂപയുടെയെങ്കിലും പദ്ധതികൾ ഒരു വർഷത്തിനുള്ളിൽ ആരംഭിക്കുമെന്നും പറഞ്ഞിട്ടുണ്ട്. എത്ര കോടി രൂപ എവിടെയാണ് നിക്ഷേപിച്ചത് ? നിങ്ങൾ ഓരോന്ന് പറഞ്ഞ് കളിയാക്കുന്നുണ്ടല്ലോ. അതുപോലെതന്നെ ഞാൻ ചോദിക്കട്ടെ. ഈ സർക്കാരിനെ നിങ്ങൾ പരസ്യമായി പറഞ്ഞതെന്താണ് ? ജാഥകളുടെ സമയമായിരുന്നു. ജാഥകൾ അവസാനിച്ചപ്പോൾ, ഇവിടെ സംസാരിച്ചപ്പോഴും പറഞ്ഞുകേട്ടതും-സർക്കാരിനെതിരായ ജനവികാരം ആളിക്കത്തിക്കുമെന്നും ആ ജനവികാരത്തിൽ സർക്കാർ കത്തി ചാമ്പലാകുമെന്നും പറഞ്ഞിരുന്നു. അദ്ധ്യാപകരുടെയും ജീവനക്കാരുടേയും സമരം അർദ്ധരാത്രി 1.30-ന് എങ്ങനെ ഊരിക്കൊണ്ട് പോയിയെന്നുള്ള സംഭവം കേരളത്തിലെ ജനങ്ങൾക്കറിയാം. ഭൂസമരം നനഞ്ഞ പടക്കമായിപ്പോയി. എന്റെ നിയോജകമണ്ഡലത്തിൽ തുമ്പോട് എന്ന് സ്ഥലത്ത് ഭൂസമരമുണ്ടായിരുന്നു. ഭൂമി പിടിക്കാൻ വന്ന കർഷക തൊഴിലാളിയെയും ഞാൻ കണ്ടു. ബെൻസ്, ബി.എം.ഡബ്ല്യൂ., സ്കോഡ, ഇന്നോവ എന്നീ വണ്ടികളൊക്കെ നിരത്തി ഭൂമി പിടിക്കാൻ കർഷകത്തൊഴിലാളികൾ വന്നിറങ്ങി. ആ സമരം എവിടെ അവസാനിച്ചു ; ആ സമരം നനഞ്ഞ



LIBRARY ARCHIVES Kerala Legislative Assembly

പടക്കമായിപ്പോയി. അടുപ്പുകൂട്ടി കണ്ണിൽ നിന്നും വെള്ളം വന്നതല്ലാതെ യാതൊരു പ്രയോജനവുമുണ്ടായില്ല. നിങ്ങൾക്ക് ഭരണപക്ഷമാകാനുള്ള ആരോഗ്യവുമില്ല പ്രതിപക്ഷമാകാനുള്ള ആരോഗ്യവുമില്ല. അടുപ്പുകൂട്ടി സമരം നടന്ന ദേശീയപാതയിൽ കിലോമീറ്ററുകളോളം അടുപ്പും കലവും ആളുമില്ലായിരുന്നു. ഉള്ള സ്ഥലത്ത് കുറച്ച് സ്ത്രീകൾ ചായയും കപ്പയുമുണ്ടാക്കി സന്തോഷമായിരിക്കുകയായിരുന്നു. കൊടിയും തോരണങ്ങളുമില്ല. മുദ്രാവാക്യവും പ്രസംഗവുമില്ല. എന്റെ ഒരു സ്നേഹിതൻ പറഞ്ഞത്, മംഗലാപുരത്തുനിന്നും ശബരിമലയിലേക്ക് വന്ന സ്വാമിമാർ അവിടെയിറങ്ങി പൈസയിട്ട് പൊങ്കാലയാണെന്നാണ് കരുതി സ്വാമിയേ ശരണമയ്യപ്പാ എന്ന് വിളിച്ചിട്ട് പോയി എന്നാണ്. ആ കാശ് വാങ്ങി സഞ്ചിയിലിട്ട നിങ്ങളുടെ സമരത്തിന് യാതൊരു ഇംപാക്ടും കണ്ടില്ല.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

5 വർഷക്കാലത്തെ ഭരണം പൂർത്തിയാകുമ്പോൾ വിവിധ വിഭാഗം തൊഴിലാളികൾ ഉൾപ്പെടെ എല്ലാ ജനങ്ങൾക്കും അഭയവും അത്താണിയും കേരളത്തിലെ യു.ഡി.എഫ്. സർക്കാരാണെന്ന് ജനങ്ങൾ പറയും. ഇപ്പോൾ എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ ആ പ്രശ്നങ്ങളെല്ലാം അതിജീവിക്കും. ഈ മുന്നണിയിൽ കലക്കവെള്ളത്തിൽ മീൻ പിടിക്കാമെന്ന നിങ്ങളുടെ ആശ നടക്കാൻ പോകുന്നില്ല. പിറവത്തും നെയ്യാറ്റിൻകരയിലും നമ്മൾ തെരഞ്ഞെടുപ്പിനെ അഭിമുഖീകരിച്ചതല്ലേ; തെരഞ്ഞെടുപ്പ് ഫലത്തെക്കുറിച്ച് നിങ്ങളുടെ പ്രവചനങ്ങൾ എന്തൊക്കെയായിരുന്നു? ഫലം പുറത്തുവന്നപ്പോൾ എ.കെ.ജി. സെന്ററിലും സി.പി.എം. ഓഫീസിലും ഇല്ലത്ത് പെണ്ണ് പെറ്റതുപോലെയായി സങ്കടം. സഹോദരിമാരുടെ മാനംകാക്കുന്ന കാര്യമായിരുന്നു എനിക്ക് മുമ്പ് സംസാരിച്ച സഹോദരിയും പറഞ്ഞത്. ഡി.വൈ.എഫ്.ഐ.-യും സി.പി.ഐ.(എം)-ഉം നടത്തുന്ന പോരാട്ടങ്ങളൊക്കെ ആർക്കാണ് കൗതുകം പകരാത്തത്? നിങ്ങൾ ഇരകളെത്തേടി പോകുമെന്നാണ് പറഞ്ഞത്.*** ഇരകളെയും നിങ്ങൾ തേടി പോകണം. ആ ഇരകളെ നിങ്ങൾ തേടുമോയെന്ന് അറിയണ്ടേ; അതോടൊപ്പം തന്നെ എല്ലാ ഇരകളെയും തേടണമെങ്കിൽ അത്തരത്തിലുള്ള ഇരകളെയും തേടേണ്ടി വരണ്ടേ? എനിക്ക് എന്റെ നിയോജക മണ്ഡലത്തിലെ ചില പ്രശ്നങ്ങളാണ് നിങ്ങളുടെ മുന്നിൽ അവതരിപ്പിക്കാനുള്ളത്.

ശ്രീ. ജി. സുധാകരൻ: പോയിന്റ് ഓഫ് ഓർഡർ. ഇന്ന് സഭയിൽ ചില പ്രത്യേക രീതിയിൽ സംസാരിക്കരുതെന്ന് എല്ലാവരോടും അങ്ങും മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും പറഞ്ഞു. അവസാനം ശ്രീ. രമേശ് ചെന്നിത്തലതന്നെ അതിന്റെ ധാർമ്മിക മൂല്യത്തെപ്പറ്റി പറഞ്ഞു. ഞാൻ ശ്രീ. വർക്കല കഹാറിന്റെ ശൈലിയോടല്ല, ഈ സഭയിൽ നിരവധി പൊതുപ്രവർത്തകരെപ്പറ്റി പേരെടുത്ത് പറഞ്ഞുകൊണ്ട് ചില പ്രത്യേക കേസ് പറഞ്ഞിരിക്കുകയാണ്. ഒരു തരത്തിലും കുറ്റം ചെയ്തിട്ടില്ലെന്ന് തെളിയിക്കപ്പെട്ട*** പറഞ്ഞു. ഞങ്ങൾ അന്വേഷിച്ചതാണ്. ഞങ്ങൾ ശ്രീ. പി. ജെ. കുര്യന്റെ പേര് പറഞ്ഞില്ല. അങ്ങനെ നടത്തിയ പരാമർശം നീക്കം ചെയ്യണം. ശ്രീ. വർക്കല കഹാറിന്റെ പ്രസംഗ ശൈലി നന്നായിരുന്നു. പക്ഷേ ഇത് പറയാൻ പാടില്ലായിരുന്നു. നിങ്ങൾ പറഞ്ഞ ഈ പേര് പിൻവലിക്കണം. അത് ശരിയല്ല. അങ്ങനെ എല്ലാവരും പറയും.

*** പിൻവലിച്ചു

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : എന്താണ് പോയിന്റ്?

ശ്രീ. സി. പി. മുഹമ്മദ് : ബഹുമാനപ്പെട്ട ജി. സുധാകരൻ ഇവിടെ നേരത്തെ ഉണ്ടായിരുന്നില്ല. ശ്രീ. പി. ജെ. കുര്യന്റെ പേര് പറഞ്ഞ് ശ്രീമതി കെ. കെ. ലതികയാണ് പ്രസംഗിച്ചത്. മറുപടി പറയുമ്പോൾ ഇതുപോലെ കലിതുള്ളിയിട്ട് കാര്യമില്ല.

മി. സ്പീക്കർ : അങ്ങയുടെ മണ്ഡലത്തെ സംബന്ധിച്ചുള്ള കാര്യങ്ങൾ പറയാൻ ഇപ്പോൾതന്നെ 6 മിനിട്ട് അധികമെടുത്തു.

ശ്രീ. വർക്കല കഹാർ : സർ, ഞാൻ മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. ബഹുമാന്യനായ എന്റെ സ്നേഹിതൻ ജി. സുധാകരൻ പറഞ്ഞത് പ്രകാരം ***ഞാൻ പിൻവലിക്കുകയാണ്. എന്റെ നിയോജക മണ്ഡലത്തിലെ ഒന്നുരണ്ട് കാര്യങ്ങൾ പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. വർക്കലക്കുന്നുകൾക്ക് പകരം വയ്ക്കാനില്ലാത്ത സവിശേഷതകൾ കണക്കിലെടുത്ത് ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ സഹായത്തോടെ ഈ കുന്നുകളെ രാജ്യത്തെ ആദ്യത്തെ ജിയോപാർക്കാക്കി മാറ്റി യുനെസ്കോയുടെ പൈതൃക പട്ടികയിൽ ഇടം നേടാനുള്ള ശ്രമങ്ങൾ നടന്നുവരികയാണ്. ഈ ശ്രമങ്ങൾക്ക് യു.ഡി.എഫ്. സർക്കാർ അകമഴിഞ്ഞ പിന്തുണയാണ് നൽകിക്കൊണ്ടിരിക്കുന്നത്. ഇക്കാര്യത്തിൽ ആധുനിക മ്യൂസിയം സ്ഥാപിക്കുമെന്ന അങ്ങയുടെ പ്രഖ്യാപനത്തിന് ഹൃദയപൂർവ്വം ഞാൻ നന്ദി പറയുന്നു. ഒരു സംസ്കൃതിയുടെ ഭാഗമായ തുരപ്പിനേയും ടി.എസ്. കനാലിനെയും നവീകരിക്കണമെന്ന ആവശ്യം വർഷങ്ങളുടെ പഴക്കമുണ്ട്. അവിടെയാണ് മുൻമുഖ്യമന്ത്രി വന്നതെന്ന് ഞാൻ പറഞ്ഞത്. ഉന്നത ഉദ്യോഗസ്ഥരുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ വർക്കല തുരപ്പിന്റെ നവീകരണത്തിനായി ഒരു സംവിധാനമുണ്ടാക്കണം. മുൻ രാഷ്ട്രപതി നിയമസഭയെ അഭിസംബോധന ചെയ്ത് പ്രധാനഘടകമായി പറഞ്ഞ കാര്യങ്ങൾ പരിശോധിക്കപ്പെടണം. അതോടൊപ്പംതന്നെ ചരിത്രപരമായി പ്രാധാന്യമുള്ള ഏറ്റവും കൂടുതൽ വില്ലേജുകളുള്ള ചിറയിൻകീഴ് താലൂക്കിലെ വർക്കല താലൂക്ക് എന്ന സ്ഥലത്തിന്റെ ചരിത്രപരമായ പ്രാധാന്യവും മറ്റുസംഗതികളും പരിഗണിക്കപ്പെടുകയും പുനഃസംഘടന സംവിധാനം ഏർപ്പെടുത്തുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ ബഡ്ജറ്റിനെ ഞാൻ സർവ്വാത്മനാ ഒരിക്കൽകൂടി പിന്തുണച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. രാജു എബ്രഹാം : സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. കേരളത്തെ അവഗണിച്ച, കേരളത്തിന് അരി നൽകാത്ത, ട്രെയിൻ അനുവദിക്കാത്ത

3.02 P.M.]

കേന്ദ്ര സർക്കാർ ആടിയുലയുകയാണ്. സി.പി.ഐ. (എം)-ന്റെ ലക്ഷക്കണക്കിനാളുകൾ പങ്കെടുത്ത മഹാറാലി ഇന്ന് ഡൽഹി പട്ടണത്തിൽ നടന്നപ്പോൾത്തന്നെ യു.പി.എ. ഗവൺമെന്റിനുള്ള പിന്തുണ ഡി.എം.കെ. പിൻവലിച്ചിരിക്കുകയാണ്. ഇത് രാജ്യമാകെ ഉയരാൻ പോകുന്ന ഉജ്ജ്വലമായ മാറ്റത്തിന്റെ തുടക്കമായി നമുക്ക് കാണാം. 1991-ൽ പുതിയ സാമ്പത്തിക നയം നടപ്പിലാക്കുമ്പോൾ 10 വർഷംകൊണ്ട് രാജ്യത്തെ

*** പിൻവലിച്ചു

LIBRARY ARCHIVES Kerala Legislative Assembly

സ്വർഗ്ഗമാക്കുമെന്നാണ് അന്ന് പി. വി. നരസിംഹറാവു പറഞ്ഞത്. ബഹുമാനപ്പെട്ട ശ്രീ. കെ. എം. മാണിസാർ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ നമ്മുടെ പരിതാപകരമായ അവസ്ഥയെ സംബന്ധിച്ചാണ് ആമുഖത്തിൽ വിശദമായി സൂചിപ്പിക്കേണ്ടി വന്നത്. 23 വർഷം കഴിയുമ്പോഴും നമ്മുടെ രാജ്യത്തെ ദരിദ്ര നാരായണൻമാരുടെ എണ്ണം 50 കോടി കഴിഞ്ഞുനിൽക്കുകയാണ്. ലോകത്തിൽ ഏറ്റവും കൂടുതൽ വിലക്കയറ്റമുള്ള രാജ്യമായി ഭാരതം മാറി. ആ ഭാരതത്തിൽ ഏറ്റവും വിലക്കയറ്റമുള്ള സംസ്ഥാനമായി കേരളവും മാറി. ഇടതുപക്ഷ ജനാധിപത്യ മുന്നണി കേരളം ഭരിക്കുമ്പോൾ വിലക്കയറ്റത്തിന്റെ കാര്യത്തിൽ കേരളത്തിന് 17-ാം സ്ഥാനമായിരുന്നു. ലേബർ വകുപ്പിന്റെ സ്റ്റാറ്റിസ്റ്റിക്കൽ കണക്കുപ്രകാരം വിലക്കയറ്റത്തിന്റെ കാര്യത്തിൽ ഇന്ന് കേരളത്തിന് 1-ാം സ്ഥാനമാണ്. ഏറ്റവും കൂടുതൽ കള്ളപ്പണം നിക്ഷേപിക്കുന്നവരുടെ രാജ്യമായി ഭാരതം മാറുന്നു. ഈ ഭാരതത്തിലാണ് കേരളത്തിനുമാത്രമായി ഒരു മാറ്റമുണ്ടാക്കാൻ കഴിയുമെന്ന സ്വപ്നം ബഹുമാനപ്പെട്ട ശ്രീ.കെ. എം. മാണിസാർ വീണ്ടും ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഈ സാമ്പത്തിക വർഷം ആദ്യത്തെ പത്ത് മാസത്തെ പദ്ധതി വിഹിതം 52 ശതമാനം മാത്രമാണ് ചെലവഴിച്ചത്. ഇനി അവശേഷിക്കുന്നത് കേവലം പത്ത് ദിവസം മാത്രമാണ്. നമ്മുടെ പദ്ധതിയടങ്കൽ ചെലവഴിക്കാത്ത ഒരു സംസ്ഥാനമായി കേരളം മാറുന്ന ദുഃസ്ഥിതി ആവർത്തിക്കുകയാണ്. വരൾച്ച ബാധിച്ച കേരളത്തിലെ പ്രദേശങ്ങളേയും കൃഷിയേയും ജനങ്ങളേയും മറന്നുകൊണ്ടാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. വിലക്കയറ്റം തടഞ്ഞുനിർത്താൻ എന്ത് നൂതനമായ പരിപാടികളാണ് ഇവിടെ ആവിഷ്കരിച്ചിരിക്കുന്നത് ? ഇവിടെ എല്ലാ വർഷവും മാവേലി സ്റ്റോറുകൾ നടത്താൻ 100 കോടി രൂപ എല്ലാ ഗവൺമെന്റുകളും നൽകാറുണ്ട്. അതുപോലെ 100 കോടി രൂപ പൊതുവിതരണ സമ്പ്രദായത്തിനായി മാറ്റിവച്ചതല്ലാതെ അതിരൂക്ഷമായ വിലക്കയറ്റം തടയാൻ യാതൊരുവിധ നടപടികളും സ്വീകരിച്ചിട്ടില്ല. പ്രതിപക്ഷത്തുള്ളവർപോലും ഈ ബഡ്ജറ്റ് വളരെ സന്തോഷത്തോടെയാണ് സ്വീകരിച്ചതെന്നാണ് ബഹുമാനപ്പെട്ട വർക്കല കഹാർ പറഞ്ഞത്. ബഡ്ജറ്റിൽ പ്രതിഷേധിച്ച് ശ്രീ. പി. ബി. അബ്ദുൾ റസാക് എം.എൽ.എ ഇവിടെനിന്ന് ഇറങ്ങിപ്പോയി. ലീഗിന്റെ നേതാക്കൻമാർ കണ്ണുരുട്ടിയപ്പോഴാണ് ശ്രീ. പി. ബി. അബ്ദുൾ റസാക് അവിടെ ഇരിക്കാൻ തയ്യാറായത്. ഞങ്ങൾ ഈ ബഡ്ജറ്റിനെ പിന്തുണയ്ക്കുന്ന പ്രശ്നമില്ലെന്ന് ശ്രീ. ഹൈബി ഈഡൻ, ശ്രീ. എം. പി വിൻസെന്റ്, ശ്രീ. കെ. എം. ഷാജി എന്നീ എം.എൽ.എ-മാർ പരസ്യമായി പറഞ്ഞു. ഭരണകക്ഷിയിൽപ്പെട്ട മൂന്ന് എം.എൽ.എ-മാർ ബഡ്ജറ്റിനെ അനുകൂലിച്ച് സംസാരിക്കില്ല എന്നുപറയുന്ന പരിതാപകരമായ അവസ്ഥ കേരളത്തിന്റെ ചരിത്രത്തിൽ ഉണ്ടായിട്ടുണ്ടോ ? ശ്രീ. എൻ. എ. നെല്ലിക്കുന്നിന്റെ ആമുഖ പ്രസംഗം കാസർഗോഡ് ജില്ലയെത്തന്നെ അവഗണിച്ചുവെന്നാണ്.

ഞങ്ങൾ ബഡ്ജറ്റ് പരിശോധിച്ചപ്പോൾ മിക്ക ജില്ലകൾക്കും വേണ്ടത്ര പരിഗണന ലഭിച്ചിട്ടില്ല എന്നാണ് മനസ്സിലായത്. പത്തനംതിട്ട ജില്ലയിൽ ബഹുമാനപ്പെട്ട കെ. ശിവദാസൻ നായർക്ക് ഒരു പാലത്തിനായി 5 കോടി രൂപയും ശ്രീ. അടൂർ പ്രകാശ് മന്ത്രിയായതുകൊണ്ട് ഒരു കോടി രൂപയും ലഭിച്ചു. അവിടെ മറ്റ് നിയോജക മണ്ഡലങ്ങളില്ലേ ? കൊല്ലം ജില്ലയിലെ എത്ര എം.എൽ.എ.-മാർക്കാണ് വിഹിതം ലഭിച്ചത് ? തൃശ്ശൂർ ജില്ലയ്ക്ക് ഒന്നും കൊടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ഇതെല്ലാം തമിഴ്നാട്ടിൽ കൊണ്ടുപോകയോ ?

ശ്രീ. രാജു എബ്രഹാം : സർ, അതാണ് പ്രശ്നം. അങ്ങ് ഇക്കാര്യത്തിൽ ഇടപെട്ട് പരിശോധിക്കണം. മലപ്പുറത്തിന് ബഡ്ജറ്റിൽ വിഹിതമൊന്നും ലഭിച്ചിട്ടില്ലെന്നാണ് മലപ്പുറത്തുള്ളവർ പറയുന്നത്. പ്രക്ഷേ വോളിയം 1 പരിശോധിച്ചാൽ വിഹിതമെല്ലാം മലപ്പുറത്തും കോട്ടയത്തുമാണ് നൽകിയിരിക്കുന്നത്. ഇങ്ങനെ ജില്ലകളെ മരവിപ്പിക്കാൻ എങ്ങനെയാണ് കഴിഞ്ഞത്. എം.എൽ.എ.-മാരെ കണക്കിലെടുക്കാതെ എങ്ങനെ ഒരു ഭരണത്തിന് മുന്നോട്ട് പോകാൻ കഴിയും. ഊർജ്ജ വകുപ്പിന് ആകെ കൊടുത്തത് 46 കോടി രൂപയാണ്.

ശ്രീ. ജി. സുധാകരൻ : സർ, പുറക്കാട് ജംഗ്ഷനിൽനിന്ന് കിഴക്കോട്ട് കരിനില മേഖല വരെയുള്ള മൂന്ന് കിലോമീറ്റർ റോഡ് വികസനത്തിനായി ഞാനാണ് ഫണ്ട് ആവശ്യപ്പെട്ടിരുന്നത്. എന്നാൽ യൂത്ത് കോൺഗ്രസ്സിന്റെ ദേശീയ ജനറൽ സെക്രട്ടറി ശ്രീ. എം. ലിജു നിർദ്ദേശിച്ചപ്രകാരം ഫണ്ട് അനുവദിച്ചിരിക്കുന്നുവെന്നാണ് അവിടെ ഫ്ളക്സ് വച്ചിരിക്കുന്നത്. അദ്ദേഹം എന്നോട് 17000 വോട്ടിന് പരാജയപ്പെട്ട ആളാണ്. അയാൾ ആ നാട്ടുകാരനല്ല, അയാൾ ഒന്നും നിർദ്ദേശിച്ചിട്ടുമില്ല. ഇതൊക്കെയാണ് ഇവിടെ നടക്കുന്നത്.

മി. സ്പീക്കർ : അതൊന്നും പി.ഡബ്ല്യു.ഡി. മന്ത്രി അറിഞ്ഞുകൊണ്ട് വയ്ക്കുന്ന ഫ്ളക്സ് അല്ല.

ശ്രീ. ജി. സുധാകരൻ : സർ, എല്ലാ വകുപ്പിലും ഇത് വരുന്നു. ഇത് ഗവൺമെന്റിന് അപമാനകരമാണ്.

ശ്രീ. രാജു എബ്രഹാം : സർ, ലജ്ജാകരമായ അവസ്ഥയിലേക്ക് കാര്യങ്ങൾ പോകുകയാണ്. ഗവൺമെന്റ് സംസ്ഥാനത്തിന്റെ വിഹിതത്തോടുകൂടി നടപ്പാക്കുന്ന പദ്ധതികൾപോലും എം.പി.-മാർ ഹൈജാക് ചെയ്തുകൊണ്ടുപോകുകയാണ്. അങ്ങയുടെ അറിവോടുകൂടി പുറത്തിറക്കിയിരിക്കുന്ന ഒരു ഉത്തരവിന്റെ ബലത്തിലാണ് സംസ്ഥാന ഗവൺമെന്റ് നടപ്പാക്കുന്ന പദ്ധതികൾപോലും ഇന്ന് കേരളത്തിൽ ഹൈജാക് ചെയ്തുകൊണ്ടുപോയിരിക്കുന്നത്. അങ്ങ് ഇക്കാര്യത്തിൽ വളരെ ഗൗരവമായി ഇടപെടുകയും പരിശോധിക്കുകയും ചെയ്യേണ്ട അവസ്ഥയിലേക്ക് കേരളം പോയിക്കൊണ്ടിരിക്കുകയാണ്. ഇതൊന്നും കേരളത്തിൽ ഇതിനുമുമ്പ് ഉണ്ടായിട്ടുള്ള സംഭവമല്ല.

സാധാരണ ബഡ്ജറ്റിൽ ആഭ്യന്തരവകുപ്പ് ആദ്യത്തെ പാരഗ്രാഫിലാണ് വരുന്നത്. ഈ ബഡ്ജറ്റിൽ അവസാനമാണ് കൊടുത്തിരിക്കുന്നത്. ആഭ്യന്തര വകുപ്പിന് ജയിലിൽ വയ്ക്കുന്നതിനായി 8 മഴവെള്ള സംഭരണികൾ മാത്രമാണ് ഈ ബഡ്ജറ്റിൽ നൽകിയിട്ടുള്ളത്. പരിതാപകരമായി തോന്നിയതുകൊണ്ട് പറഞ്ഞതാണ്. എന്റെ നാട്ടിൽ ഫയർ എഞ്ചിൻ ഇല്ല. മറ്റൊരു സ്ഥലത്തുനിന്നാണ് ഫയർ എഞ്ചിൻ അവിടെ കൊണ്ടുവരുന്നത്. ഞാൻ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയോട് പല പ്രാവശ്യം ഇക്കാര്യം പറഞ്ഞിരുന്നു. ഫയർ എഞ്ചിൻ നൽകാമെന്നാണ് അദ്ദേഹം പറഞ്ഞത്. അഗ്നിശമന വിഭാഗത്തിന്റെ അവസ്ഥയും പരിതാപകരമാണ്. അഗ്നിശമന വിഭാഗത്തിന്റെ വണ്ടികളെല്ലാം പഴയതാണ്. കുറച്ചുതുകയെങ്കിലും അതിന്റെ നവീകരണത്തിനായി മാറ്റി വയ്ക്കേണ്ടതല്ലേ ?

LIBRARY ARCHIVES Kerala Legislative Assembly

അത്തരമൊരു സമീപനം സ്വീകരിക്കുന്നില്ല. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി തുടങ്ങിവച്ച കുറെ പദ്ധതികളുണ്ട്. ആ പദ്ധതികളൊക്കെ നടപ്പാകുമെന്ന വലിയ പ്രതീക്ഷയായിരുന്നു ജനങ്ങൾക്കുണ്ടായിരുന്നത്. കണ്ണൂർ എയർപോർട്ടിൽ ഇറങ്ങി കോഴിക്കോട് മോണോ റെയിലിൽ കയറി എറണാകുളത്ത് മെട്രോ റെയിലിൽകൂടി യാത്ര ചെയ്ത് സ്മാർട്ട്സിറ്റി കണ്ട് അതിന്റെ സൗന്ദര്യം നുകർന്ന് അവിടെനിന്നും വിഴിഞ്ഞത്തുവന്ന് കപ്പലിൽ കയറി ശ്രീലങ്കവരെ ഉല്ലാസ യാത്ര നടത്തണമെന്നുള്ള മോഹം എനിക്കുണ്ടായിരുന്നു. ഈ യാത്ര എന്ന് നടത്താൻ കഴിയും ?

മി. സ്പീക്കർ : മോഹം ഉപേക്ഷിക്കണ്ട.

ശ്രീ. രാജു എബ്രഹാം : സർ, ആ പ്രതീക്ഷയിലാണ് നമ്മൾ ജീവിക്കുന്നത്. കേരളത്തിന്റെ വികസനത്തെ സമ്പൂർണ്ണമായി തകർത്തു. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതോടുകൂടി എല്ലാ കള്ളന്മാരും കേരളത്തിലേക്ക് വന്നുകൊണ്ടിരിക്കുകയാണ്. കള്ളന്മാർ വിമാനത്തിൽ വരുന്ന കാര്യം നമുക്ക് ആലോചിക്കാൻ കഴിയുമോ ? ഡൽഹിയിൽ നിന്നാണ് ബണ്ടിചോർ ഇവിടേക്കുവന്നത്. ശ്രീ. ഉമ്മൻ ചാണ്ടി കേരളത്തിൽ അധികാരത്തിൽ വന്നിരിക്കുന്നുവെന്ന് പത്രം വായിച്ചപ്പോൾ ബണ്ടി ചോറിന് മനസ്സിലായി. അദ്ദേഹം കേരളത്തിലേക്ക് വച്ചു പിടിച്ചു. ബിട്ടിമെഹന്തി ഒറീസ്സയിലിരുന്ന് പത്രം വായിച്ചപ്പോഴാണ് കേരളത്തിൽ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നിരിക്കുന്നുവെന്ന് മനസ്സിലാക്കിയത്. അദ്ദേഹവും വിമാനത്തിൽ കേരളത്തിലേക്ക് വച്ചുപിടിച്ചു. ഇപ്പോഴാണ് ഡൽഹിയിലുള്ള കള്ളന്മാരെല്ലാം പത്രം വായിച്ചത്. എല്ലാവരും ഇങ്ങോട്ട് വന്നിരിക്കുകയാണ്. എല്ലാവരും വിമാനത്തിലാണ് വന്നിരിക്കുന്നത്. യു.ഡി.എഫ്. അധികാരത്തിൽ വന്നപ്പോൾ നമുക്ക് തിരുടന്മാരെ ഭയപ്പെടേണ്ട ഒരു അവസ്ഥയുണ്ടായിരിക്കുകയാണ്. വളരെ ഗുരുതരമായ ഇത്തരമൊരു അവസ്ഥയിൽ അതിഗൗരവമായ തരത്തിൽ അഴിമതികൾ നമ്മുടെ നാട്ടിൽ നടക്കുന്നുവെന്നു ള്ളതിന്റെ ഒരു ഉദാഹരണമാണ് ഇന്നലെ കണ്ടത്. കുട്ടനാട് പാക്കേജ് നടപ്പാക്കുന്ന കാര്യത്തിൽ വലിയ അഴിമതി ആരംഭിച്ചിരിക്കുന്നുവെന്നുള്ളതിന്റെ സൂചനയാണ് ഇപ്പോൾ പുറത്തുവന്നിരിക്കുന്നത്. ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള FIRMA (State Fisheries Resource Management Society) എന്ന സ്ഥാപനത്തിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് 17-12-2012-ൽ ശ്രീ. തോമസ് ചാണ്ടി എം.എൽ.എ.-ക്ക് നൽകിയ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന് മറുപടിയായി പറഞ്ഞിരിക്കുന്നത്, ഈ പദ്ധതിക്ക് (പോളവാരൽ, പായൽ വാരൽ) 21 കോടി രൂപ അടങ്കൽ നിശ്ചയിച്ചിട്ടുണ്ട് എന്നാണ്.

മി. സ്പീക്കർ : ശ്രീ. രാജു എബ്രഹാം, ഒരു മിനിട്ട് പ്ലീസ്. ശ്രീ. രാജു എബ്രഹാം എനിക്ക് എഴുതി നൽകിയിട്ടുണ്ട്. പക്ഷെ, രണ്ടു വാചകത്തിനപ്പുറം ഒന്നിന്റെയും ബെയ്സ് കാണിച്ചല്ല ഈ കത്ത് നൽകിയിരിക്കുന്നത്. നിയമസഭയിൽ ഒരു മന്ത്രിക്കെതിരെയോ മെമ്പർക്കെതിരെയോ അഴിമതിയാരോപണം നടത്തുമ്പോൾ അതിന് അതിന്റേതായ പശ്ചാത്തലവും സാഹചര്യവുമുണ്ടാകണം. ഞാൻ എന്റെ മുന്നിലുള്ള പുസ്തകങ്ങൾ നോക്കിയാണ്, ശക്ധർ ആന്റ് കൗളും പാർലമെന്ററി പ്രൊസീഡ്യുവറും ശ്രീ. വർക്കല രാധാകൃഷ്ണന്റെ ചില

റൂളിംഗുകളുമെല്ലാം അനുസരിച്ചാണ് ഇതുപറയുന്നത്. "A member has to be careful while making an allegation. He has to satisfy himself that the source is reliable and allegation is based on facts. In effect, he is required to make prima facie investigation into the matter before he writes to the Speaker or the Minister, and more so before he speaks in the House. A notice relating to an allegation based on newspaper reports is not allowed unless the member tabling it gives the Speaker substantial proof that the allegation has some factual basis. In the notice to the Speaker, a member is required to give brief details about the allegation which he proposes to make against a person or another member so that the Speaker could judge the matter beforehand." നിയമസഭയ്ക്കുള്ളിൽ നിയമസഭയുടെ പരിരക്ഷ ഉപയോഗിച്ചുകൊണ്ട് ഒരു മെമ്പർക്കെതിരെയോ മന്ത്രിക്കെതിരെയോ ആരോപണം ഉന്നയിക്കുമ്പോൾ ഈ പശ്ചാത്തലത്തിൽ വേണമെന്നാണ് എനിക്ക് പറയാനുള്ളത്. എല്ലാ നിയമ പുസ്തകങ്ങളും പാർലമെന്റ് പ്രൊസീഡ്യുവർ പുസ്തകങ്ങളും ഇവിടെ ക്വാട്ട് ചെയ്തുകൊണ്ട് ഞാൻ സമയം ദീർഘിപ്പിക്കുന്നില്ല.

ശ്രീ. രാജു എബ്രഹാം: സർ, ചട്ടം 285 പ്രകാരം, '......ഉത്തരത്തിനു വേണ്ടിയുള്ള സംഗതിയെപ്പറ്റി അന്വേഷണം നടത്തുവാൻ മന്ത്രിക്ക് സാധിക്കത്തക്കവണ്ണം, ബന്ധപ്പെട്ട മന്ത്രിക്കുംകൂടി മുൻകൂട്ടി നോട്ടീസ് നൽകാത്ത പക്ഷം........'. എന്നാണ് ചൂണ്ടിക്കാണിച്ചിരിക്കുന്നത്. ഇതുപ്രകാരം, ബഹുമാനപ്പെട്ട മന്ത്രിക്ക് മറുപടി പറയാൻ കഴിയുന്ന തരത്തിൽ വളരെ നേരത്തെതന്നെ ഞാനിത് എഴുതിക്കൊടുക്കുകയുണ്ടായി. കൂടാതെ, മന്ത്രിക്കെതിരായി ഞാൻ ആക്ഷേപം എഴുതി നൽകിയിട്ടില്ല. അതുകൊണ്ട് ചട്ടം 284 പ്രകാരം ഈ പ്രശ്നം എനിക്കിവിടെ അവതരിപ്പിക്കാൻ കഴിയുമെന്നാണ് വിശ്വസിക്കുന്നത്. അതുകൊണ്ടാണ് വളരെ ചുരുങ്ങിയ വാക്കുകളിൽ അങ്ങേക്ക് ഇത് എഴുതി നൽകിയിട്ടുള്ളത്. സംസ്ഥാനത്തെ ഒരു വകുപ്പിന്റെ കീഴിലുള്ള ഒരു സ്ഥാപനം നടത്തുന്ന അഴിമതിയെപ്പറ്റിയാണ് ഞാനിവിടെ പറഞ്ഞത്. ആ വിഷയത്തെ സംബന്ധിച്ച് അന്വേഷിക്കാനുള്ള മതിയായ സമയം ബഹുമാനപ്പെട്ട മന്ത്രിക്കുണ്ടായിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് ഞാൻ ഇതിവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നത്. ഇവിടത്തെ പ്രശ്നമെന്താണ്? 21 കോടി രൂപ അടങ്കലുള്ള ഒരു പ്രവൃത്തിക്ക് ആദ്യത്തെ കോൺട്രാക്ടർക്ക് 7 കോടി രൂപ നൽകി. അതിനുശേഷം അദ്ദേഹത്തെ പിരിച്ചുവിട്ടു. ആദ്യത്തെ കോൺട്രാക്ടറെ പിരിച്ചുവിട്ടതിനുശേഷമാണ് രണ്ടാമത്തെ കരാർ വിളിച്ചിരിക്കുന്നത്. 1-11-2012-ൽ റീ-ടെണ്ടർ ക്ഷണിച്ചു. ടെണ്ടർ ഡേറ്റ് 30-11-2012 ആയിരുന്നു. പായൽ വാരാൻ Weed Harvesting Machine ഉപയോഗിക്കണം എന്നതാണ് ടെണ്ടറിലെ പ്രധാനപ്പെട്ട വ്യവസ്ഥ. ഇതാണ് ഇവിടത്തെ മർമ്മം. Weed Harvesting Machine ഇന്ത്യയിലാകെ പത്തോളം പേർക്ക് മാത്രമാണുള്ളത്. അതുകൊണ്ടുതന്നെ പലരും അപേക്ഷിച്ചില്ല. ആകെ മൂന്നുപേർ മാത്രമാണ് ടെണ്ടർ ക്വാട്ട് ചെയ്തത്. അതിൽ, Bombay JCB Earth Removers എന്ന കമ്പനി ഒരു ക്യൂബിക് അടിക്ക് 220 രൂപ നിരക്കിലാണ് ക്വാട്ട് ചെയ്തത്. ക്വാട്ട് ചെയ്തതിൽ ഏറ്റവും കുറഞ്ഞ തുകയാണ് 220 രൂപ.

LIBRARY ARCHIVES Kerala Legislative Assembly

ഇതനുസരിച്ച് 16-1-2013-ൽ ബോംബെ കമ്പനിക്ക് ടെണ്ടർ നൽകുകയും എഗ്രിമെന്റ് വയ്ക്കുകയും ചെയ്തു. ആ എഗ്രിമെന്റ് പ്രകാരം കോട്ടയം-കാഞ്ഞിരം ഭാഗത്തെ പായൽ ഇവർ വാരി. മന്ത്രിമാരും എം.എൽ.എ.-മാരുമുൾപ്പടെ എത്രയോ ആളുകൾ പോകുന്ന ചങ്ങനാശ്ശേരി-ആലപ്പുഴ റോഡിലുള്ള എ.സി. കനാലിലെ പോളയാണ് ഇപ്പോൾ വാരിക്കൊണ്ടിരിക്കുന്നത്. ഇവിടെയാണ് പ്രശ്നം. ടെണ്ടർ വ്യവസ്ഥയിൽ പ്രധാനമായി പറഞ്ഞിരിക്കുന്ന Weed Harvesting Machine ഈ കമ്പനി ഉപയോഗിച്ചിട്ടില്ല. അങ്ങനെയൊരു മെഷീൻ ഈ കമ്പനിക്കില്ല. കേവലം ഒരു ജെ.സി.ബി. ഉപയോഗിച്ചുകൊണ്ടാണ് ഇവിടെ നിന്ന് പോള വാരുന്നത്. ജെ.സി.ബി. ഉപയോഗിച്ച് പോള വാരുന്നതിന് ഒരു ക്യുബിക് മീറ്ററിന് പരമാവധി 20 രൂപയാണ് ചെലവ് വരുന്നത്. ലാഭം ഉൾപ്പെടെ ഒരു ക്യുബിക് മീറ്ററിന് 50 രൂപ വയ്ക്കുന്നു. എത്ര രൂപയ്ക്കാണ് കൊടുത്തിരിക്കുന്നത് : 220 രൂപയ്ക്കാണ് കൊടുത്തിരിക്കുന്നത്. വാരുന്ന പോള സുരക്ഷിതമായ സ്ഥലത്ത് നിക്ഷേപിക്കണമെന്നതാണ് ടെണ്ടർ വ്യവസ്ഥ. വ്യവസ്ഥയുടെ കോപ്പി എന്റെ കൈവശമുണ്ട്. എന്നാൽ ഇവിടെ പോള വാരി ചിറയിൽ ഇടുകയാണ് ചെയ്യുന്നത്. സുരക്ഷിതമായ ഒരു സ്ഥലത്തും നിക്ഷേപിക്കുന്നില്ല. ആദ്യത്തെ ടെണ്ടർ പ്രകാരം 7 കോടി രൂപ മുടക്കി പോള വാരിയ സ്ഥലത്ത് വീണ്ടും പോള കിളിച്ചു. പോള വാരി മാസങ്ങൾക്കുള്ളിൽ അവിടെ പഴയ സ്ഥിതിയായി. മൂന്ന് ലക്ഷം ക്യുബിക് അടി പോളയുണ്ടാകുമെന്നാണ് കരുതിയത്. ജെ.സി.ബി. ഉപയോഗിച്ച് മൂന്ന് ലക്ഷം ക്യുബിക് അടി പോള വാരിയാലും ആറുമാസം കഴിയുമ്പോൾ ഈ മൂന്ന് ലക്ഷം ക്യുബിക് അടി പോള വീണ്ടും അവിടെ വളരും. ഇതാണ് പോളയുടെ പ്രശ്നം. ഈ പോള ഇങ്ങനെ വാരിക്കൊണ്ടേയിരിക്കുകയാണ്. 12 ദിവസംകൊണ്ട് ഒരു പോള രണ്ടാകുമെന്നതാണ് പോളയുടെ പ്രശ്നം. ഇവിടത്തെ വ്യവസ്ഥ പ്രകാരം ഈ പോള ശാസ്ത്രീയമായ രൂപത്തിൽ മാറ്റുവാൻവേണ്ടി ഏതാണ്ട് 6 കോടി രൂപയുടെ പ്രൊവിഷൻ വച്ചിട്ടുണ്ടായിരുന്നു. ശാസ്ത്രീയമായ ഒരു നടപടിയും ഇവിടെ സ്വീകരിച്ചിട്ടില്ല. അതുകൊണ്ടുതന്നെ 21 കോടി രൂപ മുഴുവനായും പോള വാരാൻ മാത്രമാണ് ഉപയോഗിച്ചിരിക്കുന്നത്. എൻ.ആർ.ഇ.ജി. തൊഴിലാളികൾ കുട്ടനാട്ടിലെ നിരവധി പഞ്ചായത്തുകളിൽ പോള മാറ്റിയിട്ടതിന്റെ കണക്കെടുത്തതിനുശേഷമാണ് ആദ്യത്തെ ടെണ്ടറുകാരന് 7 കോടി രൂപ പാസ്സാക്കിയത്. ആദ്യത്തെ ടെണ്ടറുകാരൻ കുറച്ചുപോളയേ വാരിയുള്ളൂ. എൻ.ആർ.ഇ.ജി. പദ്ധതി പ്രകാരം വാരിയ പോളയ്ക്കാണ് ആദ്യത്തെ ടെണ്ടറുകാരന് കൂടുതൽ പണവും മാറിയത്. മുഴുവനായി എന്ന് ഞാൻ പറയുന്നില്ല. ഒരു ക്യുബിക് മീറ്ററിന് ഇപ്പോൾ ചെലവാകുന്ന കണക്കെടുത്താൽത്തന്നെ ഇപ്പോൾ ടെണ്ടറെടുത്തിരിക്കുന്ന കമ്പനി ഒരു ക്യുബിക് മീറ്ററിന് 170 രൂപയാണ് നേടുന്നത്. ഈ കമ്പനിക്ക് ആകെ ചെലവാകുന്നത് നാലരക്കോടി രൂപയാണ്. 21 കോടി രൂപയിൽ ഈ രണ്ട് കമ്പനികൾക്കുംകൂടി ചെലവാകുന്നത് നാലരക്കോടി രൂപ മാത്രമാണ്. ഈ കമ്പനികൾ കൈപ്പറ്റുന്നത് 15.5 കോടി രൂപയാണ്. ഇതാണ് ലാഭം. എല്ലാ ചെലവും ലാഭവും കഴിഞ്ഞ്, ഒരു ക്യുബിക് മീറ്ററിന് 30 രൂപ ലാഭമിട്ടിരിക്കുകയാണ്. അത് കഴിഞ്ഞ് കിട്ടുന്നതാണ് ഈ 15.5 കോടി രൂപ. ഈ 15.5 കോടി രൂപയുടെ അഴിമതിയാണ് ഇവിടെയുണ്ടായിരിക്കുന്നത്. ഈ അഴിമതിയെപ്പറ്റി ഞാനല്ല ആദ്യം പറഞ്ഞത്. പല കോണുകളിൽ നിന്നും

LIBRARY ARCHIVES Kerala Legislative Assembly

ഇതിനെ സംബന്ധിച്ചുള്ള വാർത്തകൾ ഉയർന്നു. ഇതുസംബന്ധിച്ച് ഇതിന്റെ ചുമതലയുള്ള ഫിഷറീസ് വകുപ്പുമന്ത്രി ബഹുമാനപ്പെട്ട കെ. ബാബു ഇതേവരെ എന്തെങ്കിലും നടപടി സ്വീകരിക്കുകയോ ഒരന്വേഷണത്തിന് ഉത്തരവിടുകയോ ചെയ്തിട്ടില്ല. കുട്ടനാട് പാക്കേജിൽ അഴിമതിയുണ്ടെങ്കിൽ വേണമെങ്കിൽ കേന്ദ്ര ഗവൺമെന്റ് ഈ പാക്കേജ് തന്നെ റദ്ദാക്കും. അത്തരം ഒരു ഗുരുതരമായ പ്രശ്നത്തിൽ അന്വേഷണത്തിന് അങ്ങ് ഇതുവരെ തയ്യാറായിട്ടില്ല. അങ്ങയുടെ കൈകൾ പരിശുദ്ധമാണെങ്കിൽ അങ്ങ് ഇപ്പോൾത്തന്നെ ഇതുസംബന്ധിച്ച് വിജിലൻസ് എൻക്വയറിക്ക് ഉത്തരവിടണം. അതാണ് അങ്ങ് ചെയ്യേണ്ടത്. അങ്ങനെ ഈ സഭയുടെ മുമ്പിൽ അങ്ങയുടെ നിരപരാധിത്വം, ഫിഷറീസ് വകുപ്പിന്റെ നിരപരാധിത്വം അങ്ങ് തെളിയിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കുട്ടനാട് പാക്കേജിന്റെ വിവിധ പദ്ധതികളുടെ ഭാഗമായിട്ടുള്ള ഒരു പദ്ധതിയിൽ വന്ന ഗുരുതരമായ അഴിമതിയാണ്. അതുകൊണ്ട് കുട്ടനാട് പാക്കേജിനെപ്പറ്റി, അതിന്റെ നടത്തിപ്പിനെപ്പറ്റി വളരെ വിപുലമായരീതിയിൽ അന്വേഷണം നടത്താൻ ഗവൺമെന്റ് തയ്യാറാകണമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഈ ബഡ്ജറ്റിനെ ഒരിക്കൽകൂടി എതിർക്കുകയാണ്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ, ശ്രീ. രാജു എബ്രഹാം ഇവിടെ പറഞ്ഞത് എനിക്കെതിരെ വ്യക്തിപരമായിട്ടല്ല, ഡിപ്പാർട്ടുമെന്റിനെതിരായിട്ടാണ്. എന്നാലും അങ്ങ് അനുവദിക്കുകയാണെങ്കിൽ ഞാൻ ഇന്നുതന്നെ മറുപടി പറയാൻ തയ്യാറാണ്. ഞാൻ ആമുഖമായി പറയാം, ഈ ടെണ്ടറൊന്നും എന്റെ കാലത്ത് നടന്നിട്ടുള്ളതല്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നടന്നിട്ടുള്ളതാണ്. ആമുഖമായി അത്രയേ പറയാനുള്ളൂ. ബാക്കി ഞാൻ പിന്നീട് വിശദമായി പറയാം. അങ്ങ് അനുവദിക്കുകയാണെങ്കിൽ ഇന്നു തന്നെ മറുപടി പറയാം.

മി. സ്പീക്കർ : സാധാരണ ഗതിയിൽ ഒരു അലിഗേഷൻ വന്നാൽ അന്ന് തന്നെ മന്ത്രിക്ക് മറുപടി പറയാവുന്നതാണ്. അങ്ങനെയൊരു കീഴ്വഴക്കമുണ്ട്. അത് ഇന്നലേയും നടന്നതാണ്. പക്ഷെ ഇതിപ്പോൾ ഡിപ്പാർട്ടുമെന്റിനെക്കുറിച്ച് ജനറലായി വന്നതാണ്. നാളെ പറഞ്ഞാലും മതി.

ശ്രീ. കെ. ബാബു : സർ, ഈ ടെണ്ടർ എന്റെ കാലത്ത് നടന്നിട്ടുള്ളതല്ല........ (ബഹളം).......നിങ്ങൾ ആരോപണം ഉന്നയിച്ചാൽ മാത്രം മതിയോ. വ്യക്തിപരമായ ആരോപണം ഉന്നയിച്ചിട്ടില്ല. പക്ഷെ അങ്ങ് അനുവദിച്ചാൽ ഞാൻ ഇന്നുതന്നെ മറുപടി പറയാൻ തയ്യാറാണ്. അല്ലെങ്കിൽ നാളെ പറയാം.

മി. സ്പീക്കർ : അങ്ങേക്ക് ഇന്നുതന്നെ മറുപടി പറയാവുന്നതാണ്.

ശ്രീ. കെ. അജിത് : സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. ഈ ബഡ്ജറ്റ് പൊതുവേ പരിശോധിച്ചുകഴിഞ്ഞാൽ ജനവിരുദ്ധ ബഡ്ജറ്റാണ്.

3.22 P.M.] പ്രത്യേകിച്ച് മറ്റ് തലങ്ങളിൽ നോക്കികഴിഞ്ഞാൽ പ്രതിപക്ഷ എം.എൽ.എ.-മാരെ ആകെ അവഹേളിക്കുകയും ഒഴിവാക്കുകയും ചെയ്യപ്പെടുന്ന ഒരു ബഡ്ജറ്റാണ്. മറ്റൊരുതരത്തിൽ പറഞ്ഞാൽ ഇത് ആവർത്തന വിരസതയുള്ള ഒരു ബഡ്ജറ്റാണ്. അതുകൊണ്ട് ഈ ബഡ്ജറ്റിനെ അനുകൂലിക്കാൻ



LIBRARY ARCHIVES Kerala Legislative Assembly

കഴിയാത്ത സാഹചര്യമാണുള്ളത്. കേരളത്തിലെ പൊതുജനങ്ങളുടെ പ്രതിനിധികളായ ഞങ്ങൾക്ക് ഇതിനെ എതിർത്ത് സംസാരിക്കേണ്ട ആവശ്യകതയും വന്നിരിക്കുന്നു. ജനങ്ങളുമായി ഏറ്റവും കൂടുതൽ അടുത്തുനിൽക്കുന്ന രണ്ടു മൂന്നു വകുപ്പുകളാണ് സിവിൽ സപ്ലൈസ് വകുപ്പ്, പൊതുഗതാഗത വകുപ്പ്, കൃഷി മേഖല തുടങ്ങിയവ. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ശ്രീ. സി. ദിവാകരൻ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയായിരുന്നപ്പോൾ റേഷൻ കടകളിലും മാവേലി സ്റ്റോറുകളിലും നിരവധി ആളുകളുടെ വലിയൊരു കൂട്ടം കാണുമായിരുന്നു. അവിടെ നിത്യോപയോഗ സാധനങ്ങൾ സുലഭമായി ലഭിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇന്ന് സിവിൽ സപ്ലൈസ് വകുപ്പിന്റെ ഔട്ട്ലെറ്റുകളിലും റേഷൻ കടകളിലും നിത്യോപയോഗ സാധനങ്ങൾ ലഭ്യമാകുന്നില്ല, അവിടെ ആൾക്കൂട്ടം കാണുന്നില്ല. അവിടെനിന്നും കിട്ടുന്നതുതന്നെ ഗുണനിലവാരം കുറഞ്ഞ സാധനങ്ങളാണ്. ഈ അടുത്തകാലത്ത് ഞങ്ങളുടെ നാട്ടിൽ വിതരണം ചെയ്ത അരിയും ഗോതമ്പും പൂത്തുപൊടിപിടിച്ച് ഉറഞ്ഞതായിരുന്നു. അത്രയ്ക്ക് വൃത്തിഹീനമായ ഭക്ഷ്യധാന്യങ്ങളാണ് ഇപ്പോൾ ഈ വകുപ്പ് കൊടുക്കുന്നത്. ഒരുപക്ഷെ അതിനുത്തരവാദി ബന്ധപ്പെട്ട മന്ത്രിയല്ലായിരിക്കാം. അതിനകത്തുള്ള ഉദ്യോഗസ്ഥരോ മറ്റുസംവിധാനങ്ങളോ ഒക്കെ ആയിരിക്കാം. ഈ വകുപ്പ് മുന്നോട്ടുപോകണമെങ്കിൽ ആവശ്യമായ പണം ബഡ്ജറ്റിൽ വകയിരുത്തണം. ഇവിടെ ബഡ്ജറ്റിൽ ആവശ്യമായ പണം കൊടുക്കാതെയാണ് ഈ വകുപ്പ് മുന്നോട്ടു പോകുന്നത്. പ്രത്യേകിച്ച് ഈ വകുപ്പ് ഭരിക്കുന്ന മന്ത്രി പുത്രതുല്യനാണെന്ന് ശ്രീ. കെ. എം. മാണിസാർ പലപ്പോഴും പറയാറുണ്ട്. പക്ഷെ പുത്രവധ പരിപാടികളാണ് അദ്ദേഹം ഈ വകുപ്പിലൂടെ കാണിക്കുന്നത്. യാതൊരു വിധത്തിലുള്ള അലോക്കേഷനും കൊടുക്കാതെ ആ വകുപ്പിനെ ഞെരുക്കി ജനങ്ങൾക്ക് ഏറ്റവും കൂടുതൽ ബുദ്ധിമുട്ടുണ്ടാക്കുകയാണ്. കരിഞ്ചന്തയ്ക്കും പൂഴ്ത്തിവയ്പിനും സാഹചര്യങ്ങളൊരുക്കുകയും പൊതുമാർക്കറ്റിൽ വില വർദ്ധിപ്പിക്കുകയും ചെയ്യുന്നു. അതുകൊണ്ടുതന്നെ ആ വകുപ്പിൽ വലിയ രീതിയിലുള്ള കുഴപ്പങ്ങളുണ്ടെന്നും വിജിലൻസ് എൻക്വയറികളൊക്കെ ഉണ്ടെന്നും ഗവൺമെന്റും പത്രമാദ്ധ്യമങ്ങളും സൂചിപ്പിക്കുന്നു. ആ വകുപ്പിന്റെ അവസ്ഥ ഇങ്ങനെയൊക്കെയാണ്. പരമ്പരാഗത വ്യവസായങ്ങളെ പാടെ അവഗണിച്ചു കൊണ്ടാണ് ഈ ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. രാജ്യത്ത് ഏറ്റവും കൂടുതൽ തൊഴിലില്ലായ്മയുള്ള പ്രദേശം കേരളമാണെന്ന് പത്ര റിപ്പോർട്ടുകളിലൂടെയും മറ്റും സൂചിപ്പിക്കപ്പെടുമ്പോൾ അതിനാവശ്യമായ പരിരക്ഷ നൽകാതെ കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളായ കയറായാലും കൈത്തറിയായാലും മറ്റ് ഇതരമേഖലകളായാലും അതിന്റെയൊക്കെ നട്ടെല്ലൊടിക്കുന്ന അവസ്ഥയിലേക്കാണ് ഈ ഗവൺമെന്റിന്റെ ബഡ്ജറ്റ്. യാതൊരുവിധ ബഡ്ജറ്റ് അലോക്കേഷനോ ബഡ്ജറ്റിന്റെ സംരക്ഷണമോ ഇല്ലാതെയാണ് പരമ്പരാഗത വ്യവസായത്തെ കൊണ്ടുപോകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. വർക്കല കഹാർ]

2012 സെപ്തംബർ മാസം വരെയുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ രജിസ്ട്രേഷൻ ഏതാണ്ട് 45 ലക്ഷം കഴിഞ്ഞിരിക്കുന്നു. അവരൊക്കെ തൊഴിലന്വേഷകരായി നിൽക്കുന്ന സമയത്താണ് ഇവിടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്ന പ്രശ്നങ്ങൾ ചർച്ചചെയ്യപ്പെടുന്നത്. തീർച്ചയായും നമ്മുടെ യുവാക്കളേയും യുവതികളേയുമൊക്കെ കബളിപ്പിക്കുകയും കഷ്ടത്തിലാക്കുകയും ചെയ്യുന്ന ഒരു ബഡ്ജറ്റാണിത് എന്നാണ് നമുക്ക് കാണാൻ കഴിയുന്നത്. ഇതിനെക്കുറിച്ച് ശ്രീ. കോവൂർ കുഞ്ഞുമോൻ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതുകൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് ബഹുമാന്യനായ കെ.പി.സി.സി. പ്രസിഡന്റ് പറഞ്ഞ അഭിപ്രായത്തോട് പൂർണ്ണമായും ഞാൻ യോജിക്കുകയാണ്. 800 കോടിയിലധികം രൂപ ഇവിടെ സഹായമുണ്ട് എന്നുപറയുമ്പോൾ കാലഘട്ടത്തിനനുസൃതമായി ആ വിഭാഗത്തെ സംരക്ഷിക്കേണ്ടതിന് ആ പണം അപര്യാപ്തമാണെന്നുള്ളത് പൊതുസമൂഹമെന്നുള്ള നിലയിൽ നമുക്ക് തിരിച്ചറിയാൻ കഴിയും. ഏറ്റവും ദുർബല വിഭാഗങ്ങളായ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളെ ബഡ്ജറ്റിന്റെയും ഗവൺമെന്റിന്റെയും ഭരണഘടനയുടെയും പരിഷ്കരണം അനുസരിച്ച് ഉയർത്തി കൊണ്ടുവരാനുള്ള ബാധ്യത നിലനിൽക്കെ അവരുടെ ആവശ്യങ്ങൾ കാണാതെ മുന്നോട്ടുപോകുന്നത് ഒരു ബഡ്ജറ്റിനോ ഗവൺമെന്റിനോ കഴിയുന്നതല്ല. തീർച്ചയായും അവർക്കാവശ്യമായ പരിരക്ഷ ലഭിക്കാനുള്ള നടപടിയുണ്ടാകണം.

ബഹുമാനപ്പെട്ട സ്പീക്കർ കഴിഞ്ഞദിവസം ഇവിടെ പറയുകയുണ്ടായി. ശ്രീ. കെ. എം. മാണിസാർ ബഡ്ജറ്റ് അവതരിപ്പിക്കുന്ന സമയത്ത് 53 പാരഗ്രാഫ് ഒഴിവാക്കപ്പെട്ടുവെന്ന്. 53 പാരഗ്രാഫല്ല ഒഴിവാക്കപ്പെട്ടത്, പ്രതിപക്ഷ എം.എൽ.എ.-മാരുടെ മണ്ഡലങ്ങളെയാണ് ഒഴിവാക്കപ്പെട്ടത്. കോട്ടയം ജില്ലയിൽ നിന്നും വരുന്ന എന്റെയും ശ്രീ. സുരേഷ് കുറിപ്പിന്റേയും രണ്ട് മണ്ഡലങ്ങളിലും ഒരു രൂപയുടെ പണിപോലും നടത്താൻ കഴിയാത്ത അവസ്ഥയിലാണ് ഈ ബഡ്ജറ്റ് വന്നിരിക്കുന്നത്. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെ മണ്ഡലത്തിലും പാലായിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മണ്ഡലത്തിലും, ശ്രീ. പി. സി. ജോർജിന്റെ മണ്ഡലത്തിലും നിരവധി വാഗ്ദാനങ്ങൾ ബഡ്ജറ്റിൽ കാണുകയുണ്ടായി. ഞാൻ പത്രക്കാരോട് പറഞ്ഞത് ഒരു പട്ടിക്കൂടിനുപോലും പണം ലഭ്യമായില്ല എന്നാണ്. ഇത് എലിയെ പേടിച്ച് ഇല്ലം ചുടുന്ന അവസ്ഥയാണ്. കാരണം, ഞങ്ങളുടേത് ഇടതുപക്ഷ മുന്നണിക്ക് ഭൂരിപക്ഷമുള്ള മണ്ഡലമാണ്. ഞങ്ങൾ അവിടെനിന്ന് ജയിച്ചുവന്നവരാണ് എന്നുള്ള അവസ്ഥയിൽ എലിയെ പേടിച്ച് ഇല്ലം ചുട്ടുകഴിഞ്ഞാൽ വരാൻ പോകുന്ന പാർലമെന്റ് ഇലക്ഷനിൽ ശ്രീ. കെ. എം. മാണിസാറിന്റെ മകനുതന്നെയാണ് അതിന്റെ ഭവിഷ്യത്തുണ്ടാകാൻ പോകുന്നത്. അവിടത്തെ എം.പി. എന്നുള്ള നിലയിൽ അദ്ദേഹത്തിനുതന്നെ ദോഷം ചെയ്യുമെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. ശ്രീ. വി. ശിവൻകുട്ടി ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഇത് ഗവൺമെന്റിന്റെ പണമാണ്. ആ പണത്തിന് തുല്യ പങ്കാളിത്തമാണുള്ളത്. ഡോ. ടി. എം. തോമസ് ഐസക് മന്ത്രിയായിരുന്ന സമയത്ത് 15 കോടി രൂപയാണ് എല്ലാ എം.എൽ.എ.-മാരുടെയും മണ്ഡലങ്ങളിലെ

LIBRARY ARCHIVES Kerala Legislative Assembly

വികസനപ്രവർത്തനങ്ങൾക്കുവേണ്ടി തന്നത്. ഇവിടെ ശ്രീ. കെ. എം. മാണി സാർ 5 കോടി രൂപ ആസ്തി വികസന ഫണ്ട് എന്നുപറഞ്ഞ് തന്നിട്ടുണ്ടെങ്കിലും ഏതാണ്ട് 60 ശതമാനം എം.എൽ.എ.-മാർക്കും എ.എസ്. ലഭ്യമല്ലാത്ത സാഹചര്യമാണുള്ളത്. പ്രത്യേകിച്ച് പ്രതിപക്ഷ എം.എൽ.എ.-മാരുടെ ഫയലുകളോ എസ്റ്റിമേറ്റോ, പ്ലാനോ ചെന്നുകഴിഞ്ഞാൽ അത് ഫിനാൻസിൽ കിടന്ന് കുഴപ്പമുണ്ടാക്കി ഞങ്ങളുടെ പദ്ധതികൾ നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ഈ ബഡ്ജറ്റിൽ അതിനെപ്പറ്റി യാതൊരു സൂചനയുമില്ല. ആ ഫണ്ടിന്റെ കാലാവധി എത്രയാണെന്നറിയില്ല. ഒരിക്കൽ പറയുന്നതുകേട്ടു, അത് എം.എൽ.എ. ഫണ്ടുപോലെ നിലനിൽക്കും, നിങ്ങൾക്ക് എപ്പോൾ വേണമെങ്കിലും ഉപയോഗിക്കാമെന്ന്. പക്ഷേ ഫിനാൻസിൽ അന്വേഷിച്ചപ്പോൾ പറയുന്നു 31-ാം തീയതി കഴിഞ്ഞാൽ അതിന് എ.എസ്. ഇല്ലെങ്കിൽ ആ ഫണ്ട് ലാപ്സായിപ്പോകുമെന്ന്. അതിനെക്കുറിച്ച് വ്യക്തമായ ഒരു ധാരണയുണ്ടാക്കണം. ഇത് ഞങ്ങളുടെ മാത്രം പരിദേവനമല്ല. ശ്രീ. എൻ. എ. നെല്ലിക്കുന്ന് അദ്ദേഹത്തിന്റെ ജില്ലയ്ക്ക് ഒരു പരിഗണനയും കിട്ടിയില്ലെന്ന് കരഞ്ഞുകൊണ്ടല്ലേ ഇന്നലെ ഇവിടെ സംസാരിച്ചത്. പ്രതിപക്ഷത്തുള്ളവർക്കും ഭരണപക്ഷത്തുള്ളവർക്കും തുല്യ അഭിപ്രായമാണ് ഈ ബഡ്ജറ്റിനോടുള്ളത്. ഈ ബഡ്ജറ്റ് എല്ലാ ഭാഗങ്ങളേയും സ്പർശിക്കുന്നുവെന്ന് പറയുകയും എന്നാൽ ആവശ്യമായ പണം മാറ്റിവയ്ക്കാതെ ആവർത്തന വിരസതയുള്ള ഒരു ബഡ്ജറ്റായിരിക്കുകയുമാണ്.

ബേക്കൽ, വയനാട്, കൊച്ചി, കുമരകം, കോവളം എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങളെ അന്താരാഷ്ട്ര നിലവാരത്തിൽ ഉയർത്താൻ 5 കോടി രൂപ കൊടുത്തുവെന്ന് ടൂറിസം ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ടുകൊണ്ട് കഴിഞ്ഞ ബഡ്ജറ്റിൽ ഇവിടെ പറയുകയുണ്ടായി. ഈ പ്രാവശ്യത്തെ ബഡ്ജറ്റിൽ ബേക്കൽ എന്നത് മാറ്റിയിട്ട് കോവളം, കുമരകം, ഫോർട്ട് കൊച്ചി, തേക്കടി എന്നിവിടങ്ങളിൽ ദേശീയ തലത്തിൽ അംഗീകാരമുള്ള ഏജൻസികൾവഴി തയ്യാറാക്കുന്ന മാസ്റ്റർപ്ലാനിന്റെ അടിസ്ഥാനത്തിൽ അന്താരാഷ്ട്ര ടൂറിസം പദ്ധതി നടപ്പാക്കുമെന്ന് പറഞ്ഞിട്ടുണ്ട്. ഇത് പ്രഖ്യാപനങ്ങളിൽ മാത്രമാണ്. ഇവിടെ വാഗമൺ ഉൾപ്പെടെയുള്ള പ്രദേശത്ത് പദ്ധതികൾ നടപ്പിലാക്കുമെന്ന് 2012-13-ലെ ബഡ്ജറ്റിൽ സൂചിപ്പിക്കുകയുണ്ടായി. പക്ഷെ അതൊന്നും പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടില്ല. കവിതിലകൻ പണ്ഡിറ്റ് കെ. പി. കറുപ്പന്റെ പ്രതിമ സ്ഥാപിക്കുമെന്ന് അല്ലെങ്കിൽ സ്മരണ നിലനിർത്തുമെന്ന് ഇവിടെ സൂചിപ്പിക്കപ്പെടുകയുണ്ടായി. കഴിഞ്ഞ ബഡ്ജറ്റിൽ അതിനുവേണ്ടി 5 ലക്ഷം രൂപ വകയിരുത്തിയതാണ്. ഈ വർഷം അത് ഒരു കോടി രൂപയാക്കി മാറ്റി. അതിന്റെ പേരും മാറ്റി. അപ്പോൾ ഇങ്ങനെ ആവർത്തന വിരസതയുള്ള ബഡ്ജറ്റ് അവതരിപ്പിക്കുകയും അതിലൂടെ ജനങ്ങളുടെ കണ്ണിൽ പൊടിയിടുന്ന ഒരു അവസ്ഥയുമാണുള്ളത്. ഈ പദ്ധതികളൊന്നും നടക്കാൻ പോകുന്നതല്ല. ഇത് വരുന്ന തെരഞ്ഞെടുപ്പിനെ കണ്ടുകൊണ്ട്, ഇവിടെ സൂചിപ്പിച്ചതുപോലെ രാഷ്ട്രീയ പുകമറ സൃഷ്ടിക്കാനുള്ള ഒരു ബഡ്ജറ്റാണിത്. എന്റെ മണ്ഡലത്തിനുവേണ്ടി ധാരാളം പ്രൊപ്പോസൽ കൊടുത്തിട്ടും ഒരു പ്രൊപ്പോസൽ പോലും അംഗീകരിച്ചില്ല. വൈക്കം സത്യാഗ്രഹത്തിൽ പങ്കെടുത്ത നമ്മുടെ മഹാനായ രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ ഒരു പ്രതിമ സ്ഥാപിക്കണമെന്ന് പറഞ്ഞ് വൈക്കം മുനിസിപ്പാലിറ്റി പാസ്സാക്കിയ റെസല്യൂഷന്റെ

LIBRARY ARCHIVES Kerala Legislative Assembly

ഭാഗമായിട്ടുള്ള ഒരു ശുപാർശ ഞാൻ സബ്മിഷനായി അവതരിപ്പിച്ചപ്പോൾ അത് അനുവദിക്കാമെന്ന് പറഞ്ഞിരുന്നു. പക്ഷെ ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞതു പോലെ ഗാന്ധിജിയെ വിമർശിച്ച അല്ലെങ്കിൽ അദ്ദേഹത്തിനെതിരെ കവിതയെഴുതിയ ആളെ അംഗീകരിക്കുകയും മഹാനായ മഹാത്മാഗാന്ധിയെ അവഹേളിക്കുകയും ചെയ്യുന്ന അവസ്ഥയിലാണ് ഈ ബഡ്ജറ്റെന്നാണ് ഞങ്ങൾ മനസ്സിലാക്കുന്നത്.

മറ്റൊരു വിഷയം, പട്ടികജാതി/പട്ടികവർഗ്ഗവുമായി ബന്ധപ്പെട്ട് പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്ന ശ്രീമതി നിവേദിത പി. ഹരന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മലയാളം പ്ലാന്റേഷൻ, ഹാരിസൺ പ്ലാന്റേഷൻ ഉൾപ്പെടെയുള്ള വൻകിട തോട്ടം കമ്പനികളുടെ ഇടയിൽ നാല് ജില്ലകളിലായി ഏതാണ്ട് 86000-ത്തിലധികം ഭൂമി ഇന്ന് പാട്ടക്കാലാവധി കഴിഞ്ഞിരിക്കുകയാണ്. പട്ടികജാതിക്കാരുടെ ഉന്നമനവുമായി ബന്ധപ്പെട്ട് ഇവിടെ പറയുന്ന വിഷയങ്ങളിൽ 3 സെന്റിനകത്ത് വീട് വയ്ക്കാനും മൂന്നോ നാലോ സെന്റ് ഭൂമി വാങ്ങാനുമാണ് ഗവൺമെന്റ് സഹായം അനുവദിക്കുന്നത്. അദ്ധ്വാനവർഗ്ഗത്തിന്റെ ഭാഗമായി നിൽക്കുന്ന ഈ പണിയാളുകളെ സംരക്ഷിക്കേണ്ട ബാധ്യതയും പൊതുസമൂഹത്തിൽ നമുക്കുണ്ടാകുന്ന ഭക്ഷ്യ സുരക്ഷയുടെ പ്രശ്നങ്ങളും പരിശോധിക്കപ്പെടുമ്പോൾ പണിയെടുക്കാൻ കഴിവുള്ളവരെ പണിയിടങ്ങളിലേക്ക് പറഞ്ഞുവിടുകയും അവരെ സംരക്ഷിക്കുകയും ചെയ്യേണ്ട ബാധ്യത എല്ലാ ഗവൺമെന്റിനുമുണ്ട്. ഇതുപോലെ കാലാവധി കഴിഞ്ഞ ഭൂമികൾ പിടിച്ചെടുത്ത് മിനിമം 5 ഏക്കറെങ്കിലും പണിയെടുക്കാൻ താല്പര്യമുള്ള ഈ വിഭാഗത്തിൽപ്പെടുന്ന ആൾക്കാർക്ക് കൊടുത്തുകൊണ്ട് കൃഷിയിടങ്ങൾ സംരക്ഷിക്കപ്പെടുകയും നമ്മുടെ പൊതുഭക്ഷ്യസുരക്ഷാ പ്രശ്നത്തിന് പരിഹാരം കാണുകയും ചെയ്യണം.

ശ്രീ. എസ്. രാജേന്ദ്രൻ : സർ, ഈ മൂന്ന് സെന്റ് എന്നുപറയുന്നത് തത്വത്തിൽ സർക്കാർ പ്രഖ്യാപിച്ചതാണോ; നേരത്തെ കുടികിടപ്പവകാശം

3.30 P.M.] ഏറ്റവും കുറവ് 10 സെന്റ് എന്നിരിക്കെ ഈ മൂന്നുസെന്റ് നൽകുന്നതുകൊണ്ട് നിലവിലുള്ള അവകാശം ഇല്ലാതാകുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എന്താണ് അങ്ങയുടെ അഭിപ്രായം?

ശ്രീ. കെ. അജിത് : സർ, ഇപ്പോൾ വീടിന്റെ എണ്ണം വർദ്ധിക്കുകയാണ്, കുടുംബങ്ങളും വർദ്ധിക്കുകയാണ്. പക്ഷെ ഭൂമി വർദ്ധിക്കുന്നില്ല. ഇവരെല്ലാം ഈ പത്തു സെന്റിനകത്ത് തിങ്ങിപ്പാർക്കുകയാണ്. അതുകൊണ്ടുതന്നെ ഭൂമിയില്ലാത്ത ആളുകൾക്ക് ഭൂമി കൊടുക്കാനുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തു നിന്നുമുണ്ടാകണം എന്നാണ് സൂചിപ്പിക്കാനുള്ളത്.

ശ്രീ. എ. കെ. ബാലൻ : സർ, എൽ. ഡി. എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ പ്ലാൻ എക്സ്പെൻഡിച്ചർ 92% മുതൽ 97% വരെയായിരുന്നു. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൊടുത്ത ഗ്രാന്റ്-ഇൻ-എയ്ഡ് എക്സ്പെൻഡിച്ചർ 88 ശതമാനമാണ്. ഇന്നലെവരെയുള്ള കണക്ക് ഞാൻ പറയാം. ലോക്കൽ സെൽഫ് ഗവൺമെന്റ് 35 ശതമാനമാണ് ചെലവഴിച്ചത്. പട്ടികവർഗ്ഗത്തിന്റേത് 60 ശതമാനവും പട്ടികജാതിയുടേത് 70 ശതമാനവുമാണ്. ഇനിയിപ്പോൾ ഒരിക്കലും മുമ്പോട്ട് പോകാൻ പോകുന്നില്ല. എത്ര കോടി രൂപയാണ് ഈ പാവപ്പെട്ടവർക്ക് ലഭ്യമാകേണ്ടത്. ഈ രൂപത്തിൽ ദുരുപയോഗിച്ചത് ; ലാപ്സ് ആക്കിയത് ; അതിനെ സംബന്ധിച്ച് എന്തെങ്കിലും വസ്തുത ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. അജിത്: സർ, പട്ടികജാതി ഉപദേശക സമിതിയിൽ ഈ വിഷയങ്ങൾ വന്നതാണ്. അന്നുതന്നെ ബഹുമാനപ്പെട്ട പഞ്ചായത്തുവകുപ്പുമന്ത്രി ഒരു യോഗം വിളിച്ചുചേർത്ത് മാർച്ച് 31-ാം തീയതിക്കുമുമ്പ് ഈ പണം പൂർണ്ണമായും വിനിയോഗിക്കണമെന്ന് പറഞ്ഞു. പക്ഷെ ഇന്നും അതേ അവസ്ഥയിൽത്തന്നെ നിൽക്കുകയാണ്. ഇവിടെ പ്രഖ്യാപനങ്ങളും പറച്ചിലുകളും മാത്രമല്ലാതെ കാര്യങ്ങൾ മുന്നോട്ടുപോകുന്നില്ല എന്നതാണ് ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ പ്രശ്നം. ഇവിടെ ബഹുമാനപ്പെട്ട കെ.പി.സി.സി. പ്രസിഡന്റ് രമേശ് ചെന്നിത്തല ഈ പണം മതിയാകുന്നില്ലെന്ന് സൂചിപ്പിച്ചു. അദ്ദേഹം മറ്റൊരു അഭിപ്രായം ഇന്നലെ ശ്രീ. എ. കെ. ബാലൻ പറഞ്ഞതിന്റെ ഭാഗമായി സൂചിപ്പിക്കുകയുണ്ടായി. പട്ടിജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ എടുത്തിട്ടുള്ള ലോണുകൾ പൂർണ്ണമായും എഴുതിത്തള്ളണം. കാരണം, ധാരാളം പണം ചെലവഴിച്ച് ഇപ്പോഴും അടിസ്ഥാന ജനവിഭാഗമെന്നുപറയുന്ന ഈ ജനവിഭാഗത്തെ ഭരണഘടനയുടെ ഭാഗമായി സംരക്ഷിക്കപ്പെടുന്നുവെന്ന് പറയപ്പെടുമ്പോൾ അതിന്റെ ആകുലതകൾ മാത്രമാണ് കേൾക്കാൻ കഴിയുന്നത്. അതിന്റെ ആവശ്യകതകൾ പ്രയോഗത്തിൽവന്നിട്ടില്ല. അവർക്ക് ആട്, കോഴി, താറാവ് എന്നിവ നൽകുമെന്ന് പറഞ്ഞിരുന്നു. പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗങ്ങൾ ഇപ്പോഴും ഏറ്റവും താഴെത്തട്ടിൽ ജീവിക്കുന്നവരാണെന്ന് കണ്ടുകൊണ്ട് അവർക്ക് ആടും കോഴിയും താറാവും മാത്രം വളർത്തിയാൽപ്പോരാ. പുതിയ സംവിധാനങ്ങളുപയോഗിച്ച് ആധുനിക കാലഘട്ടത്തിൽ അവരെ എങ്ങനെ ഡെവലപ്പ് ചെയ്തുകൊണ്ടുവരാമെന്നതിനെക്കുറിച്ച് ആലോചിച്ച് അതിനുള്ള പുതിയ സംവിധാനങ്ങൾ ഉണ്ടാക്കിക്കൊടുക്കണം. അത് ഇതിന്റെ ഭാഗമായി വരണം. പക്ഷേ ആടും കോഴിയും താറാവും കൊടുത്തോ ഇല്ലയോ എന്നറിയില്ല. അതുപോലെ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റ് ഇപ്പോഴും 250 രൂപയാണ്. അത് 1500 രൂപയായോ 2000 രൂപയായോ ആക്കി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളുണ്ടാകണം. കാരണം, അവർ മിടുക്കരായ കുട്ടികളാണ്. പലരും സ്കൂളിൽ പോകാൻ കഴിയാത്തവരും വസ്ത്രങ്ങൾ പോലുമില്ലാത്തവരുമാണ്. ഇതെല്ലാം നമ്മുടെ നാട്ടിലുണ്ടായിക്കൊണ്ടിരിക്കുകയാണ്. ഈ പുതിയ കാലഘട്ടത്തിൽ ഇതുപോലുള്ള പുതിയ ചിന്തകളോടെ അവർക്ക് ആവശ്യമായ പരിരക്ഷ കൊടുക്കുകയും അവരുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യണം. ഇവിടെ വിദ്യാഭ്യാസ ലോണിന്റെ പലിശ ഒഴിവാക്കി കൊടുക്കുമെന്ന് പറഞ്ഞു. അവർക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ കൊടുക്കുകയും അവർക്കാവശ്യമായ പരിരക്ഷകൂടി കൊടുക്കുകയും ചെയ്യണമെന്ന് ഞാൻ സൂചിപ്പിക്കുകയാണ്.

മറ്റൊരുവിഷയം ഭവനവായ്പയുമായി ബന്ധപ്പെട്ടതാണ്. ഇവിടെ 2.5 ലക്ഷം രൂപയോ 3 ലക്ഷം രൂപയോ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വീടുവയ്ക്കാൻ കൊടുത്തുകഴിഞ്ഞാൽ, അവരുടെ വീടിരിക്കുന്നത് ഒന്നുകിൽ മലയുടെ മുകളിലായിരിക്കും, അല്ലെങ്കിൽ ഏതെങ്കിലും പാടത്തിന്റെയോ തോടിന്റെയോ സൈഡിലായിരിക്കും. വീടുവയ്പ്പുമായി ബന്ധപ്പെട്ട് അവർക്ക് മെറ്റീരിയലുകൾ അവിടെ എത്തിക്കണമെങ്കിൽ വളരെയധികം തുക ആവശ്യമായി വരികയാണ്. തലച്ചുമടായിട്ടും വള്ളത്തിലും ലോറിയിലും മറ്റ്

LIBRARY ARCHIVES Kerala Legislative Assembly

ചില വാഹനങ്ങളിലുമായി എത്തിക്കണം. നമ്മുടെ നാട്ടിലെ കൂലിവർദ്ധനവുമായി ബന്ധപ്പെട്ട് പലപ്പോഴും വീടുവയ്ക്കാൻ കഴിയുന്നില്ല. അതുകൊണ്ട് ഇപ്പോൾ നൽകുന്ന 2.5 ലക്ഷം രൂപ അല്ലെങ്കിൽ 3 ലക്ഷം രൂപ എന്നുള്ളത് വർദ്ധിപ്പിക്കണം. കാരണം, നമുക്കറിയാം മെറ്റീരിയൽ കോസ്റ്റ് കൂടിയിരിക്കുന്നു. കൂലി വർദ്ധനവുണ്ടായിരിക്കുന്നു. ഇതെല്ലാം പരിഗണിച്ചുകൊണ്ട് മിനിമം 5 ലക്ഷം രൂപയെങ്കിലും വീടുവയ്ക്കാനായി കൊടുക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. മറ്റൊരുവിഷയം, പാവപ്പെട്ട ജനവിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്നത് പലപ്പോഴും തോടുകളുടെ സൈഡിലും അതുപോലെ ആറ്റുതീരങ്ങളിലുമൊക്കെയാണ്. അവർക്ക് ഇന്നും പട്ടയം ലഭിച്ചിട്ടില്ല. ഈ ആറ്റുതീരങ്ങളിൽ താമസിക്കുന്ന അല്ലെങ്കിൽ വെള്ളത്താൽ ചുറ്റപ്പെട്ട പ്രദേശത്ത് താമസിക്കുന്ന ആളുകൾക്ക് പട്ടയം ഇല്ലാത്തതുകൊണ്ട് അവർക്ക് റേഷൻ കാർഡ് കിട്ടുന്നില്ല, വൈദ്യുതി കണക്ഷൻ ലഭിക്കുന്നില്ല, അതുപോലെ മറ്റ് ആനുകൂല്യങ്ങളൊന്നും ലഭിക്കുന്നില്ല. ഇവിടെ പല വിഷയങ്ങൾക്കും ആധാർ ആവശ്യമാണെന്ന് പറയുമ്പോൾ ഇതിനെല്ലാം അടിസ്ഥാനമായി വരുന്ന പട്ടയം അവർക്കില്ലാതെ വരുന്നു. അതുകൊണ്ട് അവർക്ക് പട്ടയം കൊടുക്കാനുള്ള നടപടി സ്വീകരിക്കണം.

ഞാൻ ദീർഘമായ പ്രസംഗത്തിലേക്ക് പോകുന്നില്ല. ശ്രീ.കെ. എം. മാണിയുടെ ബഡ്ജറ്റിൽ ശ്രീ. കെ. സുരേഷ് കുറുപ്പിന്റെയും എന്റെയും നിയോജക മണ്ഡലത്തെ പാടെ അവഗണിച്ചിരിക്കുകയാണ്. അവിടെ യാതൊരുവിധ നിർമ്മാണ പ്രവർത്തനവും നടത്താതെ, ഈ ബഡ്ജറ്റിൽ പേരുപോലും എടുത്തുപറയാൻ കഴിയാത്ത അവസ്ഥയിലേക്ക് പോയിരിക്കുകയാണ്. തീർച്ചയായും അത് വളരെ ലജ്ജാകരമാണ്. ഞങ്ങളുടെ മണ്ഡലങ്ങൾകൂടി പരിഗണിക്കണം. ഞങ്ങളും കോട്ടയം ജില്ലയിലെ എം.എൽ.എ.-മാരാണ്. വരുന്ന തെരഞ്ഞെടുപ്പിൽ അവിടെ ഇലക്ഷൻ നടക്കുമ്പോൾ അവിടത്തെ ജനങ്ങളുടെ വികാരംകൂടി പ്രതിഫലിക്കേണ്ട അവസരമുണ്ടാകണം. ശ്രീ. കെ. എം. മാണി ഞങ്ങളെക്കൂടി പരിഗണിക്കണം. ഞങ്ങൾ പ്രതിപക്ഷമായതുകൊണ്ട് ഞങ്ങളെ ഒഴിവാക്കരുതെന്ന് അഭ്യർത്ഥിച്ചുകൊണ്ട് വളരെ ശക്തിയോടെ ഈ ജനവിരുദ്ധ ബഡ്ജറ്റിനെ ഒരിക്കൽകൂടി എതിർക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : സർ, ഈ ബഡ്ജറ്റിനെ ശക്തമായി പിന്തുണയ്ക്കുകയാണ്. ഈ ബഡ്ജറ്റ് പരക്കെ സ്വാഗതം ചെയ്യപ്പെട്ട ഒരു

3.36 P.M.] ബഡ്ജറ്റാണ്. പത്രമാധ്യമങ്ങൾ, സാമ്പത്തിക വിദഗ്ദ്ധർ എന്നിവരെല്ലാം പറഞ്ഞത്, ജനക്ഷേമകരവും ജനപ്രിയവുമായ ഒരു ബഡ്ജറ്റാണിത് എന്നാണ്. രാഷ്ട്രീയമായി ഞങ്ങളെ എതിർക്കുന്ന പത്രംപോലും എഡിറ്റോറിയലിൽ ജനദ്രോഹകരമല്ലാത്ത ബഡ്ജറ്റ് എന്നാണ് അതിന്റെ മുഖപ്രസംഗത്തിൽ വിശേഷിപ്പിച്ചത്. ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ പ്രതിപക്ഷനേതാവിന്റെ പോലും പെട്ടെന്നുള്ള പ്രതികരണം ലോകസഭാ തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടുകൊണ്ട് ക്ഷേമപദ്ധതികൾ പ്രഖ്യാപിച്ച് ജനങ്ങളുടെ കണ്ണിൽ പൊടിയിടാനുള്ള ബഡ്ജറ്റ് എന്നായിരുന്നു. അദ്ദേഹത്തിനുപോലും ബഡ്ജറ്റിന്റെ കുറ്റവും കുറവും ചൂണ്ടിക്കാണിക്കാൻ കഴിഞ്ഞില്ലെന്നുള്ളത് ശ്രീ. കെ. എം. മാണി അവതരിപ്പിച്ച പതിനൊന്നാമത്തെ ബഡ്ജറ്റിന്റെ മേന്മയാണ് തെളിയിക്കുന്നതെന്ന് ഞാൻ ഈ സന്ദർഭത്തിൽ പറയാനാഗ്രഹിക്കുകയാണ്. വിഭവ സമാഹരണത്തിന്

വേണ്ടി എടുക്കാവുന്ന കടം മുഴുവനായി എടുത്തില്ല എന്നതാണ് ഈ ബഡ്ജറ്റിന്റെ ഒരു ന്യൂനതയായി ഡോ. ടി. എം. തോമസ് ഐസക് ചൂണ്ടിക്കാണിച്ചത്. കടമെടുത്തിരുന്നെങ്കിൽ സംസ്ഥാനത്തെ കടക്കെണിയിലാക്കിയ ബഡ്ജറ്റാണ് ഇതെന്ന് പറയും. കടബാദ്ധ്യതയും അതിന്റെ പലിശയും പരമാവധി കുറയ്ക്കുന്നത് ഒരു നല്ല ബഡ്ജറ്റിന്റെ ലക്ഷണമാണ്, അതുകൊണ്ടുതന്നെ ഈ ബഡ്ജറ്റ് ആ അർത്ഥത്തിൽ നല്ല ബഡ്ജറ്റാണ്. വിഭവ സമാഹരണത്തിന് നികുതികളും ഫീസുകളും വർദ്ധിപ്പിച്ചിട്ടില്ല. ജനങ്ങളുടെ പോക്കറ്റിൽ കൈയിട്ട് വാരാത്തതിന്റെ പേരിൽ വിഭവസമാഹരണം കുറഞ്ഞുപോയി എന്നുപറയുന്ന ആക്ഷേപം ഈ സർക്കാരിന് ഒരു അലങ്കാരമാണ്. എവിടെയും നികുതി വർദ്ധിപ്പിച്ചിട്ടില്ല. അതുപോലെതന്നെ ഫീസുകളും സർക്കാരിലേക്ക് കിട്ടേണ്ട മറ്റ് വരുമാനങ്ങളൊന്നും കൂട്ടിയിട്ടില്ല. അങ്ങനെ വിഭവം സമാഹരിക്കേണ്ടതില്ല എന്ന് വയ്ക്കുന്നതോടൊപ്പം സാധാരണക്കാരനെ ബാധിക്കുന്ന ഒന്നിന്റെയും നികുതി കൂട്ടിയിട്ടുമില്ല. അതുകൊണ്ടുതന്നെയാണ് ഇതൊരു ജനക്ഷേമകരമായ ബഡ്ജറ്റാണെന്ന് പത്രലോകവും സാമ്പത്തിക വിദഗ്ദ്ധന്മാരും പറഞ്ഞത്.

എന്നാൽ സുഖഭോഗ വസ്തുക്കളുടെ നികുതി, ഇവിടെ പലരും ചൂണ്ടിക്കാണിച്ചതുപോലെ 13.5 ശതമാനത്തിൽനിന്ന് 14.5 ശതമാനമാക്കി ഉയർത്തി. ഇതുമൂലം സാധാരണക്കാരുടെ ക്രയശേഷി കുറയുന്നില്ല, ആഘാതം സമ്പന്നർക്കുമാത്രമാണ്. ഈ സമീപനം നമുക്ക് ബഡ്ജറ്റിലുടനീളം കാണാൻ സാധിക്കും. ഇന്ന് ആഡംബര വിവാഹം, വിവാഹ ധൂർത്ത്, വിവാഹ മാമാങ്കം എന്നിവ നടക്കുകയാണ്. ആ ആഡംബര വിവാഹത്തിന് നികുതി ഏർപ്പെടുത്തി കൊണ്ട് വിവാഹം കേവലം ഒരു സ്വപ്നമായിക്കണ്ട് കഴിയുന്ന പാവപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിന് 'മംഗല്യ നിധി' ഉണ്ടാക്കിയ ഈ ബഡ്ജറ്റ് ക്ഷേമകരമായ ബഡ്ജറ്റാണെന്ന് അതുകൊണ്ടാണ് പറഞ്ഞത്. ഇത് ജനങ്ങൾക്കൊപ്പം നിൽക്കുന്ന ബഡ്ജറ്റാണ് എന്നുപറയുന്നതും അതുകൊണ്ടാണ്. ബഡ്ജറ്റിൽ യുവാക്കളെ സംബന്ധിച്ചിടത്തോളം വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മയ്ക്കെതിരായ ധാരാളം പരിഹാര പ്രക്രിയകൾ പറയുന്നത് ഏറെ സ്വാഗതാർഹമാണ്. ഒന്ന്, ജോബ് പ്ലേസ്മെന്റ് സെല്ലിനെക്കുറിച്ച് പറഞ്ഞു. അത് കാലത്തിന്റെ മാറ്റമാണ്. ഇന്ന് അത്തരത്തിലുള്ള പ്ലേസ്മെന്റ് സെല്ലുകൾ അനിവാര്യമാണ്. തൊഴിൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കാൻ ഈ ബഡ്ജറ്റിൽ പദ്ധതിയുണ്ട്. സ്റ്റാർട്ടപ് സബ്സിഡിയുണ്ട്. അതുപോലെതന്നെ ഗവേഷണങ്ങൾക്കും പ്രബന്ധങ്ങൾക്കും കണ്ടുപിടിത്തങ്ങൾക്കും ഈ ബഡ്ജറ്റിൽ പ്രോത്സാഹനങ്ങളുണ്ട്. ഇവിടെ നമ്മൾ കാണേണ്ട ഒരു കാര്യമുണ്ട്. കേരളത്തിലെ പെൺകുട്ടികൾ പോലും ഇംഗ്ലണ്ടിലും ജർമ്മനിയിലും വലിയ കണ്ടുപിടിത്തങ്ങൾ നടത്തി കൊണ്ടിരിക്കുന്ന കാലമാണിത്. മലപ്പുറം ജില്ലയിൽ നിലമ്പൂരിലെ നസ്ലിം നീലങ്കോടൻ എന്ന പെൺകുട്ടി യു.കെ.യിലെ ഒരു ഗവേഷണ കേന്ദ്രത്തിൽ 100 വർഷങ്ങളിലധികമായി കണ്ടെത്താൻ ശ്രമിക്കുന്ന സിർക്കോണിയം സ്റ്റാർ കണ്ടെത്തിയത് ആസ്ട്രോ ഫിസിക്സിൽ വലിയ നേട്ടമുണ്ടാക്കി. അതൊരു സാധാരണക്കാരന്റെ സ്കൂളിൽ പഠിച്ച നാടൻ പെൺകുട്ടിയാണ്. ആ നാട്ടിൽ തന്നെയുള്ള സംഗീതാ രാമൻ എന്ന മറ്റൊരു കുട്ടി ജർമ്മനിയിലെ ഒരു സർവ്വകലാശാലയിൽ കെമിസ്ട്രിയിൽ അത്യപൂർവ്വമായ നേട്ടമുണ്ടാക്കി.

LIBRARY ARCHIVES Kerala Legislative Assembly

അപ്പോൾ നമ്മുടെ കുട്ടികൾ ദേശീയ തലത്തിലും അന്തർദ്ദേശീയ തലത്തിലുമൊക്കെ കണ്ടുപിടിത്തങ്ങൾ നടത്തിക്കൊണ്ടിരിക്കുമ്പോൾ അവരെ പ്രോത്സാഹിപ്പിക്കുന്ന ഈ കാലത്തിന്റെ കൂടെ സഞ്ചരിക്കുന്നു ശ്രീ. കെ. എം. മാണിയുടെ ഈ ബഡ്ജറ്റ് എന്നുള്ളത് വളരെ പ്രത്യേകമായ ഒരു നേട്ടമായി ഞങ്ങൾ കാണുകയാണ്.

അതുപോലെതന്നെ ഇന്നോവേഷൻസിനെ പ്രോത്സാഹിപ്പിക്കുന്നു. ഐ.ടി രംഗത്ത് ഇന്റർനെറ്റിലും ബ്ലോഗിലും ട്വിറ്ററിലും ഫേസ്ബുക്കിലും വരുന്ന ഇത്തരം സാരംഭക ഗ്രൂപ്പുകളെ ബഡ്ജറ്റിൽ പ്രോത്സാഹിപ്പിക്കുന്നു എന്നുള്ളതിനാൽ ഈ ബഡ്ജറ്റ് കാലത്തോടൊപ്പം സഞ്ചരിക്കുന്ന ബഡ്ജറ്റാണ്. ഈ ബഡ്ജറ്റ് ഇന്നത്തെ തലമുറയുടെ വികാരങ്ങളെ കാണുന്ന ബഡ്ജറ്റാണ്. അതുകൊണ്ടു തന്നെ ഈ ബഡ്ജറ്റിന് സമൂഹത്തിന്റെ എല്ലാ മേഖലകളിൽ നിന്നുമുള്ള അതിശക്തമായ പിന്തുണ ഉണ്ടായിട്ടുണ്ടെന്ന് കാണാൻ കഴിയും. ക്ഷേമ പെൻഷനുകൾ പരമാവധി വർദ്ധിപ്പിച്ചിട്ടുണ്ട്. ദുരിതമനുഭവിക്കുന്ന ജനതയ്ക്ക് ആശ്വാസകരമായ പെൻഷനുകളുള്ളതുകൊണ്ട് ആ ജനവിഭാഗത്തിന്റെ പ്രാർത്ഥനകൾ ഈ സർക്കാരിനോടൊപ്പം ഉണ്ടാകും. തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികൾക്ക് പെൻഷൻ കൊടുത്തു. അവർക്ക് ഓണക്കോടി കൊടുക്കാനും ഈ ബഡ്ജറ്റിൽ വകുപ്പ് കണ്ടെത്തിയിരിക്കുന്നു. മണ്ണാർക്കാട് മണ്ഡലത്തിലെ ഭവാനി ബേസിൽ ഒരു പുതിയ ഡാം നിർമ്മിക്കാൻ ഈ ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ചത് ഞാൻ വളരെ നന്ദിയോടെ സ്മരിക്കുകയാണ്. അട്ടപ്പാടിയിലെ അഗളിയിൽ പാവപ്പെട്ട ആദിവാസി യുവാക്കൾക്ക് വേണ്ടി പോസ്റ്റ് മെട്രിക് ഹോസ്റ്റൽ നിർമ്മിക്കുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിലുണ്ട്. അതിന് ഞാൻ നന്ദി പറയുന്നു. ഇവിടെ പറഞ്ഞ എ.വി.ഐ.പി ഡാം വിവിധ തരത്തിൽ ഗുണമുള്ള ഒരു പദ്ധതിയാണ്. അതിലൂടെ ജലസേചനവും കുടിവെള്ളവും സാദ്ധ്യമാകും. വൈദ്യുതി ഉത്പാദിപ്പിക്കാൻ കഴിയും, വിവിധ തരത്തിൽ ഗുണം കിട്ടുന്ന ഒരു പദ്ധതിയാണ്. കേന്ദ്ര-വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതികൂടി വേണ്ട സംഗതിയായതുകൊണ്ട് ആ ഡാം എത്രയും പെട്ടെന്ന് പ്രാവർത്തികമാക്കാനുള്ള തുടർ സംവിധാനങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈ ഒരു ഡാമിന്റെ പോരായ്മകൊണ്ട് നമ്മുടെ വെള്ളം തമിഴ്നാട്ടിലേക്ക് ഒഴുകിപ്പോവുകയാണ്. കാവേരി ട്രൈബ്യൂണൽ നമുക്ക് വിധിച്ചിട്ടുള്ള ജലമെടുക്കണമെങ്കിൽ ഈ ഡാം അനിവാര്യമാണ്. അതുപോലെ തന്നെ മറ്റൊരു കാര്യം ചൂണ്ടിക്കാണിക്കാനുള്ളത്, മണ്ണാർക്കാട് ബൈപ്പാസിന് നാമമാത്രമായ ഒരു പരാമർശമാണ് ബഡ്ജറ്റിലുള്ളത്. പ്രധാന ബൈപ്പാസുകൾ നിർമ്മിക്കുന്ന കൂട്ടത്തിൽ മണ്ണാർകാട് ബൈപ്പാസുംകൂടി ഉൾപ്പെടുത്തണം. ഇത് മണ്ണാർക്കാട് പട്ടണത്തിന്റെ മാത്രം പ്രശ്നമല്ല, പാലക്കാട്-കോഴിക്കോട് റൂട്ടിലെ ഒരു പ്രധാന പ്രശ്നമാണ്. എൻ.എച്ച്. 213-പാലക്കാട് നിന്ന് കോഴിക്കോട്ടേക്ക് സഞ്ചരിക്കുന്ന ആർക്കും മണ്ണാർക്കാട്ടെ ഗതാഗതക്കുരുക്കിനെക്കുറിച്ച് അറിയാൻ സാധിക്കും. അതുകൊണ്ട് ഒരു ബൈപ്പാസുണ്ടാക്കണം. അതുപോലെതന്നെ അട്ടപ്പാടിയിലേക്കൊരു ബദൽ റോഡുണ്ടാക്കണമെന്നത് ഒരു നിർദ്ദേശമായി വയ്ക്കുകയാണ്. അതുപോലെ ഇവിടെ പലരും ചൂണ്ടിക്കാട്ടിയ മൊയിൻകുട്ടി വൈദ്യർ അക്കാദമിക്ക് കാര്യമായ വിഹിതം വച്ചിട്ടില്ല. മാപ്പിള കലകളുടെ പിതാവായ, ബദ്റുൾ മുനീർ-ഹുസ്നുൾ ജമാലിന്റെയും ഉപജ്ഞാതാവായിട്ടുള്ള മാപ്പിള കവി മൊയിൻകുട്ടി വൈദ്യർ അക്കാദമിക്ക് ഒരു കോടി രൂപയുടെ ധനസഹായമെങ്കിലും സർക്കാർ ബഡ്ജറ്റിലൂടെ നൽകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.



LIBRARY ARCHIVES Kerala Legislative Assembly

ജനക്ഷേമകരമായ ഒട്ടനവധി പ്രവർത്തനങ്ങളുമായി ഈ ഗവൺമെന്റ് മുന്നോട്ട് പോകുമ്പോൾ ചിലയാളുകൾ പറയുന്നത് ഞങ്ങൾ ഈ സർക്കാരിനെ മാറ്റാൻ ശ്രമിക്കുകയാണെന്നാണ്. ഇന്ന് വലിയ പാർട്ടി സമ്മേളനം നടക്കുന്നതു കൊണ്ട് ആരെയും ഇവിടെ കാണുന്നില്ല. നിങ്ങൾ ഈ സർക്കാരിനെ മാറ്റാൻ ശ്രമിക്കുന്നുവെന്ന് പറയുന്നതുതന്നെ ജനാധിപത്യത്തിൽ അധാർമികമല്ലേ ? ഭൂരിപക്ഷം എത്ര ചെറുതാകട്ടെ, കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ ഭൂരിപക്ഷത്തോടുകൂടി അധികാരത്തിൽ വന്ന ഒരു ഗവൺമെന്റിനെ പിൻവാതിലിലൂടെ മാറ്റാൻ ശ്രമിക്കുന്നുവെന്ന് പറയുന്നതുപോലും, അങ്ങനെ ചിന്തിക്കുന്നതു പോലും അധാർമികമാണ്. അതിനൊരു സാഹചര്യമില്ല എന്നത് വേറെ കാര്യം. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെകാര്യം പോകട്ടെ, അദ്ദേഹത്തിന്റെ രണ്ട് ശിപായിമാരെപ്പോലും മാറ്റാൻ കഴിയാത്ത നിങ്ങളെ സംബന്ധിച്ചിടത്തോളം ജനപിന്തുണയുള്ള ഈ ഗവൺമെന്റിനെ മാറ്റാൻ കഴിയില്ലെന്നുള്ളത് ചൂണ്ടിക്കാണിക്കുകയാണ്. പ്രതിപക്ഷ നേതാവിന്റെ ഒരു പി. എ. ആയ ശ്രീ. സുരേഷിനെ മാറ്റാൻ ഇന്ന് ഔദ്യോഗിക വിഭാഗം പ്രമേയമെടുത്ത് കാത്തിരിക്കുകയാണ്. നിങ്ങൾക്ക് മാറ്റാൻ കഴിയുകയില്ല. ശ്രീ. വി. എസ്. അച്ചുതാനന്ദൻ സഖാവിനെ പുറത്താക്കാൻ സംസ്ഥാന സമിതി പ്രമേയം പാസ്സാക്കിയിട്ട് എത്ര കാലമായി ? എന്താ നിങ്ങൾക്ക് കഴിയാത്തത്; പ്രതിപക്ഷ നേതൃസ്ഥാനത്തു നിന്ന് മാറ്റണമെന്നാവശ്യപ്പെട്ടിട്ട് നിങ്ങൾക്ക് കഴിയുന്നില്ലല്ലോ ; എന്താ കഴിയാത്തത് ? വളരെ ഗുരുതരമായ ആരോപണങ്ങൾ വന്നില്ലേ ? വരുന്ന തെരഞ്ഞെടുപ്പിൽ പോലും സി.പി.ഐ.(എം.)-നെ തോൽപ്പിക്കാനാണ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ ശ്രമിക്കുന്നതെന്ന് ശ്രീ. എം. എം. ലോറൻസ് പറഞ്ഞില്ലേ. ഇതൊക്കെയായിട്ടും നിങ്ങൾക്ക് അദ്ദേഹത്തെ ഒരു ചുക്കും ചെയ്യാൻ സാധിക്കുന്നില്ല. എന്താണ് ചെയ്യാതിരിക്കുന്നത് ? കേന്ദ്ര നേതൃത്വത്തിന്റെ അതിശക്തമായ പിന്തുണ അദ്ദേഹത്തിനുണ്ടെന്നാണ് ഞങ്ങൾ വിശ്വസിക്കുന്നത്. ശ്രീ. പ്രകാശ് കാരാട്ട് നിങ്ങളുടെ കൂടെയാണെങ്കിൽ ശ്രീമതി ബൃന്ദാ കാരാട്ടും ശ്രീ.സീതാറാം യെച്ചൂരിയും ബംഗാൾ ഘടകവുമൊക്കെ അപ്പുറത്താണ്. ശ്രീ. പ്രകാശ് കാരാട്ടിന് തന്റെ നിലപാട് സ്വന്തം സഹധർമ്മിണിയെ ബോദ്ധ്യപ്പെടുത്താൻ സാധിക്കുന്നില്ലെന്ന് പറഞ്ഞാൽ സത്യത്തിൽ നിങ്ങളെ പറ്റിക്കുകയാണെന്ന് മനസ്സിലാക്കാൻ സാധിക്കും. ഔദ്യോഗിക സി.പി.ഐ(എം)-ന്റെ നിലപാട് അംഗീകരിക്കുന്ന ശ്രീ. പ്രകാശ് കാരാട്ടിന് സ്വന്തം ഭാര്യയെപ്പോലും അത് ബോദ്ധ്യപ്പെടുത്താൻ സാധിക്കുന്നില്ല. നിങ്ങളുടെ മുഖം ഇപ്പോൾ വളരെ വികൃതമായിക്കൊണ്ടിരിക്കുകയാണ്. ഇന്നലെ നിങ്ങൾ ഇവിടെ ഒരു അഴിമതിയാരോപണം ഉന്നയിച്ചു. അപ്പോൾ അതിന്റെ മുനയൊടിച്ചുവെന്നു മാത്രമല്ല അതിൽ പരാമർശിക്കപ്പെട്ട മുൻമന്ത്രി വളരെ സത്യസന്ധമായി പറഞ്ഞത്, നമ്മുടെ പഴയ മുതലാളിമാർ അവിടെ ഇരിക്കുന്നതുകണ്ടു അപ്പോൾ ഞാൻ അവർക്കുവേണ്ടി മദ്യത്തിന്റെ വിലകൂട്ടികൊടുക്കാൻ ശുപാർശ ചെയ്തുവെന്നാണ്. എന്തുദുഃസ്ഥിതിയാണ്, നിങ്ങൾ ഉന്നയിച്ച ആരോപണങ്ങൾ ബൂമറാങ്ങ് പോലെ നിങ്ങളുടെ മുഖത്തേക്കുതന്നെ തിരിച്ചടിക്കുന്ന സ്ഥിതി നിങ്ങൾ കണ്ടില്ലേ ? ഇന്നുരാവിലെ എന്താണ് ഇവിടെ കണ്ടത് ? ഒരു ഭാര്യാ-ഭർതൃ പിണക്കം അടിയന്തര പ്രമേയമാക്കാൻ ശ്രമിച്ച വില്ലാളിവീരൻമാരായ നിങ്ങളെ പാർലമെന്ററി ജനാധിപത്യത്തിന് കളങ്കം ചാർത്തിയവരാണെന്ന്

LIBRARY ARCHIVES Kerala Legislative Assembly

ലോകം വിശേഷിപ്പിക്കും. അതൊക്കെയാണോ അടിയന്തര പ്രമേയമാക്കേണ്ട വിഷയങ്ങൾ ? ജനക്ഷേമകരമായ ഒരുപാട് പുതിയ പ്രഖ്യാപനങ്ങളുള്ള ബഡ്ജറ്റും ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളും നിങ്ങൾക്ക് വലിയ അലോസരമുണ്ടാക്കുമെന്ന കാര്യം ഞങ്ങൾക്കറിയാം.

ബഹുമാനപ്പെട്ട ശ്രീ. കെ. എം. മാണി സാറിനോട് ചൂണ്ടിക്കാണിക്കാനുള്ള ഒരു കാര്യം എം.എൽ.എ. ഫണ്ടിനെക്കുറിച്ച് ഈ ബഡ്ജറ്റിൽ ഒന്നും പറഞ്ഞിട്ടില്ല എന്നതാണ്. അസറ്റ് ഫണ്ടിന്റെകാര്യം പലരും ചൂണ്ടികാട്ടി. അത് ഇത്തവണ ഉണ്ടാകുമെന്ന് ബഹുമാനപ്പെട്ട കെ. എം. മാണിസാർ ഇന്നലെ ഒരു സൂചന നൽകി. ഇത്തവണ അതുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നതോടൊപ്പം ഈ ഗവൺമെന്റ് വന്നപ്പോൾ സ്ഥിരമായുള്ള എം.എൽ.എ ഫണ്ട് 75 ലക്ഷം രൂപയിൽ നിന്ന് ഒരു കോടി രൂപയാക്കി മാറ്റി; പക്ഷെ എം.പി.-മാർക്കൊക്കെ 5 കോടി രൂപയാണ്. എം.പി.മാരെപ്പോലെയല്ല, എല്ലാ കാര്യത്തിനും ആളുകൾ ഇന്ന് എം.എൽ.എ.മാരെയാണ് സമീപിക്കുന്നത്. പഞ്ചായത്ത് ഫണ്ടിന്റെയൊക്കെ പ്രശ്നമുണ്ട്. അതുകൊണ്ട് ഈ ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിൽ എം.എൽ.എ. ഫണ്ട് ഇരട്ടിയാക്കുന്ന ഒരു തീരുമാനം ശ്രീ. കെ. എം. മാണി സാറിന്റെ ഭാഗത്തുനിന്ന് ഉണ്ടായാൽ അത് ഏറെ സ്വാഗതാർഹമായിരിക്കും. പ്രതിപക്ഷത്തിന് യാതൊരു ആക്ഷേപവും പറയാൻ കഴിയാത്തവിധം ഈ ബഡ്ജറ്റ് ജനങ്ങൾക്കിടയിൽ സ്വീകാര്യമായിരിക്കുകയാണ്. അങ്ങനെ പതിനൊന്നാമത് വളരെ നല്ലൊരു ബഡ്ജറ്റ് അവതരിപ്പിച്ച ശ്രീ. കെ. എം. മാണിസാറിനെ ഒരിക്കൽകൂടി മുക്തകണ്ഠം പ്രശംസിച്ചുകൊണ്ട്, കേരളത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ ഈ കാലഘട്ടത്തിലെ വികസനങ്ങളെ കണ്ടുകൊണ്ട്, സമൂഹത്തിന്റെ നേട്ടം ഉൾകൊണ്ടുകൊണ്ടുള്ള വികസനമുന്നേറ്റത്തിന് വലിയ പ്രചോദനമാകുന്ന ഈ ബഡ്ജറ്റിനെ എല്ലാ അർത്ഥത്തിലും പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ ചെറിയ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഈ ബഡ്ജറ്റിനെ ശക്തമായി എതിർക്കുകയാണ്. കേരളത്തിന്റെ രൂക്ഷമായ തൊഴിലില്ലായ്മ, വിലക്കയറ്റം, കുടിവെള്ളം, വൈദ്യുതി,

3.48 P.M.] കെ.എസ്.ആർ.ടി.സി, പരിസ്ഥിതി, സ്ത്രീ വിഷയങ്ങൾ തുടങ്ങിയ സുപ്രധാനമായ വിഷയങ്ങൾക്ക് പരിഹാരം കാണാൻകഴിയാത്ത ബഡ്ജറ്റാണിത്. യുവജനങ്ങളെ സംബന്ധിച്ചിടത്തോളം അവരുടെ ആശങ്ക വർദ്ധിപ്പിക്കാനുതകുന്ന ഒരു നിലപാടുകൂടി സ്വീകരിച്ചിരിക്കുകയാണ്. 2013 ഏപ്രിൽ ഒന്നുമുതൽ സർവ്വീസിൽ പ്രവേശിക്കുന്നവരുടെ പെൻഷൻ പ്രായം 60 വയസ്സാക്കി ഉയർത്തുന്ന കാര്യം 2 മണിക്കൂർ 50 മിനിട്ടെടുത്ത് വായിച്ച ബഡ്ജറ്റ് പ്രസംഗത്തിൽ റെക്കോർഡിട്ട ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ബോധപൂർവം വിട്ടുകളയുകയാണ് ചെയ്തത്. ഇത് നിലവിലുള്ള ജീവനക്കാരുടെ പെൻഷൻപ്രായം ഉയർത്തുന്ന കാര്യത്തിൽ ഈ സർക്കാരിനിപ്പോഴും രണ്ട് മനസ്സാണ് എന്നതിന്റെ ഏറ്റവും വലിയ തെളിവാണ്. സ്മാർട്ട് സിറ്റിയെ കുറിച്ച് പറയുന്നത്, അതിന്റെ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പാട് ചെയ്യുമെന്നാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ പറഞ്ഞത് എത്രയുംവേഗം അത് പൂർത്തിയാക്കുമെന്നാണ്. പിന്നെ പറയുന്നത് പ്ലേസ്മെന്റ് സെല്ലിനെ

LIBRARY ARCHIVES Kerala Legislative Assembly

കുറിച്ചാണ്. എവിടെയാണ് തൊഴിൽരഹിതരായിട്ടുള്ള ആളുകളെ പ്ലേസ് ചെയ്യാൻവേണ്ടി പോകുന്നത്? അതിനുതകുന്ന ക്രിയാത്മകമായ എന്തെങ്കിലും പദ്ധതികൾ ഈ ബഡ്ജറ്റിൽ ചൂണ്ടിക്കാണിക്കാൻ കഴിയുമോ? എനിക്ക് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയോടും സർക്കാരിനോടും അഭ്യർത്ഥിക്കാനുള്ളത് ഈ സർക്കാരിന്റെ കാലയളവിൽ നിലവിലുള്ള ജീവനക്കാരുടെ പെൻഷൻപ്രായം ഒരു ദിവസംപോലും വർദ്ധിപ്പിക്കില്ലെന്ന കാര്യത്തിൽ ഉറപ്പ് നൽകാനും അത് ഇവിടെ പ്രഖ്യാപിക്കാനും തയ്യാറാകണമെന്നതാണ്. അതുപോലെ, ഷെഡ്യൂൾ ബാങ്കുകളിൽനിന്ന് വിദ്യാഭ്യാസ ലോണെടുത്ത് പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പലിശയിളവ് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. അത് സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളിൽ നിന്ന് വായ്പയെടുത്ത വിദ്യാർത്ഥികൾക്കുകൂടി ബാധകമാക്കാനുള്ള തീരുമാനം എടുക്കണമെന്ന് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. മറ്റൊരുവിഷയം, എന്റെ മണ്ഡലമായ കല്ല്യാശ്ശേരിയിൽ കഴിഞ്ഞ ബഡ്ജറ്റിൽ ക്ഷേത്രകലാ അക്കാദമിക്ക് വേണ്ടി 50 ലക്ഷം രൂപ മാറ്റിവച്ചിരുന്നു. എന്നാൽ അതിന് ഇതുവരെയും ഭരണാനുമതി ലഭിച്ചിട്ടില്ല. തെയ്യത്തിന്റെയും തിറയുടെയും നാടായ കണ്ണൂരിൽ ക്ഷേത്രകലാ അക്കാദമി യാഥാർത്ഥ്യമാക്കാൻ മതിയായ തുക ഈ ബഡ്ജറ്റിന്റെ ഭാഗമായി മാറ്റിവയ്ക്കാൻ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി തയ്യാറാകണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ഞാനിവിടെ വളരെ ഗുരുതരമായ ഒരു വിഷയം ഉന്നയിക്കുകയാണ്. ബഹുമാന്യനായ മന്ത്രി ശ്രീ. അനൂപ് ജേക്കബ് കൈകാര്യം ചെയ്യുന്ന സിവിൽ സപ്ലൈസ്-രജിസ്ട്രേഷൻ വകുപ്പുകൾ പൂർണ്ണമായും അഴിമതിയിൽ മുങ്ങി നിൽക്കുകയാണ്. ജനങ്ങൾ അനുദിനമെന്നോണം നേരിട്ട് ബന്ധപ്പെടുന്ന രണ്ടു വകുപ്പുകളാണ് ഭക്ഷ്യ-സിവിൽസപ്ലൈസും രജിസ്ട്രേഷനും. ബഹുമാന്യനായ മന്ത്രി അനൂപ് ജേക്കബ് ഈ വകുപ്പുകൾ കൈകാര്യം ചെയ്തു തുടങ്ങിയതിനു ശേഷം കേരളത്തിലെ എല്ലാ പത്ര-ദൃശ്യ മാധ്യമങ്ങളിലും ഈ ക്രമക്കേടും അഴിമതിയും തെളിവുസഹിതം പുറത്തുകൊണ്ടുവരികയുണ്ടായി. ഇവിടെ ഞെട്ടിപ്പിക്കുന്ന അഴിമതിയാണ് നടന്നുകൊണ്ടിരിക്കുന്നത്. ശ്രീ. അനൂപ് ജേക്കബിന് ഏറ്റവും ചുരുങ്ങിയ കാലംകൊണ്ട്, കഴിഞ്ഞ 11 മാസത്തിനിടയിൽ ഏറ്റവും കൂടുതൽ ആരോപണങ്ങൾക്കും ആക്ഷേപങ്ങൾക്കും വിധേയനാകേണ്ടിവരികയും മൂന്ന് വിജിലൻസ് കേസുകൾ നേരിടേണ്ടിവരികയും ചെയ്തു. വിജിലൻസ് കേസിന്റെ കാര്യത്തിൽ ഇതിനകം ഹാട്രിക് അടിച്ചിരിക്കുകയാണ്. ജനങ്ങളുടെ നിർഭാഗ്യംകൊണ്ട് ഈ ഗവൺമെന്റ് മൂന്നുവർഷംകൂടി കേരളത്തിൽ അധികാരത്തിലിരുന്നാൽ ഇക്കാര്യത്തിൽ മന്ത്രി സർവ്വകാല റെക്കോർഡിടുമെന്ന കാര്യത്തിൽ യാതൊരുവിധ സംശയവുമില്ല. കഴിഞ്ഞ പിറവം ഇലക്ഷന്റെ കാലഘട്ടത്തിൽ യു.ഡി.എഫ്.കാർ പ്രചരിപ്പിച്ച ഒരു കാര്യം-ഞങ്ങൾ കഴിവും പ്രാപ്തിയുമുള്ള ഈ ചെറുപ്പക്കാരനെ നിങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുന്നു എന്നാണ്. ഇദ്ദേഹത്തിന് പ്രാപ്തിയുണ്ട്, ആ പ്രാപ്തിയും വൈഭവവും അഴിമതിയിലും ക്രമക്കേടിലുമാണ്. അത് അദ്ദേഹം ഈ ചുരുങ്ങിയ കാലംകൊണ്ട് തെളിയിച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

സിവിൽ സപ്ലൈസ് വകുപ്പിന്റെ പോസ്റ്റിലിരിക്കാൻ ലേലം വിളിയാണ് നടക്കുന്നത് എന്നത് പരസ്യമായ രഹസ്യമാണ്. വിതരണ ശൃംഖല, റേഷൻ കടകളുടെ എണ്ണം തുടങ്ങിയവ നോക്കിയാണ് ഇപ്പോൾ റേറ്റ് നിശ്ചയിച്ചു കൊണ്ടിരിക്കുന്നത്. ജില്ലാ-താലൂക്ക് സപ്ലൈ ഓഫീസർമാരിൽനിന്നും സ്ഥലം മാറ്റത്തിന് 3 ലക്ഷം രൂപ മുതൽ 8 ലക്ഷം രൂപവരെ കോഴ വാങ്ങി മാനദണ്ഡങ്ങൾ ലംഘിച്ച് മന്ത്രിയും ഓഫീസും സ്ഥലംമാറ്റ ഉത്തരവുകൾ നൽകുകയാണ്. 2013 ജനുവരി 25 ശനിയാഴ്ചത്തെ മലയാള മനോരമ പത്രത്തിൽ ഇതുസംബന്ധിച്ച് സിവിൽ സപ്ലൈസ് വകുപ്പിന്റെ കമ്മീഷണറായ ശ്രീ. രാജു നാരായണസ്വാമി നൽകിയിട്ടുള്ള വാർത്തയുണ്ട്. ഒരേ കേസിൽ രാവിലെ ഒരു കക്ഷിക്കുവേണ്ടിയും വൈകിട്ട് മറ്റൊരു കക്ഷിക്കുവേണ്ടിയും ഉത്തരവിറക്കണമെന്ന് പറഞ്ഞാൽ അതിന് കഴിയില്ലെന്ന് അതിൽ ശ്രീ. രാജു നാരായണസ്വാമി വ്യക്തമാക്കുകയാണ്. കോട്ടയം ജില്ലാ സപ്ലൈ ഓഫീസറായി നിയമനം ലഭിക്കുന്നതിന് മൂന്നുലക്ഷം രൂപ കൈക്കൂലി നൽകിയതായും എന്നാൽ ഒരു വർഷം തികയുന്നതിനുമുമ്പുതന്നെ കോട്ടയത്ത് നിന്ന് മാറ്റി അവിടെ വേറെ ആളെ വയ്ക്കുകയും പിന്നീട് പ്രൊമോഷൻ ലഭിക്കുന്നതിനായി മൂന്നുലക്ഷം രൂപകൂടി ആവശ്യപ്പെടുകയും ചെയ്തുവെന്ന് ജില്ലാ സപ്ലൈ ഓഫീസറായിരുന്ന ശ്രീലത വെളിപ്പെടുത്തിയതായിട്ടുള്ള ദൃശ്യങ്ങൾ സി.ഡി.യിലാക്കി ഞാനിവിടെ ഏൽപ്പിച്ചിട്ടുണ്ട്. അതുപോലെതന്നെ ഡിപ്പോ അനുവദിക്കുന്ന കാര്യത്തിലും ഭീമമായ കോഴയും അഴിമതിയുമാണ് നടന്നുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ തെരഞ്ഞെടുപ്പിന്റെ വേളയിൽ റേഷൻ മൊത്ത വ്യാപാരികളിൽനിന്ന് 10,000 രൂപ പിരിച്ചെടുക്കാനാണ് ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളത്. ആ നിർദ്ദേശത്തിന്റെ ഭാഗമായി താൻ തന്റെ പങ്ക് നിർവ്വഹിച്ചതായി കോട്ടയം ജില്ലാ സപ്ലൈ ഓഫീസറായ ശ്രീലത പറയുന്നതിന്റെ സി.ഡി.യും ഞാനിവിടെ ഹാജരാക്കിയിട്ടുണ്ട്. ആ കേസ് ഇപ്പോൾ വിജിലൻസ് കോടതിയുടെ പരിഗണനയിലാണ്, അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. റീട്ടെയിൽ റേഷൻ കടയിലെത്തുന്ന സർക്കാർ സബ്സിഡിയോടുകൂടിയുള്ള ഭക്ഷ്യധാന്യങ്ങളിൽ 30%-ത്തോളം കരിഞ്ചന്തയിൽ പോകുകയാണ്. ഒരു റീട്ടെയിൽ റേഷൻ വ്യാപാരി ഒരു മാസം രണ്ടായിരം രൂപ മാസപ്പടിയായി നൽകേണ്ടി വരികയാണ്. സംസ്ഥാനത്ത് 14,250 റേഷൻ കടകളുണ്ട്, ഈ റേഷൻ കടകളിൽ നിന്നായി 2 കോടി 85 ലക്ഷം രൂപയാണ് ഓരോ മാസവും പിരിച്ചെടുക്കുന്നത്. റീട്ടെയിൽ വ്യാപാരികൾ റേഷൻ സാധനങ്ങൾ വാങ്ങാൻ മൊത്ത വിതരണകേന്ദ്രത്തിൽ എത്തുമ്പോൾ റേഷൻ വിലയോടൊപ്പമാണ് മാസപ്പടി തുകയും മൊത്തവിതരണ കേന്ദ്രത്തിൽ ഏല്പിക്കുന്നത്. കേരളത്തിലെ റേഷനിംഗ് ഓർഡർ പ്രകാരം റേഷൻകട പരിശോധന നടത്തുകയും കുറ്റപ്പത്രം തയ്യാറാക്കുന്നതും കടയുടെ ലൈസൻസ് സസ്പെൻഡ് ചെയ്യുന്നതും ഒരേ ഉദ്യോഗസ്ഥൻ തന്നെയായതിനാൽ പണം നൽകാതിരിക്കാനോ പരാതി സമർപ്പിക്കാനോ കഴിയാത്ത നിസ്സഹായാവസ്ഥയിലാണ് കേരളത്തിലെ റേഷൻ വ്യാപാരികൾ.

LIBRARY ARCHIVES Kerala Legislative Assembly

സിവിൽ സപ്ലൈസ് കോർപ്പറേഷൻ കർഷകരിൽനിന്ന് സംഭരിക്കുന്ന ഗുണമേന്മയേറിയ നെല്ല് സംസ്ക്കരിച്ച് അരിയായി മടക്കി നൽകാൻ സ്വകാര്യ മില്ലുകളെയാണ് ഏൽപ്പിക്കുന്നത്. ഇങ്ങനെ ഏൽപ്പിക്കുന്ന മില്ലുകൾക്ക് സ്വന്തമായി ബ്രാൻഡ് നെയിമിൽ അരിക്കച്ചവടം നടത്തുന്ന മില്ലുകളായിരിക്കരുത് എന്ന വ്യവസ്ഥയുണ്ട്. എന്നാൽ ഈ വ്യവസ്ഥ ലംഘിച്ച് സ്വന്തമായി അരി വിപണനം നടത്തുന്ന മില്ലുകളെയാണ് ഇപ്പോൾ കോർപ്പറേഷൻ നെല്ല് സംസ്ക്കരിച്ച് അരിയാക്കാൻ ഏൽപ്പിക്കുന്നത്. ഇങ്ങനെ കോർപ്പറേഷൻ സംസ്ക്കരിക്കാൻ നൽകിയ നെല്ല് കുത്തി ആ അരി സ്വന്തം ബ്രാൻഡ് നെയിമിൽക്കൂടി കൂടിയ വിലയ്ക്ക് വിൽക്കുന്നു. തിരിച്ച് സിവിൽ സപ്ലൈസ് കോർപ്പറേഷന് നൽകുന്നതാകട്ടെ, തമിഴ്നാട്ടിൽ നിന്ന് തീരെ കുറഞ്ഞ വിലയ്ക്ക് വാങ്ങുന്ന മോശപ്പെട്ട നെല്ലിന്റെ അരിയാണ്. കൂടാതെ മൊത്ത വിതരണക്കാരിൽനിന്ന് ബ്ലാക്കിലെടുക്കുന്ന ഗുണനിലവാരം കുറഞ്ഞ അരി പോളിഷ് ചെയ്തുമാണ് തിരിച്ച് നൽകുന്നത്. രണ്ടുമാസത്തിനുള്ളിൽ ഈ സംസ്ക്കരിച്ച അരി സിവിൽ സപ്ലൈസ് കോർപ്പറേഷനെ തിരിച്ചേൽപ്പിക്കണമെന്നാണ് എഗ്രിമെന്റിലെ വ്യവസ്ഥ. എന്നാൽ എഗ്രിമെന്റിലെ വ്യവസ്ഥ ഇവിടെ പാലിക്കപ്പെടാറില്ല. ഈ തിരിമറി സംബന്ധിച്ച് വ്യാപകമായ പരാതി ഉയർന്നപ്പോൾ അരി മില്ലുകളിൽ പരിശോധന നടത്തുകയുണ്ടായി. കാലടി പള്ളിക്കൽ അഗ്രോ മില്ലിൽ നിന്നും 1770 ചാക്ക് അരി പിടിച്ചെടുത്തു. ഇതിന്റെ സാമ്പിൾ അനാലിസിസ് റിപ്പോർട്ടിലും അണുബാധയുണ്ടായി എന്ന് കൃത്യമായി തെളിഞ്ഞിട്ടുണ്ട്. സപ്ലൈകോ ഉദ്യോഗസ്ഥന്മാരുടെ നിർദ്ദേശ പ്രകാരം പെരുമ്പാവൂർ പോലീസ് കേസ് എടുത്ത് കോടതിയിൽ സമർപ്പിച്ചു. എന്നാൽ പിടിച്ചെടുത്തതും കേസ് രജിസ്റ്റർ ചെയ്തതുമായ ഈ അരി 30,43,515 രൂപയ്ക്ക് അതേ മില്ലുടമയ്ക്ക് മറിച്ചുവിൽക്കുകയാണ് ചെയ്തത്. ഇത് വെള്ളരിക്കാപ്പട്ടണമാണോ ? ഇവിടെ ഇത്തരത്തിൽ കരിഞ്ചന്തക്കാർക്കെല്ലാം ഈ സർക്കാർ എല്ലാവിധ ഒത്താശയും ചെയ്തുകൊടുക്കുകയാണ്. മിൽ ഉടമയുടെ സമ്മർദ്ദത്തിന് സപ്ലൈകോ വഴങ്ങുകയും മറ്റൊരു ഉദ്യോഗസ്ഥന് റീജിയണൽ മാനേജരുടെ ചുമതല നൽകി, പിടിച്ചെടുത്ത അരി ഒന്നുകൂടി പരിശോധിക്കുകയും നല്ല അരിയാണെന്ന് കോടതിയിൽ റിപ്പോർട്ട് സമർപ്പിക്കുകയുമാണ് ചെയ്തിരിക്കുന്നത്. അങ്ങനെ ഈ കേസിൽനിന്ന് അവരെ രക്ഷിക്കാൻ മന്ത്രിതന്നെ നേരിട്ട് ഇടപെടുകയാണ്. തിരിമറി കണ്ടുപിടിച്ച സപ്ലൈകോയുടെ റീജിയണൽ മാനേജരായ ശ്രീമതി പി. ജി. ഗീതയെ സ്ഥലം മാറ്റി ബലിയാടാക്കുന്ന സമീപനമാണ് ഇവിടെ സ്വീകരിച്ചത്. സത്യസന്ധരായ ഉദ്യോഗസ്ഥർക്ക് ഈ നാട്ടിൽ ജോലി ചെയ്യാൻ സാധിക്കാത്ത ഒരു സാഹചര്യമാണ് ഈ സർക്കാരിന്റെ കാലത്തുണ്ടായിട്ടുള്ളത്.

രജിസ്ട്രേഷൻ വകുപ്പ് ഉദ്യോഗസ്ഥന്മാരെ എല്ലാ ചട്ടങ്ങളും ലംഘിച്ചുകൊണ്ട് തലങ്ങനെയും വിലങ്ങനെയും സ്ഥലം മാറ്റിക്കൊണ്ട് കോടിക്കണക്കിന് രൂപയുടെ അഴിമതിയാണ് ഇവിടെ നടക്കുന്നത്. ഭൂമിക്ക് സർക്കാർ നിശ്ചയിച്ച ഫെയർ വാല്യുവിനേക്കാൾ കുറഞ്ഞ വിലയ്ക്ക് സ്മാർട്ട് സിറ്റിയുടെ തൊട്ടരികിൽ തൃക്കാക്കരയിൽ ഭൂമിയും ഫ്ളാറ്റും രജിസ്റ്റർ ചെയ്ത് കൊടുത്തതിലൂടെ സർക്കാരിന് കോടിക്കണക്കിന് രൂപയുടെ നഷ്ടം സംഭവിച്ചതിന്റെ പേരിൽ തൃശ്ശൂർ വിജിലൻസ് കോടതി 66/2013 എന്ന നമ്പരിൽ കേസ് രജിസ്റ്റർ ചെയ്തിരിക്കുകയാണ്. ഈ കേസിലെ 11 പ്രതികളിൽ ബഹുമാന്യനായ മന്ത്രി മൂന്നാം പ്രതിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

തൃക്കാക്കരയിൽ ഇതുസംബന്ധിച്ച് രജിസ്ട്രേഷൻ വകുപ്പ് അന്വേഷണം നടത്തി അവിടത്തെ സബ് രജിസ്ട്രാറായിട്ടുള്ള ശ്രീകലയെ സസ്പെൻഡ് ചെയ്യാൻ ഐ.ജി. നിർദ്ദേശിച്ചു. അവരെ ഒരു കാരണവശാലും സബ് രജിസ്ട്രാർ തസ്തികയിൽ നിയമനം നൽകാൻ പാടില്ലെന്ന് ഐ.ജി. ബഹുമാന്യനായ മന്ത്രിക്ക് റിപ്പോർട്ട് നൽകി. അഴിമതിക്കെതിരായി കർശനമായ നിലപാട് സ്വീകരിച്ച ഐ.ജി. വിവേകാനന്ദനെ തൽസ്ഥാനത്തുനിന്ന് മാറ്റി അദ്ദേഹത്തെ അപ്രധാനമായ ഒരു ഐ.ജി. (മോഡേണൈസേഷൻ) എന്ന തസ്തികയുണ്ടാക്കി അവിടെ നിയമിച്ചിരിക്കുകയാണ്. വിവേകാനന്ദനെ മാറ്റിയ ഒഴിവിലേക്ക് ശ്രീ. സി. രഘു, ഐ.എ.എസ്.-നെ നിയമിക്കുകയാണ് ചെയ്തത്. സർക്കാരിന് കോടിക്കണക്കിന് രൂപയുടെ റവന്യൂ നഷ്ടമുണ്ടാക്കിയ ശ്രീകല എന്ന സബ് രജിസ്ട്രാറെ എറണാകുളം അമാൽഗമേറ്റ് സബ് രജിസ്ട്രാറായി പ്രൊമോഷൻ നൽകി നിയമിക്കാൻ രജിസ്ട്രേഷൻ ഐ.ജി. ഉത്തരവിറക്കുകയും ചെയ്തു. അവിടെ ഇതുമായി വരുന്ന ബന്ധപ്പെട്ട പരാതികൾ പരിശോധിക്കേണ്ട ചുമതലയാണ് അമാൽഗമേറ്റ് സബ് രജിസ്ട്രാർക്കുള്ളത്. അപ്പോൾ അവിടെ ഈ കീ പോസ്റ്റിലേക്ക് പ്രൊമോഷൻ നൽകിയിരിക്കുകയാണ് ചെയ്തത്. തൃക്കാക്കര സബ് രജിസ്ട്രാർ ഓഫീസിൽ ഒന്നരവർഷം കൊണ്ട് 6635 ആധാരങ്ങൾ രജിസ്റ്റർ ചെയ്തതിൽ 132 ആധാരം മാത്രമാണ് പരിശോധിച്ചത്. ഇനി 6503 ആധാരങ്ങൾകൂടി പരിശോധിക്കേണ്ടതായുണ്ട്. 132 ആധാരങ്ങൾ പരിശോധിച്ചപ്പോൾത്തന്നെ 1 കോടി 37 ലക്ഷത്തിന്റെ ക്രമക്കേടാണ് കണ്ടെത്തിയിട്ടുള്ളത്.

രജിസ്ട്രേഷൻ വകുപ്പിൽ മറ്റൊരു വിജിലൻസ് കേസ്കൂടി ഈ മന്ത്രി ഉൾപ്പെടെയുള്ള ആളുകൾക്കെതിരായി വിജിലൻസ് കോടതി എടുത്തിരിക്കുകയാണ്. അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. കാസർഗോഡ് ജില്ലയിലെ നീലേശ്വരത്ത് ഓർമ്മശക്തിയും ചലനശേഷിയും നഷ്ടപ്പെട്ട ഉച്ചിരിയമ്മയുടെ ഇളയ മകനിൽ നിന്ന് കോഴ കൈപ്പറ്റി, സബ് രജിസ്ട്രാർ ദാമോദരനെ സ്വാധീനിച്ച് കൃത്രിമ രേഖകൾ ചമച്ച് രജിസ്റ്റർ ചെയ്ത് കൊടുത്തതാണ് ഈ കേസിനാധാരമായ പരാതി. ഇതുസംബന്ധിച്ച് ഈ വൃദ്ധയുടെ മറ്റൊരു മകൻ രജിസ്ട്രേഷൻ വകുപ്പിന് പരാതി നൽകുകയുണ്ടായി. രജിസ്ട്രേഷൻ ഐ.ജി. 2012-ൽ ഈ രജിസ്ട്രാറെ സസ്പെൻഡ് ചെയ്തു. എന്നാൽ ഐ.ജി. രഘു കാസർഗോഡ് അതേ സബ് രജിസ്ട്രാർ ഓഫീസിൽ ഈ അഴിമതിക്കാരനായ ഉദ്യോഗസ്ഥനെ പുനഃപ്രതിഷ്ഠിക്കുകയാണ് ചെയ്തത്.

വിലക്കയറ്റം പിടിച്ചുനിർത്താൻ കഴിഞ്ഞ ഡിസംബറിൽ 1,32,725 ടൺ അരിയും 54,211 ടൺ ഗോതമ്പും കേന്ദ്ര സർക്കാർ പ്രത്യേകമായി അനുവദിച്ചിരുന്നു. ജനുവരി മുതൽ നാല് മാസത്തേക്കാണ് കേന്ദ്ര സർക്കാർ ഭക്ഷ്യധാന്യം അനുവദിച്ചിരുന്നത്. ഇതിൽ എത്ര പേർക്ക് അരി വിതരണം ചെയ്തുവെന്ന് ബഹുമാന്യനായ മന്ത്രി വ്യക്തമാക്കണം. പൊതുവിപണിയിൽ 'വില കുറയ്ക്കാൻ അനുവദിച്ച റേഷനരിയും കരിഞ്ചന്തയിലേക്ക്' എന്ന തലക്കെട്ടോടെ 2013 മാർച്ച് 11 തിങ്കളാഴ്ചത്തെ മാതൃഭൂമി പത്രത്തിൽ വന്ന വാർത്തയാണിത്. (മാതൃഭൂമി പത്രം ഉയർത്തിക്കാണിച്ചു) അതിൽ പറയുന്നത്, കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ മാത്രമാണ് കാർഡുടമകൾക്ക് ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തത്. മറ്റ് ജില്ലകളിൽ പത്ത് ശതമാനം കാർഡുടമകൾക്കുപോലും ഈ

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യധാന്യം ലഭിച്ചിട്ടില്ല. മില്ലുകളിലേക്കും സ്വകാര്യ ഗോഡൗണുകളിലേക്കും മാറ്റുന്നതിനുപുറമേ റേഷൻ സാധനങ്ങൾ വിറ്റഴിക്കാൻ കേരളത്തിൽ ഒരു സമാന്തര വിപണികൂടി രൂപപ്പെട്ടുവരുന്നുണ്ട്. അന്യസംസ്ഥാന തൊഴിലാളികൾക്ക് വിലകൂട്ടി റേഷൻധാന്യങ്ങൾ വിറ്റഴിക്കുന്നതും വ്യാപകമാവുകയാണ്. സിവിൽസപ്ലൈസ് വകുപ്പിൽ നടക്കുന്ന ഞെട്ടിപ്പിക്കുന്ന അഴിമതികളെക്കുറിച്ച് മലയാള മനോരമ പത്രത്തിൽ ലേഖന പരമ്പരകളാണ് വന്നിട്ടുള്ളത്. (മലയാള മനോരമ പത്രം ഉയർത്തിക്കാണിച്ചു) 'ഇത് സപ്ലൈസ് സിവിലല്ല, സപ്ലൈസ് ക്രിമിനലാണെ'ന്നാണ് മലയാള മനോരമ പത്രത്തിൽ എഴുതിയിരിക്കുന്നത്. പണം വാങ്ങുന്നതിന് മന്ത്രിയുടെ വീട്ടിൽ നാല് കൗണ്ടർ.......

മി. സ്പീക്കർ : ശ്രീ. റ്റി. വി. രാജേഷ്, പ്ലീസ് കൺക്ലൂഡ്. എന്നെക്കൊണ്ട് മൈക്ക് ഓഫ് ചെയ്യിക്കരുത്.

ശ്രീ. റ്റി. വി. രാജേഷ് : സർ, ഇത് പ്രധാനപ്പെട്ട വിഷയമാണ്. എനിക്ക് സംസാരിക്കാൻ അനുവാദം തരണം. മന്ത്രിയുടെ വീട്ടിൽ പണം വാങ്ങുന്നതിന് നാല് പ്രത്യേക കൗണ്ടറുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് പറഞ്ഞത് ഞങ്ങളാരുമല്ല, മന്ത്രിയുടെ പാർട്ടിയുടെ ജനറൽ സെക്രട്ടറിയായ ശ്രീ. പി. ടി. എബ്രഹാമാണ്. അതിന്റെ ദൃശ്യങ്ങൾ തന്റെ കൈവശമുണ്ടെന്ന് 2012 ഒക്ടോബർ 16-ന് വാർത്താ സമ്മേളനത്തിൽ അദ്ദേഹം വെളിപ്പെടുത്തുകയുണ്ടായി. മേൽപ്പറഞ്ഞ ചട്ടവിരുദ്ധമായ, വഴിവിട്ട ഇടപാടുകളിൽ 27 കോടി രൂപയുടെ അഴിമതിയാണ് മന്ത്രി നടത്തിയിരിക്കുന്നത്. ഈ മന്ത്രി, ഒരു ചെറിയ മീനല്ല. ഇദ്ദേഹം ഒരു വമ്പൻ സ്രാവാണ്. ഈ അഴിമതി സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷിക്കണം. ചുരുങ്ങിയ കാലയളവിൽ മൂന്ന് വിജിലൻസ് കേസിൽ മന്ത്രി പ്രതിയായിരിക്കുകയാണ്. ഇത് കേരളത്തിലെ ജനങ്ങളുടെ ജീവിതവുമായി ബന്ധപ്പെട്ട സുപ്രധാനമായ വിഷയമാണ്. അതുകൊണ്ട് വിജിലൻസ് കേസിലെ പ്രതിയായ ഈ മന്ത്രിയെ തൽസ്ഥാനത്തുനിന്ന് മാറ്റിനിർത്തി സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് ഈ അഴിമതി അന്വേഷിക്കാൻ ബഹുമാന്യനായ മുഖ്യമന്ത്രി തയ്യാറാകണമെന്ന് ആവശ്യപ്പെടുകയാണ്.

ശ്രീ. റ്റി. എൻ. പ്രതാപൻ : സർ, ഞാൻ ഈ ബഡ്ജറ്റിനെ പിന്താങ്ങുകയാണ്. കഴിഞ്ഞ രണ്ട് വർഷം സംസ്ഥാനത്തിന്റെ ധനകാര്യ മാനേജ്മെന്റിൽ ശ്രദ്ധേയമായ

4.03 P.M.] നേട്ടവും പ്രകടമായ വ്യത്യാസവും ഉണ്ടാക്കാൻ ശ്രീ. കെ. എം. മാണി സാറിന്റെ നേതൃത്വത്തിലുള്ള ധനകാര്യ വകുപ്പിന് കഴിഞ്ഞു എന്നുള്ളതിന് പ്രത്യേകമായി ധനകാര്യ വകുപ്പിനെ അഭിനന്ദിക്കുകയാണ്. ദേശീയ ശരാശരി വളർച്ചാനിരക്ക് 6.2 ശതമാനമായിരിക്കെ കഴിഞ്ഞ വർഷം 9.51 ശതമാനം വളർച്ച സംസ്ഥാനം കൈവരിക്കുകയുണ്ടായി. ഇത് കഴിഞ്ഞ പത്ത് വർഷക്കാലയളവിലെ ഏറ്റവും ഉയർന്ന വളർച്ചാനിരക്കാണ്. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിൽ കഴിഞ്ഞ രണ്ട് വർഷം ശ്രദ്ധേയമായ വളർച്ചയാണ് കൈവരിച്ചത്. 2010-2011-ൽ 30990.95 കോടി രൂപയിൽനിന്ന് 2011-2012-ൽ 38010.36 കോടി രൂപയായി ഉയർന്നു. 2012-13-ൽ 48262.21 കോടി രൂപയായി വർദ്ധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിലെ ചോർച്ച തടഞ്ഞുകൊണ്ട് വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് തുക കണ്ടെത്തുന്ന

LIBRARY ARCHIVES Kerala Legislative Assembly

ധനമാനേജ്മെന്റാണ് ഈ സർക്കാർ തുടർന്നുവരുന്നതെന്നതാണ് ഏറെ അഭിമാനകരമായകാര്യം. ധനകാര്യ മാനേജ്മെന്റിനെ പ്രത്യേകം അഭിനന്ദിക്കുകയാണ്. നടപ്പ് സാമ്പത്തികവർഷത്തേക്കാൾ പദ്ധതി അടങ്കലിൽ 21.34 ശതമാനം വളർച്ച ഉറപ്പുവരുത്തിയും എല്ലാ ക്ഷേമപെൻഷനുകളും വർദ്ധിപ്പിച്ചും കഴിഞ്ഞ രണ്ട് വർഷത്തെ ബഡ്ജറ്റുകളിൽ ക്ഷേമപെൻഷനുകൾക്ക് മിനിമം 75 ശതമാനം വർദ്ധനവ് ഉറപ്പുവരുത്തിയും വികസനവും കരുതലുമെന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയുടെ പ്രഖ്യാപിത ലക്ഷ്യത്തിലേക്കുള്ള നീക്കമാണ് ഗവൺമെന്റിന്റെ ഇപ്പോഴത്തെ ബഡ്ജറ്റ് ചൂണ്ടിക്കാണിക്കുന്നത്. ഈ വർഷത്തെ അധിക വിഭവസമാഹരണം 1133.33 കോടി രൂപയായി നിശ്ചയിച്ചപ്പോഴും സാധാരണക്കാരെ ബാധിക്കാത്തതരത്തിലും വിലക്കയറ്റം സൃഷ്ടിക്കാത്തതരത്തിലും വിഭവ സമാഹരണത്തിന് മേഖലകൾ കണ്ടെത്തിയ ധനകാര്യനയം ശ്ലാഘനീയമാണ്. മാത്രമല്ല, പുതിയ ബഡ്ജറ്റിൽ 1400.58 കോടി രൂപയുടെ അധികച്ചെലവും 67.78 കോടി രൂപയുടെ ഇളവുകളും പ്രഖ്യാപിച്ചതിനു ശേഷവും റവന്യൂകമ്മി കഴിഞ്ഞ വർഷത്തേക്കാൾ 1136.47 കോടി രൂപയായി കുറച്ചുകൊണ്ടുവരുവാൻ കഴിഞ്ഞുവെന്നത് ശ്രീ. കെ. എം. മാണിസാറിന്റെ ധനകാര്യ മാനേജ്മെന്റിന്റെ മികച്ച നേട്ടമാണ്. അടുത്തവർഷത്തെ റവന്യൂ കമ്മി 2269.97 കോടി രൂപയായി കണക്കാക്കുകയും ആസ്തി സൃഷ്ടിക്കുന്നതിനുള്ള ഗ്രാന്റായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന 3472.06 കോടി രൂപ മാറ്റിനിർത്തുകയും ചെയ്യുമ്പോൾ നാല് ദശാബ്ദത്തിനിടയിൽ ആദ്യമായി സംസ്ഥാനത്ത് യഥാർത്ഥ റവന്യൂ മിച്ചം സംജാതമാവുകയാണ് ചെയ്യാൻ പോകുന്നത്. ഒരുപക്ഷേ, രണ്ട് വർഷംമുമ്പ് നമുക്ക് സ്വപ്നം കാണാൻപോലും കഴിയാതിരുന്ന ഒരു സാമ്പത്തിക സാഹചര്യമാണ് ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിസാറിന്റെ മാനേജ്മെന്റ് സിസ്റ്റത്തിലൂടെ കൈവരിക്കപ്പെട്ടിരിക്കുന്നത്. മികച്ച മാനേജ്മെന്റും വിഭവ സമാഹരണ രംഗത്തുള്ള ഉണർവ്വും സംസ്ഥാന ഖജനാവിന് പുതിയ മാനങ്ങൾ നൽകിയെന്നതാണ് യു.ഡി.എഫ്. ഭരണത്തിലെ ധനകാര്യ മാനേജ്മെന്റിന്റെ നേട്ടം. ഇത് വരച്ചുകാണിക്കുന്നതാണ് ഈ വർഷത്തെ ബഡ്ജറ്റിലെ ഏറ്റവും പ്രധാനപ്പെട്ട പ്രത്യേകത.

കാർഷിക മേഖലയിൽ ഗവൺമെന്റിന്റെ കാഴ്ചപ്പാട് എന്താണെന്ന് ബഡ്ജറ്റ് ബോധ്യമാക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ലായ കാർഷികമേഖലയുടെ വളർച്ചയ്ക്കും നവീകരണത്തിനും ഏറ്റവും മുന്തിയ പരിഗണനയാണ് നൽകുന്നത്. ഹൈടെക് കൃഷിരീതികളും കാർഷിക മേഖലയുടെ മൂല്യവർദ്ധനയ്ക്കുള്ള പദ്ധതികളും കൊണ്ട് കഴിഞ്ഞ വർഷത്തെ ബഡ്ജറ്റ് ശ്രദ്ധേയമായിരുന്നു. ഈ വർഷത്തെ ബഡ്ജറ്റിൽ അവ തുടരുന്നതോടൊപ്പം ആസന്നമായ വരൾച്ചയുടെ പശ്ചാത്തലത്തിൽ പലിശയെഴുതിത്തള്ളൽ, പലിശരഹിത വായ്പ, റിസ്ക് ഇൻഷ്വറൻസ് തുടങ്ങിയ കർഷകരക്ഷാ നടപടികൾ കൈക്കൊണ്ടിരിക്കുകയാണ്. സൗരോർജ്ജം, മഴവെള്ള സംഭരണം, ഉറവിട മാലിന്യ സംസ്ക്കരണം, ഹൈടെക് ജൈവകൃഷിരീതികൾ, പരിസ്ഥിതി സംരക്ഷണം എന്നിവ സമന്വയിപ്പിക്കുന്ന മാതൃകാ ഹൈടെക്-ഹരിത ഗ്രാമങ്ങൾ തുടങ്ങിയവ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനായി 42 കോടി രൂപ വകയിരുത്തിയിരിക്കുകയാണ്. കാർഷിക



LIBRARY ARCHIVES Kerala Legislative Assembly

മേഖലയിൽ വിപണന സൗകര്യമൊരുക്കുന്നതിന് 25 കോടി രൂപ വകയിരുത്തിയിരിക്കുന്നത് നല്ല നീക്കമാണ്. അപ്രകാരം ജൈവകൃഷി പ്രോത്സാഹിപ്പിക്കാനുള്ള 12 കോടി രൂപയുടെ വിഹിതവും വിള ഇൻഷ്വറൻസ് മേഖലയിലെ നീക്കിയിരിപ്പും അഭിനന്ദനാർഹമാണ്. പച്ചക്കറികൃഷി വികസനത്തിന് ഹൈടെക്ക് ഫാമിംഗിനുള്ള വിഹിതവും നെൽക്കൃഷി വികസനത്തിനുള്ള നടപടികളും ശ്രദ്ധേയമാണ്. ഇതിനുപരിയായി കാർഷിക മേഖലയിൽ യു.ഡി.എഫ്. സർക്കാർ കഴിഞ്ഞ രണ്ടുവർഷമായി ചെലവഴിച്ചിട്ടുള്ള തുക വിലയിരുത്തിയാൽ ഈ സർക്കാരിന്റെ മുൻഗണനാക്രമത്തിൽ കൃഷിയുടെ പ്രോത്സാഹനത്തിനുള്ള പങ്ക് വ്യക്തമാകുന്നതാണ്. എൽ.ഡി.എഫ്. സർക്കാരിന്റെ അവസാനവർഷം, 2010-2011-ൽ കൃഷിയുടെ ആകെ പ്ലാൻ ഫണ്ട് 545.45 കോടി രൂപയായിരുന്നു. ഈ സർക്കാരിന്റെ ആദ്യത്തെ വർഷംതന്നെ അത് 877.97 കോടി രൂപയായും രണ്ടാമത്തെ വർഷം, 2012-13-ൽ 7083.40 കോടി രൂപയായും മൂന്നാം വർഷത്തേക്കുള്ള ബഡ്ജറ്റിൽ 1262.76 കോടി രൂപയായും വർദ്ധിപ്പിച്ചിരിക്കുകയാണ്. അതായത്, മൂന്ന് വർഷംകൊണ്ട് 150 ശതമാനം വർദ്ധനവ് ഉറപ്പുവരുത്തുന്ന കാർഷികമേഖലയുടെ സംരക്ഷണം ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ ദിശാസൂചികയാണ്. സംസ്ഥാനത്തിന്റെ അടിസ്ഥാന വികസന മേഖലയിൽ ഒരു പുതിയ മാറ്റത്തിന് തുടക്കം കുറിക്കുന്ന വിവിധ വിളപദ്ധതികൾക്ക് രൂപം നൽകുമ്പോൾത്തന്നെ വികസനത്തിന്റെ ഫലമായുണ്ടാകുന്ന പാരിസ്ഥിതിക ആഘാതം സംബന്ധിച്ച് പഠിച്ച് അതിന്റെ ദോഷം കുറയ്ക്കുന്നതിന് ഒരു urban environment import improvement project ഈ സംസ്ഥാനത്ത് നടപ്പിലാക്കുന്ന കാര്യം ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരിക്കുകയാണ്. അത് ഹരിത രാഷ്ട്രീയത്തിന്റെ സൂചനയായി നമുക്ക് കാണാം. എന്നാൽ ഊർജ്ജ മേഖല, നിർമ്മാണ മേഖല എന്നിവിടങ്ങളിൽ കൂടുതൽ പരിസ്ഥിതി സൗഹൃദ പദ്ധതികൾ ഇനിയും നടപ്പിലാക്കേണ്ടതുണ്ട്. സംസ്ഥാനത്തിന്റെ വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് ഏറെ പ്രതീക്ഷ നൽകുന്നതാണ് ഈ വർഷത്തെ ബഡ്ജറ്റ്. അഖിലേന്ത്യാ ശരാശരിയേക്കാൾ 3.3 ശതമാനം അധികവളർച്ച നേടാനും കഴിഞ്ഞ ബഡ്ജറ്റിൽ ലക്ഷ്യമിട്ട 9.5 ശതമാനമെന്ന വളർച്ചാനിരക്ക് കൈവരിക്കാനും യു.ഡി.എഫ് ഭരണത്തിന് കഴിഞ്ഞിട്ടുണ്ട്. അടുത്ത വർഷത്തേക്ക് 9.58 ശതമാനമെന്ന കൂടുതൽ ഉയർന്ന പ്രതീക്ഷയോടെ, 12-ാം പദ്ധതിയിൽ രണ്ടക്ക വളർച്ചാനിരക്കെന്ന ലക്ഷ്യത്തിലേക്ക് സംസ്ഥാനത്തെ നയിക്കുന്നതിന് ഈ ബഡ്ജറ്റിന് കഴിയുമെന്നതിൽ ഒരു സംശയവുമില്ല. ഒരുപക്ഷേ, കേരളത്തിന്റെ ചരിത്രത്തിൽ പത്ത് ശതമാനത്തോളം വളർച്ചാനിരക്ക് എന്ന ആദ്യ സംഭവത്തിലേക്ക് എത്താൻ പോവുകയാണ്. ജി.എസ്.ഡി.പി. അഖിലേന്ത്യാ ശരാശരിയിലേക്ക് എത്തിക്കാനുള്ള ശ്രമവും ഈ ബഡ്ജറ്റിൽ ധനകാര്യ വകുപ്പുമന്ത്രി എടുത്തുപറഞ്ഞിട്ടുണ്ട്, അത് അഭിനന്ദനാർഹമാണ്. പദ്ധതി രൂപകൽപ്പനയിലും നടത്തിപ്പിലുമുള്ള കാലവിളംബം ഒഴിവാക്കുന്നതിനായി പദ്ധതി നിർവ്വഹണത്തിന് പുതിയ ദിശാബോധം നൽകാനുള്ള മോണിറ്ററിംഗ് കമ്മിറ്റി എന്ന നിർദ്ദേശം തികച്ചും നൂതനവും ശ്രദ്ധേയവുമാണെന്ന് ഈ സന്ദർഭത്തിൽ ഞാൻ എടുത്തുപറയുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട കെ. എം. മാണിസാർ, അങ്ങ് കർഷകന്റെ ആളാണ്. മണ്ണിനും മനുഷ്യനുംവേണ്ടി നിൽക്കുന്ന ആളാണ്. കേരളത്തിന് പുതിയൊരു രാഷ്ട്രീയം പരിസ്ഥിതിക്കുവേണ്ടിയുള്ള ഒരു രാഷ്ട്രീയം ഉണ്ടാകണമെന്ന് നിയമസഭയുടെ കഴിഞ്ഞ സെഷനിൽ ഞങ്ങൾ പറഞ്ഞപ്പോൾ ആ ബഞ്ചിലിരുന്നുകൊണ്ട് വളരെയേറെ ആവേശത്തോടെ ഞങ്ങളെയെല്ലാം പ്രോത്സാഹിപ്പിച്ച ആളാണ്. അങ്ങ് മറുപടി പറയുമ്പോൾ പറയുവാൻവേണ്ടി ഒന്നുരണ്ട് കാര്യങ്ങൾകൂടി ശ്രദ്ധയിൽപ്പെടുത്തുകയാണ്. നമ്മുടെ സംസ്ഥാനത്ത് നദികൾ ഇല്ലാതാവുകയാണ്. 44 നദികളുള്ള കേരളം വരൾച്ചയിലേക്ക് പോകുകയാണ്. സംസ്ഥാനത്തിന്റെ ഇന്നത്തെ ദുരവസ്ഥയ്ക്ക് കാരണം അതിരൂക്ഷമായ വരൾച്ചയാണ്. നമ്മുടെ നദികളെ സംരക്ഷിക്കുന്നതിനുവേണ്ടി സ്റ്റാറ്റ്യൂട്ടറി പദവിയുള്ള റിവർ മാനേജ്മെന്റ് അതോറിറ്റി രൂപീകരിക്കണം. അതുസംബന്ധിച്ച് ഈ ബഡ്ജറ്റിൽ അങ്ങ് പ്രഖ്യാപിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിച്ചിരുന്നു. രാജീവ് ഗാന്ധി ഇന്ത്യയുടെ പ്രധാനമന്ത്രിയായിരുന്ന കാലത്ത് ഗംഗാ റിവർ മാനേജ്മെന്റ് അതോറിറ്റി രൂപീകരിച്ച് ലോകത്തിന് മാതൃകയായത് നമ്മുടെ മുമ്പിലുണ്ട്. അതുകൊണ്ടുതന്നെ ഈ ബഡ്ജറ്റ് പ്രസംഗത്തിന് അങ്ങ് മറുപടി പറയുമ്പോൾ നമ്മുടെ നദികളെ സംരക്ഷിക്കുവാൻവേണ്ടി സ്റ്റാറ്റ്യൂട്ടറി പദവിയുള്ള റിവർ മാനേജ്മെന്റ് അതോറിറ്റി രൂപീകരിക്കുന്നകാര്യം പറയുമെന്നും അതിനായി തുക വകയിരുത്തുമെന്നും പ്രതീക്ഷിക്കുകയാണ്. ഒരേക്കർ നെൽവയൽ ഒരുവർഷം കൊണ്ട് 5 കോടി ലിറ്റർ ജലം ഭൂമിയിൽ സംഭരിച്ച് ഭൂഗർഭജലം വർദ്ധിപ്പിക്കും. ലിറ്ററിന് 10 പൈസവച്ച് കണക്കാക്കിയാൽപ്പോലും ഒരുവർഷം 50 ലക്ഷം രൂപയുടെ പാരിസ്ഥിതിക സേവനമാണ് ഒരേക്കർ നെൽവയൽ നൽകുന്നത്. ഇത്രയും ജലം സംഭരിക്കുന്നതിനായി തടയണകളോ കുളങ്ങളോ നിർമ്മിക്കണമെങ്കിൽ സർക്കാരിന് ഭീമമായ തുക ചെലവഴിക്കേണ്ടിവരും. ഈ സേവനമാണ് നെൽവയലുകൾ സംരക്ഷിച്ചുകൊണ്ട് നെൽക്കർഷകർ നൽകുന്നത്. നെൽക്കർഷകർക്ക് ഇപ്പോൾ ചില ആനുകൂല്യങ്ങളുണ്ട്. ഒരു ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്താൽ 15,000 രൂപയാണ് കൊടുക്കുന്നത്. വിള ഇൻഷ്വറൻസുണ്ട്. എന്നിട്ടും കഴിഞ്ഞ വർഷത്തെ സാമ്പത്തിക സർവ്വെ റിപ്പോർട്ട് പുറത്തുവന്നപ്പോൾ, കേരളത്തിൽ അയ്യായിരത്തോളം ഹെക്ടർ നെൽവയലുകൾ ഒരു വർഷംകൊണ്ട് പരിവർത്തനം ചെയ്യപ്പെട്ടിരിക്കുന്നുവെന്നാണ് ചൂണ്ടിക്കാണിച്ചിരിക്കുന്നത്. നെൽവയലുകൾ നികത്തപ്പെടുകയാണ്, അവ കോൺക്രീറ്റ് കാടുകളാവുകയാണ്. നെൽവയലുകൾ ചെയ്യുന്ന സേവനം വെറും നെൽക്കൃഷി മാത്രമല്ല, ഭൂമിയുടെ വരദാനമായ ജലസ്രോതസ്സുകളെ, ഭൂഗർഭ ജലത്തെ സംരക്ഷിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട നിധിയാണ് നെൽവയലുകൾ. അതുകൊണ്ട് ശ്രീ. കെ. എം. മാണി സാർ മറുപടി പറയുമ്പോൾ, നഷ്ടം വന്നാൽ വിള ഇൻഷ്വറൻസ് നൽകുന്നതു കൂടാതെ നെൽക്കൃഷി ചെയ്യാൻ തയ്യാറുള്ള കർഷകർക്ക് ഒരു ഇൻസെന്റീവ് കൊടുക്കാനുള്ള പ്രഖ്യാപനമുണ്ടാകണം. ഇത്തരത്തിലൊരു നെൽവയൽ പരിരക്ഷാസഹായ പദ്ധതികൂടി പ്രഖ്യാപിച്ചുകൊണ്ട് വരൾച്ചയെ നേരിടാൻ അങ്ങ് തയ്യാറാകുമെന്ന് കരുതുകയാണ്. ഭരണകക്ഷി-പ്രതിപക്ഷ വ്യത്യാസമില്ലാതെ 2008-ൽ നിയമസഭ ഐക്യകണ്ഠ്യേന പാസ്സാക്കിയ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം കേരളത്തിലെ എല്ലാവരും സ്വീകരിക്കുന്ന ഒന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ തണ്ണീർത്തടങ്ങളും നെൽവയലുകളും ഇല്ലാതായാൽ കേരളം മരുഭൂമിയായി മാറും. ആരാധനാലയങ്ങളുടെ എണ്ണം അധികമുള്ളതുകൊണ്ടല്ല കേരളത്തെ ദൈവത്തിന്റെ സ്വന്തം നാടെന്നുപറയുന്നത്. പ്രകൃതി നൽകിയ വരദാനം തന്നെയാണ് കേരളത്തിനെ ദൈവത്തിന്റെ സ്വന്തം നാടെന്നുപറയാൻ കാരണം. നെൽവയലുകൾ സംരക്ഷിക്കുവാൻവേണ്ടി 2008-ൽ നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കിയ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നടപ്പാക്കണമെങ്കിൽ ഡേറ്റാ ബാങ്ക് വിജ്ഞാപനം ചെയ്യണം. ഇന്നുവരെ നമുക്ക് ഡേറ്റാബാങ്ക് വിജ്ഞാപനം ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഡേറ്റാബാങ്ക് നിർമ്മിക്കാനായി സംസ്ഥാനത്ത് നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും ഉപഗ്രഹ ചിത്രം തയ്യാറാക്കേണ്ടതുണ്ട്. ഇതിനായി 8 കോടി രൂപ വേണമെന്നാണ് മന്ത്രിസഭാ ഉപസമിതി നേരത്തെ റിപ്പോർട്ട് ചെയ്തത്. 8 കോടി രൂപ ഇല്ലാത്തതിന്റെ പേരിൽ ഡേറ്റാ ബാങ്ക് തയ്യാറാക്കുന്ന ജോലി സ്തംഭിച്ചുനിൽക്കുകയാണ്. നമ്മുടെ നെൽവയലുകളേയും തണ്ണീർത്തടങ്ങളേയും കശ്മലൻമാർ കൊത്തിയെടുത്തുകൊണ്ടുപോകുന്നു. അതുകൊണ്ട്, ഈ സാമ്പത്തിക വർഷം ഡേറ്റാബാങ്ക് പ്രസിദ്ധീകരിക്കാൻവേണ്ടി മന്ത്രിസഭാ ഉപസമിതിയുടെ ശുപാർശ പ്രകാരമുള്ള 8 കോടി രൂപയുടെ സഹായം അങ്ങ് നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്. സർക്കാർ ഭൂമി പാട്ടത്തിനെടുത്ത് തോട്ടങ്ങൾ നടത്തി കോടിക്കണക്കിന് രൂപ സമ്പാദിക്കുന്ന വൻകിടക്കാർ നമ്മുടെ സംസ്ഥാനത്തുണ്ട്. ഇവർ നാമമാത്രമായ തുകയാണ് ഇപ്പോഴും പാട്ടത്തുകയായി നൽകുന്നത്. പലരും ആ പാട്ടത്തുക തന്നെ കുടിശ്ശിക വരുത്തിയിരിക്കുകയാണ്. ഈ പശ്ചാത്തലത്തിൽ സർക്കാർ ഭൂമി ഉപയോഗിച്ച് തോട്ടം നടത്തി കോടിക്കണക്കിന് രൂപ ലാഭം ഉണ്ടാക്കുന്ന തോട്ടം ഉടമകളുടെ വരുമാനത്തിന്റെ നിശ്ചിത ശതമാനം സർക്കാരിലേക്ക് അടയ്ക്കണമെന്ന ഉത്തരവ് നേരത്തെ ഉണ്ടായിരുന്നു. വൻകിട ലോബികളുടെ സ്വാധീനത്തിന്റെ ഫലമായി 1995-ൽ ആ ഉത്തരവ് പിൻവലിച്ചു. അതുവഴി 500 കോടിയോളം രൂപയാണ് സംസ്ഥാന ഖജനാവിന് നഷ്ടമായതെന്നാണ് നിയമസഭയുടെ പരിസ്ഥിതി കമ്മിറ്റി അന്ന് നൽകിയിട്ടുള്ള റിപ്പോർട്ട്. ഇതിന്റെ പശ്ചാത്തലത്തിൽ സർക്കാർ ഭൂമി ഉപയോഗിച്ച് കോടികൾ കൊയ്യുന്ന വൻകിടക്കാരിൽ നിന്നും വരുമാനത്തിന്റെ നിശ്ചിത ശതമാനം ഖജനാവിലേക്ക് മുതൽക്കൂട്ടണം. ഇതിനായി ഹരിത ധനശേഖരണം എന്ന പേരിൽ അങ്ങ് ഒരു ധനശേഖരണം നടത്തണം. അത് മാതൃകാപരമാകണം. അതോടൊപ്പംതന്നെ അഗ്രികൾച്ചറൽ ഇൻകംടാക്സ് പിൻവലിക്കേണ്ട കാര്യമില്ല. 20 ഏക്കറിന് മുകളിലുള്ള ആളുകൾക്കാണ് അഗ്രികൾച്ചറൽ ഇൻകംടാക്സുള്ളത്. അത് പിൻവലിച്ചത് പുനഃപരിശോധിക്കണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്. കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് കേരളത്തിന്റെ പച്ചപ്പ് സംരക്ഷിക്കുവാൻ വൻകിട തോട്ടം ഉടമകളിൽ നിന്നും ഇത്തരത്തിലുള്ള വരുമാനത്തിന്റെ നിശ്ചിത ശതമാനം ഈടാക്കാൻ വേണ്ടി മണ്ണിന്റെയും കർഷകന്റെയും പ്രതിനിധിയായ പ്രിയപ്പെട്ട കെ. എം. മാണിസാർ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. സർക്കാർ മേഖലകളിലെയും സ്വകാര്യ മേഖലകളിലെയും ഏകവിള തോട്ടങ്ങളെ ബഹുവിള തോട്ടങ്ങളാക്കി മാറ്റുന്നതിനും അതിലൂടെ ജൈവ വൈവിധ്യ പാർക്കുകൾ രൂപപ്പെടുത്തി

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യവിളകളെ പ്രോത്സാഹിപ്പിച്ച് നമ്മുടെ സംസ്ഥാനത്തിന്റെ ഭക്ഷ്യസുരക്ഷയും ജലസുരക്ഷയും ഉറപ്പുവരുത്തുവാനും കൂടുതൽ തൊഴിലവസരം സൃഷ്ടിക്കുന്നതിനും വേണ്ടി ഈ ബഡ്ജറ്റിൽ ഒരു ജൈവവൈവിധ്യ ഫണ്ട് ഉണ്ടാക്കണം. നമ്മുടെ പല വൻകിട തോട്ടങ്ങളും ഏകവിള തോട്ടങ്ങളാണ്. ആ ഏകവിള തോട്ടങ്ങൾ ബഹുവിള തോട്ടങ്ങളാക്കുവാൻ പ്രയാസമില്ല. അങ്ങനെയാക്കുകയാണെങ്കിൽ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്താൻ സാധിക്കും. തൊഴിലവസരങ്ങളുമുണ്ടാകും. മാത്രമല്ല. ആ തോട്ടങ്ങളിലൂടെ ഉത്പ്പാദിപ്പിക്കപ്പെടുന്ന വൈവിധ്യമാർന്ന ഭക്ഷ്യോൽപ്പന്നങ്ങൾ കേരളത്തിന്റെ ഭക്ഷ്യകലവറയിലെ ഏറ്റവും വലിയ നിധിയായി മാറും. അതിനുവേണ്ടി ഒരു ജൈവവൈവിധ്യ ഫണ്ട് ഈ ബഡ്ജറ്റിൽ അങ്ങ് പ്രഖ്യാപിക്കുമെന്ന് വിശ്വസിക്കുന്നു.

പാറ ഒരു പ്രധാനപ്പെട്ട പ്രശ്നമാണ്. സർക്കാർ ഉടമസ്ഥതയിലുള്ള റവന്യൂ ഭൂമിയിലെ പാറ ,പാട്ടത്തിനെടുത്ത് പൊട്ടിച്ച് കോടിക്കണക്കിന് രൂപ സമ്പാദിക്കുന്ന പാറ ക്രഷർ ലോബികൾ നമ്മുടെ സംസ്ഥാനത്ത് സജീവമാണ്. ഇവരുണ്ടാക്കുന്ന പാരിസ്ഥിതിക ആഘാതം താങ്ങാവുന്നതിനും അപ്പുറത്താണെന്നുള്ള കാര്യം എല്ലാവർക്കുമറിയാം. 6500 കോടി രൂപയാണ് ഇവരുടെ വരുമാനമായി കണക്കാക്കിയിട്ടുള്ളത്. പാറ പൊട്ടിക്കാൻവേണ്ടി സർക്കാരിന്റെ റവന്യൂ ഭൂമി പാട്ടത്തിനെടുത്തിട്ടുള്ള ഇത്തരക്കാർ നാമമാത്രമായ തുകയാണ് ഗവൺമെന്റിലേക്ക് പാട്ടമായും നികുതിയായും നൽകുന്നത്. പാട്ടത്തുക നാമമാത്രമാണെങ്കിലും ഇവർ മാർക്കറ്റിൽ വിൽക്കുന്ന പാറ ഉൽപ്പന്നങ്ങൾക്ക് ഒരു വിലക്കുറവുമില്ല. സർക്കാരിന്റെ പൊതുഭൂമിയിൽനിന്ന് പാറപൊട്ടിച്ച് കോടിക്കണക്കിന് രൂപ സമ്പാദിക്കുന്നത് വലിയ സമ്പന്നൻമാരായ ആളുകളാണ്. രാഷ്ട്രീയക്കാരും അല്ലാത്തവരുമായ, ഗവൺമെന്റിനെപ്പോലും പേടിപ്പിക്കാൻ കഴിവുള്ള വൻലോബിയാണ് അതിലുള്ളത്. ഇവരുടെ ഈ ചൂഷണം അവസാനിപ്പിക്കണം. ഇത്തരത്തിലുള്ള ആളുകളിൽ നിന്നും കൂടുതൽ പാട്ടത്തുക ഈടാക്കണം. മാത്രമല്ല അവരുടെ വരുമാനത്തിന്റെ നിശ്ചിത ശതമാനം നിർബന്ധമായും പിടിച്ചെടുക്കണം. അതുപയോഗിച്ച് പരിസ്ഥിതി പുനരുജ്ജീവന നിധി എന്നപേരിൽ ഒരു നിധി നിർബന്ധമായും ഉണ്ടാക്കണം. ഇതുകൂടാതെ ഈ മേഖലയിലെ കോമ്പൗണ്ടിംഗ് നികുതി സമ്പ്രദായം പരിഷ്കരിച്ച് കൂടുതൽ നികുതി ഈടാക്കാനും അതിലൂടെ പശ്ചിമഘട്ട രക്ഷാ ഫണ്ടായി അതുപയോഗിക്കാനും ബഹുമാനപ്പെട്ട കെ. എം. മാണിസാർ തയ്യാറാകണം.

ഒന്നുരണ്ട് കാര്യങ്ങൾകൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. ഒന്നാമതായി ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിച്ചത് വളരെ സ്വാഗതാർഹമായ ഒരു കാര്യമാണ്. പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ പെൻഷൻ എങ്ങനെയോ വിട്ടുപോയതായിരിക്കും. ശ്രീ. കെ. എം. മാണി മത്സ്യത്തൊഴിലാളികൾക്ക് ഒരിക്കലും എതിരല്ലെന്നുള്ള കാര്യം നമുക്കെല്ലാവർക്കുമറിയാം. 400 രൂപയായിരുന്ന മത്സ്യത്തൊഴിലാളി പെൻഷൻ 700 രൂപയാക്കി വർദ്ധിപ്പിക്കണം. നാളെ അങ്ങ് മറുപടി പറയുമ്പോൾ ഇക്കാര്യം സൂചിപ്പിക്കാൻ തയ്യാറാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതുപോലെ നികുതി വരുമാനം പലപ്പോഴും കുറഞ്ഞു കുറഞ്ഞ് വരികയാണ്. പ്രഖ്യാപിക്കുന്ന മുഴുവൻ നികുതിയും പിരിച്ചെടുക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

സാധിക്കുന്നില്ല. നികുതി വകുപ്പിലെ അഴിമതി തടയാൻ അങ്ങ് കൈക്കൊണ്ടിട്ടുള്ള നിലപാടുകളെ ഞങ്ങൾ അഭിനന്ദിക്കുകയാണ്. പ്രഖ്യാപിക്കുന്ന മുഴുവൻ നികുതികളും പിരിഞ്ഞുകിട്ടണമെങ്കിൽ നികുതി ഘടനയിൽ ശാസ്ത്രീയമായ പരിഷ്കാരം വരുത്തണം. കേരളത്തിലെ പലരും അന്യസംസ്ഥാനങ്ങളിലാണ് ഇപ്പോൾ ബിസിനസ് നടത്തുന്നത്. പലരും അന്യ സംസ്ഥാനങ്ങളിൽ സ്വർണ്ണക്കട തുടങ്ങുന്നുണ്ട്. കോഴികളെ കള്ളക്കടത്തിലൂടെ കൊണ്ടുവരികയാണ്. നികുതി ശരിയായ രീതിയിൽ അടയ്ക്കാൻ അവസരമുണ്ടാക്കിയാൽ അവരെല്ലാം ഖജനാവിലേക്ക് ശരിയായ രീതിയിൽ നികുതി അടയ്ക്കും. അധിക നികുതി പിരിച്ചെടുക്കാൻ അങ്ങ് പ്രത്യേക താൽപ്പര്യമെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കെ.എസ്.ആർ.ടി.സി.-യുടെ കാര്യത്തിൽ ഇങ്ങനെയൊരു നിലപാട് തുടർന്നുകൊണ്ടു പോകാൻ സാധിക്കുകയില്ല. ഇതിന്മേൽ നമ്മൾ ആദർശവും രാഷ്ട്രീയവും പറഞ്ഞതുകൊണ്ട് യാതൊരു കാര്യവുമില്ല.

നമ്മുടെ സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട ഒരു പൊതുമേഖലാ സ്ഥാപനമാണ് കെ.എസ്.ആർ.ടി.സി. പെൻഷനും ശമ്പളവും നൽകാൻ സാധിക്കാതെ കെ.എസ്.ആർ.ടി.സി. ദുരന്തത്തിലേക്ക് നീങ്ങുകയാണ്. ആയതിനാൽ കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കാൻ ഒരു ശാസ്ത്രീയമായ ഇടപെടലുണ്ടാകണം. അതൊടൊപ്പംതന്നെ ഇന്നുവരെ കേരളത്തിൽ ഒരു ട്രാൻസ്പോർട്ട് നയം ഉണ്ടായിട്ടില്ല. അതിനുള്ള ശ്രമവും നടത്തണം. ഇതുപോലെ വളരെ പ്രധാനപ്പെട്ട ഒരു സ്ഥാപനമായ കെ.എസ്.ഇ.ബി.-ക്ക് സർക്കാർ നൽകാനുള്ള പണം വളരെ വളരെ വലുതാണ്. പലപ്പോഴും ചാർജ് വർദ്ധിപ്പിക്കുമ്പോൾ കുറച്ച് തുക ഗവൺമെന്റ് നൽകാമെന്ന് പറയും. ഇങ്ങനെ കോടിക്കണക്കിന് രൂപ ഗവൺമെന്റ് കൊടുക്കാനുണ്ട്. സർക്കാർ കൊടുക്കാനുള്ള തുക നൽകിയാൽ കെ.എസ്.ഇ.ബി.യെ രക്ഷിക്കാം. കെ.എസ്.ഇ.ബി.യുടെ കാര്യത്തിലും കെ.എസ്.ആർ.ടി.സി.യുടെ കാര്യത്തിലും ബഹുമാനപ്പെട്ട അങ്ങ് പ്രത്യേകമായി താൽപ്പര്യമെടുക്കണം. അങ്ങയുടെ പ്രസംഗം അവസാനിപ്പിച്ചത് ഒരു വലിയ സാരോപദേശത്തോടുകൂടിയാണ്. ആ സാരോപദേശം എല്ലാവരും സ്വീകരിക്കപ്പെടട്ടെ, അങ്ങയുടെ ചുറ്റുമുള്ള ഞങ്ങളെല്ലാവരും സ്വീകരിക്കപ്പെടട്ടെ, ഞങ്ങളെല്ലാവരുടെയും മനസ്സ് അങ്ങയുടെ സാരോപദേശം കേട്ട് വിശാലമാകട്ടെ. നമ്മുടെ ചിന്തകൾക്ക് വസന്തത്തിന്റെ സൗരഭ്യവും നമ്മുടെ കർമ്മങ്ങൾക്ക് വരദാനങ്ങളുടെ വിശുദ്ധിയും ഉണ്ടാകട്ടെ. നമ്മുടെ വാക്കുകൾ വാഗ്ദാനങ്ങളുടെ വാത്മീകങ്ങളാകട്ടെ. നമ്മുടെ യാത്രകൾ വാഗ്ദാനങ്ങൾ നിറവേറ്റാനുള്ള തീർത്ഥയാത്രകളാകട്ടെ. ബഹുമാനപ്പെട്ട ചെയറും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഉൾപ്പെടെയുള്ള നമ്മളെല്ലാവരും ആഗ്രഹിക്കുന്നത് വിശുദ്ധമായ ഒരു പൊതുജീവിതത്തിന്റെ സാക്ഷിപത്രങ്ങളാകാനാണ്. ഞങ്ങളെ പഠിപ്പിച്ചതും അതാണ്. വിശുദ്ധമായ ഒരു പൊതുജീവിതത്തിന്റെ സാക്ഷിപത്രത്തിനുവേണ്ടി കേരളീയ സമൂഹം കാത്തുനിൽക്കുകയാണ്. പ്രിയപ്പെട്ട കെ. എം. മാണിസാർ, അങ്ങയുടെ ഇടപെടൽ, അങ്ങയുടെ സന്ദർഭോചിതമായ നടപടികൾ ആ വിശുദ്ധമായ രാഷ്ട്രീയത്തിന്, സാമൂഹ്യ ജീവിതത്തിന് അടിത്തറ പാകുന്നതാകട്ടെ എന്നുകൂടി പറഞ്ഞുകൊണ്ട് ഞാൻ ഈ ബഡ്ജറ്റിനെ ഒരിക്കൽകൂടി പരിപൂർണ്ണമായി പിന്തുണയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : സർ, ഞാൻ ഈ ബഡ്ജറ്റിനെ ശക്തമായി എതിർക്കുകയാണ്. ഈ ബഡ്ജറ്റിന് യാതൊരു വിധത്തിലുള്ള ദിശാബോധമോ,

4.23 P.M.] ഐക്യമോ, രാഷ്ട്രീയ നേതൃത്വത്തിന്റെ കൂട്ടുത്തരവാദിത്വമോ, ദീർഘവീക്ഷണമോ ഇല്ല. മന്ത്രിസഭയിലെ അംഗങ്ങൾ പരസ്പരം ബഡ്ജറ്റിനെ സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ പരസ്യമായി പുറത്ത് പറയുന്നത് നമ്മൾ കേൾക്കുകയാണ്. മന്ത്രിസഭയിലെ ഒരു അംഗത്തോട് രാജിവച്ച് പോകാൻ ഒരു ഘടകകക്ഷിയുടെ ജനറൽ സെക്രട്ടറി പരസ്യമായി മാധ്യമങ്ങളിലൂടെ ആവശ്യപ്പെട്ടു. ധാരാളം എം.എൽ.എ.-മാർ ഇതിനോട് വിയോജിപ്പ് പ്രകടിപ്പിച്ചു കൊണ്ടിരിക്കുകയാണ്. ചില എം.എൽ.എ.മാർ നിയമസഭയ്ക്കകത്ത് എതിർക്കും, ചിലർ ഭരണപക്ഷത്തിരുന്നുകൊണ്ട് ഞങ്ങൾ പ്രസംഗിക്കുന്നില്ലെന്ന് മാധ്യമങ്ങളോട് പറയും. ഇതിലൂടെ കൂട്ടുത്തരവാദിത്വമില്ലാത്ത ഒരു ബഡ്ജറ്റാണിതെന്ന് തെളിഞ്ഞിരിക്കുകയാണ്. ഇത്രമാത്രം അനൈക്യവും ശിഥിലീകരണവുമുണ്ടായ ഒരു സന്ദർഭം ഇതിനുമുമ്പ് കേരളത്തിലുണ്ടായിട്ടില്ല. മഹാകവി പൂന്താനത്തിന്റെ ജ്ഞാനപ്പാനയിലെ വരികളെ അനുസ്മരിപ്പിക്കുന്ന മട്ടിലാണ് ഭരണകക്ഷി എം.എൽ.എ.മാരുടെ കാട്ടിക്കൂട്ടലുകൾ. ചില ചഞ്ചലാക്ഷിമാരുടെ പിറകെ നടക്കുന്ന കുഞ്ചിരാമൻമാരായി ഇവർ നടക്കുകയാണ്. ചില ആളുകളാണെങ്കിൽ പുകഴ്ത്താൻ വേണ്ടിമാത്രം പ്രസംഗിക്കുകയാണ്. കോവിലകങ്ങളിൽ സേവ, പിടിക്കാൻവേണ്ടി നടക്കുന്ന പുകഴ്ത്തലുകാർ, ചഞ്ചലാക്ഷിമാരുടെ പുറകെ നടക്കുന്ന കുഞ്ചിരാമൻമാർ ബ്രഹ്മാവിനെക്കാളും വലുതാണെന്ന് കരുതി.

ബ്രാഹ്മണ്യംകൊണ്ടു കുന്തിച്ചു കുന്തിച്ചു

ബ്രഹ്മാവുമെനിക്കൊക്കായെന്നും ചിലർ

എന്ന് പൂന്താനം എഴുതിയതുപോലെ ബ്രഹ്മാവിനെക്കാളും വലുതാണെന്ന് കരുതുന്ന ആളുകളുണ്ട്. ഈ ഗവൺമെന്റിന്റെ നയമെന്താണെന്നുള്ളത് നമുക്ക് മനസ്സിലാകുന്നില്ല. ഗൾഫിൽനിന്ന് വന്ന പിതാവ് പെട്ടി തുറക്കുമ്പോൾ ഓടിക്കൂടി സോപ്പും ഈന്തപ്പഴവും പെന്നും പൊന്നും കയ്യിട്ടുവാരി ഓടിപ്പോകുന്ന ബന്ധുക്കളെപ്പോലെയുള്ള ഘടകകക്ഷികളാണ് ഇവിടെയുള്ളത്. എന്താണ് ഇവിടെ നടന്നതെന്ന് ആർക്കും അറിയില്ല. കാരണം, ഘടക കക്ഷികളിൽ ലീഗിന്റെ കുറച്ച് ആളുകൾ തൃപ്തരാണ്. ഇവിടെ ശ്രീ. എൻ. എ. നെല്ലിക്കുന്ന് തൃപ്തനല്ല. കിട്ടിയവർ കയ്യിട്ട് വാരിക്കൊണ്ടുപോയി. ബഡ്ജറ്റ് എന്നുപറയുന്നത് ഒരു വരവുചെലവ് കണക്കല്ല. അതൊരു സാമ്പത്തിക നയപ്രഖ്യാപന രേഖയാണ്. കിട്ടുന്നവർക്ക് വാരിയെടുത്തുകൊണ്ട് പോകാവുന്ന ഒരു ഏർപ്പാടായി ബഡ്ജറ്റിനെ തരംതാഴ്ത്താൻ പാടില്ല. ഒരു സർക്കാരിന്റെ ദർശനം, ആസൂത്രണ മികവ്, ദീർഘ വീക്ഷണം ഇതെല്ലാം അതിൽ വെളിപ്പെടണം. കണക്ക് പുസ്തകത്തിലെ കണക്കപ്പിള്ളയുടെ പണി മാത്രമാണ് ശ്രീ. കെ. എം. മാണി ഇവിടെ നിർവ്വഹിച്ചിട്ടുള്ളത്. ഒരു അടിസ്ഥാന പ്രശ്നങ്ങളും ഇതിൽ അഭിസംബോധന ചെയ്തിട്ടില്ല.

ഞാൻ എല്ലാ കാര്യങ്ങളും പറയുന്നില്ല. ഏറ്റവും പ്രധാനപ്പെട്ട ചില വിഷയങ്ങൾ മാത്രമേ ഞാനിവിടെ സൂചിപ്പിക്കുന്നുള്ളു. ഇവിടെ പ്രസംഗിച്ച അംഗങ്ങൾ രാവിലെ മുതൽ പറഞ്ഞുകൊണ്ടിരിക്കുന്നത് വളർച്ചാനിരക്കിന്റെ പ്രാധാന്യത്തെക്കുറിച്ചാണ്. ഈ വളർച്ച ആരുടെ ചെലവിലാണ് ? കേരളം 9.5 ശതമാനം വളർച്ചാനിരക്ക് നേടി ദേശീയ വളർച്ചാനിരക്കിനേക്കാൾ മുന്നോട്ട്

പോയിയെന്ന് ശ്രീ. രമേശ് ചെന്നിത്തല മുതൽ ശ്രീ. റ്റി. എൻ. പ്രതാപൻ വരെയുള്ള അംഗങ്ങൾ പറഞ്ഞു. 55,000 കോടി രൂപ കേരളത്തിലേക്ക് അയച്ചു കൊണ്ടിരിക്കുന്ന പ്രവാസി മലയാളികളുടെ വിയർപ്പിന്റെ ചെലവിലാണ് ഈ വളർച്ച. ആ വളർച്ചയിൽ കേരളാ ഗവൺമെന്റിനും കേരളത്തിനും പ്രത്യേകിച്ച് അഭിമാനിക്കാനൊന്നുമില്ല. വളർച്ചാനിരക്കിനെക്കുറിച്ച് പറയുമ്പോൾ ആ വളർച്ചയുടെ പങ്കാളിത്തത്തെക്കുറിച്ച്......, ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല, വളർച്ചാനിരക്കിന്റെ 70 ശതമാനവും സേവന മേഖലയിലാണെന്ന് പെർസന്റേജ് പരിശോധിച്ചാൽ നമുക്ക് അറിയാൻ സാധിക്കും. ഇവിടെ ഏറ്റവും അടിസ്ഥാനപരമായി ഉയർന്നുവന്ന ചില പ്രധാനപ്പെട്ട പ്രശ്നങ്ങളുണ്ട്. അതിൽ ഒന്നാമത്തേത് വൈദ്യുതിയാണ്. ലോകത്തിലെ മനുഷ്യവിഭവ വികസന സൂചിക പരിശോധിക്കുമ്പോൾ അവരുടെ ജീവിത നിലവാരത്തിന്റെ താരതമ്യം കണക്കാക്കുന്നത് അവർ എത്ര വൈദ്യുതി ഉപഭോഗം ചെയ്യുന്നുവെന്നതിനെ അടിസ്ഥാനമാക്കിയാണ്. ആ കണക്ക് നോക്കുമ്പോൾ കേരളം വൈദ്യുതി ഉപഭോഗത്തിൽ ലോക ശരാശരിയെക്കാളും, ദേശീയ ശരാശരിയെക്കാളും വളരെ പുറകിലാണ്. വൈദ്യുതി ഉപഭോഗത്തിൽ ബീഹാറിനെക്കാളും വടക്കുകിഴക്കൻ സംസ്ഥാനങ്ങളെക്കാളും പുറകിൽ നിൽക്കുന്ന ഒരു സംസ്ഥാനമായി കേരളം ഇന്ന് മാറിയിരിക്കുകയാണ്. 55 മില്യൻ യൂണിറ്റ് വൈദ്യുതി നമുക്ക് ഒരു ദിവസം ആവശ്യമുണ്ട്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. ഈ 55 മില്യൻ യൂണിറ്റ് വൈദ്യുതി ലഭ്യമല്ലാത്തതിന്റെ പ്രയാസങ്ങളെക്കുറിച്ച് ഇലക്ട്രിസിറ്റി ബോർഡ് ചെയർമാനും ഊർജ്ജ വകുപ്പുമന്ത്രിയും പ്രസംഗിച്ചുകൊണ്ടിരിക്കുകയാണ്. ഇതിന്റെ ഭാഗമായി നമുക്ക് 2578 കോടി രൂപ നഷ്ടമുണ്ടെന്ന് അവർതന്നെ പറയുകയാണ്. കടക്കെണിയിൽപ്പെട്ട കെ.എസ്.ഇ.ബി.-യെ കരകയറ്റാൻ എന്ത് പദ്ധതിയാണ് ഈ ബഡ്ജറ്റിലുള്ളത് ? നിങ്ങൾ വൈദ്യുതി ഉപയോഗിക്കാതിരിക്കണമെന്നാണ് ഇതിന് പ്രതിവിധിയായി ഇപ്പോൾ ഗവൺമെന്റ് പറയുന്നത്. പരമാവധി ഉപഭോഗം കുറയ്ക്കുന്നവർക്ക് സമ്മാനം നൽകുമെന്നാണ് പറയുന്നത്. ഈ നിലയ്ക്കാണോ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കേണ്ടത് ? വൈദ്യുതിയുടെ ആളോഹരി ഉപഭോഗത്തിൽ ഇന്ത്യ 157-ാം സ്ഥാനത്താണ്. 672 യൂണിറ്റാണ് ഇന്ത്യ ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. ലോക ശരാശരി 2754 യൂണിറ്റാണ്. അമേരിക്കയിൽ 12669 യൂണിറ്റും, കുവൈറ്റ്, സ്വീഡൻ, കാനഡ എന്നിവിടങ്ങളിൽ 14000 യൂണിറ്റും യു.എ.ഇ. 12000 യൂണിറ്റുമാണ് ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിൽ അത് 470 യൂണിറ്റ് മാത്രമാണ്. കേരളം അമിത ഉപഭോഗമുള്ള ഒരു സംസ്ഥാനമല്ല. കേരളത്തിലെ ഗാർഹിക ഉപഭോഗം 80 ശതമാനവും വ്യാവസായിക മേഖലയ്ക്കുവേണ്ടിയുള്ള ഉപഭോഗം പത്ത് ശതമാനത്തിൽ താഴെയുമാണ്. വ്യാവസായിക ഉപഭോഗം പത്ത് ശതമാനത്തിൽ താഴെ നിൽക്കുന്ന കേരളത്തിൽ വൈദ്യുതി പരിഹാരത്തിനായി എന്ത് നിർദ്ദേശമാണ് ഈ ബഡ്ജറ്റിലുള്ളത് ? വൈദ്യുതിയില്ലാതെ എന്ത് വ്യവസായമാണ് കേരളത്തിൽ വരാൻ പോകുന്നത് ? കൊച്ചി എൽ.എൻ.ജി. ടെർമിനൽ, വല്ലാർപാടം കണ്ടെയിനർ ടെർമിനൽ, റെയിൽവേ വൈദ്യുതീകരണം, തുറമുഖങ്ങൾ, ഇൻഫോപാർക്ക്, സ്മാർട്ട് സിറ്റി, സൈബർ പാർക്ക്, ടെക്നോപാർക്ക് വികസനം, കൊച്ചി മെട്രോ, മോണോ റെയിൽ, കൃഷി വ്യാപനം എന്നിവയ്ക്കെല്ലാം വൈദ്യുതി

LIBRARY ARCHIVES Kerala Legislative Assembly

ഗവേണം. ഇതിൽ പവർ ജനറേഷനുവേണ്ടി എന്ത് തുകയാണ് നീക്കിവച്ചത് ? ഇവിടെ ഉൽപ്പാദനത്തിൽ ശ്രദ്ധിച്ചില്ല. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്ന ഒരു കാലഘട്ടത്തിലും പവർ ജനറേഷന്റെ കാര്യത്തിൽ ശ്രദ്ധിക്കാറില്ല. യു.ഡി.എഫ് ഗവൺമെന്റിന്റെ കാലഘട്ടത്തിൽ. 1991-96-ൽ 17.5 മെഗാവാട്ടും 2001-06-ൽ 22.5 മെഗാവാട്ട് വൈദ്യുതിയുമാണ് ഉൽപ്പാദിപ്പിച്ചത്. 1996-2001-ൽ 1087 മെഗാവാട്ട് വൈദ്യുതിയും 2006-11-ൽ 296 മെഗാവാട്ട് വൈദ്യുതിയുമാണ് എൽ.ഡി.എഫ്. ഗവൺമെന്റ് ഉൽപ്പാദിപ്പിച്ചത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. 400 മെഗാവാട്ട് വൈദ്യുതിയുടെ കുറവ് നമുക്കുണ്ട്. 60 മെഗാവാട്ട് വൈദ്യുതി സൗരോർജ്ജത്തിലൂടെ നേടുമെന്നാണ് ഈ ബഡ്ജറ്റിൽ പറയുന്നത്. സൗരോർജ്ജത്തിലൂടെ 60 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനായി ബഡ്ജറ്റിൽ നീക്കിവെച്ചത് 8 കോടി രൂപയാണ്. ഒരു മെഗാവാട്ട് സൗരോർജ്ജ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് ചെലവഴിക്കേണ്ടത് പത്ത് കോടി രൂപയാണ്. ഇത്തരത്തിൽ സൗരോർജ്ജത്തിലൂടെ എങ്ങനെയാണ് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ സാധിക്കുന്നത് ? എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ കൊണ്ടുവന്ന ചീമേനി പദ്ധതി എവിടെപ്പോയി ? വൈതരണി പാടങ്ങൾ എന്തായി. പരിസ്ഥിതി ക്ലിയറൻസുവരെ എത്തിച്ച ആ പദ്ധതി അപ്രത്യക്ഷമായില്ലേ ? 3500 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള 30 വൈദ്യുത പദ്ധതികൾ ആസൂത്രണം ചെയ്തത് മുഴുവൻ പാതിവഴിയിലായിരിക്കുകയാണ്. 97 സബ്സ്റ്റേഷൻ, 28000 ട്രാൻസ്ഫോർമർ, ഒന്നരക്കോടി സി.എഫ്.എൽ. ബൾബുകൾ, പവർകട്ടും ലോഡ് ഷെഡ്ഡിംഗും താരിഫ് വർദ്ധനയുമില്ലാത്ത 5 വർഷം, 4500 കോടി രൂപയുടെ കടം 3000 കോടി രൂപയിലേക്ക് ചുരുക്കൽ; ഇപ്പോൾ ഈ സാഹചര്യങ്ങളെല്ലാം കഴിഞ്ഞിട്ട് റഗുലേറ്ററി കമ്മീഷനുമുമ്പിൽ 1500 കോടി രൂപയുടെ ചാർജ്ജ് വർദ്ധനവിനാണ് കെ.എസ്.ഇ.ബി. അപേക്ഷിച്ചിരിക്കുന്നത്.ഒരു ഭാഗത്ത് കെ.എസ്.ഇ.ബി. റെഗുലേറ്ററി കമ്മീഷന്റെ 1500 കോടി രൂപയുടെ ചാർജ്ജ് വർദ്ധനവിനാണ് കെ.എസ്.ഇ.ബി. അപേക്ഷിച്ചിരിക്കുന്നത്. ഒരു ഭാഗത്ത് കെ.എസ്.ഇ.ബി. റെഗുലേറ്ററി കമ്മീഷന്റെ 1500 കോടി രൂപയുടെ ചാർജ്ജ് വർദ്ധനവിനുള്ള അഭ്യർത്ഥന നിലനിൽക്കുമ്പോൾത്തന്നെ മറുഭാഗത്ത് ബഡ്ജറ്റിൽ അതിനായി പത്ത് പൈസപോലും നീക്കിവച്ചിട്ടില്ല. ഇതിനർത്ഥം കേരളത്തിലെ വൈദ്യുതിരംഗത്ത് ഈ ഗവൺമെന്റ് പണം മുടക്കുകയില്ലെന്നും കാർഷിക-വ്യാവസായിക വികസനം സ്തംഭിക്കട്ടെ എന്നതുമാണ്. ആകെ 50 കോടി രൂപയാണ് വൈദ്യുതി വികസനത്തിനുവേണ്ടി ഇവിടെ നീക്കിവച്ചിട്ടുള്ളത്. ദീർഘവീക്ഷണമില്ലാതെ വളരുന്ന സമൂഹത്തിന് ഏറ്റവും അനിവാര്യമായിട്ടുള്ള വൈദ്യുതിക്കുവേണ്ടി നീക്കിവച്ചിരിക്കുന്ന തുകയുടെ സ്ഥിതിയാണിത്.

വിലക്കയറ്റമാണ് മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം. വിലക്കയറ്റം നേരിടുന്നതിനായി ഇവിടെ നീക്കിവച്ചിരിക്കുന്ന തുക എത്രയാണ് ; കേന്ദ്ര ഗവൺമെന്റിന്റെ യൂണിയൻ ബഡ്ജറ്റ് കഴിഞ്ഞപ്പോൾ സബ്സിഡി തുകകൾ വെട്ടിക്കുറച്ചു. കേന്ദ്ര ഗവൺമെന്റിന്റെ യൂണിയൻ ബഡ്ജറ്റിന്റെ അടിസ്ഥാന കാതലെന്താണ് ? സബ്സിഡി തുകകളെല്ലാം വൻ തോതിൽ വെട്ടിക്കുറച്ചു. സബ്സിഡി തുകകൾ ഏതാണ്ട് പത്ത് ശതമാനത്തോളം കുറഞ്ഞു. ഇക്കഴിഞ്ഞ കേന്ദ്ര ബഡ്ജറ്റിൽ ഭക്ഷ്യ സബ്സിഡിയിൽ 5000 കോടി രൂപയും വളം സബ്സിഡിയിൽ 1000



LIBRARY ARCHIVES Kerala Legislative Assembly

കോടി രൂപയുമാണ് വെട്ടിക്കുറച്ചത്. പെട്രോൾ സബ്സിഡിയിൽ 29880 കോടി രൂപയുടെ കുറവാണ് ഉണ്ടായിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റ് പത്ത് ശതമാനം സബ്സിഡി വെട്ടിക്കുറച്ചപ്പോൾ രാജ്യത്ത് വലിയ വിലക്കയറ്റമുണ്ടായി. ഈ വിലക്കയറ്റത്തെ നിയന്ത്രിക്കുന്ന സമീപനമാണ് എൽ.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചിരുന്നതെങ്കിൽ ആ വിലക്കയറ്റത്തെ ത്വരിതപ്പെടുത്തുവാനും ഈ നയങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുവാനുമുള്ള സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. അതിന്റെ ഭാഗമായി 100 കോടി രൂപ മാത്രമാണ് പൊതു വിതരണ സമ്പ്രദായത്തിനായി നീക്കിവച്ചിട്ടുള്ളത്. അതിൽ റേഷൻ കാർഡിന്റെ ഡിജിറ്റലൈസേഷന്റെ അൻപത് കോടി രൂപ കൂടിച്ചേർത്ത് എന്ത് പൊതുവിതരണ സംവിധാനമാണ് ഇവിടെ നടക്കാൻ പോകുന്നത് ? എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഇതിനായി ശരാശരി 205 കോടി രൂപ എല്ലാവർഷവും നീക്കിവച്ചിരുന്നു. കൊല്ലുന്ന രാജാവിന് തിന്നുന്ന മന്ത്രിയെന്നതുപോലെ 40,000 കോടി രൂപയുടെ സബ്സിഡി പാവപ്പെട്ട ജനങ്ങളിൽനിന്ന് വെട്ടിക്കുറച്ച കേന്ദ്ര ഗവൺമെന്റിന്റെ കൂടെച്ചേർന്ന് കേരളത്തിലെ പൊതുവിതരണ സമ്പ്രദായം തകർക്കുന്ന സമീപനം ഒരു ഭാഗത്ത് നടത്തുകയും മറുഭാഗത്ത് വൻതോതിലുള്ള അഴിമതി നടത്തുകയും ചെയ്യുന്നു. ആ അഴിമതിയെക്കുറിച്ചുള്ള വിശദാംശങ്ങൾ ഇവിടെ പറഞ്ഞുകഴിഞ്ഞു. പാവപ്പെട്ട ആളുകൾക്ക് വിതരണം ചെയ്യുന്നതിനായി എഫ്.സി.ഐ. ഗോഡൗണുകളിൽനിന്ന് എടുക്കുന്ന ഭക്ഷ്യധാന്യങ്ങൾ ഹോൾസെയിൽ ഗോഡൗണുകളിൽ കൊണ്ടുപോയി കെട്ടിവയ്ക്കുകയും ഹോൾസെയിൽ ഗോഡൗണുകളിൽനിന്ന് അരി വിതരണം ചെയ്യുന്നതായി രേഖയുണ്ടാക്കുകയും, ആ രേഖ ഉപയോഗപ്പെടുത്തി അത് നേരെ സ്വകാര്യ മാർക്കറ്റിലേക്ക് കൊണ്ടു പോവുകയും ചെയ്യുന്നു. റേഷൻ കടക്കാർക്ക് അത് കിട്ടിയതായി രേഖ, റേഷൻ കടക്കാർ അത് വിതരണം ചെയ്തായി രേഖ, ഇങ്ങനെ രേഖകളിലൂടെ മാത്രം വിതരണം ചെയ്യുന്ന പൊതുവിതരണ സമ്പ്രദായത്തിന്റെ വിശദാംശങ്ങൾ പുറത്തുകൊണ്ടുവന്നത് ഞങ്ങളല്ല. മലയാള മനോരമ ദിനപ്പത്രമാണ്. കേരളത്തിലെ ഭക്ഷ്യവിതരണ-പൊതുവിതരണ രംഗങ്ങളിലുള്ള ഇപ്പോഴത്തെ അവസ്ഥയെന്താണ്; എങ്ങനെയാണ്, ആർക്കാണ് ഇവിടെ അരികൊടുക്കുന്നത്; ഭക്ഷ്യ-പൊതുവിതരണ സമ്പ്രദായത്തിന്മേൽ സർക്കാരിന്റെ നിലപാടെന്താണെന്നതിനെ പറ്റി ആർക്കും അറിയില്ല. 28-1-2013-ന് ക്യാബിനറ്റ് കഴിഞ്ഞ് മുഖ്യമന്ത്രി നടത്തിയ വിശദീകരണത്തെപ്പറ്റി പറയാം. ഒരു യൂണിവേഴ്സൽ ഡിസ്ട്രിബ്യൂഷൻ സിസ്റ്റം ആവശ്യമുള്ള കേരളത്തിലെ ഭക്ഷ്യവിതരണ രംഗത്ത് എ.എ.വൈ. പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള 5.92 ലക്ഷം ആളുകൾക്ക് കിലോഗ്രാമിന് ഒരു രൂപ നിരക്കിൽ 35 കിലോഗ്രാം അരി, ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന 14.5 ലക്ഷം ആളുകൾക്ക് കിലോഗ്രാമിന് ഒരു രൂപ നിരക്കിൽ 25 കിലോഗ്രാം അരി, കിലോഗ്രാമിന് രണ്ട് രൂപ നിരക്കിൽ പത്ത് കിലോഗ്രാം ഗോതമ്പ്, കിലോഗ്രാമിന് 6.20 രൂപ നിരക്കിൽ അഞ്ച് കിലോ അരി, കിലോഗ്രാമിന് 4.70 രൂപയ്ക്ക് ഗോതമ്പ് ഈ നിരക്കിലാണ് നൽകുന്നത്. ബി.പി.എൽ. കാർഡില്ലാത്ത ബി.പി.എൽ. പട്ടികയിലുള്ള 11.80 ലക്ഷം ആളുകൾക്കും നാലാം വിഭാഗത്തിൽപ്പെട്ട 30.43 ലക്ഷം കാർഡുടമകൾക്കും വെവ്വേറെ സിസ്റ്റം. കേന്ദ്ര സബ്സിഡിയോടുകൂടിയ അഞ്ചാം വിഭാഗത്തിൽപ്പെടുന്ന 17.55 ലക്ഷം എ.പി.എൽ. കാർഡുടമകൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

കിലോഗ്രാമിന് 8.90 നിരക്കിൽ 10 കിലോഗ്രാം അരിയും 6.70 രൂപ നിരക്കിൽ മൂന്നുകിലോഗ്രാം ഗോതമ്പുമാണ് നൽകുന്നത്. റേഷൻ കടകളിൽ എന്താണ് നടക്കുന്നതെന്ന് ആർക്കും അറിയില്ല. ഇങ്ങനെ അഞ്ച് വിഭാഗത്തിലായി പലതരത്തിലുള്ള അരിയും ഗോതമ്പും ഭക്ഷ്യധാന്യങ്ങളും വിതരണം ചെയ്യുന്നതായുള്ള മന്ത്രിസഭാ തീരുമാനം പത്രങ്ങളിലൂടെ അറിയുന്നതല്ലാതെ സാധാരണക്കാരായ ആളുകൾക്ക് വേറൊന്നും അറിയില്ല. ഗുണഭോക്താക്കൾ ഏത് വിഭാഗത്തിൽപ്പെട്ടവരാണ്, ഏത് വിലയ്ക്കുള്ള അരിയാണ് കിട്ടാൻ പോകുന്നതെന്ന് പറയുന്ന സ്ഥിതിയില്ല. വിപണി ഇടപെടലെന്നുപറഞ്ഞ് സിവിൽ സപ്ലൈസ് നീക്കിവയ്ക്കുന്ന പണം അഴിമതിക്കാർ വെട്ടിക്കൊണ്ടു പോകുന്ന സ്ഥിതിവിശേഷമാണ് ഇപ്പോൾ നിലനിൽക്കുന്നത്. മൂന്നാമതായി, വിലക്കയറ്റം നേരിടുന്നതിൽ യാതൊരു ദീർഘവീക്ഷണവുമില്ലാത്ത, പൊതുവിതരണ സമ്പ്രദായത്തിന് പണം നീക്കിവയ്ക്കാത്ത, അടിസ്ഥാനപ്രശ്നങ്ങളോട് പുറം തിരിഞ്ഞുനിൽക്കുന്ന ബഡ്ജറ്റാണിതെന്ന് തെളിയിക്കുന്നതാണ് വിലക്കയറ്റവുമായി ബന്ധപ്പെട്ടും പൊതുവിതരണ സമ്പ്രദായവുമായി ബന്ധപ്പെട്ടുമുള്ള ഈ ഗവൺമെന്റിന്റെ സമീപനം.

നാലാമത്തെകാര്യം തൊഴിലുമായി ബന്ധപ്പെട്ടതാണ്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ തൊഴിലില്ലാത്ത അഭ്യസ്തവിദ്യരുള്ളത് കേരളത്തിലാണെന്നാണ് കേന്ദ്രഗവൺമെന്റിന്റെ ഇക്കണോമിക് റിവ്യുവിൽ പറയുന്നത്. ഈ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുവേണ്ടിയുള്ള എന്ത് സമീപനമാണ് ഈ ബഡ്ജറ്റിലൂടെ മുന്നോട്ടുവയ്ക്കുന്നത് ? കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് 9.9 ശതമാനത്തിൽ നിൽക്കുമ്പോഴും 25 ലക്ഷത്തിലേറെ മറുനാടൻ തൊഴിലാളികൾ ഇവിടെ ജോലി ചെയ്യുന്നുണ്ടെന്നാണ് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ നടത്തിയ സർവ്വേയുടെ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്. 333 ലക്ഷം മലയാളികളുള്ള കേരളത്തിൽ 20-നും 64-നും ഇടയിൽ പ്രായപരിധിയുള്ള 87 ലക്ഷം ആളുകളാണുള്ളത്. ആ വർക്ക്ഫോഴ്സിൽ 43 ലക്ഷം പേരാണ് ഇവിടെയുള്ളത്. ബാക്കി 25 ലക്ഷം ആളുകളും പുറത്തുനിന്ന് വന്നവരാണ്. ഇവിടെ അഭ്യസ്തവിദ്യരുടെ തൊഴിൽരാഹിത്യം ഒരുഭാഗത്തും പുറത്തുനിന്നുള്ള തൊഴിലാളികൾ മറുഭാഗത്തും-വളർച്ചാനിരക്കിന്റെ അർത്ഥശൂന്യത വെളിപ്പെടുത്തുന്ന ഒരു കണക്കാണിത്. ഇവരെ അഡ്രസ് ചെയ്യുന്ന എന്ത് പദ്ധതിയാണ് ഈ ബഡ്ജറ്റിലുള്ളത് ? പെൻഷൻപ്രായം വർദ്ധിപ്പിക്കുന്നതിനും സർക്കാർ മേഖലയിലും സിവിൽ സർവ്വീസിലുമുള്ള തൊഴിലവസരങ്ങൾ നഷ്ടപ്പെടുത്തുന്നതിനുമുള്ള പ്രതിവിധിയായി വലിയവലിയ പദ്ധതികൾ ഇവിടെ കൊണ്ടുവരികയും അതിലൂടെ ഒരു ലക്ഷം തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുകയും ചെയ്യുന്ന സുസ്ഥിര തൊഴിൽ വികസന പദ്ധതി നടപ്പിലാക്കുമെന്നും കഴിഞ്ഞ തവണത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചു. ഇപ്പോൾ അതിന്റെ സ്ഥിതിയെന്താണ്? അത് പൂർണ്ണമായി പരാജയപ്പെട്ടുവെന്നാണ് ഇത്തവണത്തെ ഇക്കണോമിക് റിവ്യുവിലെ 126, 127 എന്നീ പേജുകളിൽ വളരെ കൃത്യമായി പറയുന്നത്. കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച തൊഴിൽവികസന പദ്ധതി പൂർണ്ണമായും പരാജയപ്പെട്ടു. ഭഗവദ്ഗീതാവചനം ഉദ്ധരിച്ചുകൊണ്ടാണ് ശ്രീ. കെ. എം. മാണി അദ്ദേഹത്തിന്റെ ബഡ്ജറ്റ് അവസാനിപ്പിച്ചത്. ഭഗവദ്ഗീത യഥാർത്ഥത്തിൽ അർജ്ജുനന് നൽകിയൊരു

LIBRARY ARCHIVES Kerala Legislative Assembly

പ്രചോദനമായിരുന്നു. നന്മയ്ക്കുവേണ്ടിയുള്ള യുദ്ധത്തിൽ അർജ്ജുനന് നൽകിയൊരു പ്രചോദനമായിരുന്നു. അർജ്ജുനന്റെ അസ്ത്രത്തിന് നേർവിപരീതമായിട്ടാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. അർജ്ജുനന്റെ അസ്ത്രം എടുക്കുമ്പോൾ, ഒന്ന് തൊടുക്കുമ്പോൾ പത്തും പോകുമ്പോൾ ആയിരവും ലക്ഷ്യത്തിലെത്തുമ്പോൾ പതിനായിരവുമാണ്. ഇവിടെ ഒരുലക്ഷം ആളുകൾക്ക് പദ്ധതി പ്രഖ്യാപിച്ച ശ്രീ. കെ. എം. മാണിസാറിന്റെ അസ്ത്രം നേരെ വിപരീത ഫലമാണുളവാക്കിയിരിക്കുന്നത്. തൊടുക്കുമ്പോൾ ഒരു ലക്ഷ്യമായിരുന്നു. പുറപ്പെടുമ്പോൾ പതിനായിരം അപേക്ഷകളായി, യാത്രയിൽ 4015 ആയി, ലക്ഷ്യത്തോടടുക്കുമ്പോൾ 816 ആയി, ലക്ഷ്യസ്ഥാനം 313 ആയി, തൊട്ടപ്പോൾ അത് 22 ആയി, കഴിഞ്ഞപ്പോൾ അത് പൂജ്യമായി. ഇത് എന്റെ കണക്കല്ല, ഇന്നലെ കിട്ടിയ ചോദ്യത്തിനുള്ള ഉത്തരമാണ്. വികസന പദ്ധതിയുടെ ഭാഗമായി തൊഴിൽ ലഭിച്ചവരുടെ എണ്ണം 22 ആണ്. ഒരു ലക്ഷം ആളുകൾക്ക് തൊഴിലവസരം നൽകുമെന്ന് പ്രഖ്യാപിച്ചൊരു പദ്ധതിയിലൂടെ വെറും 22 പേർക്കാണ് തൊഴിൽ ലഭിച്ചിരിക്കുന്നത്. തൊഴിൽ മേളെ പദ്ധതിക്ക് ആസൂത്രണമില്ല. എല്ലാവരും കേരളത്തിന്റെ വളർച്ചാ നിരക്കിനെക്കുറിച്ച് ആഹ്ലാദിച്ചുകൊണ്ടിരിക്കുമ്പോഴും അതിന്റെ പ്രധാനപ്പെട്ടൊരു ഘടകമായ പ്രവാസികൾ 55,000 കോടി രൂപ അയയ്ക്കുന്നതായിട്ടാണ് ഇക്കണോമിക് റിവ്യൂവിൽ പറയുന്നത്. ഈ ബഡ്ജറ്റിൽ പ്രവാസികൾക്കുവേണ്ടി എന്താണ് നീക്കിവച്ചിട്ടുള്ളത് ? ഇത് മലപ്പുറം ബഡ്ജറ്റാണെന്ന് ചില സുഹൃത്തുക്കൾ ഇവിടെ പറഞ്ഞു. എനിക്കതിനോട് യോജിപ്പില്ല. ഇത് മലപ്പുറം ബഡ്ജറ്റല്ല. ഇത് ലീഗിന് താൽപ്പര്യമുള്ള ചില പ്രത്യേക പ്രദേശങ്ങളിലേക്കുള്ള ബഡ്ജറ്റാണ്. മലപ്പുറത്തെ രണ്ട് താലൂക്കിനെ വരച്ചിട്ടുണ്ട്. നിലമ്പൂർ താലൂക്കിന് ഒരു വരകൊടുത്തപ്പോൾ ഞാനും ശ്രീ. കെ. ടി.ജലീലുമുള്ള പൊന്നാനി താലൂക്കിന് ഒരു വരകൊടുത്തു. രണ്ട് താലൂക്കിനേയും വരച്ചുമാറ്റി ഇടയിലുള്ള ചില പ്രത്യേക സ്പോട്ടിനെയാണ് ഈ ബഡ്ജറ്റ് കേന്ദ്രീകരിച്ചിരിക്കുന്നത്. ഇത് മലപ്പുറം ബഡ്ജറ്റല്ല, ഇത് എം.എം. ബഡ്ജറ്റാണ്. മാണിയെ മണിയടിക്കുന്നവർക്കുള്ള ബഡ്ജറ്റാണ്. അങ്ങനെ മണിയടിക്കുന്ന ആളുകൾക്കുമാത്രമേ കാര്യമുള്ളൂ. ഇവിടെ ആക്രോശിക്കുന്ന, നല്ല ശബ്ദമുണ്ടാക്കുന്ന ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണിക്ക് കോളേജ് കൊടുത്തപ്പോൾ, സൗമ്യനായ ശ്രീ. എം. ഉമ്മറിന്റെ മണ്ഡലമായ മലപ്പുറത്തെ ഏറ്റവും പ്രധാനപ്പെട്ടൊരു വികാരമായിരുന്നു ഫുട്ബോൾ അക്കാഡമി, ഇന്ത്യയിൽ ആദ്യത്തെ ഫുട്ബോൾ അക്കാഡമിയായി മഞ്ചേരിയിൽ അത് വളർന്നുവരികയാണ്, ആ മഞ്ചേരിയിലെ ഫുട്ബോൾ അക്കാഡമിക്ക് പത്ത് പൈസപോലും നീക്കിവച്ചിട്ടില്ല.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ചില ആളുകൾ പരാതി പറഞ്ഞത് ഇത് മാണിയെ മണിയടിക്കുന്നവർക്കുള്ള ബഡ്ജറ്റെന്നല്ല മാണി-മാർക്സിസ്റ്റ്-എം.എം ബഡ്ജെറ്റാണെന്നാണ്. മാർക്സിസ്റ്റ് പാർട്ടിക്കാരുടെ മണ്ഡലങ്ങളിലേക്കാണ് ഈ ബഡ്ജറ്റിൽ കൂടുതൽ തുക നൽകിയിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : സർ, മലപ്പുറം ജില്ലയിലെ നിലമ്പൂർ, പൊന്നാനി താലൂക്കുകളെ അങ്ങ് ഉപേക്ഷിച്ചു. മലപ്പുറം ജില്ലയിലെ മെഡിക്കൽ കോളേജിന്റെ സ്ഥിതിയെന്താണ് ; മൊയിൻകുട്ടി വൈദ്യർ സ്മാരകം, ഫുട്ബോൾ അക്കാദമി എന്നിവയെപ്പറ്റി പറഞ്ഞു. കോൾകൃഷി, എഡ്യൂസിറ്റി എന്നിവയെ സംബന്ധിച്ചുള്ള വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. കേരളത്തിലെ സ്വാശ്രയ കോളേജുകളെല്ലാം സ്വന്തമായി പണം കൊടുത്ത് വാങ്ങിയ ഭൂമിയിലാണ് കോളേജുകൾ ആരംഭിച്ചത്. ഇൻകെലിന്റെ വ്യാവസായിക വികസനത്തിനു വേണ്ടി വാങ്ങിയ ഭൂമി സ്വാശ്രയ കോളേജുകൾ നടത്താൻ വിട്ടുകൊടുക്കുന്നത് ശരിയാണോയെന്ന് ശ്രീ. വി. ഡി. സതീശൻ ഇവിടെ ചോദിക്കുകയുണ്ടായി. മെമ്പർക്ക് എവിടെനിന്നാണ് അങ്ങനെയൊരു വിവരം കിട്ടിയത് എന്നാണ് അന്ന് നൽകിയ മറുപടിയെങ്കിൽ ഇപ്പോൾ സംഭവിക്കാൻ പോകുന്നത് മലപ്പുറത്തെ ഇൻകെലിന്റെ കയ്യിലുള്ള സർക്കാർ ഭൂമി സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ലീസിന് കൊടുക്കാൻ തീരുമാനിച്ചിരിക്കുകയാണ്. യഥാർത്ഥത്തിൽ ഈ ഗവൺമെന്റ് ദീർഘവീക്ഷണത്തോടുകൂടി പണം ചെലവഴിച്ച് ആരംഭിക്കുന്ന ആധുനിക വിദ്യാഭ്യാസ സംരംഭങ്ങളായിരുന്നില്ലേ എഡ്യൂസിറ്റിയിലൂടെ വരേണ്ടിയിരുന്നത് ? മലപ്പുറത്തെ സഹായിക്കാൻ വേണ്ടിയാണെങ്കിൽ ആ നിലയിലുള്ള പദ്ധതിയാണ് കൊണ്ടുവരേണ്ടിയിരുന്നത്. കപടമായ വാഗ്ദാനങ്ങളുടെ പട്ടിക ഇനിയും ഇവിടെ വായിക്കുന്നില്ല. 250 പദ്ധതികൾ പ്രഖ്യാപിച്ചതിൽ 158 എണ്ണം നടന്നിട്ടില്ല. മാലിന്യസംസ്ക്കരണത്തെപ്പറ്റി ഈ ബഡ്ജറ്റിൽ യാതൊരു നിർദ്ദേശവുമില്ല. ഉറവിട മാലിന്യ സംസ്ക്കരണം, മഴവെള്ള സംഭരണം, സാമൂഹ്യ വനവത്കരണം, ജലവിഭവ മാനേജ്മെന്റ്, ഹരിത നിർമ്മാണ സാങ്കേതിക വിദ്യ ഒന്നും സംഭവിച്ചില്ല. ദേശീയ ജലപാത കേരളത്തിന്റെ ഏറ്റവും വലിയ സ്വത്താണ്. അതിപ്പോൾ ദേശീയ മലപാതയായി മാറി. ദേശീയ ജലപാതയിൽ ഇപ്പോൾ അതാണ് നടക്കുന്നത്. യഥാർത്ഥത്തിൽ സംരക്ഷിച്ച് ക്ലീൻ ചെയ്ത് കൊണ്ടുനടക്കേണ്ട ദേശീയ ജലപാതയെ ശ്രദ്ധിക്കുന്നില്ല. ശ്രീമതി സുഗതകുമാരി ടീച്ചറിന്റെ നേതൃത്വത്തിൽ കേരള പരിസ്ഥിതി ഐക്യവേദി ഗൈഡ്ലൈൻസ് ഫോർ ഗ്രീൻ ഡെവലെപ്മെന്റ് ഓഫ് കേരള എന്നൊരു റിപ്പോർട്ട് തയ്യാറാക്കി കൊടുക്കുകയുണ്ടായി. ആ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള എന്തെങ്കിലും കാര്യങ്ങൾ ഗവൺമെന്റ് ഇത്തരമൊരു ബഡ്ജറ്റ് ഉണ്ടാക്കിയ സമയത്ത് പരിശോധിച്ചിട്ടുണ്ടോ ; ഒന്നും പരിശോധിച്ചിട്ടില്ല. അതുകൊണ്ട് പരിസ്ഥിതിയോടുള്ള നിരുത്തരവാദിത്വം പ്രകടിപ്പിച്ച സമ്പൂർണ്ണമായ ദീർഘവീക്ഷണമില്ലാത്ത ഈ ബഡ്ജറ്റിനെ ഒരിക്കൽകൂടി പൂർണ്ണമായി എതിർക്കുന്നു.

## XIII വ്യക്തിപരമായ വിശദീകരണം

### (1) കുട്ടനാട്ടിലെ ജലാശയത്തിൽനിന്ന് പോള വാരുന്നതുമായി ബന്ധപ്പെട്ട ആരോപണം

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ, ശ്രീ. രാജു എബ്രഹാം ഒരു അഴിമതി ആരോപണം ഉന്നയിച്ചിട്ടുണ്ട്. അങ്ങേക്ക് എഴുതിത്തന്ന് ഉന്നയിച്ചതാണ്. വ്യക്തിപരമായി എനിക്ക് എതിരായിട്ടല്ലെന്ന് അദ്ദേഹം പറഞ്ഞു. അതിന് പ്രത്യേകം നന്ദിയുണ്ട്. 15 കോടി രൂപയുടെ അഴിമതി ഇതിനോടകം പുറത്തുവന്നിരിക്കുന്നുവെന്നാണ് പറഞ്ഞിരിക്കുന്നത്. കുട്ടനാട് പ്രദേശത്തെ പോള വാരുന്നതുമായി ബന്ധപ്പെട്ട് ഫിഷറീസ് വകുപ്പിന് കീഴിലുള്ള ഫിർമയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. 15 കോടി രൂപയുടെ

LIBRARY ARCHIVES Kerala Legislative Assembly

അഴിമതിയാണ് ഇപ്പോൾ പുറത്തുവന്നതായി അദ്ദേഹം ചൂണ്ടിക്കാണിച്ചത്. യന്ത്രം ഉപയോഗിച്ചുള്ള പോളവാരലിന് 15 കോടി രൂപയാണ്. കുട്ടനാട് പാക്കേജിന്റെ ഭാഗമായി 21.29 കോടി രൂപയുടെ 11 കമ്പോണന്റ്സുള്ള ഒരു പദ്ധതിയാണിത്. ഞാൻ എല്ലാം വായിക്കുന്നില്ല. ബയോഗ്യാസ് പ്ലാന്റ്, മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ, സ്ഥലനിർണ്ണയം, പരിശീലനം തുടങ്ങി 11 കാര്യങ്ങളാണ് ഇതിലുള്ളത്. ഈ സ്കീം അനുസരിച്ച് പോളവാരലിന് ആകെ 15 കോടി രൂപയാണുള്ളത്. 15 കോടി രൂപയുടെ അഴിമതി നടന്നുവെന്നാണ് ശ്രീ. രാജു എബ്രഹാം പറയുന്നത്. അന്നത്തെ മന്ത്രി ശ്രീ. എസ്. ശർമ്മ ഇവിടെയുണ്ട്. അദ്ദേഹത്തിന് വേണമെങ്കിൽ തിരുത്താവുന്നതാണ്. ആവശ്യമുണ്ടെങ്കിൽ ഞാൻ വഴങ്ങിത്തരാം.

മി. സ്പീക്കർ: അത് വേണ്ട.

ശ്രീ. കെ. ബാബു: സർ, ക്ലാരിഫിക്കേഷനുവേണ്ടിയാണ്. weed removal പ്രവൃത്തിക്കായി 20-4-2010-ലെ 38/2010-ാം നമ്പർ ഫിർമയുടെ നോട്ടീസ് പ്രകാരം പോളവാരൽ ടെണ്ടർ ക്ഷണിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ഫാബ് ഓർണമെന്റൽ ഫിഷ് ഫാമിംഗ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ടെണ്ടർ നൽകി. ഈ ഗവൺമെന്റിന്റെ കാലത്തല്ല അത് നൽകിയത്, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ്. ഈ ടെണ്ടറിനെക്കുറിച്ച് ഡിപ്പാർട്ടുമെന്റിൽ അന്വേഷിച്ചപ്പോൾ ഞാൻ മനസ്സിലാക്കിയത്. ഫാബ് ഓർണമെന്റൽ ഫിഷ് ഫാമിംഗ് എന്ന സ്ഥാപനത്തിന് കരാർ ഒപ്പിട്ടു. കരാർ ഒപ്പിട്ടിരിക്കുന്നത് ഈ ഫേമിന്റെ പേരിലല്ല. ടെണ്ടർ കൊടുത്തത് ഈ ഫേമിനാണ്. സർക്കാരിന് നൽകേണ്ട ടാക്സ് വെട്ടിക്കപ്പെട്ടിരിക്കുന്നു. കാരണം, ഇതുകൂടാതെ ലഭിച്ചിരുന്ന മൂന്ന് ടെണ്ടറുകളിൽ രണ്ടെണ്ണം സാങ്കേതിക കാരണം പറഞ്ഞ് പൊട്ടിക്കുക പോലും ചെയ്യാതെയാണ് ഫാബിന് വർക്ക് അവാർഡ് ചെയ്തത്. അത് 2010-ലാണ്. മൂന്ന് ടെണ്ടറുകളുണ്ടായിരുന്നതിൽ രണ്ട് ടെണ്ടറുകൾ പൊട്ടിക്കുകപോലും ചെയ്യാതെ ഫാബിന് കരാർ കൊടുത്തു. ആ കരാർ പ്രകാരം ഒരു ക്യൂബിക് മീറ്റർ പോള വാരുന്നതിന് 485 രൂപ എന്ന നിരക്കിലാണ് ജോലി നിർവ്വഹിച്ചിരുന്നത്. 12 മാസക്കാലാവധിയിലേക്ക് പോള വാരുന്നതിന് ഈ സ്ഥാപനത്തിന് ടെണ്ടർ നൽകി. ഈ ടെണ്ടറിന്റെ പ്രത്യേകതയെന്നുപറയുന്നത്, പോള വാരി കരയിൽ വയ്ക്കണം, ഒരു ക്യൂബിക് മീറ്റർ പോള വാരുന്നതിന് 485 രൂപ, ഇതാണ് കരാർ. എന്നാൽ ഞങ്ങൾ ഇപ്പോൾ കൊടുക്കാൻ തീരുമാനിച്ച കരാറനുസരിച്ച് മൊത്തം കുട്ടനാട് പ്രദേശത്തെ പോള അളന്ന് തിട്ടപ്പെടുത്തും. പോളയുടെ അളവിലുണ്ടാകുന്ന ബയോമാസ് കുറവ് വിലയിരുത്തി അതിനുമാത്രമേ കോൺട്രാക്ടർക്ക് തുക നൽകുകയുള്ളൂ. നേരത്തെയുള്ള ഈ കരാർ അനുസരിച്ച് കരയിൽ വാരിവെച്ച പോള എത്ര പ്രാവശ്യം വേണമെങ്കിലും അളക്കാം. പുഴയിലേക്ക് തിരിച്ചുംവരാം. ഈ ഫയൽ ഫിഷറീസ് സെക്രട്ടറിക്ക് വന്നു. അഴിമതിരഹിതമായ പദ്ധതി നടപ്പാക്കുന്നത് ഉറപ്പുവരുത്താൻ സർക്കാർ/സർക്കാരിതര ഏജൻസികളെ ഉപയോഗിച്ചുള്ള മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തണം. മേൽപ്പറഞ്ഞ രീതിയിൽ പുതിയ ടെണ്ടർ സ്വിസ് ചലഞ്ച് രീതിയിൽ ക്ഷണിക്കാമോ എന്ന ഉത്തരവിനായി ഇദ്ദേഹം അത് 12-10-2012-ൽ ചീഫ് സെക്രട്ടറിക്ക് അയച്ചു. നിർദ്ദേശാനുസരണം അംഗീകരിക്കാമെന്ന് ചീഫ്

LIBRARY ARCHIVES Kerala Legislative Assembly

സെക്രട്ടറി എഴുതി. 2010-ലെ ടെണ്ടർ അനുസരിച്ചുള്ള സമ്പ്രദായം തൃപ്തികരമല്ലെന്ന് ചീഫ് സെക്രട്ടറി രേഖപ്പെടുത്തി. വർക്ക് അടിയന്തരമായി റീ-ടെണ്ടർ ചെയ്യണമെന്ന് 7-11-2012-ൽ ഈ ഫയൽ എന്റെ അടുത്തുവന്നപ്പോൾ ഞാൻ എഴുതി. ഇത് സുതാര്യമല്ലെന്ന് സെക്രട്ടറി ശുപാർശ ചെയ്തു. ചീഫ് സെക്രട്ടറി ഒട്ടും തൃപ്തികരമല്ലെന്ന് എഴുതി. എന്റെയടുത്തുവന്നപ്പോൾ അടിയന്തരമായി റീ-ടെണ്ടർ ചെയ്യണമെന്നും പറഞ്ഞു. ഇതിനിടയിൽ ശ്രീ. കെ. സുരേഷ് കുറുപ്പിന്റെ ഒരു സബ്മിഷൻ നിയമസഭയിലുണ്ടായി. അത് 20-12-2012-ലാണ്. പദ്ധതി നടത്തിപ്പിലെ സുതാര്യതക്കുറവ് ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തെക്കൊണ്ട് അന്വേഷിപ്പിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് 20-12-2012-ലെ ശ്രീ. കെ. സുരേഷ് കുറുപ്പിന്റെ സബ്മിഷന് ഫയൽ അയച്ചപ്പോൾ എഴുതി, ഇപ്പോൾ ഈ ഫയൽ അന്വേഷണത്തിനു വേണ്ടി ഫിനാൻഷ്യൽ ഇൻസ്പെക്ഷൻ വിംഗിന് കൊടുത്തിട്ടുണ്ട്. 15 കോടി രൂപയുടെ അഴിമതിയാണല്ലോ ഡിപ്പാർട്ടുമെന്റ് നടത്തിയെന്നുപറയുന്നത്. 6.84 കോടി രൂപ കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്താണ് പേമെന്റ് നടത്തിയത്. ഈ ഗവൺമെന്റ് അല്ല. അന്നത്തെ കരാർ അനുസരിച്ച് ഈ ഗവൺമെന്റ് വന്നതിനുശേഷം 2.87 കോടി രൂപ കൊടുത്തിട്ടുണ്ട്. ആ കരാർ സുതാര്യമല്ലാത്തതു കൊണ്ടാണ് ഇൻസ്പെക്ഷൻ വിംഗിനെക്കൊണ്ട് അന്വേഷിപ്പിക്കാൻ ഫയൽ അയയ്ക്കാൻ തീരുമാനിച്ചതും റീ-ടെണ്ടർ ചെയ്യാൻ തീരുമാനിച്ചതും. പഴയ കരാർ അനുസരിച്ച് പോളവാരൽ പ്രവൃത്തി തുടർന്നുവന്നിരുന്നതിനാലും ടെണ്ടർ എഗ്രിമെന്റിൽ വ്യക്തതയില്ലാത്തതിനാലും പോളവാരുന്ന ജോലിക്ക് നൽകിവരുന്ന തുക താരതമ്യേന ഉയർന്ന നിരക്കിലായിരുന്നതിനാലും ടെണ്ടർ ഉറപ്പിച്ചതിൽ ധാരാളം സാങ്കേതിക പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടതിനാലും പ്രസ്തുത ടെണ്ടർ അവസാനിപ്പിക്കുന്നതിനും പുതിയ ടെണ്ടർ ക്ഷണിക്കുന്നതിനും തീരുമാനിച്ചു. ഇതിൽ എവിടെയാണ് അഴിമതി ? ഈ സാഹചര്യത്തിൽ പുതിയ ടെണ്ടർ ക്ഷണിച്ചു. പുതിയ ടെണ്ടറിൽ ഏറ്റവും സുതാര്യമായ വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ആ വ്യവസ്ഥയിലെ കാതലായ ഭാഗം ഞാൻ നേരത്തെ പറഞ്ഞു. ഫിഷറീസ് പ്രിൻസിപ്പൽ സെക്രട്ടറി, കുട്ടനാട് പദ്ധതിയുടെ പ്രോജക്ട് ഡയറക്ടർ, ഫിഷറീസ് ഡയറക്ടർ, ഫൈനാൻസ് വകുപ്പിന്റെ പ്രതിനിധി, എക്സിക്യൂട്ടീവ് ഡയറക്ടർ, ഫിർമ എന്നിവർ അംഗങ്ങളായ ഒരു കമ്മിറ്റിയെ പ്രസ്തുത പദ്ധതി നടത്തിപ്പിലെ സുതാര്യതയും കാര്യക്ഷമതയും ഉറപ്പുവരുത്തുന്നതിനായി നിയോഗിച്ചു. പ്രസ്തുത കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് പുതിയ ടെണ്ടറിലെ വ്യവസ്ഥകൾ രൂപീകരിച്ചത്. യന്ത്രമുപയോഗിച്ച് പോള വാരുക, കുട്ടനാട്ടിലെ പൊതുജലാശയങ്ങളെ പൂർണ്ണമായും പോള വിമുക്തമായി നിലനിർത്തുക എന്നിവയാണ് പ്രധാന വ്യവസ്ഥകളായി ടെണ്ടറിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പോളയുടെ അളവിലുണ്ടാകുന്ന ബയോമാസ് കുറവ് വിലയിരുത്തി അതിനനുസരിച്ച് മാത്രമേ കോൺട്രാക്ടർക്ക് തുക നൽകുകയുള്ളുവെന്ന കർക്കശമായ വ്യവസ്ഥ ഇപ്പോൾ കൊണ്ടുവന്നിരിക്കുകയാണ്. നേരത്തെപ്പോലെ കരയിൽ വാരിവച്ചത് അളന്ന് പൈസ കൊടുക്കലല്ല ചെയ്യുന്നത്. ഇപ്പോൾ ബയോമാസ് നോക്കി ഈ വർഷം വാരിയ പോളയുടെ അളവ് എത്രയുണ്ടെന്ന് തിട്ടപ്പെടുത്തും. അതുകഴിഞ്ഞ് അടുത്ത വർഷവും തിട്ടപ്പെടുത്തും. അപ്പോൾ എത്ര കുറവുണ്ടോ അതിനാണ് പൈസ കൊടുക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

കുട്ടനാട്ടിലെ പൊതുജലാശയങ്ങളിലെ പോള 100 ശതമാനം നിർമ്മാർജ്ജനം ചെയ്യുന്നതിന് ഏറ്റവും കുറവ് ക്വാട്ട് ചെയ്തിരിക്കുന്നത് ബോംബെ ജെ.സി.ബി. എർത്ത് മൂവേഴ്സ് എന്ന സ്ഥാപനമാണ്. ഈ സ്ഥാപനം ക്വാട്ട് ചെയ്തിരിക്കുന്നത് 7.66 കോടി രൂപയാണ്. ഇത് ടോട്ടലായി കുട്ടനാട്ടിലെ പോളവാരുന്നതിനാണ്. അല്ലാതെ അളന്ന് തിട്ടപ്പെടുത്തുന്നതിനല്ല. ഈ ടെണ്ടർ 16-1-2013-ലെ ജി.ഒ. ആർ.ടി. നമ്പർ 27/2013 എഫ്.&പി.ഡി. എന്ന ഉത്തരവുപ്രകാരം സർക്കാർ അംഗീകരിക്കുകയുണ്ടായി. ഇതിന്റെ ഒരു പ്രത്യേകത മനസ്സിലാക്കണം. ഒരു ക്യൂബിക് മീറ്റർ പോള വാരുന്നതിന് 220 രൂപ ടാക്സിനുപുറമേയാണ് സ്ഥാപനം ക്വാട്ട് ചെയ്തിരിക്കുന്നത്. മുൻ ടെണ്ടറിൽ ഒരു ക്യുബിക് മീറ്ററിന് 485 രൂപ കൊടുത്തതാണ് പുതിയ ടെണ്ടർ വിളിച്ചപ്പോൾ 220 രൂപയായത്. അപ്പോൾ ആരാണ് അഴിമതി നടത്തിയത് ; മുൻ ടെണ്ടറിൽ നൽകിവന്നിരുന്ന തുകയുടെ ഉദ്ദേശം 45 ശതമാനം മാത്രമാണ് പുതിയ ടെണ്ടറിലുള്ളത്. എന്നാലും ക്യൂബിക് മീറ്ററിന്റെ അടിസ്ഥാനത്തിൽ കരാറുകാരന് തുക നൽകുന്നില്ല. പകരം പോളയുടെ ബയോമാസിലുള്ള കുറവിന്റെ അടിസ്ഥാനത്തിലാണ് കരാറുകാരന് തുക അനുവദിക്കുന്നത്. നൂറുശതമാനം പോള നിർമ്മാർജ്ജനം ചെയ്യുന്നതിന് 7.66 കോടി രൂപയാണ് പുതിയ ടെണ്ടറിൽ ക്വാട്ട് ചെയ്തിരിക്കുന്നത്. ഇത് പ്രായോഗികമല്ലെങ്കിൽ വർഷാവസാനമുള്ള പോളയുടെ ബയോമാസ് എത്രയെന്ന് കണക്കാക്കി അതനുസരിച്ച് തുക നൽകിയാൽ മതിയാകും. ഉദാഹരണത്തിന് പോളയിൽ അമ്പത് ശതമാനം കുറവ് വന്നെങ്കിൽ അമ്പത് ശതമാനം തുക നൽകിയാൽ മതി. നൂറുശതമാനമുണ്ടെങ്കിൽ നൂറുശതമാനം തുക, ഇരുപത്തിയഞ്ച് ശതമാനമാണെങ്കിൽ ഇരുപത്തിയഞ്ച് ശതമാനം തുക- ഇതാണ് പുതിയ കരാർ. ഈ കരാറുകാരനുമായി ടെണ്ടറോടുകൂടിയ പ്രാഥമിക കരാർ ഒപ്പുവച്ചിട്ടുണ്ട്. പ്രവൃത്തി ആരംഭിക്കുന്നതിനുള്ള വർക്ക് ഓർഡറും നൽകിയിട്ടുണ്ട്. വിശദമായ എഗ്രിമെന്റ് ഒപ്പുവയ്ക്കുന്നതിനുമുമ്പായി കുട്ടനാട് പ്രദേശത്തെ പൊതുജലാശയങ്ങളുടെ മാപ്പ് തയ്യാറാക്കേണ്ടതും പോളയുടെ ബയോമാസ് നിർണ്ണയിക്കേണ്ടതുമുണ്ട്. ഇതിനായി കേരള തീരദേശ വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഏജൻസി മേൽപ്രവൃത്തി വളരെ വേഗത്തിൽ നിർവ്വഹിച്ചുവരുന്നുണ്ട്. മാപ്പ് ലഭ്യമായാൽ മാത്രമേ അന്തിമ ഉടമ്പടി ഒപ്പിടാൻ സാധിക്കുകയുള്ളൂ. എന്നാൽ കുട്ടനാട് പ്രദേശത്തെ ജലാശയങ്ങളിൽ പോള നിറഞ്ഞതുമായി ബന്ധപ്പെട്ട് ജനങ്ങൾ അനുഭവിക്കുന്ന ഗുരുതരമായ പ്രശ്നം ശ്രദ്ധയിൽപ്പെട്ടതിനാൽ പൈലറ്റ് അടിസ്ഥാനത്തിൽ പോളവാരൽ ജോലി കോട്ടയം ജില്ലയിലെ തിരുവാർപ്പിലും ആലപ്പുഴ ജില്ലയിലെ രാമങ്കരിയിലും ഇതിനകംതന്നെ ആരംഭിച്ചിട്ടുണ്ട്. പൈലറ്റ് അടിസ്ഥാനത്തിലുള്ള പോളവാരൽ ജോലിയുടെ കാര്യക്ഷമതകൂടി പരിശോധിച്ച് ആവശ്യമായ മാറ്റങ്ങളോടുകൂടി അന്തിമകരാർ ഒപ്പിടുന്നതാണ്. ഈ സാഹചര്യത്തിൽ 15 കോടി രൂപയുടെ അഴിമതി നടന്നുവെന്ന വാദം അംഗീകരിക്കാനാവില്ല, അത് അടിസ്ഥാനരഹിതമാണ്. ഇപ്പോൾ ഞങ്ങൾ കൊണ്ടുവന്നത് എത്രയോ കർശനമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിയാണ്. ഇത് വളരെ സുതാര്യമാക്കിയിട്ടുണ്ട്. ഇതിനുപുറമേ പുതിയ ടെണ്ടർ ക്ഷണിച്ചതിനെതിരെ പഴയ കരാറുകാരൻ ബഹുമാനപ്പെട്ട കോടതിയിൽ കേസ് ഫയൽ ചെയ്തു. കേസ്സിൽ കരാറുകാരന്റെ വാദം

തള്ളിക്കളയുകയുണ്ടായി. പ്രസ്തുത വിധിക്കെതിരെ ടിയാൻ അപ്പീൽ ഫയൽ ചെയ്തു. ബഹുമാനപ്പെട്ട ചീഫ് ജസ്റ്റിസിന്റെ നേതൃത്വത്തിലുള്ള ഡിവിഷൻ ബെഞ്ച് കേസ് വിശദമായി പരിശോധിക്കുകയും റെസ്പോണ്ടന്റിന് ചെലവുസഹിതം നൽകുന്നതിനായി വിധിക്കുകയുമുണ്ടായി. റെസ്പോണ്ടന്റ് എന്നുപറയുന്നത് ഗവൺമെന്റാണ്. ചെലവുസഹിതം തള്ളിയ ഒരു കേസ്സാണ് ശ്രീ. രാജു എബ്രഹാം ഇവിടെ വാദിക്കാൻ കൊണ്ടുവന്നത്. ഇത് ആർക്കുവേണ്ടിയാണ് ? എനിക്ക് ഒരു അഭ്യർത്ഥനയുണ്ട്. പൊതുപ്രവർത്തനത്തിൽ ഞങ്ങൾക്ക് വലിയ പാരമ്പര്യമൊന്നുമില്ല. എന്നാലും ഉള്ള പാരമ്പര്യം വളരെ സുതാര്യവും സത്യസന്ധമായതുമാണ്. ശ്രീ. രാജു എബ്രഹാം അഴിമതി ആരോപണം സംബന്ധിച്ച് ഇവിടെ ഒരു കടലാസ് എഴുതിത്തന്നു. ഒരു തുണ്ട് കടലാസാണ്. (കടലാസ് ഉയർത്തിക്കാണിച്ചു.) ഇതെന്താണ് ? ഈ തുണ്ട് കടലാസ് എഴുതിത്തന്നുകൊണ്ട് ഒരു ഉത്തരവാദിത്വവുമില്ലാതെ, സപ്പോർട്ടിംഗായ ഒരു രേഖയുമില്ലാതെ ഫിഷറീസ് ഡിപ്പാർട്ടുമെന്റിനെയാണ് അദ്ദേഹം ഉന്നംവച്ചത്. അതിന്റെ കാരണം എനിക്ക് മനസ്സിലായി. ഡയറക്ടറുമായി അദ്ദേഹം രാവിലെ സംസാരിച്ചപ്പോൾ കാര്യം മനസ്സിലായതുകൊണ്ട് എന്നെ ഒഴിവാക്കി. പക്ഷേ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥൻമാരെ കരിതേച്ചു കാണിക്കാനുള്ള ഈ ശ്രമം അങ്ങേയറ്റം പ്രതിഷേധാർഹമാണ്. അപലപനീയമാണ്. നിയമസഭയിൽ ചട്ടങ്ങൾക്ക് വിധേയമായി നമുക്ക് എന്തും പറയാനുള്ള പ്രൊട്ടക്ഷനുണ്ട്. ചട്ടം 255 പ്രകാരമാണ് ഇത് എഴുതിത്തന്നത്. ഞാൻ മറുപടി പറയുന്നത് രണ്ടാമതാണ്. അതിനുമുമ്പുതന്നെ മാധ്യമങ്ങളിൽ സ്ക്രോളിംഗ് തുടങ്ങി. ഈ രീതി ഒന്ന് പുനഃപരിശോധിക്കണം. ഞാൻ വീണ്ടും ആവർത്തിക്കുകയാണ്. ശ്രീ. രാജു എബ്രഹാം ഫിർമയിലെ ഡയറക്ടറുമായി രാവിലെ സംസാരിച്ചതിന്റെ അടിസ്ഥാനത്തിലാണ് എനിക്കെതിരെ ആരോപണം ഉന്നയിക്കാതിരുന്നത്. ദൈവമാണ് ശ്രീ. രാജു എബ്രഹാമിനെക്കൊണ്ട് ഇതുന്നയിപ്പിച്ചത്. കാരണം എനിക്ക് സത്യം പറയാനുള്ള അവസരം കിട്ടി.

ശ്രീ. രാജു എബ്രഹാം : സർ, ഒരു കാര്യം....

മി. സ്പീക്കർ : യെസ്.........അത്രയേയുള്ളൂ. അങ്ങോട്ടുമിങ്ങോട്ടും വാദമൊന്നുമില്ല. പെട്ടെന്ന് പറയണം.

ശ്രീ. രാജു എബ്രഹാം : സർ, ഒരു കാര്യമേയുള്ളൂ. അതായത് ഇവിടെ എവിടെയാണ് അഴിമതി എന്നാണ് അങ്ങ് ചോദിച്ചത്. രണ്ട് വീഡ് ഹാർവെസ്റ്റിംഗ് മെഷീൻ ഉപയോഗിച്ച് പോള വാരണമെന്നാണ് ഇതിലെ ഏറ്റവും പ്രധാനപ്പെട്ട വ്യവസ്ഥ. ഇൻഡ്യയിൽ ഇത്തരത്തിൽ പത്ത് മെഷീനുകളേയുള്ളൂ. രണ്ട് മെഷീൻ ബോംബെ കമ്പനിക്കുണ്ട് എന്നാണ് അവർ ഈ രേഖയ്ക്കകത്ത് ക്വാട്ട് ചെയ്തിരിക്കുന്നത്. പക്ഷേ ഇവർ ഇപ്പോൾ വാരുന്നത് കേവലമൊരു ജെ.സി.ബി. ഉപയോഗിച്ചാണ്. വീഡ് ഹാർവെസ്റ്റിംഗ് മെഷീൻ ഉപയോഗിച്ച് പോള വാരുമ്പോൾ ഒരു ക്യൂബിക് മീറ്ററിന് 220 രൂപയാണ് ക്വാട്ട് ചെയ്തിരിക്കുന്നത്. ജെ.സി.ബി. ഉപയോഗിച്ച് വാരുമ്പോൾ ഇതിന്റെ ചെലവ് ഒരു ക്യൂബിക് മീറ്ററിന് ആകെ 20 രൂപ മാത്രമാണ്. ഇവിടെയാണ് പ്രശ്നം. ഇതാണ് അഴിമതി എന്ന് ചൂണ്ടിക്കാട്ടിയത്.



LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ഇത് അങ്ങ് നേരത്തെ പറഞ്ഞതാണ്. പക്ഷേ അങ്ങ് എഴുന്നേറ്റതുകൊണ്ട് ഒന്നുകൂടി സമ്മതിച്ചതാണ്. യെസ്....

ശ്രീ. കെ. ബാബു : സർ, ഞാൻ ആദ്യംതന്നെ പറഞ്ഞു. ഇപ്പോൾ പൈലറ്റടിസ്ഥാനത്തിലാണ് പോളവാരൽ നടന്നുകൊണ്ടിരിക്കുന്നത്. ഒന്നാമത്തെ കാര്യം അന്തിമമായിട്ടുള്ള കരാർ ഒപ്പിട്ടിട്ടില്ല. രണ്ടാമത്തെ കാര്യം, കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് ഒരു ക്യൂബിക് മീറ്ററിന് 485 രൂപ, ഞാൻ പറഞ്ഞല്ലോ, മൂന്നു പേർ ക്വാട്ട് ചെയ്തു. മണ്ടു പേരുടെ കവർപോലും പൊട്ടിക്കാതെ തള്ളിക്കളഞ്ഞു. അവർക്ക് മെഷീനറിയില്ലെന്നാണ് അന്ന് പറഞ്ഞത്. എന്നിട്ട് എട്ടുമാസം കഴിഞ്ഞാണ് പോളവാരൽ തുടങ്ങിയത്. മെഷീനറി അവർക്കുമുണ്ടായിരുന്നില്ല. പോള വാരുന്ന പ്രദേശത്ത് കടകൽ എന്നു പറയുന്ന ഒരുതരം പായലാണ് ഇപ്പോഴുള്ളത്. അത് ജെ.സി.ബി. ഉപയോഗിച്ചുമാത്രമേ മാറ്റാൻ സാധിക്കൂ. ശ്രീ. രാജു എബ്രഹാം പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അതുകൂടി നോക്കിമാത്രമേ ഫൈനൽ എഗ്രിമെന്റ് ഒപ്പുവയ്ക്കുകയുള്ളൂ. ഞാൻ പറഞ്ഞതിൽനിന്ന് കാര്യം അദ്ദേഹത്തിന് മനസ്സിലായല്ലോ. ശ്രീ. രാജു എബ്രഹാം ഉന്നംവയ്ക്കുന്നത് എന്നെയാണോ മുമ്പിലിരിക്കുന്ന ആളെയാണോ എന്ന് എനിക്കൊരു സംശയമുണ്ട്.

ശ്രീ. എസ്. ശർമ്മ : സർ, വേറൊന്നുമല്ല, ഒരു ക്ലാരിഫിക്കേഷനുവേണ്ടി മാത്രമാണ്. സ്വാമിനാഥൻ കമ്മീഷൻ കുട്ടനാട്ടിലെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിനുവേണ്ടി തയ്യാറായ സന്ദർഭത്തിൽ ഫിർമയാണ് ഫിഷറീസ് വകുപ്പിനുവേണ്ടി ഒരു പ്രോജക്ട് പ്രൊപ്പോസൽ വച്ചത്. അത് വയ്ക്കാൻ ഒരു കാരണമുണ്ടായിരുന്നു. പോള തിങ്ങിനിറഞ്ഞതിനെത്തുടർന്ന് കൃഷിയേയും മത്സ്യസമ്പത്തിനെയും ദോഷകരമായി ബാധിക്കുന്നുവെന്ന് കണക്കാക്കി അത് മാറ്റുന്നതിനുവേണ്ടിയുള്ള ഒരു പ്രോജക്ട് വേണമെന്നുള്ള നിലയ്ക്കാണ് അത് സബ്മിറ്റ് ചെയ്തത്. സ്വാമിനാഥൻ കമ്മീഷൻ അത് അംഗീകരിച്ചു. ഏകദേശം 21 കോടി രൂപയോളം ആ പ്രോജക്ടിൽ എഗ്രീ ചെയ്യുകയും ചെയ്തു. ഇതിനെത്തുടർന്ന് വൈക്കത്ത് ഒരു സെമിനാറിൽ ശാസ്ത്രജ്ഞൻമാർ, സബ്ജക്ട് എക്സ്പെർട്ടുകൾ, അതുപോലെ കോട്ടപ്പുറം ലത്തീൻ കത്തോലിക്ക രൂപത നേതൃത്വം കൊടുത്തുനടത്തുന്ന കിറ്റ്സിന്റെ ഡയറക്ടർ ഫാദർ പങ്കിയത്ത് അങ്ങനെ എല്ലാവരും കൂടിച്ചേർന്ന് ഒരു ഡിസ്ക്കഷനൊക്കെ നടത്തി ഒരു പ്രോജക്ട് നമ്മൾ അംഗീകരിച്ചു. വാഴനാര് കൊണ്ടുണ്ടാക്കിയ വാല്യൂ ആഡഡ് ആയ ഉല്പന്നങ്ങൾ എക്സ്പോർട്ട് ചെയ്യുന്ന കിറ്റ്സ് ഇൻഡ്യയിൽ മോഡലായി പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ്. പോള വാരുന്നതുകൂടാതെ ഇതൊരു വേസ്റ്റാണ്, പക്ഷേ അതൊരു അസെറ്റാക്കി മാറ്റുന്നതിനുള്ള ടെക്നോളജി കൂടി കണക്കാക്കിക്കൊണ്ട് അത് പ്രയോജനപ്പെടുത്താൻവേണ്ടി കിറ്റ്സിന്റെ ഡയറക്ടറുമായി ചർച്ച നടത്തി ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു മീറ്റിംങ്ങൊക്കെ അന്ന് നടത്തിയിരുന്നു. അതിനുശേഷം അതിന്റെ ടെണ്ടർ നടന്നു. ടെണ്ടർ ഈ പോള വാരുന്നതിനെ സംബന്ധിച്ചാണ്. അതിന്റെ ടെണ്ടർ പ്രൊസീഡിംഗ്സൊന്നും ഞാൻ ഓർക്കുന്നില്ല, ടെണ്ടർ നടന്നതായി ഓർക്കുന്നുണ്ട്. പക്ഷേ, ഒരു കാര്യം ഞാൻ എടുത്തുചോദിച്ചിരുന്നു. ഇവർ ഇതുവാരി കരയിലിട്ടാൽ

LIBRARY ARCHIVES Kerala Legislative Assembly

ഉറപ്പായും ഡിസ്പോസ് ചെയ്യുന്നതിനുള്ള സിസ്റ്റമെന്താണ്, വാരാതെ വാരിയെന്നു പറഞ്ഞാൽ പണം പോകില്ലേയെന്ന് ചോദിച്ചിരുന്നു. ഡിസ്ക്കഷൻ നടന്ന ഒരു സ്റ്റേജിൽ ഞാൻ ഒഫിഷ്യൽസിനോട് ചോദിച്ചതാണ്. അന്ന് അതിനൊരു കണ്ടീഷൻ അവർ പറഞ്ഞത് ഞാൻ ഓർക്കുന്നു, അതായത് ഒരു ക്യൂബിക് മീറ്ററിന് 485 രൂപയെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞല്ലോ, അത് എത്രയാണോ ടെണ്ടറനുസരിച്ച് വരുന്നത്, അത് വാരി അഞ്ചുദിവസം കരയിലിട്ട് പഞ്ചായത്ത് പ്രസിഡന്റ് (അവിടത്തെ വാർഡ് മെമ്പറെങ്കിലും മിനിമം) പിന്നെ പബ്ലിക്കിന്റെ പ്രതിനിധി, ഫിർമയുടെ പ്രതിനിധി, കോസ്റ്റൽ ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ പ്രതിനിധി ഇങ്ങനെയുള്ളവർ നേരിട്ട് പോള ഉണങ്ങിയെന്ന് ഉത്തമബോദ്ധ്യത്തിന്റെ അടിസ്ഥാനത്തിൽ സർട്ടിഫൈ ചെയ്താൽമാത്രമേ ബില്ല് പേ ചെയ്യാൻ പാടുള്ളുവെന്ന കണ്ടീഷൻകൂടി ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് അന്ന് അവർ പറഞ്ഞിട്ടുള്ളതായി ഓർക്കുന്നു. രേഖകൾ മുഴുവൻ ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ കൈയിലുണ്ട്. ഏതു തരത്തിൽ വേണമെങ്കിലും അത്തരം കാര്യങ്ങൾ പരിശോധിക്കാവുന്നതേയുള്ളു. ഇതാണ് അതുസംബന്ധിച്ച് പറയാനുള്ളത്. വാരുന്നത് ഡിസ്പോസ് ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുന്നത് പബ്ലിക് പാർട്ടിസിപ്പേഷനും ലോക്കൽ ബോഡി പ്രതിനിധിക്കും ഫിർമയുടെ പ്രതിനിധിക്കും കോസ്റ്റൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രതിനിധിക്കും കൺവിൻസിംഗാകണമെന്നതുൾപ്പെടെ നിശ്ചയിച്ചിരുന്നതാണ്.

ശ്രീ. കെ. ബാബു : സർ, ഇപ്പോൾ പറയാനുള്ള കാര്യങ്ങൾ ഞാൻ പറഞ്ഞു. ഫിനാൻഷ്യൽ വിംഗിനെക്കൊണ്ട് അന്വേഷിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അവരുടെ റിപ്പോർട്ട് വരുമ്പോൾ സഭയുടെ മുമ്പിൽ വയ്ക്കുന്നതാണ്.

## റൂളിംഗ്

മി. സ്പീക്കർ : ശ്രീ. രാജു എബ്രഹാം ഇത് അവതരിപ്പിക്കുന്നതിന് മുമ്പുതന്നെ ഞാൻ സഭയിൽ ഒരുകാര്യം പറഞ്ഞിരുന്നു. അത് പൊതുവായി നമ്മളെല്ലാം അംഗീകരിക്കേണ്ട ഒരു കാര്യമാണ്. ഞാനത് ഒന്നുകൂടി വായിക്കുന്നു. "A member has to be careful while making an allegation, he has to satisfy himself that the source is reliable and allegation is based on facts. In effect he is required to make prima facie investigation into the matter before he writes to the Speaker or the Minister and more so before he speaks in the House."

### (2) സിവിൽ സപ്ലൈസ്, രജിസ്ട്രേഷൻ വകുപ്പുകളിൽ നടന്നതായി പറയപ്പെടുന്ന അഴിമതി സംബന്ധിച്ച്

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സർ, ഇവിടെ ശ്രീ. റ്റി. വി. രാജേഷ് എഴുതിത്തന്നതും ഉന്നയിച്ചിട്ടുള്ളതുമായ എല്ലാ ആരോപണങ്ങളും ഞാൻ നിഷേധിക്കുകയാണ്. ഇത് വളരെ നിർഭാഗ്യകരമാണ്. അദ്ദേഹം പറഞ്ഞതെല്ലാം കേട്ടുകേൾവിയെ അടിസ്ഥാനപ്പെടുത്തിയുള്ള കാര്യങ്ങളാണ്. കഴിഞ്ഞ കാലങ്ങളിലൊക്കെ അദ്ദേഹം വായിച്ചതും കേട്ടതുമായ കുറച്ച് കാര്യങ്ങളാണ് ഇവിടെ പ്രതിപാദിച്ചത്. ഇതിനകത്ത് ഏറ്റവും നിരാശാജനകമെന്നുപറയുന്നത് വായിൽ തോന്നിയത്

LIBRARY ARCHIVES Kerala Legislative Assembly

കോതയ്ക്ക് പാട്ട് എന്ന രീതിയിൽ എന്തും പറഞ്ഞുനടക്കുന്ന ചിലരുടെ വാക്കുകൾ അത് ആരോപണമായി ഈ സഭയിൽ ഉന്നയിക്കപ്പെടുമ്പോൾ ആ ഉന്നയിക്കുന്ന ആളുതന്നെ അപഹാസ്യനാവുകയാണ്. ആർക്കും എന്തും പറഞ്ഞുകൊണ്ട് നടക്കാൻ പറ്റുന്ന ഒരു സാഹചര്യമുണ്ട്, പത്രസമ്മേളനം വിളിച്ച് എന്തും പറയാം. പൊതുവിതരണവുമായി ബന്ധപ്പെട്ട് പല തരത്തിലുള്ള പ്രതിസന്ധികളും കാര്യങ്ങളും നിലവിലുണ്ട് എന്നത് യാഥാർത്ഥ്യമാണ്. ഇവിടെ ബഹുമാനപ്പെട്ട ശ്രീ. പി. ശ്രീരാമകൃഷ്ണൻ സൂചിപ്പിച്ചു. കാലാകാലങ്ങളായി പൊതുവിതരണ ഡിപ്പാർട്ടുമെന്റിൽ കടന്നുകൂടിയിട്ടുള്ള അപാകതകളാണ്. അതിന് ശാശ്വതപരിഹാരം കണ്ടെത്തേണ്ടതുണ്ട്. അതിനായിട്ടുള്ള നടപടികളുമായി ഗവൺമെന്റ് വളരെ ശക്തമായ നിലയിൽ മുന്നോട്ടുപോകുന്നുമുണ്ട്. ഈ 11 മാസംകൊണ്ട് എന്തൊക്കെയോ സംഭവിച്ചുവെന്ന നിലയിലുള്ള ധ്വനി വരുന്നത് ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയുന്നതല്ല. ശ്രീ. റ്റി. വി. രാജേഷ് സൂചിപ്പിച്ചതുപോലെ ഒരേ വ്യക്തി കൊടുത്ത പരാതികളിന്മേൽ മൂന്ന് വിജിലൻസ് എൻക്വയറികൾ എനിക്കെതിരെ ഒരേ കോടതിയിൽ ഉത്തരവായിട്ടുണ്ട്. ഒരേ വ്യക്തി, ഒരേ കോടതിയിൽ മൂന്ന് പെറ്റീഷൻസ് കൊടുത്തു. മൂന്ന് പരാതിയിന്മേലും അവർ പ്രിലിമിനറി എൻക്വയറിക്ക് ഉത്തരവിട്ടിട്ടുണ്ട്. ഇത് മാധ്യമങ്ങളിലൊക്കെ വളരെ പ്രാധാന്യത്തോടുകൂടിയാണ് പ്രസിദ്ധീകരിച്ചത്. 'അനൂപ് ജേക്കബിനെതിരെ വിജിലൻസ് എൻക്വയറി' വലിയ തലക്കെട്ടിൽ പത്രങ്ങളുടെ ഫ്രണ്ട് പേജിലും അകത്തെപേജിലും വന്ന വാർത്തയാണ്. ഈ പെറ്റീഷൻ കൊടുക്കുന്നവരുടെ ഉദ്ദേശ്യവും അതുതന്നെയാണ്. ഇത്തരത്തിലുള്ള വാർത്തകൾ സൃഷ്ടിച്ച് പൊതുജന മധ്യത്തിൽ എന്നെ അപകീർത്തിപ്പെടുത്തുക എന്ന ലക്ഷ്യമായിരിക്കും അതിന്റെ പിന്നിലുള്ളത്. ഞാൻ ഒരു പ്രസ് മീറ്റിംഗ് വിളിച്ച് അത് പറയുകയും ചെയ്തു. ഇതിന്റെ പിന്നിൽ ചില നിക്ഷിപ്ത താല്പര്യക്കാരുണ്ട്........(ബഹളം)...... വെറുതെ ബഹളം വച്ചിട്ടൊന്നും കാര്യമില്ല......അവിടെ ഇരിക്കൂ.....(ബഹളം)..... അവിടെ ഇരിക്കൂ.....(ബഹളം)....ഞാൻ പറഞ്ഞുകഴിഞ്ഞിട്ട് പറയൂ.

മി. സ്പീക്കർ : യെസ്........ യെസ്........

ശ്രീ. അനൂപ് ജേക്കബ് : സർ, ഞാൻ വളരെ കൃത്യമായി ഓരോ കാര്യങ്ങൾ പറയുമ്പോൾ ഇടയ്ക്ക് കയറി പറയുന്നത് ശരിയല്ല.....(ബഹളം)...

മി. സ്പീക്കർ : പ്ലീസ്.....യെസ്...പ്ലീസ്...സംസാരിച്ചോളൂ.

ശ്രീ. അനൂപ് ജേക്കബ് : സർ, ഇതിന്റെ പിന്നിൽ അത്തരത്തിലുള്ള ഒരുപാട് താല്പര്യങ്ങളുണ്ടെന്ന് ഞാൻ ന്യായമായി സംശയിക്കുന്നു. ഒരേ വ്യക്തി തന്നെ ഇങ്ങനെ കേസ്സുകൾക്ക് പോകുന്നു. ഇനിയും എനിക്കെതിരെ ഇത്തരത്തിലുള്ള നീക്കങ്ങൾ നടക്കുന്നുണ്ടെന്നും എനിക്ക് അറിവ് ലഭിക്കുന്നുണ്ട്. ഇവിടെ ശ്രീ. റ്റി. വി. രാജേഷ് വിവിധ കാര്യങ്ങളാണ് ഉന്നയിച്ചത്. ആദ്യം അദ്ദേഹം സൂചിപ്പിച്ച ഒരു കാര്യം, പള്ളിക്കൽ അഗ്രോ മിൽസുമായി ബന്ധപ്പെട്ട ഒരു വിഷയമാണ്. പള്ളിക്കൽ അഗ്രോ മിൽസിൽനിന്നും പിടിച്ചെടുത്ത അരി അവർക്ക് തിരിച്ചുകൊടുത്തു എന്നതാണ് അദ്ദേഹം ഉന്നയിച്ച ഒരു വിഷയം. അതുമായി ബന്ധപ്പെട്ട് ഇത് പിടിച്ചെടുത്ത ഉദ്യോഗസ്ഥയെ സ്ഥലം മാറ്റിയെന്നത് മറ്റൊരു ആരോപണമായി അദ്ദേഹം ഇവിടെ ഉന്നയിച്ചു. അന്ന് പള്ളിക്കൽ

LIBRARY ARCHIVES Kerala Legislative Assembly

അഗ്രോ മിൽസിൽ ഇൻസ്പെക്ഷൻ നടത്തിയപ്പോൾ അവിടെ മോശം അരിയാണ് കണ്ടെത്തിയത്. പൊതുവിതരണത്തിന് യോഗ്യമല്ലാത്ത മോശം ക്വാളിറ്റിയിലുള്ള അരി അവിടെ കണ്ടെത്തി. ഈ അരിക്ക് അന്നത്തെ ഇ-ടെണ്ടറിൽ ക്വോട്ട് ചെയ്ത highest rate അവരിൽനിന്ന് ഈടാക്കിയിട്ടാണ് തിരിച്ചുകൊടുത്തത്. Highest rate-ൽ 30,43,515 രൂപ ഈടാക്കിയിട്ട് അവർക്ക് അരി തിരിച്ചുകൊടുത്തു. അതേസമയംതന്നെ ഇക്കണോമിക് കോസ്റ്റ് ഈടാക്കിക്കൊണ്ട് വേണമെങ്കിലും തിരിച്ചു കൊടുക്കാമായിരുന്നു. അത് 18,87,705 രൂപയാണ്. എന്നാൽ, അങ്ങനെ ചെയ്യാതെ കൃത്യമായിട്ടും ആ മാസത്തെ highest rate ഞങ്ങൾ അവരിൽ നിന്ന് ഈടാക്കുകയാണ് ചെയ്തത്. അവർക്കെതിരെയുള്ള കേസ് ഞങ്ങൾ പിൻവലിച്ചിട്ടില്ല. ആ കേസ് ഇപ്പോഴും നടക്കുകയാണ്. അതുമാത്രമല്ല, സപ്ലൈകോ ആ മില്ലുമായിട്ടുള്ള എല്ലാ ട്രാൻസാക്ഷൻസും നിർത്തലാക്കിയിരിക്കുകയാണ്. ഒരുരീതിയിലുള്ള നഷ്ടവും ഈ വിഷയവുമായി ബന്ധപ്പെട്ട് സപ്ലൈകോയ്ക്ക് ഉണ്ടായിട്ടില്ല. ഇത് അന്വേഷിച്ച ശ്രീമതി ഗീത എന്ന റീജിയണൽ മാനേജരെ ഇതിന്റെ പേരിൽ സ്ഥലം മാറ്റിയെന്നാണ് അദ്ദേഹം ഇവിടെ ആരോപിച്ചത്. അവരുടെ അപേക്ഷ പ്രകാരമാണ് അവരെ മാറ്റിയത്. 27/9-ൽ അവർതന്ന അപേക്ഷ എന്റെ കൈവശമുണ്ട്. അവർതന്ന അപേക്ഷപ്രകാരം 10-ാം മാസത്തിൽ അവർക്ക് മാറ്റം നൽകി. ഇവിടെ റെയ്ഡ് നടത്തി പിടിച്ചതിന്റെ പേരിൽ ബോധപൂർവ്വം മാറ്റിയെന്ന് പറയുന്നത് അടിസ്ഥാനരഹിതമാണ്. അവരുടെ അപേക്ഷ പ്രകാരമാണ് അവരെ മാറ്റിയിരിക്കുന്നത്. കർഷകരിൽനിന്ന് സംഭരിക്കുന്ന നെല്ല് കൃത്യമായി സപ്ലൈകോവഴി പൊതുവിതരണത്തിലൂടെ ജനങ്ങളിലേക്ക് എത്തിക്കുക എന്ന് ഗവൺമെന്റ് ലക്ഷ്യം വയ്ക്കുന്നതിൽ യാതൊരു പാകപ്പിഴയും ഉണ്ടാകാൻ ഇടവരുത്തരുത് എന്നതുകൊണ്ട് കൂടുതൽ ഇൻസ്പെക്ഷൻ ടീമുകളെ ഞങ്ങൾ നിയോഗിച്ചിട്ടുണ്ട്. കഴിഞ്ഞ അഞ്ചുമാസം മുമ്പാണ് ടീമുകളെ നിയോഗിച്ചത്. പാഡി മാർക്കറ്റിംഗ് ഓഫീസർ, ജൂനിയർ മാനേജർ, ആർ.ഐ. എന്നീ ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന ഏഴ് ടീമുകൾ കേരളത്തിലെ വിവിധ ജില്ലകളിൽ, അതായത് മില്ലുകൾ പ്രവർത്തിക്കുന്ന ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിൽ പ്രവർത്തിക്കുന്നുണ്ട്. ഇവരുടെ മേൽനോട്ടത്തിൽ മാത്രമേ മില്ലുകൾ ഹോൾസെയിലുകളിലേക്ക് കുത്തരി കയറ്റിവിടാനുള്ള സാഹചര്യം ഉണ്ടാകുന്നുള്ളൂ. അതുകൊണ്ട് കൃത്യമായി ഇൻസ്പെക്ഷനുകൾ നടത്തി മുന്നോട്ട് പോകുകയാണ്. ഒരു രീതിയിലുള്ള വീഴ്ചകളും ഉണ്ടാകാതെ ആ മേഖലയിൽ ഞങ്ങൾ ശ്രദ്ധിക്കുന്നുണ്ട്. ഇവിടെ ഫൈൻ ഈടാക്കി ഇത് തിരിച്ചുകൊടുത്തുവെന്ന് പറയുമ്പോൾ ഒരുകാര്യം ഓർക്കുക : 22-8-2008-ൽ എൽ.ഡി.എഫ്. സർക്കാരിന്റെകാലത്ത് അന്ന് കെ.കെ.ആർ. അഗ്രോ മിൽസിൽ, സപ്ലൈകോ ഉദ്യോഗസ്ഥർ നടത്തിയ റെയ്ഡിൽ 5200 ക്വിന്റൽ അരിയുടെ കുറവ് കണ്ടെത്തിയിരുന്നു. അന്ന് സപ്ലൈകോ ചെയ്തത് ഒന്നേകാൽ കോടി രൂപ അവരിൽനിന്ന് ഇതേപോലെ ഫൈൻ ഈടാക്കിക്കൊണ്ട് ആ മില്ലിനെതിരെയുള്ള കേസ് പിൻവലിച്ചു. ഞങ്ങൾ ഇവർക്കെതിരെ ഹയർ റേറ്റിൽ ഫൈൻ ഈടാക്കിയെന്നുമാത്രമല്ല അവരുടെ കേസ് ഇപ്പോഴും നടക്കുകയാണ്. ഗവൺമെന്റ് ആവശ്യപ്പെട്ടത് പ്രകാരം അന്ന് ജില്ലാ കളക്ടർക്ക് കൊടുത്ത ഗവൺമെന്റ് ഓർഡറാണ് ആ കേസ് പിൻവലിക്കുവാൻ

അന്നത്തെ ഗവൺമെന്റ് തീരുമാനിച്ചതാണ്, അതായത് 5200 ക്വിന്റൽ കുറവ് കണ്ടെത്തിയ ഒരു മില്ലിനെതിരെയുള്ള കേസ് പിൻവലിക്കുവാൻ അന്നത്തെ ഗവൺമെന്റ് തീരുമാനമെടുത്തു. ഞാൻ പറഞ്ഞുവന്നത്, ഇത്തരത്തിലുള്ള സാഹചര്യങ്ങൾ, ഇതൊന്നും ആശാസ്യമായ കാര്യങ്ങളല്ല. ഇതിൽ സപ്ലൈകോയ്ക്ക് ഒരു രീതിയിലുള്ള നഷ്ടവും ഉണ്ടാവാതെയാണ് ഞങ്ങൾ ഈ വിഷയവുമായി മുന്നോട്ടുപോകുന്നത് ഒരു രീതിയിലുള്ള അപാകതയും കടന്നുകൂടാതെയുള്ള പരിശ്രമങ്ങൾ എല്ലാ അർത്ഥത്തിലും ഞങ്ങൾ നടത്തുന്നുണ്ട്. ഞാൻ മന്ത്രിയായി വന്നതിനുശേഷം, കഴിഞ്ഞ 11 മാസത്തിനിടയ്ക്ക് റെയിഡുകളുടെയും ഇൻസ്പെക്ഷനുകളുടെയും അടിസ്ഥാനത്തിൽ 92 എ.ആർ.ഡി.-കളെ സസ്പെന്റ് ചെയ്തിട്ടുണ്ട്, രണ്ട് എ.ആർ.ഡി.-കൾ ക്യാൻസൽ ചെയ്തു, പതിനൊന്ന് എ.ഡബ്ല്യൂ.ഡി.-കൾ സസ്പെന്റ് ചെയ്തു-അതിൽ ഒരു ഹോൾസെയിൽ ഡിപ്പോ ക്യാൻസൽ ചെയ്തിട്ടുണ്ട്. രണ്ട് കെറോസിൻ ഹോൾസെയിൽ ഡിപ്പോകൾ ക്യാൻസൽ ചെയ്തിട്ടുണ്ട്. രണ്ടുപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. കൂടാതെ ഡിപ്പോ അനുവദിച്ചതിനേയും ഇലക്ഷൻ ഫണ്ടിനേയും സംബന്ധിച്ച് ശ്രീ. റ്റി. വി. രാജേഷ് സൂചിപ്പിക്കുകയുണ്ടായി. ഇതെല്ലാം കേട്ടുള്ള അറിവാണ് അദ്ദേഹം ഇവിടെ പറയുന്നത്. ഞാൻ നേരത്തെയും ചോദിച്ചു. ഞാൻ ഏതെങ്കിലും ഒരു മൊത്ത വിതരണ കേന്ദ്രം അനുവദിച്ചതായി ....(ബഹളം)...

മി. സ്പീക്കർ : അദ്ദേഹം മറുപടി പറയട്ടെ.

ശ്രീ. അനൂപ് ജേക്കബ് : സർ, ഏതെങ്കിലും മൊത്തവിതരണ കേന്ദ്രം അനുവദിച്ചതായി ബഹുമാനപ്പെട്ട മെമ്പർക്ക് ഇവിടെ തെളിയിക്കാൻ സാധിക്കുമോ ? ഞാനത് പല ആവർത്തി വ്യക്തമാക്കിയിട്ടുണ്ട്. എനിക്കെതിരെ കൊടുത്തിരിക്കുന്ന ആദ്യത്തെ വിജിലൻസ് പെറ്റീഷനിൽ പറഞ്ഞിരിക്കുന്നത് ഞാൻ മൊത്തവിതരണ കേന്ദ്രങ്ങൾ അനുവദിച്ചതിൽ അഴിമതികൾ ഉണ്ടെന്നുള്ളതാണ്. ഞാൻ ഒരു മൊത്ത വിതരണകേന്ദ്രവും അനുവദിച്ചിട്ടില്ല. അനുവദിച്ചാലല്ലേ അഴിമതി വരുന്നുള്ളൂ. ഒരെണ്ണംപോലും അനുവദിക്കാതെ അഴിമതി, അഴിമതി എന്നുപറയുന്നത് ബോധപൂർവ്വം എന്നെ കരിതേച്ച് കാണിക്കുവാനുള്ള പരിശ്രമങ്ങൾ വീണ്ടുംവീണ്ടും ഓരോ മേഖലയിലും നടന്നുകൊണ്ടിരിക്കുന്നതിന്റെ തെളിവാണ്.

കോട്ടയം ജില്ലാ സപ്ലൈ ഓഫീസറെ സ്ഥലംമാറ്റി എന്നുള്ളതാണ് ഇവിടെ അദ്ദേഹം ഉയർത്തിക്കാണിച്ച മറ്റൊരു വിഷയം. ഞാൻ 2012 നാലാം മാസം വകുപ്പിന്റെ ചുമതല ഏറ്റെടുത്തതിനുശേഷം ഈ ഉദ്യോഗസ്ഥയ്ക്കെതിരെ ചില വിഷയങ്ങൾ എന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് അഞ്ചാം മാസം ഈ ഉദ്യോഗസ്ഥയെ തൽസ്ഥാനത്തുനിന്നും മാറ്റി. അതിനുശേഷം ഇവർക്കെതിരെ 26-9-2012-ൽ ഡിസിപ്ലിനറി ആക്ഷൻ ഇനിഷ്യേറ്റ് ചെയ്തിട്ടുണ്ട്. ഇവർക്കെതിരെയുള്ള അന്വേഷണം നടക്കുകയാണ്. അന്വേഷണ റിപ്പോർട്ട് ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികളെടുക്കും. അവരുടെ പ്രൊമോഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾ തടഞ്ഞുവച്ചിരിക്കുകയാണ്. ഞങ്ങൾക്ക് ആരേയും സംരക്ഷിക്കേണ്ട ആവശ്യമില്ല. എന്നാൽ സത്യസന്ധമായി അന്വേഷണം നടത്തി യാഥാർത്ഥ്യങ്ങൾ പുറത്തുകൊണ്ടുവരികയും വേണം. നമുക്ക് ആരേയും ഒരേരീതിയിൽ

LIBRARY ARCHIVES Kerala Legislative Assembly

പ്രതിക്കൂട്ടിൽ നിർത്താൻ സാധിക്കില്ല. ഇതിന്റെ ഫാക്ട്സും കാര്യങ്ങളും കൃത്യതയോടെ പുറത്തുവരണമെന്നുതന്നെയാണ് ഞാനും ആഗ്രഹിക്കുന്നത്. ഇവിടെ വിജിലൻസ് എൻക്വയറികളുടെ കാര്യംപറഞ്ഞു. ഞാൻ ആ എൻക്വയറികളെയെല്ലാം സ്വാഗതം ചെയ്യുകയാണ്. സത്യാവസ്ഥ പുറത്തുവരണം. ജനങ്ങളുടെ ഇടയിലുള്ള തെറ്റിദ്ധാരണ മാറണം. മാധ്യമങ്ങളിലുടെയുളള പ്രചരണം വരുന്നത് സംബന്ധിച്ച്, എത്രപേർക്ക് കോടതി നടപടികളെക്കുറിച്ച് അറിയാം; വിജിലൻസ് കോടതിയിൽ ഒരു പെറ്റീഷൻ കൊടുത്താൽ പ്രിലിമിനറി എൻക്വയറിക്ക് വിടുമെന്നുള്ളകാര്യം എത്രപേർക്കറിയാം. സി.ആർ.പി.സി.-യെ കുറിച്ച് സാധാരണക്കാരായ എത്രപേർക്ക് അറിയാം? മാധ്യമങ്ങളിൽ ഇത്തരം വാർത്തകൾ വരുമ്പോൾ സാധാരണക്കാരായ ആളുകൾക്കിടയിൽ തെറ്റിദ്ധാരണയുണ്ടാകുന്നു. മന്ത്രിക്കെതിരെ അന്വേഷണം-ഇതല്ലേ അവർ വായിക്കുന്നുള്ളൂ. ബാക്കി എന്താണെന്നതിനെക്കുറിച്ച് അറിയാൻ ആർക്കും സാധിക്കുന്നില്ല. അപ്പോൾ ഇതിന്റെ ലക്ഷ്യം ജനങ്ങൾക്കിടയിൽ തെറ്റിദ്ധാരണയുണ്ടാക്കുക എന്നതാണെന്ന് ആവർത്തിച്ചുപറയാൻ ആഗ്രഹിക്കുന്നു.......(ബഹളം)......ഞാൻ പറഞ്ഞുകഴിഞ്ഞതിനുശേഷം ബഹളം വച്ചോളൂ.

രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ടുള്ള വിഷയങ്ങളാണ് പിന്നെ ഇവിടെ സൂചിപ്പിച്ചിട്ടുള്ളത്. തൃക്കാക്കരയുമായി ബന്ധപ്പെട്ട് ശ്രീമതി ശ്രീകല എന്ന സബ് രജിസ്ട്രാറുടെ വിഷയമാണ് ശ്രീ. റ്റി. വി. രാജേഷ് ഉന്നയിച്ചത്. ഇതിനുമുമ്പ് ബില്ലിന്റെ ചർച്ചാവേളയിൽ ശ്രീ. എം. ഹംസ ഈ വിഷയം പരാമർശിച്ചപ്പോൾ ഞാൻ മറുപടി പറഞ്ഞതാണ്. എങ്കിലും ശ്രീ. റ്റി. വി. രാജേഷ് പറഞ്ഞതുകൊണ്ട് വീണ്ടും ആവർത്തിക്കാം. കേട്ടുകേൾവിയാണ് അദ്ദേഹം ഇവിടെയും ആവർത്തിച്ചിരിക്കുന്നത്. ശ്രീമതി ശ്രീകല എന്ന ഉദ്യോഗസ്ഥയെ സസ്പെന്റ് ചെയ്യുകയും അതിനുശേഷം അവരെ സസ്പെന്റ് ചെയ്തതിന്റെ പേരിൽ അന്നത്തെ ഐ. ജി. ശ്രീ. വിവേകാനന്ദനെ മാറ്റി എന്നുള്ളതായിരുന്നു ശ്രീ. ആർ രാജേഷും ശ്രീ. എം. ഹംസയും ഇവിടെ ഉന്നയിച്ച ആരോപണം. ശ്രീമതി ശ്രീകല എന്ന ഉദ്യോഗസ്ഥയെ 7-4-2012-ൽ സസ്പെന്റ് ചെയ്ത അതേ ഐ. ജി. തന്നെയാണ് 12-6-2012-ൽ തിരിച്ച് ഡിപ്പാർട്ടുമെന്റിൽ റീ-ഇൻസ്റ്റേറ്റ് ചെയ്തതും. ഈ രണ്ട് കാര്യങ്ങളും ചെയ്തത് ഒരേ ഐ.ജി. തന്നെയാണ്. ഈ ഐ.ജി.-യെ മാറ്റി പുതിയ ഐ.ജി.-യെ നിയമിച്ച് ഈ ഉദ്യോഗസ്ഥയെ തിരിച്ചെടുത്തു എന്നുപറയുന്നത് നീതിക്ക് നിരക്കുന്ന കാര്യങ്ങളല്ല. അതിനോടൊപ്പം തന്നെ ശ്രീമതി ശ്രീകല, സബ് രജിസ്ട്രാർ ശ്രീ. ദാമോദരനുൾപ്പെടെയുള്ളവരെ കുറിച്ചൊക്കെ ഡിപ്പാർട്ടുമെന്റുതലത്തിൽ അന്വേഷണം നടക്കുന്നുണ്ട്. ഇവിടെ പറഞ്ഞ വിഷയങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ വരുമ്പോൾ അതിനെക്കുറിച്ച് വിശദമായ അന്വേഷണം നടത്തുന്നുണ്ട്. എൻക്വയറിയുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്. സബ് രജിസ്ട്രാർ ശ്രീ. ദാമോദരൻ സസ്പെൻഷനിലായിരുന്ന സന്ദർഭത്തിൽ രജിസ്ട്രേഷൻ ഐ.ജി.-ക്ക് നൽകിയ നിവേദനപ്രകാരം 3-8-2012-ന് ശ്രീ. ദാമോദരനെ രജിസ്ട്രേഷൻ ഐ.ജി. നേരിൽ കേട്ടു. സർവ്വീസിൽനിന്ന് വിരമിക്കാൻ മാസങ്ങൾ മാത്രമേ അവശേഷിക്കുന്നുള്ളു എന്നതിന്റെ അടിസ്ഥാനത്തിലും ഇയാൾ പറഞ്ഞ കാര്യങ്ങളുടെ വെളിച്ചത്തിലും ശ്രീ. ദാമോദരന്റെ ശിക്ഷാനടപടികൾ സംബന്ധിച്ച് തുടർ നടപടികൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

വിഘാതം വരാത്ത വിധത്തിൽ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചുകൊണ്ട് 23-8-2012-ൽ രജിസ്ട്രേഷൻ ഐ.ജി. ഉത്തരവിട്ടു. ഇദ്ദേഹത്തിനെതിരെ ഉന്നയിക്കപ്പെട്ടിരിക്കുന്ന കുറ്റങ്ങൾക്കനുസൃതമായി അന്വേഷണം നടക്കുകയാണെന്നും കുറ്റകൃത്യങ്ങളുടെ ഗൗരവം കണക്കിലെടുത്ത് കഠിനശിക്ഷ നൽകണമെന്നും 29-11-2012-ൽ രജിസ്ട്രേഷൻ ഐ.ജി. ശുപാർശ ചെയ്തിട്ടുണ്ട്. ഇതിൽ ആരേയും സംരക്ഷിക്കുന്ന യാതൊരു നിലപാടും എടുത്തിട്ടില്ല. ഇതൊന്നും പോരാതെ 28-2-2013-ൽ 1960-ലെ കേരള സിവിൽ സർവ്വീസ് ചട്ടങ്ങളിലെ ചട്ടം (15) പ്രകാരം കോഴിക്കോട് ഉത്തര മേഖലാ രജിസ്ട്രേഷൻ ഡെപ്യൂട്ടി ഐ.ജി. ശ്രീ. പി. ചന്ദ്രനെ എൻക്വയറി ഓഫീസറായി നിയമിച്ചിട്ടുമുണ്ട്. ഫയലിന്റെ പരിശോധനാ വേളയിൽ ശ്രീ. ദാമോദരനെതിരായ ആക്ഷേപങ്ങൾ സംബന്ധിച്ച ഫയൽ ഒരിക്കൽപോലും എന്റെ മുമ്പിൽ വന്നിട്ടില്ല. ശ്രീ. ദാമോദരന്റെ പത്നി എനിക്കും സുതാര്യ കേരളത്തിലും പരാതി നൽകിയിരുന്നു. ഈ പരാതി ഉന്നയിച്ച ആളും കൊടുത്തു. അതിൽ പരിശോധിക്കാം എന്ന് മിനിട്ട്സ് ഇടാനല്ലാതെ ആ മേഖലയിലേക്ക് ഞാൻ കടന്നുചെന്നിട്ടില്ല. സസ്പെൻഷനിലുള്ള ആളിന് കുറ്റാരോപണ മെമ്മോ നൽകിയശേഷം അയാളെ നേരിൽകേട്ടതിനുശേഷം അച്ചടക്ക നടപടികളുടെ പൂർത്തീകരണത്തിനും അന്തിമതീരുമാനത്തിനും വിധേയമായതിനുശേഷം സർവ്വീസിൽ തിരിച്ചെടുത്ത ഒരു നടപടിക്രമം മാത്രമാണിവിടെ നടന്നിട്ടുള്ളത്.

രജിസ്ട്രേഷൻ ഐ.ജി.-യുടെ സ്ഥാനമാറ്റത്തെക്കുറിച്ചുള്ളതാണ് രണ്ടാമത്തെ കാര്യം. ഇതിന്റെ Hierarchy പരിശോധിച്ചുനോക്കിയാൽ 1992 മുതൽ 2012 വരെയുള്ള 20 വർഷക്കാലയളവിൽ മൊത്തം 14 ഐ.ജി.-മാർ രജിസ്ട്രേഷൻ വകുപ്പിന്റെ ചുമതല വഹിച്ചിട്ടുണ്ട്. ഈ 14 പേരിൽ 12 പേരും ഐ.എ.എസ്.-കാരായിരുന്നു. 2006-2011 കാലയളവിൽ നോൺ-കേഡർ ഐ.ജി. സേവനമനുഷ്ഠിച്ചിട്ടുണ്ട്. നോൺ-കേഡറിൽപ്പെട്ട ഉദ്യോഗസ്ഥനെ സ്ഥാനഭ്രഷ്ടനാക്കി എന്ന തരത്തിലുള്ള വിവാദങ്ങൾ ഉണ്ടാക്കുന്നതിലേക്കാണ് വരുന്നത്. ഇതിന്റെ പിന്നിൽ ദുരുദ്ദേശ്യങ്ങളുണ്ടെന്ന് ന്യായമായും സംശയിക്കേണ്ടിയിരിക്കുന്നു. ഇത്തരത്തിൽ പ്രചരിപ്പിക്കുന്നതിന്റെ പിന്നിലുള്ള ലക്ഷ്യവും മറ്റെന്തെങ്കിലുമായിരിക്കാം. നിലവിലുള്ള ഐ.ജി.-യുടെ സർവ്വീസും പശ്ചാത്തലവും നിങ്ങൾക്ക് പരിശോധിച്ച് എന്തെങ്കിലും ആക്ഷേപങ്ങളുണ്ടെങ്കിൽ ഉന്നയിക്കാം. ഇത്തരത്തിൽ ആക്ഷേപങ്ങൾ ഉന്നയിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥരെക്കുറിച്ച് അന്വേഷണങ്ങൾ നടക്കുന്നുണ്ട്. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് യുക്തമായ നടപടികൾ സ്വീകരിക്കും.

മറ്റൊരു കാര്യം പറയാനുള്ളത്, വഴിവിട്ട ഇടപാടുകളിലൂടെ മന്ത്രി 27 കോടി രൂപയുടെ അഴിമതി നടത്തിയിരിക്കുന്നുവെന്നാണ് ശ്രീ. റ്റി. വി. രാജേഷ് ഉന്നയിച്ചിരിക്കുന്നത്. പ്രിയ രാജേഷേ, ഈ ആരോപണം അങ്ങേക്ക് തെളിയിക്കാമെങ്കിൽ ഞാനെന്റെ പൊതുപ്രവർത്തനം അവസാനിപ്പിക്കാം. അല്ലെങ്കിൽ താങ്കൾ പൊതുപ്രവർത്തനം അവസാനിപ്പിക്കാൻ തയ്യാറാകുമോ ? ....(ബഹളം).....അദ്ദേഹം ഉന്നയിച്ചിരിക്കുന്ന ഈ വിഷയങ്ങൾ....(ബഹളം)......

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, ശ്രീ. അനൂപ് ജേക്കബ്, അദ്ദേഹത്തിന്റെ ആത്മാർത്ഥതയെ ചൂണ്ടിക്കാണിച്ചു കൊണ്ടാണ് പറഞ്ഞത്. ഈ വിഷയം സംബന്ധിച്ച് ഒരന്വേഷണം നടത്തട്ടെ. ഒരു ജുഡീഷ്യൽ എൻക്വയറി നടത്തട്ടെ. അല്ലാതെ ഇതിന്റെ സത്യാവസ്ഥ എങ്ങനെയാണ് മനസ്സിലാക്കാൻ കഴിയുന്നത്. ഉന്നയിച്ച ആരോപണങ്ങൾക്ക് അടിസ്ഥാനമില്ലെന്ന് പറഞ്ഞ് നിഷേധിക്കണ്ടേ ; അത് നിഷേധിക്കുന്നില്ല. ആരോപണം നിഷേധിക്കാതിരിക്കുന്നിടത്തോളംകാലം ഇത് സംബന്ധിച്ച് ഒരു ജുഡീഷ്യൽ എൻക്വയറി നടത്തി സത്യാവസ്ഥ ജനങ്ങളെ ബോധ്യപ്പെടുത്താനുള്ള നടപടി സ്വീകരിക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞ കാര്യത്തെക്കുറിച്ച് വളരെ ഗൗരവത്തോടുകൂടി ഞാൻ പറയുകയാണ്. ശ്രീ. അനൂപ് ജേക്കബ് ഇവിടെ പ്രസ്താവിച്ചപ്പോൾ...............

ശ്രീ. വി. എസ് അച്ചുതാനന്ദൻ : സർ, ശ്രീ. അനൂപ് ജേക്കബ് ഇവിടെ പറയുന്നത് ഞങ്ങളെ വിശ്വസിക്കണം എന്നാണ്. പക്ഷേ എങ്ങനെ വിശ്വസിക്കും ; സകാരണം അഴിമതി ആക്ഷേപം ഉന്നയിച്ചിരിക്കുകയാണ്. അഴിമതി ആക്ഷേപത്തിന് അടിസ്ഥാനമില്ലെങ്കിൽ ഞാനത് നിഷേധിക്കുന്നു എന്ന് ശക്തമായ നിലയിൽ പറയണ്ടേ ?

മി. സ്പീക്കർ : അത് പറഞ്ഞു.

ശ്രീ. വി. എസ് അച്ചുതാനന്ദൻ : സർ, അത് പറയാൻ തയ്യാറാകാതെ തത്പര കക്ഷികൾ എന്തെല്ലാമോ പറയുന്നുവെന്ന് പറഞ്ഞാൽ മതിയാകുമോ ; അഴിമതിയെ സംബന്ധിച്ച് എന്ത് പറയുന്നു ; അഴിമതിയെ സംബന്ധിച്ചുള്ള ആരോപണം ശക്തമായി നിഷേധിക്കാതിരിക്കുന്നിടത്തോളംകാലം ജുഡീഷ്യൽ എൻക്വയറി അത്യാവശ്യമാണ്. അത് നടത്താൻ തയ്യാറുണ്ടോ ?

ശ്രീ. കെ. എം. മാണി : സർ, ഒരു അഴിമതി ആരോപണം വന്നുകഴിഞ്ഞാൽ അതിന് മറുപടി പറഞ്ഞുകഴിയുമ്പോൾ prima-facie കേസുപോലുമില്ലെന്ന് വ്യക്തമായ സ്ഥിതിക്ക് എന്തിനാണ് അന്വേഷണം നടത്തുന്നത് ?.....(ബഹളം)........

ശ്രീ. അനൂപ് ജേക്കബ് : സർ, ഞാൻ എന്റെ പ്രസംഗം തുടങ്ങിയപ്പോൾ തന്നെ ഇത് നിഷേധിച്ചു. ഈ അഴിമതി ആരോപണം നിഷേധിച്ചുകൊണ്ടു തന്നെയാണ് ഞാനെന്റെ പ്രസംഗത്തിലേയ്ക്ക് കടന്നത്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : സർ, ഒരു ജുഡീഷ്യൽ എൻക്വയറി നടത്താതെ ഈ തത്പരകക്ഷികളെക്കുറിച്ച് അറിയാൻ കഴിയുമോ ; ആരാണ് ഈ തത്പരകക്ഷികൾ ?

ശ്രീ. അനൂപ് ജേക്കബ് : സർ, ഇവിടെ എഴുതിത്തന്നിരിക്കുന്ന കാര്യങ്ങളെ കുറിച്ചെല്ലാം പല ഘട്ടങ്ങളിലായി പറഞ്ഞുകഴിഞ്ഞു. ഇതിനെ സംബന്ധിച്ചുള്ള മൂന്ന് കേസുകളിലാണ് തൃശ്ശൂർ വിജിലൻസ് കോടതി പ്രിലിമിനറി എൻക്വയറി ആവശ്യപ്പെട്ടിരിക്കുന്നത്.



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : സർ, ജുഡീഷ്യൽ എൻക്വയറി നടത്താൻ തയ്യാറില്ല എന്നാണ് ഈ തടസ്സവാദങ്ങളിൽനിന്നും മനസ്സിലാകുന്നത്. ഈ വിഷയം സംബന്ധിച്ച് ഒരു ജുഡീഷ്യൽ എൻക്വയറി നടത്താൻ തയ്യാറുണ്ടോ ; തയ്യാറാകണം. ജുഡീഷ്യൽ എൻക്വയറി നടത്താൻ തയ്യാറാകാത്ത ഗവൺമെന്റ് നയത്തിൽ ശക്തിയായി പ്രതിഷേധിച്ചുകൊണ്ട് ഞങ്ങൾ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം തുടർന്നുള്ള സഭാനടപടികൾ ബഹിഷ്ക്കരിച്ച് പുറത്തുപോയി)

മി. സ്പീക്കർ : ശ്രീ. അനൂപ് ജേക്കബ് മറുപടി പറഞ്ഞുകഴിഞ്ഞോ?

ശ്രീ. അനൂപ് ജേക്കബ് : സർ, മറുപടി പറഞ്ഞുകഴിഞ്ഞു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, ഈ കേസ്സുകളെല്ലാം തൃശ്ശൂർ വിജിലൻസ് കോടതിയിൽ നൽകിട്ടുള്ളതാണ്. വിജിലൻസ് കോടതി അന്വേഷണത്തിന് ഉത്തരവിട്ടിരിക്കുകയാണ്. ഒരന്വേഷണം നടക്കുന്നതിനുപുറത്ത് മറ്റൊരന്വേഷണംകൂടി ഒരു കേസിന്മേൽ നടത്താൻ കഴിയില്ല. അതാണ് നമ്മുടെ സി.ആർ.പി.സി.-യിലെയും ഭരണഘടനയിലേയും വ്യവസ്ഥ. ഈ രണ്ട് വ്യവസ്ഥകൾ ഉള്ളതുകൊണ്ട് വിജിലൻസ് കോടതിയുടെ അന്വേഷണം നടക്കട്ടെ. ആ അന്വേഷണം നടന്നതിനുശേഷം അറിയാമല്ലോ. അതിന്മേൽ തിരക്കിട്ട് ഒരഭിപ്രായപ്രകടനം നടത്തി പ്രതിപക്ഷം ഇറങ്ങിപ്പോയത് ശരിയല്ല. യഥാർത്ഥത്തിൽ വിജിലൻസ് കോടതി ഉത്തരവിട്ടതിൻപ്രകാരം അന്വേഷണം നടക്കുന്നുണ്ട്. ആ അന്വേഷണ റിപ്പോർട്ട് വരുമ്പോൾ കാര്യങ്ങളെല്ലാം വ്യക്തമാകും.

മി. സ്പീക്കർ : സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2013 മാർച്ച് മാസം 20-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 5.20-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly

# അനുബന്ധം I

## വൈദ്യുതി സംരക്ഷണത്തിനുള്ള മാർഗ്ഗങ്ങൾ

(ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്)
[മേശപ്പുറത്തുവച്ച നക്ഷത്രചിഹ്നമിട്ട ചോദ്യം 2 (*32)-ന്റെ ഉത്തരം]

(എ&ബി) ഊർജ്ജ സംരക്ഷണത്തിനായി വൈദ്യുതി ബോർഡ് വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട് ഉപഭോക്താക്കളെ ബോധവത്ക്കരിക്കുന്നതിലേക്കായി വിവിധ ഊർജ്ജ സംരക്ഷണ പ്രചാരണ പ്രവർത്തങ്ങൾ നടത്തിവരികയാണ്. തെരുവ് വിളക്കുകൾ ഓട്ടോമാറ്റിക്കായി കത്തിക്കുന്നതിനും അണയ്ക്കുന്നതിനുമുള്ള സമ്പ്രദായം ഏർപ്പെടുത്താനും ഊർജ്ജക്ഷമത കുറഞ്ഞ സാധാരണ ബൾബുകൾ, സോഡിയം വേപ്പർ ലാംപുകൾ, മെറ്റൽ ഹാലൈഡ് ലാമ്പുകൾ എന്നിവയ്ക്ക് പകരം ഊർജ്ജക്ഷമത കൂടിയ സി.എഫ്.എൽ., എൽ.ഇ.ഡി. തുടങ്ങിയവ ഓഫീസുകളിലും തെരുവ് വിളക്കുകളിലും ഉപയോഗിക്കുന്നതിനും നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഊർജ്ജക്ഷമത കൂടിയ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി എനർജി മാനേജ്മെന്റ് സെന്ററും കെ.എസ്.ഇ.ബി.-യും സഹകരിപ്പിച്ച് 60 മുൻസിപ്പാലിറ്റികളിലും 5 കോർപ്പറേഷനുകളിലും 45 വാട്ടിന്റെ 100 എൽ.ഇ.ഡി. വിളക്കുകൾ വീതം സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. വൈദ്യുതി ബോർഡ് ഓഫീസുകളിൽ വൈദ്യുതി ഉപഭോഗം കുറയ്ക്കുവാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. വൈദ്യുതി ബോർഡിൽ രൂപീകരിച്ചിട്ടുള്ള ഡി.എസ്.എം. സെല്ലുകളുടെ നേതൃത്വത്തിലും. ദേശീയ സമ്പാദ്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മഹിളാ പ്രധാൻ/എസ്.എ.എസ്. ഏജന്റുകളുടെ സേവനം ഉപയോഗിച്ചും ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്. കൂടാതെ കോൾ നിലങ്ങളിൽ ഇപ്പോൾ ഉപയോഗിച്ചുവരുന്ന ഊർജ്ജക്ഷമത കുറഞ്ഞ പമ്പുകൾ മാറ്റി ഊർജ്ജക്ഷമത കൂടിയ പമ്പുകൾ സ്ഥാപിക്കുന്നതിന്റെ ആവശ്യകത കൃഷി വകുപ്പിലെ ഉദ്യോഗസ്ഥരെ ധരിപ്പിക്കുകയും. അതിന്റെ അടിസ്ഥാനത്തിൽ പ്രാരംഭഘട്ടത്തിൽ തൃശ്ശൂർ പൊന്നാനി കോൾ പാടത്തിൽ രണ്ടുവർഷത്തിനകം 55 ഊർജ്ജക്ഷമത കൂടിയ പമ്പുകൾ സ്ഥാപിക്കുന്നതിന് അനുമതിയായിട്ടുണ്ട്. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ പ്രയോജനപ്പെടുത്തുവാനും സോളാർ ഇൻവെർട്ടറുകളുടെയും സോളാർ ഹീറ്ററുകളുടെയും ഉപയോഗം പ്രോത്സാഹിപ്പിക്കുവാനും അവയുടെ ഉപയോഗം വ്യാപകമാക്കുവാനും ഉദ്ദേശിക്കുന്നുണ്ട്.

ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾക്കായി ദൃശ്യ-ശ്രവ്യ മാദ്ധ്യമങ്ങളിലൂടെ ബോധവൽക്കരണം നടത്തുവാനും ഉദ്ദേശിക്കുന്നുണ്ട് വൈദ്യുതി സംരക്ഷിക്കുന്നതിന്റെ പ്രാധാന്യം ബോദ്ധ്യപ്പെടുത്തുന്ന വിവിധ പ്രചാരണ പ്രവർത്തനങ്ങൾ പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെ നടപ്പിലാക്കി വരുന്നുണ്ട്. കേരളത്തിലെ പ്രധാന പ്രദർശന നഗരികളിൽ വൈദ്യുതി സംരക്ഷണത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന പ്രദർശന വസ്തുക്കൾ ഒരുക്കാറുണ്ട്. കൂടാതെ ഇവിടങ്ങളിൽ ലഘുലേഖകൾ വിതരണം ചെയ്യുകയും പോസ്റ്ററുകൾ പ്രദർശിപ്പിക്കുകയും ചെയ്യാറുണ്ട്. വൈദ്യുതി ബോർഡ് പത്രദ്വാരാ നൽകുന്ന എല്ലാ ടെണ്ടർ നോട്ടീസുകളിലും

LIBRARY ARCHIVES Kerala Legislative Assembly

മറ്റ് സ്റ്റാറ്റ്യൂട്ടറി നോട്ടീസുകളിലും കാര്യക്ഷമതയുള്ള വൈദ്യുതി ഉപകരണങ്ങൾ ഉപയോഗിക്കുവാനായി ആഹ്വാനം നൽകാറുമുണ്ട്. ഇതിനുപുറമേ പൊതുജനങ്ങളുടെ പങ്കാളിത്തത്തോടും സഹകരണത്തോടുംകൂടി 'ലാഭപ്രഭ' എന്ന ബൃഹത്തായ പ്രചാരണ പരിപാടിക്ക് 2013 മാർച്ച് 23-ന് തുടക്കം കുറിക്കുകയാണ്. ലാഭപ്രഭയുടെ ഭാഗമായി 'ഊർജ്ജ സമ്പാദ്യം'. 'നോ ലോഡ് ഷെഡ്ഡിംഗ് കാമ്പയിൻ' എന്നീ രണ്ട് പദ്ധതികളാണ് നടപ്പാക്കാൻ ലക്ഷ്യമിടുന്നത്. ഊർജ്ജ സമ്പാദ്യം എന്ന പരിപാടിയിലൂടെ കേരളത്തിലെ മുഴുവൻ ജനങ്ങളേയും വൈദ്യുതി ലാഭിക്കാൻ പ്രേരിപ്പിക്കും. ഇതുവഴിയുണ്ടാകുന്ന ലാഭം ഉപഭോക്താവുമായി പങ്കുവയ്ക്കാനാണ് ഉദ്ദേശിക്കുന്നത്. നോ-ലോഡ് ഷെഡ്ഡിംഗ് കാമ്പയിൻ എന്ന പുതിയ പദ്ധതിയിലൂടെ ഉപഭോക്താക്കളുമായി സഹകരിച്ച് ഊർജ്ജ സംരക്ഷണത്തിലൂടെ വൈദ്യുതി ലാഭിക്കുകയും ഫീഡറുകൾ കേന്ദ്രീകരിച്ച് ലോഡ് ഷെഡ്ഡിംഗ് ഒഴിവാക്കുകയും ചെയ്യും. ജനപ്രതിനിധികൾ, സ്ഥാപനങ്ങൾ, പഞ്ചായത്തുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവയുമായി സഹകരിച്ചാണ് ഇത് നടപ്പാക്കുന്നത്. ലാഭപ്രഭ പദ്ധതിയനുസരിച്ച് വൈദ്യുതി ഗണ്യമായി ലാഭിക്കുന്നവർക്കായി രണ്ട് കോടി രൂപയുടെ സമ്മാനങ്ങൾ നൽകാൻ ഉദ്ദേശിക്കുന്നു.

(സി) സൗരോർജ്ജ വൈദ്യുതിയുടെ ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് ഗവൺമെന്റ് അതീവ പ്രാധാന്യം നൽകുന്നു. കെ.എസ്.ഇ.ബി.-യുടെ വൈദ്യുത ഗ്രിഡിലേക്ക് 50 മെഗാവാട്ടിൽ കുറയാതെ ശേഷിയുള്ള പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി ലഭ്യമാക്കുന്നതിനായി സ്വകാര്യ സംരംഭകരിൽ നിന്നും കെ.എസ്.ഇ.ബി. ഒരു താൽപ്പര്യപത്രം ക്ഷണിച്ചിരുന്നു. ഇതിന്റെ തുടർ നടപടികൾ പുരോഗമിച്ചുവരുന്നു. സെപ്തംബർ 2014-ഓടുകൂടി ഈ സൗരോർജ്ജ വൈദ്യുതി ലഭിക്കുമെന്നാണ് ഇപ്പോൾ പ്രതീക്ഷിക്കുന്നത്. ഗവൺമെന്റ് ഓഫീസുകളുടെ മേൽക്കൂരകളിലും, ലഭ്യമായ മറ്റിടങ്ങളിലും സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികളും കെ.എസ്.ഇ.ബി. ആരംഭിച്ചുകഴിഞ്ഞു. ഗ്രിഡുമായി ബന്ധിപ്പിക്കാതെ വീടുകളുടെ മേൽക്കൂരയിൽ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി അനെർട്ട് നടപ്പിലാക്കി വരുന്നു. ചെറിയ ശേഷിയുള്ള പദ്ധതികളെ ഗ്രിഡുമായി ബന്ധിപ്പിക്കുമ്പോൾ പാലിക്കേണ്ട നിയമങ്ങളുടെ കരട് വൈദ്യുതി ബോർഡ് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുൻപാകെ സമർപ്പിച്ചിട്ടുണ്ട്.

(ഡി) റൂഫ് ടോപ്പ് സോളാർ പാനലുകൾ ഗ്രിഡിലേക്ക് ബന്ധിപ്പിക്കുമ്പോൾ പാലിക്കേണ്ട നിയമങ്ങളും മാർഗ്ഗരേഖകളും ഉണ്ടാക്കുന്നതിന് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ കെ.എസ്.ഇ.ബി.-യോട് നിർദ്ദേശങ്ങൾ ചോദിച്ചിരുന്നു. ഇതിൽ ഗ്രിഡ് തകരാറുകൾ, ഫ്രീക്വൻസിയിലും വോൾട്ടേജിലും ഉണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ സൗരോർജ്ജ വൈദ്യുതിയുടെ താരിഫിലും ഉപഭോക്താക്കളുടെ താരിഫിലും ഉണ്ടാകേണ്ട സമീപനം, സുരക്ഷാ മാനദണ്ഡങ്ങൾ തുടങ്ങിയവ ഉൾക്കൊള്ളിക്കാനാണ് കമ്മീഷൻ നിർദ്ദേശിച്ചിരിക്കുന്നത്. റൂഫ് ടോപ്പ് സോളാർ പാനലുകളുടെ ഗ്രിഡ് കണക്ടിവിറ്റിക്ക് വേണ്ട നിയമങ്ങളുടെ കരട്, കെ.എസ്.ഇ.ബി. കമ്മീഷൻ മുമ്പാകെ 17-10-2012-ൽ സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly